Theological Studies on Saint Chavara 21

ദർശനവീട്

ചാവറ ധ്യാനസല്ലാപം

Theological Studies on Saint Chavara 21

ദർശനവീട്

ചാവറ ധ്യാനസല്ലാപം

ജോജോ പാറേക്കാട്ടിൽ സി.എം.ഐ.

Dharmaram Publications
Bengaluru 560 029, Karnataka, India
&
Chavara Central Secretariat
Kochi 682 030. Kerala, India
2026

Theological Studies on Saint Chavara 21

ദർശനവീട്: ചാവറ ധ്യാനസല്ലാപം

(Darśanavīṭ: Chāvara Dhyānasallāpam)

Author: **Jojo Parecattil CMI**

First Edition 2026
Published by Dharmaram Publications
& Chavara Central Secretariat

Copyright: © 2026, Fr Jojo Parecattil CMI

All rights reserved. No part of this publication may be reproduced or transmitted in any form or by any means, electronic or mechanical, including photocopying, recording, or by any information storage and retrieval system, without prior written permission from the publisher.

Dharmaram Publications does not necessarily endorse the individual views contained in its publications.

Layout: Sandip Rai
Cover: Fr. Sebeesh Vettiyadan CMI

ISBN: 978-81-686523-8-5
Dharmaram Publications Serial No. 644

Printed at: Viani Printings, Ernakulam, Kerala.

Price: Rs. 650.00; USD. 20.00

Chavara Central Secretariat
CMI Prior General's House
Chavara Hills, Kakkanad
Post Box 3105, Kochi 682 030. Kerala, India
Tel: +91 484 2881802/3
Email: info@chavaralibrary.com
Web: http://www.chavaralibrary.in/

&

Dharmaram Publications
Dharmaram College, Bengaluru - 560 029, India
Tel. 080/4111 6111, Mob: +91 9538909803
E-mail: dpoffice3@gmail.com
www.dharmarampublications.com

ഉള്ളടക്കം

THEOLOGICAL STUDIES ON SAINT CHAVARA **13**

മുഖമൊഴി: ദർശനവീട് – സ്ഥാപകചൈതന്യം **15**

മുഖപ്രസാദം: കൃപയുടെ നിറവ് **25**

ആശംസ: ദർശനവീട് – 'ഘർ വാപ്സി'; വീട്ടിലേക്കുള്ള മടക്കം **29**

0.1
ദർശനവീട്: ചില ആമുഖ ചിന്തകൾ

0.1.1. ദർശനവീട്: ഒരു ആത്മീയ യാഥാർത്ഥ്യം 33
0.1.2. ചാവറ സല്ലാപങ്ങൾ 37
0.1.3. ദർശനവീട്: സാക്ഷ്യവും, പരീക്ഷണവും, ദൗത്യവും 40
0.1.3.1. സ്തേഫാനോസിൽ നിന്ന് സ്ഥാപകരിലേക്ക്: സാക്ഷ്യത്തിന്റെ പാരമ്പര്യം 41
0.1.3.2. സാവൂളിന്റെ പീഡനം: സഭയുടെ അഗ്നിപരീക്ഷകൾ 41
0.1.3.3. ഫിലിപ്പിന്റെ ദൗത്യം: തുടർച്ചയുടെ വിളി 42
0.1.4. ദർശനവീട്: പാറമേൽ പണിത വീട് 43
0.1.5. ദർശനവീട്: ദൈവവീട് 46
0.1.6. ദർശനവീട്ടിലെ പട്ടസുഖവും പുണ്യസുഖവും 48
0.1.7. മാന്നാനം = മന്നാ + അന്നം 50
0.1.8. ദർശനവീട്: 'ചെറിയ സ്വർഗ്ഗം' 54
0.1.9. ദർശനവീട്: സ്വർഗ്ഗത്തിന്റെ കൂദാശ 57
0.1.10. ദർശനവീട്: ഹൃദയവീട് 59
0.1.11. ദർശനവീട്: ബി.സി.യിൽനിന്ന് എ.ഡി.യിലേക്കുള്ള യാത്ര 61

1
ഒന്നാം ദിവസം: സ്വീകരണമുറി

1.0 വചനസന്ദേശം 65
1.0.1. ദരിദ്ര ദേവോ ഭവ! 65
1.0.2. "അതിഥിസൽക്കാരത്തിൽ തൽപരരാകുവിൻ" 66
1.0.3. കാരുണ്യത്തിന്റെ സഭ 68

1.1 സ്വീകരണമുറി: വിശുദ്ധഗ്രന്ഥ ധ്യാനം 71
1.1.1. "അതിഥി ക്രിസ്തോ ഭവ" 72
1.1.2. ഷൂനേം സ്ത്രീ: അതിഥിസൽക്കാരത്തിന്റെ മാതൃക 73
1.1.3. വാ + ഇതിലെ = വാതിൽ 75
1.1.4. രാജസേവകൻ: ഹൃദയത്തിൽ തുറന്ന വിശ്വാസത്തിന്റെ മുറി 76
1.1.5. അതിഥിസൽക്കാരത്തിന്റെ സാർവത്രികത 77
1.1.6. ഗലീലിയരുടെ അടഞ്ഞ വാതിലുകൾ 79
1.1.7. പുത്രസഹജമായ വാത്സല്യം 80
1.1.8. വിനയാന്വിതനായ ശതാധിപൻ 81
1.1.9. മറ്റുള്ളവരുടെ ആചാരങ്ങളെ മാനിക്കുക 82
1.1.10. അതിഥി: 'തീയതിയില്ലാതെ വരുന്നവൻ' 83
1.2 സ്വീകരണമുറി: ചാവറ ധ്യാനം 87
1.2.1. അതിഥിസത്ക്കാരത്തിന്റെ ചാവറ സാക്ഷ്യം 88
1.2.2. ദൈവം: നമ്മുടെ മുഖ്യാതിഥി 90
1.2.3. നമസ്കാരസംസ്കാരം: ദൈവസാന്നിധ്യത്തിലെ കണ്ടു മുട്ടൽ 92
1.2.4. ആരാണ് വീട്ടിലെ അതിഥികൾ? 93
1.2.5. അതിഥിസത്കാരം: പകൽ വിളക്കു കത്തിക്കാതെ 95
1.2.6. ലാളിത്യത്തിൽ വിരിയുന്ന ആതിഥേയത്വം 97
1.2.7. അതിഥികളാകുന്നതിലും ഒരു വിവേകം 99
1.2.8. ഭിക്ഷ തേടിയെത്തുന്ന അതിഥികൾ: കരുണയുടെ ആത്മീ യത 100
1.2.9. കാവലാളായ ഇടയൻ 102
1.2.10. മരണം എന്ന അതിഥി 104
1.3 സ്വീകരണമുറി: നിയമാവലി ധ്യാനം 108
1.3.1. ദർശനവീടിന്റെ സന്യാസക്രമം 109
1.3.2. നിയമാവലിയും സെൽഫ് ഡിസിപ്ലിനും 111
1.3.3. അതിഥിമുറിയെ ജീവിതമാക്കിയ ഫ്രാൻസിസ് പാപ്പാ 113
1.3.4. കൂടപിറപ്പുകൾക്കായി തുറന്നിരിക്കുന്ന വാതിൽ 115
1.3.4.1. കുർബാന നിയോഗം 116
1.3.4.2. നവസന്യാസഭവനത്തിലെ അതിഥിത്വം 117
1.3.5. ആത്മീയ അതിഥികൾ 119
1.3.5.1. വചന വിരുന്ന് 120
1.3.5.2. കുമ്പസാര അതിഥികൾ: മാലാഖമാരായി മടങ്ങട്ടെ 121
1.3.6. അറിവിനായി വരുന്ന അതിഥികൾ 123

1.3.7. അജപാലന ശുശ്രൂഷയിലെ വിവേകം 125
1.3.8. കാനോനിക സന്ദർശനം (D 200) 126
1.3.9. പുതിയ അധികാരികളുടെ സ്വീകരണം 130
1.3.10. രോഗികളിലേക്കും പ്രായമായവരിലേക്കും തുറക്കുന്ന വാതിൽ 131
1.3.11. സിമിത്തേരി സന്ദർശനം 133
1.3.12. സന്ദർശന മുറി: ആശ്രമത്തിന്റെ മുഖവും ഹൃദയവും 137
1.4 സ്വീകരണമുറി: ജപമാല – സന്തോഷത്തിന്റെ രഹസ്യങ്ങൾ 141

2
രണ്ടാം ദിവസം: പ്രാർത്ഥനാമുറി

2.0 വചനസന്ദേശം 145
2.0.1. കെടാവിളക്ക് 145
2.0.2. കെടാത്തവിളക്ക് 146
2.0.3. യേശുസാമീപ്യം 147
2.0.4. യാതൊരു ഈഗോയും ഇല്ല 148
2.0.5. എന്തിന് ദിവസവും വിശുദ്ധ കുർബാന? 149
2.1 പ്രാർത്ഥനാമുറി: വിശുദ്ധ ഗ്രന്ഥ ധ്യാനം 151
2.1.1. തൃപ്തിയില്ലാത്ത സന്യാസം 152
2.1.2. പൂജാമുറി 155
2.1.3. ബേസ്റൗമായുടെ ആത്മീയത 158
2.1.4. വിശുദ്ധ കുർബാന: വിശ്വാസത്തിന്റെ കൂദാശ 160
2.1.5. പ്രശംസിക്കപ്പെടുന്ന വിശ്വാസം 162
2.1.6. ശകാരിക്കപ്പെടുന്ന വിശ്വാസം 163
2.1.7. വിശ്വാസത്തിന്റെ സുവിശേഷം 165
2.1.8. സഭ: വിശ്വാസികളുടെ സമൂഹം 167
2.1.9. ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ 167
2.1.10. എന്റെ കയ്യിൽ വിശുദ്ധ കുർബാനയ്ക്ക് എന്തു വില? 168
2.1.11. പ്രാർത്ഥനയിലേക്ക് പിൻവാങ്ങുന്ന യേശു 171
2.2 പ്രാർത്ഥനാമുറി: ചാവറ ധ്യാനം 174
2.2.1. "ഞാൻ എന്റെ അപ്പന്റെ അടുത്തേക്ക് പോകുന്നു." 176
2.2.2. ചാപ്പൽ: ഒരു ഇടമല്ല, ഒരു സന്നിധാനം 177
2.2.3. സ്ഥലത്തിൽ നിന്ന് ബന്ധത്തിലേക്ക് 179
2.2.4. സ്ഥലം, പേര്, സന്നിധാനം 181
2.2.5. ആത്മീയ അഭ്യാസങ്ങൾ 183

2.2.6. ദർശനവീട്ടിലെ ആത്മീയതയുടെ ജീവിതക്രമം 184
2.2.7. ധ്യാനമുറി: സീനായിയുടെ പുനരാവർത്തനം 187
2.2.8. ദൈവത്തിന്റെ ആകർഷണവലയത്തിൽ 189
2.2.9. പ്രാർത്ഥനമുറിയിലെ അലങ്കാരങ്ങൾ 191
2.3 പ്രാർത്ഥനാമുറി: നിയമാവലി ധ്യാനം 194
2.3.1. ദൈവവിചാരം: ഏക വിചാരം 194
2.3.2. ബലിപീഠവുമായുള്ള അഭേദ്യബന്ധം 196
2.3.3. ആത്മീയ ശ്വാസം 199
2.3.4. കുമ്പസാരക്കൂട്: ആത്മദർശനത്തിന്റെ ദർശനവീട് 201
2.3.5. ധ്യാനം: ഹൃദയത്തിന്റെ സംഭാഷണം 203
2.3.5.1. വചനധ്യാനം 205
2.3.5.2. എന്നിൽ പാകിയിരിക്കുന്ന വചനം 206
2.3.5.3. ജീവിതം: ഒരു ദിവ്യകാരുണ്യ പ്രദക്ഷിണം 209
2.3.6. ദർശനവീട്: പ്രാർത്ഥനയുടെ ഭവനം 210
2.3.7. ശരിയായ ആഭിമുഖ്യം: ഹൃദയത്തിന്റെ ദിശാനിർണയം 212
2.3.8. ഏഴു മിനിറ്റുകളുടെ രൂപാന്തരയാത്ര 213
2.3.9. ജപമാല: അമ്മയുടെ മടിയിൽ ഒരു ആത്മധ്യാനം 215
2.3.10. രഹസ്യത്തിലെ വിശ്വസ്തത 216
2.3.11. മാസ ധ്യാനം: Spiritual Auditing 217
2.3.12. വാർഷിക ധ്യാനം: അനുഗ്രഹത്തിന്റെ ഒരാഴ്ച 219
2.3.13. ഒരുമയുടെ മാധുര്യം 220
2.3.14. തിരുനാളുകൾ: വിശ്വാസത്തിന്റെ ഉത്സവം 221
2.4 പ്രാർത്ഥനമുറി: ജപമാല – പ്രകാശത്തിന്റെ രഹസ്യങ്ങൾ 224

3

മൂന്നാം ദിവസം: പഠനമുറി

3.0 വചനസന്ദേശം 227
3.0.1. അറിവിന്റെ നാല് തലങ്ങൾ 227
3.0.2. ആത്മീയ നേത്രങ്ങൾ 228
3.0.3. പടിപടിയായുള്ള ജ്ഞാനസമ്പാദനം 230
3.1 പഠനമുറി: വിശുദ്ധഗ്രന്ഥ ധ്യാനം 233
3.1.1. ഹൃദയത്തിൽ വിരിയുന്ന അമൃതജ്ഞാനം 234
3.1.2. കുരിശ്: ജ്ഞാനത്തിന്റെ മഹത്തായ ഗ്രന്ഥം 238
3.1.3. ഈശഭക്തിഃ പരം ജ്ഞാനം 240
3.1.4. ജ്ഞാനത്തിന്റെ അഗ്നിജ്വാല 242

3.1.5. ശങ്കരാചാര്യരുടെ മൂന്നു 'പാപങ്ങൾ' 244
3.1.6. ജ്ഞാനം: 'ജീവന്റെ വൃക്ഷം' 245
3.1.7. ജ്ഞാനം: ചങ്ങലയോ സ്വർണാഭരണമോ? 247
3.1.7. ജ്ഞാനത്തിന്റെ സിംഹാസനം: പരിശുദ്ധ അമ്മ 249
3.2 പഠനമുറി: ചാവറ ധ്യാനം 251
3.2.1. ജ്ഞാനം: വിശുദ്ധിയിലേക്കുള്ള ദർശനം 251
3.2.2. ജ്ഞാനവായന: ദൈവൈക്യത്തിന്റെ വാതിൽ 253
3.2.3. ഒരു ദൈവാന്വേഷിയുടെ ഹൃദയം 255
3.2.4. തമിഴ് പുസ്തകം: ദൈവം കൊടുത്തയച്ചത് 258
3.2.6. വീട്ടിലും സ്ക്രീനിലും സൂക്ഷിക്കുന്ന തീ 260
3.2.7. അറിവ് ജനങ്ങളിലേക്കെത്തിക്കാനുള്ള ആവേശം 263
3.2.8. എന്തുകൊണ്ട് ഈടുറ്റ ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ ഉണ്ടാകുന്നില്ല? 265
3.2.9. ധർമ്മാരാം: ദൈവശാസ്ത്രങ്ങളുടെ ജന്മഭൂമിയോ? 267
3.2.10. "ഒരു പഠന കേന്ദ്രം ആരംഭിക്കണം" 269
3.3 പഠനമുറി: നിയമാവലി ധ്യാനം 272
3.3.1. നൂതന ആശയങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം 272
3.3.2. കാലത്തോട് സംവദിക്കുന്ന സമൂഹം 274
3.3.3. വായനാശീലം 276
3.3.4. കെട്ടിടങ്ങളേക്കാൾ ചിന്തകൾ പണിയുക 278
3.3.5. വിദ്യാഭവനത്തിന്റെ ലക്ഷ്യങ്ങൾ 281
3.3.6. സന്യാസപാരമ്പര്യം 284
3.3.7. തിരുവചനത്തിന്റെ കേന്ദ്രീയത 285
3.3.8. അധ്യാപകർ: അറിവിന്റെ ആചാര്യന്മാർ 287
3.3.9. ഉപരിപഠനം: ഒരു നിയോഗം 289
3.4 പഠനമുറി: ജപമാല – മഹിമയുടെ രഹസ്യങ്ങൾ 294

4

നാലാം ദിവസം: സ്വകാര്യമുറിയും ഉല്ലാസമുറിയും

4.0 വചനസന്ദേശം 299
4.0.1. നിലനിൽപ്പിന്റെ അപ്പവും മധുരവും 299
4.0.2. മാതാവ് അനുഭവിച്ച ക്രിസ്മസ് 302
4.1 സ്വകാര്യമുറിയും ഉല്ലാസമുറിയും: വചന ധ്യാനം 304
4.1.1. സ്വന്തമായൊരു മുറിയുടെ ആത്മീയത 305
4.1.2. ബ്രഹ്മചര്യസംസ്കാരം 306

4.1.3. എന്റെ മുറി ഗലീലിയാകടലോ... ചാവുകടലോ? 309
4.1.4. നദിയുടെ പ്രവാഹവും ബ്രഹ്മചര്യത്തിന്റെ തപസ്യയും 312
4.1.5. വാൽമീകിയുടെ തപസ്യ: ബ്രഹ്മചര്യത്തിന്റെ നിശ്ശബ്ദ ജനനം 313
4.1.6. ബ്രഹ്മചര്യത്തിന്റെ മഹിമ 315
4.1.7. വിശ്രമത്തിന്റെ മുറി: ദൈവത്തിൽ വിശ്രമിക്കുന്ന കല 317
4.1.8. ഉല്ലാസമുറി: സാഹോദര്യത്തിന്റെ വിദ്യാലയം 320
4.2 സ്വകാര്യമുറിയും ഉല്ലാസമുറിയും: ചാവറ ധ്യാനം 324
4.2.1. ഏകാന്തതയുടെ മധുര്യം 324
4.2.2. ഉള്ളിലെ 'കിഴക്ക്' 326
4.2.3. സ്വന്തം മുറി: ആത്മീയ വാസസ്ഥലം 330
4.2.4. സ്വന്തം മുറി: ആത്മീയ മണിയറ 332
4.2.5. കർമ്മലീത്താ പാരമ്പര്യം: ചെറിയ കുടിൽ, വലിയ ധ്യാനം 333
4.2.6. ഉല്ലാസ മുറി: സ്വർഗ്ഗീയാനുഭവം 336
4.2.7. കൊവേന്ത: സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനമായ സഹോദര സംഗമം 338
4.2.8. പുഞ്ചിരിയിൽ തുടങ്ങുന്ന സഹോദര്യം 341
4.2.9. രോഗികളുടെ പുഞ്ചിരി: സമൂഹസ്നേഹത്തിന്റെ അളവുകോൽ 343
4.2.10. ഉറക്കത്തിന്റെ സമയക്രമം 345
4.3 സ്വകാര്യമുറിയും ഉല്ലാസമുറിയും: നിയമാവലി ധ്യാനം 348
4.3.1. സ്നേഹിക്കാൻ എന്തിന് മരണംവരെ കാത്തിരിക്കണം? 348
4.3.2. വിശ്രമവേളയുടെ വിശുദ്ധി 350
4.3.3. സാഹോദര്യത്തിന്റെ ഹൃദയസ്പന്ദനം 351
4.3.4. വിശ്രമത്തിന്റെ സാബത്ത് 352
4.3.5. മഴപോലെയാകേണ്ട സന്ന്യാസിയുടെ വാക്കുകളും ഹൃദയവും 354
4.3.6. ലാബ്രഡോറൈറ്റ്: മറ്റുള്ളവരിലെ സൗന്ദര്യം കാണുന്ന കണ്ണുകൾ 356
4.3.7. ആവൃതിയുടെ ആത്മാവ് 357
4.3.7. എന്തുകൊണ്ട് സന്യാസ ആവൃതി? 358
4.3.9. സ്വകാര്യമുറി: ഹൃദയത്തിന്റെ ദേവാലയം 360
4.3.10. രോഗികളോടും പ്രായമായവരോടുമുള്ള കരുതൽ 361
4.3.11. മാറുന്ന കാലവും മാറാത്ത മൂല്യങ്ങളും 365

4.4 സ്വകാര്യമുറിയും ഉല്ലാസമുറിയും: ജപമാല – ദുഃഖത്തിന്റെ രഹസ്യങ്ങൾ 370

5

അഞ്ചാം ദിനം: ഊട്ടുമുറിയും, അടുക്കളയും, അടുക്കളത്തോട്ടവും

5.0 വചനസന്ദേശം 373
5.0.1. വയലിൽനിന്ന് അൾത്താരയിലേക്ക്: ഗോതമ്പിന്റെ യാത്ര 373
5.0.2. പൗരോഹിത്യം: സഭയുടെ ജീവനാഡി 375
5.0.3. ദിവ്യകാരുണ്യകേന്ദ്രീകൃതമായ ഒരു ആത്മീയയാത്ര 376
5.0.4. ദിവ്യകാരുണ്യം: ദർശനവീടിന്റെ ഹൃദയം 379
5.1 ഊട്ടുമുറിയും, അടുക്കളയും, അടുക്കളത്തോട്ടവും: വിശുദ്ധ ഗ്രന്ഥ ധ്യാനം 381
5.1.1. വിശ്വകർമ്മനും സഹസൃഷ്ടാക്കളും 382
5.1.2. അദ്ധ്വാനിക്കുന്ന ദൈവം 383
5.1.3. മനുഷ്യന്റെ സഹകരണം തേടുന്ന ദൈവം 385
5.1.4. ചെറിയ കാര്യങ്ങളുടെ ആത്മീയത 386
5.1.5. ഭോജനമേശ: ദൈവസാന്നിധ്യത്തിന്റെ കുടുംബാലയം 388
5.1.6. സഹവാസത്തിന്റെ മുറി 390
5.1.7. ധൂർത്ത പുത്രനും പ്രകൃതിയുടെ വിലാപവും 392
5.1.8. ഓട്ടോഫാഗിയും ഉപവാസവും 393
5.1.9. വിശക്കുന്ന ലോകം 394
5.2 ഊട്ടുമുറിയും, അടുക്കളയും, അടുക്കളത്തോട്ടവും: ചാവറ ധ്യാനം 397
5.2.1. ഭക്ഷണം: ആത്മാവിന്റെ ഉത്തരവാദിത്തം 397
5.2.2. "രുചിയറിഞ്ഞ് കിളിപ്പിക്കാൻ" 399
5.2.3. പ്രിയോർ മാവ്: ആത്മീയ സ്മാരകം 401
5.2.4. ആശ്രമജീവിതവും പ്രകൃതിയും 403
5.2.5. പ്രകൃതിയെ സംരക്ഷിക്കുക 404
5.2.6. "അന്തസ്സിനു തക്കവണ്ണം വേലയെടുക്കുക" 405
5.2.7. ഉത്തരവാദിത്തത്തോടെയുള്ള സംരക്ഷണം 407
5.2.8. കണക്കിലെ വിശ്വാസ്യത 408
5.2.9. തൊഴിലാളിയുടെ വേതനം: ദൈവസന്നിധിയിൽ നിലവിളിക്കുന്ന പാപം 410

5.3 ഊട്ടുമുറിയും, അടുക്കളയും, അടുക്കളതോട്ടവും: നിയമാവലി ധ്യാനം 413
5.3.1. സി.എം.ഐ. ഭക്ഷണസംസ്കാരം 413
5.3.2. സന്യാസ ഭക്ഷണസംസ്കാരം 415
5.3.3. ഭക്ഷണവും ധ്യാനചൈതന്യവും 416
5.3.4. ഭക്ഷണവും താപസചൈതന്യവും 418
5.3.5. ഉപവാസത്തിലൂടെയുള്ള തിരുന്നാൾ ഒരുക്കങ്ങൾ 419
5.3.6. ശുദ്ധമായ ജീവിതത്തിലേക്കുള്ള ആഹ്വാനം 421
5.3.7. പങ്കിടലായി മാറുന്ന ഉപവാസം 422
5.3.8. ആശ്രമവേലകളിലെ നിർവൃതി 423
5.3.9. അധ്വാനം: ദൈവത്തെ അനുഭവിക്കുന്ന വഴി 425
5.3.10. കഠിനാധ്വാനം: ഉയരങ്ങളിലേക്കുള്ള പറക്കലിന്റെ തപസ്യ 427
5.3.11. ഭൂമിയുടെ ഉത്തരവാദിത്വപരമായ വിനിയോഗം 429
5.3.12. ന്യായവും കരുണയും കൈകോർക്കുന്ന സേവനദർശനം 431
5.4 ഊട്ടുമുറിയും, അടുക്കളയും, അടുക്കളതോട്ടവും: സമന്വയ ജപമാല 434

6

ദർശനവീട്: ചില സമാപന ചിന്തകൾ

6.1. ദർശനവീട്ടിലേക്ക് മടങ്ങാം 440
6.2. ദർശനവീട്ടിൽ തെളിയേണ്ട സുവിശേഷദീപം 442
6.3. ദർശനവീട്: ഒരു സന്യാസ ഭവനം 446
6.4. ദർശനവീട്: പുണ്യത്തിന്റെ കണ്ണാടി 448
6.5. ദർശനവീട്ടിലെ സന്യാസശീലങ്ങൾ 450
6.6. ദർശനവീട്ടിലെ കൂടപ്പിറപ്പുകൾ 451
6.7. ദർശനവീട് പ്രദർശനവീടല്ല 453
6.8. ആത്മീയതയ്ക്കിടയിലെ രാഷ്ട്രീയം 455
6.9. ഗംഗ പവിത്രമാണെങ്കിലും ശുദ്ധമല്ല 457
6.10. ദർശനവീടിനെക്കുറിച്ചുള്ള തീക്ഷ്ണത 459
6.11. "കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നു" 460

സഹായക ഗ്രന്ഥങ്ങൾ **463**

THEOLOGICAL STUDIES ON SAINT CHAVARA

Saint Kuriakose Elias Chavara (1805-1871) – a Carmelite religious priest and a professor of theology (*Malpan*) in the Syro-Malabar Church, who pioneered consecrated life in the Indian Church by founding the Carmelites of Mary Immaculate (CMI; in collaboration with Thomas Palackal and Thomas Porukara, in 1831), the first indigenous religious congregation for men and the Congregation of the Mother of Carmel (CMC; in collaboration with Leopold Beccaro OCD, in 1866) – is widely recognized for his pioneering efforts to reform the Church in Kerala and the society of the nineteenth century. His credible Christian witness along with the leadership he offered to the Church of Saint Thomas Christians, at a time when it was passing through multiple jurisdictional crises, scripted a spiritual and disciplined growth in the Kerala Church.

Canonized on 23 November 2014, Saint Chavara's personal sanctity and Christian wisdom are identified to be unique. While the secular society admires his contributions in pioneering a set of revolutionary changes in uplifting people on the margins and those who were socially ostracised through educational and social initiatives, the fundamental core of all his achievements is solidly established in his filial discipleship of Jesus Christ, whom he addressed '*ente nalla appa*' (my beloved father).

Saint Chavara had a firm foundation in Christian faith, which is clearly visible throughout his life and it is testified by those who knew him. He articulated his views and perspectives primarily based on his personal encounter with Jesus and also based on is readings and theological reflections. They are available to us through his extant writings, which are published in four volumes in the *Complete Works of Kuriakose Elias Chavara*. Some of these works, recognized as pioneering efforts in Indian literary genre, offer us a mine of rich and sound theological insights. Although his access to scientific Christian literature was minimal (if not completely absent), his writings draw from the biblical as well as other Christian traditions, which he had faithfully and creatively interpreted for the

enhancement of the faith life of the Christian community that he had catered to throughout his life.

Theological Studies on Saint Chavara – a joint effort of the Carmelites of Mary Immaculate (CMI) and Congregation of the Mother of Carmel (CMC) – attempts to promote and publish fruits of scientific investigation into the unique and varied theological insights of Saint Chavara in the form of monographs. These theological investigations will be instrumental in appreciating and popularising the sound and solid theological contributions he made to enhance Catholic faith in the nineteenth century, which, in turn, indicate that he deserves titles like 'Father of the Syro-Malabar Church' and 'Doctor of the Church'. As the publication of this series is undertaken with the blessings of the Synod of the Syro-Malabar Archiepiscopal Church, which also had benefitted from the eminent theological acumen, pastoral insights, and ecclesiastical leadership of Saint Chavara, these studies would bring to light the multifarious theological heritage that he had bequeathed to the Church and the subsequent generations of faithful in India.

Naiju Kalambukattu CMI
(kalambukattunaiju@gmail.com)
General Editor

മുഖമൊഴി:
ദർശനവീട് – സ്ഥാപകചൈതന്യം

“പിന്നോട്ടു മാത്രം മടങ്ങുന്ന കാലു കൊണ്ടല്ലയോ മുന്നോട്ടു പായുന്നിതാളുകൾ.” കുഞ്ഞുണ്ണിമാഷിന്റെ ഈ വരികൾ നമ്മുടെ സഭയുടെ ചരിത്രയാത്രയെയും ആത്മീയ നവീകരണത്തെയും അതിസുന്ദരമായി വ്യാഖ്യാനിക്കുന്നു. മുന്നോട്ടു പായാൻ ഒരു കാൽ ആദ്യം പിന്നോട്ടു മടങ്ങണം. ആ പിന്നോട്ടുള്ള മടക്കം പിന്നാക്കത്തിലേക്കുള്ള യാത്രയല്ല; മറിച്ച്, മുന്നോട്ടുള്ള ദൗത്യം കൂടുതൽ ശക്തിയോടെയും വ്യക്തതയോടെയും നിർവഹിക്കാനാവശ്യമായ ഊർജവും ദിശാബോധവും സമാഹരിക്കുന്ന ഒരുക്കമാണ്.

അതുകൊണ്ടുതന്നെ, സി.എം.ഐ. സഭ അതിന്റെ അസ്തിത്വത്തിന്റെ രണ്ട് നൂറ്റാണ്ടുകളുടെ അനുഗ്രഹീത യാത്ര പിന്നിട്ട് മൂന്നാം ശതാബ്ദിയിലേക്ക് പ്രവേശിക്കുന്ന ഈ ചരിത്രനിമിഷത്തിൽ, സഭാംഗങ്ങളായ നമ്മൾ ആദ്യം ചെയ്യേണ്ടത് നമ്മുടെ സ്ഥാപക ചൈതന്യത്തിലേക്കുള്ള ഒരു തിരിച്ചുപോക്കാണ്. കാരണം, ഒരു സഭയുടെ മഹത്വം അതിന്റെ സ്ഥാപനങ്ങളിലോ ഭൗതികവളർച്ചയിലോ മാത്രമല്ല; മറിച്ച്, സ്ഥാപകദർശനത്തെ എത്രമാത്രം ജീവനോടെ നിലനിർത്തുന്നു എന്നതിലുമാണ്. ആ ദർശനം നഷ്ടപ്പെടുമ്പോൾ ഏതു പ്രസ്ഥാനവും ക്രമേണ അതിന്റെ ജീവശക്തി നഷ്ടപ്പെടുത്തിത്തുടങ്ങും.

സമൂഹത്തിൽ നാം കാണുന്ന നവോത്ഥാന പ്രസ്ഥാനങ്ങൾ നമ്മെ ഒരു സത്യം ഓർമ്മിപ്പിക്കുന്നു: ഒരു പ്രസ്ഥാനം അതിന്റെ അടിസ്ഥാന ദർശനത്തിൽ നിന്ന് അകലുമ്പോൾ, അതിനെ തിരുത്താനും പുതുക്കാനും പലപ്പോഴും അടിത്തട്ടിലെ അംഗങ്ങൾ തന്നെയാണ് മുന്നോട്ടുവരുന്നത്. അതുപോലെതന്നെ, ഒരു സന്യാസസഭയിലും അതിന്റെ സ്ഥാപകചൈതന്യത്തെ സജീവമായി നിലനിർത്തുന്നതിൽ ഓരോ അംഗത്തിനും തുല്യ ഉത്തരവാദിത്വമുണ്ട്. അംഗങ്ങളും അധികാരികളും ഒരുപോലെ ഉദാസീനരാകുമ്പോൾ സഭ ക്ഷയിക്കുന്നു; എന്നാൽ എല്ലാവരും സ്ഥാപകരെ നയിച്ച അതേ ആത്മചൈതന്യത്തോടെ വ്യാപരിക്കുമ്പോൾ സഭ നവീകരിക്കപ്പെടുന്നു.

സ്ഥാപകചൈതന്യം

സി.എം.ഐ. സഭയുടെ സ്ഥാപകചരിത്രം ഈ സത്യത്തിന്റെ ഏറ്റവും മനോഹരമായ സാക്ഷ്യമാണ്. ഈ സഭ ഒരു അധികാര ഉത്തരവിലൂടെ ജനിച്ചതല്ല; ശക്തരായ ഭരണാധികാരികൾ ആസൂത്രണം ചെയ്ത ഒരു സ്ഥാപനപദ്ധതിയുടെ ഫലവുമല്ല. മറിച്ച്, തങ്ങളുടെ കാലഘട്ടത്തിന്റെ പരിമിതികളെ അതിജീവിച്ച് സ്വപ്നം കാണാൻ ധൈര്യപ്പെട്ട തോമസ് പോരൂക്കരയച്ചൻ, തോമസ് പാലക്കലച്ചൻ, അന്നത്തെ വൈദിക പരിശീലനാർത്ഥിയായിരുന്ന ബ്രദർ കുര്യാക്കോസ് ഏലിയാസ് ചാവറ, ബ്രദർ യാക്കോബ് കണിയാന്തറ എന്നിവരുടെ പ്രാർത്ഥനയിൽ നനഞ്ഞ വിശുദ്ധ അസ്വസ്ഥതയിൽ നിന്നാണ് ഈ സഭയുടെ ഉദയം.

അവർ മെത്രാന്മാരായിരുന്നില്ല; അധികാരസ്ഥാനങ്ങളുടെ ഉടമകളുമായിരുന്നില്ല. എന്നാൽ പരിശുദ്ധാത്മാവിന്റെ പ്രേരണകളോട് ജാഗരൂകരായ മനുഷ്യരായിരുന്നു. ആത്മീയ ക്ഷയവും ആഭ്യന്തര പ്രതിസന്ധികളും ആശയക്കുഴപ്പവും സഭയെ അലട്ടിയിരുന്ന ഒരു കാലഘട്ടത്തിൽ, നവീകരണം വെറും നിയമപരിഷ്കാരങ്ങളിലൂടെയോ ഭരണഘടനാപരമായ മാറ്റങ്ങളിലൂടെയോ സാധ്യമല്ലെന്ന് അവർ വ്യക്തമായി തിരിച്ചറിഞ്ഞു. യഥാർത്ഥ നവീകരണം ആരംഭിക്കേണ്ടത് പ്രാർത്ഥനയിൽ ജ്വലിക്കുന്ന ഹൃദയങ്ങളിൽ നിന്നാണെന്നും, വിശുദ്ധിയാൽ രൂപാന്തരപ്പെട്ട വ്യക്തികളിലൂടെയാണ് സഭയ്ക്ക് പുതിയ ജീവൻ ലഭിക്കുന്നതെന്നും അവർ ദൃഢമായി വിശ്വസിച്ചു.

മന്നാനത്തെ ആദ്യ ആശ്രമം ഒരു സന്യാസഭവനത്തിന്റെ സ്ഥാപനം മാത്രമായിരുന്നില്ല; അത് സഭാചരിത്രത്തിലെ ഒരു പ്രവാചക പ്രവൃത്തിയായിരുന്നു. സഭയുടെ ഭാവിക്കുവേണ്ടി ഏതാനും സാധാരണ മനുഷ്യർ വിശ്വാസധൈര്യത്തോടെ ഏറ്റെടുത്ത ഉത്തരവാദിത്വത്തിന്റെ ദൃശ്യമായ പ്രകടനമായിരുന്നു അത്. അവർ അധികാരത്തിനെതിരെ കലഹിച്ചില്ല; എന്നാൽ സഭയുടെ ആവശ്യങ്ങൾക്കു മുന്നിൽ നിശ്ശബ്ദരായി മാറിനിന്നതുമില്ല. ദൈവകൃപയുടെ പ്രേരണകളോട് സൃഷ്ടിപരമായി സഹകരിച്ചുകൊണ്ട്, സഭയെ നവീകരിക്കാനും ഉണർത്താനും പരിശുദ്ധാത്മാവ് തിരഞ്ഞെടുത്ത ഉപകരണങ്ങളായി അവർ സ്വയം സമർപ്പിച്ചു. അതുകൊണ്ടുതന്നെ, മന്നാനത്തെ ആത്മീയ മുന്നേറ്റം പ്രാർത്ഥനയും ധൈര്യവും സൃഷ്ടിപരമായ അനുസരണവും ഒന്നിച്ചുചേരുമ്പോൾ സഭയിൽ നവീകരണം എങ്ങനെ ജനിക്കുന്നു എന്നതിന്റെ ജീവിക്കുന്ന പ്രതീകമാണ്.

മൂന്നാം ശതാബ്ദിയിലേക്ക് പ്രവേശിക്കുന്ന ഈ വേളയിൽ നമ്മുടെ ചരിത്രത്തെ വെറും ഓർമ്മകളായി മാത്രം കാണാതെ, ഇന്നും നമ്മെ നയി

ക്കുകയും വെല്ലുവിളിക്കുകയും ചെയ്യുന്ന ഒരു ജീവനുള്ള പാരമ്പര്യമായി തിരിച്ചറിയേണ്ടതുണ്ട്. സി.എം.ഐ. സഭയോടുള്ള യഥാർത്ഥ വിശ്വസ്തത സഭയുടെ നിരന്തര നവീകരണത്തിൽ ഉത്തരവാദിത്വപൂർവം പങ്കുചേരുന്നതിലാണ്. സാധാരണ മനുഷ്യരായിരുന്ന നമ്മുടെ സ്ഥാപകർ സഭയ്ക്കുവേണ്ടി പുതുതായി സ്വപ്നം കാണാൻ ധൈര്യപ്പെട്ടു. അവർ അന്നത്തെ സാഹചര്യങ്ങളെ അതേപടി അംഗീകരിച്ചിരുന്നുവെങ്കിൽ സി.എം.ഐ. സഭ ഒരിക്കലും രൂപംകൊള്ളുമായിരുന്നില്ല.

പ്രത്യേകിച്ച്, ചാവറയച്ചൻ നമ്മെ പഠിപ്പിക്കുന്നത് ഇതാണ്: പ്രായം കുറഞ്ഞവനായാലും, അധികാരമില്ലാത്തവനായാലും, പരിശീലനത്തിലിരിക്കുന്ന ഒരു അർത്ഥിയായാലും, സഭയുടെ ഭാവിയെക്കുറിച്ച് സ്വപ്നം കാണാൻ നമുക്ക് കഴിയണം. സഭയുടെ നിലവിളി ആഴത്തിൽ ശ്രവിക്കുകയും അതിനോട് വിശുദ്ധിയോടും സൃഷ്ടിപരതയോടും ധൈര്യത്തോടും കൂടി പ്രതികരിക്കുകയും ചെയ്ത ഒരാളായിരുന്നു അദ്ദേഹം. മറ്റു സ്ഥാപകരോടൊപ്പം ചേർന്ന് അദ്ദേഹം തെളിച്ച ആ ചെറിയ ദീപം ഇന്ന് കേരളസഭയെ മാത്രമല്ല, ഭാരതസഭയെയും ആഗോളസഭയെയും പ്രകാശിപ്പിക്കുന്ന വെളിച്ചമായി മാറിയിരിക്കുന്നു.

ചരിത്രം അക്ഷരങ്ങളിൽ ഒതുങ്ങുന്ന ഒന്നല്ല; അത് ഒരു ആത്മാവാണ്, ഒരു സംഗീതമാണ്, തലമുറകളിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന ജീവനുള്ള ഒരു പ്രവാഹമാണ്. നമ്മുടെ സഭയുടെ ചരിത്രവും അങ്ങനെയാണ്. സ്ഥാപകപിതാക്കന്മാരുടെ കൂട്ടായ ദർശനവും വിശ്വാസവും പ്രാർത്ഥനയും ചേർന്നാണ് അത് രൂപംകൊണ്ടത്. പാലക്കലച്ചൻ, പോരൂക്കരയച്ചൻ, ചാവറയച്ചൻ, കണിയാന്തറ യാക്കോബ് സഹോദരൻ—ഈ നാലു പേരും ഒന്നിച്ചപ്പോൾ അത് ഏതാനും വ്യക്തികളുടെ കൂട്ടായ്മ മാത്രമായിരുന്നില്ല; പരിശുദ്ധാത്മാവ് സഭയിൽ ഉണർത്തിയ ഒരു ആത്മീയ പ്രസ്ഥാനത്തിന്റെ ഉദയമായിരുന്നു.

അവരുടെ പ്രാർത്ഥനയുടെ ആഴം, പരസ്പരവിശ്വാസം, ആത്മത്യാഗം, സഭയെയും സമൂഹത്തെയും നവീകരിക്കാനുള്ള അഗ്നിജ്വാലപോലുള്ള തീക്ഷ്ണത—ഇവയൊക്കെയാണ് സി.എം.ഐ. സഭയുടെ യഥാർത്ഥ ചരിത്രം. ആ ചരിത്രം രേഖകളിൽ മാത്രം വായിച്ചറിയേണ്ട ഭൂതകാലമല്ല; ഓരോ തലമുറയും സ്വന്തം ജീവിതത്തിൽ ഉൾക്കൊണ്ട്, പുതുക്കി ജീവിച്ച്, മുന്നോട്ടു കൈമാറേണ്ട ദൈവിക ദൗത്യമാണ്.

ഈ ദ്വിശതാബ്ദി ആഘോഷവേളയിൽ സ്ഥാപകർ നമ്മോടു ചോദിക്കുന്നതുപോലെ തോന്നുന്നു: സഭയ്ക്കുവേണ്ടി പുതുതായി സ്വപ്നം കാണാനുള്ള ധൈര്യം ഇന്നും നമുക്കുണ്ടോ? സമൂഹത്തിലെ ഏറ്റവും ചെറി

യ ശബ്ദത്തെയും നാം ഇന്നും ശ്രദ്ധയോടെ കേൾക്കുന്നുണ്ടോ? നാം സംരക്ഷിക്കുന്നത് സ്ഥാപകചൈതന്യമോ, അതോ വെറും സ്ഥാപനഘടനകളോ? നാം അനുസരിക്കുന്നത് നിയമങ്ങളെയോ, അതോ സ്ഥാപകരെ നയിച്ച ആത്മാവിനെയോ?

ഈ ചോദ്യങ്ങൾ നമ്മെ ആത്മപരിശോധനയിലേക്കു നയിക്കട്ടെ. സ്ഥാപകരുടെ ചൈതന്യം നമ്മുടെ ജീവിതങ്ങളിൽ വീണ്ടും ജ്വലിക്കട്ടെ. സത്യം കേൾക്കാൻ വിനയമുള്ളവരും, സത്യം പറയാൻ ധൈര്യമുള്ളവരും, തിരുത്തപ്പെടാൻ വിശുദ്ധിയുള്ളവരുമായ സന്യാസികളായി നാം വളരട്ടെ. നമ്മുടെ സ്ഥാപകപിതാക്കന്മാരെ നയിച്ച അതേ പരിശുദ്ധാത്മാവ് ഇന്നും ഓരോ അംഗത്തിലൂടെയും സി.എം.ഐ. സഭയെ നവീകരിക്കുകയും അതിന്റെ സ്ഥാപകദർശനത്തിൽ പുതുക്കുകയും ചെയ്യട്ടെ. അങ്ങനെ, സ്ഥാപകരുടെ സ്വപ്നം ചരിത്രത്തിന്റെ താളുകളിൽ മാത്രമല്ല, നമ്മുടെ ജീവിതങ്ങളിലും സമൂഹങ്ങളിലും തുടർന്നും ജീവിക്കട്ടെ.

ദർശനവീട്

'ദർശനം' എന്ന പദം സംസ്കൃതത്തിലെ 'ദൃശ്' എന്ന ധാതുവിൽ നിന്നാണ് ഉരുത്തിരിഞ്ഞത്. അതിന്റെ അർത്ഥം 'കാണുക' എന്നാണ്. എന്നാൽ ഭാരതീയ ആത്മീയപാരമ്പര്യത്തിൽ ദർശനം വെറും കണ്ണുകൊണ്ടുള്ള കാഴ്ചയല്ല; സത്യത്തെ കാണുക, യാഥാർത്ഥ്യത്തെ തിരിച്ചറിയുക, ദൈവസാന്നിധ്യം അനുഭവിക്കുക എന്നതുകൂടിയാണ്. അതുകൊണ്ടുതന്നെ ഭാരതീയ പാരമ്പര്യത്തിൽ തത്ത്വശാസ്ത്രത്തിന് 'ദർശനം' എന്നു പറയുന്നു. ക്ഷേത്രത്തിൽ ദൈവസന്നിധിയിൽ പോകുന്നതിനും 'ദർശനം' എന്നു പറയുന്നു. അപ്പോൾ ദർശനം എന്നത് പുറമേയുള്ള ഒരു കാഴ്ചയിൽനിന്ന് ഉള്ളിലെ ഒരു തിരിച്ചറിവിലേക്കുള്ള യാത്രയാണ്.

ഇതോടൊപ്പം 'വീട്' എന്ന പദത്തിനും ഒരു ആഴമേറിയ ആത്മീയ അർത്ഥമുണ്ട്. മലയാളത്തിൽ 'വീട്' എന്നത് സാധാരണയായി വാസസ്ഥലം, ഗൃഹം എന്ന അർത്ഥത്തിലാണ് ഉപയോഗിക്കുന്നത്. എന്നാൽ അതിന്റെ തമിഴ് മൂലപദമായ 'വീടു' എന്നതിന് 'വിടുതൽ, മോചനം, മോക്ഷം' എന്ന അർത്ഥതലവും ഉണ്ട്. അതിനാൽ ആത്മീയമായ അർത്ഥത്തിൽ വീട് എന്നത് മനുഷ്യൻ ഒടുവിൽ എത്തിച്ചേരേണ്ട യഥാർത്ഥ വാസസ്ഥലവും, ബന്ധനങ്ങളിൽനിന്നുള്ള വിടുതലിന്റെ അനുഭവവുമാണ്.

ഈ രണ്ടു ആശയങ്ങളും ഒന്നിക്കുമ്പോഴാണ് 'ദർശനവീട്' എന്ന പേരിന്റെ സൗന്ദര്യം വെളിവാകുന്നത്. ദർശനവീട് എന്നത് ദൈവത്തെ കാണാൻ പഠിക്കുന്ന വീടാണ്; അതേസമയം ദൈവത്തെ കണ്ടുമുട്ടുന്നതിലൂടെ നമ്മുടെ യഥാർത്ഥ വീടായ ദൈവ സന്നിധിയിലേക്ക് മടങ്ങിയെത്തുന്ന യാത്രയുമാണ്. അങ്ങനെ ദർശനവീട് ഒരു വീടിനെ കാണുന്ന യാത്രയല്ല;

വീടിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന ദൈവസാന്നിധ്യത്തെ കാണുന്ന യാത്ര യാണ്. പുറത്തുള്ള മുറികളിലൂടെ സഞ്ചരിച്ച് ഒടുവിൽ സ്വന്തം ഹൃദയ ത്തിന്റെ ആന്തരിക മുറിയിലേക്ക് എത്തിച്ചേരുന്ന യാത്ര.

അതിലും ആഴത്തിൽ, ഈ ദർശനം നമ്മെ 'വീടിന്റെ' യഥാർത്ഥ അർത്ഥത്തിലേക്ക് നയിക്കുന്നു. ക്രിസ്തുവിൽ നാം തിരിച്ചറിയുന്നത്, നമ്മുടെ യഥാർത്ഥ വീട് ഒരു കെട്ടിടമല്ലെന്നും, ദൈവസാന്നിധ്യമാണ് നമ്മുടെ യഥാർത്ഥ വീട് എന്നുമാണ്. "എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്" (യോഹ 14:2) എന്ന യേശുവിന്റെ വാ ക്കുകൾ ഈ അർത്ഥത്തിൽ ഏറെ പ്രസക്തമാണ്. അതുകൊണ്ട് ദർശ നവീട് എന്നത് കണ്ണുകൊണ്ട് വീട് കാണുന്നതിൽനിന്ന് ഹൃദയകൊണ്ട് ദൈവത്തെ കാണുന്നതിലേക്കും, സ്വന്തം ജീവിതത്തെ ദർശിക്കുന്നതി ൽനിന്ന് ക്രിസ്തുവിൽ സ്വന്തം യഥാർത്ഥ ഭവനം കണ്ടെത്തുന്നതിലേ ക്കും, ഒടുവിൽ ഭൂമിയിലെ ഈ ഭവനത്തിൽനിന്ന് നിത്യഭവനത്തിലേക്കു ള്ള ആത്മീയയാത്രയുമാണ്.

നമ്മുടെ സഭയുടെ സ്ഥാപകചൈതന്യത്തെ കൂടുതൽ ജീവിതബന്ധിയാ യ രീതിയിൽ അനുഭവിക്കാനുള്ള ഒരു എളിയ ശ്രമമാണ് ഈ ധ്യാനഗ്ര ന്ഥം. ആശ്രമത്തിലെ വിവിധ മുറികളെ ആസ്പദമാക്കി ചാവറപിതാവി ന്റെ പഠനങ്ങളെ ധ്യാനവിചിന്തനത്തിന് വിധേയമാക്കുമ്പോൾ, അവ നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ആത്മീയഭാഷയായി മാറുന്നു. ഓ രോ മുറിയും ഒരു ദൈവാനുഭവത്തിന്റെ ഇടമാണ്; ഓരോ കോണും ഒരു ആത്മീയ സന്ദേശമാണ്. ദൈവത്തെ കണ്ടെത്താൻ വേറൊരു ലോകം ആവശ്യമില്ല; നമ്മുടെ ഭവനത്തിലെ ഓരോ ഇടവും അവിടുത്തെ സാന്നി ധ്യം വെളിപ്പെടുത്തുന്നു. ഓരോ മുറിയിലും ഒരു ദർശനം, ഓരോ ഇട ത്തും ഒരു വെളിച്ചം, ഓരോ അനുഭവത്തിലും ദൈവസാന്നിധ്യത്തിന്റെ ഒരു സ്പർശം.

1) സന്ദർശനമുറി: സന്ദർശന-ദർശനം

വീട്ടിലേക്ക് വരുന്ന അതിഥികളെ ആദ്യം സ്വീകരിക്കുന്ന ഇടമാണ് സന്ദർ ശനമുറി. ഇവിടെ മുഖങ്ങൾ തമ്മിൽ കാണുകയും ഹൃദയങ്ങൾ പരസ്പ രം തുറക്കപ്പെടുകയും ചെയ്യുന്നു. മറ്റുള്ളവരെ കാണാനും അംഗീകരി ക്കാനുമുള്ള ദർശനമാണ് ഈ മുറി നമ്മെ പഠിപ്പിക്കുന്നത്.

'സന്ദർശനം' എന്ന വാക്കിന്റെ മൂലരൂപം 'സമ് + ദർശനം' എന്നതാണ്. കാലക്രമേണ ഉച്ചാരണപരമായ മാറ്റങ്ങളിലൂടെ അത് 'സന്ദർശനം' ആയി മാറി. ആദ്യം ഇതിന് 'ശരിയായ രീതിയിൽ കാണൽ' എന്ന

അർത്ഥമായിരുന്നു. പിന്നീട് അത് 'ഒരു വ്യക്തിയെ കാണാൻ പോകൽ' എന്ന പൊതുവായ അർത്ഥത്തിലേക്ക് വികസിച്ചു.

2) പ്രാർത്ഥനാമുറി: ഈശ്വര-ദർശനം

ഭാരതീയ ആത്മീയതയിൽ 'ദർശനം' എന്ന വാക്ക് ഏറ്റവും ആഴത്തിൽ അനുഭവപ്പെടുന്നത് ദൈവസന്നിധിയിലാണ്. ക്ഷേത്രത്തിലോ ദേവാലയത്തിലോ എത്തുമ്പോൾ നാം 'ദർശനത്തിന് പോകുന്നു' എന്നു പറയുന്നു. പ്രാർത്ഥനാമുറി നമ്മുടെ വീട്ടിലെ ചെറിയ ദേവാലയമാണ്. ഇവിടെ നമ്മുടെ കണ്ണുകൾ ദൈവത്തെ തേടുന്നു; എന്നാൽ അതിലും അധികമായി ദൈവം നമ്മെ നോക്കുന്നു. നിശ്ശബ്ദമായ ഈശ്വര ദർശനത്തിലേക്ക് ഈ മുറി നമ്മെ നയിക്കുന്നു. ചാവറയച്ചന്റെ 'കാണകേണം' എന്ന ഈശ്വരദർശനം ഇവിടെ മുഴങ്ങുന്നു.

3) പഠനമുറി: ജ്ഞാന-ദർശനം

ഭാരതീയ ചിന്താപാരമ്പര്യത്തിൽ 'ദർശനം' എന്നത് തത്ത്വചിന്തയെയും സത്യാന്വേഷണത്തെയും സൂചിപ്പിക്കുന്നു—വേദാന്തദർശനം, സാംഖ്യ ദർശനം, യോഗദർശനം എന്നിങ്ങനെ.

പഠനമുറി പുസ്തകങ്ങളുടെ ഇടം മാത്രമല്ല; അത് സത്യാന്വേഷണത്തിന്റെ ഇടമാണ്. ഇവിടെ അറിവ് വിവരമായി മാത്രം നിൽക്കുന്നില്ല; ജ്ഞാനമായി രൂപാന്തരപ്പെടുന്നു. ചാവറയച്ചന്റെ വിദ്യാഭ്യാസദർശനം ഇവിടെ പ്രതിധ്വനിക്കുന്നു: 'വിദ്യാഭ്യാസം മനസ്സിനെ പ്രകാശിപ്പിക്കണം.'

4) ഉല്ലാസമുറിയും സ്വകാര്യമുറിയും: ആത്മവിശ്രമ-ദർശനം

ഉല്ലാസമുറി മനസ്സിനെ പുതുക്കുകയും ജീവശക്തി വീണ്ടെടുക്കുകയും അനുഭവങ്ങളെ ശാന്തമായി പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന വിശ്രമത്തിന്റെ ഇടമാണ്.

ദിവസത്തിന്റെ അവസാനത്തിൽ മനുഷ്യൻ ഏകാന്തനാകുന്ന ഇടമാണ് സ്വകാര്യമുറി. ഇവിടെ മുഖംമൂടികൾ അഴിയുന്നു; ഹൃദയം സ്വന്തം സത്യത്തെ നേരിടുന്നു. ഇത് ആത്മദർശനത്തിന്റെ മുറിയാണ്. ഓരോ രാത്രിയും നമ്മെ ആത്മപരിശോധനയിലേക്ക് ക്ഷണിക്കുന്നു: ഇന്ന് ഞാൻ എങ്ങനെ ജീവിച്ചു? എവിടെയാണ് ഞാൻ ദൈവത്തിൽ നിന്ന് അകന്നത്? എവിടെയാണ് ഞാൻ സ്നേഹത്തിൽ വളർന്നത്?

5) ഊട്ടുമുറിയും അടുക്കളയും അടുക്കളത്തോട്ടവും: അന്ന-ദർശ നം

ഒരുമിച്ച് ഭക്ഷണം കഴിക്കുന്നിടത്ത് കുടുംബം ഒന്നാകുന്നു. അപ്പം പങ്കിടുമ്പോൾ ഹൃദയങ്ങളും പങ്കുവയ്ക്കപ്പെടുന്നു. ഈ മുറി നമ്മെ സഹഭോജനത്തിന്റെയും കൂട്ടായ്മയുടെയും ദർശനം പഠിപ്പിക്കുന്നു. വിശുദ്ധ കുർബാനയുടെ ആത്മാവും ഇവിടെ പ്രതിഫലിക്കുന്നു—ഒരു അപ്പം, ഒരു കുടുംബം, ഒരു സമൂഹം.

അടുക്കള ഭക്ഷണം പാകം ചെയ്യുന്ന സ്ഥലം മാത്രമല്ല; കരുണയുടെ അഗ്നി ജ്വലിക്കുന്ന വിശുദ്ധ ഇടമാണ്. ഇവിടെ അന്നം വെന്തൊരുങ്ങുമ്പോൾ സ്നേഹവും പാകമാകുന്നു. വിശക്കുന്നവന്റെ മുഖത്ത് ദൈവത്തെ കാണാനുള്ള ദർശനമാണ് ഈ മുറി നമ്മെ പഠിപ്പിക്കുന്നത്. വിശക്കുന്നവന് ദൈവം അപ്പത്തിന്റെ രൂപത്തിലാണ് പ്രത്യക്ഷപ്പെടുന്നത്. വിശപ്പനുഭവിക്കുന്ന ഒരാൾക്ക് അപ്പം വെറും ഭക്ഷണമല്ല; അത് ദൈവത്തിന്റെ കരുതലും സ്നേഹവും സാന്നിധ്യവുമാണ്. അതുകൊണ്ട് അടുക്കള ഒരു സേവനശാല മാത്രമല്ല; ദൈവകരുണ മനുഷ്യഹസ്തങ്ങളിലൂടെ പ്രവർത്തിക്കുന്ന ഒരു ആരാധനാലയമാണ്.

അടുക്കളത്തോട്ടം ഈ അന്നദർശനത്തെ കൂടുതൽ പൂർണമാക്കുന്നു. വിത്ത് വിതയ്ക്കുന്നതും പരിപാലിക്കുന്നതും വിളവെടുക്കുന്നതും മനുഷ്യന്റെ അധ്വാനവും ദൈവത്തിന്റെ അനുഗ്രഹവും ഒരുമിച്ച് പ്രവർത്തിക്കുന്നതിന്റെ അടയാളമാണ്. പ്രകൃതിയോടുള്ള നന്ദിയും സൃഷ്ടിയോടുള്ള ഉത്തരവാദിത്വവും ഈ ഇടം നമ്മെ പഠിപ്പിക്കുന്നു.

വീട്ടിലെ ജാലകം, വരാന്ത, വാതിൽ തുടങ്ങിയ മറ്റു ഇടങ്ങൾക്കും അവയുടേതായ ആത്മീയ ദർശനങ്ങളും ധ്യാനസാധ്യതകളും ഉണ്ട്. എന്നാൽ, ഈ ഗ്രന്ഥം ഒരു വാർഷികധ്യാനത്തിന്റെ ചട്ടക്കൂടിൽ ക്രമീകരിച്ചിരിക്കുന്നതിനാൽ, ദിവസങ്ങളുടെ പരിമിതിമൂലം അവയെ ഇതിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. അവയും ഭാവിയിൽ പ്രത്യേകം ധ്യാനവിഷയങ്ങളായി വികസിപ്പിക്കപ്പെടേണ്ട സമ്പന്നമായ ആത്മീയ സാധ്യതകളാണ്.

ജാലകത്തിലൂടെ നാം ലോകത്തെ കാണുന്നു; വരാന്തയിൽ നിന്ന് അയൽക്കാരനെ കാണുന്നു. സ്വന്തം വീടിനകത്തുനിന്ന് ലോകത്തിലേക്കുള്ള തുറന്ന കാഴ്ചയാണ് ഇവ. സ്വന്തം ആവശ്യങ്ങൾക്കപ്പുറം സമൂഹത്തെയും ലോകത്തെയും കാണാനുള്ള വിശ്വദർശനമാണ് ഇവ നമ്മെ പഠിപ്പിക്കുന്നത്.

വാതിൽ പ്രവേശനത്തിന്റെയും പുറപ്പെടലിന്റെയും അടയാളമാണ്. തുറന്ന വാതിൽ സ്വീകരണത്തിന്റെയും ആതിഥേയത്വത്തിന്റെയും പ്രതീകമാണ്. അതുകൊണ്ടുതന്നെ വാതിൽ ഓരോ വരവിനെയും ഒരു അനുഗ്രഹമായും ഓരോ യാത്രയയപ്പിനെയും ഒരു നിയോഗമായും നമ്മെ ഓർമിപ്പിക്കുന്നു. യേശു പറയുന്നു: "ഞാനാണ് ആടുകളുടെ വാതിൽ" (യോഹ 10:7). അവിടുന്നിലൂടെയാണ് ജീവന്റെ പൂർണതയിലേക്കും രക്ഷയിലേക്കും പ്രവേശനം സാധ്യമാകുന്നത്. ജീവിതയാത്രയുടെ അവസാനത്തിൽ ഓരോ മനുഷ്യനും കടന്നുചെല്ലേണ്ട അന്തിമവാതിൽ ദൈവസന്നിധിയിലേക്കുള്ളതാണ്. അതിനാൽ ഒരു വീടിന്റെ വാതിൽ നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗം മാത്രമല്ല; ക്രിസ്തുവിലൂടെ നിത്യതയിലേക്കുള്ള പ്രവേശനത്തെ അനുസ്മരിപ്പിക്കുന്ന ഒരു ആത്മീയ പ്രതീകമാണ്. അതുകൊണ്ടുതന്നെ വാതിൽ ഓരോ വിശ്വാസിയെയും മോക്ഷദർശനത്തിലേക്ക് നയിക്കുന്നു.

അങ്ങനെ നോക്കുമ്പോൾ ഒരു വീട് വെറും പാർപ്പിടമല്ല; അത് ഒരു ദർശനവീട് ആണ് ഒരു ആത്മീയപാഠശാലയാണ്. സന്ദർശനമുറി മനുഷ്യദർശനവും, പ്രാർത്ഥനാമുറി ഈശ്വരദർശനവും, പഠനമുറി ജ്ഞാനദർശനവും, ഉല്ലാസ-സ്വകാര്യമുറികൾ ആത്മദർശനവും, ഊട്ടുമുറിയും അടുക്കളയും അന്നദർശനവും സേവനദർശനവും, ജാലകവും വരാന്തയും വിശ്വദർശനവും, വാതിൽ മോക്ഷദർശനവും നമ്മെ പഠിപ്പിക്കുന്നു. അവിടെ ഓരോ അനുഭവവും ഒരു ധ്യാനമാണ്, ഓരോ ദർശനവും ഒടുവിൽ നമ്മെ ദൈവദർശനത്തിലേക്ക് നയിക്കുന്ന ഒരു ചാവറസല്ലാപമാണ്.

ഈ ചിന്തയുടെ വിത്ത് ദൈവശാസ്ത്ര പഠനകാലത്ത് സഹപാഠിയായ ബ്രദർ സെബി പാറയ്ക്കലുമായി നടത്തിയ ഒരു സംഭാഷണത്തിലാണ് ആദ്യമായി മുളച്ചത്. പിന്നീട് ചാവറപിതാവിന്റെ ആത്മീയതയെ കൂടുതൽ ആഴത്തിൽ പഠിച്ചപ്പോൾ, 'ദർശനവീട്' എന്ന ആശയവുമായി ബന്ധപ്പെടുത്തി ഒരു വാർഷിക ധ്യാനരൂപത്തിൽ ഇതിനെ ക്രമപ്പെടുത്തണമെന്ന ആഗ്രഹം വളർന്നു.

2014–16 കാലഘട്ടത്തിൽ വർധായിൽ ആയിരിക്കുമ്പോൾ, ചാവറപിതാവിന്റെ വിശുദ്ധപദവി പ്രഖ്യാപനത്തോടനുബന്ധിച്ച് അവിടത്തെ ബ്രദേഴ്സിന്റെ സഹകരണത്തോടെ ഇംഗ്ലീഷിൽ ഒരു വാർഷിക ധ്യാനഗ്രന്ഥം തയ്യാറാക്കാൻ ശ്രമിച്ചിരുന്നു. എന്നാൽ ആ സംരംഭം പൂർത്തിയാകാതെ പോയി. വർഷങ്ങൾക്കുശേഷം, ആ സ്വപ്നം ഇപ്പോൾ മറ്റൊരു രൂപത്തിൽ സഫലമാകുകയാണ്.

ഈ ഗ്രന്ഥത്തിന് ഹൃദയസ്പർശിയായ അവതാരിക എഴുതിയ ജോസ് നന്തിക്കരയച്ചനും, അനുഗ്രഹാശംസകൾ നേർന്ന ബെന്നി നൽക്കരയച്ചനും, ഭാഷാപരിശോധന നിർവഹിച്ച ജോൺ നീലങ്കാവിലച്ചനും ജോജോ അത്തിക്കളമച്ചനും, മനോഹരമായ പുറംചട്ട രൂപകൽപ്പന ചെയ്ത സെബീഷ് വെട്ടിയാടനച്ചനും, ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ സന്നദ്ധത പ്രകടിപ്പിച്ച ചാവറ സെൻട്രൽ സെക്രട്ടേറിയറ്റിനും ധർമ്മാരാം പബ്ലിക്കേഷൻസിനും, ഈ ഉദ്യമത്തിന് പ്രോത്സാഹനവും പിന്തുണയും നൽകിയ എല്ലാ സി.എം.ഐ. കൂടപ്പിറപ്പുകൾക്കും ഞാൻ ഹൃദയപൂർവം നന്ദി രേഖപ്പെടുത്തുന്നു.

ഈ ഗ്രന്ഥത്തിന്റെ രൂപീകരണത്തിലും പ്രസിദ്ധീകരണത്തിലും പ്രത്യക്ഷമായും പരോക്ഷമായും സഹകരിച്ച ധർമ്മാരാം റെക്ടർ പ്രിയ സാജു ചക്കാലയ്ക്കലച്ചൻ തുടങ്ങി മറ്റെല്ലാവരുടെയും പ്രാർത്ഥനയും സ്നേഹവും പിന്തുണയും ഈ സംരംഭത്തിന് അമൂല്യമായ കരുത്തായിരുന്നു. അവർക്കെല്ലാവർക്കും എന്റെ സ്നേഹപൂർവമായ നന്ദിയും ദൈവാനുഗ്രഹാശംസകളും നേരുന്നു.

വി. ചാവറയച്ചനെക്കുറിച്ചുള്ള എന്റെ മൂന്നാമത്തെ ഗ്രന്ഥമാണിത്. അതിനാൽ ചില ആശയങ്ങളും നിരീക്ഷണങ്ങളും എന്റെ മുൻ ഗ്രന്ഥങ്ങളിൽനിന്ന് ഇവിടെ വീണ്ടും ഉൾപ്പെടുത്തിയിട്ടുണ്ട്. ധ്യാനത്തിന്റെ പൂർണതയും ആശയങ്ങളുടെ സമഗ്രതയും ലക്ഷ്യമിട്ടാണ് അവ ആവർത്തിച്ചിരിക്കുന്നത്.

രണ്ടു നൂറ്റാണ്ടുകളുടെ അനുഗ്രഹീത പാരമ്പര്യവുമായി മൂന്നാം നൂറ്റാണ്ടിലേക്കു പ്രവേശിക്കുന്ന ഈ ചരിത്രനിമിഷത്തിൽ, നമ്മുടെ ഭവനങ്ങളെയും ഹൃദയങ്ങളെയും ദൈവസാന്നിധ്യത്തിന്റെ ദർശന വീടുകളാക്കി രൂപാന്തരപ്പെടുത്താൻ ഈ ചാവറധ്യാനം ഓരോ വായനക്കാരനെയും പ്രചോദിപ്പിക്കുകയും നയിക്കുകയും ചെയ്യട്ടെയെന്ന് പ്രാർത്ഥിക്കുന്നു. കുടുംബങ്ങളുടെ പ്രേഷിതനായ തിരുകുടുംബത്തിന്റെ വി. കുര്യാക്കോസ് ഏലിയാസ് ചാവറയച്ചൻ അതിനായി നമുക്കോരോരുത്തർക്കും വേണ്ടി ദൈവസന്നിധിയിൽ മാധ്യസ്ഥ്യം വഹിക്കട്ടെ!

മുഖപ്രസാദം:
കൃപയുടെ നിറവ്

"അവന്റെ പൂർണ്ണതയിൽ നിന്നു നാമെല്ലാം കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചിരിക്കുന്നു" (യോഹ 1:16).

സി.എം.ഐ. സന്യാസ സമൂഹം രൂപം കൊണ്ടതിന്റെ ഇരുനൂറാം വാർഷികാഘോഷങ്ങൾക്കായി ഒരുങ്ങുകയും, അതിന്റെ പവിത്രമായ പാരമ്പര്യവുമായി മൂന്നാം ശതാബ്ദത്തിലേക്കു പ്രവേശിക്കുവാൻ സജ്ജമാകുകയും ചെയ്യുന്ന ഈ ചരിത്ര മുഹൂർത്തത്തിൽ സഭയുടെ മാതൃഭവനത്തെക്കുറിച്ചുള്ള ഈ ഗ്രന്ഥത്തിന് ഒരവതാരിക എഴുതുന്നത് വളരെ സന്തോഷകരമാണ്.

"അവന്റെ പൂർണ്ണതയിൽ നിന്നു നാമെല്ലാം കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചിരിക്കുന്നു" (യോഹ 1:16) എന്ന വചനത്തിൽ വെളിവാകുന്ന ആത്മീയ സത്യം നമ്മുടെ സഭയുടെ ചരിത്രത്തെ ആഴത്തിൽ പ്രതിഫലിപ്പിക്കുന്നു.

മാന്നാനത്തെ മാതൃഭവനത്തിന് സ്ഥാപക പിതാക്കന്മാർ നൽകിയ പേരുകളിൽ ഒന്നാണ് 'ദർശനവീട്'. പേരു സൂചിപ്പിക്കുന്നതുപോലെതന്നെ ഇതൊരു ദർശനഭവനമാണ് (House of Vision). എന്നാൽ, ഇത് കേവലമൊരു താത്വികവീടല്ല; തപസ്സുഭവനവും (House of Mission), സുകൃതങ്ങൾ നിറഞ്ഞ ഒരു പുണ്യസങ്കേതവും (Abode of Holiness) കൂടിയാണ്. ദർശനവീടിനോടൊപ്പം തപസ്സു ഭവനവും പുണ്യസങ്കേതവും സ്ഥാപക പിതാക്കൾ മാതൃഭവനത്തേയും ആദിമ ചൈതന്യത്തേയും അടയാളപ്പെടുത്തുവാൻ ഉപയോഗിച്ചു. അവ ക്രിയ രൂപങ്ങളായും കാണണം. ഒരു സന്യാസ ഭവനത്തിന്റെ ഉറപ്പ് ചുവരുകളുടെ കനമല്ല, മറിച്ച് അതിൽ ജീവിക്കുന്നവരുടെ ദർശനവും തപസ്സും തീക്ഷ്ണതയുള്ള സുകൃതജീവിതമാണ് എന്ന് വി. ചാവറ പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു.

ഈ ദർശനവീട്ടിലേക്ക് വിളിക്കപ്പെടുന്ന ഓരോരുത്തരും വിശുദ്ധിയുടെ ജീവിതം തപസ്സാക്കുവാൻ നിയോഗിക്കപ്പെട്ടവരും അതിനായി അനുഗ്ര

ഹിക്കപ്പെട്ടവരുമാണ്. നമ്മുടെ സഭയുടെ സ്ഥാപക പിതാക്കന്മാരായ വി. കുര്യാക്കോസ് ഏലിയാസ് ചാവറയും മറ്റ് പിതാക്കന്മാരും ഈ ഭവനത്തെ ദൈവകൃപയുടെ വാസസ്ഥലമായാണ് മാറ്റിയത്. അവർ കേവലം കൃപയെ തേടിയവർ മാത്രമല്ല, ആ കൃപയിൽ വസിച്ചവരും കൃപയിലേക്ക് മറ്റുള്ളവരെ നയിച്ചവരുമായിരുന്നു.

അവരുടെ സന്യാസസമർപ്പണത്തിന്റെയും ശുശ്രൂഷകളുടേയും ഹൃദയം പ്രാർത്ഥനയും ധ്യാനവും ദൈവചിത്തത്തോടുള്ള സമർപ്പണവുമായിരുന്നു. തങ്ങളുടെ പവിത്രമായ സുകൃത ജീവിതത്തിലൂടെയും സ്നേഹത്തിലൂടെയും മനുഷ്യരെ ആകർഷിച്ച് ദൈവത്തിലേക്ക്, പുണ്യ ജീവിതത്തിലേക്ക് നയിക്കുക എന്നതായിരുന്നു അവരുടെ മഹത്തായ ദൗത്യം. ഒരാളുടെ വിശുദ്ധി ഒരു സമൂഹത്തിന്റെ പുതുജീവിതമായി വിരിയുമെന്നും, ആ സമർപ്പണം തലമുറകളുടെ അനുഗ്രഹമായി മാറുമെന്നും ഈ ദർശനവീട്ടിലെ ജീവിതം ലോകത്തിന് കാണിച്ച് കൊടുത്തു. സ്ഥാപക പിതാക്കന്മാർ ആരംഭിച്ച ആത്മീയയാത്രയിൽ നാം പുതിയ അധ്യായം എഴുതുകയാണ്; അവർ അവസാനിപ്പിച്ചിടത്തു നിന്നാണ് നാം തുടങ്ങുന്നത്.

ദർശനവീട്ടിലെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്, ജീവിതത്തിന്റെ ഓരോ സ്ഥലവും ഓരോ പ്രവർത്തനവും വ്യത്യസ്തമായ കൃപയെ ക്ഷണിക്കുന്നു എന്നതാണ്. സ്വീകരണ മുറിയിൽ നമുക്ക് സൽക്കാരത്തിന്റെയും സ്നേഹത്തിന്റെയും കൃപ വേണം, പ്രാർത്ഥനാമുറിയിൽ ദൈവസാന്നിധ്യത്തിന്റെ ആഴം അനുഭവിക്കുന്ന കൃപ വേണം, പഠനമുറിയിൽ ജ്ഞാനത്തിന്റെ കൃപയും, താമസമുറിയിൽ സഹോദര സ്നേഹത്തിന്റെ കൃപയും, ഭക്ഷണശാലയിൽ പങ്കുവെക്കലിന്റെ കൃപയും വേണം. ഭവനത്തിലെ ഓരോ മുറിയെയും—അതിഥിമുറി, പ്രാർത്ഥനാമുറി, പഠനമുറി, സൽക്കാരമുറി, ഊണുമുറി—വി. ചാവറ പിതാവിന്റെയും സഭാ നിയമാവലിയുടെയും വെളിച്ചത്തിൽ ഇതിൽ ധ്യാനവിഷയമാക്കുന്നത് ഏറെ ശ്രദ്ധേയമാണ്. ഇങ്ങനെ നാം താമസിക്കുന്ന ഭൗതിക ഇടങ്ങൾ ആത്മീയ അനുഭവങ്ങളുടെ വാതിലുകളായി മാറുന്നു.

ഈ പശ്ചാത്തലത്തിൽ, നമ്മുടെ ഭവനത്തിലെ ഓരോ മുറികളെയും ജീവിതത്തിലെ ഓരോ അനുഭവങ്ങളെയും ധ്യാനത്തിന്റെ പ്രകാശത്തിൽ കാണുവാൻ സഹായിക്കുന്ന ഈ ഗ്രന്ഥം അർത്ഥവത്തായ ഒരു ആത്മീയ ക്ഷണവും ധ്യാനരൂപരേഖയുമായി മാറുന്നു. ജീവിതത്തിലെ സാധാരണ നിമിഷങ്ങൾപോലും ദൈവകൃപയുടെ അനുഭവങ്ങളാക്കി മാറ്റാൻ ഈ ധ്യാനയാത്ര നമ്മെ പ്രേരിപ്പിക്കുന്നു.

ഈ ഗ്രന്ഥം ഏറെ മനോഹരമായി ഒരുക്കുകയും ഇതിനുവേണ്ടി അക്ഷീണം പ്രയത്നിക്കുകയും ചെയ്ത ബ. ജോജോ പാറേക്കാട്ടിലച്ചനെ ഈ അവസരത്തിൽ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും അദ്ദേഹത്തോടുള്ള അതിയായ നന്ദിയും കടപ്പാടും രേഖപ്പെടുത്തുകയും ചെയ്യുന്നു. സ്ഥാപകപിതാക്കന്മാരുടെ ദർശനങ്ങളെ കാലിക പ്രസക്തിയോടെ അവതരിപ്പിക്കുന്ന ഈ കൃതി സഭയ്ക്കും വായനക്കാർക്കും നൽകുന്ന വലിയൊരു ആത്മീയ സംഭാവനയാണ്.

ഈ പുസ്തകത്തിന് വലിയൊരു വായനാസമൂഹം ഉണ്ടാകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു. ഇതിലെ ദർശനത്തിലൂടെ കടന്നുപോകുന്ന എല്ലാ വായനക്കാർക്കും ദൈവത്തിന്റെ സമൃദ്ധമായ കൃപകളും അനുഗ്രഹങ്ങളും ലഭിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. ഈ ഗ്രന്ഥം വായിക്കുന്ന ഓരോരുത്തർക്കും അവരുടെ ദൈനംദിന ജീവിതം പുതുതായി കാണാൻ സാധിക്കട്ടെ. ആശ്രമത്തിലെ ഓരോ ഇടവും, സമൂഹത്തിലെ ഓരോ ബന്ധവും ദൈവകൃപയെ സ്വീകരിക്കുന്ന ഒരു അവസരമായി മാറട്ടെ. ദൈവം ഓരോ ദിവസവും നമ്മിൽ വർഷിക്കുന്ന സമൃദ്ധമായ കൃപകൾക്കായി നാം നന്ദിയോടെ ജീവിക്കാൻ ഈ വായന വഴിയൊരുക്കട്ടെ!

ഫാ. ജോസ് നന്തിക്കര സി.എം.ഐ.

ആശംസ:
ദർശനവീട് – 'ഘർ വാപ്സി';
വീട്ടിലേക്കുള്ള മടക്കം

ധ്യാനം എന്നത് വീട്ടിലേക്കുള്ള മടക്കമാണ്. സ്വന്തം ആത്മീയ ഭവനത്തിലേക്കും ആത്മീയപരിസരത്തിലേക്കുമുള്ള ഒരു തീർത്ഥയാത്ര. അത് വീടകം പുനഃക്രമീകരിക്കുകയും ഭംഗിയാക്കുകയും ചെയ്യുന്ന ഒരു ആത്മീയ പ്രക്രിയയാണ്. ക്രിസ്തുവിന്റെ ഗൃഹപാഠങ്ങളൊക്കെയും ആത്യന്തികമായി നമ്മെ ഓർമ്മിപ്പിക്കുന്നത് ഈ മടക്കയാത്രയെക്കുറിച്ചാണ്. ധൂർത്തപുത്രൻ തന്റെ നല്ല അപ്പന്റെ വീട്ടിലേക്ക് മടങ്ങിവരുന്നതുപോലെ, ഓരോ മനുഷ്യനും തന്റെ ആത്മീയതയിലേക്കും ആന്തരികതയിലേക്കും ദൈവസാന്നിധ്യത്തിലേക്കും മടങ്ങിവരേണ്ടതുണ്ട്.

ഈ സുവിശേഷസത്യത്തിന്റെ ആഴം തിരിച്ചറിഞ്ഞ ദൈവിക മനുഷ്യനായിരുന്നു വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. ധ്യാനസല്ലാപങ്ങളിലൂടെയും ആത്മാനുതാപത്തിലൂടെയും സ്വന്തം ഉള്ളിലേക്കുള്ള ഈ മടക്കയാത്ര നിരന്തരം നടത്തിയ ആത്മയോഗിയായിരുന്നു അദ്ദേഹം. കുടുംബങ്ങൾക്കായി സ്നേഹചാവരുൾ രചിച്ച ഈ പ്രിയപിതാവിന്റെ ആത്മദർശനത്തിന്റെയും സ്നേഹദർശനത്തിന്റെയും കേന്ദ്രത്തിൽ നിലകൊണ്ടത് 'വീട്' എന്ന സങ്കൽപവും യാഥാർഥ്യവുമായിരുന്നു. ആകാശമോക്ഷത്തോട് ഉപമിക്കാവുന്ന ഒരു ഭവനത്തെക്കുറിച്ചുള്ള സ്വപ്നമാണ് അദ്ദേഹത്തിന്റെ ആത്മീയതയുടെ നൂലിഴകളെയെല്ലാം കൂട്ടിയിണക്കിയത്. അങ്ങനെ 'ദർശനവീട്' എന്ന പുണ്യസങ്കേതവും 'ആകാശമോക്ഷം' എന്ന ആദർശഭവനവും ചാവറ ആത്മീയതയുടെ കേന്ദ്രബിന്ദുവായി മാറി.

"വീട് നന്നായാൽ നാട് നന്നാകും" എന്ന പഴമൊഴിയുടെ ആഴം പരിശോധിച്ചാൽ, അത് പുറംലോകത്തെക്കാൾ മുമ്പ് സ്വന്തം ഉള്ളിനെ വെടിപ്പാക്കുകയും ഭംഗിയാക്കുകയും ചെയ്യുന്നതിനെക്കുറിച്ചാണെന്ന് മനസ്സിലാകും. മനുഷ്യഹൃദയത്തിന്റെ നവീകരണമാണ് എല്ലാ സാമൂഹിക നവീകരണങ്ങളുടെയും അടിത്തറ.

വി. ചാവറ പിതാവിന്റെ ചിന്തകളെയും വിശുദ്ധ ഗ്രന്ഥത്തെയും സി.എം.ഐ. നിയമാവലിയെയും അടിസ്ഥാനമാക്കി, ഭാരതീയ തത്വചിന്തയിലും ആത്മീയതയിലും സംസ്കൃതഭാഷയിലും അഗാധ പാണ്ഡിത്യമുള്ള ധർമ്മാരാം കോളേജിലെ അധ്യാപകനായ ബഹുമാനപ്പെട്ട ജോജോ പാറേക്കാട്ടിൽ സി.എം.ഐ. അച്ചൻ രചിച്ച ദർശനവീട് എന്ന ഈ ധ്യാനവിചിന്തനം സി.എം.ഐ. സന്യാസജീവിതത്തിന്റെ ആഴവും സൗന്ദര്യവും അതിമനോഹരമായി അവതരിപ്പിക്കുന്നു. ഭാരതീയ സംസ്കാരത്തിന്റെ ആത്മാവിനെ ആഴത്തിൽ ഗ്രഹിച്ച ജോജോ അച്ചൻ, ചാവറ ആത്മീയതയുടെ കേന്ദ്രമായ വീടുദർശനത്തിലേക്ക് നമ്മെ കൈപിടിച്ചുനടത്തുകയാണ് ഈ കൃതിയിലൂടെ.

ഈ ധ്യാനത്തിൽ അദ്ദേഹം ദർശനവീട്ടിലെ ഓരോ മുറിയെയും ഒരു ആത്മീയ അനുഭവമായി, ഒരു നിർമാണപ്രവർത്തിയായി, ഒരു ദൈവദർശനമായി അവതരിപ്പിക്കുന്നു. അതുകൊണ്ടുതന്നെ ഈ ഗ്രന്ഥം വെറും വായനയല്ല; സ്വന്തം ഉള്ളിലേക്കുള്ള ഒരു പ്രയാണമാണ്. ചാവറ ആത്മീയതയുടെ കൈപിടിച്ചുകൊണ്ടുള്ള ഒരു മടക്കയാത്ര.

ദർശനവീട് ദൈവസാന്നിധ്യത്തിന്റെ ഭവനമാണ്. ജ്ഞാനം, വിവേകം, അറിവ് എന്നിവകൊണ്ട് പണിയപ്പെടുന്ന ആത്മീയ ഭവനം. പ്രാർത്ഥന, ജോലി, ഭക്ഷണം, വിശ്രമം, സൗഹൃദം, ശുശ്രൂഷ—ജീവിതത്തിന്റെ എല്ലാ മേഖലകളും ദൈവാനുഭവത്തിന്റെ ഇടങ്ങളായി മാറുന്ന ഭവനം. ദൈവവചനത്തിന്റെ പാറമേൽ സ്ഥാപിതമായതിനാലാണ് ഈ ഭവനം ഉറച്ചു നിൽക്കുന്നത്. മാന്നാനത്തെ ദർശനവീട് ദിവ്യകാരുണ്യസാന്നിധ്യത്തിന്റെ കേന്ദ്രമായിരുന്നു; വിശുദ്ധ കുർബാനയിലൂടെ ദൈവത്തെ അനുഭവിക്കുകയും സ്വർഗീയജീവിതത്തിന്റെ രുചി അറിയുകയും ചെയ്ത ആത്മീയ തീർത്ഥാടനകേന്ദ്രം.

സ്വർഗ്ഗരാജ്യം മരണാനന്തരം മാത്രം അനുഭവിക്കേണ്ട ഒന്നല്ല; ഭൂമിയിൽ ജീവിക്കുമ്പോൾ തന്നെ രുചിച്ചറിയേണ്ട യാഥാർഥ്യമാണ്. ചാവറ പിതാവിന് സന്യാസവീട് ഒരു 'ചെറിയ സ്വർഗ്ഗം' ആയിരുന്നു. ദർശനവീട് ദൈവരാജ്യത്തിന്റെ ദൃശ്യചിഹ്നമാണ്; ദൈവസ്നേഹവും വിശുദ്ധിയും സഹോദരസ്നേഹവും ലോകത്തിനു വെളിപ്പെടുത്തുന്ന ഒരു ആത്മീയ കൂദാശ. സമൂഹജീവിതത്തിൽ യേശുവിന്റെ സാന്നിധ്യം അനുഭവിക്കുന്നതാണ് സന്യാസജീവിതത്തിന്റെ മഹത്വം. സാഹോദര്യം, ഐക്യം, പരസ്പരസ്നേഹം എന്നിവ സമൂഹത്തെ ഒരു ജീവിക്കുന്ന ദൈവാലയമാക്കി മാറ്റുന്നു. ചാവറ പിതാവ് സഭാംഗങ്ങളെ ഒരേ അമ്മയുടെ മക്കളായ 'കൂടപ്പിറപ്പുകൾ' എന്ന നിലയിലാണ് കണ്ടത്. രക്തബന്ധങ്ങളെക്കാൾ

ആഴമുള്ള സന്യാസസഹോദരത്വമാണ് യഥാർത്ഥ മതജീവിതത്തിന്റെ അടിത്തറ. ഈ സ്നേഹം ദിനംപ്രതി വളരുകയും ആഴപ്പെടുകയും ചെയ്യണമെന്ന് ഈ ധ്യാനം ഓർമ്മിപ്പിക്കുന്നു.

അവസാനം, ദർശനവീട് ഓരോരുത്തരുടെയും ഹൃദയമാണ്. ദൈവം വസിക്കാൻ ആഗ്രഹിക്കുന്ന ഈ ഹൃദയവീട് വിശ്വാസം, വിനയം, സ്നേഹം, ക്ഷമ, വിശുദ്ധി എന്നീ ഗുണങ്ങളാൽ അലങ്കരിക്കപ്പെടണം. ഒരു വീട് ചുവരുകളാൽ പണിയപ്പെടാം; എന്നാൽ അത് യഥാർത്ഥ ഭവനമാകുന്നത് ശീലങ്ങളാലാണ്. പ്രാർത്ഥന, നിശ്ശബ്ദത, പരസ്പര സ്നേഹം, ക്ഷമ, പങ്കുവയ്ക്കൽ, സേവനം തുടങ്ങിയ ശീലങ്ങളാണ് ഒരു ആശ്രമത്തെ ദൈവസാന്നിധ്യം അനുഭവിക്കുന്ന വിശുദ്ധ ഭവനമാക്കി മാറ്റുന്നത്. നല്ല ശീലങ്ങളാണ് സഭയുടെ ഭാവിയെ രൂപപ്പെടുത്തുന്നത്.

ഈ ഗ്രന്ഥത്തിന്റെ സമാപനത്തിൽ ജോജോ അച്ചൻ "അപ്പോൾ ഓരോരുത്തരും സ്വന്തം വീട്ടിലേക്കു പോയി" (യോഹ 7:53) എന്ന സുവിശേഷ വചനത്തെ ആസ്പദമാക്കി, സി.എം.ഐ. സന്യാസികളെ അവരുടെ ആശ്രമങ്ങളിലേക്കും സമൂഹജീവിതത്തിലേക്കും പുതുക്കപ്പെട്ട ആത്മീയ പ്രതിബദ്ധതയോടെ മടങ്ങാൻ ആഹ്വാനം ചെയ്യുന്നു. സ്ഥാപകർ പാകിയ അടിത്തറയിൽ നാം എങ്ങനെ പണിയുന്നു എന്നത് ഓരോരുത്തരും ആത്മപരിശോധന നടത്തേണ്ട വിഷയമാണെന്ന് ജോജോ അച്ചൻ ഓർമ്മിപ്പിക്കുന്നു. നമ്മുടെ ആശ്രമങ്ങൾ ദൈവത്തെ കാണാനും അനുഭവിക്കാനും കഴിയുന്ന യഥാർത്ഥ 'ദർശന വീടുകളാണോ?' എന്നതാണ് ഈ കൃതിയുടെ കേന്ദ്രചോദ്യം.

ദൈവാനുഭവത്തിന്റെയും ആത്മീയ ആഴത്തിന്റെയും ഭവനമാണ് ദർശനവീട്; മനുഷ്യരുടെ പ്രശംസയും പുറംകാഴ്ചയും ലക്ഷ്യമാക്കുന്ന ഭവനമാണ് 'പ്രദർശനവീട്'. ജോജോ അച്ചൻ ഈ വ്യത്യാസം അതീവ മൗലികമായി അവതരിപ്പിക്കുമ്പോൾ അത് ഓരോരുത്തരെയും ആത്മപരിശോധനയിലേക്ക് ക്ഷണിക്കുന്നു. യേശുവിനെപ്പോലെ ജനപ്രിയതയുടെയും അംഗീകാരത്തിന്റെയും പ്രലോഭനങ്ങളിൽ നിന്ന് മാറി, പ്രാർത്ഥനയുടെയും ഏകാന്തതയുടെയും വഴിയിലൂടെ ദൈവത്തെ അന്വേഷിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറയുന്നു.

ഗംഗാനദിയുടെ ഉപമയിലൂടെ സന്യാസജീവിതത്തിന്റെ യാഥാർത്ഥ്യവും അദ്ദേഹം മനോഹരമായി അവതരിപ്പിക്കുന്നു. സന്യാസവിളി വിശുദ്ധമാണെങ്കിലും മാനുഷിക ദൗർബല്യങ്ങൾ അതിനെ മലിനപ്പെടുത്താം. അതിനാൽ തുടർച്ചയായ ആത്മപരിശോധനയും നവീകരണവും ലാളിത്യവും പ്രാർത്ഥനയും സഹോദരത്വവും അനിവാര്യമാണെന്ന് അദ്ദേഹം

ഓർമ്മിപ്പിക്കുന്നു. സി.എം.ഐ. ആത്മീയതയുടെ ഹൃദയം ഏലിയായുടെ തീക്ഷ്ണതയും മറിയത്തിന്റെ ധ്യാനാത്മകതയുമാണ്. ദൈവത്തിനു വേണ്ടി ജ്വലിക്കുന്ന ഹൃദയത്തോടെയും സഭയുടെ നവീകരണത്തിനായി സമർപ്പിതരായും ജീവിക്കുവാനാണ് ഓരോ അംഗവും വിളിക്കപ്പെട്ടിരിക്കുന്നത്.

ദർശനവീട് എന്നത് ഒരു കെട്ടിടമോ സന്യാസഭവനമോ മാത്രമല്ല; ജീവിതത്തിന്റെ എല്ലാ മേഖലകളിലും ദൈവത്തെ ദർശിക്കുകയും അനുഭവിക്കുകയും ചെയ്യുന്ന ഒരു ആത്മീയ ദർശനമാണ്. പ്രാർത്ഥന, നിശ്ശബ്ദത, സഹോദരസ്നേഹം, ലാളിത്യം, സന്യാസശീലങ്ങൾ, ദൈവവിളിയോടുള്ള വിശ്വസ്തത എന്നിവയിലൂടെ മാത്രമേ അത്തരം ഭവനം രൂപപ്പെടുകയുള്ളൂ. സഭയുടെ നവീകരണവും ഭാവിയും അതിലെ അംഗങ്ങളുടെ ആത്മീയ പരിവർത്തനത്തിലും വിശുദ്ധജീവിതത്തിലും അധിഷ്ഠിതമാണ്.

ദ്വിശതാബ്ദി പൂർത്തിയാക്കി മൂന്നാം നൂറ്റാണ്ടിലേക്ക് കടക്കാൻ ഒരുങ്ങുന്ന സി.എം.ഐ. സഭയ്ക്ക് ഇത് ആഘോഷത്തിന്റെ നിമിഷം മാത്രമല്ല; ആത്മീയ നവീകരണത്തിന്റെ ചരിത്രപരമായ അവസരവുമാണ്. പുതിയ പദ്ധതികളേക്കാൾ പുതുക്കപ്പെട്ട മനുഷ്യരാണ് സഭയുടെ ഭാവി നിർണ്ണയിക്കുന്നത്. സ്ഥാപകർ തെളിച്ച ദീപം വരുംതലമുറകൾക്ക് കൈമാറേണ്ട ഉത്തരവാദിത്വം ഇന്നത്തെ അംഗങ്ങൾക്കാണ്.

ജോജോ പാറേക്കാട്ടിൽ അച്ചന്റെ ഈ ആത്മീയസാധനയ്ക്കും ദർശനഭാഷ്യത്തിനും സ്നേഹാദരങ്ങളോടെയുള്ള അഭിനന്ദനങ്ങൾ! ഈ ഗ്രന്ഥം ഓരോ വായനക്കാരനെയും സ്വന്തം വീട്ടിലേക്കും സ്വന്തം ഹൃദയത്തിന്റെ ആഴങ്ങളിലേക്കും ദൈവം കാത്തിരിക്കുന്ന ആ അന്തർഭവനത്തിലേക്കും മടങ്ങാൻ സഹായിക്കട്ടെ.

ഫാ. ബെന്നി നൽക്കര സി.എം.ഐ.

0.1
ദർശനവീട്: ചില ആമുഖ ചിന്തകൾ

(ആമുഖ പ്രാർത്ഥന)

ധ്യാനദിവസങ്ങളെ വർഷത്തിലെ ഏറ്റവും 'ഭാഗ്യപ്പെട്ട ആഴ്ചവട്ടമായി'[1] കണക്കാക്കിയിരുന്ന വി. ചാവറ പിതാവിന്റെ മാധ്യസ്ഥം വഴി, ഈ ദിനങ്ങളെ ദൈവാനുഭവത്തിന്റെ ഭാഗ്യപ്പെട്ട ഒരാഴ്ചയായി മാറ്റുന്നതിനായി ഒരു നിമിഷം നമുക്ക് നിശ്ശബ്ദമായി ദൈവത്തോട് പ്രാർത്ഥിക്കാം. ശബ്ദങ്ങളുടെ ലോകത്തിൽ നിന്ന് നിശ്ശബ്ദതയുടെ സ്വർഗീയതയിലേക്ക് ഈ ദിനങ്ങൾ നമ്മെ കൂട്ടിക്കൊണ്ടുപോകട്ടെ! പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ. ആമ്മേൻ.

(വചന വായന: സുഭാ 24:3-4)

"ജ്ഞാനത്താൽ വീട് പണിയപ്പെടുന്നു; വിവേകത്താൽ അത് ഉറപ്പിക്കപ്പെടുന്നു; അറിവാൽ അതിന്റെ മുറികൾ അമൂല്യവും മനോഹരമായ വസ്തുക്കളാൽ നിറയ്ക്കുന്നു."

(ധ്യാനവിചിന്തനം)

0.1.1. ദർശനവീട്: ഒരു ആത്മീയ യാഥാർത്ഥ്യം

വളരെ ചെറിയ വരികളിൽ ജീവിതത്തിന്റെ ആഴമേറിയ സത്യങ്ങൾ അനാവരണം ചെയ്ത കവിയാണ് കുഞ്ഞുണ്ണിമാഷ്. അദ്ദേഹത്തിന്റെ മനോഹരമായ ഒരു കൊച്ചുകവിതയിൽനിന്ന് നമുക്ക് ഈ ധ്യാനയാത്ര ആരംഭിക്കാം:

ഒരു പൂവിൽ
ഒരു പുഴുവിൽ
ഒരു പുണ്യപുരാതന ഭാവത്തിൽ
ഒരു പുരുഷായുസ്സു കഴിക്കാം.
വേണ്ടതുപോലെയിറങ്ങിയിരുന്നാൽ
എന്തിനു വിഷയമനേകം?

---

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ,* വാല്യം 3, *ആദ്ധ്യാത്മിക കൃതികൾ,* എഡി. ഇസഡ്. എം. മൂഴൂർ, (സി.എം.ഐ. പ്രസാധക കമ്മിറ്റി, 2014), 40.

കുഞ്ഞുണ്ണിമാഷ് ഓർമിപ്പിക്കുന്നതുപോലെ, ഒരു വിഷയത്തെ അതിന്റെ ആഴങ്ങളിലേക്ക് ഇറങ്ങി ധ്യാനിച്ചാൽ അതിൽ ഒരു ജീവിതകാലം മുഴുവൻ ചെലവഴിക്കാനുള്ള സമ്പത്തുണ്ട്. അതിനാൽ ഈയൊരാഴ്ചയിലെ നമ്മുടെ ധ്യാനചിന്തകൾ പല വിഷയങ്ങളിലേക്ക് ചിതറിപ്പോകാതെ 'ദർശനവീട്' എന്ന ഏകവിഷയത്തിലും അതിന്റെ പുണ്യപുരാതന ആത്മീയ ഭാവങ്ങളിലുമാണ് കേന്ദ്രീകരിക്കുന്നത്.

ദർശനവീട്ടിലെ അംഗങ്ങളായ നമുക്ക് ഓരോ ധ്യാനദിവസവും നമ്മുടെ ഭവനത്തിലെ ഓരോ ഇടത്തെയും ഒരു ആത്മീയ പ്രതീകമായി വായിക്കാം. ആ ഇടത്തെ വിശുദ്ധ ഗ്രന്ഥത്തിന്റെ വെളിച്ചത്തിലും, വി. ചാവറ പിതാവിന്റെ ദർശനത്തിലും, സി.എം.ഐ. നിയമാവലിയിലെ പ്രബോധനങ്ങളിലുമായി ബന്ധപ്പെടുത്തി മൂന്ന് ധ്യാനപ്രഭാഷണങ്ങളായി വിചിന്തനം ചെയ്യാം.

സുഭാഷിതങ്ങളുടെ പുസ്തകത്തിൽനിന്ന് നാം ഇപ്പോൾ ശ്രവിച്ച വചനത്തിൽ പറയുന്ന വീട് ഒരു കെട്ടിടം മാത്രമല്ല; അത് ഒരു ആത്മീയ യാഥാർത്ഥ്യമാണ്. മതിലുകളും മേൽക്കൂരയും ചേർന്ന ഒരു ഭൗതിക ഭവനം അല്ല അത്; മറിച്ച്, ജ്ഞാനം, വിവേകം, അറിവ്, പുണ്യം എന്നീ ദൈവിക മൂല്യങ്ങളാൽ പണിയപ്പെടുന്ന ഒരു സജീവമായ ആത്മീയ ഭവനമാണ്.

ജ്ഞാനത്താൽ പണിയപ്പെടുന്ന വീട് ദൈവവചനം കേന്ദ്രമാക്കിയ ജീവിതത്തെയാണ് സൂചിപ്പിക്കുന്നത്. വിവേകത്താൽ സ്ഥാപിക്കപ്പെടുന്ന വീട് കരുണയും ക്രമവും നിറഞ്ഞ സന്യാസകുടുംബത്തെയാണ് പ്രതിനിധീകരിക്കുന്നത്. അറിവാൽ നിറയുന്ന മുറികൾ ആത്മീയ മൂല്യങ്ങൾ, വിശ്വാസപാരമ്പര്യം, സ്നേഹം, സഹനശീലം, സന്യാസപരിശുദ്ധി എന്നിവയുടെ സമ്പത്താൽ സമ്പുഷ്ടമായ ജീവിതത്തെയുമാണ് വെളിപ്പെടുത്തുന്നത്. നമ്മുടെ സന്യാസഭവനം ഇത്തരം ആത്മീയ സമ്പത്തിനാൽ നിറയുമ്പോൾ, അത് ദൈവത്തെ അറിയാനും അനുഭവിക്കാനും കഴിയുന്ന ഒരു യഥാർത്ഥ ദർശനവീടായി മാറുന്നു.

ഇവിടെ 'മുറികൾ' എന്നത് ജീവിതത്തിന്റെ വിവിധ മേഖലകളെയാണ് സൂചിപ്പിക്കുന്നത്—പ്രാർത്ഥന, ജോലി, ബന്ധങ്ങൾ, വിശ്രമം, സംഭാഷണം, ശുശ്രൂഷ തുടങ്ങിയവ. സന്യാസഭവനത്തിലെ ഓരോ മുറിയും ദൈവസാന്നിധ്യത്തിന്റെ ഒരു സാക്ഷ്യസ്ഥാനമാണ്. സന്ദർശനമുറി അതിഥിസ്നേഹത്തിന്റെ വേദിയാണ്; ഊട്ടുമുറി പങ്കുവയ്ക്കലിന്റെ വിദ്യാലയമാണ്; പഠനമുറി ദൈവജ്ഞാനത്തിലേക്കു നയിക്കുന്ന വഴിത്താരയാണ്; പ്രാർത്ഥനാമുറി ദൈവസ്നേഹത്തിന്റെ കൂടാരമാണ്; ശയനമുറി ദൈവവിശ്വാസത്തിൽ വിശ്രമിക്കുന്ന സ്ഥലമാണ്.

നമ്മുടെ അനുദിന ജീവിതത്തിൽ ആത്മീയാഭ്യാസങ്ങൾക്കായി നാം പ്രത്യേക സമയം മാറ്റിവയ്ക്കാറുണ്ട്. എന്നാൽ വി. ചാവറ പിതാവ് തന്റെ കത്തിലൂടെ നമ്മെ കൂടുതൽ ആഴത്തിലുള്ള ഒരു ആത്മീയ സത്യം പഠിപ്പിക്കുന്നു: "പ്രാർത്ഥിക്കുന്നതും അരൂപിക്കടുത്ത മറ്റു കാര്യങ്ങൾ ചെയ്യുന്നതും മാത്രമല്ല, അവർക്ക് പുണ്യയോഗ്യതയാകുന്നത്; മറിച്ച്, ജോലി ചെയ്യുന്നതും, നടക്കുന്നതും, സന്ദർശനമുറിയിൽ പോകുന്നതും, ഉല്ലാസനേരത്ത് സംസാരിക്കുന്നതും, തിന്നുന്നതും, കുടിക്കുന്നതും, ഉറങ്ങുന്നതും, എല്ലാം പുണ്യം തന്നെ."[1] നിറവാർന്നതും സമഗ്രവുമായ ഒരു ആത്മീയ ദർശനമാണ് ഈ വാക്കുകളിൽ പ്രതിഫലിക്കുന്നത്. ജീവിതം മുഴുവൻ ദൈവത്തോട് ചേർന്നാണ് നാം ജീവിക്കേണ്ടത്. പ്രാർത്ഥനയും പള്ളിയും ആത്മീയാഭ്യാസങ്ങളും മാത്രമല്ല ദൈവാനുഭവത്തിലേക്കുള്ള വഴികൾ.

ദൈവാനുഭവത്തിനായി നാം പലപ്പോഴും വേളാങ്കണ്ണിയിലേക്കും ലൂർദ്ദിലേക്കും ഫാത്തിമയിലേക്കും വിശുദ്ധ നാടുകളിലേക്കും തീർത്ഥാടനം നടത്താറുണ്ട്. അല്ലെങ്കിൽ ധ്യാനങ്ങൾക്കും റിട്രീറ്റുകൾക്കുമായി ദൂര യാത്രകൾ ചെയ്യാറുണ്ട്. എന്നാൽ പലപ്പോഴും നാം മറന്നുപോകുന്ന ഒരു തീർത്ഥാടനമുണ്ട്—നമ്മുടെ സ്വന്തം ഭവനത്തിലേക്കുള്ള തീർത്ഥാടനം. ദർശനവീടിനെക്കുറിച്ചുള്ള ഈ ധ്യാനം നമ്മെ ക്ഷണിക്കുന്നത് ആ തീർത്ഥാടനത്തിനാണ്.

നമ്മുടെ വീട് വെറും താമസസ്ഥലം മാത്രമല്ല. പ്രാർത്ഥനയും സ്നേഹവും ക്ഷമയും പരസ്പരസേവനവും നിറയുമ്പോൾ അവിടെത്തന്നെ ദൈവാനുഭവം വിരിയുന്നു. അതുകൊണ്ട് ദൈവത്തെ കണ്ടെത്താൻ എല്ലായ്പ്പോഴും ദൂരെയ്ക്കു പോകേണ്ടതില്ല; സ്വന്തം ഭവനത്തിലേക്കുള്ള ഒരു തീർത്ഥാടനം തന്നെ ദൈവസാന്നിധ്യത്തിലേക്കുള്ള ഏറ്റവും അടുത്ത യാത്രയായിരിക്കും. ജീവിതത്തിലെ ഓരോ പ്രവൃത്തിയും ദൈവസന്നിധിയിൽ അർപ്പിക്കുമ്പോൾ, ഓരോ നിമിഷവും ആരാധനയായി മാറുന്നു. സാധാരണ ജോലികൾ പോലും ആത്മാർത്ഥതയോടും സ്നേഹത്തോടും സേവനമനോഭാവത്തോടും ചെയ്യുമ്പോൾ അവ ദൈവിക മാകുന്നു. ചാവറ പിതാവിന്റെ ഈ ഉപദേശം, ജീവിതത്തിലെ ഓരോ പ്രവൃത്തിയിലും ദൈവത്തോടുള്ള സ്നേഹം പ്രതിഫലിപ്പിക്കുവാനാണ് നമ്മെ ക്ഷണിക്കുന്നത്.

---

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*. എഡി. തോമസ് പന്തപ്ലാക്കൽ & ജോസി (ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ്, 2011), VII/12:3, 167.

വി. ചാവറ പിതാവ് സ്വപ്നം കണ്ട 'ദർശനവീട്' എന്ന ആശയത്തിന്റെ അന്തഃസത്ത ഇതുതന്നെയാണ്. അദ്ദേഹം നമ്മെ ഓർമിപ്പിക്കുന്നു: "കൊവേന്തകളുടെ ഉറപ്പ് ചുവരുകളുടെ കനമല്ല; പിന്നെയോ, അതിൽ ജീവിക്കുന്നവരുടെ തീക്ഷ്ണതയുള്ള സുകൃതജീവിതമാകുന്നു."[1] ചാവറ പിതാവിനെ സംബന്ധിച്ചിടത്തോളം ദർശനവീട് എന്നത് ഒരു പ്രത്യേക പ്രാർത്ഥനാമുറിയല്ല; സന്യാസഭവനത്തിലെ ഓരോ മുറിയിലും ദൈവത്തെ തിരിച്ചറിയുന്ന ഒരു ദർശനമാണ്. അതുകൊണ്ട് ദർശനവീട് ഒരു ആത്മീയ ദർശനമാണ്. ഓരോ മുറിയിലും ജ്ഞാനത്തിന്റെ അടിത്തറയും വിവേകത്തിന്റെ സ്ഥിരതയും അറിവിന്റെ സമൃദ്ധിയും വളരുമ്പോൾ, നമ്മുടെ ഭവനം ദൈവസാന്നിധ്യത്തിന്റെ പ്രതീകമായി മാറുന്നു.

ജീവിതത്തിലെ സാധാരണകാര്യങ്ങൾ പോലും ദൈവസാന്നിധ്യത്തിന്റെ അനുഭവങ്ങളാകാം. ജോലി, വിശ്രമം, വ്യായാമം, സൗഹൃദസംഭാഷണം, ഭക്ഷണം, ഉറക്കം—എല്ലാം ദൈവത്തിനുവേണ്ടി അർപ്പിക്കുമ്പോൾ അവ വിശുദ്ധമായ ആരാധനയായി മാറുന്നു. ജീവിതം ഒരു മഹത്തായ ആരാധനാക്രമമാണെന്ന് തിരിച്ചറിയുമ്പോൾ, നമ്മുടെ ഓരോ പ്രവർത്തിയും ദൈവമഹത്വത്തിന്റെ ഭാഗമായി മാറുന്നു. ഉല്ലാസനേരവും ഭക്ഷണസമയവും പോലും ദൈവാനുഭവത്തിന്റെ നിമിഷങ്ങളാകുമ്പോൾ, ജീവിതം സ്വർഗീയമാകുന്നു.

ഗാന്ധിജി രാഷ്ട്രീയപ്രവർത്തകർക്കു നൽകിയിരുന്ന ഒരു ഉപദേശമുണ്ട്. ഓരോ ദിവസവും ഓഫീസിലേക്ക് പോകുന്നതിന് മുമ്പ് പതിനഞ്ച് മിനിറ്റെങ്കിലും അന്നത്തെ ജോലിയെക്കുറിച്ച് ധ്യാനിക്കണം എന്നാണ് അദ്ദേഹം പറഞ്ഞത്. ഇന്ന് ഞാൻ എപ്പോൾ ഓഫീസിലെത്തും? സഹപ്രവർത്തകരോടും സഹായം തേടിയെത്തുന്നവരോടും എങ്ങനെ പെരുമാറും? ഇന്ന് ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്? ഇന്നലത്തേക്കാൾ കൂടുതൽ ഉത്തരവാദിത്വത്തോടെയും ആത്മാർത്ഥത യോടെയും ഇന്ന് എങ്ങനെ പ്രവർത്തിക്കാം? ഇങ്ങനെ ഓരോ ദിവസവും ആത്മപരിശോധനയോടെ ജോലിയിലേക്ക് പ്രവേശിച്ചാൽ, ഓരോ ദിവസവും ഇന്നലത്തേതിനേക്കാൾ മെച്ചപ്പെട്ടതായിത്തീരുമെന്ന് ഗാന്ധിജി ഓർമിപ്പിക്കുന്നു.

ദർശനവീടിനെക്കുറിച്ചുള്ള ഈ ധ്യാനത്തിന്റെ ആത്മീയതയും ഗാന്ധിജിയുടെ ഈ ഉപദേശവും പരസ്പരം പൂരകങ്ങളാണ്. ദർശനവീട്ടിലെ ഓരോ മുറിയും നമ്മുടെ ജീവിതത്തിന്റെ ഓരോ മാനങ്ങളെ പ്രതിനിധീകരിക്കുന്നു. അതിനാൽ ഓരോ ദിവസവും നമ്മുടെ ദൈനംദിന പ്രവർത്തന

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VI/2:6, 133.

ങ്ങളിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ്, ഒരു നിമിഷം നിശ്ശബ്ദതയിൽ സ്വയം പരിശോധിക്കാനും ദൈവസന്നിധിയിൽ ധ്യാനിക്കാനും നാം സമയം കണ്ടെത്തേണ്ടതുണ്ട്. അത്തരമൊരു ആത്മപരിശോധന നമ്മുടെ ചിന്തകളെയും വാക്കുകളെയും പ്രവർത്തനങ്ങളെയും ക്രമപ്പെടുത്തുകയും, ഓരോ ദിവസവും അതിന്റെ പൂർണതയോടെയും ദൈവഹിതത്തോടെയും ജീവിക്കാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു. അപ്പോൾ നമ്മുടെ ആശ്രമം ഒരു താമസസ്ഥലം മാത്രമല്ല, ദൈവം വസിക്കുന്ന ഒരു ദർശനവീടായി അനുഭവപ്പെടും. നമ്മുടെ ഓരോ മുറിയും, ഓരോ ബന്ധവും, ഓരോ പ്രവർത്തിയും, ഓരോ നിമിഷവും ദൈവസാന്നിധ്യത്തിന്റെ അടയാളങ്ങളായി മാറും. അങ്ങനെ ദർശനവീട് ഒരു കെട്ടിടമെന്നതിലുപരി, ദൈവത്തെകാണുകയും അനുഭവിക്കുകയും ചെയ്യുന്ന ഒരു ആത്മീയ യാഥാർത്ഥ്യമായി നമ്മുടെ ജീവിതത്തിൽ സാക്ഷാത്കരിക്കപ്പെടും.

0.1.2. ചാവറ സല്ലാപങ്ങൾ

റിട്രീറ്റ് എന്നത് പലപ്പോഴും നമ്മെ സംബന്ധിച്ചിടത്തോളം കുറച്ചുദിവസങ്ങൾ ശാന്തമായി കഴിയുകയും, ചില ധ്യാനപ്രഭാഷണങ്ങൾ കേൾക്കുകയും, പ്രാർത്ഥനയിൽ സമയം ചെലവഴിക്കുകയും ചെയ്യുന്ന ഒരു ആത്മീയ പരിപാടിയാണ്. എന്നാൽ യഥാർത്ഥത്തിൽ റിട്രീറ്റ് അതിനേക്കാൾ വളരെ ആഴമുള്ള ഒരു അനുഭവമാണ്.

വി. ചാവറ പിതാവിന്റെ ദർശനത്തിൽ റിട്രീറ്റ് ദൈവവുമായി നടത്തുന്ന ഒരു അന്തരംഗ സംഭാഷണമാണ്. *ധ്യാനസല്ലാപം* എന്ന ഗ്രന്ഥത്തിൽ പിതാവ് ഇപ്രകാരം എഴുതുന്നു: "ധ്യാനം എന്നത് ദൈവത്തോടുള്ള സംസാരം ആകുന്നു. സ്നേഹത്താൽ ദൈവത്തോട് ചേർന്നു തന്നോടൊന്നിച്ചിരുന്ന്, സ്നേഹിതന്മാരോട് ഒന്നിച്ചുള്ള സംഭാഷണം എന്നപോലെ ആത്മമണവാളനായ ഈശോമിശിഹായോട് ഒന്നിച്ചിരുന്ന് സംസാരിക്കുകയത്രേ ഇതിന്റെ പ്രവർത്തി."[1] പിതാവിനെ സംബന്ധിച്ചിടത്തോളം ധ്യാനം എന്നത് ഒരു ചിന്താവ്യായാമമല്ല; അത് 'ധ്യാനസല്ലാപം' ആണ്—ദൈവത്തോട് ഹൃദയം തുറന്ന് സംസാരിക്കുന്ന ഒരു ആത്മീയ കൂടിക്കാഴ്ച. ഉള്ളിലെ ശബ്ദങ്ങളെ ശാന്തമാക്കി ദൈവസാന്നിധ്യത്തിൽ നിൽക്കുകയും, അവിടുത്തോട് സംസാരിക്കുകയും, അവിടുത്തെ സ്വരം ശ്രദ്ധയോടെ കേൾക്കുകയും ചെയ്യുന്ന സമയമാണ് യഥാർത്ഥ റിട്രീറ്റ്. വി. അമ്മ ത്രേസ്യായും വി. ജോൺ ഓഫ് ദ ക്രോസും പഠിപ്പിക്കുന്നതുപോലെ, ധ്യാനം ദൈവവുമായുള്ള സ്നേഹബന്ധത്തിന്റെ ആഴങ്ങളിലേക്കു

[1] ചാവറയച്ചൻ, *ആദ്ധ്യാത്മിക കൃതികൾ*, 14.

ള്ള യാത്രയാണ്; അത് പരിവർത്തനത്തിന്റെ യാത്രയാണ്. അതുകൊണ്ടുതന്നെയാണ് ധ്യാനദിനങ്ങളെ വർഷത്തിലെ ഏറ്റവും 'ഭാഗ്യപ്പെട്ട ആഴ്ചയായി'[1] വി. ചാവറ പിതാവ് വിശേഷിപ്പിച്ചത്.

വിശുദ്ധ ഗ്രന്ഥത്തിൽ പൗലോസ് ശ്ലീഹായുടെ ആദ്യ പ്രസംഗം നാം കാണുന്നത് അപ്പസ്തോല പ്രവർത്തനങ്ങളിലാണ്. ആ പ്രസംഗത്തിൽ അദ്ദേഹം തിരുവചനത്തെ ഒരു പുതിയ രീതിയിൽ വ്യാഖ്യാനിക്കുന്നതു ശ്രദ്ധേയമാണ്. ദാവീദിനെക്കുറിച്ച് അദ്ദേഹം ഇപ്രകാരം പറയുന്നു: "ദൈവം ദാവീദിനെക്കുറിച്ച് സാക്ഷ്യം നൽകി: 'ജെസ്സയുടെ പുത്രനായ ദാവീദിൽ എന്റെ ഹൃദയത്തിന് ഇണങ്ങിയ ഒരു മനുഷ്യനെ ഞാൻ കണ്ടെത്തിയിരിക്കുന്നു. അവൻ എന്റെ ഹിതം നിറവേറ്റും.'" (അപ്പ 13: 22).

ഈ വാക്യം പഴയനിയമത്തിൽ ഒരിടത്തും അതേ രൂപത്തിൽ കാണുന്നില്ല. വിവിധ ഭാഗങ്ങളിലുള്ള സന്ദേശങ്ങളെ ഒന്നായി സംയോജിപ്പിച്ചാണ് പൗലോസ് ശ്ലീഹാ ഈ പ്രഖ്യാപനം നടത്തുന്നത്. സങ്കീർത്തനത്തിലെ ദാവീദിന്റെ അഭിഷേകം, സാമുവൽ പുസ്തകത്തിലെ ദൈവഹിതാനുസരണക്കാരനായ രാജാവ്, ഏശയ്യായിലെ ദൈവത്തിന്റെ പദ്ധതി നിറവേറ്റുന്ന ഇടയൻ—ഈ മൂന്ന് ആശയങ്ങളും അദ്ദേഹം ഒരേയൊരു സാക്ഷ്യമായി അവതരിപ്പിക്കുന്നു.

1) "ഞാൻ എന്റെ ദാസനായ ദാവീദിനെ കണ്ടെത്തി; വിശുദ്ധ തൈലംകൊണ്ട് ഞാൻ അവനെ അഭിഷേകം ചെയ്തു" (സങ്കീ 89:20).
2) "തന്റെ ഹിതാനുവർത്തിയായ ഒരാളെ അവിടുന്ന് തെരഞ്ഞെടുത്തിട്ടുണ്ട്" (1 സാമു 13:14).
3) "ഞാൻ നിയോഗിച്ച ഇടയനാണ് അവൻ; എന്റെ ഉദ്ദേശം അവൻ സഫലമാക്കും" (ഏശ 44:28).

ഇതാണ് യഥാർത്ഥ ധ്യാനസല്ലാപത്തിന്റെ രീതി. ധ്യാനം എന്നത് വചനങ്ങൾ ഉദ്ധരിക്കുക മാത്രമല്ല; വചനങ്ങളിലൂടെ ദൈവത്തിന്റെ ഏകീകൃത സന്ദേശം കണ്ടെത്തുകയാണ്. വിശുദ്ധ ഗ്രന്ഥം ഒറ്റപ്പെട്ട വാക്യങ്ങളുടെ സമാഹാരമല്ല; മറിച്ച്, മനുഷ്യരാശിയോടുള്ള ദൈവത്തിന്റെ നിരന്തരമായ സംഭാഷണമാണ്. ആ സംഭാഷണത്തിന്റെ ആന്തരിക ഐക്യം തിരിച്ചറിയുമ്പോഴാണ് നാം യഥാർത്ഥ ധ്യാനത്തിലേക്ക് പ്രവേശിക്കുന്നത്.

ഈ പ്രസംഗം തുടർന്നു വായിക്കുമ്പോൾ മറ്റൊരു മനോഹരമായ കാര്യം കൂടി നാം കാണുന്നു. പൗലോസ് ശ്ലീഹാ തിരുവചനത്തിൽ സ്വന്തം ജീവി

[1] ചാവറയച്ചൻ, *ആദ്ധ്യാത്മിക കൃതികൾ*, 40.

തകഥ കണ്ടെത്തുകയാണ്. അദ്ദേഹം പറയുന്നു: "ബഞ്ചമിൻ ഗോത്രത്തിൽപ്പെട്ട കിഷിന്റെ പുത്രനായ സാവൂളിനെ നാൽപത് വർഷത്തേക്ക് ദൈവം അവർക്ക് നൽകി" (അപ്പ 13:21). ഈ പരാമർശം ചരിത്രവിവരണം മാത്രമല്ല; പൗലോസിന്റെ വ്യക്തിപരമായ ആത്മസ്മരണ കൂടിയാണ്. കാരണം, അദ്ദേഹത്തിന്റെ ആദ്യത്തെ പേര് സാവൂൾ എന്നായിരുന്നു; അദ്ദേഹം ബഞ്ചമിൻ ഗോത്രത്തിൽപ്പെട്ടവനുമായിരുന്നു. തന്റെ ജീവിതത്തെ തിരുവചനത്തിന്റെ വെളിച്ചത്തിൽ വായിക്കുകയാണ് അദ്ദേഹം. സാവൂളിൽനിന്ന് പൗലോസിലേക്കുള്ള പരിവർത്തനം, സഭയെ പീഡിപ്പിച്ചവനിൽനിന്ന് സഭയുടെ ശുശ്രൂഷകനിലേക്കുള്ള മാറ്റം, ക്രിസ്തുവിന്റെ കൃപയാൽ ജീവിത പരിവർത്തനത്തിന്റെ സാക്ഷ്യമായി അദ്ദേഹം അവതരിപ്പിക്കുന്നു. ഇതാണ് റിട്രീറ്റിന്റെ യഥാർത്ഥ ആത്മാവ്.

നാം തിരുവചനം ധ്യാനിക്കുമ്പോൾ, അതിൽ നമ്മുടെ സ്വന്തം കഥ കണ്ടെത്തണം. വചനവും ജീവിതവും തമ്മിൽ ഒരു സല്ലാപം നടക്കണം. ദൈവത്തിന്റെ വചനം നമ്മുടെ അനുഭവങ്ങളുമായി സംവദിക്കുമ്പോഴാണ് ധ്യാനം ജീവസ്പർശമുള്ളതാകുന്നത്. അപ്പോഴാണ് അത് ഒരു വായനയോ പ്രഭാഷണമോ അല്ലാതെ, ജീവിതത്തെ രൂപപ്പെടുത്തുന്ന ദൈവിക അനുഭവമായി മാറുന്നത്.

ചാവറ പിതാവിന്റെ *ധ്യാനസല്ലാപങ്ങൾ* ഈ രീതിയുടെ ഏറ്റവും മനോഹരമായ മാതൃകകളാണ്. ഉദാഹരണത്തിന്, ധൂർത്തപുത്രന്റെ ഉപമയെ ധ്യാനിക്കുമ്പോൾ, അദ്ദേഹം അതിനെ ഒരു ബൈബിൾ കഥയായി മാത്രം കാണുന്നില്ല; സ്വന്തം ജീവിതവും ആത്മീയ പോരാട്ടങ്ങളും സഭാ നിയമങ്ങൾ പാലിക്കുന്നതിൽ വന്ന കുറവുകളും അതിനോടു ചേർത്തു വായിക്കുന്നു. തിരുവചനമാണ് അദ്ദേഹത്തിന്റെ അടിത്തറ; എന്നാൽ ക്രിസ്തീയ ആത്മീയതയും സഭയുടെ പാരമ്പര്യവും വ്യക്തിപരമായ അനുഭവവും അതിൽ സമന്വയിപ്പിച്ചിരിക്കുന്നു.

ഈ ദിവസങ്ങളിലെ നമ്മുടെ ധ്യാനങ്ങളിലും ഇതേ രീതിയാണ് നാം പിന്തുടരാൻ ആഗ്രഹിക്കുന്നത്. വിശുദ്ധ ഗ്രന്ഥത്തെ അടിസ്ഥാനമാക്കി, വി. ചാവറ പിതാവിന്റെ പഠനങ്ങളെയും സി.എം.ഐ. നിയമാവലിയുടെ മാർഗനിർദേശങ്ങളെയും നമുക്ക് ഒരുമിച്ചു വിചിന്തനം ചെയ്യാം. വചനത്തിന്റെ ആത്മാവും, ചാവറ പിതാവിന്റെ ആത്മാവും, സി.എം.ഐ. സഭാപാരമ്പര്യത്തിന്റെ ആത്മാവും പരസ്പരം സംഭാഷണത്തിൽ ഏർപ്പെടുമ്പോൾ നമ്മുടെ ധ്യാനം കൂടുതൽ ആഴമേറിയതാകും. അപ്പോൾ ഈ ധ്യാനദിനങ്ങൾ ജീവിതത്തെ നവീകരിക്കുന്ന ദിവസങ്ങളായിത്തീരും. ദൈവവചനം നമ്മുടെ കഥയായി മാറുകയും, നമ്മുടെ ജീവിതം

ദൈവത്തിന്റെ രക്ഷാകരചരിത്രത്തിന്റെ ഭാഗമായി രൂപാന്തരപ്പെടുകയും ചെയ്യും. അതാണ് യഥാർത്ഥ ചാവറ സല്ലാപം; അതുതന്നെയാണ് യഥാർത്ഥ റിട്രീറ്റിന്റെ ആത്മാവും.

0.1.3. ദർശനവീട്: സാക്ഷ്യവും, പരീക്ഷണവും, ദൗത്യവും

സഭയുടെ മാതൃഭവനത്തിന് സ്ഥാപകപിതാക്കന്മാർ നൽകിയ പേരാണ് ദർശനവീട്. അതുകൊണ്ടുതന്നെ ദർശനവീട് ഒരു ചരിത്രസ്മാരകം മാത്രമല്ല; സഭയുടെ ആത്മാവിന്റെയും ദർശനത്തിന്റെയും പ്രതീകമാണ്. അത് സഭയുടെ ഉത്ഭവത്തെ ഓർമിപ്പിക്കുന്നതിനോടൊപ്പം, ഓരോ സഭാംഗവും പിന്തുടരേണ്ട ആത്മീയ മാതൃകയുമാണ്. അപ്പസ്തോല പ്രവർത്തനങ്ങൾ 8:1–8 അടിസ്ഥാനമാക്കി, നമ്മുടെ മാതൃഭവനവും മാതൃകാഭവനവുമായ ദർശനവീടിനെ സി.എം.ഐ. സഭയുടെ ചരിത്രത്തോട് ബന്ധപ്പെടുത്തി നമുക്ക് ധ്യാനിക്കാം.

"സാവൂൾ ഈ വധത്തെ അനുകൂലിച്ചു. അന്ന് ജെറുസലേമിലെ സഭയ്ക്കെതിരായി വലിയ പീഡനം നടന്നു. അപ്പസ്തോലന്മാരൊഴികെ മറ്റെല്ലാവരും യുദയായുടെയും സമരിയായുടെയും ഗ്രാമങ്ങളിലേക്ക് ചിതറിപ്പോയി. വിശ്വാസികൾ സ്തേഫാനോസിനെ സംസ്കരിച്ചു. അവനെച്ചൊല്ലി അവർ വലിയ വിലാപം ആചരിച്ചു. എന്നാൽ, സാവൂൾ സഭയെ നശിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. അവൻ വീടുതോറും കയറിയിറങ്ങി സ്ത്രീപുരുഷന്മാരെ വലിച്ചിഴച്ചുകൊണ്ടുവന്ന് തടവിലാക്കി. ചിതറിക്കപ്പെട്ടവർ വചനം പ്രസംഗിച്ചുകൊണ്ട് ചുറ്റിസഞ്ചരിച്ചു. ഫിലിപ്പ് സമരിയായിലെ ഒരു നഗരത്തിൽ ചെന്നു അവിടെയുള്ളവരോട് ക്രിസ്തുവിനെ പ്രഘോഷിച്ചു. ഫിലിപ്പിന്റെ വാക്കുകൾ കേൾക്കുകയും അവൻ പ്രവർത്തിച്ച അടയാളങ്ങൾ കാണുകയും ചെയ്ത ജനക്കൂട്ടം അവൻ പറഞ്ഞ കാര്യങ്ങൾ ഏകമനസ്സോടെ ശ്രദ്ധിച്ചു. എന്തെന്നാൽ, അശുദ്ധാത്മാക്കൾ തങ്ങൾ ആവേശിച്ചിരുന്നവരെ വിട്ട് ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് പുറത്തുപോയി. അനേകം തളർവാതരോഗികളും മുടന്തന്മാരും സുഖം പ്രാപിച്ചു. അങ്ങനെ ആ നഗരത്തിൽ വലിയ സന്തോഷമുണ്ടായി" (അപ്പ 8:1–8).

ഈ വചനഭാഗത്തിൽ മൂന്ന് വ്യക്തിത്വങ്ങളെ നാം കണ്ടുമുട്ടുന്നു: (1) രക്തസാക്ഷിയായ സ്തേഫാനോസ്, (2) സഭയെ പീഡിപ്പിച്ച സാവൂൾ, (3) സുവിശേഷം പ്രഘോഷിച്ച ഫിലിപ്പ്. ഈ മൂന്ന് വ്യക്തിത്വങ്ങളും ഇന്നും സഭയുടെ ജീവിതത്തിൽ സജീവമാണ്. സ്തേഫാനോസ് സഭ യുടെ വിശ്വാസസാക്ഷ്യത്തെ പ്രതിനിധീകരിക്കുന്നു. സാവൂൾ സഭ കടന്നുപോയ അഗ്നിപരീക്ഷകളെ ഓർമിപ്പിക്കുന്നു. ഫിലിപ്പ് സഭയുടെ ദൗത്യ

ചൈതന്യത്തിന്റെയും സുവിശേഷവ്യാപനത്തിന്റെയും പ്രതീകമാണ്. സാക്ഷ്യം, പരീക്ഷണം, ദൗത്യം എന്നീ മൂന്ന് അനുഭവങ്ങളിലൂടെയാണ് ആദിമസഭ വളർന്നത്. അതുപോലെ തന്നെയാണ് സി.എം.ഐ. സഭയുടെ ചരിത്രവും രൂപപ്പെട്ടത്. ഈ മൂന്ന് അനുഭവങ്ങളുടെയും ജീവിക്കുന്ന പ്രതീകമാണ് ദർശനവീട്.

0.1.3.1. സ്തേഫാനോസിൽ നിന്ന് സ്ഥാപകരിലേക്ക്: സാക്ഷ്യ ത്തിന്റെ പാരമ്പര്യം

സ്തേഫാനോസ് രക്തസാക്ഷിയായപ്പോൾ അത് സഭയുടെ അവസാനമായിരുന്നില്ല; മറിച്ച് ഒരു പുതിയ തുടക്കമായിരുന്നു. അദ്ദേഹത്തിന്റെ സാക്ഷ്യം ആദിമസഭയുടെ വിശ്വാസത്തെ കൂടുതൽ ദൃഢമാക്കുകയും സുവിശേഷത്തിന്റെ തീ കൂടുതൽ വ്യാപിപ്പിക്കുകയും ചെയ്തു.

അതുപോലെതന്നെ, നമ്മുടെ സഭയുടെ സ്ഥാപകപിതാക്കന്മാർ—വി. ചാവറയച്ചൻ, മല്പാൻ തോമസ് പാലക്കലച്ചൻ, മല്പാൻ തോമസ് പോരൂക്കരയച്ചൻ, ബ്രദർ ജേക്കബ് കണിയാന്തറ—തങ്ങളുടെ വിശുദ്ധ ജീവിതത്തിലൂടെയും ആത്മീയ ദർശനത്തിലൂടെയും സഭയ്ക്ക് അമൂല്യമായ ഒരു പാരമ്പര്യം സമ്മാനിച്ചു. മന്നാനത്തെ ചെറിയ ദർശനവീട്ടിൽ നിന്നാരംഭിച്ച ആ ദൈവദർശനം പിന്നീട് ലോകമെമ്പാടും വ്യാപിച്ച മഹത്തായ സഭയായി വളർന്നു.

അവരുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്, ദൈവത്തിനുവേണ്ടി ജീവിച്ച ഒരു ജീവിതത്തിന്റെ സാക്ഷ്യം തലമുറകളെ പ്രചോദിപ്പിച്ചുകൊണ്ടേയിരിക്കും എന്ന സത്യമാണ്. അവർ ഇന്ന് ശാരീരികമായി നമ്മോടൊപ്പമില്ലെങ്കിലും, അവരുടെ വിശ്വാസവും ദർശനവും ഇന്നും സഭയുടെ ഹൃദയത്തിൽ ജീവിക്കുന്നു. അതുകൊണ്ടുതന്നെ ദർശനവീട് ഒരു ചരിത്രസ്മാരകം മാത്രമല്ല; സ്ഥാപകരുടെ ആത്മസാക്ഷ്യത്തിന്റെ ജീവിക്കുന്ന അടയാളമാണ്.

0.1.3.2. സാവൂളിന്റെ പീഡനം: സഭയുടെ അഗ്നിപരീക്ഷകൾ

സാവൂൾ സഭയെ പീഡിപ്പിച്ചു. എന്നാൽ ആ പീഡനങ്ങൾ സഭയെ നശിപ്പിച്ചില്ല; മറിച്ച് സഭയുടെ ശക്തിയും വിശ്വാസവും കൂടുതൽ വെളിപ്പെടുത്തി. പ്രതിസന്ധികളാണ് വ്യക്തിയുടെയും സമൂഹത്തിന്റെയും വിശ്വാസത്തിന്റെ ആഴം വെളിപ്പെടുത്തുന്നത്.

സി.എം.ഐ. സഭയുടെ ചരിത്രവും ഈ സത്യത്തിന് ഉജ്ജ്വലമായ സാക്ഷിയാണ്. ആദ്യനാളുകളിൽ സാമൂഹിക പ്രതിബന്ധങ്ങളും സാമ്പത്തിക ദാരിദ്ര്യവും അപകീർത്തിയും സഭാധികാരികളിൽ നിന്നുണ്ടായ തെറ്റി

ദ്ധാരണകളും അനേകം പ്രതിസന്ധികളും ഈ നവ സംരംഭത്തെ വള ഞ്ഞിരുന്നു. എന്നിരുന്നാലും, ആ പരീക്ഷണങ്ങളൊന്നും സ്ഥാപകരുടെ ദൈവവിശ്വാസത്തെയോ ആത്മധൈര്യത്തെയോ തകർത്തില്ല; മറിച്ച് അവ അവരുടെ ദൈവാശ്രയത്തെ കൂടുതൽ ആഴപ്പെടുത്തുകയും പ്ര ത്യാശയെ കൂടുതൽ ദൃഢമാക്കുകയും ചെയ്തു. ഓരോ പ്രതിസന്ധിയും അവരുടെ വിളിയെ ശുദ്ധീകരിക്കുന്ന അഗ്നിപരീക്ഷയായി മാറി; ഓരോ പ്രതിബന്ധവും ദൈവത്തിന്റെ പദ്ധതിയിൽ കൂടുതൽ ഉറച്ച വിശ്വാസ ത്തോടെ മുന്നേറാനുള്ള ശക്തിയായി രൂപാന്തരപ്പെട്ടു.

സങ്കീർത്തകൻ പറയുന്നു: "കർത്താവ് വീടു പണിയുന്നില്ലെങ്കിൽ പണി ക്കാരുടെ അധ്വാനം വ്യർത്ഥമാണ്; കർത്താവ് നഗരം കാക്കുന്നില്ലെങ്കി ൽ കാവൽക്കാരുടെ ജാഗരണവും വ്യർത്ഥമാണ്" (സങ്കീ 127:1). നമ്മുടെ സഭയുടെ ചരിത്രം ഈ വചനത്തിന്റെ സത്യതയ്ക്ക് ശക്തമായ സാക്ഷ്യ മാണ്. ഈ സഭ മനുഷ്യപ്രയത്നത്തിന്റെ മാത്രം ഫലമല്ല; ദൈവകൃപയും മനുഷ്യസഹകരണവും ചേർന്ന് പണിത ദൈവിക സംരംഭമാണ്. അതു കൊണ്ട് ദർശനവീട് സ്ഥാപകരുടെ ദർശനത്തിന്റെ പ്രതീകം മാത്രമല്ല; അഗ്നിപരീക്ഷകളെ അതിജീവിച്ച വിശ്വാസത്തിന്റെ ഭവനം കൂടിയാണ്.

0.1.3.3. ഫിലിപ്പിന്റെ ദൗത്യം: തുടർച്ചയുടെ വിളി

സ്തേഫാനോസ് രക്തസാക്ഷിയായപ്പോൾ സഭയുടെ വളർച്ച നിലച്ചില്ല. ഫിലിപ്പ് മുന്നോട്ടുവന്നു. അദ്ദേഹം അപ്പസ്തോലനല്ലായിരുന്നു; ഏഴു ശു ശ്രൂഷകരിൽ ഒരാൾ മാത്രമായിരുന്നു. എന്നിരുന്നാലും അദ്ദേഹം സമരി യായിൽ ചെന്നു ക്രിസ്തുവിനെ ധൈര്യപൂർവം പ്രഘോഷിച്ചു. ഇതിലൂ ടെ തിരുസഭ നമ്മെ ഒരു വലിയ സത്യം പഠിപ്പിക്കുന്നു: ഒരാൾ തന്റെ ദൗ ത്യം പൂർത്തിയാക്കുമ്പോൾ മറ്റൊരാൾ അതേ ദൗത്യം ഏറ്റെടുത്ത് മു ന്നോട്ടുപോകണം. ദൈവത്തിന്റെ പ്രവർത്തനം വ്യക്തികളിൽ അവസാ നിക്കുന്നില്ല; അത് തലമുറകളിലൂടെ തുടരുന്നു.

സി.എം.ഐ. സഭയുടെ ചരിത്രവും ഇതുതന്നെയാണ് വ്യക്തമാക്കുന്നത്. സ്ഥാപകർക്കുശേഷം ഓരോ കാലഘട്ടത്തിലും പുതിയ നേതാക്കളെ ദൈവം സഭയ്ക്ക് നൽകി. പുനരൈക്യപ്രസ്ഥാനങ്ങൾ, മലബാർ മുന്നേ റ്റം, ഉത്തരേന്ത്യൻ മിഷൻ പ്രവർത്തനങ്ങൾ, ആഗോള സുവിശേഷ ദൗ ത്യം എന്നിവയ്ക്ക് അവർ നേതൃത്വം നൽകി. സെമിനാരികൾ, വിദ്യാലയ ങ്ങൾ, കലാലയങ്ങൾ, സാമൂഹിക സേവന സ്ഥാപനങ്ങൾ എന്നിവയിലൂ ടെ സഭയുടെ ശുശ്രൂഷ ലോകമെമ്പാടും വ്യാപിച്ചു.

ഇന്ന് നാം ഒരു മഹത്തായ ചരിത്രത്തിന്റെ ഭാഗമാണ്. ഇരുനൂറ് വർഷങ്ങ ളുടെ വിശ്വാസപാരമ്പര്യമാണ് നമ്മുടെ കൈകളിൽ ഏൽപ്പിക്കപ്പെട്ടിരി

ക്കുന്നത്. സ്തേഫാനോസിന്റെ സാക്ഷ്യം, സാവൂളിന്റെ പരീക്ഷണം, ഫിലിപ്പിന്റെ ദൗത്യം—ഈ മൂന്ന് അനുഭവങ്ങളും ഇന്നും സഭയിൽ തുടരുന്നു. സ്ഥാപകരുടെ സാക്ഷ്യം നമ്മെ പ്രചോദിപ്പിക്കുന്നു; പരീക്ഷണങ്ങൾ നമ്മെ ശുദ്ധീകരിക്കുന്നു; ദൗത്യം നമ്മെ മുന്നോട്ട് നയിക്കുന്നു.

സ്ഥാപകർ തെളിച്ച വിശ്വാസത്തിന്റെ ദീപം ഏറ്റുവാങ്ങി അതിനെ അടുത്ത തലമുറകളിലേക്ക് കൈമാറാനുള്ള ഉത്തരവാദിത്വം ഇന്ന് നമ്മുടേതാണ്. ദർശനവീട്ടിൽ ജ്വലിച്ച ആ ദൈവദർശനം നമ്മുടെ ഹൃദയങ്ങളിലും വീണ്ടും ജ്വലിക്കട്ടെ. നമ്മുടെ ജീവിതം സഭയുടെ പുതിയ ചരിത്രം രചിക്കുന്ന വിശ്വാസസാക്ഷ്യമായിത്തീരട്ടെ. അപ്പോൾ സി.എം.ഐ. സഭയുടെ മൂന്നാം ശതാബ്ദിയും ദൈവമഹത്വത്തിന്റെയും മാനവസേവനത്തിന്റെയും പുതിയ അധ്യായമായി മാറും.

0.1.4. ദർശനവീട്: പാറമേൽ പണിത വീട്

“എന്റെ ഈ വചനങ്ങൾ ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവൻ പാറമേൽ ഭവനം പണിത വിവേകമതിയായ മനുഷ്യനു തുല്യനായിരിക്കും. മഴ പെയ്തു, വെള്ളപ്പൊക്കം ഉണ്ടായി, കാറ്റടിച്ചു, അത് ഭവനത്തിന്മേൽ ആഞ്ഞടിച്ചു. എങ്കിലും, അതു വീണില്ല; എന്തുകൊണ്ടെന്നാൽ, അത് പാറമേൽ സ്ഥാപിതമായിരുന്നു” (മത്താ 7:24–25).

ഈശോയുടെ ഈ ഉപമ ഒരു ഭവനത്തിന്റെ നിർമ്മാണത്തെക്കുറിച്ച് മാത്രമല്ല; വിശ്വാസത്തിന്റെ അടിത്തറയെക്കുറിച്ചാണ്. ദൈവവചനം കേൾക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുന്ന ജീവിതമാണ് പാറമേൽ പണിത ഭവനം. ഈ ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്തവരാണ് വി. ചാവറ പിതാവും, മല്പാൻ തോമസ് പാലക്കലച്ചനും, മല്പാൻ തോമസ് പോരൂക്കരയച്ചനും, ബ്രദർ യാക്കോബ് കണിയാന്തറയും. അവർ സ്ഥാപിച്ച സന്യാസ ഭവനത്തിന്റെ അടിത്തറ മനുഷ്യബുദ്ധിയിലോ സംഘടനാ പാടവത്തിലോ അല്ല, ദൈവഹിതത്തിലും ദൈവവചനത്തിലുമായിരുന്നു. അതുകൊണ്ടുതന്നെ മാന്നാനം കുന്നിൽ സ്ഥാപിതമായ ദർശനവീട് പാറമേൽ സ്ഥാപിതമായ ആത്മീയഭവനമായിരുന്നു. കാലത്തിന്റെ കൊടുങ്കാറ്റുകളും, പ്രതിസന്ധികളുടെ പേമാരികളും, തെറ്റിദ്ധാരണകളുടെ വെള്ളപ്പൊക്കങ്ങളും അതിന്മേൽ ആഞ്ഞടിച്ചിട്ടും അത് തകർന്നില്ല. കാരണം അതിന്റെ അടിത്തറ മനുഷ്യരിലല്ല, ദൈവത്തിലായിരുന്നു.

വി. പൗലോസ് എഴുതുന്നു: “ധാന്യമാവിൽനിന്ന് ആദ്യമായി സമർപ്പിക്കപ്പെട്ടത് പരിശുദ്ധമെങ്കിൽ അതു മുഴുവനും പരിശുദ്ധമാണ്; വേര് പരിശുദ്ധമെങ്കിൽ ശാഖകളും അങ്ങനെതന്നെ” (റോമാ 11:16). നമ്മുടെ സ്ഥാ

പകർ വിശുദ്ധജീവിതത്തിന്റെ ആ പ്രഥമഫലങ്ങളായിരുന്നു. അവരുടെ ജീവിതം ദൈവത്തിനായി സമർപ്പിക്കപ്പെട്ടതായിരുന്നു. അതിനാൽ സ്വാഭാവികമായി ഉയരുന്ന ഒരു ചോദ്യം ഇതാണ്: ആ വിശുദ്ധവേരിൽനിന്ന് വളർന്ന ശാഖകളായ നാമും ആ വിശുദ്ധിയുടെ പാരമ്പര്യം കാത്തുസൂക്ഷിക്കുന്നുണ്ടോ? സഭയുടെ മൂന്നാം ശതാബ്ദിയിലേക്ക് പ്രവേശിക്കുന്ന ഈ വേളയിൽ ഈ ചോദ്യം ഓരോ സി.എം.ഐ. അംഗവും ആത്മാർത്ഥമായി സ്വയം ചോദിക്കേണ്ടതുണ്ട്.

ദർശനവീടിന്റെ അടിത്തറ ഉറപ്പുള്ളതാണെന്നത് മാത്രം പോരാ; അതിന്മേൽ പണിയപ്പെടുന്ന ഓരോ കല്ലും ഉറപ്പുള്ളതായിരിക്കണം. സ്ഥാപകപിതാക്കന്മാർ തങ്ങളെ ഈ ആത്മീയഭവനത്തിന്റെ ആദ്യ കല്ലുകളായിട്ടാണ് മനസ്സിലാക്കിയത്. വി. ചാവറ പിതാവ് എഴുതുന്നു: "നമ്മൾ ഈ ആശ്രമങ്ങളുടെ തുടക്കക്കാരാണ്; അതിന്റെ മൂലക്കല്ലുകളും. നമ്മുടെ പിൻഗാമികളായി കടന്നുവരുന്ന കൂടപ്പിറപ്പുകൾ അമ്പത് വർഷങ്ങൾക്കുശേഷം നമ്മുടെ പേരും പ്രവൃത്തികളും അവരുടെ സാക്ഷ്യങ്ങളായി പരിഗണിച്ച് നമ്മെ അനുകരിക്കും."[1] ഈ വാക്കുകൾ സ്ഥാപകരുടെ ആത്മബോധത്തെ മാത്രമല്ല, നമ്മുടെ ഉത്തരവാദിത്വത്തെയും വെളിപ്പെടുത്തുന്നു. ഒരുനാൾ നമ്മുടെ പിൻതലമുറയും നമ്മുടെ ജീവിതത്തെ വിലയിരുത്തും. അവർക്ക് നാം ഏതു പാരമ്പര്യമാണ് കൈമാറുന്നത്? ഈ ചോദ്യം നമ്മുടെ മനസ്സാക്ഷിയെ ഉണർത്തേണ്ടതാണ്.

വി. പൗലോസ് ഒരു മുന്നറിയിപ്പ് നൽകുന്നു: "ഈ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും സ്വർണമോ വെള്ളിയോ രത്നങ്ങളോ തടിയോ പുല്ലോ വയ്ക്കോലോ ഉപയോഗിച്ചു പണിതാലും ഓരോരുത്തരുടെയും പണി പരസ്യമാകും. കർത്താവിന്റെ ദിനത്തിൽ അതു വിളംബരം ചെയ്യും; അഗ്നിയാൽ അതു വെളിവാക്കപ്പെടും. ഓരോരുത്തരുടെയും പണി ഏതുതരത്തിലുള്ളതെന്ന് അഗ്നി തെളിയിക്കുകയും ചെയ്യും. ആരുടെ പണി നിലനിൽക്കുന്നുവോ അവൻ സമ്മാനിതനാകും; ആരുടെ പണി അഗ്നിക്കിരയാകുന്നുവോ അവൻ നഷ്ടം സഹിക്കേണ്ടിവരും" (1 കോറി 3:12–15).

സ്ഥാപകർ പാകിയ അടിത്തറ മാറ്റാൻ നമുക്കാവില്ല. എന്നാൽ ആ അടിത്തറമേൽ നാം എന്താണ് പണിയുന്നത് എന്നത് നമ്മുടെ തിരഞ്ഞെടുപ്പാണ്. നമ്മുടെ ജീവിതം വിശുദ്ധിയുടെയും സ്നേഹത്തിന്റെയും ആത്മത്യാഗത്തിന്റെയും സ്വർണവും വെള്ളിയുംകൊണ്ടാണോ പണിയപ്പെടുന്നത്? അതോ സ്വാർത്ഥതയുടെയും അധികാരമോഹത്തിന്റെയും സുഖ

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VI/2:6, 133.

ലോലുപതയുടെയും വൈക്കോൽക്കൂട്ടങ്ങളാലാണോ? ദൈവസന്നിധിയിലിരുന്ന് ഈ ചോദ്യം ഓരോരുത്തരും ഗൗരവപൂർവം ആത്മപരിശോധന ചെയ്യേണ്ടതാണ്.

ചരിത്രം പഠിപ്പിക്കുന്ന ഒരു വലിയ പാഠവും ഇവിടെ പ്രസക്തമാണ്. ഇംഗ്ലീഷ് ചരിത്രകാരനായ എഡ്വേർഡ് ഗിബൺ രചിച്ച *Decline and Fall of the Roman Empire* എന്ന പ്രശസ്ത ഗ്രന്ഥത്തിൽ റോമൻ സാമ്രാജ്യത്തിന്റെ തകർച്ചയെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നു. അഞ്ചു നൂറ്റാണ്ടിലേറെക്കാലം അധികാരത്തിന്റെയും പ്രതാപത്തിന്റെയും ഉച്ചകോടിയിൽ നിന്നിരുന്ന റോമൻ സാമ്രാജ്യം ഒടുവിൽ തകർന്നത് ബാഹ്യ ശത്രുക്കളുടെ ആക്രമണംകൊണ്ടു മാത്രമല്ല; അതിനുമുമ്പ് അതിന്റെ ആഭ്യന്തരശക്തി ക്ഷയിച്ചിരുന്നതിനാലാണ്. തകർച്ച ആരംഭിച്ചത് റോമിന്റെ അതിർത്തികളിൽ നിന്നല്ല, റോമിന്റെ ഹൃദയത്തിൽ നിന്നായിരുന്നു.

കുടുംബബന്ധങ്ങളുടെ വിശുദ്ധി നഷ്ടപ്പെട്ടു. ഭാര്യാഭർത്താക്കന്മാർ തമ്മിലെയും മാതാപിതാക്കളും മക്കളും തമ്മിലെയും വിശ്വാസബന്ധങ്ങൾ ശിഥിലമായി. സത്യവും ധാർമ്മികതയും ക്ഷയിച്ചപ്പോൾ അസത്യവും അഴിമതിയും സമൂഹത്തിൽ ശക്തിപ്രാപിച്ചു. ആത്മനിയന്ത്രണത്തിനുപകരം സുഖലോലുപതയും ആർഭാടജീവിതവും ജീവിത ലക്ഷ്യമായി മാറി. പുറത്തുനിന്നുള്ള ആക്രമണങ്ങൾ റോമിനെ വീഴ്ത്തിയതല്ല; ഉള്ളിൽനിന്നുണ്ടായ ഈ ധാർമ്മികവും ആത്മീയവുമായ തകർച്ചയാണ് ഒടുവിൽ സാമ്രാജ്യത്തിന്റെ പതനത്തിന് വഴിയൊരുക്കിയത്.

ഈ ചരിത്രപാഠം നമ്മുടെ സഭയ്ക്കും ഓരോ സന്യാസസമൂഹത്തിനും അതീവ പ്രസക്തമാണ്. ഒരു സഭയെ പുറത്തുനിന്നുള്ള എതിർപ്പുകൾ അപൂർവമായേ നശിപ്പിക്കാറുള്ളൂ; എന്നാൽ അതിന്റെ ആത്മീയശക്തി ഉള്ളിൽനിന്ന് ക്ഷയിക്കുമ്പോൾ അതിന്റെ സാക്ഷ്യം മങ്ങിത്തുടങ്ങും. അതിനാൽ ദർശനവീടിന്റെ പാറമേലുള്ള അടിത്തറ സംരക്ഷിക്കേണ്ടത് കെട്ടിടത്തെ സംരക്ഷിക്കുന്നതിലൂടെയല്ല; സ്ഥാപകരുടെ ആത്മാവും ദർശനവും ജീവിതത്തിൽ സംരക്ഷിക്കുന്നതിലൂടെയാണ്. ലോകത്തിന്റെ പ്രകാശമായും ഭൂമിയുടെ ഉപ്പായും ജനഹൃദയങ്ങളുടെ മനസ്സാക്ഷിയായും ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്ന നമുക്ക് ആർഭാട ജീവിതത്തോട് വിടപറഞ്ഞ് ലാളിത്യത്തിന്റെ വഴി തിരഞ്ഞെടുക്കാം. സുഖഭോഗങ്ങളിൽ മുഴുകാതെ ആത്മത്യാഗത്തിന്റെയും സേവനത്തിന്റെയും സുകൃതസരണിയിലൂടെ മുന്നേറാം. അപ്പോൾ മാത്രമേ ദർശനവീട് പാറമേൽ പണിത ഭവനമായി മൂന്നാം ശതാബ്ദിയിലും അചഞ്ചലമായി നിലകൊ

ള്ളു; സ്ഥാപകർ പകർന്നുതന്ന ദൈവദർശനം നമ്മുടെ ജീവിതത്തിലൂടെയും വരുംതലമുറകളിലേക്കും കൈമാറപ്പെടുകയും ചെയ്യും.

0.1.5. ദർശനവീട്: ദൈവവീട്

ദർശനവീടിനെ ചാവറ പിതാവ് ഒരു സന്യാസഭവനമായോ സ്ഥാപനത്തിന്റെ ആസ്ഥാനമായോ മാത്രമല്ല, ദൈവത്തിന്റെ വീടായിട്ടാണ് ദർശിച്ചത്. ദൈവത്തോടൊപ്പം, ദൈവസാന്നിധ്യത്തിൽ, സഹോദര സമൂഹത്തോടൊപ്പം ജീവിക്കുന്ന സ്വർഗ്ഗാനുഭൂതിയാണ് ദർശനവീട്. അതുകൊണ്ടാണ് *ധ്യാനസല്ലാപങ്ങളിൽ* അദ്ദേഹം ഇപ്രകാരം എഴുതുന്നത്: "ആ! സ്നേഹമുള്ള കൂടപ്പിറപ്പേ, ദൈവവീട്ടിൽ തന്റെ സമൂഹത്തിൽ തന്നോടുകൂടെ നീ ജീവിക്കുന്നതെന്നിയെത്തന്നെ നീ അനുഭവിക്കുന്നു; തന്നെക്കൊണ്ട് നീ ജീവിക്കുന്നു; തന്നെക്കൊണ്ട് നീ സുഖിക്കുന്നു."[1]

ഈ വാക്കുകളിൽ ചാവറ പിതാവിന്റെ സമൂഹജീവിതത്തെക്കുറിച്ചുള്ള ആത്മീയ ദർശനം വ്യക്തമായി പ്രതിഫലിക്കുന്നു. സമൂഹത്തിൽ ജീവിക്കുക എന്നത് ഒരേ വീട്ടിൽ താമസിക്കുന്നതല്ല; ദൈവം മധ്യേ വസിക്കുന്ന ഒരു വിശ്വാസസമൂഹത്തിൽ പങ്കുചേരുന്നതാണ്. അതുകൊണ്ടാണ് ഈശോ അരുളിച്ചെയ്തത്: "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചുകൂടുന്നിടത്ത് അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും" (മത്താ 18:20). ചാവറ പിതാവ് സൂചിപ്പിക്കുന്നതു പോലെ, ക്രിസ്തു തന്റെ സമൂഹത്തിൽ എപ്പോഴും സന്നിഹിതനാണ്. അതിനാൽ ദർശനവീട് ഒരു ഭൗതികഭവനം മാത്രമല്ല; ക്രിസ്തുസാന്നിധ്യത്തിന്റെ ജീവനുള്ള ദൈവവീടാണ്.

സമൂഹത്തിലുള്ള യേശുസാന്നിധ്യം സന്യാസജീവിതത്തിന്റെ ഏറ്റവും വലിയ അനുഗ്രഹങ്ങളിലൊന്നാണ്. ആ സാന്നിധ്യം അനുഭവിക്കുന്ന സമൂഹത്തിൽ ഏകാന്തതയ്ക്ക് സ്ഥാനമില്ല; അവിടെ സഹോദരത്വവും പങ്കുവയ്ക്കലും പരസ്പര ഉത്തരവാദിത്വവും വളരുന്നു. ഇന്ന് വ്യക്തിവാദം ശക്തിപ്രാപിച്ചിരിക്കുന്ന സമൂഹത്തിൽ മനുഷ്യൻ പലപ്പോഴും ഏകാകിയായി മാറുന്നു. കുഞ്ഞുണ്ണി മാഷിന്റെ വരികൾ ഈ യാഥാർഥ്യം ഹൃദയസ്പർശിയായി അവതരിപ്പിക്കുന്നു: "എനിക്കുണ്ടൊരു ലോകം, നിനക്കുണ്ടൊരു ലോകം, നമുക്കില്ലൊരു ലോകം."

എന്നാൽ സമൂഹജീവിതത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്ന നമുക്ക് ഈ വിലാപം പാടേണ്ടിവരുന്നില്ല. കാരണം, നമുക്ക് ഒരു പൊതുലോകമുണ്ട്—ക്രിസ്തുവിൽ ഒന്നായ ഒരു സഹോദരലോകം. സി.എം.ഐ. സമൂ

[1] ചാവറയച്ചൻ, *ആദ്ധ്യാത്മിക കൃതികൾ*, 57.

ഹം ഒരു ഭരണഘടനാപരമായ കൂട്ടായ്മ മാത്രമല്ല; സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും പങ്കാളിത്തത്തിന്റെയും കുടുംബമാണ്. ആ സഹോദരലോകത്തെ ഓരോ ദിവസവും ആഘോഷിക്കാനുള്ള വിളിയാണ് നമ്മുടെ സന്യാസജീവിതം. ഇതിനാലാണ് സമൂഹജീവിതത്തെ അഭയസ്ഥാനമായി സ്വീകരിക്കേണ്ടത്. ബൗദ്ധസമ്പ്രദായത്തിലെ "സംഘം ശരണം ഗച്ഛാമി" എന്ന വാക്യം, സമൂഹത്തിന്റെ ആത്മീയ പ്രാധാന്യത്തെ ഓർമിപ്പിക്കുന്നു. ക്രൈസ്തവസന്യാസത്തിൽ അതിന്റെ അർത്ഥം ഇപ്രകാരം ആഴപ്പെടുന്നു: ക്രിസ്തു സന്നിഹിതനായിരിക്കുന്ന സഹോദരസമൂഹത്തിൽ ഞാൻ അഭയം പ്രാപിക്കുന്നു. സമൂഹം നമ്മുടെ ദൗർബല്യങ്ങളെ മറച്ചുവയ്ക്കുന്ന ഇടമല്ല; ദൈവം നമ്മെ വിശുദ്ധരാക്കുന്ന ആത്മീയ ശില്പശാലയാണ്.

കോവിഡ് മഹാമാരിയുടെ കാലത്ത് മനുഷ്യർ രോഗപ്രതിരോധശേഷി വർധിപ്പിക്കാൻ വാക്സിനുകളിൽ ആശ്രയിച്ചപ്പോൾ, ധർമ്മാരാം റെക്ടറായിരുന്ന പോൾ ആച്ചാണ്ടി അച്ചൻ ശ്രദ്ധേയമായ ഒരു വാചകം പങ്കുവെച്ചു: "Community is our Immunity." സന്യാസജീവിതത്തിന്റെ പശ്ചാത്തലത്തിൽ അതിന് കൂടുതൽ ആഴമേറിയ അർത്ഥമുണ്ട്. പരസ്പരസ്നേഹവും സഹവാസവും പ്രാർത്ഥനയും സഹോദരസഹകരണവും നമ്മെ ആത്മീയമായി ശക്തരാക്കുന്നു. സമൂഹജീവിതം നമ്മുടെ പ്രതിരോധശക്തിയാണ്. ഈ ആശയം വികസിപ്പിച്ചുകൊണ്ട്, പിന്നീട് ധർമ്മാരാമിൽ കമ്മ്യൂണിറ്റി ദിനാഘോഷത്തോടനുബന്ധിച്ച് വിശുദ്ധ കുർബാനയിൽ വചനസന്ദേശം നൽകാൻ അവസരം ലഭിച്ചപ്പോൾ, ഞാൻ സി.എം.ഐ. എന്ന പേരിന് ഒരു ആത്മീയ വ്യാഖ്യാനം നിർദ്ദേശിക്കുകയുണ്ടായി:

C.M.I. = Community My Immunity
C – Community
M – My
I – Immunity

ഈ വ്യാഖ്യാനം ഒരു വാക്കുകളിയല്ല; നമ്മുടെ സഭാജീവിതത്തിന്റെ ആത്മാവിനെ സംഗ്രഹിക്കുന്ന ഒരു ഓർമപ്പെടുത്തലാണ്. വ്യക്തിപരമായ കഴിവുകളോ നേട്ടങ്ങളോ അല്ല, സംഘാത്മകതയാണ് സി.എം.ഐ. സഭയുടെ ഏറ്റവും വലിയ ശക്തി. സ്ഥാപകർ നമുക്കു കൈമാറിയ ഈ സമൂഹചൈതന്യമാണ് ദർശനവീട്ടിന്റെ യഥാർത്ഥ സമ്പത്ത്. ദർശനവീടിനെ ദൈവവീടായി അനുഭവിക്കാനും, ക്രിസ്തു വസിക്കുന്ന സഹോദരസമൂഹത്തെ സ്നേഹിക്കാനും, സംരക്ഷിക്കാനും, ശക്തിപ്പെടുത്താ

നും നമുക്ക് പ്രതിജ്ഞ ചെയ്യാം. സമൂഹജീവിതത്തെ വെറും സഹവാസമായി കാണാതെ, ദൈവസാന്നിധ്യം അനുഭവിക്കുന്ന കൃപാസ്ഥലമായി സ്വീകരിക്കാം. അപ്പോൾ ദർശനവീട് ചരിത്രത്തിലെ ഒരു കെട്ടിടം മാത്രമല്ല, ഓരോ സി.എം.ഐ. സമൂഹത്തിലും ജീവിക്കുന്ന ദൈവത്തിന്റെ ഭവനമായി എന്നും നിലനിൽക്കും.

0.1.6. ദർശനവീട്ടിലെ പട്ടസുഖവും പുണ്യസുഖവും

വി. ചാവറ പിതാവ് വൈദികർക്കെഴുതിയ കത്തുകളിൽ അവരെ അഭിസംബോധന ചെയ്യുമ്പോൾ ആവർത്തിച്ച് ഉപയോഗിക്കുന്ന അതീവ ഹൃദയസ്പർശിയായ ഒരു വിശേഷണമാണ് 'പട്ടസുഖക്കാരനായ ആത്മാവേ'[1] എന്നത്. ഈ അഭിസംബോധന വെറും സ്നേഹപൂർവമായ ഒരു വിളിയല്ല; വൈദികന്റെ ആത്മീയജീവിതത്തെക്കുറിച്ചുള്ള ചാവറ പിതാവിന്റെ ആഴമേറിയ ദർശനത്തിന്റെ പ്രകടനമാണ്. ദൈവസാന്നിധ്യത്തിന്റെ ആനന്ദത്തിലും ആത്മീയസൗഖ്യത്തിലും ജീവിക്കുവാൻ വിളിക്കപ്പെട്ടവനാണ് ഓരോ വൈദികനെന്നും, ആ ആന്തരിക സൗഖ്യമാണ് അവന്റെ ശുശ്രൂഷയുടെ യഥാർത്ഥ ഉറവിടമെന്നും ഈ വിശേഷണം നമ്മെ ഓർമിപ്പിക്കുന്നു.

ഹെബ്രായർക്കുള്ള ലേഖനത്തിലെ ഈ വചനം ഓരോ സി.എം.ഐ. വൈദികന്റെയും ജീവിതത്തിൽ സാക്ഷാത്കരിക്കപ്പെടേണ്ടതാണ്: "സന്തോഷത്തിന്റെ തൈലംകൊണ്ട് ദൈവം, അങ്ങയുടെ ദൈവം, അങ്ങയെ അഭിഷേകം ചെയ്തിരിക്കുന്നു" (ഹെബ്രാ 1:9). ഈ അഭിഷേകം അധികാരത്തിന്റേതല്ല, ആനന്ദത്തിന്റേതാണ്; അത് സ്ഥാനത്തിന്റേതല്ല; ദൈവസേവനത്തിന്റെയും ശുശ്രൂഷയുടെയും ആനന്ദത്തിൽ പങ്കുചേരാനുള്ള അഭിഷേകമാണ്.

പൗരോഹിത്യജീവിതത്തിലെ കടമകളെ വെറും ഉത്തരവാദിത്വങ്ങളായോ ഭാരങ്ങളായോ കാണാതെ, അവയിൽ ദൈവഹിതവും ദൈവാനന്ദവും കണ്ടെത്തുമ്പോഴാണ് യഥാർത്ഥ 'പട്ടസുഖം' അനുഭവമാകുന്നത്. അപ്പോൾ ശുശ്രൂഷ ഒരു ചുമതലയല്ല, അനുഗ്രഹമാകുന്നു; പൗരോഹിത്യം ഒരു സ്ഥാനമല്ല, ദൈവസാന്നിധ്യത്തിന്റെ ആനന്ദം ലോകവുമായി പങ്കുവയ്ക്കുന്ന ഒരു ജീവിതവിളിയാകുന്നു. അത്തരം ആനന്ദമാണ് ചാവറ പിതാവ് ഓരോ വൈദികന്റെയും ജീവിതത്തിൽ കാണാൻ ആഗ്രഹിച്ച യഥാർത്ഥ 'പട്ടസുഖം.' "പട്ടസുഖമുള്ളവനും ആത്മപരിപാലനക്കാരനും ദൈവശുശ്രൂഷിയും ആയിരിക്കുന്ന നീ, നിന്റെ അപേക്ഷ

[1] ചാവറയച്ചൻ, *ആദ്ധ്യാത്മിക കൃതികൾ*, 38, 54, 55, 56, 57, 58, 59, 60.

കളാലും നമസ്കാരത്താലും ദിവ്യപൂജയാലും ദൈവ കോപത്തെ നിർത്തുവാനും, പാപികൾക്കുവേണ്ടി സർവേശ്വരനോട് പ്രാർത്ഥിച്ച് അവരുടെമേലുള്ള തന്റെ തിരുവുള്ളക്കേടിനെ തീർപ്പാനും കടക്കാരനായിരിക്കുന്നു, ബഹുമാനപ്പെട്ട കൂടപ്പിറപ്പെ!"[1]

ചാവറ പിതാവിന്റെ ഈ വാക്കുകൾ വൈദികന്റെ ദൗത്യം ഒരു ഔദ്യോഗിക ഉത്തരവാദിത്വമല്ലെന്നും, മറിച്ച് ലോകത്തിനുവേണ്ടി ദൈവസന്നിധിയിൽ നിൽക്കുന്ന മധ്യസ്ഥന്റെ ശുശ്രൂഷയാണെന്നും ഓർമ്മിപ്പിക്കുന്നു. പ്രാർത്ഥനയിലും ദിവ്യബലിയർപ്പണത്തിലും ആത്മ പരിപാലനത്തിലും തന്റെ ജീവിതം സമർപ്പിക്കുമ്പോൾ വൈദികൻ അനുഭവിക്കുന്ന ആത്മസംതൃപ്തിയാണ് യഥാർത്ഥ പട്ടസുഖം.

ദൈവശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വൈദികന്റെ യഥാർത്ഥ അലങ്കാരം പുറമേയുള്ള വസ്ത്രങ്ങളല്ല; ദൈവസ്നേഹത്തോടെ നിർവഹിക്കുന്ന അവന്റെ ശുശ്രൂഷകളാണ്. അതുകൊണ്ടുതന്നെ ചാവറ പിതാവ് ദൈവസ്നേഹത്തിലെ ചെറിയൊരു കുറവുപോലും ഗൗരവത്തോടെ കാണുന്നു. അദ്ദേഹം എഴുതുന്നു: "തന്റെ സ്നേഹിക്കപ്പെട്ട മകനായിരിക്കുന്ന പട്ടസുഖക്കാരനായ ദൈവശുശ്രൂഷിയിൽ അവന്റെ അലങ്കാരവസ്ത്രമായിരിക്കുന്ന ദൈവസ്നേഹത്തിൽ അല്പമായിട്ടുള്ള കുറവു കണ്ടാൽ ഉടൻ കോപിച്ചു കഠിനമായി ശിക്ഷിക്കുകയും ചെയ്യും."[2]

ഈ വാക്കുകൾ ഭയത്തിന്റെ ഭാഷയല്ല; സ്നേഹത്തിന്റെ ഭാഷയാണ്. ദൈവത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഹൃദയത്തിന്, സ്നേഹത്തിലെ ചെറിയ വീഴ്ചപോലും വലിയ വേദനയാകുന്നു. നിർമ്മലമായ മനസ്സാക്ഷിയും ആഴമായ ദൈവസ്നേഹവും ആത്മാനുതാപ ചൈതന്യവും നിറഞ്ഞ ഒരു വിശുദ്ധഹൃദയത്തിന്റെ പ്രതിധ്വനിയാണ് ഈ വാക്കുകൾ.

'പട്ടസുഖം' എന്ന ആശയത്തിന് ചാവറ പിതാവ് ഉപയോഗിക്കുന്ന മറ്റൊരു മനോഹരമായ പദമാണ് 'പുണ്യസുഖം.' വൈദികർക്കുവേണ്ടി ദിവസവും ചൊല്ലുന്ന പ്രാർത്ഥനയിൽ ഈ ആത്മീയഭാവം വ്യക്തമായി പ്രകടമാകുന്നു: "സർവതും വശമാക്കുന്ന തമ്പുരാനേ, കുർബാന പട്ടസുഖത്തിന്റെ സ്ഥാനത്തിൽ കയറ്റിയ ഞങ്ങൾ എല്ലാ ശുദ്ധതയിലും ഭക്തിയോടും യോഗ്യതയോടുംകൂടെ നിനക്ക് ശുശ്രൂഷ ചെയ്യുവാൻ മനോഗുണം ചെയ്യേണമേ. എന്നാൽ, കടത്തിനും സ്ഥാനത്തിനും അടുത്ത പു

[1] ചാവറയച്ചൻ, *ആദ്ധ്യാത്മിക കൃതികൾ*, 58.
[2] ചാവറയച്ചൻ, *ആദ്ധ്യാത്മിക കൃതികൾ*, 58.

ണ്യസുഖത്തോടുകൂടെ അല്പം കുറ്റം കൂടാതെ വ്യാപരിപ്പാൻ ഞങ്ങൾക്ക് പാടില്ല."[1]

ഈ പ്രാർത്ഥനയിൽ പ്രതിഫലിക്കുന്നത് ഒരു വിശുദ്ധന്റെ വിനയമാണ്. വിശുദ്ധിയിലേക്ക് വളർന്നിട്ടും, ഇനിയും വളരേണ്ടതുണ്ടെന്ന ബോധം അദ്ദേഹത്തെ വിട്ടുമാറുന്നില്ല. പുണ്യസുഖം എന്നത് സ്വയം വിശുദ്ധനാണെന്ന ആത്മസംതൃപ്തിയല്ല; വിശുദ്ധിയിലേക്ക് അനുദിനം വളരാനുള്ള നിരന്തരമായ ആഗ്രഹമാണ്. ആത്മപരിശോധനയിലൂടെയും ആത്മാനുതാപത്തിലൂടെയും ദൈവസ്നേഹത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ജീവിതമാണ് യഥാർത്ഥ പുണ്യസുഖം.

ദർശനവീട് ഇത്തരത്തിലുള്ള പട്ടസുഖവും പുണ്യസുഖവും അനുഭവിച്ച വിശുദ്ധരുടെ ഭവനമാണ്. അവിടെ പൗരോഹിത്യം ഒരു തൊഴിൽ ആയിരുന്നില്ല; സന്തോഷത്തോടെ ജീവിച്ച ഒരു ദൈവവിളിയായിരുന്നു. വിശുദ്ധി ഒരു ബാഹ്യപ്രകടനമായിരുന്നില്ല; ദൈവസ്നേഹത്തോടുള്ള ആന്തരിക പ്രതിബദ്ധതയായിരുന്നു. ആ പാരമ്പര്യത്തിന്റെ അവകാശികളാണ് നാമും.

ചാവറ പിതാവിന്റെ നിർമ്മല മനസ്സാക്ഷിയും, ദൈവസ്നേഹവും, ആത്മാനുതാപചൈതന്യവും നമ്മുടെ ജീവിതത്തിലും വളരട്ടെ. പൗരോഹിത്യത്തിന്റെ പട്ടസുഖം വീണ്ടും അനുഭവിക്കാനും, വിശുദ്ധിയുടെ പുണ്യസുഖം വീണ്ടും കണ്ടെത്താനും ഈ ധ്യാനദിനങ്ങൾ നമ്മെ സഹായിക്കട്ടെ. വി. പൗലോസ് ഉദ്ബോധിപ്പിക്കുന്നതുപോലെ, "കൈ വയ്പിലൂടെ നിനക്കു ലഭിച്ച ദൈവവരം വീണ്ടും ജ്വലിപ്പിക്കുവാൻ" (2 തിമോ 1:6) നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം. അപ്പോൾ ദർശനവീട് നമ്മുടെ ചരിത്രത്തിലെ ഒരു വിശുദ്ധഭവനം മാത്രമല്ല, ഓരോ സി.എം.ഐ. വൈദികന്റെയും ഹൃദയത്തിൽ അനുദിനം പുതുക്കപ്പെടുന്ന ദൈവാനുഭവത്തിന്റെ ജീവനുള്ള ഭവനമായിത്തീരും.

0.1.7. മാന്നാനം = മന്നാ + അന്നം

സ്ഥാപകപിതാക്കന്മാർ മാന്നാനത്തെ ആദ്യ സന്യാസഭവനത്തിന് നൽകിയ വിശേഷണങ്ങളിൽ ഏറ്റവും അർത്ഥസമ്പന്നമായ ഒന്നാണ് 'ദർശനവീട്.' ഈ പേരിന്റെ ചരിത്രം അന്വേഷിക്കുമ്പോൾ, *നാളാഗമത്തിൽ* വി. ചാവറ പിതാവ് നൽകുന്ന വിവരണം ശ്രദ്ധേയമാണ്. കർമ്മല മാതാവിന്റെ ദർശനതിരുനാളിനോടനുബന്ധിച്ചാണ് ദർശനവീട്ടിന്റെ ആരംഭം രേഖപ്പെടുത്തപ്പെടുന്നത്: "ബഹുമാനപ്പെട്ട ഞങ്ങളുടെ മല്പാനച്ചൻ ഞ

[1] ചാവറയച്ചൻ, *ആദ്ധ്യാത്മിക കൃതികൾ*, 74.

ങ്ങളെ പഠിപ്പിച്ചിരിക്കുമ്പോൾ അദ്ദേഹത്തിന്റെ ഏറിയ പ്രയത്നത്താൽ യജമാനന്മാരെ ബോധിപ്പിച്ച ആ പള്ളിയിലും പിന്നെയും ചില പള്ളികളിലും കൊഗ്രഹീസ്യാ (സമൂഹം) എന്ന കർമ്മല മാതാവിന്റെ ദർശന പെരുന്നാൾ ഉണ്ടാക്കി ഘോഷിച്ചിരിക്കയിൽ അദ്ദേഹത്തിന് ഏറ്റിക്കപ്പെട്ട സ്നേഹക്കാരനായ ബഹുമാനപ്പെട്ട പോരുക്കര തോമ്മാ കത്തനാരച്ചനും കൂടി ഈ മലയാളത്തിൽ പട്ടക്കാർക്ക് പോലും ഒരു തപസ്സു ഭവനം ഇല്ലായ്കയാൽ ഏറിയ നന്മകൾക്ക് വീഴ്ചയായിരിക്ക കൊണ്ടും പല പ്രകാരത്തിലും പട്ടക്കാർക്ക് എങ്കിലും ഒരു ദർശന വീടുണ്ടാകണം എന്നുള്ള ആഗ്രഹത്താൽ അതിനായി പ്രയത്നിച്ചു."[1] ഈ പേര് യാദൃച്ഛികമായി തിരഞ്ഞെടുക്കപ്പെട്ടതല്ല; സ്ഥാപകർ ജീവിക്കാൻ ആഗ്രഹിച്ചിരുന്ന കർമ്മലീത്ത ആത്മീയതയുടെ പ്രകടനമായിരുന്നു അത്. ദൈവത്തെ ദർശിക്കുകയും ദൈവസാന്നിധ്യത്തിൽ ജീവിക്കുകയും ചെയ്യുന്ന ഒരു സന്യാസജീവിതമായിരുന്നു അവരുടെ സ്വപ്നം.

മാന്നാനത്ത് ക്രമപ്രകാരമുള്ള വ്യതബദ്ധ സന്യാസജീവിതത്തിലേക്ക് പ്രവേശിക്കുന്നവരുടെ എണ്ണം വർധിച്ചതോടെ പുതിയ കെട്ടിടങ്ങളും സൗകര്യങ്ങളും ആവശ്യമായി വന്നു. അതിനുവേണ്ടി ധനസഹായം അഭ്യർഥിച്ച് ചാവറ പിതാവ് എഴുതിയ സർക്കുലറിൽ സന്യാസികളെ വിശേഷിപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്ന പദം ശ്രദ്ധേയമാണ്: "തിരുസഭയുടെ പ്രത്യേകമായ കൊയ്ത്തുകാരാണ് ദർശനക്കാർ അഥവാ സന്യാസികൾ."[2] ഈ ഒരു പ്രയോഗം തന്നെ സ്ഥാപകരുടെ സന്യാസ ദർശനത്തെ വ്യക്തമാക്കുന്നു. സന്യാസി എന്നത് ഒരു സ്ഥാപനാംഗം മാത്രമല്ല; ദൈവത്തെ നിരന്തരം അന്വേഷിക്കുകയും ദർശിക്കുകയും ചെയ്യുന്നവനാണ്. ചാവറ പിതാവിന്റെ ആത്മീയജീവിതവും ഈ 'ദർശന' അനുഭവത്തെ കേന്ദ്രീകരിച്ചായിരുന്നു. അദ്ദേഹത്തിന്റെ *ആത്മാനുതാപത്തിലെ* മൂന്നാം പാദത്തിൽ ആവർത്തിച്ചുവരുന്ന 'കാണാകേണം' എന്ന പ്രാർത്ഥന ദൈവത്തെ നേരിൽ അനുഭവിക്കാനുള്ള ഒരു സന്യാസിയുടെ അഗാധമായ ദാഹമാണ് പ്രകടിപ്പിക്കുന്നത്.

ഈ പശ്ചാത്തലത്തിലാണ് മാന്നാനം എന്ന സ്ഥലനാമത്തിനും ഒരു മനോഹരമായ ആത്മീയ വ്യാഖ്യാനം പാരമ്പര്യത്തിൽ രൂപപ്പെട്ടത്. മാന്നാനം കുന്ന് ദർശനവീടിനായി ദാനം ചെയ്ത തയ്യിൽ കുടുംബത്തിന്റെ ചരിത്രവിവരണത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "പഴയകാലങ്ങളിൽ യഹൂദജനത്തിന് ശരീരയാവനം ഉണ്ടായപ്പോൾ ദൈവം അത്ഭു

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം 1, *നാളാഗമങ്ങൾ*. എഡി. ഇസഡ്. എം. മൂഴൂർ (സി.എം.ഐ. പ്രസാധക കമ്മിറ്റി, 2000), 1.

[2] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, IX/3:1, 193.

തമായി മന്നാ പെയ്യിച്ചുകൊടുത്തതുപോലെ, പുണ്യവും അറിവും പഠന വും കുറഞ്ഞിരുന്ന മലയാള സുറിയാനിക്കാരായ വി. തോമാശ്ലീഹായുടെ ജ്ഞാനമക്കൾക്ക് ഈ കുന്നിൽനിന്ന് ദൈവം നൽകിയ ആത്മീയ ആ ഹാരത്തിന്റെ സ്മരണയ്ക്കായി ആദ്യപിതാക്കന്മാർ 'മന്നാ-അന്നം' എ ന്നു പേരിട്ടതും, പിന്നീട് അത് 'മാന്നാനം' എന്ന രൂപത്തിൽ പ്രചാരത്തി ലായതുമാണ്."[1]

ഇത് ഭാഷാശാസ്ത്രപരമായ വ്യുത്പത്തി എന്നതിനേക്കാൾ ഒരു ആത്മീ യ വ്യാഖ്യാനമാണ്. എന്നാൽ അതിൽ അടങ്ങിയിരിക്കുന്ന സന്ദേശം അതീവ ഗഹനമാണ്. പഴയ നിയമത്തിൽ ഇസ്രായേൽ ജനത്തെ ജീവി പ്പിച്ച മന്നായെപ്പോലെ, പുതിയ നിയമത്തിലെ ദിവ്യകാരുണ്യമായ ക്രി സ്തു ആത്മീയജീവന്റെ അന്നമായി മാന്നാനം കുന്നിൽനിന്ന് അനേകം തലമുറകൾക്ക് വിതരണം ചെയ്യപ്പെട്ടു. അതുകൊണ്ടുതന്നെ മാന്നാനം എന്ന പേര് ദിവ്യകാരുണ്യത്തിന്റെ കേന്ദ്രമെന്ന ആത്മീയ അർത്ഥം കൈവരിക്കുന്നു. അവിടെ സ്ഥാപകർ ദർശിച്ചത് ഒരു കെട്ടിടമല്ല; പുതിയ ഇസ്രായേലിന്റെ പുതിയ മന്നായ വിശുദ്ധ കുർബാനയെയാണ്.

വി. ചാവറ പിതാവിന്റെ ജീവിതത്തിന്റെ കേന്ദ്രവും ദിവ്യകാരുണ്യമായിരു ന്നു. "ഈ ഭൂമിയിലെ സ്വർഗ്ഗമാണ് സക്രാരി" എന്ന് അനുഭവിച്ച അദ്ദേഹം തന്റെ ആത്മീയമക്കളെ ഇപ്രകാരം ഉപദേശിക്കുന്നു: "ഹാ! ഈശോമിശി ഹായുടെ സ്നേഹത്തിൽ പാർപ്പിൻ. എപ്പോഴും തന്റെ കൺമുമ്പിൽ ഇരി പ്പിൻ. തന്റെ അരികെ നടപ്പിൻ. തന്നോടുകൂടെ എപ്പോഴും സംസാരിപ്പി ൻ."[2] ഈ ഉപദേശം വെറും ഭക്താനുഷ്ഠാനത്തിനുള്ള ആഹ്വാനമല്ല; ദിവ്യകാരുണ്യനാഥനുമായുള്ള നിരന്തരസൗഹൃദത്തിനുള്ള ക്ഷണമാണ്.

ദിവ്യകാരുണ്യസന്നിധിയിൽ ധ്യാനനിരതനായി നിൽക്കുന്ന ചാവറ പിതാ വിനെ കണ്ടവർ അദ്ദേഹത്തെക്കുറിച്ച് ഇപ്രകാരം സാക്ഷ്യപ്പെടുത്തി: "വിശുദ്ധ കുർബാനയുടെ മുമ്പിൽ ഇദ്ദേഹത്തിന്റെ നില എത്രയും മനോ ഹരമായ ഒരു കാഴ്ചയായിരുന്നു. ഈ അവസരത്തിൽ ഒരു മനുഷ്യനെ ക്കാൾ മാലാഖയെന്നു തോന്നിപ്പോകും."[3] അതുകൊണ്ടുതന്നെ ഈശോ യുടെ വാക്കുകൾ ചാവറ പിതാവിൽ അക്ഷരാർഥത്തിൽ പൂർത്തീകരി

---

[1] ജെ. ജോസഫ് തയ്യിൽ, *തയ്യിൽ കുടുംബവും കേരളീയ കർമ്മലിത്താ സഭാ സ്ഥാപനവും* (കെ. പി. പ്രസ്സ്, 1971), 48.

[2] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VII/6:1, 158.

[3] വലേറിയൻ സി. ഡി., *മലങ്കര സഭാ മാതാവിന്റെ ഒരു വീര സന്താനം* (സി.എം.ഐ., 1939), 263.

ക്കപ്പെട്ടു: "നിങ്ങളുടെ കണ്ണുകൾ ഭാഗ്യമുള്ളവ; എന്തെന്നാൽ അവ കാണുന്നു" (മത്താ 13:16).

ഈ ദിവ്യകാരുണ്യകേന്ദ്രീകൃത ആത്മീയതയാണ് പിന്നീട് മാന്നാനത്തെ ദർശനവീട്ടിന്റെ മുഖമുദ്രയായി മാറിയത്. ഇടവകവൈദികരെ 'പട്ടക്കാർ' എന്നു വിളിച്ചിരുന്ന കാലത്ത്, ദിവ്യകാരുണ്യഭക്തിയിലും ധ്യാനജീവിത ത്തിലും പ്രത്യേകമായി അറിയപ്പെട്ടിരുന്ന മാന്നാനത്തെ സന്യാസവൈദി കരെ ജനങ്ങൾ സ്നേഹപൂർവം 'ദർശനപട്ടക്കാർ' എന്നു വിളിച്ചിരുന്നു. ദിവ്യകാരുണ്യദർശനത്തിൽ ജീവിച്ചിരുന്ന ഒരു സന്യാസപാരമ്പര്യത്തി നുള്ള ജനസാക്ഷ്യമായിരുന്നു ആ വിശേഷണം.

അതുകൊണ്ടുതന്നെ ദർശനവീടിന്റെ ഏറ്റവും വലിയ സമ്പത്ത് അതിന്റെ കെട്ടിടമല്ല; അതിന്റെ സക്രാരിയാണ്. അവിടെയാണ് ദർശനവീട് ഭൂമിയിലെ സ്വർഗ്ഗമായി മാറുന്നത്. അവിടെയാണ് സന്യാസ ജീവിതത്തിന്റെ ഹൃദയം സ്പന്ദിക്കുന്നത്. യഥാർത്ഥത്തിൽ, ഒരു ക്രൈസ്തവനെ ക്രൈസ്തവനാക്കുന്നത് അവന്റെ ദിവ്യകാരുണ്യ ജീവിതമാണ്; അതുപോലെ ഒരു സന്യാസിയെ യഥാർത്ഥ സന്യാസിയാക്കുന്നതും അവന്റെ ദിവ്യകാരുണ്യാനുഭവമാണ്. ദിവ്യകാരുണ്യ നാഥനിൽ കേന്ദ്രീകരിക്കപ്പെടുമ്പോഴാണ് ബ്രഹ്മചര്യം സ്നേഹത്തിന്റെ പൂർണസമർപ്പണമായി മാറുന്നത്; ദൈവവിചാരം അവന്റെ ഏക വിചാരവും സർവവിചാരവുമായി തീരുന്നത്; ദിവ്യകാരുണ്യം അവന്റെ ഏകവികാരവും സർവ വികാരവും സ്വർഗീയാനുഭൂതിയുമായി മാറുന്നത്.

ദിവ്യകാരുണ്യഭക്തി നമ്മുടെ സന്യാസജീവിതത്തിന്റെ കേന്ദ്രമാകുമ്പോൾ ഓരോ സി.എം.ഐ. ഭവനവും യഥാർത്ഥ ദർശനവീടായി രൂപാന്തരപ്പെടും; നാമോരോരുത്തരും യഥാർത്ഥ 'ദർശനപട്ടക്കാർ' ആകുകയും ചെയ്യും. അപ്പോൾ നമ്മുടെ അനുദിനജീവിതം മുഴുവൻ ദൈവാനുഭവത്തിന്റെ ഒരു നിരന്തര ആഘോഷമായി മാറും. പ്രാർത്ഥനയും ശുശ്രൂഷയും സമൂഹജീവിതവും വേർതിരിക്കപ്പെട്ട അനുഭവങ്ങളല്ലാതെ, ദൈവസാന്നിധ്യത്തിന്റെ ഏകീകൃത പ്രകടനങ്ങളായിത്തീരും.

അപ്പോൾ *ദേശാടനം* എന്ന ചലച്ചിത്രത്തിനായി കൈതപ്രം ദാമോദരൻ നമ്പൂതിരി രചിച്ച വരികൾ നമ്മുടെ സ്വന്തം ആത്മീയാനുഭവമായി മാറും:

പദചലനങ്ങൾ പ്രദക്ഷിണമാകും;
ദേഹം ശ്രീകോവിലാകും;
ദുഃഖങ്ങൾ പൂജാപുഷ്പങ്ങളാകും;
വചനം മന്ത്രങ്ങളാകും;

നിദ്രകൾ ആത്മധ്യാനങ്ങളാകും;
അന്നം നൈവേദ്യമാകും;
നിത്യകർമങ്ങൾ സാധനയാകും;
ജന്മം സമ്പൂർണ്ണമാകും.

ഇതാണ് ദർശനവീട്ടിന്റെ ആത്മീയത നമ്മെ പഠിപ്പിക്കുന്നത്. ജീവിതത്തിൽ വിശുദ്ധവും ലൗകികവും എന്ന വേർതിരിവുകൾ ക്രമേണ അപ്രത്യക്ഷമാകുമ്പോൾ, ക്രിസ്തുസാന്നിധ്യത്തിൽ ജീവിക്കപ്പെടുന്ന ഓരോ നിമിഷവും ആരാധനയായും ഓരോ പ്രവർത്തിയും പ്രാർത്ഥനയായും ഓരോ ദിവസവും ദൈവാനുഭവമായും രൂപാന്തരപ്പെടുന്നു. അപ്പോഴാണ് മനുഷ്യജീവിതം യഥാർത്ഥത്തിൽ ദൈവത്തിന് അർപ്പിക്കപ്പെട്ട ഒരു ജീവനുള്ള ബലിയായി മാറുന്നത്.

0.1.8. ദർശനവീട്: 'ചെറിയ സ്വർഗ്ഗം'

മോക്ഷസമാധാനമാകുന്ന സ്വർഗ്ഗസുഖത്തെ പലപ്പോഴും മരണാനന്തരയാഥാർഥ്യമായി മാത്രമാണ് നാം മനസ്സിലാക്കാറുള്ളത്. എന്നാൽ ഭാരതീയ ആത്മീയദർശനം സ്വർഗ്ഗാനുഭവത്തെ ജീവിതത്തിൽനിന്ന് വേർപെടുത്തുന്നില്ല. ഋഷിമാർ മുക്തിയെ രണ്ടായി വിഭജിക്കുന്നു: ജീവൻമുക്തിയും വിദേഹമുക്തിയും. ജീവിച്ചിരിക്കുമ്പോൾത്തന്നെ ദൈവസാന്നിധ്യത്തിന്റെ ആനന്ദം അനുഭവിക്കുന്നതാണ് ജീവൻമുക്തി; ശരീരത്തിൽനിന്ന് ആത്മാവ് വേർപെടുമ്പോൾ ലഭിക്കുന്ന പൂർണ സ്വർഗ്ഗാനുഭവമാണ് വിദേഹമുക്തി. ജീവിച്ചിരിക്കുമ്പോൾ നിത്യതയുടെ രുചി അനുഭവിച്ചവർക്കു മാത്രമേ മരണശേഷം അതിന്റെ പൂർണതയായ സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കാൻ കഴിയൂ.

ഈ ദർശനം യേശു പഠിപ്പിച്ച പ്രാർത്ഥനയിലും വ്യക്തമാണ്. 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥനയിൽ നാം അപേക്ഷിക്കുന്നത് സ്വർഗ്ഗത്തിലേക്കു പോകാൻ മാത്രമല്ല; സ്വർഗ്ഗം ഭൂമിയിലേക്കു വരണമെന്നാണ്. "അങ്ങയുടെ രാജ്യം വരണമേ; അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ" (മത്താ 6:10). അതുകൊണ്ടുതന്നെ ഓരോ സന്യാസിയും ഭൂമിയിൽ സ്വർഗ്ഗത്തിന്റെ ജീവിതം ആരംഭിക്കാൻ വിളിക്കപ്പെട്ടവനാണ്. തന്റെ ജീവിതത്തിലൂടെയും സമൂഹത്തിലൂടെയും ദൈവരാജ്യം സാക്ഷാത്കരിക്കുകയാണ് അവന്റെ ദൗത്യം. രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് യേശു ഭൂമിയിലേക്കു വന്നപ്പോൾ സ്വർഗ്ഗം ഭൂമിയെ സ്പർശിച്ചു. അതുകൊണ്ടാണ് അവിടുന്ന് പ്രഖ്യാപിച്ചത്: "സ്വർഗ്ഗരാജ്യം സമാഗതമായിരിക്കുന്നു" (മത്താ 4:17).

ഫരിസേയർ ദൈവരാജ്യത്തിന്റെ വരവിനെക്കുറിച്ച് ചോദിച്ചപ്പോൾ യേശു നൽകിയ മറുപടി ഈ സത്യത്തെ കൂടുതൽ വ്യക്തമാക്കുന്നു: "പ്രത്യക്ഷമായ അടയാളങ്ങളോടുകൂടെയല്ല ദൈവരാജ്യം വരുന്നത്. 'ഇതാ ഇവിടെ', 'അതാ അവിടെ' എന്നു പറയുകയുമില്ല. എന്തെന്നാൽ ദൈവരാജ്യം നിങ്ങളുടെ ഇടയിൽത്തന്നെയുണ്ട്" (ലൂക്കാ 17:20–21). ദൈവത്തെ കണ്ടെത്താൻ ലോകത്തിൽനിന്ന് ഓടിപ്പോകേണ്ടതില്ല; ദൈവം നമുക്കിടയിൽ വസിക്കുന്നു. ഈ സുവിശേഷസത്യം തന്നെയാണ് സ്ഥാപകപിതാക്കന്മാരുടെ സന്യാസദർശനത്തിന്റെ കേന്ദ്രം. അവർ ദൈവത്തെ ദർശിച്ചത് കാട്ടിലല്ല, നാട്ടിലാണ്; ലോകത്തെ ഉപേക്ഷിച്ചല്ല, ലോകത്തിനിടയിലാണ്; സ്വന്തം ദർശനവീട്ടിലാണ്. ദർശനവീട്ടിന്റെ ഏറ്റവും വലിയ ആത്മീയത ഇതാണ്: ആയിരിക്കുന്നിടത്ത് ദൈവത്തെ ദർശിക്കുകയും അനുഭവിക്കുകയും ചെയ്യുക.

എന്നാൽ ഈ ദർശനം വളരെ എളുപ്പത്തിൽ രൂപപ്പെട്ടതല്ല. ആദ്യപിതാക്കന്മാർക്കും ഒരുകാലത്ത് വനവാസത്തിന്റെ ആകർഷണം ശക്തമായിരുന്നു. ലോകത്തിൽനിന്ന് അകന്ന് കാട്ടിൽ തപസ്സനുഷ്ഠിച്ചാലേ ദൈവത്തെ പൂർണമായി അനുഭവിക്കാൻ കഴിയൂ എന്ന് അവർ കരുതിയിരുന്നു. മല്പാൻ തോമസ് പോരൂക്കരയച്ചൻ ബ്രദർ യാക്കോബ് കണിയാന്തറയോട് പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്: "ഞാൻ കുർബാനപ്പട്ടം ഏറ്റുവന്നാൽ നമുക്ക് രണ്ടുപേർക്കുംകൂടെ വല്ല വനവാസത്തിനും പോയിക്കളയാം. ലോകത്തിൽ പെരുമാറിയാൽ രക്ഷപ്പെടുക പ്രയാസം." പിന്നീട് അദ്ദേഹം ഈ ആഗ്രഹം മല്പാൻ തോമസ് പാലക്കലച്ചനോടും ചാവറ പിതാവിനോടും പങ്കുവെച്ചു. മൂന്നുപേരും വനവാസത്തിനുള്ള അനുമതി തേടി മെത്രാന്റെ സമീപത്തെത്തി. എന്നാൽ മൗറേലിയോസ് മെത്രാൻ അവരുടെ അഭ്യർഥന അംഗീകരിച്ചില്ല. പകരം അദ്ദേഹം സഭയുടെ ആവശ്യത്തിലേക്കാണ് അവരുടെ ശ്രദ്ധ തിരിച്ചത്. "അല്പം വല്ലതും തിരിയുന്ന നിങ്ങൾ ഒന്നു രണ്ടു പേരുള്ളത് മിണ്ടടക്കമായി വല്ലയിടത്തും ഒതുങ്ങി പാർത്താൽ പിന്നെ ലോകരെ പഠിപ്പിക്കുവാൻ ആരെന്നും? അങ്ങനെ നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ ഒരു കൊവേന്ത വയ്പിൻ; എന്നാൽ എല്ലാവർക്കും ഉപകാരമുണ്ടല്ലോ."[1]

ഈ ഉപദേശം ദൈവത്തിന്റെ പദ്ധതിയായി മാറി. വനവാസത്തിന്റെ സ്വപ്നം ഉപേക്ഷിച്ച് അവർ "പരോപകാരത്തിനായി ഒരു ദർശനമഠം" എന്ന പുതിയ സന്യാസദർശനത്തിന് രൂപം നൽകി. അങ്ങനെ ഭാരതത്തിലെ ആദ്യത്തെ തദ്ദേശീയ കത്തോലിക്കാ സന്യാസസഭയ്ക്ക് ജന്മം

[1] വലേറിയൻ, *മലങ്കര സഭാ മാതാവിന്റെ ഒരു വീര സന്താനം*, 48-49.

ലഭിച്ചു. ഈ സന്യാസപാതയുടെ പ്രത്യേകത വ്യക്തിപരമായ മോക്ഷാന്വേഷണമല്ല, മറിച്ച് സമൂഹത്തോടൊപ്പം ജീവിച്ചുകൊണ്ട് ദൈവരാജ്യം സാക്ഷാത്കരിക്കുകയെന്നതായിരുന്നു. പിന്നീട്, 1897-ൽ ശ്രീ രാമകൃഷ്ണ പരമ ഹംസന്റെ ശിഷ്യനായ സ്വാമി വിവേകാനന്ദൻ സ്ഥാപിച്ച രാമകൃഷ്ണ മിഷനിലൂടെയാണ് ഹൈന്ദവ സന്യാസത്തിലും കർമ്മയോഗത്തിന്റെയും സംഘടിതസന്യാസത്തിന്റെയും ഈ മാതൃക വ്യാപകമായി വികസിച്ചത്. എന്നാൽ അതിന് പതിറ്റാണ്ടുകൾക്കുമുമ്പ് തന്നെ, പരോപകാരത്തിനായി സംഘടിത സന്യാസജീവിതത്തിന്റെ പാത സ്ഥാപകപിതാക്കന്മാർ മാന്നാനത്ത് തുറന്നുകഴിഞ്ഞിരുന്നു.

ജീവിച്ചിരിക്കുമ്പോൾത്തന്നെ ദൈവരാജ്യം അനുഭവിക്കാൻ കഴിയുമെന്ന് യേശു വ്യക്തമായി പഠിപ്പിക്കുന്നു: "ദൈവരാജ്യം ശക്തിയോടെ സമാഗതമാകുന്നത് കാണുന്നതുവരെ മരിക്കുകയില്ലാത്ത ചിലർ ഇവിടെ നിൽക്കുന്നവരിൽ ഉണ്ടെന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു" (മർക്കോ 9:1). ഈ വചനം വി. ചാവറ പിതാവിന്റെ ജീവിതത്തിൽ അക്ഷരാർഥത്തിൽ പൂർത്തിയായി. സ്വന്തം ദർശന വീട്ടിൽത്തന്നെ അദ്ദേഹം ദൈവരാജ്യം അനുഭവിച്ചു. *ധ്യാനസല്ലാപങ്ങളിൽ* അദ്ദേഹം ഇപ്രകാരം പ്രാർത്ഥിക്കുന്നു: "എന്റെ മരണംവരെ എന്നേരവും നിന്നിൽ നിന്ന് പിരിയാതെ വിശ്വാസത്തിന്റെ കണ്ണാൽ എന്നേരവും നിന്നെ കണ്ടുകൊണ്ട് നിന്നോടു ഒന്നിച്ചിരിപ്പാനും, ഈ വിലതീരാത്ത അച്ചാരവും പണയവും നിമിത്തമായി എന്റെ മരണത്തിനുശേഷവും എന്നേക്കുമായി പരലോകത്ത് മൂടൽ കൂടാതെ മുഖ്യമായി നിന്നെ കണ്ടുകൊണ്ടും സ്തുതിച്ചും നിത്യകാലവും ഒന്നിച്ചിരിക്കാമെന്നുള്ള ഇളകാത്ത ശരണവും എനിക്കു തന്നിരിക്കുന്നു."[1] ദൈവത്തെ വിശ്വാസത്തിന്റെ കണ്ണാൽ നിരന്തരം ദർശിച്ചിരുന്ന ഈ അനുഭവമാണ് അദ്ദേഹത്തിന് ഭൂമിയിലെ സ്വർഗ്ഗമായി മാറിയത്.

1868-ൽ കൈനകരിക്കാർക്കായി എഴുതിയ "ഒരു നല്ല അപ്പന്റെ ചാവരുൾ" എന്ന കത്തിൽ അദ്ദേഹം നല്ല ക്രിസ്തീയകുടുംബത്തെ സ്വർഗ്ഗത്തോട് ഉപമിക്കുന്നു: "നല്ല ക്രിസ്ത്യാനി കുടുംബം ആകാശ മോക്ഷത്തിനു സദൃശ്യമാകുന്നു." കുടുംബത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞ ഈ സത്യം സന്യാസസമൂഹത്തിനും അതുപോലെ ബാധകമാണ്. ദർശന വീട്ടിലെ സമൂഹജീവിതം അദ്ദേഹത്തിന് ഭൂമിയിൽത്തന്നെ അനുഭവിക്കാനായ സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനമായിരുന്നു.

[1] ചാവറയച്ചൻ, *ആദ്ധ്യാത്മിക കൃതികൾ*, 42.

ഇത് ഏറ്റവും വ്യക്തമായി കാണുന്നത് 1870-ൽ സഭാംഗങ്ങൾക്കായി എഴുതിയ മരണപത്രികയിലാണ്: "ചൊൽവിളി കേൾക്കുന്നവർ മോക്ഷ സമാധാനം ഈ ചെറിയ സ്വർഗ്ഗമായ കൊവേന്തയിൽവച്ചുതന്നെ ആസ്വദിക്കും, തീർച്ച."[1] ഈ വാക്യത്തിൽ ചാവറ പിതാവിന്റെ മുഴുവൻ സന്യാസദർശനവും സംഗ്രഹിക്കപ്പെട്ടിരിക്കുന്നു. കൊവേന്ത മരണത്തിനുശേഷം സ്വർഗ്ഗം ലഭിക്കാനുള്ള ഒരുക്കസ്ഥലം മാത്രമല്ല; ഭൂമിയിൽത്തന്നെ സ്വർഗ്ഗം അനുഭവിക്കുന്ന 'ചെറിയ സ്വർഗ്ഗം' ആണ്. സന്യാസക്രമങ്ങളെയും അധികാരികളെയും അനുസരിച്ചും, സഹോദരസമൂഹത്തിൽ ജീവിച്ചും, ദിവ്യകാരുണ്യനാഥനെ കേന്ദ്രീകരിച്ചും ജീവിക്കുമ്പോൾ മോക്ഷസമാധാനം ഇവിടെതന്നെ അനുഭവിക്കാമെന്ന ആത്മവിശ്വാസമാണ് അദ്ദേഹം സഭാംഗങ്ങൾക്ക് കൈമാറിയത്.

നമ്മുടെ സമൂഹജീവിതം ദൈവരാജ്യത്തിന്റെ പ്രതിഫലനമാകട്ടെ; നമ്മുടെ അനുസരണം സമാധാനത്തിന്റെ ഉറവിടമാകട്ടെ; നമ്മുടെ പ്രാർത്ഥന സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനമാകട്ടെ. അപ്പോൾ ചാവറ പിതാവ് സ്വപ്നം കണ്ടതുപോലെ, ദർശനവീട് ഭൂമിയിൽ സ്വർഗ്ഗത്തെ അനുഭവിക്കുന്ന ദൈവരാജ്യത്തിന്റെ ജീവനുള്ള അടയാളമായി എന്നും നിലനിൽക്കും.

0.1.9. ദർശനവീട്: സ്വർഗ്ഗത്തിന്റെ കൂദാശ

കത്തോലിക്കാ ദൈവശാസ്ത്രമനുസരിച്ച്, കൂദാശ എന്നത് അദൃശ്യമായ ദൈവകൃപയെ ദൃശ്യമായ അടയാളങ്ങളിലൂടെ സൂചിപ്പിക്കുകയും നൽകുകയും ചെയ്യുന്ന ദൈവിക യാഥാർഥ്യമാണ്. ഈ അർത്ഥത്തിൽ നോക്കുമ്പോൾ, ദർശനവീട് അദൃശ്യമായ സ്വർഗ്ഗരാജ്യത്തെ ഭൂമിയിൽ ദൃശ്യമാക്കുന്ന ഒരു ആത്മീയ കൂദാശയാണ്. ഭൂമിയിൽ ജീവിച്ചുകൊണ്ടുതന്നെ സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനം അനുഭവിക്കുവാൻ ദൈവം സഭയ്ക്കു നൽകിയ ഒരു ദൃശ്യസാക്ഷ്യമാണ് ദർശനവീട്.

ഈ കൂദാശാദർശനത്തെ രണ്ടാം വത്തിക്കാൻ സൂനഹദോസ് പുതിയ വെളിച്ചത്തിൽ അവതരിപ്പിച്ചു. *ജനതകളുടെ പ്രകാശം* (*Lumen Gentium*) എന്ന പ്രമാണരേഖയിൽ സഭയെ 'രക്ഷയുടെ സർവ്വത്രിക കൂദാശ' (LG 48) എന്നും 'ദൈവത്തോടുള്ള ഐക്യത്തിന്റെയും മനുഷ്യ വർഗ്ഗത്തിന്റെ ഏകത്വത്തിന്റെയും ദൃശ്യകൂദാശ' (LG 1, 9; SC 5) എന്നും വിശേഷിപ്പിക്കുന്നു. അതേ സൂനഹദോസ് കുടുംബത്തെ 'ഗാർഹികസഭ' (LG 11) എന്ന മഹത്തായ വിശേഷണത്താൽ ആദരിക്കുകയും ചെയ്തു. സഭ രക്ഷയുടെ കൂദാശയാണെങ്കിൽ, കുടുംബം സഭയുടെ ചെറു

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VI/5:3, 143.

രൂപമാണ്. അതുപോലെതന്നെ, സന്യാസസമൂഹം സ്വർഗ്ഗരാജ്യത്തിന്റെ മുന്നാസ്വാദനം നൽകുന്ന ഒരു ജീവിക്കുന്ന അടയാളമാണ്.

ഈ നവീന ദൈവശാസ്ത്രം രണ്ടാം വത്തിക്കാൻ സൂനഹദോസിൽ ഔദ്യോഗികമായി രൂപംകൊള്ളുന്നതിനു വളരെ മുമ്പുതന്നെ, വി. ചാവറ പിതാവ് തന്റെ ജീവിതത്തിലും രചനകളിലും അതിന്റെ അന്തഃസത്ത ജീവിച്ചിരുന്നു. ഒരു നല്ല ക്രിസ്തീയകുടുംബത്തെ അദ്ദേഹം 'ആകാശ മോക്ഷത്തിനു സദൃശ്യം' എന്നു വിശേഷിപ്പിച്ചു. അതുപോലെ, ദർശന വീട്ടിലെ കൊവേന്ത ജീവിതത്തെ 'ചെറിയ സ്വർഗ്ഗം' എന്നും അദ്ദേഹം വിശേഷിപ്പിച്ചു. ഈ അർത്ഥത്തിൽ ദർശനവീട് സ്വർഗ്ഗത്തിന്റെ കൂദാശ യാണ്—ഇനിയും പൂർണമായി വെളിപ്പെടാനിരിക്കുന്ന സ്വർഗ്ഗ മഹിമയെ ഭൂമിയിൽത്തന്നെ അനുഭവിപ്പിക്കുന്ന ഒരു ദൃശ്യ അടയാളം.

കൂദാശകൾ ദൈവസ്ഥാപിതമാണ്; അതുപോലെ, ദർശനവീടും മനുഷ്യ രുടെ പദ്ധതിയല്ല, മറിച്ച് ദൈവത്തിന്റെ പദ്ധതിയുടെ ഫലമാണെന്ന് ചാ വറ പിതാവ് സാക്ഷ്യപ്പെടുത്തുന്നു. അദ്ദേഹം എഴുതുന്നു: "നമ്മുടെ കൂട പ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ ആത്മരക്ഷയ്ക്കായി സർവേശ്വരൻ ഈ സഭയെ സ്ഥാപിക്കുവാൻ തിരുമനസ്സായിരിക്കുന്നു."[1] മറ്റൊരിടത്ത് അദ്ദേഹം പറയുന്നു: "സ്നേഹിക്കപ്പെട്ട കൂടപ്പിറപ്പുകളേ, നമ്മുടെ ഈ വിനീത സമൂഹം മനുഷ്യർ സ്ഥാപിച്ചതല്ല; പിന്നെയോ തമ്പുരാൻ തന്നെ ഇതിനെ എത്ര അത്ഭുതകരമായ വിധത്തിൽ സ്ഥാപിക്കുകയും നടത്തു കയും വളർത്തുകയും ചെയ്തു എന്നതിന് നിങ്ങൾതന്നെ സാക്ഷികളാ ണല്ലോ."[2] ഈ വാക്കുകളിൽ ദർശന വീടിനെക്കുറിച്ചുള്ള ചാവറ പിതാ വിന്റെ വിശ്വാസം വ്യക്തമാണ്. ഒരു കൂദാശ ദൈവത്തിന്റെ പ്രവർത്തന മായിരിക്കുന്നതുപോലെ, ദർശനവീടും ദൈവം തന്നെ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ഒരു ദൈവിക സംരംഭമാണ്.

ദർശനവീടിന്റെ ദൃശ്യസൗന്ദര്യവും ഈ ആത്മീയ യാഥാർഥ്യത്തിലേ ക്കാണ് വിരൽചൂണ്ടുന്നത്. അതിന്റെ കെട്ടിടങ്ങളും ആരാധനാക്രമങ്ങ ളും സമൂഹജീവിതവും നമ്മെ ആകർഷിക്കുന്നത് അവയുടെ ബാഹ്യ ഭംഗികൊണ്ടു മാത്രമല്ല; അവ അദൃശ്യമായ ഒരു മഹത്വത്തിന്റെ പ്രതിഫ ലനങ്ങളായതുകൊണ്ടാണ്. ചാവറ പിതാവ് ധ്യാനസല്ലാപങ്ങളിൽ ഇപ്ര കാരം വിസ്മയിക്കുന്നു: "ഈ പുറത്തുള്ള അലങ്കാരങ്ങളും മഹിമകളും ഈവണ്ണമായിരിക്കുമ്പോൾ അകത്തുള്ള മഹിമസന്തോഷങ്ങൾ എന്താ

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VI/5:4, 144.
[2] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VI/2:2, 129.

യിരിക്കും! ആ! നേരു തന്നെ, എന്റെ ആത്മാവേ!"[1] ഈ ബാഹ്യസൗന്ദര്യം ഒടുവിൽ വിരൽചൂണ്ടുന്നത് ആത്മാവിന്റെ ആന്തരികസൗന്ദര്യത്തിലേക്കാണ്. സന്യാസജീവിതത്തിന്റെ ലക്ഷ്യം പുറമേയുള്ള ക്രമശീലങ്ങൾ മാത്രമല്ല; ഉള്ളിൽ ക്രിസ്തുവിന്റെ സൗന്ദര്യം രൂപപ്പെടുക എന്നതാണ്. ദൈവസ്നേഹത്തിലും ബ്രഹ്മചര്യസമർപ്പണത്തിലും അനുസരണത്തിലും ആത്മാവ് ആർജിക്കുന്ന ഈ ആന്തരികപ്രഭയെയാണ് ബ്രഹ്മചര്യ ശോഭ[2] എന്നു വിളിക്കാനാവുക. ബ്രഹ്മനിൽ, അതായത് ദൈവത്തിൽ, നിരന്തരം വസിക്കുന്ന ആത്മാവിന്റെ തേജസ്സാണത്.

ആ ആത്മശോഭയാണ് ദർശന വീടിന്റെ യഥാർത്ഥ അലങ്കാരം. കെട്ടിടങ്ങളുടെ ഭംഗിയോ സ്ഥാപനങ്ങളുടെ വളർച്ചയോ അല്ല ദർശനവീടിന്റെ മഹത്വം; അവിടെ ജീവിക്കുന്ന അംഗങ്ങളുടെ വിശുദ്ധിയാണ് അതിന്റെ യഥാർത്ഥ സൗന്ദര്യം. അതുകൊണ്ടുതന്നെ ചാവറ പിതാവ് കൊവേന്തകളെക്കുറിച്ച് ഇപ്രകാരം എഴുതുന്നു: "പുണ്യത്തിന്റെ കണ്ണാടികളാകുന്നതിനുവേണ്ടി ദൈവത്താൽ സ്ഥാപിക്കപ്പെട്ടതും വിശുദ്ധരുടെ സങ്കേതങ്ങളുമായിരിക്കേണ്ടതുമാണ് ഈ കൊവേന്തകൾ."[3]

ഈ സ്ഥാപകദർശനം നമ്മുടെ ജീവിതത്തിലും യാഥാർഥ്യമാകട്ടെ. നമ്മുടെ ഓരോ സമൂഹവും സ്വർഗ്ഗത്തിന്റെ കൂദാശയായി മാറട്ടെ; നമ്മുടെ ജീവിതം അദൃശ്യമായ ദൈവമഹിമയുടെ ദൃശ്യസാക്ഷ്യമായിത്തീരട്ടെ; നമ്മുടെ വിശുദ്ധി ദർശനവീട്ടിന്റെ യഥാർത്ഥ സൗന്ദര്യമായി പ്രകാശിക്കട്ടെ. അപ്പോൾ ദർശനവീട് ഒരു ചരിത്രസ്മാരകം മാത്രമല്ല, ഭൂമിയിൽ സ്വർഗ്ഗത്തെ അനുഭവിപ്പിക്കുന്ന ജീവിക്കുന്ന കൂദാശയായി എന്നും നിലനിൽക്കും.

0.1.10. ദർശനവീട്: ഹൃദയവീട്

വി. ചാവറ പിതാവിന്റെ *ധ്യാനസല്ലാപങ്ങളിൽ* ഏറ്റവും ഹൃദയസ്പർശിയായ ചില പ്രാർത്ഥനകളിൽ ഒന്നാണ് തന്റെ ഹൃദയത്തെ ഒരു വീടായി ചിത്രീകരിക്കുന്നത്. പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധരുടെയും മാധ്യസ്ഥം അപേക്ഷിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം പ്രാർത്ഥിക്കുന്നു: "എന്റെ കർത്താവും തന്റെ മാതാവും ഈ ദിവസങ്ങളിൽ എന്റെ പാവപ്പെട്ട വീട്ടിൽ പാർക്കട്ടെ. എന്നാൽ, താൻ എഴുന്നള്ളുമ്പോൾ നഗരിയെ താൻ കണ്ടു കരഞ്ഞതുപോലെ എന്റെ ഹൃദയം എന്ന വീടിനെക്കണ്ട് കരയാതിരിക്കുവാൻ, നിങ്ങളെ എല്ലാവരുടെയും വീടുകളിൽ ഉള്ള

[1] ചാവറയച്ചൻ, *ആദ്ധ്യാത്മിക കൃതികൾ*, 17.
[2] ചാവറയച്ചൻ, *ആദ്ധ്യാത്മിക കൃതികൾ*, 42.
[3] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VI/2:2, 129.

ചമയങ്ങളായ ആഭരണങ്ങളൊക്കെയുംകൊണ്ട് ഈ പാവപ്പെട്ട വീടിനെ അലങ്കരിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു."[1] ഈ പ്രാർത്ഥനയിൽ 'വീട്' എന്നത് ഒരു കെട്ടിടമല്ല; മനുഷ്യന്റെ ഹൃദയമാണ്. ദർശനവീട് ഒടുവിൽ ഓരോ സന്യാസിയുടെയും ഹൃദയത്തിൽ പണിയപ്പെടേണ്ട ആത്മീയഭവനമാണെന്ന് ചാവറ പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു.

സംസ്കൃതത്തിലെ ഹൃദയം എന്ന പദം മനുഷ്യന്റെ ഉള്ളിലെ കേന്ദ്രത്തെയാണ് പ്രധാനമായും സൂചിപ്പിക്കുന്നത്. ഹൃദ് എന്ന മൂലപദത്തിന് 'അന്തരംഗം, മനസ്സ്, ഉള്ളറ, ആത്മീയകേന്ദ്രം' എന്നീ അർത്ഥങ്ങളുണ്ട്. അതിനാൽ ഹൃദയം ശരീരത്തിലെ ഒരു അവയവം മാത്രമല്ല; മനുഷ്യന്റെ വ്യക്തിത്വത്തിന്റെ ആഴമേറിയ കേന്ദ്രം, ചിന്തകളുടെയും വികാരങ്ങളുടെയും വിശ്വാസത്തിന്റെയും ദൈവാനുഭവത്തിന്റെയും സങ്കേതമാണ്. വിശുദ്ധ ഗ്രന്ഥവും ഈ സത്യമാണ് നമ്മെ പഠിപ്പിക്കുന്നത്. "നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ?" (1 കോറി 3:16). അതിനാൽ ഓരോ മനുഷ്യഹൃദയവും ദൈവം വസിക്കാൻ ആഗ്രഹിക്കുന്ന ഒരു വിശുദ്ധാലയമാണ്.

ഈ പശ്ചാത്തലത്തിൽ ചാവറ പിതാവിന്റെ പ്രാർത്ഥനയ്ക്ക് കൂടുതൽ ആഴം ലഭിക്കുന്നു. കർത്താവ് ജെറുസലേമിനെ കണ്ട് കരഞ്ഞതുപോലെ, തന്റെ ഹൃദയത്തെ കണ്ട് കരയേണ്ടിവരാതിരിക്കണമെന്നാണ് അദ്ദേഹം അപേക്ഷിക്കുന്നത്. തന്റെ ഹൃദയം വിശുദ്ധരുടെ വീടുകളെപ്പോലെ മനോഹരമാകട്ടെയെന്നാണ് അദ്ദേഹത്തിന്റെ ആഗ്രഹം. വിശുദ്ധരുടെ വീടുകളിലെ 'ആഭരണങ്ങൾ' എന്തൊക്കെയാണ്? അവ സ്വർണ്ണമോ വെള്ളിയോ അല്ല; വിനയം, വിശ്വാസം, സ്നേഹം, പരിശുദ്ധി, ക്ഷമ, കരുണ, അനുസരണം, ദൈവവിശ്വാസം എന്നിവയാണ്. ഈ സുവിശേഷഗുണങ്ങളാണ് ഹൃദയവീടിനെ അലങ്കരിക്കുന്ന യഥാർത്ഥ ആഭരണങ്ങൾ.

ദർശനവീട് എന്നത് മന്നാനത്തെ ഒരു ചരിത്രഭവനം മാത്രമല്ല; ഓരോ സി.എം.ഐ. അംഗത്തിന്റെയും ഹൃദയത്തിൽ അനുദിനം പണിയപ്പെടുകയും നവീകരിക്കപ്പെടുകയും ചെയ്യേണ്ട ആത്മീയഭവനമാണ്. ആ ഭവനത്തിൽ വസിക്കുന്നത് ദൈവമാണോ, അതോ സ്വാർത്ഥതയും അഹങ്കാരവും ലോകാസക്തികളുമാണോ എന്ന അടിസ്ഥാനചോദ്യമാണ് ഓരോ ധ്യാനദിനവും നമ്മുടെ മുമ്പിൽ ഉയർത്തുന്നത്. ആ ചോദ്യ

[1] ചാവറയച്ചൻ, *ആദ്ധ്യാത്മിക കൃതികൾ*, 42.

ത്തിന് നാം നൽകുന്ന ഉത്തരമാണ് നമ്മുടെ സന്യാസജീവിതത്തിന്റെ ഗുണനിലവാരത്തെയും ആത്മീയ വളർച്ചയെയും നിർണയിക്കുന്നത്.

അതിനാൽ നമ്മുടെ ഹൃദയങ്ങളെ യഥാർത്ഥ ദർശനവീടുകളാക്കിമാറ്റാം. വിശുദ്ധരുടെ ഗുണങ്ങളാൽ അവയെ അലങ്കരിക്കാം. അപ്പോൾ നമ്മുടെ ഹൃദയം ദൈവത്തിന്റെ ഭവനമാകും; നമ്മുടെ ജീവിതം ദൈവസാന്നിധ്യത്തിന്റെ സാക്ഷ്യമാകും; ദർശനവീട് ഒരു ചരിത്രസ്മാരകമായി മാത്രമല്ല, നമ്മുടെ അന്തരംഗത്തിൽ ജീവിക്കുന്ന ഒരു ആത്മീയ യാഥാർഥ്യമായി മാറുകയും ചെയ്യും.

0.1.11. ദർശനവീട്: ബി.സി.യിൽനിന്ന് എ.ഡി.യിലേക്കുള്ള യാത്ര

ചരിത്രത്തിലെ കാലഘട്ടങ്ങളെ അടയാളപ്പെടുത്താൻ നാം സാധാരണയായി രണ്ട് പദങ്ങൾ ഉപയോഗിക്കാറുണ്ട്—ബി.സി. (BC – Before Christ), എ.ഡി. (AD – Anno Domini). ബി.സി. എന്നത് 'ക്രിസ്തുവിന് മുമ്പുള്ള കാലം' എന്നും എ.ഡി. എന്നത് 'കർത്താവിന്റെ വർഷത്തിൽ' എന്നർത്ഥമുള്ള ലാറ്റിൻ പ്രയോഗവുമാണ്. ക്രിസ്തുവിന്റെ ആഗമനത്തെ കേന്ദ്രീകരിച്ച് ചരിത്രത്തെ അടയാളപ്പെടുത്തുന്നതു പോലെ, നമ്മുടെ വ്യക്തിജീവിതത്തിലും ഒരു 'ക്രിസ്തുവിന് മുമ്പ്' എന്നും ഒരു 'ക്രിസ്തുവിനോടുകൂടെ' എന്നും പറയാവുന്ന കാലമുണ്ടോ? ഇതാണ് ഈ ദർശനവീട്ടിലേക്കുള്ള നമ്മുടെ പ്രവേശനചോദ്യം.

നമ്മുടെ ജീവിതത്തിലും ചില നിമിഷങ്ങൾ ബി.സി. നിമിഷങ്ങളാണ്—ക്രിസ്തു നമ്മോടുകൂടെ ഉണ്ടായിരുന്നില്ല എന്നതുകൊണ്ടല്ല, മറിച്ച്, ക്രിസ്തു നമ്മോടുകൂടെ ഉണ്ടായിരുന്നിട്ടും അവിടുത്തെ സാന്നിധ്യം തിരിച്ചറിയാതെ നാം ജീവിച്ച നിമിഷങ്ങൾ. ഞാൻ പ്രാർത്ഥിച്ചു; പക്ഷേ സാന്നിധ്യം അനുഭവിച്ചില്ല. ഞാൻ സഹോദരനോടൊപ്പം ജീവിച്ചു; പക്ഷേ ആ സഹോദരനിൽ ക്രിസ്തുവിനെ കണ്ടില്ല. ഞാൻ ജോലി ചെയ്തു; പക്ഷേ എന്റെ ജോലിയിൽ കർത്താവിന്റെ സാന്നിധ്യം തിരിച്ചറിഞ്ഞില്ല. ഞാൻ ഭക്ഷിച്ചു; വിശ്രമിച്ചു; സംസാരിച്ചു; ചിരിച്ചു; വേദനിച്ചു—എന്നാൽ ഇവയിലൊന്നിലും 'കർത്താവ് എന്നോടുകൂടെ' എന്ന ഇമ്മാനുവേൽ അനുഭവം ഉണ്ടായില്ല. അങ്ങനെയുള്ള നിമിഷങ്ങളാണ് നമ്മുടെ ജീവിതത്തിലെ ബി.സി. നിമിഷങ്ങൾ.

എന്നാൽ ചില നിമിഷങ്ങളിൽ നമ്മുടെ ജീവിതത്തിൽ എന്തോ ഒരു ദൈവികമായ മാറ്റം സംഭവിക്കുന്നു. 'കർത്താവ് എന്നോടുകൂടെ' എന്ന ബോധം ഹൃദയത്തിൽ ഉണരുന്നു. അപ്പോൾ പ്രാർത്ഥന വെറും ഒരു കർത്തവ്യമല്ലാതാകുന്നു—അത് ഒരു കൂടിക്കാഴ്ചയായി മാറുന്നു. സഹോദരൻ വെറും സഹവാസിയല്ലാതാകുന്നു—അവനിൽ ക്രിസ്തുവിനെ

കാണാൻ നാം തുടങ്ങുന്നു. ഭക്ഷണം വെറും വിശപ്പടക്കാനുള്ളതല്ലാതാകുന്നു—അത് ദൈവത്തിന്റെ സമ്മാനമായി അനുഭവപ്പെടുന്നു. ജോലി വെറും ഉത്തരവാദിത്വമല്ലാതാകുന്നു—അത് ദൈവത്തിനുള്ള സമർപ്പണമായി മാറുന്നു. സ്വന്തം മുറി വെറും വിശ്രമസ്ഥലമല്ലാതാകുന്നു—അത് ദൈവസാന്നിധ്യം അനുഭവിക്കുന്ന ഇടമായി മാറുന്നു. അങ്ങനെ, ക്രിസ്തുവിന്റെ സാന്നിധ്യം തിരിച്ചറിയുന്ന ഓരോ നിമിഷവും നമ്മുടെ ജീവിതത്തിലെ ഒരു എ.ഡി. നിമിഷമായി മാറുന്നു—Anno Domini, 'കർത്താവിന്റെ വർഷത്തിൽ' എന്ന അനുഭവത്തിലേക്ക് നമ്മുടെ ജീവിതം പ്രവേശിക്കുന്നു.

ബി.സി.യിൽ നിന്ന് എ.ഡി.യിലേക്കുള്ള ഈ യാത്രയാണ് യഥാർത്ഥത്തിൽ ആത്മീയ നവീകരണത്തിന്റെ യാത്ര. ക്രിസ്തുവിന്റെ സാന്നിധ്യം തിരിച്ചറിയാതെ ജീവിക്കുന്നതിൽ നിന്ന്, ജീവിതത്തിന്റെ ഓരോ നിമിഷത്തിലും 'കർത്താവ് എന്നോടുകൂടെ' എന്ന ഇമ്മാനുവേൽ അനുഭവത്തിലേക്ക് വളരുന്ന യാത്ര. അതുകൊണ്ട്, ഈ ദർശനവീട്ടിലെ നമ്മുടെ ധ്യാനം ഒരു വീടിന്റെ വിവിധ മുറികളെക്കുറിച്ചുള്ള ധ്യാനം മാത്രമല്ല. നമ്മുടെ ജീവിതത്തിന്റെ വിവിധ ഇടങ്ങളിൽ ക്രിസ്തുവിന്റെ സാന്നിധ്യം വീണ്ടും കണ്ടെത്താനുള്ള ആത്മീയ യാത്രയാണ്.

വീട്ടിലെ ഓരോ മുറിയും നമ്മുടെ ജീവിതത്തിന്റെ ഓരോ തലങ്ങളിലേക്കും തുറക്കുന്ന ഒരു വാതിലായി മാറുന്നു. അതുകൊണ്ടുതന്നെ, ഈ ദിവസങ്ങളിൽ നാം വീട്ടിലെ ഓരോ മുറിയിലും പ്രവേശിക്കുമ്പോൾ ഒരു ചോദ്യം സ്വയം ചോദിക്കാം: "ഈ മുറി എന്റെ ജീവിതത്തിൽ ബി.സി. യാണോ, എ.ഡി.യാണോ?" അതിഥിമുറിയിൽ, ഞാൻ എന്റെ വാതിൽക്കൽ എത്തുന്നവനിൽ ക്രിസ്തുവിനെ തിരിച്ചറിയുകയും അവനെ ക്രിസ്തുവിനെപ്പോലെ സ്വീകരിക്കുകയും ചെയ്യുന്നുണ്ടോ? പ്രാർത്ഥനാമുറിയിൽ, ഞാൻ ദൈവത്തോട് ഹൃദയം തുറന്ന് സംസാരിക്കുന്നുണ്ടോ, അതോ വെറും പ്രാർത്ഥനകൾ ചൊല്ലിത്തീർക്കുകയാണോ? പഠനമുറിയിൽ, ഞാൻ അറിവ് മാത്രമാണോ അന്വേഷിക്കുന്നത്, അതോ എല്ലാ സത്യത്തിന്റെയും ഉറവിടമായ ക്രിസ്തുവിനെയാണോ അന്വേഷിക്കുന്നത്? സ്വന്തം മുറിയിൽ, മറ്റുള്ളവരുടെ കണ്ണുകളിൽനിന്ന് അകന്ന്, ഞാൻ യഥാർത്ഥത്തിൽ ആരാണ്? അവിടെ, എന്റെ ഏറ്റവും സ്വകാര്യമായ നിമിഷങ്ങളിലും, ക്രിസ്തു എന്നോടുകൂടെയുണ്ടോ? ഊട്ടുമുറിയിലും അടുക്കളയിലും അടുക്കളത്തോട്ടത്തിലും, ദൈവം നൽകുന്ന അന്നത്തിലും, നമ്മുടെ അധ്വാനത്തിലും, പരസ്പര പങ്കുവെക്കലിലും, ഞാൻ കർത്താവിന്റെ സാന്നിധ്യം തിരിച്ചറിയുന്നുണ്ടോ?

അങ്ങനെ നോക്കുമ്പോൾ, ദർശനവീട് ക്രിസ്തുവിന്റെ സാന്നിധ്യം കാണാൻ പഠിക്കുന്ന ഒരു ആത്മീയ ഭവനമാണ്. ഇവിടെ നാം മുറികളെ കാണുകയല്ല; മുറികളിലൂടെ നമ്മുടെ ജീവിതത്തെ കാണുകയാണ്. പുറമേയുള്ള വീടിനെ ദർശിക്കുന്നതിനിടയിൽ, ഉള്ളിലെ വീടിനെ കണ്ടെത്തുകയാണ്.

വിശുദ്ധ കുർബാന ഈ അനുഭവത്തിന്റെ ഏറ്റവും ആഴമേറിയ അടയാളമാണ്. ബലിപീഠത്തിൽ സമർപ്പിക്കപ്പെടുന്ന അപ്പം ഒരു സാധാരണ അപ്പമാണ്. എന്നാൽ കൂദാശാവചനത്തിലൂടെ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ, അത് ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിധ്യമായി മാറുന്നു. അതുകൊണ്ട്, നമ്മുടെ ധ്യാനത്തിന് ഒരു മനോഹരമായ ഉപമ ഇവിടെ കണ്ടെത്താം. കൂദാശയ്ക്ക് മുമ്പുള്ള അപ്പം—ക്രിസ്തുവിന്റെ സാന്നിധ്യം ഇനിയും കൂദാശാത്മകമായി വെളിപ്പെട്ടിട്ടില്ലാത്ത ഒരു നിമിഷം. കൂദാശയ്ക്ക് ശേഷം—'കർത്താവ് ഇവിടെയുണ്ട്' എന്ന സാന്നിധ്യത്തിന്റെ നിമിഷം. ഇതുപോലെ തന്നെയല്ലേ നമ്മുടെ ജീവിതവും? ക്രിസ്തുവിന്റെ സാന്നിധ്യം തിരിച്ചറിയാത്ത നിമിഷങ്ങൾ—നമ്മുടെ ജീവിതത്തിലെ ബി.സി. നിമിഷങ്ങൾ. 'കർത്താവ് എന്നോടുകൂടെ' എന്ന് തിരിച്ചറിഞ്ഞ നിമിഷങ്ങൾ—നമ്മുടെ ജീവിതത്തിലെ എ.ഡി. നിമിഷങ്ങൾ. ക്രിസ്തു എപ്പോഴും നമ്മോടുകൂടെയുണ്ട്. പ്രശ്നം അവിടുന്ന് നമ്മോടുകൂടെ ഉണ്ടോ എന്നതല്ല; നാം അവിടുത്തെ സാന്നിധ്യത്തിൽ ജീവിക്കുന്നുണ്ടോ എന്നതാണ്. ഇതാണ് ഇമ്മാനുവേൽ—'ദൈവം നമ്മോടുകൂടെ.'

പ്രിയ സഹോദരങ്ങളേ, ഈ ധ്യാനം നമ്മെ ഒരു പുതിയ കെട്ടിടത്തിലേക്ക് കൊണ്ടുപോകുന്നില്ല. നാം ദിവസവും ജീവിക്കുന്ന അതേ ഭവനത്തിലേക്ക്, എന്നാൽ പുതിയ കണ്ണുകളോടെ, നമ്മെ തിരികെ കൊണ്ടുപോകുകയാണ്. നമ്മുടെ ആശ്രമം മാറണമെന്നില്ല. മാറേണ്ടത് നമ്മുടെ ദർശനമാണ്. അതുകൊണ്ടാണ് ഇതിന് ദർശനവീട് എന്ന് പറയുന്നത്. ഈ ദിവസങ്ങളിൽ നാം വീട്ടിലെ ഓരോ മുറിയിലേക്കും കടക്കുമ്പോൾ, ഒരു കെട്ടിടത്തിന്റെ മുറിയിലേക്ക് മാത്രമല്ല കടക്കുന്നത്; നമ്മുടെ ജീവിതത്തിന്റെ ഓരോ തലത്തിലേക്കാണ് നാം പ്രവേശിക്കുന്നത്. അവിടെ നമുക്ക് ചോദിക്കാം: എന്റെ ജീവിതത്തിലെ ഏത് ഭാഗമാണ് ഇപ്പോഴും ബി.സി.? എവിടെയാണ് ഞാൻ ക്രിസ്തുവിന്റെ സാന്നിധ്യം നഷ്ടപ്പെടുത്തിയത്? എവിടെയാണ് എന്റെ ജീവിതം യഥാർത്ഥത്തിൽ എ.ഡി.—കർത്താവിന്റെ വർഷമായി—മാറിയത്?

ഈ ദർശനവീടിനെക്കുറിച്ചുള്ള ഈ ധ്യാനം നമ്മുടെ ജീവിതത്തിലെ ഒരു പുതിയ കാലത്തിന്റെ തുടക്കമാകട്ടെ—ബി.സി.യിൽ നിന്ന് എ.ഡി.യിലേക്കുള്ള യാത്രയുടെ തുടക്കം; ക്രിസ്തുവിനെക്കുറിച്ച് അറിയുന്നതിൽ

നിന്ന് ക്രിസ്തുവിനോടുകൂടെ ജീവിക്കുന്നതിലേക്കുള്ള യാത്ര; ഒരു വീടിനെ കാണുന്നതിൽ നിന്ന് ആ വീടിനുള്ളിൽ വസിക്കുന്ന കർത്താവിനെ കാണുന്നതിലേക്കുള്ള യാത്ര.

(സമാപന പ്രാർത്ഥന)

കർത്താവേ, എന്റെ ഹൃദയം ഒരു പാവപ്പെട്ട വീടാണ്. എങ്കിലും, അങ്ങയുടെ അളവറ്റ കരുണയാൽ അതിൽ വന്ന് വസിക്കണമേ. എന്റെ ഹൃദയവീടിനെ ശുദ്ധീകരിക്കണമേ. ലോകത്തിന്റെ പൊടിയും അഴുക്കും നീക്കി, അങ്ങയുടെ സാന്നിധ്യത്തിന് യോഗ്യമായ ഒരു വിശുദ്ധാലയമായി അതിനെ രൂപാന്തരപ്പെടുത്തണമേ. സ്ഥാപക പിതാക്കന്മാരുടെ ജീവിതത്തെ അലങ്കരിച്ച വിനയം, സ്നേഹം, ക്ഷമ, വിശ്വാസം, അനുസരണം, ദൈവഭക്തി എന്നീ സുവിശേഷഗുണങ്ങളാൽ എന്റെ ഹൃദയവീടിനെയും അലങ്കരിക്കണമേ. അങ്ങയെ കാണുമ്പോൾ സന്തോഷിക്കുന്ന ഒരു ഹൃദയവും, അങ്ങയുടെ ഹിതം നിറവേറ്റാൻ സന്നദ്ധമായ ഒരു മനസ്സും എനിക്കു ദാനമായി നൽകണമേ.

കർത്താവേ, എന്റെ ജീവിതത്തിലെ ബി.സി. നിമിഷങ്ങളെ എ.ഡി. നിമിഷങ്ങളാക്കി മാറ്റണമേ. അങ്ങയുടെ സാന്നിധ്യം തിരിച്ചറിയാതെ ഞാൻ ജീവിച്ച ഇടങ്ങളിലേക്കെല്ലാം അങ്ങയുടെ വെളിച്ചം കൊണ്ടു വരണമേ. ആശ്രമത്തിലെ സന്ദർശനമുറിയിലും, പ്രാർത്ഥനാമുറിയിലും, പഠനമുറിയിലും, സ്വന്തം മുറിയിലും, ഊട്ടുമുറിയിലും, അടുക്കളയിലും, തോട്ടത്തിലും—ജീവിതത്തിന്റെ ഓരോ ഇടത്തിലും—'കർത്താവ് എന്നോടുകൂടെ' എന്ന ഇമ്മാനുവേൽ അനുഭവം നൽകണമേ.

കർത്താവേ, അങ്ങ് എന്റെ ഹൃദയത്തിൽ വസിക്കുന്നതിലൂടെ അതൊരു യഥാർത്ഥ ദർശനവീടായി മാറട്ടെ. എന്റെ ജീവിതം മുഴുവൻ അങ്ങയുടെ സാന്നിധ്യം വെളിപ്പെടുത്തുന്ന ഒരു വിശുദ്ധസ്ഥലവും, അങ്ങയുടെ സ്നേഹത്തിന്റെ ജീവനുള്ള സാക്ഷ്യവുമായി തീരുവാൻ എന്നെ അനുഗ്രഹിക്കണമേ.

പരിശുദ്ധ കന്യകാമറിയമേ, വി. യൗസേപ്പിതാവേ, വി. ചാവറ പിതാവേ, ഞങ്ങളുടെ സ്ഥാപക പിതാക്കന്മാരേ, ഈ ധ്യാനദിനങ്ങളിൽ ഞങ്ങൾക്കുവേണ്ടി നിരന്തരം ഈശോയുടെ സന്നിധിയിൽ മാധ്യസ്ഥ്യം വഹിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും. ആമ്മേൻ.

1
ഒന്നാം ദിവസം: സ്വീകരണമുറി

1.0
വചനസന്ദേശം

(വിശുദ്ധ കുർബാനയ്ക്കുള്ള വചന വായനകൾ)

ലേഖനം: റോമാ 12:9–18

സുവിശേഷം: മത്താ 25:31-40

1.0.1. ദരിദ്ര ദേവോ ഭവ!

“എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തുതന്നത്” (മത്താ 25:40).

നമ്മുടെ ധ്യാനത്തിന്റെ ആദ്യദിനമായ ഇന്ന് സ്വീകരണമുറിയെക്കുറിച്ചും അവിടെ നടക്കുന്ന അതിഥിസൽക്കാരത്തെക്കുറിച്ചുമാണ് നാം ധ്യാനിക്കുന്നത്. “അതിഥി ദേവോ ഭവ”—ഉപനിഷത്തുകളുടെ ഈ മഹത്തായ ആഹ്വാനം ഭാരതീയ ആത്മീയതയുടെ ഹൃദയമിടിപ്പാണ് (തൈത്തിരീയോപനിഷത്ത് 1.11.2). വീട്ടിൽ കടന്നുവരുന്ന അതിഥിയെ ദൈവത്തിന്റെ പ്രതിനിധിയായി കണ്ട് ആദരിക്കുകയും സേവിക്കുകയും ചെയ്യുക എന്നത് നമ്മുടെ സംസ്കാരത്തിന്റെ ആത്മാവാണ്.

ആധുനിക കാലഘട്ടത്തിൽ സ്വാമി വിവേകാനന്ദൻ “ദരിദ്ര ദേവോ ഭവ!” എന്ന സന്ദേശം കൂട്ടിച്ചേർത്തുകൊണ്ട്, “അതിഥി ദേവോ ഭവ” എന്ന ഉപനിഷദ് ചിന്തയ്ക്ക് കൂടുതൽ ആഴവും വ്യാപ്തിയും നൽകി. ഇത് ഒരു സാമൂഹിക മുദ്രാവാക്യം മാത്രമല്ല; ആത്മീയമായ ഒരു വിപ്ലവമാണ്. അതിഥിയിൽ ദൈവസാന്നിധ്യം കാണുന്നതുപോലെ തന്നെ ദരിദ്രനിലും ദൈവസാന്നിധ്യം തിരിച്ചറിയാൻ നമുക്ക് കഴിയണം.

വിവേകാനന്ദന്റെ "ദരിദ്ര ദേവോ ഭവ" എന്ന വാക്കുകൾ നമ്മുടെ സമൂഹത്തിന്റെ കണ്ണുകൾ തുറക്കുന്നു. അതിഥിയെ ആദരിക്കാൻ നമുക്ക് എളുപ്പമാണ്; എന്നാൽ ദരിദ്രനെ ദൈവമായി കാണാൻ നാം എത്രത്തോളം തയ്യാറാണ്? ദരിദ്രൻ പലപ്പോഴും നമ്മുടെ വാതിലിൽ നിൽക്കുന്നത് സഹായം തേടിയാണ്. എന്നാൽ വിവേകാനന്ദൻ നമ്മെ ഓർമ്മിപ്പിക്കുന്നത്, അവൻ സഹായം തേടുന്ന ഒരാൾ മാത്രമല്ല; ദൈവസാന്നിധ്യത്തിന്റെ സാക്ഷികൂടിയാണ് എന്നതാണ്. ദരിദ്രന്റെ കൈകളിൽ ദൈവത്തിന്റെ യാചനയുണ്ട്; അവന്റെ കണ്ണുകളിൽ മനുഷ്യകുലത്തിന്റെ വേദന പ്രതിഫലിക്കുന്നു. ആരാധനാലയങ്ങളിൽ മാത്രമല്ല, മനുഷ്യസേവനത്തിലുമാണ് ആത്മീയത പൂർത്തിയാകുന്നത്. വിശക്കുന്നവന് അപ്പം നൽകുമ്പോൾ നാം ഒരു ദാനം ചെയ്യുക മാത്രമല്ല, ദൈവത്തെ തന്നെ സേവിക്കുകയാണ്.

"അതിഥി ദേവോ ഭവ" നമ്മെ വീടിന്റെ വാതിലുകൾ തുറക്കാൻ പഠിപ്പിക്കുന്നു; "ദരിദ്ര ദേവോ ഭവ" നമ്മുടെ ഹൃദയങ്ങളുടെ വാതിലുകൾ തുറക്കാനും പഠിപ്പിക്കുന്നു. നഗരവൽക്കരണവും വ്യക്തികേന്ദ്രീകൃത ജീവിതരീതികളും മനുഷ്യരെ പരസ്പരം അകറ്റുന്ന ഈ കാലഘട്ടത്തിൽ, ഈ രണ്ട് ആഹ്വാനങ്ങളും നമ്മെ ആത്മപരിശോധനയ്ക്ക് ക്ഷണിക്കുന്നു: നമ്മുടെ വീടുകൾ അതിഥികൾക്കായി തുറന്നിട്ടുണ്ടോ? നമ്മുടെ ഹൃദയങ്ങൾ ദരിദ്രരോടുള്ള കരുണയാൽ നിറഞ്ഞിട്ടുണ്ടോ? നാം കാണുന്നത് ഒരു മനുഷ്യനെയാണോ, അതോ അവനിലുള്ള ദൈവിക സാന്നിധ്യത്തെയാണോ? ഈ ചോദ്യങ്ങൾക്ക് നമ്മുടെ ജീവിതംകൊണ്ട് ഉത്തരം നൽകുമ്പോഴാണ് "അതിഥി ദേവോ ഭവ"യും ദരിദ്ര ദേവോ ഭവ"യും വെറും ആശയങ്ങളാകാതെ, ജീവിക്കുന്ന ആത്മീയതയായി മാറുന്നത്.

1.0.2. "അതിഥിസൽക്കാരത്തിൽ തൽപരരാകുവിൻ"

നാം ശ്രവിച്ച ആദ്യവായനയിൽ റോമാക്കാർക്കുള്ള ലേഖനത്തിൽ പൗലോസ് ശ്ലീഹാ ആഹ്വാനം ചെയ്യുന്നു: "അതിഥിസൽക്കാരത്തിൽ തൽപരരാകുവിൻ" (റോമാ 12:13).

ഇവിടെ 'അതിഥിസൽക്കാരം' എന്ന് വിവർത്തനം ചെയ്തിരിക്കുന്ന ഗ്രീക്ക് പദം *philoxenia* ആണ്. അതിന്റെ അക്ഷരാർഥം 'അപരിചിതരെ സ്നേഹിക്കുക' എന്നാണ്. *Philo* (സ്നേഹം) എന്ന പദവും *xenos* (അപരിചിതൻ/അന്യൻ) എന്ന പദവും ചേർന്നാണ് *philoxenia* രൂപപ്പെട്ടിരിക്കുന്നത്. അതിനാൽ, ക്രൈസ്തവ അതിഥിസൽക്കാരം ബന്ധുക്കളെയും സുഹൃത്തുക്കളെയും സ്വീകരിക്കുന്നതിൽ മാത്രം ഒതുങ്ങുന്നതല്ല;

പരിചയമില്ലാത്തവരെയും അന്യരെയും സ്നേഹപൂർവം സ്വീകരിക്കുന്ന തുകൂടിയാണ്.

ബൈബിൾ പഠിപ്പിക്കുന്ന അതിഥിസൽക്കാരം ഒരു സാമൂഹിക മര്യാദ മാത്രമല്ല; അത് ആത്മീയമായ ഒരു ജീവിതശൈലിയാണ്. നമ്മുടെ സൗകര്യപരിധികൾ ഭേദിച്ച് ഹൃദയം തുറക്കാനുള്ള ദൈവവിളിയാണത്. ഭിന്നതകളും ഭയങ്ങളും മനുഷ്യർക്കിടയിൽ മതിലുകൾ പണിയുന്ന ലോകത്തിൽ *philoxenia* കൂട്ടായ്മയുടെ ഒരു മേശ ഒരുക്കുന്നു. അന്യൻ സഹോദരനായി മാറുന്ന നിമിഷമാണ് യഥാർത്ഥ അതിഥിസൽക്കാരം.

"അതിഥിസൽക്കാരത്തിൽ തൽപരരാകുവിൻ" എന്ന പൗലോസ് ശ്ലീഹായുടെ ആഹ്വാനം ക്രൈസ്തവ ജീവിതത്തിന്റെ അനിവാര്യമായ ഒരു ശൈലിയാണ്. പരിചയമില്ലാത്തവൻ അയൽക്കാരനാകുകയും, അയൽക്കാരൻ സഹോദരനാകുകയും ചെയ്യുന്ന സുവിശേഷപരമായ ജീവിത പരിവർത്തനത്തിലേക്കാണ് അത് നമ്മെ നയിക്കുന്നത്.

ദൈവത്തിന്റെ ഛായ ഓരോ മനുഷ്യന്റെയും ഉള്ളിൽ മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നു. നമ്മുടെ വാതിൽ തട്ടുന്ന ഓരോ വ്യക്തിയും ദൈവകൃപയുടെ ഒരു അവസരമാണ്. അപരിചിതനെ സ്വീകരിക്കുമ്പോൾ നാം ക്രിസ്തുവിനെ തന്നെയാണ് സ്വീകരിക്കുന്നത്. നമ്മുടെ വിരുന്നുകാരൻ ക്ഷീണിതനോ, മുറിവേറ്റവനോ, ജീവിതത്തിന്റെ അർത്ഥം അന്വേഷിക്കുന്നവനോ ആയിരിക്കാം. അവരെ സ്നേഹത്തോടെ ശുശ്രൂഷിക്കുമ്പോൾ നാം കർത്താവിനെ തന്നെയാണ് സേവിക്കുന്നത്. അങ്ങനെ യഥാർത്ഥ ക്രൈസ്തവ അതിഥിസൽക്കാരം ദൈവസ്നേഹത്തിന്റെ ദൃശ്യസാക്ഷ്യമായി മാറുന്നു.

റോമാക്കാർക്കുള്ള ലേഖനത്തിലെ ഈ തിരുവചനം നമ്മെ വിശാലമായ ഒരു സ്നേഹത്തിലേക്ക് ക്ഷണിക്കുന്നു. ക്രിസ്തുവിൽ പുതുക്കപ്പെട്ട ജീവിതത്തിന്റെ രൂപരേഖയാണ് അത്. ആ ജീവിതത്തിൽ *philoxenia* വിപ്ലവാത്മകമായ സ്നേഹത്തിന്റെ അടയാളമാണ്. ഒരിക്കൽ ദൈവത്തിന് അന്യരായിരുന്ന നമ്മെ ക്രിസ്തു സ്വീകരിച്ചതുപോലെ, നാം അന്യരെ സ്നേഹിക്കുമ്പോൾ ദൈവഹൃദയത്തെയാണ് ലോകത്തിനു വെളിപ്പെടുത്തുന്നത്. നമ്മുടെ ആശ്രമങ്ങളും കുടുംബങ്ങളും ഹൃദയങ്ങളും *philoxenia*-യുടെ ആത്മാവിൽ രൂപപ്പെടുമ്പോൾ, അവ ക്രിസ്തു ഓരോ മനുഷ്യനെയും സ്വാഗതം ചെയ്യുന്ന വിശുദ്ധ ഇടങ്ങളായി മാറും.

1.0.3. കാരുണ്യത്തിന്റെ സഭ

നാം ശ്രവിച്ച സുവിശേഷഭാഗം ഈ സന്ദേശത്തെ കൂടുതൽ വ്യക്തമായി ഉറപ്പിക്കുന്നു. യേശു പറയുന്നു: "ഞാൻ പരദേശിയായിരുന്നു; നിങ്ങളെന്നെ സ്വീകരിച്ചു. എനിക്ക് വിശന്നു; നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്ക് ദാഹിച്ചു; നിങ്ങൾ കുടിക്കാൻ തന്നു" (മത്താ 25:35). ഈ വചനങ്ങളിലൂടെ യേശു സമൂഹത്തിലെ ഏറ്റവും എളിയവരോടും അവഗണിക്കപ്പെട്ടവരോടും തന്നെ താദാത്മ്യപ്പെടുത്തുന്നു. അതുകൊണ്ടുതന്നെയാണ് കത്തോലിക്കാ സഭ ആദിമകാലം മുതൽ കാരുണ്യപ്രവർത്തനങ്ങൾക്ക് പരമപ്രാധാന്യം നൽകിയത്. പൊതുസമൂഹം കത്തോലിക്കാ സഭയെ കാരുണ്യത്തിന്റെ സഭയായി അംഗീകരിച്ചിരുന്നതും നാം മറക്കരുത്.

ഈ യാഥാർഥ്യം പ്രശസ്ത മലയാള കവയിത്രി സുഗതകുമാരി 2020-ൽ *യോഗനാദം* മാസികയിൽ പ്രസിദ്ധീകരിച്ച ഒരു കത്തിൽ ഹൃദയസ്പർശിയായി വിവരിക്കുന്നുണ്ട്. ആതുരശുശ്രൂഷ, വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ, മാനസികരോഗികളുടെ സംരക്ഷണം, ഭിന്നശേഷിക്കാരുടെ പരിപാലനം, തെരുവുകുട്ടികളുടെ പുനരധിവാസം, എയ്ഡ്സ് രോഗികളുടെ ശുശ്രൂഷ—ഇങ്ങനെ സമൂഹം പലപ്പോഴും അവഗണിച്ച മേഖലകളിൽ ക്രൈസ്തവ സന്യാസസമൂഹങ്ങളും സ്ഥാപനങ്ങളും നിർവഹിച്ച നിസ്വാർത്ഥ സേവനത്തെ അവർ പ്രത്യേകം അഭിനന്ദിക്കുന്നു:

"ഏറ്റവും ഭാഗ്യപ്പെട്ടവർക്കു വേണ്ടിയുള്ള സേവനങ്ങളെ പറ്റിയാണ് ഞാൻ പറഞ്ഞത്. എൻ.എസ്.എസും, എസ്.എൻ.ഡി.പി. യോഗവും അതായത് ഹിന്ദുക്കൾ ആതുരസേവനരംഗത്ത് ക്രിസ്ത്യാനിയെ കണ്ടുപഠിക്കട്ടെ എന്ന് ഞാൻ പറഞ്ഞു. അതിനുള്ള കാരണങ്ങൾ ഇവയാണ്. മഹാരോഗികൾ സേവനം തേടി വിളിക്കുമ്പോൾ അവരെ കിടത്തി ശുശ്രൂഷിക്കുവാനും തേച്ചു കഴുകുവാനും മല മൂത്രങ്ങളെടുക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും നമുക്കിടങ്ങൾ ഉണ്ടോ, മദർ തെരേസായുടെയും മറ്റും സ്ഥാപനങ്ങൾ അല്ലാതെ? മക്കൾ തള്ളിക്കളഞ്ഞവരും ദരിദ്രരും അവശരുമായ വൃദ്ധമാതാപിതാക്കൾ ഇടം തേടി വരുമ്പോൾ എങ്ങോട്ട് പറഞ്ഞയക്കണം, അച്ചന്മാരുടെ വൃദ്ധ മന്ദിരങ്ങളിലേക്ക് അല്ലാതെ? ഭ്രാന്തു പിടിച്ച അലയുന്ന വീട്ടിൽ നിന്നും നാട്ടിൽ നിന്നും പുറന്തള്ളപ്പെട്ട ഭാഗ്യദോഷികളെ നോക്കാൻ ആരുണ്ട്, ക്രിസ്തീയ സ്ഥാപനങ്ങൾ അല്ലാതെ? അനാഥരായ കുട്ടികൾ പ്രത്യേകിച്ച് പെൺകുട്ടികൾ മുന്നിൽ വന്നു കൈ നീട്ടുമ്പോൾ അവരെ കൈപിടിച്ച് ഏൽപ്പിക്കുവാൻ നമുക്ക് ആവശ്യത്തിനു സ്ഥാപനങ്ങൾ ഉണ്ടോ, കോൺവെൻറ്റുകളല്ലാതെ? അയൽനാട്ടുകളിൽ നിന്ന് പാവപ്പെട്ട കുട്ടികളെ കേരള

ത്തിൽ പ്രത്യേകിച്ച് കൊച്ചിയിൽ കൊണ്ടു വന്നു വിൽക്കാറുണ്ട്. അവർ തെരുവിൽ ഭിക്ഷാടനം ചെയ്തും, മോഷണം നടത്തിയും, പോക്കറ്റടിക്കാനും, ശരീരം വിൽക്കാനും പരിശീലിക്കപ്പെട്ട് അലയുന്നു. നമ്മുടെ മാന്യന്മാർ അവരെ വിലക്കു വാങ്ങി ഉപയോഗിക്കുന്നു. പോലീസിന്റെ പിടിയിലാവുന്ന ഇത്തരം നൂറുകണക്കിന് കുട്ടികളുണ്ട്; അധികവും ആന്ധ്ര തമിഴ്നാട് പ്രദേശങ്ങളിൽ നിന്നുള്ളവർ. ഇവരെ ഏറ്റെടുത്തു രക്ഷിക്കുന്നത്, ഇവർക്കുവേണ്ടി കേസ് നടത്തുന്നത്, കോടതിയെ സഹായിക്കുന്നത് ആര്, ചൈൽഡ് ലൈൻ, ഡോൺ ബോസ്കോ മുതലായ ക്രിസ്തീയ സംഘടനകൾ അല്ലാതെ? എയ്ഡ്സ് രോഗികൾക്കും കുട്ടികൾക്കും ഒരു ശരണ കേന്ദ്രം ഒരുക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ, ബിഷപ്പ് തിരുമേനിമാർക്കും അച്ചന്മാർക്കും അല്ലാതെ? അംഗവൈകല്യമുള്ള കുട്ടികൾക്കും, ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും, കണ്ണില്ലാത്തവർക്കും വേണ്ടിയുള്ള സ്ഥാപനങ്ങൾ നമുക്കുണ്ടോ, ക്രിസ്ത്യാനികൾക്കല്ലാതെ? സംരക്ഷിച്ചു പോന്ന ഒറ്റ മകൾ മരിച്ചു, അനാഥാവസ്ഥയിൽ ആയ ഓർമ്മ നശിച്ച ഒരു 85 കഴിഞ്ഞ അമ്മയ്ക്കു വേണ്ടി ഞാനിപ്പോൾ ഇടം തേടി നടക്കുകയാണ്; ആർക്കും സൗകര്യമില്ല, സിസ്റ്റർമാർ നടത്തുന്ന സ്ഥാപനങ്ങൾ അല്ലാതെ. സമർപ്പിതർ എല്ലാ നാട്ടിലും അധിക്ഷേപത്തിന് ഇരയാകുന്നുണ്ട്. എന്നാൽ, അതിനെപ്രതി പരാതിപ്പെടാതെ സമർപ്പിതർ എല്ലാ നാട്ടിലും ശുശ്രൂഷ തുടരുന്നു എന്നതാണ് വാസ്തവം."

ഈ സേവനജീവിതത്തിന്റെ അടിസ്ഥാനമാണ് യേശുവിന്റെ സുവിശേഷം. അവിടുന്ന് പറയുന്നു: "നീ ഒരു സദ്യയോ അത്താഴ വിരുന്നോ കൊടുക്കുമ്പോൾ നിന്റെ സുഹൃത്തുക്കളെയും സഹോദരന്മാരെയും ബന്ധുക്കളെയും സമ്പന്നരായ അയൽക്കാരെയും മാത്രം വിളിക്കരുത്... ദരിദ്രരെയും വികലാംഗരെയും മുടന്തരെയും അന്ധരെയും ക്ഷണിക്കുക. അപ്പോൾ നീ ഭാഗ്യവാനായിരിക്കും" (ലൂക്കാ 14:12–14). മനുഷ്യബന്ധങ്ങൾ പലപ്പോഴും പ്രത്യുപകാരത്തിന്റെ കണക്കുകൂട്ടലിൽ ഒതുങ്ങുമ്പോൾ, യേശു ആ ചിന്തയെ തലകീഴായി മാറ്റുന്നു. തിരിച്ചുവിളിക്കാൻ കഴിയുന്നവരെ മാത്രമല്ല, തിരിച്ചുനൽകാൻ കഴിയാത്തവരെയും സ്നേഹത്തോടെ സ്വീകരിക്കുവാനാണ് അവിടുന്ന് ക്ഷണിക്കുന്നത്. യേശു സുഹൃത്തുക്കളെ വിരുന്നിരുത്തരുത് എന്നു പറയുന്നില്ല; എന്നാൽ അതിൽ മാത്രം ഒതുങ്ങരുത് എന്നാണ് പഠിപ്പിക്കുന്നത്. ദരിദ്രരും ഭിന്നശേഷിക്കാരും അവശരുമായവർ സമൂഹത്തിൽ പലപ്പോഴും അവഗണിക്കപ്പെടുന്നവരാണ്. അവരെ നമ്മുടെ മേശയിലേക്ക് ക്ഷണിക്കുമ്പോൾ നാം ഒരു വിരുന്ന് മാത്രമല്ല ഒരുക്കുന്നത്; ദൈവരാജ്യത്തിന്റെ ദൃശ്യരൂപം

തന്നെ വെളിപ്പെടുത്തുകയാണ്. ക്രൈസ്തവ അതിഥിസൽക്കാരം ഭൂമിയിലെ പ്രശംസയ്ക്കുവേണ്ടിയല്ല, ദൈവത്തിന്റെ അംഗീകാരത്തിനുവേണ്ടിയാണ്. അപരിചിതനെയും ദരിദ്രനെയും സ്വാഗതം ചെയ്യുമ്പോൾ നാം ഒരു മനുഷ്യനെ മാത്രമല്ല, ദൈവഹൃദയത്തെയാണ് നമ്മുടെ ഭവനത്തിലേക്ക് സ്വാഗതം ചെയ്യുന്നത്.

"അതിഥി ദേവോ ഭവ" എന്ന ഉപനിഷത്തുകളുടെ ആഹ്വാനവും "ദരിദ്ര ദേവോ ഭവ" എന്ന സ്വാമി വിവേകാനന്ദന്റെ സന്ദേശവും ഓരോ മനുഷ്യനിലും ദൈവസാന്നിധ്യം ദർശിക്കുവാൻ നമ്മെ പഠിപ്പിക്കുന്നു. അങ്ങനെ അവ നമ്മുടെ ആത്മീയതയെയും സാമൂഹിക ഉത്തരവാദിത്വത്തെയും പരസ്പരം അഭേദ്യമായി സമന്വയിപ്പിക്കുന്നു. സുവിശേഷം ഈ സത്യത്തിന് പൂർണ്ണത നൽകുന്നു. ദൈവം ദേവാലയത്തിൽ മാത്രം വസിക്കുന്നവനല്ല; നമ്മുടെ വാതിൽ തട്ടുന്ന അതിഥിയിലും വഴിയരികിൽ സഹായം തേടുന്ന ദരിദ്രനിലും അവിടുന്ന് സന്നിഹിതനാണ്.

ഈ സത്യത്തിന്റെ ജീവിക്കുന്ന സാക്ഷ്യമായിരുന്നു വി. മദർ തെരേസ. "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തുതന്നത്" (മത്താ 25:40) എന്ന യേശുവിന്റെ വചനം അവരുടെ ജീവിതത്തെ പരിവർത്തനം ചെയ്തു. ഇന്ന് ഇതേ തിരുവചനം നാം ധ്യാനവിഷയമാക്കുമ്പോൾ, അത് നമ്മുടെ ഹൃദയങ്ങളെയും പരിവർത്തനം ചെയ്യട്ടെ. അതിഥിയെ ദൈവത്തിന്റെ ദാനമായും ദരിദ്രനെ ക്രിസ്തുവിന്റെ മുഖമായും കാണുന്ന കൃപ ദൈവം നമുക്കെല്ലാവർക്കും നൽകട്ടെ.

1.1
സ്വീകരണമുറി: വിശുദ്ധഗ്രന്ഥ ധ്യാനം

(ആമുഖ പ്രാർത്ഥന)

സ്നേഹപിതാവായ ദൈവമേ, ഞങ്ങളുടെ ഹൃദയങ്ങളെ അങ്ങേക്ക് യോഗ്യമായ ഒരു അതിഥിമുറിയായി ഒരുക്കണമേ. വിശുദ്ധ കുർബാന യിൽ ഞങ്ങളുടെ മദ്ധ്യേ വന്നു വസിക്കുന്ന ഈശോയേ, അങ്ങയെ സ്നേഹത്തോടും ഭക്തിയോടുംകൂടെ സ്വാഗതം ചെയ്യാൻ ഞങ്ങളെ പഠി പ്പിക്കണമേ. അതുവഴി, ഞങ്ങളുടെ വാതിൽക്കൽ എത്തുന്ന ഓരോ അതിഥിയിലും അങ്ങയുടെ സാന്നിധ്യം തിരിച്ചറിയാനും അവരെ സ്നേ ഹപൂർവം സ്വീകരിക്കാനും ഞങ്ങൾക്ക് കൃപ നൽകണമേ.

പരിശുദ്ധാത്മാവേ, ഞങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുകയും സ്വാർ ത്ഥതയും നിസ്സംഗതയും അകറ്റുകയും ചെയ്യണമേ. സ്നേഹത്തിന്റെ യും കരുണയുടെയും ആത്മാവിനാൽ ഞങ്ങളെ നിറച്ച്, ഞങ്ങളുടെ അതിഥിസൽക്കാരം ദൈവസ്നേഹത്തിന്റെ ജീവനുള്ള സാക്ഷ്യമായി മാറ്റണമേ.

ഞങ്ങളുടെ ഭവനങ്ങളും ആശ്രമങ്ങളും എല്ലാവർക്കും സ്വാഗതവും സമാധാനവും പ്രത്യാശയും അനുഭവപ്പെടുന്ന വിശുദ്ധ ഇടങ്ങളാകട്ടെ. ഓരോ മനുഷ്യനിലും ക്രിസ്തുവിന്റെ മുഖം ദർശിക്കാനും അവരെ സേ വിക്കുന്നതിലൂടെ അങ്ങയെ തന്നെ സേവിക്കാനുമുള്ള കൃപ ഞങ്ങൾ ക്ക് നൽകണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർ വ്വേശ്വരാ എന്നേക്കും. ആമ്മേൻ.

(വചന വായന: 2 രാജാ 4:8-17)

“ഒരിക്കൽ എലീഷാ ഷൂനേമിൽ ചെന്നപ്പോൾ ഒരു ധനിക അവനെ ഭക്ഷ ണത്തിനു ക്ഷണിച്ചു. ആ വഴി കടന്നുപോകുമ്പോഴെല്ലാം അവൻ ഭക്ഷ ണത്തിന് ആ വീട്ടിൽ ചെല്ലുക പതിവായി. അവൾ ഭർത്താവിനോട് പറ ഞ്ഞു: ഇതിലെ പോകാറുള്ള ആ മനുഷ്യൻ ഒരു ദൈവപുരുഷനാണ്. നമുക്കു മട്ടുപ്പാവിൽ ചെറിയ ഒരു മുറിയുണ്ടാക്കി അതിൽ കിടക്കയും മേശയും കസേരയും വിളക്കും വെക്കാം. വരുമ്പോഴൊക്കെ അവന് അവിടെ വിശ്രമിക്കാമല്ലോ. ഒരിക്കൽ അവൻ അവിടെ വിശ്രമിക്കുകയാ യിരുന്നു. ഷൂനേംകാരിയെ വിളിക്കാൻ അവൻ തന്റെ ഭൃത്യൻ ഗഹസി

യോടു പറഞ്ഞു. അവൻ വിളിച്ചപ്പോൾ അവൾ വന്നു മുൻപിൽ നിന്നു. എലീഷാ ഭൃത്യനോടു പറഞ്ഞു: അവളോടുപറയുക, നീ ഞങ്ങൾക്കു വേണ്ടി എത്ര ബുദ്ധിമുട്ടി. ഞങ്ങൾ എന്താണ് നിനക്ക് വേണ്ടി ചെയ്യേണ്ടത്? രാജാവിനോടോ സൈന്യാധിപനോടോ ശുപാർശ ചെയ്യണമോ? അവൾ പറഞ്ഞു: ഞാൻ വസിക്കുന്നത് എന്റെ ജനത്തിന്റെ കൂടെയാണ്. എലീഷാ പറഞ്ഞു: അവൾക്കുവേണ്ടി എന്താണ് ചെയ്യേണ്ടത്? ഗഹസി പറഞ്ഞു: അവൾക്കു മക്കളില്ല, ഭർത്താവ് വൃദ്ധനുമാണ്. അവൻ പറഞ്ഞു: അവളെ വിളിക്കുക. വിളിച്ചപ്പോൾ അവൾ വാതിൽക്കൽ വന്നു നിന്നു. എലീഷാ പറഞ്ഞു: അടുത്തവർഷം ഈ സമയത്ത് നീ ഒരു പുത്രനെ താലോലിക്കും. അവൾ പറഞ്ഞു: ഇല്ല, ദൈവപുരുഷാ, പ്രഭോ, ഈ ദാസിയോട് വ്യാജം പറയരുത്. എലീഷാ പറഞ്ഞതുപോലെ അവൾ ഗർഭം ധരിച്ച് അടുത്ത വസന്തത്തിൽ ഏകദേശം ആ സമയത്ത് ഒരു പുത്രനെ പ്രസവിച്ചു."

(ധ്യാനവിചിന്തനം)

1.1.1. "അതിഥി ക്രിസ്തോ ഭവ"

"അതിഥി ദേവോ ഭവ" എന്ന ഭാരതീയ ആത്മീയ ദർശനത്തോട് ഏറെ ചേർന്നുനിൽക്കുന്ന നിരവധി സംഭവങ്ങൾ വിശുദ്ധഗ്രന്ഥത്തിൽ കാണാം. പല സന്ദർഭങ്ങളിലും ദൈവം അതിഥിയായി മനുഷ്യന്റെ ഭവനത്തിലേക്ക് കടന്നുവരുന്നു; മറ്റുചില സന്ദർഭങ്ങളിൽ അതിഥിയെ സ്വീകരിക്കുന്നത് ദൈവത്തെത്തന്നെ സ്വീകരിക്കുന്ന ആത്മീയ അനുഭവമാണെന്ന് തിരുവചനം പഠിപ്പിക്കുന്നു.

ഉത്പത്തി പുസ്തകത്തിൽ മാമ്രേയിലെ ഓക്കുമരങ്ങൾക്കരികിൽ അബ്രാഹം മൂന്ന് അപരിചിതരെ സ്നേഹപൂർവം സ്വീകരിക്കുന്നു. പിന്നീട് അവരുടെ വരവ് കർത്താവിന്റെ സന്ദർശനമാണെന്ന് വെളിപ്പെടുന്നു (ഉത്പ 18:1–15). അതുപോലെ, ലോത്ത് രണ്ട് ദൈവദൂതന്മാരെ തന്റെ ഭവനത്തിലേക്ക് സ്വീകരിച്ച് സംരക്ഷിക്കുന്നു (ഉത്പ 19:1–3). ഈ സംഭവങ്ങൾ അതിഥിസൽക്കാരം വെറും സാമൂഹിക കടമയല്ലെന്നും, ദൈവത്തോടുള്ള വിശ്വസ്തതയുടെ പ്രകടനമാണെന്നും വെളിപ്പെടുത്തുന്നു.

പുതിയ നിയമത്തിൽ ഈ സത്യം പൂർണത പ്രാപിക്കുന്നു. യേശു സ്വയം പ്രഖ്യാപിക്കുന്നു: "ഞാൻ പരദേശിയായിരുന്നു; നിങ്ങൾ എന്നെ സ്വീകരിച്ചു" (മത്താ 25:35). അപരിചിതനെ സ്വീകരിക്കുന്നത് ക്രിസ്തുവിനെത്തന്നെ സ്വീകരിക്കുന്നതിന് തുല്യമാണെന്ന് ഈ വചനം വ്യക്തമാക്കുന്നു. അതിനാൽ ക്രൈസ്തവ ദർശനത്തിൽ "അതിഥി ദേവോ ഭവ" എന്നത് "അതിഥി ക്രിസ്തോ ഭവ" എന്ന സുവിശേഷസത്യമായി മാറുന്നു.

ഉത്ഥാനത്തിനുശേഷം എമ്മാവൂസിലേക്ക് യാത്രചെയ്യുന്ന രണ്ട് ശിഷ്യന്മാരുടെ കൂടെ യേശു അപരിചിതനായൊരു യാത്രക്കാരനായി ചേരുന്നു. അവർ അപേക്ഷിക്കുന്നു: "ഞങ്ങളോടുകൂടെ താമസിക്കണമേ." അവിടുന്ന് അവരുടെ വീട്ടിൽ പ്രവേശിക്കുന്നു. അപ്പം മുറിച്ച നിമിഷം അവരുടെ കണ്ണുകൾ തുറക്കപ്പെടുകയും അവർ കർത്താവിനെ തിരിച്ചറിയുകയും ചെയ്യുന്നു (ലൂക്കാ 24:28–31). അതിഥിസൽക്കാരത്തിലൂടെ ക്രിസ്തുവിനെ തിരിച്ചറിയുന്ന ഈ അനുഭവം ഓരോ ക്രൈസ്തവ ഭവനത്തിന്റെയും മാതൃകയാണ്.

സക്കേവൂസിന്റെ ഭവനത്തിലും ഇതേ സത്യം നാം കാണുന്നു. യേശു പറയുന്നു: "ഇന്ന് എനിക്ക് നിന്റെ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു" (ലൂക്കാ 19:5). ക്രിസ്തുവിനെ സ്വീകരിച്ച ആ ഭവനത്തിലേക്ക് രക്ഷ പ്രവേശിച്ചു. വെളിപാടിന്റെ പുസ്തകത്തിലും ഇതേ ക്ഷണം മുഴങ്ങുന്നു: "ഇതാ, ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു" (വെളി 3:20). ദൈവം ഒരിക്കലും ബലമായി പ്രവേശിക്കുന്നില്ല. അവിടുന്ന് ക്ഷണത്തിനായി കാത്തിരിക്കുന്നു. അതുകൊണ്ട് ക്രൈസ്തവ അതിഥിസൽക്കാരം ആദ്യം ക്രിസ്തുവിനായി ഹൃദയത്തിന്റെ വാതിൽ തുറക്കുകയും, തുടർന്ന് ഓരോ മനുഷ്യനെയും ക്രിസ്തുവിന്റെ മുഖമായി സ്വീകരിക്കുകയും ചെയ്യുന്ന ആത്മീയ ജീവിതമാണ്.

1.1.2. ഷൂനേം സ്ത്രീ: അതിഥിസൽക്കാരത്തിന്റെ മാതൃക

അതിഥിയെ ദൈവസാന്നിധ്യമായി സ്വീകരിക്കുന്നതിന്റെ മനോഹരമായ പഴയനിയമ മാതൃകയാണ് ഷൂനേം സ്ത്രീയുടെ ജീവിതം (2 രാജാ 4:8–17). അവളുടെ ജീവിതത്തിൽ മൂന്ന് ആത്മീയ ഘട്ടങ്ങൾ വ്യക്തമായി കാണാം: തിരിച്ചറിവ്, ഒരുക്കം, അനുഗ്രഹം.

1) തിരിച്ചറിവ്: ആദ്യം അവൾ എലീഷാവിനെ ഭക്ഷണത്തിനായി ക്ഷണിച്ചു. എന്നാൽ പിന്നീട് ആത്മീയ ദർശനത്തോടെ അവൾ പറഞ്ഞു: "ഇതു വഴി കടന്നുപോകുന്ന ഈ മനുഷ്യൻ ഒരു വിശുദ്ധ ദൈവപുരുഷനാണെന്ന് എനിക്ക് മനസ്സിലാകുന്നു" (2 രാജാ 4:9). ഈ തിരിച്ചറിവാണ് അതിഥിസൽക്കാരത്തിന്റെ ആത്മാവ്. അത്തരം തിരിച്ചറിവില്ലാത്ത സ്വീകരണം സാമൂഹിക മര്യാദയായി മാത്രമേ നിലനിൽക്കൂ. എന്നാൽ ദൈവസാന്നിധ്യം തിരിച്ചറിയുന്ന സ്വീകരണം വിശുദ്ധമായ പങ്കാളിത്തമായി മാറുന്നു.

2) ഒരുക്കം: ഷൂനേം സ്ത്രീ പറഞ്ഞു: "നമുക്ക് അദ്ദേഹത്തിനുവേണ്ടി ഒരു ചെറിയ മുകളിലെ മുറി ഒരുക്കാം." ഇത് ഒരു മുറി പണിയൽ മാത്രമായിരുന്നില്ല; ദൈവത്തിനായി സ്ഥലം ഒരുക്കാനുള്ള ആത്മീയ പ്രതിജ്ഞ

യായിരുന്നു. നമ്മുടെ ഹൃദയത്തിലും ക്രിസ്തുവിനായി ഒരു മുറി നാം ഒരുക്കിയിട്ടുണ്ടോ? ഒരു മുറി പണിയാൻ സമയവും ത്യാഗവും സ്നേഹവും ആവശ്യമാണ്. ഷൂനേം സ്ത്രീ ഒരുക്കിയ നാല് വസ്തുക്കൾ വിശുദ്ധ കുർബാനയുടെ വെളിച്ചത്തിൽ ധ്യാനിക്കുമ്പോൾ അവയ്ക്ക് ആഴമേറിയ ആത്മീയ അർത്ഥങ്ങൾ ലഭിക്കുന്നു.

a) കിടക്ക—വിശ്രമിക്കാൻ കഴിയുന്ന ക്രിസ്തുസൗഹൃദ ഹൃദയം.

b) മേശ—അൾത്താരയോടും വിശുദ്ധ കുർബാനയോടും ചേർന്ന ജീവിതം.

c) ഇരിപ്പിടം—ക്രിസ്തുവിന് നമ്മെ പഠിപ്പിക്കാനും നയിക്കാനും നൽകുന്ന സ്ഥാനം.

d) വിളക്ക്—വിശ്വാസത്തിന്റെ പ്രകാശവും ദൈവസാന്നിധ്യത്തിന്റെ നിരന്തര ബോധവും.

ഇവ ഇല്ലെങ്കിൽ അതിഥിസൽക്കാരം പുറമേയുള്ള ഒരു പ്രവൃത്തിയായി മാത്രം മാറും. ക്രിസ്തുവിന് ഹൃദയത്തിൽ സ്ഥലം നൽകുന്നവരുടെ അതിഥിസൽക്കാരം ഒരു സാമൂഹിക ശീലമല്ല; ദൈവദർശനത്തിന്റെ ഫലമാണ്. മുറി പണിയുന്നത് മാത്രം പോരാ; വാതിലും തുറക്കണം. ദൈവം ബലമായി പ്രവേശിക്കുന്നില്ല. അവിടുന്ന് ക്ഷണിക്കപ്പെടണം. അവിടുത്തെ നമ്മുടെ ഹൃദയത്തിന്റെ മുകളിലെ മുറിയിലേക്ക് നയിക്കാം. അവിടുന്ന് അവിടെ വസിക്കുമ്പോഴാണ് നമ്മുടെ ശുശ്രൂഷയും അതിഥിസൽക്കാരവും യഥാർത്ഥത്തിൽ ആരംഭിക്കുന്നത്.

3) അനുഗ്രഹം: ദൈവത്തെ സ്വീകരിക്കുന്നവന് ഒരിക്കലും ഒന്നും നഷ്ടപ്പെടുന്നില്ല. ഷൂനേം സ്ത്രീക്ക് സന്താനമില്ലായിരുന്നു. അവൾ ഒന്നും ആവശ്യപ്പെട്ടില്ല. എങ്കിലും എലീഷാ പറഞ്ഞു: "അടുത്ത വർഷം ഇതേ സമയത്ത് നിന്റെ കൈകളിൽ ഒരു പുത്രൻ ഉണ്ടായിരിക്കും." തിരുവചനം സാക്ഷ്യപ്പെടുത്തുന്നു: "എലീഷാ പറഞ്ഞതുപോലെ അവൾ ഗർഭം ധരിച്ച് അടുത്ത വസന്തത്തിൽ ഒരു പുത്രനെ പ്രസവിച്ചു" (2 രാജാ 4:17).

അതുപോലെതന്നെ അബ്രാഹവും അതിഥിസൽക്കാരത്തിലൂടെ ദൈവത്തിന്റെ വാഗ്ദാനം സ്വീകരിച്ചു:"വസന്തകാലത്ത് ഞാൻ തീർച്ചയായും തിരികെ വരും; അപ്പോൾ നിന്റെ ഭാര്യ സാറായ്ക്ക് ഒരു മകനുണ്ടായിരിക്കും" (ഉത്പ 18:10). ദൈവത്തെ സ്വീകരിക്കുന്നവരുടെ ജീവിതത്തിലെ ശൂന്യതകൾ ദൈവം നിറയ്ക്കുന്നു. പലപ്പോഴും നാം ചോദിക്കാത്ത അനുഗ്രഹങ്ങൾ പോലും അവിടുന്ന് നൽകുന്നു.

ഷൂനേം സ്ത്രീയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് ഇതാണ്: ആദ്യം ഹൃദയം ഒരുക്കുക; പിന്നെ ലോകത്തെ സ്വീകരിക്കുക. ആദ്യം ക്രിസ്തുവിന് മുറി പണിയുക; അപ്പോൾ ഓരോ അതിഥിയിലും അവിടുത്തെ മുഖം തിരിച്ചറിയാൻ നമുക്ക് കഴിയും. അപ്പോഴാണ് നമ്മുടെ അതിഥി സൽക്കാരം ഒരു ദൈവാനുഭവമായി മാറുന്നത്. "അതിഥി ക്രിസ്തോ ഭവ" എന്ന സുവിശേഷസത്യം നമ്മുടെ ജീവിതത്തിൽ സാക്ഷാത്കരിക്കപ്പെടുന്നതും അപ്പോഴാണ്.

1.1.3. വാ + ഇതിലെ = വാതിൽ

'വാ + ഇതിലെ = വാതിൽ' എന്നത് നമ്മുടെ സഭാംഗമായ പെപ്പിൻ അച്ചന്റെ മനോഹരമായ ഒരു ഭാഷാശ്ലേഷമാണ്. അദ്ദേഹത്തിന്റെ വ്യാഖ്യാന പ്രകാരം, വാ + ഇതിലെ = വാതിൽ, മതി + ഇതിലെ = മതിൽ. വാതിൽ ക്ഷണിക്കുന്നു; മതിൽ അതിരിടുന്നു. മനുഷ്യജീവിതത്തിലും ഈ രണ്ടിനുമിടയിലെ തിരഞ്ഞെടുപ്പാണ് നിർണായകം. ഒരു വീടിന്റെ ഏറ്റവും മനോഹരമായ മുറികളിലൊന്നാണ് അതിഥിമുറി. കാരണം, അത് ഒരു വീടിന്റെ ഹൃദയത്തെ തുറന്നുകാണിക്കുന്ന മുറിയാണ്. ഒരു വീടിന്റെ വാതിൽ തുറക്കുമ്പോൾ അതിന്റെ ഉള്ളിലെ സ്നേഹവും കരുണയും അനുഭവിക്കാൻ കഴിയുന്ന ഇടമാണ് അതിഥിമുറി.

അപ്പസ്തോലപ്രവർത്തനങ്ങളിൽ നാം കാണുന്ന നല്ല ആതിഥേയത്വത്തിന്റെ ഉത്തമ മാതൃകയാണ് ലീദ്യാ. അവൾ ദൈവവചനം കേട്ടപ്പോൾ അവളുടെ ഹൃദയം തുറന്നു. വിശ്വാസത്തിന്റെ സ്പർശം അവളുടെ ജീവിതത്തെ മാറ്റിമറിച്ചു. ദൈവാനുഭവം ലഭിച്ചതിന്റെ ആദ്യഫലം എന്തായിരുന്നു? അവൾ തന്റെ വീട് തുറന്നു. അവൾ പൗലോസിനെയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരെയും ക്ഷണിച്ചു: "നിങ്ങൾ എന്നെ കർത്താവിൽ വിശ്വസിക്കുന്നവളായി കരുതുന്നുവെങ്കിൽ, എന്റെ വീട്ടിൽ വന്ന് താമസിക്കൂ" (അപ്പ 16:15). അതെ, ദൈവത്തെ യഥാർത്ഥത്തിൽ അനുഭവിച്ച ഹൃദയം ഒരിക്കലും അടഞ്ഞുകിടക്കുകയില്ല. ദൈവം ഹൃദയത്തെ സ്പർശിക്കുമ്പോൾ ആ ഹൃദയം മറ്റുള്ളവർക്ക് അഭയം നൽകുന്ന ഒരു ഭവനമായി മാറുന്നു. ദൈവസ്നേഹം ഹൃദയത്തിൽ നിറയുമ്പോൾ അത് സ്വാഭാവികമായി പുറത്തേക്ക് ഒഴുകും. അത് മറ്റുള്ളവരെ സ്വാഗതം ചെയ്യുകയും ആശ്വസിപ്പിക്കുകയും ചെയ്യും.

നമ്മുടെ സമൂഹത്തിൽ പലപ്പോഴും വീടുകൾ വലുതാകുന്നു, മുറികൾ മനോഹരമാകുന്നു; പക്ഷേ ഹൃദയങ്ങൾ ചെറുതാകുന്നു. അതിഥിമുറികൾ ഉണ്ടെങ്കിലും അതിഥിസൽക്കാരം ഇല്ലാതാകുന്നു. എന്നാൽ ക്രിസ്തീയ ആത്മീയത നമ്മെ പഠിപ്പിക്കുന്നത് മറ്റൊന്നാണ്. ക്രിസ്തീയ

ജീവിതത്തിൽ അതിഥിസൽക്കാരം ഒരു ആത്മീയ വിളിയാണ്. ഓരോ മനുഷ്യനിലും ദൈവത്തിന്റെ സാന്നിധ്യം തിരിച്ചറിയാൻ പഠിക്കുന്നതാണത്.

നാം ഒരാളെ സ്വാഗതം ചെയ്യുമ്പോൾ സ്വീകരിക്കുന്നത് ആ വ്യക്തിയെ മാത്രമല്ല; ദൈവത്തെയുമാണ്. കാരണം, ഓരോ മനുഷ്യനും ദൈവത്തിന്റെ പ്രതിച്ഛായയാണ്. അതുകൊണ്ടുതന്നെ ഈ അതിഥിമുറിയിൽ നിൽക്കുമ്പോൾ നാം ഓർക്കേണ്ട ഒരു സത്യമുണ്ട്: അതിഥിസൽക്കാരം ഒരു വീടിന്റെ വാതിൽ തുറക്കുന്നതല്ല; അത് ഹൃദയത്തിന്റെ വാതിൽ തുറക്കുന്നതാണ്. ഒരു തുറന്ന ഹൃദയം ഉള്ളിടത്ത് സ്നേഹം വസിക്കും. ഒരു തുറന്ന ഹൃദയം ഉള്ളിടത്ത് സമാധാനം വസിക്കും. ഒരു തുറന്ന ഹൃദയം ഉള്ളിടത്ത് ദൈവം തന്നെ വസിക്കും. അപ്പോൾ നമ്മുടെ ജീവിതം ഒരു സാധാരണ വീട് മാത്രമായിരിക്കുകയില്ല; ദൈവം വസിക്കുന്ന ദൈവാലയമായി, മറ്റുള്ളവർക്ക് പ്രത്യാശയും ആശ്വാസവും പകരുന്ന ദർശനവീടായി അത് മാറും.

1.1.4. രാജസേവകൻ: ഹൃദയത്തിൽ തുറന്ന വിശ്വാസത്തിന്റെ മുറി

അതിഥിയെ ദൈവമായി കാണുന്ന ഭാരതീയ ആത്മീയതയുടെ മനോഹരമായ ഒരു പുതിയനിയമ ആവിഷ്കാരമാണ് യോഹ 4:43–54-ൽ രാജസേവകൻ യേശുവിനെ തന്റെ ഭവനത്തിലേക്ക് ക്ഷണിക്കുന്ന സംഭവം. രാജസേവകൻ യേശുവിനോട് അപേക്ഷിച്ചു: "കർത്താവേ, എന്റെ മകൻ മരിക്കുംമുമ്പ് വരേണമേ!" (യോഹ 4:49). 'കർത്താവേ' എന്ന അഭിസംബോധന, യേശുവിലുള്ള അവന്റെ വിശ്വാസത്തെയാണ് വെളിപ്പെടുത്തുന്നത്. യേശുവിനെ കർത്താവായും രക്ഷകനായും അംഗീകരിച്ച് തന്റെ ഭവനത്തിലേക്ക് സ്നേഹപൂർവം ക്ഷണിക്കുന്ന രാജസേവകൻ, "അതിഥി ദേവോ ഭവ" എന്ന ആശയത്തിന്റെ സുവിശേഷ മാതൃകയായി മാറുന്നു.

വി. മത്തായിയുടെ (8:5–13) സുവിശേഷത്തിലും വി. ലൂക്കായുടെ (7:1–10) സുവിശേഷത്തിലും, ചില വ്യത്യാസങ്ങളോടെ, ശതാധിപന്റെ ഭൃത്യനെ സുഖപ്പെടുത്തുന്ന ഇതേ അത്ഭുതസംഭവം വിവരിക്കുന്നുണ്ട്. ഈ മൂന്ന് സുവിശേഷഭാഗങ്ങളും ഒരുമിച്ച് വായിക്കുമ്പോൾ, ക്രിസ്തീയ അതിഥിസൽക്കാരത്തിന്റെ ആഴമേറിയ ചില മാനങ്ങൾ നമുക്ക് കൂടുതൽ വ്യക്തമായി മനസ്സിലാക്കാൻ കഴിയും.

1.1.5. അതിഥിസൽക്കാരത്തിന്റെ സാർവത്രികത

വി. മത്തായിയുടെ സുവിശേഷപ്രകാരം, മലയിൽ നിന്ന് ഇറങ്ങിവന്ന യേശു, സമൂഹം അയിത്തം കൽപ്പിച്ചിരുന്ന ഒരു കുഷ്ഠരോഗിയെ സുഖപ്പെടുത്തിയതിനുശേഷമാണ് (മത്താ 8:1–4) ശതാധിപന്റെ ഭൃത്യനെ സുഖപ്പെടുത്തുന്നത് (മത്താ 8:5–13). സമൂഹത്തിൽ അവഗണിക്കപ്പെട്ടവനും ആദരണീയനും യേശുവിന്റെ ഹൃദയത്തിൽ ഒരുപോലെ സ്ഥാനമുണ്ട്. അവിടുന്ന് ആരെയും ഒഴിവാക്കുന്നില്ല. കാരണം, അവിടുന്ന് എല്ലാവരുടെയും ദൈവമാണ്; എല്ലാവരും അവിടുത്തെ മക്കളുമാണ്.

ഭാരതീയ പാരമ്പര്യമനുസരിച്ച് ആശ്രമം എല്ലാവർക്കും ഒരു അഭയസ്ഥാനമാണ്. മനുഷ്യർക്കു മാത്രമല്ല, പക്ഷിമൃഗാദികൾക്കും അവിടെ നിർഭയമായി ജീവിക്കാം. കാളിദാസന്റെ *അഭിജ്ഞാന ശാകുന്തളം* എന്ന നാടകത്തിന്റെ ഒന്നാം അങ്കത്തിൽ കണ്വാശ്രമത്തെ വിവരിക്കുന്നിടത്ത് ഇതിന്റെ മനോഹരമായ ഒരു ചിത്രം കാണാം. ദുഷ്യന്ത മഹാരാജാവിന്റെ രഥം ആശ്രമത്തിലേക്ക് പ്രവേശിക്കുമ്പോൾ അതിന്റെ ചക്രങ്ങളുടെ ശബ്ദം പോലും അവിടെയുള്ള മാൻകുട്ടികളെ ഭയപ്പെടുത്തുന്നില്ല. അവിടെ നിലനിന്നിരുന്ന സമാധാനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും ഉത്തമ പ്രതീകമാണത്.

നമ്മുടെ ആശ്രമഭവനങ്ങളും ഇതുപോലെ എല്ലാവർക്കും അഭയസ്ഥാനങ്ങളായിത്തീരണം. ചാവറയച്ചനെപ്പോലെ മതത്തിന്റെയും ജാതിയുടെയും അതിരുകൾക്കതീതമായ മാനവികത പ്രഘോഷിച്ചുകൊണ്ട് സാർവത്രിക സാഹോദര്യത്തെ മുറുകെപ്പിടിക്കാൻ നമുക്കാകണം. പാവപ്പെട്ടവരോടും ധനികരോടും ഒരുപോലെ നമ്മുടെ വാതിലുകൾ തുറന്നിരിക്കണം. ആത്മീയവും ഭൗതികവും സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ ഏതു സഹായത്തിനും ആരെയും മടികൂടാതെ കടന്നുവരാൻ പ്രേരിപ്പിക്കുന്ന സൗഹൃദസ്വീകരണ മനോഭാവം നമ്മിലും നമ്മുടെ ഭവനങ്ങളിലും എന്നും നിലനിൽക്കണം.

യാക്കോബ് ശ്ലീഹായുടെ ഉപദേശം നമുക്ക് മറക്കാതിരിക്കാം: "എന്റെ സഹോദരരേ, മഹത്വപൂർണനായ നമ്മുടെ കർത്താവായ യേശു ക്രിസ്തുവിൽ വിശ്വസിക്കുന്ന നിങ്ങൾ പക്ഷപാതം കാണിക്കരുത്... നിങ്ങൾ പാവപ്പെട്ടവനെ അപമാനിച്ചിരിക്കുന്നു" (യാക്കോ 2:1–6). "നിങ്ങൾ പാവപ്പെട്ടവനെ അപമാനിച്ചിരിക്കുന്നു" എന്ന് നമ്മെക്കുറിച്ച് ആർക്കും ഒരിക്കലും പറയേണ്ടിവരാതിരിക്കട്ടെ.

മഹാഭാരതത്തിൽ ശ്രദ്ധേയമായ ഒരു സംഭവം വിവരിക്കുന്നുണ്ട്. പാണ്ഡവരും കൗരവരും ദ്രോണാചാര്യരുടെ കീഴിൽ അസ്ത്രവിദ്യ അഭ്യസിക്കുക

യായിരുന്നു. അപ്പോഴാണ് കർണൻ അവിടെയെത്തി തന്റെ പ്രാവീണ്യം പ്രകടിപ്പിക്കാൻ ആഗ്രഹിച്ചത്. തന്റെ ശിഷ്യരെക്കാൾ മികവുള്ളവനാണ് കർണൻ എന്ന് തിരിച്ചറിഞ്ഞ ദ്രോണാചാര്യർ, അവന്റെ ജന്മപശ്ചാത്തലം ചൂണ്ടിക്കാട്ടി പ്രവേശനം നിഷേധിച്ചു. അപ്പോൾ കർണൻ പറഞ്ഞ വാക്കുകൾ ഇന്നും പ്രസക്തമാണ്:

> സൂതോ വാ സൂതപുത്രോ വാ യോ വാ കോ വാ ഭവാമ്യഹം
> ദൈവായത്തം കുലേ ജന്മ മദായത്തം തു പൗരുഷം.

"ഞാൻ സൂതനാകട്ടെ, സൂതപുത്രനാകട്ടെ, ഞാൻ ആരായാലും എന്തായാലും, ഞാൻ ഏത് കുലത്തിൽ ജനിക്കണമെന്നത് ദൈവത്തിന്റെ തീരുമാനമാണ്; എന്നാൽ എന്റെ പൗരുഷം എന്റെ സ്വന്തം പരിശ്രമത്തിന്റെ ഫലമാണ്."

കർണൻ തന്റെ ജന്മമല്ല, തന്റെ കഴിവാണ് അംഗീകരിക്കപ്പെടേണ്ടതെന്ന് ആവശ്യപ്പെടുകയായിരുന്നു. കുലമഹിമയല്ല, വ്യക്തിയുടെ മൂല്യമാണ് നിർണായകമെന്ന് ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നു.

യേശു സമരിയാക്കാരി സ്ത്രീയോട് സംഭാഷണം ആരംഭിക്കുമ്പോൾ ആദ്യം പ്രത്യക്ഷപ്പെടുന്നത് യഹൂദരും സമരിയാക്കാരും തമ്മിൽ നിലനിന്നിരുന്ന വേർതിരിവിന്റെ മതിലാണ്. "യഹൂദരും സമരിയാക്കാരും തമ്മിൽ സമ്പർക്കമില്ലല്ലോ" (യോഹ 4:9). യഹൂദരും സമരിയാക്കാരും വാസ്തവത്തിൽ ഒരേ ഇസ്രായേൽ ജനതയുടെ സന്തതികളായിരുന്നു. സോളമൻ രാജാവിനുശേഷം രാജ്യം ഉത്തരസാമ്രാജ്യമായ ഇസ്രായേലായും ദക്ഷിണസാമ്രാജ്യമായ യൂദയായും വിഭജിക്കപ്പെട്ടു. ബി.സി. 721-ൽ അസീറിയക്കാർ ഉത്തരസാമ്രാജ്യം കീഴടക്കി അവിടെ മറ്റു ജനതകളെ കുടിയേൽപ്പിച്ചു. അതോടെ സമരിയാക്കാർ മറ്റ് ജനതകളുമായി ഇടപഴകിയെന്ന കാരണത്താൽ യഹൂദർ അവരെ അകറ്റിനിർത്തി. പിന്നീട് ബാബിലോൺ പ്രവാസത്തിനുശേഷം ജെറുസലേം ദേവാലയത്തിന്റെ പുനർനിർമാണത്തിൽ പങ്കാളികളാകാൻ സമരിയാക്കാർ ആവശ്യപ്പെട്ടെങ്കിലും യഹൂദർ അത് നിരസിച്ചു. അതിന്റെ ഫലമായി സമരിയാക്കാർ ഗരിസിം മലയിൽ സ്വന്തം ദേവാലയം പണിതു. അങ്ങനെ ഒരു ജനതയ്ക്കുള്ളിൽ തന്നെ രണ്ടു ദേവാലയങ്ങളും രണ്ടു ആരാധനാപാരമ്പര്യങ്ങളും രൂപപ്പെട്ടു.

യേശുവിന്റെ സംഭാഷണത്തിലൂടെ വേർതിരിവിന്റെ ആ മതിൽ തകർന്നുവീഴുന്നത് നാം കാണുന്നു. "ഇരുകൂട്ടരെയും അവിടുന്ന് ഒന്നിപ്പിക്കുകയും ശത്രുതയുടെ മതിൽ തകർക്കുകയും ചെയ്തു" (എഫേ 2:14).

യേശു മനുഷ്യർക്കിടയിൽ വേർതിരിവിന്റെ മതിലുകളല്ല, ബന്ധത്തിന്റെ പാലങ്ങളാണ് പണിയുന്നത്. നമ്മുടെ ജീവിതവും അങ്ങനെ ആയിരിക്കണം. വേർതിരിവിന്റെ മതിലുകൾ ഉയർത്തുന്നവരല്ല, സാഹോദര്യത്തിന്റെ പാലങ്ങൾ പണിയുന്നവരായിരിക്കണം നാം. അതാണ് യഥാർഥ ക്രിസ്തീയ അതിഥിസൽക്കാരത്തിന്റെ സാർവത്രികത.

1.1.6. ഗലീലിയരുടെ അടഞ്ഞ വാതിലുകൾ

സ്വാഗതം ചെയ്യാതെ സ്വാഗതം ചെയ്യുക എന്നത് ഒരു വലിയ വിരോധാഭാസമാണ്. അത്തരമൊരു വിരോധാഭാസമാണ് യോഹന്നാൻ 4:44–45-ൽ നാം കാണുന്നത്. "പ്രവാചകൻ സ്വന്തം നാട്ടിൽ ബഹുമാനിക്കപ്പെടുന്നില്ല" (യോഹ 4:44) എന്ന് യേശു തന്നെ സാക്ഷ്യപ്പെടുത്തിയിരുന്നു. യേശു ഗലീലിയിലെ നസ്രത്തിൽ നിന്നുള്ള പ്രവാചകനാണെന്ന് ജനങ്ങൾ തിരിച്ചറിഞ്ഞിരുന്നു (മത്താ 21:11). എന്നാൽ ആ പ്രവാചകൻ സ്വന്തം നാട്ടിലെത്തിയപ്പോൾ ലഭിച്ചത്, യഥാർത്ഥത്തിൽ സ്വീകരിക്കാതെ യുള്ള ഒരു സ്വീകരണമായിരുന്നു.

യോഹന്നാൻ ശ്ലീഹ ആദ്യം "പ്രവാചകൻ സ്വന്തം നാട്ടിൽ ബഹുമാനിക്കപ്പെടുന്നില്ല" എന്ന് രേഖപ്പെടുത്തിയശേഷം, അടുത്ത വചനത്തിൽ "ഗലീലിയാക്കാർ അവനെ സ്വാഗതം ചെയ്തു" (യോഹ 4:45) എന്ന് പറയുന്നു. എന്നാൽ ആ സ്വീകരണത്തിന്റെ കാരണവും അദ്ദേഹം വ്യക്തമാക്കുന്നു: "തിരുനാളിൽ അവൻ ജെറുസലേമിൽ ചെയ്ത കാര്യങ്ങൾ അവർ കണ്ടിരുന്നു. അവരും തിരുനാളിന് പോയിട്ടുണ്ടായിരുന്നു" (യോഹ 4:45). വാസ്തവത്തിൽ, യേശു ഗലീലിയിലേക്ക് മടങ്ങുമ്പോൾ പ്രത്യേകമായ ഒരു ബഹുമാനവും പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ ജനങ്ങൾ അവിടുത്തെ സ്വീകരിച്ചു. പക്ഷേ, അത് ഹൃദയത്തിൽ നിന്നുയർന്ന സ്വീകരണമായിരുന്നില്ല. പുറമേ പ്രകടിപ്പിച്ച ആദരവ് അവരുടെ ഉള്ളിൽ ഉണ്ടായിരുന്നില്ല. അവർ സ്വീകരിച്ചത് അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന യേശുവിനെയാണ്; ദൈവപുത്രനായ യേശുവിനെ സ്വീകരിക്കാൻ അവർ തയ്യാറായിരുന്നില്ല.

ഇത്തരം ഉപരിപ്ലവമായ സ്വീകരണത്തിന്റെ വിവരണം യോഹന്നാന്റെ സുവിശേഷത്തിൽ പല സ്ഥലങ്ങളിലും കാണാം. "പെസഹാത്തിരുനാളിന് അവൻ ജെറുസലേമിലായിരിക്കുമ്പോൾ പ്രവർത്തിച്ച അടയാളങ്ങൾ കണ്ടു വളരെ പേർ അവന്റെ നാമത്തിൽ വിശ്വസിച്ചു. യേശു ആകട്ടെ അവരെ വിശ്വസിച്ചില്ല. കാരണം, അവൻ അവരെയെല്ലാം അറിഞ്ഞിരുന്നു. മനുഷ്യനെപ്പറ്റി ആരുടെയും സാക്ഷ്യം അവന് ആവശ്യമായിരു

ന്നില്ല; മനുഷ്യനിലുള്ളത് എന്താണെന്ന് അവൻ വ്യക്തമായി അറിഞ്ഞിരുന്നു" (യോഹ 2:23–25).

മറ്റൊരു ഉദാഹരണം ഏഴാം അധ്യായത്തിൽ കാണാം: "യഹൂദരുടെ കൂടാരത്തിരുനാൾ സമീപിച്ചിരുന്നു. അവന്റെ സഹോദരന്മാർ അവനോട് പറഞ്ഞു: 'നീ ചെയ്യുന്ന പ്രവൃത്തികൾ നിന്റെ ശിഷ്യന്മാർ കാണേണ്ടതിന് ഇവിടംവിട്ടു യൂദയായിലേക്ക് പോവുക... നീ ഇതെല്ലാം ചെയ്യുന്നെങ്കിൽ നിന്നെ ലോകത്തിന് വെളിപ്പെടുത്തുക.' അവന്റെ സഹോദരന്മാർ പോലും അവനിൽ വിശ്വസിച്ചിരുന്നില്ല" (യോഹ 7:2–5). യേശുവിന്റെ സഹോദരന്മാർ പോലും അവിടുത്തെ ഹൃദയംകൊണ്ട് സ്വീകരിക്കുകയോ അവനിൽ വിശ്വസിക്കുകയോ ചെയ്തിരുന്നില്ലെന്ന് യോഹന്നാൻ ഇവിടെ വ്യക്തമാക്കുന്നു. യേശുവിന് അത്ഭുതങ്ങൾ പ്രവർത്തിക്കാനുള്ള ശക്തിയുണ്ടെന്ന് അവർ വിശ്വസിച്ചിരുന്നു; ആ ശക്തി ലോകത്തിന്റെ മുമ്പിൽ പ്രകടമാകണമെന്നും അവർ ആഗ്രഹിച്ചു. എന്നാൽ യേശുവിനെ കർത്താവും ദൈവപുത്രനുമായി അംഗീകരിക്കുവാൻ അവർ തയ്യാറായിരുന്നില്ല. അതിനാലാണ് യോഹന്നാൻ തന്റെ സുവിശേഷത്തിന്റെ ആരംഭത്തിൽ തന്നെ പറയുന്നത്: "അവൻ സ്വജനത്തിന്റെ അടുത്തേക്കു വന്നു; എന്നാൽ, അവർ അവനെ സ്വീകരിച്ചില്ല" (യോഹ 1:11). ഈ സത്യം അദ്ദേഹം സുവിശേഷത്തിലുടനീളം വിവിധ സംഭവങ്ങളിലൂടെ വീണ്ടും വീണ്ടും വ്യക്തമാക്കുന്നു.

ഈ വചനങ്ങൾ നമ്മുടെ ജീവിതത്തെയും പരിശോധിക്കാൻ നമ്മെ ക്ഷണിക്കുന്നു. നാമും പലപ്പോഴും ആളുകളെ സ്വീകരിക്കുന്നുണ്ടെങ്കിലും, അത് ഹൃദയംകൊണ്ടുള്ള സ്വീകരണമാണോ? ചിലരെ സാഹചര്യത്തിന്റെ നിർബന്ധംകൊണ്ടും, ചിലരെ ഔപചാരികതയുടെ പേരിലും, ചിലരെ സ്വാർഥലാഭം പ്രതീക്ഷിച്ചും സ്വീകരിക്കാറില്ലേ? നമ്മുടെ വാതിലുകൾ തുറക്കുന്നതിനേക്കാൾ പ്രധാനം നമ്മുടെ ഹൃദയം തുറക്കുകയാണ്. നമുക്ക് ആത്മശോധന ചെയ്യാം. നമ്മുടെ സ്വീകരണം വെറും ഔപചാരികതയാണോ, അതോ സ്നേഹത്തിൽ നിന്നുയരുന്ന യഥാർത്ഥ ആതിഥ്യമാണോ?

1.1.7. പുത്രസഹജമായ വാത്സല്യം

യോഹന്നാന്റെ സുവിശേഷമനുസരിച്ച്, യേശു രാജസേവകന്റെ മകനെ സുഖപ്പെടുത്തി (യോഹ 4:46, 51). എന്നാൽ മത്തായിയുടെയും (8:5–13) ലൂക്കായുടെയും (7:1–10) സുവിശേഷങ്ങളിൽ, യേശു ശതാധിപന്റെ ഭൃത്യനെയാണ് സുഖപ്പെടുത്തുന്നത്. ഈ രണ്ടു സംഭവങ്ങൾ ഒരുപോലെയാണോ വ്യത്യസ്തമാണോ എന്നത് ചർച്ചാവിഷയമാണെങ്കിലും, ലൂക്കാ

യുടെ വിവരണത്തിൽ ശതാധിപന് തന്റെ ഭൃത്യനോട് ഉണ്ടായിരുന്ന അസാധാരണമായ സ്നേഹം വ്യക്തമായി കാണാം.

ലൂക്കാ രേഖപ്പെടുത്തുന്നത്: "അവൻ യജമാനന് പ്രിയങ്കരനായിരുന്നു" (ലൂക്കാ 7:2). പിന്നീട്, ഈ ഭൃത്യനെ സൂചിപ്പിക്കാൻ സുവിശേഷകൻ ഉപയോഗിക്കുന്ന ഗ്രീക്ക് പദം *പൈസ്* ആണ്. ഈ പദത്തിന് 'ഭൃത്യൻ, ബാലൻ, മകൻ' എന്നീ അർത്ഥങ്ങളുണ്ട്. അതുകൊണ്ടുതന്നെ ചില വിവർത്തകർ, "അങ്ങ് ഒരു വാക്ക് ഉച്ചരിച്ചാൽ മാത്രം മതി; എന്റെ ബാലൻ സുഖപ്പെട്ടുകൊള്ളും" (ലൂക്കാ 7:7) എന്ന രീതിയിലും ഈ വചനം വിവർത്തനം ചെയ്യുന്നു. ഇത് ശതാധിപൻ തന്റെ ഭൃത്യനെ ഒരു ജോലിക്കാരനായി മാത്രമല്ല, സ്വന്തം മകനെപ്പോലെ സ്നേഹിച്ചിരുന്നുവെന്ന സൂചനയാണ് നൽകുന്നത്. സാമൂഹിക പദവികൾക്കപ്പുറം മനുഷ്യനെ മനുഷ്യനായി കാണുകയും സ്നേഹിക്കുകയും ചെയ്ത ഒരു ഹൃദയമാണ് അവനുണ്ടായിരുന്നത്.

വൈദികരായ നമ്മെ വിശ്വാസികൾ സ്നേഹപൂർവം 'അച്ചാ' എന്നാണ് വിളിക്കുന്നത്. ആ അഭിസംബോധന ഒരു ബഹുമതിമാത്രമല്ല; അത് ഒരു ദൗത്യമാണ്. അതുകൊണ്ടുതന്നെ, ശതാധിപന്റെ ഈ പുത്രസഹജമായ വാത്സല്യം നമ്മുടെ ജീവിതത്തിലും പ്രതിഫലിക്കണം. നമ്മുടെ അടുക്കൽ വരുന്ന ഓരോ വ്യക്തിയെയും—അവരുടെ പ്രായമോ സ്ഥാനമോ സാമൂഹിക സാഹചര്യങ്ങളോ നോക്കാതെ—സ്വന്തം മക്കളെപ്പോലെ സ്നേഹിക്കാനും കരുതാനും നമുക്കാകണം. അപ്പോഴാണ് നമ്മുടെ പൗരോഹിത്യം യഥാർത്ഥ അർത്ഥത്തിൽ പിതൃത്വത്തിന്റെ മുഖം ധരിക്കുക.

1.1.8. വിനയാന്വിതനായ ശതാധിപൻ

യേശുവിന്റെ മഹത്വം തിരിച്ചറിഞ്ഞവർ തങ്ങളുടേതായ വലിപ്പക്കുറവും തിരിച്ചറിഞ്ഞിട്ടുണ്ട്. സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ ഏറ്റവും വലിയവനായി കണക്കാക്കപ്പെടുന്ന സ്നാപകയോഹന്നാനും യേശുവിന്റെ മഹത്വത്തിനു മുമ്പിൽ തന്റെ വലിപ്പക്കുറവ് തിരിച്ചറിഞ്ഞവനാണ്. ആ തിരിച്ചറിവിലാണ് അവൻ പറയുന്നത്: "എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ വലിയവനാണ്" (യോഹ 1:15). യോഹന്നാൻ തുടരുന്നു: "കാരണം, അവൻ എനിക്ക് മുമ്പേ ഉണ്ടായിരുന്നു" (യോഹ 1:15).

മാനുഷികമായി ചിന്തിച്ചാൽ ഇത് ഒരു വിരോധാഭാസം പോലെ തോന്നാം. ആരാണ് ആദ്യം ഉണ്ടായത്—യേശുവോ, സ്നാപകനോ? സുവിശേഷപ്രകാരം സ്നാപകൻ യേശുവിനെക്കാൾ ആറുമാസം മുതിർന്നവനാണ്. എന്നാൽ ഇവിടെ ഉദ്ദേശിക്കുന്നത് മനുഷ്യജന്മത്തിന്റെ ക്രമമല്ല, യേശുവിന്റെ നിത്യസ്വഭാവമാണ്. യേശു ദൈവമായതിനാൽ ആരം

ഭം മുതൽ ഉള്ളവനാണ് (യോഹ 1:1–2; 17:5, 17:24). സ്നാപകൻ മനുഷ്യനായി ജനിച്ചവൻ മാത്രമാണ്. ആ സത്യം തിരിച്ചറിഞ്ഞതുകൊണ്ടാണ് അവൻ "അവൻ എനിക്ക് മുമ്പേ ഉണ്ടായിരുന്നു" എന്ന് സാക്ഷ്യപ്പെടുത്തുന്നത്.

ഇതേ വിനയബോധം ശതാധിപന്റെയും ജീവിതത്തിൽ നാം കാണുന്നു. മനുഷ്യപരമായ കാഴ്ചപ്പാടിൽ ശതാധിപൻ സമൂഹത്തിൽ ഉയർന്ന അധികാരസ്ഥാനമുള്ളവനാണ്. അവന്റെ വാക്കുകൾ തന്നെ അത് വ്യക്തമാക്കുന്നു: "എന്റെ കീഴിലും സൈനികർ ഉണ്ട്. ഞാൻ ഒരുവനോട് പോവുക എന്നു പറയുമ്പോൾ അവൻ പോകുന്നു; മറ്റൊരുവനോട് വരിക എന്നു പറയുമ്പോൾ അവൻ വരുന്നു; എന്റെ ദാസനോട് ഇതു ചെയ്യുക എന്നു പറയുമ്പോൾ അവൻ ചെയ്യുന്നു" (ലൂക്കാ 7:8).

യേശു ജീവിച്ചിരുന്ന സാമൂഹിക സാഹചര്യത്തിൽ, മനുഷ്യപരമായി നോക്കുമ്പോൾ ശതാധിപനാണ് അധികാരമുള്ളവൻ. റോമൻ ഭരണക്രമത്തിന്റെ പ്രതിനിധിയെന്ന നിലയിൽ, അവന് യേശുവിനെ തന്റെ അടുക്കൽ വരാൻ കൽപ്പിക്കാമായിരുന്നു. എന്നാൽ അതിന് പകരം അവൻ വിനയത്തോടെ യേശുവിനെ സമീപിക്കുന്നു; തന്റെ ദാസന്റെ രോഗ സൗഖ്യത്തിനായി അപേക്ഷിക്കുന്നു. ഇവിടെ കാണുന്നത് അധികാരത്തിന്റെ പ്രകടനമല്ല, മറിച്ച് വിശ്വാസത്തിന്റെ വിനയമാണ്. യേശുവിന്റെ മുമ്പിൽ തന്റെ അധികാരവും സ്ഥാനവും അർത്ഥശൂന്യമാണെന്ന് അവൻ തിരിച്ചറിഞ്ഞിരുന്നു. യേശു ദൈവപുത്രനാണെന്ന ആന്തരിക ബോധമാണ് അവനെ നയിച്ചത്. അതിനാൽ മനുഷ്യാധികാരങ്ങളെല്ലാം ദൈവിക അധികാരത്തിനു മുമ്പിൽ നിസ്സാരമാണെന്ന വിനയബോധം അവന്റെ ജീവിതത്തിൽ തെളിഞ്ഞുനിൽക്കുന്നു.

1.1.9. മറ്റുള്ളവരുടെ ആചാരങ്ങളെ മാനിക്കുക

മറ്റുള്ളവരുടെ ആചാരങ്ങളെയും വിശ്വാസാനുഷ്ഠാനങ്ങളെയും വിലമതിച്ചിരുന്ന വ്യക്തിയാണ് ശതാധിപൻ. പ്രത്യേകിച്ച് അതിഥിയെ സ്വീകരിക്കുമ്പോൾ പാലിക്കേണ്ട ചില ആചാരബോധങ്ങൾ അദ്ദേഹം നമ്മെ ഓർമ്മിപ്പിക്കുന്നു.

യഹൂദ പാരമ്പര്യമനുസരിച്ച്, ഒരു യഹൂദൻ ഒരു വിജാതീയന്റെ ഭവനത്തിൽ പ്രവേശിച്ചാൽ അവൻ ആചാരപരമായി അശുദ്ധനായി കണക്കാക്കപ്പെടും. അതുകൊണ്ടാണല്ലോ യേശുവിന്റെ വിചാരണ സമയത്ത് നിയമജ്ഞരും ഫരിസേയരും "പെസഹാ ഭക്ഷണം അശുദ്ധമാകാതിരിക്കേണ്ടതിനാൽ പ്രത്തോറിയത്തിൽ പ്രവേശിക്കാതിരുന്നത്" (യോഹ 18:28). യാക്കോബിന്റെ കിണറ്റിനരികിൽ യേശു സമരിയാക്കാരി

യോട് വെള്ളം ചോദിക്കുമ്പോൾ, സമരിയാക്കാരി പ്രതികരിക്കുന്നതിലും ഈ അശുദ്ധിയുമായി ബന്ധപ്പെട്ട യഹൂദ പാരമ്പര്യം പ്രതിഫലിക്കുന്നു: "നീ യഹൂദനായിരിക്കെ സമരിയാക്കാരിയായ എന്നോട് കുടിക്കാൻ ചോദിക്കുന്നത് എന്ത്? യഹൂദരും സമരിയാക്കാരും തമ്മിൽ സമ്പർക്കമില്ലല്ലോ" (യോഹ 4:9–10). അപ്പസ്തോല പ്രവർത്തനങ്ങളിൽ കോർണേലിയൂസും ഇതേ സാംസ്കാരിക ഭിത്തിയെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു: "മറ്റൊരു വർഗ്ഗക്കാരനുമായി സമ്പർക്കം പുലർത്തുകയോ അവനെ സമീപിക്കുകയോ ഒരു യഹൂദന് എത്രത്തോളം നിയമ വിരുദ്ധമാണെന്ന് നിങ്ങൾക്കറിയാമല്ലോ" (അപ്പ 10:28).

ഈ പശ്ചാത്തലം മനസ്സിലാക്കിയ ശതാധിപൻ, യേശു തന്റെ വീട്ടിൽ പ്രവേശിച്ചാൽ അത് യേശുവിനേയും യഹൂദ പാരമ്പര്യപ്രകാരം അശുദ്ധനാക്കുമോ എന്ന് ആശങ്കപ്പെട്ടിരിക്കണം. അതുകൊണ്ടായിരിക്കാം, അവസാന നിമിഷത്തിൽ ഭൃത്യന്മാരെ അയച്ച് യേശുവിനെ നേരിട്ട് സമീപിക്കാതെ തന്നെ തന്റെ അപേക്ഷ അറിയിച്ചത്. ലൂക്കാ നൽകുന്ന വിവരണം പ്രകാരം, യേശു ശതാധിപന്റെ വീട്ടിനോട് സമീപിച്ചിരുന്നപ്പോൾ അവൻ സ്നേഹിതന്മാരെ അയച്ച് പറഞ്ഞു: "കർത്താവേ, അങ്ങ് ബുദ്ധിമുട്ടേണ്ടാ. അങ്ങ് എന്റെ വീട്ടിൽ പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ലെന്ന് ഞാൻ വിചാരിച്ചു. അതിനാൽ അങ്ങയെ നേരിട്ട് സമീപിക്കാൻ പോലും എനിക്ക് യോഗ്യതയില്ല. ഒരു വാക്ക് ഉച്ചരിച്ചാൽ മാത്രം മതി; എന്റെ ഭൃത്യൻ സുഖപ്പെട്ടുകൊള്ളും" (ലൂക്കാ 7:6–8). മറ്റുള്ളവരുടെ വിശ്വാസങ്ങളെയും ആചാരങ്ങളെയും ബഹുമാനിക്കുന്ന ഈ ശതാധിപന്റെ മനോഭാവം, യഥാർത്ഥ ക്രിസ്തീയ വിനയത്തിന്റെയും സ്നേഹത്തിന്റെയും ഒരു മാതൃകയായി എന്നും നമ്മുടെ മുമ്പിൽ നിലനിൽക്കുന്നു.

1.1.10. അതിഥി: 'തീയതിയില്ലാതെ വരുന്നവൻ'

'അതിഥി' എന്ന വാക്കിന് 'തീയതി ഇല്ലാതെ വരുന്നവൻ' എന്ന അർത്ഥം നൽകുന്ന ഒരു വ്യാഖ്യാനം പ്രചാരത്തിലുണ്ട്. സംസ്കൃതത്തിൽ ഒരു വാക്കിന്റെ വിരുദ്ധ അർത്ഥം സൂചിപ്പിക്കാൻ സാധാരണയായി അതി ന്റെ മുമ്പിൽ 'അ' എന്ന പ്രത്യയം ചേർക്കുന്നു. ഉദാഹരണത്തിന്, 'സത്യം' 'അസത്യം' ആകുന്നതുപോലെ, 'തീയതി' എന്ന ആശയത്തിന് മുന്നിൽ 'അ' ചേർക്കുമ്പോൾ 'അതിഥി' എന്ന രൂപം ലഭിക്കുന്നു (അ + തീയതി = അതിഥി) എന്ന് ഒരു നിരുക്തി വ്യാഖ്യാനം പറയുന്നു. അതിനാൽ വാച്യാ ർത്ഥത്തിൽ, മുൻകൂട്ടി അറിയിക്കാതെ വരുന്നവനെയാണ് അതിഥി എന്ന് പറയുന്നത്.

ഇന്നത്തെ കാലത്ത് അതിഥികൾ പലപ്പോഴും മുൻകൂട്ടി തീയതിയും സമയവും അറിയിച്ചാണ് വരുന്നത്. ഫോണും വാട്ട്സ്ആപ്പും ഇല്ലാതിരുന്ന കാലത്ത് കാര്യങ്ങൾ മുൻകൂട്ടി അറിയിക്കുക അത്ര എളുപ്പമായിരുന്നില്ല. അന്ന് "കാക്ക വിരുന്ന് വിളിക്കുന്നു" എന്നത് തന്നെ അതിഥിയുടെ വരവിന്റെ സൂചനയായി കരുതപ്പെട്ടിരുന്നു.

ജീവിതത്തിൽ യാതൊരു മുന്നറിയിപ്പുമില്ലാതെ വരുന്ന ഏക അതിഥിയാണ് മരണം. "ആ ദിവസത്തെയും മണിക്കൂറിനെയും പിതാവിന് അല്ലാതെ മറ്റാർക്കും അറിയില്ല" (മത്താ 24:36) എന്ന് യേശു നമ്മെ ഓർമ്മിപ്പിക്കുന്നു. "പ്രതീക്ഷിക്കാത്ത ദിവസത്തിലും അറിയാത്ത മണിക്കൂറിലും" (മത്താ 24:50) എത്തുന്ന അതിഥിയാണ് മരണം. ക്രൈസ്തവ പാരമ്പര്യത്തിൽ അതിനെ ആത്മീയ മണവാളന്റെ ആഗമനമായും വിശുദ്ധ ഗ്രന്ഥം ചിത്രീകരിക്കുന്നു. അതുകൊണ്ടാണ് "ജാഗരൂകരായിരിക്കുവിൻ, ആ ദിവസമോ മണിക്കൂറോ നിങ്ങൾ അറിയുന്നില്ല" (മത്താ 25:13) എന്ന മുന്നറിയിപ്പോടെ മണവാളനെ സ്വീകരിക്കാൻ പുറപ്പെട്ട പത്തു കന്യകമാരുടെ ഉപമ യേശു അവസാനിപ്പിക്കുന്നത്.

"അതിഥി ദേവോ ഭവ" എന്ന ഭാരതീയ ആത്മീയ ചിന്ത പ്രകാരം അതിഥിയെ ദൈവമായി കണക്കാക്കേണ്ടവരാണ് നാം. അതുപോലെ, മരണമെന്ന അതിഥിയെയും ഒരുക്കത്തോടെയും ആത്മീയ ജാഗ്രതയോടെയും സ്വീകരിക്കണം. ഒരു അതിഥി വാതിൽ മുട്ടുമ്പോൾ നാം സന്തോഷത്തോടെ ഓടിച്ചെന്ന് സ്വീകരിക്കുന്നതുപോലെ, മരണമെന്ന അതിഥിയെയും ആത്മീയ വിളക്കുകൾ തെളിച്ച് സന്തോഷത്തോടെ സ്വീകരിക്കാൻ നമുക്ക് കഴിയണം.

സംസ്കൃത നാടകകൃത്തായ ഭാസൻ തന്റെ *സ്വപ്നവാസവദത്ത*-യിൽ മരണത്തിന്റെ അനിവാര്യതയെ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു:

> കഃ കം ശക്തോ രക്ഷിതും മൃത്യുകാലേ?
> രജ്ജുച്ഛേദേ കഃ ഘടം ധാരയന്തി?

"മരണസമയത്ത് ആര് ആരെയാണ് രക്ഷിക്കുക? വെള്ളം കോരുമ്പോൾ കയർ പൊട്ടിയാൽ കുടം ആരാണ് താങ്ങി നിർത്തുക?"

ഈ ശ്ലോകം മനുഷ്യശക്തിയുടെ പരിമിതിയെ ഓർമ്മിപ്പിക്കുന്നു; ജീവിതത്തിന്റെ അനിശ്ചിതത്വം മനുഷ്യനെ വിനയത്തിലേക്കും ദൈവവിശ്വാസത്തിലേക്കും നയിക്കണം.

മരണത്തെക്കുറിച്ചുള്ള ജാഗ്രതയോടെ ജീവിക്കണമെന്ന് സഭാപ്രസംഗകനെ ഉദ്ധരിച്ച് ചാവറ പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു: "മേൽത്തരം

പരിമള തൈലത്തേക്കാൾ സൽപേരും, ജന്മദിനത്തേക്കാൾ മരണദിന വും ഉത്തമമാണ്…" (സഭാ. 7:1–2). മരണവീട്ടിൽ പാടുന്ന പാനയിൽ ചാവറ പിതാവ് പാടുന്നു:

> മൃത്യു ചെയ്യമെന്ന നാമം നിനക്കുമായ്
> തത്രജീവിക്കുകിൽ കിട്ടും നൂനം (199-200).

അതിനായി മരണം, വിധി, സ്വർഗം, നരകം എന്നിവ ബുദ്ധിയിലും, ഓർമ്മയിലും സദാസമയം ഉണ്ടാകണം എന്ന് ചാവറ പിതാവ് നമ്മെ ഓർമിപ്പിക്കുന്നു.

> മൃത്യുവിധിമോക്ഷം ദുർഗതിയെന്നിവ
> ധീസ്മരണയതിൽ സർവ്വനേരം (205-206).

ഇത് മനസ്സിലാക്കി ജീവിച്ചാൽ 'മരണത്തെ ജയിച്ചവൻ' എന്ന ആത്മീയ വിളി നമ്മുടെ ജീവിതത്തിലും അർത്ഥവത്താകും.

'അതിഥി' എന്ന വാക്കിന് മറ്റൊരു നിരുക്തിയും കാണപ്പെടുന്നു. 'അത്' എന്ന ധാതുവിൽ നിന്നാണ് 'അതിഥി' ഉത്ഭവിച്ചത് എന്നാണ് ചില വ്യാ ഖ്യാനങ്ങൾ പറയുന്നത്. 'സദാ യാത്ര ചെയ്യുന്നവൻ' എന്ന അർത്ഥത്തി ലാണ് അത് വ്യാഖ്യാനിക്കപ്പെടുന്നത്—"അതിഥി സതതം ഗച്ഛതി" എന്ന നിരുക്തിപ്രകാരം 'നിത്യയാത്രികൻ.' നിത്യതയെ തേടുന്ന തീർത്ഥാടകരാ യ നമുക്ക് ഭൂമിയിലെ ജീവിതം ഒരു പ്രവാസകാലമാണ് (1 പത്രോ 1:17). ഇവിടെ നമുക്ക് നിലനിൽക്കുന്ന നഗരമില്ല; വരാനിരിക്കുന്ന നഗരത്തെ യാണ് നാം അന്വേഷിക്കുന്നത് (ഹെബ്രാ 13:14). അതിനാൽ ഈ ലോക ജീവിതം അതിഥിയെപ്പോലെ താൽക്കാലികമായ യാത്രയായി ജീവിക്കേ ണ്ടതാണ്.

ഒരു കഥയിൽ, ഒരു സന്യാസിയുടെ ആശ്രമത്തിൽ എത്തിയ ഒരാൾ അവിടെ യാതൊരു സാധനസാമഗ്രികളും കാണാത്തതിൽ അത്ഭുതപ്പെ ട്ടു. അവൻ ചോദിച്ചു: "എവിടെയാണ് നിങ്ങളുടെ വസ്തുക്കൾ?" സന്യാ സി തിരിച്ച് ചോദിച്ചു: "താങ്കളുടേത് എവിടെയാണ്?" "ഞാൻ ഒരു അതി ഥിയല്ലേ ഇവിടെ," അയാൾ പറഞ്ഞു. സന്യാസി പറഞ്ഞു: "ഞാനും ഇവിടെ ഒരു അതിഥിയാണ്."

അതിഥിയായി ജീവിക്കുന്നവനാണ് യഥാർത്ഥത്തിൽ നല്ല ആതിഥേയ ൻ. ജീവിതത്തെ അതിന്റെ സമഗ്രതയിൽ കാണാൻ നമുക്ക് കഴിയണം. സിയോൻ യാത്രികരായ നമുക്ക് വിശുദ്ധ കുർബാനയാണ് ഈ യാത്ര യ്ക്ക് ആവശ്യമായ ആത്മീയ പാഥേയം.

അവസാനമായി, നല്ല സമറിയാക്കാരന്റെ ഉപമ നമ്മെ ഓർമ്മിപ്പിക്കുന്നത് ഇതാണ്: വഴിയിൽ വീണുകിടക്കുന്ന മനുഷ്യനാണ് യഥാർത്ഥത്തിൽ 'അതിഥി'—സഹായം ആവശ്യപ്പെട്ട് നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരുന്നവൻ. അവനെ തിരിച്ചറിയാത്തപക്ഷം, നാം തന്നെ ക്രിസ്തുവിനോടുള്ള അന്യരായി മാറും. അതിനാൽ, "കർത്താവായ യേശുവേ, വേഗം വരണമേ" (വെളി 22:20) എന്ന പ്രാർത്ഥനയോടെ ജാഗരൂകരായി ജീവിക്കാം.

(സമാപന പ്രാർത്ഥന)

കർത്താവായ യേശുവേ, എന്റെ ഹൃദയവാതിൽ അങ്ങേക്കായി തുറക്കുന്നു. ഷൂനേം സ്ത്രീയെപ്പോലെ ഞാൻ അങ്ങേക്കായി ഒരു മുറി ഒരുക്കുന്നു. രാജസേവകനെപ്പോലെ ഞാൻ അങ്ങയുടെ വചനത്തിൽ വിശ്വസിക്കുന്നു.

അങ്ങയുടെ വചനം എന്റെ ആത്മാവിന് ഭക്ഷണമാകട്ടെ; അങ്ങയുടെ സാന്നിധ്യം എന്റെ ജീവിതത്തിന് വെളിച്ചമാകട്ടെ. അങ്ങ് എന്റെ ഹൃദയത്തിൽ വസിക്കണമേ. എന്റെ ശൂന്യതയെ അങ്ങയുടെ അനുഗ്രഹങ്ങളാൽ നിറയ്ക്കണമേ. ആമ്മേൻ.

1.2
സ്വീകരണമുറി: ചാവറ ധ്യാനം

(ആമുഖ പ്രാർത്ഥന)

സ്നേഹനിധിയായ ഈശോയെ, ഞങ്ങളുടെ ഹൃദയങ്ങളാകുന്ന അതിഥിമുറി അങ്ങേയ്ക്കായി തുറന്നിരിക്കുന്നു. കർത്താവേ, അങ്ങാണ് ഞങ്ങളുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട അതിഥി. വിശുദ്ധ കുർബാനയിൽ ഞങ്ങളെ സന്ദർശിക്കുന്ന അങ്ങേ സാന്നിധ്യത്തെ ആഴത്തിൽ തിരിച്ചറിയുവാനും, ദിവസം മുഴുവൻ അങ്ങയെ വേണ്ടവിധം സ്വീകരിച്ചു സൽക്കരിക്കുവാനുമുള്ള കൃപ ഞങ്ങൾക്കു നൽകണമേ.

ഞങ്ങളുടെ മനസ്സ് ചിതറിപ്പോകാതിരിക്കുവാൻ സഹായിക്കണമേ. അങ്ങേ വചന ശ്രവണത്തിന് അനുയോജ്യമായ ഒരു ഹൃദയം ഞങ്ങൾക്കു നൽകണമേ. ഞങ്ങളിലുള്ള ദൈവസാന്നിധ്യത്തെ ഉണർത്തണമേ; മറ്റുള്ളവരിലുള്ള ദൈവസാന്നിധ്യത്തെ തിരിച്ചറിയാൻ ഞങ്ങളുടെ ഉൾക്കണ്ണുകൾ തുറക്കണമേ. പരിശുദ്ധാത്മാവേ, ഞങ്ങളെ നയിക്കണമേ, പ്രബോധിപ്പിക്കണമേ, വിശുദ്ധീകരിക്കണമേ. ആമ്മേൻ.

(വായന: കൈനകരിക്കാർക്ക് എഴുതിയ രണ്ടാമത്തെ കത്ത്)

ഈ രണ്ടാമത്തെ പ്രഭാഷണത്തിൽ നാം ധ്യാനിക്കുന്നത് 'അതിഥി മുറി'യെക്കുറിച്ചുള്ള വി. ചാവറ പിതാവിന്റെ ഉപദേശങ്ങളെയാണ്. പിതാവ് കൈനകരിക്കാർക്ക് എഴുതിയ കത്തിൽ നിന്നു തന്നെ നമുക്ക് അത് ആരംഭിക്കാം.

"ദൈവത്തെ പ്രതി എന്റെ വീടിനെയും ബന്ധുജനങ്ങളെയും ഉപേക്ഷിച്ചു. ഇതാ ഇന്നു ഞാൻ അരുണാട്ടുകരയിൽ ഇരുന്ന് ഇതെഴുതുന്നു. എന്റെ വീട്ടുകാർ, സ്വന്തം കൂടപ്പിറപ്പുകൾ, മക്കൾ എന്നതിനേക്കാൾ അധികം എന്നെ സ്നേഹിക്കുന്ന കൂടപ്പിറപ്പുകൾ ഇവിടെയുണ്ട്. നാളെ കൂനമ്മാവിൽ, പിന്നെ കാർമലിൽ വാഴക്കുളത്ത്, പിന്നെ മാന്നാനത്ത് എവിടെപ്പോയാലും ഒരുപോലെ സ്നേഹം."[1]

---

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, IX/11, 236.

(ധ്യാനവിചിന്തനം)

1.2.1. അതിഥിസത്ക്കാരത്തിന്റെ ചാവറ സാക്ഷ്യം

സി.എം.ഐ. സഭ അതിന്റെ ആരംഭം മുതൽ തന്നെ സഭാംഗങ്ങളായ സഹോദരങ്ങളെ സ്വീകരിക്കുന്നതിൽ പുലർത്തിയിരുന്ന സ്നേഹത്തിന്റെ വൈശിഷ്ട്യത്തെക്കുറിച്ചാണ് ചാവറ പിതാവ് കൈനകരിക്കാർക്ക് എഴുതിയ ഈ കത്തിൽ വിവരിക്കുന്നത്.

ജീവിതത്തിൽ നമ്മെ ഏറ്റവും അധികം സ്നേഹിക്കുന്നത് ആരാണ്? സാധാരണയായി നമ്മൾ പറയുന്നത് അപ്പനും അമ്മയും, സ്വന്തം സഹോദരങ്ങളുമാണെന്നല്ലേ? എന്നാൽ ചിലപ്പോൾ ദൈവം നമ്മെ അത്ഭുതപ്പെടുത്തും. രക്തബന്ധമില്ലാത്തവർ നമ്മെ കുടുംബാംഗങ്ങളെക്കാൾ കൂടുതൽ സ്നേഹിക്കുന്ന അനുഭവം നമുക്ക് ലഭിക്കാറുണ്ട്. ഇതുതന്നെയാണ് വി. ചാവറയുടെ ജീവിതത്തിലും സംഭവിച്ചത്. അതിനെക്കുറിച്ച് അദ്ദേഹം ഇങ്ങനെ എഴുതുന്നു: "സ്വന്തം കൂടപ്പിറപ്പുകളേക്കാൾ കൂടുതൽ എന്നെ സ്നേഹിക്കുന്ന സഹോദരങ്ങൾ സഭയിൽ ഉണ്ടെന്ന്."

സഭ രക്തബന്ധത്തിലൂടെ രൂപംകൊണ്ട കുടുംബമല്ലെങ്കിലും, സ്നേഹബന്ധത്തിലൂടെ ഏകീകൃതമായ ഒരു കുടുംബമാണ്. ചാവറ അച്ചൻ എവിടെയായാലും—അരുണാട്ടുകര, കൂനമ്മാവ്, വാഴക്കുളം, മാന്നാനം—ഒരേ സഹോദരസ്നേഹമാണ് അനുഭവിച്ചത്. രക്തബന്ധങ്ങളെ അതിജീവിച്ച് ക്രിസ്തുവിൽ രൂപംകൊള്ളുന്ന ആ സഹോദരസ്നേഹത്തിന്റെ അനുഭവമാണ് അദ്ദേഹം ഇവിടെ പങ്കുവയ്ക്കുന്നത്. സ്വന്തം കുടുംബത്തെ വിട്ടിറങ്ങിയ ഒരാൾക്ക് സഭയിലെ വിവിധ ഭവനങ്ങളിൽ ഒരേ സ്നേഹവും സ്വീകരണവും അനുഭവിക്കാൻ കഴിഞ്ഞു. അതാണ് അദ്ദേഹത്തെ അത്ഭുതപ്പെടുത്തിയത്; ഇന്നും നമ്മെ പ്രചോദിപ്പിക്കേണ്ടതും അതുതന്നെയാണ്.

വി. ചാവറയുടെ കാഴ്ചപ്പാടിൽ സഭ ഒരു കുടുംബമാണ്. ആ കുടുംബത്തിന്റെ പ്രത്യേകത രക്തബന്ധത്തിലല്ല, സ്നേഹബന്ധത്തിലാണ്. അതുകൊണ്ടാണ് അദ്ദേഹം എവിടെയായാലും "ഇത് എന്റെ വീടാണ്, ഇവർ എന്റെ സഹോദരങ്ങളാണ്" എന്ന അനുഭവത്തിൽ ജീവിച്ചത്. ഒരു സഭാംഗം മറ്റൊരു ഭവനത്തിലെത്തുമ്പോൾ അദ്ദേഹം ഒരു അതിഥിയല്ല; കുടുംബാംഗമാണ്. അദ്ദേഹത്തെ സ്വീകരിക്കുന്നത് ഒരു ഔപചാരികതയല്ല, മറിച്ച് സ്നേഹത്തിന്റെ ശുശ്രൂഷയാണ്.

ഇന്നത്തെ സി.എം.ഐ. ജീവിതത്തിൽ ഈ ചാവറ സാക്ഷ്യം കൂടുതൽ പ്രസക്തമാണ്. നമ്മുടെ ഭവനങ്ങളിൽ എത്തുന്ന സഹോദരന്മാർ, രൂപ

താവൈദികർ, സന്യസ്തർ, വിശ്വാസികൾ, വിദ്യാർത്ഥികൾ, മാതാപിതാക്കൾ, ജീവനക്കാർ, സഹായം തേടിയെത്തുന്നവർ—എല്ലാവർക്കും ഈ ചാവറാനുഭവം ലഭിക്കണം. അവർ നമ്മുടെ വാതിൽ കടന്നുവരുമ്പോൾ വെറും സന്ദർശകരായല്ല, ക്രിസ്തുവിന്റെ സാന്നിധ്യമായും നമ്മുടെ കുടുംബത്തിലെ അംഗങ്ങളായും അവരെ സ്വീകരിക്കണം.

അതിഥിസത്ക്കാരം ഭക്ഷണം നൽകുകയോ താമസസൗകര്യം ഒരുക്കുകയോ ചെയ്യുന്നതിൽ മാത്രം ഒതുങ്ങുന്നില്ല. ഒരു പുഞ്ചിരി, ഒരു സ്നേഹവാക്ക്, ശ്രദ്ധയോടെ കേൾക്കാനുള്ള മനസ്സ്, ആവശ്യങ്ങൾ മനസ്സിലാക്കാനുള്ള കരുതൽ, വ്യക്തിക്ക് വില കല്പിക്കുന്ന സമീപനം—ഇവയെല്ലാം യഥാർത്ഥ സ്വീകരണത്തിന്റെ ഭാഗങ്ങളാണ്. ചിലപ്പോൾ ഒരാൾക്ക് ഏറ്റവും ആവശ്യമുള്ളത് ഭക്ഷണമോ മുറിയോ അല്ല; താൻ അംഗീകരിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്നു എന്ന ബോധ്യമാണ്.

ഒരു മനുഷ്യൻ സ്നേഹത്തോടെ സ്വീകരിക്കപ്പെടുമ്പോൾ മൂന്ന് കാര്യങ്ങൾ സംഭവിക്കുന്നു. ഒന്നാമതായി, അവന്റെ ഏകാന്തത അകലുന്നു—"ഞാൻ ഒറ്റയ്ക്കല്ല; എന്നെ കരുതുന്നവർ ഉണ്ട്" എന്ന ബോധ്യം അവനിൽ ജനിക്കുന്നു. രണ്ടാമതായി, അവൻ ഒരു കുടുംബത്തിന്റെ ഭാഗമാണെന്ന് അനുഭവിക്കുന്നു—"ഇത് എന്റെ സ്ഥലമാണ്; ഇവിടെ എനിക്ക് ഇടമുണ്ട്" എന്ന ആത്മവിശ്വാസം അവനിൽ വളരുന്നു. മൂന്നാമതായി, മനുഷ്യരുടെ സ്നേഹപൂർവമായ സ്വീകരണത്തിലൂടെ അവൻ ദൈവത്തിന്റെ സ്നേഹം അനുഭവിക്കുന്നു; മനുഷ്യഹൃദയങ്ങളിലൂടെ ദൈവം അവനെ ആശ്വസിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

അതിനാൽ, ചാവറ പിതാവിന്റെ സാക്ഷ്യം നമ്മെ ആത്മപരിശോധനയിലേക്ക് ക്ഷണിക്കുന്നു: നമ്മുടെ ഭവനങ്ങളിൽ എത്തുന്നവർക്ക് ചാവറ അനുഭവിച്ച അതേ സ്നേഹവും സ്വീകരണവും അനുഭവിക്കാൻ കഴിയുന്നുണ്ടോ? "ഇവിടെ ഞാൻ വീട്ടിലാണെന്ന്" അവർക്ക് പറയാൻ കഴിയുന്നുണ്ടോ? നമ്മുടെ സമൂഹങ്ങൾ സഹോദരസ്നേഹത്തിന്റെ ഭവനങ്ങളാണോ, അതോ വെറും ഭരണസംവിധാനങ്ങളോ?

ഇന്ന് സി.എം.ഐ. സഭ ചാവറയുടെ പൈതൃകത്തോട് വിശ്വസ്തമായി നിലകൊള്ളണമെങ്കിൽ, അതിഥിസത്ക്കാരം ഒരു കടമയായി അല്ല, ഒരു ആത്മീയതയായി ജീവിക്കണം. നമ്മുടെ വാതിലുകൾ മാത്രമല്ല, നമ്മുടെ ഹൃദയങ്ങളും തുറന്നിരിക്കണം. അപ്പോൾ ചാവറ പിതാവ് ഒരിക്കൽ അനുഭവിച്ച ആ സ്നേഹം ഇന്നും സഭയിൽ ജീവനുള്ളതാണെന്ന് ലോകത്തിന് സാക്ഷ്യം നൽകാൻ നമുക്ക് കഴിയും. "എവിടെയായാലും ഒരു

പോലെ സ്നേഹം" എന്ന ചാവറയുടെ അനുഭവം ഇന്നും ഓരോ സി.എം.ഐ. ഭവനത്തിന്റെയും മുഖമുദ്രയായിരിക്കട്ടെ.

1.2.2. ദൈവം: നമ്മുടെ മുഖ്യാതിഥി

"ദിനചര്യക്രമം: ഉറങ്ങാൻ കൃത്യസമയത്ത് കിടക്കുന്നതിനും രാവിലെ കൃത്യസമയത്ത് ഉണരുവാനും ശ്രദ്ധിക്കുക. ഈ ക്രമം സൂക്ഷ്മമായിട്ടു കാക്കുക. ആറുമണിക്കെങ്കിലും എല്ലാവരും എഴുന്നേറ്റ്, ഉടനെ ഉഷഃകാലജപം ചൊല്ലുക. പിന്നെ പാടുള്ളവരെല്ലാവരും കുർബാന കാണുക. എട്ടുമണിക്ക് കഞ്ഞികുടിക്കുക. പന്ത്രണ്ടു മണിക്ക് ഉച്ചഭക്ഷണം കഴിക്കുക. വൈകിട്ട് ത്രികാലജപം കഴിഞ്ഞാലുടൻ കൂട്ടമായിട്ടു പ്രാർത്ഥന തുടങ്ങി അത് കഴിഞ്ഞശേഷം ഉടനെ അരമണിക്കൂർ ധ്യാനിക്കുക. ഇത് നല്ല പുസ്തകം വായിച്ചുകേട്ട് അതിന്മേൽ ചിന്തിച്ചുകൊണ്ട് കഴിക്കാം. ഈ പുണ്യപ്രവൃത്തിയുടെ സമയമാകുമ്പോൾ വീട്ടിൽ എപ്രകാരമുള്ള പ്രധാനികളോ ലോകമാന്യരോ ഉണ്ടായിരുന്നാൽ തന്നെ നീ അത് നോക്കേണ്ടാ, എന്തുകൊണ്ടെന്നാൽ അവർ തങ്ങളുടെ പക്കലേയ്ക്കും, ദൈവം തന്റെ പക്കലേയ്ക്കും നിന്നെ വിളിക്കുന്ന സമയമാണിത്. എന്നാൽ നീ ആരുടെ പക്കലേക്ക് ചെല്ലുന്നുവെന്ന് ദൈവം നോക്കും. ആകയാൽ, നീ ഈ പുണ്യപ്രവൃത്തിയെ ഒരു ന്യായത്താലും ഉപേക്ഷിക്കേണ്ട. മറ്റുള്ളവർക്ക് നിന്റെ പ്രവൃത്തി ഒരു സന്മാതൃകയായിരിക്കും. എന്നാൽ അവർ ഇതിൽ നിന്നെ പരിഹസിച്ചാൽ അത് നിനക്ക് ഭാഗ്യമായിരിക്കുകയും ചെയ്യും. എട്ടുമണിക്ക് അത്താഴം കഴിഞ്ഞശേഷം ആത്മശോധനയും ഉറങ്ങുന്നതിനുമുമ്പുള്ള പ്രാർത്ഥനകളും നടത്തി ഉറങ്ങുക. കുടുംബത്തലവൻ ഈ ക്രമം സൂക്ഷ്മമായി കാക്കുന്നതിൽ ജാഗ്രതയുള്ളവനായിരിക്കണം. വിശേഷിച്ച് ഞായറാഴ്ചതോറും മാസം ഒന്നാം തീയതി തോറും വീട്ടിലുള്ള എല്ലാവരുടെയും മുൻപാകെ ഈ കുടുംബക്രമം വായിക്കുകയും വേണം" (*ചാവരുൾ*, 24).

അതിഥിസ്വീകരണത്തിൽ 'പ്രോട്ടോക്കോൾ' പാലിക്കുക അത്യന്താപേക്ഷിതമാണ്. ഒരു VVIP വരുമ്പോൾ നാം സമയമെടുത്ത് എല്ലാം മുൻ കൂട്ടി ഒരുക്കും; മറ്റു കാര്യങ്ങൾ പോലും മാറ്റിവെക്കും. കാരണം ഒരുവ ന്റെ മഹത്വത്തിന് അനുസരിച്ചാണ് സ്വീകരണവും.

ക്രൈസ്തവ വിശ്വാസത്തിൽ യേശു നമ്മുടെ നിത്യ VVIP ആണ്—Very Very Important Presence, ഏറ്റവും മഹത്തായ സാന്നിധ്യം. "നിങ്ങൾ ആദ്യം അവിടത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക; ബാക്കി എല്ലാം നിങ്ങൾക്ക് ലഭിക്കും" (മത്താ 6:33). ഇതാണ് നമ്മുടെ

ആത്മീയ പ്രോട്ടോക്കോൾ: ആദ്യം പ്രാർത്ഥന, ആദ്യം കുർബാന, ആദ്യം ദൈവസാന്നിധ്യം; അതിനുശേഷം ലോകകാര്യങ്ങൾ.

ഈ ആത്മീയ പ്രോട്ടോക്കോളിനെക്കുറിച്ചാണ് ചാവറ പിതാവ് കൈന കരിക്കാരെ ഓർമ്മിപ്പിക്കുന്നത്. വിശുദ്ധ കുർബാനയെ കേന്ദ്രീകരിച്ച് ദിനചര്യ ക്രമീകരിക്കണം. "Early to bed and early to rise" എന്ന ശൈലിയെയും അദ്ദേഹം വ്യക്തമായി നിർദേശിക്കുന്നു: "ഉറങ്ങാൻ കൃത്യസമയത്ത് കിടക്കുകയും രാവിലെ കൃത്യസമയത്ത് ഉണരുകയും ചെയ്യുക… ഉടനെ ഉഷഃകാലജപം ചൊല്ലുക… കുർബാന കാണുക." ഇത് ഒരു നിർദേശം മാത്രമല്ല, ഒരു ജീവിതക്രമമാണ്. യേശുവിനെ ആദ്യം സന്ദർശിക്കാതെ ദിവസം ആരംഭിക്കുന്നത് ക്രൈസ്തവ പ്രോട്ടോ ക്കോളിന് വിരുദ്ധമാണെന്ന് ചാവറയച്ചൻ നമ്മെ ഓർമ്മിപ്പിക്കുന്നു. ലോകത്തിലെ VVIP-യെ കാണാൻ ആളുകൾ മണിക്കൂറുകൾ കാത്തി രിക്കുമ്പോൾ, ദേവാലയത്തിൽ കാത്തിരിക്കുന്ന കർത്താവിനെ നാം അ വഗണിക്കുന്നത് ശരിയല്ല. അതിനാൽ ദിവസം ദൈവസാന്നിധ്യത്തോടെ ആരംഭിക്കണം. വിശുദ്ധ കുർബാനയിൽ യേശു ഒരു ഓർമ്മ മാത്രമല്ല; ജീവിച്ചിരിക്കുന്ന ദൈവത്തിന്റെ യഥാർത്ഥ സാന്നിധ്യമാണ്. അതിനാൽ നമ്മുടെ ഹൃദയം അവിടുത്തേക്കായി ഒരുക്കപ്പെടണം—ശ്രദ്ധ, ശുദ്ധി, പ്രാർത്ഥന, ഏകാഗ്രത എന്നിവയിലൂടെ.

ഒരു രാജ്യത്തിന്റെ ഔദ്യോഗിക പ്രോട്ടോക്കോൾ ലംഘിക്കുന്നത് അപ മാനമാണെങ്കിൽ, ദൈവത്തെക്കാൾ ലോകകാര്യങ്ങൾക്ക് മുൻഗണന നൽകുന്നത് ആത്മീയ പ്രോട്ടോക്കോൾ ലംഘനമാണ്. പ്രാർത്ഥന സമ യത്തെ അശ്രദ്ധ, കുർബാനയിലെ ഏകാഗ്രതക്കുറവ്, ദൈവസമയ ത്തെ അവഗണിക്കൽ എന്നിവയെല്ലാം അതിന്റെ ലക്ഷണങ്ങളാണ്. ലോകത്തിലെ VVIP-കൾ ചിലപ്പോൾ മാത്രം വരും. പക്ഷേ യേശു ഓരോ ദിവസവും ദേവാലയത്തിൽ കാത്തിരിക്കുന്നു. അവിടുത്തെ ആദ്യം സ്വീ കരിക്കാം; ഓരോ ദിവസവും അവിടുത്തോടൊപ്പം ആരംഭിക്കാം. കാര ണം യേശു നമ്മുടെ നിത്യ VVIP ആണ്.

"വീട്ടിൽ എപ്രകാരമുള്ള പ്രധാനികളോ ലോകമാന്യരോ ഉണ്ടായിരുന്നാ ലും നീ അത് നോക്കേണ്ട…" എന്ന ചാവറ വാക്കുകൾ ശക്തമാണ്. ദൈ വസമയത്തെ തടയാൻ ലോകസാന്നിധ്യങ്ങളെ അനുവദിക്കരുത്. ദൈവ വിളിക്ക് പ്രത്യുത്തരം നൽകുമ്പോൾ ഉണ്ടാകുന്ന പരിഹാസം പോലും ഭാ ഗ്യമായി മാറുന്നു; അത് മത്തായി 5:11–12-ൽ പറയുന്ന ആത്മീയ ആനന്ദ ത്തിലേക്ക് നയിക്കുന്നു.

ഈ സമയങ്ങളിൽ ആത്മീയ പുസ്തകങ്ങൾ വായിക്കുകയും ധ്യാനത്തിലേക്ക് കടക്കുകയും ചെയ്യണം. "ഇപ്പോൾ ഞങ്ങൾ ദൈവസാന്നിധ്യത്തിലാണ്" എന്ന ബോധ്യം നിലനിർത്തണം. ഇത് മറ്റുള്ളവർക്ക് പോലും ആത്മീയ സാക്ഷ്യമായി മാറുന്നു. ഇവിടെ ചാവറ പിതാവ് നമ്മെ പഠിപ്പിക്കുന്നത് കർമ്മാനുഷ്ഠാനങ്ങൾ മാത്രമല്ല; മറിച്ച് ദൈവകേന്ദ്രിതമായ ഒരു ജീവിതശൈലിയാണ്—സന്യാസജീവിതത്തിന് അനുയോജ്യമായ ആത്മീയ ക്രമം.

1.2.3. നമസ്കാരസംസ്കാരം: ദൈവസാന്നിധ്യത്തിലെ കണ്ടു മുട്ടൽ

ഭാരതീയ പാരമ്പര്യത്തിൽ നാം ഒരാളെ സ്വാഗതം ചെയ്യുന്നത് 'നമസ്തേ' എന്ന് പറഞ്ഞുകൊണ്ടാണല്ലോ. ഈ ആശംസയുടെ അർത്ഥം എന്താണ്? വാസ്തവത്തിൽ 'നമഃ + തേ' എന്ന സംയോജനത്തിൽ നിന്നാണ് 'നമസ്തേ' രൂപപ്പെടുന്നത്. വിസർഗസന്ധി നിയമപ്രകാരം 'നമഃ' എന്നതിലെ വിസർഗം 'സ' ആയി മാറി 'നമസ്തേ' ആയി.

'നമഃ' എന്നതിന് 'ന മമ'—ഞാൻ എന്റേതല്ല, നിന്റേതാണ് എന്ന ആഴമുള്ള അർത്ഥമുണ്ട്. അതിനാൽ 'നമസ്തേ' എന്ന ആശംസ ഒരു സാധാരണ അഭിവാദ്യം മാത്രമല്ല; അത് സ്വയംഅർപ്പണത്തിന്റെയും വിനയത്തിന്റെയും പ്രതീകമാണ്. കൈകൾ ഹൃദയത്തോട് ചേർത്ത് നമസ്കരിക്കുന്ന ആചാരം തന്നിലും മറ്റുള്ളവരിലും വസിക്കുന്ന ദൈവസാന്നിധ്യത്തെ ആദരിക്കുന്ന ഒരു ചിഹ്നമാണ്. "അഹം ബ്രഹ്മാസ്മി," "തത്ത്വമസി" തുടങ്ങിയ ഉപനിഷദ് വചനങ്ങൾ പഠിപ്പിക്കുന്നതുപോലെ, ഓരോ മനുഷ്യനും ദൈവസാന്നിധ്യത്തിന്റെ വാസസ്ഥലമാണ്. ആ ദൈവസാന്നിധ്യത്തിൽ വിശ്വസിക്കുന്ന ഒരുവൻ, അപരനിലെ ദൈവസാന്നിധ്യത്തിന് മുമ്പിൽ ശിരസ്സ് നമിക്കുന്നു. എത്ര മനോഹരവും അർത്ഥവത്തുമാണ് നമ്മുടെ ഈ അഭിവാദ്യ സംസ്കാരം!

മാതാവ് തന്റെ ഇളയമ്മയായ എലിസബത്തിനെ ആറാം മാസത്തിൽ സന്ദർശിക്കുവാൻ പോയപ്പോൾ, എലിസബത്തിന്റെ ഉദരത്തിലെ ശിശു സന്തോഷത്തോടെ കുതിച്ചുചാടി എന്ന് വിശുദ്ധ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. മാതാവിന്റെ ഉദരത്തിൽ വസിച്ചിരുന്ന യേശുവിന്റെ സാന്നിധ്യം തിരിച്ചറിഞ്ഞപ്പോൾ, എലിസബത്തിന്റെ ഉദരത്തിലെ യോഹന്നാനും ആനന്ദത്തിൽ ചലിച്ചു. ദൈവസാന്നിധ്യത്തിന്റെ ഈ കണ്ടുമുട്ടൽ എത്രയോ അനുഗ്രഹീതവും സന്തോഷകരവുമാണ്! അതിഥിസൽക്കാരത്തിന്റെ നിമിഷങ്ങൾ ഇത്തരത്തിലുള്ള ദൈവാനുഭവങ്ങളായിരിക്കണം.

“അതിഥി ദേവോ ഭവ” എന്ന വചനവും ഈ ആത്മീയ ബോധ്യത്തിൽ നിന്നാണ് ഉദ്ഭവിക്കുന്നത്.

ക്രൈസ്തവ പാരമ്പര്യത്തിൽ നാം പരസ്പരം കണ്ടുമുട്ടുമ്പോൾ പറയുന്നത് “ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ” എന്നാണല്ലോ. ഇവിടെ നമ്മുടെ സ്തുതി ഒരു വ്യക്തിക്കല്ല; മറിച്ച് ആ വ്യക്തിയിൽ വസിക്കുന്ന ഈശോമിശിഹായ്ക്കാണ്. അതായത്, അപരനിലെ ദൈവസാന്നിധ്യത്തെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുകയാണ്. ഇങ്ങനെ, ഭാരതീയ അഭിവാദ്യമായ ‘നമസ്തേ’യും ക്രൈസ്തവ അഭിവാദ്യമായ സ്തുതിയും അന്തർഗതമായി ഒരേ ആത്മീയ സത്യത്തെ സൂചിപ്പിക്കുന്നു—അപരനിൽ വസിക്കുന്ന ദൈവസാന്നിധ്യത്തെ ആദരിക്കുക, വണങ്ങുക.

അതിഥികളെ സ്വീകരിക്കുന്നത് ദൈവസാന്നിധ്യത്തിൽ ആയിരിക്കണം. ദൈവസാന്നിധ്യത്തെ അവഗണിച്ചുള്ള സ്വീകരണം നമ്മുടെ ക്രൈസ്തവ-സന്യാസ സംസ്കാരത്തിന് യോജിച്ചതല്ലെന്ന് ചാവറ പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു: “നീ ആരുടെ പക്കലേക്ക് ചെല്ലുന്നുവെന്ന് ദൈവം നോക്കും. ആകയാൽ, നീ ഈ പുണ്യപ്രവൃത്തിയെ ഒരു ന്യായത്താലും ഉപേക്ഷിക്കേണ്ട. മറ്റുള്ളവർക്ക് നിന്റെ പ്രവൃത്തി ഒരു സന്മാതൃകയായിരിക്കും.” കാനോന നമസ്ക്കാരം പോലുള്ള പ്രാർത്ഥന ക്രമങ്ങളെയും ആത്മീയ അഭ്യാസങ്ങളെയും മാറ്റിവെച്ച് അതിഥിസ്വീകരണം നടത്തുന്നത് ശരിയായ ക്രമമല്ലെന്ന് പിതാവ് ഈ വാക്കുകളിലൂടെ ഓർമ്മിപ്പിക്കുന്നു. ദൈവസാന്നിധ്യത്തിന് മുൻഗണന നൽകുന്ന ജീവിതക്രമമാണ് യഥാർത്ഥ ആത്മീയ സംസ്കാരം.

1.2.4. ആരാണ് വീട്ടിലെ അതിഥികൾ?

“എല്ലാ വക ആളുകളെയും നിന്റെ വീട്ടിൽ കയറ്റേണ്ട, പിന്നെയോ നല്ല മര്യാദയും ദൈവ പേടിയുമുള്ളവരെ മാത്രം കൈക്കൊള്ളുക. നീ ആരോടുകൂടി ഇടപെടുന്നു എന്നു പറയുക, എന്നാൽ നീ ആരാകുന്നു എന്ന് ഞാൻ പറയാം, എന്നത് ഒരു പഴഞ്ചൊല്ലാണ്” (*ചാവരുൾ*, 9).

“നിനക്ക് സ്നേഹിതന്മാർ അധികം വേണ്ട; പിന്നെയോ ആയിരം പേരിൽ നിന്നു സൂക്ഷിച്ചു ഒരുത്തനെ തിരഞ്ഞെടുക്കുക. തമ്പുരാനെ സ്നേഹിക്കാത്തവൻ സത്യമായി നിന്നെയും സ്നേഹിക്കുകയില്ല. ദാവീദും, യോനാഥനും തമ്മിൽ സ്നേഹിച്ചിരുന്നു. അവർ ഒരു മനസ്സുള്ളവരായി തമ്മിൽത്തമ്മിൽ സത്യമായി സ്നേഹിച്ചു. ഒടുക്കം വരെയും അവർ തമ്മിൽ യഥാർത്ഥമായി സ്നേഹിക്കുകയും സഹായിക്കുകയും ചെയ്തു. അവരുടെ ഈ സ്നേഹം അല്പകാരണങ്ങളാൽ കുറഞ്ഞുപോകാതെ

ആപത്തുകളിലും ആവശ്യങ്ങളിലും വർദ്ധിച്ചുവരികയും ചെയ്തു" (*ചാവരുൾ*, 16).

വി. ചാവറയുടെ ഈ വചനങ്ങളിൽ നാം ആരെ സ്വീകരിക്കണം എന്നതിന്റെ ഉത്തരമാണ് നമുക്ക് കാണാനാകുന്നത്. "നീ ആരോടുകൂടി ഇടപെടുന്നു എന്നു പറയുക; ഞാൻ നീ ആരാകുന്നു എന്ന് പറയാം" എന്ന പഴഞ്ചൊല്ല് നമ്മുടെ സഹവാസത്തിന്റെയും ബന്ധങ്ങളുടെയും സ്വഭാവത്തെ വ്യക്തമാക്കുന്നു. വിശുദ്ധ ഗ്രന്ഥത്തിലും ഇതേ ആശയം പലവിധത്തിൽ കാണാം: "ദുഷ്ടരുടെ ഉപദേശം സ്വീകരിക്കാത്തവനും പാപികളുടെ വഴിയിൽ നടക്കാത്തവനും ഭാഗ്യവാൻ" (സങ്കീ 1:1–2). "അധമമായ സംസർഗ്ഗം നല്ല ശീലങ്ങളെ ദോഷപ്പെടുത്തുന്നു" (1 കോറി 15:33). "അവർ നിങ്ങളുടെ സ്നേഹവിരുന്നുകൾക്കു കളങ്കമാണ്" (യൂദാ 1:12). ചാവറ പിതാവ് ഇതിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നത് നമ്മുടെ ബന്ധങ്ങൾ ആത്മീയ ജീവിതത്തെ എത്രത്തോളം സ്വാധീനിക്കുന്നു എന്ന സത്യമാണ്. ആരെ നാം സ്വീകരിക്കുന്നു എന്നത് നമ്മുടെ അന്തർജീവിതത്തിന്റെ പ്രതിഫലനമാണ്. ദൈവബന്ധം വളർത്തണമെങ്കിൽ ദൈവഭയമുള്ളവരും മൂല്യബോധമുള്ളവരുമായ ആളുകളെ നമ്മുടെ ജീവിതത്തിലേക്ക് സ്വീകരിക്കേണ്ടതുണ്ട്.

മര്യാദയും ദൈവഭക്തിയും ഉള്ളവരുടെ സാന്നിധ്യം വീടിന്റെ അന്തരീക്ഷത്തെ തന്നെ രൂപാന്തരപ്പെടുത്തുന്നു. അത്തരം ബന്ധങ്ങൾ കുട്ടികളുടെയും കുടുംബാംഗങ്ങളുടെയും ജീവിതത്തിൽ നല്ല സ്വാധീനം ചെലുത്തുന്നു. അതേ തത്വം സന്യാസജീവിതത്തിനും ബാധകമാണ്. കുട്ടികൾക്കും കുടുംബത്തിനും നല്ല മാതൃക ലഭിക്കണമെങ്കിൽ, അവരുമായി അടുത്തു ഇടപെടുന്നവരെ വിവേകത്തോടെ തിരഞ്ഞെടുക്കേണ്ടതുണ്ട്. ഇതിലൂടെ മറ്റുള്ളവരെ ഒഴിവാക്കുക എന്നതല്ല ചാവറയുടെ ഉദ്ദേശം; മറിച്ച്, ഓരോ ബന്ധത്തെയും വിവേചനത്തോടെ വിലയിരുത്തി നല്ലതിനെ പ്രോത്സാഹിപ്പിക്കുകയും ആത്മീയ വളർച്ചയെ തകർക്കുന്ന ബന്ധങ്ങളിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്യുക എന്നതാണ്.

നമ്മുടെ ഭവനങ്ങളെ ദൈവികതയുടെ കേന്ദ്രമാക്കണമെങ്കിൽ, അതിലേക്ക് പ്രവേശിക്കുന്ന ബന്ധങ്ങളിൽ ജാഗ്രതയും വിവേകവും അനിവാര്യമാണ്. നല്ല മനസ്സുള്ളവരെയും ദൈവഭയമുള്ളവരെയും സ്വീകരിക്കുമ്പോൾ, അവരുടെ സാന്നിധ്യം നമ്മെ ദൈവത്തിന്റെ നന്മയിലേക്കും ആത്മീയ വളർച്ചയിലേക്കും നയിക്കും.

1.2.5. അതിഥിസത്കാരം: പകൽ വിളക്കു കത്തിക്കാതെ

അതിഥികളെ എങ്ങനെ സ്വീകരിക്കണം എന്നതിനുള്ള ചാവറ പിതാവിന്റെ ഉത്തരമാണ് ഇനി നാം ധ്യാനവിഷയമാക്കുന്നത്: "സമ്പത്തുള്ള ഭാവവും അവസ്ഥയും കാട്ടേണ്ട. ഉള്ളഭാവം മുഴുവനും കാട്ടുന്നവൻ അവസ്ഥയിൽ കുറഞ്ഞവനാകുന്നു. ദ്രവ്യത്തിന്റെ ഭാവം കാണിക്കുന്നവൻ വേഗത്തിൽ ഭിക്ഷ തെണ്ടി നടക്കും. ഇങ്ങനെ ലോകത്തിൽ സംഭവിച്ചു വരുന്നു. ദാവീദു രാജാവ് തന്റെ ശക്തിയിലും മഹിമയിലും അഹങ്കരിച്ച് തന്റെ കീഴിലുള്ള ആളുകളെ എണ്ണുവാൻ കൽപ്പിച്ചു. ഇതിനാൽ ദൈവം ശിക്ഷയായി ഉടനെ പകരുന്ന വ്യാധിയുണ്ടായി (2 സാമു 24:1-15)" (*ചാവരുൾ*, 16).

മറ്റൊരിടത്ത് ചാവറ പിതാവ് ഇങ്ങനെ ഉപദേശിക്കുന്നു: "ഓരോരോ അടിയന്തിരങ്ങൾ കഴിക്കുന്നതിൽ സ്വന്തം സ്വത്തിനും പ്രാപ്തിക്കും തക്കവണ്ണം പതിവുള്ളതിൽ അധികം ആഘോഷവും ചിലവും ചെയ്യേണ്ട. എല്ലായിപ്പോഴും അതിൻവണ്ണം ചെയ്യാൻ കഴിവുണ്ടാകുമോ എന്നറിഞ്ഞുകൂടാ. എന്നാൽ തൽക്ഷണം കൊണ്ട് ആളിപ്പോകുന്നതും, ഒരു വലിയ വെട്ടത്തെ കാണിച്ചു ഉടൻ കെട്ടുപോകുന്നതുമായ വൈക്കോൽ തുറുവിൽ തീയേക്കാൾ നിലനിൽക്കുന്നതായ വെട്ടം കാട്ടുന്ന ഒരു ചെറിയ വിളക്കു ഏറ്റം നല്ലതാകുന്നു. ഒരു ദിവസം ദെമോക്രിറ്റസ് എന്ന കീർത്തികേട്ട ശാസ്ത്രിയോട് മനുഷ്യരിൽ ഏറ്റം മുഖ്യമായുള്ളവനാരെന്ന് ചോദിച്ചതിന് ഉത്തരം പറഞ്ഞതായത് "ഏറ്റം കുറഞ്ഞഭാവം കാണിക്കുന്ന മനുഷ്യനത്ര." ഒരു ധനികൻ ആർഭാടമായി വിരുന്നുകൾ, കല്യാണങ്ങൾ മുതലായ ആഘോഷങ്ങൾ നടത്തിയതിനാൽ ദാരിദ്രസ്ഥിതിയിൽ ആയി ദുഃഖിച്ചിരിക്കയിൽ, ഒരു ശാസ്ത്രി അവനെ കണ്ട് പറഞ്ഞതായത്, "സഹോദരാ! നീ പകൽ വിളക്കു കത്തിക്കാതിരുന്നുവെങ്കിൽ രാവിൽ കത്തിക്കാമായിരുന്നു" (*ചാവരുൾ*, 6).

ഈ ഉപദേശത്തിന്റെ അർത്ഥതലങ്ങൾ വളരെ വ്യക്തമാണ്. സമ്പത്തും സ്ഥാനവും അധികാരവും ദൈവസന്നിധിയിൽ നിഷ്പ്രഭമാണ്. അവയെ അഹങ്കാരത്തോടെ പ്രദർശിപ്പിക്കുന്നവൻ ആത്മീയമായി പരാജയപ്പെടുന്നു. ദാവീദ് രാജാവ് തന്റെ ശക്തിയിലും മഹിമയിലും ആശ്രയിച്ച് ജനസംഖ്യ എണ്ണാൻ നിർദേശിച്ചു (2 സാമു 24:2). അത് ദൈവവിശ്വാസത്തിന്റെ പ്രകടനമല്ലായിരുന്നു; മറിച്ച് സ്വന്തം ശക്തിയിലുള്ള ആശ്രയത്വത്തിന്റെ അടയാളമായിരുന്നു. അതുകൊണ്ടുതന്നെ അത് പാപമായി കണക്കാക്കപ്പെടുകയും മഹാമാരിയിലൂടെ ദൈവശിക്ഷ അനുഭവിക്കേണ്ടിവരികയും ചെയ്തു.

ഇത് യേശുവിന്റെ വാക്കുകളെ നമ്മെ ഓർമിപ്പിക്കുന്നു: "സ്വയം ഉയർത്തുന്നവൻ താഴ്ത്തപ്പെടും; സ്വയം താഴ്ത്തുന്നവൻ ഉയർത്തപ്പെടും" (ലൂക്കാ 14:11). പൊങ്ങച്ചം ആത്മീയജീവിതത്തെ ക്ഷയിപ്പിക്കുന്ന ഒരു രോഗമാണ്. അത് ദൈവവുമായുള്ള ബന്ധത്തെയും മനുഷ്യരുമായുള്ള ബന്ധത്തെയും ദുർബലമാക്കുന്നു. സ്നേഹത്തിന്റെയും സഹവാസത്തിന്റെയും സ്ഥാനത്ത് അകൽച്ച വളർത്തുന്നു.

ഈ ഉപദേശം അതിഥിസൽക്കാരത്തിനും ഒരുപോലെ ബാധകമാണ്. ഒരാൾ നമ്മുടെ വീട്ടിലേക്ക് അതിഥിയായി വരുമ്പോൾ, ചിലപ്പോൾ നമ്മുടെ വീടിന്റെ ഭംഗിയും സമ്പത്തിന്റെ പ്രതാപവും പ്രദർശിപ്പിക്കാനുള്ള ആഗ്രഹം നമുക്കുണ്ടാകാം. വീടിന്റെ അലങ്കാരം, സൗകര്യങ്ങൾ, ഭക്ഷണത്തിന്റെ വൈവിധ്യം—ഇവയെല്ലാം പ്രകടിപ്പിക്കാൻ നാം ശ്രമിക്കും. എന്നാൽ, അതിനൊപ്പം അഹങ്കാരത്തിന്റെ ഒരു സൂക്ഷ്മമായ അപകടവും കടന്നുവരുന്നു.

ചാവരുൾ പറയുന്നു: "ദ്രവ്യത്തിന്റെ ഭാവം കാണിക്കുന്നവൻ വേഗത്തിൽ ഭിക്ഷ തെണ്ടി നടക്കും." ഈ വാക്കുകൾ വെറും സാമ്പത്തിക തകർച്ചയെക്കുറിച്ചല്ല; ആത്മീയ ദാരിദ്ര്യത്തെയും സൂചിപ്പിക്കുന്നു. അതിനാൽ അതിഥികളെ സ്വീകരിക്കുമ്പോൾ നമ്മുടെ ഹൃദയം അഭിമാനത്താലല്ല, വിനയത്താലും സ്നേഹത്താലും നിറഞ്ഞിരിക്കണം. യഥാർത്ഥ ആതിഥേയത്വം സ്നേഹത്തിന്റെ കരകവിഞ്ഞൊഴുകലാണ്. അതിഥി ആദ്യം അനുഭവിക്കേണ്ടത് നമ്മുടെ വീടിന്റെ ആഡംബരമല്ല, നമ്മുടെ ഹൃദയത്തിന്റെ വിശാലതയാണ്. ചാവറ പിതാവ് നമ്മെ ആത്മീയമായി സമ്പന്നരാകാൻ ക്ഷണിക്കുന്നു. നമ്മുടെ ഭവനങ്ങൾ ആ ആത്മീയ സമ്പത്തിന്റെ സാക്ഷ്യമായി മാറട്ടെ.

ചാവറയച്ചൻ നമ്മോടൊരു ചോദ്യം ചോദിക്കുന്നു: നമ്മുടെ സ്വീകരണങ്ങളും വിരുന്നുസൽക്കാരങ്ങളും ഒരു ആർഭാടപ്രദർശനമാണോ? അങ്ങനെയാണെങ്കിൽ നമ്മുടെ ഭവനം ദർശനവീടല്ല, പ്രദർശനവീടായിത്തീരും. ചാവറ പിതാവ് നമുക്കായി സ്ഥാപിച്ചത് പ്രദർശനവീടല്ല, ദർശനവീടാണ്. നാം പ്രദർശനവീട്ടിലെ അംഗങ്ങളല്ല; ദർശനവീട്ടിലെ അംഗങ്ങളാണ്.

അതിഥികളെ സ്വീകരിക്കുന്നത് ഒരു വിശുദ്ധകർമമായി നമുക്ക് മാറ്റാം. മനസ്സിന്റെ സത്യസന്ധതയും ആത്മീയ ലക്ഷ്യബോധവുമാണ് നമ്മുടെ ആതിഥേയത്വത്തെ ദൈവികതയിലേക്ക് ഉയർത്തുന്നത്. വലിയ വെട്ടം കാട്ടാൻ അമിതമായി ചെലവഴിച്ച് ആളുകളെ ആകർഷിക്കാൻ ശ്രമിക്കു

ന്നതിനുപകരം, ചെറിയ വിളക്കുപോലെ സ്ഥിരമായി പ്രകാശം പകരുന്നവരാകാം. വിനയവും സന്തോഷവും ആത്മാർഥതയും കൊണ്ട് അതിഥിസൽക്കാരത്തെ അർത്ഥപൂർണമാക്കാം.

ചാവരുളിൽ കാണുന്ന ഏറ്റവും ശക്തമായ പ്രതീകങ്ങളിലൊന്നാണ് വൈക്കോൽ തുറുവിന്റെ വെട്ടം. നമ്മുടെ സഭാജീവിതത്തിലും പൊതുസമൂഹത്തിലും ഇത് പ്രസക്തമാണ്. കൊട്ടിഘോഷിച്ച് നടത്തുന്ന പല പരിപാടികളും വൈക്കോൽ തുറുവിന്റെ വെട്ടംപോലെയാണ്—ഒരു വലിയ തിളക്കം കാണിച്ച് പെട്ടെന്ന് കെട്ടുപോകുന്നു. അവയ്ക്ക് നിലനിൽക്കുന്ന ഫലങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നില്ല. ശരിയായ ദർശനമില്ലാത്ത പ്രവർത്തനങ്ങൾ വെറും പ്രദർശനങ്ങളായി ചുരുങ്ങുന്നു. അതുകൊണ്ട് പ്രദർശനങ്ങളല്ല, ദർശനങ്ങളിൽ അധിഷ്ഠിതമായ കർമപരിപാടികളാണ് സഭയ്ക്കും സമൂഹത്തിനും ആവശ്യം.

"പകൽ വിളക്ക് കത്തിക്കാതിരുന്നുവെങ്കിൽ..." എന്ന ചാവറ പിതാവിന്റെ വാക്കുകൾ നമ്മെ ഉണർത്തുന്ന ഒരു ആത്മീയ സന്ദേശമാണ്. ആർഭാടം നിറഞ്ഞ ആഘോഷങ്ങളെക്കാൾ ആത്മാവിന്റെ പ്രകാശമാണ് അതിഥിസൽക്കാരത്തിന്റെ യഥാർത്ഥ സൗന്ദര്യം. ചെറിയ ഒരു വിളക്കായാലും അതിൽ സ്നേഹവും വിശ്വാസവും വിനയവും കത്തുന്നുണ്ടെങ്കിൽ, അത് ദൈവത്തെയും അതിഥികളെയും ഒരുപോലെ പ്രസാദിപ്പിക്കും. ആതിഥേയത്വം വീടിന്റെ വലിപ്പംകൊണ്ടല്ല അളക്കപ്പെടുന്നത്; ഹൃദയത്തിന്റെ വിശാലതകൊണ്ടാണ്. അതുകൊണ്ട് നമുക്കും പ്രദർശനത്തിന്റെ തിളക്കമല്ല, ദർശനത്തിന്റെ പ്രകാശം പകരുന്നവരായി ജീവിക്കാം.

1.2.6. ലാളിത്യത്തിൽ വിരിയുന്ന ആതിഥേയത്വം

ഒരു മനുഷ്യന്റെ ആന്തരിക ജീവിതം ആഴമേറിയതാകുമ്പോൾ അയാളുടെ ബാഹ്യജീവിതം സ്വാഭാവികമായി ലളിതമാകുന്നു. എന്നാൽ ജീവിതം ലളിതമാണെന്നതുകൊണ്ടുമാത്രം അത് ആത്മീയമായി ആഴമുള്ളതാണെന്ന് പറയാനാവില്ല. ഈ തിരിച്ചറിവ് നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഉൾക്കൊള്ളേണ്ട ഒരു ആത്മീയ ദർശനമാണ്. അതിഥിസൽക്കാരത്തിന്റെ പശ്ചാത്തലത്തിൽ ഈ സത്യത്തിന്റെ പ്രായോഗിക മാനങ്ങൾ നമുക്ക് ധ്യാനിക്കാം.

നമ്മുടെ ജീവിതത്തിന്റെ ആഴം രൂപപ്പെടുന്നത് ദൈവവുമായുള്ള ബന്ധത്തിലൂടെയാണ്. ദൈവം നമ്മുടെ ഹൃദയത്തിൽ വസിക്കുമ്പോൾ നമ്മുടെ ബാഹ്യജീവിതവും കൂടുതൽ ലളിതവും സ്നേഹപൂർണവും ഉദാരവുമാകുന്നു. സഹനശീലവും വിനയവും ആത്മീയതയും നമ്മുടെ പെരുമാറ്റത്തിൽ സ്വാഭാവികമായി പ്രകടമാകുന്നു. എന്നാൽ വേഷഭൂഷകളിലും

ആഡംബരസ്വീകരണങ്ങളിലും ഗൃഹാലങ്കാരങ്ങളിലും അമിതശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ, പലപ്പോഴും അത് ഉള്ളിലെ ശൂന്യതയെ മറയ്ക്കാനുള്ള ശ്രമമായി മാറാം.

ഈ സത്യം ആദ്യ മാതാപിതാക്കളുടെ ജീവിതത്തിലും കാണാം. ദൈവത്തോടുള്ള ഐക്യം നഷ്ടപ്പെട്ടപ്പോൾ മാത്രമാണ് അവർ സ്വന്തം നഗ്നതയെക്കുറിച്ച് ബോധവാന്മാരായത്. വിശുദ്ധ ഗ്രന്ഥം പറയുന്നു: "ഉടനെ ഇരുവരുടെയും കണ്ണുകൾ തുറന്നു. തങ്ങൾ നഗ്നരാണെന്ന് അവരറിഞ്ഞു. അത്തിയിലകൾ കൂട്ടിത്തുന്നി അവർ അരക്കച്ചയുണ്ടാക്കി" (ഉത്പ 3:7). ഈ നഗ്നതയുടെ ബോധം ശാരീരിക അവസ്ഥയെ മാത്രമല്ല, ആത്മീയ നഷ്ടത്തെയും സൂചിപ്പിക്കുന്നു. ദൈവകൃപയിൽ നിന്ന് അകന്ന മനുഷ്യന്റെ ഉള്ളിൽ രൂപപ്പെടുന്ന ശൂന്യതയും, അതിനെ ബാഹ്യ അലങ്കാരങ്ങളാൽ മറയ്ക്കാനുള്ള പ്രവണതയുമാണ് ഈ സംഭവത്തിലൂടെ വെളിപ്പെടുന്നത്.

അതിഥികളെ സ്വീകരിക്കുമ്പോഴും ഈ അപകടം സംഭവിക്കാം. ചിലർ ലാളിത്യത്തെ മറന്ന് ആത്മാഭിമാനത്തിന്റെ പേരിൽ ആഡംബരത്തിന്റെ കെട്ടുകാഴ്ച ഒരുക്കുന്നു. എന്നാൽ യഥാർത്ഥ ആതിഥേയത്വം പൊങ്ങച്ചത്തിനോ പ്രശസ്തിക്കോ സാമൂഹിക അംഗീകാരത്തിനോ വേണ്ടിയുള്ളതല്ല. അത് പങ്കുവയ്ക്കാനുള്ള ദൈവികമായ ഒരു വിളിയാണ്. അതിൽ ആത്മീയതയുടെ സാന്നിധ്യം ഇല്ലെങ്കിൽ, അത് പുറമേ വൃത്തിയുള്ളതും എന്നാൽ ഉള്ളിൽ ശൂന്യവുമായ ഒരു പാത്രംപോലെയായിരിക്കും.

ആത്മീയമായി ആഴമുള്ള വ്യക്തി ആർഭാടങ്ങളെ ആശ്രയിക്കാതെ സ്നേഹത്തോടെയും ഉദാരതയോടെയും അതിഥികളെ സ്വീകരിക്കും. അദ്ദേഹത്തിന്റെ മുഖത്തെ പുഞ്ചിരിയും ഹൃദയസ്പർശിയായ വാക്കുകളും ആത്മാർത്ഥമായ കരുതലുമാണ് അദ്ദേഹത്തിന്റെ യഥാർത്ഥ സമ്പത്ത്. അവിടെയാണ് ലാളിത്യം സൗന്ദര്യമായി മാറുന്നത്; ആതിഥേയത്വം ദൈവാനുഭവമായി ഉയരുന്നത്.

അതേസമയം, ആത്മീയതയില്ലാത്ത ലാളിത്യം യഥാർത്ഥ ലാളിത്യമല്ല. അത് ചിലപ്പോൾ മരവിച്ച മനസ്സിന്റെയും ഊഷ്മളത നഷ്ടപ്പെട്ട ഹൃദയത്തിന്റെയും പ്രകടനമായിരിക്കും. ലാളിത്യം ദാരിദ്ര്യമല്ല; സ്നേഹത്തിന്റെ സമൃദ്ധിയാണ്. അത് ചിലവ് കുറയ്ക്കുന്നതിലല്ല, ഹൃദയം തുറക്കുന്നതിലാണ്. യഥാർത്ഥ ആതിഥേയത്വം വീടിന്റെ ഭംഗികൊണ്ടല്ല അളക്കപ്പെടുന്നത്; ഹൃദയത്തിന്റെ വിശാലതകൊണ്ടാണ്.

അതുകൊണ്ട് നമ്മുടെ ഭവനങ്ങൾ ആഡംബരത്തിന്റെ പ്രദർശനശാലകളാകാതെ ദൈവസ്നേഹത്തിന്റെ സാന്നിധ്യം അനുഭവപ്പെടുന്ന ഭവന

ങ്ങളാകട്ടെ. നമ്മുടെ സ്വീകരണങ്ങളിൽ ആർഭാടത്തേക്കാൾ ആത്മാർ ത്ഥതയും, സമ്പത്തിനേക്കാൾ സ്നേഹവും, പ്രദർശനത്തേക്കാൾ ദൈ വസാന്നിധ്യവും പ്രകടമാകട്ടെ. അപ്പോൾ ലാളിത്യം ഒരു ജീവിത ശൈലി മാത്രമല്ല, ദൈവരാജ്യത്തിന്റെ സാക്ഷ്യമായി മാറും.

1.2.7. അതിഥികളാകുന്നതിലും ഒരു വിവേകം

"അന്യരുടെ വീടുകളിൽ സഞ്ചരിക്കുകയും മറ്റുള്ളവരുടെ വിശേഷങ്ങൾ അന്വേഷിക്കയും വേണ്ട. എന്തുകൊണ്ടെന്നാൽ സ്വന്തം കാര്യങ്ങളെ ന ല്ലതിൽവണ്ണം ക്രമീകരിക്കുമെങ്കിൽ കാര്യമില്ലാത്ത കാര്യങ്ങളിൽ ഉൾപെ ടുവാൻ നേരമുണ്ടാകുകയില്ല" (*ചാവരുൾ*, 7).

"ആവശ്യമില്ലാതെ അതിഥികളാകേണ്ട" എന്ന ചാവറ പിതാവിന്റെ ഉപ ദേശം ഭവനസന്ദർശനങ്ങളെ നിരോധിക്കുന്നതല്ല. മറിച്ച്, ആവശ്യകത യില്ലാത്ത സന്ദർശനങ്ങളും അനാവശ്യമായ ഇടപെടലുകളും ഒഴിവാ ക്കാനുള്ള ആത്മീയ അച്ചടക്കമാണ് അത് നമ്മെ പഠിപ്പിക്കുന്നത്. ഒരാ ളെ സന്ദർശിക്കേണ്ടതിന് യഥാർത്ഥ ആവശ്യകത ഉണ്ടെങ്കിൽ മാത്രം അ ത് ചെയ്യുക. സന്ദർശിക്കുമ്പോൾ ആതിഥേയന്റെ സമയത്തെയും സ്വകാ ര്യതയെയും മാനിക്കുക. അനാവശ്യമായി സമയം നീട്ടാതിരിക്കുകയും, ഗോസിപ്പുകൾക്കും ഫലമില്ലാത്ത ചർച്ചകൾക്കും ഇടം കൊടുക്കാതിരി ക്കുകയും ചെയ്യുക. ഇത്തരം വിവേകപൂർണമായ പെരുമാറ്റമാണ് ഒരു നല്ല സന്ദർശനത്തിന്റെ അടയാളം.

അനാവശ്യ സന്ദർശനങ്ങൾ ഒഴിവാക്കേണ്ടതിന്റെ മറ്റൊരു കാരണവും ചാവറ പിതാവ് ചൂണ്ടിക്കാണിക്കുന്നു: "സ്വന്തം കാര്യങ്ങളെ നല്ലതിൽ വ ണ്ണം ക്രമീകരിക്കുമെങ്കിൽ കാര്യമില്ലാത്ത കാര്യങ്ങളിൽ ഉൾപ്പെടുവാൻ നേരമുണ്ടാകുകയില്ല." ഈ വാക്കുകൾ നമ്മെ അധ്വാനശീലത്തിലേ ക്കും ഉത്തരവാദിത്തബോധമുള്ള ജീവിതത്തിലേക്കും ആത്മപരിശോ ധനയിലേക്കും ക്ഷണിക്കുന്നു. സ്വന്തം ജീവിതം ക്രമപ്പെടുത്താൻ ശ്രദ്ധി ക്കുന്ന ഒരാൾക്ക് മറ്റുള്ളവരുടെ ജീവിതത്തിൽ അനാവശ്യമായി ഇട പെടാൻ സമയമോ താൽപര്യമോ ഉണ്ടാകുകയില്ല.

ഈ ഉപദേശം ഇന്നത്തെ സാമൂഹിക സാഹചര്യത്തിൽ ഏറെ പ്രസക്ത മാണ്. സാങ്കേതികവിദ്യയുടെ വളർച്ച മറ്റുള്ളവരുടെ ജീവിതത്തിലേക്ക് കടന്നുചെല്ലുന്നത് മുമ്പെങ്ങുമില്ലാത്തവിധം എളുപ്പമാക്കിയിരിക്കുന്നു. സമൂഹമാധ്യമങ്ങളിലൂടെയും വിവിധ ആശയവിനിമയ സംവിധാനങ്ങളി ലൂടെയും മറ്റുള്ളവരുടെ സ്വകാര്യജീവിതത്തെക്കുറിച്ച് അമിതമായ കൗ തുകം പ്രകടിപ്പിക്കുകയും, അവരുടെ വ്യക്തിപരമായ കാര്യങ്ങളിൽ അ നാവശ്യമായി ഇടപെടുകയും ചെയ്യുന്ന പ്രവണത വ്യാപകമായിരിക്കു

ന്നു. എന്നാൽ ആത്മീയ പക്വതയുള്ള ഒരാൾ മറ്റുള്ളവരുടെ സ്വകാര്യത യെ ആദരിക്കുകയും അവരുടെ വ്യക്തിസ്വാതന്ത്ര്യത്തെ മാനിക്കുകയും ചെയ്യും. മറ്റുള്ളവരുടെ ജീവിതത്തെക്കുറിച്ചുള്ള അനാവശ്യ അന്വേഷ ണങ്ങളിൽ സമയം ചെലവഴിക്കുന്നതിനുപകരം, സ്വന്തം ജീവിതത്തെ കൂടുതൽ വിശുദ്ധവും ക്രിസ്തുകേന്ദ്രീകൃതവുമാക്കാനാണ് അദ്ദേഹം ശ്ര ദ്ധിക്കുക. യഥാർത്ഥ ആത്മീയത മറ്റുള്ളവരുടെ ജീവിതം പരിശോധി ക്കുന്നതിലല്ല, സ്വന്തം ഹൃദയത്തെ ദൈവസന്നിധിയിൽ നിരന്തരം പരി ശോധിക്കുന്നതിലാണ്.

ഒരു നല്ല അതിഥി ആത്മാവിന്റെ അച്ചടക്കം പാലിക്കുന്നവനാണ്. അതി ക്രമമില്ലാതെ പെരുമാറുക, നിശ്ചിത സമയത്ത് എത്തിച്ചേരുക, ആതി ഥേയന്റെ ജീവിതക്രമത്തെ മാനിക്കുക, അവിടുത്തെ രീതികളോട് ആദ രവ് പുലർത്തുക, സംസാരത്തിൽ മിതത്വവും മര്യാദയും പാലിക്കുക—ഇ വയെല്ലാം ആതിഥേയനോടുള്ള സ്നേഹത്തിന്റെയും ആദരവിന്റെയും പ്രകടനങ്ങളാണ്.

ഒരു ഭവനത്തിന്റെ മഹത്വം അതിന്റെ സമ്പത്തിലോ ആഡംബരത്തിലോ അല്ല; മറിച്ച്, അതിൽ വസിക്കുന്ന ദൈവഭക്തിയിലും സ്നേഹത്തിലും ക്രമത്തിലും ലാളിത്യത്തിലുമാണ് അതിന്റെ യഥാർത്ഥ സൗന്ദര്യം. അതു കൊണ്ട് നാം അതിഥികളായി പ്രവേശിക്കുന്ന ഓരോ ഭവനത്തെയും ഒരു വിശുദ്ധ ഇടമായി കണ്ട് ആദരവോടെയും കരുതലോടെയും പെരുമാറ ണം. നമ്മുടെ സാന്നിധ്യം ആ ഭവനത്തിന് ഭാരമാകാതെ അനുഗ്രഹമാക ണം; അസ്വസ്ഥതയാകാതെ സമാധാനമാകണം. അപ്പോഴാണ് നാം നല്ല അതിഥികളാകുന്നതും, നമ്മുടെ സന്ദർശനങ്ങൾ ക്രിസ്തുവിന്റെ സാന്നി ധ്യം വഹിക്കുന്ന ആത്മീയ അനുഭവങ്ങളായി മാറുന്നതും.

1.2.8. ഭിക്ഷ തേടിയെത്തുന്ന അതിഥികൾ: കരുണയുടെ ആത്മീ യത

"ഭിക്ഷക്കാർ വെറും കൈയോടുകൂടി നിന്റെ വീട്ടിൽനിന്നു പോകുവാൻ നീ സമ്മതിക്കേണ്ട. കഴിവുള്ളതനുസരിച്ച് അല്പമെങ്കിലും ദാനധർമ്മം കൊടുക്കാതെ ഇരിക്കേണ്ടാ" (*ചാവരുൾ*, 13).

മലയാളത്തിൽ ഭിക്ഷക്കാർക്ക് ദാനം ചെയ്യുന്നതിനെ 'ധർമ്മം കൊടു ക്കുക' എന്നാണ് പറയുന്നത്. ഭിക്ഷക്കാരെ 'ധർമ്മക്കാർ' എന്നും വിളി ക്കാറുണ്ട്. ഈ പദപ്രയോഗം വളരെ അർത്ഥവത്താണ്. അത് സൂചിപ്പി ക്കുന്നത് ദാനം ചെയ്യുന്നത് നമ്മുടെ ഔദാര്യമോ മഹത്വമോ അല്ല; മറിച്ച് അത് നമ്മുടെ കടമയാണ് എന്നതാണ്. ദരിദ്രർ നമ്മുടെ കരുണയ്ക്ക് അ

ർഹരായവരല്ല; അവർ നമ്മുടെ സ്നേഹത്തിനും നീതിക്കും അവകാശ മുള്ളവരാണ്.

"വെറുംകൈയോടെ പോകാൻ സമ്മതിക്കരുത്"—എന്തുകൊണ്ട്? ഒരു ഭിക്ഷകൻ നമ്മുടെ വാതിൽക്കൽ മുട്ടുമ്പോൾ, അവൻ വെറും അപ്പം മാത്രമല്ല തേടുന്നത്; മനുഷ്യസ്നേഹത്തിനും അംഗീകാരത്തിനും വേണ്ടി ദാഹിക്കുകയാണ്. "ദരിദ്രനോടു കരുണ കാണിക്കുന്നവൻ കർത്താവി നാണ് വായ്പ കൊടുക്കുന്നത്" (സുഭാ 19:17). നാം കൊടുക്കുന്നത് ഒരു നാണയം ആയിരിക്കാം; പക്ഷേ ദൈവം കാണുന്നത് നമ്മുടെ ഹൃദയ മാണ്.

ചാവറയച്ചൻ പറഞ്ഞത് 'കഴിവുള്ളതനുസരിച്ച്' എന്നാണ്. അതായത് ദാനത്തിന്റെ മൂല്യം അതിന്റെ വലുപ്പത്തിലല്ല, ആത്മാർത്ഥതയിലാണ്. അത് സമ്പത്തിൽ നിന്ന് അല്ല, ഹൃദയത്തിൽ നിന്ന് കൊടുക്കണം. ദാനം എന്നത് അധികമുള്ളത് നൽകുക എന്നല്ല; ഉള്ളതിൽ നിന്ന് പങ്കിടുക എ ന്നതാണ്. യേശു പ്രശംസിച്ച വിധവയുടെ രണ്ട് ചെറിയ നാണയങ്ങളെ പ്പോലെ, ദൈവം അളക്കുന്നത് തുകയല്ല, സ്നേഹത്തിന്റെ ആഴമാണ്.

"അല്പമെങ്കിലും കൊടുക്കാതെ ഇരിക്കരുത്." ഒരാൾ വെറുംകൈയോടെ മടങ്ങുമ്പോൾ, അവന്റെ ഹൃദയത്തിൽ എന്ത് വികാരമായിരിക്കും ഉണ രുക? "ഈ വീട്ടിൽ കരുണയില്ല," "ദൈവം പോലും എന്നെ മറന്നുപോ യി" എന്ന വേദന അവനെ നിരാശനാക്കിയേക്കാം. നമ്മുടെ അവഗണന അവന്റെ വിശ്വാസത്തിനും പ്രത്യാശയ്ക്കും മുറിവേൽപ്പിച്ചേക്കാം. അതു കൊണ്ടാണ് യേശു നമ്മെ ഓർമ്മിപ്പിക്കുന്നത്: "നിന്നോട് ചോദിക്കുന്ന വന്നു കൊടുക്കുക" (മത്താ 5:42).

ഒരു ആശ്രമമോ ഒരു ക്രിസ്തീയ ഭവനമോ പ്രാർത്ഥനയുടെ സ്ഥലം മാത്രമല്ല; കരുണയുടെ സാക്ഷ്യവുമാണ്. ദരിദ്രൻ വാതിൽക്കൽ നിൽ ക്കുമ്പോൾ ദൈവം തന്നെ നിൽക്കുന്നു. "ഞാൻ വിശന്നിരുന്നു; നിങ്ങൾ എനിക്ക് ഭക്ഷണം തന്നു" (മത്താ 25:35). നാം കൊടുക്കുന്നത് ഒരു അപ്പം ആയിരിക്കാം; പക്ഷേ നാം സ്പർശിക്കുന്നത് ക്രിസ്തുവിന്റെ സാന്നിധ്യത്തെയാണ്.

ക്രിസ്തീയ വിശ്വാസം നമ്മെ മറ്റൊരു വലിയ സത്യവും ഓർമ്മിപ്പിക്കുന്നു. അന്തിമവിധിയുടെ സമയത്ത് ദരിദ്രരാണ് നമ്മുടെ ന്യായാധിപന്മാർ. അ വരുടെ വിശപ്പിനോടും വേദനയോടും ആവശ്യങ്ങളോടും നാം എങ്ങനെ പ്രതികരിച്ചു എന്നതിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ നിത്യവിധി നി ർണയിക്കപ്പെടുക. അവരുടെ ജീവിതത്തിൽ നാം കരുണയുടെ അടയാ

ളമായിരുന്നോ, അല്ലെങ്കിൽ അവരെ അവഗണിച്ചോ എന്ന ചോദ്യത്തിന് മുന്നിൽ നാം നിൽക്കേണ്ടിവരും. അതുകൊണ്ട് ദരിദ്രർ നമ്മുടെ സഹായം ആവശ്യപ്പെടുന്നവർ മാത്രമല്ല; നമ്മുടെ അന്ത്യവിധിയെക്കുറിച്ച് സാക്ഷ്യം പറയുന്നവരുമാണ്.

ദാനം ദരിദ്രനെ ഉയർത്തുന്നതിനു മുൻപ് നമ്മെ വിശുദ്ധരാക്കുന്നു. ഒരു ഭിക്ഷകൻ വെറുംകൈയോടെ മടങ്ങാതിരിക്കാൻ ശ്രദ്ധിക്കുമ്പോൾ, യഥാർത്ഥത്തിൽ ശൂന്യമാകാതെ നിറയുന്നത് നമ്മുടെ സ്വന്തം ഹൃദയമാണ്. വി. ചാവറയുടെ ഉപദേശം നമ്മെ ഓർമ്മിപ്പിക്കുന്നു: കരുണ കാണിക്കുക, കഴിവനുസരിച്ച് പങ്കിടുക, ആരെയും നിരാശയോടെ മടക്കിവിടരുത്. നമ്മുടെ വാതിൽ കടന്ന് വരുന്നവർ വെറുംകൈയോടെ അല്ല, ദൈവകൃപയുടെ അനുഭവവുമായി മടങ്ങട്ടെ.

നമുക്ക് ആത്മശോധന ചെയ്യാം: ഞാൻ കൊടുക്കുന്നത് കരുണയോടെയാണോ, അതോ വെറും ബാധ്യത നിറവേറ്റാനാണോ? ഞാൻ കൊടുക്കുമ്പോൾ മറ്റുള്ളവരുടെ മാന്യത കാത്തുസൂക്ഷിക്കുന്നുണ്ടോ? ദരിദ്രനിൽ ഞാൻ ക്രിസ്തുവിനെ കാണുന്നുണ്ടോ? എന്റെ വാതിൽക്കൽ എത്തുന്ന 'ധർമ്മക്കാരിൽ' എന്റെ നിത്യവിധിയുടെ സാക്ഷികളെ ഞാൻ തിരിച്ചറിയുന്നുണ്ടോ?

1.2.9. കാവലാളായ ഇടയൻ

ആശ്രമഭവനത്തിന് പുറത്തേക്ക് പോകുമ്പോൾ സുപ്പീരിയറുടെ അനുവാദം വാങ്ങേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ചാവറ പിതാവ് ഇങ്ങനെ ഉപദേശിക്കുന്നു: "ഏൽപ്പിക്കപ്പെട്ട ജോലികൾക്കും പ്രമാണരേഖ നിർദ്ദേശിക്കുന്ന മറ്റു കാര്യങ്ങൾക്കുമല്ലാതെ മറ്റേതെങ്കിലും ആവശ്യത്തിനു പുറത്തു പോകുന്നതിന് ബഹുമാനപ്പെട്ട സുപ്പീരിയറുടെ അനുവാദം ആവശ്യമാണ്. എന്തെന്നാൽ തന്റെ ആട്ടിൻകുട്ടി ഇപ്പോൾ എവിടെ മേയുന്നുവെന്ന് ഇടയൻ അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്."[1]

ഈ ഉപദേശത്തിന്റെ അടിസ്ഥാനം നിയന്ത്രണമല്ല, കരുതലാണ്. വിശുദ്ധ ഗ്രന്ഥത്തിൽ ഇടയൻ സ്നേഹത്തിന്റെയും സംരക്ഷണത്തിന്റെയും ഉത്തരവാദിത്തത്തിന്റെയും പ്രതീകമാണ്. യേശു പറയുന്നു: "ഞാൻ നല്ല ഇടയൻ ആകുന്നു; ഞാൻ എന്റെ ആടുകളെ അറിയുന്നു" (യോഹ 10:14). നല്ല ഇടയൻ ആടുകളെ നിയന്ത്രിക്കാൻ ശ്രമിക്കുന്നില്ല; അവയെ സംരക്ഷിക്കാനാണ് പരിശ്രമിക്കുന്നത്. ഓരോ ആടും എവിടെയാണെന്ന് അറിയുന്നത് അവന്റെ ഉത്തരവാദിത്തത്തിന്റെ ഭാഗമാണ്. അതു

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VI/3:2, 136.

പോലെ തന്നെ ആശ്രമത്തിൽ നിന്ന് പുറത്തുപോകുമ്പോൾ സുപ്പീരിയറെ അറിയിക്കുന്നത് അനുസരണയുടെ അടയാളമാണ്; വിശ്വാസത്തിന്റെ പ്രകടനമാണ്; സമൂഹബന്ധത്തിന്റെ ഉറപ്പാണ്. ചെറിയ കാര്യമെന്നു തോന്നുന്ന ഈ ശീലം സമൂഹജീവിതത്തിൽ വലിയ സമാധാനവും ക്രമവും സൃഷ്ടിക്കുന്നു.

വിശുദ്ധ ഗ്രന്ഥം നമ്മെ ഓർമ്മിപ്പിക്കുന്നു: "നിങ്ങളുടെ നേതാക്കളെ അനുസരിക്കുകയും അവർക്കു വിധേയരായിരിക്കുകയും ചെയ്യുവിൻ. കണക്കേൽപ്പിക്കാൻ കടപ്പെട്ട മനുഷ്യരെപ്പോലെ അവർ നിങ്ങളുടെ ആത്മാക്കൾക്കു കാവൽ നിൽക്കുന്നു" (ഹെബ്രാ 13:17). ഈ വചനത്തിന്റെ വെളിച്ചത്തിൽ സുപ്പീരിയറുടെ റോളിനെ മനസ്സിലാക്കുമ്പോൾ, അദ്ദേഹം നിയന്ത്രണം ചെലുത്തുന്ന വ്യക്തിയല്ല; മറിച്ച്, തന്റെ ഉത്തരവാദിത്തമായി അംഗങ്ങളുടെ ക്ഷേമത്തിനും ആത്മീയ വളർച്ചയ്ക്കും കാവൽ നിൽക്കുന്ന ഇടയനാണ്.

ഒരു അംഗം എവിടെയാണെന്ന് സമൂഹം അറിയാതിരുന്നാൽ അത് അനാവശ്യമായ ആശങ്കയ്ക്കും അനിശ്ചിതത്വത്തിനും ഇടയാക്കും. അതുകൊണ്ട് അറിയിക്കൽ എന്നത് സ്വാതന്ത്ര്യം നഷ്ടപ്പെടുത്തലല്ല; മറിച്ച്, പരസ്പരവിശ്വാസത്തെ ശക്തിപ്പെടുത്തുന്ന ഒരു സമൂഹമൂല്യമാണ്.

നല്ല ഇടയനായ ദൈവം ഒരിക്കലും തന്റെ ആടുകളെ കൈവിടുന്നില്ല. വഴിതെറ്റിപ്പോയ ഒരു ആടിനെ അന്വേഷിച്ച് പോകുന്ന ഇടയന്റെ ഉപമ (ലൂക്കാ 15:4) ദൈവത്തിന്റെ കരുണയുടെ ആഴം വെളിപ്പെടുത്തുന്നു. മനുഷ്യസമൂഹത്തിലും ഈ കരുതലിന്റെ പ്രതിഫലനമാണ് സുപ്പീരിയറുടെ ശുശ്രൂഷ. ഒരു അംഗത്തിന്റെ യാത്രകളെയും സാന്നിധ്യത്തെയുംക്കുറിച്ച് സമൂഹം അറിയുന്നത് നിരീക്ഷണത്തിന്റെ ഭാഗമല്ല; മറിച്ച്, ആവശ്യമായ സമയത്ത് സംരക്ഷണവും സഹായവും ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തമാണ്.

ചാവറ പിതാവ് സമൂഹജീവിതത്തെ ഒരു കുടുംബമായി കണ്ടിരുന്നു. ഒരു കുടുംബത്തിൽ ആരെങ്കിലും പുറത്തുപോകുമ്പോൾ മറ്റുള്ളവർ അറിയുന്നത് സ്വാഭാവികമാണ്. അത് സംശയത്തിന്റെ അടയാളമല്ല; സ്നേഹത്തിന്റെ ഭാഷയാണ്. പരസ്പരം ഉത്തരവാദിത്തം ഏറ്റെടുക്കുന്ന ഒരു കുടുംബത്തിലാണ് യഥാർത്ഥ ഐക്യം വളരുന്നത്. ചാവറയച്ചന്റെ ഈ ഉപദേശം നമ്മെ ഉത്തരവാദിത്വമുള്ള സ്വാതന്ത്ര്യത്തിലേക്കും സ്നേഹപൂർവമായ അനുസരണത്തിലേക്കും വിശ്വാസത്തിൽ അധിഷ്ഠിതമായ സമൂഹജീവിതത്തിലേക്കും ക്ഷണിക്കുന്നു. നാം ഒറ്റപ്പെട്ട വ്യക്തികളല്ല; ക്രിസ്തുവിന്റെ ശരീരമായ സഭാസമൂഹത്തിലെ അംഗങ്ങളാണ്. അതി

നാൽ നല്ല ഇടയന്റെ കരുതലിലും സമൂഹത്തിന്റെ സ്നേഹബന്ധത്തിലും ജീവിക്കുന്ന ആട്ടിൻകുട്ടികളായി നമ്മുടെ ജീവിതം ക്രമപ്പെടുത്താം. അപ്പോൾ അനുസരണം ഒരു ഭാരമല്ല, സ്നേഹത്തിന്റെ മാർഗ്ഗമായി അനുഭവപ്പെടും.

1.2.10. മരണം എന്ന അതിഥി

രാവിലത്തെ ധ്യാനത്തിൽ 'അതിഥി' എന്ന വാക്കിന്റെ അർത്ഥത്തെ നാം ധ്യാനവിഷയമാക്കി. തീയതി അറിയിച്ചല്ല എത്തിച്ചേരുന്നത് എന്ന അർത്ഥത്തിൽ, നമ്മുടെ ജീവിതത്തിലെ യഥാർത്ഥ അതിഥി മരണമാണ്. അതുകൊണ്ട്, ആ അതിഥിയെ സ്വീകരിക്കാൻ നാം എപ്പോഴും സജ്ജരായിരിക്കണം എന്ന ചിന്തയാണ് നാം പങ്കുവെച്ചത്. ആ ധ്യാനത്തിന്റെ തുടർച്ചയായി, ചാവറ പിതാവ് കൈനകരികാർക്ക് നൽകിയ ഒരു പ്രധാന ഉപദേശം—'നന്മരണസഭ' സ്ഥാപിക്കുകയും അതിന്റെ ക്രമങ്ങൾ വിശ്വസ്തതയോടെ പാലിക്കുകയും ചെയ്യണമെന്ന ആഹ്വാനം—നമുക്ക് വിചിന്തനം ചെയ്യാം.

ചാവറ പിതാവ് എഴുതുന്നു: "മനുഷ്യർ ചെയ്യുന്ന സഹായങ്ങളിൽ ഏറ്റവും വലിയ സഹായം മരണനേരത്ത് ചെയ്യുന്ന സഹായമാണ്. എല്ലാറ്റിലും വലിയ ഉപവിയും ഇതുതന്നെ. അതിനാൽ, ഇത് എത്രയോ വലിയ കാര്യവും എല്ലാവർക്കും ആവശ്യമുള്ളതുമാണ് എന്നത് നിശ്ചയം തന്നെ... ഞാൻ മരിക്കുമെന്നും ഒരിക്കലും "പ്രതീക്ഷിക്കാത്ത നേരത്ത് മരണം വരുമെന്നും മറക്കാതിരിക്കണം. പ്രതീക്ഷിക്കാത്ത സമയത്ത് മരണം കള്ളനെപ്പോലെ വരും. അതിനാൽ എപ്പോഴും ഉണർന്നിരിക്കുവിൻ" എന്ന കർത്താവിന്റെ തിരുവചനം ഓർക്കുവിൻ."[1] ഈ വാക്കുകൾ മരണത്തെ ഭയത്തിന്റെ വിഷയമാക്കുന്നില്ല; മറിച്ച് ആത്മീയ ജാഗ്രതയുടെ വിഷയമാക്കുന്നു. മരണം ജീവിതത്തിന്റെ അവസാനമല്ല; ദൈവസന്നിധിയിലേക്കുള്ള പ്രവേശനമാണ്. അതുകൊണ്ട് മരണത്തിനുള്ള ഒരുക്കം എന്നത് ജീവിതത്തെ വിശുദ്ധിയോടെ ജീവിക്കാനുള്ള ഒരുക്കമാണ്. ഓരോ ദിവസവും ദൈവകൃപയിൽ നിലനിൽക്കാനും സ്നേഹത്തിലും വിശ്വാസത്തിലും വളരാനുമുള്ള ക്ഷണമാണ് അത്.

ചാവറ പിതാവ് മറ്റൊരിടത്ത് വളരെ ശ്രദ്ധേയമായ ഒരു കാര്യം പറയുന്നു: "ദൈവാനുഗ്രഹം നിങ്ങളിൽ നിലനിൽക്കുന്നതിനുള്ള അടിസ്ഥാന കാരണം നിങ്ങൾ തുടങ്ങിയിരിക്കുന്ന 'നന്മരണസഭ' എന്ന പേരിലുള്ള മരണ

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, IX/11, 227-228.

ഒരുക്കത്തിനുള്ള സംഘടനയത്രേ."[1] ഈ വാക്കുകൾ നമ്മെ ചിന്തിപ്പിക്കുന്നു. ദൈവാനുഗ്രഹം വലിയ പ്രവർത്തനങ്ങളുടെ പ്രതിഫലമല്ല; ദൈവസന്നിധിയിൽ എപ്പോഴും സജ്ജരായി ജീവിക്കുന്ന മനോഭാവത്തിന്റെ ഫലമാണ്. മരണത്തെ ഓർക്കുന്നവൻ ജീവിതത്തെ കൂടുതൽ ഉത്തരവാദിത്തത്തോടെയും വിശുദ്ധിയോടെയും സ്നേഹത്തോടെയും ജീവിക്കുന്നു. അതുകൊണ്ട് നന്മരണത്തിനുള്ള ഒരുക്കം മരണത്തിനു വേണ്ടിയുള്ള ഒരുക്കം മാത്രമല്ല; ഓരോ ദിവസവും നന്മയിൽ ജീവിക്കാനുള്ള ആത്മീയ പരിശീലനമാണ്.

ചാവറ പിതാവ് നന്മരണസഭാംഗങ്ങളുടെ ദൗത്യവും വ്യക്തമായി വിവരിക്കുന്നു: "ഒരാൾ മരണശയ്യയിലാണ് എന്നറിഞ്ഞാൽ നന്മമരണസഭയിലെ അംഗങ്ങൾ ഒറ്റയ്ക്കോ ഏതാനും പേർ ഒരുമിച്ചോ രോഗിയെ സന്ദർശിക്കുകയും മരണം അടുത്തു എന്ന് കണ്ടാൽ രോഗി അന്ത്യകൂദാശകൾ സ്വീകരിക്കുന്നതിനു വേണ്ടത് ചെയ്യുകയും വേണം. കൂടാതെ, മരണം വരെ ആ കൂടപ്പിറപ്പിന്റെ അരികെ ഇരിക്കാൻ ആരെങ്കിലും ഉണ്ടാകത്തക്ക വിധത്തിൽ ആളുകളെ മാറിമാറി നിയോഗിക്കുന്നതിന് ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്... സഭാംഗങ്ങളുടെ പ്രധാന കടമ ഈ പരസ്യ സ്നേഹപ്രവർത്തി നിർവഹിക്കലാണ്. ഒരാളുടെ ഉപദേശത്താലും, ഉത്സാഹത്താലും പ്രേരണയാലും, സദ് വചനങ്ങളാലും മറ്റൊരാൾ നന്മരണം വരിച്ച് ആ ആളുടെ ആത്മാവ് രക്ഷപ്പെട്ട് സ്വർഗ്ഗഭാഗ്യത്തിന് ഇടയായാൽ, ഇതിനു കാരണക്കാരനായവന്റെ ആത്മരക്ഷയും നിശ്ചയം തന്നെ. എന്തെന്നാൽ, രക്ഷിക്കപ്പെട്ട ആത്മാവ് ദൈവതിരുമുമ്പിൽ നന്ദി നിറഞ്ഞ മനസ്സോടുകൂടി അതിനുകാരണക്കാരനായ ആത്മാവിന്റെ രക്ഷയ്ക്കുവേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരിക്കും."[2]

ഈ ഉപദേശം ക്രിസ്തീയ സ്നേഹത്തിന്റെ ഏറ്റവും ഉന്നതമായ പ്രകടനമാണ്. മരണശയ്യയിൽ കിടക്കുന്ന ഒരാളുടെ അരികിൽ സ്നേഹപൂർവം നിൽക്കുക എന്നത് വെറും മാനുഷിക കടമയല്ല; ദൈവത്തിന്റെ കരുണയുടെ സാക്ഷിയാകുകയാണ്. ഭയവും ഏകാന്തതയും അനിശ്ചിതത്വവും നിറഞ്ഞ ആ നിമിഷങ്ങളിൽ നമ്മുടെ സാന്നിധ്യം ദൈവത്തിന്റെ ആശ്വാസസ്പർശമായി മാറാം. രോഗിയെ അന്ത്യകൂദാശകൾ സ്വീകരിക്കാൻ സഹായിക്കുകയും, പ്രാർത്ഥനയിൽ അവനെ അനുഗമിക്കുകയും, അവസാന നിമിഷം വരെ അവനെ ഒറ്റപ്പെടുത്താതിരിക്കുകയും ചെയ്യുന്നത് ക്രിസ്തുവിന്റെ കരുണയുടെ ജീവനുള്ള സാക്ഷ്യമാണ്.

---

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, IX/11, 227-227.

[2] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, IX/11, 232-233.

ചാവറ പിതാവ് ഇവിടെ ഒരു മഹത്തായ ആത്മീയ സത്യം നമ്മെ പഠിപ്പിക്കുന്നു. മറ്റൊരാളുടെ ആത്മരക്ഷയ്ക്കായി ആത്മാർഥമായി പരിശ്രമിക്കുന്നത് നമ്മുടെ സ്വന്തം ആത്മരക്ഷയുടെ വഴിയും കൂടിയാണ്. സ്നേഹത്താൽ, പ്രാർത്ഥനയാൽ, ആത്മീയ പ്രോത്സാഹനത്താൽ ഒരാളെ നന്മരണത്തിലേക്ക് നയിക്കുമ്പോൾ, അത് ദൈവസന്നിധിയിൽ നിത്യ ഫലം പുറപ്പെടുവിക്കുന്ന ഒരു പ്രവൃത്തിയായി മാറുന്നു. രക്ഷിക്കപ്പെട്ട ആത്മാവ് ദൈവതിരുമുമ്പിൽ നന്ദിയോടെ നിൽക്കുകയും, തന്റെ രക്ഷയ്ക്ക് കാരണമായവർക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുകയും ചെയ്യും എന്ന ചാവറ പിതാവിന്റെ ദർശനം വിശുദ്ധരുടെ കൂട്ടായ്മയിലുള്ള സഭയുടെ വിശ്വാസത്തെ മനോഹരമായി പ്രതിഫലിപ്പിക്കുന്നു.

മരണം ഒരു ദിവസം നമ്മുടെ വാതിലിലും അതിഥിയായി എത്തും. ആ അതിഥിയെ ഭയത്തോടെ അല്ല, വിശ്വാസത്തോടെ സ്വീകരിക്കാൻ ഇന്നു മുതൽ നാം തയ്യാറാകണം. ജീവിതവും മരണവും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. ഓരോ ശ്വാസോച്ഛ്വാസത്തിലും മരണം നമ്മുടെ കൂടെയുണ്ട്. ഒരോ ശ്വാസം പുറത്തേക്കു വിടുമ്പോഴും, അടുത്ത ശ്വാസം അകത്തേക്കെടുക്കുവാൻ നമ്മൾ ഉണ്ടാകുമോ എന്ന കാര്യം ആർക്കും ഉറപ്പില്ല. അതുകൊണ്ടുതന്നെ ജീവിതത്തിലെ ഓരോ നിമിഷവും ദൈവം നമുക്കു നൽകിയ അമൂല്യമായ കൃപാദാനമാണ്. ആ നിമിഷങ്ങളെ ദൈവഹിതത്തിനനുസരിച്ച് ജീവിക്കുകയും, സ്നേഹത്തിലും വിശ്വാസത്തിലും വളരുകയും, നന്മ ചെയ്യുന്നതിനായി വിനിയോഗിക്കുകയും ചെയ്യുക എന്നതാണ് നന്മരണത്തിനുള്ള ഏറ്റവും മികച്ച ഒരുക്കം.

വി. ചാവറയച്ചന്റെ ജീവിതത്തിൽ മരണം ഭയപ്പെടുത്തുന്ന ഒരു വേർപാടായിരുന്നില്ല; മറിച്ച് താൻ സ്നേഹിച്ച ക്രിസ്തുവുമായുള്ള പൂർണ്ണമായ കൂടിക്കാഴ്ചയായിരുന്നു. അതുകൊണ്ടുതന്നെ, ഈശോയെ ദർശിച്ചപ്പോൾ അദ്ദേഹത്തിന്റെ ഹൃദയത്തിൽനിന്ന് ഉയർന്നത്: "നിന്നെ കണ്ടതിന്റെ ശേഷം ഈ കണ്ണുകളാൽ മറ്റൊന്നും കാണണ്ട. ഇപ്പോൾ മരിച്ചാൽ കൊള്ളാമായിരുന്നു."[1] ക്രിസ്തുവിനെ കണ്ടുമുട്ടിയ ഒരാളുടെ ഹൃദയത്തിൽ മരണത്തെക്കുറിച്ചുള്ള ഭയം എങ്ങനെ പ്രത്യാശയായി മാറുന്നു എന്നതിന്റെ സാക്ഷ്യമാണ് ഈ വാക്കുകൾ. ജീവിതത്തിന്റെ ഓരോ നിമിഷവും ക്രിസ്തുവിനെ കാണാനും, അവിടുത്തെ സ്നേഹിക്കാനും, അവിടുത്തെ സ്നേഹത്തിൽ മറ്റുള്ളവരെ സ്നേഹിക്കാനും നമുക്ക് ലഭിച്ച അവസരമാണ്. അങ്ങനെ ജീവിക്കുമ്പോൾ, മരണം ജീവിതത്തിന്റെ പരാജയമല്ല; ക്രിസ്തുവുമായുള്ള ആത്യന്തികമായ കൂടി

[1] ചാവറ കുര്യാക്കോസ് ഏലിയാസ്, *ഇടയനാടകങ്ങൾ*, എഡി. ജോൺപോൾ (കേരള സാഹിത്യ അക്കാദമി, 2014) 59.

ക്കാഴ്ചയിലേക്കുള്ള വാതിലായി മാറുന്നു. അതുകൊണ്ട് നന്മരണത്തിനുള്ള ഏറ്റവും നല്ല ഒരുക്കം മരണത്തെക്കുറിച്ച് നിരന്തരം ചിന്തിക്കുന്നതല്ല, ഓരോ ദിവസവും ക്രിസ്തുവിനെ കണ്ടുമുട്ടിക്കൊണ്ട് ജീവിക്കുക എന്നതാണ്.

(സമാപന പ്രാർത്ഥന)

സ്നേഹനിധിയായ ദൈവമേ, ഈ ധ്യാനസമയത്ത് അങ്ങയുടെ സാന്നിധ്യം അനുഭവിക്കുവാൻ നൽകിയ കൃപയ്ക്ക് ഹൃദയം നിറഞ്ഞ നന്ദി. ഞങ്ങൾ കണ്ടുമുട്ടുന്ന ഓരോരുത്തരിലും അങ്ങയുടെ മുഖം ദർശിക്കുവാനും, ഞങ്ങളുടെ സമൂഹങ്ങളെ സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും ദൈവസാന്നിധ്യത്തിന്റെയും ദർശനവീടുകളാക്കി മാറ്റുവാനും കൃപ നൽകണമേ. ഓരോ ദിവസവും അങ്ങയുടെ കൃപയിൽ നന്മയോടെ ജീവിച്ച്, പ്രത്യാശയോടെ നന്മരണത്തിനായി ഒരുങ്ങുവാൻ ഞങ്ങളെ സഹായിക്കണമേ. ഈ ധ്യാനങ്ങളിൽ എടുത്ത തീരുമാനങ്ങൾ ജീവിതത്തിൽ വിശ്വസ്തതയോടെ നടപ്പാക്കുവാൻ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ ശക്തിപ്പെടുത്തണമേ. ഇതെല്ലാം ഞങ്ങളുടെ കർത്താവായ ഈശോമിശിഹാവഴി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

1.3
സ്വീകരണമുറി: നിയമാവലി ധ്യാനം

(ആമുഖ പ്രാർത്ഥന)

സ്നേഹനിധിയായ ദൈവമേ, സി.എം.ഐ. നിയമാവലിയുടെ വെളിച്ചത്തിൽ സ്വീകരണമുറിയെ ധ്യാനവിഷയമാക്കാൻ ഒരുങ്ങുന്ന ഞങ്ങളെ അനുഗ്രഹിക്കണമേ.

കർത്താവേ, ഞങ്ങളുടെ സ്വീകരണമുറി ഒരു ഭൗതിക ഇടം മാത്രമല്ല, സ്നേഹവും വിശ്വാസവും നിറഞ്ഞ ഒരു ഹൃദയാവസ്ഥയാക്കുവാൻ അനുഗ്രഹിക്കണമേ. അവിടെ പ്രവേശിക്കുന്ന ഓരോരുത്തരിലും അങ്ങയുടെ സാന്നിധ്യം തിരിച്ചറിയുവാനും, ഓരോ അതിഥിയിലും അങ്ങയുടെ മുഖം ദർശിക്കുവാനും ഞങ്ങൾക്ക് കൃപ നൽകണമേ.

ഞങ്ങളുടെ നിയമാവലി അനുശാസിക്കുന്നതുപോലെ, ഞങ്ങളുടെ ഭവനങ്ങൾ ദൈവാനുഭവത്തിന്റെ വിശുദ്ധ ഇടങ്ങളാകട്ടെ; സ്നേഹത്തിന്റെയും ലാളിത്യത്തിന്റെയും സാഹോദര്യത്തിന്റെയും ജീവനുള്ള സാക്ഷ്യങ്ങളാകട്ടെ. ഞങ്ങളുടെ സ്വീകരണം വെറും ഔപചാരികതയായി ചുരുങ്ങാതിരിക്കട്ടെ; മറിച്ച്, അത് സുവിശേഷത്തിന്റെ ജീവിക്കുന്ന സ്പർശനമായി മാറട്ടെ.

സ്ഥാപകപിതാവായ ചാവറയച്ചൻ പകർന്നു തന്ന കൂടപ്പിറപ്പുസ്നേഹവും വാത്സല്യവും കരുതലും ഞങ്ങളുടെ സമൂഹജീവിതത്തിൽ എന്നും നിറഞ്ഞുനിൽക്കട്ടെ. ഞങ്ങളുടെ ഭവനങ്ങളിൽ പ്രവേശിക്കുന്ന ഓരോരുത്തരും അങ്ങയുടെ സമാധാനവും സ്നേഹവും അനുഭവിക്കുവാൻ ഇടയാകണമേ. ഈ ധ്യാനസമയം ഞങ്ങളുടെ ഹൃദയങ്ങളെ നവീകരിക്കുകയും, ഞങ്ങളുടെ ഭവനങ്ങളെ അങ്ങയുടെ സാന്നിധ്യത്തിന്റെ ദർശനവീടുകളാക്കി മാറ്റുകയും ചെയ്യണമേ. ആമ്മേൻ.

(വചന വായന: ജോഷ്വ 1:8)

“ന്യായപ്രമാണഗ്രന്ഥം എപ്പോഴും നിന്റെ അധരത്തിൽ ഉണ്ടായിരിക്കണം. അതിൽ എഴുതിയിരിക്കുന്നതെല്ലാം പാലിക്കാൻ നീ ശ്രദ്ധിക്കണം. അതിനെക്കുറിച്ച് രാവും പകലും ധ്യാനിക്കണം. അപ്പോൾ നീ അഭിവൃദ്ധി പ്രാപിക്കുകയും വിജയം വരിക്കുകയും ചെയ്യും.”

(ധ്യാനവിചിന്തനം)

1.3.1. ദർശനവീടിന്റെ സന്യാസക്രമം

നിയമാവലി വെറും നിയമങ്ങളുടെ സമാഹാരമല്ല. അത് നമ്മുടെ വിളിയുടെയും സന്യാസദർശനത്തിന്റെയും കർത്താവിനോടുള്ള പ്രതിജ്ഞയുടെയും ജീവിക്കുന്ന രൂപമാണ്. സന്യാസികളായ നമ്മൾ നമ്മുടെ നിയമാവലിയെ എത്രമാത്രം ആഴത്തിൽ പഠിക്കുകയും ധ്യാനിക്കുകയും ചെയ്തിട്ടുണ്ട്? അത് നവസന്യാസകാലത്ത് പഠിച്ച ഒരു വിഷയമായി മാത്രം അവശേഷിച്ചിട്ടുണ്ടോ? അതോ നമ്മുടെ ദൈനംദിന ജീവിതത്തിൽ അതിന്റെ ചൈതന്യം പ്രതിഫലിക്കുന്നുണ്ടോ?

നാം ശ്രവിച്ച ദൈവവചനം നമ്മെ ഓർമിപ്പിക്കുന്നു: "ഈ നിയമഗ്രന്ഥം നിന്റെ അധരങ്ങളിൽനിന്ന് അകലരുത്; രാവും പകലും അത് ധ്യാനിക്കണം; അതിൽ എഴുതിയിരിക്കുന്നതെല്ലാം പാലിക്കാൻ ശ്രദ്ധിക്കണം" (ജോഷ്വ 1:8). ജോഷ്വായോട് ദൈവം പറഞ്ഞ ഈ വാക്കുകൾ ഇന്ന് നമ്മോടും ആവർത്തിക്കുന്നു: നിയമാവലിയിൽ നിലകൊൾക; അത് ധ്യാനിക്കുക; അത് ജീവിക്കുക. അപ്പോഴാണ് നമ്മുടെ വിളി പൂർണമാകുന്നത്. നിയമാവലിയുടെ ചൈതന്യം നമ്മുടെ ജീവിതത്തിൽ സജീവമാകുമ്പോൾ ദൈവകൃപ നമ്മിലേക്കും നമ്മുടെ സമൂഹജീവിതത്തിലേക്കും സഭയുടെ ശുശ്രൂഷകളിലേക്കും സമൃദ്ധമായി ഒഴുകും.

ചാവറ പിതാവിന്റെ കത്തുകളിൽ ഏറ്റവും കൂടുതൽ ആവർത്തിക്കപ്പെടുന്ന പദങ്ങളിലൊന്നാണ് 'ക്രമം.' കുടുംബക്രമത്തിനും സന്യാസക്രമത്തിനും അദ്ദേഹം നൽകിയ പ്രാധാന്യം അസാധാരണമാണ്. അത് ഉപദേശിക്കുക മാത്രമല്ല, സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്തു. ഉദാഹരണത്തിന് ചാവരുളിലെ ഒന്നു രണ്ടു വാക്യങ്ങൾ ഉദ്ധരിക്കാം: "ദുഃഖങ്ങളുടെ സ്ഥലമായിരിക്കുന്ന ഈ ലോകത്തിൽ ഓരോ രോ ബുദ്ധിമുട്ടുകളിലും സങ്കടങ്ങളിലും ഏറ്റം മധുരോർമ്മ തരുന്ന ആ ശ്വാസവും സമാധാനവും എന്നത് സ്നേഹവും ക്രമവുമുള്ള ഒരു കുടുംബത്തിൽ ജീവിക്കുന്നതാകുന്നു. അപ്രകാരം തന്നെ ക്രമവും സമാധാനവും ഇല്ലാതെയും ദൈവ ശുശ്രൂഷയിലും നിത്യരക്ഷയിലും ഒരു ശ്രദ്ധയും ഇല്ലാതെ നടക്കുന്ന ഒരു കുടുംബത്തിൽ ജീവിക്കുന്നതു ഏറ്റം വലിയ സങ്കടമാകുന്നു. ഇപ്രകാരം ക്രമമില്ലാത്ത കുടുംബങ്ങൾ എത്രയോ സങ്കടങ്ങൾക്കും കണ്ണുനീരിനും കാരണമായിരിക്കുന്നു."[1]

[1] ചാവറയച്ചൻ, *നല്ല അപ്പന്റെ ചാവരുൾ*, 8.

ഈ ഭാഗത്തിൽ 'ക്രമം' എന്ന പദം ആവർത്തിച്ച് ഉപയോഗിക്കുന്നത് യാദൃച്ഛികമല്ല. ചാവറ പിതാവിന്റെ ദർശനത്തിന്റെ കേന്ദ്രബിന്ദുവാണ് അത്. ഈ മുഖവുര അവസാനിപ്പിക്കുമ്പോൾ അദ്ദേഹം തന്റെ രചനയെ വിശേഷിപ്പിക്കുന്നതും ശ്രദ്ധേയമാണ്: "ഇപ്രകാരമുള്ള തിന്മകളും നാശങ്ങളും വരുന്നതിനിടവരാതിരിപ്പാൻ എനിക്കുണ്ടായിരുന്ന അതിയായ ആഗ്രഹത്തെക്കുറിച്ച് ഞാൻ ദൈവീക പ്രകാശവും ആവശ്യമായ ഉറപ്പും അപേക്ഷിച്ചുകൊണ്ട് ഈ കുടുംബക്രമം അഥവാ ചട്ടം എഴുതിയുണ്ടാക്കി."[1]

ക്രമമില്ലാത്തിടത്ത് അക്രമം സ്വാഭാവികമായി കടന്നുവരുന്നു. അക്രമം എന്നത് ക്രമത്തിന്റെ അഭാവം തന്നെയാണ്. രക്തബന്ധത്തിൽ ഒന്നായ ഒരു കുടുംബത്തിന് ക്രമം ഇത്രമേൽ അനിവാര്യമാണെങ്കിൽ, ദൈവവിളിയാൽ ഒന്നായ ഒരു സന്യാസകുടുംബത്തിന് സന്യാസക്രമം എത്രയോ അധികം ആവശ്യമാണ്! അതുകൊണ്ടാണ് ചാവറ പിതാവ് സന്യാസസമൂഹത്തിലെ ക്രമക്കേടുകളെക്കുറിച്ച് വേദനയോടെ എഴുതുന്നത്: "ദൈവത്തിന് ഇഷ്ടമുള്ളതും ആത്മാക്കൾക്ക് വളരെ ഉപകാരം ഉള്ളതും എന്ന നിലയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഈ സന്യാസ സമൂഹത്തിൽ കാണപ്പെടുന്ന ക്രമക്കേടുകളെ കണക്കാക്കാതെ അതിനെ നാശത്തിന്റെ വഴിയിൽ ഉപേക്ഷിച്ചിരിക്കുന്നു എന്ന വലിയ കുറ്റം ഞങ്ങളുടെ മേൽ ചുമത്തപ്പെടരുത്."[2]

സന്യാസവസ്ത്രത്തെ ഇംഗ്ലീഷിൽ Habit എന്നു വിളിക്കുന്നു. ആ പേര് യാദൃച്ഛികമല്ല. നാം ധരിക്കുന്ന വസ്ത്രം നമ്മുടെ ജീവിതത്തിൽ രൂപപ്പെടേണ്ട വിശുദ്ധശീലങ്ങളുടെ ബാഹ്യചിഹ്നമാണ്. എന്നാൽ വസ്ത്രം ധരിക്കുന്നതുകൊണ്ടു മാത്രം സന്യാസജീവിതം പൂർണമാകുന്നില്ല; ആ വസ്ത്രം സൂചിപ്പിക്കുന്ന ക്രമവും അച്ചടക്കവും ആത്മീയശീലങ്ങളും നാം ജീവിക്കുമ്പോഴാണ് അതിന്റെ അർത്ഥം പൂർണമാകുന്നത്. അതുകൊണ്ടാണ് ചാവറ പിതാവ് വേദനയോടെ ചോദിക്കുന്നത്: "ഇതാണോ കൊവേന്തയിൽ വന്ന കാലത്ത് നിങ്ങൾ ചെയ്തു ശീലിച്ചത്?"[3]

ഈ ചോദ്യം അദ്ദേഹത്തിന്റെ കാലത്തെ സന്യാസികളോടു മാത്രമുള്ളതല്ല; ഇന്നും നമ്മോടുള്ള ആത്മപരിശോധനയുടെ ചോദ്യമാണ്. നവസന്യാസകാലത്ത് ആവേശത്തോടെ സ്വീകരിച്ച പ്രാർത്ഥനാശീലങ്ങളും

---

[1] ചാവറയച്ചൻ, *നല്ല അപ്പന്റെ ചാവരുൾ*, 8.
[2] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VI/2:1, 128.
[3] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VI/2:4, 131.

സമയനിഷ്ഠയും സമൂഹസ്നേഹവും അനുസരണയും ദാരിദ്ര്യബോധവും ക്രമേണ നമ്മുടെ ജീവിതത്തിൽ നിന്ന് മാഞ്ഞുപോയിട്ടുണ്ടോ?

ചാവറ പിതാവ് വീണ്ടും മുന്നറിയിപ്പ് നൽകുന്നു: "ദൈവത്തിന്റെ കരവേലയായ ആശ്രമക്കൂട്ടത്തിന്റെ അപകടസ്ഥിതി കണ്ടിട്ടും മിണ്ടാതിരുന്നാൽ അത് നശിച്ചുപോയി എന്നു വരും. ഇങ്ങനെ സംഭവിക്കാതിരിക്കാൻ മേൽപ്പറഞ്ഞ കാര്യങ്ങളെക്കുറിച്ച് ദാക്ഷിണ്യം പുലർത്താതെ അവരുടെ ക്രമമില്ലാത്ത ജീവിതത്തിന് കൂട്ടു നിന്ന് നാശത്തിലേക്ക് നീങ്ങുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു എന്ന് എല്ലാവരും അറിഞ്ഞിരിക്കട്ടെ."[1] ഈ വാക്കുകൾ ശിക്ഷയുടെ ഭാഷയേക്കാൾ ഉത്തരവാദിത്തത്തിന്റെ ഭാഷയാണ്. സന്യാസക്രമം സംരക്ഷിക്കുക എന്നത് വ്യക്തിയുടെ വിശുദ്ധിക്കു മാത്രമല്ല, സമൂഹത്തിന്റെ നിലനിൽപ്പിനും സഭയുടെ ദൗത്യത്തിനും അനിവാര്യമാണ്.

1.3.2. നിയമാവലിയും സെൽഫ് ഡിസിപ്ലിനും

ജറുസലേം ദൈവാലയം പണിയുന്നതിന് മുമ്പ് സോളമൻ നിർദ്ദേശങ്ങൾ സ്വീകരിച്ചു: "തത്സംബന്ധമായ എല്ലാ വിവരങ്ങളും കർത്താവുതന്നെ എഴുതി ഏൽപ്പിച്ചിട്ടുള്ളതാണ്. എല്ലാ പണികളും ഇതനുസരിച്ച് തന്നെ നടത്തേണ്ടതാണ്" (1 ദിന 28:19). അദ്ദേഹം ജന്മനാ ഒരു നിർമ്മാതാവായിരുന്നില്ല; ആരുടെയും ഉപദേശമോ മാർഗനിർദേശമോ ആവശ്യമില്ലാത്ത ഒരാളായിരുന്നില്ല. മറിച്ച്, പഠിക്കാനും കേൾക്കാനും നിർദ്ദേശങ്ങൾ അനുസരിക്കാനും തയ്യാറായ ഒരു ശിഷ്യനായിരുന്നു. ജീവിതനിർമ്മാണത്തിലും ഇതേ സത്യം ബാധകമാണ്. ആരും പൂർണമായി സ്വതന്ത്രരല്ല; ശരിയായ ജീവിതം കെട്ടിപ്പടുക്കാൻ നമുക്കെല്ലാവർക്കും മാർഗനിർദേശവും പരിശീലനവും നിയമങ്ങളും ആവശ്യമാണ്. വ്യക്തിസ്വാതന്ത്ര്യവും സ്വകാര്യവിധിനിർണ്ണയവും മഹത്തായ മൂല്യങ്ങളാണ്; എന്നാൽ അവ വിനയത്തോടും ജ്ഞാനത്തോടും കൂടിയല്ലെങ്കിൽ അവ അഹങ്കാരത്തിലേക്കും ഏകാന്തതയിലേക്കും ഒടുവിൽ ആത്മീയ ശൂന്യതയിലേക്കും നയിച്ചേക്കാം.

ഒരു ക്ലാസിൽ ഒരു വിദ്യാർത്ഥി അധ്യാപകനോട് ചോദിച്ചു: "ഡിസിപ്ലിനും സെൽഫ് ഡിസിപ്ലിനും തമ്മിൽ എന്താണ് വ്യത്യാസം?" ഉടനെ ഉത്തരം പറയുന്നതിനുപകരം അധ്യാപകൻ ഒരു മറുചോദ്യം ചോദിച്ചു: "വീടും ജയിലും തമ്മിലുള്ള വ്യത്യാസം എന്താണ്?"

---

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VI/2:6, 133.

വിദ്യാർത്ഥികൾ ഓരോരുത്തരും അവരുടെ അഭിപ്രായങ്ങൾ പറഞ്ഞു. ഒരാൾ പറഞ്ഞു: "വീട്ടിൽ സ്വാതന്ത്ര്യമുണ്ട്; ജയിലിൽ അതില്ല." മറ്റൊരാൾ പറഞ്ഞു: "വീട്ടിൽ വേണ്ടപ്പെട്ടവർ കൂടെയുണ്ട്; ജയിലിൽ ഏകാന്തതയാണ്." എന്നാൽ അധ്യാപകൻ പ്രതീക്ഷിച്ച ഉത്തരം അതായിരുന്നില്ല.

അപ്പോൾ ഒരു പെൺകുട്ടി എഴുന്നേറ്റുനിന്ന് പറഞ്ഞു: "സാർ, ഞാൻ പറയാം. നമ്മൾ അകത്ത് കയറിയശേഷം നാം തന്നെ വാതിൽ അകത്തുനിന്ന് പൂട്ടിയാൽ അത് വീട്; എന്നാൽ മറ്റൊരാൾ പുറത്തുനിന്ന് പൂട്ടിയാൽ അത് ജയിൽ." ആ മറുപടി കേട്ടപ്പോൾ ക്ലാസിൽ കരഘോഷം ഉയർന്നു. അധ്യാപകൻ പുഞ്ചിരിച്ചുകൊണ്ട് വിശദീകരിച്ചു: "ഇതുതന്നെയാണ് ഡിസിപ്ലിനും സെൽഫ് ഡിസിപ്ലിനും തമ്മിലുള്ള വ്യത്യാസം."

പുറമേനിന്നുള്ള നിയമത്തിന്റെയോ ശിക്ഷാഭയത്തിന്റെയോ സമ്മർദത്താലോ നാം ഒരു കാര്യം ചെയ്യാതിരിക്കുകയാണെങ്കിൽ അത് ഡിസിപ്ലിൻ അഥവാ ബാഹ്യ അച്ചടക്കമാണ്. എന്നാൽ അതേ കാര്യം നല്ലതും ശരിയുമാണെന്ന് സ്വയം ബോധ്യപ്പെട്ട്, സ്വന്തം തീരുമാനപ്രകാരം നാം ചെയ്യുകയോ ഒഴിവാക്കുകയോ ചെയ്യുന്നുവെങ്കിൽ അതാണ് സെൽഫ് ഡിസിപ്ലിൻ.

ഉദാഹരണത്തിന്, നിയമം നിരോധിച്ചതുകൊണ്ട് മാത്രം ഒരാൾ പുകവലിക്കാതിരുന്നാൽ അത് ബാഹ്യ അച്ചടക്കമാണ്. എന്നാൽ പുകവലിയുടെ ദൂഷ്യഫലങ്ങൾ മനസ്സിലാക്കി, യാതൊരു നിരോധനത്തിന്റെയും സമ്മർദമില്ലാതെ സ്വയം അതിൽനിന്ന് വിട്ടുനിൽക്കുകയാണെങ്കിൽ, അതാണ് സ്വയമച്ചടക്കം.

ആത്മീയജീവിതത്തിലും ഇതേ തത്വം ബാധകമാണ്. തുടക്കത്തിൽ നിയമങ്ങളും ചട്ടങ്ങളും മാർഗനിർദേശങ്ങളും നമ്മെ നയിക്കും. എന്നാൽ ആത്മീയ പക്വത വളരുമ്പോൾ അവ വെറും ബാഹ്യനിയമങ്ങളായി നിലനിൽക്കുകയില്ല; നമ്മുടെ ഹൃദയത്തിന്റെ മൂല്യങ്ങളായി മാറും. യഥാർഥ വളർച്ച സംഭവിക്കുന്നത് ബാഹ്യനിയമങ്ങൾ ആന്തരിക ബോധ്യങ്ങളായി രൂപാന്തരപ്പെടുമ്പോഴാണ്.

സന്യാസജീവിതത്തിൽ നിയമാവലിയും സമൂഹക്രമങ്ങളും അത്യന്താപേക്ഷിതമാണ്. എന്നാൽ അവയുടെ ലക്ഷ്യം പുറമേനിന്ന് നമ്മെ നിയന്ത്രിക്കുക മാത്രമല്ല; നമ്മുടെ ഉള്ളിൽ സ്വയമച്ചടക്കം വളർത്തുകയാണ്. നിയമം ആവശ്യമില്ലാത്ത മനുഷ്യനെയല്ല നിയമാവലി ലക്ഷ്യം വയ്ക്കുന്നത്; നിയമത്തിന്റെ ആത്മാവിനെ സ്വന്തമാക്കിയ മനുഷ്യനെയാണ് അത് രൂപപ്പെടുത്താൻ ശ്രമിക്കുന്നത്.

ഡിസിപ്ലിൻ ഒരു പരിധിവരെ നിയന്ത്രണമായിരിക്കാം; എന്നാൽ സെൽഫ് ഡിസിപ്ലിൻ യഥാർത്ഥ സ്വാതന്ത്ര്യമാണ്. വീടിന്റെ വാതിൽ നാം തന്നെ അകത്തുനിന്ന് അടയ്ക്കുന്നതുപോലെ, നന്മയുടെ വഴിയിൽ നിലനിൽക്കാൻ നാം സ്വയം തിരഞ്ഞെടുക്കുമ്പോഴാണ് യഥാർത്ഥ സ്വാതന്ത്ര്യം അനുഭവപ്പെടുന്നത്. മറ്റുള്ളവർ നിർബന്ധിക്കുന്ന നന്മയെക്കാൾ മഹത്തായതാണ് നാം ബോധപൂർവം സ്വീകരിക്കുന്ന നന്മ. അതുകൊണ്ട്, നിയമങ്ങളെ ഭയന്ന് ജീവിക്കുന്നവരാകാതെ, അവയുടെ ആത്മാവിനെ സ്നേഹിച്ച് ജീവിക്കുന്നവരാകാൻ നമുക്ക് പരിശ്രമിക്കാം. അതാണ് യഥാർത്ഥ ആത്മീയ പക്വതയുടെ അടയാളം.

1.3.3. അതിഥിമുറിയെ ജീവിതമാക്കിയ ഫ്രാൻസിസ് പാപ്പാ

C 44. "നമ്മുടെ വ്യക്തിപരമായ ജീവിതം യഥാർത്ഥ ദാരിദ്ര്യ ജീവിതത്തിന് അനുഗുണമായ വിധം വളരെ ലളിതമായിരിക്കണം. ഈ ലാളിത്യം നമ്മുടെ വസ്ത്രം, ഭക്ഷണം, വസതി, യാത്ര, വ്യക്തിപരവും പൊതുവുമായ ഉപയോഗത്തിനുള്ള സാധനങ്ങൾ എന്നിവയിൽ പ്രകടമാകണം. ധനികരുടെ ജീവിതശൈലി നാം എപ്പോഴും സമ്പൂർണ്ണമായി ഒഴിവാക്കുകയും ചെയ്യണം."

D 21. "നമ്മുടെ ഭവനങ്ങളുടെ നിർമ്മാണ രീതി ലളിതവും സന്യാസ ദാരിദ്ര്യത്തിന് അനുഗുണവും ലൗകികമായ ആഡംബരം ഒട്ടുമില്ലാത്തതുമായിരിക്കണം. പ്രിയോർ ജനറാൾ തന്റെ കൗൺസിലിന്റെ സമ്മതത്തോടുകൂടി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അവ അനുഗുണമായിരിക്കുകയും വേണം. കരണീയമെങ്കിൽ നമ്മുടെ കെട്ടിടങ്ങൾ പൂർണ്ണമായോ, ഭാഗികമായോ, പൊതുജനങ്ങളുടെ, പ്രത്യേകം പാവപ്പെട്ടവരുടെ സേവനത്തിന് കൊടുക്കാവുന്നതാണ്. നമ്മുടെ സന്യാസ ജീവിതത്തിന്റെ ഭദ്രതയാവശ്യപ്പെടുന്ന മുൻകരുതലുകളോടും തന്റെ കൗൺസിലിന്റെ സമ്മതത്തോടുകൂടിയ പ്രൊവിൻഷ്യലിന്റെ അനുമതിയോടുംകൂടി വേണം ഇങ്ങനെ ചെയ്യുവാൻ."

സി.എം.ഐ. സഭയുടെ നിയമാവലിയിലെ ഈ അനുശാസനങ്ങൾ സമർപ്പിതജീവിതത്തിന്റെ ഒരു അടിസ്ഥാനസത്യത്തെ നമ്മെ ഓർമ്മിപ്പിക്കുന്നു. സമർപ്പിതജീവിതത്തിന്റെ മഹത്വം പുറമേയുള്ള ആഡംബരത്തിലല്ല, ഉള്ളിലെ ലാളിത്യത്തിലാണ്. ഈ നിയമത്തിന്റെ ആത്മാവ് നമ്മുടെ ആശ്രമത്തിലെ സ്വീകരണമുറിയിലും അതിഥിഭവനത്തിലും വ്യക്തമായി പ്രതിഫലിക്കണം. അവ വെറും മനോഹരമായി അലങ്കരിച്ച ഇടങ്ങളല്ല; മറിച്ച് നമ്മുടെ സന്യാസദാരിദ്ര്യത്തിന്റെയും ലാളിത്യത്തിന്റെയും ജീവനുള്ള സാക്ഷ്യങ്ങളാണ്. അവിടെ കാണുന്ന ലളിതമായ ഇരിപ്പിടങ്ങളും മിതമായ അലങ്കാരവും അനാവശ്യ ആഡംബരമില്ലാത്ത ക്രമീകരണങ്ങളും അതിഥികളോട് നിശ്ശബ്ദമായി ഒരു സത്യം പറയുന്നു:

സന്തോഷം സൗകര്യങ്ങളിൽ അല്ല, സാഹോദര്യത്തിലാണ്; മഹത്വം സമ്പത്തിൽ അല്ല, ലാളിത്യത്തിലാണ്.

ഭാരതീയ സന്യാസപാരമ്പര്യത്തിന്റെ മുഖമുദ്രയും ഇതുതന്നെയാണ്. ലാളിത്യം വെറും ജീവിതശൈലിയല്ല; ലോകത്തിന്റെ ആഡംബരങ്ങളോടും അധികാരമോഹങ്ങളോടും 'ഇല്ല' എന്നും ദൈവപരിപാലനത്തോടും കൃപയോടും 'അതെ' എന്നും പറയുന്ന ഒരു പ്രവാചകസാക്ഷ്യമാണ്. സന്യാസി ഈ ലോകത്തിൽ സ്ഥിരതാമസക്കാരനല്ല; തീർത്ഥാടക നാണ്. അതുകൊണ്ടുതന്നെ ആശ്രമത്തിലെ അതിഥിഭവനം ഒരു ആ ത്മീയ പ്രതീകമായി മാറുന്നു. അത് നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്നു: നാം എല്ലാവരും ദൈവത്തിന്റെ ഭവനത്തിലെ അതിഥികളാണ്; ഭൂമിയി ലെ നമ്മുടെ ജീവിതം ഒരു തീർത്ഥയാത്രയാണ്.

കഴിഞ്ഞ ധ്യാനത്തിൽ അതിഥികളെ സ്വീകരിക്കുമ്പോൾ സമ്പത്ത് അഹ ങ്കാരത്തോടെ പ്രദർശിപ്പിക്കുന്നവൻ ആത്മീയമായി പരാജയപ്പെടുമെ ന്ന് ചാവറ പിതാവിന്റെ മുന്നറിയിപ്പ് നാം വിചിന്തനം ചെയ്തു. സമ്പത്ത് അതിൽത്തന്നെ ദോഷകരമല്ല. എന്നാൽ അത് ശ്രേഷ്ഠതാ ബോധവും വേർതിരിവും സൃഷ്ടിക്കുമ്പോൾ സന്യാസത്തിന്റെ ആത്മാവിനെ ക്ഷയി പ്പിക്കുന്നു. അതുകൊണ്ടാണ് സന്യാസലാളിത്യം ആത്മീയ സ്വാതന്ത്ര്യ ത്തിന്റെ അടിത്തറയായി മാറുന്നത്.

ഈ സന്യാസാത്മാവിന്റെ സമകാലിക സാക്ഷ്യമാണ് ഫ്രാൻസിസ് പാപ്പാ യുടെ ജീവിതം. 2013 മാർച്ച് 13-ന് പാപ്പായായി തിരഞ്ഞെടുക്കപ്പെട്ട ഉടൻ അദ്ദേഹം എടുത്ത ഏറ്റവും ശ്രദ്ധേയമായ തീരുമാനങ്ങളിലൊന്ന് വത്തിക്കാനിലെ അപ്പോസ്തോലിക് കൊട്ടാരത്തിൽ സ്ഥിരതാമസമാ ക്കാതിരിക്കുക എന്നതായിരുന്നു. പകരം, വത്തിക്കാനിലെ *കാസ സാന്താ മാർത്ത* എന്ന അതിഥിഭവനത്തിലാണ് അദ്ദേഹം താമസിക്കാൻ തിരഞ്ഞെടുത്തത്. ലോകത്തിലെ ഏറ്റവും വലിയ ആത്മീയ ഉത്തര വാദിത്തം വഹിക്കുന്ന വ്യക്തി, അതിഥികൾക്കായി ഒരുക്കിയ ഭവന ത്തെ തന്റെ വസതിയാക്കി. ഇത് വ്യക്തിപരമായ ലാളിത്യത്തിന്റെ പ്രക ടനം മാത്രമായിരുന്നില്ല; മറിച്ച്, "ഞാനും ഒരു തീർത്ഥാടകനാണ്; ഞാ നും ദൈവത്തിന്റെ ഭവനത്തിലെ ഒരു അതിഥിയാണ്" എന്ന സുവിശേ ഷസാക്ഷ്യമായിരുന്നു.

ഫ്രാൻസിസ് പാപ്പാ ഒരു ജെസ്യൂട്ട് സന്യാസിയായിരുന്നു. ജെസ്യൂട്ട് ആ ത്മീയതയുടെ ഹൃദയത്തിൽ ദാരിദ്ര്യവും ലാളിത്യവും ദൈവപരിപാലന ത്തിലുള്ള വിശ്വാസവുമുണ്ട്. സ്ഥാനങ്ങളും ബഹുമതികളും മനുഷ്യനെ മഹാനാക്കുന്നില്ല; ദൈവത്തോടുള്ള വിശ്വസ്തതയാണ് അവന്റെ യഥാ ർത്ഥ മഹത്വം. അതുകൊണ്ടുതന്നെ പാപ്പ ആയതിനുശേഷവും അദ്ദേ ഹം തന്റെ സന്യാസഹൃദയം നഷ്ടപ്പെടുത്തിയില്ല. സന്യാസി എവിടെയാ

യിരുന്നാലും അവിടെ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നില്ല; ഒരു അതിഥിയുടെ മനോഭാവത്തോടെയാണ് ജീവിക്കുന്നത്. എല്ലാം ദൈവത്തിന്റെ ദാനമാണെന്നും ഒന്നും തന്റെ സ്വന്തമല്ലെന്നും തിരിച്ചറിയുന്നവനാണ് യഥാർത്ഥ സന്യാസി. അതിഥിഭവനം ഈ ആത്മീയ മനോഭാവത്തിന്റെ പ്രതീകമാണ്.

ഇന്ന് നമ്മുടെ ആശ്രമങ്ങളിലെ സ്വീകരണമുറികളെയും അതിഥിഭവനങ്ങളെയും കുറിച്ച് ചിന്തിക്കുമ്പോൾ ഫ്രാൻസിസ് പാപ്പായുടെ ഈ ജീവിതസാക്ഷ്യം നമ്മെ വെല്ലുവിളിക്കുന്നു. യഥാർത്ഥ സന്യാസം വലിയ പദവികൾ ഉപേക്ഷിക്കുന്നതിൽ മാത്രമല്ല; വലിയ പദവികളിലിരുന്നാലും അതിഥിയുടെ ഹൃദയം കാത്തുസൂക്ഷിക്കുന്നതിലാണ്. ലോകത്തിന്റെ കണ്ണിൽ കൊട്ടാരം മഹത്വത്തിന്റെ പ്രതീകമായിരിക്കാം; എന്നാൽ സുവിശേഷത്തിന്റെ കണ്ണിൽ അതിഥിഭവനം കൂടുതൽ മനോഹരമാണ്. കാരണം അവിടെ മനുഷ്യൻ സ്വന്തമാക്കുന്നില്ല, സ്വീകരിക്കുന്നു; ഭരിക്കുന്നില്ല, സേവിക്കുന്നു; ഉടമയായി ജീവിക്കുന്നില്ല, ദൈവത്തിന്റെ ദാനങ്ങളെ നന്ദിയോടെ സ്വീകരിക്കുന്ന തീർത്ഥാടകനായി ജീവിക്കുന്നു.

1.3.4. കൂടപിറപ്പുകൾക്കായി തുറന്നിരിക്കുന്ന വാതിൽ

C 54. "അതിഥികളായി വരുന്നവർക്ക് നമ്മുടെ ഭവനങ്ങളിൽ സ്വന്തമെന്ന് പ്രതീതി അനുഭവപ്പെടണം. നമുക്കുള്ളത് അവരുമായി പങ്കുവയ്ക്കുമ്പോൾ യഥാർത്ഥമായ ആതിഥ്യം അവർക്കനുഭവിച്ചറിയുവാൻ സാധിക്കുകയും വേണം."

D 54. "നമ്മുടെ അതിഥികളെ ഊഷ്മളമായ ആതിഥ്യമനോഭാവത്തോടെ സ്വീകരിക്കുകയും സ്വഭവനത്തിലെന്നതുപോലുള്ള പ്രതീതി അവരിലുളവാക്കുകയും ചെയ്യണം. ഈ ആതിഥ്യം മിഷനുകളിൽ നിന്ന് വരുന്ന നമ്മുടെ സഹോദരന്മാരുടെ കാര്യത്തിൽ പ്രത്യേകം പ്രദർശിപ്പിക്കുകയും വേണം."

അതിഥിസ്വീകരണത്തെക്കുറിച്ചുള്ള ഈ ഉപദേശം (C 54 & D 54) ദൈവികതയും പ്രായോഗികതയും സമന്വയിപ്പിക്കുന്ന ഒരു ആത്മീയ ദർശനമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ, നാം അതിഥികളെ സ്വീകരിക്കേണ്ടത് ദൈവത്തെ നമ്മുടെ ഭവനത്തിലേക്ക് സ്വീകരിക്കുന്ന മനോഭാവത്തോടെയാണ്. കാരണം, ദൈവം പലപ്പോഴും അതിഥികളുടെ രൂപത്തിലാണ് നമ്മെ സന്ദർശിക്കുന്നത് (മത്താ 25:35–40). അതുകൊണ്ടു തന്നെ അതിഥിസ്വീകരണം ഒരു ദൈവിക ശുശ്രൂഷയായി സഭ മനസ്സിലാക്കുന്നു.

ക്രിസ്തുവിന്റെ ജീവിതം അതിഥിസ്നേഹത്തിന്റെ ഉത്തമ മാതൃകയാണ്. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരോടൊപ്പം യാത്ര ചെയ്ത യേശു,

അവർ ഹൃദയം തുറന്ന് അവിടുത്തെ സ്വീകരിച്ചപ്പോൾ സ്വയം വെളിപ്പെടുത്തി. അതിലൂടെ, ആത്മാർത്ഥമായ അതിഥിസ്വീകരണം ദൈവസാന്നിധ്യത്തിന്റെ അനുഭവത്തിലേക്കു നയിക്കുന്നതായി നാം കാണുന്നു (ലൂക്കാ 24:13–35). അതിനാൽ, നമ്മുടെ ആശ്രമങ്ങൾ അതിഥികൾക്ക് ദൈവസാന്നിധ്യം അനുഭവപ്പെടുന്ന ഇടങ്ങളായിരിക്കണം.

നമ്മുടെ ആശ്രമങ്ങളിൽ എത്തുന്ന ഓരോ അതിഥിക്കും സ്വന്തം ഭവനത്തിലെന്നതുപോലുള്ള പ്രതീതി ലഭിക്കണം. സുരക്ഷിതത്വം, ആത്മാർത്ഥത, സഹോദര്യം, ആദരവ് എന്നിവ അവരുടെ അനുഭവത്തിന്റെ ഭാഗമാകണം. പ്രത്യേകിച്ച് മിഷനുകളിൽ നിന്നെത്തുന്ന നമ്മുടെ സഹോദരന്മാരെ സ്വീകരിക്കുമ്പോൾ, നാം സവിശേഷമായ കരുതലും സ്നേഹവും പ്രകടിപ്പിക്കേണ്ടതാണ്. കാരണം, അവർ സ്വന്തം നാടിന്റെയും കുടുംബത്തിന്റെയും സുഖസൗകര്യങ്ങൾ ഉപേക്ഷിച്ച് ദൈവരാജ്യത്തിന്റെ ശുശ്രൂഷയ്ക്കായി സമർപ്പിതരായവരാണ്. അതിനാൽ, അവർ സ്വന്തം നാട്ടിലേക്ക് മടങ്ങിയെത്തുമ്പോൾ സ്വന്തം മണ്ണിന്റെ ഊഷ്മളതയും സഹോദരസ്നേഹവും നമ്മുടെ സ്വീകരണത്തിലൂടെ അനുഭവിക്കാൻ കഴിയണം. അവരെ ഹൃദയപൂർവം സ്വീകരിക്കുകയും സ്നേഹപൂർവം ശുശ്രൂഷിക്കുകയും ചെയ്യുന്നതിലൂടെ അവരുടെ മിഷൻ പ്രവർത്തനത്തിൽ നാമും പങ്കുചേരുകയാണെന്ന സത്യം നാം എന്നും ഓർമിക്കണം.

1.3.4.1. കുർബാന നിയോഗം

D 2. (b) "നമ്മുടെ ഭവനങ്ങളിൽ അതിഥികളായി താമസിക്കുന്ന നമ്മുടെ സഭാംഗങ്ങൾ സേവനത്തിനായി ക്ഷണിക്കപ്പെടുമ്പോൾ ഒഴികെ ഭവനത്തിന്റെ നിയോഗത്തിൽ ദിവ്യബലി അർപ്പിക്കുന്നു."

D 117. "നമ്മുടെ സഭാംഗങ്ങളോ അല്ലാത്തവരോ ആയ അതിഥികൾ ചൊല്ലുന്ന കുർബാനകൾ കുറിക്കുവാനായി ഒരു നോട്ടുപുസ്തകം സങ്കീർത്തിയിൽ സൂക്ഷിച്ചിരിക്കണം… നമ്മുടെ ദേവാലയത്തിൽ കുർബാന അർപ്പിച്ച് പുറമേ നിന്നുള്ള അതിഥികളുടെ പേരും മേൽവിലാസം മേൽപ്പറഞ്ഞ നോട്ടുപുസ്തകത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം."

ഒരു ഭവനത്തിൽ അതിഥിയായി താമസിക്കുമ്പോൾ ആ ഭവനത്തിന് ചില ചെലവുകൾ ഉണ്ടാകുമെന്നത് സ്വാഭാവികമാണ്. അതിഥിയായി താമസിക്കുന്ന വൈദികൻ ഭവനത്തിന്റെ നിയോഗത്തിൽ ദിവ്യബലി അർപ്പിക്കുന്നതിലൂടെ ലഭിക്കുന്ന കുർബാന നിയോഗം ആ ചെലവുകളുടെ ഒരു ഭാഗം വഹിക്കുന്നതിനാണ് വിനിയോഗിക്കപ്പെടുന്നത്. ഈ നിയ

മത്തിന്റെ പിന്നിലുള്ള ചൈതന്യം സാമ്പത്തിക നേട്ടമല്ല; മറിച്ച് ഉത്തര വാദിത്വബോധവും പരസ്പര പങ്കുവയ്ക്കലുമാണ്.

ഇവിടെ പണം ഒരു ലക്ഷ്യമല്ല, മറിച്ച് ഒരു പ്രതീകമാണ്. നാം ഒരു ഭവന ത്തിൽ നിന്ന് സ്വീകരിക്കുന്ന സ്നേഹത്തിനും ആതിഥ്യത്തിനും ശുശ്രൂഷ യ്ക്കും മറുപടിയായി, ദിവ്യബലിയിലൂടെയും പ്രാർത്ഥനയിലൂടെയും ആ ത്മീയമായ ഒരു പ്രത്യുപകാരം നാം സമർപ്പിക്കുന്നു. ഈ കൈമാറ്റം വെ റും സാമ്പത്തിക ഇടപാടല്ല; സഹോദരസ്നേഹത്തിന്റെയും കൂട്ടായ്മയു ടെയും ദൃശ്യമായ ഒരു അടയാളമാണ്.

ജീവിതം തന്നെ ഒരു പരസ്പരദാനമാണ്. നാം സ്വീകരിക്കുന്ന അനുഗ്രഹ ങ്ങളും നാം നൽകുന്ന സമർപ്പണവും തമ്മിലുള്ള സന്തുലിതാവസ്ഥയാ ണ് യഥാർത്ഥ സമൂഹജീവിതത്തിന്റെ അടിസ്ഥാനം. അതിനാൽ, കുർ ബാന നിയോഗത്തെ വെറും സാമ്പത്തിക ക്രമീകരണമായി കാണാതെ, സമൂഹത്തോടുള്ള നമ്മുടെ ഉത്തരവാദിത്വത്തിന്റെയും ദൈവത്തോടു ള്ള സമർപ്പണത്തിന്റെയും പ്രതീകമായി മനസ്സിലാക്കേണ്ടതാണ്. നമ്മു ടെ ജീവിതം മറ്റുള്ളവരുടെ സ്നേഹത്തിലും ത്യാഗത്തിലും അധിഷ്ഠിത മാണെന്നും, നാമും നമ്മുടെ പ്രാർത്ഥനയിലൂടെയും ബലിയർപ്പണത്തി ലൂടെയും ആ സ്നേഹത്തിന് പ്രത്യുത്തരം നൽകേണ്ടവരാണെന്നും ഈ നിയമം നമ്മെ ഓർമ്മിപ്പിക്കുന്നു.

1.3.4.2. നവസന്യാസഭവനത്തിലെ അതിഥിത്വം

D 180. "നവസന്യാസ ഭവനത്തിൽ വാർഷിക ധ്യാനം നടത്തുവാൻ നമ്മു ടെ സഭാംഗങ്ങൾക്ക് പാടുണ്ട്. മേൽശ്രേഷ്ഠന്റെ അനുവാദം കൂടാതെ മറ്റു കാര്യങ്ങൾക്കായി രണ്ടോ മൂന്നോ ദിവസത്തിൽ കൂടുതൽ താമസി ക്കുവാൻ മറ്റു ഭവനങ്ങളിലെ അംഗങ്ങൾക്കും പാടുള്ളതല്ല."

'സെമിനാരി' (Seminary) എന്ന പദം ലത്തീൻ ഭാഷയിലെ *semen* എന്ന പദത്തിൽ നിന്നാണ് ഉത്ഭവിച്ചിരിക്കുന്നത്. *Semen* എന്നതിന് 'വിത്ത്' എന്നാണ് അർത്ഥം. അതിൽനിന്ന് രൂപംകൊണ്ട *seminarium* എന്ന പദത്തിന് 'വിത്തുപാകുന്ന സ്ഥലം, വിത്തുതോട്ടം അല്ലെങ്കിൽ നഴ്സറി' എന്നാണ് അർത്ഥം. അതിനാൽ സെമിനാരി എന്നത് വിത്തുകൾ നട്ടു പിടിപ്പിക്കുകയും അവയെ ശ്രദ്ധാപൂർവം പരിപാലിക്കുകയും ചെയ്യുന്ന ഒരു സ്ഥലമാണെന്ന് പറയാം.

ഒരു നഴ്സറിയിൽ ഇളംചെടികൾക്ക് ആവശ്യമായ സംരക്ഷണവും പരിപാലനവും അനുയോജ്യമായ വളർച്ചാസാഹചര്യങ്ങളും ഒരുക്കപ്പെ ടുന്നു. ശക്തമായ വൃക്ഷങ്ങളായി വളരുന്നതിന് മുമ്പ് അവയ്ക്ക് പ്രത്യേ

ക ശ്രദ്ധയും സുരക്ഷിതമായ അന്തരീക്ഷവും ആവശ്യമാണ്. അതുപോലെതന്നെ, നവസന്യാസ ഭവനവും ഒരു സന്യാസിയെ നട്ടുപിടിപ്പിക്കപ്പെടുകയും പരിപോഷിപ്പിക്കപ്പെടുകയും ചെയ്യുന്ന ഒരു ആത്മീയ നഴ്സറിയാണ്. ഇവിടെ ദൈവം മനുഷ്യഹൃദയത്തിൽ നട്ടുവയ്ക്കുന്ന സന്യാസ വിളിയുടെ വിത്തുകൾ പ്രാർത്ഥനയിലൂടെയും പഠനത്തിലൂടെയും ആത്മീയ മാർഗനിർദേശത്തിലൂടെയും സമൂഹ ജീവിതത്തിലൂടെയും വളർച്ച പ്രാപിക്കുന്നു.

ഒരു നവസന്യാസ ഭവനത്തിൽ നവസന്യാസികളുടെ പരിശീലനത്തിനും ആത്മീയ വളർച്ചയ്ക്കും അനുകൂലമായ ഒരു അന്തരീക്ഷം നിലനിർത്തുക എന്നത് അധികാരികളുടെ പ്രധാന ഉത്തരവാദിത്വമാണ്. അതുകൊണ്ടാണ് നിയമാവലിയിൽ ഇപ്രകാരമുള്ള നിർദേശം ഉൾപ്പെടുത്തിയിരിക്കുന്നത്. നവസന്യാസ ഭവനം സന്യാസജീവിതത്തിന്റെ മൂല്യങ്ങൾ ആഴത്തിൽ സ്വായത്തമാക്കുന്നതിനും വ്യക്തിത്വവും വിളിയും പക്വത പ്രാപിക്കുന്നതിനുമുള്ള രൂപീകരണകേന്ദ്രമാണ്. അവിടെ പ്രാർത്ഥന, ധ്യാനം, പഠനം, ശാസനം, സമൂഹജീവിതം, ആത്മീയ അനുഗമനം എന്നിവയിലൂടെ ഒരു പ്രത്യേക പരിശീലനാന്തരീക്ഷം രൂപപ്പെടുന്നു.

അതുകൊണ്ടാണ് മറ്റ് സഭാംഗങ്ങളുടെ നവസന്യാസ ഭവനത്തിലെ താമസത്തെ സംബന്ധിച്ച് ചില നിയന്ത്രണങ്ങൾ നിയമാവലിയിൽ നിർദേശിച്ചിരിക്കുന്നത്. സന്യാസഭവനം വാർഷിക ധ്യാനത്തിനും ആത്മീയ നവീകരണത്തിനുമായി ഉപയോഗിക്കുന്നതിൽ അപാകതയില്ല. അത് പരിശീലനഭവനത്തിന്റെ ആത്മീയ ലക്ഷ്യങ്ങളോട് യോജിക്കുന്നതുമാണ്. എന്നാൽ അതിനപ്പുറം മറ്റു കാര്യങ്ങൾക്കായി സഭാംഗങ്ങൾ ദീർഘകാലം അവിടെ താമസിക്കുന്നത്, ഒരുപക്ഷേ, പരിശീലനത്തിന്റെ ക്രമത്തെയും നവസന്യാസികളുടെ രൂപീകരണാന്തരീക്ഷത്തെയും പ്രതികൂലമായി ബാധിച്ചേക്കാം. ഒരു നഴ്സറിയിലെ ഇളംചെടികളുടെ വളർച്ചയെ ബാഹ്യഘടകങ്ങൾ ബാധിക്കാവുന്നതുപോലെ, സന്യാസ പരിശീലനത്തിന്റെ ആദ്യഘട്ടത്തിലുള്ള നവസന്യാസികൾക്കും ശാന്തവും സംരക്ഷിതവുമായ ഒരു അന്തരീക്ഷം ആവശ്യമാണ്. അതുകൊണ്ടാണ് മേൽശ്രേഷ്ഠന്റെ അനുവാദം കൂടാതെ മറ്റു ഭവനങ്ങളിലെ അംഗങ്ങൾ രണ്ടോ മൂന്നോ ദിവസത്തിൽ കൂടുതൽ അവിടെ താമസിക്കരുതെന്ന ക്രമീകരണം സഭയിൽ നിലനിൽക്കുന്നത്. ഇത് ആരെയെങ്കിലും ഒഴിവാക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ വേണ്ടിയുള്ള നിയമമല്ല; മറിച്ച്, സന്യാസ വിളിയുടെ വിത്തുകൾ ആരോഗ്യകരമായി വളരുവാൻ ആവശ്യമായ ആത്മീയ അന്തരീക്ഷം സംരക്ഷിക്കുന്നതിനുള്ള വിവേകപൂർണമായ ഒരു സംവിധാനമാണ്. അതിനാൽ നവ സന്യാസ ഭവനത്തിന്റെ പ്രത്യേക

തയും പരിശീലനാന്തരീക്ഷവും സംരക്ഷിക്കുക എന്നത് വ്യക്തികളുടെ മാത്രമല്ല, സഭയുടെ ഭാവിയോടുള്ള ഉത്തരവാദിത്വം കൂടിയാണ്.

1.3.5. ആത്മീയ അതിഥികൾ

D 12. "വൈദികർക്കും അൽമായ പുരുഷന്മാർക്കും നമ്മുടെ ഭവനങ്ങളിൽ താമസിച്ചു പ്രാർത്ഥനയിൽ ചെലവഴിക്കാനുള്ള അവസരങ്ങൾ സാധിക്കുമ്പോഴെല്ലാം കൊടുക്കേണ്ടതാണ്."

ഞങ്ങൾ കറുകുറ്റി നവസന്യാസ ഭവനത്തിൽ ആയിരുന്ന കാലത്ത്, ഞങ്ങളോടൊപ്പം താമസിച്ചിരുന്ന ഡോ. പോൾ മാമ്പള്ളിയുടെ ജീവിത സാക്ഷ്യം ഞങ്ങളെ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. എറണാകുളം ജനറൽ ആശുപത്രിയിലെ ക്യാൻസർ വിഭാഗത്തിന്റെ മേധാവിയായിരുന്ന അദ്ദേഹം, തന്റെ ഔദ്യോഗിക ജോലി രാജിവെച്ച് ക്യാൻസർ രോഗം മൂലം വേദനിക്കുന്ന രോഗികളെ നല്ല മരണത്തിന് ഒരുക്കുന്നതിനായി തന്റെ ജീവിതം സമർപ്പിച്ചു. ഈ ലക്ഷ്യത്തോടെ അദ്ദേഹം കറുകുറ്റിയിൽ 'ഔസേപ്പ് മറിയം ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട്' എന്ന സ്ഥാപനം തുടങ്ങി അതിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

അതോടൊപ്പം, അദ്ദേഹം നമ്മുടെ സഭയുമായി ആത്മീയബന്ധം പുലർത്തി, കറുകുറ്റി ആശ്രമത്തിലെ അംഗമായി ലാളിത്യത്തിലും പ്രാർത്ഥനയിലും സേവനത്തിലും ജീവിച്ചു. തന്റെ ജീവിതാവസാനംവരെയും അദ്ദേഹം നമ്മുടെ സമൂഹത്തോടൊപ്പം താമസിച്ച്, സമർപ്പിത ക്രൈസ്തവ ജീവിതത്തിന്റെ ഉജ്ജ്വല മാതൃകയായി നിലകൊണ്ടു. നമ്മുടെ ആശ്രമങ്ങളും ദേവാലയങ്ങളും 'ആത്മീയ അതിഥികൾ'ക്കുള്ള തുറന്ന വീടുകളാകണം എന്ന നിയമത്തിന്റെ ജീവിക്കുന്ന ഒരു സാക്ഷ്യമായി അത് ഇന്നും ഞങ്ങളുടെ മനസ്സുകളിൽ അവശേഷിക്കുന്നു.

D 116. "നമ്മുടെ ആശ്രമ ദേവാലയത്തിന്റെ വികാരി കുർബാന സമയം ക്രമീകരിക്കുകയും കുമ്പസാരിക്കുവാനുള്ള സൗകര്യങ്ങൾ ഏർപ്പാട് ചെയ്യുകയും വേണം."

അനുദിനം നമ്മുടെ ആശ്രമദേവാലയത്തിൽ ദിവ്യബലിയിൽ സംബന്ധിക്കാൻ എത്തുന്ന വിശ്വാസികൾ നമ്മുടെ ആത്മീയ അതിഥികളാണ്. അവർക്ക് തിരുവചനത്തിന്റെ സമൃദ്ധമായ ആത്മീയ ഭക്ഷണവും ദിവ്യകാരുണ്യത്തിന്റെ അനുഗ്രഹവും ലഭിക്കുന്നതിന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും നാം ചെയ്യേണ്ടതുണ്ട്. അതിനാൽ, ആശ്രമദേവാലയത്തിന്റെ വികാരി വിശ്വാസികളുടെ ആത്മീയ ആവശ്യങ്ങൾ പരിഗണിച്ച് വിശുദ്ധ കുർബാനയുടെ സമയം ക്രമീകരിക്കണം. അതോടൊപ്പം, വി

ശ്വാസികൾക്ക് സൗകര്യപ്രദമായി കുമ്പസാരിക്കുവാൻ നിശ്ചിത സമയങ്ങളും അനുയോജ്യമായ സാഹചര്യങ്ങളും ഒരുക്കുകയും വേണം.

ക്രിസ്തുവിന്റെ സ്നേഹത്തോടും കരുണയോടും കൂടിയായിരിക്കണം ഓരോ വിശ്വാസിയെയും നാം സ്വീകരിക്കേണ്ടത്. പ്രത്യേകിച്ച്, പാപബോധത്താൽ ഭാരപ്പെടുന്നവർക്കും ആത്മീയജീവിതത്തിൽ നിന്ന് അകന്നു പോയവർക്കും സവിശേഷമായ പരിഗണന നൽകണം. ഉപദേശത്തിലൂടെയും പ്രാർത്ഥനയിലൂടെയും കുമ്പസാരത്തിലൂടെയും അവരെ ദൈവസാന്നിധ്യത്തിലേക്കും സഭാജീവിതത്തിന്റെ പൂർണതയിലേക്കും നയിക്കാൻ നമുക്കു കഴിയണം.

അങ്ങനെ നമ്മുടെ ദേവാലയം ദൈവാരാധന നടക്കുന്ന ഒരു സ്ഥലം മാത്രമല്ല, ആത്മീയ ആശ്വാസത്തിന്റെയും ദൈവാനുഭവത്തിന്റെയും ജീവിതനവീകരണത്തിന്റെയും കേന്ദ്രമായിത്തീരണം. വികാരിയും സഹവൈദികരും ആത്മീയ അതിഥികളെ വ്യക്തിപരമായി സമീപിച്ച് കരുണയോടെ കൈപിടിച്ചു നടത്തണം. സമൂഹത്തിന്റെ വിമർശനങ്ങളെയോ തെറ്റിദ്ധാരണകളെയോ ഭയപ്പെടാതെ, പാപികളെയും അവഗണിക്കപ്പെട്ട വരെയും സ്നേഹപൂർവം സ്വീകരിച്ച യേശുവിന്റെ മാതൃക പിന്തുടർന്ന് ആത്മീയ ശുശ്രൂഷ നിർവഹിക്കണം. അപ്പോഴാണ് നമ്മുടെ ദേവാലയങ്ങൾ ദൈവത്തിന്റെ കരുണ എല്ലാവർക്കും അനുഭവവേദ്യമാകുന്ന ഇടങ്ങളായി മാറുക.

1.3.5.1. വചന വിരുന്ന്

D 118. "ഞായറാഴ്ചകളിലും തിരുനാളുകളിലും സുവിശേഷ പ്രസംഗം ഉണ്ടായിരിക്കണം. ജനങ്ങൾ സംബന്ധിക്കുന്ന മറ്റു കുർബാനയുടെയിടയ്ക്കും വായനയെപ്പറ്റിയുള്ള ലഘുചിന്തകൾ നൽകുന്നത് അഭിലക്ഷണീയമാണ്."

"മനുഷ്യപുത്രാ, ഞാൻ തരുന്ന ഈ ചുരുൾ ഭക്ഷിച്ചു വയറു നിറയ്ക്കുക; ഞാൻ അത് ഭക്ഷിച്ചു. എന്റെ വായിൽ അത് തേൻ പോലെ മധുരിച്ചു" (എസെ 3:3). ദൈവവചനം കേവലം വായിക്കപ്പെടേണ്ടതോ പ്രസംഗിക്കപ്പെടേണ്ടതോ ആയ ഒരു സന്ദേശമല്ല; അത് മനുഷ്യഹൃദയത്തെ പോഷിപ്പിക്കുന്ന ആത്മീയ ആഹാരമാണ്. പ്രവാചകനായ എസെക്കിയേലിനോട് ദൈവം ചുരുൾ ഭക്ഷിക്കാൻ ആവശ്യപ്പെടുകയും, അത് തേൻ പോലെ മധുരിച്ചതായി അദ്ദേഹം സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. ദൈവവചനം ആദ്യം പ്രസംഗകന്റെ ഹൃദയത്തിൽ ഉൾക്കൊള്ളപ്പെടുകയും അവനെ രൂപപ്പെടുത്തുകയും ചെയ്തശേഷമാണ് അത് മറ്റുള്ളവർക്ക് ജീവന്റെ ആഹാരമായി മാറുന്നത്.

കേരളസഭയിൽ ദിവ്യബലിമധ്യേ ഞായറാഴ്ച പ്രസംഗത്തിന് തുടക്കം കുറിച്ച ചാവറ പിതാവിന്റെ പിന്തുടർച്ചക്കാരായ നമ്മൾ ഈ ദൗത്യം വിശ്വസ്തതാപൂർവം തുടരേണ്ടവരാണ്. ആത്മീയ അതിഥികളെ സ്വീകരിക്കുമ്പോൾ അവർക്ക് നൽകേണ്ട ഏറ്റവും വിലപ്പെട്ട സൽക്കാരമാണ് ദൈവവചനം. പ്രാർത്ഥനാപൂർവവും ശ്രദ്ധാപൂർവവും ഒരുക്കപ്പെടുന്ന സുവിശേഷ പ്രസംഗങ്ങൾ ഒരു വൈദികന്റെ ഇടയഹൃദയത്തിന്റെ പ്രകടനമാണ്.

എല്ലാ കുർബാനകളിലും സമഗ്രമായ സുവിശേഷ പ്രസംഗം നടത്തുക പ്രായോഗികമായി എല്ലായ്പ്പോഴും എളുപ്പമല്ല. അത്തരം സാഹചര്യങ്ങളിൽ വായനകളുടെ കേന്ദ്രസന്ദേശത്തെ അടിസ്ഥാനമാക്കിയുള്ള ചെറു വിചിന്തനങ്ങൾ നൽകുന്നത് ഈ നിർദേശത്തിന്റെ ആത്മാവ് നിലനിർത്താൻ സഹായിക്കും. ഇത് ദൈവജനത്തെ വചനത്തിന്റെ അർത്ഥത്തിലേക്ക് നയിക്കുകയും, അതിനെ ജീവിതത്തിൽ ധ്യാനിച്ച് പ്രാവർത്തികമാക്കാൻ പ്രേരിപ്പിക്കുകയും ചെയ്യും.

വീട്ടിലേക്ക് വരുന്ന അതിഥിയെ ഭക്ഷണംകൊണ്ട് സ്വീകരിക്കുന്നതുപോലെ, കുർബാനയ്ക്കായി എത്തുന്ന വിശ്വാസികൾക്ക് ദൈവവചനം എന്ന ആത്മീയ ഭക്ഷണം നൽകാതിരിക്കുന്നത് ഒരു അപൂർണതയായി മാറും. വിശുദ്ധ കുർബാനയുടെ വചനശുശ്രൂഷയും അപ്പംമുറിക്കൽ ശുശ്രൂഷയും പരസ്പരം പൂരകങ്ങളാണ്. അതിനാൽ ജനങ്ങൾക്കുവേണ്ടി ദിവ്യബലി അർപ്പിക്കുമ്പോൾ സുവിശേഷ പ്രസംഗമോ വചന വിചിന്തനമോ ഒരു അനിവാര്യ ഘടകമായി പരിഗണിക്കപ്പെടണം.

സി.എം.ഐ. സഭയുടെ ഓരോ ആശ്രമ ദേവാലയവും ക്രിസ്തുസ്നേഹത്തിന്റെ ഭവനമായി മാറണം. പാപികൾക്കും പാശ്ചാത്തപിക്കുന്നവർക്കും വിശ്വാസത്തിലേക്ക് മടങ്ങിവരാൻ അനുയോജ്യമായ ആത്മീയ അന്തരീക്ഷം അവിടെ സൃഷ്ടിക്കപ്പെടണം. പ്രത്യേകിച്ച് നമ്മുടെ ആശ്രമങ്ങളിൽ കുമ്പസാരത്തിനും ആത്മീയ മാർഗനിർദേശത്തിനുമായി വൈദികരും സന്യസ്തരും അല്മായരും എത്താറുണ്ട്. അവർക്ക് ആത്മീയ ആതിഥേയത്വം നൽകുന്നതിൽ ദൈവവചനത്തിന്റെ ശുശ്രൂഷയ്ക്ക് പ്രധാന സ്ഥാനമുണ്ട്. ദൈവവചനത്തിന്റെ മാധുര്യം അനുഭവിച്ചവർക്ക് മാത്രമേ മറ്റുള്ളവരെ ആ വചനവിരുന്നിലേക്ക് ക്ഷണിക്കാൻ സാധിക്കൂ.

1.3.5.2. കുമ്പസാര അതിഥികൾ: മാലാഖമാരായി മടങ്ങട്ടെ

മാലാഖമാരായി പോയി, പിശാചുകളായി തിരിച്ചു വരുന്നു" എന്ന പ്രയോഗം നാം കേൾക്കാറുണ്ട്. എന്നാൽ കുമ്പസാരത്തിന്റെ ആത്മീയ ദർശനം ഇതിന് നേർവിപരീതമാണ്. ഭാരം നിറഞ്ഞ മനസ്സോടെ എത്തു

ന്നവർ, ദൈവകൃപയുടെ സ്പർശനത്തിൽ ലഘൂകരിക്കപ്പെട്ട ഹൃദയവുമായി മടങ്ങണം. അതാണ് കുമ്പസാരത്തിന്റെ യഥാർത്ഥ ഫലം.

ആശ്രമത്തിലേക്ക് വരുന്ന പലരും പുറമേ ശാന്തരായി തോന്നുമെങ്കിലും ഉള്ളിൽ കുറ്റബോധവും പാപവേദനയും തകർന്ന ബന്ധങ്ങളുടെ ഓർമ്മകളും ആത്മീയ ശൂന്യതയും പേറുന്നവരാണ്. അവർ തങ്ങളെ തന്നെ നിസ്സാരരായി കാണുന്നുണ്ടാകാം. എന്നാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ അവർ എന്നും സ്നേഹിക്കപ്പെടുന്നവരും വിലമതിക്കപ്പെടുന്നവരുമാണ്.

കുമ്പസാരം വിധി പറയുന്ന കോടതിയല്ല; രോഗശാന്തി ലഭിക്കുന്ന ആത്മീയ ചികിത്സാലയമാണ്. അവിടെ കുറ്റപ്പെടുത്തലിനോ അപമാനത്തിനോ സ്ഥാനമില്ല; കരുണയ്ക്കും ക്ഷമയ്ക്കും പുനഃസ്ഥാപനത്തിനുമാണ് പ്രാധാന്യം. പാപം വ്യക്തിയുടെ സ്വത്വമല്ല; അവന്റെ മുറിവാണ്. ആ മുറിവ് ദൈവസന്നിധിയിൽ തുറന്നുകാട്ടുന്ന നിമിഷം, മനുഷ്യൻ തന്റെ യഥാർത്ഥ ദൈവബന്ധത്തിലേക്ക് മടങ്ങിത്തുടങ്ങുന്നു. പാപം മനുഷ്യനെ ഭയത്തിന്റെയും അകൽച്ചയുടെയും ബന്ധനത്തിലാക്കുമ്പോൾ, കൃപ അവനെ സ്വാതന്ത്ര്യത്തിലേക്കു നയിക്കുന്നു. ക്ഷമയുടെ അനുഭവം ഹൃദയത്തെ ലഘൂകരിക്കുകയും ആത്മാവിനെ ശാന്തമാക്കുകയും മുഖത്ത് പ്രത്യാശയുടെ പ്രകാശം വീണ്ടെടുക്കുകയും ചെയ്യുന്നു. ഭാരവുമായി വന്ന ഒരാൾ സന്തോഷത്തോടെ മടങ്ങുന്നതാണ് കുമ്പസാരത്തിന്റെ ഏറ്റവും വലിയ അത്ഭുതം.

വിശ്വാസത്തോടും പ്രത്യാശയോടും കൂടി ആശ്രമത്തിലേക്ക് കടന്നു വരുന്ന ഒരാളെ നാം എങ്ങനെ സ്വീകരിക്കുന്നു എന്നത് അവന്റെ ആത്മീയ യാത്രയെ ആഴത്തിൽ സ്വാധീനിക്കും. അവഗണനയും തണുത്ത സമീപനവും അപരിചിതത്വവും ഹൃദയത്തെ കൂടുതൽ മുറിവേൽപ്പിക്കും. എന്നാൽ സ്നേഹവും ആദരവും കരുണയും നിറഞ്ഞ സ്വീകരണം ദൈവത്തിന്റെ മുഖം അവനു വെളിപ്പെടുത്തും. ആശ്വാസം തേടി വന്ന ഒരാൾ നിരാശയോടെ മടങ്ങുകയാണെങ്കിൽ, അത് അവന്റെ ദൈവാനുഭവത്തെയും സഭയുമായുള്ള ബന്ധത്തെയും മുറിപ്പെടുത്തും. അതിനാൽ, ഓരോ സ്വീകരണവും ക്രിസ്തുവിന്റെ കരുണയുടെ പ്രതിഫലനമായിരിക്കണം.

വിശുദ്ധ കുർബാനയെ നാം ദിവ്യകാരുണ്യം എന്നു വിളിക്കുന്നു. ആ നാമം തന്നെ ദൈവത്തിന്റെ ആന്തരിക സ്വഭാവം വെളിപ്പെടുത്തുന്നു. വിശുദ്ധഗ്രന്ഥത്തിലുടനീളം നാം കണ്ടുമുട്ടുന്നത് കരുണയുടെ ദൈവത്തെയാണ്. "ഞാൻ ആഗ്രഹിക്കുന്നത് ബലിയല്ല, കരുണയാണ്" (മ

ത്താ 12:7) എന്ന യേശുവിന്റെ വചനം യഥാർത്ഥ ആരാധനയുടെ ഹൃദയം കരുണയാണെന്ന് നമ്മെ പഠിപ്പിക്കുന്നു.

കരുണയുടെ വിശുദ്ധവർഷം (2015–2016) പ്രഖ്യാപിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പാ പ്രസിദ്ധീകരിച്ച *Misericordiae Vultus* എന്ന പ്രമാണരേഖയിൽ, നാലാം നൂറ്റാണ്ടിലെ മഹാനായ ദൈവശാസ്ത്രജ്ഞനായ വി. അംബ്രോസിനെ ഉദ്ധരിച്ച് ശ്രദ്ധേയമായ ഒരു ചിന്ത അവതരിപ്പിക്കുന്നു. സൃഷ്ടിയുടെ ഓരോ ഘട്ടത്തിനുശേഷവും ദൈവം 'നന്നായിരിക്കുന്നു' എന്നു പറയുന്നു. എന്നാൽ മനുഷ്യനെ സൃഷ്ടിച്ചശേഷം 'വളരെ നന്നായിരിക്കുന്നു' (ഉത്പ 1:31) എന്നാണ് പ്രഖ്യാപിക്കുന്നത്. മറ്റു സൃഷ്ടികളിൽ ദൈവത്തിന്റെ ശക്തിയും ജ്ഞാനവും പ്രതിഫലിക്കുന്നുവെങ്കിൽ, മനുഷ്യനിൽ ദൈവത്തിന്റെ കരുണയും ക്ഷമയും വെളിപ്പെടാനുള്ള പ്രത്യേക സാധ്യതയുണ്ട്. ക്ഷമിക്കപ്പെടേണ്ട ഒരാൾ ഉള്ളതിനാലാണ് ദൈവത്തിന്റെ കാരുണ്യം അതിന്റെ പൂർണതയിൽ പ്രകടമാകുന്നത്. അതുകൊണ്ട്, കാരുണ്യത്തിന്റെ വാക്കോ പ്രവർത്തിയോ ഇല്ലെങ്കിൽ ദിവ്യകാരുണ്യത്തെ ആരാധിക്കുന്നതിന് അർത്ഥമില്ല. ദിവ്യകാരുണ്യത്തെ നാം ആരാധിക്കുന്നുവെങ്കിൽ, അതിനെ നമ്മുടെ ജീവിതത്തിലും ശുശ്രൂഷയിലും ബന്ധങ്ങളിലും സാക്ഷാത്കരിക്കണം.

നമ്മുടെ ആശ്രമത്തിന്റെ ദൗത്യം വ്യക്തമാണ്: ഭാരവുമായി എത്തുന്നവർ കൃപയോടെ മടങ്ങട്ടെ; മുറിവുകളുമായി വരുന്നവർ രോഗശാന്തി കണ്ടെത്തട്ടെ; നിരാശയോടെ എത്തുന്നവർ പ്രത്യാശയോടെ മടങ്ങട്ടെ; കുറ്റബോധത്തോടെ എത്തുന്നവർ ദൈവമക്കളെന്ന ആത്മാഭിമാനത്തോടെ തിരികെ പോകട്ടെ. കുമ്പസാരത്തിന്റെ യഥാർത്ഥ ദർശനം ഇതുതന്നെയാണ്.

1.3.6. അറിവിനായി വരുന്ന അതിഥികൾ

D 156. "പൊതുജനങ്ങൾക്ക് ഉപയോഗിക്കത്തക്ക വായനശാലകൾ കഴിവുള്ളിടത്തെല്ലാം നമ്മുടെ ഭവനങ്ങൾ നടത്തേണ്ടതാണ്. ഉപകാരപ്രദമായ, പ്രത്യേകിച്ച്, നമ്മുടെ പ്രസിദ്ധീകരണങ്ങൾ നമ്മുടെ ഭവനത്തിനു ചുറ്റിലുള്ളവർക്കും പൊതു സ്ഥാപനങ്ങൾക്കും സൗജന്യമായി വിതരണം ചെയ്യുവാൻ പ്രോത്സാഹനം നൽകണം."

നമ്മുടെ ഭവനങ്ങൾ സാമൂഹിക പ്രതിബദ്ധതയുടെ ആത്മീയസാന്നിധ്യമായി മാറണമെന്ന് നിയമാവലി ഇതിലൂടെ നമ്മെ ഓർമിപ്പിക്കുന്നു. നമ്മുടെ ആശ്രമങ്ങൾ ചുറ്റുപാടിലുള്ളവർക്ക് അറിവിന്റെ വെളിച്ചക്കൂട്ടുകളായി മാറണം. ജ്ഞാനവിതരണത്തിന്റെ വഴികളിലൂടെ ദൈവരാജ്യ

ത്തെ നാം പ്രഘോഷിക്കണം. യോഹന്നാന്റെ സുവിശേഷം 8:32-ൽ യേശു പറയുന്നു: "സത്യം നിങ്ങളെ മോചിപ്പിക്കും." ഈ സത്യത്തെ തേടി നടക്കുന്നവർക്ക് അറിവിന്റെ വാതിലുകൾ തുറന്നുകൊടുക്കുക എന്നതാണ് വായനശാലകൾ സ്ഥാപിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. ഇത് ഒരു സാമൂഹിക സേവനം മാത്രമല്ല, ഒരു സുവിശേഷവേല കൂടിയാണ്.

നമ്മുടെ വായനശാലകൾ ജനങ്ങൾക്ക് ആത്മീയവും ബൗദ്ധികവുമായ വളർച്ചയ്ക്ക് വഴിയൊരുക്കുന്ന വിജ്ഞാനകേന്ദ്രങ്ങളാണ്. അതോടൊപ്പം, ഉപകാരപ്രദമായ പ്രസിദ്ധീകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നതും ഈ ദൗത്യത്തിന്റെ അവിഭാജ്യഘടകമാണ്. വായനയിലൂടെ അറിവും മൂല്യബോധവും വിശ്വാസവും വളർത്താൻ കഴിയുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കുകയാണ് ഇതിന്റെ ലക്ഷ്യം.

1870-ൽ ചാവറ പിതാവ് കട്ടക്കയം വലിയ ചാണ്ടിയച്ചന് എഴുതിയ ഒരു കത്തിൽ പൊതുജനങ്ങൾക്കായി പുസ്തകങ്ങൾ വാങ്ങിക്കുന്നതിന് അദ്ദേഹം നടത്തിയ ശ്രമങ്ങളെക്കുറിച്ച് വിവരിക്കുന്നുണ്ട്: "അരണാട്ടുകരയിലെ പെരിയ ബഹുമാനപെട്ട വികാരിയച്ചനോട് ഞാൻ പറഞ്ഞു സമ്മതിച്ചനുസരിച്ച് പുതുശ്ശേരിക്കും മദ്രാസിലേക്കും ഞാൻ കത്തെഴുതി; പൊതുജനങ്ങൾക്ക് വായിക്കുവാനുള്ള പുസ്തകങ്ങൾക്കായി പണം ശേഖരിക്കുകയും ചെയ്തു. ലത്തീൻ പഠിക്കുന്നവർക്ക് ആവശ്യമുള്ള പുസ്തകങ്ങൾക്കായി എമ്മാനുവേലച്ചൻ തയ്യാറാക്കിയ ലിസ്റ്റും അവർക്ക് അയച്ചിരുന്നു. പുസ്തകങ്ങൾ കൊണ്ടുവരുന്നതിനായി ആളെ അയക്കാനും നിശ്ചയിച്ചിരുന്നു. എന്നാൽ അവരുടെ മറുപടി വന്നില്ല. ആ രൂപ കൊണ്ട് ഉപവിശാലയ്ക്കായി ഞാൻ ഏതാനും പുസ്തകങ്ങൾ വാങ്ങിച്ചു. പുസ്തകശാല ഉണ്ടാക്കാൻ ഏൽപ്പിച്ചിട്ടുണ്ട്. ആയതിനു വേണ്ട രൂപായും കുറിപ്പും മാന്നാനത്ത് എത്തിക്കാൻ നൽമരണസഭയുടെ ആലോചനക്കാർക്ക് ഞാൻ എഴുതി അറിയിച്ചിട്ടുണ്ട്. അവർ വന്നില്ലെങ്കിൽ താൻ പറഞ്ഞു വരുത്തിക്കണം. എല്ലാം കൂടെ സ്വരൂപിച്ച് അങ്ങോട്ട് കൊടുത്തയക്കണം. അതിനാൽ വളരെ ഉപകാരം ഉണ്ടാകും."[1]

ഈ കത്തിൽ നിന്ന് പൊതുസമൂഹത്തിന്റെ വിജ്ഞാനവികസനത്തിനായി ചാവറ പിതാവ് കാണിച്ച ദീർഘവീക്ഷണവും അർപ്പണബോധവും വ്യക്തമാണ്. കണ്ണിൽ കാണുന്ന നന്മകളെല്ലാം ചെയ്യാൻ സന്നദ്ധരായ ആ മുൻതലമുറയുടെ പിൻഗാമികളാണ് നാമെങ്കിൽ, അവരുടെ ഈ മാതൃക ജീവിതത്തിൽ പകർത്താൻ നമുക്കും കഴിയണം.

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, V/15:1, 117.

നമ്മുടെ ഭവനങ്ങൾ സന്ദർശിക്കുന്നവർക്ക് സ്നേഹനിർഭരമായ ഒരു ആത്മീയാന്തരീക്ഷം ഒരുക്കുമ്പോൾ, ആ സന്ദർശനത്തെ കൂടുതൽ ഫലപ്രദമാക്കുന്നത് വായനശാലകൾ പോലെയുള്ള സൗകര്യങ്ങളാണ്. ഇത് പാസ്റ്ററൽ അതിഥിസ്വീകരണത്തിന്റെ ഒരു ശ്രേഷ്ഠരൂപമാണ്. ജ്ഞാനം പങ്കുവെക്കുമ്പോൾ ദൈവത്തെയും പങ്കുവെക്കുകയാണ് നാം ചെയ്യുന്നത്. അതിനാൽ നമ്മുടെ വായനശാലകൾ എന്നും സത്യത്തിലേക്കു നയിക്കുന്ന വാതിലുകളായും നമ്മുടെ അതിഥിസ്വീകരണം ക്രിസ്തുസ്നേഹത്തിന്റെ ജീവിക്കുന്ന അടയാളമായും മാറട്ടെ.

1.3.7. അജപാലന ശുശ്രൂഷയിലെ വിവേകം

D 33. "ശ്രേഷ്ഠന്റെ അറിവോടും അനുവാദത്തോടും കൂടി മാത്രമേ നമ്മുടെ സഹോദരന്മാർക്ക് ഭവനത്തിനു പുറത്തുപോകുവാനോ സന്ദർശനം നടത്തുവാനോ പാടുള്ളൂ."

D 34. "വൈദിക ശുശ്രൂഷയോ മറ്റു ഗൗരവമായ ആവശ്യമോ മുൻനിറുത്തിയല്ലാതെ അല്മായരുടെ ഭവനങ്ങളിൽ രാത്രി കഴിക്കേണ്ടതല്ല. എന്നാൽ നമ്മുടെ ഭവനം അടുത്തില്ലാതെ വരികയോ വൈദികർ താമസിക്കുന്ന സ്ഥലത്തു പോകാൻ ബുദ്ധിമുട്ടുണ്ടാവുകയോ ചെയ്താൽ അടുത്ത ബന്ധത്തിൽപ്പെട്ടവരുടെ വീട്ടിൽ രാത്രി ചെലവഴിക്കാൻ പാടുണ്ട്."

D 35. "പ്രത്യേക സാഹചര്യങ്ങളിൽ മേൽശ്രേഷ്ഠന്റെ അനുവാദത്തോടുകൂടിയല്ലാതെ നമ്മുടെ സഹോദരന്മാർ ബന്ധത്തിൽപ്പെട്ടവരുടെ കാര്യങ്ങളിൽ ഉൾപ്പെടരുത്."

വി. പൗലോസ് ഉദ്ബോധിപ്പിക്കുന്നു: "എല്ലാക്കാര്യങ്ങളും ഉചിതമായും ക്രമമായും ചെയ്യുവിൻ" (1 കൊറി 14:40). ഈ വചനത്തിന്റെ വെളിച്ചത്തിലാണ് നമ്മുടെ നിയമാവലി സമൂഹജീവിതത്തിൽ ക്രമവും ഉത്തരവാദിത്വവും ഉറപ്പാക്കുന്നത്. ഭവനത്തിനു പുറത്തുള്ള ശുശ്രൂഷകളും സന്ദർശനങ്ങളും ശ്രേഷ്ഠന്റെ അറിവോടും അനുവാദത്തോടും കൂടിയായിരിക്കണമെന്ന നിർദേശം വെറും ഭരണപരമായ ഒരു ക്രമീകരണമല്ല; പരസ്പരവിശ്വാസത്തിന്റെയും അനുസരണത്തിന്റെയും സമൂഹ ഐക്യത്തിന്റെയും പ്രകടനമാണ്. വ്യക്തിപരമായ തീരുമാനങ്ങൾക്കുപകരം സമൂഹത്തിന്റെ വിവേകത്തിന് പ്രാധാന്യം നൽകുമ്പോൾ ശുശ്രൂഷ കൂടുതൽ ഫലദായകവും സാക്ഷ്യപൂർണവുമാകുന്നു.

അപ്രധാനമായ സാഹചര്യങ്ങളിൽ അല്മായരുടെ ഭവനങ്ങളിൽ രാത്രി താമസിക്കുന്നത് അനാവശ്യ തെറ്റിദ്ധാരണകൾക്കും അഭ്യൂഹങ്ങൾക്കും ഇടയാക്കാൻ സാധ്യതയുണ്ട്. അതുകൊണ്ടാണ് അത്യാവശ്യമായ സാഹചര്യങ്ങളിലല്ലാതെ അത്തരം താമസം ഒഴിവാക്കാൻ നിയമാവലി നിർദേ

ശിക്കുന്നത്. അതേസമയം, ശുശ്രൂഷയുടെ ആവശ്യകതയോ യാത്രയുടെ പ്രയാസമോ മൂലം ഒഴിവാക്കാനാവാത്ത സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ ആവശ്യമായ വിവേകത്തോടെയും മര്യാദയോടെയും പ്രവർത്തിക്കാനുള്ള സൗകര്യവും നിയമാവലി നൽകുന്നു. ഇപ്രകാരം വിശുദ്ധിയും സാക്ഷ്യജീവിതവും ഒരുപോലെ സംരക്ഷിക്കപ്പെടുന്നു.

കുടുംബബന്ധങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിലും ഇതേ വിവേകം ആവശ്യമാണ്. മേൽശ്രേഷ്ഠന്റെ അനുവാദമില്ലാതെ കുടുംബകാര്യങ്ങളിൽ ഇടപെടരുതെന്ന നിർദേശം കുടുംബബന്ധങ്ങളെ അവഗണിക്കാനല്ല, സമർപ്പിത ജീവിതത്തിന്റെ സ്വാതന്ത്ര്യവും സമൂഹബോധവും സംരക്ഷിക്കാനാണ്. വ്യക്തിബന്ധങ്ങളെക്കാൾ ദൈവവിളിക്കും സമൂഹത്തിന്റെ നന്മയ്ക്കും മുൻഗണന നൽകുമ്പോഴാണ് സന്യാസജീവിതം അതിന്റെ യഥാർത്ഥ അർത്ഥം പ്രാപിക്കുന്നത്.

അതിഥിസ്നേഹവും ജനങ്ങളോടുള്ള സൗഹൃദപരമായ സമീപനവും ക്രിസ്തീയജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളാണ്. എന്നാൽ അവയെല്ലാം വിവേകത്തോടെയും ആത്മീയ പക്വതയോടെയും സഭയുടെ ക്രമശാസനത്തോടെയും ചേർന്നുനിൽക്കണം. അങ്ങനെ നമ്മുടെ അജപാലന ശുശ്രൂഷ സ്നേഹത്തിന്റെയും വിശുദ്ധിയുടെയും ഉത്തരവാദിത്വത്തിന്റെയും സമന്വയമായി മാറുകയും, നാം സേവിക്കുന്ന ജനങ്ങൾക്ക് വിശ്വസനീയമായ ക്രിസ്തുസാക്ഷ്യം നൽകുകയും ചെയ്യും.

1.3.8. കാനോനിക സന്ദർശനം (D 200)

a) "ഒരു ഭവനത്തിൽ കാനോനിക സന്ദർശനം നടത്തുന്നതിന് കഴിവതും ഒരു മാസം മുൻപ് മേൽ ശ്രേഷ്ഠൻ വിവരം അറിയിക്കുന്നു.

b) സന്ദർശനസമയത്തിനു മുമ്പ് ഭവനത്തിന്റെ ശ്രേഷ്ഠൻ നമ്മുടെ നിയമങ്ങൾ ആവശ്യപ്പെടുന്ന എല്ലാ രേഖകളും കണക്കു പുസ്തകങ്ങളും തയ്യാറാക്കിയിരിക്കണം. കൂടാതെ ഭവനത്തിലുള്ള അംഗങ്ങളുടെ ഒരു ലിസ്റ്റ് സന്ദർശകന് നൽകുന്നു.

c) സന്ദർശനത്തിന്റെ ആരംഭത്തിലും അവസാനത്തിലും ഭവനത്തിലെ അംഗങ്ങൾക്കായി സന്ദർശകൻ ഉപദേശം നൽകണം.

d) ഭവനത്തിലെ അംഗങ്ങൾ സന്ദർശകന്റെ അനുവാദം കൂടാതെ ഭവനം വിട്ടു പുറത്തു പോകരുത്.

e) ശരിപ്പെടുത്തേണ്ടതെന്ന് തോന്നുന്നവയോ അഥവാ നമ്മുടെ നിയമങ്ങളുടെ ചൈതന്യത്തിന് അനുസൃതമായി നടപ്പിലാക്കേണ്ടവയോ ആയ കാര്യങ്ങൾ അംഗങ്ങൾ സന്ദർശകനു വെളിപ്പെടുത്തണം. ഉന്നയിക്കു

ന്ന ചോദ്യങ്ങൾക്ക് സത്യസന്ധമായ മറുപടി പറയാൻ മനസ്സാക്ഷിയിൽ കടപ്പെടുത്തുന്ന ഔദ്യോഗിക കല്പന സന്ദർശകൻ കൊടുക്കുകയും വേണം.

f) മാർഗ്ഗഭ്രംശം വന്ന സഹോദരന്മാരെ സന്ദർശകൻ നേർവഴിക്ക് നയിക്കുകയും കൂടുതൽ അർപ്പണബോധത്തോടെ നമ്മുടെ സന്യാസ ജീവിതം നയിക്കുവാൻ എല്ലാവരെയും ഉത്തേജിപ്പിക്കുകയും ചെയ്യണം.

g) സന്ദർശകൻ തന്റെ തീരുമാനങ്ങളും നിരൂപണങ്ങളും ശുപാർശകളും അതിനുവേണ്ടിയുള്ള ഒരു പ്രത്യേക പുസ്തകത്തിൽ കുറിച്ചിടണം. ഒരു മാസത്തിന്റെ ഇടവേളയോടു കൂടി അവ സമൂഹത്തിൽ രണ്ടുപ്രാവശ്യം വായിക്കുകയും അവ പ്രായോഗികമാക്കുവാനുള്ള ഉപാധികൾ കണ്ടെത്തുകയും വേണം.''

D 201. ''കാനോനിക സന്ദർശനാവസരത്തിലും, ജനറൽ ഓഡിറ്ററിനും താഴെ കൊടുക്കുന്ന പ്രമാണങ്ങൾ ഹാജരാക്കണം.

a) സാമ്പത്തികമായ എല്ലാ ഇടപാടുകളുടേയും രേഖകൾ;

b) ഏറ്റെടുത്തിട്ടുള്ള എല്ലാ പദ്ധതികളുടേയും രേഖകൾ;

c) മേൽ ശ്രേഷ്ഠന്മാരിൽ നിന്ന് കിട്ടിയിട്ടുള്ള അനുവാദങ്ങളുടെ രേഖകൾ;

d) കൈമാറ്റ പ്രമാണങ്ങളും മറ്റും മാറ്റി രൊക്കം പണമാക്കിയയിട്ടുള്ളതിന്റെ രേഖകൾ;

e) ആശ്രമ സംഘം, ആശ്രമ കൗൺസിൽ എന്നിവയുടെ മിനിറ്റിസ് ബുക്കുകൾ;

f) ശാശ്വത ബാധ്യത സംബന്ധിച്ച രേഖകൾ;

g) നാളാഗമം;

h) ഭവനത്തിൽ മരിച്ച അംഗങ്ങളുടെ ലഘു ചരിത്രമുള്ള പുസ്തകം;

i) ലൈബ്രറിയിൽ ചേർത്ത പുസ്തകങ്ങളുടെ രജിസ്റ്ററും കണക്കുകളും;

j) താഴെപ്പറയുന്ന കണക്കു പുസ്തകങ്ങളും ഫയലുകളും:

a. നാൾവഴി
b. കാഷ് ബുക്ക്
c. പേരേടുകൾ (Lengenders)

d. മാസാന്തവും വർഷാന്ത കണക്കുകളും
e. കുർബാനക്കണക്കു പുസ്തകം
f. ആസ്തിവിവര പട്ടിക
g. കൈമാറ്റ പുസ്തകങ്ങൾ
h. റശീതുകൾ"

D 200-ൽ കാനോനിക സന്ദർശനത്തിന്റെ ക്രമങ്ങളും ലക്ഷ്യങ്ങളും വിശദമായി പ്രതിപാദിക്കുന്നു. സന്ദർശനത്തിന്റെ മുൻകൂർ അറിയിപ്പ്, ആവശ്യമായ രേഖകളുടെയും കണക്കുകളുടെയും തയ്യാറെടുപ്പ്, സമൂഹാംഗങ്ങളുമായുള്ള വ്യക്തിപരമായ കൂടിക്കാഴ്ചകൾ, ആത്മീയ ഉപദേശങ്ങൾ, സമൂഹത്തിന്റെ അവസ്ഥയെക്കുറിച്ചുള്ള സത്യസന്ധമായ വിലയിരുത്തൽ, തിരുത്തലുകളും നിർദേശങ്ങളും രേഖപ്പെടുത്തൽ എന്നിവയെല്ലാം ഈ സന്ദർശനത്തിന്റെ അവിഭാജ്യഘടകങ്ങളാണ്. D 201-ൽ കാനോനിക സന്ദർശനത്തിലും ജനറൽ ഓഡിറ്റിലും ഹാജരാക്കേണ്ട രേഖകളും കണക്കുപുസ്തകങ്ങളും വ്യക്തമായി നിർദേശിച്ചിരിക്കുന്നു.

കാനോനിക സന്ദർശനം വെറും ഔപചാരിക പരിശോധനയല്ല; സമൂഹത്തിന്റെ ആത്മീയ വളർച്ചയും വിശുദ്ധിയും ദൗത്യനിഷ്ഠയും ഉറപ്പാക്കുന്ന ഒരു കൃപാനുഭവമാണ്. യേശു ജറുസലേമിനെ നോക്കി വിലപിച്ചുകൊണ്ട് പറഞ്ഞു: "നിന്റെ സന്ദർശനദിനം നീ അറിഞ്ഞില്ല" (ലൂക്കാ 19:44). ഈ വചനത്തിൽ ദൈവത്തിന്റെ സന്ദർശനം തിരിച്ചറിയാതിരുന്ന ഒരു നഗരത്തിന്റെ ആത്മീയ നഷ്ടമാണ് പ്രതിഫലിക്കുന്നത്. ദൈവം മനുഷ്യരെ സന്ദർശിക്കുന്നത് എപ്പോഴും രക്ഷയ്ക്കും നവീകരണത്തിനും പുതിയ തുടക്കത്തിനുമുള്ള അവസരമായിട്ടാണ്. അതുപോലെ, കാനോനിക സന്ദർശനവും ഒരു സമൂഹത്തിൽ ദൈവം തന്റെ സഭയിലൂടെ നടത്തുന്ന കരുതലിന്റെയും നവീകരണത്തിന്റെയും അടയാളമാണ്. അതിനെ വെറും ഭരണപരമായ പരിശോധനയായി കാണാതെ വിശ്വാസത്തോടും വിനയത്തോടും ആത്മാർത്ഥതയോടും സ്വീകരിക്കുമ്പോൾ അത് സമൂഹത്തിന്റെ നവോത്ഥാനത്തിന് വഴിതുറക്കുന്നു.

ആദ്യമായി, കാനോനിക സന്ദർശനം ആത്മപരിശോധനയ്ക്കുള്ള സവിശേഷ അവസരമാണ്. വ്യക്തിജീവിതവും സമുദായജീവിതവും ദൈവവിളിയോട് എത്രത്തോളം വിശ്വസ്തമായി മുന്നേറുന്നുവെന്ന് ഓരോ അംഗത്തിനും വിലയിരുത്താൻ ഇത് സഹായിക്കുന്നു. പ്രാർത്ഥനാ ജീവിതം, സന്യാസവ്രതങ്ങളോടുള്ള വിശ്വസ്തത, അജപാലനശുശ്രൂഷ, സഹോദരസ്നേഹം എന്നിവ നവീകരിക്കാനുള്ള ആഹ്വാനമാണ് ഈ സന്ദർശനം.

രണ്ടാമതായി, ഇത് സമൂഹത്തിലെ ഐക്യവും പരസ്പരവിശ്വാസവും ശക്തിപ്പെടുത്തുന്നു. സന്ദർശകൻ ഓരോ അംഗത്തെയും വ്യക്തിപരമായി കണ്ടുമുട്ടുകയും അവരുടെ സന്തോഷങ്ങളും പ്രതിസന്ധികളും പ്രതീക്ഷകളും ശ്രദ്ധാപൂർവം കേൾക്കുകയും ചെയ്യുന്നു. ഈ തുറന്ന സംഭാഷണങ്ങൾ സമൂഹജീവിതത്തെ കൂടുതൽ ആരോഗ്യകരമാക്കുകയും, ആവശ്യമായ തിരുത്തലുകൾ സ്നേഹപൂർവം നൽകാനുള്ള അവസരം ഒരുക്കുകയും ചെയ്യുന്നു. സത്യസന്ധമായ സംഭാഷണത്തിലൂടെ സമൂഹം കൂടുതൽ വിശ്വാസയോഗ്യവും സഹോദരസ്നേഹപൂർണവുമായി വളരുന്നു.

മൂന്നാമതായി, കാനോനിക സന്ദർശനം ഭരണപരമായ സുതാര്യതയും ഉത്തരവാദിത്വബോധവും ഉറപ്പാക്കുന്നു. സാമ്പത്തിക ഇടപാടുകൾ, സ്വത്തുക്കളുടെ പരിപാലനം, ദൗത്യപ്രവർത്തനങ്ങൾ, ഭരണനടപടികൾ എന്നിവ സഭയുടെ നിയമങ്ങൾക്കും സമൂഹത്തിന്റെ ചട്ടങ്ങൾക്കും അനുസൃതമാണോ എന്ന് പരിശോധിക്കുന്നത് ശിക്ഷാനടപടിക്കുവേണ്ടിയല്ല, മറിച്ച് ഉത്തരവാദിത്വത്തോടെയും വിശ്വാസ്യതയോടെയും ദൗത്യം നിർവഹിക്കാൻ സമൂഹത്തെ സഹായിക്കാനാണ്.

ഇതോടൊപ്പം, സമൂഹത്തിന്റെ ഭാവിദിശയെക്കുറിച്ചുള്ള വിവേചനത്തിനും ഈ സന്ദർശനം അവസരമൊരുക്കുന്നു. ശക്തികളെ പ്രോത്സാഹിപ്പിക്കുകയും കുറവുകളെ തിരുത്തുകയും പുതിയ സാധ്യതകളെ തിരിച്ചറിയുകയും ചെയ്യുമ്പോൾ സമൂഹത്തിന് പുതിയ ഊർജവും ദൗത്യബോധവും ലഭിക്കുന്നു. അതുകൊണ്ട് കാനോനിക സന്ദർശനം വിലയിരുത്തലിന്റെ സമയം മാത്രമല്ല, പ്രത്യാശയുടെയും നവീകരണത്തിന്റെയും സമയവുമാണ്.

D 201-ൽ നിർദേശിച്ചിരിക്കുന്ന രേഖകളും കണക്കുപുസ്തകങ്ങളും കാനോനിക സന്ദർശനത്തിലും ജനറൽ ഓഡിറ്റിലും ഹാജരാക്കേണ്ടത് ഒരു ഭരണപരമായ ബാധ്യത മാത്രമല്ല; സന്യാസജീവിതത്തിലെ വിശ്വസ്തതയുടെ പ്രകടനമാണ്. സാമ്പത്തിക ഇടപാടുകൾ, മിനിറ്റ്സ് ബുക്കുകൾ, നാളാഗമം, ലൈബ്രറി രജിസ്റ്റർ, കാഷ് ബുക്ക്, ആസ്തിവിവരങ്ങൾ, രസീതുകൾ എന്നിവയെല്ലാം കൃത്യമായി സൂക്ഷിക്കുന്നത് സമൂഹത്തിന്റെ സുതാര്യതയും ഉത്തരവാദിത്വബോധവും പ്രകടമാക്കുന്നു.

ഈ പശ്ചാത്തലത്തിൽ യേശുവിന്റെ വാക്കുകൾ പ്രസക്തമാണ്: “ചെറിയ കാര്യത്തിൽ വിശ്വസ്തൻ വലിയ കാര്യത്തിലും വിശ്വസ്തനായിരിക്കും; ചെറിയ കാര്യത്തിൽ അവിശ്വസ്തൻ വലിയ കാര്യത്തിലും അവിശ്വസ്തനായിരിക്കും” (ലൂക്കാ 16:10). രേഖകളുടെയും കണക്കുകളുടെ

യും കൃത്യത ചെറിയ കാര്യമായി തോന്നിയാലും, അവ വിശ്വസ്തതയുടെ ആത്മീയ പരിശീലനമാണ്. ക്രമമായി സൂക്ഷിച്ചിരിക്കുന്ന ഓരോ രേഖയും സത്യസന്ധതയുടെയും ഉത്തരവാദിത്വത്തിന്റെയും സാക്ഷ്യമാണ്.

അതുകൊണ്ട് കാനോനിക സന്ദർശനത്തിനും ജനറൽ ഓഡിറ്റിനുമായി ഒരുക്കമാകുന്നത് പരിശോധനയെ നേരിടാനുള്ള തയ്യാറെടുപ്പല്ല; സ്വന്തം ജീവിതത്തെയും സമൂഹത്തെയും ദൈവസന്നിധിയിൽ തുറന്നുവയ്ക്കാനുള്ള ആത്മീയ സന്നദ്ധതയാണ്. രേഖകളും കണക്കുകളും ക്രമപ്പെടുത്തുന്നത് ഒരു ഭരണഭാരമല്ല, മറിച്ച് സത്യത്തോടുള്ള പ്രതിബദ്ധതയും സഭയോടുള്ള വിശ്വസ്തതയും ദൈവസന്നിധിയിൽ ഉത്തരവാദിത്വത്തോടെ ജീവിക്കാനുള്ള സന്യാസവിളിയുടെ പ്രകടനവുമാണ്. ഇപ്രകാരം കാനോനിക സന്ദർശനം സമൂഹത്തെ വിശുദ്ധിയിലും ഐക്യത്തിലും സുതാര്യതയിലും ദൗത്യനിഷ്ഠയിലും വളർത്തുന്ന അനുഗ്രഹീതമായ ഒരു സഭാനുഭവമായി മാറുന്നു.

1.3.9. പുതിയ അധികാരികളുടെ സ്വീകരണം

C 246. "ജോലി കൈമാറേണ്ടിവരുമ്പോൾ, ഒരാൾ കൈമാറ്റപ്പുസ്തകവും, കണക്കുപുസ്തകങ്ങളും മറ്റു പ്രധാന പ്രമാണരേഖകളും തന്റെയും കൗൺസിലർമാരുണ്ടെങ്കിൽ അവരുടെയും കയ്യോപ്പോടുകൂടി, പിൻഗാമിയെ ഏല്പിക്കുന്നു. പുതുതായി ചാർജ്ജ് ഏറ്റെടുക്കുന്നയാൾ നയങ്ങളും പാരമ്പര്യവും തുടർന്നുകൊണ്ടുപോകാനും പ്രമാണരേഖകൾ സുരക്ഷിതമായി സംരക്ഷിക്കാനും ശ്രദ്ധ പതിക്കണം."

ഒരു ഉത്തരവാദിത്വം കൈമാറുമ്പോൾ, കൈമാറ്റപ്പുസ്തകവും കണക്കുപുസ്തകങ്ങളും മറ്റ് പ്രധാന പ്രമാണരേഖകളും കൃത്യമായി പിൻഗാമിക്ക് കൈമാറണമെന്ന് നിയമാവലി നിർദേശിക്കുന്നു. ഇത് ഒരു ഭരണപരമായ ഔപചാരികത മാത്രമല്ല; ഉത്തരവാദിത്വത്തിന്റെ തുടർച്ച ഉറപ്പാക്കുന്ന വിശുദ്ധമായ ഒരു കടമയാണ്. ഒരു ദൗത്യം ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് കൈമാറുമ്പോൾ, വെറും അധികാരമോ ജോലിയോ അല്ല കൈമാറപ്പെടുന്നത്; ഒരു ദർശനവും പാരമ്പര്യവും അനുഭവസമ്പത്തും വിശ്വാസവും കൂടിയാണ് കൈമാറപ്പെടുന്നത്. അതുകൊണ്ട് കൈമാറ്റനടപടി സുതാര്യവും ക്രമബദ്ധവും ഉത്തരവാദിത്വപൂർണവുമായിരിക്കേണ്ടത് അനിവാര്യമാണ്.

പുതുതായി ചുമതലയേൽക്കുന്നവരെ നിയമാവലി ഒരു പ്രധാന സത്യവും ഓർമ്മിപ്പിക്കുന്നു. മുൻഗാമികൾ രൂപപ്പെടുത്തിയ നല്ല നയങ്ങളെയും പാരമ്പര്യങ്ങളെയും ആദരിക്കുകയും വിവേകത്തോടെ മുന്നോട്ടുകൊണ്ടുപോകുകയും വേണം. ഓരോ സ്ഥാപനത്തിന്റെയും വളർച്ച

യിൽ അനേകരുടെ പ്രാർത്ഥനയും ത്യാഗവും ദീർഘവീക്ഷണവും നിക്ഷിപ്തമായിരിക്കുന്നു. അതിനാൽ പുതിയ നേതൃത്വം എന്നത് പഴയതിനെ നിഷേധിക്കുന്ന ഒരു തുടക്കമല്ല; മൂല്യങ്ങളെ സംരക്ഷിച്ചുകൊണ്ട് കാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ദൗത്യത്തെ മുന്നോട്ടുകൊണ്ടുപോകാനുള്ള ഉത്തരവാദിത്വമാണ്.

പ്രമാണരേഖകളുടെ സംരക്ഷണത്തിനും നിയമാവലി പ്രത്യേക പ്രാധാന്യം നൽകുന്നു. രേഖകൾ വെറും ഔദ്യോഗിക രേഖകളല്ല; അവ ഒരു സമൂഹത്തിന്റെ ചരിത്രവും വിശ്വാസ്യതയും ഭരണസുതാര്യതയും ദൗത്യ പാരമ്പര്യവും സംരക്ഷിക്കുന്ന സാക്ഷ്യങ്ങളാണ്. അവ കൃത്യമായി സൂക്ഷിക്കുന്നത് ഭൂതകാലത്തോടുള്ള ആദരവും വർത്തമാനത്തോടുള്ള ഉത്തരവാദിത്വവും ഭാവിതലമുറകളോടുള്ള കടപ്പാടുമാണ്.

ഈ നിയമം നമ്മെ കൂടുതൽ ആഴത്തിലുള്ള ഒരു ആത്മീയസത്യത്തിലേക്കും നയിക്കുന്നു. "കാര്യസ്ഥന്മാരിൽനിന്ന് പ്രതീക്ഷിക്കുന്നത് അവർ വിശ്വസ്തരായിരിക്കണമെന്നാണ്" (1 കൊറി 4:2). സഭയിലോ സമൂഹത്തിലോ ഏൽപ്പിക്കപ്പെടുന്ന ഒരു സ്ഥാനത്തിന്റെയോ ദൗത്യത്തിന്റെയോ യഥാർത്ഥ ഉടമകൾ നാമല്ല; ദൈവം ഏൽപ്പിച്ച ഉത്തരവാദിത്വത്തിന്റെ വിശ്വസ്തരായ പരിപാലകരാണ് നാം. ഒരു കാലഘട്ടത്തിൽ അത് വിശ്വസ്തതയോടെ ഏറ്റെടുത്ത് ആത്മാർത്ഥതയോടെ നിർവഹിക്കുകയും, സമയമാകുമ്പോൾ അതേ വിശ്വസ്തതയോടും സുതാര്യതയോടും വിനയത്തോടും കൂടി അടുത്ത തലമുറയ്ക്ക് കൈമാറുകയും ചെയ്യുക എന്നതാണ് യഥാർത്ഥ നേതൃത്വത്തിന്റെ സൗന്ദര്യം. അത്തരം മനോഭാവമാണ് ഒരു സമൂഹത്തെ തലമുറകളിലൂടെ നിലനിൽക്കുന്ന ആത്മീയ പാരമ്പര്യമായും ദൈവവിശ്വസ്തതയുടെ ജീവിക്കുന്ന സാക്ഷ്യമായും മാറ്റുന്നത്.

1.3.10. രോഗികളിലേക്കും പ്രായമായവരിലേക്കും തുറക്കുന്ന വാതിൽ

C 55. "നമ്മുടെ രോഗികളോ വൃദ്ധരോ ആയ സഹോദരന്മാരോടുള്ള നമ്മുടെ സ്നേഹം വിശേഷവിധമായിരിക്കണം. എന്നാൽ അവരാകട്ടെ നമ്മുടെ കർത്താവിന്റെ സഹനത്തിൽ പങ്കുപറ്റാനുള്ള അവസരങ്ങൾ ഉണ്ടാകുന്നതിൽ യഥാർത്ഥമായി സന്തോഷിക്കുകയും വേണം." രോഗവും വാർദ്ധക്യവും മനുഷ്യജീവിതത്തിന്റെ അനിവാര്യഘട്ടങ്ങളാണ്. ഈ ഘട്ടങ്ങളിൽ ഒരാൾക്ക് ഏറ്റവും ആവശ്യമായത് ചികിത്സയും പരിചരണവും മാത്രമല്ല, സ്നേഹപൂർവമായ സാന്നിധ്യവും കരുതലുമാണ്. ഒരു സന്ദർശനം, ഒരു സ്നേഹസ്പർശം, ഒരു ആശ്വാസവാക്ക്, ഒരുമിച്ച് അർപ്പിക്കുന്ന ഒരു പ്രാർത്ഥന—ഇവയെല്ലാം രോഗത്തിന്റെയും ഏകാന്തതയു

ടെയും ഭാരം ലഘൂകരിക്കുന്ന ദൈവിക സാന്നിധ്യത്തിന്റെ അടയാളങ്ങളാണ്.

അതുകൊണ്ടാണ് നമ്മുടെ രോഗികളോടും പ്രായമായ സഹോദരങ്ങളോടും വിശേഷവിധമായ സ്നേഹം കാണിക്കണമെന്ന് നിയമാവലി ആവശ്യപ്പെടുന്നത്. അവർ നമ്മുടെ സമൂഹത്തിന്റെ ഭാരമല്ല; മറിച്ച് നമ്മുടെ സന്യാസകുടുംബത്തിന്റെ വിലമതിക്കാനാവാത്ത അംഗങ്ങളും അനുഗ്രഹവുമാണ്. അവർ വർഷങ്ങളോളം സമൂഹത്തിനും സഭയ്ക്കും വേണ്ടി നൽകിയ സമർപ്പണത്തിന്റെ ജീവനുള്ള സാക്ഷികളാണ്. അതിനാൽ അവരെ സന്ദർശിക്കുന്നത് ഒരു കടമ നിറവേറ്റൽ മാത്രമാകരുത്; ഹൃദയത്തിൽനിന്നുള്ള സഹോദരസ്നേഹത്തിന്റെ പ്രകടനമായിരിക്കണം. അവരുടെ വേദന ക്ഷമയോടെ കേൾക്കാനും, അവരുടെ അനുഭവങ്ങളെ ആദരവോടെ സ്വീകരിക്കാനും, അവരുടെ ഏകാന്തതയിൽ ഒപ്പമിരിക്കാനും നമുക്ക് കഴിയണം.

അതേസമയം, രോഗവും വാർദ്ധക്യവും വിശ്വാസത്തിന്റെ വെളിച്ചത്തിൽ കാണാൻ രോഗികളെയും വൃദ്ധരെയും നിയമാവലി ക്ഷണിക്കുന്നു. കർത്താവിന്റെ സഹനത്തിൽ പങ്കുചേരാനുള്ള അവസരമായി സ്വന്തം വേദനകളെ സ്വീകരിക്കുമ്പോൾ അവ ക്രിസ്തുവിന്റെ രക്ഷാകരമായ സ്നേഹവുമായി ഐക്യപ്പെടുന്നു. വി. പൗലോസ് പറയുന്നു: "ഇപ്പോൾ ഞാൻ നിങ്ങൾക്കുവേണ്ടി അനുഭവിക്കുന്ന കഷ്ടതകളിൽ സന്തോഷിക്കുന്നു. ക്രിസ്തുവിന്റെ പീഡകളിൽ കുറവുള്ളത് അവിടുത്തെ ശരീരമായ സഭയ്ക്കുവേണ്ടി എന്റെ ശരീരത്തിൽ ഞാൻ പൂർത്തിയാക്കുന്നു" (കൊളോ 1:24). ഈ വചനം വേദനയെ മഹത്വവത്കരിക്കുന്നതല്ല; മറിച്ച് ക്രിസ്തുവിനോടുള്ള ഐക്യത്തിൽ അതിന് പുതിയ അർത്ഥവും പ്രത്യാശയും ലഭിക്കുന്നുവെന്ന് വെളിപ്പെടുത്തുന്നു.

രോഗികളും പ്രായമായവരും നമ്മുടെ സമൂഹത്തിന്റെ പ്രാർത്ഥനാശക്തിയാണ്. അവരുടെ നിശ്ശബ്ദമായ സഹനവും വിശ്വസ്തതയും പലപ്പോഴും വാക്കുകളേക്കാൾ ശക്തമായി സുവിശേഷത്തിന് സാക്ഷ്യം നൽകുന്നു. അതിനാൽ അവരുടെ ആത്മീയവും ശാരീരികവും മാനസികവുമായ ആവശ്യങ്ങളിൽ നാം കരുതലുള്ളവരായിരിക്കണം. അവരെ പതിവായി സന്ദർശിക്കുകയും, ആദരവോടെയും മാന്യതയോടെയും പരിചരിക്കുകയും, സമൂഹജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളായി ചേർത്തുനിർത്തുകയും വേണം.

ഇപ്രകാരം രോഗികളെയും പ്രായമായവരെയും സ്നേഹത്തോടെ പരിചരിക്കുമ്പോൾ നമ്മുടെ സമൂഹം ക്രിസ്തുവിന്റെ കരുണയുടെ ജീവനു

ള്ള പ്രതിരൂപമായി മാറുന്നു. അപ്പോൾ നമ്മുടെ ഭവനം ഒരു താമസ സ്ഥലം മാത്രമല്ല, സഹോദരസ്നേഹവും കരുണയും പരസ്പരപരിചരണവും നിറഞ്ഞ ഒരു ആത്മീയ കുടുംബമായി വളരുന്നു.

1.3.11. സിമിത്തേരി സന്ദർശനം

സിമിത്തേരി സന്ദർശനം നമ്മുടെ കുടുംബങ്ങളിൽ മാതാപിതാക്കൾ പകർന്നുനൽകിയ വിശ്വാസപാരമ്പര്യത്തിന്റെ മനോഹരമായ ഭാഗമാണ്. അവർ ദേവാലയത്തിൽ പോകുമ്പോഴെല്ലാം സിമിത്തേരിയിൽ കയറി പ്രിയപ്പെട്ടവരുടെ കല്ലറകളിൽ പ്രാർത്ഥിക്കാറുണ്ടായിരുന്നു. ചിലർ ആദ്യം സിമിത്തേരിയിൽ പോയി പുഷ്പാർച്ചനയും പ്രാർത്ഥനയും നടത്തിയശേഷമാണ് ദിവ്യബലിയിൽ പങ്കെടുക്കുന്നത്; മറ്റുചിലർ ദിവ്യബലിക്കുശേഷം അവിടെ എത്തുന്നു. ഏതു രീതിയായാലും, മരിച്ചവരെ സ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക എന്നത് ക്രൈസ്തവവിശ്വാസത്തിന്റെ അവിഭാജ്യഘടകമാണ്.

C 56. "നമ്മുടെ പരേതരായ സഹോദരന്മാർ: നമ്മുടെ മരണം പ്രാപിച്ച സഹോദരന്മാരുടെ സ്മരണ നാം സജീവമായി നിലനിർത്തുകയും കർത്താവിന്റെ ബലിപീഠത്തിങ്കൽ അവരെ പ്രത്യേക ഓർത്തു പ്രാർത്ഥിക്കുകയും വേണം."

മരിച്ചവരുടെ ശേഷക്രിയകൾ

D 58 (a) "ഒരു സഹോദരൻ മരണം പ്രാപിക്കുമ്പോൾ മരിച്ചവർക്കുവേണ്ടിയുള്ള തിരുകർമ്മങ്ങൾ മരണം സംഭവിച്ച ഭവനത്തിൽ നടത്തണം. ആഘോഷമായ കുർബാനയും ഒപ്പീസ് തുടങ്ങിയ ശുശ്രൂഷകളും ഇതിൽ ഉൾപ്പെടുന്നു. പരേതന്റെ സ്വന്തം ഭവനത്തിലെ എല്ലാ വൈദികരും മൂന്നു കുർബാന വീതം അർപ്പിക്കണം. നമ്മുടെ മരണം പ്രാപിച്ച സഹോദരന്മാരെ തിരുവസ്ത്രങ്ങളോ അവർ താൽപര്യപ്പെട്ടിട്ടുണ്ടെങ്കിൽ സന്യാസ വസ്ത്രമോ ധരിപ്പിച്ചു സംസ്കരിക്കുന്നു. സഹോദരന്മാരെ അണിയിക്കേണ്ട തിരുവസ്ത്രങ്ങൾ കൊത്തീനായും സുനാറായും ആണ്.

(b) സഭയുടെ മറ്റെല്ലാ ഭവനങ്ങളിലും ഒരു കുർബാനയും, ചെറിയ ഒപ്പീസും, വലിയ ഒപ്പീസും നടത്തണം. അതിൽ സമൂഹം മുഴുവൻ പങ്കുചേരുന്നു. ഇതുകൂടാതെ സ്വന്തം പ്രവിശ്യയിലെ വൈദികരെല്ലാം രണ്ടു കുർബാന വീതം സമർപ്പിക്കേണ്ടതാണ്. ആരെങ്കിലും മരണം പ്രാപിച്ചാൽ പ്രിയോർജനറാളും, ജനറൽ കൗൺസിലർമാരും, ജനറൽ ഓഡിറ്ററും ഓരോ കുർബാന മരിച്ച സഹോദരനുവേണ്ടി സമർപ്പിക്കേണ്ട താണ്.

(c) മരിച്ച സഹോദരന്റെ സ്വന്തം ഭവനത്തിൽ ഒരു ഗ്രിഗോരിയൻ കുർബാന അർപ്പിക്കപ്പെടണം. കൂടാതെ ചരമവാർഷികത്തിൽ ഒരു കുർബാനയും ചെറിയ ഒപ്പീസും മൂന്നുവർഷത്തേയ്ക്കു സമർപ്പിക്കേണ്ടതാണ്."

D 59 (a) "ഉദ്യോഗത്തിലിരിക്കുമ്പോൾ മരണം പ്രാപിക്കുന്ന പ്രയോർ ജനറാൾ, ജനറൽ കൗൺസിലർമാർ, ജനറൽ ഓഡിറ്റർ എന്നിവർക്കു വേണ്ടി 58-ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നതിനു പുറമേ എല്ലാ വൈദികരും ഓരോ കുർബാന സമർപ്പിക്കണം.

(b) നമ്മുടെ സഭാംഗമായ ഒരു മെത്രാൻ മരിച്ചാൽ, 58-ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കണം.

(c) സ്ഥലത്തെ മെത്രാനോ പരിശുദ്ധ സിംഹാസനത്തിന്റെ നമ്മുടെ രാജ്യത്തെ പ്രതിനിധിയോ പൗരസ്ത്യ തിരുസംഘത്തിന്റെ പ്രീഫെക്ടോ മരിക്കുമ്പോൾ ഒരു കുർബാനയും ചെറിയ ഒപ്പീസും നമ്മുടെ എല്ലാ ഭവനങ്ങളിലും സമർപ്പിക്കണം.

(d) പരിശുദ്ധ പിതാവിന്റെ നിര്യാണത്തിൽ ആഘോഷമായ ശേഷക്രിയകൾ നടത്തുകയും വൈദികർ ഓരോ കുർബാന സമർപ്പിക്കുകയും ചെയ്യണം."

D 60. "നമ്മുടെ പരേതരായ സഹോദരങ്ങൾക്കും മരണം പ്രാപിച്ച മാതാപിതാക്കന്മാർ, ബന്ധുക്കൾ, സ്നേഹിതർ, ഉപകാരികൾ എന്നിവർക്കും വേണ്ടി മാസംതോറും നാലു കുർബാന ഓരോ കാനോനിക ഭവനത്തിലും, ഒരു കുർബാന മറ്റു ഭവനങ്ങളിലും അർപ്പിക്കേണ്ടതാണ്."

D 61 (a) "ഡിസംബർ 9 നമ്മുടെ മരിച്ച സഭാംഗങ്ങളുടെ വാർഷികം സ്മരണയായി ആചരിക്കണം. നമ്മുടെ എല്ലാ വൈദികരും അന്നത്തെ കുർബാന അവർക്ക് വേണ്ടി നിയോഗിക്കുകയും ചെയ്യുന്നു.

(b) സകല മരിച്ചവരുടെയും ഓർമ്മദിവസം, വൈദികർക്കു സ്വന്തം നിയോഗത്തിൽ ദിവ്യബലി അർപ്പിക്കാവുന്നതാണ്. വൈദികരല്ലാത്ത സഹോദരന്മാരുടെ മാതാപിതാക്കന്മാരുടെ മരണവാർഷികത്തിൽ സ്വന്തം ഭവനത്തിൽ ഒരു കുർബാന ഈ നിയോഗത്തിൽ അർപ്പിക്കപ്പെടാവുന്നതാണ്.

(c) സകല മരിച്ചവരുടെയും നമ്മുടെ സഭയിലെ മരിച്ചവരുടെയും ഓർമ്മദിവസങ്ങളിൽ വലിയ ഒപ്പീസുൾപ്പെടെ മരിച്ചവർക്ക് വേണ്ടിയുള്ള ആഘോഷമായ തിരുക്കർമ്മങ്ങൾ നമ്മുടെ എല്ലാ ഭവനങ്ങളിലും നടത്തുകയും സമൂഹം മുഴുവൻ അതിൽ പങ്കെടുക്കുകയും വേണം."

D 62. "ഏതെങ്കിലും സഭാംഗത്തിന്റെ മാതാപിതാക്കന്മാർ മരിക്കുമ്പോൾ സ്വന്തം ഭവനത്തിൽ ഒരു കുർബാനയും ചെറിയ ഒപ്പീസും നടത്തണം. കൂടാതെ തുടർച്ചയായി അഞ്ചു കുർബാന പരേതാത്മാവിനു വേണ്ടി സമർപ്പിക്കണം."

D 63. "നമ്മുടെ പരേതരായ സഹോദരങ്ങളെ അവരുടെ ചരമവാർഷികത്തിൽ നമ്മുടെ എല്ലാ ഭവനങ്ങളിലും പ്രത്യേക അനുസ്മരിക്കണം. തലേദിവസം അവരുടെ പേരുകൾ എടുത്തുപറഞ്ഞുകൊണ്ടുള്ള ഒരു പ്രത്യേക പ്രാർത്ഥന രാത്രി ജപത്തോടുകൂട്ടി ചേർക്കേണ്ടതാണ്."

D 64. "നമ്മുടെ സഭാംഗങ്ങളെ സംസ്കരിക്കുവാൻ ഒരു പ്രത്യേക സ്ഥലം നമ്മുടെ ഭവനങ്ങളിൽ ഉണ്ടായിരിക്കണം. മരിച്ച സഹോദരന്റെ പേര്, സ്ഥലം, ജനനത്തീയതി, വ്രതം ചെയ്ത തീയതി, വയസ്സ്, പിന്നീട് വരുന്നവരുടെ പ്രചോദനത്തിനായി ഒരു ചെറുജീവചരിത്രക്കുറിപ്പ് എന്നിവ രേഖപ്പെടുത്തുന്നതിന് ഓരോ ഭവനത്തിലും ഒരു പ്രത്യേക പുസ്തകം ഉണ്ടായിരിക്കണം."

D 65. "സ്ഥലത്തെ മെത്രാന്റേയും മേൽ ശ്രേഷ്ഠന്റേയും രേഖാമൂലമായ അനുമതി കൂടാതെ നമ്മുടെ സഭാംഗങ്ങളല്ലാത്തവരെ നമ്മുടെ ദേവാലയങ്ങളിലോ കപ്പേളകളിലോ സിമിത്തേരികളിലോ സംസ്കരിച്ചുകൂടാ."

C 56 നമ്മുടെ പരേതരായ സഹോദരന്മാരുടെ സ്മരണ സജീവമായി നിലനിർത്താനും കർത്താവിന്റെ ബലിപീഠത്തിൽ അവരെ പ്രത്യേകം അനുസ്മരിച്ച് പ്രാർത്ഥിക്കാനും ആഹ്വാനം ചെയ്യുന്നു. തുടർന്ന് D 58–65 വരെ മരിച്ച സഭാംഗങ്ങൾക്കും അവരുടെ മാതാപിതാക്കൾക്കും ഉപകാരികൾക്കും വേണ്ടി അർപ്പിക്കേണ്ട ദിവ്യബലി, ഒപ്പീസ്, അനുസ്മരണം, സംസ്കാരക്രമങ്ങൾ, സിമിത്തേരിയുടെ പരിപാലനം എന്നിവയെക്കുറിച്ച് വിശദമായ നിർദേശങ്ങൾ നൽകുന്നു. ഇതെല്ലാം നമ്മുടെ സഭ പരേതരോടുള്ള കടപ്പാടിനും പുണ്യാളന്മാരുടെ ഐക്യത്തിലുള്ള വിശ്വാസത്തിനും നൽകുന്ന പ്രാധാന്യം വെളിപ്പെടുത്തുന്നു.

ജീവിതത്തിലെ ഏറ്റവും ഉറപ്പുള്ള അതിഥി മരണമാണ്. അത് ക്ഷണിക്കാതെയും തീയതി പറയാതെയും നമ്മുടെ വാതിലിൽ എത്തിച്ചേരുന്നു. അതുകൊണ്ട് പരേതർക്കുവേണ്ടി നാം നടത്തുന്ന പ്രാർത്ഥനകളും അനുസ്മരണങ്ങളും മരണത്തെ ഭയപ്പെടാനുള്ളതല്ല; മറിച്ച് നിത്യജീവിതത്തെ പ്രത്യാശയോടെ സ്വീകരിക്കാനുള്ള ആത്മീയ പരിശീലനമാണ്.

ഒരു മെക്സിക്കൻ പഴമൊഴി ജീവിതത്തിൽ മൂന്ന് മരണങ്ങളുണ്ടെന്ന് പറയുന്നു. ആദ്യത്തെ മരണം ശാരീരിക മരണമാണ്. ആത്മാവ് ശരീര

ത്തിൽനിന്ന് വേർപെടുമ്പോൾ അത് സംഭവിക്കുന്നു. ഈ മരണത്തിൽ നിന്ന് ആർക്കും ഒഴിവില്ല. മരിച്ചവരുടെ തിരുക്കർമങ്ങളിൽ നാം പാടുന്നതുപോലെ:

നരനായി ഉലകിൽ വന്നു പിറന്നാൽ
മൃതിതാനന്ത്യം പരിപാവനമാം
ഈശ്വരവിധിയാണ് ഒഴിവില്ലാർക്കും.

രണ്ടാമത്തെ മരണം മനുഷ്യനെ ഭൂമിയിൽനിന്ന് യാത്രയയക്കുന്ന ശവസംസ്കാരമാണ്. മരണത്തിലൂടെ ജീവൻവിട്ട നമ്മുടെ ശരീരം ശവപേടകത്തിൽ കിടത്തി, മുഖം വെള്ള തുണികൊണ്ട് മൂടി, പ്രാർത്ഥന കളുടെ അകമ്പടിയോടെ കല്ലറയിൽ സംസ്കരിക്കുന്നു. അങ്ങനെ നാം ഈ ഭൂമിയിലെ ദൃശ്യസാന്നിധ്യത്തിൽനിന്ന് അപ്രത്യക്ഷരാകുകയും നമ്മുടെ ഭൗതികജീവിതത്തിന്റെ ഒരു അധ്യായം അവസാനിക്കുകയും ചെയ്യുന്നു. ഈ രണ്ടാമത്തെ മരണവും മനുഷ്യജീവിതത്തിന്റെ അനിവാര്യ യാഥാർഥ്യമാണ്; അതിനും നാം കീഴടങ്ങേണ്ടിവരുന്നു.

എന്താണ് മൂന്നാമത്തെ മരണം? അത് നമ്മുടെ മരണത്തിനുശേഷം ഉറ്റവരും ഉടയവരും നമ്മെ മറക്കുന്നതാണ്. ഈ മരണം ഏറ്റവും വേദനാജനകമാണ്. ജീവിച്ചിരിക്കുന്നവരുടെ ഓർമ്മകളിൽനിന്ന് ഒരാൾ പൂർണമായി മാഞ്ഞുപോകുമ്പോഴാണ് അത് സംഭവിക്കുന്നത്. സ്നേഹവും സ്മരണയും ഇല്ലാതാകുന്ന ആ മരണം യഥാർത്ഥത്തിൽ ബന്ധങ്ങളുടെ അവസാനമാണ്.

ക്രൈസ്തവ വിശ്വാസം ഈ മൂന്നാമത്തെ മരണത്തെ അതിജീവിക്കാൻ നമ്മെ പഠിപ്പിക്കുന്നു. ദിവസവും മരിച്ചവരെ അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നതിലൂടെ, നമ്മുടെ പൂർവികർ ഒരിക്കലും വിസ്മൃതിയുടെ മൂന്നാമത്തെ മരണത്തിന് വിധേയരായിട്ടില്ലെന്ന് നാം പ്രഖ്യാപിക്കുന്നു. അവർ ഈ ലോകത്തുനിന്ന് യാത്രയായിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടുണ്ടെങ്കിലും നമ്മുടെ ഓർമകളിലും പ്രാർത്ഥനകളിലും അവർ ഇന്നും ജീവിക്കുന്നു. അവരുടെ ജീവിതസാക്ഷ്യവും സ്നേഹവും ത്യാഗവും നമ്മെ ഇന്നും രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ആ ഓർമകൾ നമ്മുടെ വ്യക്തിത്വത്തിന്റെയും വിശ്വാസപാരമ്പര്യത്തിന്റെയും അവിഭാജ്യഘടകമാണ്.

ദിവ്യബലിയിൽ പരേതരെ അനുസ്മരിക്കുകയും അവരുടെ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ, ഭൂമിയിലെ സഭയും ശുദ്ധീകരണത്തിലിരിക്കുന്ന ആത്മാക്കളും സ്വർഗ്ഗത്തിലെ മഹത്വം പ്രാപിച്ച വിശുദ്ധരും ഒരേ ക്രിസ്തുവിൽ ഐക്യപ്പെട്ടിരിക്കുന്നുവെന്ന പു

ണ്യാളന്മാരുടെ ഐക്യത്തിലുള്ള വിശ്വാസമാണ് നാം ഏറ്റുപറയുന്നത്. അതിനാൽ സിമിത്തേരി സന്ദർശനം വെറും ഒരു ആചാരമല്ല; നിത്യ ജീവിതത്തിലുള്ള പ്രത്യാശയുടെ പരസ്യപ്രഖ്യാപനമാണ്. കല്ലറകൾ നമ്മെ മരണത്തെ ഓർമിപ്പിക്കുന്നതിനേക്കാൾ ഉയിർപ്പിനെ പ്രത്യാശയോടെ കാത്തിരിക്കാൻ പഠിപ്പിക്കുന്നു.

1.3.12. സന്ദർശന മുറി: ആശ്രമത്തിന്റെ മുഖവും ഹൃദയവും

സ്വീകരണം നമ്മുടെ ആശ്രമത്തിലെ സന്ദർശനമുറിയിൽ ഇരിക്കുന്ന ഒരാളുടെ ഔപചാരിക ചുമതല മാത്രമല്ല. അത് നമ്മുടെ സംസ്കാരത്തിന്റെയും ആത്മീയതയുടെയും മൂല്യബോധത്തിന്റെയും ആദ്യസാക്ഷ്യമാണ്. ഒരു സന്ദർശകൻ ആശ്രമത്തിന്റെ പടിവാതിൽ കടക്കുമ്പോൾ ആദ്യം അനുഭവിക്കുന്നത് സ്വീകരണത്തിന്റെ അന്തരീക്ഷമാണ്. അതുകൊണ്ടുതന്നെ സന്ദർശനമുറി നമ്മുടെ സ്ഥാപനത്തിന്റെ മുഖവും ഹൃദയവുമാണ്.

ജർമ്മൻ ചിന്തകനായ ഫ്രിഡ്രിക് ഷില്ലർ പറഞ്ഞിട്ടുണ്ട്: "നിന്നെത്തന്നെ അറിയുവാൻ മറ്റുള്ളവർ ചെയ്യുന്നത് ശ്രദ്ധിക്കുക; മറ്റുള്ളവരെ അറിയുവാൻ സ്വന്തം ഹൃദയത്തിലേക്ക് നോക്കുക." മനുഷ്യനെ മനസ്സിലാക്കാനുള്ള താക്കോൽ പുറത്തല്ല, ഉള്ളിലാണ്. സ്വന്തം ഹൃദയത്തെ തിരിച്ചറിയുന്നവനാണ് മറ്റുള്ളവരുടെ ഹൃദയസ്പന്ദനവും വേദനയും പ്രത്യാശയും മനസ്സിലാക്കുന്നത്. എന്നിലും അപരന്റെ ഒരു അംശമുണ്ട്; അപരനിലും എന്റേതായ ഒരു പ്രതിധ്വനിയുണ്ട്. ഈ പരസ്പരബന്ധം തിരിച്ചറിയുമ്പോഴാണ് യഥാർത്ഥ സഹാനുഭൂതി ജനിക്കുന്നത്.

സ്വീകരണത്തിന്റെ ആത്മാവും ഇതുതന്നെയാണ്. സന്ദർശകന്റെ ആവശ്യങ്ങൾ മാത്രം കാണാതെ, അവന്റെ മനുഷ്യാവസ്ഥയെയും മാന്യതയെയും കാണാൻ നമുക്ക് കഴിയണം. ഒരു സൗമ്യമായ വാക്ക്, ആത്മാർത്ഥമായ ഒരു പുഞ്ചിരി, ക്ഷമയോടെ കേൾക്കുന്ന ഒരു മനസ്സ്, ആദരവോടെയുള്ള ഒരു സമീപനം—ഇവയാണ് ഒരു ആശ്രമത്തെ യഥാർത്ഥത്തിൽ മഹത്താക്കുന്നത്.

സ്വന്തം ഹൃദയത്തിന്റെ ഭാഷ കേൾക്കാൻ പഠിച്ചവർക്കാണ് മറ്റുള്ളവരുടെ ഹൃദയവിളികളും കേൾക്കാനാകുക. സ്വീകരണം അതുകൊണ്ട് ഒരു ഔദ്യോഗിക ചുമതലയല്ല; ബന്ധങ്ങൾ രൂപപ്പെടുത്തുന്ന ഒരു ശുശ്രൂഷയാണ്. ഓരോ വ്യക്തിയുടെയും അന്തസ്സിനെ ആദരിക്കുകയും, അവനെ ദൈവത്തിന്റെ പ്രതിച്ഛായയായി സ്വീകരിക്കുകയും ചെയ്യുന്ന ഒരു വിശ്വാസപ്രഖ്യാപനമാണ് അത്. അതുകൊണ്ട് സ്വീകരണം ഒരു ജോലിയല്ല; അത് ഒരു ജീവിതശൈലിയാണ്.

യഥാർത്ഥ അതിഥിസത്കാരം മൂന്ന് തലങ്ങളിലാണ് വിരിയുന്നത്:

1) ശരീരത്തിന്റെ സത്കാരം – ഭക്ഷണം, വിശ്രമം, ആവശ്യമായ സൗകര്യങ്ങൾ.

2) മനസ്സിന്റെ സത്കാരം – സ്നേഹപൂർവമായ വാക്കുകൾ, ശ്രദ്ധയോടെ കേൾക്കൽ, ആദരവുള്ള പെരുമാറ്റം.

3) ആത്മാവിന്റെ സത്കാരം – പ്രാർത്ഥന, ആശ്വാസം, ദൈവസാന്നിധ്യം അനുഭവിക്കാൻ സഹായിക്കുന്ന അന്തരീക്ഷം.

വി. പത്രോസ് ഉദ്ബോധിപ്പിക്കുന്നു: "പരസ്പരം മുറുമുറുപ്പില്ലാതെ അതിഥിസത്കാരം പാലിക്കുവിൻ" (1 പത്രോ 4:9). ആശ്രമം ഒരു ആത്മീയ അഭയകേന്ദ്രമാണ്. ഇവിടെ എത്തുന്നവർ പലപ്പോഴും ശാന്തിയും പ്രത്യാശയും ആശ്വാസവും തേടിയാണ് വരുന്നത്. അതിനാൽ നമ്മുടെ മുഖത്ത് സ്നേഹവും, വാക്കുകളിൽ കരുണയും, ഹൃദയത്തിൽ ദൈവസാന്നിധ്യവും നിറഞ്ഞിരിക്കണം. നമ്മുടെ വാതിൽ കടന്നുവരുന്നവർ ദൈവത്തിന്റെ സ്നേഹം അനുഭവിച്ച് കൂടുതൽ പ്രത്യാശയോടെയും സമാധാനത്തോടെയും മടങ്ങിപ്പോകട്ടെ. സന്തോഷത്തോടെ വരുന്നവർ കൂടുതൽ സന്തോഷത്തോടെ മടങ്ങുകയും, വേദനയോടെ വരുന്നവർ ആശ്വാസം കണ്ടെത്തി മടങ്ങുകയും ചെയ്യട്ടെ.

അതേസമയം, സ്വീകരണമുറി ആതിഥേയത്വത്തിന്റെ പ്രതീകമെന്നതുപോലെ വിവേകത്തിന്റെ പരീക്ഷണവേദിയും കൂടിയാണ്. വിവിധ ആവശ്യങ്ങളുമായി എത്തുന്ന എല്ലാവരും ഒരേ ആത്മാർത്ഥതയോടെയായിരിക്കണമെന്നില്ല. ചിലർ തെറ്റായ വിവരങ്ങൾ നൽകുകയോ, സഹാനുഭൂതിയെ ദുരുപയോഗം ചെയ്യുകയോ, അനാവശ്യ സമ്മർദം ചെലുത്തുകയോ ചെയ്യാം. അതുകൊണ്ട് സത്യവും അസത്യവും തിരിച്ചറിയാൻ ജാഗ്രതയും വിവേചനശക്തിയും അനിവാര്യമാണ്.

ഇത്തരം സാഹചര്യങ്ങളിൽ രണ്ട് അതിരുകളെ നാം ഒഴിവാക്കണം: എല്ലാവരെയും അന്ധമായി വിശ്വസിക്കുന്ന സമീപനവും, ചില മോശം അനുഭവങ്ങളുടെ പേരിൽ എല്ലാവരെയും സംശയത്തോടെ കാണുന്ന മനോഭാവവും. ക്രിസ്തു പഠിപ്പിച്ചതുപോലെ, "സർപ്പങ്ങളെപ്പോലെ വിവേകികളും പ്രാവുകളെപ്പോലെ നിഷ്കളങ്കരുമായിരിക്കണം" (മത്താ 10:16). കരുണയും വിവേകവും ഒരുപോലെ കൈമുതലാക്കിയ സ്വീകരണമാണ് യഥാർത്ഥ ക്രൈസ്തവ ആതിഥേയത്വം. സ്നേഹം നഷ്ടപ്പെടുത്താതെ ജാഗ്രത പാലിക്കുകയും, വിവേകം കൈവിടാതെ മനുഷ്യനെ

ആദരിക്കുകയും ചെയ്യുമ്പോഴാണ് നമ്മുടെ സന്ദർശനമുറി യഥാർത്ഥത്തിൽ ആശ്രമത്തിന്റെ മുഖവും ഹൃദയവുമായി മാറുന്നത്.

(പ്രായോഗിക നിർദ്ദേശങ്ങൾ)

1) അതിഥിമുറി എപ്പോഴും വൃത്തിയായും ഏത് നിമിഷവും ഒരാളെ സ്വീകരിക്കാൻ സജ്ജമായും സൂക്ഷിക്കുക.
2) നിത്യവും മാതാപിതാക്കളെയും കുടുംബാംഗങ്ങളെയും പ്രത്യേകം ഓർത്ത് പ്രാർത്ഥിക്കുക. സാധിക്കുമെങ്കിൽ ആഴ്ചയിൽ ഒരിക്കലെങ്കിലും ഫോൺവിളിയിലൂടെ അവരോടുള്ള സ്നേഹവും നന്ദിയും അറിയിക്കുക.
3) അപ്രതീക്ഷിതമായി കടന്നുവരുന്ന ഓരോ അതിഥിയിലും ദൈവത്തിന്റെ സന്ദർശനം തിരിച്ചറിയാൻ സ്വയം പരിശീലിപ്പിക്കുക.
4) ആഴ്ചയിൽ ഒരിക്കൽ സ്വയം ചോദിക്കുക: "എന്റെ ഹൃദയത്തിൽ ആരെയെങ്കിലും സ്വീകരിക്കാൻ ഞാൻ ഇപ്പോഴും വിസമ്മതിക്കുന്നുണ്ടോ?" ഉണ്ടെങ്കിൽ, ആ വ്യക്തിക്കായി പ്രത്യേകമായി പ്രാർത്ഥിക്കുക.
5) മാമ്മോദീസാ സ്വീകരിച്ച ദിവസമാണല്ലോ നാം ദൈവത്തിന്റെ മക്കളായി, സ്വർഗ്ഗീയജീവിതത്തിലേക്കായി ജനിച്ച ദിവസം. അതിനാൽ, മാമ്മോദീസാ സ്വീകരിച്ച ദിവസത്തെ ഓരോ മാസവും അനുസ്മരിച്ച് (ഉദാഹരണത്തിന്, മാമ്മോദീസാ സ്വീകരിച്ചത് ഓഗസ്റ്റ് 19-നാണെങ്കിൽ, എല്ലാ മാസവും 19-ാം തീയതി), ആ ദിവസം ഈ വരികൾ ധ്യാനപൂർവ്വം ആവർത്തിക്കുകയും സ്വന്തം മരണത്തിനായി ആത്മീയമായി ഒരുങ്ങുകയും ചെയ്യുക:

> വെണ്മയായ് നടപ്പാനായ്തന്നൊരു വെള്ളവസ്ത്രം,
> നന്മയും കളഞ്ഞയ്യോ പാപി ഞാൻ മഹാമൂഢൻ.
>
> — *ആത്മാനുതാപം* II, 349–350

> ജന്മദിനത്തേക്കാൾ മരണദിനം നല്ലൂ,
> ജന്മഘോഷത്തേക്കാൾ മരണഘോഷം.
>
> — *മരണവീട്ടിൽ പാടുന്ന പാന*, 1–2

(സമാപന പ്രാർത്ഥന)

സ്നേഹനിധിയായ ദൈവമേ, ഈ ധ്യാനനിമിഷങ്ങൾക്കായി ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു. ഞങ്ങളുടെ നിയമാവലി പഠിപ്പിക്കുന്ന അതിഥിസ്നേഹത്തിന്റെ ആത്മാവിനെ ഹൃദയത്തിൽ സ്വീകരിക്കാനുള്ള കൃപ അങ്ങ് ഞങ്ങൾക്ക് നൽകിയതിനായി ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

കർത്താവേ, ഞങ്ങളുടെ സ്വീകരണമുറികൾ ക്രമവും ശുചിത്വവും സൗഹൃദവും നിറഞ്ഞവയായിരിക്കട്ടെ; അതിലുപരി, ഞങ്ങളുടെ ഹൃദയങ്ങൾ സ്നേഹത്താലും കരുണയാലും നിറഞ്ഞവയായിരിക്കട്ടെ. ഞങ്ങളുടെ ഭവനങ്ങളിൽ പ്രവേശിക്കുന്ന ഓരോ അതിഥിയിലും അങ്ങയുടെ തിരുമുഖം ദർശിക്കാനും, അവരെ ആദരവോടെയും സ്നേഹത്തോടെയും സ്വീകരിക്കാനും ഞങ്ങളെ പഠിപ്പിക്കണമേ.

ഞങ്ങളുടെ സ്വീകരണം ഒരു ഔപചാരിക കടമയായി മാറാതെ, സുവിശേഷത്തിന്റെ ജീവിക്കുന്ന സാക്ഷ്യമായി രൂപപ്പെടട്ടെ. ലാളിത്യവും വിനയവും സഹോദരസ്നേഹവും സേവനസന്നദ്ധതയും ഞങ്ങളുടെ സമൂഹജീവിതത്തിൽ എന്നും പ്രതിഫലിക്കട്ടെ. ഞങ്ങളുടെ വാതിലുകൾ ആവശ്യമുള്ളവർക്ക് തുറന്നവയായിരിക്കട്ടെ; അതിലുപരി, ഞങ്ങളുടെ ഹൃദയങ്ങൾ അങ്ങയുടെ സ്നേഹത്തിന് സാക്ഷ്യം വഹിക്കുന്ന തുറന്ന ഭവനങ്ങളായിരിക്കട്ടെ.

ഞങ്ങളുടെ ഓരോ സമൂഹവും അങ്ങയുടെ സമാധാനവും കരുണയും അനുഭവിക്കാനാകുന്ന ആത്മീയ അഭയകേന്ദ്രങ്ങളായി മാറട്ടെ. ഞങ്ങളുടെ ജീവിതം അതിഥിസ്നേഹത്തിന്റെ സുവിശേഷമായി ലോകത്തിനു മുമ്പിൽ പ്രകാശിക്കട്ടെ. ഞങ്ങൾ സ്വീകരിക്കുന്ന ഓരോ വ്യക്തിയും അങ്ങയുടെ സ്നേഹസ്പർശം അനുഭവിച്ച് പ്രത്യാശയോടെയും സമാധാനത്തോടെയും മടങ്ങിപ്പോകാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ഇതെല്ലാം ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിലൂടെ അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

1.4
സ്വീകരണമുറി:
ജപമാല – സന്തോഷത്തിന്റെ രഹസ്യങ്ങൾ

(ആമുഖ പ്രാർത്ഥന)

സ്നേഹനിധിയായ ദൈവമേ, ഞങ്ങളുടെ ദർശനവീട്ടിലെ സ്വീകരണ മുറി മനുഷ്യരെ മാത്രമല്ല, അങ്ങയെ തന്നെ സ്വീകരിക്കുന്ന വിശുദ്ധ ഇടമായി മാറ്റണമേ. "ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ സ്വരം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ പ്രവേശിക്കും" (വെളി 3:20) എന്ന് അരുളിച്ചെയ്ത അങ്ങ്, ഞങ്ങളുടെ ഹൃദയങ്ങളുടെ വാതിലുകളും സമൂഹങ്ങളുടെ വാതിലുകളും എന്നും തുറന്നുകിടക്കുവാൻ അനുഗ്രഹിക്കണമേ.

ദൈവദൂതന്റെ സന്ദേശം വിശ്വാസത്തോടെ സ്വീകരിച്ച കന്യകാമറിയത്തെയും, മറിയത്തെ സന്തോഷത്തോടെ സ്വീകരിച്ച എലിസബത്തിനെയും, ദൈവശിശുവിനെ ആരാധിക്കാൻ എത്തിയ ഇടയരെയും ജ്ഞാനികളെയും ധ്യാനിക്കുമ്പോൾ, യഥാർത്ഥ ആതിഥേയത്വം ഒരു സാമൂഹിക മര്യാദയല്ല, ദൈവത്തെ സ്വീകരിക്കുന്ന ആത്മീയാനുഭവമാണെന്ന് ഞങ്ങൾ തിരിച്ചറിയുന്നു.

പരിശുദ്ധ ദൈവമാതാവേ, ഭാരതീയ സംസ്കാരം പഠിപ്പിക്കുന്ന "അതിഥി ദേവോ ഭവ" എന്ന മഹത്തായ മൂല്യവും, സുവിശേഷം പഠിപ്പിക്കുന്ന ക്രിസ്തീയ ആതിഥേയത്വത്തിന്റെ ആത്മാവും ഞങ്ങളുടെ ജീവിതത്തിൽ സമന്വയിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ഞങ്ങളുടെ ആശ്രമങ്ങളിൽ എത്തിച്ചേരുന്ന ഓരോ വ്യക്തിയിലും അങ്ങയുടെ പുത്രനായ യേശുക്രിസ്തുവിന്റെ തിരുമുഖം ദർശിക്കുവാനും, ദരിദ്രരെയും നിരാലംബരെയും ദുഃഖിതരെയും പ്രത്യാശ തേടിയെത്തുന്ന എല്ലാവരെയും സ്നേഹത്തോടും ആദരവോടും കരുണയോടും കൂടി സ്വീകരിക്കുവാനും ഞങ്ങളെ പഠിപ്പിക്കണമേ. ഞങ്ങളുടെ സ്വീകരണമുറി വെറും സന്ദർശകരുടെ മുറിയാകാതെ, സ്നേഹവും സമാധാനവും ആശ്വാസവും അനുഭവിക്കപ്പെടുന്ന ക്രിസ്തുസാന്നിധ്യത്തിന്റെ ഇടമായി മാറട്ടെ. ആമ്മേൻ.

1) ഒന്നാം രഹസ്യം: ദൈവദൂതൻ മറിയത്തെ സന്ദർശിക്കുന്നു (ലൂക്കാ 1:26–38)

ധ്യാനം: ദൈവം എപ്പോഴും മനുഷ്യന്റെ വാതിൽ മുട്ടുന്നവനാണ്. നസറത്തിലെ എളിയ ഭവനത്തിലേക്ക് കടന്നുവന്ന ദൈവദൂതനെ മറിയം ഭയത്തോടെയല്ല, വിശ്വാസത്തോടെയാണ് സ്വീകരിച്ചത്. അവളുടെ "ഇതാ, ഞാൻ കർത്താവിന്റെ ദാസി" എന്ന പ്രത്യുത്തരത്തിലൂടെയാണ് രക്ഷയുടെ ചരിത്രം ആരംഭിക്കുന്നത്. ദൈവം നമ്മുടെ ജീവിതത്തിലും പലപ്പോഴും മനുഷ്യരുടെ രൂപത്തിലും സംഭവങ്ങളുടെ രൂപത്തിലും കടന്നുവരുന്നു. അവിടുത്തെ തിരിച്ചറിയാനും ഹൃദയത്തിന്റെ വാതിൽ തുറക്കാനും നമുക്ക് കഴിയട്ടെ.

പ്രാർത്ഥന: പരിശുദ്ധ മാതാവേ, ഞങ്ങളുടെ ഹൃദയങ്ങളെയും ആശ്രമങ്ങളെയും ദൈവഹിതത്തോട് എപ്പോഴും തുറന്നിരിക്കുന്ന ആത്മീയ അഭയകേന്ദ്രങ്ങളാക്കി മാറ്റണമേ. അങ്ങയെപ്പോലെ ദൈവഹിതത്തോട് എന്നും 'ആമ്മേൻ' പറയുന്ന അചഞ്ചലമായ വിശ്വാസവും പൂർണ സമർപ്പണവും ഞങ്ങൾക്കും നൽകണമേ.

2) രണ്ടാം രഹസ്യം: മറിയം എലിസബത്തിനെ സന്ദർശിക്കുന്നു (ലൂക്കാ 1:39–56)

ധ്യാനം: ദൈവത്തെ സ്വീകരിച്ച മറിയം ആ അനുഗ്രഹം സ്വന്തം ഹൃദയത്തിൽ ഒതുക്കിവച്ചില്ല; മറിച്ച് അത് മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ പുറപ്പെട്ടു. മറിയം എലിസബത്തിന്റെ ഭവനത്തിൽ പ്രവേശിച്ചപ്പോൾ ആ വീട് സന്തോഷത്താലും പരിശുദ്ധാത്മാവിന്റെ നിറവാലും നിറഞ്ഞു. അങ്ങനെ അവളുടെ സന്ദർശനം അനുഗ്രഹത്തിന്റെയും ദൈവസാന്നിധ്യത്തിന്റെയും സന്ദർശനമായി മാറി.

അതുപോലെ, യഥാർത്ഥ ആതിഥേയൻ ഭക്ഷണം മാത്രം പങ്കുവയ്ക്കുന്നവനല്ല; സ്നേഹവും പ്രത്യാശയും ദൈവസാന്നിധ്യവും പങ്കുവയ്ക്കുന്നവനാണ്. ക്രിസ്തീയ ആതിഥ്യമര്യാദയുടെ യഥാർത്ഥ സൗന്ദര്യം ഇതിലാണ്: ഓരോ കൂടിക്കാഴ്ചയും പരസ്പരം ദൈവാനുഗ്രഹം കൈമാറുന്ന വിശുദ്ധസംഗമമായി മാറ്റുക.

പ്രാർത്ഥന: കർത്താവേ, ഞങ്ങളുടെ ഭവനങ്ങളിൽ എത്തുന്ന ഓരോ വ്യക്തിയെയും ആദരവോടും കരുണയോടും സ്വീകരിക്കുവാനും, ഞങ്ങളുടെ സാന്നിധ്യം മറ്റുള്ളവർക്ക് അനുഗ്രഹമാകുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

3) മൂന്നാം രഹസ്യം: യേശുവിന്റെ ജനനത്തിൽ ആട്ടിടയരും ജ്ഞാനികളും അവിടുത്തെ സന്ദർശിക്കുന്നു (ലൂക്കാ 2:1–20; മത്താ 2:1–12)

ധ്യാനം: ലോകം രക്ഷകനുവേണ്ടി ഇടം കണ്ടെത്തിയില്ല; എന്നാൽ എളിയ ഒരു പുൽക്കൂട് ദൈവത്തെ സ്വീകരിച്ചു. അവിടേക്ക് ആദ്യം ഓടിയെത്തിയത് ആട്ടിടയരും പിന്നീട് ദൂരദേശങ്ങളിൽ നിന്നുള്ള ജ്ഞാനികളും ആയിരുന്നു. ദൈവം സമ്പത്തിന്റെ കൊട്ടാരങ്ങളെക്കാൾ വിനയത്തിന്റെ ഭവനത്തെയാണ് തിരഞ്ഞെടുക്കുന്നത്. യഥാർത്ഥ അതിഥി സത്കാരം സമ്പത്തിന്റെ സമൃദ്ധിയിൽ നിന്നല്ല, സ്നേഹമുള്ള ഹൃദയത്തിൽ നിന്നാണ് വിരിയുന്നത്.

പ്രാർത്ഥന: പരിശുദ്ധ മാതാവേ, ലാളിത്യത്തിലും വിനയത്തിലും സന്തോഷത്തോടെയും സ്നേഹത്തോടെയും അതിഥികളെ സേവിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. ഞങ്ങളുടെ ജീവിതം എല്ലാവർക്കും സ്വാഗതം പറയുന്ന ഒരു ബേത്ലഹേമായി മാറട്ടെ.

4) നാലാം രഹസ്യം: ഉണ്ണീശോയെ ദൈവത്തിനു സമർപ്പിക്കുന്നതിനായി മാതാവും ഔസേപ്പിതാവും ദേവാലയം സന്ദർശിക്കുന്നു (ലൂക്കാ 2:22–38)

ധ്യാനം: മറിയവും ഔസേപ്പും തങ്ങളുടെ ഏറ്റവും വിലപ്പെട്ട നിധിയായ യേശുവിനെ ദൈവത്തിന് സമർപ്പിച്ചു. സ്വീകരിക്കുന്നതുപോലെതന്നെ സമർപ്പിക്കുന്നതും വിശ്വാസത്തിന്റെ ഭാഗമാണ്. ദൈവത്തിൽ നിന്ന് ലഭിക്കുന്ന ഓരോ അനുഗ്രഹവും ഒടുവിൽ ദൈവത്തിനുതന്നെ സമർപ്പിക്കപ്പെടേണ്ടതാണ്. ഓരോ ഭവനവും ദൈവത്തിന്റെ ആലയമാകുമ്പോഴാണ് അതിന്റെ യഥാർത്ഥ മഹത്വം വെളിപ്പെടുന്നത്.

പ്രാർത്ഥന: കർത്താവേ, സ്വാർത്ഥതയുടെ വാതിലുകൾ അടച്ചുപൂട്ടി സ്നേഹത്തിന്റെയും സേവനത്തിന്റെയും വാതിലുകൾ തുറക്കുവാൻ ഞങ്ങൾക്ക് കൃപ നൽകണമേ. ഞങ്ങളുടെ ഭവനങ്ങളും ശുശ്രൂഷകളും അങ്ങേക്കായി സമർപ്പിതമായിരിക്കട്ടെ.

5) അഞ്ചാം രഹസ്യം: ദേവാലയത്തിൽ യേശുവിനെ കണ്ടെത്തൽ (ലൂക്കാ 2:41–52)

ധ്യാനം: മറിയവും ഔസേപ്പും യേശുവിനെ നഷ്ടപ്പെട്ടപ്പോൾ അവരുടെ ഹൃദയം അസ്വസ്ഥമായി. ഒടുവിൽ അവർ അവിടുത്തെ ദൈവാലയത്തിൽ കണ്ടെത്തി. ദൈവത്തെ നഷ്ടപ്പെടുന്ന ഭവനം ശൂന്യമാകുന്നു; ദൈവത്തെ കണ്ടെത്തുന്ന ഭവനം സന്തോഷത്തിന്റെയും സമാധാനത്തിന്റെ

യും ഭവനമാകുന്നു. ഞങ്ങളുടെ ഭവനങ്ങളിൽ എത്തുന്ന ഓരോ അതിഥിയിലും യേശുവിനെ തിരിച്ചറിയുവാൻ ഞങ്ങളുടെ കണ്ണുകൾ തുറക്കപ്പെടട്ടെ.

പ്രാർത്ഥന: യേശുവേ, ഞങ്ങളുടെ ഭവനങ്ങളിൽ പ്രവേശിക്കുന്ന ഓരോ വ്യക്തിയിലും അങ്ങയുടെ സാന്നിധ്യം തിരിച്ചറിയുവാനുള്ള വിശ്വാസവും, എല്ലാവരെയും സ്നേഹത്തോടും സന്തോഷത്തോടും സ്വീകരിക്കുവാനുള്ള വിശാലഹൃദയവും ഞങ്ങൾക്ക് നൽകണമേ.

(സമാപന പ്രാർത്ഥന)

കാരുണ്യവാനായ ദൈവമേ, ഈ ജപമാലയിലൂടെ ഞങ്ങൾ ധ്യാനിച്ച സന്തോഷത്തിന്റെ രഹസ്യങ്ങൾ ഞങ്ങളുടെ ജീവിതത്തിൽ ഫലവത്താകുവാൻ അനുഗ്രഹിക്കണമേ. ഞങ്ങളുടെ ദർശനവീട്ടിലെ സ്വീകരണമുറി, ഞങ്ങളുടെ ഹൃദയങ്ങളുടെ പ്രതിബിംബമായിരിക്കട്ടെ. അവിടെ കടന്നുവരുന്ന ഓരോ വ്യക്തിയും ക്രിസ്തുവിന്റെ സ്നേഹവും സഭയുടെ മാതൃസ്നേഹവും അനുഭവിക്കട്ടെ.

ഞങ്ങളുടെ ആശ്രമങ്ങൾ എല്ലാവർക്കും സമാധാനവും പ്രത്യാശയും കരുണയും അനുഭവിക്കാനാകുന്ന ആത്മീയ ഭവനങ്ങളായി മാറട്ടെ. ദരിദ്രരിലും രോഗികളിലും ഏകാകികളിലും സഹായം തേടിയെത്തുന്ന എല്ലാവരിലും അങ്ങയെ കാണുവാനും, ആരെയും വിധിക്കാതെ എല്ലാവരെയും സ്നേഹത്തോടെ സ്വീകരിക്കുവാനും ഞങ്ങളെ ശക്തരാക്കണമേ.

പരിശുദ്ധ ദൈവമാതാവേ, അങ്ങയുടെ ഭവനം ദൈവത്തിന് തുറന്നിരുന്നതുപോലെ ഞങ്ങളുടെ ജീവിതവും ക്രിസ്തുവിന് തുറന്നിരിക്കട്ടെ. ഞങ്ങളുടെ ഓരോ അതിഥിസ്വീകരണവും അങ്ങയുടെ പുത്രനെ സ്വീകരിക്കുന്ന വിശുദ്ധാനുഭവമായി മാറുവാൻ ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥം വഹിക്കണമേ.

ഞങ്ങളുടെ ദർശനവീട് എപ്പോഴും വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും സമാധാനത്തിന്റെയും ഭവനമായിരിക്കട്ടെ. അതുവഴി ഞങ്ങളുടെ ജീവിതം സുവിശേഷത്തിന്റെ ജീവനുള്ള സാക്ഷ്യമായി ലോകത്തിനുമുമ്പിൽ പ്രകാശിക്കട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും. ആമ്മേൻ.

2
രണ്ടാം ദിവസം: പ്രാർത്ഥനാമുറി

2.0
വചനസന്ദേശം

(വിശുദ്ധ കുർബാനയ്ക്കുള്ള വചന വായനകൾ)
ലേഖനം: 1 കോറി 11:23–26
സുവിശേഷം: മത്താ 26:26–30

2.0.1. കെടാവിളക്ക്

വിശുദ്ധ കുർബാനയിൽ ദാനങ്ങൾ മാത്രമല്ല, ദാനങ്ങളുടെ ദാതാവിനെ തന്നെയാണ് നമുക്ക് ലഭിക്കുന്നത്. വി. ആഗസ്തീനോസ് പറയുന്നു: "ദൈവം സർവജ്ഞാനിയാണെങ്കിലും വിശുദ്ധ കുർബാനയെക്കാൾ മഹത്തായ ഒരു ദാനം ചിന്തിക്കുവാനോ, സർവശക്തനാണെങ്കിലും ഇതിനേക്കാൾ വലിയ ഒരു അത്ഭുതം പ്രവർത്തിക്കുവാനോ, സർവ സമ്പന്നനാണെങ്കിലും ഇതിനേക്കാൾ മഹത്തായ ഒരു സമ്മാനം നൽകുവാനോ അവിടുത്തേക്ക് സാധ്യമല്ല. ദൈവത്തിന്റെ അനന്തമായ ജ്ഞാനവും ശക്തിയും സമ്പത്തും ഒത്തുചേരുന്ന സ്നേഹത്തിന്റെ മഹാത്ഭുതമാണ് വിശുദ്ധ കുർബാന."

വിശുദ്ധ കുർബാനയിലെ ഈ അനുഗ്രഹീതമായ ദൈവസാന്നിധ്യത്തെക്കുറിച്ച് തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നു: "നാം വിളിച്ചപേക്ഷിക്കുമ്പോഴൊക്കെ നമ്മുടെ ദൈവമായ കർത്താവു നമുക്കു സമീപസ്ഥനായിരിക്കുന്നതുപോലെ ദൈവം ഇത്ര അടുത്തുള്ള വേറെ ഏതു ശ്രേഷ്ഠ ജനതയാണുള്ളത്?" (നിയ 4:7). പഴയനിയമത്തിൽ ദൈവസാന്നിധ്യം മേഘത്തിലും അഗ്നിസ്ഫംഭത്തിലുമായി അനുഭവിച്ച ഇസ്രായേൽ ജനത്തേക്കാൾ വലിയ അനുഗ്രഹമാണ് പുതിയനിയമജനമായ നമുക്ക് ലഭിച്ചിരിക്കുന്നത്. കാരണം, നമുക്ക് ദൈവം ദൂരെയിരുന്ന് സംസാരിക്കുന്നവനല്ല; സക്രാരിയിൽ വസിക്കുന്നവനാണ്; വിശുദ്ധ കുർബാന സ്വീക

രണത്തിലൂടെ നമ്മുടെ ഹൃദയങ്ങളിൽ വസിക്കുന്നവനാണ്. നാം വിളിക്കുമ്പോൾ സമീപസ്ഥനായിരിക്കുന്ന ദൈവത്തെ മാത്രമല്ല, നിത്യവും നമ്മോടുകൂടെ വസിക്കുന്ന ദൈവത്തെയാണ് വിശുദ്ധ കുർബാനയിൽ അനുഭവിക്കുന്നത്.

വിശുദ്ധ കുർബാനയുമായി ബന്ധപ്പെട്ട നിരവധി വിശുദ്ധവസ്തുക്കൾ ദേവാലയത്തിലുണ്ട്: അരുളിക്ക, കുസ്തോതി, കാസ, പീലാസ, അൾത്താര, സക്രാരി, കെടാവിളക്ക് തുടങ്ങിയവ. അവയിൽ, വിശുദ്ധ കുർബാനയിലെ യേശുസാന്നിധ്യത്തെ ഏറ്റവും ലളിതമായും ശക്തമായും അനുസ്മരിപ്പിക്കുന്ന ഒന്നാണ് കെടാവിളക്ക്. അതിനെക്കുറിച്ച് മൂന്ന് ചെറിയ ചിന്തകൾ പങ്കുവയ്ക്കാം.

2.0.2. കെടാത്തവിളക്ക്

കെടാവിളക്ക്—ആ പേര് സൂചിപ്പിക്കുന്നതുപോലെ, ഒരിക്കലും കെടാത്ത ഒരു വിളക്കാണ്. ദേവാലയത്തിലെ മറ്റു വിളക്കുകളെല്ലാം കെടുന്നവയോ കെടുത്തപ്പെടുന്നവയോ ആണ്: ട്യൂബ് ലൈറ്റുകൾ, സ്പോട്ട് ലൈറ്റുകൾ, ഹാലജൻ ലൈറ്റുകൾ, സി.എഫ്.എൽ. വിളക്കുകൾ തുടങ്ങിയവ. ആവശ്യത്തിനനുസരിച്ച് അവ തെളിയിക്കുകയും പിന്നീട് കെടുത്തുകയും ചെയ്യുന്നു. എന്നാൽ കെടാവിളക്ക് മാത്രം, സക്രാരിയിലെ കെടാത്ത ദിവ്യകാരുണ്യസ്നേഹത്തിന്റെ പ്രതീകമായി ഇരുപത്തിനാലു മണിക്കൂറും, വർഷത്തിലെ എല്ലാ ദിവസവും ജ്വലിച്ചുകൊണ്ടിരിക്കുന്നു.

“നാം വിളിച്ചപേക്ഷിക്കുമ്പോഴൊക്കെ നമ്മുടെ ദൈവമായ കർത്താവു നമുക്കു സമീപസ്ഥനായിരിക്കുന്നതുപോലെ...” (നിയ 4:7) എന്ന വചനം ഇവിടെ ഏറെ പ്രസക്തമാണ്. കെടാവിളക്ക് നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്നത് ഒരു മഹാസത്യമാണ്—നമ്മുടെ ദൈവം എപ്പോഴും സമീപസ്ഥനാണ്. നാം ദേവാലയത്തിലേക്ക് കടന്നുചെല്ലുമ്പോഴും, രാത്രിയുടെ നിശ്ശബ്ദതയിൽ പ്രാർത്ഥിക്കുമ്പോഴും, ജീവിതത്തിന്റെ ഇരുണ്ടവഴികളിലൂടെ കടന്നുപോകുമ്പോഴും, സക്രാരിയിൽ കാത്തിരിക്കുന്ന ദിവ്യകാരുണ്യനാഥൻ നമ്മോടു പറയുന്നു: “ഞാൻ ഇവിടെ ഉണ്ട്.” ഈ ചെറിയ ജ്വാല നിശ്ശബ്ദമായി പ്രഖ്യാപിക്കുന്നത് ദൈവത്തിന്റെ നിരന്തര സാന്നിധ്യമാണ്. മനുഷ്യർ വരുകയും പോകുകയും ചെയ്യുന്നു; തലമുറകൾ മാറിമറിയുകയും ചെയ്യുന്നു; എന്നാൽ ദിവ്യകാരുണ്യ നാഥന്റെ സ്നേഹം കെടുന്നില്ല. കെടാവിളക്ക് ആ കെടാത്ത സ്നേഹത്തിന്റെ ദൃശ്യസാക്ഷ്യമായി ദേവാലയത്തിൽ ജ്വലിച്ചുകൊണ്ടിരിക്കുന്നു.

ദിവ്യകാരുണ്യഭക്തി പ്രചരിപ്പിക്കുന്നതിനായി നാൽപ്പതുമണിക്കൂർ ആരാധന ആരംഭിച്ച വി. ചാവറ പിതാവ്, കെടാത്ത ദിവ്യകാരുണ്യ സ്നേഹം നമ്മുടെ ഹൃദയങ്ങളിലും ജ്വലിപ്പിക്കുവാൻ നമ്മെ ആഹ്വാനം ചെയ്യുന്നു: "ഈശോ മിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ; എപ്പോഴും തന്റെ കൺമുമ്പിൽ ഇരിപ്പിൻ; തന്റെ അരികേ നടപ്പിൻ; തന്നോട് കൂടെ എപ്പോഴും സംസാരിപ്പിൻ."[1] സക്രാരിയുടെ മുമ്പിൽ ജ്വലിക്കുന്ന കെടാവിളക്ക് നമ്മുടെ ഹൃദയങ്ങളിലും ഒരു ചോദ്യം ഉയർത്തുന്നു: ദിവ്യകാരുണ്യനാഥനോടുള്ള എന്റെ സ്നേഹവും ഈ ജ്വാലയെപ്പോലെ കെടാതെ ജ്വലിക്കുന്നുണ്ടോ?

2.0.3. യേശുസാമീപ്യം

രണ്ടാമതായി, കെടാവിളക്കിന്റെ യേശുസാമീപ്യത്തെ നമുക്ക് ധ്യാനവിഷയമാക്കാം. ദേവാലയത്തിലെ മറ്റെല്ലാ വിളക്കുകളെക്കാളും ദിവ്യകാരുണ്യനാഥനോട് ഏറ്റവും അടുത്ത് നിലകൊള്ളുന്നത് കെടാവിളക്കാണ്. അതിന്റെ ഈ സാമീപ്യം നമ്മുടെ ആത്മീയജീവിതത്തിന് ഒരു വലിയ പ്രചോദനമാണ്.

കെടാവിളക്ക് ഒരിക്കലും സക്രാരിയിൽനിന്ന് അകന്നുപോകുന്നില്ല. ദിവ്യകാരുണ്യനാഥന്റെ സാന്നിധ്യത്തിൽ നിരന്തരം ജ്വലിച്ചുകൊണ്ടാണ് അത് നിലകൊള്ളുന്നത്. അതുപോലെ, നമ്മുടെ ജീവിതവും യേശുസാന്നിധ്യത്തിൽ വേരൂന്നിയതായിരിക്കണം. കാരണം, യേശുവിനോടുള്ള സാമീപ്യമാണ് നമ്മുടെ വിശ്വാസജീവിതത്തിന്റെ ശക്തിയും വിശുദ്ധിയുടെ ഉറവിടവും ദൗത്യത്തിന്റെ അടിത്തറയും. നാം എവിടെയായിരുന്നാലും—സ്വന്തം മുറിയിലായാലും, ക്ലാസ് മുറിയിലായാലും, കളിക്കളത്തിലായാലും, ജോലിസ്ഥലത്തായാലും, യാത്രയിലായാലും—നമ്മുടെ സന്യാസജീവിതത്തിലും പൗരോഹിത്യജീവിതത്തിലും ക്രൈസ്തവജീവിതത്തിലും യേശുസാമീപ്യം ഹൃദയത്തിൽ കത്തിസൂക്ഷിക്കണമെന്ന് കെടാവിളക്ക് നമ്മെ ഓർമ്മിപ്പിക്കുന്നു.

യേശുവിനോട് അടുത്തുനിൽക്കുമ്പോഴാണ് നമ്മുടെ ചിന്തകൾ ശുദ്ധീകരിക്കപ്പെടുന്നത്; തീരുമാനങ്ങൾ ദൈവഹിതത്തിനനുസരിച്ച് രൂപപ്പെടുന്നത്; ബന്ധങ്ങൾ സ്നേഹത്താൽ നിറയുന്നത്; ദൗത്യം ഫലദായകമാകുന്നത്. യേശുവിൽനിന്ന് അകലുമ്പോൾ ആത്മാവ് ക്ഷീണിക്കുന്നു; യേശുവിനോട് ചേർന്നുനിൽക്കുമ്പോൾ ആത്മാവ് നവീകരിക്കപ്പെടുന്നു.

---

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VII/6:1, 158.

വിശുദ്ധ കുർബാനയുടെ വലിയ ക്ഷണം ഇതാണ്: യേശുവിനോടടുത്ത് ജീവിക്കുക. സക്രാരിയോട് ചേർന്ന് ജ്വലിക്കുന്ന കെടാവിളക്കുപോലെ, നമ്മുടെ ഹൃദയവും ദിവ്യകാരുണ്യനാഥനോട് ചേർന്നുനിൽക്കട്ടെ. അപ്പോൾ നമ്മുടെ ജീവിതവും അവിടുത്തെ പ്രകാശം പ്രതിഫലിപ്പിക്കുന്ന ഒരു ജ്വാലയായി മാറും. അതുകൊണ്ട് കെടാവിളക്ക് നമ്മോടു നിശ്ശബ്ദമായി പറയുന്നത് ഇതാണ്: "യേശുവിനോടു ചേർന്നുനിൽക്കുക; അപ്പോൾ നിന്റെ ജീവിതവും പ്രകാശിക്കും."

2.0.4. യാതൊരു ഈഗോയും ഇല്ല

മൂന്നാമതായി, കെടാവിളക്കിന് യാതൊരു ഈഗോയും ഇല്ല. മറ്റ് ലൈറ്റുകളുമായി താരതമ്യം ചെയ്യുമ്പോൾ അതിൽ നിന്നുള്ള പ്രകാശം വളരെ നിസ്സാരമാണ്. നട്ടുച്ചയ്ക്ക് നാം ഒരു ദേവാലയത്തിലേക്ക് കടന്നുചെന്നാൽ, കെടാവിളക്കിൽ നിന്ന് വരുന്ന പ്രകാശം തിരിച്ചറിയാൻ പോലും പലപ്പോഴും സാധിക്കാറില്ല. മറ്റ് ലൈറ്റുകളെക്കാൾ അത് ചെറുതായതിനാൽ അതിന്റെ പ്രകാശവും മങ്ങിയതാണ്. ആഘോഷവസരങ്ങളിൽ എല്ലാ ലൈറ്റുകളും തെളിയിക്കുമ്പോൾ അതിന്റെ പ്രകാശം നിഷ്പ്രഭമായി തീരുന്നു. എങ്കിലും, അതിന് അതിൽ ഒരു പരിഭവവുമില്ല. തന്റെ നാഥനുവേണ്ടി കത്തിയെരിഞ്ഞുകൊണ്ടിരിക്കുന്നതിലാണ് അത് ജീവിതനിർവൃതി കണ്ടെത്തുന്നത്. ദിവ്യകാരുണ്യ സ്നേഹത്തിൽ ജീവിക്കുന്ന ആത്മാവും അങ്ങനെ തന്നെയാണ്. ലോകം അവനെ ശ്രദ്ധിക്കാതെ പോയാലും, പ്രശംസ ലഭിക്കാതിരുന്നാലും, യേശുവിനോടടുത്ത് കത്തിയെരിയുന്നതിലാണ് അവൻ തന്റെ സന്തോഷം കണ്ടെത്തുന്നത്.

ദിവ്യകാരുണ്യസാമീപ്യം എപ്പോഴും നമുക്ക് ലഭ്യമാകുന്നതിനാൽ, പലപ്പോഴും അതിന്റെ അമൂല്യത തിരിച്ചറിയാതെ പോകുന്നുണ്ടോ എന്നത് ചിന്തനീയമാണ്. ഇസ്രായേൽജനത്തിന് മരുഭൂമിയിലൂടെയുള്ള യാത്രയ്ക്കിടയിൽ വിശപ്പടക്കുന്നതിനായി ദൈവം ആകാശത്തിൽ നിന്ന് മന്നാ വർഷിച്ചു. ആദ്യദിനങ്ങളിൽ ആ മന്നാ അവർക്ക് തേൻപോലെ മധുരമുള്ളതായിരുന്നു. പുറപ്പാടിന്റെ പുസ്തകത്തിൽ നാം വായിക്കുന്നു: "ഇസ്രായേൽക്കാർ അതിനു മന്ന എന്നു പേര് നൽകി. അത് കൊത്തമ്പാലരിപോലെയിരുന്നു; വെളുത്തതും തേൻ ചേർത്ത അപ്പത്തിന്റെ രുചിയുള്ളതുമായിരുന്നു" (പുറ 16:31).

എന്നാൽ, കാലം കടന്നുപോയപ്പോൾ തേൻപോലെ മധുരിച്ചിരുന്ന ആ മന്നാ പിന്നീട് അവരുടെ ദൈനംദിന ഭക്ഷണമായി മാറി. സംഖ്യയുടെ പുസ്തകത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "മന്നായ്ക്ക് കൊത്തമ്പാലരിയുടെ ആകൃതിയും ഗുൽഗുലുവിന്റെ നിറവുമായിരുന്നു.

ജനം ചുറ്റിനടന്ന് അതു ശേഖരിച്ച് തിരികല്ലിലോ ഉരലിലോ ഇട്ട് പൊടിച്ചു കലത്തിൽ വേവിച്ച് അപ്പം ഉണ്ടാക്കിപ്പോന്നു. എണ്ണ ചേർത്ത് ചുട്ട അപ്പത്തിന്റെ പോലെയായിരുന്നു അതിന്റെ രുചി. രാത്രി പാളയത്തിന്മേൽ മഞ്ഞുപെയ്യുമ്പോൾ മന്നായും പൊഴിയും" (സംഖ്യ 11:7-9).

പുതിയ നിയമത്തിലെ പുതിയ ഇസ്രായേൽജനമായ നമുക്കും ഈ ജീവിതയാത്രയിൽ ദൈവം നിത്യമായി നൽകുന്ന പുതിയ മന്നയാണ് വിശുദ്ധ കുർബാന. "നമ്മുടെ ദൈവമായ കർത്താവ് നമുക്കു സമീപസ്ഥനായിരിക്കുന്നതുപോലെ..." എന്ന നിയമപുസ്തകത്തിലെ വചനം വിശുദ്ധ കുർബാനയിൽ ഏറ്റവും പൂർണമായി സാക്ഷാത്കരിക്കപ്പെടുന്നു. ദൈവം നമ്മോടൊപ്പം വസിക്കുന്നു; നമ്മിൽ വസിക്കുന്നു; തന്റെ സാന്നിധ്യത്തിൽ ജീവിക്കാൻ നമ്മെ ക്ഷണിക്കുന്നു.

പഴയ ഇസ്രായേൽജനത്തിന്റെ ജീവിതത്തിൽ സംഭവിച്ചതുപോലെ, നമ്മുടെ ജീവിതത്തിലും നാളുകൾ പിന്നിടുമ്പോൾ ആ സ്വർഗീയ മന്നായോടുള്ള വിസ്മയവും ആകർഷണവും ക്ഷയിച്ചുപോകുന്നുണ്ടോ എന്ന് ആത്മശോധന ചെയ്യാം. ദിവ്യകാരുണ്യനാഥനോടുള്ള സ്നേഹവും വിസ്മയവും വീണ്ടും ജ്വലിപ്പിക്കാൻ, കെടാവിളക്കിനെപ്പോലെ യേശുസന്നിധിയിൽ കത്തിയെരിയുന്ന ആത്മാക്കളായി നമുക്ക് മാറാം. അതുവഴി, അവിടുത്തെ സാന്നിധ്യത്തിൽ ജീവിതത്തിന്റെ യഥാർത്ഥ നിർവൃതിയും ആനന്ദവും കണ്ടെത്താൻ നമുക്ക് സാധിക്കട്ടെ.

2.0.5. എന്തിന് ദിവസവും വിശുദ്ധ കുർബാന?

വൈദികജീവിതത്തിന്റെ ഹൃദയം എന്താണ് എന്ന് ചോദിച്ചാൽ, അതിന് ഒരേയൊരു ഉത്തരമേയുള്ളൂ: വിശുദ്ധ കുർബാന. ഒരു വൈദികൻ തന്റെ ജീവിതത്തിൽ അനേകം സേവനങ്ങൾ ചെയ്യുന്നു—വചനപ്രഘോഷണം, വിശുദ്ധ കൂദാശകളുടെ പരികർമ്മം, ജനങ്ങളെ നയിക്കൽ, ദരിദ്രരെ സേവിക്കൽ. എന്നാൽ ഇതെല്ലാം ശക്തി പ്രാപിക്കുന്നത് വിശുദ്ധ കുർബാനയിൽ നിന്നാണ്. വിശുദ്ധ കുർബാന അർപ്പിക്കുന്നത് വൈദികന്റെ ജോലികളിൽ ഒന്നല്ല, മറിച്ച് അവന്റെ പുരോഹിത സ്വത്വത്തിന്റെ കേന്ദ്രമാണ് (*Catechism of the Catholic Church*, 1324). യേശു വ്യക്തമായി പറഞ്ഞു: "എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിൽ വസിക്കുന്നു; ഞാനും അവനിൽ വസിക്കുന്നു" (യോഹ 6:56). ഒരു വൈദികൻ ജനങ്ങൾക്ക് ക്രിസ്തുവിനെ നൽകുന്നവനാണ്. എന്നാൽ ആദ്യം അവൻ തന്നെ ക്രിസ്തുവിനോട് ചേർന്നിരിക്കണം. ദിവസേന വിശുദ്ധ കുർബാന സ്വീകരിക്കുന്നത് യേശുവുമായുള്ള ഏറ്റവും ആഴമേറിയ ഐക്യം സമ്മാ

നിക്കുന്നു. ഒരിക്കൽ വി. ജോൺ വിയാനി പറഞ്ഞു: "പൗരോഹിത്യത്തിന്റെ എല്ലാ മഹത്വവും വിശുദ്ധ കുർബാനയിൽ നിന്നാണ് ഉദ്ഭവിക്കുന്നത്."

ഒരു വിളക്ക് മറ്റുള്ളവർക്ക് വെളിച്ചം നൽകണമെങ്കിൽ ആദ്യം അത് തീയിൽ കത്തണം. അതുപോലെ, ഒരു വൈദികൻ ജനങ്ങൾക്ക് ക്രിസ്തുവിനെ നൽകണമെങ്കിൽ ആദ്യം അവൻ തന്നെ ക്രിസ്തുവിനെ സ്വീകരിക്കണം. ദിവസേന വിശുദ്ധ കുർബാന സ്വീകരിക്കുന്ന വൈദികൻ കൂടുതൽ ക്രിസ്തുകേന്ദ്രീകൃതനാകുന്നു. വൈദികന്റെ ജീവിതം അൾത്താരയിൽ ആരംഭിച്ച് അൾത്താരയിൽ തന്നെ പൂർത്തിയാകുന്നു. ഓരോ പ്രഭാതത്തിലും അവൻ വിശുദ്ധ കുർബാന അർപ്പിക്കുമ്പോൾ, അവൻ വീണ്ടും തന്റെ വിളിയെ പുതുക്കുന്നു. ഓരോ ദിവസവും വിശുദ്ധ കുർബാന സ്വീകരിക്കുമ്പോൾ, ക്രിസ്തു അവന്റെ ഹൃദയത്തെ വീണ്ടും രൂപപ്പെടുത്തുന്നു. ഒരു വൈദികൻ ദിവസേന വിശുദ്ധ കുർബാന അർപ്പിക്കുകയും വിശുദ്ധ കുർബാന സ്വീകരിക്കുകയും ചെയ്യേണ്ടത് അവൻ ഒരു വൈദികനായിരിക്കുന്നതിന്റെ ആന്തരിക ആവശ്യകത കൊണ്ടാണ്. വിശുദ്ധ കുർബാന ഇല്ലാതെ വൈദികന് ജീവിക്കാനാകുമെങ്കിലും, വിശുദ്ധ കുർബാന ഇല്ലാതെ അവന് തന്റെ പൗരോഹിത്യം പൂർണ്ണമായി ജീവിക്കാനാവില്ല. വിശുദ്ധ കുർബാനയാണ് വൈദിക ജീവിതത്തിന്റെ സൂര്യൻ. സൂര്യൻ ഇല്ലാതെ ഭൂമിയിൽ ജീവൻ നിലനിൽക്കാത്തതുപോലെ, വിശുദ്ധ കുർബാന ഇല്ലാതെ പൗരോഹിത്യ ജീവിതത്തിന്റെ പ്രകാശവും ചൂടും ഫലഭൂയിഷ്ഠതയും നഷ്ടപ്പെടുന്നു.

2.1
പ്രാർത്ഥനാമുറി: വിശുദ്ധ ഗ്രന്ഥ ധ്യാനം

(ആമുഖ പ്രാർത്ഥന)

കർത്താവേ, അങ്ങയുടെ ശുശ്രൂഷയ്ക്കായി ഞങ്ങളെ വിളിച്ചതിന് ഞങ്ങൾ അങ്ങേക്ക് നന്ദി പറയുന്നു. ഞങ്ങളുടെ എല്ലാ ശുശ്രൂഷകളുടെയും മധ്യത്തിൽ പ്രാർത്ഥനയെ സ്ഥാപിക്കണമേ. ഞങ്ങൾ ചെയ്യുന്ന ഓരോ ശുശ്രൂഷയും പ്രാർത്ഥനയാൽ നിറഞ്ഞതാകട്ടെ. ഞങ്ങൾ സംസാരിക്കുന്ന ഓരോ വാക്കും അങ്ങയുടെ ആത്മാവിൽനിന്ന് ഉത്ഭവിക്കുന്നതാകട്ടെ. ഞങ്ങൾ വിതയ്ക്കുന്ന വിത്തുകൾ അങ്ങയുടെ കൃപയാൽ വളർന്ന് ഫലം പുറപ്പെടുവിക്കട്ടെ.

ഞങ്ങൾ ചെയ്യുന്ന പരിശ്രമങ്ങളും സേവനങ്ങളും അങ്ങിൽനിന്ന് വേർപെട്ടാൽ ഫലശൂന്യമാണെന്ന് തിരിച്ചറിയുവാനുള്ള കൃപ ഞങ്ങൾക്കു നൽകണമേ. അങ്ങയുടെ സാന്നിധ്യമില്ലാതെ ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് പൂർണതയില്ല. കർത്താവേ, പ്രവർത്തനങ്ങളുടെ തിരക്കിൽ അങ്ങയെ മറക്കാതിരിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. പ്രാർത്ഥനയില്ലാതെ ചെയ്യുന്ന ശുശ്രൂഷയ്ക്ക് യഥാർത്ഥ ഫലമില്ലെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. അതിനാൽ ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രാർത്ഥനയുടെ തീ ജ്വലിപ്പിക്കണമേ. തായ്ത്തണ്ടാകുന്ന അങ്ങയോട് എപ്പോഴും ചേർന്നുനിൽക്കാനുള്ള കൃപ ഞങ്ങൾക്കു നൽകണമേ.

ഞങ്ങളുടെ സേവനം മനുഷ്യശക്തിയാൽ അല്ല, അങ്ങയുടെ കൃപയാലും ശക്തിയാലും നിറഞ്ഞതാകട്ടെ. ഞങ്ങൾ വിതയ്ക്കുമ്പോൾ വളർച്ചയും ഫലവും നൽകുന്നത് അങ്ങാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങൾ പ്രാർത്ഥിക്കുമ്പോൾ പ്രവർത്തിക്കുന്നവൻ അങ്ങാണെന്ന് ഞങ്ങൾ ഏറ്റുപറയുന്നു. കർത്താവേ, ഞങ്ങളുടെ ശുശ്രൂഷയിൽ പ്രാർത്ഥനയെ ശക്തിയായും മാർഗദർശിയായും മാറ്റണമേ. അങ്ങനെ ഞങ്ങളുടെ ജീവിതവും ശുശ്രൂഷയും അങ്ങയുടെ മഹത്വത്തിനായി സമൃദ്ധമായി ഫലം പുറപ്പെടുവിക്കട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും. ആമ്മേൻ.

(വചന വായന: മിക്കാ 6:14-15)

"നീ ഭക്ഷിക്കും, എന്നാൽ, തൃപ്തി വരുകയില്ല. ഉദരത്തിൽ നിന്നു വിശപ്പ് വിട്ടകലുകയില്ല. നീ നീക്കിവയ്ക്കും, എന്നാൽ ഒന്നും സമ്പാദിക്കുകയില്ല, സമ്പാദിച്ചാൽത്തന്നെ അത് ഞാൻ വാളിനിരയാക്കും. നീ വിതയ്ക്കും, എന്നാൽ കൊയ്യുകയില്ല. നീ ഒലിവ് ആട്ടും, എന്നാൽ എണ്ണകൊണ്ട് അഭിഷേകം ചെയ്യുകയില്ല. നീ മുന്തിരി പിഴിയും, എന്നാൽ വീഞ്ഞു കുടിക്കുകയില്ല."

(ധ്യാനവിചിന്തനം)

2.1.1. തൃപ്തിയില്ലാത്ത സന്യാസം

ഈ വചനങ്ങൾ ശാപവാക്യങ്ങളല്ല; മറിച്ച് ഒരു ആത്മീയ മുന്നറിയിപ്പാണ്. പ്രാർത്ഥനയില്ലാത്ത ജീവിതത്തിന്റെ നേർക്കാഴ്ച നൽകുന്ന ഒരു കണ്ണാടികൂടിയാണിത്.

ഒരു സി.എം.ഐ. സന്യാസിയായ ഞാൻ ദിവസം മുഴുവൻ വിവിധ പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കാം. ക്ലാസുകൾ, അപ്പസ്തോലിക ദൗത്യങ്ങൾ, ഭരണപരമായ ഉത്തരവാദിത്വങ്ങൾ—അങ്ങനെ തിരക്കുകൾ നിറഞ്ഞ ഒരു ജീവിതം. എന്നാൽ, ഹൃദയം പ്രാർത്ഥനയിൽ കുതിർന്നിട്ടില്ലെങ്കിൽ, എന്റെ ആത്മാവ് വരണ്ട മണ്ണുപോലെ ആയിത്തീരും.

മിക്കാ പ്രവാചകന്റെ വാക്കുകൾ ഈ അവസ്ഥയെ അതീവ വ്യക്തതയോടെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു: "ഭക്ഷിക്കും, പക്ഷേ തൃപ്തരാകുകയില്ല; വിതയ്ക്കും, പക്ഷേ കൊയ്യുകയില്ല; ഒലിവ് ആട്ടും, പക്ഷേ എണ്ണകൊണ്ട് അഭിഷേകം ചെയ്യുകയില്ല" (മിക്കാ 6:15). പ്രാർത്ഥനയില്ലാത്ത സന്യാസജീവിതവും ഏതാണ്ട് ഇപ്രകാരമാണ്. പുറമേ നോക്കുമ്പോൾ വളരെയധികം പ്രവർത്തനങ്ങളും പരിശ്രമങ്ങളും വിജയങ്ങളും ഉണ്ടായേക്കാം; എന്നാൽ അകത്ത് ശൂന്യത മാത്രമായിരിക്കും. അനേകം കാര്യങ്ങൾ ചെയ്തിട്ടും നിറവില്ല; അനേകർക്കു വേണ്ടി പ്രവർത്തിച്ചിട്ടും ഹൃദയത്തിൽ സന്തോഷമില്ല; ദൈവീക ശുശ്രൂഷകൾ ചെയ്തിട്ടും ആത്മാവിന് സമാധാനമില്ല.

കാരണം, സന്യാസജീവിതത്തിന്റെ ശക്തി പ്രവർത്തനങ്ങളിൽ നിന്നല്ല, പ്രാർത്ഥനയിൽ നിന്നാണ്. പ്രാർത്ഥനയിലൂടെ ദൈവവുമായി ബന്ധം നഷ്ടപ്പെടുമ്പോൾ, പ്രവർത്തനങ്ങൾ വർധിച്ചാലും ആത്മീയ ഫലം കുറയുന്നു. എന്നാൽ പ്രാർത്ഥനയിൽ വേരൂന്നിയ ജീവിതത്തിൽ, ചെറിയ പ്രവർത്തനങ്ങൾപോലും ദൈവകൃപയുടെ ശക്തിയാൽ സമൃദ്ധമായ ഫലം പുറപ്പെടുവിക്കുന്നു. വി. കൊച്ചുത്രേസ്യയുടെയും വി. അൽഫോൻ

സാമ്മയുടെയും ജീവിതം അതിന്റെ സാക്ഷ്യങ്ങളാണ്. അതുകൊണ്ട്, നമ്മുടെ സന്യാസജീവിതം പുറമേയുള്ള പ്രവർത്തനങ്ങളുടെ വിജയത്താൽ മാത്രമല്ല, പ്രാർത്ഥനയുടെ ആഴത്താലാണ് അളക്കപ്പെടേണ്ടത്. പ്രാർത്ഥനയിൽ കുതിർന്ന ഹൃദയമാണ് യഥാർത്ഥ സന്തോഷവും സമാധാനവും ഫലദായകതയും കണ്ടെത്തുന്നത്. അപ്പോഴാണ് നമ്മുടെ ശുശ്രൂഷയും ജീവിതവും ദൈവഹിതത്തിന്റെ ഉപകരണങ്ങളായി മാറുന്നത്.

സന്യാസജീവിതവും വൈദികജീവിതവും ദൗത്യകേന്ദ്രിതമല്ല; കൃപാകേന്ദ്രിതമാണ്. ദൈവസാന്നിധ്യത്തിൽ നിലകൊള്ളാതെ, ആത്മീയ ഊർജം സ്വീകരിക്കാതെ, പ്രാർത്ഥനയിലൂടെ ആത്മാവ് ശുദ്ധീകരിക്കപ്പെടാതെ ഞാൻ പ്രവർത്തനരംഗത്തേക്ക് ഇറങ്ങിയാൽ, എന്റെ പ്രവർത്തനങ്ങൾ വെറും സാമൂഹികസേവനമായി ചുരുങ്ങിപ്പോകും. ഞാൻ സംസാരിക്കും—പക്ഷേ, എന്റെ വചനങ്ങളിൽ തീ ഉണ്ടാകുകയില്ല. ഞാൻ അനുഗ്രഹിക്കും—പക്ഷേ, ഉള്ളിൽ അഭിഷേകത്തിന്റെ സ്പർശം അനുഭവിക്കുകയില്ല. ഞാൻ ജനങ്ങളോടൊപ്പം ജീവിക്കും—പക്ഷേ, ദൈവസാന്നിധ്യത്തിന്റെ കൃപ അവരിലേക്ക് ഒഴുകുകയില്ല. പ്രാർത്ഥനയില്ലാത്ത ജീവിതം ഒരു വലിയ വിരോധാഭാസമാണ്. നാം പദ്ധതികൾ ആവിഷ്കരിക്കും, കെട്ടിടങ്ങൾ പണിയും, സ്ഥാപനങ്ങൾ വളർത്തും. എന്നാൽ ആത്മീയ സമ്പത്ത് ക്രമേണ ശൂന്യമായിപ്പോകാം. ദൈവസാന്നിധ്യത്തിൽനിന്ന് ജനിക്കാത്ത പ്രവർത്തനങ്ങൾ ആത്മീയ ഫലം നൽകുകയില്ല. അവ നിലനിൽക്കുകയുമില്ല.

സി.എം.ഐ. സന്യാസജീവിതം ദൈവസ്നേഹത്തിന്റെ ദീപശിഖയായിരിക്കണം. എന്നാൽ പ്രാർത്ഥന ക്ഷയിക്കുമ്പോൾ ആ ദീപം പ്രകാശത്തേക്കാൾ പുകയാണ് പുറപ്പെടുവിക്കുക. ജനങ്ങൾ നമ്മെ കാണുമ്പോൾ ദൈവസാന്നിധ്യവും സമാധാനവും അനുഭവിക്കേണ്ടവരാണ്. എന്നാൽ ഉള്ളിൽ നിശ്ശബ്ദ പ്രാർത്ഥനയുടെ ആഴമില്ലെങ്കിൽ നമ്മുടെ സാന്നിധ്യം കൃപയ്ക്കു കാരണമാകുകയില്ല.

മിക്കാ പ്രവാചകന്റെ വചനങ്ങൾ വരണ്ട ഭൂമിയിൽനിന്ന് ഉറവിടത്തിലേക്കുള്ള മടങ്ങിവരവിന്റെ ആഹ്വാനമാണ്. അത് പ്രാർത്ഥനയിലേക്കുള്ള മടങ്ങിവരവ്, ദൈവസാന്നിധ്യത്തിലേക്കുള്ള മടങ്ങിവരവ്, മൗനത്തിലേക്കുള്ള മടങ്ങിവരവ് കൂടിയാണ്. പ്രാർത്ഥനയാണ് സന്യാസ ജീവിതത്തിന്റെ ശ്വാസം. ശ്വാസമില്ലെങ്കിൽ ജീവൻ നിലനിൽക്കാത്തതു പോലെ, പ്രാർത്ഥനയില്ലെങ്കിൽ ആത്മീയജീവിതവും നിലനിൽക്കുകയില്ല. അ

പ്പോൾ ഭക്ഷിച്ചാലും തൃപ്തിയില്ല; വിതച്ചാലും കൊയ്ത്തില്ല; പ്രവർത്തിച്ചാലും സമാധാനമില്ല.

നമ്മുടെ സി.എം.ഐ. സന്യാസജീവിതവും വൈദികജീവിതവും ഫലപ്രദമാകണമെങ്കിൽ ആദ്യം അത് പ്രാർത്ഥനയിൽ വേരൂന്നിയിരിക്കണം. വേരുകളില്ലാത്ത വൃക്ഷം കാറ്റിൽ തകർന്നുവീഴുന്നതുപോലെ, പ്രാർത്ഥനയില്ലാത്ത ശുശ്രൂഷയും ഒടുവിൽ ക്ഷീണത്തിലും നിരാശയിലും ശൂന്യതയിലും അവസാനിക്കും. എന്നാൽ പ്രാർത്ഥനയിൽ വേരൂന്നിയ ജീവിതം ദൈവകൃപയുടെ നിരന്തര ഉറവയായി മാറുന്നു. അപ്പോൾ മാത്രമേ നാം വിതയ്ക്കുമ്പോൾ കൊയ്യാനാകൂ; ഒലിവ് ആട്ടുമ്പോൾ അഭിഷേകത്തിന്റെ എണ്ണ അനുഭവിക്കാനാകൂ; മുന്തിരി പിഴിയുമ്പോൾ വീഞ്ഞിന്റെ സന്തോഷം രുചിക്കാനാകൂ. പ്രാർത്ഥനയില്ലാത്ത ദൗത്യം ക്ഷീണം നൽകുന്നു; പ്രാർത്ഥനയിൽ ജനിക്കുന്ന ദൗത്യം കൃപ പകരുന്നു. ഉറവിടത്തിലേക്ക് മടങ്ങിയാൽ മാത്രമേ വരണ്ട മണ്ണ് ഫലഭൂമിയായി മാറുകയുള്ളൂ.

ഇതാണ് ആദിമസഭയുടെ അനുഭവവും. "പത്രോസ് ഇത് പറഞ്ഞു കൊണ്ടിരിക്കുമ്പോൾ തന്നെ, കേട്ടുകൊണ്ടിരുന്ന എല്ലാവരുടെയും മേൽ പരിശുദ്ധാത്മാവ് വന്നു" (അപ്പ 10:44). പത്രോസിന്റെ വാക്കുകൾക്ക് ശക്തിയുണ്ടായിരുന്നത് അവൻ പ്രാർത്ഥനയിൽ ദൈവത്തോടൊപ്പം ജീവിച്ചിരുന്നതിനാലാണ്. അവന്റെ പ്രസംഗം വെറും ഉപദേശമായിരുന്നില്ല; ആത്മാവിൽ നനഞ്ഞ ഒരു സാക്ഷ്യമായിരുന്നു. അതുകൊണ്ടാണ് അവന്റെ വാക്കുകൾ കേട്ടവരുടെ ഹൃദയങ്ങളിലും പരിശുദ്ധാത്മാവ് പ്രവർത്തിച്ചത്.

കൃപയാൽ നിറഞ്ഞ മനുഷ്യർ സംസാരിക്കുമ്പോൾ അവരുടെ വാക്കുകൾ കേൾക്കുന്നവരെയും കൃപയാൽ സ്പർശിക്കുന്നു. പ്രാർത്ഥനയിൽ ജ്വലിക്കുന്ന ഹൃദയത്തിൽനിന്ന് ഉയരുന്ന വാക്കുകൾ മറ്റുള്ളവരുടെ ഉള്ളങ്ങളെ പ്രകാശിപ്പിക്കുന്നു. ദൈവസാന്നിധ്യം അനുഭവിച്ച ജീവിതം മറ്റുള്ളവരെയും ദൈവസാന്നിധ്യത്തിലേക്ക് നയിക്കുന്നു. അതുകൊണ്ടുതന്നെ നമ്മുടെ ശുശ്രൂഷയുടെ ആദ്യ ദൗത്യം പ്രവർത്തനങ്ങളിൽ വിജയിക്കുക എന്നതല്ല; ദൈവസന്നിധിയിൽ നിലകൊള്ളുക എന്നതാണ്. കാരണം, പ്രാർത്ഥനയിൽ നിറയാത്ത ഹൃദയത്തിന് ലോകത്തെ നിറയ്ക്കാൻ കഴിയുകയില്ല. അതുകൊണ്ട് നമുക്ക് ഉറവിടത്തിലേക്ക് മടങ്ങാം—നിശ്ശബ്ദമായ പ്രാർത്ഥനയിലേക്ക്, പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്തിലേക്ക്, കൃപയുടെ ആഴങ്ങളിലേക്ക്. അപ്പോൾ നമ്മുടെ വാക്കുകളും ശുശ്രൂഷയും സാന്നിധ്യവും മറ്റുള്ളവർക്ക് ജീവൻ പകരുന്ന അനുഗ്രഹമായി മാറും.

ആത്മീയതയ്ക്ക് മാന്യമായ substitutes നാം സൃഷ്ടിക്കരുത്. 'നല്ല അച്ചൻ' എന്ന പേര് ലഭിക്കുന്നതുകൊണ്ട് മാത്രം ആത്മീയത ഉറപ്പാകുന്നില്ല. പലപ്പോഴും നാം നമ്മെത്തന്നെ അഭിമുഖീകരിക്കാൻ മടിക്കുന്നു. എന്നാൽ ദൈവത്തിന്റെ മുമ്പിൽ നാം സ്വയം നേരിടണം. "നീ എവിടെയാണ്?" (ഉത്പ 3:9) എന്ന ദൈവത്തിന്റെ ആദ്യചോദ്യം ഓരോ ദിവസവും നമ്മുടെ ഹൃദയത്തിൽ മുഴങ്ങണം. ആ ചോദ്യത്തിന് മുന്നിൽ നിൽക്കാനും സ്വയം പരിശോധിക്കാനും ആത്മശോധന നടത്താനും നാം പഠിക്കണം. നമ്മുടെ കുമ്പസാരം ഒരിക്കലും അനാവശ്യമായി നീട്ടിവെക്കരുത്.

വിശുദ്ധ കുർബാനയ്ക്ക് മുമ്പ് ഒരുങ്ങണം. ഭവനസന്ദർശനത്തിന് മുമ്പ് ഒരുങ്ങണം. ധ്യാനത്തിന് മുമ്പ് ഒരുങ്ങണം. നമസ്കാരപ്രാർത്ഥനയ്ക്ക് മുമ്പ് ഒരുങ്ങണം. ഒരുക്കമാണ് സന്യാസജീവിതത്തിന്റെയും വൈദിക ജീവിതത്തിന്റെയും അടിത്തറ. ദൈവകൃപയുടെ ഒഴുക്ക് നമ്മുടെ ജീവിതത്തിൽ കുറയരുത്. ദൈവത്തിന് പ്രവർത്തിക്കാൻ കഴിയാത്ത വിധം അടഞ്ഞുപോയ ഒരു മനോഭാവമോ ആഭിമുഖ്യമോ നമ്മിൽ ഉണ്ടാകരുത്.

യാഥാർത്ഥ്യബോധമാണ് ആത്മീയതയുടെ തുടക്കം. ദൈവസന്നിധിയിൽ നാം യാഥാർത്ഥ്യബോധത്തോടെ ജീവിക്കുമ്പോൾ മാത്രമേ അവിടുത്തെ കൃപ നമ്മെ യഥാർത്ഥത്തിൽ രൂപാന്തരപ്പെടുത്തുകയുള്ളൂ. പ്രാർത്ഥനയിലും ആത്മശോധനയിലും കൃപയുടെ വഴികളിലും ഉറച്ചുനിൽക്കുന്ന ജീവിതമാണ് യഥാർത്ഥ സന്യാസജീവിതവും ഫലദായകമായ വൈദികജീവിതവും.

2.1.2. പൂജാമുറി

ഭാരതീയ പാരമ്പര്യത്തിൽ പൂജാമുറി ഒരു വീടിന്റെ അവിഭാജ്യ ഘടകമാണ്. അത് വീട്ടിലെ ആത്മീയതയുടെ ഹൃദയഭാഗമാണ്. ഉദാഹരണത്തിന്, കേരളത്തിന്റെ പാരമ്പര്യവീടുകളായ നാലുകെട്ടുകളിൽ വാസ്തുവിദ്യാനുസൃതമായി നിർമിച്ച പൂജാമുറി ശാന്തതയും ശുചിത്വവും നിറഞ്ഞതായിരിക്കും. നിലവിളക്കിന്റെ പ്രകാശം, ചന്ദനത്തിന്റെ സുഗന്ധം, മന്ത്രങ്ങളുടെ മൃദുലനാദം—ഇവയെല്ലാം ചേർന്ന് ആ മുറിയെ ഒരു ദിവ്യാനുഭവമാക്കി മാറ്റുന്നു. ഭാരതീയ ദർശനത്തിൽ ദൈവം ദൂരെയല്ല; അവിടുത്തെ വീട്ടിലേക്ക് ക്ഷണിച്ച്, ദിവസേന സ്മരിച്ച്, അനുഭവിച്ച് ജീവിക്കുന്നതാണ് ഇവിടത്തെ പാരമ്പര്യം. ആ ആത്മീയാനുഭവത്തിന്റെ സാക്ഷ്യമാണ് പൂജാമുറി.

പൂജാമുറി നമ്മെ ഓർമ്മിപ്പിക്കുന്നത് ഭക്തി മഹത്തായ ക്ഷേത്രങ്ങളി ലൊതുങ്ങുന്നതല്ല എന്ന സത്യമാണ്. ഗുരുവായൂർ, ശബരിമല തുടങ്ങിയ തീർഥാടനകേന്ദ്രങ്ങൾ ആത്മീയോന്നതിയുടെ പ്രതീകങ്ങളായിരിക്കു മ്പോഴും, വീട്ടിലെ പൂജാമുറിയാണ് ആ ആത്മീയതയുടെ ദൈനംദിന അഭ്യാസസ്ഥലം.

യഹൂദപാരമ്പര്യത്തിലും കുടുംബത്തിന് ഒരു വ്യക്തിയുടെ ആത്മീയ വളർച്ചയിൽ അവഗണിക്കാനാവാത്ത സ്ഥാനമുണ്ട്. എ.ഡി. 70-ൽ ജറുസലേം ദേവാലയം നശിപ്പിക്കപ്പെട്ടതിനെത്തുടർന്ന്, അതിന്റെ ആ ത്മീയപ്രാധാന്യം കുടുംബജീവിതത്തിൽ വീണ്ടെടുക്കുന്നതിനായി യഹൂ ദ റബ്ബിമാർ പ്രത്യേക ശ്രദ്ധ ചെലുത്തി. സിനഗോഗുകളും മറ്റു മതസ്ഥാ പനങ്ങളും പ്രധാനപ്പെട്ടവയാണെങ്കിലും, ഒരു യഹൂദൻ തന്റെ വിശ്വാസ ജീവിതം ആദ്യം അഭ്യസിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്നത് സ്വന്തം ഭവനത്തിലാണ്. കുടുംബത്തെ തന്നെ ഒരു ചെറുദേവാലയമായി പുനഃസ്ഥാപിച്ചതിലൂടെ ജറുസലേം ദേവാലയത്തിന് യഹൂദ ജീവിതത്തി ലുണ്ടായിരുന്ന കേന്ദ്രസ്ഥാനം ഒരു പരിധിവരെ പുനരുജ്ജീവിപ്പിക്കാൻ അവർക്ക് കഴിഞ്ഞു.

വിവിധ മതപാരമ്പര്യങ്ങളിൽ കുടുംബത്തിന് നൽകപ്പെടുന്ന ഈ പ്രാധാ ന്യം സൂചിപ്പിക്കുന്നത്, ദൈവസാന്നിധ്യം ആദ്യം തിരിച്ചറിയുകയും അനു ഭവിക്കുകയും ചെയ്യേണ്ടത് കുടുംബാന്തരീക്ഷത്തിലാണെന്ന സത്യത്തി ലേക്കാണ്. വീട്ടിൽ ദൈവത്തിനായി ഒരു പ്രത്യേക സ്ഥലം ഒരുക്കുക, കുടുംബപ്രാർത്ഥന, വ്യക്തിപരമായ രഹസ്യപ്രാർത്ഥന തുടങ്ങിയ ആ ത്മീയ അഭ്യാസങ്ങളുടെ പ്രാധാന്യം വിശുദ്ധഗ്രന്ഥവും അടിവരയിട്ട് ഉറപ്പിക്കുന്നു. "നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന്, കതക ടച്ച് രഹസ്യമായി നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക; രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്കു പ്രതിഫലം നൽകും" (മത്താ 6:6). ഇവിടെ 'മുറി' എന്നത് ഒരു ഭൗതിക മുറി മാത്രമല്ല; മനുഷ്യന്റെ ആന്തരിക വിശുദ്ധസ്ഥലത്തെയും സൂചിപ്പിക്കുന്നു. നിശ്ശബ്ദതയിൽ ദൈവത്തോ ടുള്ള സംവാദം ആരംഭിക്കുമ്പോൾ ആ ചെറിയ മുറി അനന്തമായ ആത്മീയാകാശമായി മാറുന്നു. ഒരു വീടിന്റെ പൂജാമുറിയെപ്പോലെ, ഹൃദയത്തിലെ അന്തർമുറിയും ദൈവത്തോടുള്ള വ്യക്തിപരമായ ബന്ധത്തിന്റെ പുണ്യഭൂമിയാണ്.

ദാനിയേൽ പ്രവാചകൻ തന്റെ ഭവനത്തിലെ മുകളിലെ മുറിയിൽ ദിവസ ത്തിൽ മൂന്നുപ്രാവശ്യം പ്രാർത്ഥിച്ചിരുന്നു (ദാനി 6:10). അത് വെറും ആചാരാനുഷ്ഠാനമല്ലായിരുന്നു; പ്രതിസന്ധികളിലും വിശ്വാസത്തിൽ

ഉറച്ചുനിൽക്കുന്ന ആത്മാവിന്റെ പ്രഖ്യാപനമായിരുന്നു. ഒരു വീട്ടിലെ പ്രാർത്ഥനാസ്ഥലം വിശ്വാസത്തെയും ആത്മീയതയെയും ആഴത്തിൽ വളർത്തുന്നു.

ആദിമ ക്രൈസ്തവർ ദൈവത്തെ ആരാധിച്ചിരുന്നത് പ്രധാനമായും സ്വന്തം ഭവനങ്ങളിലായിരുന്നു. അവിടെയാണ് അവർ അപ്പം മുറിക്കൽ ശുശ്രൂഷയിലൂടെ വിശുദ്ധ കുർബാന ആഘോഷിച്ചിരുന്നത്. വീടുകൾ തന്നെ ചെറിയ സഭകളായി മാറി. ഇത് നമ്മെ പഠിപ്പിക്കുന്നത് കുടുംബം ദൈവാരാധനയുടെ ആദ്യവേദിയാണെന്ന സത്യമാണ്. വീട്ടിൽ ഒരുമിച്ച് പ്രാർത്ഥിക്കുമ്പോൾ അവിടെ ഒരു ആത്മീയസമൂഹം രൂപപ്പെടുന്നു. വിശ്വാസം വ്യക്തിപരമായ അനുഭവമാണെങ്കിലും, അത് കുടുംബത്തിലൂടെ തലമുറകളിലേക്ക് പകരുന്നു. വിശ്വാസം വീട്ടിൽ നിന്നാണ് ആരംഭിക്കുന്നത്. ദൈവസാന്നിധ്യം ഹൃദയത്തിലേക്ക് ക്ഷണിക്കുമ്പോൾ വീട് തന്നെ വിശുദ്ധമാകുന്നു. അങ്ങനെ നോക്കുമ്പോൾ, വീട്ടിലെ പ്രാർത്ഥനാമുറി എന്ന ആശയം—ക്രൈസ്തവരായാലും മറ്റേതെങ്കിലും വിശ്വാസപാരമ്പര്യത്തിൽപ്പെട്ടവരായാലും—മനുഷ്യൻ തന്റെ ദൈവബന്ധത്തെ സജീവമായി പരിപോഷിപ്പിക്കുന്ന ഒരു ആത്മീയ ഇടമാണ്.

ആശ്രമം ഇഷ്ടികയും സിമന്റും കൊണ്ടുള്ള ഒരു കെട്ടിടം മാത്രമല്ല; പ്രാർത്ഥന ഉയരുന്നിടമാണ് യഥാർത്ഥ ആശ്രമം. ആശ്രമം ചെറുതായിരിക്കാം; എന്നാൽ അവിടെനിന്നുയരുന്ന പ്രാർത്ഥനകൾ അനന്തമായ സ്വർഗ്ഗത്തോട് ചേരുന്നു.

അഭിജ്ഞാന ശാകുന്തളം എന്ന മഹത്തായ സംസ്കൃതനാടകത്തിൽ കണ്വാശ്രമത്തിന്റെ പരിസരം പ്രാർത്ഥനയുടെയും തപസ്സിന്റെയും ശക്തിയാൽ വിശുദ്ധവും ശാന്തവുമായ അന്തരീക്ഷമായി മാറുന്നതിനെ മനോഹരമായി ചിത്രീകരിക്കുന്ന ഒരു സന്ദർഭമുണ്ട്. രാജാവായ ദുഷ്യന്തൻ ആശ്രമത്തിൽ പ്രവേശിക്കുമ്പോൾ അതിന്റെ ശാന്തതയിലും പവിത്രതയിലും വിസ്മയഭരിതനാകുന്നു. തപസ്സിന്റെയും പ്രാർത്ഥനയുടെയും ശക്തി ആശ്രമപരിസരത്തെ അത്രമേൽ വിശുദ്ധമാക്കിയിരിക്കുന്നു; അവിടെ മൃഗങ്ങൾ പോലും ഭയമില്ലാതെ സഞ്ചരിക്കുന്നു. മുനിമാരുടെ ആത്മീയജീവിതം പ്രകൃതിയിലേക്കും സമാധാനം പകരുന്നു. വൃക്ഷങ്ങളും സസ്യങ്ങളും സമൃദ്ധമായി വളരുന്നു. ഇതെല്ലാം അവിടെ നടക്കുന്ന ആത്മീയജീവിതത്തിന്റെ ഫലമാണ്.

പ്രാർത്ഥന വെറും വാക്കുകളുടെ ഉച്ചാരണമല്ല; അത് മനസ്സിന്റെ ശുദ്ധീകരണവും ഹൃദയത്തിന്റെ രൂപാന്തരവുമാണ്. മനുഷ്യന്റെ ഉള്ളിൽ സമാധാനം നിറയുമ്പോൾ അതിന്റെ പ്രതിഫലനം ചുറ്റുപാടുകളിലും പ്രകട

മാകുന്നു. അതുകൊണ്ടുതന്നെ ആശ്രമത്തിൽ മനുഷ്യർക്കും മൃഗങ്ങൾക്കും ഒരുപോലെ ഭയമില്ലാതെ ജീവിക്കാൻ കഴിയുന്നു. നമ്മുടെ ഓരോ ആശ്രമത്തെക്കുറിച്ചും ഇതുതന്നെ പറയപ്പെടുവാൻ ഇടയാകണം.

രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തെ 'ഗാർഹികസഭ' (*Eccl esia domestica* — Domestic Church) എന്ന നിലയിലാണ് വിശേഷിപ്പിക്കുന്നത്. ഒരു പ്രാർത്ഥനാമുറി ആ ഗാർഹികസഭയുടെ ദൃശ്യാവിഷ്കാരമായി കാണാം. ക്രൈസ്തവകുടുംബം പ്രാർത്ഥനയ്ക്കായി അനുയോജ്യമായ ഒരു സ്ഥലം വീട്ടിൽ ഒരുക്കണമെന്ന് കത്തോലിക്കാ സഭയുടെ മതബോധനസംഹിത പഠിപ്പിക്കുന്നു: "ക്രൈസ്തവ കുടുംബം പ്രാർത്ഥനയുടെ ആദ്യപാഠശാലയാണ്. കുടുംബപ്രാർത്ഥന സഭയുടെ ജീവിതത്തിന്റെ ചെറിയ പ്രതിബിംബമാണ്. കുട്ടികൾക്ക് പ്രാർത്ഥന പഠിക്കാനും സഭയുടെ വിശ്വാസപാരമ്പര്യം ഏറ്റുവാങ്ങാനും കുടുംബ പ്രാർത്ഥന സഹായിക്കുന്നു" (CCC §2685). അതിനാൽ, വീട്ടിലെ പ്രാർ ത്ഥനാമുറി വെറും ഒരു ഭൗതിക ഇടമല്ല; അത് കുടുംബത്തിന്റെ ആത്മീയഹൃദയമാണ്. അവിടെയാണ് വിശ്വാസം വളരുന്നത്, പ്രാർത്ഥന രൂപപ്പെടുന്നത്, ദൈവസാന്നിധ്യം അനുഭവിക്കപ്പെടുന്നത്, കുടുംബം ഗാർഹികസഭയായി മാറുന്നത്, ആശ്രമം ദർശനവീടായി പരിണമിക്കുന്നത്.

2.1.3. ബേസ്റൗമായുടെ ആത്മീയത

മന്നാനത്തെ സി.എം.ഐ. മാതൃഭവനത്തെ ആദ്യപിതാക്കന്മാർ 'ബേസ്റൗമാ' എന്നാണ് വിളിച്ചിരുന്നത്. *ബേസ്റൗമാ* എന്നത് ഒരു സുറിയാനി വാക്കാണ്; അതിന്റെ അർത്ഥം 'മുകളിലെ മുറി' (Upper Room) എന്നാണ്. പകൽ ജനങ്ങൾക്കിടയിൽ ശുശ്രൂഷ ചെയ്യുകയും രാത്രി ഏകാന്തതയിൽ പ്രാർത്ഥിക്കുകയും ചെയ്ത യേശുവിന്റെ ജീവിതശൈലി അനുകരിക്കാനാണ് മാതൃഭവനം മന്നാനം കുന്നിൻ മുകളിൽ സ്ഥാപിക്കപ്പെട്ടത്. സഭാംഗങ്ങൾ ആ ആത്മീയചൈതന്യത്തിൽ വളരേണ്ടതിനാലാണ് അതിനെ ബേസ്റൗമാ എന്ന് വിളിച്ചുപോന്നത്. നമ്മുടെ ആദ്യകാല കൊവേന്തകളെല്ലാം മലമുകളിലോ ഉയർന്ന പ്രദേശങ്ങളിലോ സ്ഥാപിക്കപ്പെട്ടിരുന്നതും ഇതേ ആത്മീയദർശനത്തിന്റെ ഭാഗമായിരുന്നു.

അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളിൽ നാം വായിക്കുന്നു: "അവർ പട്ടണത്തിലെത്തി തങ്ങൾ താമസിച്ചിരുന്ന വീടിന്റെ മുകളിലത്തെ നിലയിലുള്ള മുറിയിൽ ചെന്നു... ഇവർ ഏകമനസ്സോടെ യേശുവിന്റെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു" (അപ്പ 1:13-14). സഭയുടെ

ദൗത്യം ആരംഭിക്കുന്നതിനുമുമ്പ് അപ്പസ്തോലന്മാർക്ക് ഒരു മുകളിലെ മുറി ഉണ്ടായിരുന്നു; അത് അവരുടെ ആത്മീയ ശക്തിയുടെ ഉറവിട മായിരുന്നു. യഥാർത്ഥത്തിൽ ഓരോ ആത്മീയയാത്രയും ഒരു ബേസ്റൗ മയിൽ നിന്നാണ് ആരംഭിക്കുന്നത്. ശിഷ്യന്മാർ ഉയിർത്തെഴുന്നേറ്റ കർ ത്താവിനെ കണ്ടിരുന്നു. എന്നിരുന്നാലും അവർ ഉടൻ പ്രവർത്തനരംഗ ത്തേക്ക് ഓടിയില്ല. അവർ ഒരുമിച്ച് പ്രാർത്ഥിച്ചുകൊണ്ട് കാത്തിരുന്നു.

ബേസ്റൗമാ നിശ്ശബ്ദതയുടെ മുറിയാണ്. അവിടെ വലിയ ശബ്ദങ്ങ ളില്ല; പ്രവർത്തനങ്ങളുടെ തിരക്കില്ല. അവിടെ ശാന്തമായ ഒരു പ്രതീക്ഷ മാത്രമേയുള്ളൂ—ദൈവം എന്തോ ചെയ്യാൻ പോകുന്നു എന്ന പ്രതീക്ഷ. ദൗത്യത്തിന് മുമ്പ് ധ്യാനം വേണം. ദൈവത്തെക്കുറിച്ച് സംസാരിക്കു ന്നതിനുമുമ്പ് ദൈവത്തിനുവേണ്ടി കാത്തിരിക്കാൻ നാം പഠിക്കണം. പന്തക്കുസ്താദിനത്തിൽ സംഭവിച്ചതും അതുതന്നെയാണ്. പരിശുദ്ധാ ത്മാവ് അവർ സമ്മേളിച്ചിരുന്ന വീട് മുഴുവനും നിറഞ്ഞു (അപ്പ 2:1-2). ആത്മാവ് ഒരു വീടിനെ നിറയ്ക്കുമ്പോൾ, നമ്മുടെ സാധാരണ ജീവിതം തന്നെ ദൈവത്തിന്റെ വാസസ്ഥലമായി മാറുന്നു.

അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളിൽ മറ്റൊരു വീടിനെക്കുറിച്ചും നാം വായിക്കുന്നു. പത്രോസ് തടവിലായിരുന്നു; സഭ വലിയ പ്രതിസന്ധി യിലൂടെ കടന്നുപോകുകയായിരുന്നു. അപ്പോൾ വിശ്വാസികൾ മർക്കോ സിന്റെ അമ്മയായ മറിയത്തിന്റെ വീട്ടിൽ ഒരുമിച്ചു ചേർന്ന് പ്രാർത്ഥിച്ചു (അപ്പ 12:12). അവർ ലോകത്തിന്റെ കാഴ്ചപ്പാടിൽ ശക്തരായിരുന്നില്ല. അവരുടെ കൈയിൽ അധികാരമോ രാഷ്ട്രീയബലമോ ഉണ്ടായിരു ന്നില്ല. എന്നാൽ അവരുടെ കൈവശം ഒരു മഹത്തായ ആത്മീയശക്തി ഉണ്ടായിരുന്നു—ഒരുമിച്ചുള്ള വിശ്വാസവും ഒരുമിച്ചുള്ള പ്രാർത്ഥനയും. ഒരുമിച്ചു പ്രാർത്ഥിക്കുമ്പോൾ നമ്മുടെ ഭാരങ്ങൾ ലഘുവാകുന്നു; നമ്മു ടെ പ്രത്യാശ ശക്തമാകുന്നു; നമ്മുടെ വിശ്വാസം കൂടുതൽ ആഴമാകു ന്നു. ഈ റിട്രീറ്റിൽ നാം കണ്ടെത്തേണ്ടത്, പങ്കുവയ്ക്കപ്പെടുന്ന വിശ്വാസ ത്തിന്റെ ഈ സൗന്ദര്യമാണ്.

നമ്മുടെ ആശ്രമത്തിലെ ഏറ്റവും പ്രധാനപ്പെട്ട മുറി പ്രാർത്ഥനാ മുറി യാണ്. അതാണ് നമ്മുടെ ബേസ്റൗമാ. അവിടെയാണ് നാം ഓരോ ദിവസവും ദൈവത്തെ കാത്തിരിക്കുകയും, പരിശുദ്ധാത്മാവിനെ സ്വാഗ തം ചെയ്യുകയും, ഒരുമിച്ചു പ്രാർത്ഥിക്കുകയും ചെയ്യുന്നത്. അങ്ങനെ നമ്മുടെ ആശ്രമം കാത്തിരിപ്പിന്റെ മുറിയായി മാറുന്നു. ഓരോ ആശ്രമ ത്തിനും ഒരു ബേസ്റൗമാ വേണം. ഓരോ സന്യാസിക്കും ദൈവത്തോ ടൊപ്പം ഏകാന്തതയിൽ കഴിയാനുള്ള ഒരു പ്രാർത്ഥനാസ്ഥലം വേണം.

കാരണം, ബേസ്റൗമയില്ലാതെ പന്തക്കുസ്താ ഉണ്ടാകുകയില്ല; പ്രാർത്ഥനയില്ലാതെ പരിശുദ്ധാത്മാവിന്റെ ശക്തി അനുഭവിക്കപ്പെടുകയുമില്ല. ആദ്യം മുകളിലെ പ്രാർത്ഥനാമുറി, പിന്നെ ദൗത്യം; ആദ്യം കാത്തിരിപ്പ്, പിന്നെ പ്രവർത്തനം—ഇതാണ് ബേസ്റൗമായുടെ ആത്മീയത.

2.1.4. വിശുദ്ധ കുർബാന: വിശ്വാസത്തിന്റെ കൂദാശ

നാം ഒന്നായിത്തീരേണ്ടതിനുവേണ്ടിയാണ് അന്ത്യഅത്താഴത്തിനു ശേഷം ഈശോ പ്രാർത്ഥിച്ചത്. "പരിശുദ്ധനായ പിതാവേ, നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന്, അവിടുന്ന് എനിക്കു നൽകിയ അവിടുത്തെ നാമത്തിൽ അവരെ അങ്ങ് കാത്തുകൊള്ളണമേ!" (യോഹ 17:11). തുടർന്നുള്ള വചനങ്ങളിൽ ഈ പ്രാർത്ഥന കൂടുതൽ വ്യക്തമായി തുടരുന്നു: "അവരെല്ലാവരും ഒന്നായിരിക്കുവാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതു പോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും, അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം വിശ്വസിക്കുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ 17:21).

ഈ പ്രാർത്ഥനയ്ക്ക് തൊട്ടുമുമ്പ്, അന്ത്യഅത്താഴത്തിൽ, ഈശോ സ്ഥാപിച്ച വിശുദ്ധ കുർബാന യഥാർത്ഥത്തിൽ ഒന്നായിത്തീരലിന്റെ കൂദാശയാണ്. പിതാവ് യേശുവിലും യേശു പിതാവിലും ആയിരിക്കുന്നതുപോലെ, നാം യേശുവിലും യേശു നമ്മിലും വസിക്കുന്ന ആ ദിവ്യ കാരുണ്യ രഹസ്യത്തിലേക്കാണ് വിശുദ്ധ കുർബാന നമ്മെ നയിക്കുന്നത്. ഈ സ്വർഗീയ ഐക്യത്തിന്റെ അനുഭവമാണ് ദിവ്യകാരുണ്യജീവിതത്തിന്റെ ഹൃദയം.

പ്രാർത്ഥനാമുറിയെക്കുറിച്ചുള്ള ഈ ധ്യാനം, വിശുദ്ധ കുർബാനയിലെ യേശുവിന്റെ സാന്നിധ്യം ദർശിക്കാനും അനുഭവിക്കാനും ആവശ്യമായ വിശ്വാസത്തെക്കുറിച്ചുള്ള വിചിന്തനമായി നമുക്ക് മാറ്റാം.

വിശ്വാസം എല്ലാമാണ്. വിശ്വാസം ഉണ്ടെങ്കിൽ എല്ലാം ഉണ്ട്; വിശ്വാസമില്ലെങ്കിൽ നമ്മുടെ സന്യാസജീവിതത്തിനും പൗരോഹിത്യജീവിതത്തിനും യഥാർത്ഥ അർത്ഥവും പ്രസക്തിയും നഷ്ടപ്പെടുന്നു. അതുകൊണ്ടുതന്നെയാണ് പൗരോഹിത്യസ്വീകരണ കർമ്മങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് പുരോഹിതാർത്ഥി മെത്രാന്റെ മുമ്പിൽ മുട്ടുകുത്തി തന്റെ വിശ്വാസം പരസ്യമായി ഏറ്റുപറയുന്നത്. കാരണം, പൗരോഹിത്യകൂദാശയിലൂടെ വിശ്വാസത്തിന്റെ മഹാരഹസ്യങ്ങളെയാണ് ദൈവം അവനെ ഭരമേൽപ്പിക്കുന്നത്.

യേശു സഭയെ ഭരമേൽപ്പിച്ചിരിക്കുന്ന ഏറ്റവും വലിയ നിധി വിശുദ്ധ കുർബാനയാണ്. അതേക്കുറിച്ച് പൗലോസ് ശ്ലീഹാ പറയുന്നു: "കർത്താവിൽനിന്ന് എനിക്കു ലഭിച്ചതും ഞാൻ നിങ്ങളെ ഭരമേൽപ്പിച്ചതുമായ കാര്യം ഇതാണ്: കർത്താവായ യേശു താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ അപ്പം എടുത്ത് കൃതജ്ഞതയർപ്പിച്ചതിനുശേഷം അത് മുറിച്ചുകൊണ്ട് അരുളിച്ചെയ്തു: ഇത് നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരമാണ്. എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇത് ചെയ്യുവിൻ. അപ്രകാരം തന്നെ, അത്താഴത്തിനുശേഷം പാനപാത്രം എടുത്ത് അരുളിച്ചെയ്തു: ഇത് എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്. നിങ്ങൾ ഇത് പാനം ചെയ്യുമ്പോഴെല്ലാം എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" (1 കോറി 11:23-25).

ഈ വിശ്വാസരഹസ്യങ്ങളുടെ കാവൽക്കാരും ശുശ്രൂഷകരുമായി ദൈവം പുരോഹിതരെ തിരഞ്ഞെടുത്തിരിക്കുന്നു. അതിനാൽ വിശുദ്ധ കുർബാന അർപ്പിക്കുന്ന ഓരോ പുരോഹിതനും ആദ്യം വിശ്വാസത്തിൽ ആഴപ്പെട്ടവനായിരിക്കണം. കാരണം, വിശ്വാസം ജീവനോടെ നിലനിൽക്കുന്നിടത്താണ് പൗരോഹിത്യശുശ്രൂഷയ്ക്ക് യഥാർത്ഥ അർത്ഥവും ശക്തിയും ലഭിക്കുന്നത്.

പുരോഹിതൻ ദിവസേന വിശുദ്ധ കുർബാന അർപ്പിക്കുന്നവനാണ്. എന്നാൽ ആ ദിവ്യരഹസ്യത്തിന്റെ മുമ്പിൽ ഓരോ ദിവസവും പുതുമയോടെയും വിസ്മയത്തോടെയും നിൽക്കാൻ അവന് കഴിയണം. ആവർത്തനം വിസ്മയത്തെ ഇല്ലാതാക്കരുത്. ഓരോ കുർബാനയും അന്ത്യഅത്താഴത്തിന്റെ സ്മരണ മാത്രമല്ല, കാൽവരിയിലെ ബലിയുടെയും ഉയിർപ്പിന്റെ മഹത്വത്തിന്റെയും ജീവനുള്ള സാന്നിധ്യമാണ്. അതുകൊണ്ട് വിശുദ്ധ കുർബാന അർപ്പിക്കുന്ന പുരോഹിതൻ ഒരു കർമ്മനിർവാഹകൻ മാത്രമല്ല; വിശ്വാസത്തിന്റെ സാക്ഷിയും ദിവ്യരഹസ്യങ്ങളുടെ ശുശ്രൂഷകനുമാണ്.

വിശുദ്ധ കുർബാനയിൽ നാം കാണുന്നത് അപ്പവും വീഞ്ഞുമാണ്; എന്നാൽ വിശ്വാസം തിരിച്ചറിയുന്നത് കർത്താവിന്റെ ശരീരവും രക്തവുമാണ്. കണ്ണുകൾക്ക് കാണാൻ കഴിയാത്തത് വിശ്വാസം കാണുന്നു; ബുദ്ധിക്ക് പൂർണമായി ഗ്രഹിക്കാനാകാത്തത് സ്നേഹം സ്വീകരിക്കുന്നു. അതുകൊണ്ടുതന്നെ വിശുദ്ധ കുർബാനയെ സമീപിക്കുന്ന ഓരോ പുരോഹിതനും ഓരോ വിശ്വാസിയും ഹൃദയത്തിൽ ആവർത്തിക്കേണ്ട ഒരു പ്രാർത്ഥനയുണ്ട്: "കർത്താവേ, എന്റെ വിശ്വാസം വർധിപ്പിക്കണമേ" (ലൂക്കാ 17:5). കാരണം, വിശ്വാസം ആഴപ്പെടുമ്പോൾ മാത്രമേ

വിശുദ്ധ കുർബാനയുടെ രഹസ്യം കൂടുതൽ തെളിമയോടെ വെളിപ്പെടുകയുള്ളൂ; വിശുദ്ധ കുർബാനയെ കൂടുതൽ ആഴത്തിൽ ജീവിക്കുമ്പോൾ മാത്രമേ യേശുവുമായുള്ള ഐക്യം പൂർണമാകുകയുള്ളൂ. അപ്പോഴാണ് ഈശോയുടെ മഹാപുരോഹിതപ്രാർത്ഥന നമ്മിൽ സാക്ഷാത്കരിക്കപ്പെടുന്നത്: "അവരെല്ലാവരും ഒന്നായിരിക്കുവാൻ വേണ്ടി…" (യോഹ 17:21). വിശുദ്ധ കുർബാന നമ്മെ യേശുവുമായി ഒന്നാക്കുകയും, പിതാവിന്റെ സ്നേഹത്താൽ പരസ്പരം ഒന്നാക്കുകയും ചെയ്യുന്ന ഒരു സമൂഹമാക്കി മാറ്റുകയും ചെയ്യുന്നു. അതുകൊണ്ടു തന്നെ വിശുദ്ധ കുർബാന സഭയുടെ ജീവനും വിശ്വാസത്തിന്റെ കേന്ദ്രവും ഐക്യത്തിന്റെ കൂദാശയുമാണ്.

2.1.5. പ്രശംസിക്കപ്പെടുന്ന വിശ്വാസം

യേശു സുവിശേഷങ്ങളിൽ ആരെയെങ്കിലും പ്രത്യേകം പ്രശംസിച്ചിട്ടുണ്ടെങ്കിൽ, അത് വിശ്വാസമുള്ളവരെയാണ്. ശ്രദ്ധേയമായ കാര്യം, പല പ്പോഴും ആ മഹത്തായ വിശ്വാസം യേശു കണ്ടെത്തിയത് വിജാതീയരിലായിരുന്നു എന്നതാണ്. വിജാതീയനായ ശതാധിപന്റെ വിശ്വാസത്തെക്കുറിച്ച് നാം ആദ്യദിവസം ധ്യാനിച്ചുവല്ലോ. അവന്റെ വിശ്വാസം കണ്ട് യേശു ആശ്ചര്യത്തോടെ പറഞ്ഞു: "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഇതുപോലുള്ള വിശ്വാസം ഇസ്രായേലിൽ ഒരുവനിൽപോലും ഞാൻ കണ്ടിട്ടില്ല. വീണ്ടും ഞാൻ നിങ്ങളോടു പറയുന്നു, കിഴക്കുനിന്നും പടിഞ്ഞാറുനിന്നും നിരവധിയാളുകൾവന്ന് അബ്രാഹത്തോടും ഇസഹാക്കിനോടും യാക്കോബിനോടുംകൂടെ സ്വർഗരാജ്യത്തിൽ വിരുന്നിനിരിക്കും. രാജ്യത്തിന്റെ മക്കളാകട്ടെ, പുറത്തുള്ള അന്ധകാരത്തിലേക്ക് എറിയപ്പെടും; അവിടെ വിലാപവും പല്ലുകടിയുമായിരിക്കും" (മത്താ 8:10-12). അതെ, സ്വന്തം ജനത്തിൽ കാണാൻ കഴിയാത്ത മഹത്തായ വിശ്വാസം യേശുവിന് ആ വിജാതീയ ശതാധിപനിൽ കാണാൻ കഴിഞ്ഞു. കാനാൻകാരി സ്ത്രീയുടെ വിശ്വാസത്തെ യേശു പ്രശംസിച്ചതും അതേ രീതിയിലാണ്: "സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ." ആ നിമിഷം അവളുടെ മകൾ സുഖം പ്രാപിച്ചു (മത്താ 15:28).

വിശ്വാസം പലർക്കും രോഗശാന്തിയുടെയും രക്ഷയുടെയും വഴിയായി മാറുന്നത് സുവിശേഷങ്ങളിൽ ആവർത്തിച്ചു കാണാം. തളർവാത രോഗിയെ സുഖപ്പെടുത്താനായി കൊണ്ടുവന്നവരുടെ വിശ്വാസം കണ്ട് യേശു അവനോട് പറഞ്ഞു:"മകനേ, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു" (മർക്കോ 2:5). രണ്ടു അന്ധന്മാരുടെ കണ്ണുകൾ തുറക്കുന്നതിന് മുമ്പ് യേശു അവരോടു ചോദിച്ചത് അവരുടെ വിശ്വാസത്തെക്കുറിച്ചാ

യിരുന്നു:"എനിക്കിത് ചെയ്യാൻ കഴിയുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ?" അവർ, "അതെ, കർത്താവേ" എന്നു പറഞ്ഞു. അപ്പോൾ യേശു അരുളിച്ചെയ്തു: നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്കു ഭവിക്കട്ടെ" (മത്താ 9:28-29). പന്ത്രണ്ടു വർഷമായി രക്തസ്രാവം സഹിച്ചിരുന്ന സ്ത്രീയോടും യേശു പറഞ്ഞത് ഇതുതന്നെയാണ്: "മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോവുക" (മർക്കോ 5:34). യേശുവിന്റെ മാതാവായ മറിയത്തിന്റെ വിശ്വാസത്തെ എലിസബത്തും പ്രശംസിക്കുന്നു: "കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറും എന്ന് വിശ്വസിച്ചവൾ ഭാഗ്യവതിയാണ്" (ലൂക്കാ 1:45).

സുവിശേഷങ്ങളിലൂടെ കടന്നുപോകുമ്പോൾ ഒരു കാര്യം വ്യക്തമാണ്: യേശുവിനെ ഏറ്റവും കൂടുതൽ ആകർഷിച്ചതും സന്തോഷിപ്പിച്ചതും മനുഷ്യരുടെ കഴിവുകളോ പാണ്ഡിത്യങ്ങളോ സ്ഥാനമാനങ്ങളോ ആയിരുന്നില്ല; മറിച്ച് അവരുടെ വിശ്വാസമായിരുന്നു. അതുകൊണ്ടു തന്നെ സുവിശേഷത്തിലെ അനേകം അത്ഭുതങ്ങളുടെ വാതിൽ തുറന്നത് വിശ്വാസമാണ്. വിശ്വാസമുള്ളിടത്ത് ദൈവത്തിന്റെ ശക്തി പ്രവർത്തിക്കുന്നു; വിശ്വാസമുള്ളിടത്ത് കൃപ ഒഴുകുന്നു; വിശ്വാസമുള്ളിടത്ത് അസാധ്യങ്ങൾ സാധ്യമാകുന്നു. അതിനാൽ നമ്മുടെ ആത്മീയ ജീവിതത്തിന്റെ ഏറ്റവും വലിയ സമ്പത്തും ദൈവത്തിന്റെ മുമ്പിൽ ഏറ്റവും പ്രശംസിക്കപ്പെടുന്ന ഗുണവും വിശ്വാസം തന്നെയാണ്.

2.1.6. ശകാരിക്കപ്പെടുന്ന വിശ്വാസം

യേശു ആരെയെങ്കിലും ശകാരിച്ചിട്ടുണ്ടെങ്കിൽ, അത് പ്രധാനമായും വിശ്വാസമില്ലായ്മയുടെ പേരിലാണ്. സുവിശേഷങ്ങളിൽ പലപ്പോഴും ശിഷ്യരുടെ വിശ്വാസക്കുറവിനെ യേശു തിരുത്തുകയും ശകാരിക്കുകയും ചെയ്യുന്നത് നാം കാണുന്നു. കാരണം, വിശ്വാസമില്ലായ്മ ദൈവത്തിന്റെ ശക്തിയെ പരിമിതപ്പെടുത്തുന്നില്ലെങ്കിലും, മനുഷ്യനെ ദൈവകൃപ സ്വീകരിക്കുന്നതിൽ നിന്ന് തടയുന്നു.

അപസ്മാരരോഗബാധിതനായ ബാലനെ ശിഷ്യന്മാർക്ക് സുഖപ്പെടുത്താൻ കഴിയാതെ വന്നപ്പോൾ യേശു വേദനയോടെ പറഞ്ഞു: "അവിശ്വാസവും വഴിപിഴച്ചതുമായ തലമുറേ! എത്രനാൾ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും? എത്രനാൾ ഞാൻ നിങ്ങളെ സഹിക്കും?" (മർക്കോ 9:19; മത്താ 17:17). പിന്നീട് ശിഷ്യന്മാർ പരാജയത്തിന്റെ കാരണം ചോദിച്ചപ്പോൾ യേശു വ്യക്തമായി മറുപടി നൽകി: "നിങ്ങളുടെ അല്പവിശ്വാസം കൊണ്ടുതന്നെ" (മത്താ 17:20). അത്ഭുതങ്ങൾ പ്രവർത്തിക്കാനുള്ള കഴിവിന്റെ കുറവല്ല പ്രശ്നം; വിശ്വാസത്തിന്റെ

കുറവായിരുന്നു പ്രശ്നം. ഉയിർപ്പിനുശേഷവും, താൻ ഉയിർത്തെഴുന്നേറ്റതായി സാക്ഷ്യം പറഞ്ഞവരെ വിശ്വസിക്കാൻ ശിഷ്യന്മാർ മടിച്ചപ്പോൾ യേശു അവരെ കുറ്റപ്പെടുത്തി: "ഉയർപ്പിക്കപ്പെട്ട തിനുശേഷം തന്നെ കണ്ടവരെ വിശ്വസിക്കാത്തത് നിമിത്തം അവരുടെ വിശ്വാസരാഹിത്യത്തെയും ഹൃദയകാഠിന്യത്തെയും അവൻ കുറ്റപ്പെടുത്തി" (മർക്കോ 16:14).

വിശ്വാസക്കുറവിന്റെ മറ്റൊരു ഉദാഹരണം സക്കറിയായിലാണ് കാണുന്നത്. ദൈവദൂതന്റെ സന്ദേശം സ്വീകരിക്കാൻ അവന് പ്രയാസമായി. അതിനാൽ ഗബ്രിയേൽ ദൂതൻ അവനോട് പറഞ്ഞു: "യഥാസമയം പൂർത്തിയാകേണ്ട എന്റെ വചനങ്ങൾ നീ വിശ്വസിച്ചില്ല. അതുകൊണ്ട് ഇവ സംഭവിക്കുന്ന ദിവസംവരെ നീ മൂകനായിരിക്കും; സംസാരിക്കാൻ നിനക്കു കഴിയുകയില്ല" (ലൂക്കാ 1:20). ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം, ദൈവം മനുഷ്യനെ ശിക്ഷിക്കാൻ ആഗ്രഹിക്കുന്നതിനാലല്ല വിശ്വാസക്കുറവിനെതിരെ മുന്നറിയിപ്പ് നൽകുന്നത്. മറിച്ച്, വിശ്വാസമില്ലായ്മ മനുഷ്യനെ ദൈവാനുഗ്രഹത്തിന്റെ പൂർണാനുഭവത്തിൽ നിന്ന് അകറ്റുന്നതിനാലാണ്. വിശ്വാസം ദൈവത്തിന്റെ വാഗ്ദാനങ്ങളിലേക്കുള്ള വാതിലാണ്; അവിശ്വാസം ആ വാതിൽ അടയ്ക്കുന്നു.

സുവിശേഷങ്ങളിൽ യേശു ഏറ്റവും കൂടുതൽ പ്രശംസിച്ചത് വിശ്വാസത്തെയും, ഏറ്റവും കൂടുതൽ ശകാരിച്ചത് വിശ്വാസക്കുറവിനെയുമാണ്. അതുകൊണ്ട് ആത്മീയജീവിതത്തിലെ ഏറ്റവും വലിയ ചോദ്യം ഇതാണ്: "ഞാൻ എത്രമാത്രം വിശ്വസിക്കുന്നു?" എന്നിലെ വിശ്വാസത്തെ ദൈവം പ്രശംസിക്കുമോ, അതോ കുറ്റപ്പെടുത്തുമോ? ദൈവത്താൽ പ്രശംസിക്കപ്പെടുന്ന ഒരു വിശ്വാസം എനിക്കുണ്ടോ? ദൈവത്തിന് അസാധ്യമൊന്നുമില്ല; എന്നാൽ അവിടുത്തെ പ്രവർത്തനത്തിന് ഹൃദയം തുറന്നുകൊടുക്കുന്ന വിശ്വാസം നമ്മിൽ ഉണ്ടോ എന്നതാണ് നിർണായകമായ ചോദ്യം. വിശ്വാസം വളരുമ്പോൾ ദൈവസാന്നിധ്യം കൂടുതൽ വ്യക്തമായി അനുഭവപ്പെടുന്നു; വിശ്വാസം ക്ഷയിക്കുമ്പോൾ ദൈവം നമ്മുടെ സമീപത്തുണ്ടായിരുന്നാലും അവിടുത്തെ സാന്നിധ്യം തിരിച്ചറിയാൻ നമുക്ക് സാധിക്കാതെ പോകുന്നു. അതുകൊണ്ട് ആത്മീയജീവിതത്തിന്റെ വളർച്ച അളക്കപ്പെടേണ്ടത് നമ്മുടെ പ്രവർത്തനങ്ങളാലോ നേട്ടങ്ങളാലോ അല്ല, മറിച്ച് ദൈവത്തിലുള്ള നമ്മുടെ വിശ്വാസത്തിന്റെ ആഴത്താലാണ്.

2.1.7. വിശ്വാസത്തിന്റെ സുവിശേഷം

യോഹന്നാന്റെ സുവിശേഷം 'വിശ്വാസത്തിന്റെ സുവിശേഷം' എന്നാണല്ലോ അറിയപ്പെടുന്നത്—വിശ്വാസതീർത്ഥാടനത്തിന്റെ സുവിശേഷം. അല്പവിശ്വാസികൾ പൂർണവിശ്വാസികളായി മാറുന്നതിന്റെ വിവരണമാണ് നമുക്ക് ഇതിൽ ലഭിക്കുന്നത്. യോഹന്നാന്റെ വിവരണം അനുസരിച്ച് എല്ലാ അത്ഭുതങ്ങളുടെയും അഥവാ 'അടയാളങ്ങളുടെയും' ആത്യന്തിക ലക്ഷ്യം വിശ്വാസത്തിലുള്ള വളർച്ചയാണ്.

യോഹന്നാന്റെ സുവിശേഷത്തിൽ യേശു പ്രവർത്തിച്ച ആദ്യ അത്ഭുതം കാനായിൽ വെള്ളം വീഞ്ഞാക്കിയതാണല്ലോ. എന്തായിരുന്നു ഈ അത്ഭുതത്തിന്റെ ആത്യന്തിക ഫലം? അതിന്റെ അവസാനത്തിൽ സുവിശേഷകൻ കുറിച്ചുവയ്ക്കുന്നു: "അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു" (യോഹ 2:11). യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്ന രണ്ടാമത്തെ അത്ഭുതം, യേശു രാജസേവകന്റെ മകനെ സുഖപ്പെടുത്തുന്നതാണ്. എന്തായിരുന്നു ഈ അത്ഭുതത്തിന്റെ അനന്തരഫലം? "അവനും കുടുംബം മുഴുവനും വിശ്വസിച്ചു" (യോഹ 4:53).

പിന്നീട്, ഈ സുവിശേഷത്തിലെ ഏറ്റവും വലിയ അധ്യായമായ ആറാം അധ്യായത്തിൽ, വിശ്വാസത്തിന്റെ കൂദാശയായ വിശുദ്ധ കുർബാനയെക്കുറിച്ചുള്ള ഈശോയുടെ നീണ്ട പ്രഭാഷണം നാം കാണുന്നു. "സത്യം, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. ഞാൻ ജീവന്റെ അപ്പമാണ്" (യോഹ 6:47-48). വീണ്ടും, ഈ സുവിശേഷത്തിലൂടെ നാം തീർത്ഥാടനം നടത്തുമ്പോൾ അനേകർ ഈശോയിൽ വിശ്വസിക്കുന്നത് നാം കാണുന്നു: "ഇത് പറഞ്ഞപ്പോൾ വളരെപ്പേർ അവനിൽ വിശ്വസിച്ചു" (യോഹ 8:30). "അവിടെവച്ച് വളരെപ്പേർ അവനിൽ വിശ്വസിച്ചു" (യോഹ 10:42).

ലാസറിനെ ഉയിർപ്പിക്കുമ്പോൾ ഈശോ മർത്തായോട് പറയുന്നു: "ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ 11:25). അവസാനം, കുരിശിന്റെ ചുവട്ടിൽ വിശ്വാസത്തിലൂടെ രക്തബന്ധമില്ലാത്തവർ രക്തബന്ധമുള്ളവരായി തീരുന്നതും നാം കാണുന്നു: "യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്ത് നിൽക്കുന്നത് കണ്ട് അമ്മയോട് പറഞ്ഞു: 'സ്ത്രീയേ, ഇതാ നിന്റെ മകൻ.' അനന്തരം അവൻ ആ ശിഷ്യനോട് പറഞ്ഞു: 'ഇതാ നിന്റെ അമ്മ.' അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു" (യോഹ 19:26-27).

ഉത്ഥാനത്തിനുശേഷം ഈശോ തോമാശ്ലീഹായോട് അരുളിച്ചെയ്യുന്ന വാക്കുകൾ വിശ്വാസത്തിന്റെ മഹത്വത്തെ നമ്മെ ഓർമ്മപ്പെടുത്തുന്നു: "നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു. കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാൻമാർ" (യോഹ 20:29). ഇങ്ങനെ, യേശുവിൽ വിശ്വസിക്കുന്ന വരുടെ ഒരു ചരിത്രമാണ് യോഹന്നാൻ തന്റെ സുവിശേഷത്തിലൂടെ നമ്മുടെ മുമ്പിൽ വരച്ചുകാട്ടുന്നത്.

യോഹന്നാന്റെ സുവിശേഷം അനുസരിച്ച് ഒരൊറ്റ പാപമേയുള്ളൂ— വിശ്വാസരാഹിത്യം. "ഞാൻ ഞാൻ തന്നെയാണെന്ന് വിശ്വസിക്കുന്നി ല്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും" (യോഹ 8:24). "സത്യം, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ വചനം കേൾ ക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യ ജീവനുണ്ട്. അവനു ശിക്ഷാവിധിയുണ്ടാകുന്നില്ല. അവൻ മരണത്തിൽ നിന്ന് ജീവനിലേക്ക് കടന്നിരിക്കുന്നു" (യോഹ 5:24). "അവനിൽ വിശ്വ സിക്കുന്ന ഒരുവനും ശിക്ഷയ്ക്ക് വിധിക്കപ്പെടുന്നില്ല; വിശ്വസിക്കാത്ത വനോ ദൈവത്തിന്റെ ഏകജാതന്റെ നാമത്തിൽ വിശ്വസിക്കാത്തതു മൂലം നേരത്തെ തന്നെ വിധിക്കപ്പെട്ടിരിക്കുന്നു" (യോഹ 3:18).

സുവിശേഷങ്ങൾ എഴുതപ്പെട്ടത് എന്തിനുവേണ്ടിയാണ്? വിശ്വാസമുള്ള വർ തങ്ങളുടെ വിശ്വാസം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിനുവേണ്ടി യാണ് സുവിശേഷങ്ങൾ എഴുതപ്പെട്ടത്. "ഈ ഗ്രന്ഥത്തിൽ എഴുത പ്പെടാത്ത മറ്റനേകം അടയാളങ്ങളും യേശു ശിഷ്യരുടെ സാന്നിധ്യത്തിൽ പ്രവർത്തിച്ചു. എന്നാൽ ഇവ എഴുതപ്പെട്ടിരിക്കുന്നത് യേശു ദൈവപുത്ര നായ ക്രിസ്തുവാണെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനും, അങ്ങനെ വിശ്വസിക്കുന്നതിലൂടെ നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാ കുന്നതിനും വേണ്ടിയാണ്" (യോഹ 20:30-31) എന്ന അടിക്കുറിപ്പോടെ യാണല്ലോ സുവിശേഷം അവസാനിക്കുന്നത്.

ലെബനോൻ കവി ഖലീൽ ജിബ്രാൻ പറയുന്നു: "ഈശോയെ സ്നേഹി ക്കുന്നവരും സ്നേഹിക്കാത്തവരും തമ്മിൽ ഒറ്റ വ്യത്യാസമേയുള്ളൂ— വിശ്വാസം." പത്താം പീയൂസ് പാപ്പാ നമ്മെ പഠിപ്പിക്കുന്നു: "നമ്മുടെ വി ശ്വാസത്തിന്റെ കേന്ദ്രവും എല്ലാ ഭക്തിയുടെയും അന്തിമലക്ഷ്യവും കൂദാ ശകളുടെ തികവും ദൈവികരഹസ്യങ്ങളുടെ സാരസംഗ്രഹവുമാണ് വിശുദ്ധ കുർബാന." അതുകൊണ്ട് വിശുദ്ധ കുർബാനയോടുള്ള നമ്മു ടെ സ്നേഹം എന്ന് പറയുന്നത് വിശുദ്ധ കുർബാനയിലെ യേശു സാന്നി ധ്യത്തിലുള്ള ആഴമായ വിശ്വാസമാണ്.

2.1.8. സഭ: വിശ്വാസികളുടെ സമൂഹം

സഭയെ സൂചിപ്പിക്കാൻ വിശുദ്ധ ഗ്രന്ഥം ഉപയോഗിക്കുന്ന പ്രധാന പദങ്ങളിലൊന്ന് 'വിശ്വാസികളുടെ സമൂഹം' എന്നതാണ്. സഭ വിശ്വാസികളുടെ സമൂഹമാണെങ്കിൽ, വിശ്വാസമില്ലാതെ എങ്ങനെ വിശ്വാസികളുടെ ഒരു സമൂഹം രൂപപ്പെടും?

ഇന്ന് സഭയിൽ നാം നോക്കിയാൽ, ക്രൈസ്തവ വിശ്വാസത്തിന്റെ സാക്ഷ്യങ്ങളായി യേശുവിന്റെ നാമത്തിൽ പ്രവർത്തിക്കുന്ന അനേകം സ്ഥാപനങ്ങൾ, കലാലയങ്ങൾ, സർവകലാശാലകൾ, ആതുരശുശ്രൂഷാ കേന്ദ്രങ്ങൾ, മാധ്യമപ്രസിദ്ധീകരണങ്ങൾ, അമ്പരചുംബികളായ ദേവാലയങ്ങൾ തുടങ്ങിയവ കാണാൻ സാധിക്കും. ഇതൊക്കെയുണ്ടെങ്കിലും, യേശുവിന്റെ ഒരു ചോദ്യം ഇന്നും നമ്മെ വെല്ലുവിളിച്ചുകൊണ്ടിരിക്കുന്നു: "എങ്കിലും മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?" (ലൂക്കാ 18:8). അനേകർ യേശുവിൽ വിശ്വസിക്കാൻ തയ്യാറായപ്പോഴും, യോഹന്നാൻ സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നു: "യേശു ആകട്ടെ അവരെ വിശ്വസിച്ചില്ല. കാരണം, അവൻ അവരെയെല്ലാം അറിഞ്ഞിരുന്നു. മനുഷ്യനെപ്പറ്റി ആരുടെയും സാക്ഷ്യം അവന് ആവശ്യമായിരുന്നില്ല; മനുഷ്യനിലുള്ളത് എന്താണെന്ന് അവൻ വ്യക്തമായി അറിഞ്ഞിരുന്നു" (യോഹ 2:24-25).

സഭയുടെ ശക്തി അതിന്റെ സ്ഥാപനങ്ങളിലോ, കെട്ടിടങ്ങളിലോ, ബാഹ്യവളർച്ചയിലോ അല്ല; യേശുക്രിസ്തുവിൽ ആഴമായി വിശ്വസിക്കുന്ന വിശ്വാസികളുടെ ജീവിതസാക്ഷ്യത്തിലാണ്. വിശ്വാസത്തിന്റെ ഈ അടിത്തറ ദുർബലമാകുമ്പോൾ, സഭയുടെ എല്ലാ ബാഹ്യനേട്ടങ്ങളും അർത്ഥശൂന്യമാകാനുള്ള സാധ്യതയുണ്ട്.

2.1.9. ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ

മറ്റു മതങ്ങൾ ദൈവത്തെ തേടിയുള്ള മനുഷ്യന്റെ യാത്രയെ അവതരിപ്പിക്കുന്നുവെങ്കിൽ, ക്രിസ്തുമതം മനുഷ്യനെ തേടിവരുന്ന ദൈവത്തെയാണ് അവതരിപ്പിക്കുന്നത്. അതിന്റെ ഏറ്റവും മഹത്തായ ഉദാഹരണമാണ് വിശുദ്ധ കുർബാന. ഓരോ ദിവസവും മനുഷ്യനെ തേടിവരുന്ന ഒരു ദൈവത്തിന്റെ കഥയാണ് വിശുദ്ധ കുർബാന നമ്മോടു പറയുന്നത്. അതുകൊണ്ടുതന്നെ, വിശുദ്ധ കുർബാനയുടെ ആത്മീയത എന്നത് മനുഷ്യൻ ദൈവത്തോടൊത്ത് വസിക്കുന്നതിലുപരി ദൈവം മനുഷ്യനോടൊത്ത് വസിക്കുന്നതാണ്. "ഇതാ, ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ. അവിടുന്ന് അവരോടൊത്ത് വസിക്കും. അവർ അവിടു

ത്തെ ജനമായിരിക്കും; ദൈവം തന്നേ അവരോടുകൂടെ ഉണ്ടായിരിക്കും" (വെളി 21:3).

ഈശോ വിശുദ്ധ കുർബാന സ്ഥാപിച്ചത് മനുഷ്യരോടുകൂടെ നിത്യവും ആയിരിക്കുവാനാണ്. "ലോകാവസാനം വരെ ഞാൻ എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:20) എന്ന അവിടുത്തെ വാഗ്ദാനം വിശുദ്ധ കുർബാനയിൽ അതിന്റെ പൂർണത പ്രാപിക്കുന്നു. അവിടുന്ന് ദേവാലയത്തിലെ വിശുദ്ധ സക്രാരിയിൽ വസിക്കുന്നത് മനുഷ്യരിലേക്കിറങ്ങിവരാനും അവരുടെ ജീവിതങ്ങളിൽ സാന്നിധ്യ മാകാനും വേണ്ടിയാണ്. പുതിയ നിയമത്തിൽ സക്കേവൂസിനോട് ഈശോ പറഞ്ഞ വാക്കുകൾ വളരെ ചിന്തനീയമാണ്: "സക്കേവൂസ്, വേഗം ഇറങ്ങിവരിക. ഇന്ന് എനിക്കു നിന്റെ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു" (ലൂക്കാ 19:5). ദേവാലയത്തിന്റെ പരിശുദ്ധിയിൽ മാത്രം വസിക്കുന്ന ഒരു ദൈവമല്ല നമ്മുടേത്. നമ്മുടെ ഓരോ ഭവനങ്ങളിലേക്കും കടന്നുവന്ന്, അവിടെ തന്റെ കൂടാരം സ്ഥാപിച്ച് അവയെ തന്റെ വാസസ്ഥാനമാക്കുവാൻ ആഗ്രഹിക്കുന്ന ദൈവമാണ് നമ്മുടേത്.

വിശുദ്ധ കുർബാനയിൽ നമ്മോടുകൂടെ വസിക്കുന്ന ഈശോ, നമ്മുടെ ഹൃദയങ്ങളെയും ഭവനങ്ങളെയും കുടുംബങ്ങളെയും തന്റെ സാന്നിധ്യത്താൽ വിശുദ്ധീകരിക്കുവാൻ ആഗ്രഹിക്കുന്നു. ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെയാകുന്ന ഈ മഹാരഹസ്യമാണ് വിശുദ്ധ കുർബാനയുടെ ഹൃദയം. അതുകൊണ്ട് ക്രൈസ്തവ ജീവിതത്തിന്റെ ലക്ഷ്യം ദൈവത്തെ ദൂരെയിരുന്ന് അന്വേഷിക്കുക മാത്രമല്ല, നമ്മെ തേടിവരുന്ന ദൈവത്തെ സ്വീകരിക്കുകയുമാണ്.

2.1.10. എന്റെ കയ്യിൽ വിശുദ്ധ കുർബാനയ്ക്ക് എന്തു വില?

എന്നെ ഏറെ സ്വാധീനിച്ച ഒരു ചിന്തയാണ് ഈശോസഭയുടെ മുൻ ജനറലായിരുന്ന ഫാ. പെദ്രോ അരുപ്പെ എസ്.ജെ.യുടെ 'It Depends' (അത് ആശ്രയിച്ചിരിക്കുന്നു) എന്ന സന്ദേശം.

It Depends

A basketball in my hands is worth a few hundred rupees

A basketball in Michael Jordan's hands is worth some millions.

It depends whose hand's it's in.

A tennis racket is useless in my hands

A tennis racket in Venus Williams' hands is a Championship winner.

It depends whose hand's it's in.

A rod in my hands will keep away a wild animal.

A rod in Moses' hands will part a mighty sea.

It depends whose hand's it's in.

A slingshot in my hands is a child's plaything

A slingshot in David's hands is a mighty weapon.

It depends whose hand's it's in.

Two fish and five loaves of bread in my hands is a couple of fish sandwiches.

Two fish and five loaves in Jesus' hands will feed thousands.

It depends whose hand's it's in.

Nails in my hands might produce a bird's cage

Nails in Jesus' hands will produce the fullness of life for all peoples.

As you see now, it depends whose hand's it's in.

So, put your concerns, your worries, your fears, your hopes, your dreams, your families and your relationships in God's hands,

Because it depends whose hands it's in!

This message is now in your hands. What will you do with it?

— (Pedro Arupe)

"ഒരു ബാസ്ക്കറ്റ്ബോളിന് എന്റെ കയ്യിൽ ഏതാനും നൂറ് രൂപയുടെ വിലയേയുള്ളൂ. എന്നാൽ മൈക്കിൾ ജോർദാന്റെ കയ്യിൽ അതിന് ലക്ഷങ്ങളുടെയും കോടികളുടെയും മൂല്യമുണ്ട്. അതിന്റെ മൂല്യം അത് ആരുടെ കൈയിലാണ് എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

ഒരു ടെന്നീസ് റാക്കറ്റ് എന്റെ കയ്യിൽ ഉപയോഗശൂന്യമാണ്. എന്നാൽ വീനസ് വില്യംസിന്റെ കയ്യിൽ അത് ഒരു ചാമ്പ്യൻഷിപ്പിന്റെ വിജയോപാധിയാണ്. അതിന്റെ മികവ് അത് ആരുടെ കൈയിലാണ് എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

ഒരു വടി എന്റെ കയ്യിൽ വന്യമൃഗങ്ങളെ അകറ്റാൻ സഹായകമാണ്. എന്നാൽ മോശയുടെ കയ്യിൽ അത് സമുദ്രത്തെ വിഭജിക്കാൻ പര്യാപ്തമാണ്. അതിന്റെ ശക്തി അത് ആരുടെ കൈയിലാണ് എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

ഒരു കവണി എന്റെ കയ്യിൽ ഒരു കുട്ടിയുടെ കളിപ്പാട്ടം പോലെയാണ്. എന്നാൽ ദാവീദിന്റെ കയ്യിൽ അത് ഒരു ഭീമനെ വീഴ്ത്താൻ കഴിയുന്ന

ആയുധമാണ്. അതിന്റെ ശക്തി അത് ആരുടെ കൈയിലാണ് എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

രണ്ട് മീനും അഞ്ച് അപ്പവും എന്റെ കയ്യിൽ ഏതാനും പേരുടെ ഭക്ഷണത്തിനുള്ള സാധനങ്ങൾ മാത്രമാണ്. എന്നാൽ യേശുവിന്റെ കയ്യിൽ അവ ആയിരങ്ങളെ പോഷിപ്പിക്കാൻ പര്യാപ്തമാണ്. അതിന്റെ സാധ്യത അത് ആരുടെ കൈയിലാണ് എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

ഒരു ആണി എന്റെ കയ്യിൽ ഒരു പക്ഷിക്കൂട് നിർമിക്കാൻ സഹായകമാകാം. എന്നാൽ ആണികൾ യേശുവിന്റെ കരങ്ങളിൽ തറയ്ക്കപ്പെട്ടപ്പോൾ അവ സർവജനങ്ങൾക്കും ജീവന്റെ പൂർണതയുടെ വാതിൽ തുറന്നു. അതിന്റെ അനന്തസാധ്യത അത് ആരുടെ കൈയിലാണ് എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

അതുകൊണ്ട്, നിന്റെ ആഗ്രഹങ്ങൾ, ആകുലതകൾ, ഭയങ്ങൾ, പ്രതീക്ഷകൾ, സ്വപ്നങ്ങൾ, കുടുംബം, ബന്ധങ്ങൾ എല്ലാം ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിക്കുക. കാരണം, അവയുടെ ഫലം അവ ആരുടെ കൈകളിലാണ് എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

ഈ സന്ദേശം ഇപ്പോൾ നിന്റെ കൈകളിലാണ്. നീ ഇതുകൊണ്ട് എന്ത് ചെയ്യും?"

ദിവസവും വിശുദ്ധ കുർബാന സ്വീകരിക്കുന്ന നമുക്ക് ഈ ചിന്തയെ വിശുദ്ധ കുർബാനയുമായി ബന്ധപ്പെടുത്തി ധ്യാനിക്കാം. നമ്മുടെ കൈകളിൽ ഏൽപ്പിക്കപ്പെടുന്ന ഈ അവർണനീയ ദാനത്തിന്റെ അമൂല്യത എത്രയാണ്? പരിശുദ്ധ കന്യകാമറിയത്തിന്റെ കയ്യിൽ, വി. ഔസേപ്പിതാവിന്റെ കയ്യിൽ, അപ്പസ്തോലന്മാരുടെ കയ്യിൽ, വിശുദ്ധരുടെ കയ്യിൽ, വി. ചാവറ പിതാവിന്റെ കയ്യിൽ വിശുദ്ധ കുർബാനയ്ക്ക് ഉണ്ടായിരുന്ന വിലയും സ്നേഹവും ഭക്തിയും നമ്മുടെ കൈകളിൽ എത്തുമ്പോഴും ഉണ്ടോ എന്ന് നമുക്ക് ആത്മശോധന ചെയ്യാം.

വി. ഈഗ്നേഷ്യസ് ലയോള പറഞ്ഞതായി ഉദ്ധരിക്കപ്പെടുന്ന ഒരു ചിന്തയുണ്ട്: "ഞാൻ സ്ഥാപിച്ച ഈശോസഭ പിരിച്ചുവിടണമെന്ന് മാർപ്പാപ്പ കൽപ്പിക്കുന്നതാണ് എനിക്ക് സംഭവിക്കാവുന്ന ഏറ്റവും വലിയ ദുരന്തം. അങ്ങനെ സംഭവിച്ചാലും ഞാൻ പതിനഞ്ച് മിനിറ്റ് വിശുദ്ധ കുർബാനയുടെ സന്നിധിയിൽ പ്രാർത്ഥിക്കും. അതിനുശേഷം ഒന്നും സംഭവിച്ചിട്ടില്ലാത്തതുപോലെ ജീവിതം തുടരാനുള്ള ശക്തി എനിക്ക് ലഭിക്കും." ഏത് ക്ലേശത്തിലും, ഏത് പ്രതിസന്ധിയിലും, സക്രാരിയിൽ നമ്മെ കാത്തിരിക്കുന്ന യേശുവിന്റെ അടുക്കലേക്ക് പോകാം. അവിടുന്ന് നമ്മെ നിരാശ

പ്പെടുത്തുകയില്ല. ലോകത്തിന് നൽകാൻ കഴിയാത്ത ആശ്വാസവും സമാധാനവും ശക്തിയും അവിടുന്ന് നമുക്ക് പകരും.

2.1.11. പ്രാർത്ഥനയിലേക്ക് പിൻവാങ്ങുന്ന യേശു

യേശുവിന്റെ ജീവിതത്തിൽ അരങ്ങേറിയ ഓരോ സംഭവത്തിന്റെയും പിന്നിൽ പ്രാർത്ഥനയുടെ ഒരു ആഴമുണ്ടായിരുന്നു. എന്നാൽ ആ പ്രാർത്ഥനകളെക്കുറിച്ച് സുവിശേഷങ്ങൾ പലപ്പോഴും വളരെ ചുരുക്കത്തിൽ മാത്രമാണ് രേഖപ്പെടുത്തുന്നത്. ഉദാഹരണത്തിന്, കുഷ്ഠരോഗിയെ സുഖപ്പെടുത്തിയതിനുശേഷം യേശുവിന്റെ വചനങ്ങൾ കേൾക്കാനും രോഗശാന്തി പ്രാപിക്കാനുമായി ജനക്കൂട്ടങ്ങൾ അവിടുത്തെ ചുറ്റും തിങ്ങിക്കൂടിയപ്പോൾ, സുവിശേഷകൻ ഇങ്ങനെ രേഖപ്പെടുത്തുന്നു: "അവനാകട്ടെ വിജനപ്രദേശങ്ങളിലേക്ക് പിൻവാങ്ങി അവിടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു" (ലൂക്കാ 5:16). ഈ ചെറിയ പരാമർശത്തിനുള്ളിൽ തന്നെ ധ്യാനിക്കാവുന്ന വലിയൊരു ആത്മീയലോകം ഒളിഞ്ഞിരിക്കുന്നു.

തിബേരിയാസ് കടൽത്തീരത്ത് അപ്പം വർധിപ്പിച്ചശേഷം, ജനങ്ങൾ അവിടുത്തെ രാജാവാക്കാൻ ബലമായി കൊണ്ടുപോകുവാൻ ഒരുങ്ങുന്നതായി മനസ്സിലാക്കിയ യേശു വീണ്ടും തനിയെ മലമുകളിലേക്ക് പിൻവാങ്ങി (യോഹ 6:15). ആ സന്ധ്യയിൽ യേശു എന്തായിരിക്കാം പ്രാർത്ഥിച്ചിരുന്നത്?

ജനങ്ങളുടെ വിശപ്പ് കണ്ട് കരുണയാൽ അപ്പം വർധിപ്പിച്ച അവിടുന്ന്, ആ മഹത്തായ പ്രവൃത്തിക്കുശേഷം നന്ദിയുടെയും സമർപ്പണത്തിന്റെയും പ്രാർത്ഥനയിൽ മുഴുകിയിരിക്കാം. "പിതാവേ, അങ്ങ് ഏൽപ്പിച്ച ദൗത്യം ഞാൻ നിറവേറ്റുന്നു; അങ്ങ് തന്നതെല്ലാം ഞാൻ പങ്കുവെക്കുന്നു" എന്ന സമർപ്പണത്തിന്റെ സ്വരമായിരിക്കാം ആ പ്രാർത്ഥന. മനുഷ്യരുടെ ആവശ്യങ്ങളോടുള്ള കരുണയും അവരുടെ ആത്മീയ വിശപ്പിനോടുള്ള വാത്സല്യവും അവിടുത്തെ ഹൃദയത്തിൽ നിറഞ്ഞിരുന്നിരിക്കാം.

അതുപോലെതന്നെ ഓരോ ദിവസത്തെയും പ്രഭാതധ്യാനവും പ്രാർത്ഥനയും ദൈവികവികാരങ്ങളാൽ സമ്പന്നമായിരുന്നിരിക്കണം. പിതാവിനോടുള്ള അടുപ്പം, ദൗത്യബോധം, മനുഷ്യരോടുള്ള അനന്തകരുണ— ഇവയൊക്കെയായിരിക്കാം യേശുവിന്റെ പ്രാർത്ഥനകളുടെ ഉള്ളടക്കം. പ്രാർത്ഥന അവിടുത്തേക്ക് ഒരു കടമയായിരുന്നില്ല; അത് പിതാവുമായുള്ള ജീവിക്കുന്ന ബന്ധമായിരുന്നു.

ലാസറിനെ ഉയിർപ്പിച്ചപ്പോൾ, വിധവയുടെ മകനെ ജീവിപ്പിച്ചപ്പോൾ—മരണത്തെപ്പോലും കീഴടക്കുന്ന ശക്തി വെളിപ്പെടുത്തിയ ആ നിമിഷങ്ങൾക്കുശേഷം—യേശു കൂടുതൽ ആഴത്തിലുള്ള പ്രാർത്ഥനയിലേക്ക് പ്രവേശിച്ചിരിക്കാം. "പിതാവേ, ജീവന്റെ ഉറവിടം അങ്ങാണ്; ഞാൻ അങ്ങയുടെ ഇഷ്ടം മാത്രമാണ് നിറവേറ്റുന്നത്" എന്ന വിനീതമായ സമർപ്പണം അവിടുത്തെ ഹൃദയത്തിൽ പ്രതിധ്വനിച്ചിരിക്കാം.

ശിഷ്യരുടെ വിശ്വാസം തളർന്ന ദിവസങ്ങളിൽ അവിടുത്തെ പ്രാർത്ഥന എങ്ങനെയായിരുന്നിരിക്കാം? വേദനയും പ്രത്യാശയും ഇഴചേർന്ന ഒരു പ്രാർത്ഥനയായിരിക്കില്ലേ അത്? "പിതാവേ, ഇവരെ കാത്തുകൊള്ളണമേ; അവരുടെ വിശ്വാസം ശക്തിപ്പെടുത്തണമേ" എന്ന മാധ്യസ്ഥ പ്രാർത്ഥനയായി അത് ഉയർന്നിരിക്കാം.

സാബത്ത്—വിശ്രമത്തിന്റെയും നവീകരണത്തിന്റെയും ദിവസം—യേശുവിന്റെ പ്രാർത്ഥന കൂടുതൽ ശാന്തവും ആഴമേറിയതുമായിരുന്നിരിക്കാം. പിതാവുമായുള്ള ഏകത്വത്തിൽ വിശ്രമിക്കുകയും അടുത്ത ദൗത്യത്തിനായി ആത്മാവിനെ പുതുക്കുകയും ചെയ്ത ഒരു വിശുദ്ധ നിശ്ശബ്ദത.

മലയിലെ പ്രസംഗത്തിന് മുമ്പും ശേഷവും യേശു പ്രാർത്ഥനയിൽ നിന്നാണ് ശക്തി നേടിയിരുന്നത്. പ്രഭാതത്തിൽ പിതാവിന്റെ ഹൃദയത്തിൽനിന്ന് വചനങ്ങൾ സ്വീകരിക്കുകയും സന്ധ്യയിൽ അവയെ വീണ്ടും പിതാവിന് സമർപ്പിക്കുകയും ചെയ്തിരിക്കാം.

യേശുവിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പിന്നിൽ പ്രാർത്ഥനയുണ്ടായിരുന്നു; പ്രവർത്തനങ്ങൾക്കുശേഷം വീണ്ടും പ്രാർത്ഥനയിലേക്കുള്ള മടക്കയാത്രയും ഉണ്ടായിരുന്നു. അതുകൊണ്ട് നമ്മുടെ ജീവിതത്തിലും പ്രവർത്തനങ്ങൾക്ക് മുമ്പും ശേഷവും പ്രാർത്ഥന ഉണ്ടായിരിക്കണം. പ്രവർത്തനത്തിന്റെയും പ്രാർത്ഥനയുടെയും ഈ അറ്റുപിരിയാത്ത ബന്ധം വളർത്തിയെടുക്കുമ്പോഴാണ് നമ്മുടെ ജീവിതവും യേശുവിന്റെ ജീവിതത്തെപ്പോലെ ദൈവികസാന്നിധ്യത്താൽ നിറയുന്നത്.

(സമാപന പ്രാർത്ഥന)

സ്നേഹനിധിയായ ദൈവമേ, ഈ ധ്യാനസമയത്തിനും ഇതിലൂടെ ഞങ്ങളിലേക്ക് ചൊരിഞ്ഞ അനുഗ്രഹങ്ങൾക്കും ഞങ്ങൾ നന്ദി പറയുന്നു. പ്രാർത്ഥനാമുറിയുടെ മഹത്വവും അതിന്റെ ആത്മീയ ശക്തിയും ഇന്ന് ഞങ്ങൾ ധ്യാനിച്ചു. യേശുവേ, പ്രാർത്ഥനാമുറി അങ്ങയുടെ സാന്നിധ്യം അനുഭവിക്കുവാനും അങ്ങയോട് കൂടുതൽ അടുത്തുവരുവാനും ഞങ്ങ

ളെ സഹായിക്കുന്ന ഒരു വിശുദ്ധസ്ഥലമായി എന്നും നിലനിൽക്കട്ടെ. അവിടെ ഞങ്ങളുടെ ഹൃദയങ്ങൾ തുറന്ന് അങ്ങയോട് സംസാരിക്കാനും അങ്ങയുടെ സ്വരം ശ്രദ്ധയോടെ കേൾ ക്കാനും ഞങ്ങളെ പഠിപ്പിക്കേണമേ.

യേശുവേ, ഞങ്ങളുടെ ദുർബലതകളിൽ ഞങ്ങളെ ശക്തിപ്പെടുത്തേണമേ. ആശങ്കകളിലും പരീക്ഷകളിലും പ്രാർത്ഥനാമുറി ഞങ്ങൾക്ക് ആശ്വാസത്തിന്റെയും ധൈര്യത്തിന്റെയും ഉറവിടമായിരിക്കട്ടെ. അവിടെ ചെലവഴിക്കുന്ന ഓരോ നിമിഷവും ഞങ്ങളുടെ ആത്മീയ ജീവിതത്തെ നവീകരിക്കുകയും വിശ്വാസത്തിൽ വളർത്തുകയും ചെയ്യട്ടെ.

ഞങ്ങളുടെ കുടുംബങ്ങൾക്കും സമൂഹത്തിനും സഭയ്ക്കും ലോകത്തിനും വേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുന്ന ഹൃദയം ഞങ്ങൾക്ക് നൽകേണമേ. ഞങ്ങളുടെ പ്രാർത്ഥനകൾ അങ്ങയുടെ തിരുഹിതത്തിനനുസരിച്ച് ഫലപ്രദമാകട്ടെ. പ്രാർത്ഥനാമുറിയിൽനിന്ന് ശക്തിയാർജിച്ച ഞങ്ങൾ, അങ്ങയുടെ സ്നേഹത്തിന്റെയും കരുണയുടെയും സാക്ഷികളായി ലോകത്തിൽ ജീവിക്കുവാൻ അനുഗ്രഹിക്കേണമേ.

ഞങ്ങളുടെ എല്ലാ ചിന്തകളും വാക്കുകളും പ്രവർത്തനങ്ങളും അങ്ങയുടെ മഹത്വത്തിനായിരിക്കട്ടെ. പ്രാർത്ഥനാമുറിയിൽ ആരംഭിച്ച അങ്ങയുമായുള്ള ആത്മീയസൗഹൃദം ഞങ്ങളുടെ ജീവിതത്തിന്റെ ഓരോ നിമിഷത്തിലും തുടരുവാൻ കൃപ നൽകേണമേ. ഇതെല്ലാം ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി അങ്ങയോട് യാചിക്കുന്നു. ആമ്മേൻ.

2.2
പ്രാർത്ഥനാമുറി: ചാവറ ധ്യാനം

(ആമുഖ പ്രാർത്ഥന)

സ്നേഹപിതാവായ ഈശോയെ, അങ്ങയുടെ മക്കളെന്ന നിലയിൽ സ്നേഹത്തോടും വിശ്വാസത്തോടും കൂടി ഞങ്ങൾ അങ്ങയുടെ സന്നിധിയിൽ വരുന്നു. ഞങ്ങളുടെ ഹൃദയങ്ങൾ അങ്ങയുടെ മുമ്പിൽ തുറന്നു വെച്ച്, അങ്ങയുടെ സാന്നിധ്യത്തിൽ സ്വസ്ഥമായിരിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ രാജ്യം ഞങ്ങളുടെ ഹൃദയങ്ങളിലും സമൂഹത്തിലും വരണമേ. അങ്ങയുടെ ഹിതം തിരിച്ചറിഞ്ഞ് സന്തോഷത്തോടെ അതനുസരിച്ച് ജീവിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. ഞങ്ങളുടെ ദൈനംദിന ജീവിതത്തിലെ ആവശ്യങ്ങളിലും സന്തോഷങ്ങളിലും പ്രയാസങ്ങളിലും അങ്ങയുടെ പിതൃപരിപാലനത്തിൽ വിശ്വസിക്കുവാൻ കൃപ നൽകണമേ. ഞങ്ങൾക്കു ലഭിക്കുന്ന എല്ലാ നന്മകളും അങ്ങയുടെ സ്നേഹദാനങ്ങളായി തിരിച്ചറിയുവാനും, അവ മറ്റുള്ളവരുമായി പങ്കുവെക്കുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ. അങ്ങയുടെ സ്നേഹത്തിൽ വളരുന്ന മക്കളെന്ന നിലയിൽ, പരസ്പരം ക്ഷമിക്കാനും സ്വീകരിക്കാനും സ്നേഹിക്കാനും ഞങ്ങളെ പഠിപ്പിക്കണമേ. ചാവറ പിതാവിന്റെ വിനയവും ലാളിത്യവും ഹൃദയശുദ്ധിയും ഞങ്ങളുടെ ജീവിതത്തിലും വളരട്ടെ.

സ്നേഹപിതാവേ, ഈ ധ്യാനസമയത്ത് അങ്ങയുടെ സ്നേഹസാന്നിധ്യം കൂടുതൽ ആഴത്തിൽ അനുഭവിക്കുവാൻ ഞങ്ങളെ അനുവദിക്കണമേ. അങ്ങയുടെ മക്കളെന്ന നമ്മുടെ മഹത്തായ വിളി തിരിച്ചറിഞ്ഞ്, വിശ്വാസത്തിലും സ്നേഹത്തിലും സമാധാനത്തിലും വളരുവാൻ കൃപ നൽകണമേ. വി. ചാവറ പിതാവിനെപ്പോലെ, 'എന്റെ അപ്പാ' എന്ന ഹൃദയവിശ്വാസത്തോടെ അങ്ങയിൽ ആശ്രയിച്ച് ജീവിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. ഇതെല്ലാം ഞങ്ങളുടെ കർത്താവായ ഈശോമിശിഹാ വഴി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

(വായന: ധ്യാനസല്ലാപം)

"ഞാൻ ഇതാ എന്റെ പാപത്തിന്മേൽ മനസ്താപപ്പെട്ടുകൊണ്ട് ആയതിന്റെ മുഴുവനായ പൊറുതിയും സമാധാനവും കിട്ടുവാനുള്ള ആഗ്രഹത്തോടെ എന്റെ അപ്പന്റെ തിരുമുമ്പിൽ വരുന്നു. ധ്യാനമുറിയിൽ ഇതാ എന്റെ മനോഗുണ അപ്പൻ ഈശോമിശിഹാ അനുഗ്രഹത്തിന്റെ സിംഹാസനത്തിൽ എഴുന്നുള്ളിയിരിക്കുന്നു... ഇതാ എന്റെ അപ്പന്റെ പക്കലോട്ടു ഞാൻ പുറപ്പെടുന്നു. ആ! എത്ര നാളായി ഞാൻ എന്റെ അപ്പന്റെ തിരുമുഖം കണ്ടിട്ട്. ആ എളിയ മകനെപ്പോലെ എന്റെ അപ്പൻ എനിക്ക് തന്നിരുന്ന സമ്പത്തുകളൊക്കെയും ധൂളിച്ചു (ധൂർത്തടിച്ച്) കളഞ്ഞ് അധർമ്മക്കാരന് വേലചെയ്ത് അവന്റെ പോർക്കുകളെ മേയിച്ചു നടക്കുന്നു. ഇതിന്റെ തീൻകൂടെയും തൃപ്തിയായി കിട്ടാതെ പഞ്ഞത്തോൽ മെലിഞ്ഞു. എന്റെ അപ്പൻ തന്നിരുന്ന ആ നല്ല വസ്ത്രങ്ങളൊക്കെയും കളഞ്ഞ് നാണം മറപ്പാൻ കൂടെയും പാടില്ലായ്കയാൽ കില്ലത്തുണിയും (ക്രീറപ്പഴന്തുണി) ധരിച്ചിരിക്കുന്നു; എങ്കിലും ഈ വേഷത്തോടുകൂടെത്തന്നെ ഞാൻ ചെല്ലട്ടെ. അതെന്ത്യ, ഇനി താമസിച്ചാൽ ചത്തുപോകുമല്ലോ. ഇതിനാൽ എന്റെ കാട്ടുവടിയും തൊപ്പിപ്പാളയും ഞാൻ എടുത്തുകൊണ്ടിതാ നടക്കുന്നു."[1] ... "ആ പ്രിയ മുള്ള അപ്പാ! നീ എഴുന്നെള്ളിയിരിക്കുന്ന ഈ കസേരയുടെ പുറകിൽ അടിയൻ മുട്ടുകുത്തിയിരിക്കയാൽ എനിക്കുവേണ്ടി ആണികളാൽ കഴിയ്ക്കപ്പെട്ട (തുളയ്ക്കപ്പെട്ട) വരളാതെ (ഉണങ്ങാതെ) വച്ചിരിക്കുന്ന ഈ തൃപ്പാദങ്ങളെ ഞാൻ പിടിച്ചിരിക്കുകയാണ്."[2] ... "ആ എന്റെ അനുഗ്രഹമുള്ള അപ്പാ! ഞാൻ എന്റെ കണ്ണുകളെ പൊക്കി നിന്റെ തിരുമുഖത്തിൽ സൂക്ഷിപ്പാൻ വശമാകുന്നില്ലല്ലോ... അയ്യോ! എന്റെ അപ്പാ, നിന്റെ തിരുമുഖം എത്രയും അഴകുള്ളത് സൃഷ്ടിക്കപ്പെട്ട സകല മുഖങ്ങളിൽ അഴകുള്ളതും മനുഷ്യമക്കളിൽ അഴകുള്ളവനെ എന്ന് എന്റെ പിതാവ് ദാവീദ് പാടുന്നതിനെയും ഞങ്ങൾ കേൾക്കുന്നു... എന്റെ മനോഗുണമുള്ള നല്ല അപ്പാ! ഈ മുഖം എനിക്കിപ്പോൾ എത്രയും ദുഃഖിക്കുന്നതായിരിക്കുന്നുവല്ലോ... അപ്പാ എന്റെ കണ്ണു പൊക്കട്ടെ. ഞാൻ എന്റെ നന്ദിയില്ലാത്ത കണ്ണിനെ, എന്നെ പാർത്തു വിളിക്കുന്നു. മനോഹരമായ മുഖത്തോട്ടുയർത്തട്ടെ... ആ! അയ്യോ! എന്റെ അപ്പന്റെ മുഖത്തെ ഇങ്ങനെ വിരൂപമാക്കിയത് ഞാൻ തന്നെയല്ലയോ."[3]

---

[1] ചാവറയച്ചൻ, *ആദ്ധ്യാത്മിക കൃതികൾ*, 16.
[2] ചാവറയച്ചൻ, *ആദ്ധ്യാത്മിക കൃതികൾ*, 18.
[3] ചാവറയച്ചൻ, *ആദ്ധ്യാത്മിക കൃതികൾ*, 19.

(ധ്യാനവിചിന്തനം)

2.2.1. "ഞാൻ എന്റെ അപ്പന്റെ അടുത്തേക്ക് പോകുന്നു."

പള്ളിയിലേക്കോ ചാപ്പലിലേക്കോ പോകുന്നു എന്നു പറയുന്നതിനുപകരം, ചാവറയച്ചൻ പലപ്പോഴും ഉപയോഗിച്ചിരുന്ന പ്രയോഗം ഇതായിരുന്നു: "ഞാൻ എന്റെ അപ്പന്റെ അടുക്കലേക്ക് പോകുന്നു"; "ഞാൻ എന്റെ അപ്പന്റെ കസേരയുടെ അടുത്തേക്ക് പോകുന്നു." ദൈവത്തെ തന്റെ സ്നേഹനിധിയായ പിതാവായി കണ്ടിരുന്ന വി. ചാവറ പിതാവ്, തന്നെ ആ പിതാവിന്റെ പ്രിയപുത്രനായി മനസ്സിലാക്കിയിരുന്നു.

ചാപ്പലിലേക്ക് പോകുന്നത് വി. ചാവറ പിതാവിന് ഒരു സ്ഥലസന്ദർശനമല്ല; ഒരു വ്യക്തിയെ സമീപിക്കുന്ന അനുഭവമാണ്. ദൈവം പിതാവിന് ഒരു ആശയമോ സങ്കൽപ്പമോ ആയിരുന്നില്ല; മറിച്ച്, 'അപ്പാ' എന്നു സ്നേഹത്തോടെ വിളിക്കാവുന്ന ഒരു വ്യക്തിയും ജീവിക്കുന്ന സാന്നിധ്യവുമായിരുന്നു. അതുകൊണ്ട് ദൈവസന്നിധി അദ്ദേഹത്തിന് ഒരു കെട്ടിടമല്ലായിരുന്നു; അത് ഒരു ബന്ധമായിരുന്നു: "അപ്പന്റെ തിരുമുമ്പിൽ വരുന്നു."

യേശു ദൈവത്തെ 'പിതാവേ' എന്നു വിളിക്കുവാൻ നമ്മെ പഠിപ്പിച്ചു. കുടുംബബന്ധത്തിന്റെ പശ്ചാത്തലത്തിലാണ് ദൈവത്തെ അറിയാനും അനുഭവിക്കാനും അവിടുന്ന് നമ്മെ ക്ഷണിക്കുന്നത്. തന്റെ വിടവാങ്ങലിനെക്കുറിച്ച് സംസാരിക്കുമ്പോൾ യേശു, "ഞാൻ സ്വർഗ്ഗത്തിലേക്ക് പോകുന്നു" എന്നല്ല പറഞ്ഞത്; മറിച്ച്, "ഞാൻ എന്റെ പിതാവിന്റെ അടുക്കലേക്ക് പോകുന്നു" (യോഹ 14:12; 16:10, 28) എന്നാണ് പറഞ്ഞത്.

ഈ വാക്കുകളിൽ ഒളിഞ്ഞിരിക്കുന്ന ആത്മീയ രഹസ്യം എന്താണ്? 'സ്വർഗ്ഗം' ഒരു സ്ഥലത്തെ സൂചിപ്പിക്കുന്നു; 'പിതാവ്' ഒരു ബന്ധത്തെ സൂചിപ്പിക്കുന്നു. യേശു തന്റെ മടങ്ങിപ്പോക്കിനെ ഭൂമിശാസ്ത്രപരമായ ഒരു യാത്രയായി അവതരിപ്പിച്ചില്ല; മറിച്ച്, ഒരു ബന്ധത്തിന്റെ പൂർണതയായാണ് അവതരിപ്പിച്ചത്. ക്രിസ്തീയ വിശ്വാസം ആദ്യം ഒരു ബന്ധമാണ്—പിതാവുമായുള്ള, പുത്രനുമായുള്ള, പരിശുദ്ധാത്മാവുമായുള്ള സ്നേഹബന്ധം.

യേശു "സ്വർഗ്ഗത്തിലേക്ക് പോകുന്നു" എന്നു മാത്രം പറഞ്ഞിരുന്നുവെങ്കിൽ, നമ്മുടെ ശ്രദ്ധ സ്വർഗ്ഗത്തിന്റെ മഹത്വത്തിലും അവിടുത്തെ മറ്റു സൗഭാഗ്യങ്ങളിലും പതിഞ്ഞേനേ. എന്നാൽ, "എന്റെ പിതാവിന്റെ അടുക്കലേക്ക് പോകുന്നു" എന്ന് പറഞ്ഞപ്പോൾ, അവിടുന്ന് നമ്മുടെ ശ്രദ്ധ

യെ ഒരു വ്യക്തിയിലേക്കും ഒരു ബന്ധത്തിലേക്കും തിരിച്ചു. സ്വർഗ്ഗം സ്വർണ്ണവീഥികളാൽ മഹത്വമുള്ളതല്ല; പിതാവിന്റെ സ്നേഹസാന്നിധ്യം കൊണ്ട് മഹത്വീകൃതമായതാണ്. നിത്യജീവിതം ഒരു സ്ഥലത്തേക്കാളു പരി ഒരു സ്നേഹബന്ധമാണ്.

യേശു പിതാവിന്റെ ഇഷ്ടം നിറവേറ്റാനാണ് ഭൂമിയിൽ വന്നത്. അതു കൊണ്ട് 'മടങ്ങുന്നു' എന്ന അവിടുത്തെ വാക്കിൽ ഒരു ദൗത്യം പൂർത്തി യായതിന്റെ സന്തോഷവും സാഫല്യവും അടങ്ങിയിരിക്കുന്നു. ഒരു മകൻ തന്റെ ദൗത്യം പൂർത്തിയാക്കി വീട്ടിലേക്ക് മടങ്ങുന്നതുപോലെ, പിതാ വിന്റെ പ്രിയപുത്രൻ പിതാവിന്റെ ഹിതം നിറവേറ്റി അവിടുത്തെ അടുക്ക ലേക്ക് മടങ്ങുന്നു. പിതാവിന്റെ അടുക്കലേക്ക് മടങ്ങുന്ന യേശു, നമ്മെ യും ആ ബന്ധത്തിലേക്ക് ക്ഷണിക്കുന്നു. രക്ഷ എന്നത് സ്വർഗ്ഗ പ്രവേ ശനം മാത്രമല്ല; പിതാവിന്റെ മക്കളായി സ്വീകരിക്കപ്പെടലുമാണ്. സുവി ശേഷം ഒരു ടിക്കറ്റല്ല; അത് ദത്തപുത്രത്വത്തിന്റെ വരമാണ്. ഇന്ന് പല ർക്കും സ്വർഗ്ഗം വേണം; എന്നാൽ പിതാവിനെ അറിയാൻ സമയം ഇല്ല. യേശുവിന് അങ്ങനെയായിരുന്നില്ല. പിതാവില്ലാത്ത സ്വർഗ്ഗം അവിടു ത്തേക്ക് അർത്ഥശൂന്യമായിരുന്നു. കാരണം, അവിടുത്തെ ഹൃദയത്തി ന്റെ ആഗ്രഹം ഒരു സ്ഥലമല്ലായിരുന്നു; ഒരു വ്യക്തിയായിരുന്നു— പിതാവ്.

ഉയിർപ്പും ആരോഹണവും യേശുവിനെ സംബന്ധിച്ചിടത്തോളം ഒരു ബന്ധത്തിന്റെ പൂർണതയാണ്. നിത്യസ്നേഹത്തിന്റെ വലയത്തിലേക്ക് മനുഷ്യസ്വഭാവത്തെ കൂട്ടിക്കൊണ്ടുപോകുന്ന സംഭവമാണ് അത്. യേശു പിതാവിന്റെ അടുക്കലേക്ക് മടങ്ങുമ്പോൾ, നമ്മുടെ മനുഷ്യജീവിതത്തെ യും ആ ദൈവിക സ്നേഹബന്ധത്തിലേക്ക് ഉയർത്തുവാൻ ആഗ്രഹി ക്കുന്നു. യേശുവിന്റെ വാക്കുകൾ നമ്മെ പഠിപ്പിക്കുന്നത് ഇതാണ്: നിത്യ ജീവിതം ഒരു സ്ഥലമല്ല; അത് ഒരു വീടാണ്. നിത്യജീവിതം ഒരു ലക്ഷ്യ സ്ഥാനമല്ല; അത് പിതാവിന്റെ അടുക്കലുള്ള സ്നേഹസാന്നിധ്യമാണ്.

2.2.2. ചാപ്പൽ: ഒരു ഇടമല്ല, ഒരു സന്നിധാനം

വി. ചാവറ പിതാവ്, യേശു പഠിപ്പിച്ച പുതിയ നിയമത്തിലെ അമൂല്യമായ *ആബാ* ആത്മീയത ജീവിതത്തിൽ ആഴത്തിൽ സ്വാംശീകരിച്ച വ്യക്തി യാണ്. പലർക്കും ചാപ്പൽ ഒരു ആരാധനാലയമോ പുണ്യസ്ഥലമോ ആയിരിക്കാം. എന്നാൽ ചാവറയച്ചന് അത് സ്വന്തം അപ്പന്റെ ഭവനമാ യിരുന്നു. അവിടെ കസേരയിൽ എഴുന്നള്ളിയിരിക്കുന്ന കർത്താവിനെ അദ്ദേഹം സ്നേഹപൂർവം അഭിസംബോധന ചെയ്യുന്നു; ആ സിംഹാ സനത്തിന്റെ പുറകിൽ മുട്ടുകുത്തിനിന്ന് ഇങ്ങനെ പ്രാർത്ഥിക്കുന്നു:

“ആ പ്രിയമുള്ള അപ്പാ, നീ എഴുന്നെള്ളിയിരിക്കുന്ന ഈ കസേരയുടെ പുറകിൽ അടിയൻ മുട്ടുകുത്തിയിരിക്കയാൽ എനിക്കുവേണ്ടി ആണികളാൽ തുളയ്ക്കപ്പെട്ട ഉണങ്ങാതെ വച്ചിരിക്കുന്ന ഈ തിരുപ്പാദങ്ങളെ ഞാൻ പിടിച്ചിരിക്കുകയാണ്.”

ഇവിടെ ദൈവം ദൂരെയിരിക്കുന്ന ഒരു ഭരണാധികാരിയല്ല. ക്രൂശിൽ തുളയ്ക്കപ്പെട്ട തിരുപ്പാദങ്ങൾ ഇന്നും ജീവന്റെ അടയാളമായി നിലകൊള്ളുന്നു. ആ പാദങ്ങളെ മുറുകെപ്പിടിക്കുന്നത് ഒരു പ്രതിമയുടെ മുമ്പിലുള്ള ഭക്തിചേഷ്ടയല്ല; ജീവനുള്ള കർത്താവിന്റെ കരുണാമയ സാന്നിധ്യത്തോടുള്ള ആത്മസമർപ്പണമാണ്.

തുടർന്ന് ചാവറ പിതാവ് പറയുന്നു: “ആ എന്റെ അനുഗ്രഹമുള്ള അപ്പാ! ഞാൻ എന്റെ കണ്ണുകളെ പൊക്കി നിന്റെ തിരുമുഖത്തിൽ സൂക്ഷിപ്പാൻ വശമാകുന്നില്ലല്ലോ...” ഇവിടെ തലകുനിയുന്നത് ഭയത്താലല്ല, മറിച്ച് സ്നേഹത്തിന്റെ മുമ്പിൽ ഉണരുന്ന വിനയവും അനുതാപവും കൊണ്ടാണ്. ഈ നിമിഷത്തിൽ അദ്ദേഹത്തിന്റെ മനസ്സ് ദാവീദിന്റെ സങ്കീർത്തനത്തിലേക്ക് തിരിയുന്നു: “നീ മനുഷ്യമക്കളിൽ ഏറ്റവും സുന്ദരൻ” (സങ്കീ 45:2). ദൈവത്തിന്റെ സൗന്ദര്യം സൃഷ്ടിയിലെ മറ്റെല്ലാ സൗന്ദര്യങ്ങളെയും അതിലംഘിക്കുന്ന ഒന്നായി പിതാവിന് അനുഭവപ്പെടുന്നു. എന്നാൽ ആ ആനന്ദാനുഭവം പെട്ടെന്ന് ഒരു ആത്മവേദനയ്ക്ക് വഴിമാറുന്നു: “എന്റെ മനോഗുണമുള്ള നല്ല അപ്പാ! ഈ മുഖം എനിക്കിപ്പോൾ എത്രയും ദുഃഖിക്കുന്നതായിരിക്കുന്നുവല്ലോ...” പിന്നെ ഒരു തിരിച്ചറിവ്: “ആ! അയ്യോ! എന്റെ അപ്പന്റെ മുഖത്തെ ഇങ്ങനെ വിരൂപമാക്കിയത് ഞാൻ തന്നെയല്ലയോ.”

ദൈവം ഒരു നിയമമോ ആശയമോ മാത്രമല്ല; സ്നേഹിക്കുന്ന ഒരു ഹൃദയമാണ്. അതിനാൽ പാപം ഒരു നിയമലംഘനം മാത്രമല്ല, നമ്മെ സ്നേഹിക്കുന്ന ദൈവഹൃദയത്തെ മുറിപ്പെടുത്തുന്ന യാഥാർഥ്യവുമാണ്. “ഞാൻ എന്റെ അപ്പന്റെ അടുക്കലേക്ക് പോകുന്നു” എന്ന ചാവറയച്ചന്റെ പ്രയോഗം മൂന്ന് ആത്മീയ സത്യങ്ങൾ വെളിപ്പെടുത്തുന്നു. ഒന്നാമതായി, സമീപ്യം—ദൈവത്തെ ‘അപ്പാ’ എന്നു വിളിക്കാനുള്ള ധൈര്യം ഒരു പുത്രന്റെ ആത്മവിശ്വാസത്തിൽ നിന്നാണ് ഉദ്ഭവിക്കുന്നത്. രണ്ടാമതായി, വ്യക്തിപരമായ സംഭാഷണം—ഇവിടെ പ്രാർത്ഥന ഒരു ആചാരമല്ല; ഹൃദയങ്ങൾ തമ്മിലുള്ള സംഭാഷണമാണ്. മൂന്നാമതായി, സ്നേഹത്തിൽനിന്ന് ജനിക്കുന്ന അനുതാപം—കുറ്റബോധം മനുഷ്യനെ അകറ്റുന്നില്ല; മറിച്ച് കൂടുതൽ അടുക്കാൻ പ്രേരിപ്പിക്കുന്നു.

അതിനാൽ, ചാപ്പലിലേക്ക് പോകുമ്പോൾ "ഞാൻ ഒരു സ്ഥലത്തേക്ക് പോകുന്നു" എന്നു പറയുന്നതിനേക്കാൾ "ഞാൻ എന്റെ അപ്പനെ കാണാൻ പോകുന്നു" എന്നു പറയാൻ കഴിയുന്ന ആത്മബന്ധം വളർത്തിയെടുക്കുക എന്നതാണ് ചാവറയച്ചന്റെ സന്ദേശം. ദൈവം ഒരു ആശയമല്ല; അവിടുന്ന് ജീവിക്കുന്ന വ്യക്തിയാണ്. അവിടുത്തോട് സംസാരിക്കാം, ഹൃദയം പങ്കുവയ്ക്കാം, സ്നേഹിക്കാം. തിരുപ്പാദങ്ങൾക്കരികിൽ മുട്ടുകുത്തിയ ചാവറയച്ചൻ നമ്മെ പഠിപ്പിക്കുന്നത് ഇതാണ്: പ്രാർത്ഥന ഒരു കർമ്മമല്ല, ഒരു കൂടിക്കാഴ്ചയാണ്; ചാപ്പൽ ഒരു കെട്ടിടമല്ല, സ്നേഹനിധിയായ അപ്പന്റെ സന്നിധാനമാണ്.

2.2.3. സ്ഥലത്തിൽ നിന്ന് ബന്ധത്തിലേക്ക്

"ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുക്കൽ പോകും..." (ലൂക്കാ 15:18). ഈ വാക്കുകൾ വെറും ആത്മീയ വികാരപ്രകടനമല്ല; വിശുദ്ധ ഗ്രന്ഥത്തിൽ ആഴമായി വേരൂന്നിയ ധൂർത്തപുത്രന്റെ അനുഭവമാണ്. ചാവറയച്ചന്റെ "ഞാൻ എന്റെ അപ്പന്റെ അടുക്കൽ പോകുന്നു" എന്ന വാക്കുകൾ ഈ സുവിശേഷാനുഭവത്തിന്റെ പ്രതിധ്വനിയാണ്. ഇവിടെ മടങ്ങിപ്പോകുന്നത് ഒരു വീടിലേക്കല്ല; ഒരു ബന്ധത്തിലേക്കാണ്.

മനുഷ്യന്റെ ആന്തരികാവസ്ഥ എങ്ങനെ അവന്റെ ബന്ധങ്ങളെ നിർണയിക്കുന്നു എന്നതിന്റെ ഏറ്റവും ശക്തമായ ഉദാഹരണമാണ് ധൂർത്തപുത്രന്റെ ഉപമ. ഈ കഥയിൽ ഒരേ വ്യക്തിയുടെ ജീവിതത്തിൽ പ്രത്യക്ഷപ്പെടുന്ന തികച്ചും വ്യത്യസ്തമായ രണ്ടു മനോഭാവങ്ങൾ നാം കാണുന്നു: (1) സ്ഥലകേന്ദ്രീകൃതമായ മനോഭാവവും (2) വ്യക്തികേന്ദ്രീകൃതമായ മനോഭാവവും.

(1) പന്നികളോടൊപ്പം—സ്ഥലകേന്ദ്രീകൃതമായ മനോഭാവം: ധൂർത്തപുത്രൻ പിതാവിന്റെ ഭവനം വിട്ട് ദൂരദേശത്തേക്ക് പോയപ്പോൾ, അവൻ സ്വാതന്ത്ര്യം അന്വേഷിക്കുകയായിരുന്നു. എന്നാൽ ആ സ്വാതന്ത്ര്യത്തിന്റെ യാത്ര ഒടുവിൽ അവനെ പന്നികളുടെ ഇടയിൽ എത്തിച്ചു. അവിടെ ഒരു കാര്യം ശ്രദ്ധേയമാണ്. അവൻ ആരുമായും ബന്ധപ്പെടുന്നില്ല. പിതാവിനെ ഓർക്കുന്നില്ല. സഹോദരനെ ഓർക്കുന്നില്ല. സുഹൃത്തുക്കളില്ല, സ്നേഹബന്ധങ്ങളില്ല. അവൻ പന്നികളോടൊപ്പമുണ്ട്; എന്നാൽ യഥാർത്ഥത്തിൽ അവൻ ഒരു സ്ഥലത്തോടാണ് ബന്ധിക്കപ്പെട്ടിരിക്കുന്നത്. ചുറ്റും ജീവികൾ ഉണ്ടായിരുന്നെങ്കിലും, ഉള്ളിൽ ബന്ധങ്ങൾ ഇല്ലായിരുന്നു. ഒരു വ്യക്തിയെന്ന നിലയിൽ ജീവിച്ചിരുന്ന അവൻ, ഒരു സാഹചര്യത്തിന്റെ ഭാഗമാത്രമായി ചുരുങ്ങിപ്പോയി.

പാപവും തെറ്റായ തിരഞ്ഞെടുപ്പുകളും മനുഷ്യനെ ആദ്യം ബന്ധങ്ങളിൽ നിന്ന് അകറ്റുന്നു; പിന്നീട് സാഹചര്യങ്ങളുടെ തടവുകാരനാക്കുന്നു. അവൻ ഇനി 'ആരുടെയോ മകൻ' അല്ല; 'പന്നികളെ നോക്കുന്ന ഒരാൾ' മാത്രമാണ്. താത്വികമായി പറഞ്ഞാൽ, ഒരു subject ആയിരുന്ന മകൻ ഒരു object ആയി അധഃപതിക്കുന്നു. അവന്റെ ബോധത്തിൽ ബന്ധങ്ങളില്ല; സാഹചര്യങ്ങൾ മാത്രം.

(ii) മനസ്സുമാറിയ നിമിഷം—വ്യക്തികേന്ദ്രീകൃതമായ മനോഭാവം: എന്നാൽ ഉപമയുടെ വഴിത്തിരിവ് അത്ഭുതകരമാണ്. 'അവന് സുബോധം വന്നപ്പോൾ' അവൻ പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക: "ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുത്തേക്കു പോകും." അവൻ പറഞ്ഞില്ല: 'ഞാൻ എന്റെ വീട്ടിലേക്ക് പോകും.' ഇവിടെയാണ് വലിയ മാറ്റം സംഭവിക്കുന്നത്. പന്നികളുടെ ഇടയിൽ ആയിരുന്നപ്പോൾ അവന്റെ ബോധം ഒരു സ്ഥലത്തിൽ കേന്ദ്രീകരിച്ചിരുന്നു. മനസ്സുമാറിയപ്പോൾ അവന്റെ ബോധം ഒരു വ്യക്തിയിലേക്ക് തിരിയുന്നു—പിതാവിലേക്ക്. വീട് ഒരു കെട്ടിടമാണ്; പിതാവ് ഒരു ബന്ധമാണ്. അവൻ തിരിച്ചറിഞ്ഞത് തനിക്ക് നഷ്ടമായത് ഒരു സൗകര്യമല്ല, ഒരു സ്നേഹമാണെന്ന്. അവനെ വേദനിപ്പിച്ചത് വിശപ്പല്ല; പിതാവിൽ നിന്നുള്ള അകൽച്ചയാണ്. അവൻ ആഗ്രഹിച്ചത് അപ്പം മാത്രമല്ല; കരുണയും സ്വീകരണവും കൂടിയാണ്.

പാപത്തിൽ സ്ഥലം; കൃപയിൽ ബന്ധം: ഈ ഉപമയിൽ നാം രണ്ടു വിരുദ്ധ നിലപാടുകൾ കാണുന്നു:

1) പാപത്തിൽ—മനുഷ്യൻ സ്ഥലങ്ങളിൽ ജീവിക്കുന്നു, ബന്ധങ്ങളിൽ അല്ല.

2) കൃപയിൽ—മനുഷ്യൻ ബന്ധങ്ങളിൽ ജീവിക്കുന്നു, സ്ഥലങ്ങളിൽ അല്ല.

പന്നികളുടെ ഇടയിൽ അവൻ 'ഞാൻ ഇവിടെ ആണ്' എന്ന അവസ്ഥയിൽ ജീവിച്ചു. പിതാവിനെ ഓർത്തപ്പോൾ അവൻ പറഞ്ഞു: 'ഞാൻ അവന്റെ അടുക്കൽ പോകും.' ആദ്യത്തേത് സ്ഥലകേന്ദ്രികൃതമായ ചിന്തയാണ്; രണ്ടാമത്തേത് വ്യക്തികേന്ദ്രികൃതമായ അവബോധം.

ഇത് നമ്മുടെ ജീവിതത്തിലും സംഭവിക്കാം. നാം വീഴ്ചകളിലും തെറ്റുകളിലും അകപ്പെടുമ്പോൾ, സാഹചര്യങ്ങളാലാണ് നമ്മെത്തന്നെ നിർവചിക്കുന്നത്: 'ഞാൻ ഈ ജോലിയിലാണ്'; 'ഞാൻ ഈ നഗരത്തിലാണ്'; 'ഞാൻ ഈ അവസ്ഥയിലാണ്.' എന്നാൽ ആത്മബോധം വീണ്ടെടുക്കു

മ്പോൾ, നമ്മുടെ ഭാഷ മാറുന്നു: 'ഞാൻ ദൈവത്തിന്റെ മകനാണ്'; 'ഞാൻ പിതാവിന്റെ സന്നിധിയിലാണ്.'

ധൂർത്തപുത്രന്റെ കഥ നമ്മെ പഠിപ്പിക്കുന്നത് ഇതാണ്: നമ്മുടെ വീഴ്ചകൾ നമ്മെ സ്ഥലങ്ങളോട് ബന്ധിപ്പിക്കുന്നു; നമ്മുടെ പശ്ചാത്താപം നമ്മെ വീണ്ടും ബന്ധങ്ങളിലേക്ക് തിരികെ കൊണ്ടുവരുന്നു. പന്നികളുടെ ഇടയിൽ അവൻ ഒറ്റക്കായിരുന്നു—ചുറ്റും ജീവികൾ ഉണ്ടായിരുന്നിട്ടും. പിതാവിന്റെ അടുക്കലേക്ക് മടങ്ങിയപ്പോൾ, ദൂരെയായിരിക്കെതന്നെ അവൻ സ്നേഹത്താൽ വളയപ്പെട്ടു. അവസാനം, രക്ഷ എന്നത് ഒരു വീട്ടിലേക്കുള്ള മടങ്ങിവരവ് മാത്രമല്ല; ഒരു ഹൃദയത്തിലേക്കുള്ള മടങ്ങിവരവാണ്. അതുകൊണ്ട്, നമ്മുടെ ജീവിതത്തിലും ചോദ്യം ഇതാണ്: നാം ഇപ്പോൾ ഒരു സ്ഥലത്തോടാണോ ബന്ധിക്കപ്പെട്ടിരിക്കുന്നത്, അതോ ദൈവപിതാവിനോടോ? കാരണം, നമ്മുടെ യഥാർത്ഥ വീട് ഒരു കെട്ടിടമല്ല—ഒരു ബന്ധമാണ്.

2.2.4. സ്ഥലം, പേര്, സന്നിധാനം

മുകളിൽ പങ്കുവെച്ച ചിന്ത എളുപ്പത്തിൽ മനസ്സിലാക്കുന്നതിനായി, ഒരു ഉദാഹരണത്തിന്റെ സഹായത്തോടെ നമുക്ക് ധ്യാനിക്കാം. ധർമ്മാരാം ക്യാമ്പസിൽ നാം പലപ്പോഴും പറയാറുണ്ട്: 'I am at Christ'—അതായത്, ഞാൻ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിലാണ്; 'I am at Chavara'—അതായത്, ഞാൻ ചാവറ ഭവനിലാണ്. ഈ പ്രയോഗങ്ങളിൽ ഭാഷാപരമായി തെറ്റൊന്നുമില്ല. എന്നാൽ, ഇതിനെ മുകളിൽ പറഞ്ഞ ചിന്തയുടെ വെളിച്ചത്തിൽ അല്പം ആഴത്തിൽ പരിഗണിച്ചാൽ, ചില സൂക്ഷ്മമായ അർത്ഥവ്യതിയാനങ്ങൾ സംഭവിക്കുന്നതായി കാണാം. ഭാഷാപരമായി ഈ പ്രയോഗങ്ങളിൽ തെറ്റൊന്നുമില്ലെങ്കിലും, അറിഞ്ഞോ അറിയാതെയോ അവ നമ്മുടെ ശ്രദ്ധയെ വ്യക്തിയിൽ നിന്ന് സ്ഥലത്തിലേക്കും ബന്ധത്തിൽ നിന്ന് സ്ഥാപനത്തിലേക്കും മാറ്റുന്നുണ്ട്.

'ക്രൈസ്റ്റ്' എന്ന പേര് പലപ്പോഴും ക്രിസ്തുവിനെക്കാൾ ഒരു വിദ്യാഭ്യാസ സ്ഥാപനത്തെ സൂചിപ്പിക്കുന്നതായി മാറുന്നു. അതുപോലെ 'ചാവറ' എന്ന പേര് ഒരു വിശുദ്ധ വ്യക്തിത്വത്തെക്കാൾ ഒരു ഭവനത്തിന്റെ വിലാസമായി ചുരുങ്ങിപ്പോകുന്നു. പേരുകൾ സ്ഥാപനങ്ങളുടെയും കെട്ടിടങ്ങളുടെയും അടയാളങ്ങളായി മാത്രം ഉപയോഗിക്കപ്പെടുമ്പോൾ, അവ പ്രതിനിധാനം ചെയ്യുന്ന വ്യക്തിത്വങ്ങൾ നമ്മുടെ ബോധത്തിന്റെ പശ്ചാത്തലത്തിലേക്ക് നീങ്ങിപ്പോകാനുള്ള സാധ്യതയുണ്ട്.

ഇവിടെ ഒരു ദാർശനിക സത്യവും ഒളിഞ്ഞിരിക്കുന്നു. ഒരു വ്യക്തിയുടെ പേര് ക്രമേണ ഒരു സ്ഥലത്തിന്റെ പേരായി മാറുമ്പോൾ, ആ വ്യക്തിയുടെ ജീവിക്കുന്ന സാന്നിധ്യം നമ്മുടെ ചിന്തയിൽ മങ്ങിപ്പോകാം. ഒരു subject ആയി ആദരിക്കപ്പെടേണ്ട വ്യക്തി, ഒരു object-ആയി അല്ലെങ്കിൽ ഒരു വിലാസം എന്ന നിലയിലേക്ക് ചുരുങ്ങിപ്പോകുന്ന അപകടമാണത്.

ധർമ്മാരാം എന്ന പേരിനും ഒരു ആഴമുണ്ട്. 'ധർമ്മാരാം' എന്നത് 'പുണ്യങ്ങളുടെ പൂന്തോട്ടം' അല്ലെങ്കിൽ 'പുണ്യങ്ങളുടെ ആരാമം' എന്ന ആശയമാണ് നൽകുന്നത്. അത് എല്ലാ പുണ്യങ്ങളുടെയും പൂർണ്ണതയായ ഈശോയുടെ തിരുഹൃദയത്തെ അനുസ്മരിപ്പിക്കുന്നു. അതുകൊണ്ട് ധർമ്മാരാമിൽ ജീവിക്കുന്നു എന്നത് ഒരു ക്യാമ്പസിൽ താമസിക്കുന്നു എന്നതിലുപരി, ഈശോയുടെ തിരുഹൃദയത്തോട് ഇണങ്ങിയ ജീവിതം നയിക്കാനുള്ള ഒരു വിളിയാണ്.

അതുകൊണ്ട്, 'I am at Christ' എന്ന് പറയുമ്പോൾ അത് ഒരു സ്ഥല സൂചന മാത്രമായി നിൽക്കാതെ, 'ഞാൻ ക്രിസ്തുവിന്റെ സാന്നിധ്യത്തിൽ ജീവിക്കാൻ വിളിക്കപ്പെട്ടവനാണ്' എന്ന ആത്മബോധമായി മാറട്ടെ. 'I am at Chavara' എന്നത്, 'ഞാൻ ചാവറയുടെ ദർശനത്തിലും ദൗത്യത്തിലും പങ്കുചേരുന്നു' എന്ന ഓർമ്മപ്പെടുത്തലാകട്ടെ. 'I am at Dharmaram' എന്നത്, 'ഞാൻ കർത്താവിന്റെ തിരുഹൃദയത്തിന് അനുയോജ്യമായ ജീവിതം നയിക്കാൻ പരിശ്രമിക്കുന്നു' എന്ന പ്രതിജ്ഞയാകട്ടെ. അപ്പോൾ സ്ഥലം സന്നിധാനമായി മാറും; വിലാസം ഒരു വിളിയായി മാറും; പേര് വീണ്ടും ജീവിക്കുന്ന വ്യക്തിത്വത്തെ ഓർമ്മിപ്പിക്കും.

ഒരിക്കൽ നവസന്യാസം പൂർത്തിയാക്കി ഫിലോസഫി പഠനത്തിനായി ധർമ്മാരാമിൽ എത്തിയ ഒരു ബ്രദറിനോട്, അടുത്ത ദിവസം ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയെക്കുറിച്ച് സംസാരിക്കാൻ വൈസ് ചാൻസലർ വരുമെന്നും അതിന്റെ അവസാനം അദ്ദേഹത്തിന് നന്ദി പറയണമെന്നും മാസ്റ്റർ അച്ചൻ അറിയിച്ചു. നന്ദിപ്രസംഗം തയ്യാറാക്കിയ ബ്രദർ അത് തിരുത്തുന്നതിനായി മാസ്റ്റർ അച്ചനെ സമീപിച്ചു. വായിച്ചപ്പോൾ, ബ്രദർ ഒരു തെറ്റിദ്ധാരണയിൽ എത്തിയെന്ന് മനസ്സിലായി. 'ക്രൈസ്റ്റിനെക്കുറിച്ച് സംസാരിക്കും' എന്ന് കേട്ടപ്പോൾ, അദ്ദേഹം അത് കർത്താവായ ക്രിസ്തുവിനെക്കുറിച്ചുള്ള ഒരു ആത്മീയ പ്രഭാഷണമാണെന്ന് കരുതിയിരുന്നു. എന്നാൽ ഉദ്ദേശിച്ചത് വിദ്യാഭ്യാസ സ്ഥാപനമായ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയെക്കുറിച്ചുള്ള അവതരണമായിരുന്നു.

ഈ സംഭവം ഒരു ആത്മീയ അവബോധത്തിന്റെ മനോഹരമായ ഉദാഹരണമാണ്. ബ്രദറിന്റെ മനസ്സിൽ 'ക്രൈസ്റ്റ്' എന്ന വാക്ക് ആദ്യം ഒരു സ്ഥാപനത്തെ അല്ല, ഒരു വ്യക്തിയെ—കർത്താവിനെ—ആണ് സൂചിപ്പിച്ചത്. ലോകം സ്ഥാപനങ്ങളെ കാണുന്നിടത്ത്, ആ ബ്രദർ ആദ്യം ബന്ധത്തെ കണ്ടു. നമ്മുടെ ഹൃദയം എവിടെയാണ് കേന്ദ്രീകരിച്ചിരിക്കുന്നത് എന്നതനുസരിച്ചാണ് നാം ലോകത്തെ വ്യാഖ്യാനിക്കുന്നത്. അതുകൊണ്ട് സന്യാസചൈതന്യത്തിൽ ജീവിക്കുന്ന ഒരാൾക്ക് 'ക്രൈസ്റ്റ്' ആദ്യം കർത്താവായിരിക്കും; 'ചാവറ' ആദ്യം ഒരു വിശുദ്ധജീവിതത്തിന്റെ സാക്ഷിയായിരിക്കും; 'ധർമ്മാരാം' ആദ്യം ഒരു ആത്മീയവിളിയായിരിക്കും. ചാവറ പിതാവ് പറഞ്ഞതുപോലെ: "ഞാൻ എന്റെ അപ്പന്റെ അടുക്കൽ പോകുന്നു." അവിടെ ഒരു സ്ഥലമല്ല, ഒരു ബന്ധമാണ് കേന്ദ്രത്തിൽ. നമ്മുടെ ജീവിതത്തിലും പേരുകൾ വെറും വിലാസങ്ങളായി ചുരുങ്ങാതെ, ജീവിക്കുന്ന സന്നിധാനങ്ങളിലേക്കുള്ള വാതിലുകളായി മാറട്ടെ.

2.2.5. ആത്മീയ അഭ്യാസങ്ങൾ

"ഒരു കുടുംബത്തിന്റെ പ്രധാന സമ്പത്ത് ദൈവഭയവും ഭക്തിയുമാണ്. ദൈവഭയമുള്ള തറവാട് ഈ ലോകത്തിലും പരലോകത്തിലും ദൈവാനുഗ്രഹത്തിന്റെ ഫലം അനുഭവിക്കും. നല്ല കുടുംബത്തിലെ വെളിച്ചത്തെ ഇരുട്ടാക്കുന്ന കാർമേഘങ്ങളാണ് അവിടെ പറയപ്പെടുന്ന കുറ്റം വിധിക്കലുകളും ദുർവാക്കുകളും. സാധിക്കുമെങ്കിൽ ദിവസംതോറും പരിശുദ്ധ കുർബാനയിൽ സംബന്ധിക്കുക. ഇത് പ്രയാസമാണെങ്കിൽ തിങ്കളാഴ്ച ശുദ്ധീകരണ സ്ഥലത്തിലെ ആത്മാക്കൾക്കു വേണ്ടിയും, വെള്ളിയാഴ്ച നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തിന്റെ സ്തുതിക്കായും, ശനിയാഴ്ച ദൈവമാതാവിന്റെ വ്യാകുലത്തിന്റെ ഓർമ്മയ്ക്കായും വിശുദ്ധ ബലി അർപ്പിക്കുക. എന്നാൽ ഒരു വീട്ടിലെ എല്ലാവർക്കും വിശുദ്ധ കുർബാനയിൽ സംബന്ധിക്കാൻ സാധിക്കുന്നില്ലെങ്കിൽ ഓരോ ദിവസം ഒന്നോ രണ്ടോ പേരെങ്കിലും മാറിമാറി പോയി കുർബാനയിൽ സംബന്ധിക്കേണ്ടതാകുന്നു. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും കുമ്പസാരിച്ച് വിശുദ്ധ കുർബാന സ്വീകരിക്കുക. പ്രധാന തിരുനാളുകളുടെ നവനാൾ ജപങ്ങൾ, പ്രത്യേകം ദൈവമാതാവിന്റെ തിരുന്നാളുകൾക്കു മുമ്പുള്ള അപേക്ഷകൾ, ദൈവമാതാവിന്റെയും വി. യൗസേപ്പിതാവിന്റെയും മാസവണക്കങ്ങൾ എന്നിവയിൽ പള്ളിയിൽ പോയി സംബന്ധിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ വീട്ടിൽ വച്ചെങ്കിലും നടത്തുക" (*ചാവരുൾ*, 18).

ദൈവഭയം എന്നത് ഭയത്തോടെ ജീവിക്കുന്നത് അല്ല; ദൈവസ്നേഹം തിരിച്ചറിഞ്ഞ് ജീവിക്കുന്നതാണ്. അത്തരം കുടുംബങ്ങളിൽ പ്രാർത്ഥന

ഉണ്ടാകും, ക്ഷമ ഉണ്ടാകും, പരസ്പര ബഹുമാനം ഉണ്ടാകും, സമാധാനം ഉണ്ടാകും. അങ്ങനെ ഒരു കുടുംബം ഭൂമിയിൽ തന്നെ ചെറിയൊരു സ്വർഗ്ഗമായി മാറുന്നു. ദൈവം കുടുംബത്തെ സൃഷ്ടിച്ചത് ഭൂമിയെ സ്വർഗ്ഗമാക്കിക്കാണിക്കാനാണ്. ചിലപ്പോഴൊക്കെ, മറിച്ച് പറയുന്ന അനുഭവങ്ങളും മനുഷ്യചരിത്രത്തിൽ കാണാം: കുടുംബം ഭൂമിയെ നരകസദൃശമാക്കുന്ന അവസ്ഥകളും ഉണ്ടാകുന്നു. ഒരു വീട്ടിലെ ഏറ്റവും വലിയ നാശം പലപ്പോഴും പുറത്തുനിന്നല്ല വരുന്നത്; അത് അകത്തു നിന്നാണ്. പരസ്പരം കുറ്റം പറയൽ, കടുപ്പമുള്ള വാക്കുകൾ, ബഹുമാനമില്ലാത്ത സംസാരം—ഇവ എല്ലാം ചേർന്ന് കുടുംബത്തിലെ ആത്മീയ പ്രകാശം മങ്ങിക്കുന്നു.

ഒരു പള്ളിയിൽ ദൈവസാന്നിധ്യം അനുഭവപ്പെടുന്നു; പ്രാർത്ഥന നടക്കുന്നു; ദൈവവചനം ശ്രവിക്കപ്പെടുന്നു; വിശുദ്ധ ബലി അർപ്പിക്കപ്പെടുന്നു; സമൂഹം ഒന്നിക്കുന്നു. ഇവയെല്ലാം കുടുംബജീവിതത്തിലും ഉണ്ടായിരിക്കണം എന്നാണ് ചാവറ പിതാവിന്റെ ദർശനം. പള്ളിയിൽ പോകാൻ കഴിയാത്തപ്പോൾ പള്ളിയിൽ നടക്കുന്ന കാര്യങ്ങൾ വീട്ടിൽ തന്നെ തുടരുക എന്നതാണ് അതിന്റെ അന്തർഭാവം: ഓരോ വീടും ഒരു ചെറിയ പള്ളിയാകണം.

ഒരു പള്ളിയിൽ പ്രവേശിക്കുമ്പോൾ അനുഭവപ്പെടുന്ന ശാന്തതയുടെ കാരണം ദൈവസാന്നിധ്യമാണ്. അതുപോലെ ഒരു വീട്ടിലും ആ സാന്നിധ്യം അനുഭവപ്പെടണം. വീട്ടിൽ പ്രവേശിക്കുന്നവർക്ക് തോന്നണം: ഇവിടെ പ്രാർത്ഥനയുണ്ട്, സ്നേഹമുണ്ട്, ക്ഷമയുണ്ട്, സമാധാനമുണ്ട്. ഒരു പള്ളിയുടെ ഹൃദയം ദൈവാരാധനയാണ്. അതുപോലെ ഒരു കുടുംബത്തിന്റെ ഹൃദയം കുടുംബപ്രാർത്ഥനയായിരിക്കണം. ദിവസവും കുറച്ചു നിമിഷങ്ങൾ ഒരുമിച്ച് പ്രാർത്ഥിക്കാൻ സമയം കണ്ടെത്തുക; തിരുവചനം വായിക്കുക; ജപമാല ചൊല്ലുക; പരസ്പരം പ്രാർത്ഥിക്കുക. ഇത് കുടുംബബന്ധങ്ങളെ ആഴപ്പെടുത്തുന്നു. സഭ ഒരു വിശ്വാസ സമൂഹമാണ്. അതുപോലെ കുടുംബവും ഒരു വിശ്വാസസമൂഹമാണ്. അവിടെ മാതാപിതാക്കൾ വിശ്വാസത്തിന്റെ ആദ്യ ഗുരുക്കന്മാരാണ്; മക്കൾ വിശ്വാസത്തിൽ വളരുന്ന ശിഷ്യരാണ്. അങ്ങനെ പരസ്പര പിന്തുണയോടെ ഓരോ കുടുംബവും ഒരു ചെറിയ സഭയായി മാറുന്നു.

2.2.6. ദർശനവീട്ടിലെ ആത്മീയതയുടെ ജീവിതക്രമം

ദർശനവീട്ടിലെ ആത്മീയ ദിനചര്യയെക്കുറിച്ചുള്ള ഒരു ചിത്രം നാളാഗമത്തിൽ വി. ചാവറ പിതാവ് വിവരിക്കുന്നു: "കാലത്ത് 5 മണിക്ക് എല്ലാവരും നിദ്രവിട്ടെഴുന്നേൽക്കുകയും ഉദയാരാധന കഴിച്ചശേഷം പട്ടക്കാർ

കാനോനാ നമസ്കാരം എത്തിക്കുകയും അതിനുശേഷം സന്ന്യാസാർത്ഥികളും സെമിനാരിക്കാരുമായി ഒരുമിച്ച് ദേവാലയത്തിൽച്ചെന്ന് ജപമാലയുടെ സന്തോഷ രഹസ്യവും നമ്മുടെ കർത്താവിന്റെ അഞ്ചു തിരുമുറിവിന്റെയും വ്യാകുല മാതാവിന്റെയും പ്രാർത്ഥനയും യൗസേപ്പിതാവിനോട് ബ്രഹ്മചാരിത്വം കാക്കുന്നതിനും, നൽമരണം ലഭിക്കുന്നതിനും വേണ്ടിയുള്ള ജപങ്ങളും ചൊല്ലുകയും, ഉടനെ പട്ടക്കാർ കുർബാന ചൊല്ലുകയും, അതിനുശേഷം സകല ശുദ്ധമാക്കപ്പെട്ടവരുടെ ലുത്തിനിയാ എല്ലാവരോടും കൂടെ ഒരുമിച്ച് എത്തിക്കുകയും ചെയ്തിരുന്നു. പിന്നീട് എല്ലാവരും പോയി പഠനത്തിൽ ഉദ്യോഗപ്പെട്ടിരുന്നു. 12 മണിക്ക് വൈദികഗണം ഏകീഭവിച്ച് ജപമാലയുടെ ദുഃഖത്തിന്റെ രഹസ്യങ്ങളും, തിരുമുറിവിന്റെ പ്രാർത്ഥനയും, യൗസേപ്പിതാവിന്റെ വ്യാകുല സന്തോഷജപങ്ങളും, ദൈവത്തിന്റെ നേരെയുള്ള സ്നേഹവും, തന്നെ പ്രതി പാടുപീഡകൾ സഹിപ്പാനുള്ള ആഗ്രഹവും, സൽപ്രവർത്തികൾ അനുഷ്ഠിക്കാനുള്ള സഹായവും, ലഭിക്കുന്നതിന് വേണ്ടിയുള്ള ജപങ്ങളും ചൊല്ലി സന്യാസികളും സെമിനാരിക്കാരും ഇരുസ്ഥലങ്ങളിൽ കൂട്ടമായി ഭക്ഷണം കഴിച്ചിരുന്നു. സുര്യാസ്തമനത്തോടെ ത്രികാലജപത്തിനു മണിയടിക്കുമ്പോൾ വീണ്ടും എല്ലാവരും ഒരുമിച്ചു കൂടി ആഴ്ചക്കാരൻ അടുത്ത ദിവസത്തിലെ പരിശുദ്ധന്റെ തിരുനാൾ ശേഷം അറിയിച്ച ശേഷം "ദൈവമേ! ശുദ്ധഹൃദയം എന്നിൽ നിർമ്മിക്കണമേ! എന്റെ ഉള്ളിൽ ചൊവ്വുള്ള അരൂപിയെ പതിപ്പിക്കേണമേ" എന്ന് ചൊല്ലുകയും അപ്പോൾ കൂട്ടം "എന്നെ നിന്റെ മുമ്പാകെ നിന്നു തള്ളിക്കളയല്ലേ! നിന്റെ പരിശുദ്ധ അരൂപിയെ എന്നിൽ നിന്ന് എടുക്കല്ലേ" എന്നുത്തരിക്കുകയും ചെയ്യുന്നു.

അനന്തരം 'ജ്ഞാനമുത്തുമാല' എന്ന പുസ്തകം വായിച്ച് ധ്യാനിക്കുന്നു. ധ്യാനാനന്തരം പീഠത്തിന്മേൽ മെഴുകുതിരി കത്തിച്ച് ദൈവമാതാവിന്റെ ലുത്തിനിയായും ശ്ദറ് ആലാഹാ എന്നു തുടങ്ങുന്ന ജപവും ചൊല്ലി, ജപമാലയുടെ മഹിമയുടെ രഹസ്യങ്ങളും, തിരുമുറിവിന്റെയും ഉത്തരീയ മാതാവിന്റെയും പ്രാർത്ഥനകളും, മാർ യൗസേപ്പിതാവിന്റെ മഹിമയെക്കുറിച്ചുള്ള ജപങ്ങളും ചൊല്ലിക്കഴിഞ്ഞ് ഗുരുക്കളും വിദ്യാർത്ഥികളും തങ്ങളുടെ നിജസ്ഥാനങ്ങളിൽ പോയി ജപധ്യാനങ്ങളിലും പഠിത്തത്തിലുമായി 10 മണിവരെ നേരം ചെലവഴിച്ചിരുന്നു. എന്നാൽ, 50 നോമ്പിന്റെ ദിവസങ്ങളിൽ അത്താഴത്തിന് ശേഷം അർദ്ധരാത്രി വരെയും ഭക്തികൃത്യങ്ങളുടെ അനുഷ്ഠാനത്തിൽ ജാഗരൂകന്മാരായി നേരം ചെലവഴിച്ചിരുന്നു."

അത് വെറും ഒരു ക്രമീകൃത ദിനക്രമമല്ല; പ്രാർത്ഥനയും സമർപ്പണവും നിറഞ്ഞ ഒരു ജീവിക്കുന്ന ആത്മീയ സംസ്കാരമാണ്. കാലത്ത് 5

മണിക്ക് എഴുന്നേറ്റ് ഉദയാരാധനയിൽ ദിനം ആരംഭിക്കുന്ന ശീലം, ജീവിതത്തെ ദൈവകേന്ദ്രിതമാക്കുന്ന മനോഭാവത്തിന്റെ അടയാളമാണ്. ശരീരമാത്രമല്ല, ആത്മാവും ദൈവസന്നിധിയിലേക്ക് ഉണരുന്നു. തുടർന്ന് കാനോനാ നമസ്കാരം, ജപമാല, കർത്താവിന്റെ തിരുമുറിവുകളുടെ പ്രാർത്ഥന, വ്യാകുല മാതാവിന്റെയും യൗസേപ്പിതാവിന്റെയും ജപങ്ങൾ എന്നിവയിലൂടെ ഓരോരുത്തരും ദൈവത്തോടും പരസ്പര സാഹോദര്യത്തോടും ഏകീകരിക്കപ്പെടുന്നു. അതിനുശേഷം വൈദികർ വിശുദ്ധ കുർബാന അർപ്പിക്കുന്നു; തുടർന്ന് എല്ലാവരും ഒരുമിച്ച് ലുത്തിനിയ ചൊല്ലി ദിനത്തെ ദൈവത്തിന് സമർപ്പിക്കുന്നു.

മധ്യാഹ്നത്തിലും വൈകുന്നേരത്തിലും പ്രാർത്ഥന തുടരുമെന്നത് പ്രാർത്ഥന ഒരു സമയപരിധിയല്ല, ജീവിതശൈലിയാണെന്ന് വ്യക്തമാക്കുന്നു. ദുഃഖത്തിന്റെ രഹസ്യങ്ങൾ, തിരുമുറിവുകളുടെ ഭക്തി, യൗസേപ്പിതാവിനോടുള്ള പ്രാർത്ഥനകൾ എന്നിവ ജീവിതത്തിലെ സന്തോഷവും കഷ്ടതയും ദൈവഹിതത്തിൽ സമർപ്പിക്കാൻ പഠിപ്പിക്കുന്നു. സന്തോഷവും വേദനയും രണ്ടും പ്രാർത്ഥനയാക്കി മാറ്റാൻ കഴിയുന്ന ആത്മീയതയാണ് ഇവിടെ രൂപപ്പെടുന്നത്. "ദൈവമേ! ശുദ്ധഹൃദയം എന്നിൽ സൃഷ്ടിക്കണമേ" എന്ന പ്രാർത്ഥനയും അതിന് ലഭിക്കുന്ന സമൂഹപ്രതികരണവും ദൈവസമക്ഷം നിലനിൽക്കുന്ന വിനയത്തിന്റെ ആത്മാവിനെ വെളിപ്പെടുത്തുന്നു. പ്രാർത്ഥനാമുറി ഒരു ആചാരസ്ഥലം മാത്രമല്ല; അത് ഹൃദയപരിവർത്തനത്തിന്റെ ഇടമാണ്.

'ജ്ഞാനമുത്തുമാല' പോലുള്ള ഗ്രന്ഥങ്ങളുടെ വായനയും ധ്യാനവും ദൈവവചനം കേൾക്കുന്നതിന്റെയും ഉൾക്കൊള്ളുന്നതിന്റെയും പ്രാധാന്യം ഓർമ്മിപ്പിക്കുന്നു. ഇവിടെ നിശ്ശബ്ദത തന്നെ ഒരു അധ്യാപകനാണ്—ആത്മാവിനെ രൂപപ്പെടുത്തുന്ന ശാന്തമായ ഗുരു. 50 നോമ്പുകാലത്ത് അർദ്ധരാത്രിവരെ നീളുന്ന ജാഗ്രതാപ്രാർത്ഥന ആത്മസമർപ്പണത്തിന്റെ ആഴം വ്യക്തമാക്കുന്നു. ഇത് പ്രാർത്ഥന ഒരു അനുഷ്ഠാനം മാത്രമല്ല, ഒരു പരിശീലനമാണെന്നും ക്ഷമ, സ്ഥിരത, സമർപ്പണം എന്നിവ വളർത്തുന്ന ജീവിതാനുഭവമാണെന്നും പഠിപ്പിക്കുന്നു. ചുരുക്കത്തിൽ, ദർശനവീട്ടിലെ പ്രാർത്ഥനാമുറി ഒരു സ്ഥലം മാത്രമല്ല; അത് ജീവിതത്തെ ദൈവകൃപയോട് ചേർത്തുനിർത്തുന്ന ഒരു ആത്മീയ രൂപീകരണകേന്ദ്രമാണ്. പ്രാർത്ഥനയിൽ ആരംഭിച്ച് പ്രാർത്ഥനയിൽ തന്നെ വളരുന്ന ഒരു ജീവിതത്തിലേക്കാണ് അത് നമ്മെ ക്ഷണിക്കുന്നത്.

2.2.7. ധ്യാനമുറി: സീനായിയുടെ പുനരാവർത്തനം

“ഈ ധ്യാനമുറി എന്ന മലയിൽ കരേറുവാൻ ഭയപ്പെട്ടുനിന്ന ഇസ്രായേൽ ജനത്തെപ്പോലെ ഈ വാതിൽ കടക്കാതെ, ഭയപ്പെട്ടുനിൽപ്പാൻ തന്നെ ന്യായം... ഞാൻ ഈ മുറിയിൽ സൂക്ഷിക്കുന്നപ്പോൾ പാപത്തിന്മേലുള്ള നിന്റെ അത്യന്ത വെറുപ്പാൽ അറുതിയില്ലാത്ത നിന്റെ നീതിയാൽ ദുഷ്ടരുടെമേൽ ക്രൂരമായി കരിഞ്ഞു കത്തുന്നു എന്ന നിന്റെ കോപാഗ്നിയുടെ കഠോരം ഇത്രയും കാണുന്നപ്പോൾ ഇതിനെ അതിന്റെ ശക്തിക്കു തക്കവണ്ണം താൻ കാട്ടുമ്പോൾ ഈ തീയുടെ എരിവിനെ സൂക്ഷിപ്പാൻ ആരുവശമാകും.”[1]

ഇസ്രായേൽ ജനങ്ങൾ സീനായി മലയുടെ അടിയിൽ നിന്നപ്പോൾ, അവർ ഒരു പർവ്വതത്തെ മാത്രമല്ല കണ്ടത്; ദൈവമഹത്വത്തിന്റെ തീയാണ് അവർ ദർശിച്ചത്. മല പുകയാൽ മൂടപ്പെട്ടു; ഇടിമിന്നലുകൾ മുഴങ്ങി; കാഹളനാദം ഉച്ചത്തിൽ ഉയർന്നു. അവർ വിറച്ചു. അവർ പിന്നോട്ടു നിന്നു. “ഞങ്ങൾ അടുത്തുചെല്ലുകയില്ല” എന്നതായിരുന്നു അവരുടെ മനോഭാവം (പുറ 19:16–19).

അതുപോലെതന്നെ, വി. ചാവറ പിതാവിന്റെ ധ്യാനമുറി ഒരു സീനായി മലപോലെയായിരുന്നു—ദൈവസാന്നിധ്യത്തിന്റെ തീ ജ്വലിച്ചിരുന്ന ഒരു വിശുദ്ധസ്ഥലം. ഇസ്രായേൽ ജനങ്ങൾ ദൈവത്തിന്റെ പരിശുദ്ധി അനുഭവിച്ചപ്പോൾ അവരിൽ ഉളവായത് ശിക്ഷാഭയമല്ല, വിശുദ്ധിയോടുള്ള ഭയഭക്തിയായിരുന്നു. ചാവറ പിതാവിനും ധ്യാനമുറി അത്തരമൊരു അനുഭവസ്ഥലമായിരുന്നു. അവിടെ പ്രവേശിക്കുക എന്നത് ദൈവത്തിന്റെ പരിശുദ്ധിയുടെ അഗ്നിയിലേക്ക് കടക്കുകയാണെന്ന ബോധം അദ്ദേഹത്തിനുണ്ടായിരുന്നു. ആ തീ പാപത്തെ ദഹിപ്പിക്കുന്നു; ഹൃദയത്തെ ശുദ്ധീകരിക്കുന്നു. അതുകൊണ്ട് ധ്യാനമുറി ഒരു ശുദ്ധീകരണച്ചൂളയാണ്.

ദൈവത്തിന്റെ കോപം മനുഷ്യന്റെ ക്രോധംപോലെയല്ല. അത് പാപത്തിനും അനീതിക്കും എതിരായ അവിടുത്തെ പരിശുദ്ധ പ്രതികരണമാണ്. സീനായിയിലെ തീ ഇസ്രായേലിനെ നശിപ്പിക്കാനല്ല, അവരെ ഉടമ്പടിയിലേക്ക് വിളിക്കാനായിരുന്നു. അതുപോലെ ചാവറ പിതാവ് അനുഭവിച്ച ‘കോപാഗ്നി’ ആത്മശുദ്ധീകരണത്തിന്റെ അഗ്നിയായിരുന്നു. ആ അഗ്നി രണ്ടു കാര്യങ്ങൾ ചെയ്യുന്നു: അശുദ്ധിയെ ദഹിപ്പിക്കുന്നു; ഹൃദയത്തെ പ്രകാശിപ്പിക്കുന്നു.

---

[1] ചാവറയച്ചൻ, *ആദ്ധ്യാത്മിക കൃതികൾ*, 25.

“ഈ വാതിൽ കടക്കാതെ ഭയപ്പെട്ടുനിൽപ്പാൻ തന്നെ ന്യായം”—ഈ വാക്കുകൾ ഒരു ആത്മീയ സത്യത്തെ വെളിപ്പെടുത്തുന്നു. ദൈവസാന്നിധ്യത്തിലേക്ക് കടക്കുക എന്നത് സ്വന്തം അപര്യാപ്തതയും അയോഗ്യതയും അംഗീകരിക്കലാണ്. ഇസ്രായേൽ ജനങ്ങൾ പിന്നോട്ടുനിന്നു; മോശ മാത്രം മുന്നോട്ടുപോയി. ധ്യാനജീവിതത്തിലും ഓരോരുത്തരും ഒരിക്കൽ ആ വാതിൽക്കൽ നിൽക്കേണ്ടിവരും—അകത്തേക്കു കടക്കണമോ, അതോ പിന്നോട്ടു മടങ്ങണമോ എന്ന ആശങ്കയോടെ.

പർവ്വതത്തിലേക്ക് കയറാൻ പരിശ്രമം ആവശ്യമാണ്. ധ്യാനമുറിയിലേക്ക് പ്രവേശിക്കാനും ആത്മീയ ധൈര്യം ആവശ്യമാണ്. അവിടെ യാതൊരു മറകളും നിലനിൽക്കുന്നില്ല. അവിടെ ഹൃദയം നഗ്നമാകുന്നു. അവിടെ ദൈവദൃഷ്ടി എല്ലാം വെളിപ്പെടുത്തുന്നു. ചാവറ പിതാവിന് ധ്യാനമുറി ഭയത്തിന്റെ സ്ഥലമായിരുന്നെങ്കിലും, അതുതന്നെയായിരുന്നു അദ്ദേഹത്തെ വിശുദ്ധനാക്കി മാറ്റിയ ശില്പശാല. തീയുടെ എരിവ് മനുഷ്യശക്തികൊണ്ട് സഹിക്കാനാവില്ല; എന്നാൽ ദൈവകൃപയാൽ അതിൽ നിലകൊള്ളാൻ കഴിയും. ഈ സീനായി അനുഭവമാണ് പിതാവിനെ ആത്മാനുതാപത്തിലേക്ക് നയിച്ചത്. ധ്യാനമുറിയിലെ ആത്മാനുതാപത്തിന്റെ തീച്ചൂളയിലാണ് അദ്ദേഹം അനുദിനം വിശുദ്ധിയുടെ പടവുകൾ കയറിക്കൊണ്ടിരുന്നത്.

“മദുബഹാ എന്ന മലയിൽ നീ കരേറി, ആ മലയിൽ ഒരു മാലാഖയിറങ്ങി, നീ നിൽക്കുന്ന ഈ മലയിൽ ദൈവദൂതന്മാരാൽ ചുറ്റപ്പെട്ടുകൊണ്ട് അവരുടെയും നിന്റെയും സൃഷ്ടിതാവായ സർവേശ്വരൻ തന്നെ എഴുന്നള്ളിയിരുന്നുകൊണ്ടു ഒരു മേഘത്തിന്റെ മറവുകൂടാതെ നിന്നെ നോക്കി പ്രിയത്താൽ ‘എന്റെ മകനെ, നീ വരിക; എന്ത്യേ നിന്റെ പ്രിയമുള്ള അപ്പനായ എന്റെ പക്കൽ അടുത്തു വരാതിരിക്കുന്നു? നീ ഭയപ്പെടേണ്ട.’”[1]

“ആ, എന്റെ പ്രിയമുള്ള അപ്പാ! ഇതുതന്നെ ഞാൻ വിചാരിച്ചു ഭയന്നു; ലജ്ജിച്ചു നിന്റെ തൃപ്പാദത്തുങ്കൽ അണവാൻ ശങ്കിക്കുന്നു.”[2]

ദൈവസാന്നിധ്യം ആദ്യം തീപോലെ അനുഭവപ്പെടാം; എന്നാൽ അതിന്റെ ഹൃദയം സ്നേഹമാണ്. മലയിൽ മാലാഖ ഇറങ്ങിവരുന്നത് ദൈവം മനുഷ്യനോടുള്ള അകലം കുറയ്ക്കുന്നതിന്റെ അടയാളമാണ്. ദൈവം കാത്തുനിൽക്കുന്നില്ല; അവിടുന്ന് തന്നെ ഇറങ്ങിവരുന്നു. അവിടുന്ന് വിളിക്കുന്നു: “എന്റെ മകനെ, നീ വരിക.” “ഞാൻ ഭയന്നു, ലജ്ജിച്ചു...” എന്ന ഈ വാക്കുകൾ ആദാമിന്റെ അനുഭവം ഓർമ്മിപ്പിക്കുന്നു: “ഞാൻ

[1] ചാവറയച്ചൻ, *ആദ്ധ്യാത്മിക കൃതികൾ*, 26.
[2] ചാവറയച്ചൻ, *ആദ്ധ്യാത്മിക കൃതികൾ*, 27.

നഗ്നനാകയാൽ ഭയപ്പെട്ടു." പാപം നമ്മെ ദൈവത്തിൽനിന്ന് അകറ്റുന്നു; എന്നാൽ ദൈവം നമ്മിൽനിന്ന് അകലുന്നില്ല. ചാവറ പിതാവിന്റെ ഹൃദയം ഇവിടെ അതീവ സത്യസന്ധമാണ്. ദൈവസ്നേഹത്തിന്റെ തീ കണ്ടപ്പോൾ അദ്ദേഹം തന്റെ അപര്യാപ്തതയും തിരിച്ചറിഞ്ഞു. അതിനാൽ ലജ്ജയും ഭയവും അനുഭവപ്പെട്ടു. എന്നാൽ അതേ നിമിഷം ദൈവം അവനെ 'മകനേ' എന്ന് വിളിക്കുന്നു.

പഴയ നിയമത്തിൽ മേഘം ദൈവസാന്നിധ്യത്തിന്റെ മറവായിരുന്നു. ഇവിടെ ആ മേഘം മാറുന്നു. അതിന്റെ സ്ഥാനത്ത് ദിവ്യകാരുണ്യത്തിന്റെ വെളിച്ചം ഉദിക്കുന്നു. ദൈവം ഇനി ദൂരെയുള്ള ന്യായാധിപനായി മാത്രം നിൽക്കുന്നില്ല; സ്നേഹപൂർവമായ അപ്പനായി പ്രത്യക്ഷനാകുന്നു. ധ്യാനമുറിയിൽ കടക്കുമ്പോൾ ആദ്യം നാം കാണുന്നത് നമ്മുടെ പാപവും അപര്യാപ്തതയുമാണ്. എന്നാൽ അടുത്ത നിമിഷം നമ്മൾ കേൾക്കുന്നത് ദൈവത്തിന്റെ സ്നേഹപൂർവമായ വിളിയാണ്: "എന്തേ അടുത്തു വരാതിരിക്കുന്നു?" ആ വിളി കേട്ട് വിശ്വാസത്തോടെ ഒരു പടി മുന്നോട്ട് വയ്ക്കുന്ന നിമിഷം, മല തീയുടെ സ്ഥലമെന്നതിലുപരി സ്നേഹത്തിന്റെ ആലിംഗനമായി മാറുന്നു. സീനായി സീയോനായി രൂപാന്തരപ്പെടുന്നു; ഭയം പുത്രത്വത്തിന്റെ ആനന്ദത്തിന് വഴിമാറുന്നു.

2.2.8. ദൈവത്തിന്റെ ആകർഷണവലയത്തിൽ

"ശ്ലീഹായുടെ വചനത്തിൻ വണ്ണം ഉപവി ഇതാകുന്നു. ഇതായത് തമ്പുരാനെ നാം സ്നേഹിച്ചതുകൊണ്ടല്ല, പിന്നെയോ താൻ, തമ്പുരാൻ നമ്മെ സ്നേഹിച്ചു എന്നത്."[1]

"എന്നെ അയച്ച പിതാവ് ആകർഷിച്ചാൽ അല്ലാതെ ഒരുവനും എന്റെ അടുക്കലേക്ക് വരാൻ സാധിക്കുകയില്ല. പിതാവിൽ നിന്ന് ശ്രവിക്കുകയും പഠിക്കുകയും ചെയ്തവരെല്ലാം എന്റെ അടുക്കൽ വരുന്നു" (യോഹ 6:44-45).

ഭൂമിയിൽ ജീവിക്കുന്ന ഓരോ മനുഷ്യനും ഗുരുത്വാകർഷണത്തിന്റെ അദൃശ്യശക്തിക്ക് വിധേയരാണ്. നമുക്ക് അത് കാണാൻ കഴിയില്ല; എന്നാൽ അതിന്റെ സ്വാധീനം നിമിഷംതോറും അനുഭവിക്കുന്നു. ഭൂമി നമ്മെ ആകർഷിക്കുന്നതിനാലാണ് നാം ഭൂമിയിൽ നിലകൊള്ളുന്നതും നടക്കുന്നതും ജീവിക്കുന്നതും. ഒരു നിമിഷം ഗുരുത്വാകർഷണം ഇല്ലാതായാൽ ജീവിതത്തിന്റെ എല്ലാ ക്രമവും തകരും. ഭൂമിയുടെ ആകർഷണ വലയ

[1] ചാവറയച്ചൻ, *ആദ്ധ്യാത്മിക കൃതികൾ*, 27.

ത്തിന് പുറത്തു നിന്നുകൊണ്ട് ഭൂമിയിൽ ജീവിക്കാൻ ഒരാൾക്കും സാധ്യമല്ല.

ആത്മീയജീവിതത്തിലും ഇതുപോലൊരു നിയമമുണ്ട്. ദൈവത്തിന്റെ ആകർഷണവലയത്തിൽ പ്രവേശിക്കാതെ ഒരാൾക്കും ആത്മീയമായി വളരാൻ കഴിയില്ല. മനുഷ്യൻ സ്വന്തം ശക്തികൊണ്ട് മാത്രം ദൈവത്തെ കണ്ടെത്തുന്നില്ല; ആദ്യം ദൈവമാണ് മനുഷ്യനെ തേടിവരുന്നത്, വിളിക്കുന്നത്, ആകർഷിക്കുന്നത്. ഹൃദയത്തിൽ ഉയരുന്ന പ്രാർത്ഥനയുടെ ആഗ്രഹം, സത്യത്തിനുവേണ്ടിയുള്ള ദാഹം, നന്മയിലേക്കുള്ള ചായ്വ്, മനസ്സാക്ഷിയുടെ വിളി—ഇവയെല്ലാം ദൈവത്തിന്റെ ആകർഷണശക്തിയുടെ പ്രകടനങ്ങളാണ്. ഈ സത്യത്തെയാണ് വി. ചാവറ പിതാവ് അതീവ മനോഹരമായി ഓർമ്മിപ്പിക്കുന്നത്: "ശ്ലീഹായുടെ വചനത്തിൻ വണ്ണം ഉപവി ഇതാകുന്നു. ഇതായത് തമ്പുരാനെ നാം സ്നേഹിച്ചതുകൊണ്ടല്ല, പിന്നെയോ താൻ, തമ്പുരാൻ നമ്മെ സ്നേഹിച്ചു എന്നത്."

നാം പലപ്പോഴും ചിന്തിക്കുന്നത്, "ഞാൻ ദൈവത്തെ സ്നേഹിക്കണം; അപ്പോൾ ദൈവം എന്നെ സ്വീകരിക്കും" എന്നതാണ്. എന്നാൽ സുവിശേഷവും ചാവറ പിതാവിന്റെ ആത്മീയബോധവും നമ്മെ പഠിപ്പിക്കുന്നത് മറിച്ചാണ്. നാം ദൈവത്തെ അന്വേഷിക്കുന്നതിന് മുമ്പേ അവിടുന്ന് നമ്മെ അന്വേഷിക്കുന്നു. നാം അവിടുത്തെ സ്നേഹിക്കുന്നതിന് മുമ്പേ അവിടുന്ന് നമ്മെ സ്നേഹിക്കുന്നു. യേശു പറയുന്ന "പിതാവ് ആകർഷിക്കുന്നു" എന്ന വചനം, ചാവറ പിതാവ് പറയുന്ന "തമ്പുരാൻ നമ്മെ സ്നേഹിച്ചു" എന്ന സത്യത്തിന്റെ തന്നെ മറ്റൊരു ഭാഷ്യമാണ്.

ഒരു കുഞ്ഞ് അമ്മയുടെ സ്നേഹത്താൽ സ്വാഭാവികമായി അമ്മയുടെ അടുത്തേക്ക് ഓടിയെത്തുന്നതുപോലെ, ദൈവത്തിന്റെ സ്നേഹം അനുഭവിക്കുന്ന ഹൃദയം ക്രിസ്തുവിന്റെ അടുക്കലേക്ക് ആകർഷിക്കപ്പെടുന്നു. ആ ആകർഷണം ബലപ്രയോഗമല്ല; സ്നേഹത്തിന്റെ ക്ഷണമാണ്. ഗുരുത്വാകർഷണം ഭൂമിയോട് നമ്മെ ചേർത്തുനിർത്തുന്നതുപോലെ, ദൈവത്തിന്റെ സ്നേഹം നമ്മുടെ സ്വാതന്ത്ര്യത്തെ നശിപ്പിക്കാതെ നമ്മെ വിശുദ്ധിയിലേക്കും സ്ഥിരതയിലേക്കും നയിക്കുന്നു.

ആത്മീയജീവിതത്തിലെ ഏറ്റവും വലിയ തിരിച്ചറിവ് ഇതാണ്: നമ്മൾ വിശുദ്ധരായതുകൊണ്ടല്ല ദൈവം നമ്മെ സ്നേഹിച്ചത്; നമ്മൾ പാപികളായിരിക്കുമ്പോൾ തന്നെയാണ് അവിടുന്ന് നമ്മെ സ്നേഹിച്ചത്. അതുകൊണ്ട് പ്രാർത്ഥനയും തപസ്സും ധ്യാനവും ദൈവസ്നേഹം നേടാനുള്ള മാർഗങ്ങളല്ല; ഇതിനകം നമ്മെ തേടിയെത്തിയ സ്നേഹത്തോടുള്ള നമ്മുടെ പ്രതികരണമാണ്. നാം ധ്യാനമുറിയിൽ പ്രവേശിക്കുമ്പോൾ

ദൈവത്തെ അന്വേഷിക്കുകയാണെന്ന് തോന്നാം; പക്ഷേ യാഥാർത്ഥ്യത്തിൽ അവിടുന്ന് അതിനുമുമ്പേ നമ്മെ അന്വേഷിച്ചുകൊണ്ടിരിക്കുന്നു.

"ഞാൻ ദൈവത്തെ വളരെ സ്നേഹിക്കുന്നു" എന്ന ചിന്ത ചിലപ്പോൾ ആത്മാഭിമാനത്തിലേക്ക് നയിച്ചേക്കാം. എന്നാൽ "ദൈവം എന്നെ സ്നേഹിക്കുന്നു; അതുകൊണ്ടാണ് ഞാൻ അവിടുത്തെ സ്നേഹിക്കാൻ തുടങ്ങിയത്" എന്ന ബോധം വിനയത്തിലേക്കും നന്ദിയിലേക്കും നയിക്കുന്നു. നമ്മുടെ ആത്മീയയാത്രയുടെ കേന്ദ്രം നമ്മുടെ പ്രവൃത്തികളല്ല; ദൈവത്തിന്റെ കരുണയാണ്. അത് നമ്മുടെ നേട്ടമല്ല; അവിടുത്തെ ദാനമാണ്. അതുകൊണ്ട് ദൈവത്തിന്റെ ആകർഷണവലയത്തിൽ ജീവിക്കുക എന്നത്, അവിടുത്തെ സ്നേഹത്തെ തിരിച്ചറിയുകയും അതിന് സ്വയം സമർപ്പിക്കുകയും ചെയ്യുക എന്നതാണ്. ആ സ്നേഹത്തെ സ്വീകരിക്കുന്നത്രയും നമ്മുടെ ആത്മീയജീവിതം ഉറപ്പും ആഴവും പ്രാപിക്കുന്നു. നാം ദൈവത്തെ പിടിച്ചെടുക്കുന്നില്ല; അവിടുന്നാണ് നമ്മെ പിടിച്ചെടുക്കുന്നത്. നാം ദൈവത്തെ സ്നേഹിച്ചതുകൊണ്ടല്ല രക്ഷ ലഭിച്ചത്; അവിടുന്ന് ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടാണ് നാം സ്നേഹിക്കാൻ തുടങ്ങിയത്.

2.2.9. പ്രാർത്ഥനമുറിയിലെ അലങ്കാരങ്ങൾ

"ഈ ദിവസങ്ങളിൽ യാതൊരു വക വെടിയും കൊട്ടും തമ്പേറും കൂടാതെ ശുദ്ധ പള്ളിയുടെ പാട്ടുകൾ അല്ലാതെ മറ്റ യാതൊരുവക പാട്ടുകളും മുടക്കപ്പെട്ടിരിക്കുന്നു.

പള്ളി ആഘോഷമായിട്ട് അലങ്കരിച്ചാലും, ശുദ്ധ പള്ളിയുടെ ക്രമം പോലെയുള്ള അലങ്കാരങ്ങളല്ലാതെ സ്വന്തബോധത്തിനടുത്ത അലങ്കാരം വയ്ക്കാതെയും ത്രോണൊസുമ്മെൽ കടലാസ് അല്ലെങ്കിൽ തുണി അല്ലെങ്കിൽ പട്ടു കൊണ്ടുള്ളപൂറമിചെത്തികളെ വയ്ക്കാതെയും നല്ല പരിമളമുള്ള പച്ച പൂക്കളെ വെടിപ്പായിട്ട് വയ്ക്കുകയും എത്രയും വെളുത്തിരിക്കുന്നതും മതിയാകും വണ്ണം മുഴപ്പുള്ളതുമായ വേണ്ടുന്ന മെഴുകുതിരികൾ വയ്ക്കുകയും വേണം."[1]

വിശുദ്ധിയുടെ വഴിയിൽ സുതാര്യതയും ലാളിത്യവും ദൈവാനുഭവത്തിന്റെ ആഴവുമാണ് ഏറ്റവും മഹത്തായ അലങ്കാരമെന്ന് നമ്മെ പഠിപ്പിച്ചവനാണ് വി. ചാവറ പിതാവ്. നാൽപ്പത് മണിക്കൂർ ആരാധനയുമായി ബന്ധപ്പെട്ട് അദ്ദേഹം നൽകിയ ഈ നിർദ്ദേശങ്ങൾ വെറും സൗന്ദ

[1] ചാവറയച്ചൻ, *ആദ്ധ്യാത്മിക കൃതികൾ*, 77.

ര്യശാസ്ത്രപരമായ മാർഗ്ഗനിർദ്ദേശങ്ങളല്ല; മറിച്ച് ആരാധനയുടെ ആത്മാവിനെ സംരക്ഷിക്കുന്ന ആത്മീയ ഉപദേശങ്ങളാണ്.

"വെടിയും കൊട്ടും തമ്പേറും കൂടാതെ, ശുദ്ധ പള്ളിയുടെ പാട്ടുകൾ അല്ലാതെ മറ്റൊരു പാട്ടും ഇല്ല" എന്ന നിർദ്ദേശം, ആരാധനയെ പുറമേയുള്ള ആഘോഷാരവങ്ങളിൽനിന്ന് ഉള്ളിലെ ദൈവസാന്നിധ്യത്തിലേക്ക് നയിക്കുന്നു. ദൈവസന്നിധിയിൽ മനുഷ്യഹൃദയം നിശ്ശബ്ദമായികുനിയേണ്ടതാണെന്ന് ഈ വാക്കുകൾ ഓർമ്മിപ്പിക്കുന്നു. ശബ്ദത്തിന്റെ പ്രകടനമല്ല, ആത്മാവിന്റെ പ്രാർത്ഥനയാണ് ദൈവത്തിന് പ്രിയം.

സീനായി മലയുടെ അനുഭവം ഇവിടെ ഓർമ്മ വരുന്നു. ദൈവം അവിടെ ഇടിമിന്നലുകളിലും അഗ്നിയിലും മഹത്വം വെളിപ്പെടുത്തിയെങ്കിലും, ജനങ്ങൾ ഭയന്ന് അകലെ നിന്നു. പിന്നീട് ഏലിയാ പ്രവാചകന്റെ അനുഭവത്തിൽ, ദൈവം കൊടുങ്കാറ്റിലോ ഭൂകമ്പത്തിലോ തീയിലോ അല്ല, 'മൃദുസ്വരത്തിൽ' (1 രാജാ 19:12) പ്രത്യക്ഷനായി. ആരാധനയുടെ യഥാർത്ഥ ആഴം മനുഷ്യനെ പുറമേയുള്ള കോലാഹലത്തിൽ നിന്നല്ല, ഉള്ളിലെ നിശ്ശബ്ദതയിൽ നിന്നാണ് ദൈവത്തിലേക്ക് നയിക്കുന്നത്. സത്യത്തിൽ, ഒരു മെഴുകുതിരി ശബ്ദമില്ലാതെയാണ് കത്തുന്നത്. എന്നാൽ അതിന്റെ വെളിച്ചം ഇരുളിനെ അകറ്റുന്നു. അതുപോലെ ഒരു വിശുദ്ധ ഹൃദയവും ആരവമില്ലാതെ ലോകത്തിന് പ്രകാശമാകുന്നു. ആത്മീയ ജീവിതത്തിന്റെ ശക്തി അതിന്റെ നിശ്ശബ്ദതയിലാണ്.

അലങ്കാരത്തിൽ ലാളിത്യവും നിയന്ത്രണവും പാലിക്കണമെന്ന വി. ചാവറ പിതാവിന്റെ നിർദ്ദേശം—പള്ളി ആഘോഷമായി അലങ്കരിക്കുമ്പോൾ സ്വന്തബോധത്തിനനുസരിച്ചുള്ള അലങ്കാരങ്ങൾ ഒഴിവാക്കുക—എന്നത് ആത്മഗൗരവത്തിന്റെയും സഭാനിഷ്ഠയുടെയും പ്രകടനമാണ്. ആരാധനാലയത്തിൽ വ്യക്തിയുടെ അഭിരുചികളല്ല, സഭയുടെ പ്രാർത്ഥനയാണ് കേന്ദ്രമാകേണ്ടത്. പ്രത്യേകിച്ച്, ത്രോണോസിന്മേൽ കടലാസ്, തുണി, പട്ടു എന്നിവകൊണ്ടുള്ള കൃത്രിമപൂക്കൾ വയ്ക്കാതെ, നല്ല പരിമളമുള്ള പച്ചപ്പൂക്കൾ വെടിപ്പായി വയ്ക്കണമെന്ന നിർദ്ദേശം ഏറെ അർത്ഥസമ്പന്നമാണ്. ജീവൻ ഇല്ലാത്ത അലങ്കാരങ്ങൾക്കു പകരം, ദൈവം സൃഷ്ടിച്ച ജീവൻ നിറഞ്ഞ സൗന്ദര്യം അവിടുത്തെ സന്നിധിയിൽ സമർപ്പിക്കണമെന്ന സന്ദേശമാണ് അതിലുള്ളത്. പരിമളമുള്ള പൂക്കൾ ശുദ്ധ ഹൃദയത്തിന്റെ പ്രതീകമായി ബലിപീഠത്തെ അലങ്കരിക്കുന്നു.

അതുപോലെ, "എത്രയും വെളുത്തിരിക്കുന്നതും മതിയാകുന്ന വണ്ണം മുഴപ്പുള്ളതുമായ മെഴുകുതിരികൾ" വയ്ക്കണമെന്ന നിർദ്ദേശം ക്രിസ്തീയജീവിതത്തിന്റെ തത്ത്വചിന്തയിലേക്ക് നമ്മെ നയിക്കുന്നു. വെളു

പ്പ് ശുദ്ധിയുടെ പ്രതീകമാണ്; കത്തുന്ന മെഴുകുതിരി സ്വയം ഉരുകി മറ്റുള്ളവർക്ക് വെളിച്ചം നൽകുന്ന സമർപ്പണത്തിന്റെ പ്രതീകമാണ്. ക്രിസ്തു തന്റെ ജീവിതം നമുക്കുവേണ്ടി സമർപ്പിച്ചതുപോലെ, വിശ്വാസിയും സ്വയം ദാനമാകാൻ വിളിക്കപ്പെട്ടിരിക്കുന്നു.

ഈ നിർദ്ദേശങ്ങൾ നമ്മെ പഠിപ്പിക്കുന്ന ആത്മീയപാഠം ഇതാണ്: ആരാധനയിൽ ആഡംബരമല്ല മഹത്വം; ലാളിത്യമാണ് മഹത്വം. കൃത്രിമത്വമല്ല ദൈവപ്രിയം; സത്യസന്ധതയാണ് ദൈവപ്രിയം. പ്രദർശനമല്ല ആരാധനയുടെ ഹൃദയം; സമർപ്പണമാണ് ആരാധനയുടെ ഹൃദയം. ഇന്നത്തെ കാലഘട്ടത്തിൽ, കൃത്രിമ അലങ്കാരങ്ങളും അമിതമായ ദൃശ്യപ്രദർശനങ്ങളും വർധിച്ചുവരുമ്പോൾ, ചാവറ പിതാവിന്റെ ഈ നിർദ്ദേശങ്ങൾ പുതുമയോടെ സംസാരിക്കുന്നു. ദൈവത്തെ കണ്ടുമുട്ടാൻ നമുക്ക് കൂടുതൽ അലങ്കാരങ്ങൾ ആവശ്യമില്ല; കൂടുതൽ വിശുദ്ധിയും കൂടുതൽ നിശ്ശബ്ദതയും കൂടുതൽ സ്നേഹവുമാണ് ആവശ്യം. അതിനാൽ ചാപ്പൽ അലങ്കാരത്തെക്കുറിച്ചുള്ള ഈ നിർദ്ദേശങ്ങൾ വെറും അലങ്കാര മാർഗ്ഗനിർദ്ദേശങ്ങളല്ല; ആത്മാവിനെ ദൈവസന്നിധിയിൽ ഒരുക്കുന്ന ഒരു ആത്മീയ പരിശീലനമാണ്. പുറമേയുള്ള ലാളിത്യം ഉള്ളിലെ വിശുദ്ധിയിലേക്ക് നയിക്കുമ്പോഴാണ് ആരാധന യഥാർത്ഥത്തിൽ ദൈവത്തിന് പ്രസാദകരമാകുന്നത്.

(സമാപന പ്രാർത്ഥന)

സ്നേഹനിധിയായ ഈശോയേ, വി. ചാവറ പിതാവിനെപ്പോലെ അങ്ങയുടെ സന്നിധിയിൽ വിനയത്തോടെയും ലാളിത്യത്തോടെയും നിലകൊള്ളുവാൻ ഞങ്ങളെ പഠിപ്പിക്കേണമേ. പുറമേയുള്ള ആഡംബരങ്ങളേക്കാൾ ശുദ്ധമായ ഹൃദയത്താൽ അങ്ങയെ ആരാധിക്കുവാനുള്ള കൃപ ഞങ്ങൾക്ക് നൽകണമേ.

നാഥാ, ലോകത്തിന്റെ കോലാഹലങ്ങളിൽ നിന്ന് ഞങ്ങളുടെ മനസ്സിനെ ശാന്തമാക്കി, അങ്ങയുടെ മൃദുസ്വരം കേൾക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. അങ്ങയുടെ സന്നിധിയിൽ ജ്വലിക്കുന്ന മെഴുകുതിരിപോലെ, സ്വയം ദാനമാക്കി മറ്റുള്ളവർക്ക് പ്രകാശം പകരുവാൻ ഞങ്ങളെ ശക്തരാക്കണമേ. പരിമളമുള്ള പൂക്കളെപ്പോലെ, ഞങ്ങളുടെ ജീവിതവും അങ്ങേക്ക് പ്രിയങ്കരമായ ഒരു ആത്മീയ സമർപ്പണമാകട്ടെ.

ഞങ്ങളുടെ ആരാധനയും പ്രാർത്ഥനയും ജീവിതവും അങ്ങയുടെ മഹത്വത്തിനായി സമർപ്പിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കേണമേ. വി. ചാവറ പിതാവിന്റെ മാധ്യസ്ഥത്താൽ ഈ കൃപകൾ ഞങ്ങൾക്ക് നൽകണമേ. ആമ്മേൻ.

2.3
പ്രാർത്ഥനാമുറി: നിയമാവലി ധ്യാനം

(ആമുഖ പ്രാർത്ഥന)

കരുണാനിധിയായ ഈശോയേ, അങ്ങയുടെ സന്നിധിയിൽ ഞങ്ങൾ ഒത്തുചേരുമ്പോൾ, അങ്ങയുടെ കൃപയുടെ വെളിച്ചത്തിൽ ഞങ്ങളുടെ ഹൃദയങ്ങളെ തുറന്നുവയ്ക്കുന്നു. ഞങ്ങളുടെ സന്യാസജീവിതത്തിന്റെ അടിത്തറ പ്രാർത്ഥനയാണെന്ന സത്യം കൂടുതൽ ആഴത്തിൽ തിരിച്ചറിയുവാൻ ഞങ്ങളെ സഹായിക്കണമേ. ആചാരങ്ങളിലും ബാഹ്യാനുഷ്ഠാനങ്ങളിലും മാത്രം ഒതുങ്ങാതെ, അങ്ങയോടുള്ള ജീവനുള്ള ബന്ധമായി ഞങ്ങളുടെ പ്രാർത്ഥനയെ വളർത്തുവാൻ ഞങ്ങളുടെ ആത്മാവിനെ ഉണർത്തണമേ.

നാഥാ, ആത്മീയാഭ്യാസങ്ങളിലൂടെ അങ്ങയുടെ സാന്നിധ്യം അനുഭവിക്കുവാനും, ഞങ്ങളുടെ ചിന്തകളും വാക്കുകളും പ്രവൃത്തികളും അങ്ങയുടെ തിരുവിഷ്ടത്തിനനുസൃതമായി ക്രമപ്പെടുത്തുവാനും ആവശ്യമായ കൃപ ഞങ്ങൾക്കു നൽകണമേ. ഈ ധ്യാനത്തിലൂടെ, പ്രാർത്ഥനയെ സംബന്ധിച്ച് ഞങ്ങളുടെ സി.എം.ഐ. നിയമാവലിയിൽ ഉൾക്കൊള്ളുന്ന അങ്ങയുടെ തിരുവുള്ളം കൂടുതൽ വ്യക്തമായി മനസ്സിലാക്കുവാനും, അതിനെ സ്നേഹത്തോടും വിശ്വസ്തതയോടും കൂടി അനുസരിക്കുവാനും ഞങ്ങൾക്ക് മനസ്സും സന്നദ്ധതയും നൽകണമേ.

ഞങ്ങളുടെ പ്രാർത്ഥനാജീവിതം അങ്ങയുമായുള്ള ഐക്യത്തിൽ കൂടുതൽ ആഴപ്പെടുകയും, അതുവഴി ഞങ്ങളുടെ സമർപ്പിതജീവിതം അങ്ങയുടെ മഹത്വത്തിനും സഭയുടെ നന്മയ്ക്കും ലോകത്തിന്റെ രക്ഷയ്ക്കും ഫലപ്രദമാകുകയും ചെയ്യട്ടെ. ആമ്മേൻ.

(ധ്യാനവിചിന്തനം)

2.3.1. ദൈവവിചാരം: ഏക വിചാരം

C 9. ''പ്രാർത്ഥനാ ജീവിതം: ദൈവത്തിന് പ്രതിഷ്ഠിതനായ ഒരു സി.എം.ഐ. സന്യാസി ദൈവത്തെ സ്തുതിച്ചുകൊണ്ടിരിക്കുകയും ദൈവത്തിന്റെ സ്നേഹഭരണം തന്നിലും തന്റെ ചുറ്റിലും സാക്ഷാത്കൃതമാകുവാൻ പ്രാർത്ഥിക്കുകയും ചെയ്യുന്ന ഒരു സജീവ ബലിവസ്തുവായി തന്നെതന്നെ കാണണം. അയാളുടെ പ്രാർത്ഥന ജീവിതം ദിവ്യവചനത്തിനുള്ള

നിരന്തരമായ ഒരു പ്രതിഷ്ഠയാണ്. അയാൾ അത് നിരന്തരം ശ്രവിക്കുകയും തുടർച്ചയായി അതേപറ്റി പരിചിന്തിക്കുകയും തന്റെ ജീവിതത്തിന്റെ എല്ലാതലങ്ങളിലും യഥാർത്ഥവൽക്കരിക്കുകയും ചെയ്യുന്നു."

ദൈവത്തിന് പ്രതിഷ്ഠിതനായ ഒരാൾ വെറും പ്രാർത്ഥന നടത്തുന്നവനല്ല; അവൻ തന്നെ ഒരു പ്രാർത്ഥനയായി മാറേണ്ടവനാണ്. ദൈവത്തെ സ്തുതിച്ചുകൊണ്ടിരിക്കുകയും ദൈവത്തിന്റെ സ്നേഹഭരണം തന്റെ ഉള്ളിലും ചുറ്റുപാടുകളിലും സാക്ഷാത്കൃതമാകുവാൻ നിരന്തരം ആഗ്രഹിക്കുകയും ചെയ്യുന്ന ഒരു സജീവ ബലിവസ്തുവാണ് അവൻ. 'ബലിവസ്തു' എന്ന പദം സമർപ്പണത്തെയും ത്യാഗത്തെയും സൂചിപ്പിക്കുന്നു. അതായത്, ജീവിതത്തിലെ ഓരോ നിമിഷവും ദൈവത്തിനുള്ള അർപ്പണമായി മാറണം. പ്രാർത്ഥന ഒരു നിശ്ചിത സമയത്ത് ചെയ്യുന്ന ഒരു കർമ്മമല്ല; അത് ജീവിതത്തിന്റെ ശൈലിയാണ്. ശ്വാസം പോലെ സ്വാഭാവികവും ഹൃദയമിടിപ്പ് പോലെ അനിവാര്യവുമായ ഒരു സാന്നിധ്യമാണ് അത്.

മനുഷ്യഹൃദയം പല ചിന്തകളാൽ വിഭജിക്കപ്പെടുന്നു. അനേകം ആഗ്രഹങ്ങളും ആശങ്കകളും പദ്ധതികളും മനസ്സിനെ ചിതറിക്കുന്നു. എന്നാൽ സമർപ്പിതജീവിതം മനസ്സിന്റെ ഈ ചിതറലിൽ നിന്ന് ഏകാഗ്രതയിലേക്കുള്ള യാത്രയാണ്. ദൈവത്തെക്കുറിച്ചുള്ള ചിന്ത, ദൈവഹിതത്തെക്കുറിച്ചുള്ള അന്വേഷണം, ദൈവസ്നേഹത്തിന്റെ അനുഭവം—ഇവ ക്രമേണ ജീവിതത്തിന്റെ കേന്ദ്രസ്ഥാനത്തേക്ക് ഉയരുന്നു. അപ്പോൾ ദൈവവിചാരം ഏകവിചാരമായി മാറുന്നു.

ഇത്തരമൊരു പ്രാർത്ഥനാജീവിതം സന്യാസിയെ ദൈവത്തിന്റെ സ്നേഹഭരണത്തിന്റെ ഉപകരണമായി മാറ്റുന്നു. അവന്റെ ചിന്തകളും വാക്കുകളും പ്രവൃത്തികളും ദൈവരാജ്യത്തിന്റെ മൂല്യങ്ങളെ പ്രതിഫലിപ്പിക്കുന്നു. അവൻ തന്റെ ഇഷ്ടമല്ല അന്വേഷിക്കുന്നത്; ദൈവത്തിന്റെ ഇഷ്ടമാണ്. തന്റെ മഹത്വമല്ല തേടുന്നത്; ദൈവത്തിന്റെ മഹത്വമാണ്. തന്റെ നേട്ടങ്ങളല്ല ലക്ഷ്യമിടുന്നത്; ദൈവസ്നേഹം ലോകത്തിൽ പ്രകടമാകുന്നതാണ് അവന്റെ ആഗ്രഹം.

പ്രാർത്ഥനാജീവിതം ദിവ്യവചനത്തിനുള്ള നിരന്തരമായ ഒരു പ്രതിഷ്ഠയാണ്. ദൈവവചനം കേൾക്കുക, അതിനെ ധ്യാനിക്കുക, ജീവിതത്തിൽ യാഥാർത്ഥ്യമാക്കുക—ഇതാണ് സന്യാസിയുടെ ആത്മീയയാത്ര. വചനശ്രവണത്തിൽ ആരംഭിക്കുന്ന ഈ യാത്ര പരിചിന്തനത്തിലൂടെ ആഴപ്പെടുന്നു. വചനം ബുദ്ധിയിൽ മാത്രം നിൽക്കാതെ ഹൃദയത്തിലേക്ക് ഇറങ്ങണം. അവിടെനിന്ന് അത് ജീവിതത്തിന്റെ എല്ലാ മേഖലക

ളിലേക്കും ഒഴുകണം. പഠനത്തിൽ, ശുശ്രൂഷയിൽ, ബന്ധങ്ങളിൽ, ഏകാന്തതയിൽ, വിശ്രമത്തിൽ—എല്ലായിടത്തും വചനത്തിന്റെ പ്രകാശം തെളിയണം.

മാതാവിന്റെ ജീവിതം ഇതിന്റെ ഏറ്റവും മനോഹരമായ മാതൃകയാണ്. അവൾ പല കാര്യങ്ങളിലും വ്യാപൃതയായിരുന്നെങ്കിലും, അവളുടെ ഹൃദയത്തിന്റെ കേന്ദ്രത്തിൽ ദൈവഹിതം മാത്രമായിരുന്നു. അതുകൊണ്ടാണ് അവൾ കേട്ട വചനങ്ങളെ ഹൃദയത്തിൽ സൂക്ഷിച്ച് പരിചിന്തിച്ചത്. അവളുടെ ജീവിതം ദൈവവിചാരത്തിന്റെ ഏകാഗ്രതയായിരുന്നു.

പ്രാർത്ഥനയും ജീവിതവും വേർതിരിക്കാനാവാത്തതായിരിക്കണം. ദൈവസന്നിധിയിൽ ഉരുകുന്ന ഹൃദയം സമൂഹത്തിൽ കരുണയായി പ്രകടമാകണം. ധ്യാനത്തിൽ ലഭിക്കുന്ന പ്രകാശം സേവനത്തിൽ ദീപ്തമാകണം. വചനത്തിൽ കേട്ട സ്നേഹം ബന്ധങ്ങളിൽ ക്ഷമയായി മാറണം. പ്രാർത്ഥനയിൽ അനുഭവിച്ച ദൈവസാന്നിധ്യം ലോകത്തിൽ സമാധാനത്തിന്റെ സാന്നിധ്യമായി വിരിയണം.

C 9 നമ്മെ ഓർമ്മിപ്പിക്കുന്നത് ഇതാണ്: ഒരു സി.എം.ഐ. സന്യാസിയുടെ മഹത്വം അവന്റെ പ്രവർത്തനങ്ങളുടെ വ്യാപ്തിയിലല്ല; അവന്റെ പ്രാർത്ഥനയുടെ ആഴത്തിലാണ്. അവൻ ചലിക്കുന്ന ഒരു ദൈവാലയമാണ്; അവന്റെ ജീവിതം ദൈവത്തിന് അർപ്പിച്ച നിരന്തരമായ ഒരു സ്തുതിഗാനമാണ്. ദൈവവിചാരം അവന്റെ ഏകവിചാരമാകുമ്പോൾ, അവന്റെ ജീവിതം മുഴുവൻ ഒരു പ്രാർത്ഥനയായി രൂപാന്തരപ്പെടുന്നു.

2.3.2. ബലിപീഠവുമായുള്ള അഭേദ്യബന്ധം

C 10. "ദിവ്യബലി: ശ്രേഷ്ഠ പുരോഹിതനായ നമ്മുടെ രക്ഷകൻ ദൈവത്തിന്റെ ഉടമ്പടി നമ്മോടുകൂടി നവീകരിക്കുകയും (SC 10) സഭയുടെ സമർപ്പണമാകത്തക്കവിധം സ്വന്തം ബലി സംപ്രാപ്തമാക്കുകയും രക്ഷയുടെ ജീവദായകമായ വിരുന്ന് എല്ലാവർക്കുമായി തയ്യാറാക്കുകയും രക്ഷാകർമ്മം തുടരുകയും ചെയ്യുന്ന ദിവ്യബലി നമ്മുടെ വൈദികർ ദിവസവും ഭക്തിപൂർവ്വം സമർപ്പിക്കണം. സമൂഹത്തിലെ എല്ലാ അംഗങ്ങളും അനുദിന ബലിയർപ്പണത്തിൽ പങ്കുചേരണം. നമ്മുടെ ജീവിതം മുഴുവൻ ബലിയർപ്പണത്തെ കേന്ദ്രീകരിച്ചുള്ളതായിരിക്കണം. വൈദികർ തങ്ങളുടെ കുർബാനകൾ ശ്രേഷ്ഠന്റെ നിയോഗത്തിൽ അർപ്പിക്കേണ്ടതാണ്."

ദിവ്യബലി സഭയുടെ ജീവസ്രോതസ്സും പരമോന്നത ആരാധനയുമാണ്. ക്രിസ്തു തന്റെ രക്ഷാകർമ്മം ഇന്നും തുടരുന്ന വിശുദ്ധ നിമിഷമാണത്.

അതുകൊണ്ട് ഓരോ ദിവസവും ഭക്തിപൂർവ്വം ദിവ്യബലി അർപ്പിക്ക പ്പെടണം. ഇത് ഒരു കടമയല്ല; ലഭിച്ചിരിക്കുന്ന മഹത്തായ അനുഗ്രഹ മാണ്. ഓരോ ദിവസവും ബലിപീഠത്തിനരികിൽ നിൽക്കുമ്പോൾ, വൈദികൻ തന്റെ വ്യക്തിപരമായ ജീവിതവും സമൂഹത്തിന്റെ ജീവിത വും ദൈവസന്നിധിയിൽ സമർപ്പിക്കുന്നു. അവൻ വെറും ഒരു ആരാധന നിർവഹിക്കുന്നില്ല; ക്രിസ്തുവിന്റെ രക്ഷാകർമ്മത്തിൽ പങ്കുചേരുക യാണ്. ഓരോ ദിവ്യബലിയും സ്വർഗ്ഗവും ഭൂമിയും തമ്മിൽ സംഗമിക്കുന്ന വിശുദ്ധ നിമിഷമാണ്. ലോകം ഒരു പുരോഹിതന്റെ പ്രസംഗം മറക്കാം; അവന്റെ കഴിവുകളും നേട്ടങ്ങളും മറക്കാം. എന്നാൽ ഭക്തിയോടും സ്നേഹത്തോടും അർപ്പിച്ച ഓരോ ദിവ്യബലിയും നിത്യതയിൽ നില നിൽക്കും.

ഒരു പുരോഹിതൻ ദിവസേന കുർബാന അർപ്പിക്കേണ്ടത് കടമ കൊ ണ്ടുമാത്രമല്ല; സ്നേഹം കൊണ്ടാണ്. ക്രിസ്തുവിനെ അത്രമേൽ സ്നേ ഹിക്കുന്നതിനാൽ, ഓരോ പ്രഭാതത്തിലും അവൻ വീണ്ടും പ്രഖ്യാ പിക്കുന്നു: "ഇത് എന്റെ ശരീരമാണ്... ഇത് എന്റെ രക്തമാണ്..." ആ നിമിഷത്തിൽ അവൻ വെറും ക്രിസ്തുവിനെക്കുറിച്ച് സംസാരിക്കു ന്നില്ല; ക്രിസ്തുവിന്റെ വ്യക്തിത്വത്തിൽ നിന്നുകൊണ്ട് സംസാരിക്കുന്നു. അപ്പോഴാണ് ഒരു പുരോഹിതൻ യഥാർത്ഥ അർത്ഥത്തിൽ Alter Christus—'മറ്റൊരു ക്രിസ്തു'—ആയി മാറുന്നത്.

ഒരു ഉപ്പുപ്പാവ ആയിരക്കണക്കിന് മൈൽ ദൂരം കരയിലൂടെ സഞ്ചരിച്ചു ഒടുവിൽ കടലിന്റെ അരികിലെത്തി. അത് കടലിനോട് ചോദിച്ചു: "നീ ആരാണ്?" കടൽ പുഞ്ചിരിയോടെ മറുപടി പറഞ്ഞു: "അകത്ത് ഇറങ്ങി നോക്കൂ." ഉപ്പുപ്പാവ പതുക്കെ കടലിലേക്ക് നടന്നു. നടക്കുംതോറും അത് അലിഞ്ഞുതുടങ്ങി. ഒടുവിൽ അല്പം മാത്രം ശേഷിക്കുമ്പോൾ, അത്ഭുതഭരിതമായി അത് വിളിച്ചു പറഞ്ഞു: "ഇപ്പോൾ എനിക്കറിയാം ഞാൻ ആരാണെന്ന്!"

അതുപോലെ, ഒരു പുരോഹിതൻ ആരാണെന്ന് അവൻ യഥാർത്ഥ ത്തിൽ തിരിച്ചറിയുന്നത് അനുദിന ബലിയർപ്പണത്തിലൂടെയാണ്. ബലി യർപ്പകനും ബലിവസ്തുവും ഒരുമിക്കുന്ന ഈ ദൈവിക രഹസ്യത്തിൽ, അവൻ ക്രിസ്തുവിനോട് കൂടുതൽ കൂടുതൽ ഏകീകൃതനാകുന്നു.

"നമ്മുടെ ജീവിതം മുഴുവൻ ബലിയർപ്പണത്തെ കേന്ദ്രീകരിച്ചുള്ളതായി രിക്കണം." ഈ നിയമത്തിലെ ഏറ്റവും വെല്ലുവിളി നിറഞ്ഞ വാക്യം ഇതാണ്. ദിവ്യബലി ഒരു ദിവസത്തിലെ ഒരു മണിക്കൂർ മാത്രമാകരുത്; അത് നമ്മുടെ മുഴുവൻ ദിവസത്തെയും രൂപപ്പെടുത്തണം. ബലിപീഠ

ത്തിൽ നാം അർപ്പിക്കുന്ന അപ്പം, ജീവിതത്തിൽ നാം അർപ്പിക്കുന്ന സേവനമായി മാറണം. കുർബാനയിലെ സമർപ്പണം, ദിനചര്യയിലെ ത്യാഗമായി ജീവിക്കപ്പെടണം. ബലിപീഠത്തിൽ ആരംഭിക്കുന്ന ആരാധന, സമൂഹത്തിലെ സേവനത്തിൽ തുടരണം. ദിവ്യബലി ഒരു കടമയല്ല; അത് നമ്മുടെ ജീവനാണ്. ദിവ്യബലി ഒരു കർമ്മമല്ല; അത് രക്ഷയുടെ തുടർച്ചയാണ്. അതുകൊണ്ട് ഒരു സി.എം.ഐ. വൈദികന്റെ ജീവിതം ബലിപീഠത്തിൽ ആരംഭിച്ച് ബലിപീഠത്തിൽ തന്നെ പൂർത്തിയാകണം. അവന്റെ പ്രാർത്ഥനയും സേവനവും ത്യാഗവും സ്നേഹവും എല്ലാം ദിവ്യബലിയുടെ വിപുലീകരണമായിരിക്കണം.

ഒരു പുരോഹിതന്റെ ശവസംസ്കാര ശുശ്രൂഷയിലെ ഏറ്റവും ഹൃദയസ്പർശിയായ നിമിഷങ്ങളിൽ ഒന്നാണ്, അവന്റെ ശവമഞ്ചം ദേവാലയത്തിലെ ബലിപീഠത്തെയും ചാപ്പലിന്റെ വാതിലുകളെയും സ്പർശിച്ച് വിടപറയുന്ന വിശുദ്ധചടങ്ങ്. അത് വെറും ഒരു ആചാരമല്ല; ഒരു ജീവിതത്തിന്റെ സംഗ്രഹമാണ്.

ഒരു പുരോഹിതന്റെ ജീവിതത്തിന് ബലിപീഠവുമായി വേർപിരിയാനാകാത്ത ബന്ധമുണ്ട്. അവൻ തന്റെ കൈകളാൽ അപ്പവും വീഞ്ഞും അർപ്പിക്കുമ്പോൾ, തന്റെ ഹൃദയം തന്നെയാണ് ദൈവത്തിന് സമർപ്പിച്ചത്. ഓരോ ദിവ്യബലിയും അവന്റെ ആത്മാവിന്റെ ഒരു ഭാഗമായിരുന്നു. അതുകൊണ്ട് ശവമഞ്ചം ബലിപീഠത്തെ സ്പർശിക്കുമ്പോൾ, അത് ഒരു യാത്രയുടെ അവസാനം മാത്രമല്ല; ജീവിതകാലം മുഴുവൻ നീണ്ടുനിന്ന സ്നേഹബന്ധത്തിന്റെ സമാപനമാണ്. "ഇവിടെ ഞാൻ നിന്നോടൊപ്പം ജീവിച്ചു; ഇപ്പോൾ ഞാൻ നിന്നിലേക്കാണ് മടങ്ങുന്നത്" എന്ന നിശ്ശബ്ദ സാക്ഷ്യമായി ആ സ്പർശം മാറുന്നു.

ചാപ്പൽ അവന്റെ വീടായിരുന്നു. അവിടെ അവൻ പ്രാർത്ഥിച്ചു, കരഞ്ഞു, സന്തോഷിച്ചു, ദൈവസാന്നിധ്യം അനുഭവിച്ചു. പലർക്കും അത് ഒരു കെട്ടിടം മാത്രമായിരിക്കാം; എന്നാൽ ഒരു പുരോഹിതന് അത് ആത്മാവിന്റെ ഗർഭഗൃഹമാണ്. അവിടെ അവൻ വീണ്ടും വീണ്ടും ആത്മീയമായി ജനിച്ചു; തന്റെ വിളിയോട് വിശ്വസ്തനായി വളർന്നു. അതുകൊണ്ടുതന്നെ, ചാപ്പലിന്റെ വാതിലുകളെ സ്പർശിച്ച് വിടപറയുമ്പോൾ, അത് തന്റെ ആത്മഗൃഹത്തോട് പറയുന്ന അവസാന 'നന്ദി' യാണ്. "ഈ വാതിലുകൾ വഴിയാണ് ഞാൻ അനേകം ആത്മാക്കളെ ദൈവത്തിലേക്ക് നയിച്ചത്; ഇന്ന് ഞാൻ തന്നെയാണ് ആ വാതിൽ കടന്ന് നിത്യത്തിലേക്ക് പ്രവേശിക്കുന്നത്" എന്ന ശാശ്വതസത്യം അവിടെ മുഴങ്ങുന്നു.

ഇത് നമ്മെ ഓർമ്മിപ്പിക്കുന്ന വലിയ സത്യം ഇതാണ്: പുരോഹിതന്റെ ജീവിതം ഒരു ദൗത്യം മാത്രമല്ല; അത് ഒരു സ്നേഹബന്ധമാണ്—ദൈവത്തോടും ബലിപീഠത്തോടും സഭയോടും ജനങ്ങളോടുമുള്ള സ്നേഹബന്ധം. അവസാനമായി ബലിപീഠത്തെയും ചാപ്പലിനെയും സ്പർശിക്കുന്ന ആ ശവമഞ്ചം നമ്മോട് നിശ്ശബ്ദമായി പറയുന്നത് ഇതാണ്: യഥാർത്ഥ സമർപ്പണം ഒരിക്കലും അവസാനിക്കുന്നില്ല; അത് ഭൂമിയിൽ നിന്ന് നിത്യത്തിലേക്കുള്ള മൃദുവായ ഒരു കൈമാറ്റം മാത്രമാണ്. അതുകൊണ്ട്, ആ കാഴ്ച നമുക്ക് നൽകുന്നത് ദുഃഖം മാത്രമല്ല; അതിലുപരി അത് ഒരു വിശുദ്ധജീവിതത്തിന്റെ സമ്പൂർണ്ണതയും ദൈവസ്നേഹത്തിന്റെ നിശ്ശബ്ദ സാക്ഷ്യവുമാണ്. ബലിപീഠത്തിൽ ആരംഭിച്ച ജീവിതം, ഒടുവിൽ ദൈവത്തിന്റെ നിത്യബലിപീഠത്തിൽ പൂർത്തിയാകുന്നു.

2.3.3. ആത്മീയ ശ്വാസം

C 11. "കാനോനനമസ്ക്കാരം: തിരുസഭ തന്റെ സ്വർഗ്ഗീയവരന് അർപ്പിക്കുന്ന ഔദ്യോഗിക പ്രാർത്ഥനയാണ് കാനോനികജപം. പരിശുദ്ധ കുർബാനയിലെ സ്തുതിയും സ്തോത്രവും അത് ദിവസം മുഴുവനിലേക്കും വ്യാപിപ്പിക്കുന്നു. നമ്മുടെ കർത്താവിന്റെ നാമത്തിൽ തിരുസഭയുടെ സ്വരവും വിശുദ്ധ ഗ്രന്ഥത്തിലെ നിവേശിത വാക്കുകളുമുപയോഗിച്ച് സകല മനുഷ്യവർഗ്ഗത്തോടും സൃഷ്ടികളോടുമൊത്ത് ദൈവത്തെ സ്തുതിക്കുവാൻ അത് നമ്മെ കഴിവുറ്റവരാക്കുന്നു. അങ്ങനെ ദിനരാത്രങ്ങൾ മുഴുവൻ പവിത്രീകരിക്കപ്പെടുന്നു. ശ്ലീഹായുടെ നിർദ്ദേശമനുസരിച്ച് ഇടവിടാതെ പ്രാർത്ഥിക്കുവാനും (1 തെസ്സ 5:17) നമ്മുടെ പ്രേഷിതവ്യത്തിയെ ഉപരി കാര്യക്ഷമവും ഫലപ്രദവുമാക്കുവാനും നമുക്ക് സാധിക്കണം. കാനോനനമസ്ക്കാരം നാം സമൂഹത്തിൽ നടത്തണം; സാധ്യമാകുന്നിടത്തോളം ജനങ്ങളോടുകൂടി ഇതു നിർവ്വഹിക്കേണ്ടതാണ്."

കാനോനനമസ്ക്കാരത്തെക്കുറിച്ച് പറയുമ്പോൾ, അത് ഒരു വ്യക്തിയുടെ സ്വകാര്യ പ്രാർത്ഥനയല്ല; മറിച്ച്, തന്റെ സ്വർഗ്ഗീയവരനായ കർത്താവിന് തിരുസഭ അർപ്പിക്കുന്ന ഔദ്യോഗിക സ്തുതിയാണ്. ഇവിടെ പ്രാർത്ഥിക്കുന്നത് ഒരു വ്യക്തി മാത്രമല്ല; സഭ മുഴുവനാണ്. ഉയരുന്നത് ഒരു വ്യക്തിയുടെ ശബ്ദമല്ല; ക്രിസ്തുവിന്റെ ശരീരമായ തിരുസഭയുടെ സ്വരമാണ്. അതുകൊണ്ടുതന്നെ കാനോനനമസ്ക്കാരം സഭയുടെ പൊതു ആരാധനയുടെ അവിഭാജ്യഘടകമാണ്. പരിശുദ്ധ കുർബാനയിൽ ആരംഭിക്കുന്ന സ്തുതിയും സ്തോത്രവും ഒരു നിമിഷത്തിൽ അവസാനിക്കുന്നില്ല; അത് ദിവസം മുഴുവൻ നീളുന്ന പ്രാർത്ഥനയായി കാനോനനമസ്ക്കാരത്തിലൂടെ തുടർന്നൊഴുകുന്നു. കുർബാന ഒരു സൂര്യോദയ

മാണെങ്കിൽ, കാനോനനമസ്ക്കാരം ആ പ്രകാശം ദിനത്തിന്റെ ഓരോ നിമിഷത്തിലേക്കും വ്യാപിപ്പിക്കുന്ന സൂര്യകിരണങ്ങളാണ്. ദിവ്യബലിയിൽ നിന്ന് ലഭിച്ച കൃപയെ ദിവസത്തിന്റെ ഓരോ സമയത്തും സജീവമായി നിലനിർത്തുന്ന ആത്മീയ ശ്വാസമാണ് കാനോന നമസ്ക്കാരം.

ശ്രേഷ്ഠപുരോഹിതനായ ക്രിസ്തു തന്റെ നിത്യമായ മാധ്യസ്ഥപ്രാർത്ഥനയിലും പിതാവിനോടുള്ള സ്തുതിയിലും നമ്മെ പങ്കാളികളാക്കുന്നു. വിശുദ്ധഗ്രന്ഥത്തിൽനിന്ന്, പ്രത്യേകിച്ച് സങ്കീർത്തനങ്ങളിൽനിന്ന്, ഉത്ഭവിക്കുന്ന വചനങ്ങളാണ് നമ്മുടെ അധരങ്ങളിൽ ഉയരുന്നത്. അതിനാൽ ഇവിടെ നാം നമ്മുടെ വ്യക്തിപരമായ വികാരങ്ങൾ മാത്രമല്ല പ്രകടിപ്പിക്കുന്നത്; ദൈവവചനത്തെത്തന്നെയാണ് സഭയുടെ സ്വരമായി ഏറ്റുപറയുന്നത്. മനുഷ്യകുലത്തിന്റെ സന്തോഷങ്ങളും ദുഃഖങ്ങളും, പ്രത്യാശകളും കണ്ണീരും, സൃഷ്ടിയുടെ നിശ്ശബ്ദസ്തുതിയും ഈ പ്രാർത്ഥനയിൽ ഒന്നിച്ചുചേരുന്നു. അങ്ങനെ കാനോനനമസ്ക്കാരം സഭയുടെയും സകലസൃഷ്ടികളുടെയും സംയുക്തമായ സ്തുതിഗീതമായി മാറുന്നു.

“ഇടവിടാതെ പ്രാർത്ഥിക്കുവിൻ” (1 തെസ 5:17) എന്ന വി. പൗലോസിന്റെ ആഹ്വാനം കാനോനനമസ്ക്കാരത്തിൽ സവിശേഷമായി സാക്ഷാത്കരിക്കപ്പെടുന്നു. ഇടവിടാതെ പ്രാർത്ഥിക്കുക എന്നത് വാക്കുകൾ അവസാനമില്ലാതെ ആവർത്തിക്കുന്നതല്ല; ജീവിതത്തിന്റെ ഓരോ സമയത്തെയും ദൈവസന്നിധിയിൽ സമർപ്പിക്കുകയും പ്രാർത്ഥനയാൽ വിശുദ്ധീകരിക്കുകയും ചെയ്യുക എന്നതാണ്. കാനോനനമസ്ക്കാരം ഈ നിരന്തരപ്രാർത്ഥനയ്ക്ക് സഭ നൽകുന്ന ക്രമബദ്ധവും മനോഹരവുമായ മാർഗമാണ്. അതുകൊണ്ടാണ് നമ്മുടെ നിയമാവലി കാനോന നമസ്ക്കാരം സമൂഹമായി നിർവഹിക്കണമെന്നും, സാധ്യമാകുന്നിടത്തോളം വിശ്വാസിസമൂഹത്തോടൊപ്പം ആഘോഷിക്കണമെന്നും നിർദേശിക്കുന്നത്. ഈ പ്രാർത്ഥന സ്വകാര്യഭക്തിയിൽ ഒതുങ്ങാതെ സഭയുടെ ഐക്യത്തിന്റെയും കൂട്ടായ ആരാധനയുടെയും ദൃശ്യമായ അടയാളമായി ഉയരണം. ഒരുമിച്ച് സങ്കീർത്തനങ്ങൾ ആലപിക്കുകയും ദൈവവചനം ശ്രവിക്കുകയും ചെയ്യുമ്പോൾ, സമൂഹം “ഒരു ഹൃദയവും ഒരു ആത്മാവും” (അപ്പ 4:32) ആയിത്തീരുന്നു. അപ്പോൾ കാനോനനമസ്ക്കാരം വെറും കടമനിർവഹണമല്ല; ക്രിസ്തുവിന്റെ പ്രാർത്ഥനയിൽ സഭ പങ്കുചേരുന്ന മഹത്തായ കൃപാനുഭവമായി മാറുന്നു.

നമ്മുടെ പ്രേഷിതവൃത്തിക്ക് ഇത് വളരെ ആവശ്യമാണ്! പ്രാർത്ഥനയില്ലാത്ത പ്രവർത്തനം ക്ഷീണത്തിലേക്ക് നയിക്കും. എന്നാൽ, കാനോന

നമസ്ക്കാരത്തിൽ ആഴപ്പെട്ട പ്രവർത്തനം കൂടുതൽ ഫലപ്രദമാകും. പകലും രാത്രിയും പവിത്രീകരിക്കപ്പെടുമ്പോൾ, നമ്മുടെ ദൗത്യവും പവിത്രമാകും. പ്രാർത്ഥന പ്രവർത്തനത്തെ ശുദ്ധീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. അങ്ങനെ, കാനോനനമസ്ക്കാരം നമ്മുടെ ആത്മീയ ശ്വാസമായി മാറുന്നു; ദിവസം മുഴുവൻ ദൈവസന്നിധിയിൽ ജീവിക്കാൻ നമ്മെ സഹായിക്കുന്ന ആത്മീയ ശ്വാസം. കാനോന നമസ്ക്കാരം നമ്മെ ദിവസം മുഴുവനും ദൈവത്തിന്റെ സ്തുതിയായി മാറ്റുന്ന ജീവിതത്തിലേക്ക് ക്ഷണിക്കുന്നു.

2.3.4. കുമ്പസാരക്കൂട്: ആത്മദർശനത്തിന്റെ ദർശനവീട്

C 12. "അനുരഞ്ജനത്തിന്റെ കൂദാശ: അനുരഞ്ജന കൂദാശയ്ക്കു നമ്മുടെ സഹോദരന്മാർ വലിയ പ്രാധാന്യം കല്പിക്കേണ്ടതാണ്. പ്രസ്തുത കൂദാശയിൽ നമ്മുടെ കർത്താവും ഇടയനുമായ മിശിഹായുടെ ക്ഷണമനുസരിച്ച് പശ്ചാത്താപനിർഭരമായ ഹൃദയത്തോടെ അനുദിനം നാം കർത്താവിന്റെ പക്കലേയ്ക്ക് തിരിയണം. "പശ്ചാത്തപിക്കുവിൻ, എന്തെന്നാൽ ദൈവരാജ്യം സമീപിച്ചിരിക്കുന്നു"വെന്ന അവിടത്തെ വാക്കുകൾ നാം ഓർമിക്കുകയും വേണം. നമ്മുടെ സഹോദരങ്ങളോടും സഭയോടും നാം അനുരഞ്ജനം പ്രാപിക്കണം. നമ്മുടെ ബലഹീനതകളും പോരായ്മകളും ഓർത്തുകൊണ്ടും സ്വമേധയാ അനുതാപകൃത്യങ്ങൾ അനുഷ്ഠിച്ച് നമ്മെത്തന്നെ സജ്ജമാക്കികൊണ്ടും രണ്ടാഴ്ചയിലൊരിക്കലെങ്കിലും ഈ കൂദാശ നാം സ്വീകരിക്കണം."

"കുമ്പസാരം എന്ന കൂദാശയിൽ ഉണ്ടായ വീഴ്ചയാണ് ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ ദുരന്തം" എന്ന് കൊളോണിലെ ആർച്ച് ബിഷപ്പായ കർദിനാൾ ജോവാക്കിം മെയ്സ്നർ വത്തിക്കാനിൽ വൈദിക വർഷ സമാപനത്തോടനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ പറഞ്ഞത് ഈ അവസരത്തിൽ ഏറെ ചിന്തനീയമാണ്. അദ്ദേഹം തുടർന്നു: "സഭ എപ്പോഴും നവീകരിക്കപ്പെട്ടു കൊണ്ടിരിക്കുന്നതുപോലെ അവിടുത്തെ അഭിഷിക്തരും നവീകരിക്കപ്പെടണം. സഭയ്ക്കു വേണ്ടത് സഭയുടെ ഭരണം നടത്തുവാനുള്ളവരെയല്ല, ഹൃദയപരിവർത്തനം വന്ന വൈദികരെയാണ്. മനസാന്തരപ്പെട്ട വൈദികർക്കേ ലോകത്തെ മാനസാന്തരപ്പെടുത്താനാകൂ. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ നഷ്ടം കുമ്പസാരം എന്ന കൂദാശയിലൂടെ ലഭിക്കുന്ന പരിശുദ്ധാത്മാവിനെ നഷ്ടമാക്കിയതാണ്. സഭയിലെയും വൈദികരുടെ ജീവിതത്തിലെയും എല്ലാ തിന്മകളുടെയും കാരണം പരിശുദ്ധാത്മാവിനെ നഷ്ടമാക്കിയതാണ്.

വൈദികൻ കുമ്പസാരം എന്ന കൂദാശയിൽ നിന്ന് മുഖം തിരിക്കുമ്പോൾ അവന്റെ അസ്തിത്വം നഷ്ടമാകുന്നു."[1]

കർദിനാളിന്റെ ഈ വാക്കുകൾ കുമ്പസാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ഒരു മുന്നറിയിപ്പ് മാത്രമല്ല; ആത്മീയ നവീകരണത്തിന്റെ ഉറവിടത്തിലേക്കുള്ള ഒരു തിരിച്ചുവിളി കൂടിയാണ്. കാരണം കുമ്പസാരക്കൂട് കേവലം പാപങ്ങൾ ഏറ്റുപറയുന്ന ഒരിടമല്ല; അത് ആത്മദർശനത്തിന്റെ ഒരു ദർശനവീടാണ്. മനുഷ്യൻ തന്റെ യഥാർത്ഥ മുഖം കാണുന്ന വിശുദ്ധ ഇടമാണത്. ലോകത്തിന്റെ മുമ്പിൽ നാം പല മുഖങ്ങൾ ധരിച്ചേക്കാം; എന്നാൽ കുമ്പസാരക്കൂടിൽ ദൈവസന്നിധിയിൽ നിൽക്കുമ്പോൾ ആത്മാവിന്റെ നഗ്നസത്യം വെളിപ്പെടുന്നു.

ആത്മാനുതാപം കൊണ്ടാണ് ആ ദർശനവീട് പണിയപ്പെട്ടിരിക്കുന്നത്. സ്വന്തം ബലഹീനതകളെ അംഗീകരിക്കാനുള്ള വിനയമാണ് അതിന്റെ അടിത്തറ. പാപങ്ങളെക്കുറിച്ചുള്ള സത്യസന്ധമായ തിരിച്ചറിവാണ് അതിന്റെ വാതിൽ. ദൈവകാരുണ്യത്തിലുള്ള പ്രത്യാശയാണ് അതിന്റെ പ്രകാശം. അവിടെ മനുഷ്യൻ തന്റെ വീഴ്ചകളെ മാത്രം കാണുന്നില്ല; അവയെക്കാൾ വലുതായ ദൈവസ്നേഹത്തെയും ദർശിക്കുന്നു. അതുകൊണ്ട് കുമ്പസാരം കുറ്റങ്ങളുടെ കണക്ക് പറയുന്ന ഒരു നടപടിയല്ല; കൃപയുടെ വെളിച്ചത്തിൽ സ്വയം തിരിച്ചറിയുന്ന ഒരു ആത്മീയ ദർശനമാണ്.

സഭയുടെ നവീകരണവും വൈദികരുടെ നവീകരണവും ആരംഭിക്കുന്നത് ഈ ആത്മദർശനത്തിൽ നിന്നാണ്. ഹൃദയപരിവർത്തനം സംഭവിക്കുന്നത് മനുഷ്യൻ സ്വന്തം ആത്മാവിനെ ദൈവത്തിന്റെ കണ്ണുകളിലൂടെ കാണുമ്പോഴാണ്. കുമ്പസാരക്കൂട് എന്ന ദർശനവീട്ടിൽ പ്രവേശിക്കുന്നവൻ തന്റെ തകർച്ചകളെ തിരിച്ചറിയുന്നു; എന്നാൽ അതോടൊപ്പം ദൈവം അവനെ പുതുക്കുവാൻ ആഗ്രഹിക്കുന്നുവെന്നും മനസ്സിലാക്കുന്നു. അതുകൊണ്ടുതന്നെ മനസാന്തരപ്പെട്ട വൈദികർക്കേ ലോകത്തെ മാനസാന്തരപ്പെടുത്താൻ കഴിയൂ.

കുമ്പസാരക്കൂടിൽ നിന്ന് മനുഷ്യൻ അകന്നുപോകുമ്പോൾ, ആത്മദർശനത്തിനുള്ള അവസരവും നഷ്ടമാകുന്നു. ആത്മാവിനെ പരിശോധിക്കാത്ത ജീവിതം ക്രമേണ ദൈവശബ്ദത്തോട് ബധിരമാകുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോട് ഹൃദയം അടയുന്നു. അതുകൊണ്ടാണ് കർദിനാൾ മെയ്സ്നർ കുമ്പസാരത്തിന്റെ അവഗണനയെ സഭയു

[1] *സൺഡേ ശാലോം,* "പൗരോഹിത്യം പദവിയല്ല കൂദാശയാണ്," ജൂൺ 2010, 5.

ടെയും വൈദികജീവിതത്തിന്റെയും വലിയ നഷ്ടമായി വിശേഷിപ്പിക്കുന്നത്.

കുമ്പസാരക്കൂട് ഇന്നും തുറന്നുകിടക്കുന്നു—ആത്മദർശനത്തിന്റെ ഒരു ദർശനവീടായി. അവിടെ പ്രവേശിക്കുന്ന ഓരോരുത്തരും സ്വന്തം പാപങ്ങളെ ഏറ്റുപറയുക മാത്രമല്ല ചെയ്യുന്നത്; മറിച്ച്, ദൈവകാരുണ്യത്തിന്റെ പ്രകാശത്തിൽ സ്വന്തം ആത്മാവിനെ വീണ്ടും കണ്ടെത്തുകയും ചെയ്യുന്നു. ആത്മാനുതാപത്തിന്റെ കല്ലുകളാൽ പണിത ആ ദർശനവീട് ഇന്നും ഹൃദയപരിവർത്തനത്തിലേക്കും പരിശുദ്ധാത്മാവിന്റെ നവീകരണത്തിലേക്കും നമ്മെ ക്ഷണിച്ചുകൊണ്ടിരിക്കുന്നു.

നിയമാവലി നമ്മോട് പറയുന്നു: പശ്ചാത്താപനിർഭരമായ ഹൃദയത്തോടെ അനുദിനം കർത്താവിന്റെ പക്കലേക്ക് തിരിയണം. അനുരഞ്ജനം ഒരു ദൈനംദിന മനോഭാവമാണ്. പാപം നമ്മെ ദൈവത്തിൽ നിന്ന് അകറ്റുന്നു; എന്നാൽ പശ്ചാത്താപം നമ്മെ വീണ്ടും അവിടുത്തെ സന്നിധിയിലേക്ക് നയിക്കുന്നു. ഓരോ തിരിച്ചുവരവും ഒരു ആത്മീയ പുനർജന്മമാണ്. ഈ കൂദാശ ദൈവത്തോടുള്ള സമാധാനം മാത്രമല്ല, സഹോദരങ്ങളോടും സഭയോടുമുള്ള അനുരഞ്ജനവുമാണ്. നാം സഭാസമൂഹത്തിന്റെ ഭാഗമായതിനാൽ നമ്മുടെ വീഴ്ചകൾക്കും ഒരു സാമൂഹിക മാനമുണ്ട്. അതുപോലെ നമ്മുടെ മാനസാന്തരവും അനുരഞ്ജനവും സമൂഹജീവിതത്തെ നവീകരിക്കുന്നു. അനുരഞ്ജനത്തിന്റെ കൂദാശയിൽ നാം ദൈവത്തോടും സഹോദരങ്ങളോടും സഭയോടുമുള്ള ബന്ധം വീണ്ടും ദൃഢപ്പെടുത്തുന്നു. ഈ കൂദാശ നമ്മെ പഠിപ്പിക്കുന്ന ഏറ്റവും വലിയ സത്യം ഇതാണ്: പാപം അവസാനവാക്കല്ല; കൃപയാണ് അവസാനവാക്ക്.

2.3.5. ധ്യാനം: ഹൃദയത്തിന്റെ സംഭാഷണം

C 12. "മാനസിക പ്രാർത്ഥന: **(a)** കർത്താവ് പിതാവിനോടുള്ള സംഭാഷണത്തിനായി പലപ്പോഴും ഏകാന്തതയിലേക്ക് പിന്മാറുമായിരുന്നു (ലൂക്കാ 6:12). വിമലയായ അമ്മയും ദിവ്യരഹസ്യങ്ങൾ തന്റെ ഹൃദയത്തിൽ സമാഹരിച്ച് അനുധ്യാനത്തിൽ മുഴുകുമായിരുന്നു (ലൂക്കാ 2:19). ഇവരുടെ മാതൃകയനുസരിച്ച് നാമും അനുദിനം ഒരു മണിക്കൂറെങ്കിലും മാനസിക പ്രാർത്ഥനയിൽ ചെലവഴിക്കണം.

(b) അനുദിനധ്യാനത്തിനുവേണ്ടിയുള്ള ഒരു മണിക്കൂറിൽ പകുതിയെങ്കിലും സമൂഹത്തിൽ നടത്തേണ്ടതാണ്. സുപ്പീരിയർ സ്ഥലസമൂഹത്തോട് ആലോചിച്ചു തീരുമാനിക്കുന്നതനുസരിച്ച് രാവിലെയോ സന്ധ്യ

യ്ക്കൊ ഇത് നടത്തുന്നു. മാനസിക പ്രാർത്ഥനയ്ക്കു മുമ്പായി വേണ്ട വിധം ഒരുങ്ങേണ്ടതാണ്."

നമ്മുടെ അനുദിന ജീവിതത്തിൽ പലപ്പോഴും മുടങ്ങിപ്പോകുന്ന ഒരു ഭക്തഭ്യാസമാണ് അനുദിന ധ്യാനം. പൗരോഹിത്യജീവിതത്തിൽ മുടങ്ങാതെ വിശുദ്ധ കുർബാന അർപ്പിക്കുന്നതുപോലെ, സന്യാസജീവിതത്തിൽ മുടങ്ങാതെ നാം നടത്തേണ്ട ആത്മീയ ബലിയർപ്പണമാണ് അനുദിന ധ്യാനം. സ്വകാര്യമായി ഞാൻ എങ്ങനെ പ്രാർത്ഥിക്കുന്നു എന്നതിന്റെ ഗുണമേന്മ അനുസരിച്ചായിരിക്കും എന്റെ പൗരോഹിത്യ ശുശ്രൂഷയുടെ ഫലപ്രാപ്തിയും മേന്മയും.

വിവിധ പ്രവർത്തനങ്ങളാൽ തിരക്കേറിയ നമ്മുടെ ജീവിതത്തെ ദൈവസാന്നിധ്യത്തിന്റെ നിശ്ശബ്ദതയിലേക്ക് നയിക്കുന്ന ദിവ്യനിമിഷങ്ങളാണ് ധ്യാനം. കർത്താവ് തിരക്കിനിടയിലും പലപ്പോഴും പിതാവിനോടുള്ള സംഭാഷണത്തിനായി ഏകാന്തതയിലേക്ക് പിന്മാറുമായിരുന്നു (ലൂക്കാ 6:12). അതിൽ ഒരു വലിയ പാഠമുണ്ട്: ദൗത്യത്തിന്റെ ശക്തി ജനക്കൂട്ടത്തിൽ നിന്നല്ല; ഏകാന്തതയിലെ പ്രാർത്ഥനയിൽ നിന്നാണ്. വിമലയായ അമ്മയും ദിവ്യരഹസ്യങ്ങൾ ഹൃദയത്തിൽ സംഗ്രഹിച്ച് അവയെക്കുറിച്ച് അനുധ്യാനത്തിൽ മുഴുകിയിരുന്നു (ലൂക്കാ 2:19). ആ വിമല ഹൃദയം സംഭവങ്ങളെ ധ്യാനിച്ച് ദൈവത്തിന്റെ പദ്ധതിയിൽ അവയുടെ അർത്ഥം കണ്ടെത്തി. ഇവരുടെ മാതൃകയാണ് നമ്മുടെ മാർഗദീപം. അതുകൊണ്ടാണ് നിയമാവലി നിർദ്ദേശിക്കുന്നത്: അനുദിനം ഒരു മണിക്കൂറെങ്കിലും മാനസിക പ്രാർത്ഥനയ്ക്കായി ചെലവഴിക്കണം.

ഒരു മണിക്കൂർ പ്രാർത്ഥനയ്ക്കായി മാറ്റിവയ്ക്കുന്നത് ദിവസത്തിലെ ഒരു ഭാഗം ദൈവത്തിന് നൽകുന്നതല്ല; മറിച്ച്, ദിവസമൊട്ടാകെ ദൈവസാന്നിധ്യത്തിൽ ജീവിക്കാൻ ആത്മാവിനെ ഒരുക്കുന്നതാണ്. മാനസിക പ്രാർത്ഥന വാക്കുകളുടെ ആവർത്തനമല്ല; ഹൃദയത്തിന്റെ സംഭാഷണമാണ്. അത് ദൈവത്തെക്കുറിച്ച് ചിന്തിക്കുന്നതല്ല; ദൈവത്തോടൊപ്പം ആയിരിക്കുന്നതാണ്. ഒരു മണിക്കൂറിൽ പകുതിയെങ്കിലും സമൂഹത്തിൽ നടത്തണമെന്ന് നിയമാവലി പറയുന്നു. ഇത് വ്യക്തിപരമായ ആത്മീയതയെ സമൂഹാത്മക ഐക്യത്തിലേക്ക് ഉയർത്തുന്നു. ഒരുമിച്ച് നിശ്ശബ്ദമായി ദൈവസന്നിധിയിൽ ആയിരിക്കുമ്പോൾ, വാക്കുകൾക്കതീതമായ ഒരു ഐക്യം രൂപപ്പെടുന്നു. നിശ്ശബ്ദതയിൽ സമൂഹം കൂടുതൽ ഏകതയും സഹോദരഭാവവും ആർജിക്കുന്നു.

മാനസിക പ്രാർത്ഥനയ്ക്ക് മുമ്പായി വേണ്ടവിധം ഒരുങ്ങണമെന്ന് നിയമാവലി ഓർമ്മിപ്പിക്കുന്നു. ശരീരം ശാന്തമാകണം; മനം ഏകാഗ്രമാക

ണം; ഹൃദയം തുറന്നിരിക്കണം. ഒരുക്കമില്ലാത്ത നിശ്ശബ്ദത വെറും ശൂന്യതയായി മാറാം; എന്നാൽ ഒരുക്കത്തോടെയുള്ള നിശ്ശബ്ദത ദൈവസാന്നിധ്യത്തിന്റെ അനുഭവമായി മാറുന്നു. ഒരു സി.എം.ഐ. സന്യാസിയുടെ ശക്തി അവന്റെ പ്രവർത്തനവ്യാപ്തിയിലല്ല; അവന്റെ ധ്യാനത്തിന്റെ ആഴത്തിലാണ്. ഏകാന്തതയിൽ ദൈവത്തോട് സംസാരിക്കുന്നവൻ ജനക്കൂട്ടത്തിൽ ദൈവത്തിന്റെ ശബ്ദമായി മാറും. ധ്യാനത്തിൽ ദൈവത്തെ ശ്രവിക്കുന്നവനാണ് ദൗത്യത്തിൽ ദൈവത്തെ ഫലപ്രദമായി സാക്ഷ്യം വഹിക്കുന്നത്.

2.3.5.1. വചനധ്യാനം

ധ്യാനത്തിന് വിവിധ രീതികൾ അവലംബിക്കാവുന്നതാണ്. അവയിൽ ഏറ്റവും ശ്രേഷ്ഠമായ ഒരു മാർഗം അനുദിന ദൈവവചനത്തെ ആസ്പദമാക്കിയുള്ള ധ്യാനമാണ്. അത് വിശുദ്ധ കുർബാനയ്ക്കുള്ള ഏറ്റവും നല്ല ഒരുക്കവുമാണ്. വിശുദ്ധ കുർബാനയിൽ പരസ്പരം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന രണ്ട് ശുശ്രൂഷകളാണുള്ളത്: വചന ശുശ്രൂഷയും അപ്പം മുറിക്കൽ ശുശ്രൂഷയും. വചനശുശ്രൂഷ അപ്പം മുറിക്കൽ ശുശ്രൂഷയ്ക്കുള്ള ഒരുക്കമാണ്. ദൈവവചനം ശ്രവിക്കുകയും അതിനെ ഹൃദയത്തിൽ സ്വീകരിക്കുകയും ചെയ്യുന്നവരാണ് അപ്പമായി സ്വയം നൽകുന്ന കർത്താവിനെ കൂടുതൽ ആഴത്തിൽ സ്വീകരിക്കാൻ ഒരുങ്ങുന്നത്.

അനുദിന വചനധ്യാനം ഈ ഒരുക്കത്തെ കൂടുതൽ സമ്പന്നമാക്കുന്നു. വിശുദ്ധ കുർബാനയിലെ വായനകൾ മുൻകൂട്ടി ധ്യാനിക്കുമ്പോൾ, കുർബാനയിലെ വചനശുശ്രൂഷ കേവലം ശ്രവണമായി ഒതുങ്ങാതെ, ഇതിനകം തന്നെ ഹൃദയത്തിൽ വേരൂന്നിയ ദൈവവചനത്തിന്റെ ആഘോഷമായി മാറുന്നു. അങ്ങനെ ദൈവവചനം ആദ്യം മനസ്സിനെ പ്രകാശിപ്പിക്കുകയും പിന്നീട് അപ്പം മുറിക്കൽ ശുശ്രൂഷ ആത്മാവിനെ പോഷിപ്പിക്കുകയും ചെയ്യുന്നു.

അനുദിന കാനോനനമസ്ക്കാരത്തിലും ഈ ആത്മീയ ചൈതന്യം സഭ നമ്മെ പഠിപ്പിക്കുന്നു. റംശായിലും ലെലിയായിലും അടുത്ത ദിവസത്തെ വിശുദ്ധ കുർബാനയുടെ വചനവായനകളാണ് നാം പ്രാർത്ഥനയുടെ ഭാഗമായി വായിക്കുന്നത്. അതിനാൽ ധ്യാനം യഥാർത്ഥത്തിൽ കാനോനനമസ്ക്കാരത്തിൽ നിന്നുതന്നെ ആരംഭിക്കുന്നു. സഭയുടെ പ്രാർത്ഥനയിൽ ശ്രവിച്ച വചനം വ്യക്തിപരമായ ധ്യാനത്തിൽ ആഴപ്പെടുകയും പിന്നീട് വിശുദ്ധ കുർബാനയിൽ പൂർണത പ്രാപിക്കുകയും ചെയ്യുന്നു. ഇപ്രകാരം കാനോന നമസ്കാരം, ധ്യാനം, വിശുദ്ധ കുർബാന എന്നിവ പരസ്പരം ബന്ധിക്കപ്പെട്ട ഒരു ആത്മീയ യാത്രയായി മാറുന്നു. പ്രാർത്ഥ

നയിൽ വിതച്ച ദൈവവചനം ധ്യാനത്തിൽ വളരുകയും വിശുദ്ധ കുർബാനയിൽ ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു.

2.3.5.2. എന്നിൽ പാകിയിരിക്കുന്ന വചനം

അനുദിന വചനധ്യാനത്തിനായി "എന്നിൽ പാകിയിരിക്കുന്ന വചനം" എന്ന വിഷയത്തെയും ധ്യാനവിഷയമാക്കാവുന്നതാണ്. "നിങ്ങളിൽ പാകിയിരിക്കുന്ന വചനത്തെ വിനയപൂർവ്വം സ്വീകരിക്കുവിൻ" (യാക്കോ 1:21) എന്ന് വി. യാക്കോബ് നമ്മെ ഉദ്ബോധിപ്പിക്കുന്നു. ഈ വചനം ധ്യാനിക്കുമ്പോൾ വെളിപാട് പുസ്തകത്തിലെ ആഹ്വാനം—"നിനക്കുള്ളതു കാത്തുസൂക്ഷിക്കുക" (വെളി 3:11)—പുതിയൊരു അർത്ഥത്തിൽ നമ്മുടെ ഹൃദയത്തിൽ പ്രതിധ്വനിക്കുന്നു. ദൈവം എന്നിൽ പാകിയിരിക്കുന്ന വചനമാണ് ഞാൻ കാത്തുസൂക്ഷിക്കേണ്ട ഏറ്റവും വിലയേറിയ നിധി. ആ വചനം എന്റെ ചിന്തകളെയും തീരുമാനങ്ങളെയും ജീവിതത്തെയും രൂപപ്പെടുത്തുന്ന ദൈവസാന്നിധ്യമാണ്. അതിനെ വിശ്വാസത്തോടും വിനയത്തോടും കൂടി സ്വീകരിക്കുകയും, ജീവിതത്തിൽ ഫല പുഷ്ടിയോടെ പരിപോഷിപ്പിക്കുകയും ചെയ്യുക എന്നതാണ് ഓരോ ക്രൈസ്തവന്റെയും അനുദിന ആത്മീയവിളി.

ദൈവവചനം എന്റെ ജീവിതത്തിൽ ഇന്ന് ആദ്യമായി കടന്നുവരുന്നതല്ല; അത് ഇതിനകം തന്നെ എന്നിൽ പാകപ്പെട്ടിരിക്കുന്നു. ദൈവം തന്റെ വചനത്താൽ എന്നെ സ്പർശിക്കുകയും ക്രമേണ രൂപപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിനാൽ ആത്മീയജീവിതം പുതിയതൊന്നും സമ്പാദിക്കാനുള്ള ഒരു യാത്ര മാത്രമല്ല; ദൈവം എന്റെ ഉള്ളിൽ നിക്ഷേപിച്ചിരിക്കുന്ന ഈ ദൈവിക നിധിയെ തിരിച്ചറിയുകയും, പരിപാലിക്കുകയും, വിശ്വസ്തതയോടെ കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന ഒരു വിളിയുമാണ്.

ഈ സത്യം പ്രവാചകനായ ജെറെമിയ്യായിലൂടെ ദൈവം കൂടുതൽ ആഴത്തിൽ വെളിപ്പെടുത്തുന്നു: "ഞാൻ എന്റെ നിയമം അവരുടെ ഉള്ളിൽ നിക്ഷേപിക്കും; അവരുടെ ഹൃദയത്തിൽ എഴുതും" (ജെറെ 31:33). ദൈവവചനം മനുഷ്യനു പുറത്തുനിന്ന് നൽകപ്പെട്ട ഒരു കല്പന മാത്രമല്ല; അത് ഹൃദയത്തിൽ തന്നെ എഴുതപ്പെട്ട ഒരു ദൈവിക ദാനമാണ്. ദൈവം തന്റെ വചനത്തെ നമ്മുടെ ഉള്ളിൽ നിക്ഷേപിച്ചിരിക്കുന്നു. അതുകൊണ്ടാണ് വി. യാക്കോബ് "നിങ്ങളിൽ പാകിയിരിക്കുന്ന വചനം" എന്നു പറയുന്നത്. ധ്യാനത്തിൽ നാം അന്വേഷിക്കുന്നത് അകലെയുള്ള ഒരു സത്യത്തെയല്ല; ദൈവം നമ്മുടെ ഹൃദയത്തിൽ എഴുതി വെച്ചിരിക്കുന്ന സത്യത്തെയാണ്.

യോഹന്നാൻ എഴുതുന്നു: "ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു" (യോഹ 1:1). സകല സൃഷ്ടിയുടെയും ഉറവിടവും അർത്ഥവും ജീവനും ആയ ആ 'ലോഗോസ്' മനുഷ്യഹൃദയത്തിൽ തന്റെ അടയാളം പതിപ്പിച്ചിരിക്കുന്നു. അതുകൊണ്ട് ദൈവവചനം പുറത്തുനിന്ന് കേൾക്കുന്ന ഒരു സന്ദേശം മാത്രമല്ല; എന്റെ അസ്തിത്വത്തിന്റെ ആഴങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ദൈവിക സാന്നിധ്യമാണ്. അതാണ് എനിക്കുള്ളത്; അതാണ് ഞാൻ കാത്തുസൂക്ഷിക്കേണ്ടത്.

ജീവിതത്തിൽ പലതും നഷ്ടപ്പെടാം. സാഹചര്യങ്ങൾ മാറാം. വികാരങ്ങൾ ക്ഷയിക്കാം. ചിലപ്പോൾ വിശ്വാസത്തിന്റെ ആവേശം പോലും കുറയാം. എന്നാൽ ദൈവം എന്നിൽ പാകിയിരിക്കുന്ന വചനം നിലനിൽക്കുന്നു. അതുകൊണ്ടാണ് കർത്താവ് പറയുന്നത്: "നിനക്കുള്ളതു കാത്തുസൂക്ഷിക്കുക." അതായത്, നിന്റെ ഉള്ളിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന വിശ്വാസത്തിന്റെ അഗ്നിയെ അണയാൻ അനുവദിക്കരുത്. നിന്റെ ഹൃദയത്തിൽ വിതച്ചിരിക്കുന്ന വചനത്തെ അവഗണിക്കരുത്. ദൈവം നിന്റെ ജീവിതത്തിൽ ആരംഭിച്ച പ്രവൃത്തിയെ വിലമതിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

ചിന്തകനായ ജെ. കൃഷ്ണമൂർത്തി പറഞ്ഞതുപോലെ, നാം വായിക്കുന്ന പുസ്തകത്തിൽ തീയില്ല; തീ വായനക്കാരനിലാണ്. പുസ്തകം ആ തീയെ ജ്വലിപ്പിക്കാനുള്ള അവസരം മാത്രമാണ്. അതുപോലെ തിരുവചനത്തിന്റെ ശക്തി അച്ചടിച്ച അക്ഷരങ്ങളിൽ മാത്രം അല്ല; ദൈവം മുമ്പേ സ്പർശിച്ച മനുഷ്യഹൃദയത്തിലാണ്. അതുകൊണ്ട് ധ്യാനത്തിൽ ഞാൻ വചനം വായിക്കുമ്പോൾ, ദൈവം തന്റെ സത്യത്തെ പുതിയ വെളിച്ചത്തിൽ വെളിപ്പെടുത്തുകയും, എന്നിൽ പാകിയിരിക്കുന്ന വചനം വീണ്ടും സജീവമാകുകയും ചെയ്യുന്നു. അപ്പോൾ ഞാൻ പുതിയതായി എന്തെങ്കിലും സമ്പാദിക്കുന്നില്ല; മറിച്ച് ദൈവം ഇതിനകം തന്നിരിക്കുന്ന കൃപയെ വീണ്ടും ഉണർത്തുന്നു.

ഈ വചനം എപ്പോൾ എന്നിൽ പാകപ്പെട്ടു എന്ന് എനിക്കറിയില്ല. ഒരുപക്ഷേ ബാല്യത്തിലെ പ്രാർത്ഥനകളിലൂടെയോ, കുടുംബത്തിലെ വിശ്വാസാന്തരീക്ഷത്തിലൂടെയോ, ഞാൻ കേട്ട സുവിശേഷപ്രഘോഷണങ്ങളിലൂടെയോ ദൈവം അവ എന്നിൽ പാകിയിരിക്കാം. അതുകൊണ്ട് വചനം എന്നിൽ ഉണ്ട്; അതിനെ കാത്തുസൂക്ഷിക്കാനുള്ള ഉത്തരവാദിത്വവും എനിക്കുണ്ട്.

അപ്പോൾ ദൈനംദിന ധ്യാനം എന്താണ്? പുതിയ അറിവ് ശേഖരിക്കാനുള്ള ഒരു ശ്രമമല്ല അത്. എന്നിൽ പാകപ്പെട്ടിരിക്കുന്ന വചനത്തിന് മുമ്പിൽ നിശ്ശബ്ദമായി നിൽക്കുകയാണ് ധ്യാനം. ഞാൻ തിരുവചനം വായിക്കുന്നു; എന്നാൽ യഥാർത്ഥത്തിൽ വചനമാണ് എന്നെ വായിക്കുന്നത്. ഞാൻ വചനത്തെ അന്വേഷിക്കുന്നു; എന്നാൽ അതിലും കൂടുതൽ വചനം എന്നെ കണ്ടെത്തുന്നു. ധ്യാനത്തിന്റെ നിശ്ശബ്ദതയിൽ ഞാൻ എന്റെ ഉള്ളിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ ദാനത്തെ വീണ്ടും തിരിച്ചറിയുന്നു.

ധ്യാനം എന്നത് പുറത്തുനിന്ന് എന്തെങ്കിലും സ്വീകരിക്കൽ മാത്രമല്ല; ഉള്ളിലുള്ളതിനെ സംരക്ഷിക്കുകയും ഉണർത്തുകയും ചെയ്യുന്നതാണ്. ചിലപ്പോൾ ഒരു വാക്യം പെട്ടെന്ന് പുതിയ അർത്ഥത്തിൽ തെളിയുന്നു. അത് പുതിയ സത്യമല്ല; എന്റെ ഉള്ളിൽ ഏറെക്കാലമായി കാത്തിരുന്ന സത്യമാണ്. ദൈവം അതിനെ വീണ്ടും പ്രകാശിപ്പിക്കുന്നു. അപ്പോൾ വെളിപാട് പുസ്തകത്തിലെ ആഹ്വാനം വീണ്ടും കേൾക്കുന്നു: "നിനക്കുള്ളതു കാത്തുസൂക്ഷിക്കുക." കാരണം ദൈവം വെളിപ്പെടുത്തുന്ന സത്യത്തെ നഷ്ടപ്പെടുത്താതെ ഹൃദയത്തിൽ സൂക്ഷിക്കുമ്പോഴാണ് അത് ഫലം കായ്ക്കുന്നത്.

മാതാവ് ദൈവവചനത്തെ സ്വീകരിക്കുകയും ഹൃദയത്തിൽ സൂക്ഷിക്കുകയും ചെയ്തതുപോലെ, ഓരോ ദിവസവും ധ്യാനത്തിൽ ഞാൻ വചനത്തിന് സ്വയം തുറന്നുകൊടുക്കുന്നു. "നിന്റെ വചനപ്രകാരം എനിക്ക് ഭവിക്കട്ടെ" എന്ന മാതാവിന്റെ മറുപടി എന്റെ പ്രാർത്ഥനയാകുന്നു. ധ്യാനം എന്നത് വചനത്തെ വിശകലനം ചെയ്യുന്നതിന് മുമ്പ്, അതിന് എന്നെ രൂപപ്പെടുത്താൻ അനുവാദം നൽകുന്നതാണ്. ദൈവം എന്നിൽ നിക്ഷേപിച്ചിരിക്കുന്ന വചനം കൂടുതൽ ആഴത്തിൽ വേരൂന്നട്ടെ; ഞാൻ അതിനെ വിശ്വസ്തതയോടെ കാത്തുസൂക്ഷിക്കട്ടെ.

അതുകൊണ്ട് ദൈനംദിന ധ്യാനം ഒരു കടമയല്ല; ഒരു ജാഗരണമാണ്. എന്നിൽ പാകപ്പെട്ടിരിക്കുന്ന വചനത്തെ ഓരോ ദിവസവും വിനയപൂർവ്വം സ്വീകരിക്കുകയും അതിനെ കാത്തുസൂക്ഷിക്കുകയും ചെയ്യുന്നതാണ്. വചനം എന്നിൽ കൂടുതൽ ആഴത്തിൽ വേരുറക്കട്ടെ; അതിന്റെ പ്രകാശം എന്റെ ചിന്തകളെ ശുദ്ധീകരിക്കട്ടെ; അതിന്റെ അഗ്നി എന്റെ ഹൃദയത്തെ വിശാലമാക്കട്ടെ; അതിന്റെ ജീവൻ എന്റെ ജീവിതത്തിൽ ഫലം കായ്ക്കട്ടെ. കർത്താവ് വരുവോളം, അവിടുന്ന് എന്നിൽ നിക്ഷേപിച്ചിരിക്കുന്ന ഈ അമൂല്യ നിധിയെ ഞാൻ വിശ്വസ്തതയോടെ കാത്തുസൂക്ഷിക്കട്ടെ.

2.3.5.3. ജീവിതം: ഒരു ദിവ്യകാരുണ്യ പ്രദക്ഷിണം

വിശുദ്ധ കുർബാനയെ ആസ്പദമാക്കിയുള്ള ധ്യാനം മറ്റൊരു ശ്രേഷ്ഠമായ ധ്യാനരീതിയാണ്. തലേദിവസം വിശുദ്ധ കുർബാന സ്വീകരിച്ച നിമിഷം മുതൽ നാം ചെയ്ത ഓരോ കാര്യങ്ങളെയും, കണ്ടുമുട്ടിയ ഓരോ വ്യക്തിയെയും, ഉച്ചരിച്ച ഓരോ വാക്കിനെയും ധ്യാനപൂർവം വിചിന്തനം ചെയ്യുന്നത് ആത്മീയ ജീവിതത്തിന് വലിയ ഉണർവാണ്.

വിശുദ്ധ കുർബാന സ്വീകരിക്കുന്ന നിമിഷത്തിൽ ക്രിസ്തു നമ്മുടെ ഉള്ളിൽ വസിക്കാൻ തുടങ്ങുന്നു. ഈ മഹത്തായ സത്യം ഹൃദയത്തിൽ ആഴത്തിൽ പതിഞ്ഞാൽ, നമ്മുടെ ജീവിതം മുഴുവനും ഒരു ദിവ്യകാരുണ്യ പ്രദക്ഷിണമായി മാറുന്നു. വിശുദ്ധ കുർബാനയുടെ പ്രദക്ഷിണത്തിൽ നാം കർത്താവിനെ അരുളിക്കായിൽ വഹിച്ചുകൊണ്ട് സഞ്ചരിക്കുന്നതുപോലെ, വിശുദ്ധ കുർബാന സ്വീകരിച്ച നാം നമ്മുടെ ഹൃദയത്തിൽ വസിക്കുന്ന യേശുവിനെ വഹിച്ചുകൊണ്ടാണ് ലോകത്തിലൂടെ സഞ്ചരിക്കുന്നത്. അപ്പോൾ ഓരോ ചുവടും ഒരു സാക്ഷ്യവും ഓരോ നിമിഷവും ഒരു ആരാധനയുമായി മാറുന്നു.

ഓരോ ചിന്തയും, ഓരോ വാക്കും, ഓരോ ബന്ധവും ദൈവസാന്നിധ്യത്തിന്റെ വേദികളായി രൂപാന്തരപ്പെടുന്നു. വിശുദ്ധ കുർബാന ജീവിതത്തെ ഒരു നിരന്തര ആരാധനയാക്കി മാറ്റുന്നു. ഒരു പുഞ്ചിരി സ്തുതിഗാനമാകുന്നു; ഒരു ക്ഷമ അർപ്പണമാകുന്നു; ഒരു സഹാനുഭൂതി ധൂപം പോലെ ദൈവസന്നിധിയിലേക്ക് ഉയരുന്ന സ്നേഹമാകുന്നു; ശ്രദ്ധാപൂർവമായ ഒരു ശ്രവണം നിശ്ശബ്ദ പ്രാർത്ഥനയായി മാറുന്നു. സ്നേഹം നമ്മുടെ ധൂപമാകുന്നു; നീതിയും കരുണയും നമ്മുടെ സ്തോത്രഗീതങ്ങളാകുന്നു.

വിശുദ്ധ കുർബാന സ്വീകരിച്ചശേഷം നാം യേശുവിനെ ബലിപീഠത്തിൽ ഉപേക്ഷിക്കുന്നില്ല. അവിടുത്തെ നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും കൊണ്ടുപോകുകയാണ് ചെയ്യുന്നത്—നമ്മുടെ മുറികളിലേക്ക്, ക്ലാസ് മുറികളിലേക്ക്, സമൂഹത്തിലേക്ക്, വഴികളിലൂടെ, കളിസ്ഥലങ്ങളിലേക്ക്, ജോലിസ്ഥലങ്ങളിലേക്ക്, നമ്മുടെ ബന്ധങ്ങളിലേക്കും സംഭാഷണങ്ങളിലേക്കും. നാം ചെയ്യുന്ന ഓരോ കാര്യവും ക്രിസ്തുസാന്നിധ്യത്തിന്റെ ഒരു വെളിപ്പെടുത്തലായി മാറുന്നു.

അപ്പോൾ നാം വെറും ക്രിസ്തുവിന്റെ അനുയായികൾ മാത്രമല്ല; ക്രിസ്തുവിന്റെ സാദൃശ്യം കൂടുതൽ പ്രതിഫലിപ്പിക്കുന്നവരായി മാറുന്നു. ദൃശ്യമായ ലോകത്തിൽ അദൃശ്യനായ ദൈവത്തിന്റെ സാക്ഷികളാകു

ന്നു. ഈ ധ്യാനം നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്നത് ഇതാണ്: വിശുദ്ധ കുർബാന ഒരു നിമിഷാനുഭവമല്ല; അത് ഒരു സ്ഥിരസാന്നിധ്യമാണ്. ആ സാന്നിധ്യം നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുമ്പോൾ ഓരോ ദിവസവും ഒരു ദിവ്യകാരുണ്യജീവിതമായി മാറുന്നു. അപ്പോൾ നമ്മുടെ ജീവിതം തന്നെ ദൈവത്തിന് അർപ്പിക്കപ്പെടുന്ന ഒരു ജീവിക്കുന്ന ബലിയായി, നിരന്തരമായ ഒരു സ്തുതിഗാനമായി രൂപപ്പെടുന്നു.

2.3.6. ദർശനവീട്: പ്രാർത്ഥനയുടെ ഭവനം

C 50. "നമ്മുടെ എല്ലാ ഭവനങ്ങളും പ്രാർത്ഥനയുടെ യഥാർത്ഥ വാസസ്ഥാനങ്ങളും ആത്മീയ സന്തോഷത്തിന്റെ സങ്കേതങ്ങളുമായിത്തീരണം. ലാളിത്യവും പ്രശാന്തതയും ശുചിത്വവും അവ പ്രതിഫലിപ്പിക്കണം. ഏകാഗ്രതയ്ക്കും ഗൗരവമായ പഠനത്തിനും സഹായകമായി നമ്മുടെ ഭവനങ്ങളിൽ മൗനത്തിനും ഏകാന്തതയ്ക്കും പ്രത്യേക പ്രാധാന്യം കൊടുക്കുകയും ചെയ്യണം."

മത്തായി 21:13-ൽ യേശു പറയുന്നു: "എന്റെ ഭവനം പ്രാർത്ഥനയുടെ ഭവനമെന്നു വിളിക്കപ്പെടും." ദൈവാലയം ശുദ്ധീകരിച്ച യേശുവിന്റെ നടപടി, ദൈവസാന്നിധ്യത്തിന് യോഗ്യമായ അന്തരീക്ഷം സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നു. C 50 നിർദ്ദേശിക്കുന്ന ലാളിത്യവും ശുചിത്വവും പ്രശാന്തതയും ഈ വചനത്തിന്റെ പ്രായോഗിക രൂപമാണ്. നമ്മുടെ ഭവനത്തിലെ പ്രാർത്ഥനാമുറി ദൈവസാന്നിധ്യത്തെ ആദരിക്കുന്ന ഒരു വിശുദ്ധ ഇടമായി മാറണം. മത്തായി 6:6-ൽ യേശു ഉപദേശിക്കുന്നു: "നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന്, കതകടച്ച്, രഹസ്യമായി നിന്റെ പിതാവിനോട് പ്രാർത്ഥിക്കുക." ഈ വചനം പ്രാർത്ഥനയിലെ മൗനത്തിന്റെ ആഴം വ്യക്തമാക്കുന്നു. മൗനം ദൈവത്തോടുള്ള വ്യക്തിപരമായ ബന്ധത്തിന്റെ അടിത്തറയാണ്.

"ദൈവം കലഹത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമാണ്" (1 കോറി 14:33). അതിനാൽ, പ്രശാന്തതയും ക്രമവും നിറഞ്ഞ ഭവനം ദൈവസ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നു. കൊളോസോസ് 3:16-ന്റെ വെളിച്ചത്തിൽ, ദൈവവചനം സമൃദ്ധമായി വസിക്കുന്ന ഇടമായി നമ്മുടെ ഭവനം മാറണം. ഇങ്ങനെ, നമ്മുടെ 'ദർശനവീട്' പ്രാർത്ഥനയുടെ യഥാർത്ഥ വാസസ്ഥലമായി മാറുമ്പോൾ, അത് ദൈവസാന്നിധ്യം അനുഭവിക്കുന്ന ഒരു ആത്മീയ കുടുംബമായി രൂപാന്തരപ്പെടുന്നു. പ്രാർത്ഥനാമുറി അപ്പോൾ വെറും ഒരു സ്ഥലം അല്ല; അത് ജീവിതത്തിന്റെ ഹൃദയമാണ്. അവിടെ നിന്നാണ് സമാധാനവും ആത്മീയ ശക്തിയും മുഴുവൻ ഭവനത്തെയും നിറയുന്നത്.

മൗനം ശൂന്യതയല്ല; അത് സൃഷ്ടിപരമായ ഒരു ശക്തിയാണ്. ദൈവം പലപ്പോഴും മനുഷ്യനോട് സംസാരിക്കുന്നത് കൊടുങ്കാറ്റിലോ ഭൂകമ്പത്തിലോ അല്ല, മറിച്ച് നേരിയ മൃദുസ്വരത്തിലൂടെയാണ്. ആ സ്വരം കേൾക്കാൻ മൗനം ആവശ്യമാണ്. അതുകൊണ്ട് മൗനം വാക്കുകളുടെ അഭാവമല്ല; ദൈവസാന്നിധ്യത്തോടുള്ള തുറവിയാണ്. അതുപോലെ ഏകാന്തത ഒറ്റപ്പെടലല്ല; ആത്മാവിന്റെ ആഴങ്ങളിലേക്കുള്ള ഒരു തീർത്ഥയാത്രയാണ്. ജനക്കൂട്ടത്തിൽ നാം പലരെയും കാണുന്നു; ഏകാന്തതയിൽ നാം നമ്മെത്തന്നെയും ദൈവത്തെയും കണ്ടുമുട്ടുന്നു. മൗനവും ഏകാന്തതയും മനുഷ്യനെ അവന്റെ യഥാർത്ഥ വ്യക്തിത്വത്തിലേക്ക് തിരികെ കൊണ്ടുവരുന്നു. ആത്മപരിശോധനയ്ക്കും ആത്മീയ വളർച്ചയ്ക്കും അവ അനിവാര്യമാണ്.

ഏകാഗ്രതയ്ക്കും ഗൗരവമായ പഠനത്തിനും മൗനം ഒരു സുപ്രധാന അന്തരീക്ഷമാണ്. നിരന്തരം ശബ്ദവും തിരക്കുമുള്ള മനസ്സിന് ആഴത്തിൽ ചിന്തിക്കാൻ സാധിക്കില്ല. ചിന്തകൾ ചിതറാത്തിടത്താണ് ജ്ഞാനം വിരിയുന്നത്. മനസ്സ് ശാന്തമാകുമ്പോഴാണ് സത്യം കൂടുതൽ വ്യക്തമായി വെളിപ്പെടുന്നത്. അതുകൊണ്ട് മൗനം ആത്മീയ ജീവിതത്തിന്റെ മാത്രമല്ല, ബൗദ്ധിക വളർച്ചയുടെയും അടിത്തറയാണ്.

ഒരു സി.എം.ഐ. സന്യാസി പുറത്തേക്കു പോകുമ്പോൾ ലോകത്തെ സേവിക്കാനും നവീകരിക്കാനുമാണ് പോകുന്നത്. എന്നാൽ അവന്റെ ശക്തിയുടെ ഉറവിടം അവന്റെ ഭവനമാണ്. പ്രാർത്ഥനയുടെ അന്തരീക്ഷം അവനെ നവീകരിക്കുന്നു; മൗനം അവന്റെ ആത്മാവിനെ ആഴപ്പെടുത്തുന്നു; ഏകാന്തത അവനെ ആത്മബോധത്തിലേക്ക് നയിക്കുന്നു; ആത്മീയ സന്തോഷം അവനെ ദൗത്യത്തിനായി ശക്തിപ്പെടുത്തുന്നു. അതുകൊണ്ട് ഒരു സി.എം.ഐ. ഭവനത്തിൽ പ്രവേശിക്കുന്നവർ അവിടെ ദൈവസാന്നിധ്യം അനുഭവിക്കണം. അവിടെ സമാധാനം സംസാരിക്കണം. അവിടെ മൗനം പ്രാർത്ഥിക്കണം. അവിടെ ലാളിത്യവും ശുചിത്വവും പ്രശാന്തതയും ദൈവത്തിന്റെ സാന്നിധ്യത്തെ പ്രതിഫലിപ്പിക്കണം. അപ്പോൾ മാത്രമേ നമ്മുടെ ഭവനങ്ങൾ പ്രാർത്ഥനയുടെ യഥാർത്ഥ വാസസ്ഥാനങ്ങളായും ആത്മീയ സന്തോഷത്തിന്റെ സങ്കേതങ്ങളായും മാറുകയുള്ളൂ. മൗനം നമ്മെ ലോകത്തിൽ നിന്ന് അകറ്റുന്നില്ല; മറിച്ച് ലോകത്തിനുവേണ്ടി കൂടുതൽ ഫലപ്രദമായി ജീവിക്കാൻ നമ്മെ ഒരുക്കുന്നു. കാരണം മൗനത്തിൽ ദൈവത്തെ ശ്രവിക്കുന്നവനാണ് ലോകത്തിൽ ദൈവത്തിന്റെ ശബ്ദമായി മാറുന്നത്.

2.3.7. ശരിയായ ആഭിമുഖ്യം: ഹൃദയത്തിന്റെ ദിശാനിർണയം

C 60. “ശരിയായ ആഭിമുഖ്യമുണ്ടെങ്കിൽ നമ്മുടെ പ്രേഷിത പ്രവർത്തനങ്ങൾ പ്രാർത്ഥനാ ജീവിതത്തിനു ഉത്തേജകവും സഹായകവുമായിരിക്കും. എന്നാൽ പ്രാർഥനയ്ക്കും മറ്റു ഭക്താഭ്യാസങ്ങൾക്കും നിർദ്ദേശിച്ചിരിക്കുന്ന സമയം പ്രവർത്തനങ്ങൾക്കായി ബലികഴിക്കരുത്.”

ആഭിമുഖ്യം എന്നത് ഹൃദയത്തിന്റെ ദിശയാണ്. ഒരു കപ്പലിന് സമുദ്രത്തിൽ സഞ്ചരിക്കാൻ ദിശാസൂചിക ആവശ്യമായതുപോലെ, ആത്മീയ ജീവിതത്തിനും ശരിയായ ആഭിമുഖ്യം ആവശ്യമാണ്. ഹൃദയം ദൈവത്തിലേക്ക് തിരിഞ്ഞാൽ പ്രവർത്തനം പ്രാർത്ഥനയായി മാറും; ഹൃദയം സ്വന്തം നേട്ടങ്ങളിലേക്കോ ലോകവിജയങ്ങളിലേക്കോ മാത്രം തിരിഞ്ഞാൽ പ്രവർത്തനം ക്രമേണ ഭാരമായി മാറും. അതുകൊണ്ട് പ്രവർത്തനത്തിന്റെ മൂല്യം അതിന്റെ വ്യാപ്തിയിലല്ല, അതിന്റെ ആഭിമുഖ്യത്തിലാണ്.

നിയമാവലി നമ്മെ പഠിപ്പിക്കുന്നത്, ശരിയായ ആഭിമുഖ്യമുണ്ടെങ്കിൽ പ്രേഷിത പ്രവർത്തനങ്ങൾ പ്രാർത്ഥനാജീവിതത്തെ ക്ഷയിപ്പിക്കുകയല്ല, മറിച്ച് അതിനെ ആഴപ്പെടുത്തുകയാണെന്നാണ്. ദൗത്യത്തിൽ നാം കണ്ടുമുട്ടുന്ന മനുഷ്യരുടെ വേദനകളും പ്രതീക്ഷകളും സന്തോഷങ്ങളും പ്രാർത്ഥനയിൽ ദൈവസന്നിധിയിലേക്ക് കൊണ്ടുവരപ്പെടുന്നു. അങ്ങനെ പ്രവർത്തനം പ്രാർത്ഥനയ്ക്ക് ഉള്ളടക്കം നൽകുന്നു; പ്രാർത്ഥന പ്രവർത്തനത്തിന് ആത്മാവും ദിശയും നൽകുന്നു.

ഒരു സി.എം.ഐ. സന്യാസിയുടെ ജീവിതം രണ്ടായി വിഭജിക്കപ്പെട്ട ഒന്നല്ല—ഒരു ഭാഗം പ്രാർത്ഥനയും മറ്റൊരു ഭാഗം പ്രവർത്തനവും. ഇവ രണ്ടും ഒരേ ഹൃദയത്തിന്റെ രണ്ട് അറകൾ പോലെയാണ്. പ്രാർത്ഥനയിൽ നിന്ന് ജനിക്കുന്ന പ്രവർത്തനം ആത്മാവിനെ ശൂന്യമാക്കുന്നില്ല; മറിച്ച് സമ്പന്നമാക്കുന്നു. പ്രാർത്ഥനയില്ലാത്ത പ്രവർത്തനം ക്ഷീണത്തിലേക്കും നിരാശയിലേക്കും നയിച്ചേക്കാം; എന്നാൽ പ്രാർത്ഥനയിൽ വേരൂന്നിയ പ്രവർത്തനം ദൈവകൃപയുടെ ഫലങ്ങൾ പുറപ്പെടുവിക്കുന്നു. അതുകൊണ്ടാണ് നിയമാവലി വ്യക്തമായ മുന്നറിയിപ്പ് നൽകുന്നത്: പ്രാർത്ഥനയ്ക്കും മറ്റ് ഭക്താഭ്യാസങ്ങൾക്കും നീക്കിവച്ചിരിക്കുന്ന സമയം പ്രവർത്തനങ്ങൾക്കായി ബലികഴിക്കരുത്. ദൈവത്തിനു വേണ്ടി പ്രവർത്തിക്കുന്നതിനിടയിൽ പോലും ദൈവത്തോടൊപ്പമുള്ള സമയം നഷ്ടപ്പെടുത്താനുള്ള അപകടം എപ്പോഴും നിലനിൽക്കുന്നു. ദൗത്യത്തിന്റെ പേരിൽ പ്രാർത്ഥന ഉപേക്ഷിക്കുമ്പോൾ പ്രവർത്തനം പുറമേ വിജയകരമായി തോന്നിയാലും അതിന്റെ ആത്മാവ് ക്രമേണ ക്ഷയിച്ചുപോകും.

പ്രാർത്ഥന സമയം നഷ്ടപ്പെടുത്തുന്നില്ല; പ്രാർത്ഥന സമയത്തെ വിശുദ്ധ മാക്കുകയും പ്രവർത്തനത്തെ ഫലപ്രദമാക്കുകയും ചെയ്യുന്നു.

ശരിയായ ആഭിമുഖ്യം എന്നത് പ്രാർത്ഥനയിൽ ആഴപ്പെട്ട പ്രവർത്തന വും പ്രവർത്തനത്തിൽ ജീവിക്കുന്ന പ്രാർത്ഥനയുമാണ്. ഒരു സി.എം. ഐ. സന്യാസിയുടെ മഹത്വം അവൻ എത്ര പ്രവർത്തിക്കുന്നു എന്നതി ലല്ല; അവൻ എത്ര ആഴത്തിൽ ദൈവസാന്നിധ്യത്തിൽ നിന്ന് പ്രവർത്തി ക്കുന്നു എന്നതിലാണ്. ഹൃദയത്തിന്റെ ദിശാസൂചിക ദൈവത്തിലേക്ക് സ്ഥിരമായി തിരിഞ്ഞിരിക്കുമ്പോൾ, പ്രവർത്തനം ദൈവത്തിലേക്കുള്ള പാതയായി മാറുന്നു; പ്രാർത്ഥന പ്രവർത്തനത്തിന്റെ ആത്മാവായി മാറുന്നു. ദൈവസാന്നിധ്യത്തിൽ നിന്ന് പുറപ്പെടുന്ന പ്രവർത്തനം ലോക ത്തെ മാറ്റും; അതിനുമുമ്പ് അത് പ്രവർത്തിക്കുന്നവന്റെ ഹൃദയത്തെ തന്നെ രൂപാന്തരപ്പെടുത്തും.

2.3.8. ഏഴു മിനിറ്റുകളുടെ രൂപാന്തരയാത്ര

D 5. "ദിവസത്തിൽ രണ്ടുപ്രാവശ്യം, ഉച്ചയ്ക്കും രാത്രിയിലും ഏഴു മിനിറ്റു വീതം നമ്മുടെ സഭാംഗങ്ങൾ ആത്മപരിശോധന നടത്തണം. ഉച്ചയ്ക്കു ള്ള ആത്മശോധന തനിച്ചു നടത്താം. എന്നാൽ രാത്രി ആത്മശോധന സമൂഹത്തിൽ നടത്തണം. യാമ പ്രാർത്ഥനയോടും നിശാ പ്രാർത്ഥനക ളോടും യോജിപ്പിച്ചുകൊണ്ടും ഇത് നടത്താം. രാത്രി ആത്മശോധന കഴിഞ്ഞ് അനുസ്മരണ പ്രാർത്ഥനകൾ ചൊല്ലുന്നു. തുടർന്ന് പരിശുദ്ധ കന്യകാമറിയത്തിന്റെ ബഹുമാനത്തിനായി ഒരു കീർത്തനമാലപിക്കു കയോ പ്രാർത്ഥന ചെല്ലുകയോ ചെയ്യുന്നു."

ആത്മപരിശോധന എന്നത് ആത്മാവിന്റെ കണ്ണാടിയുടെ മുൻപിൽ നിൽക്കുന്ന ഒരു വിശുദ്ധ നിമിഷമാണ്. ദിവസത്തിൽ രണ്ടുപ്രാവശ്യം—ഉച്ചയ്ക്കും രാത്രിയിലും—വെറും ഏഴു മിനിറ്റുകൾ മാത്രം. എന്നാൽ ആ ഏഴു മിനിറ്റുകൾ ജീവിതത്തിന്റെ ദിശ മാറ്റാൻ കഴിയുന്ന ആത്മീയ വിപ്ല വത്തിന്റെ നിമിഷങ്ങളാണ്. ഉച്ചയ്ക്കുള്ള ആത്മപരിശോധന വ്യക്തിപര മായി നടത്താമെന്ന് നിയമാവലി പറയുന്നു. ഇത് ആത്മാവും ദൈവവും തമ്മിലുള്ള സ്വകാര്യ സംഭാഷണമാണ്. ദിവസത്തിന്റെ തിരക്കിനിടയിൽ നാം ഒരു നിമിഷം നിൽക്കുന്നു. ആത്മാവിന്റെ കണ്ണാടിയിലേക്ക് നോക്കി സ്വയം ചോദിക്കുന്നു: ഇന്ന് ഞാൻ എങ്ങനെ ജീവിച്ചു? എന്റെ ചിന്തകൾ ദൈവത്തിലേക്കായിരുന്നോ? എന്റെ വാക്കുകൾ സ്നേഹത്താൽ നിറ ഞ്ഞതായിരുന്നോ? എന്റെ പ്രവർത്തനങ്ങൾ ദൈവഹിതത്തെ പ്രതിഫ ലിപ്പിച്ചിരുന്നോ? ഈ ചോദ്യങ്ങൾ കുറ്റപ്പെടുത്താനല്ല, ഉണർത്താനാണ്. തെറ്റായ ദിശയിലേക്ക് നീങ്ങിത്തുടങ്ങിയ ജീവിതത്തെ ശരിയായ വഴിയി

ലേക്ക് തിരിച്ചുകൊണ്ടുവരാനുള്ള കൃപയുടെ നിമിഷമാണ് ഈ ഏഴു മിനിറ്റുകൾ.

രാത്രിയിലെ ആത്മപരിശോധന സമൂഹത്തിൽ നടത്തണമെന്ന് നിയമാവലി നിർദ്ദേശിക്കുന്നു. ഇത് വ്യക്തിപരമായ മനസാക്ഷിയെ സമൂഹാത്മക ഉത്തരവാദിത്വത്തിലേക്ക് ഉയർത്തുന്നു. സമൂഹമായി നാം ദൈവസന്നിധിയിൽ നിൽക്കുമ്പോൾ, ഓരോരുത്തരുടെയും നന്ദി സമൂഹത്തിന്റെ സ്തുതിയായി മാറുന്നു; ഓരോരുത്തരുടെയും ദൗർബല്യങ്ങൾ പരസ്പര പ്രാർത്ഥനയിൽ ഉൾപ്പെടുന്നു. യാമപ്രാർത്ഥനയോടും നിശാപ്രാർത്ഥനകളോടും യോജിപ്പിച്ച് ആത്മപരിശോധന നടത്തുന്നത് ദിവസത്തിന്റെ അവസാന നിമിഷങ്ങളെ കൂടുതൽ വിശുദ്ധമാക്കുന്നു.

ഏഴു മിനിറ്റുകൾ വളരെ ചെറുതായി തോന്നാം. എന്നാൽ ആത്മീയ ജീവിതത്തിൽ അത് ഒരു വലിയ തിരിഞ്ഞുനോട്ടമാണ്. ദിവസം മുഴുവൻ നമ്മെ രൂപപ്പെടുത്തിയ ചിന്തകളും വാക്കുകളും പ്രവൃത്തികളും ഈ നിമിഷങ്ങളിൽ ദൈവത്തിന്റെ പ്രകാശത്തിലേക്ക് കൊണ്ടുവരപ്പെടുന്നു. ആത്മപരിശോധനയില്ലാത്ത ജീവിതം ദിശാസൂചിക നഷ്ടപ്പെട്ട ഒരു യാത്ര പോലെയാണ്; ആത്മപരിശോധനയുള്ള ജീവിതം ദൈവത്തിന്റെ പ്രകാശത്തിൽ മുന്നേറുന്ന തീർത്ഥയാത്രയാണ്.

ദിവസേന നാം ചെയ്യുന്ന സേവനങ്ങളും പ്രസംഗങ്ങളും ശുശ്രൂഷകളും എല്ലാം ദൈവത്തിനായാണ്. എന്നാൽ അവയുടെ പിന്നിൽ നിൽക്കുന്ന ഹൃദയം ദൈവഹിതത്തോട് ചേർന്നിരിക്കുന്നുണ്ടോ? നാം ദൈവത്തെ സേവിക്കുകയാണോ, അതോ നമ്മുടെ തന്നെ ആഗ്രഹങ്ങളെ പിന്തുടരുകയാണോ? ഈ ചോദ്യങ്ങൾ ഇടയ്ക്കിടെ ചോദിക്കപ്പെടാതെ പോയാൽ, ആത്മീയ ജീവിതം ക്രമേണ യാന്ത്രികമാകാം. എന്നാൽ ആത്മപരിശോധന ജീവിതത്തെ വീണ്ടും ദൈവകേന്ദ്രിതമാക്കുന്നു.

സത്യമായ വിശുദ്ധി വളരുന്നത് ആത്മപരിശോധനയുടെ നിശ്ശബ്ദ മണ്ണിലാണ്. ഓരോ ദിവസവും ദൈവത്തിന്റെ പ്രകാശത്തിൽ സ്വയം പരിശോധിക്കുന്നവനാണ് യഥാർത്ഥ ആത്മീയ വളർച്ച കൈവരിക്കുന്നത്. ആത്മപരിശോധനയിലൂടെ നാം നമ്മുടെ പാപങ്ങളെ മാത്രം കണ്ടെത്തുന്നില്ല; ദൈവം നമ്മിൽ പ്രവർത്തിച്ച കൃപയെയും തിരിച്ചറിയുന്നു. അതുകൊണ്ട് ആത്മപരിശോധന കുറ്റബോധത്തിന്റെ അഭ്യാസമല്ല; കൃപയെ തിരിച്ചറിയുന്ന ഒരു ആത്മീയ ദർശനമാണ്. അതിനാൽ, ദിവസത്തിൽ രണ്ടുതവണ ലഭിക്കുന്ന ഈ ഏഴു മിനിറ്റുകളെ നിസ്സാരമായി കാണരുത്. കാരണം, ആത്മാവിന്റെ കണ്ണാടിയുടെ മുൻപിൽ ചെലവഴിക്കുന്ന ഈ ഏഴു മിനിറ്റുകൾ ജീവിതത്തിന്റെ ബാക്കി ഇരുപത്തിമൂന്ന് മണിക്കൂറുക

ളെയും അൻപത്തിമൂന്ന് മിനിറ്റുകളെയും രൂപപ്പെടുത്താൻ കഴിവുള്ളവ യാണ്. ഈ ഏഴു മിനിറ്റുകളുടെ ആത്മീയ വിപ്ലവമാണ് ക്രമേണ ഒരു ജീവിതത്തെ വിശുദ്ധമാക്കുകയും ഒരു സമൂഹത്തെ നവീകരിക്കുകയും ചെയ്യുന്നത്.

രാത്രി ആത്മപരിശോധനയ്ക്ക് ശേഷം അനുസ്മരണ പ്രാർത്ഥനകൾ ചൊല്ലുന്നു. തുടർന്ന് പരിശുദ്ധ കന്യകാമറിയത്തിന്റെ ബഹുമാനാർത്ഥം കീർത്തനം ആലപിക്കുകയോ പ്രാർത്ഥന ചൊല്ലുകയോ ചെയ്യുന്നു. അ ങ്ങനെ മാതാവിന്റെ സ്നേഹസാന്നിധ്യത്തിൽ ദിവസം സമാപിക്കുന്നു. നമ്മുടെ വിജയങ്ങളും പരാജയങ്ങളും, ശക്തിയും ദൗർബല്യങ്ങളും അമ്മയുടെ മാതൃഹൃദയത്തിൽ സമർപ്പിക്കപ്പെടുന്നു.

2.3.9. ജപമാല: അമ്മയുടെ മടിയിൽ ഒരു ആത്മധ്യാനം

D 6. "സ്ഥലസമൂഹത്തോടു ആലോചിച്ചുകൊണ്ട് സുപ്പീരിയർ ചെയ്യുന്ന നിശ്ചയമനുസരിച്ച് നമ്മുടെ സഹോദരന്മാർ എല്ലാ ദിവസവും സമൂഹ ത്തിലോ തനിച്ചോ ജപമാല ചൊല്ലുന്നു. കഴിയുമെങ്കിൽ ഭവനത്തിൽ ജോലി ചെയ്യുന്നവരോടുകൂടി അതു നടത്തുന്നു."

ജപമാല മാതാവിന്റെ കൈപിടിച്ച് ക്രിസ്തുവിന്റെ മുഖത്തേക്കും അവി ടുത്തെ രക്ഷാകരരഹസ്യങ്ങളിലേക്കും നടത്തുന്ന ഒരു ആത്മീയ യാത്ര യാണ്. ഓരോ 'ആവേ മരിയ'യും വിശുദ്ധ അമ്മയുടെ സാന്നിധ്യത്തി ലൂടെ നമ്മെ രക്ഷയുടെ മഹാരഹസ്യങ്ങളിലേക്ക് നയിക്കുന്നു. ദിവ്യരഹ സ്യങ്ങൾ ഹൃദയത്തിൽ സൂക്ഷിച്ച് അവയെക്കുറിച്ച് അനുധ്യാനിച്ചവളാ ണ് പരിശുദ്ധ കന്യകാമറിയം. ജപമാല ചൊല്ലുമ്പോൾ, നാം അവളുടെ ധ്യാനത്തിൽ പങ്കുചേരുകയും അവളുടെ കണ്ണുകളിലൂടെ ക്രിസ്തുവിനെ കാണാൻ പഠിക്കുകയും ചെയ്യുന്നു.

നിയമാവലി പറയുന്നു: സമൂഹത്തിലോ തനിച്ചോ ജപമാല ചൊല്ലണം. തനിച്ചുള്ള ജപമാല ആത്മാവിന്റെ നിശ്ശബ്ദ സംഭാഷണമാണ്; സമൂഹ ത്തിലുള്ള ജപമാല ഐക്യത്തിന്റെ സംഗീതമാണ്. ഒരാൾ തനിച്ചു ജപി ക്കുമ്പോൾ, തന്റെ ഹൃദയം ദൈവസന്നിധിയിൽ തുറക്കുന്നു. സമൂഹമാ യി ജപിക്കുമ്പോൾ, ഒരേ താളത്തിൽ മിടിക്കുന്ന ഹൃദയങ്ങൾ ആത്മീയ ഐക്യത്തിന്റെ കുടുംബമായി മാറുന്നു.

"കഴിയുമെങ്കിൽ ഭവനത്തിൽ ജോലി ചെയ്യുന്നവരോടുകൂടി അതു നട ത്തുന്നു" എന്ന നിർദ്ദേശം ജപമാലയുടെ സാമൂഹിക മാനത്തെ വെളി പ്പെടുത്തുന്നു. ജപമാല ഭിത്തികൾക്കുള്ളിൽ ഒതുങ്ങുന്നില്ല; അത് ബന്ധ ങ്ങളെ വിശുദ്ധമാക്കുന്നു. സന്യാസിയും സഹപ്രവർത്തകരും ഒരുമിച്ച്

ജപിക്കുമ്പോൾ, സ്ഥാനവ്യത്യാസങ്ങൾ മങ്ങിപ്പോകുന്നു. എല്ലാവരും ഒരേ അമ്മയുടെ മക്കളായി, ഒരേ വിശ്വാസകുടുംബത്തിന്റെ അംഗങ്ങളായി ഒന്നിക്കുന്നു.

ദിവസവും ജപമാല ചൊല്ലുമ്പോൾ, നാം ചില പ്രാർത്ഥനകൾ ആവർത്തിക്കുകയല്ല; രക്ഷയുടെ ചരിത്രം നമ്മുടെ ഹൃദയത്തിൽ വീണ്ടും വീണ്ടും എഴുതിവയ്ക്കുകയാണ്. സമൂഹമായി ജപിക്കുമ്പോൾ, നാം ഒരു കുടുംബമായി വളരുന്നു. തനിച്ചു ജപിക്കുമ്പോൾ, നാം ദൈവസന്നിധിയിൽ ആഴപ്പെടുന്നു. അങ്ങനെ ജപമാല നമ്മുടെ ഭവനങ്ങളെ പ്രാർത്ഥനയുടെ വാസസ്ഥാനങ്ങളാക്കുകയും, നമ്മുടെ ബന്ധങ്ങളെ ആത്മീയ ഐക്യമായി മാറ്റുകയും, നമ്മുടെ അനുദിനജീവിതത്തെ കൃപയുടെ വഴിയിലൂടെ നയിക്കുകയും ചെയ്യുന്നു.

2.3.10. രഹസ്യത്തിലെ വിശ്വസ്തത

D 7. "ആർക്കെങ്കിലും സമൂഹത്തിൽ അനുഷ്ഠിക്കേണ്ട എതെങ്കിലും ഭക്താഭ്യാസത്തിൽ പങ്കുചേരാൻ സാധിച്ചില്ലെങ്കിൽ അതു തനിച്ചു നിറവേറ്റണം."

സമൂഹത്തിൽ നടത്തുന്ന ഭക്താഭ്യാസങ്ങൾ ഒരുമിച്ച് പ്രാർത്ഥിക്കാനും ഒരുമിച്ച് വളരാനുമുള്ള അവസരങ്ങളാണ്. അവ സമൂഹജീവിതത്തെ ശക്തിപ്പെടുത്തുകയും സഹോദരങ്ങളെ ആത്മീയമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ചില സാഹചര്യങ്ങളിൽ ഒരാൾക്ക് അവയിൽ പങ്കുചേരാൻ സാധിക്കാതെ വരാം. സേവനം, ദൗത്യം, രോഗം, അല്ലെങ്കിൽ മറ്റ് അനിവാര്യ കാരണങ്ങൾ അതിന് ഇടയാക്കാം. അത്തരം സാഹചര്യങ്ങളിൽ നിയമാവലി പറയുന്നത് അത് 'തനിച്ചു നിറവേറ്റണം' എന്നാണ്. സമൂഹത്തിന്റെ സാന്നിധ്യം നഷ്ടപ്പെട്ടാലും ദൈവസന്നിധ്യം നഷ്ടപ്പെടുത്തരുത്. ഇത് വെറും നിയമപാലനമല്ല; ആത്മീയ വിശ്വസ്തതയുടെ പ്രകടനമാണ്. സമൂഹത്തിൽ ചെയ്യാൻ സാധിച്ചില്ലെങ്കിൽ ഭക്താഭ്യാസം ഉപേക്ഷിക്കാമെന്നല്ല ഈ നിർദ്ദേശം പറയുന്നത്. മറിച്ച്, "എനിക്ക് സമൂഹത്തോടൊപ്പം ചെയ്യാൻ സാധിച്ചില്ലെങ്കിലും ദൈവത്തോടുള്ള എന്റെ പ്രതിബദ്ധത ഞാൻ നിലനിർത്തും" എന്ന ആത്മാവാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. ഭക്താഭ്യാസങ്ങൾ ആത്മാവിന്റെ ആഹാരമാണ്. ആഹാരം നഷ്ടപ്പെട്ടാൽ ശരീരം ക്ഷീണിക്കുന്നതുപോലെ, ആത്മീയ പോഷണം നഷ്ട പ്പെട്ടാൽ ആത്മാവും ക്ഷീണിക്കും.

സമൂഹത്തിൽ ഭക്താഭ്യാസങ്ങൾ ചെയ്യുമ്പോൾ, നാം സഭയുടെ കൂട്ടായ്മയിൽ പങ്കുചേരുന്നു. തനിച്ചു ചെയ്യുമ്പോൾ, നാം വ്യക്തിപരമായ ആത്മീ

യ സത്യസന്ധത പ്രകടിപ്പിക്കുന്നു. യഥാർത്ഥ ആത്മീയ പക്വത വെളിപ്പെടുന്നത് ഇവിടെയാണ്. മറ്റാരും കാണുന്നില്ലെങ്കിലും, ആരും ഓർമ്മിപ്പിക്കുന്നില്ലെങ്കിലും, ദൈവം കാണുന്നുവെന്ന ബോധ്യത്തോടെ വിശ്വസ്തത പുലർത്തുക. സമൂഹം കൂടെയുണ്ടെങ്കിൽ ഒരുമിച്ച് പ്രാർത്ഥിക്കാം; സമൂഹം അകലെയാണെങ്കിൽ ഏകാന്തമായി പ്രാർത്ഥിക്കാം. എന്നാൽ ഏത് സാഹചര്യത്തിലും ദൈവസന്നിധിയിൽ നിന്ന് അകലാതിരിക്കുക എന്നതാണ് സന്യാസജീവിതത്തിന്റെ യഥാർത്ഥ വെല്ലുവിളിയും സൗന്ദര്യവും. ഏകാന്തതയിലെ ഈ വിശ്വസ്തതയാണ് സമൂഹത്തിലെ വിശ്വസ്തതയ്ക്കും അടിത്തറയാകുന്നത്.

2.3.11. മാസ ധ്യാനം: Spiritual Auditing

D 9. "നവീകരണ ദിനം: (a) ഓരോ മാസത്തിലും ഭവനത്തിലെ എല്ലാവർക്കും സൗകര്യമുള്ള ഒരു ദിവസം നവീകരണത്തിനായി ചെലവഴിക്കേണ്ടതാണ്. സന്ധ്യമുതൽ പിറ്റേദിവസം ഉച്ചവരെയോ, രാവിലെമുതൽ സന്ധ്യവരെയോ, സൗകര്യമനുസരിച്ചു ധ്യാനം നടത്തുന്നു.

(b) സമൂഹബലി, അനുതാപശുശ്രൂഷ, കുരിശിന്റെവഴി, തിരുമണിക്കൂർ, ഉപദേശം, ഡയലോഗ്, ദൈവശാസ്ത്രപരമായ ചർച്ച, കുടുംബയോഗം എന്നിങ്ങനെ വ്യക്തികളുടെയും സമൂഹത്തിന്റെയും നവീകരണത്തിനു സഹായിക്കുന്ന ചില പ്രത്യേക വിഷയങ്ങൾ നവീകരണ പരിപാടിയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

(c) ഒരു പ്രദേശത്തു തനിച്ചോ, ചെറുസമൂഹങ്ങളിലോ താമസിക്കുന്ന അംഗങ്ങൾക്ക് പലർ ചേർന്നു പ്രാദേശികാടിസ്ഥാനത്തിൽ ഈ നവീകരണദിനം ചെലവഴിക്കാവുന്നതാണ്."

ഒരു സ്ഥാപനത്തിന്റെ സാമ്പത്തിക ഓഡിറ്റ് അതിന്റെ യഥാർത്ഥ സ്ഥിതിയും ഭാവിദിശയും വ്യക്തമാക്കുന്നതുപോലെ, മാസധ്യാനവും വാർഷിക ധ്യാനവും നമ്മുടെ ആത്മീയജീവിതത്തിന്റെ ഒരു Spiritual Auditing ആണ്. തിരക്കുകളും ദൗത്യങ്ങളും നിറഞ്ഞ ജീവിതത്തിൽ, നിശ്ചിതമായി മാറ്റിവെക്കുന്ന ഒരു ദിവസം—അതാണ് നവീകരണ ദിനം. 'നവീകരണം' എന്ന വാക്ക് കേൾക്കുമ്പോൾ തന്നെ ഒരു ആഴത്തിലുള്ള ആത്മീയ പ്രക്രിയ മനസ്സിലേക്കു വരുന്നു. ദിവസേനയുള്ള ദൗത്യത്തിന്റെ ക്ഷീണങ്ങളിലും മനുഷ്യബന്ധങ്ങളുടെ സമ്മർദ്ദങ്ങളിലും നമ്മുടെ ഉള്ളിലെ ആത്മീയജ്വാല ചിലപ്പോൾ മങ്ങിപ്പോകാം. അപ്പോൾ ഈ ഒരു ദിവസം, ആ ജ്വാലയെ വീണ്ടും ജ്വലിപ്പിക്കുന്ന ദൈവീക ഇടവേളയായി മാറുന്നു.

നിയമാവലി നിർദ്ദേശിക്കുന്നത്, ഓരോ മാസത്തിലും എല്ലാവർക്കും സൗകര്യമുള്ള ഒരു ദിവസം നവീകരണത്തിനായി മാറ്റിവയ്ക്കണമെന്നാണ്. ഇത് വ്യക്തിപരമായ അഭ്യാസം മാത്രമല്ല; സമൂഹാത്മകമായ ആത്മപരിശോധന കൂടിയാണ്. ഒരു ഭവനം മുഴുവൻ ഒരേ ദിശയിൽ ദൈവത്തിലേക്ക് തിരിയുന്ന ദിനം. ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു: നാം പ്രവർത്തനത്തിനായി മാത്രമല്ല ജീവിക്കുന്നത്; ദൈവസാന്നിധ്യത്തിൽ ജീവിക്കാനാണ് വിളിക്കപ്പെട്ടിരിക്കുന്നത്.

മാസധ്യാനം പ്രവർത്തനത്തിന്റെ അവലോകനം മാത്രമല്ല; ദൗത്യത്തിന്റെ ഉറവിടത്തിലേക്കുള്ള തിരിച്ചുവരവാണ്. ദൈവവചനത്തിന്റെ വെളിച്ചത്തിൽ നാം നമ്മെത്തന്നെ കാണുന്നു. നമ്മുടെ വിജയങ്ങളും പരാജയങ്ങളും ദൈവകൃപയുടെ കാഴ്ചപ്പാടിൽ വിലയിരുത്തുന്നു. ഒരു ഭവനം മുഴുവൻ ഒരുമിച്ച് ധ്യാനത്തിൽ പ്രവേശിക്കുമ്പോൾ ആത്മീയ ഐക്യം കൂടുതൽ ശക്തമാകുന്നു. മൗനം സംസാരിക്കുന്നു. ഹൃദയങ്ങൾ തുറക്കപ്പെടുന്നു. ദൈവകൃപ നവീകരിക്കുന്നു. ഇത് ഒരു അനുഗ്രഹമായി സ്വീകരിക്കുമ്പോൾ അത് ആത്മാവിന്റെ വിശ്രമവും പുതുക്കലുമായി മാറുന്നു. നവീകരിക്കപ്പെടാത്ത ആത്മാവ് ക്ഷീണിക്കും; നവീകരിക്കപ്പെട്ട ആത്മാവ് ജ്വലിക്കും. മാസത്തിൽ ഒരു ദിവസം ദൈവത്തിനായി മാറ്റിവെക്കുമ്പോൾ, ജീവിതത്തിലെ എല്ലാ ദിവസങ്ങളും ദൈവസാന്നിധ്യത്താൽ നിറയുന്നു. അതുകൊണ്ട് മാസധ്യാനം ഒരു തിരിച്ചുവരവാണ്; ഒരു ഓർമ്മപ്പെടുത്തലാണ്—നമ്മുടെ ശക്തി പ്രവർത്തനത്തിലല്ല, ദൈവസാന്നിധ്യത്തിലാണ്.

മാസധ്യാന നവീകരണം ഒരു വ്യക്തിയുടെ ആത്മപരിശോധനയിൽ ഒതുങ്ങുന്നില്ല; അത് സമൂഹത്തിന്റെ ആത്മാവിനെ പുതുക്കുന്ന ഒരു സമഗ്രാനുഭവമാണ്. അതുകൊണ്ടാണ് നിയമാവലി സമൂഹബലി, അനുതാപ ശുശ്രൂഷ, കുരിശിന്റെ വഴി, തിരുമണിക്കൂർ, ഉപദേശം, ഡയലോഗ്, ദൈവശാസ്ത്രപരമായ ചർച്ച, കുടുംബയോഗം തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്താൻ നിർദ്ദേശിക്കുന്നത്. നവീകരണം പ്രാർത്ഥനയിൽ മാത്രം ഒതുങ്ങുന്നില്ല; അത് ചിന്തയെയും ബന്ധങ്ങളെയും ദൗത്യ ബോധത്തെയും സമൂഹജീവിതത്തെയും സ്പർശിക്കുന്നു. അങ്ങനെ ആത്മാവിന്റെ എല്ലാ മേഖലകളെയും പുതുക്കുന്ന ഒരു സമഗ്ര ആത്മീയയാത്രയായി നവീകരണദിനം മാറുന്നു.

നവീകരണം വ്യക്തിപരമായ മാറ്റത്തിൽ ഒതുങ്ങുന്നില്ല; അത് സമൂഹത്തിന്റെ പുതുക്കലുമാണ്. ഒരാൾ പുതുക്കപ്പെടുമ്പോൾ സമൂഹം ശക്തമാകുന്നു. ഒരു പ്രദേശത്ത് തനിച്ചോ ചെറുസമൂഹങ്ങളിലോ താമസിക്കു

ന്നവർ പലരും ചേർന്ന് പ്രാദേശികാടിസ്ഥാനത്തിൽ നവീകരണദിനം ആചരിക്കണമെന്ന് നിയമാവലി നിർദ്ദേശിക്കുന്നു. ഇത് ഐക്യത്തിന്റെ ആത്മാവാണ്. ദൂരങ്ങൾ ഉണ്ടാകാം; എന്നാൽ ദൗത്യം ഒന്നാണ്. ഇങ്ങനെ ഒന്നിച്ചുകൂടുമ്പോൾ വിശ്വാസത്തിന്റെ തീ വീണ്ടും ജ്വലിക്കുന്നു; ആത്മീയ സഹോദര്യം കൂടുതൽ ശക്തിപ്പെടുന്നു. ഒരുമിച്ച് ബലിയർപ്പിക്കുമ്പോൾ, ഒരുമിച്ച് ക്ഷമ ചോദിക്കുമ്പോൾ, ഒരുമിച്ച് ചിന്തിക്കുമ്പോൾ, ഒരുമിച്ച് സംവദിക്കുമ്പോൾ, സമൂഹം ഒരു ആത്മീയ കുടുംബമായി രൂപാന്തരപ്പെടുന്നു. അങ്ങനെ മാസധ്യാനവും വാർഷികധ്യാനവും ആത്മാവിന്റെ കണക്കെടുപ്പും ദൗത്യത്തിന്റെ ദിശാപരിശോധനയും കൃപയിലേക്കുള്ള തിരിച്ചുവരവുമായി മാറുന്നു. ഈ Spiritual Auditing നിഷ്ഠയോടെ നടത്തുമ്പോൾ, വ്യക്തിയും സമൂഹവും ഒരുപോലെ നവീകരിക്കപ്പെടുകയും ദൈവവിളിയോട് കൂടുതൽ വിശ്വസ്തരായി വളരുകയും ചെയ്യും.

2.3.12. വാർഷിക ധ്യാനം: അനുഗ്രഹത്തിന്റെ ഒരാഴ്ച

D 10. "വാർഷിക ധ്യാനം: വാർഷിക ധ്യാനത്തിന് ആറു മുഴുവൻ ദിവസങ്ങളെങ്കിലും ഉണ്ടായിരിക്കണം."

വാർഷിക ധ്യാനം ഒരു ആത്മീയ യാത്രയാണ്. ദൈവസാന്നിധ്യത്തിന്റെ ആഴങ്ങളിലേക്കുള്ള ഒരു മടങ്ങിവരവ്. തിരക്കുകളും ശബ്ദങ്ങളും ദൗത്യങ്ങളും നിറഞ്ഞ ജീവിതത്തിൽ നിന്ന് വിട്ടുനിൽക്കുന്ന ഈ ആറു ദിവസങ്ങൾ ഒരു മരുഭൂമി അനുഭവംപോലെയാണ്—പുറംലോകത്തിന്റെ ശബ്ദം മങ്ങുകയും ഉള്ളിലെ ദൈവശബ്ദം വ്യക്തമായി കേൾക്കപ്പെടുകയും ചെയ്യുന്ന വിശുദ്ധ ഇടവേള. ഈ ആത്മീയ പാരമ്പര്യത്തിന്റെ കേന്ദ്രത്തിൽ നിൽക്കുന്നത് നമ്മുടെ കർത്താവിന്റെ തന്നെ ജീവിതമാണ്. അവിടുന്ന് പലപ്പോഴും ജനക്കൂട്ടങ്ങളിൽ നിന്ന് പിന്മാറി ഏകാന്തതയിൽ പിതാവിനോടൊപ്പം പ്രാർത്ഥിച്ചിരുന്നു. വാർഷിക ധ്യാനം ആ ഏകാന്തതയുടെ ദൈവീക മാതൃകയുടെ തുടർച്ചയാണ്.

വാർഷിക ധ്യാനത്തിൽ മൗനം വെറും ശബ്ദത്തിന്റെ അഭാവമല്ല; അത് ദൈവസാന്നിധ്യത്തിന്റെ അനുഭവമാണ്. വചനങ്ങൾ ഹൃദയത്തിൽ ആഴത്തിൽ പതിക്കുന്നു. ആത്മാവ് തുറക്കപ്പെടുന്നു. കൃപ പ്രവർത്തിക്കുന്നു. ഈ ആറു ദിവസങ്ങൾ ഒരു വർഷം മുഴുവൻ ജീവിക്കാൻ ആവശ്യമായ ആത്മീയ ഊർജം നൽകുന്നു. ചെറിയ ഇടവേളകൾ മനസ്സിനെ ശാന്തമാക്കാം; പക്ഷേ ദീർഘമായ ധ്യാനം ആത്മാവിനെ രൂപാന്തരപ്പെടുത്തുന്നു. അവിടെ ആത്മാവ് വീണ്ടും തന്റെ ഉറവിടമായ ദൈവത്തെ കണ്ടെത്തുന്നു. അവിടെ വിളി വീണ്ടും വ്യക്തമായി കേൾക്കുന്നു. അവിടെ ദൗത്യം വീണ്ടും ജ്വലിക്കുന്നു. അതുകൊണ്ടാണ് വി. ചാവറ പിതാവ്

വാർഷിക ധ്യാനത്തെ വർഷത്തിലെ ഏറ്റവും 'ഭാഗ്യപ്പെട്ട ആഴ്ചവട്ടം' എന്ന് വിശേഷിപ്പിച്ചത്. കാരണം ആ ദിവസങ്ങളിൽ മനുഷ്യൻ വീണ്ടും തന്റെ യഥാർത്ഥ കേന്ദ്രത്തിലേക്ക് മടങ്ങുന്നു—ദൈവത്തിലേക്ക് തന്നെ.

2.3.13. ഒരുമയുടെ മാധുര്യം

C 51 (a) "ഒരുമിച്ചുള്ള ആരാധന, ഒരുമിച്ചുള്ള പ്രാർത്ഥന, ഒരുമിച്ചുള്ള ഭക്ഷണം, ഒരുമിച്ചുള്ള വിശ്രമം എന്നിവവഴി നമ്മുടെ പൊതു ജീവിതം നാം ഓരോ ദിവസവും പരിപോഷിപ്പിക്കണം. ഈ സമൂഹകൃത്യങ്ങളിലുള്ള സജീവസാന്നിധ്യം വഴി എല്ലാവരും ഒരുമിച്ചുചേർന്ന് നമ്മുടെ സമൂഹത്തെ പടുത്തുയർത്തുന്നതിന് തങ്ങളുടെതായ സംഭാവന അർപ്പിക്കുവാൻ പരിശ്രമിക്കുകയും ചെയ്യണം."

"ഒരുമിച്ചുള്ള ആരാധന, ഒരുമിച്ചുള്ള പ്രാർത്ഥന, ഒരുമിച്ചുള്ള ഭക്ഷണം, ഒരുമിച്ചുള്ള വിശ്രമം"—ഈ ആവർത്തനത്തിൽ മുഴങ്ങുന്ന ഒരു വാക്കുണ്ട്: 'ഒരുമിച്ച്'. സമൂഹജീവിതത്തിന്റെ ഹൃദയതാളമാണ് ഈ 'ഒരുമിച്ച്' എന്നത്. ഒരുമിച്ചുള്ള ആരാധനയിൽ നാം ഒരേ ദൈവസന്നിധിയിൽ നിൽക്കുന്നു. ഒരുമിച്ചുള്ള പ്രാർത്ഥനയിൽ നാം ഒരേ ആത്മാവിൽ ജപിക്കുന്നു. ഒരുമിച്ചുള്ള ഭക്ഷണത്തിൽ നാം സഹോദരന്മാരായി ഒരേ മേശയ്ക്കു ചുറ്റും ഒന്നിക്കുന്നു. ഒരുമിച്ചുള്ള വിശ്രമത്തിൽ നാം മനുഷ്യരായി പരസ്പരം സ്വീകരിക്കുന്നു.

നിയമാവലി സമൂഹജീവിതത്തെ ആരാധനായിലൊതുക്കുന്നില്ല; അത് ഭക്ഷണത്തിലും വിശ്രമത്തിലും വ്യാപിപ്പിക്കുന്നു. ഇതിലൂടെ ഒരു ആഴത്തിലുള്ള ആത്മീയ സത്യം വ്യക്തമാകുന്നു: സമൂഹജീവിതം വെറും പ്രാർത്ഥനാമുറിയിൽ മാത്രമല്ല രൂപപ്പെടുന്നത്; അത് ദിനചര്യയിലെ ലളിത നിമിഷങ്ങളിലും വളരുന്നു. ഒരുമിച്ച് ഭക്ഷണം കഴിക്കുന്നത് ശരീരത്തെ പോഷിപ്പിക്കുന്നതുപോലെ ബന്ധങ്ങളെയും പോഷിപ്പിക്കുന്നു. ഒരുമിച്ച് വിശ്രമിക്കുന്നത് സമയം കളയുന്നതല്ല; മറിച്ച് സഹോദരത്വത്തിന്റെ സൗഹൃദത്തെ ആഴപ്പെടുത്തുന്നതാണ്.

നിയമാവലി ആവശ്യപ്പെടുന്നത് സമൂഹകൃത്യങ്ങളിലുള്ള സജീവസാന്നിധ്യമാണ്. ഇത് വെറും ശാരീരിക സാന്നിധ്യമല്ല; ഹൃദയപൂർവ്വമായ പങ്കാളിത്തമാണ്. ഒരാൾ സമൂഹത്തിൽ ഉണ്ടാകാം; പക്ഷേ സമൂഹത്തെ പടുത്തുയർത്താൻ അവൻ തന്റെ സമയം, ശ്രദ്ധ, സ്നേഹം എന്നിവ പങ്കുവെക്കണം. സമൂഹം സ്വയം പടുത്തുയരുന്നതല്ല; ഓരോ അംഗത്തിന്റെയും ചെറിയ സംഭാവനകളിലാണ് അതിന്റെ വളർച്ച നിലനിൽക്കുന്നത്—ഒരു പുഞ്ചിരി, ഒരു കേൾവി, ഒരു സഹകരണം. സി.എം.ഐ.

സമൂഹം ഒരു ആത്മീയ കുടുംബമാണ്. ആ കുടുംബജീവിതം ഓരോ ദിവസവും പരിപോഷിപ്പിക്കണം എന്ന് നിയമാവലി ഓർമ്മിപ്പിക്കുന്നു. ശ്രദ്ധിക്കപ്പെടാത്ത ബന്ധങ്ങൾ ക്ഷയിക്കും; പക്ഷേ പരിപോഷിപ്പിക്കപ്പെടുന്ന ബന്ധങ്ങൾ ശക്തമാകും. അതുകൊണ്ട് സമൂഹകൃത്യങ്ങളിലെ സജീവസാന്നിധ്യം ഒരു ഉത്തരവാദിത്വമാത്രമല്ല; അത് ആത്മീയ വളർച്ചയുടെ വഴിയാണ്.

2.3.14. തിരുനാളുകൾ: വിശ്വാസത്തിന്റെ ഉത്സവം

D 16. തിരുനാളുകളും ജാഗരണ ദിവസങ്ങളും

(a) "ഈശോയുടെ തിരുഹൃദയം, അമലോത്ഭവം, സ്വർഗ്ഗാരോപണം, കർമ്മല മാതാവ്, വി. യൗസേപ്പ് (മാർച്ച് 19), വി. തോമാശ്ലീഹാ, വി. ഏലിയാനിവ്യ, വി. അപ്രേം, ആവിലായിലെ വി. ത്രേസ്യാ, കുരിശിന്റെ വി. യോഹന്നാൻ, ലിസ്യുവിലെ വി. കൊച്ചുത്രേസ്യാ എന്നിവ ഉൾപ്പെടുന്ന ചില പ്രധാന തിരുന്നാളുകൾ നമ്മുടെ ഭവനങ്ങളിൽ സവിശേഷം ആഘോഷിക്കപ്പെടണം.

(b) പ്രധാന തിരുന്നാളുകളുടെ ജാഗരണ ദിവസങ്ങളിൽ ബൈബിൾ ശുശ്രൂഷയോ അനുതാപ ശുശ്രൂഷയോ പോലുള്ള പ്രത്യേക ഭക്താഭ്യാസങ്ങളും നടത്താവുന്നതാണ്."

D 17. "ഈശോയുടെ തിരുഹൃദയത്തിനും മറിയത്തിന്റെ വിമലഹൃദയത്തിനും (ഡിസംബർ 8) വി. യൗസേപ്പിനും (മാർച്ച് 19) ചെയ്തിട്ടുള്ള സഭയുടെ പ്രതിഷ്ഠ പ്രസ്തുത തിരുന്നാൾ ദിനങ്ങളിൽ നവീകരിക്കണം."

D 18. "ഓരോ മാസാദ്യവെള്ളിയാഴ്ചയും തിരുഹൃദയപ്രതിഷ്ഠ പുതുക്കേണ്ടതാണ്."

'ഉത്സവം' എന്ന വാക്കിന് 'ഉയർച്ചയിലേക്ക് നയിക്കുന്നത്' എന്നാണ് അർത്ഥം. മലയാളത്തിൽ 'ഉത്' എന്ന ഉപസർഗം ചേർന്ന നിരവധി പദങ്ങളുണ്ട്—ഉത്ഥാനം, ഉന്നമനം, ഉന്നതി തുടങ്ങിയവ. ഇവയെല്ലാം ഉയർച്ചയെയും, പുരോഗതിയെയും, ഉണർവിനെയും സൂചിപ്പിക്കുന്നവയാണ്. അതുകൊണ്ട് ആഘോഷങ്ങൾ വെറും സന്തോഷപ്രകടനങ്ങളോ ആചാരാനുഷ്ഠാനങ്ങളോ മാത്രമായി ചുരുങ്ങരുത്; അവ യഥാർത്ഥത്തിൽ ഉത്സവങ്ങളായി മാറണം—അതായത് നമ്മെ ആത്മീയമായും മാനുഷികമായും ഉന്നതിയിലേക്ക് നയിക്കുന്ന അനുഭവങ്ങളാകണം. അവ ദൈവത്തോടും സഹോദരങ്ങളോടും കൂടുതൽ അടുക്കാൻ സഹായിക്കുന്ന കൃപയുടെ അവസരങ്ങളായിരിക്കണം. ഈ ഉയർച്ച സ്വയമേവ സംഭവിക്കുന്നതല്ല; അതിന് പ്രാർത്ഥനാപൂർവമായ ഒരുക്കവും ആന്തരിക നവീ

കരണവും ആവശ്യമാണ്. നമ്മുടെ നിയമാവലിയിലെ തിരുനാളുകളെയും ജാഗരണ ദിവസങ്ങളെയും സംബന്ധിച്ച നിർദ്ദേശങ്ങളുടെ ലക്ഷ്യവും ഇതുതന്നെയാണ്—ആഘോഷങ്ങളെ വെറും അനുസ്മരണങ്ങളായി നിലനിർത്താതെ, അവയെ ആത്മീയ വളർച്ചയ്ക്കും ദൈവാനുഭവത്തിനും വഴിയൊരുക്കുന്ന മാർഗങ്ങളാക്കി മാറ്റുക.

ഈശോയുടെ തിരുഹൃദയം, അമലോത്ഭവം, സ്വർഗ്ഗാരോപണം, കർമ്മല മാതാവ്, വി. യൗസേപ്പ്, വി. തോമാശ്ലീഹാ, വി. ഏലിയാ, വി. അപ്രേം, വി. ത്രേസ്യാ, കുരിശിന്റെ വി. യോഹന്നാൻ, വി. കൊച്ചുത്രേസ്യാ എന്നിവരുടെ തിരുനാളുകൾ ആഘോഷിക്കുമ്പോൾ, നാം അവരുടെ വിശ്വാസം, സമർപ്പണം, പ്രാർത്ഥന, സ്നേഹം എന്നിവയെ അനുസ്മരിക്കുക മാത്രമല്ല, അവയെ നമ്മുടെ ജീവിതത്തിൽ പകർത്താൻ ശ്രമിക്കുകയും ചെയ്യുന്നു. അപ്പോഴാണ് ആഘോഷം യഥാർത്ഥ ഉത്സവമായി മാറുന്നത്.

ജാഗരണ ദിനങ്ങൾ ഈ ആഘോഷങ്ങളുടെ ഹൃദയമാണ്. ഒരു തിരുനാളിന് മുമ്പുള്ള ഒരുക്കം, നമ്മെ ആത്മപരിശോധനയിലേക്കും നവീകരണത്തിലേക്കും നയിക്കുന്നു. ബൈബിൾ ശുശ്രൂഷ, അനുതാപ ശുശ്രൂഷ, പ്രത്യേക പ്രാർത്ഥനകൾ എന്നിവയിലൂടെ നാം നമ്മുടെ ഹൃദയങ്ങളെ ഒരുക്കുന്നു. ഒരുക്കമില്ലാത്ത ആഘോഷം പുറംമോടിയിൽ അവസാനിക്കും; എന്നാൽ ജാഗരണത്തിലൂടെ ഒരുക്കപ്പെട്ട ആഘോഷം ആത്മാവിനെ ഉയർത്തും.

പ്രത്യേകിച്ച് ഈശോയുടെ തിരുഹൃദയത്തോടുള്ള സമർപ്പണം ദൈവസ്നേഹത്തിന്റെ ആഴത്തിലേക്ക് നമ്മെ നയിക്കുന്നു. തിരുഹൃദയ പ്രതിഷ്ഠ പുതുക്കുമ്പോൾ, നാം ഒരു വാഗ്ദാനം പുതുക്കുകയാണ്: "എന്റെ ഹൃദയം നിനക്കുള്ളതാണ്." അത് ഒരു വാക്കല്ല, ഒരു ജീവിതനിലപാടാണ്. ഓരോ മാസാദ്യവെള്ളിയാഴ്ചയും ആ പ്രതിഷ്ഠ പുതുക്കുമ്പോൾ, നാം നമ്മുടെ ജീവിതത്തെ വീണ്ടും ദൈവസ്നേഹത്തിൽ ഉറപ്പിക്കുന്നു. തിരുനാൾ ദിനങ്ങളിലെ പ്രതിഷ്ഠാനവീകരണം, നമ്മുടെ സമർപ്പണത്തെ പുതുക്കുകയും ദൈവത്തോടുള്ള ബന്ധത്തെ കൂടുതൽ ആഴപ്പെടുത്തുകയും ചെയ്യുന്നു.

തിരുനാൾ ആഘോഷങ്ങൾ നമ്മുടെ ഭവനങ്ങളെ സന്തോഷത്തിന്റെ ദേവാലയങ്ങളാക്കി മാറ്റുന്നു. ജാഗരണങ്ങൾ അവയെ ശുദ്ധീകരിക്കുന്നു. പ്രതിഷ്ഠാനവീകരണം അവയെ ദൈവസന്നിധിയുടെ വിശുദ്ധ ഇടമാക്കി ഉറപ്പിക്കുന്നു. അങ്ങനെ ആഘോഷം ഒരു ചടങ്ങിൽ ഒതുങ്ങാതെ, ആത്മാവിന്റെ ഉയർച്ചയായി മാറുന്നു. ദൈവത്തിലേക്കും സഹോദ

രങ്ങളിലേക്കും നമ്മെ കൂടുതൽ അടുപ്പിക്കുന്ന ഈ അനുഭവങ്ങളിലൂടെയാണ് യഥാർത്ഥ ഉത്സവം സഫലമാകുന്നത്.

(പ്രായോഗിക നിർദ്ദേശങ്ങൾ)

1) പള്ളിയിലേക്കോ ചാപ്പലിലേക്കോ പ്രവേശിക്കുന്ന ഓരോ തവണയും മനസ്സിൽ ഇങ്ങനെ പറയുക: "ഞാൻ എന്റെ അപ്പന്റെ അടുക്കൽ വന്നിരിക്കുന്നു."

2) ദിവസവും അനുദിന വിശുദ്ധഗ്രന്ഥഭാഗം വായിക്കുകയും, അതിനെക്കുറിച്ച് അരമണിക്കൂറെങ്കിലും ധ്യാനിക്കാൻ സമയം കണ്ടെത്തുകയും ചെയ്യുക.

3) അനുദിന വിശുദ്ധഗ്രന്ഥഭാഗവുമായി ബന്ധപ്പെട്ട ഒരു ദൈവവചനമോ സുകൃതജപമോ ദിവസം മുഴുവൻ മനസ്സിൽ ആവർത്തിക്കുക.

4) രണ്ടാഴ്ചയിലൊരിക്കൽ കുമ്പസാരിക്കുന്ന പതിവ് ഒരു ശീലമാക്കുക. നല്ല കുമ്പസാരം നടത്തുന്നതിനായി വി. ചാവറ പിതാവിന്റെ സഹായം യാചിക്കുക.

5) ഓരോ ദിവസവും ജീവിതത്തിൽ സംഭവിക്കുന്ന കാര്യങ്ങളെ വിശ്വാസത്തിന്റെ കണ്ണുകളിലൂടെ കാണുവാൻ പരിശ്രമിക്കുക.

(സമാപന പ്രാർത്ഥന)

സ്നേഹനിധിയായ ഈശോയേ, ഈ സമയം മുഴുവൻ ഞങ്ങളോടൊപ്പം ഉണ്ടായതിന് നന്ദി പറയുന്നു. അങ്ങയുടെ വചനങ്ങളിലൂടെ ഞങ്ങളെ സ്പർശിച്ച കൃപയ്ക്ക് സ്തുതി. പ്രാർത്ഥനയുടെ മഹത്ത്വം മനസ്സിലാക്കി, ആത്മീയാഭ്യാസങ്ങളിൽ സ്ഥിരത പുലർത്തുവാൻ ഞങ്ങൾക്കു ദൃഢനിശ്ചയവും കൃപയും നല്കണമേ. ദിവസേന അങ്ങയുടെ സന്നിധിയിൽ ജീവിച്ചുകൊണ്ട്, അങ്ങയോടുള്ള ബന്ധം കൂടുതൽ ആഴപ്പെടുത്തുവാൻ ഞങ്ങളെ സഹായിക്കണമേ.

ഞങ്ങൾ കേട്ടതെല്ലാം ജീവിതത്തിൽ നടപ്പാക്കുവാനും, അങ്ങയുടെ ഇഷ്ടം നിറവേറ്റുന്ന സാക്ഷികളായി മാറുവാനും ഞങ്ങളെ ശക്തിപ്പെടുത്തണമേ. ഞങ്ങളുടെ എല്ലാ പ്രവർത്തികളും അങ്ങയുടെ മഹത്വത്തിനായി ചെയ്യാനുള്ള കൃപ നല്കണമേ. ഞങ്ങളുടെ ജീവിതം അങ്ങയുടെ കൃപയുടെ കരകവിഞ്ഞൊഴുകലായി മാറട്ടെ. ആമ്മേൻ.

2.4
പ്രാർത്ഥനമുറി:
ജപമാല – പ്രകാശത്തിന്റെ രഹസ്യങ്ങൾ

(ആമുഖ പ്രാർത്ഥന)

കരുണാനിധിയായ ദൈവമേ, ഞങ്ങളുടെ ഭവനത്തിന്റെ ഹൃദയമാണ് ഈ പ്രാർത്ഥനാമുറി. ഇവിടെ ഞങ്ങൾ അങ്ങയുടെ സന്നിധിയിൽ നിൽക്കുന്നു; അങ്ങയുടെ വചനം ശ്രവിക്കുന്നു; ഞങ്ങളുടെ ഹൃദയം അങ്ങേക്കായി തുറക്കുന്നു. ഈ വിശുദ്ധ ഇടം ഞങ്ങളുടെ ജീവിതത്തിന് പ്രകാശവും ദിശയും നൽകുന്ന ആത്മീയ ഉറവിടമായിത്തീരട്ടെ.

പരിശുദ്ധ ദൈവമാതാവേ, ജപമാലയിലെ ഓരോ രഹസ്യവും ധ്യാനിക്കുമ്പോൾ ക്രിസ്തുവിന്റെ മുഖം കൂടുതൽ വ്യക്തമായി കാണുവാനും, അവിടുത്തെ സ്വരം കൂടുതൽ ശ്രദ്ധയോടെ കേൾക്കുവാനും, അവിടുത്തെ സ്നേഹത്തിൽ ഓരോ ദിവസവും നവീകരിക്കപ്പെടുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ. ഈ പ്രാർത്ഥന ഞങ്ങളുടെ ജീവിതത്തെ വിശുദ്ധീകരിക്കുകയും, ഞങ്ങളുടെ സമൂഹജീവിതത്തെ ഐക്യപ്പെടുത്തുകയും, ഞങ്ങളുടെ വിളിയെ കൂടുതൽ വിശ്വസ്തതയോടെ ജീവിക്കുവാൻ ശക്തിപ്പെടുത്തുകയും ചെയ്യട്ടെ. ആമ്മേൻ.

1) ഒന്നാം രഹസ്യം: യേശുവിന്റെ ജ്ഞാനസ്നാനം (മത്താ 3:13–17)

ധ്യാനം: യേശു പ്രാർത്ഥനയുടെ അന്തരീക്ഷത്തിലാണ് തന്റെ ദൗത്യം ആരംഭിക്കുന്നത്. പിതാവിന്റെ സ്വരം മുഴങ്ങുന്നു: "ഇവൻ എന്റെ പ്രിയ പുത്രൻ." പ്രാർത്ഥന നമ്മുടെ യഥാർത്ഥ സ്വത്വം വെളിപ്പെടുത്തുന്നു. നാമും ദൈവത്തിന്റെ പ്രിയമക്കളാണെന്ന സത്യം വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുന്ന സ്ഥലമാണ് പ്രാർത്ഥനാമുറി. ദൈവത്തിൽനിന്ന് അകന്നുപോകുമ്പോൾ ജീവിതം ശൂന്യമാകുന്നു; എന്നാൽ ദൈവസന്നിധിയിലേക്ക് മടങ്ങിവരുമ്പോൾ ഹൃദയം സമാധാനവും നിറവുമനുഭവിക്കുന്നു. പ്രാർത്ഥനാമുറി നമ്മെ ഈ തിരിച്ചുവരവിലേക്ക് നിരന്തരം ക്ഷണിക്കുന്ന ആത്മീയ ഭവനമാണ്.

പ്രാർത്ഥന: കർത്താവേ, അങ്ങയുടെ പ്രിയമക്കളെന്ന ഞങ്ങളുടെ ദൈവപുത്രസ്ഥാനത്തെ വിലമതിക്കുവാനും അതിനനുസരിച്ച് ജീവിക്കുവാനും ഞങ്ങൾക്ക് കൃപ നൽകണമേ. അങ്ങയിൽനിന്ന് അകന്നു പോകുന്ന ഓരോ നിമിഷത്തിലും അനുതപിക്കുന്ന ഹൃദയത്തോടെ അങ്ങ

യുടെ സന്നിധിയിലേക്ക് തിരിച്ചുവരുവാനുള്ള കൃപ ഞങ്ങൾക്ക് നൽക ണമേ.

2) രണ്ടാം രഹസ്യം: കാനായിലെ കല്യാണം (യോഹ 2:1–11)

ധ്യാനം: കാനായിൽ വെള്ളം വീഞ്ഞായി മാറിയത് ദൈവകൃപയുടെ പരി വർത്തനശക്തിയുടെ അടയാളമാണ്. അതുപോലെ പ്രാർത്ഥന നമ്മുടെ കുറവുകളെയും ദൗർബല്യങ്ങളെയും നിരാശകളെയും ദൈവാനുഗ്രഹ ങ്ങളാക്കി മാറ്റുന്നു. മറിയത്തിന്റെ ഒരു വാക്ക് ഇന്നും നമ്മുടെ പ്രാർത്ഥ നയുടെ ഹൃദയമാണ്: "അവൻ നിങ്ങളോടു പറയുന്നതെല്ലാം ചെയ്യുവി ൻ." അനുസരണവും വിശ്വാസവും നിറഞ്ഞ ഹൃദയത്തിലാണ് ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നത്.

പ്രാർത്ഥന: കർത്താവേ, ഞങ്ങളുടെ കുറവുകൾ അങ്ങയുടെ മുമ്പിൽ വിനയത്തോടെ സമർപ്പിക്കുവാനുള്ള കൃപ ഞങ്ങൾക്ക് നൽകണമേ. വിശുദ്ധ കുർബാനയിലെ അങ്ങയുടെ യഥാർത്ഥ സാന്നിധ്യത്തിൽ അച ഞ്ചലമായ വിശ്വാസം വളർത്തി, അങ്ങയുടെ സ്നേഹത്താൽ ഞങ്ങളുടെ ജീവിതം നവീകരിക്കണമേ.

3) മൂന്നാം രഹസ്യം: ദൈവരാജ്യം പ്രഖ്യാപനം (മർക്കോ 1:14–15)

ധ്യാനം: "മനസ്സാന്തരപ്പെടുവിൻ; ദൈവരാജ്യം സമീപിച്ചിരിക്കുന്നു" എന്ന യേശുവിന്റെ ആഹ്വാനം ഓരോ പ്രാർത്ഥനയിലും നമ്മെ തേടിയെ ത്തുന്നു. പ്രാർത്ഥനാമുറി ഒരു ഭൗതികസ്ഥലം മാത്രമല്ല; ദൈവസാന്നിധ്യ ത്തിലേക്കുള്ള കവാടമാണ്. വി. ചാവറ പിതാവ് പള്ളിയിലേക്ക് പോകു മ്പോൾ പറഞ്ഞിരുന്നത്: "ഞാൻ എന്റെ അപ്പന്റെ അടുത്തേക്ക് പോകു ന്നു." ഈ ബോധമാണ് നമ്മുടെ ഓരോ പ്രാർത്ഥനയുടെയും ആത്മാവ്. പ്രാർത്ഥനാമുറി ദൈവം നമ്മോടുകൂടെ വസിക്കാൻ ആഗ്രഹിക്കുന്ന വി ശുദ്ധ കൂടാരമാണ്.

പ്രാർത്ഥന: കർത്താവേ, ഞങ്ങളുടെ ആശ്രമങ്ങളെയും അങ്ങയുടെ വാസസ്ഥലമാക്കി മാറ്റണമേ. അങ്ങയുടെ സന്നിധിയിൽ ചെലവഴിക്കുന്ന ഓരോ നിമിഷവും ഞങ്ങളുടെ ജീവിതത്തെ പരിവർത്തനം ചെയ്യുകയും ദൈവരാജ്യത്തിന്റെ സാക്ഷികളാക്കുകയും ചെയ്യട്ടെ.

4) നാലാം രഹസ്യം: രൂപാന്തരീകരണം (ലൂക്കാ 9:28–36)

ധ്യാനം: താബോർ മലയിൽ യേശുവിന്റെ മഹത്വം ശിഷ്യന്മാർ കണ്ടത് പ്രാർത്ഥനയ്ക്കിടയിലാണ്. ദൈവസന്നിധിയിൽ ചെലവഴിക്കുന്ന സമയം നമ്മുടെ കാഴ്ചപ്പാടിനെയും ജീവിതത്തെയും മാറ്റിമറിക്കുന്നു. സന്യാസ സമൂഹത്തിലെ ഒരുമിച്ചുള്ള ആരാധനയും പ്രാർത്ഥനയും ഭക്ഷണവും വിശ്രമവും പരസ്പരസ്നേഹവും ക്രിസ്തുവിന്റെ മുഖം പരസ്പരം തിരി

ച്ചറിയാൻ നമ്മെ സഹായിക്കുന്നു. പ്രാർത്ഥനയിൽ പ്രകാശിതമായ ഹൃദയങ്ങൾ സമൂഹജീവിതത്തെയും പ്രകാശിപ്പിക്കുന്നു.

പ്രാർത്ഥന: കർത്താവേ, പ്രാർത്ഥനയിലൂടെ ഞങ്ങളുടെ ഹൃദയങ്ങളെ രൂപാന്തരപ്പെടുത്തണമേ. സമൂഹജീവിതത്തിൽ വിശ്വസ്തതയോടെയും സന്തോഷത്തോടെയും പങ്കുചേരുവാനും, സഹോദരങ്ങളിൽ അങ്ങയുടെ മുഖം ദർശിക്കുവാനുമുള്ള കൃപ ഞങ്ങൾക്ക് നൽകണമേ.

5) അഞ്ചാം രഹസ്യം: വിശുദ്ധ കുർബാന സ്ഥാപിക്കുന്നു (ലൂക്കാ 22:14–20)

ധ്യാനം: പ്രാർത്ഥനയുടെ ഉന്നതിയും ക്രിസ്തീയജീവിതത്തിന്റെ കേന്ദ്രവുമാണ് വിശുദ്ധ കുർബാന. വിശുദ്ധ കുർബാനയിൽ ക്രിസ്തു തന്റെ ശരീരവും രക്തവും നമുക്കായി നൽകുകയും, നമ്മെ തന്റെ സ്നേഹത്തിന്റെ ബലിയായി രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. പ്രാർത്ഥനാമുറി നമ്മുടെ പാപങ്ങളെ തിരിച്ചറിയാനും അനുതപിക്കാനും അനുരഞ്ജനത്തിന്റെ കൃപ സ്വീകരിക്കാനും ഒരുക്കുന്നു. വിശുദ്ധ കുർബാനയും അനുരഞ്ജനകൂദാശയും നമ്മുടെ ആത്മാവിനെ നിരന്തരം നവീകരിക്കുകയും ദൈവീക ജീവിതത്തിൽ വളർത്തുകയും ചെയ്യുന്ന ദൈവത്തിന്റെ മഹത്തായ ദാനങ്ങളാണ്.

പ്രാർത്ഥന: കരുണാമയനായ ദൈവമേ, അങ്ങയുടെ മുമ്പിൽ ആത്മാർത്ഥമായി ഞങ്ങളുടെ പാപങ്ങൾ ഏറ്റുപറയുവാനും, അങ്ങയുടെ ക്ഷമയിലും കരുണയിലും പുതിയ ജീവിതം ആരംഭിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ. വിശുദ്ധ കുർബാനയോടുള്ള സ്നേഹവും ഭക്തിയും ദിനംപ്രതി വർദ്ധിപ്പിക്കണമേ.

(സമാപന പ്രാർത്ഥന)

കർത്താവായ ദൈവമേ, ഞങ്ങളുടെ പ്രാർത്ഥനാമുറി സ്വർഗ്ഗത്തിന്റെ കവാടവും അങ്ങയുടെ സാന്നിധ്യം അനുഭവിക്കുന്ന വിശുദ്ധ ഇടവുമായി മാറട്ടെ. ഈ പ്രാർത്ഥനാമുറിയിൽ അങ്ങയോടൊപ്പം ചെലവഴിക്കുന്ന ഓരോ നിമിഷവും ഞങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുകയും ചിന്തകളെ പ്രകാശിപ്പിക്കുകയും ജീവിതത്തെ വിശുദ്ധീകരിക്കുകയും ചെയ്യട്ടെ. അങ്ങയിൽ മാത്രമാണ് യഥാർത്ഥ സമാധാനവും തൃപ്തിയും ഉള്ളതെന്ന് ഞങ്ങൾ എപ്പോഴും തിരിച്ചറിയട്ടെ. ഞങ്ങളുടെ ഹൃദയങ്ങളും ഭവനങ്ങളും ആശ്രമങ്ങളും അങ്ങയുടെ വാസസ്ഥലങ്ങളാകട്ടെ. പ്രാർത്ഥനയിൽ അങ്ങയോട് കൂടുതൽ അടുക്കുവാനും, വിശുദ്ധ കുർബാനയിൽ അങ്ങയോടൊന്നാകുവാനും, അനുരഞ്ജനത്തിന്റെ കൂദാശയിലൂടെ നിരന്തരം നവീകരിക്കപ്പെടുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

പരിശുദ്ധ ദൈവമാതാവേ, പ്രാർത്ഥനയുടെ വഴിയിൽ ഞങ്ങളെ കൈപിടിച്ചുനടത്തുകയും, ഈശോയുടെ പക്കൽ ഞങ്ങൾക്കുവേണ്ടി എപ്പോഴും മാധ്യസ്ഥം വഹിക്കുകയും ചെയ്യണമേ. ആമ്മേൻ.

3
മൂന്നാം ദിവസം: പഠനമുറി

3.0
വചനസന്ദേശം

(വിശുദ്ധ കുർബാനയ്ക്കുള്ള വചന വായനകൾ)

ലേഖനം: എഫേ 1: 15-19

സുവിശേഷം: മർക്കോ 8:22-30

3.0.1. അറിവിന്റെ നാല് തലങ്ങൾ

ഭാരതീയ പാരമ്പര്യമനുസരിച്ച് വിദ്യാസമ്പാദനത്തിന് നാല് തലങ്ങളുണ്ട്:

ആചാര്യാത് പാദമാദത്തേ
പാദം ശിഷ്യഃ സ്വമേധയാ
പാദം സബ്രഹ്മചാരിഭ്യഃ
പാദം കാലക്രമേണ ച

അറിവിന്റെ ആദ്യത്തെ പാദം ശിഷ്യൻ തന്റെ ആചാര്യനിൽനിന്നോ ഗുരുവിൽനിന്നോ നേടുന്നു—"ആചാര്യാത് പാദമാദത്തേ." പഠനത്തിന്റെ അടിസ്ഥാനശില പാകുന്നത് ഗുരുവാണ്. രണ്ടാമത്തെ പാദം, ഗുരുവിൽ നിന്ന് ലഭിച്ച അറിവിനെ സ്വന്തം ചിന്തയും പരിശ്രമവുംകൊണ്ട് വികസിപ്പിച്ചെടുക്കുന്നതാണ്—"പാദം ശിഷ്യഃ സ്വമേധയാ." ആദ്യത്തേത് അധ്യാപകന്റെ കടമയാണെങ്കിൽ, രണ്ടാമത്തേത് ശിഷ്യന്റെ ഉത്തരവാദിത്വമാണ്. മൂന്നാമത്തെ പാദം സഹപാഠികളിൽനിന്നാണ് ലഭിക്കുന്നത്—"പാദം സബ്രഹ്മചാരിഭ്യഃ." ജീവിതത്തിൽ ഒട്ടേറെ കാര്യങ്ങൾ നമുക്ക് കൂട്ടുകാരിൽനിന്ന് പഠിക്കാനാകും. അധ്യാപകൻ ക്ലാസിൽ വിവരിക്കുന്ന വിഷയങ്ങൾ ചില വിദ്യാർത്ഥികൾക്ക് വേഗത്തിൽ ഗ്രഹിക്കാൻ കഴിയും. അവരുമായി ആശയവിനിമയം നടത്തുന്നതിലൂടെ നമുക്കും അവ കൂടുതൽ വ്യക്തമായി മനസ്സിലാക്കാം. അതിനാൽ പഠനം അധ്യാപകനിൽ മാത്രം ഒതുങ്ങുന്നതല്ല; സഹപാഠികളും അതിൽ പ്രധാന പങ്കുവഹി

ക്കുന്നു. അറിവിന്റെ നാലാമത്തെയും അവസാനത്തെയും പാദം കാല ക്രമേണ ലഭിക്കുന്നതാണ്—"പാദം കാലക്രമേണ ച." ജീവിതം തന്നെ യാണ് ഏറ്റവും വലിയ വിദ്യാലയം. അനുഭവങ്ങളിലൂടെ നാം നേടുന്ന തി രിച്ചറിവുകളും പാഠങ്ങളുമാണ് ഏറ്റവും വിലപ്പെട്ട അറിവ്. ഈ അറിവ് കാലത്തിന്റെ ഒഴുക്കിൽ ക്രമേണ ആർജിക്കപ്പെടുന്നതാണ്.

ഇങ്ങനെ, അറിവ് നേടുന്നത് ഒരു ഘട്ടംഘട്ടമായ പ്രക്രിയയാണ്. ഗുരു വിൽനിന്ന് ആരംഭിച്ച്, സ്വയംപഠനത്തിലൂടെയും സഹപാഠികളിൽനി ന്നും ജീവിതാനുഭവങ്ങളിലൂടെയും അത് വികസിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ പഠനം ഒരിക്കലും അവസാനിക്കുന്നില്ല; ജീവിതാവസാനം വരെ അത് തുടർന്നുകൊണ്ടേയിരിക്കുന്നു.

3.0.2. ആത്മീയ നേത്രങ്ങൾ

ഇന്നത്തെ സുവിശേഷത്തിൽ യേശു ഒരു അന്ധന് കാഴ്ച നൽകുന്ന സംഭവമാണ് നാം വായിച്ചും ശ്രവിച്ചും ധ്യാനിച്ചത്. ഈ സുവിശേഷഭാഗ ത്തെ വിദ്യയുടെ വിവിധ ഘട്ടങ്ങളുമായി ബന്ധപ്പെടുത്തി ചിന്തിക്കാം.

ശ്രവിച്ച സുവിശേഷത്തിലെ ആദ്യവാക്യത്തിൽ ഇപ്രകാരം വായിക്കുന്നു: "ചിലർ ഒരു അന്ധനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്ന് അവനെ സ്പർശിക്കണമേ എന്ന് അപേക്ഷിച്ചു" (മർക്കോ 8:22). ഇവിടെ അന്ധ നെ യേശുവിന്റെ സന്നിധിയിലേക്ക് കൊണ്ടുവന്നവരുടെ പങ്ക് നമ്മുടെ ജീവിതത്തിലെ ഗുരുക്കന്മാരുടെ പങ്കിനോട് ഉപമിക്കാം. അവർക്ക് സ്വ യം അയാളെ സുഖപ്പെടുത്താൻ കഴിയില്ല. എന്നാൽ സുഖപ്പെടുത്താൻ കഴിവുള്ള യേശുവിന്റെ അടുക്കൽ അവനെ എത്തിക്കാൻ അവർക്ക് സാധിക്കുന്നു; അതാണ് അവർ ചെയ്യുന്നത്.

നമ്മുടെ ആത്മീയ നേത്രങ്ങൾ തുറക്കുവാൻ യഥാർത്ഥത്തിൽ ഈശോ യ്ക്കു മാത്രമേ കഴിയൂ. അതുകൊണ്ടാണ് പൗലോസ് ശ്ലീഹാ എഫേസോ സിലെ വിശ്വാസികൾക്കുവേണ്ടി ഇപ്രകാരം പ്രാർത്ഥിക്കുന്നത്: "നമ്മു ടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും മഹത്വത്തിന്റെ പിതാ വുമായവൻ ജ്ഞാനത്തിന്റെയും വെളിപാടിന്റെയും ആത്മാവിനെ നി ങ്ങൾക്കു പ്രദാനം ചെയ്തുകൊണ്ട് തന്നെക്കുറിച്ചുള്ള പൂർണമായ അറിവിലേക്ക് നിങ്ങളെ നയിക്കട്ടെ. ഏതുതരത്തിലുള്ള പ്രത്യാശയിലേ ക്കാണ് അവിടുന്ന് നിങ്ങളെ വിളിച്ചിരിക്കുന്നതെന്ന് അറിയാനും വിശു ദ്ധർക്ക് അവകാശമായി വാഗ്ദാനം ചെയ്തിരിക്കുന്ന മഹത്വത്തിന്റെ സമൃദ്ധി മനസ്സിലാക്കാനും നിങ്ങളുടെ ആന്തരിക നേത്രങ്ങളെ അവിടു ന്ന് പ്രകാശിപ്പിക്കട്ടെ" (എഫേ 1:17-19).

ആദി ശങ്കരാചാര്യർ ഗുരുവിന്റെ മഹത്വത്തെ പ്രകീർത്തിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നു:

അജ്ഞാനതിമിരാന്ധസ്യ ജ്ഞാനാഞ്ജനശലാകയാ
ചക്ഷുരുന്മീലിതം യേന തസ്മൈ ശ്രീഗുരവേ നമഃ

ഈ ശ്ലോകത്തിൽ 'അജ്ഞാനതിമിരാന്ധസ്യ' എന്നത് അജ്ഞാനത്തിന്റെ ഇരുട്ടിൽ കുരുടനായ മനുഷ്യനെ സൂചിപ്പിക്കുന്നു. 'ജ്ഞാനാഞ്ജന ശലാകയാ' എന്നത് ജ്ഞാനം എന്ന അഞ്ജനംകൊണ്ട് അവന്റെ കണ്ണുകൾ തുറന്നുകൊടുക്കുന്ന ഗുരുവിനെ സൂചിപ്പിക്കുന്നു. അതിനാൽ, 'തസ്മൈ ശ്രീഗുരവേ നമഃ'—അത്തരമൊരു ഗുരുവിന് ഞാൻ നമസ്കരിക്കുന്നു.

ഇത് നമ്മുടെ ജീവിതത്തിന്റെ യാഥാർഥ്യവുമാണ്. നമ്മിൽ പലർക്കും ഭൗതികമായ കണ്ണുകളുണ്ടെങ്കിലും ആത്മീയ കാഴ്ചയില്ല. സത്യം, ദൈവഹിതം, ജീവിതത്തിന്റെ അർത്ഥം, നമ്മുടെ വിളി—ഇവയെക്കുറിച്ചുള്ള വ്യക്തതയില്ലാതെ നാം പലപ്പോഴും ഇരുട്ടിൽ തപ്പിത്തടയുന്നു. അജ്ഞാനത്തിന്റെ അന്ധകാരത്തിൽ കുരുടരായ നമ്മുടെ കണ്ണുകൾ തുറക്കുന്നതിൽ ഗുരുവിന് വലിയ പങ്കുണ്ട്. അതുകൊണ്ടുതന്നെയാണ് പൗലോസ് ശ്ലീഹാ പ്രാർത്ഥിക്കുന്നത്: "നിങ്ങളുടെ ഹൃദയത്തിന്റെ കണ്ണുകൾ പ്രകാശിപ്പിക്കപ്പെടട്ടെ" (എഫേ 1:18). ഭാരതീയ പാരമ്പര്യത്തിൽ ജ്ഞാനത്തെ കണ്ണിനോട് ഉപമിച്ചാണ് കാണുന്നത്. "ജ്ഞാനം തൃതീയം മനുജസ്യ നേത്രം"—ജ്ഞാനമാണ് മനുഷ്യന്റെ മൂന്നാമത്തെ കണ്ണ്—എന്ന പ്രമാണം പ്രസിദ്ധമാണ്.

ഗുരുവിന്റെ മഹത്വത്തെക്കുറിച്ച് മറ്റൊരു പ്രസിദ്ധമായ ശ്ലോകം ഇപ്രകാരം പറയുന്നു:

ഗുകാരോഽന്ധകാരഃ സ്യാത് രുകാരസ്തന്നിവർത്തകഃ
അന്ധകാരനിവർത്തിത്വാത് ഗുരുരിത്യഭിധീയതേ

'ഗുരു' എന്ന പദം 'ഗു' എന്നും 'രു' എന്നും രണ്ടു അക്ഷരങ്ങളാൽ രൂപപ്പെട്ടിരിക്കുന്നു. ഇതിൽ 'ഗു' അജ്ഞാനത്തിന്റെ അന്ധകാരത്തെയും 'രു' ആ അന്ധകാരത്തെ നീക്കുന്നതെയും സൂചിപ്പിക്കുന്നു. അതിനാൽ, അജ്ഞാനത്തിന്റെ ഇരുട്ട് നീക്കി ജ്ഞാനത്തിന്റെ പ്രകാശത്തിലേക്ക് നയിക്കുന്നവനെയാണ് ഗുരു എന്ന് വിളിക്കുന്നത്. ഈ അർത്ഥത്തിൽ, യേശു നമ്മുടെ പരമഗുരുവാണ്. അവിടുന്ന് നമ്മുടെ കണ്ണുകൾ തുറക്കുകയും ഹൃദയങ്ങളെ പ്രകാശിപ്പിക്കുകയും സത്യത്തിന്റെ വഴിയിലേക്ക് നമ്മെ നയിക്കുകയും ചെയ്യുന്നു. ഗുരുക്കന്മാർ, മാതാപിതാക്കൾ, ആ

ത്മീയ മാർഗദർശകർ എന്നിവർ ചെയ്യുന്നത് നമ്മെ ആ ദിവ്യഗുരുവിന്റെ സന്നിധിയിലേക്ക് എത്തിക്കുക എന്ന മഹത്തായ ദൗത്യമാണ്. അവിടുത്തെ പ്രകാശം സ്വീകരിക്കുമ്പോഴാണ് നമ്മുടെ ആത്മീയ നേത്രങ്ങൾ യഥാർത്ഥത്തിൽ തുറക്കപ്പെടുന്നത്.

3.0.3. പടിപടിയായുള്ള ജ്ഞാനസമ്പാദനം

തിരുവചനത്തിൽ പലപ്പോഴും ശിഷ്യന്മാർ യേശുവിന്റെ വചനങ്ങളും പ്രവൃത്തികളും ഉടനടി മനസ്സിലാക്കുന്നില്ല. എന്നാൽ ദൈവത്തോടൊപ്പമുള്ള യാത്രയിലും പ്രാർത്ഥനയിലും അനുഭവങ്ങളിലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിലൂടെയും ക്രമേണ അവരുടെ കണ്ണുകൾ തുറക്കപ്പെടുകയും, ഒടുവിൽ യേശു ഉദ്ദേശിച്ചതെന്താണെന്ന് അവർ തിരിച്ചറിയുകയും ചെയ്യുന്നു. ഉയിർപ്പിനുശേഷം യേശു, "തിരുവെഴുത്തുകൾ ഗ്രഹിക്കേണ്ടതിന് അവരുടെ മനസ്സ് തുറന്നു" (ലൂക്കാ 24:45). അതുപോലെ, "അവന്റെ ശിഷ്യന്മാർക്ക് ആദ്യം ഇതു മനസ്സിലായില്ല" (യോഹ 12:16); എന്നാൽ യേശു മഹത്വീകരിക്കപ്പെട്ടശേഷമാണ് ആ സംഭവങ്ങളുടെ യഥാർത്ഥ അർത്ഥം അവർ ഗ്രഹിച്ചത്. വീണ്ടും, "അവൻ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടപ്പോൾ അവന്റെ ശിഷ്യന്മാർ അവൻ ഇതു പറഞ്ഞിരുന്നുവെന്ന് ഓർക്കുകയും വിശുദ്ധലിഖിതത്തെയും യേശു പ്രസ്താവിച്ച വചനത്തെയും വിശ്വസിക്കുകയും ചെയ്തു" (യോഹ 2:22). അതുപോലെ, "അവർക്ക് അപ്പോൾ മനസ്സിലായി" (മത്താ 16:12) എന്ന വാക്യവും അവരുടെ ആത്മീയ ഗ്രഹണം ക്രമേണ പക്വത പ്രാപിച്ചതിന്റെ സാക്ഷ്യമാണ്. അതിനാൽ ആത്മീയ ജീവിതം ഒരു നിമിഷത്തിലെ പൂർണജ്ഞാനമല്ല; മറിച്ച്, ദൈവം നമ്മെ പടിപടിയായി സത്യത്തിലേക്ക് നയിക്കുന്ന വളർച്ചയുടെ ഒരു യാത്രയാണ്.

ശിഷ്യന്മാരുടെ ഈ ക്രമാനുഗതമായ ആത്മീയ ഗ്രഹണത്തെ ദൃശ്യരൂപത്തിൽ അവതരിപ്പിക്കുന്ന ഒരു അത്ഭുതമാണ് നാം ശ്രവിച്ച സുവിശേഷത്തിലുള്ള ബേത്സയിദായിലെ അന്ധന് കാഴ്ച നൽകിയ സംഭവം. സുവിശേഷത്തിൽ യേശു അന്ധന് കാഴ്ച നൽകുന്നതും ഘട്ടം ഘട്ടമായാണ്. ഇത് സുവിശേഷത്തിലെ അതീവ ശ്രദ്ധേയമായ ഒരു സംഭവമാണ്.

യേശു സർവശക്തനായ ദൈവമാണ്. ആദിയിൽ 'ഉണ്ടാകട്ടെ' എന്ന ഒറ്റ വചനത്താൽ സർവവും സൃഷ്ടിച്ചവൻ. "അടങ്ങുക, ശാന്തമാവുക" എന്ന കല്പനയാൽ ഉഗ്രമായ കൊടുങ്കാറ്റിനെ ശമിപ്പിച്ചവൻ (മർക്കോ 4:39). "ലാസറേ, പുറത്തുവരിക" (യോഹ 11:43) എന്ന ഒരൊറ്റ വചനത്താൽ ചീഞ്ഞഴുകാൻ തുടങ്ങിയ മൃതദേഹത്തെപ്പോലും ജീവനിലേക്ക് തിരികെ വിളിച്ചവൻ. അങ്ങനെയുള്ള സർവശക്തനായ ദൈവം, ഈ

അന്ധന് കാഴ്ച നൽകുമ്പോൾ, ഒരു വചനംകൊണ്ട് അത്ഭുതം പ്രവർത്തിക്കുന്നില്ല. മറിച്ച്, സുവിശേഷം പറയുന്നത് ഇങ്ങനെയാണ്: "അവൻ അന്ധനെ കൈയ്ക്കുപിടിച്ചു ഗ്രാമത്തിനു വെളിയിലേക്കു കൊണ്ടുപോയി. അവന്റെ കണ്ണുകളിൽ തുപ്പിയ ശേഷം അവന്റെമേൽ കൈകൾ വച്ചുകൊണ്ടു ചോദിച്ചു: 'നീ എന്തെങ്കിലും കാണുന്നുണ്ടോ?' നോക്കിയിട്ട് അവൻ പറഞ്ഞു: 'ഞാൻ മനുഷ്യരെ കാണുന്നുണ്ട്. അവർ മരങ്ങളെപ്പോലിരിക്കുന്നു'" (മർക്കോ 8:23–24).

ഇത്രയൊക്കെ ചെയ്തിട്ടും ആ മനുഷ്യന് ലഭിച്ചത് പൂർണമായ കാഴ്ചയല്ല; മറിച്ച് ഭാഗികമായ കാഴ്ചയാണ്. അതുകൊണ്ട്, "വീണ്ടും യേശു അവന്റെ കണ്ണുകളിൽ കൈകൾ വച്ചു. അവൻ സൂക്ഷിച്ചു നോക്കി; കാഴ്ച തിരിച്ചുകിട്ടുകയും ചെയ്തു. അവൻ എല്ലാ വസ്തുക്കളും വ്യക്തമായി കണ്ടു" (മർക്കോ 8:25). സർവശക്തനായ ദൈവത്തിന് ഒറ്റ നിമിഷം കൊണ്ട് അവനെ പൂർണമായി സുഖപ്പെടുത്താൻ കഴിയുമായിരുന്നില്ലേ? പിന്നെ എന്തുകൊണ്ടാണ് യേശു ഈ അത്ഭുതം രണ്ടു ഘട്ടങ്ങളിലായി നിർവഹിച്ചത്? ഈ ചോദ്യത്തിനുള്ള ഉത്തരം നമ്മുടെ ആത്മീയ ജീവിതത്തിലാണ്.

ആ അന്ധന്റെ ശാരീരിക അന്ധത നമ്മുടെ ആത്മീയ അന്ധതയുടെ പ്രതീകമാണ്. ജീവിതത്തിന്റെ തുടക്കത്തിൽ നാമെല്ലാവരും ഒരുതരത്തിൽ അജ്ഞാനത്തിന്റെ ഇരുട്ടിലാണ്. ദൈവത്തെക്കുറിച്ചുള്ള നമ്മുടെ അറിവും അവിടുത്തെ പദ്ധതികളെക്കുറിച്ചുള്ള നമ്മുടെ ധാരണയും പലപ്പോഴും അപൂർണമാണ്. നാം കാണുന്നുണ്ട്, പക്ഷേ വ്യക്തമായി കാണുന്നില്ല; മനസ്സിലാക്കുന്നുണ്ട്, പക്ഷേ പൂർണമായി ഗ്രഹിക്കുന്നില്ല. അതുകൊണ്ടുതന്നെ യേശു ഈ അത്ഭുതം രണ്ട് ഘട്ടങ്ങളിലായി നിർവഹിച്ചത് നമ്മുടെ ആത്മീയ വളർച്ചയുടെ സ്വഭാവം വെളിപ്പെടുത്താനാണ്. ദൈവം പലപ്പോഴും നമ്മുടെ കണ്ണുകൾ ഒരു നിമിഷത്തിൽ പൂർണമായി തുറക്കുന്നില്ല; മറിച്ച്, തന്റെ കൃപയിലൂടെയും പ്രാർത്ഥനയിലൂടെയും തിരുവചനധ്യാനത്തിലൂടെയും ജീവിതാനുഭവങ്ങളിലൂടെയും ക്രമേണ നമ്മുടെ ആത്മീയ കാഴ്ച പൂർണമാക്കുന്നു. അതുകൊണ്ടാണ് ആത്മീയ വളർച്ച സാധാരണയായി ഒരു നിമിഷത്തിൽ സംഭവിക്കാത്തത്. ദൈവകൃപയുടെയും പ്രാർത്ഥനയുടെയും തിരുവചനപഠനത്തിന്റെയും അനുഭവങ്ങളുടെയും വഴിയായി അത് ക്രമേണ സംഭവിക്കുന്നു. ആദ്യം നമുക്ക് ചില കാര്യങ്ങൾ മങ്ങിയ രൂപത്തിൽ മാത്രം കാണാൻ സാധിക്കും. പിന്നീട്, ദൈവത്തിന്റെ കൃപ കൂടുതൽ പ്രവർത്തിക്കുമ്പോൾ, സത്യത്തിന്റെ വെളിച്ചം കൂടുതൽ വ്യക്തമായി നമ്മുടെ ജീവിതത്തെ

പ്രകാശിപ്പിക്കുന്നു. അപ്പോഴാണ് യേശു നമ്മെ പഠിപ്പിച്ചതിന്റെ ആഴം മനസ്സിലാകുന്നത്.

ഭാരതീയ ജ്ഞാനപാരമ്പര്യവും ഇതേ സത്യമാണ് പഠിപ്പിക്കുന്നത്. അറിവിന്റെ ഒരു ഭാഗം ഗുരുവിൽനിന്നും, മറ്റൊരു ഭാഗം സ്വന്തം പരിശ്രമത്തിൽനിന്നും, മറ്റൊന്ന് സഹപാഠികളിൽനിന്നും, അവസാനത്തേത് കാലക്രമേണ ജീവിതാനുഭവങ്ങളിൽനിന്നും ലഭിക്കുന്നു. ജ്ഞാനം പടിപടിയായാണ് വളരുന്നത്. ആത്മീയ ജീവിതത്തിലും ദൈവം നമ്മെ ഇതേ ക്ഷമയോടെ പരിശീലിപ്പിക്കുന്നു. ഒരൊറ്റ നിമിഷത്തിൽ എല്ലാം വെളിപ്പെടുത്താതെ, നമ്മുടെ വിശ്വാസം പക്വത പ്രാപിക്കുന്നതിനനുസരിച്ച് അവിടുന്ന് സത്യത്തെ കൂടുതൽ കൂടുതൽ വെളിപ്പെടുത്തുന്നു.

നമുക്ക് യേശുവിന്റെ മുമ്പിൽ പ്രാർത്ഥിക്കാം: കർത്താവേ, എന്റെ ഹൃദയത്തിന്റെ കണ്ണുകൾ തുറക്കണമേ. നിന്റെ സത്യത്തെ കൂടുതൽ വ്യക്തമായി അറിയുവാൻ എന്നെ സഹായിക്കണമേ.

3.1
പഠനമുറി: വിശുദ്ധഗ്രന്ഥ ധ്യാനം

(ആമുഖ പ്രാർത്ഥന)

സകല ജ്ഞാനത്തിന്റെയും ഉറവിടമായ ദൈവമേ, യഥാർത്ഥ ജ്ഞാനം നിശ്ശബ്ദതയിലും ദൈവസന്നിധിയിലെ വിശ്രമത്തിലുമാണ് വളരുന്നതെന്ന് അങ്ങ് ഞങ്ങളെ പഠിപ്പിക്കുന്നുവല്ലോ. ജീവിതത്തിന്റെ തിരക്കുകളിലും വ്യഗ്രതകളിലും മുങ്ങിക്കിടക്കുന്ന ഞങ്ങൾ പലപ്പോഴും അങ്ങയുടെ സ്വരം കേൾക്കാതെ പോകുന്നു. കർത്താവേ, ഈ ധ്യാനസമയത്തിലേക്ക് പ്രവേശിക്കുമ്പോൾ ഞങ്ങളുടെ ഹൃദയങ്ങളെയും മനസ്സുകളെയും ശാന്തമാക്കണമേ. പുറത്തുള്ള ശബ്ദങ്ങളും ഉള്ളിലുള്ള ചിന്തകളുടെ അലയൊലികളും അങ്ങയുടെ സന്നിധിയിൽ അലിഞ്ഞുപോകട്ടെ. ഞങ്ങളുടെ കണ്ണുകൾ അങ്ങയിലേക്കും ചെവികൾ അങ്ങയുടെ വചനത്തിലേക്കും ഹൃദയം അങ്ങയുടെ ജ്ഞാനത്തിലേക്കും തുറക്കണമേ.

കർത്താവേ, അങ്ങയുടെ ജ്ഞാനം അന്വേഷിക്കുന്ന വിനീതമായ ഒരു ഹൃദയം ഞങ്ങൾക്ക് നൽകണമേ. നിശ്ശബ്ദതയിൽ അങ്ങയെ ശ്രവിക്കുവാനും, സത്യത്തെ തിരിച്ചറിയുവാനും, നന്മയെ തിരഞ്ഞെടുക്കുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ. ഞങ്ങളുടെ പഠനവും ധ്യാനവും വെറും അറിവായി മാത്രം അവശേഷിക്കാതെ, ജീവിതത്തെ രൂപാന്തരപ്പെടുത്തുന്ന ജ്ഞാനമായി മാറട്ടെ. ആ ജ്ഞാനം ഞങ്ങൾക്കു മാത്രമല്ല, മറ്റുള്ളവർക്കും പ്രകാശവും അനുഗ്രഹവുമായി തീരട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും. ആമ്മേൻ.

(വചന വായന: പ്രഭാ 38:24-34)

“പണ്ഡിതന്റെ വിജ്ഞാനം വിശ്രമത്തെ ആശ്രയിച്ചിരിക്കുന്നു; വ്യഗ്രതകൾ ഒഴിഞ്ഞാലേ ജ്ഞാനം ലഭിക്കൂ. കലപ്പ പിടിക്കുകയും ചാട്ടയിൽ അഭിമാനിക്കുകയും ചെയ്യുന്നവൻ, കാളകളെ തെളിക്കുകയും നോക്കുകയും അവയെപ്പറ്റി സംസാരിക്കുകയും ചെയ്യുന്നവൻ, എങ്ങനെ വിജ്ഞനാകും? അവൻ ഉഴവു ചാലുകളെപ്പറ്റി ചിന്തിക്കുകയും പശുക്കുട്ടികൾക്കുള്ള തീറ്റയുടെ കാര്യത്തിൽ ശ്രദ്ധിക്കുകയും ചെയ്യുന്നു. രാവും പകലും അധ്വാനിച്ച് മുദ്രകുത്തുന്ന കൊത്തുപണിക്കാരും കരവേലവിദഗ്ധരും ഇങ്ങനെതന്നെ. പുതിയ രൂപങ്ങൾ നിർമ്മിക്കുന്നതിലും ചൈതന്യമുള്ള ചിത്രങ്ങൾ രചിക്കുന്നതിലും പണിക്കൂറ തീർക്കുന്നതിലും

അവർ മനസിരുത്തുന്നു. ഉലയൂതുന്ന ഇരുമ്പ് പണിക്കാരനും അങ്ങനെ തന്നെ; ... കാലുകൊണ്ട് ചക്രം തിരിച്ചു ജോലിചെയ്യുന്ന കുശവനും അ ങ്ങനെതന്നെ. അവൻ സർവ്വദാ കൃത്യനിർവഹണത്തിൽ മുഴുകിയിരി ക്കുന്നു... അവരെ കൂടാതെ നഗരം പണിയാനാവില്ല; ആളുകൾക്കവിടെ വരുന്നതിനോ താമസിക്കുന്നതിനോ സാധിക്കുകയില്ല. എങ്കിലും, പൗര സമിതികളിലേക്ക് അവർ വിളിക്കപ്പെടുന്നില്ല; പൊതു സഭയിൽ അവർ ക്കു പ്രാമുഖ്യമില്ല. ന്യായാസനത്തിൽ അവർ ഇരിക്കുന്നില്ല; വിധിപ്ര സ്താവം അവർ ഗ്രഹിക്കുന്നില്ല. അനുശാസനമോ വിധി പ്രസ്താവമോ വ്യാഖ്യാനിക്കാൻ അവർക്ക് സാധിക്കുകയില്ല; ആപ്ത വാക്യങ്ങൾ അവ ർ പ്രയോഗിക്കുന്നില്ല. എന്നാൽ ലോകത്തിന്റെ ഘടന അവർ നിലനിർ ത്തുന്നു."

(ധ്യാനം വിചിന്തനം)

3.1.1. ഹൃദയത്തിൽ വിരിയുന്ന അമൃതജ്ഞാനം

"വിദ്യയാ അമൃതമശ്നുതേ"—ജ്ഞാനത്തിലൂടെ അമൃതം, അതായത് അമർത്യത കൈവരുന്നു. "അവൾ മൂലം എനിക്ക് അമർത്യത കൈവ രും; പിൻഗാമികളിൽ സ്മരണ നിലനിൽക്കും" (ജ്ഞാനം 8:13). വീണ്ടും വചനം പറയുന്നു: "ജ്ഞാനത്തോടുള്ള ബന്ധത്തിൽ അമർത്യതയും... അവളുമായുള്ള സംഭാഷണത്തിൽ യശസ്സും കുടികൊള്ളുന്നു..." (ജ്ഞാനം 8:17). ഈ വചനങ്ങളും സംസ്കൃതസൂക്തവും ഒരേ ദിശയി ലേക്കാണ് നമ്മെ നയിക്കുന്നത്—ജ്ഞാനം എന്നത് ഒരു സാധാരണ അറിവല്ല; അത് മനുഷ്യനെ നശ്വരതയിൽ നിന്ന് അമൃതതയിലേക്കു ഉയർത്തുന്ന ദൈവികശക്തിയാണ്. ഇവിടെ 'ജ്ഞാനം' ഒരു ആശയം മാത്രമല്ല, ഒരു ജീവനുള്ള സാന്നിധ്യമാണ്—നമ്മെ നിത്യതയിലേക്ക് നയിക്കുന്ന ഒരു സഹചാരി.

ശരിയായ ജ്ഞാനം മനുഷ്യനെ മരണത്തിന്റെ പരിധികൾക്കപ്പുറം ഉയർ ത്തുന്നു. അത് ശരീരത്തിന്റെ അമരതയല്ല, ജീവിതത്തിന്റെ സഫലത യിൽ നിലനിൽക്കുന്ന അമൃതത്വമാണ്—സത്യത്തിൽ, സ്നേഹത്തിൽ, ധാർമികതയിൽ ജീവിക്കുന്നവന്റെ ഓർമ്മയും സ്വാധീനവും കാലത്തെ മറികടക്കും. ജ്ഞാനപുസ്തകത്തിലെ വചനങ്ങൾ ഈ സത്യത്തെ കൂടു തൽ ആഴപ്പെടുത്തുന്നു. ജ്ഞാനത്തെ 'അവൾ' എന്ന് വിശേഷിപ്പി ക്കുന്നത് അതിന്റെ സ്നേഹബന്ധത്തെ സൂചിപ്പിക്കുന്നു. ജ്ഞാനത്തോ ടുള്ള ബന്ധം ഒരു പഠനബന്ധമല്ല, ഒരു ജീവിതബന്ധമാണ്. അതിൽ മൈത്രിയുണ്ട്, ആനന്ദമുണ്ട്, അക്ഷയസമ്പത്തുണ്ട്, വിവേകമുണ്ട്. ഈ ജ്ഞാനം നേടാൻ സോളമൻ നിതാന്ത പരിശ്രമം നടത്തി: "എങ്ങനെ

അവളെ സ്വന്തമാക്കാം എന്ന് തേടി ഞാൻ അലഞ്ഞു" (ജ്ഞാനം 8:18). ഇത് നമ്മെ ഒരു പാഠം പഠിപ്പിക്കുന്നു: യഥാർത്ഥ ജ്ഞാനം എളുപ്പത്തിൽ ലഭിക്കുന്ന ഒന്നല്ല; അത് അന്വേഷിക്കണം, ആഗ്രഹിക്കണം, അതിനായി ജീവിതം തന്നെ സമർപ്പിക്കണം. ജ്ഞാനം ഒരു സമ്മാനം തന്നെയാണെങ്കിലും, അത് സ്വീകരിക്കാൻ ഹൃദയം തയ്യാറാകണം.

ജ്ഞാനം എന്നത് വെറും അറിവ് സമ്പാദനം മാത്രമല്ല; അത് മനസ്സിന്റെ സമാധാനത്തിലും ഏകാഗ്രതയിലും വളരുന്ന ഒരു പ്രകാശമാണ്. ഈ സന്ദേശം നമ്മുടെ പഠനമുറിയുമായി ചേർത്ത് ചിന്തിക്കുമ്പോൾ അതിന്റെ പ്രസക്തി കൂടുതൽ വ്യക്തമാകുന്നു. പഠനമുറി എന്നത് നമ്മുടെ ചിന്തകൾ ശാന്തമാകുന്ന, മനസ്സ് ഏകാഗ്രമാകുന്ന, വിജ്ഞാനം വിരിയുന്ന ഒരു വിശുദ്ധ സ്ഥലമാണ്.

വചനത്തിൽ പറയുന്നത് പോലെ, ഒരു കർഷകൻ കാളകളെ പരിപാലിക്കുകയും ഉഴവുചാലുകളെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്നു. കരവേലക്കാരൻ തന്റെ കൃത്യത്തിൽ മുഴുകുന്നു. കുശവൻ ചക്രം തിരിച്ച് തന്റെ പാത്രം നിർമ്മിക്കുന്നു. ഇവരൊക്കെയും അവരുടെ ജോലിയിൽ അതിയായ തിരക്കിലാണ്. അവർ ലോകത്തിന്റെ അടിത്തറ പണിയുന്നവരാണ്. എന്നാൽ അവർക്ക് ദീർഘമായ ചിന്തയ്ക്കും ആത്മപരിശോധനയ്ക്കും ആവശ്യമായ സമയം കുറവായിരിക്കും.

ഇത് നമ്മെ ഒരു വലിയ പാഠം പഠിപ്പിക്കുന്നു—ജ്ഞാനം വളരാൻ സമയവും ശാന്തതയും വേണം. പഠനമുറി ഈ ശാന്തതയുടെ പ്രതീകമാണ്. നമ്മൾ പഠനമുറിയിൽ ഇരിക്കുമ്പോൾ, അത് വെറും പുസ്തകങ്ങൾ വായിക്കുന്ന സ്ഥലമല്ല; അത് നമ്മുടെ ഉള്ളിൽ ജ്ഞാനത്തിന്റെ വിത്ത് നട്ടുവളർത്തുന്ന സ്ഥലമാണ്. ഇവിടെ നമുക്ക് ലോകത്തെ മനസ്സിലാക്കാനും, ജീവിതത്തെക്കുറിച്ച് ചിന്തിക്കാനും, ആത്മാവിനെ വളർത്താനും കഴിയും.

അതേസമയം, ഈ വചനത്തിൽ പറഞ്ഞിരിക്കുന്ന തൊഴിലാളികളെ നാം ഒരിക്കലും ചെറുതായി കാണരുത്. അവർ ഇല്ലാതെ സമൂഹം നിലനിൽക്കില്ല. അവർ ലോകത്തിന്റെ ഘടന നിലനിർത്തുന്നവരാണ്. എന്നാൽ അവരുടെ ജീവിതത്തിലൂടെ ദൈവം നമുക്കൊരു മുന്നറിയിപ്പും നൽകുന്നു. തിരക്കിൽ മാത്രം ജീവിച്ചാൽ, ആഴത്തിലുള്ള ജ്ഞാനം നമുക്ക് കൈവരിക്കാൻ പ്രയാസമാകും.

അതിനാൽ, നമുക്ക് നമ്മുടെ ജീവിതത്തിൽ ഒരു പഠനമുറിയുടെ മനോഭാവം സൃഷ്ടിക്കണം. അതായത്: ദിവസവും കുറച്ച് സമയം ശാന്തത

യ്ക്കായി മാറ്റിവെക്കുക; മൊബൈൽ ഫോണും ശബ്ദവും മറ്റ് അലോസരങ്ങളും ഒഴിവാക്കുക; ഏകാഗ്രതയോടെ പഠിക്കുക; വായിച്ചതിനെക്കുറിച്ച് ധ്യാനപൂർവം വിചിന്തനം നടത്തുക. ഇവയൊക്കെയാണ് നമ്മെ സത്യമായ ജ്ഞാനത്തിലേക്ക് നയിക്കുന്നത്. "ശാന്തത ഇല്ലാതെ ജ്ഞാനം ഇല്ല." അതിനാൽ, തിരക്കുകൾക്കിടയിൽ ഒരു ചെറിയ പഠനമുറി നമ്മുടെ ഉള്ളിൽ സൃഷ്ടിക്കാൻ കഴിഞ്ഞാൽ, നാം യഥാർത്ഥ പണ്ഡിതന്മാരായി മാറും.

ചാവറയച്ചൻ സഭാംഗങ്ങൾക്ക് എഴുതിയ സർക്കുലറിൽ നമ്മെ ഇപ്രകാരം ഓർമിപ്പിക്കുന്നുണ്ടല്ലോ: "വിശ്വാസികളുടെ ആത്മീയ പുരോഗതിക്കു തകുന്ന കാര്യങ്ങളിൽ സഹായിക്കുകയാണ് സന്യാസികൾ ചെയ്യേണ്ടത്."[1]

മർത്തായുടെയും മറിയത്തിന്റെയും ഭവനത്തിൽ യേശു സ്വീകരിക്കപ്പെടുന്ന സംഭവം രേഖപ്പെടുത്തുന്ന സുവിശേഷഭാഗത്ത് (ലൂക്കാ 10:38-42), യേശുവിന്റെ പാദത്തിങ്കൽ ഇരുന്നുകൊണ്ട് അവിടുത്തെ വചനങ്ങൾ ശ്രവിക്കുന്ന മറിയത്തിന്റെ ചിത്രം നമ്മുടെ മനസ്സിലേക്ക് കൊണ്ടു വരാം. ഗുരുവിനോട് ചേർന്നു നടന്ന് അവിടുത്തെ വാക്കുകൾ ശ്രദ്ധയോടെ കേട്ടിരിക്കുന്നതിന് ക്രൈസ്തവജീവിതത്തിലുള്ള പ്രാധാന്യത്തിലേക്ക് മറിയം നമ്മെ ക്ഷണിക്കുന്നു. "അവൾ കർത്താവിന്റെ വചനങ്ങൾ കേട്ടുകൊണ്ട് അവന്റെ പാദത്തിങ്കൽ ഇരുന്നു" (ലൂക്കാ 10:39). ഒരു വ്യക്തിയുടെ കാൽക്കലിരുന്ന് അവനെ ശ്രദ്ധിക്കുക എന്നത് വിധേയത്വത്തിന്റെയും എളിമയുടെയും പ്രവൃത്തിയാണ്.

വി. ലൂക്കായുടെ സുവിശേഷത്തിന്റെ എട്ടാം അധ്യായത്തിൽ പിശാചുബാധിതനായ ഒരു മനുഷ്യനെ യേശു സുഖപ്പെടുത്തുന്ന സംഭവവുമായി ബന്ധപ്പെട്ട വിവരണത്തിൽ സമാനമായ ഒരു ശാരീരിക ഭാഷ കാണുന്നുണ്ട്. "യേശു തന്നെ സുഖപ്പെടുത്തിയ ശേഷം പിശാചുബാധയിൽ നിന്ന് വിമോചിതനായ ആ മനുഷ്യൻ വസ്ത്രം ധരിച്ച് സുബോധത്തോടെ യേശുവിന്റെ കാൽക്കലിരുന്നു" (ലൂക്കാ 8:35). അപ്പസ്തോലപ്രവർത്തനങ്ങളിൽ വി. പൗലോസ് യഹൂദരോട് തന്റെ പശ്ചാത്തലം വിശദീകരിക്കുന്ന ഭാഗത്തും ഇതുപോലെ ഒരു വിവരണം നാം കാണുന്നു: "ഗമാലിയേലിന്റെ പാദങ്ങളിൽ ഇരുന്ന് പിതാക്കന്മാരുടെ നിയമത്തിൽ നിഷ്കൃഷ്ടമായ ശിക്ഷണം ഞാൻ നേടി" (അപ്പ 22:3).

---

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VI/1:1, 126.

മറിയം ചെയ്യുന്നതും ഇതുപോലൊരു കാര്യമാണ്. അവൾ യേശുവിന്റെ പാദത്തിങ്കൽ ഇരുന്ന് അവിടുത്തെ വചനം കേൾക്കുന്നു. ശിഷ്യൻ ഗുരുവിന്റെ മുന്നിൽ എടുക്കുന്ന അതേ മനോഭാവമാണ്, സൗഖ്യം പ്രാപിച്ച് സുബോധത്തോടെ യേശുവിന്റെ കാൽക്കലിരുന്ന ആ മനുഷ്യന്റെ നല്ല മനോഭാവമാണ്, മറിയം തിരഞ്ഞെടുക്കുന്നത്. നമുക്കും ആ നല്ല ഭാഗം തെരഞ്ഞെടുക്കാം. "മർത്താ, മർത്താ, നീ പലതിനേക്കുറിച്ചും ഉത്കണ്ഠാകുലയും അസ്വസ്ഥയുമായിരിക്കുന്നു. ഒന്നുമാത്രമേ ആവശ്യമുള്ളൂ. മറിയം നല്ല ഭാഗം തെരഞ്ഞെടുത്തിരിക്കുന്നു. അത് അവളിൽ നിന്ന് എടുക്കപ്പെടുകയില്ല" (ലൂക്കാ 10:41-42).

യേശുവിന്റെ പാദത്തിലിരുന്നു വചനം ശ്രവിക്കുന്നതിനെ 'നല്ല ഭാഗം' എന്ന് വിളിക്കുന്നതിന്റെ അർത്ഥം മനസ്സിലാക്കാൻ ലൂക്കായുടെ സുവിശേഷത്തിലെ എട്ടാം അധ്യായത്തിൽ കാണുന്ന വിതക്കാരന്റെ ഉപമ നമ്മെ സഹായിക്കുന്നു. വിതയ്ക്കപ്പെട്ട വിത്തിനെക്കുറിച്ച് യേശു ശിഷ്യരോട് പറയുന്നു: "വിത്ത് എന്നത് ദൈവവചനമാണ്" (ലൂക്കാ 8:11). ഈ വചനം കേട്ട്, ഉത്കൃഷ്ടവും നിർമ്മലവുമായ ഹൃദയത്തിൽ അത് സംഗ്രഹിച്ച് ക്ഷമയോടെ ഫലം പുറപ്പെടുവിക്കുന്നവരെയാണ് കർത്താവ് 'നല്ല നിലം' എന്ന് വിശേഷിപ്പിക്കുന്നത് (ലൂക്കാ 8:15). അതായത്, ദൈവവചനം ഫലപ്രദമാകുന്നത് കേൾക്കുന്നതിലല്ല; അത് ഹൃദയത്തിൽ സ്വീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിലാണ്.

ഇത്തരം ഹൃദയസന്നദ്ധതയെ സന്യാസികളുടെ പാരമ്പര്യവും ഊന്നിപ്പറയുന്നു. അവരുടെ അനുസരണയിൽ ഗുരു ജ്ഞാനം എഴുതുന്നത് ഗ്രന്ഥത്തിന്റെ താളുകളിലല്ല, ശിഷ്യരുടെ ഹൃദയത്തിലാണ്. ശിഷ്യൻ ഈ വിജ്ഞാനം ഹൃദയത്തിൽ സൂക്ഷിച്ച്, അത് സ്വീകരിക്കാൻ ഒരുങ്ങിയ മറ്റൊരാളെ കാണുംവരെ വർഷങ്ങളോളം അതിനെ കരുതിക്കൊണ്ടു നടക്കും. സ്വയം അനുഭവിച്ചറിഞ്ഞ സത്യമാണ് ഗുരു പങ്കുവെക്കുന്നത്; അതുകൊണ്ട് അദ്ദേഹത്തിന്റെ വാക്കുകൾ വെറും ഉദ്ധരണികളല്ല, ജീവിക്കുന്ന സാക്ഷ്യങ്ങളാണ്. ബോധോദയം ലഭിച്ച മനുഷ്യന്റെ വാക്കുകൾ വിത്തുകളെപ്പോലെയാണ്—അതിൽ ജീവനും ശക്തിയും നിറഞ്ഞിരിക്കുന്നു.

അതിനാൽ, മറിയത്തെപ്പോലെ ഒരുങ്ങിയ ഹൃദയത്തോടും തീവ്രമായ സ്നേഹത്തോടും കൂടി ക്രിസ്തുവിന്റെ പാദങ്ങളിൽ ഇരുന്ന് അവിടുത്തെ വചനം ശ്രവിക്കുമ്പോൾ, ആ വചനം നമ്മുടെ ഉള്ളിൽ വേർപിടിച്ച് മുപ്പതും അറുപതും നൂറുമേനി ഫലം നൽകുന്നവരായി നമുക്ക് മാറാൻ കഴിയും. യഥാർത്ഥ ജ്ഞാനം നമ്മെ വലിയവരാക്കുന്നതല്ല—നമ്മെ

ആഴമുള്ളവരാക്കുന്നു. അത് നമ്മെ പ്രശസ്തിയിലേക്ക് മാത്രമല്ല, അനശ്വരതയിലേക്കാണ് നയിക്കുന്നത്. ജ്ഞാനത്തോടുള്ള സൗഹൃദം മനുഷ്യനെ മാറ്റുന്നു; അവന്റെ ജീവിതം മറ്റുള്ളവർക്ക് ഒരു പ്രകാശമായി മാറുന്നു; അവന്റെ ഓർമ്മ കാലത്തെയും മരണത്തെയും മറികടന്ന് നിലനിൽക്കുന്നു. അതുകൊണ്ട്, നമുക്ക് ഈ ജ്ഞാനത്തെ തേടാം—പുസ്തകങ്ങളിൽ മാത്രമല്ല, ജീവിതത്തിൽ; വാക്കുകളിൽ മാത്രമല്ല, അനുഭവത്തിൽ; ബുദ്ധിയിൽ മാത്രമല്ല, ഹൃദയത്തിൽ. അപ്പോൾ "വിദ്യയാ അമൃതമശ്നുതേ" എന്ന വാക്യം നമ്മുടെ ജീവിതത്തിൽ സാക്ഷാത്കാരമാകും—ജ്ഞാനത്തിലൂടെ നാം അമൃതം നേടും.

3.1.2. കുരിശ്: ജ്ഞാനത്തിന്റെ മഹത്തായ ഗ്രന്ഥം

"അത്യുന്നതന്റെ നിയമങ്ങൾ പഠിക്കുന്നതിൽ താല്പര്യമുള്ളവൻ എല്ലാ പൗരാണിക ജ്ഞാനവും ആരാഞ്ഞ് അറിയുകയും പ്രവചനങ്ങളിൽ ഔത്സുക്യം പ്രദർശിപ്പിക്കുകയും ചെയ്യും. അവൻ വിശ്രുതരുടെ വാക്കു വിലമതിക്കുകയും ഉപമകളുടെ പൊരുൾ സൂക്ഷ്മമായി അപഗ്രഥിക്കുകയും ചെയ്യും. അവൻ ആപ്തവാക്യങ്ങളുടെ ആന്തരാർത്ഥം തേടുകയും ഉപമകളുടെ നിഗൂഢതകളെ സ്വായത്തമാക്കുകയും ചെയ്യുന്നു. അവൻ മഹാന്മാരെ സേവിക്കുന്നു; ഭരണാധിപന്മാരുടെ മുമ്പിലും അവന് പ്രവേശനമുണ്ട്. വിദേശരാജ്യങ്ങളിൽ അവൻ സഞ്ചരിക്കും; മനുഷ്യരുടെ നന്മതിന്മകൾ അവൻ വേർതിരിച്ചറിയുന്നു" (പ്രഭാ 39:1-4).

ഈ വചനഭാഗം യഥാർത്ഥ ജ്ഞാനാന്വേഷിയുടെ മനോഹരമായ ചിത്രമാണ് നമ്മുടെ മുമ്പിൽ വരച്ചുകാട്ടുന്നത്. ജ്ഞാനം തേടുന്നവൻ വെറും പഠനത്തിൽ ഒതുങ്ങുന്നില്ല; അവൻ അന്വേഷിക്കുന്നു, ആഴത്തിൽ ചിന്തിക്കുന്നു, ശ്രദ്ധയോടെ കേൾക്കുന്നു, വിവേചിക്കുന്നു, ജീവിതത്തിലെ നന്മയും തിന്മയും തിരിച്ചറിയുന്നു. അവന്റെ അറിവ് പുസ്തകങ്ങളിൽ മാത്രം ഒതുങ്ങുന്നില്ല; അത് അനുഭവത്തിലൂടെ വളരുന്നു, ദൈവബന്ധത്തിലൂടെ പൂർണത പ്രാപിക്കുന്നു.

ഈ വചനത്തിന്റെ ജീവിക്കുന്ന പ്രതിഫലനമാണ് വി. തോമസ് അക്വീനസ്. സഭ കണ്ട ഏറ്റവും മഹാനായ ദൈവശാസ്ത്രജ്ഞരിൽ ഒരാളായ അദ്ദേഹം *സുമ്മാ തിയോളജിക്കാ* പോലുള്ള അതുല്യഗ്രന്ഥങ്ങൾ രചിച്ചു. മനുഷ്യബുദ്ധിയുടെ ഉയരങ്ങൾ കീഴടക്കിയ അദ്ദേഹത്തോട്, ഈ അസാമാന്യ ജ്ഞാനം എവിടെ നിന്നാണ് ലഭിച്ചതെന്ന് ചോദിച്ച പ്പോൾ അദ്ദേഹം നൽകിയ മറുപടി വിസ്മയിപ്പിക്കുന്നതായിരുന്നു: "ക്രൂശിതരൂപമാകുന്ന മഹത്തായ ഗ്രന്ഥത്തിൽ നിന്നാണ് ഞാൻ എന്റെ മുഴുവൻ ജ്ഞാനവും പഠിച്ചത്."

ഇവിടെയാണ് പ്രഭാഷകന്റെ വചനത്തിന്റെ ആഴം കൂടുതൽ വ്യക്തമായി തെളിയുന്നത്. "പൗരാണിക ജ്ഞാനം ആരാഞ്ഞറിയുക" എന്നത് വെറും ഗ്രന്ഥപഠനം മാത്രമല്ല; ദൈവഹൃദയത്തിന്റെ ആഴങ്ങളിലേക്ക് പ്രവേശിക്കാനുള്ള ആഗ്രഹമാണ്. വി. അക്വീനസ് പഠിച്ചതും അതുതന്നെയായിരുന്നു—യേശുവിന്റെ കുരിശിൽ വെളിപ്പെട്ട ദൈവസ്നേഹത്തിന്റെ രഹസ്യം. ലോകത്തിലെ സർവകലാശാലകൾക്ക് നൽകാനാവാത്ത ജ്ഞാനം, ക്രൂശിതനായ ക്രിസ്തുവിന്റെ മൗനത്തിൽ നിന്നാണ് അദ്ദേഹം ഉൾക്കൊണ്ടത്.

കുരിശ് ഒരു ഗ്രന്ഥമാണ്—എന്നാൽ അത് വായിക്കാൻ ബുദ്ധിയേക്കാൾ ഹൃദയമാണ് ആവശ്യമായത്. അവിടെ നാം വേദന മാത്രം കാണുന്നില്ല; അതിന്റെ ആഴങ്ങളിൽ അനന്തസ്നേഹത്തിന്റെ പ്രകാശം ദർശിക്കുന്നു. "പിതാവേ, ഇവരോട് ക്ഷമിക്കണമേ..." എന്ന ക്ഷമയുടെ പാഠം, "എല്ലാം പൂർത്തിയായി..." എന്ന സമർപ്പണത്തിന്റെ പാഠം, ഇരുട്ടിന്റെ നടുവിലും ദൈവത്തിൽ ആശ്രയിക്കുന്ന വിശ്വാസത്തിന്റെ പാഠം—ഇവയൊക്കെയാണ് ആ മഹത്തായ ഗ്രന്ഥത്തിന്റെ നിഗൂഢ സത്യങ്ങൾ. "ഉപമകളുടെ നിഗൂഢതകൾ സ്വായത്തമാക്കുന്നു" എന്ന് വചനം പറയുന്നതുപോലെ, കുരിശിന്റെ അർത്ഥം ഉൾക്കൊള്ളുന്നവനാണ് യഥാർത്ഥ ജ്ഞാനി.

പ്രഭാഷക വചനം തുടർന്നുപറയുന്നതുപോലെ, ഇത്തരത്തിലുള്ള ജ്ഞാനി "മഹാന്മാരെ സേവിക്കുന്നു; ഭരണാധിപന്മാരുടെ മുമ്പിലും അവന് പ്രവേശനമുണ്ട്." എന്നാൽ അതിന്റെ ആഴത്തിലുള്ള സന്ദേശം, യഥാർത്ഥ ജ്ഞാനം മനുഷ്യനെ ഉയർത്തുമ്പോഴും കൂടുതൽ വിനയാന്വിതനാക്കുന്നു എന്നതാണ്. വി. തോമസ് അക്വീനസ് അതിന്റെ ഏറ്റവും മനോഹരമായ ഉദാഹരണമാണ്. അസാധാരണമായ ബുദ്ധിശക്തിയുടെ ഉടമയായിരുന്നിട്ടും, ഒരു എളിയ ശിഷ്യനായി കുരിശിന്റെ മുമ്പിൽ നിൽക്കാൻ അദ്ദേഹം തയ്യാറായിരുന്നു.

ജീവിതത്തിലെ ആശയക്കുഴപ്പങ്ങളിലും പ്രതിസന്ധികളിലും ഉത്തരങ്ങൾ തേടുമ്പോൾ, നമുക്ക് ക്രൂശിതനെ നോക്കാം. അവിടെ നാം ജ്ഞാനത്തിന്റെ പരമോന്നത രൂപം ദർശിക്കുന്നു—സ്നേഹിക്കാൻ പഠിപ്പിക്കുന്ന ജ്ഞാനം, ക്ഷമിക്കാൻ ശക്തിനൽകുന്ന ജ്ഞാനം, സ്വയം സമർപ്പിക്കാൻ ധൈര്യം പകരുന്ന ജ്ഞാനം. യഥാർത്ഥ ജ്ഞാനം തലച്ചോറിൽ മാത്രം ജനിക്കുന്നതല്ല; അത് ഹൃദയത്തിൽ ജനിക്കുന്നു. ആ ഹൃദയം കുരിശിന്റെ മുമ്പിൽ തുറക്കപ്പെടുമ്പോൾ, ദൈവം നമ്മെ യഥാർത്ഥ ജ്ഞാനികളാക്കി മാറ്റുന്നു.

3.1.3. ഈശഭക്തിഃ പരം ജ്ഞാനം

“സർവശക്തനായ കർത്താവ് കനിഞ്ഞാൽ ജ്ഞാനത്തിന്റെ ചൈതന്യം അവനിൽ നിറയും; വിജ്ഞാനവചസ്സുകൾ പൊഴിഞ്ഞ് പ്രാർത്ഥനാപൂർവം അവൻ കർത്താവിന് നന്ദി പറയും” (പ്രഭാ 39:6).

യഥാർത്ഥ ജ്ഞാനം മനുഷ്യന്റെ സ്വന്തമല്ല; അത് ദൈവത്തിന്റെ ദാനമാണ്. ദൈവകൃപ നമ്മെ സ്പർശിക്കുമ്പോൾ നമ്മുടെ ഉള്ളിൽ ജ്ഞാനത്തിന്റെ പുതിയൊരു പ്രകാശം ഉദിക്കുന്നു. അത് വെറും പഠനത്തിന്റെ ഫലമല്ല, ദൈവാനുഭവത്തിന്റെ ഫലമാണ്. ആ അനുഭവം മനുഷ്യനെ വിനയത്തിലേക്കും കൃതജ്ഞതയിലേക്കും നയിക്കുന്നു. ജ്ഞാനം വർധിക്കുമ്പോൾ അഹങ്കാരം വർധിക്കരുത്; മറിച്ച് ദൈവാശ്രയത്വം കൂടുതൽ ആഴപ്പെടണം.

ഈ സത്യത്തെ മനോഹരമായി വ്യക്തമാക്കുന്ന ഒരു സംഭവമാണ് ഡോ. എസ്. രാധാകൃഷ്ണനെക്കുറിച്ച് പറയപ്പെടുന്നത്. മദ്രാസിലെ ക്രിസ്ത്യൻ കോളേജിൽ പ്രൊഫസറായിരുന്ന കാലത്ത്, ദേവാലയത്തിൽ നിത്യേന കുരിശിന്റെ മുമ്പിൽ പ്രാർത്ഥിക്കുകയും യേശുവിന്റെ പാദങ്ങളിൽ വണങ്ങി അനുഗ്രഹം തേടുകയും ചെയ്തിരുന്ന അദ്ദേഹത്തെ ഒരു വിദ്യാർത്ഥി അത്ഭുതത്തോടെ നിരീക്ഷിച്ചു. അതിന് രാധാകൃഷ്ണൻ നൽകിയ മറുപടി, “യേശു ലോകഗുരുവാണ്; ഞാൻ ഒരു ചെറിയ ഗുരു മാത്രം. അതുകൊണ്ട് എല്ലാ ദിവസവും അവിടുത്തെ സന്നിധിയിൽ വന്ന് പഠിക്കാനും, എന്റെ അധ്യാപനശുശ്രൂഷയ്ക്ക് ആവശ്യമായ ജ്ഞാനവും അനുഗ്രഹവും സ്വീകരിക്കാനുമാണ് ഞാൻ ഇവിടെ വരുന്നത്.”

എത്ര ആഴമേറിയ തിരിച്ചറിവാണിത്! ഭാരതം കണ്ട ഏറ്റവും മഹാനായ തത്ത്വചിന്തകരിലും അധ്യാപകരിലും ഒരാളായിരുന്ന അദ്ദേഹം തന്റെ ജ്ഞാനത്തിന്റെ ഉറവിടം ദൈവത്തിലാണെന്ന് അംഗീകരിച്ചു. “സർവ ജ്ഞാനവും കർത്താവിൽ നിന്നു വരുന്നു; അത് എന്നേക്കും അവിടുത്തോടുകൂടെയുണ്ട്” (പ്രഭാ 1:1) എന്ന വചനം അദ്ദേഹത്തിന്റെ ജീവിതത്തിൽ യാഥാർഥ്യമായി മാറിയിരുന്നു. ഇവിടെ പ്രഭാഷകന്റെ വചനത്തിന്റെ സൗന്ദര്യം നാം കാണുന്നു. “വിജ്ഞാനവചസ്സുകൾ പൊഴിഞ്ഞ്” എന്നത് വെറും വാഗ്ചാതുര്യമല്ല; ദൈവത്തിൽ നിന്ന് സ്വീകരിച്ച ജ്ഞാനം ജീവിതത്തിലൂടെ മറ്റുള്ളവരിലേക്ക് ഒഴുകുന്നതാണ്. ജ്ഞാനി സ്വന്തമായി പ്രകാശിക്കുകയല്ല ചെയ്യുന്നത്; അവൻ ദൈവത്തിന്റെ പ്രകാശം പ്രതിഫലിപ്പിക്കുന്നു. രാധാകൃഷ്ണന്റെ ജീവിതം അത്തരമൊരു പ്രതിഫലനമായിരുന്നു.

അദ്ദേഹത്തിന്റെ ജന്മദിനം 'അധ്യാപകദിനം' ആയി ആചരിക്കപ്പെടുന്നതും യാദൃശ്ചികമല്ല. മഹാനായ ഒരു അധ്യാപകനെന്ന നിലയിൽ അദ്ദേഹം തന്റെ മഹത്വം അറിവിന്റെ സമ്പത്തിൽ അല്ല, പഠിച്ചുകൊണ്ടിരിക്കുന്ന ഒരു ശിഷ്യന്റെ വിനയത്തിലായിരുന്നു കണ്ടെത്തിയത്. ഒരു ഹൈന്ദവനായിരുന്ന അദ്ദേഹം യേശുവിനെ ലോകഗുരുവായി അംഗീകരിച്ച് അവിടുത്തിൽ നിന്ന് പഠിക്കാൻ തയ്യാറായിരുന്നെങ്കിൽ, ക്രിസ്തുവിന്റെ ശിഷ്യരായ നാം എത്രയധികം ആ ഗുരുവിന്റെ സന്നിധിയിൽ സമയം ചെലവഴിക്കേണ്ടവരാണ്! "എല്ലാ ജ്ഞാനവും ദൈവഭക്തിയിലടങ്ങുന്നു; ജ്ഞാനത്തിൽ നിയമത്തിന്റെ പൂർത്തീകരണമുണ്ട്" (പ്രഭാ 19:20). "ജ്ഞാനം ദൈവഭക്തിയിൽ പൂർണമാകുന്നു" (പ്രഭാ 21:11). ഈ വചനങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നത്, ജ്ഞാനം ഭക്തിയിലൂടെ ആഴപ്പെടുകയും വിനയത്തിലൂടെ പൂർണത പ്രാപിക്കുകയും ചെയ്യുന്നു എന്ന സത്യമാണ്. ദൈവത്തെ അറിയാതെ സമ്പാദിക്കുന്ന അറിവ് മനുഷ്യനെ അഭിമാനിയാക്കാം; എന്നാൽ ദൈവത്തിൽ നിന്ന് ലഭിക്കുന്ന ജ്ഞാനം മനുഷ്യനെ വിശുദ്ധനാക്കുന്നു.

ഈ ചിന്തയെ കൂടുതൽ ആഴപ്പെടുത്തുന്നത് ജ്ഞാനഗ്രന്ഥത്തിലെ സോളമന്റെ സാക്ഷ്യമാണ്: "ഞാൻ പ്രാർത്ഥിച്ചു; എനിക്ക് വിവേകം ലഭിച്ചു. ഞാൻ ദൈവത്തെ വിളിച്ചപേക്ഷിച്ചു; ജ്ഞാനചൈതന്യം എനിക്ക് ലഭിച്ചു. ചെങ്കോലിലും സിംഹാസനത്തിലുമധികം അവളെ ഞാൻ വിലമതിച്ചു. അവളോട് തുലനം ചെയ്യുമ്പോൾ ധനം നിസാരമെന്ന് ഞാൻ കണക്കാക്കി. അനർഘരത്നവും അവൾക്ക് തുല്യമല്ലെന്ന് ഞാൻ കണ്ടു. അവളുടെ മുൻപിൽ സ്വർണം മണൽത്തരി മാത്രം; വെള്ളി കള്ളിമണ്ണുപോലെയും. ആരോഗ്യത്തെയും സൗന്ദര്യത്തെയും ക്കാൾ അവളെ ഞാൻ സ്നേഹിച്ചു. പ്രകാശത്തെക്കാൾ കാമ്യമായി അവളെ ഞാൻ വരിച്ചു. അവളുടെ കാന്തി ഒരിക്കലും ക്ഷയിക്കുകയില്ല. അവളോടൊപ്പം എല്ലാ നന്മകളും എണ്ണമറ്റ ധനവും എനിക്ക് ലഭിച്ചു" (ജ്ഞാനം 7:7-11).

ഈ വചനങ്ങളിൽ സോളമൻ നമ്മെ പഠിപ്പിക്കുന്നത്, യഥാർത്ഥ സമ്പത്ത് ജ്ഞാനമാണെന്ന സത്യമാണ്. അധികാരവും സമ്പത്തും പ്രശസ്തിയും സൗന്ദര്യവും കാലത്തിന്റെ ഒഴുക്കിൽ മങ്ങിപ്പോകും. എന്നാൽ ദൈവത്തിൽ നിന്ന് ലഭിക്കുന്ന ജ്ഞാനം ശാശ്വതമായ പ്രകാശമാണ്. അത് ജീവിതത്തെ നയിക്കുന്നു, തീരുമാനങ്ങൾക്ക് ദിശ നൽകുന്നു, മനുഷ്യനെ രക്ഷയുടെ പാതയിലേക്ക് കൈപിടിച്ചുനടത്തുന്നു.

അറിവ് വർധിച്ചിട്ടും ജ്ഞാനം കുറയുന്ന ഒരു കാലഘട്ടമാണിത്. അതുകൊണ്ടുതന്നെ ലോകഗുരുവായ യേശുവിന്റെ പാദങ്ങളിൽ ഇരുന്ന് പഠിക്കേണ്ട ആവശ്യം ഇന്ന് കൂടുതൽ ശക്തമാണ്. അവിടുന്നിൽ നിന്ന് പഠിക്കുന്നവർക്ക് അറിവ് മാത്രമല്ല ലഭിക്കുക; ജീവിതത്തിന്റെ അർത്ഥവും ലഭിക്കും. അവിടുന്നിൽ നിന്ന് പഠിക്കുന്നവർക്ക് ഉത്തരങ്ങൾ മാത്രമല്ല ലഭിക്കുക; സത്യത്തിലേക്കുള്ള വഴിയും ലഭിക്കും. അതുകൊണ്ട് ഓരോ ദിവസവും നമുക്കും പ്രാർത്ഥിക്കാം: "കർത്താവേ, എന്നെ പഠിപ്പിക്കണമേ. എന്റെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. ജ്ഞാനത്തിന്റെ ചൈതന്യം എന്നിൽ നിറയ്ക്കണമേ." അപ്പോൾ ദൈവം നമ്മുടെ ജീവിതത്തെ തന്റെ പ്രകാശത്തിന്റെ ഉപകരണമായി മാറ്റും; നമ്മിലൂടെ മറ്റുള്ളവർക്കും ആ പ്രകാശം പകരും.

3.1.4. ജ്ഞാനത്തിന്റെ അഗ്നിജ്വാല

"പ്രവാചകനായ ഏലിയാ അഗ്നിപോലെ പ്രത്യക്ഷപ്പെട്ടു; അവന്റെ വാക്കുകൾ പന്തംപോലെ ജ്വലിച്ചു" (പ്രഭാ 48:1). ദൈവസന്നിധിയിൽ ജീവിച്ചിരുന്ന ഒരാളുടെ ഉള്ളിൽ ജ്വലിച്ച ആത്മീയ അഗ്നിയുടെ ചിത്രമാണിത്. ഏലിയായുടെ ശക്തി അദ്ദേഹത്തിന്റെ വ്യക്തിപരമായ കഴിവിലായിരുന്നില്ല; ദൈവസാന്നിധ്യത്തിൽ നിന്ന് ലഭിച്ച ആത്മീയ തേജസ്സിലായിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ വാക്കുകൾ വെറും ശബ്ദങ്ങളല്ലാതിരുന്നത്; അവ ഹൃദയങ്ങളെ ഉണർത്തുന്ന അഗ്നിജ്വാലകളായിരുന്നു. ദൈവവിശ്വാസം വെറും ആശയമല്ലെന്നും, ജീവിതത്തെ പരിവർത്തനം ചെയ്യുന്ന ശക്തിയാണെന്നും ഏലിയായുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. അനീതിയുടെയും അസത്യത്തിന്റെയും മുമ്പിൽ അദ്ദേഹം മൗനം പാലിച്ചില്ല. സത്യത്തിന്റെ പക്ഷത്ത് നിലകൊള്ളാൻ അദ്ദേഹം ഭയപ്പെട്ടില്ല. അദ്ദേഹത്തിന്റെ വാക്കുകൾ അഗ്നിപോലെ ജ്വലിച്ചു, കാരണം അവ ദൈവഹൃദയത്തിൽ നിന്ന് ഉത്ഭവിച്ചവയായിരുന്നു.

ഇന്നത്തെ കാലഘട്ടത്തിലും ഈ അഗ്നി അണഞ്ഞുപോകരുത്. നമ്മുടെ ചിന്തകളിലും വാക്കുകളിലും പ്രവൃത്തികളിലും സത്യസന്ധതയും നീതിയും പ്രതിഫലിക്കുമ്പോഴാണ് ഏലിയായുടെ ചൈതന്യം നമ്മിൽ ജീവിക്കുന്നത്. വെളിച്ചമാകേണ്ടിടത്ത് മൗനം പാലിക്കാതെ, സത്യത്തിനുവേണ്ടി ധൈര്യത്തോടെ സംസാരിക്കാനും പ്രത്യാശ നഷ്ടപ്പെട്ട ലോകത്തിൽ പ്രത്യാശയുടെ ജ്വാല തെളിയിക്കാനുമാണ് ഈ വചനം നമ്മെ ക്ഷണിക്കുന്നത്.

എന്നാൽ ഈ ആത്മീയ അഗ്നി മനുഷ്യന്റെ സ്വന്തം കഴിവിൽ നിന്നല്ല ഉത്ഭവിക്കുന്നത്. അതിന്റെ ഉറവിടം ദൈവമാണ്. അതുകൊണ്ടാണ്

പ്രഭാഷകൻ പറയുന്നത്: "സർവശക്തനായ കർത്താവ് കനിഞ്ഞാൽ ജ്ഞാനത്തിന്റെ ചൈതന്യം അവനിൽ നിറയും" (പ്രഭാ 39:6). ദൈവ കൃപ നമ്മെ സ്പർശിക്കുമ്പോൾ നമ്മുടെ ഉള്ളിൽ വെറും അറിവല്ല, ദൈവികജ്ഞാനത്തിന്റെ പ്രകാശമാണ് ഉദിക്കുന്നത്. ജീവിതത്തെ ദൈവത്തിന്റെ ദൃഷ്ടികോണത്തിൽ കാണാനുള്ള ഒരു പുതിയ കാഴ്ചപ്പാട് അപ്പോൾ നമുക്ക് ലഭിക്കുന്നു. ഈ ജ്ഞാനം ഒരു നിശ്ചലസമ്പത്തല്ല; ഒഴുകുന്ന ഒരു ജീവധാരയാണ്. അതുകൊണ്ടാണ് വചനം "വിജ്ഞാന വചസ്സുകൾ പൊഴിഞ്ഞ്" എന്ന് പറയുന്നത്. ദൈവത്തിൽ നിന്ന് സ്വീകരിച്ച ജ്ഞാനം ഹൃദയത്തിൽ ഒതുങ്ങുന്നില്ല; അത് വാക്കുകളായും പ്രവൃത്തികളായും സാക്ഷ്യമായും മറ്റുള്ളവരിലേക്ക് ഒഴുകുന്നു. ഈ അനുഭവത്തിന്റെ സ്വാഭാവിക ഫലമാണ് വിനയവും കൃതജ്ഞതയും. യഥാർത്ഥ ജ്ഞാനം ലഭിക്കുന്നവൻ തിരിച്ചറിയുന്നു—തനിക്കുള്ളതെല്ലാം ദൈവദാനമാണെന്ന്. അതിനാൽ അവൻ അഭിമാനിക്കുന്നില്ല; മറിച്ച് നന്ദിയോടെ കർത്താവിനെ മഹത്വപ്പെടുത്തുന്നു.

ഈ ദൈവികജ്ഞാനം ജീവിതത്തിൽ ഫലപ്രദമാകണമെങ്കിൽ ഒരു അന്തർയാത്ര ആവശ്യമാണ്. ഭാരതീയ ആത്മീയ പാരമ്പര്യം ഈ യാത്രയെ മൂന്ന് ഘട്ടങ്ങളായി വിവരിക്കുന്നു: ശ്രവണം, മനനം, നിധി ധ്യാസനം.

(1) ശ്രവണം—കേൾക്കൽ: ഇത് വെറും വാക്കുകൾ കേൾക്കലല്ല; സത്യത്തിന്റെ മുമ്പിൽ ഹൃദയം തുറന്നുവയ്ക്കലാണ്. ഇവിടെ ദൈവവചനം ഒരു വിത്തുപോലെ നമ്മുടെ ഉള്ളിൽ നിക്ഷേപിക്കപ്പെടുന്നു.

(2) മനനം—ചിന്തനം: കേട്ട സത്യം നമ്മുടെ ജീവിതവുമായി ബന്ധിപ്പിക്കപ്പെടുന്ന ഘട്ടമാണിത്. വചനം ഇവിടെ വ്യക്തിപരമായ അനുഭവത്തിന്റെ ഭാഗമാകുന്നു. സത്യം കേട്ടതിൽ നിന്ന് മനസ്സിലാക്കിയതിലേക്ക് വളരുന്നു.

(3) നിധിധ്യാസനം—ധ്യാനാത്മക സാക്ഷാത്കാരം: ഇവിടെ സത്യം ഒരു ആശയമായി മാത്രം നിലനിൽക്കുന്നില്ല; അത് ജീവിതമായി മാറുന്നു. പ്രാർത്ഥനയുടെയും നിശ്ശബ്ദതയുടെയും ആഴങ്ങളിൽ ദൈവം നമ്മുടെ ഉള്ളിൽ പ്രവർത്തിക്കുന്നു. നാം സത്യം അറിയുന്നവരല്ല; സത്യത്തിൽ ജീവിക്കുന്നവരായി രൂപാന്തരപ്പെടുന്നു.

ഈ മൂന്ന് ഘട്ടങ്ങളിലൂടെ കടന്നുപോകുമ്പോൾ ജ്ഞാനം ഒരു വിവരശേഖരണമല്ലാതെ ഒരു അഗ്നിജ്വാലയായി മാറുന്നു. ദൈവവചനം കേൾക്കുന്നവൻ, അത് മനനം ചെയ്യുന്നവൻ, ധ്യാനത്തിൽ അതിനെ ജീവിതമാക്കുന്നവൻ—അവന്റെ ഹൃദയത്തിൽ ഏലിയായുടെ അഗ്നി വീണ്ടും

ജ്വലിക്കുന്നു. അപ്പോൾ അവന്റെ ജീവിതം ഒരു ദീപസ്തംഭമായി മാറുന്നു. അവന്റെ വാക്കുകൾ പ്രത്യാശ പകരുന്നു. അവന്റെ പ്രവൃത്തികൾ സ്നേഹം പ്രഘോഷിക്കുന്നു. അവന്റെ സാന്നിധ്യം മറ്റുള്ളവരെ ദൈവത്തിലേക്ക് നയിക്കുന്നു. ഇതാണ് ജ്ഞാനത്തിന്റെ അഗ്നിജ്വാല—ദൈവത്തിൽ നിന്ന് ഉത്ഭവിക്കുന്ന, ഹൃദയത്തിൽ ജ്വലിക്കുന്ന, ജീവിതത്തിലൂടെ പ്രകാശിക്കുന്ന, ലോകത്തെ ചൂടേകുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്ന ദിവ്യാഗ്നി.

3.1.5. ശങ്കരാചാര്യരുടെ മൂന്നു 'പാപങ്ങൾ'

സാക്ഷാത്കാരനിർവൃതിയിൽ ആദി ശങ്കരാചാര്യർ തന്റെ ജീവിതത്തിലെ അപര്യാപ്തതകൾക്കും പരിമിതികൾക്കും വേണ്ടി ദൈവത്തോട് ക്ഷമ യാചിക്കുന്നത് നാം കാണുന്നു:

> രൂപം രൂപവിവർജിതസ്യ ഭവതോ ധ്യാനേന കല്പിതം
> സ്തുത്യാ അനിർവചനീയതാ അഖിലഗുരോ ദൂരീകൃതാ
> വ്യാപിത്വം ച നിരാകൃതം ഭവതോ യത് തീർത്ഥയാത്രാദിനാ
> ക്ഷന്തവ്യം ജഗദീശ തദ് വികലതാദോഷത്രയം മത്കൃതം.

"നീ രൂപരഹിതനായിരിക്കെ ഞാൻ നിനക്കൊരു രൂപം സങ്കൽപ്പിച്ചു; നീ വിവരണാതീതനായിരിക്കെ ഞാൻ നിന്നെ സ്തുതിച്ച് നിർവചിക്കാൻ ശ്രമിച്ചു; നീ സർവവ്യാപിയായിരിക്കെ ഞാൻ നിന്നെ തേടി തീർത്ഥയാത്രകൾ നടത്തി. ജഗദീശ്വരാ, എന്റെ ഈ മൂന്ന് അപര്യാപ്തതകളും ക്ഷമിക്കണമേ."

ആദി ശങ്കരന്റെ ഈ വിനയപൂർണമായ പ്രാർത്ഥന ആത്മീയ ജ്ഞാനത്തിന്റെ ആഴങ്ങളെ വെളിപ്പെടുത്തുന്ന ഒരു ദിവ്യദർശനമാണ്. ഇത് അറിവിന്റെ പാരമ്യത്തിലെത്തുമ്പോൾ മനുഷ്യൻ അനുഭവിക്കുന്ന ആത്മബോധത്തിന്റെ സ്വരമാണ്. കൂടുതൽ അറിയുന്തോറും, അറിയാത്തതിന്റെ വിശാലത തിരിച്ചറിയുന്ന അവസ്ഥ.

ഈ വാക്കുകൾ ആത്മീയ അന്വേഷണത്തിന്റെ മൂന്നു ഘട്ടങ്ങളെ പ്രതിഫലിപ്പിക്കുന്നു.

ആദ്യമായി, ശ്രവണം—മനുഷ്യൻ ദൈവത്തെ തേടുന്നു. തീർത്ഥാടനങ്ങൾ നടത്തുന്നു, ഗ്രന്ഥങ്ങൾ പഠിക്കുന്നു, ഗുരുക്കന്മാരുടെ വാക്കുകൾ കേൾക്കുന്നു. ദൈവം എല്ലായിടത്തും ഉണ്ടെങ്കിലും അവനെ കണ്ടെത്താൻ മനുഷ്യൻ യാത്ര ചെയ്യുന്നു. ഇത് ജ്ഞാനാന്വേഷണത്തിന്റെ ആദ്യ ചുവടാണ്.

അടുത്തത്, മനനം—"നീ മനസ്സിന് അപ്പുറത്തുള്ളവനാണെങ്കിലും ഞാൻ നിന്നെ ചിന്തിക്കാൻ ശ്രമിച്ചു" എന്ന സമ്മതം ബുദ്ധിയുടെ ആ ത്മാർത്ഥ പരിശ്രമത്തെ സൂചിപ്പിക്കുന്നു. ഇവിടെ മനുഷ്യൻ ദൈവത്തെ മനസ്സിലാക്കാൻ ശ്രമിക്കുന്നു. എന്നാൽ ആഴങ്ങളിലേക്ക് പ്രവേശിക്കു മ്പോൾ ബുദ്ധിയുടെ പരിധികൾ അവന് കൂടുതൽ വ്യക്തമായി കാണാ ൻ തുടങ്ങുന്നു. പഠനം ഇവിടെ വിനയമായി രൂപാന്തരപ്പെടുന്നു.

അവസാനം, നിധിധ്യാസനം—അനുഭവത്തിന്റെ ഘട്ടം. "നീ വിവരണാ തീതനായിരിക്കെ ഞാൻ നിന്നെ വിവരിക്കാൻ ശ്രമിച്ചു" എന്ന വാക്കു കൾ ചിന്തയ്ക്കും ഭാഷയ്ക്കും അപ്പുറമുള്ള ആത്മീയാനുഭവത്തെ സൂ ചിപ്പിക്കുന്നു. ഇവിടെ ദൈവം ഒരു ആശയമല്ല; ജീവിക്കുന്ന സാന്നിധ്യ മാണ്. പഠനം ഇവിടെ അവസാനിക്കുന്നില്ല; അത് ആരാധനയായി മാ റുന്നു.

ഈ പ്രാർത്ഥന നമ്മെ പഠിപ്പിക്കുന്നത് ആത്മീയ പഠനം ഒരു ശേഖരണ പ്രക്രിയയല്ല; മറിച്ച് ഒരു ശുദ്ധീകരണപ്രക്രിയയാണ്. നാം കൂടുതൽ പഠി ക്കുമ്പോൾ കൂടുതൽ അറിയുന്നതിലുപരി, നമ്മുടെ പരിമിതികളെ കൂടു തൽ വ്യക്തമായി തിരിച്ചറിയുന്നു. അവസാനം യഥാർത്ഥ ജ്ഞാനം "എ നിക്ക് എല്ലാം അറിയില്ല" എന്ന വിനയത്തിൽ പൂർണമാകുന്നു. അതി നാൽ ശങ്കരന്റെ ഈ പ്രാർത്ഥന നമ്മെ ഓർമ്മിപ്പിക്കുന്നത് ഒരു അടി സ്ഥാന സത്യമാണ്: ദൈവത്തെ കണ്ടെത്തുന്നത് അറിവിലൂടെ മാത്രമല്ല; വിനയത്തിലൂടെയും സമർപ്പണത്തിലൂടെയും ആണ്. നമ്മുടെ തീർത്ഥാ ടനങ്ങളും ചിന്തനങ്ങളും സ്തുതികളും അപൂർണമായ മനുഷ്യശ്രമങ്ങ ളായിരിക്കാം. എന്നാൽ അവ നമ്മെ ഒരു ആഴത്തിലുള്ള സത്യത്തിലേക്ക് നയിക്കുന്നു—ദൈവം പഠിക്കപ്പെടേണ്ട ഒരു വിഷയമല്ല; അനുഭവിക്ക പ്പെടേണ്ട ഒരു സാന്നിധ്യമാണ്. അറിവിൽ നിന്ന് അനുഭവത്തിലേക്ക്, ചിന്തയിൽ നിന്ന് മൗനത്തിലേക്ക്, ഞാനെന്ന ഭാവത്തിൽ നിന്ന് ദൈവ ത്തിലേക്ക്—ഇതാണ് ആത്മീയ യാത്രയുടെ യഥാർത്ഥ പഥം.

3.1.6. ജ്ഞാനം: 'ജീവന്റെ വൃക്ഷം'

"നീ ജ്ഞാനത്തിന് ചെവികൊടുക്കുകയും അറിവിന്റെ നേരെ നിന്റെ ഹൃദയം ചായിക്കുകയും ചെയ്യുക. പൊരുളറിയുവാൻവേണ്ടി കേണപേ ക്ഷിക്കുക; അറിവിന് വേണ്ടി വിളിച്ചപേക്ഷിക്കുക. നീ അതിനെ വെള്ളി യെന്നപോലെ തേടുകയും നിഗൂഢ നിധിയെന്ന പോലെ അന്വേഷിക്കു കയും ചെയ്യുക" (സുഭാ 2:2-4).

ഈ വചനങ്ങൾ മനുഷ്യജീവിതത്തിന്റെ യഥാർത്ഥ സമ്പത്ത് എന്താ ണെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു. ജ്ഞാനം ഒരിക്കലും യാദൃശ്ചി

കമായി ലഭിക്കുന്ന ഒന്നല്ല; അതിനുവേണ്ടി ശ്രദ്ധയോടെ കേൾക്കുകയും വിനയത്തോടെ മനസ്സ് തുറക്കുകയും ക്ഷമയോടെ അന്വേഷിക്കുകയും വേണം. വചനകാരൻ ജ്ഞാനത്തെ വെള്ളിയോടും നിഗൂഢനിധിയോടും ഉപമിക്കുന്നു. നിധി കണ്ടെത്താൻ ഒരാൾ എത്രമാത്രം പരിശ്രമിക്കുന്നുവോ, അതിനേക്കാൾ അധികം ആകാംക്ഷയോടും സ്ഥിരതയോടും കൂടിയാണ് ജ്ഞാനത്തെ തേടേണ്ടത്. കാരണം, ലോകത്തിലെ എല്ലാ സമ്പത്തുകളെയുംക്കാൾ സ്ഥിരതയും ആഴവുമുള്ളത് ജ്ഞാനമാണ്.

'കേണപേക്ഷിക്കുക', 'വിളിച്ചപേക്ഷിക്കുക' എന്ന പ്രയോഗങ്ങൾ ജ്ഞാനം മനുഷ്യപ്രയത്നത്തിന്റെ മാത്രം ഫലമല്ലെന്നും, ദൈവാനുഗ്രഹത്തിന്റെ ദാനവുമാണെന്നും നമ്മെ ഓർമ്മിപ്പിക്കുന്നു. ശ്രദ്ധയോടെ കേൾക്കുന്ന ചെവി, സത്യത്തോട് ചായുന്ന ഹൃദയം, അക്ഷീണമായ അന്വേഷണം, വിനയപൂർവമായ പ്രാർത്ഥന—ഇവ ഒത്തുചേരുമ്പോഴാണ് യഥാർത്ഥ ജ്ഞാനം ഹൃദയത്തിൽ വേരുറക്കുന്നത്. അപ്പോൾ അത് ഒരു വെളിച്ചമായി ജീവിതത്തിന്റെ വഴികളെ പ്രകാശിപ്പിക്കുന്നു.

"ജ്ഞാനം നേടുന്നവനും അറിവ് ലഭിക്കുന്നവനും ഭാഗ്യവാനാണ്... അവളെ കൈവശപ്പെടുത്തുന്നവർക്ക് അവൾ ജീവന്റെ വൃക്ഷമാണ്; അവളെ മുറുകെ പിടിക്കുന്നവർ സന്തുഷ്ടരെന്ന് വിളിക്കപ്പെടുന്നു" (സുഭാ 3:13-18). ഈ വചനഭാഗം ജ്ഞാനത്തെ വെറും അറിവായല്ല, ജീവൻ പകരുന്ന ദൈവികശക്തിയായാണ് അവതരിപ്പിക്കുന്നത്. വെള്ളിയെയും സ്വർണത്തെയുംക്കാൾ ശ്രേഷ്ഠമെന്ന് പറയുമ്പോൾ, അത് ഭൗതികസമ്പത്ത് നൽകുന്നതിനേക്കാൾ, ആന്തരിക സമാധാനവും ജീവിതദിശയും നൽകുന്നുവെന്നാണ് അർത്ഥം.

ജ്ഞാനത്തെ 'ജീവന്റെ വൃക്ഷം' എന്ന് വിശേഷിപ്പിക്കുന്നത് അതിന്റെ ജീവദായകത്വത്തെ അതിസുന്ദരമായി ചിത്രീകരിക്കുന്നു. നമ്മുടെ പഠനമുറി ഈ വൃക്ഷം നട്ടുവളർത്തുന്ന മണ്ണാണ്. ദിവസേന പഠനത്തിനും ചിന്തനത്തിനും പ്രാർത്ഥനയ്ക്കുമായി നാം ഇവിടെ സമയം ചെലവഴിക്കുമ്പോൾ, ഈ വൃക്ഷം പതുക്കെ വളരുന്നു. അതിന്റെ വേരുകൾ ഹൃദയത്തിൽ ആഴ്ന്നിറങ്ങുകയും ശാഖകൾ ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും വ്യാപിക്കുകയും ചെയ്യുന്നു. ഒടുവിൽ അത് നമ്മുടെ തീരുമാനങ്ങളെ നയിക്കുന്ന വിവേകമായും, ബന്ധങ്ങളെ സംരക്ഷിക്കുന്ന സ്നേഹമായും, പ്രതിസന്ധികളെ അതിജീവിക്കുന്ന ധൈര്യമായും ഫലം പുറപ്പെടുവിക്കുന്നു.

ബോധിവൃക്ഷത്തിൻ ചുവട്ടിൽ സിദ്ധാർത്ഥൻ ബുദ്ധനായി. ജീവന്റെ വൃക്ഷത്തിൻ ചുവട്ടിൽ മനുഷ്യൻ ജ്ഞാനിയായി മാറുന്നു. ഒന്ന് ബോധോദയത്തിന്റെ പ്രതീകമാണെങ്കിൽ, മറ്റൊന്ന് ദൈവികജ്ഞാനത്തിന്റെ പ്രതീകമാണ്. രണ്ടും നമ്മെ ഓർമ്മിപ്പിക്കുന്നത് ഒരേ സത്യമാണ്: യഥാർത്ഥ ജ്ഞാനം മനുഷ്യനെ ഉള്ളിൽ നിന്ന് പരിവർത്തനം ചെയ്യുന്നു.

വചനം തുടർന്നുപറയുന്നു: "കർത്താവ് ജ്ഞാനത്താൽ ഭൂമിയെ സ്ഥാപിച്ചു; വിജ്ഞാനത്താൽ ആകാശത്തെ ഉറപ്പിച്ചു." ജ്ഞാനം ഒരു മനുഷ്യഗുണം മാത്രമല്ല; അത് ദൈവസ്വഭാവത്തിന്റെ പ്രതിഫലനമാണ്. ഭൂമിയും ആകാശവും സമുദ്രങ്ങളും ദൈവജ്ഞാനത്തിന്റെ സാക്ഷികളാണെങ്കിൽ, ജ്ഞാനാന്വേഷണം നമ്മെ സ്രഷ്ടാവിനോടുതന്നെ കൂടുതൽ അടുപ്പിക്കുന്നു. "മകനെ, അന്യൂനമായ ജ്ഞാനവും വിവേചനാശക്തിയും പുലർത്തുക" എന്ന ഉപദേശം, ജ്ഞാനം ഒരു താൽക്കാലിക നേട്ടമല്ലെന്നും, ജീവിതകാലം മുഴുവൻ സംരക്ഷിക്കേണ്ട നിധിയാണെന്നും വ്യക്തമാക്കുന്നു. അത് ആത്മാവിന് ജീവനും ജീവിതത്തിന് സൗന്ദര്യവുമാണ്; കണ്ഠത്തിലെ ആഭരണംപോലെ വ്യക്തിത്വത്തെ അലങ്കരിക്കുന്ന ഒരു ദൈവികസാന്നിധ്യം. അതുകൊണ്ട് പഠനമുറി വെറും പുസ്തകങ്ങൾ സൂക്ഷിക്കുന്ന ഇടമല്ല; ജീവന്റെ വൃക്ഷം വളരുന്ന ഒരു വിശുദ്ധസ്ഥലമാണ്. ഇവിടെ വളരുന്ന ജ്ഞാനം മനുഷ്യനെ അറിവുള്ളവനാക്കുക മാത്രമല്ല, വിവേകമുള്ളവനാക്കുകയും ദൈവത്തോട് കൂടുതൽ അടുപ്പിക്കുകയും ചെയ്യുന്നു.

3.1.7. ജ്ഞാനം: ചങ്ങലയോ സ്വർണാഭരണമോ?

മനുഷ്യജീവിതത്തിന്റെ മഹത്വം നിർണയിക്കുന്നത് അവൻ സമ്പാദിക്കുന്ന അറിവിന്റെ അളവല്ല, മറിച്ച് ആ അറിവിനോട് അവൻ സ്വീകരിക്കുന്ന മനോഭാവമാണ്. അതുകൊണ്ടുതന്നെ, "മൂഢന് വിദ്യാഭ്യാസം കാലുകളിൽ ചങ്ങലപോലെയും വലത്തുകൈയിൽ വിലങ്ങുപോലെയും ആണ്; ബുദ്ധിമാനു വിദ്യ സ്വർണാഭരണം പോലെയാണ്" (പ്രഭാ 21:19-21), എന്ന വചനം മനുഷ്യഹൃദയത്തിന്റെ രണ്ട് വ്യത്യസ്ത അവസ്ഥകളെ അതീവ മനോഹരമായി ചിത്രീകരിക്കുന്നു.

ജ്ഞാനം സ്വതവേ ഒരു അനുഗ്രഹമാണ്. അത് മനുഷ്യനെ ഉയർത്താനും, വഴികാട്ടാനും, ജീവിതത്തിന് ദിശ നൽകാനും കഴിവുള്ളതാണ്. എന്നാൽ ജ്ഞാനത്തിന്റെ മൂല്യം അതിനെ സ്വീകരിക്കുന്ന വ്യക്തിയുടെ ഹൃദയഭാവത്തെ ആശ്രയിച്ചിരിക്കുന്നു. അഹങ്കാരവും ആത്മതൃപ്തിയും നിറഞ്ഞ മനസ്സിന് ജ്ഞാനം ഒരു വെല്ലുവിളിയായി തോന്നും. കാരണം, യഥാർത്ഥ ജ്ഞാനം മനുഷ്യനെ തിരുത്താനും, തന്റെ പരിമിതികൾ

തിരിച്ചറിയാനും പ്രേരിപ്പിക്കുന്നു. തിരുത്തപ്പെടാൻ തയ്യാറല്ലാത്ത ഒരാൾക്ക് ജ്ഞാനം ഒരു ഭാരവും ബന്ധനവുമാകും. അതുകൊണ്ടാണ് മൂഢന് അത് കാലുകളിൽ ചങ്ങലയായി അനുഭവപ്പെടുന്നത്. ചങ്ങല മുന്നോട്ടുള്ള യാത്രയെ തടയുന്നതുപോലെ, ജ്ഞാനത്തെ നിരസിക്കുന്ന മനോഭാവം ആത്മീയവും മാനസികവുമായ വളർച്ചയെ തടസ്സപ്പെടുത്തുന്നു.

അതേസമയം, ജ്ഞാനത്തിന്റെ സാന്നിധ്യം ബുദ്ധിമാന്റെ ജീവിതത്തിൽ തികച്ചും വ്യത്യസ്തമായ ഫലമാണ് സൃഷ്ടിക്കുന്നത്. "ഭോഷൻ ഉറക്കെ ചിരിക്കുന്നു; ബുദ്ധിമാൻ നിശബ്ദം പുഞ്ചിരിക്കുന്നു" എന്ന വാക്കുകൾ ഈ സത്യത്തെ കൂടുതൽ ആഴത്തിൽ വെളിപ്പെടുത്തുന്നു. ശബ്ദമുണ്ടാക്കുന്നത് പലപ്പോഴും ശൂന്യതയാണ്; എന്നാൽ ആഴമുള്ള നദികൾ ശാന്തമായി ഒഴുകുന്നു. യഥാർത്ഥ ജ്ഞാനമുള്ളവർക്ക് സ്വന്തം അറിവ് പ്രദർശിപ്പിക്കേണ്ട ആവശ്യമില്ല. അവർക്ക് വിനയം സ്വാഭാവികമാണ്. അവർ കൂടുതൽ കേൾക്കും, കുറച്ച് സംസാരിക്കും, എന്നാൽ അവരുടെ ജീവിതം തന്നെ ഒരു സന്ദേശമാകും. അവരുടെ നിശബ്ദയിൽ അനുഭവത്തിന്റെ പ്രകാശവും ജ്ഞാനത്തിന്റെ സൗന്ദര്യവും പ്രതിഫലിക്കുന്നു.

"ബുദ്ധിമാനു വിദ്യ സ്വർണാഭരണം പോലെയാണ്" എന്ന വാക്യം ഈ ചിന്തയുടെ ഉന്നതമായ സമാപനമാണ്. സ്വർണാഭരണം ഒരാളുടെ സൗന്ദര്യം വർധിപ്പിക്കുന്നതുപോലെ, ജ്ഞാനം വ്യക്തിത്വത്തിന് തിളക്കവും മഹത്വവും നൽകുന്നു. അത് പുറംഭംഗിയല്ല, ഉള്ളിലെ മൂല്യങ്ങളുടെ പ്രകാശനമാണ്. ജ്ഞാനം മനുഷ്യനെ വിനയവാനാക്കുന്നു, കരുണയുള്ളവനാക്കുന്നു, വിവേകത്തോടെ തീരുമാനങ്ങൾ എടുക്കാൻ പ്രാപ്തനാക്കുന്നു. അങ്ങനെ അത് ജീവിതത്തെ അലങ്കരിക്കുന്ന ഏറ്റവും വിലമതിക്കാനാവാത്ത ആഭരണമായി മാറുന്നു.

ഈ വചനത്തിന്റെ ഹൃദയസ്പർശിയായ സന്ദേശം ഇതാണ്: ജ്ഞാനം എല്ലാവർക്കും ഒരുപോലെ ലഭിച്ചേക്കാം, പക്ഷേ അതിന്റെ ഫലം എല്ലാവരിലും ഒരുപോലെയാകണമെന്നില്ല. വിനയത്തോടെ സ്വീകരിക്കുന്ന ഹൃദയത്തിൽ ജ്ഞാനം അനുഗ്രഹമായി വിരിയും; അഹങ്കാരത്തോടെ അതിനെ തള്ളിക്കളയുന്ന മനസ്സിൽ അത് ഭാരമായി മാറും. അതിനാൽ യഥാർത്ഥ വിദ്യാഭ്യാസം പുസ്തകങ്ങളിൽ നിന്നുള്ള അറിവ് ശേഖരിക്കുന്നതിലല്ല, മറിച്ച് ആ അറിവ് നമ്മുടെ ചിന്തകളെയും സ്വഭാവത്തെയും ജീവിതത്തെയും എത്രത്തോളം രൂപാന്തരപ്പെടുത്തുന്നു എന്നതിലാണ്.

3.1.7. ജ്ഞാനത്തിന്റെ സിംഹാസനം: പരിശുദ്ധ അമ്മ

ജ്ഞാനത്തെക്കുറിച്ചുള്ള ഈ വിചിന്തനങ്ങളുടെ സമാപനത്തിൽ, ജ്ഞാനത്തിന്റെയും വിനയത്തിന്റെയും ഉത്തമ മാതൃകയായ പരിശുദ്ധ കന്യകാമറിയത്തെ നമുക്ക് ധ്യാനിക്കാം. യഥാർത്ഥ ദൈവികജ്ഞാനം കൈവരിക്കുന്നതിനുള്ള ഏറ്റവും ലളിതവും സുരക്ഷിതവുമായ മാർഗം മാതാവിനോടുള്ള നിഷ്കളങ്കമായ ഭക്തിയാണെന്ന് അനേകം വിശുദ്ധർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടാണ് ലുത്തിനിയായിൽ നാം മാതാവിനെ "ബോധജ്ഞാനത്തിന്റെ സിംഹാസനം" (Seat of Wisdom) എന്ന് അഭിസംബോധന ചെയ്യുന്നത്.

ഈ വിശേഷണത്തിന്റെ അർത്ഥം എന്താണ്? പരമ്പരാഗത ചിത്രങ്ങളിൽ മാതാവ് ഒരു സിംഹാസനത്തിൽ ഇരിക്കുന്നതായി കാണപ്പെടുന്നു. എന്നാൽ ആ സിംഹാസനത്തിന്റെ മഹത്വം മാതാവിന്റെ വ്യക്തിപരമായ സ്ഥാനത്തിലല്ല; അവളുടെ മടിയിൽ ഇരിക്കുന്ന ഉണ്ണീശോയിലാണ്. ആദിമസഭ യേശുക്രിസ്തുവിനെ ദൈവത്തിന്റെ നിത്യജ്ഞാനത്തിന്റെ അവതാരമായി കണ്ടിരുന്നു. അതുകൊണ്ടാണ് വി. യോഹന്നാൻ തന്റെ സുവിശേഷത്തിന്റെ ആരംഭത്തിൽ: "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു" (യോഹ 1:14) എന്ന് പ്രഖ്യാപിക്കുന്നത്.

സകല ജ്ഞാനത്തിന്റെയും ഉറവിടമായ ദൈവവചനം മനുഷ്യരൂപം സ്വീകരിച്ചപ്പോൾ, ആ വചനത്തെ തന്റെ ഉദരത്തിൽ വഹിക്കുകയും തന്റെ മടിയിൽ പരിപാലിക്കുകയും ചെയ്ത മാതാവ് ബോധജ്ഞാനത്തിന്റെ സിംഹാസനമായി മാറി. സിംഹാസനം രാജാവിനെ വഹിക്കുന്നതുപോലെ, മാതാവ് ലോകത്തിന്റെ ജ്ഞാനമായ ക്രിസ്തുവിനെ വഹിച്ചവളാണ്. അതുകൊണ്ട് മാതാവിലേക്കുള്ള ഭക്തി അവിടെ അവസാനിക്കുന്നില്ല; അത് നമ്മെ ക്രിസ്തുവിലേക്കാണ് നയിക്കുന്നത്. മാതാവ് സ്വയം ജ്ഞാനത്തിന്റെ ലക്ഷ്യമല്ല; ജ്ഞാനത്തിന്റെ ഉറവിടമായ ക്രിസ്തുവിലേക്കുള്ള വഴിയാണ്. കാനായിലെ വിവാഹവിരുന്നിൽ അവൾ പറഞ്ഞതുപോലെ: "അവൻ നിങ്ങളോടു പറയുന്നതെന്തോ അതു ചെയ്യുവിൻ" (യോഹ 2:5). മാതാവിന്റെ ജീവിതം ഈ ഒരു ദൗത്യത്തിന്റെ സാക്ഷ്യമാണ്—മനുഷ്യരെ ക്രിസ്തുവിലേക്കു നയിക്കുക.

ആദി ശങ്കരന്റെ വിനയം നമ്മെ പഠിപ്പിച്ചത് അറിവിന്റെ അതിരുകളെക്കുറിച്ചായിരുന്നു. പ്രഭാഷകന്റെയും സുഭാഷിതങ്ങളുടെയും വചനങ്ങൾ ജ്ഞാനത്തിന്റെ മഹത്വം വെളിപ്പെടുത്തി. എന്നാൽ മാതാവിന്റെ ജീവിതം നമ്മെ മറ്റൊരു സത്യം പഠിപ്പിക്കുന്നു: ജ്ഞാനത്തിന്റെ പൂർണത ബു

ദ്ധിയുടെ വിജയത്തിലല്ല, ദൈവവചനത്തോടുള്ള പൂർണ സമർപ്പണത്തിലാണ്.

അതുകൊണ്ട് പഠനമുറിയിൽ പ്രവേശിക്കുന്ന ഓരോ ശിഷ്യനും മാതാവിനോട് ഇങ്ങനെ പ്രാർത്ഥിക്കാം: "ബോധജ്ഞാനത്തിന്റെ സിംഹാസനമായ മാതാവേ, ലോകത്തിന്റെ യഥാർത്ഥ ജ്ഞാനമായ ക്രിസ്തുവിലേക്കു എന്നെ നയിക്കണമേ. അറിവിൽ വളരാൻ മാത്രമല്ല, വിനയത്തിൽ വളരാനും എന്നെ സഹായിക്കണമേ. പുസ്തകങ്ങളിൽ നിന്ന് പഠിക്കുന്നതിനേക്കാൾ, ദൈവത്തിന്റെ ഹൃദയത്തിൽ നിന്ന് പഠിക്കാൻ എന്നെ പ്രാപ്തനാക്കണമേ." അപ്പോൾ നമ്മുടെ പഠനം വിവരശേഖരണത്തിൽ അവസാനിക്കുകയില്ല; അത് ജ്ഞാനമായി മാറും. ജ്ഞാനം ദൈവാനുഭവമായി മാറും. ആ അനുഭവം നമ്മെ സത്യത്തിലേക്കും വിശുദ്ധിയിലേക്കും നിത്യജീവിതത്തിലേക്കും നയിക്കും.

(സമാപന പ്രാർത്ഥന)

കാരുണ്യവാനായ ദൈവമേ, ജ്ഞാനത്തിന്റെ ഉറവിടവും സത്യത്തിന്റെ പ്രകാശവുമായ അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. ഈ ധ്യാനയാത്രയിൽ ഞങ്ങളെ നയിച്ചതിന് നന്ദി പറയുന്നു. ജ്ഞാനത്തിന്റെ അവതാരമായ ഈശോയെ അനുകരിച്ച് ജീവിക്കാനും, അവിടുത്തെ പ്രകാശം ഞങ്ങളുടെ ചിന്തകളെയും വാക്കുകളെയും പ്രവൃത്തികളെയും നയിക്കാനും കൃപ നൽകണമേ.

ബോധജ്ഞാനത്തിന്റെ സിംഹാസനമായ പരിശുദ്ധ കന്യകാമറിയമേ, ദൈവവചനം ഹൃദയത്തിൽ സ്വീകരിച്ച് ജീവിതത്തിൽ ഫലപ്രദമാക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. ഞങ്ങളുടെ അറിവ് വിവേകമായും വിശുദ്ധജീവിതമായും മാറട്ടെ. അഹങ്കാരം നീക്കി, വിനയത്തോടും കൃതജ്ഞതയോടും ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ഞങ്ങളിൽ തെളിച്ച ജ്ഞാനദീപം മറ്റുള്ളവർക്കും പ്രകാശമാകട്ടെ; ഞങ്ങളുടെ ജീവിതം സുവിശേഷത്തിന്റെ സാക്ഷ്യവും ലോകത്തിന് പ്രത്യാശയും സത്യവും സ്നേഹവും പകരുന്ന പ്രകാശവുമായി മാറട്ടെ. ആമ്മേൻ.

3.2
പഠനമുറി: ചാവറ ധ്യാനം

(ആമുഖ പ്രാർത്ഥന)

സ്നേഹനിധിയായ പിതാവായ ദൈവമേ, ജ്ഞാനത്തിന്റെയും പ്രകാശത്തിന്റെയും ഉറവിടമായ അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. അങ്ങയെ അറിയുവാനും സ്നേഹിക്കുവാനും വിശുദ്ധിയിൽ വളരുവാനും ഞങ്ങളെ നയിക്കുന്ന കൃപയ്ക്കായി നന്ദി അർപ്പിക്കുന്നു.

വി. ചാവറ പിതാവ് പഠിപ്പിച്ചതുപോലെ, വിദ്യ ഞങ്ങളുടെ ഉൾക്കണ്ണുകൾ തുറക്കുന്ന ദൈവികപ്രകാശമാണെന്ന് തിരിച്ചറിയുവാൻ ഞങ്ങളെ സഹായിക്കണമേ. അജ്ഞതയുടെ ഇരുട്ട് നീക്കി, സത്യത്തെ അന്വേഷിക്കുന്ന ഹൃദയവും ജ്ഞാനം സ്വീകരിക്കുന്ന മനസ്സും ഞങ്ങൾക്ക് നൽകണമേ. "അന്ധൻ അന്ധനെ വഴികാട്ടിയാൽ ഇരുവരും കുഴിയിൽ വീഴും" (മത്താ 15:14) എന്ന വചനം ഓർത്ത്, അങ്ങയുടെ സത്യത്തിന്റെ വെളിച്ചത്തിൽ വിവേകത്തോടെ നടക്കുവാൻ അനുഗ്രഹിക്കണമേ. ഈ ധ്യാന നിമിഷങ്ങളിൽ ഞങ്ങളെ നയിച്ച്, യഥാർത്ഥ ജ്ഞാനത്തിലും വിശുദ്ധിയിലും സ്നേഹത്തിലും വളരുവാൻ കൃപ നൽകണമേ. ഞങ്ങളുടെ ചിന്തകളും വാക്കുകളും പ്രവൃത്തികളും അങ്ങയെ മഹത്വപ്പെടുത്തുന്നതാകട്ടെ. ആമ്മേൻ.

(ധ്യാനവിചിന്തനം)

3.2.1. ജ്ഞാനം: വിശുദ്ധിയിലേക്കുള്ള ദർശനം

1850 മാർച്ച് 25-ന് കേരളത്തിലെ ക്രൈസ്തവർക്ക് യഥാർത്ഥ വിദ്യാഭ്യാസം ലഭിക്കാത്തതുമൂലം ഉണ്ടായ ആത്മീയ നഷ്ടങ്ങളെക്കുറിച്ച് വി. ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവ് ഒരു സർക്കുലർ എഴുതുകയുണ്ടായി. അതിൽ, സഭാപിതാവായ വി. എഫ്രേമിനെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം പറയുന്നു: "കാഴ്ചയ്ക്കുള്ള രണ്ടാമത്തെ ഉപാധി വിദ്യയാകുന്നു." കണ്ണിന് കാഴ്ചയില്ലെങ്കിൽ ഈ ലോകത്തിലെ വസ്തുക്കളെ കാണാൻ കഴിയാത്തതുപോലെ, വിദ്യയില്ലെങ്കിൽ പരലോകത്തെയും അതിൽ വസിക്കുന്ന ദൈവത്തെയും അറിയാൻ കഴിയുകയില്ല. കാഴ്ചയില്ലാത്തവർ കുരുടന്മാരാണെങ്കിൽ, വിദ്യയില്ലാത്തവർ ആത്മീയ അന്ധരാണ്. ഈ ആത്മീയ അന്ധതയാണ് കേരളത്തിലെ ക്രിസ്ത്യാനി

കൾ പൂർവനസ്രാണികളായിരുന്നിട്ടും വിശുദ്ധിയുടെ വിത്തും മുളയും ഇവിടെ ഇല്ലാതായിരിക്കുന്നത്. അന്ധനെ അന്ധൻ വഴിതെളിച്ചാൽ രണ്ടുപേരും കുഴിയിൽ വീഴുമെന്ന് നമ്മുടെ കർത്താവ് അരുളി ചെയ്തിരിക്കുന്നു" (ലൂക്കാ 6:39)."[1]

"കാഴ്ചയ്ക്കുള്ള രണ്ടാമത്തെ ഉപാധി വിദ്യയാകുന്നു" എന്ന വി. എഫ്രേമിന്റെ വാക്കുകൾ ഒരു സാധാരണ വിദ്യാഭ്യാസത്തെക്കുറിച്ചല്ല സംസാരിക്കുന്നത്; മറിച്ച് ആത്മാവിന്റെ കണ്ണുകൾ തുറക്കുന്ന ജ്ഞാനത്തെക്കുറിച്ചാണ്. വിജ്ഞാനവും ജ്ഞാനവും തമ്മിൽ സൂക്ഷ്മമായ ഒരു വ്യത്യാസമുണ്ട്. വിജ്ഞാനം ലോകത്തെയും അതിന്റെ വിവിധ മേഖലകളെയും കുറിച്ചുള്ള അറിവാണെങ്കിൽ, ജ്ഞാനം മനുഷ്യനെ സത്യത്തിലേക്കും ദൈവാനുഭവത്തിലേക്കും നയിക്കുന്ന ആത്മീയ ദർശനമാണ്. വിജ്ഞാനം സമ്പാദിക്കുന്നതിലൂടെ ജ്ഞാനത്തിലേക്ക് വളരുക എന്നതാണ് യഥാർത്ഥ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

കണ്ണിന് കാഴ്ച നഷ്ടപ്പെട്ടാൽ ലോകത്തിന്റെ സൗന്ദര്യവും മഹത്വവും മനുഷ്യനിൽ നിന്ന് മറഞ്ഞുപോകുന്നതുപോലെ, ആത്മീയ ജ്ഞാനമില്ലായ്മ ദൈവസാന്നിധ്യത്തിന്റെ സൗന്ദര്യവും സത്യവും മനുഷ്യനിൽ നിന്ന് മറയ്ക്കുന്നു. ചാവറ പിതാവിന്റെ ഹൃദയവേദന ഇതായിരുന്നു: സമ്പന്നമായ വിശ്വാസപാരമ്പര്യം കൈവശമുണ്ടായിരുന്ന കേരളത്തിലെ നസ്രാണിസമൂഹത്തിൽ ആത്മീയ വളർച്ചയുടെ വിത്തുകൾ ഉണങ്ങിപ്പോകുകയായിരുന്നു. കാരണം, യഥാർത്ഥ വിദ്യാഭ്യാസത്തിന്റെയും ജ്ഞാനത്തിന്റെയും പ്രകാശം പലരുടെയും ജീവിതത്തിൽ തെളിഞ്ഞിരുന്നില്ല. ഇത് വ്യക്തികളുടെ മാത്രം പരാജയമല്ല; ഒരു സമൂഹത്തിന്റെ ആത്മാവിനെ ബാധിക്കുന്ന ഗുരുതരമായ അന്ധതയാണ്.

"അന്ധൻ അന്ധനെ വഴികാട്ടിയാൽ ഇരുവരും കുഴിയിൽ വീഴും" എന്ന കർത്താവിന്റെ ഉപമ ഇന്നും അത്രതന്നെ പ്രസക്തമാണ്. സത്യത്തെ തിരിച്ചറിയാത്ത നേതൃത്വം, വിവേകമില്ലാത്ത ചിന്ത, ആത്മീയ അടിത്തറയില്ലാത്ത അറിവ്—ഇവ വ്യക്തികളെയും സമൂഹങ്ങളെയും വഴിതെറ്റിക്കും. അതുകൊണ്ടാണ് ചാവറ പിതാവ് വിദ്യാഭ്യാസത്തെ ഒരു വ്യക്തിഗത നേട്ടമായി മാത്രമല്ല, ഒരു സാമൂഹികവും സഭാപരവുമായ ദൗത്യമായി കണ്ടത്. സ്കൂളുകൾ സ്ഥാപിക്കുകയും വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുകയും ചെയ്ത അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഈ ദർശനത്തിന്റെ ഫലമായിരുന്നു. ഓരോ വ്യക്തിക്കും സത്യത്തെ തിരിച്ചറിയാനും

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, IX/2, 190-191.

ദൈവഹിതം മനസ്സിലാക്കാനും കഴിയണം എന്നതായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം.

ഇന്ന് അറിവ് വിരൽത്തുമ്പിൽ ലഭ്യമാകുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. എന്നാൽ അറിവിന്റെ വർധനവ് ജ്ഞാനത്തിന്റെ വളർച്ചയ്ക്ക് തുല്യമാണോ എന്ന് നാം സ്വയം ചോദിക്കണം. വിവരങ്ങൾ അനവധിയുണ്ട്; എന്നാൽ സത്യത്തെ തിരിച്ചറിയാനുള്ള വിവേകവും, ദൈവത്തിന്റെ സ്വരം കേൾക്കാനുള്ള അന്തർദർശനവും, ജീവിതത്തെ വിശുദ്ധിയിലേക്ക് നയിക്കുന്ന ജ്ഞാനവും നാം വളർത്തുന്നുണ്ടോ?

ചാവറ പിതാവിന്റെ ഈ ചിന്തകൾ നമ്മെ ഓർമ്മിപ്പിക്കുന്നത്, വിദ്യാഭ്യാസം വെറും തൊഴിൽ നേടാനുള്ള ഉപാധിയല്ലെന്നും, മനുഷ്യനെ പൂർണ്ണതയിലേക്കും വിശുദ്ധിയിലേക്കും നയിക്കുന്ന ദൈവിക പ്രകാശമാണെന്നും ആണ്. നാം നേടിയ വിദ്യ നമ്മുടെ ജീവിതത്തെ മാത്രമല്ല, മറ്റുള്ളവരുടെ ജീവിതത്തെയും പ്രകാശിപ്പിക്കുന്നതാകണം. അപ്പോഴാണ് വിദ്യ യഥാർത്ഥത്തിൽ കാഴ്ചയായി മാറുന്നത്—ശരീരത്തിന്റെ കണ്ണുകൾക്കല്ല, ആത്മാവിന്റെ കണ്ണുകൾക്ക്. അപ്പോഴാണ് വിശുദ്ധിയുടെ വിത്ത് നമ്മുടെ ഹൃദയത്തിൽ മുളച്ച്, ദൈവം ആഗ്രഹിക്കുന്ന ഫലം പുറപ്പെടുവിക്കുന്നത്.

3.2.2. ജ്ഞാനവായന: ദൈവൈക്യത്തിന്റെ വാതിൽ

ചാവറയച്ചൻ കന്യാസ്ത്രികൾക്ക് എഴുതിയ ഒരു കത്തിൽ, ഏകാന്തതയിലും ധ്യാനവായനയിലൂടെയും ആത്മീയ മണവാളന്റെ വീഞ്ഞുമുറിയിൽ പ്രവേശിച്ച് ദൈവികാഭരണങ്ങൾ സ്വീകരിക്കുകയും ദൈവസായൂജ്യത്തിൽ ലയിക്കുകയും ചെയ്യുന്ന ആത്മീയയാത്രയുടെ വഴികൾ അദ്ദേഹം വിശദമാക്കുന്നു: "പ്രയോജനം ഇല്ലാത്ത സംസാരത്തിനും മറ്റും അൽപസമയം പോലും കളയരുത്. ക്രമപ്രകാരമുള്ള ഉല്ലാസം കഴിഞ്ഞ് കിട്ടുന്ന നേരം ജ്ഞാനവായനയിൽ ചെലവഴിക്കണം. രണ്ടു തരം വായനക്കാരാണ്. ചിലർക്ക് വായിക്കാനിഷ്ടം വിശേഷങ്ങളും, അത്ഭുത സംഭവങ്ങളും മറ്റുമാണ്. മറ്റുചിലരാകട്ടെ, നമ്മുടെ കർത്താവിന്റെ പീഡാനുഭവം, വ്യാകുലം, എന്നിവയും അധിക ഭക്തിയോടെ ജീവിച്ച വി. ത്രേസ്യാ, വി. റോസ എന്നിവരുടെ ജീവചരിത്രങ്ങൾ ആദിയായവ വായിക്കാനും അറിയാനും താൽപര്യപ്പെടുന്നു. ഇതിൽ ഒന്നാമത്തെ കൂട്ടർ ബുദ്ധിപരമായ അറിവും തെളിവും ആഗ്രഹിക്കുന്നു. രണ്ടാമത്തെ കൂട്ടർ അറിവും ഭക്തിയുമാണ് അന്വേഷിക്കുന്നത്. പുണ്യവഴിയിൽ നടക്കുവാനും മുന്നേറുവാനും അതിൽ നിലനില്ക്കാനും സഹായിക്കുന്ന ഉറപ്പുള്ള മാർഗ്ഗം ഈ രണ്ടാം വിഭാഗക്കാരുടെ വായനാരീതിയാണ്.

ഇത്തരം വായന ഇഷ്ടപ്പെടുന്നവർ ഏകാന്തതയിൽ സന്തോഷിക്കും. ഇങ്ങനെ ഏകാന്തതയെ പുൽകുന്നതിൽ ആനന്ദമടയുന്ന ആത്മാവിനെ ഏകാന്തതയിൽ സന്ധിക്കുവാൻ ഈശോമിശിഹാ ഏകാന്തത്തിൽ എഴുന്നള്ളി വന്ന് ആത്മാവിനോട് സലപിച്ചു തുടങ്ങും. തുടക്കത്തിൽ ആ ഭാഷയും സംസാരവും നല്ലവണ്ണം മനസ്സിലാവുകയില്ല. അപ്പോൾ ഈ മണവാട്ടിയെ തന്റെ വീഞ്ഞ് മുറിയിൽ കയറ്റി കുറെ വീഞ്ഞ് പകർന്നു കൊടുക്കും. ആരംഭത്തിൽ അല്പം മാത്രം. അത് രസപ്രദമാകുമ്പോൾ മണവാളന്റെ സംസാരഭാഷ മനസ്സിലാക്കാൻ തുടങ്ങും. മനസ്സിലാക്കുന്നുവെന്ന് മണവാളൻ കാണുമ്പോൾ പിന്നെ കൂടുതൽ വ്യക്തമായി സംസാരിക്കും. തന്റെ സ്നേഹം എത്ര വലുതെന്ന് കാണിക്കും. അപ്പോൾ മണവാട്ടിയും അധികം സ്നേഹിക്കാൻ തുടങ്ങുന്നു. ഈ സ്നേഹത്തിൽ മണവാളൻ സന്തോഷിച്ച് മണവാട്ടിക്ക് ചില ആഭരണങ്ങൾ നൽകുന്നു. ഇവിടെ ദൈവൈക്യത്തിന്റെ വാതിൽ തുറക്കുകയായി. പിന്നെ ഭയമില്ല.

ഇപ്രകാരമുള്ള ദൈവാനുഭവത്തിന്റെ ഘട്ടങ്ങൾ താഴെ പറയുന്നവയാണ്. ഇതിന്റെ ഘട്ടങ്ങൾ: (1) വായന (2) ഏകാന്തം (3) ധ്യാനത്താലുള്ള നമസ്കാരം (4) ധ്യാനം. നമുക്ക് ഈ നാലാം പദവിയിൽ ചെന്നെത്തിയാൽ മതി. വി. അമ്മ ത്രേസ്യാ ഏഴാം പദവിയിലാണ്. അമ്മയോടു കൂടെയുള്ള ചിലർ അഞ്ചും ആറും പദവിയിൽ എത്തിയിട്ടുണ്ട്. നമുക്ക് ഇവിടെ വരെയെങ്കിലും എത്തണം."[1]

ഈ കത്തിൽ ചാവറയച്ചൻ ജ്ഞാനവായനയുടെ പ്രാധാന്യം പ്രത്യേകമായി എടുത്തുപറയുന്നു: "പ്രയോജനം ഇല്ലാത്ത സംസാരത്തിൽ സമയം കളയരുത്. ഉല്ലാസത്തിനു ശേഷം ലഭിക്കുന്ന സമയം ജ്ഞാനവായനയിൽ ചെലവഴിക്കണം." അദ്ദേഹം രണ്ടുതരം വായനക്കാരെക്കുറിച്ച് പറയുന്നു:

1) അത്ഭുതങ്ങളും വിശേഷങ്ങളും അന്വേഷിക്കുന്നവർ.

2) കർത്താവിന്റെ പീഡാനുഭവവും വിശുദ്ധരുടെ ജീവിതവും വായിച്ച് ഭക്തിയിൽ വളരാൻ ആഗ്രഹിക്കുന്നവർ.

ആദ്യത്തെ കൂട്ടർ അറിവ് അന്വേഷിക്കുന്നു; രണ്ടാമത്തെ കൂട്ടർ അറിവും ഭക്തിയും അന്വേഷിക്കുന്നു. പുണ്യവഴിയിൽ മുന്നേറാൻ സഹായിക്കുന്നത് ഈ രണ്ടാമത്തെ രീതിയിലുള്ള വായനയാണ്.

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VII/8:2, 162.

ചാവറയച്ചന്റെ ഭാഷ എത്ര മനോഹരമാണ്! ഏകാന്തതയിൽ സന്തോഷിക്കുന്ന ആത്മാവിനെ ഈശോമിശിഹാ സന്ദർശിക്കുന്നു. ആദ്യം അവിടുത്തെ ഭാഷ മനസ്സിലാകുന്നില്ല. പിന്നീട് മണവാളൻ മണവാട്ടിയെ തന്റെ വീഞ്ഞുമുറിയിൽ കൊണ്ടുപോയി അല്പം വീഞ്ഞ് പകരുന്നു. ആ വീഞ്ഞ് ദൈവാനുഭവത്തിന്റെ മാധുര്യമാണ്. ആ മാധുര്യം ആസ്വദിക്കുമ്പോൾ മണവാളന്റെ ഭാഷ മനസ്സിലാകാൻ തുടങ്ങുന്നു. ഇവിടെ ദൈവസ്നേഹം വളരുന്നു. സ്നേഹത്തിന്റെ പ്രതിഫലമായി ആത്മാവിന് ആഭരണങ്ങൾ ലഭിക്കുന്നു—അതായത് കൃപകളും ആത്മീയവരദാനങ്ങളും. അങ്ങനെ ദൈവൈക്യത്തിന്റെ വാതിൽ തുറക്കപ്പെടുന്നു.

ചാവറയച്ചൻ വളരെ ലളിതമായി ദൈവാനുഭവത്തിന്റെ നാല് ഘട്ടങ്ങൾ അവതരിപ്പിക്കുന്നു: 1) വായന; 2) ഏകാന്തം; 3) ധ്യാനത്താലുള്ള നമസ്കാരം; 4) ധ്യാനം. ഇവ ആത്മീയജീവിതത്തിന്റെ വിവിധ പടവുകളാണ്. വായന വാതിൽ തുറക്കുന്നു. ഏകാന്തം മനസ്സിനെ ശാന്തമാക്കുന്നു. ധ്യാനനമസ്കാരം ഹൃദയത്തെ ദൈവത്തിലേക്ക് ഉയർത്തുന്നു. ധ്യാനം ദൈവസാന്നിധ്യത്തിൽ ലയിക്കുന്ന അനുഭവമായി മാറുന്നു. അതുകൊണ്ടാണ് അദ്ദേഹം പറയുന്നത്: "നമുക്ക് ഈ നാലാം പദവിയിൽ ചെന്നെത്തിയാൽ മതി." എത്ര വിനയപൂർണമായ ആഹ്വാനം!

ഏകാന്തതയെ സ്നേഹിക്കുന്നവർക്ക് ദൈവം സ്നേഹമായി പ്രത്യക്ഷപ്പെടുന്നു. തിരക്കുകളിൽ മാത്രം ജീവിക്കുന്നവർക്ക് ദൈവം ദൂരെയാണെന്ന് തോന്നാം. എന്നാൽ നിശ്ശബ്ദതയിൽ ജീവിക്കുന്നവർക്ക് ദൈവം അടുത്തുള്ളവനായി അനുഭവപ്പെടുന്നു. ഏകാന്തത നമ്മെ നമ്മോടുതന്നെയും പിന്നീട് ദൈവത്തോടും സംസാരിക്കാൻ പഠിപ്പിക്കുന്നു. ഏകാന്തത ഇല്ലാതെ സന്യാസജീവിതത്തിന്റെ മാധുര്യം അനുഭവിക്കാനാവില്ല. ജ്ഞാനവായന ഇല്ലാതെ ധ്യാനത്തിലേക്ക് പ്രവേശിക്കാനാവില്ല. ധ്യാനം ഇല്ലാതെ ദൈവൈക്യത്തിലേക്ക് എത്തിച്ചേരാനാവില്ല. അതിനാൽ നമുക്കൊരു തീരുമാനമെടുക്കാം: നിശ്ശബ്ദതയെ സ്നേഹിക്കാം; ജ്ഞാനവായനയിൽ വളരാം; ധ്യാനത്തിൽ ആഴപ്പെടാം. അപ്പോൾ ഈശോമിശിഹാ നമ്മുടെ ഏകാന്തതയിൽ എഴുന്നള്ളി വരും. അവിടുന്ന് നമ്മെ തന്റെ വീഞ്ഞുമുറിയിലേക്ക് കൊണ്ടുപോകും. തന്റെ സ്നേഹത്തിന്റെ ആഭരണങ്ങൾ നമ്മെ അണിയിക്കും. അപ്പോൾ ഭയാശങ്കകൾ അകലും; ദൈവസായൂജ്യത്തിന്റെ ആനന്ദം മാത്രം അവശേഷിക്കും.

3.2.3. ഒരു ദൈവാന്വേഷിയുടെ ഹൃദയം

വി. ചാവറയച്ചൻ സിസ്റ്റേഴ്സിന് വീണ്ടും ഉപദേശം നൽകുന്നു: "ഓ! സന്തോഷമേ, ഹാ എന്റെ കർത്താവേ, ഞങ്ങൾ ഒന്നും മനസ്സിലാക്കാ

ത്തവരും വെറും പുഴുക്കളുമാണ്. വിശന്നാൽ വിശക്കുന്നുവെന്ന് അമ്മയോട് പറഞ്ഞറിയിക്കുവാൻ പോലും കഴിവില്ലാത്ത കുഞ്ഞുങ്ങളെ പോലെയാണ് ഞങ്ങൾ. കുഞ്ഞുങ്ങൾ ഉറങ്ങിക്കിടന്നാലും അവർക്ക് വിശക്കുന്നുണ്ടെന്ന് മനസ്സിലാക്കി ഉണർത്തി മുലപ്പാലുട്ടുന്ന അമ്മയെ പോലെയാണ് നീ. പൈതങ്ങളായ നമ്മുടെ ആവശ്യങ്ങൾ അവിടുന്ന് എങ്ങനെ നിറവേറ്റുന്നു എന്ന് നോക്കുക: ഞാൻ അന്വേഷിക്കാതെ തന്നെ ഒരു പുസ്തകം കണ്ടെത്തിയിരിക്കുന്നു. സന്യാസ-അന്തസ്സിനെക്കുറിച്ചുള്ളതാണ്. അതിന്റെ ഉന്നതപദവികളിൽ ചെന്നെത്തി ഈശോ തമ്പുരാനോട് ഒന്നുചേരാൻ സഹായിക്കുന്ന ഒരു അഭ്യാസപുസ്തകമാണിത്. ഈശോമിശിഹാ നിങ്ങൾക്കായി അയച്ചിരിക്കുന്നു എന്നോർക്കുക. ഇന്നുതന്നെ എല്ലാവരെയും വിളിച്ചിരുത്തി ഉല്ലാസമയത്തായാലും ഇതിന്റെ 11 ഖണ്ഡികയെങ്കിലും വായിച്ചു കേൾപ്പിക്കുക."[1]

വി. ചാവറ പിതാവിന്റെ ഈ ആത്മസ്മരണ നിറഞ്ഞ വാക്കുകൾ ഒരു ദൈവാന്വേഷിയുടെ ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നുയരുന്ന വിനയത്തിന്റെ സംഗീതമാണ്. "ഞങ്ങൾ ഒന്നും മനസ്സിലാക്കാത്തവരും വെറും പുഴുക്കളുമാണ്" എന്ന വാക്കുകളിൽ അഹങ്കാരത്തെ പൂർണമായി തള്ളിക്കളഞ്ഞ ഒരു ആത്മാവിനെ നമുക്ക് കാണാം. ഇത് ആത്മനിന്ദയല്ല; മറിച്ച് ദൈവസന്നിധിയിൽ മനുഷ്യന്റെ യഥാർത്ഥ സ്ഥിതിയെ തിരിച്ചറിയുന്ന ആത്മജ്ഞാനമാണ്.

ചാവറയച്ചൻ ആദ്യം നമ്മെ പഠിപ്പിക്കുന്നത് വിനയത്തിന്റെ പാഠമാണ്. പലപ്പോഴും നമ്മുടെ അറിവും കഴിവുകളും ശുശ്രൂഷകളും തന്നെയാണ് നമ്മെ മുന്നോട്ട് നയിക്കുന്നതെന്ന് നാം കരുതുന്നു. എന്നാൽ ദൈവകൃപയില്ലാതെ നമുക്ക് ഒന്നും ചെയ്യാനാവില്ല. "വിശന്നാൽ വിശക്കുന്നുവെന്ന് പോലും അമ്മയോട് പറയാൻ കഴിയാത്ത കുഞ്ഞുങ്ങളെ പോലെ" എന്ന ഉപമ ഈ സത്യം അതീവ ഹൃദയസ്പർശിയായി അവതരിപ്പിക്കുന്നു. കുഞ്ഞ് തന്റെ ആവശ്യം അറിയിക്കാതെ തന്നെ അമ്മ അത് മനസ്സിലാക്കുന്നു; അവനെ ഉണർത്തി പോഷിപ്പിക്കുന്നു.

നമ്മുടെ ആത്മീയജീവിതത്തിലും ഇതുതന്നെയാണ് സംഭവിക്കുന്നത്. പ്രാർത്ഥിക്കാൻ പോലും അറിയാതെ പോകുന്ന നിമിഷങ്ങൾ ഉണ്ടാകും. എന്താണ് യഥാർത്ഥത്തിൽ വേണ്ടതെന്ന് തിരിച്ചറിയാൻ കഴിയാത്ത അവസ്ഥകളും ഉണ്ടാകും. എന്നാൽ നമ്മുടെ കർത്താവ് നമ്മുടെ ആവ

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VII/10, 163.

ശ്യങ്ങൾ നമുക്കുമുമ്പേ അറിയുന്നവനാണ്. അവിടുന്ന് നമ്മുടെ ദൗർബല്യത്തെ കാണുകയും സ്നേഹത്തോടെ പരിപാലിക്കുകയും ചെയ്യുന്നു.

"ഞാൻ അന്വേഷിക്കാതെ തന്നെ ഒരു പുസ്തകം കണ്ടെത്തിയിരിക്കുന്നു" എന്ന ചാവറയച്ചന്റെ വാക്കുകൾ ദൈവപരിപാലനത്തിന്റെ അനുഭവമാണ്. അത് ഒരു യാദൃശ്ചികസംഭവമല്ല; ദൈവത്തിന്റെ കരുതലിന്റെ അടയാളമാണ്. ആത്മീയവളർച്ചയ്ക്കാവശ്യമായ മാർഗ്ഗദർശനം ദൈവം സമയോചിതമായി ഒരുക്കുന്നു. സന്യാസജീവിതത്തിന്റെ ഉന്നതപദവികളിലേക്ക് നയിക്കുന്ന ഈ പുസ്തകത്തെ ചാവറയച്ചൻ ഒരു സാധാരണ ഗ്രന്ഥമായി കാണുന്നില്ല; മറിച്ച് "ഈശോമിശിഹാ നിങ്ങൾക്കായി അയച്ചിരിക്കുന്നു" എന്ന് അദ്ദേഹം പറയുന്നു. വിശ്വാസത്തിന്റെ കണ്ണുകൾ കൊണ്ട് നോക്കുമ്പോൾ ലഭിക്കുന്ന ഓരോ ആത്മീയ സഹായവും ദൈവത്തിന്റെ സമ്മാനമാണെന്ന് നാം തിരിച്ചറിയുന്നു.

ഈ പുസ്തകം മറ്റുള്ളവർക്കും വായിച്ചുകേൾപ്പിക്കണമെന്ന് പിതാവ് നിർദേശിക്കുന്നതും ശ്രദ്ധേയമാണ്. ആത്മീയവളർച്ച വ്യക്തിപരമായ അനുഭവത്തിൽ ഒതുങ്ങരുത്; അത് സമൂഹത്തെ സമ്പന്നമാക്കേണ്ടതാണ്. ദൈവവചനം കേൾക്കുകയും പങ്കുവെക്കുകയും ചെയ്യുമ്പോൾ വിശ്വാസസമൂഹം ഒരുമിച്ച് വളരുന്നു. ഉല്ലാസസമയത്തുപോലും ആത്മീയവായനയ്ക്ക് പ്രാധാന്യം നൽകണമെന്ന് പറയുന്നതിലൂടെ, സന്തോഷവും ആത്മീയതയും പരസ്പരവിരുദ്ധങ്ങളല്ലെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു.

ആത്മീയവളർച്ചയുടെ രഹസ്യം ബാലസഹജമായ വിശ്വാസത്തിലാണ്. കുഞ്ഞ് അമ്മയെ പൂർണമായി ആശ്രയിക്കുന്നതുപോലെ, നാം ദൈവത്തെ ആശ്രയിക്കണം. കുഞ്ഞ് അമ്മയുടെ കരങ്ങളിൽ വിശ്രമിക്കുന്നതുപോലെ, നാം ദൈവത്തിന്റെ കരുതലിൽ വിശ്രമിക്കണം. നമ്മുടെ പരിമിതികൾക്കപ്പുറം ദൈവത്തിന്റെ ജ്ഞാനവും ശക്തിയും പ്രവർത്തിക്കുന്നുവെന്ന ഉറച്ച വിശ്വാസമാണ് ആത്മീയജീവിതത്തിന്റെ അടിത്തറ. അതുകൊണ്ട് നമുക്കും ദൈവത്തിന്റെ കരുതലിൽ സ്വയം സമർപ്പിക്കാം. ജ്ഞാനവായനയിലും ധ്യാനത്തിലും വളരാം. ആത്മീയജീവിതത്തിന്റെ പടവുകൾ ഒന്നൊന്നായി കയറിക്കൊണ്ട് ഈശോ തമ്പുരാനോട് കൂടുതൽ അടുത്തുവരാം. അപ്പോൾ ദൈവസ്നേഹത്തിന്റെ മാധുര്യം അനുഭവിക്കാനും അവിടുത്തോടുള്ള ഐക്യത്തിന്റെ ആനന്ദത്തിൽ ജീവിക്കാനും നമുക്ക് സാധിക്കും. അതാണ് ഓരോ ദൈവാന്വേഷിയുടെയും ഹൃദയത്തിലെ ഏറ്റവും വലിയ ആഗ്രഹവും ജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യവും.

3.2.4. തമിഴ് പുസ്തകം: ദൈവം കൊടുത്തയച്ചത്

കന്യാസ്ത്രികളുടെ ആത്മീയ വളർച്ചയെ സഹായിക്കുന്ന ഒരു പുസ്തകം ലഭിച്ചതിനെക്കുറിച്ച് ചാവറ പിതാവ് എഴുതിയ മറ്റൊരു കത്തിൽ ഇപ്രകാരം പറയുന്നു: "ഹാ പ്രിയമുള്ള കുഞ്ഞുങ്ങളെ, നമ്മുടെ കർത്താവായ സർവ്വേശ്വരൻ എത്ര കരുതലോടെയാണ് നമ്മുടെ കാര്യങ്ങൾ വിവരിച്ചു നടത്തുന്നത് എന്ന് ഓർക്കുവിൻ. തമ്പുരാനെ സ്നേഹിക്കണം എന്ന് നാം ഹൃദയപൂർവ്വം നിശ്ചയിക്കുന്നത് എത്ര സന്തോഷത്തോടെയാണ് അവിടുന്ന് നോക്കിക്കാണുന്നത്. അപ്പോൾ നമുക്ക് വേണ്ടതെല്ലാം അവിടുന്ന് അന്വേഷിച്ചു നടത്തിത്തരുന്നത് കാണുക. ഈ മഠത്തിന്റെ കാര്യം തന്നെ എടുക്കുക. ഇതു സ്ഥാപിക്കപ്പെട്ടത് മുതൽ ദൈവം ഇതിന് എങ്ങനെ നടത്തുന്നു എന്നു കാണുക. നമുക്ക് അൽപമായ ബുദ്ധിമുട്ട് പോലും വരുത്താതെ എല്ലാം ദൈവം നിറവേറ്റുന്നു. അന്വേഷിച്ചാൽ കണ്ടെത്തും എന്ന തിരുവചനം പോലെ. ഒരുദാഹരണം പറയാം:

ഒരു ചെറിയ തമിഴ് പുസ്തകം ഇന്നലെ ഒരു മുറിയിൽ കണ്ടെത്തി. തുറന്നു നോക്കിയപ്പോൾ കന്യാസ്ത്രികളുടെ ജീവിതരീതിയെക്കുറിച്ചുള്ളതാണെന്നും മനസ്സിലായി. ഇത് നിങ്ങൾക്കായി ദൈവം കൊടുത്തയച്ചതത്രെ എന്ന ബോധ്യത്താൽ ഉടനെത്തന്നെ മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്തു. നിങ്ങൾ എല്ലാവരും ജ്ഞാനവായനയായി ഒരു പ്രാവശ്യം എങ്കിലും ഇതു മുഴുവനും നല്ലവണ്ണം വായിച്ചു മനസ്സിലാക്കണം. നമ്മുടെ പൈതങ്ങൾ ഇപ്പോൾ തമിഴ് പഠിക്കുന്നുണ്ടല്ലോ. അവർക്ക് എളുപ്പത്തിൽ മനസ്സിലാക്കുന്നതിന് മലയാളവും തമിഴും രണ്ടും കൂടെ ഉണ്ടായാൽ നല്ലതാണെന്ന് കരുതി കണ്ടുകിട്ടിയ തമിഴ് പുസ്തകവും കൊടുത്തയക്കുന്നു. രണ്ടും ശ്രദ്ധയോടെ വായിച്ചു കൊള്ളണം. എനിക്ക് വേണ്ടിയും അപേക്ഷിപ്പിൻ."[1]

ഈ കത്തിൽ ചാവറയച്ചന്റെ ഹൃദയത്തിലെ ഏറ്റവും മനോഹരമായ ഒരു ആത്മീയ സത്യം വെളിപ്പെടുന്നു: ദൈവം തന്റെ മക്കളുടെ ജീവിതം കരുതലോടെ നയിക്കുന്ന പിതാവാണ്. "നമ്മുടെ കർത്താവായ സർവ്വേശ്വരൻ എത്ര കരുതലോടെയാണ് നമ്മുടെ കാര്യങ്ങൾ വിവരിച്ചു നടത്തുന്നത്" എന്ന വാക്കുകൾ വെറും ഉപദേശമല്ല; ജീവിതാനുഭവത്തിൽനിന്ന് ഉയർന്നുവരുന്ന വിശ്വാസസാക്ഷ്യമാണ്.

മഠം സ്ഥാപിക്കപ്പെട്ടതു മുതൽ ദൈവത്തിന്റെ പരിപാലനം എങ്ങനെ പ്രവർത്തിച്ചുവെന്ന് ചാവറയച്ചൻ തന്റെ മക്കളെ ഓർമ്മിപ്പിക്കുന്നു. മനുഷ്യനോട്ടത്തിൽ നോക്കുമ്പോൾ ബുദ്ധിമുട്ടുകളും പ്രതിസന്ധികളും കുറ

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VII/11, 164.

വായിരുന്നില്ല. എന്നാൽ വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ട് നോക്കുമ്പോൾ അവയ്ക്കെല്ലാം പിന്നിൽ ദൈവത്തിന്റെ അദൃശ്യകരം പ്രവർത്തിക്കുന്നതായി കാണാം. അതുകൊണ്ടാണ് അദ്ദേഹം പറയുന്നത്: "നമുക്ക് അൽപമായ ബുദ്ധിമുട്ടുപോലും വരുത്താതെ എല്ലാം ദൈവം നിറവേറ്റുന്നു." ഇത് ജീവിതത്തിലെ ഓരോ സംഭവത്തിലും ദൈവസാന്നിധ്യം കണ്ടെത്തുന്ന ഒരു മിസ്റ്റിക്കിന്റെ കാഴ്ചപ്പാടാണ്.

ചാവറയച്ചൻ മറ്റൊരു മനോഹരമായ സത്യം കൂടി പങ്കുവയ്ക്കുന്നു: "തമ്പുരാനെ സ്നേഹിക്കണം എന്ന് നാം ഹൃദയപൂർവം നിശ്ചയിക്കുന്നത് എത്ര സന്തോഷത്തോടെയാണ് അവിടുന്ന് നോക്കിക്കാണുന്നത്." ദൈവത്തെ സ്നേഹിക്കാനുള്ള നമ്മുടെ ആത്മാർത്ഥമായ ആഗ്രഹം ദൈവഹൃദയത്തെ സന്തോഷിപ്പിക്കുന്നു. നാം അവിടുന്നിലേക്കു ഒരു ചെറിയ ചുവടുവയ്ക്കുമ്പോൾ, അവിടുന്ന് നമ്മുടെ ആവശ്യങ്ങൾക്കായി അനേകം ചുവടുകൾ മുന്നോട്ടുവയ്ക്കുന്നു. "അന്വേഷിച്ചാൽ കണ്ടെത്തും" എന്ന തിരുവചനം ഇവിടെ ഒരു ജീവിതാനുഭവമായി മാറുന്നു.

ഒരു ചെറിയ തമിഴ് പുസ്തകം മുറിയിൽ കണ്ടെത്തിയ സംഭവം ഇതിന്റെ മനോഹരമായ ഉദാഹരണമാണ്. സാധാരണ മനുഷ്യൻ അതിനെ യാദൃശ്ചികസംഭവമായി കാണുമായിരിക്കും. എന്നാൽ ചാവറയച്ചൻ അതിൽ ദൈവത്തിന്റെ കരുതൽ ദർശിക്കുന്നു. "ഇത് നിങ്ങൾക്കായി ദൈവം കൊടുത്തയച്ചതത്രെ" എന്ന് അദ്ദേഹം പറയുന്നു. ഇതാണ് ഒരു വിശുദ്ധന്റെ ദർശനം. സാധാരണ കണ്ണുകൾ ഒരു പുസ്തകം കാണുമ്പോൾ, വിശ്വാസത്തിന്റെ കണ്ണുകൾ ദൈവത്തിന്റെ കരം കാണുന്നു.

പുസ്തകം ലഭിച്ചതിൽ അദ്ദേഹം തൃപ്തനാകുന്നില്ല; അത് ഉടൻ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നു. കാരണം, തന്റെ ആത്മീയമക്കൾക്ക് അത് മനസ്സിലാകണം. ഇവിടെ ഒരു പിതാവിന്റെ സ്നേഹവും ഒരു ആത്മീയഗുരുവിന്റെ ഉത്തരവാദിത്വബോധവും നമുക്ക് കാണാം. തന്റെ മക്കളുടെ ആത്മീയ വളർച്ചയ്ക്കുവേണ്ടി ലഭ്യമായ എല്ലാ മാർഗങ്ങളും പ്രയോജനപ്പെടുത്താൻ അദ്ദേഹം ശ്രമിക്കുന്നു.

"നിങ്ങൾ എല്ലാവരും ജ്ഞാനവായനയായി ഒരു പ്രാവശ്യം എങ്കിലും ഇത് മുഴുവനും നല്ലവണ്ണം വായിച്ചു മനസ്സിലാക്കണം" എന്ന നിർദേശം ജ്ഞാനവായനയുടെ പ്രാധാന്യം വ്യക്തമാക്കുന്നു. ആത്മീയവായന ഒരു വിനോദമല്ല; അത് ആത്മാവിന്റെ ആഹാരമാണ്. ശരീരത്തിന് ആഹാരം ആവശ്യമായതുപോലെ, ആത്മാവിനും വളരാൻ ആത്മീയജ്ഞാനവും ധ്യാനവും ആവശ്യമാണ്. ആത്മീയ വളർച്ച യാദൃശ്ചികമായി സംഭവിക്കു

ന്ന ഒന്നല്ല; അത് ക്രമബദ്ധമായ പരിശീലനത്തിലൂടെയും സ്ഥിരമായ ആത്മീയ അഭ്യാസങ്ങളിലൂടെയും കൈവരിക്കുന്നതാണ്.

ഈ സംഭവത്തിലൂടെ നാം ഒരു യഥാർത്ഥ മിസ്റ്റിക്കിനെ കാണുന്നു. മിസ്റ്റിക് എന്നത് അസാധാരണമായ ദർശനങ്ങളോ അത്ഭുതങ്ങളോ അനുഭവിക്കുന്ന ഒരാൾ മാത്രമല്ല. ജീവിതത്തിലെ സാധാരണ സംഭവങ്ങളിൽ പോലും ദൈവത്തിന്റെ പ്രവർത്തനം തിരിച്ചറിയുന്നവനാണ് യഥാർത്ഥ മിസ്റ്റിക്. ഒരു പുസ്തകത്തിൽ, ഒരു വിവർത്തനത്തിൽ, ഒരു പഠനശ്രമത്തിൽ, ഒരു ചെറിയ അവസരത്തിൽ പോലും ദൈവത്തിന്റെ കരുതൽ ദർശിക്കാൻ കഴിയുന്നവനാണ് വിശുദ്ധൻ.

നാം പലപ്പോഴും വലിയ അടയാളങ്ങളും അസാധാരണ അനുഭവങ്ങളും അന്വേഷിക്കുന്നു. എന്നാൽ ദൈവം പലപ്പോഴും ചെറിയ കാര്യങ്ങളിലൂടെയാണ് നമ്മോട് സംസാരിക്കുന്നത്—ഒരു പുസ്തകത്തിലൂടെ, ഒരു വചനത്തിലൂടെ, ഒരു ഉപദേശത്തിലൂടെ, ഒരു വ്യക്തിയിലൂടെ, അല്ലെങ്കിൽ ഒരു ചെറിയ സംഭവത്തിലൂടെ. നമ്മുടെ ജീവിതത്തിലും ഇത്തരത്തിലുള്ള "ചെറിയ തമിഴ് പുസ്തകങ്ങൾ" ഉണ്ടാകാം. അവയെ തിരിച്ചറിയാൻ നമുക്കും ചാവറയച്ചന്റെ വിശ്വാസദൃഷ്ടി ആവശ്യമാണ്.

ദൈവം നമ്മെ സ്നേഹിക്കുന്നു. നാം അവിടുത്തെ സ്നേഹിക്കാൻ ആത്മാർത്ഥമായി തീരുമാനിക്കുമ്പോൾ, നമ്മുടെ വളർച്ചയ്ക്കും വിശുദ്ധീകരണത്തിനും ആവശ്യമായതെല്ലാം അവിടുന്ന് ഒരുക്കിത്തരുന്നു. നമ്മുടെ ദൗത്യം ഒന്നു മാത്രം: തുറന്ന ഹൃദയത്തോടെയും വിശ്വാസത്തിന്റെ കണ്ണുകളോടെയും ദൈവത്തിന്റെ കരുതൽ തിരിച്ചറിയുക. അപ്പോൾ ജീവിതത്തിലെ ഓരോ സംഭവവും ദൈവസ്നേഹത്തിന്റെ അടയാളമായി മാറും.

3.2.6. വീട്ടിലും സ്ക്രീനിലും സൂക്ഷിക്കുന്ന തീ

"ദൈവവിശ്വാസം ഇല്ലാത്തവരുടെ ശാസ്ത്രപുസ്തകങ്ങൾ അജ്ഞതയും അറിവില്ലായ്മയും പഠിപ്പിക്കുന്നതാകുന്നു. ഇപ്രകാരമുള്ള പുസ്തകങ്ങളും, തെറിപ്പാട്ടുകൾ അടങ്ങിയ പുസ്തകങ്ങളും, സംശയാലുക്കളുടെ പുസ്തകങ്ങളും വീട്ടിൽവച്ചു സൂക്ഷിക്കുന്നത് തീ ഒളിച്ചുവെക്കുന്നതിനു സമമാകുന്നു. ഭക്തിയെ വർദ്ധിപ്പിക്കുന്ന ജ്ഞാനപുസ്തകങ്ങളും തത്വശാസ്ത്രപുസ്തകങ്ങളും മക്കൾക്ക് സമ്മാനിച്ചുവെക്കേണ്ട നിക്ഷേപങ്ങളാകുന്നു. ഇപ്രകാരമുള്ള പുസ്തകങ്ങളെ കഴിവിനനുസരിച്ച് വാങ്ങിച്ചു ശേഖരിക്കുക.

ഒരു ഭിക്ഷക്കാരൻ വായന അറിഞ്ഞുകൂടാത്തവൻ ആയിരുന്നു. എങ്കിലും യാചിച്ചു കിട്ടിയ പണം കൊണ്ട് വായിപ്പിച്ചുകേട്ട്, അതിനൊത്ത വണ്ണം നടക്കുകയും പുണ്യത്തിന്റെ മാതൃക ശേഷം പേർക്ക് കാണിച്ചു കൊടുക്കുകയും ചെയ്തുവന്നു" (*ചാവരുൾ*, 21).

വായനയുടെ ശക്തിയെക്കുറിച്ചുള്ള ആഴമായ ബോധ്യത്തിൽ നിന്നാണ് വി. ചാവറ പിതാവ് ഈ ഉപദേശം നൽകുന്നത്. മനുഷ്യന്റെ ചിന്തകളും വിശ്വാസവും സ്വഭാവവും രൂപപ്പെടുന്നത് അവൻ സ്വീകരിക്കുന്ന ആശയങ്ങളിലൂടെയാണ്. അതുകൊണ്ടുതന്നെ വിശ്വാസത്തെയും ധാർമ്മിക ജീവിതത്തെയും തകർക്കുന്ന ചിന്തകളോടു ജാഗ്രത പുലർത്തണമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകുന്നു. "തീ ഒളിച്ചുവെക്കുന്നതിന് സമം" എന്ന ഉപമ വളരെ ശക്തമാണ്. തീ ചെറിയ ഒരു കനലായി ആരംഭിക്കാം; എന്നാൽ ശ്രദ്ധിക്കാതെ വിട്ടാൽ ഒരു വീടിനെ മുഴുവൻ നശിപ്പിക്കാൻ അതിന് കഴിയും. അതുപോലെ തെറ്റായ ആശയങ്ങളും ആദ്യം കൗതുകമായി മനസ്സിൽ പ്രവേശിച്ചേക്കാം. പിന്നീട് അവ സംശയങ്ങളായി വളരുകയും ഒടുവിൽ ആത്മീയജീവിതത്തെ ക്ഷയിപ്പിക്കുകയും ചെയ്യാം. അതുകൊണ്ടാണ് വായനയിൽ വിവേകം ആവശ്യമായത്.

ചാവറ പിതാവിന്റെ സന്ദേശം മുന്നറിയിപ്പിൽ മാത്രം ഒതുങ്ങുന്നില്ല. അദ്ദേഹം ഒരു പോസിറ്റീവ് മാർഗവും നിർദേശിക്കുന്നു. "ഭക്തിയെ വർധിപ്പിക്കുന്ന ജ്ഞാനപുസ്തകങ്ങളും തത്ത്വശാസ്ത്രപുസ്തകങ്ങളും മക്കൾക്ക് സമ്മാനിച്ചുവയ്ക്കേണ്ട നിക്ഷേപങ്ങളാണ്" എന്ന് അദ്ദേഹം പറയുന്നു. സമ്പത്തിനേക്കാളും വസ്തുവകകളേക്കാളും വിലയേറിയ പാരമ്പര്യമാണ് നല്ല വായന. ഒരു നല്ല പുസ്തകം ഒരു തലമുറയുടെ ചിന്തയെ രൂപപ്പെടുത്താനും ഒരു ജീവിതത്തിന്റെ ദിശ മാറ്റാനും കഴിയും.

ചാവറ പിതാവ് ഈ വാക്കുകൾ എഴുതിയ കാലത്ത് പുസ്തകങ്ങളായിരുന്നു ആശയങ്ങളുടെ പ്രധാന വാഹകർ. എന്നാൽ ഇന്ന് സാഹചര്യം മാറിയിരിക്കുന്നു. ഇന്ന് നമ്മുടെ വീടുകളിൽ പുസ്തകങ്ങളെക്കാൾ കൂടുതൽ സ്വാധീനം ചെലുത്തുന്നത് മൊബൈൽ ഫോണുകളും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളും യൂട്യൂബ് വീഡിയോകളും വെബ് സീരീസുകളും ഡിജിറ്റൽ ഉള്ളടക്കങ്ങളുമാണ്. അതിനാൽ ചാവറ പിതാവിന്റെ ഈ മുന്നറിയിപ്പ് ഇന്ന് പുതിയൊരു അർത്ഥം കൈവരിക്കുന്നു.

'തീ ഒളിച്ചുവെക്കുന്നതിന് സമം' എന്ന ഉപമ ഇന്ന് സോഷ്യൽ മീഡിയയുടെ ലോകത്തും പ്രസക്തമാണ്. ഒരു തെറ്റായ ആശയം, ഒരു വ്യാജവാർത്ത, ഒരു വിഷലിപ്തമായ പോസ്റ്റ്, ഒരു അശ്ലീല വീഡിയോ, ഒരു വിദ്വേഷ സന്ദേശം—ഇവയെല്ലാം ആദ്യം ഒരു ചെറിയ കനൽപോലെ തോന്നാം.

എന്നാൽ അവ മനസ്സിൽ പ്രവേശിച്ചാൽ ചിന്തകളെ രൂപപ്പെടുത്തുകയും മൂല്യങ്ങളെ തകർക്കുകയും ആത്മീയജീവിതത്തെ ദുർബലമാക്കുകയും ചെയ്യും.

ചാവറ പിതാവ് പറഞ്ഞ 'ചീത്ത പുസ്തകങ്ങൾ' ഇന്ന് നമ്മുടെ കൈകളി ലെ സ്ക്രീനുകളിലും പ്രത്യക്ഷപ്പെടാം. നാം എന്താണ് വായിക്കുന്നത് എന്നതിനേക്കാൾ, എന്താണ് കാണുന്നത്, എന്താണ് കേൾക്കുന്നത്, ആരെയാണ് പിന്തുടരുന്നത്, എന്താണ് പങ്കുവയ്ക്കുന്നത് എന്നതും അത്രത്തോളം പ്രധാനമാണ്. കാരണം ഓരോ ദിവസവും നമ്മുടെ മനസ്സിലേക്ക് കടന്നുവരുന്ന ഉള്ളടക്കങ്ങളാണ് നമ്മുടെ ചിന്തകളെയും ജീവിതശൈലിയെയും ക്രമേണ രൂപപ്പെടുത്തുന്നത്.

സോഷ്യൽ മീഡിയ സ്വയം ദോഷകരമല്ല. അത് ഒരു ശക്തമായ ഉപകര ണമാണ്. അതിലൂടെ ജ്ഞാനം നേടാം, സുവിശേഷം പ്രചരിപ്പിക്കാം, നല്ല ചിന്തകൾ പങ്കുവയ്ക്കാം, ആത്മീയ വളർച്ചയ്ക്ക് സഹായിക്കുന്ന വിഭവങ്ങൾ കണ്ടെത്താം. എന്നാൽ അതേ മാധ്യമം തെറ്റായ രീതിയിൽ ഉപയോഗിക്കുമ്പോൾ സമയം നശിപ്പിക്കുന്നതിനും മനസ്സിനെ അശാന്ത മാക്കുന്നതിനും വിശ്വാസത്തെ ദുർബലപ്പെടുത്തുന്നതിനും കാരണമാ കാം. അതുകൊണ്ട് ഇന്ന് ചാവറ പിതാവ് ജീവിച്ചിരുന്നുവെങ്കിൽ ഇങ്ങ നെ പറയുമായിരുന്നുവെന്ന് തോന്നുന്നു: "നിങ്ങളുടെ ഫോണുകളിൽ എന്താണ് സംഭരിക്കുന്നത് എന്ന് ശ്രദ്ധിക്കുക. നിങ്ങളുടെ മനസ്സിൽ പ്രവേശിപ്പിക്കുന്ന ആശയങ്ങളെ വിവേകത്തോടെ തിരഞ്ഞെടുക്കുക. ആത്മാവിനെ മലിനമാക്കുന്ന ഉള്ളടക്കങ്ങൾ സൂക്ഷിക്കുന്നത് തീ വീട്ടി ൽ ഒളിച്ചുവെക്കുന്നതുപോലെയാണ്."

അതേസമയം, അദ്ദേഹം നല്ല പുസ്തകങ്ങൾ ശേഖരിക്കാൻ പറഞ്ഞതു പോലെ, ഇന്ന് നല്ല ഡിജിറ്റൽ വിഭവങ്ങളും ശേഖരിക്കണമെന്ന് നമ്മെ പഠിപ്പിക്കുന്നു. ആത്മീയ പ്രഭാഷണങ്ങൾ, വിശുദ്ധ ഗ്രന്ഥങ്ങളുടെ പഠന ങ്ങൾ, നല്ല ലേഖനങ്ങൾ, പ്രചോദനാത്മകമായ ജീവിതകഥകൾ, വിശ്വാ സത്തെ ആഴപ്പെടുത്തുന്ന വീഡിയോകൾ, പ്രാർത്ഥനാ വിഭവങ്ങൾ— ഇവയൊക്കെയാണ് ഇന്നത്തെ 'ജ്ഞാനപുസ്തകങ്ങൾ.'

ചാവറ പിതാവ് പറഞ്ഞ ഭിക്ഷക്കാരന്റെ ഉദാഹരണം ഇന്നും പ്രസക്തമാ ണ്. വായിക്കാൻ അറിയാത്ത ഒരാൾ കേട്ടറിഞ്ഞ് പുണ്യജീവിതം നയി ച്ചു. ഇന്ന് നമുക്കോ അനന്തമായ പഠനസാധ്യതകളുണ്ട്. ഒരു ക്ലിക്കിലൂടെ ജ്ഞാനം ലഭിക്കുന്നു. എന്നാൽ ചോദ്യം ഇതാണ്: നാം അതിനെ ആത്മീ

യ വളർച്ചയ്ക്കായാണോ ഉപയോഗിക്കുന്നത്, അതോ ശ്രദ്ധതിരിക്കുന്ന വിനോദങ്ങൾക്കായാണോ?

ഓരോ ക്രൈസ്തവ കുടുംബവും സ്വയം ചോദിക്കേണ്ട ചില ചോദ്യങ്ങളുണ്ട്: നമ്മുടെ വീടുകളിൽ പ്രാർത്ഥനയേക്കാൾ കൂടുതൽ സമയം സ്ക്രീനുകൾ കൈവശപ്പെടുത്തുന്നുണ്ടോ? നമ്മുടെ മക്കൾ കാണുന്നതും വായിക്കുന്നതും ആരെങ്കിലും ശ്രദ്ധിക്കുന്നുണ്ടോ? സോഷ്യൽ മീഡിയ നമ്മുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുന്നുണ്ടോ, അതോ ദുർബലപ്പെടുത്തുന്നുണ്ടോ? നാം പങ്കുവയ്ക്കുന്ന സന്ദേശങ്ങൾ പ്രകാശമാണോ, അതോ ആശയക്കുഴപ്പമാണോ?

വി. ചാവറയുടെ സന്ദേശം ഇന്നും അതേപോലെ മുഴങ്ങുന്നു: മനസ്സിനെ രൂപപ്പെടുത്തുന്നതിനെ ശ്രദ്ധയോടെ തിരഞ്ഞെടുക്കുക. നല്ല വായനയും നല്ല ദർശനവും നല്ല ശ്രവണവും ആത്മാവിനെ വളർത്തുന്നു. തെറ്റായ ഉള്ളടക്കങ്ങൾ ആത്മീയജീവിതത്തെ ക്രമേണ ക്ഷയിപ്പിക്കുന്നു. അതുകൊണ്ട് നമ്മുടെ വീടുകളെ നല്ല പുസ്തകങ്ങളുടെയും നല്ല ഡിജിറ്റൽ വിഭവങ്ങളുടെയും കേന്ദ്രങ്ങളാക്കാം. നമ്മുടെ ഫോണുകളും കമ്പ്യൂട്ടറുകളും സത്യത്തിന്റെയും നന്മയുടെയും വിശ്വാസത്തിന്റെയും ഉപകരണങ്ങളാക്കാം. അപ്പോൾ സാങ്കേതികവിദ്യ നമ്മെ ദൈവത്തിൽനിന്ന് അകറ്റുന്ന ഒന്നല്ല, മറിച്ച് ദൈവത്തിലേക്ക് കൂടുതൽ അടുപ്പിക്കുന്ന ഒരു മാർഗമായി മാറും.

3.2.7. അറിവ് ജനങ്ങളിലേക്കെത്തിക്കാനുള്ള ആവേശം

കട്ടക്കയം വലിയ ചാണ്ടിയച്ചന് എഴുതിയ ഒരു കത്തിൽ, പൊതുജനങ്ങൾക്ക് വായനാസൗകര്യങ്ങൾ ഒരുക്കുന്നതിനും പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുമായി നടത്തിയ ശ്രമങ്ങളെക്കുറിച്ച് ചാവറ പിതാവ് വിവരിക്കുന്നു: "അരണാട്ടുകരയിലെ പെരിയ ബഹുമാനപ്പെട്ട വികാരിയച്ചനോട് ഞാൻ പറഞ്ഞു സമ്മതിച്ചതനുസരിച്ച് പുതുശ്ശേരിക്കും മദ്രാസിലേക്കും ഞാൻ കത്തെഴുതി; പൊതുജനങ്ങൾക്ക് വായിക്കാനുള്ള പുസ്തകങ്ങൾക്കായി പണം ശേഖരിക്കുകയും ചെയ്തു. ലത്തീൻ പഠിക്കുന്നവർക്ക് ആവശ്യമുള്ള പുസ്തകങ്ങൾക്കായി എമ്മാനുവേലച്ചൻ തയ്യാറാക്കിയ ലിസ്റ്റും അവർക്ക് അയച്ചിരുന്നു. പുസ്തകങ്ങൾ കൊണ്ടുവരുന്നതിനായി ആളെ അയക്കാനും നിശ്ചയിച്ചിരുന്നു. എന്നാൽ, അവരുടെ മറുപടി വന്നില്ല. ആ രൂപ കൊണ്ട് ചേന്നങ്കരിയിലെ ഉപവിശാലയ്ക്കായി ഞാൻ ഏതാനും പുസ്തകങ്ങൾ വാങ്ങിച്ചു. പുസ്തകശാല ഉണ്ടാക്കാൻ ഏൽപ്പിച്ചിട്ടുണ്ട്. ആയതിനു വേണ്ട രൂപായും കുറിപ്പും മാന്നാനത്ത് എത്തിക്കാൻ നന്മമരണസഭയുടെ ആലോചനക്കാർക്ക് ഞാൻ എഴുതി

അറിയിച്ചിട്ടുണ്ട്. അവർ വന്നില്ലെങ്കിൽ താൻ പറഞ്ഞു വരുത്തിക്കണം. എല്ലാം കൂടെ സ്വരൂപിച്ച് അങ്ങോട്ട് കൊടുത്തയക്കണം. അതിനാൽ വളരെ ഉപകാരം ഉണ്ടാകും."[1]

ഈ കത്ത് വി. ചാവറ പിതാവിന്റെ ദൂരദർശിത്വത്തിന്റെയും അറിവിനോടുള്ള പ്രതിബദ്ധതയുടെയും മനോഹരമായ തെളിവാണ്. പുസ്തകങ്ങൾ വെറും അച്ചടിച്ച കടലാസുകളല്ലെന്നും അവ മനുഷ്യബുദ്ധിയെയും ആത്മാവിനെയും രൂപപ്പെടുത്തുന്ന ശക്തമായ ഉപാധികളാണെന്നും അദ്ദേഹം ആഴത്തിൽ മനസ്സിലാക്കിയിരുന്നു. മദ്രാസിലും പുതുശ്ശേരിയിലും നിന്ന് പുസ്തകങ്ങൾ എത്തിക്കാനുള്ള അദ്ദേഹത്തിന്റെ ശ്രമം അന്നത്തെ സാഹചര്യത്തിൽ ഒരു വലിയ ദൗത്യമായിരുന്നു. ഗതാഗത സൗകര്യങ്ങളും ആശയവിനിമയ സംവിധാനങ്ങളും പരിമിതമായിരുന്ന കാലത്ത്, പുസ്തകങ്ങളുടെ പട്ടിക തയ്യാറാക്കുകയും പണം ശേഖരിക്കുകയും ആളുകളെ നിയോഗിക്കുകയും ചെയ്ത അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ, അറിവ് ജനങ്ങളിലേക്ക് എത്തിക്കാനുള്ള തീവ്രമായ ആഗ്രഹത്തെ വെളിപ്പെടുത്തുന്നു.

ശ്രദ്ധേയമായ മറ്റൊരു കാര്യം, പ്രതീക്ഷിച്ച മറുപടി ലഭിക്കാതെ വന്നപ്പോഴും അദ്ദേഹം നിരാശനായി പിൻമാറിയില്ല എന്നതാണ്. ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് പുസ്തകങ്ങൾ വാങ്ങുകയും പുസ്തകശാല സ്ഥാപിക്കാൻ നിർദേശിക്കുകയും ചെയ്തു. സാഹചര്യങ്ങൾ അനുകൂലമല്ലെങ്കിലും നല്ല ലക്ഷ്യങ്ങൾ ഉപേക്ഷിക്കരുതെന്ന പാഠമാണ് ഇതിലൂടെ അദ്ദേഹം നമ്മെ പഠിപ്പിക്കുന്നത്. ചാവറ പിതാവിന്റെ ദർശനത്തിൽ പുസ്തകശാല ഒരു കെട്ടിടമോ പുസ്തകങ്ങളുടെ ശേഖരണമോ മാത്രമായിരുന്നില്ല; അത് ഒരു സമൂഹത്തിന്റെ ഉണർവിന്റെയും പുരോഗതിയുടെയും കേന്ദ്രമായിരുന്നു. അറിവ് ലഭ്യമാകുന്നിടത്താണ് വ്യക്തിയും സമൂഹവും വളരുന്നത് എന്ന് അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു.

"എല്ലാം കൂടി സ്വരൂപിച്ച് അങ്ങോട്ട് കൊടുത്തയക്കണം" എന്ന അദ്ദേഹത്തിന്റെ നിർദേശത്തിൽ കൂട്ടായ പ്രവർത്തനത്തിന്റെ പ്രാധാന്യവും പ്രകടമാണ്. വലിയ സംരംഭങ്ങൾ ഒരാളുടെ മാത്രം ശ്രമഫലമല്ല; അനേകരുടെ സഹകരണത്തിലൂടെയാണ് അവ യാഥാർഥ്യമാകുന്നത്. അറിവ് പ്രചരിപ്പിക്കുന്ന ദൗത്യത്തിലും ഓരോരുത്തർക്കും ഒരു പങ്കുണ്ട്.

ഇന്ന് അറിവ് നമ്മുടെ വിരൽത്തുമ്പിൽ ലഭ്യമാണ്. പുസ്തകങ്ങൾ മാത്രമല്ല, ഡിജിറ്റൽ ലൈബ്രറികൾ, ഓൺലൈൻ കോഴ്സുകൾ, ഇ-ബുക്കു

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, V/15:1, 117.

കൾ, സാമൂഹിക മാധ്യമങ്ങൾ എന്നിവയിലൂടെ അനന്തമായ വിവരങ്ങൾ നമുക്ക് ലഭിക്കുന്നു. എന്നാൽ അറിവിന്റെ ലഭ്യത വർധിച്ചതുപോലെ അതിന്റെ ഉത്തരവാദിത്വപരമായ ഉപയോഗത്തിന്റെ ആവശ്യകതയും വർധിച്ചിട്ടുണ്ട്. ചാവറ പിതാവിന്റെ സന്ദേശം നമ്മെ ഓർമ്മിപ്പിക്കുന്നത് ഇതാണ്: അറിവ് സമ്പാദിക്കുന്നതുകൊണ്ട് മാത്രം പോരാ; അത് വ്യക്തിയുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്കായി വിനിയോഗിക്കണം.

കേരളത്തിൽ ആദ്യത്തെ കത്തോലിക്കാ അച്ചടിശാല സ്ഥാപിക്കുകയും പുസ്തകപ്രസാധനത്തിന് നേതൃത്വം നൽകുകയും പൊതുജനങ്ങൾക്ക് വായനാസംസ്കാരം വളർത്തുകയും ചെയ്ത ചാവറ പിതാവ്, യഥാർത്ഥത്തിൽ അറിവിന്റെ ഒരു മിഷനറിയായിരുന്നു. ജനങ്ങളുടെ ആത്മീയവും ബൗദ്ധികവുമായ വളർച്ചയ്ക്കായി അദ്ദേഹം പ്രവർത്തിച്ചു.

ഈ സന്ദേശം ഇന്നും നമ്മെ ഒരു ദൗത്യത്തിലേക്ക് ക്ഷണിക്കുന്നു. നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലും വായനയുടെ സംസ്കാരം വളർത്താം. ചെറിയ പുസ്തകശാലകളിലൂടെയോ വായനാകൂട്ടായ്മകളിലൂടെയോ ഡിജിറ്റൽ പഠനവേദികളിലൂടെയോ അറിവ് പങ്കുവയ്ക്കാം. കാരണം ഒരു നല്ല പുസ്തകം ഒരു വ്യക്തിയെ മാറ്റാം; ഒരു വായനാസംസ്കാരം ഒരു സമൂഹത്തെ മാറ്റാം. ചാവറ പിതാവിന്റെ സ്വപ്നം അറിവ് എല്ലാവർക്കും ലഭ്യമാകുന്ന ഒരു സമൂഹമായിരുന്നു. ആ സ്വപ്നം യാഥാർഥ്യമാക്കുക എന്നത് ഇന്നും നമ്മുടെ ഉത്തരവാദിത്വമാണ്.

3.2.8. എന്തുകൊണ്ട് ഈടുറ്റ ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ ഉണ്ടാ കുന്നില്ല?

വരാപ്പുഴ വികാരിയാത്തിന്റെ കീഴിലുള്ള സുറിയാനി സഭയുടെ പ്രശ്നങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന *ആലോചന* എന്ന കത്തിൽ ചാവറ പിതാവ് സഭാംഗങ്ങളോട് ഉന്നയിക്കുന്ന ഒരു ചോദ്യം ഇന്നും ചിന്തനീയമാണ്: എന്തുകൊണ്ട് നമ്മുടെ ഇടയിൽ മികച്ച ദൈവശാസ്ത്രഗ്രന്ഥങ്ങളും ഭാഷാപരിജ്ഞാനവും വളർന്നില്ല?

അദ്ദേഹം എഴുതുന്നു: "ഇവിടുത്തെ സുറിയാനിക്കാർക്കിടയിൽ എന്തുകൊണ്ട് നല്ല ദൈവശാസ്ത്ര ഗ്രന്ഥങ്ങളും ഭാഷാപരിജ്ഞാനവും ഇന്നുവരെ ഉണ്ടായില്ല? ലത്തീൻകാരും ഗ്രീക്കുകാരുമാകട്ടെ, ഈടുറ്റ പുസ്തകങ്ങളും തെളിവുറ്റ ഭാഷാഗ്രന്ഥങ്ങളും പലതും തയ്യാറാക്കിയിട്ടുണ്ട്. ആ കുറവുകൾ പരിഹരിക്കാനും ബാബേൽക്കാരോട് കേരളക്കാർക്കുള്ള ചാച്ചിൽ മാറ്റുവാനുമുള്ള മാർഗ്ഗങ്ങൾ പരിഗണിക്കുമ്പോൾ നാം കണ്ടെത്തുന്ന ഒരു സത്യമുണ്ട്: ലത്തീൻ, ഗ്രീക്ക് മുതലായ ക്രമക്കാർക്കു

മാത്രമല്ല ലോകത്തിലെ എല്ലാ ഭാഷക്കാർക്കും അതതു ക്രമത്തിൽ ത ന്നെ സ്വന്തമായ മെത്രാന്മാരും മിഷനറിമാരും ഉണ്ട്. അവരിൽ മികച്ചവ രും ശാസ്ത്രത്തിൽ നിപുണൻമാരും ഉണ്ട്. അതിനാൽ കാലം തോറും അനേകം ശാസ്ത്രഗ്രന്ഥങ്ങളും പ്രബന്ധങ്ങളും ഉണ്ടായിവരുന്നു. എ ന്നാൽ കേരളത്തിൽ ആകട്ടെ നാട്ടുപട്ടക്കാർക്ക് കുർബാനയും പള്ളി ക്രമങ്ങളും സുറിയാനി ഭാഷയിലാണ്; മെത്രാന്മാർക്കും മിഷനറിമാർ ക്കും ലത്തീൻ ഭാഷയിലുമത്രെ. ഇങ്ങനെ ആരാധനാക്രമവും ഭാഷയും രണ്ടുരീതിയിലാകയാൽ തമ്മിൽ നിലനിൽക്കേണ്ട ഐക്യവും ബന്ധ വും അടുപ്പവും ഉണ്ടാകുന്നില്ല."[1]

ഈ ചോദ്യത്തിൽ ഒരു സമൂഹത്തിന്റെ ബൗദ്ധികവും ആത്മീയവുമായ വളർച്ചയെക്കുറിച്ചുള്ള ചാവറ പിതാവിന്റെ ആഴമേറിയ ഉത്കണ്ഠ വെ ളിപ്പെടുന്നു. അദ്ദേഹം കേവലം ഗ്രന്ഥങ്ങളുടെ അഭാവത്തെക്കുറിച്ചല്ല സംസാരിക്കുന്നത്; അറിവ് സൃഷ്ടിക്കപ്പെടാത്ത ഒരു സാഹചര്യത്തെ ക്കുറിച്ചാണ് സംസാരിക്കുന്നത്. ലത്തീൻ, ഗ്രീക്ക് പാരമ്പര്യങ്ങളെ ഉദാ ഹരിച്ചുകൊണ്ട് അദ്ദേഹം ഒരു പ്രധാന സത്യം ചൂണ്ടിക്കാണിക്കുന്നു. ഒരു സമൂഹത്തിന് സ്വന്തം ഭാഷയിൽ ചിന്തിക്കുന്ന പണ്ഡിതന്മാരും പഠിപ്പിക്കുന്ന അധ്യാപകരും നേതൃത്വം നൽകുന്ന മെത്രാന്മാരും ഉണ്ടാ യാൽ അവിടെ സ്വാഭാവികമായി ശാസ്ത്രഗ്രന്ഥങ്ങളും പ്രബന്ധങ്ങളും ഗവേഷണങ്ങളും രൂപപ്പെടും. ഭാഷ, നേതൃത്വം, പഠനം, ഗ്രന്ഥരചന എ ന്നിവ പരസ്പരം ബന്ധപ്പെട്ട യാഥാർഥ്യങ്ങളാണ്.

കേരളത്തിലെ സുറിയാനിക്കാരുടെ സാഹചര്യം വ്യത്യസ്തമായിരുന്നു. ആരാധനയുടെ ഭാഷ സുറിയാനിയും ഭരണത്തിന്റെയും പഠനത്തിന്റെ യും ഭാഷ ലത്തീനും ആയിരുന്നു. ഈ ഭാഷാഭേദം ഒരു സാംസ്കാരിക അകലവും സൃഷ്ടിച്ചു. ജനങ്ങൾ ആരാധനയിൽ പങ്കെടുത്തിരുന്നെങ്കി ലും, ആ വിശ്വാസത്തിന്റെ ദൈവശാസ്ത്രപരമായ ആഴങ്ങൾ സ്വന്തം ഭാഷയിൽ ഗ്രഹിക്കാനും വികസിപ്പിക്കാനും ആവശ്യമായ സാഹചര്യം പരിമിതമായിരുന്നു. ഫലമായി, വിശ്വാസജീവിതവും ബൗദ്ധികജീവിത വും തമ്മിൽ ഒരു വിടവ് രൂപപ്പെട്ടു.

ഇവിടെ ചാവറ പിതാവ് നമ്മെ പഠിപ്പിക്കുന്ന ഒരു അടിസ്ഥാന സത്യമു ണ്ട്: ഭാഷ വെറും ആശയവിനിമയത്തിന്റെ ഉപകരണമല്ല; അത് ഒരു ജന തയുടെ ചിന്തയുടെ ഭവനമാണ്. ഒരു സമൂഹത്തിന്റെ വിശ്വാസം, സം സ്കാരം, ജ്ഞാനം എന്നിവ വളരണമെങ്കിൽ അവ അതിന്റെ സ്വന്തം ഭാഷയിൽ പ്രകടമാകുകയും പഠിപ്പിക്കപ്പെടുകയും ഗവേഷണം ചെയ്യ

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VI/4:2-4:3, 138-139.

പ്പെടുകയും വേണം. അതുകൊണ്ടാണ് ചാവറ പിതാവ് വിദ്യാഭ്യാസം, അച്ചടി, ഗ്രന്ഥരചന, ഭാഷാവികസനം എന്നിവയെ ഒരേ ദൗത്യത്തിന്റെ ഭാഗമായി കണ്ടത്. അദ്ദേഹത്തിന് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക എന്നത് ഒരു സാഹിത്യപ്രവർത്തനം മാത്രമായിരുന്നില്ല; അത് സഭയുടെ നവോത്ഥാനത്തിന്റെ ഭാഗമായിരുന്നു. ജനങ്ങളുടെ ഭാഷയിൽ വിശ്വാസം സംസാരിക്കപ്പെടുമ്പോഴേ വിശ്വാസം ആഴത്തിൽ വേരൂന്നുകയുള്ളൂ എന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു.

ഈ സന്ദേശം ഇന്നും പ്രസക്തമാണ്. ഇന്ന് വിവരങ്ങളുടെ കുറവില്ല. എന്നാൽ നമ്മുടെ ഭാഷയിൽ ഈടുറ്റ ദൈവശാസ്ത്ര പഠനങ്ങളും ഗവേഷണങ്ങളും ചിന്തനങ്ങളും എത്രമാത്രം ഉണ്ടാകുന്നു എന്ന ചോദ്യം ഇപ്പോഴും പ്രസക്തമാണ്. വിവർത്തനങ്ങൾ ആവശ്യമാണ്; എന്നാൽ അതോടൊപ്പം നമ്മുടെ സ്വന്തം അനുഭവങ്ങളിൽ നിന്നും ചോദ്യങ്ങളിൽ നിന്നും സാംസ്കാരിക പശ്ചാത്തലങ്ങളിൽ നിന്നും ഉയരുന്ന ദൈവശാസ്ത്രചിന്തകളും ആവശ്യമാണ്.

ചാവറ പിതാവിന്റെ ചോദ്യം ഇന്ന് നമുക്കു മുന്നിൽ പുതിയ രൂപത്തിൽ നിൽക്കുന്നു: നമ്മുടെ കാലഘട്ടത്തിലെ വിശ്വാസാനുഭവങ്ങളെ ആഴത്തിൽ പ്രതിഫലിപ്പിക്കുന്ന ഗ്രന്ഥങ്ങൾ നാം സൃഷ്ടിക്കുന്നുണ്ടോ? നമ്മുടെ ഭാഷയിൽ ഗവേഷണം നടത്തുന്നവരെയും എഴുതുന്നവരെയും പ്രോത്സാഹിപ്പിക്കുന്നുണ്ടോ? നമ്മുടെ വിശ്വാസത്തെ നമ്മുടെ സംസ്കാരത്തോടും ഭാഷയോടും സംവദിപ്പിക്കുന്നുണ്ടോ?

ഒരു സമൂഹത്തിന്റെ ഭാവി നിർണയിക്കുന്നത് അതിന്റെ ആരാധനാലയങ്ങൾ മാത്രമല്ല, അതിന്റെ ഗ്രന്ഥശാലകളും ഗവേഷണകേന്ദ്രങ്ങളും എഴുത്തുകാരും ചിന്തകരുമാണ്. ഈ സത്യം വളരെ മുമ്പേ തിരിച്ചറിഞ്ഞ ഒരു ദർശനക്കാരനായിരുന്നു വി. ചാവറ പിതാവ്. അതിനാൽ ഈ കത്ത് ഒരു ചരിത്രപരമായ വിമർശനം മാത്രമല്ല; ഇന്നത്തെ സഭയ്ക്കും സമൂഹത്തിനുമുള്ള ഒരു ആഹ്വാനമാണ്. നമ്മുടെ ഭാഷയിൽ ചിന്തിക്കാം, പഠിക്കാം, എഴുതാം, ഗവേഷണം നടത്താം. അപ്പോൾ മാത്രമേ വിശ്വാസവും അറിവും സംസ്കാരവും പരസ്പരം സമ്പുഷ്ടമാക്കുന്ന ഒരു യഥാർത്ഥ നവോത്ഥാനം സാധ്യമാകൂ.

3.2.9. ധർമ്മാരാം: ദൈവശാസ്ത്രങ്ങളുടെ ജന്മഭൂമിയോ?

ധർമ്മാരാം അതിന്റെ ആദ്യനാളുകളിൽ തന്നെ ഇന്ത്യൻ മണ്ണിൽ വേരൂന്നിയ ഒരു ക്രൈസ്തവ ദൈവശാസ്ത്രം രൂപപ്പെടുത്താനുള്ള ധീരമായ ചുവടുവയ്പ്പുകൾക്ക് തുടക്കം കുറിച്ചിരുന്നു. ഇന്ത്യൻ ആത്മീയ പാരമ്പര്യത്തെയും കത്തോലിക്കാ ദൈവശാസ്ത്രത്തെയും സൃഷ്ടിപരമായി

വ്യാഖ്യാനിക്കാനുള്ള ശ്രമം അതിന്റെ ആരംഭകാലത്തെ സവിശേഷത യായിരുന്നു. ഇന്ത്യൻ തത്ത്വചിന്ത, സംസ്കാരം, മതാനുഭവങ്ങൾ എന്നി വയുമായി ക്രൈസ്തവ വിശ്വാസത്തെ സംവദിപ്പിക്കാൻ ധർമ്മാരാം മുന്നിട്ടിറങ്ങിയപ്പോൾ, അത് ഇന്ത്യൻ സഭയിൽ ഒരു പുതിയ പ്രതീക്ഷ യ്ക്ക് വഴിയൊരുക്കി. പലരും അതിനെ 'ഇന്ത്യൻ സ്കൂൾ ഓഫ് തിങ്കിംഗി ന്റെ' ജന്മഭൂമിയായി കണ്ടു. എന്നാൽ, ഇൻകൾച്ചറേഷൻ എന്ന മഹത്താ യ ലക്ഷ്യത്തോടെ ആരംഭിച്ച പല സംരംഭങ്ങൾക്കും പിന്നീട് അതേ ഊർജ്ജത്തോടെ മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. ഇന്ത്യൻ ചിന്തയെ ആഴത്തിൽ ഉൾക്കൊള്ളാനുള്ള ശ്രമം തുടരേണ്ടിടത്ത്, ചില ഘട്ടങ്ങളിൽ അത് ശക്തി നഷ്ടപ്പെടുത്തിയതായി തോന്നുന്നു. ഇത് ഒരു വലിയ ദൈവശാസ്ത്രപ്രശ്നത്തിന്റെ കഥയാണ്.

ഈ പശ്ചാത്തലത്തിൽ 1978-ൽ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ ധർമ്മാരാമിൽ നടത്തിയ കോൺവൊക്കേഷൻ പ്രസംഗം ശ്രദ്ധേയമാ ണ്: "Authentic theology originates only from authentic life. Authentic life is always dynamic and therefore productive. Hence, to steer clear of the danger of turning this Institute into a place of intense study of 'dead theology,' or the theology of the past, let it be our great concern to combine search and research."[1] ഈ വാക്കുകൾ ഇന്നും ധർമ്മാരാമിനുള്ള ഒരു പ്രവാചകശബ്ദമായി നിലകൊള്ളുന്നു. യഥാർത്ഥ ദൈവശാസ്ത്രം പുസ്തകങ്ങളിൽ നിന്നുമാത്രമല്ല, ജീവിത ത്തിൽ നിന്നുമാണ് ജനിക്കുന്നത്. ജീവിക്കുന്ന വിശ്വാസത്തിൽ നിന്നാ ണ് പുതിയ ചോദ്യങ്ങളും പുതിയ ഉത്തരങ്ങളും പുതിയ ദൈവശാസ്ത്ര വും ഉദിക്കുന്നത്.

ഇവിടെ കർത്താവിന്റെ പഠനരീതി നമുക്ക് ഒരു മാതൃകയാണ്. സുവിശേ ഷങ്ങൾ സാക്ഷ്യപ്പെടുത്തുന്നതുപോലെ, യേശു സാധാരണ റബ്ബിമാരെ പ്പോലെ പഠിപ്പിച്ചില്ല. അവിടുന്ന് അധികാരത്തോടെയും പുതുമയോടെ യും പഠിപ്പിച്ചു (മർക്കോ 1:22). അവിടുത്തെ വാക്കുകൾ പഴയ സത്യങ്ങ ളുടെ ആവർത്തനം മാത്രമായിരുന്നില്ല; പുതിയ സാഹചര്യങ്ങളിൽ ദൈ വത്തിന്റെ പ്രവർത്തനത്തെ വെളിപ്പെടുത്തുന്നവയായിരുന്നു. അതു കൊണ്ടുതന്നെ അവ ജനങ്ങളുടെ ഹൃദയങ്ങളെ സ്പർശിക്കുകയും അവിടുത്തെ പ്രബോധനം കേട്ടവർ വിസ്മയഭരിതരാകുകയും ചെയ്തു (മർക്കോ 1:27).

---

[1] Cardinal Parecattil, *Joseph Cardinal Parecattil: His Vision on Church, Inculturation and Inter-religious Dialogue*, Antony Narikulam, ed., (STAR Publications, 2016), 77.

ഇതുതന്നെയാണ് ധർമ്മാരാമിന്റെ വെല്ലുവിളിയും. അത് പാരമ്പര്യത്തെ പഠിപ്പിക്കുന്ന ഒരു കേന്ദ്രമായി മാത്രം നിലകൊള്ളരുത്; പുതിയ ദൈവ ശാസ്ത്രചിന്തകൾക്ക് ജന്മം നൽകുന്ന ഒരു കേന്ദ്രമാകണം. ഇന്ത്യൻ മതാനുഭവങ്ങൾ, മതാന്തര സംവാദം, സാമൂഹിക നീതി, പരിസ്ഥിതി പ്രതിസന്ധി, സാങ്കേതികവിദ്യ, കൃത്രിമബുദ്ധി, യുവജനങ്ങളുടെ വിശ്വാ സപ്രതിസന്ധി എന്നിവയുമായി സംവദിക്കുന്ന പുതിയ ദൈവശാസ്ത്ര ങ്ങൾ ഇവിടെ രൂപപ്പെടണം. ധർമ്മാരാമിന്റെ പ്രസക്തി അതിന്റെ ഭൂത കാല മഹത്വത്തിലല്ല; പുതിയ ചോദ്യങ്ങൾക്ക് പുതിയ ഉത്തരങ്ങൾ കണ്ടെത്താനുള്ള അതിന്റെ കഴിവിലാണ്. അത് ഒരു ലൈബ്രറി മാത്രമാ കരുത്; ഒരു ലബോറട്ടറിയാകണം. പഴയ ഗ്രന്ഥങ്ങൾ സംരക്ഷിക്കുന്ന കേന്ദ്രം മാത്രമല്ല, പുതിയ ഗ്രന്ഥങ്ങൾ ജന്മമെടുക്കുന്ന കേന്ദ്രവുമാ കണം.

വി. ചാവറ പിതാവ് ഒരിക്കൽ ചോദിച്ചിരുന്നു: "എന്തുകൊണ്ട് നമ്മുടെ ഇടയിൽ ഈടുറ്റ ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ ഉണ്ടാകുന്നില്ല?" ആ ചോദ്യം ഒരു സഭ എന്ന നിലയിൽ ഇന്നും നമ്മെ പിന്തുടരുന്നു. ധർമ്മാരാ മിന്റെ യഥാർത്ഥ പ്രസക്തി ആ ചോദ്യത്തിന് ഉത്തരം നൽകുന്നതിലാ ണ്—ഇന്ത്യൻ സഭയെയും സമൂഹത്തെയും സമ്പുഷ്ടമാക്കുന്ന, ഈടുറ്റ ദൈവശാസ്ത്രവും തത്ത്വചിന്തയും സൃഷ്ടിക്കുന്ന ഒരു സജീവ ചിന്താ കേന്ദ്രമായി മാറുന്നതിൽ. അപ്പോഴേ ധർമ്മാരാം ഒരു സ്ഥാപനം എന്നതി ലുപരി ഒരു പ്രസ്ഥാനമായി വീണ്ടും മാറുകയുള്ളൂ; പഠനത്തിന്റെ കേന്ദ്രം മാത്രമല്ല, പുതിയ ചിന്തകളുടെ ജന്മഭൂമിയായും.

3.2.10. "ഒരു പഠന കേന്ദ്രം ആരംഭിക്കണം"

"വൈദികർ ജനങ്ങളെയും മാതാപിതാക്കൾ മക്കളെയും പഠിപ്പിക്കാൻ കടപ്പെട്ടിരിക്കുന്നു. എങ്കിലും, ഈ ഉത്തരവാദിത്വം നിറവേറ്റാനാകുന്നില്ല. കാരണം ഇതാണ്: സാമ്പത്തികശേഷിയുടെ കുറവ്, പഠനത്തിന്റെ ആ വശ്യബോധം ഉള്ളവരുടെ കുറവ്. അത്തരം തടസ്സങ്ങൾ നീക്കുന്ന വിധ ത്തിൽ ഒരു പഠന കേന്ദ്രം ആരംഭിക്കണം. അത് നമ്മുടെ മേലദ്ധ്യക്ഷ നായ അഭിവന്ദ്യ മെത്രാനച്ചനും മറ്റെല്ലാവർക്കും ഇഷ്ടപ്പെട്ട ഒരു സ്ഥല ത്തായിരിക്കണം... ഒന്നോർക്കുക: ദൈവം തന്ന സമ്പത്ത് ദൈവ ശുശ്രൂ ഷയ്ക്കും പൊതുനന്മയ്ക്കുമായി ചെലവഴിക്കാനുള്ളതാണ്. അതിനാ ൽ ആരെയും അധികം ഭാരപ്പെടുത്താത്ത വിധത്തിൽ നിശ്ചയിച്ചിരിക്കു ന്നത് ഇപ്രകാരമാണ്. പള്ളികളിൽ വർഷംതോറും നിശ്ചിത ദിവസങ്ങ ളിൽ പള്ളിക്കണക്ക് തീർക്കുമ്പോൾ ഓരോരുത്തരുടെയും സമ്പാ ദ്യത്തിന്റെ ദശാംശം ഈ പഠനകേന്ദ്രത്തിന്റെ നടത്തിപ്പിനും അതിൽ

കൂടുന്നവരുടെ ചെലവിനുമായി നൽകണം. ഈ തുകയും നിശ്ചിതമായ മാസപ്പടിയും രണ്ടും കൂടി ചേർത്ത് പ്രത്യേകം നിശ്ചയിക്കപ്പെടുന്ന ആളുകളെ പതിവായി ഏൽപ്പിച്ചാൽ ഈ കാര്യം നിറവേറ്റുവാൻ സാധിക്കും. ഇത് നല്ല മനസ്സോടെ ആയിരിക്കണം."[1]

വി. ചാവറ പിതാവ് വിദ്യാഭ്യാസത്തെ സഭയുടെയും സമൂഹത്തിന്റെയും നവീകരണത്തിനുള്ള അടിസ്ഥാനശക്തിയായി കണ്ടു. "വൈദികർ ജനങ്ങളെയും മാതാപിതാക്കൾ മക്കളെയും പഠിപ്പിക്കാൻ കടപ്പെട്ടിരിക്കുന്നു" എന്ന വാക്കുകൾ വിദ്യാഭ്യാസം ഒരു അവകാശം മാത്രമല്ല, ഒരു ഉത്തരവാദിത്വം കൂടിയാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. പിതാവ് തന്റെ കാലഘട്ടത്തിലെ രണ്ട് വലിയ തടസ്സങ്ങൾ തിരിച്ചറിഞ്ഞു: സാമ്പത്തിക പരിമിതിയും പഠനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധക്കുറവും. എന്നാൽ അദ്ദേഹം പ്രശ്നങ്ങളെക്കുറിച്ച് വിലപിക്കുകയല്ല ചെയ്തത്; പരിഹാരങ്ങൾ തേടി. "ഒരു പഠന കേന്ദ്രം ആരംഭിക്കണം" എന്ന അദ്ദേഹത്തിന്റെ നിർദേശം ഒരു സ്ഥാപനം തുടങ്ങാനുള്ള ആഹ്വാനം മാത്രമല്ല; പഠനത്തിനും ചിന്തയ്ക്കും പരിശീലനത്തിനും നേതൃത്വം നൽകുന്ന ഒരു സമൂഹത്തെ രൂപപ്പെടുത്താനുള്ള സ്വപ്നമാണ്.

ഈ നിർദേശത്തിലെ ഏറ്റവും ശ്രദ്ധേയമായ കാര്യം സാമ്പത്തിക പങ്കാളിത്തത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടാണ്. "ദൈവം തന്ന സമ്പത്ത് ദൈവശുശ്രൂഷയ്ക്കും പൊതുനന്മയ്ക്കുമായി ചെലവഴിക്കാനുള്ളതാണ്" എന്ന് അദ്ദേഹം പറയുന്നു. സമ്പത്ത് വ്യക്തിപരമായ ആസ്വാദനത്തിനായി മാത്രം നൽകിയതല്ല; സമൂഹത്തിന്റെ വളർച്ചയ്ക്കും പൊതുനന്മയ്ക്കുമായി ഉപയോഗിക്കപ്പെടേണ്ട ദൈവിക ഉത്തരവാദിത്വമാണ്. അതുകൊണ്ടുതന്നെ ദശാംശത്തിന്റെ ആശയം അദ്ദേഹം മുന്നോട്ടുവയ്ക്കുന്നു. ആരെയും ഭാരപ്പെടുത്താതെ, എല്ലാവരുടെയും ചെറിയ സംഭാവനകൾ ചേർന്ന് വലിയ ഒരു ദൗത്യം സാക്ഷാത്കരിക്കാമെന്ന വിശ്വാസമാണ് അതിനു പിന്നിൽ.

ഇവിടെ ചാവറ പിതാവ് ഒരു പഠനകേന്ദ്രം മാത്രമല്ല സ്വപ്നം കാണുന്നത്; അറിവിനെ വിലമതിക്കുന്ന ഒരു സംസ്കാരമാണ് അദ്ദേഹം രൂപപ്പെടുത്താൻ ആഗ്രഹിക്കുന്നത്. സഭയുടെ വളർച്ച പ്രാർത്ഥനയിലൂടെ മാത്രമല്ല, പഠനത്തിലൂടെയും സംഭവിക്കണമെന്ന് അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. വിദ്യാഭ്യാസമില്ലാത്ത ഭക്തി പലപ്പോഴും ദുർബലമാകാം; എന്നാൽ ജ്ഞാനത്താൽ പ്രകാശിതമായ വിശ്വാസം സമൂഹത്തെ രൂപാന്തരപ്പെടുത്താൻ കഴിവുള്ളതാകുന്നു.

---

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, IX/2:2, 191.

ഈ സന്ദേശം ഇന്നും അതീവ പ്രസക്തമാണ്. വിദ്യാഭ്യാസസ്ഥാപനങ്ങൾ ധാരാളമുള്ള കാലത്താണ് നാം ജീവിക്കുന്നത്. എങ്കിലും പഠനത്തോടുള്ള പ്രതിബദ്ധത, ഗവേഷണത്തോടുള്ള താത്പര്യം, അറിവിനുവേണ്ടിയുള്ള ത്യാഗസന്നദ്ധത എന്നിവ കുറയുന്നില്ലേയെന്ന് നാം സ്വയം ചോദിക്കണം. പ്രത്യേകിച്ച് സഭയുടെ പശ്ചാത്തലത്തിൽ, വൈദികരെയും അധ്യാപകരെയും ദൈവശാസ്ത്രജ്ഞരെയും സാമൂഹികനേതാക്കളെയും രൂപപ്പെടുത്തുന്ന പഠനകേന്ദ്രങ്ങൾ ഇന്നും അത്യാവശ്യമാണ്.

ഒരു സമൂഹത്തിന്റെ ഭാവി അതിന്റെ ആരാധനാലയങ്ങളിൽ മാത്രമല്ല, അതിന്റെ പഠനകേന്ദ്രങ്ങളിലും രൂപപ്പെടുന്നു. ഈ സത്യം തന്റെ കാലത്തെക്കാൾ ഏറെ മുന്നിൽ കണ്ട ഒരു ദർശനക്കാരനായിരുന്നു വി. ചാവറ പിതാവ്. അതുകൊണ്ട് 'ഒരു പഠന കേന്ദ്രം ആരംഭിക്കണം' എന്ന അദ്ദേഹത്തിന്റെ ആഹ്വാനം ഒരു ചരിത്രരേഖ മാത്രമല്ല; ഇന്നത്തെ സഭയ്ക്കും സമൂഹത്തിനുമുള്ള ഒരു ദൗത്യവിളിയാണ്. പഠനത്തെ പ്രോത്സാഹിപ്പിക്കുന്ന, അറിവിനെ പങ്കുവയ്ക്കുന്ന, ഭാവിയെ രൂപപ്പെടുത്തുന്ന ഒരു സമൂഹം നമുക്കൊരുമിച്ച് പണിയാം.

(സമാപന പ്രാർത്ഥന)

പരമജ്ഞാനത്തിന്റെയും സത്യത്തിന്റെയും ഉറവയായ ദൈവമേ, അങ്ങയുടെ സന്നിധിയിൽ നന്ദിയോടെ നിൽക്കുന്നു. വിദ്യാഭ്യാസത്തിന്റെയും ജ്ഞാനവായനയുടെയും മഹത്വം ഞങ്ങൾക്ക് വെളിപ്പെടുത്തിയതിന് നന്ദി. സത്യത്തെയും നന്മയെയും വിശുദ്ധിയെയും വളർത്തുന്ന ഗ്രന്ഥങ്ങളെ സ്നേഹിക്കാനും, അവയിലൂടെ അങ്ങയെ കൂടുതൽ അറിയാനും ഞങ്ങളെ സഹായിക്കണമേ. വായിക്കുന്നതും കേൾക്കുന്നതുമായ കാര്യങ്ങളെ വിവേകത്തോടെ തിരിച്ചറിയാനും, സത്യത്തിൽനിന്ന് അകറ്റുന്ന ആശയങ്ങളിൽനിന്ന് ഞങ്ങളെ കാത്തുകൊള്ളണമേ.

വി. ചാവറ പിതാവ് സ്വപ്നം കണ്ടതുപോലെ, പഠനത്തെയും ഗവേഷണത്തെയും സ്നേഹിക്കുന്നവരായി വളരുവാനും, അറിവും വിശ്വാസവും ഒരുമിച്ച് വളരുന്ന സമൂഹങ്ങളെ പടുത്തുയർത്തുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ. ആത്മീയ അജ്ഞതയുടെ അന്ധത നീക്കി, ജ്ഞാനത്തിലും വിശുദ്ധിയിലും വളരുവാൻ കൃപ നൽകണമേ. ഞങ്ങളുടെ വായനയും പഠനവും അധ്യാപനവും അങ്ങയുടെ മഹത്വത്തിനും മറ്റുള്ളവരുടെ നന്മയ്ക്കും ഉപകരിക്കട്ടെ. ജ്ഞാനവും ഭക്തിയും ഒന്നിക്കുന്ന ജീവിതത്തിലേക്ക് ഞങ്ങളെ നയിക്കണമേ. വി. ചാവറ പിതാവിന്റെ മാധ്യസ്ഥം വഴി ഈ അനുഗ്രഹങ്ങൾ ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

3.3
പഠനമുറി: നിയമാവലി ധ്യാനം

(ആമുഖ പ്രാർത്ഥന)

സ്നേഹം നിറഞ്ഞ ഈശോയേ, ഈ ധ്യാനനിമിഷങ്ങളെ അങ്ങയുടെ സന്നിധിയിൽ സമർപ്പിക്കുന്നു. ഞങ്ങളുടെ മനസ്സുകളെ അങ്ങയുടെ ആത്മാവിനാൽ പ്രകാശിപ്പിക്കുകയും ഹൃദയങ്ങളെ അങ്ങയുടെ കൃപയാൽ നിറയ്ക്കുകയും ചെയ്യണമേ. ഞങ്ങളുടെ സന്യാസവിളിയുടെ മഹത്വവും ഉത്തരവാദിത്വവും ആഴത്തിൽ തിരിച്ചറിയുവാനും, നിയമാവലിയെ ഞങ്ങളുടെ സമർപ്പണജീവിതത്തിന്റെ മാർഗദീപമായി സ്വീകരിക്കുവാനും കൃപ നൽകണമേ. പഠനത്തിലൂടെയും ജ്ഞാനവായനയിലൂടെയും അങ്ങയെ കൂടുതൽ അറിയാനും സ്നേഹിക്കാനും, അറിവിനെ മനുഷ്യസേവനത്തിനായി സമർപ്പിക്കാനും ഞങ്ങളെ സഹായിക്കണമേ.

ഈ ധ്യാനം ഞങ്ങളുടെ ജീവിതത്തെ നവീകരിക്കട്ടെ. അങ്ങയുടെ വചനം ഞങ്ങളുടെ ചിന്തകളെയും ആത്മാവ് ഞങ്ങളുടെ തീരുമാനങ്ങളെയും സ്നേഹം ഞങ്ങളുടെ ജീവിതത്തെയും നയിക്കട്ടെ. ജ്ഞാനത്തിലും വിശുദ്ധിയിലും വളർന്ന് അങ്ങയുടെ രാജ്യത്തിന്റെ വിശ്വസ്ത സാക്ഷികളായി ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും. ആമ്മേൻ.

(ധ്യാനവിചിന്തനം)

3.3.1. നൂതന ആശയങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം

നമ്മുടെ നിയമാവലി വൈദികപരിശീലനത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ, പഠനം ഒരിക്കലും അവസാനിക്കാത്ത ഒരു ദൗത്യമാണെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു:

C 116. "…ആയുഷ്കാലം മുഴുവൻ നീണ്ടുനിൽക്കേണ്ട അർപ്പണമാണു വൈദിക പഠനങ്ങൾ ആവശ്യപ്പെടുന്നതെന്നും വിദ്യാഭവനത്തിൽ കിട്ടുന്ന ശിക്ഷണം ജീവിതം മുഴുവൻ തുടരേണ്ടതാണെന്നും അത് നിരന്തരം ആനുകാലികമാക്കേണ്ടിയിരിക്കുന്നുവെന്നും അവർ ഓർക്കേണ്ടതാണ്."

D 50. "നമ്മുടെ സഹോദരന്മാർ നിഷ്ക്കർഷമായ പഠനത്തിൽ ഉത്സാഹം പ്രദർശിപ്പിക്കണം. ദൈവശാസ്ത്രത്തിലെ നൂതനാശയങ്ങളെ പറ്റി ബോധവാന്മാരായിരിക്കുകയും വേണം."

ഈ നിർദേശങ്ങൾ വ്യക്തമാക്കുന്നത്, സെമിനാരിയിൽ ലഭിക്കുന്ന പരിശീലനം വൈദികപഠനത്തിന്റെ അവസാനമല്ല, തുടക്കം മാത്രമാണ് എന്നതാണ്. നമ്മൾ ജീവിതകാലം മുഴുവൻ പഠിച്ചുകൊണ്ടിരിക്കേണ്ടവരാണ്. കാരണം, സുവിശേഷം മാറ്റമില്ലാത്തതാണെങ്കിലും, അത് പ്രഖ്യാപിക്കപ്പെടുന്ന ലോകം നിരന്തരം മാറിക്കൊണ്ടിരിക്കുന്നു.

ഇന്നത്തെ കാലഘട്ടത്തിൽ അറിവിന്റെ വിസ്തൃതി അതിവേഗം വർധിച്ചുകൊണ്ടിരിക്കുകയാണ്. സാമൂഹികമാറ്റങ്ങൾ, ശാസ്ത്രസാങ്കേതിക മുന്നേറ്റങ്ങൾ, കൃത്രിമബുദ്ധി, കുടുംബജീവിതത്തിലെ പുതിയ വെല്ലുവിളികൾ, മതാന്തരസംവാദങ്ങൾ, പരിസ്ഥിതി പ്രതിസന്ധികൾ, യുവജനങ്ങളുടെ ചോദ്യങ്ങൾ—ഇവയെല്ലാം സഭയുടെ മുമ്പിൽ പുതിയ ചോദ്യങ്ങൾ ഉയർത്തുന്നു. ഈ സാഹചര്യത്തിൽ, പഴയ ഉത്തരങ്ങൾ മാത്രം ആവർത്തിക്കുന്നതുകൊണ്ട് മതിയാകില്ല; വിശ്വാസത്തിന്റെ ശാശ്വത സത്യങ്ങളെ പുതിയ സാഹചര്യങ്ങളിൽ എങ്ങനെ അവതരിപ്പിക്കാമെന്ന് മനസ്സിലാക്കേണ്ടതുണ്ട്.

ഇവിടെയാണ് നിയമാവലി നമ്മെ "ദൈവശാസ്ത്രത്തിലെ നൂതന ആശയങ്ങളെപ്പറ്റി ബോധവാന്മാരായിരിക്കണം" എന്ന് ഓർമ്മിപ്പിക്കുന്നത്. ഇത് പുതിയ ആശയങ്ങളെ വിമർശനമില്ലാതെ സ്വീകരിക്കണമെന്നല്ല; മറിച്ച് അവയെ മനസ്സിലാക്കാനും വിലയിരുത്താനും സുവിശേഷത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കാനുമുള്ള ബൗദ്ധിക സന്നദ്ധത ഉണ്ടായിരിക്കണം എന്നാണ്. പഠനം അവസാനിപ്പിക്കുന്ന സന്യാസി ക്രമേണ തന്റെ കാലഘട്ടത്തിൽ നിന്ന് അകന്നു പോകുന്നു; പഠനം തുടരുന്ന സന്യാസി തന്റെ കാലഘട്ടത്തോട് സംവദിക്കാൻ കഴിവുള്ളവനാകുന്നു.

ആൽവിൻ ടോഫ്ലറുടെ പ്രസിദ്ധമായ വാക്കുകൾ ഇവിടെ ഏറെ പ്രസക്തമാണ്: "ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ അക്ഷരമൂഢർ എഴുതാനും വായിക്കാനും അറിയാത്തവർ അല്ല; പഠിക്കാനും, പഠിച്ചത് മാറ്റാനും, വീണ്ടും പഠിക്കാനും കഴിയാത്തവരാണ്." ഈ വാക്കുകൾ സന്യാസജീവിതത്തിനും ബാധകമാണ്. പഠിക്കുക എന്നത് പുതിയ അറിവുകൾ സ്വീകരിക്കുന്നതാണ്. പഠിച്ചത് മാറ്റുക എന്നത് കാലഹരണപ്പെട്ട ധാരണകളെ പുനഃപരിശോധിക്കുന്നതാണ്. വീണ്ടും പഠിക്കുക എന്നത് പുതിയ സാഹചര്യങ്ങളിൽ സത്യത്തെ പുതുമയോടെ കണ്ടെത്തുന്നതാണ്. ഇതിന് വിനയവും തുറന്ന മനസ്സും ആത്മീയ പക്വതയും ആവശ്യമാണ്.

യഥാർത്ഥത്തിൽ, നമ്മുടെ പഠനമുറി പുസ്തകങ്ങൾ സൂക്ഷിക്കുന്ന ഒരു മുറി മാത്രമല്ല; അത് നവീകരണത്തിന്റെ സ്ഥലമാണ്. അവിടെ അറിവ് സമ്പാദിക്കപ്പെടുന്നു, ചിന്ത രൂപപ്പെടുന്നു, ദൗത്യം പുതുക്കപ്പെടുന്നു. പഠനം നമ്മുടെ ബുദ്ധിയെ മാത്രമല്ല, നമ്മുടെ ശുശ്രൂഷയെയും സമ്പുഷ്ടമാക്കുന്നു. അതുകൊണ്ട്, നമ്മുടെ നിയമാവലിയുടെ ഈ ആഹ്വാനം ഒരു ക്ഷണമാണ്: പഠനം അവസാനിപ്പിക്കരുത്; പുതിയ ആശയങ്ങളെ ഭയപ്പെടരുത്; സത്യത്തെ അന്വേഷിക്കുന്നത് ഒരിക്കലും നിർത്തരുത്. കാരണം, യഥാർത്ഥ സന്യാസി ഏറ്റവും കൂടുതൽ അറിയുന്നവനല്ല, മറിച്ച് ജീവിതകാലം മുഴുവൻ പഠിക്കാൻ തയ്യാറായിരിക്കുന്നവനാണ്. അപ്പോൾ മാത്രമേ നമ്മുടെ ശുശ്രൂഷ കാലഘട്ടത്തോട് പ്രസക്തവും സഭയ്ക്ക് ഫലദായകവുമാകുകയുള്ളു.

3.3.2. കാലത്തോട് സംവദിക്കുന്ന സമൂഹം

C 142. "ജീവിതകാലം മുഴുവൻ നമ്മുടെ സഹോദരന്മാർ അവരുടെ ആദ്ധ്യാത്മികവും സിദ്ധാന്തപരവും സാങ്കേതികവുമായ വികസനം നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ശ്രമിക്കണം. സെമിനാറുകൾ കോൺഫറൻസുകൾ, പ്രത്യേക അധുനാതനീകരണസംരംഭങ്ങൾ തുടങ്ങിയവ വഴി നമ്മുടെ സഹോദരങ്ങളുടെ തുടർച്ചയായ പരിശീലനത്തിന് പൊതുതലത്തിലും പ്രവിശ്യാതലത്തിലും പ്രത്യേക സംവിധാനം ഉണ്ടാകേണ്ടതാണ്."

D 51. (a) "ദൈവശാസ്ത്രം, ബൈബിൾ, സന്മാർഗ്ഗശാസ്ത്രം, ആദ്ധ്യാത്മികവും, അജപാലനപരവുമായ വിഷയങ്ങൾ ഇവയെപ്പറ്റി വർഷത്തിൽ മൂന്നുപ്രാവശ്യമെങ്കിലും ചർച്ചകൾ നടത്താൻ ശ്രേഷ്ഠൻ ഏർപ്പാട് ചെയ്യണം. ഭവനത്തിലെ അംഗങ്ങളെല്ലാം അവയിൽ പങ്കുചേരേണ്ടതാണ്.

(b) പ്രസക്തമായ ചില വിഷയങ്ങളെപ്പറ്റി വർഷംതോറും ഒരു തിയോളജി സെമിനാർ പ്രവിശ്യാതലത്തിൽ സംഘടിപ്പിക്കണം."

നിയമാവലി ഒരു പഠനപരിപാടി മാത്രമല്ല നിർദ്ദേശിക്കുന്നത്; മറിച്ച് കാലത്തോട് സംവദിക്കുന്ന ഒരു സമൂഹമായി മാറാനുള്ള ആഹ്വാനമാണ്. നമ്മുടെ സമൂഹജീവിതത്തിൽ ചിലപ്പോൾ പ്രാർത്ഥനയ്ക്ക് പ്രാധാന്യം നൽകുമ്പോൾ ചിന്തയ്ക്കും സംവാദത്തിനും വേണ്ടത്ര ഇടം നൽകാതിരിക്കാൻ സാധ്യതയുണ്ട്. എന്നാൽ സഭയുടെ ചരിത്രം കാണിക്കുന്നത്, വലിയ നവീകരണങ്ങളും ആത്മീയ ഉണർവുകളും പലപ്പോഴും ഗൗരവപൂർണ്ണമായ ചർച്ചകളിൽ നിന്നാണ് ജനിച്ചതെന്ന്. ചോദ്യങ്ങൾ ചോദിക്കാനും, വ്യത്യസ്ത കാഴ്ചപ്പാടുകൾ കേൾക്കാനും, ഒരുമിച്ച് അന്വേഷി

ക്കാനും തയ്യാറാകുമ്പോഴാണ് സത്യം കൂടുതൽ ആഴത്തിൽ മനസ്സിലാകുന്നത്.

ഒരു സന്യാസഭവനം പ്രാർത്ഥനയുടെ ഭവനം മാത്രമല്ല; അത് സത്യാന്വേഷണത്തിന്റെ ഭവനവുമാണ്. സഹോദരന്മാർ പരസ്പരം കേൾക്കുകയും ചിന്തകൾ പങ്കുവെക്കുകയും വിശ്വാസത്തെക്കുറിച്ച് സംവദിക്കുകയും ചെയ്യുന്നിടത്ത് ബൗദ്ധികവും ആത്മീയവുമായ വളർച്ച സംഭവിക്കുന്നു. ചർച്ചകൾ വെറും അറിവ് പങ്കുവെക്കാനുള്ള അവസരമല്ല; വിനയത്തോടെ കേൾക്കാനും മറ്റുള്ളവരിൽ നിന്ന് പഠിക്കാനുമുള്ള ആത്മീയ അഭ്യാസമാണ്. പ്രാർത്ഥിക്കുന്ന സമൂഹം എന്നതുപോലെ തന്നെ ചിന്തിക്കുന്ന സമൂഹവുമാകാൻ സഭ നമ്മെ ക്ഷണിക്കുന്നു. പ്രാർത്ഥനയും പഠനവും, വിശ്വാസവും ബുദ്ധിയും, ആത്മീയതയും സംവാദവും പരസ്പരം വിരുദ്ധങ്ങളല്ല; അവ പരസ്പരം പൂരകങ്ങളാണ്. ദൈവത്തെ സ്നേഹിക്കുന്നവർ സത്യത്തെയും സ്നേഹിക്കണം. സത്യത്തെ സ്നേഹിക്കുന്നവർ ചോദ്യങ്ങളെ ഭയപ്പെടരുത്. ചോദ്യങ്ങളെ സ്വീകരിക്കുന്നവർ സംവാദത്തിൽ നിന്ന് ഒഴിഞ്ഞുമാറരുത്. സംവാദത്തിൽ ഏർപ്പെടുന്നവർ പുതിയ വെളിച്ചങ്ങളെ സ്വീകരിക്കാൻ തയ്യാറായിരിക്കണം.

നമ്മുടെ ഭവനങ്ങൾ നിശ്ശബ്ദതയുടെ ഇടങ്ങൾ മാത്രമല്ല, സത്യാന്വേഷണത്തിന്റെ വേദികളും ആകട്ടെ. നമ്മുടെ സമൂഹങ്ങൾ ഒരുമിച്ച് പ്രാർത്ഥിക്കുന്ന സമൂഹങ്ങൾ മാത്രമല്ല, ഒരുമിച്ച് ചിന്തിക്കുന്ന സമൂഹങ്ങളുമാകട്ടെ. അപ്പോൾ നമ്മുടെ നിയമാവലി പുസ്തകത്തിലെ വാചകമായി മാത്രമല്ല, ജീവിക്കുന്ന ഒരു സംസ്കാരമായി മാറും. സത്യാന്വേഷണത്തിന്റെ ഈ യാത്രയിൽ, വിശ്വാസവും ബുദ്ധിയും കൈകോർക്കുമ്പോൾ, നമ്മുടെ സമൂഹം സഭയ്ക്കും ലോകത്തിനും കൂടുതൽ ഫലദായകമായ സാക്ഷ്യമായി മാറും.

സഭ ലോകത്തിൽ നിന്ന് വേർപെട്ട് ജീവിക്കുന്ന ഒരു സമൂഹമല്ല. അവൾ ലോകത്തിനുള്ളിലാണ് ജീവിക്കുന്നത്; എന്നാൽ ലോകത്തിന്റെ വെളിച്ചമാകാനാണ് വിളിക്കപ്പെട്ടിരിക്കുന്നത്. അതിനാൽ ഓരോ കാലഘട്ടവും ഉയർത്തുന്ന ചോദ്യങ്ങൾ ശ്രദ്ധാപൂർവം കേൾക്കേണ്ട ഉത്തരവാദിത്വം സഭയ്ക്കുണ്ട്. മനുഷ്യജീവിതത്തിന്റെ അർത്ഥം, കുടുംബത്തിന്റെ ഭാവി, യുവജനങ്ങളുടെ പ്രതിസന്ധികൾ, സാങ്കേതികവിദ്യയുടെ സ്വാധീനം, കൃത്രിമബുദ്ധിയുടെ വെല്ലുവിളികൾ, പരിസ്ഥിതി പ്രതിസന്ധി, മതാന്തര ബന്ധങ്ങൾ, സാമൂഹികനീതി—ഇവയെല്ലാം ഇന്ന് സഭയുടെ മുന്നിലുള്ള ചോദ്യങ്ങളാണ്.

കാലത്തോട് സംവദിക്കുന്ന സമൂഹം എന്നത് കാലത്തിന്റെ എല്ലാ ആശയങ്ങളെയും വിമർശനമില്ലാതെ സ്വീകരിക്കുന്ന സമൂഹമല്ല. അതുപോലെ കാലത്തെ ഭയന്ന് അതിൽ നിന്ന് ഒളിച്ചോടുന്ന സമൂഹവുമല്ല. മറിച്ച്, കാലഘട്ടത്തിന്റെ ചോദ്യങ്ങളെ ശ്രദ്ധയോടെ കേൾക്കുകയും, സുവിശേഷത്തിന്റെ വെളിച്ചത്തിൽ അവയെ വിവേചിച്ചറിയുകയും, മനുഷ്യന് പ്രത്യാശ നൽകുന്ന ഉത്തരങ്ങൾ തേടുകയും ചെയ്യുന്ന സമൂഹമാണ്.

യേശുവിന്റെ ശുശ്രൂഷയിൽ ഈ സമീപനം വ്യക്തമായി കാണാം. അവിടുന്ന് തന്റെ കാലഘട്ടത്തിലെ മനുഷ്യരുടെ ഭാഷയിൽ സംസാരിച്ചു; അവരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകി; അവരുടെ ജീവിതസാഹചര്യങ്ങളിൽ പ്രവേശിച്ചു. എന്നാൽ അതോടൊപ്പം, അവരെ സത്യത്തിലേക്കും പരിവർത്തനത്തിലേക്കും ക്ഷണിക്കുകയും ചെയ്തു. അതുകൊണ്ടാണ് അവിടുത്തെ വചനം ഒരേസമയം പ്രസക്തവും പ്രവാചകപരവുമായിരുന്നത്.

നമ്മുടെ സമൂഹങ്ങളും അങ്ങനെ ആയിരിക്കണം. നാം പുസ്തകങ്ങളോട് മാത്രമല്ല, മനുഷ്യരോടും സംവദിക്കണം; പാരമ്പര്യത്തോട് മാത്രമല്ല, വർത്തമാനകാലത്തോടും സംവദിക്കണം. കാരണം സഭയുടെ ദൗത്യം ഭൂതകാലത്തെ സംരക്ഷിക്കുക മാത്രമല്ല; നിത്യസത്യത്തെ ഇന്നത്തെ ലോകത്തിന് അർത്ഥവത്തായി അവതരിപ്പിക്കുകയുമാണ്. അതിനാൽ, തിയോളജി സെമിനാറുകളും പഠനചർച്ചകളും വെറും അക്കാദമിക് പരിപാടികളല്ല; അവ സഭയെ കാലത്തോട് സംവദിക്കുന്ന സമൂഹമാക്കി മാറ്റുന്ന ആത്മീയ അഭ്യാസങ്ങളാണ്. സംവാദത്തിലൂടെ നാം കാലഘട്ടത്തെ മനസ്സിലാക്കുന്നു; വിവേചനത്തിലൂടെ സത്യം കണ്ടെത്തുന്നു; സുവിശേഷത്തിലൂടെ പ്രത്യാശ നൽകുന്നു. ഇതാണ് ചിന്തിക്കുന്നതും പഠിക്കുന്നതും കാലത്തോട് സംവദിക്കുന്നതുമായ ഒരു സന്യാസസമൂഹത്തിന്റെ അടയാളം.

3.3.3. വായനാശീലം

"വായിച്ച് വളർന്നാൽ വിളയും, വായിക്കാതെ വളർന്നാൽ വളയും" എന്ന കുഞ്ഞുണ്ണിമാഷിന്റെ വാക്കുകൾ വിദ്യാഭ്യാസത്തിന്റെയും വ്യക്തിത്വ വികസനത്തിന്റെയും ഒരു അടിസ്ഥാനസത്യം നമ്മെ ഓർമ്മിപ്പിക്കുന്നു. വായന മനുഷ്യനെ അറിവിൽ മാത്രമല്ല, ചിന്തയിൽ, ദർശനത്തിൽ, വിവേകത്തിൽ, ആത്മീയതയിൽ വളർത്തുന്നു. വായിക്കാതെ വളരുന്നവർ പുറമേ വിജയിച്ചാലും, അവരുടെ ചിന്താലോകം ക്രമേണ ചുരുങ്ങിപ്പോകാം.

സി.എം.ഐ. നിയമാവലി പഠനത്തെ ഒരു അക്കാദമിക് ആവശ്യമായി മാത്രമല്ല, ഒരു സന്യാസിയുടെ ജീവിതശൈലിയായിട്ടാണ് അവതരിപ്പിക്കുന്നത്. പഠനം അവസാനിക്കുന്ന ദിവസം സന്യാസിയുടെ വളർച്ചയും അവസാനിക്കുന്നു. അതുകൊണ്ടാണ് നിയമാവലി ആജീവനാന്ത പഠനത്തിന് ഇത്ര പ്രാധാന്യം നൽകുന്നത്.

"Readers are leaders" എന്ന പ്രസിദ്ധമായ വാക്യം ഈ സത്യത്തെ മറ്റൊരു രീതിയിൽ അവതരിപ്പിക്കുന്നു. വായിക്കുന്നവർക്ക് ലോകത്തെ മനസ്സിലാക്കാനും, മനുഷ്യരുടെ ചോദ്യങ്ങൾ കേൾക്കാനും, കാലഘട്ടത്തിന്റെ വെല്ലുവിളികൾ തിരിച്ചറിയാനും കഴിയും. ഒരു പുരോഹിതന്റെയും സന്യാസിയുടെയും നേതൃത്വശേഷി അദ്ദേഹത്തിന്റെ സ്ഥാനത്തിൽ നിന്നല്ല, ചിന്തയുടെ ആഴത്തിൽ നിന്നാണ് രൂപപ്പെടുന്നത്. വായനയില്ലാത്ത നേതൃത്വം പെട്ടെന്ന് ശുഷ്കമാകും; വായനയിലൂടെ പോഷിപ്പിക്കപ്പെടുന്ന നേതൃത്വം മാത്രമാണ് കാലത്തോട് സംവദിക്കാൻ കഴിയുന്നത്. എന്നാൽ വായനയുടെ ലക്ഷ്യം അറിവ് ശേഖരിക്കുക മാത്രമല്ല. വായന നമ്മെ ചിന്തയിലേക്ക് നയിക്കണം; ചിന്ത നമ്മെ പങ്കുവെക്കലിലേക്ക് നയിക്കണം. നാം വായിക്കുന്ന പുസ്തകങ്ങൾ നമ്മുടെ ഹൃദയത്തിലും ജീവിതത്തിലും ഫലം പുറപ്പെടുവിക്കണം. വായിച്ച് വളരുമ്പോഴാണ് നമ്മൾ വിളയുന്നത്; അപ്പോൾ നമ്മുടെ ജീവിതം മറ്റുള്ളവർക്കും അനുഗ്രഹമാകുന്നു.

ഈ പശ്ചാത്തലത്തിലാണ് 'Publish or Perish' എന്ന പ്രസിദ്ധമായ അക്കാദമിക പ്രയോഗത്തെ കാണേണ്ടത്. ഇത് വെറും ഗവേഷകരുടെ മുദ്രാവാക്യമല്ല; അറിവിന് സാമൂഹിക ഉത്തരവാദിത്വമുണ്ടെന്ന ഓർമ്മപ്പെടുത്തലാണ്. പഠനം സ്വകാര്യമാക്കി സൂക്ഷിക്കുമ്പോൾ അത് അപൂർണ്ണമായി നിലനിൽക്കുന്നു. അത് പങ്കുവെക്കപ്പെടുമ്പോഴാണ് ജീവൻ പ്രാപിക്കുന്നത്. ഇവിടെ 'Publish' എന്നത് പുസ്തകങ്ങളോ ഗവേഷണ പ്രബന്ധങ്ങളോ പ്രസിദ്ധീകരിക്കുന്നതിൽ മാത്രം ഒതുങ്ങുന്നില്ല. ഒരു ലേഖനം എഴുതുക, ഒരു ധ്യാനം തയ്യാറാക്കുക, ഒരു ക്ലാസ് എടുക്കുക, ഒരു പ്രസംഗം നടത്തുക, ഒരു യുവാവിന് മാർഗനിർദേശം നൽകുക— ഇവയെല്ലാം അറിവിനെ പങ്കുവെക്കലിന്റെ രൂപങ്ങളാണ്. അതേസമയം 'Perish' എന്നത് കഴിവുകൾ ഉപയോഗിക്കപ്പെടാതെ മാഞ്ഞുപോകുന്നതിനെ സൂചിപ്പിക്കുന്നു. വിതയ്ക്കാത്ത വിത്ത് വിളയാത്തതുപോലെ, പങ്കുവെക്കാത്ത ജ്ഞാനം സമൂഹത്തെ സമ്പന്നമാക്കുകയില്ല.

വി. ചാവറ പിതാവിന്റെ ജീവിതം ഇതിന്റെ ഉത്തമ ഉദാഹരണമാണ്. അദ്ദേഹം വായിച്ചു; പഠിച്ചു; വിവർത്തനം ചെയ്തു; എഴുതി; അച്ചടി

ആരംഭിച്ചു; പുസ്തകങ്ങൾ പ്രചരിപ്പിച്ചു. ജ്ഞാനം സ്വരൂപിക്കുന്നതിൽ അദ്ദേഹം തൃപ്തനായില്ല; അത് ജനങ്ങളിലേക്ക് എത്തിക്കാൻ അദ്ദേഹം നിരന്തരം പരിശ്രമിച്ചു. അതുകൊണ്ട്, വായന ഒരു വ്യക്തിപരമായ വിനോദമല്ല; ഒരു സന്യാസിയുടെ ദൗത്യമാണ്. വായന ചിന്തയ്ക്ക് ജന്മം നൽകണം; ചിന്ത എഴുത്തിന് ജന്മം നൽകണം; എഴുത്ത് സമൂഹത്തിന് വെളിച്ചം നൽകണം. അപ്പോഴാണ് നമ്മുടെ വായനാശീലം വ്യക്തിപര മായ വളർച്ചയെ മറികടന്ന് സഭയ്ക്കും സമൂഹത്തിനും ഫലം പുറപ്പെ ടുവിക്കുന്ന ഒരു അനുഗ്രഹമായി മാറുന്നത്.

3.3.4. കെട്ടിടങ്ങളേക്കാൾ ചിന്തകൾ പണിയുക

D 52. "ലൈബ്രറി: ദൈവികശാസ്ത്രങ്ങളെയും നമ്മൾ ഏർപ്പെടുന്ന പ്രേഷിത പ്രവർത്തനങ്ങളെയും പറ്റി പ്രതിപാദിക്കുന്ന വേണ്ടത്ര പുസ്ത കങ്ങൾ ഉള്ള ഒരു ഗ്രന്ഥാലയം ഓരോ ഭവനത്തിനും ഉണ്ടാകണം. ആശ്രമസംഘം നിശ്ചയിക്കുന്ന ഒരു സംഖ്യ വർഷം തോറും ഗ്രന്ഥങ്ങൾ ക്കും ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കും വേണ്ടി ചെലവഴിക്കണം. കയ്യെഴുത്തു ഗ്രന്ഥങ്ങളും അപൂർവ്വഗ്രന്ഥങ്ങളും ശേഖരിച്ചു സൂക്ഷിക്കു വാൻ പ്രത്യേകം ശ്രദ്ധയുണ്ടാകണം."

D 53. "പൊതുശ്രേഷ്ഠ ഭവനത്തോടും പ്രവിശ്യാ ഭവനങ്ങളോടും അനു ബന്ധിച്ച് കേന്ദ്രലൈബ്രറികൾ ഉണ്ടാകേണ്ടതാണ്. നമ്മുടെ സഭാംഗ ങ്ങളുടെ ബുദ്ധിപരവും, പ്രേക്ഷിതപരവുമായ പരിശീലനത്തിന് ഉതകു ന്ന പുസ്തകങ്ങളും ആധുനിക പ്രസിദ്ധീകരണങ്ങളും അവിടെ ശേഖരി ക്കണം. അവർക്ക് അത് എളുപ്പത്തിൽ സംലഭ്യവുമാക്കണം."

D 54. "പ്രത്യേക സംശോധകഗ്രന്ഥങ്ങളല്ലാത്ത പുസ്തകങ്ങളും ആനു കാലിക പ്രസിദ്ധീകരണങ്ങളും ശ്രേഷ്ഠന്റെ അനുമതിയോടും വേണ്ട മുൻകരുതലോടും കൂടെ പുറമേയുള്ളവർക്ക് നമ്മുടെ ലൈബ്രറിയിൽ നിന്നും കടം കൊടുക്കാവുന്നതാണ്."

നമ്മുടെ നിയമാവലി D 52, D 53, D 54 വകുപ്പുകൾ നമ്മെ ഒരു വലിയ സത്യത്തിലേക്ക് നയിക്കുന്നു: പഠിക്കുന്ന സന്യാസി മാത്രമേ കാലത്തോട് സംസാരിക്കാൻ കഴിയൂ. നിയമാവലി D 52 പറയുന്നത്, ദൈവശാസ്ത്ര ങ്ങളെയും നാം ഏർപ്പെടുന്ന പ്രേഷിത പ്രവർത്തനങ്ങളെയും സംബന്ധി ക്കുന്ന പുസ്തകങ്ങളുള്ള ഒരു ഗ്രന്ഥാലയം ഓരോ ഭവനത്തിനും ഉണ്ടാ യിരിക്കണം എന്നാണ്. വർഷംതോറും നിശ്ചിത സംഖ്യ ഗ്രന്ഥങ്ങൾക്കും ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കും വേണ്ടി ചെലവഴിക്കണം. കയ്യെഴുത്തു ഗ്രന്ഥങ്ങളും അപൂർവ്വഗ്രന്ഥങ്ങളും ശേഖരിച്ചു സൂക്ഷിക്ക

ണം. ഇത് ഒരു ഭരണപരമായ നിർദ്ദേശം മാത്രമല്ല; ഒരു ആത്മീയ ഉത്തരവാദിത്വമാണ്.

സി.എം.ഐ. നിയമാവലിയിലെ ലൈബ്രറിയെക്കുറിച്ചുള്ള ഈ നിർദ്ദേശങ്ങൾ, നമ്മുടെ ഭവനങ്ങളിൽ പ്രാർത്ഥന മാത്രമല്ല, ചിന്തയും വളരണമെന്ന് സഭ ആഗ്രഹിക്കുന്നതിന്റെ തെളിവാണ്. ദൈവശാസ്ത്രവും പ്രേഷിത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ശേഖരിക്കണമെന്ന നിർദ്ദേശം, അറിവും സേവനവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ നമ്മെ ഓർമ്മിപ്പിക്കുന്നു. ഒരു പുരോഹിതന്റെ ദൗത്യം വെറും പ്രവർത്തനപരമായ തിരക്കല്ല; അത് ആഴത്തിലുള്ള അറിവിന്റെ അടിത്തറയിൽ നിന്നുയരുന്ന ശുശ്രൂഷയാണ്. അതിനാൽ, പുസ്തകങ്ങളിലേക്കുള്ള നിക്ഷേപം ശുശ്രൂഷയുടെ ഗുണനിലവാരത്തിലേക്കുള്ള നിക്ഷേപമാണ്.

കയ്യെഴുത്തു ഗ്രന്ഥങ്ങളും അപൂർവ്വഗ്രന്ഥങ്ങളും ശേഖരിക്കണമെന്ന് പറയുന്നത്, പൈതൃകത്തെ സംരക്ഷിക്കുന്ന ഒരു വിശുദ്ധ ഉത്തരവാദിത്വമായി മാറുന്നു. അവയിൽ ഒളിഞ്ഞിരിക്കുന്ന ജ്ഞാനം ഇന്നത്തെ തലമുറയ്ക്കും നാളെയുടെ സഭയ്ക്കും ഒരു അമൂല്യ സമ്പത്താണ്. ഒരു സമൂഹം അതിന്റെ ഓർമ്മകൾ സംരക്ഷിക്കുമ്പോഴാണ് അതിന്റെ ഭാവിയെ രൂപപ്പെടുത്താൻ കഴിയുന്നത്. അതുകൊണ്ട്, അപൂർവ്വഗ്രന്ഥങ്ങളുടെ സംരക്ഷണം ചരിത്രസ്നേഹം മാത്രമല്ല; ഭാവിയോടുള്ള ഉത്തരവാദിത്വവുമാണ്.

D 53 പ്രകാരം കേന്ദ്രലൈബ്രറികൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത, അറിവ് വ്യക്തിഗതമായ ഒരു സമ്പാദ്യം മാത്രമല്ല, സമൂഹത്തിന്റെ പങ്കുവെക്കേണ്ട ധനമാണ് എന്ന സത്യത്തെ ഉയർത്തിപ്പിടിക്കുന്നു. അവിടെയുള്ള പുസ്തകങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കണമെന്ന നിർദ്ദേശം, അറിവിലേക്ക് പ്രവേശനം എല്ലാവർക്കും തുറന്നിരിക്കണം എന്ന സമത്വദർശനമാണ്. കേന്ദ്രലൈബ്രറി ഒരു പുസ്തകശേഖരമല്ല; അത് ചിന്തയുടെ ശില്പശാലയാണ്. അവിടെ ആശയങ്ങൾ രൂപപ്പെടുന്നു. അവിടെ ദൗത്യങ്ങൾ ദിശ നേടുന്നു. അവിടെ ബുദ്ധി നവീകരിക്കപ്പെടുന്നു. D 54-ൽ പറഞ്ഞിരിക്കുന്ന പോലെ, ലൈബ്രറി പുറമേയുള്ളവർക്കും ഉപയോഗിക്കാവുന്നതാണെന്നത്, നമ്മുടെ അറിവ് മതിലുകൾക്കുള്ളിൽ പൂട്ടിയിടേണ്ടതല്ല, സമൂഹത്തിലേക്ക് ഒഴുകേണ്ടതാണെന്ന് വ്യക്തമാക്കുന്നു. അറിവ് പങ്കുവെക്കുമ്പോഴാണ് അതിന്റെ മഹത്വം തെളിയുന്നത്. അതിനാൽ, ലൈബ്രറി ഒരു സ്വകാര്യ സ്വത്തല്ല; അത് സമൂഹത്തിനുള്ള സേവ

നമാണ്. ഒരു പുസ്തകം കടം കൊടുക്കുന്നത് ഒരു വസ്തു പങ്കുവെക്ക ലല്ല; ഒരു ആശയം പങ്കുവെക്കലാണ്.

കേരളത്തിലെ ലത്തീൻ സമുദായത്തിന്റെ പ്രമുഖ അല്മായ നേതാവാ യിരുന്ന പ്രൊഫസർ ഐസക് ആന്റണി, വർഷങ്ങൾക്കു മുമ്പ് ഒരു ലേഖനത്തിൽ നമ്മുടെ കൊവേന്തുകളെക്കുറിച്ച് നടത്തിയ ഒരു നിരീക്ഷ ണം ശ്രദ്ധേയമാണ്. അദ്ദേഹം പറഞ്ഞു: "പണ്ട് നമ്മുടെ കൊവേന്തകൾ ഓരോ വർഷവും അതിന്റെ വരുമാനത്തിന്റെ നല്ലൊരു ശതമാനം തുക ലൈബ്രറിക്ക് വേണ്ടി വിനിയോഗിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ അത് കുറഞ്ഞിരിക്കുന്നു; ഇപ്പോൾ കൊവേന്തകൾ പ്രധാനമായും പൈസ വിനിയോഗിക്കുന്നത് കെട്ടിടങ്ങൾ കെട്ടിപ്പൊക്കുവാൻ വേണ്ടി യാണ്." ഒരു ധനകാര്യ വിദഗ്ധന്റെ ഈ നിരീക്ഷണം നമ്മെ ആത്മ പരിശോധനയിലേക്ക് ക്ഷണിക്കുന്നു.

ഇന്ന് നാം കൂടുതൽ ശ്രദ്ധ ചെലുത്തുന്നത് കെട്ടിടങ്ങൾ പണിയുന്നതി നായിട്ടാണെങ്കിൽ, അത് ഒരു ചോദ്യം ഉയർത്തുന്നു: നാം നിർമ്മിക്കു ന്നത് കെട്ടിടങ്ങളോ, അതോ വ്യക്തിത്വങ്ങളോ? ഭൗതിക സൗകര്യങ്ങൾ ആവശ്യമാണ്; എന്നാൽ അവ ആത്മീയവും ബൗദ്ധികവുമായ വളർച്ച യെ മറികടക്കുമ്പോൾ, നമുക്ക് നഷ്ടമാകുന്നത് നമ്മുടെ യഥാർത്ഥ പൈതൃകമാണ്. ഈ നിരീക്ഷണം നമ്മെ കുറ്റപ്പെടുത്തുന്നില്ല; മറിച്ച് ഉണർത്തുന്നു. നമ്മുടെ വിഭവങ്ങൾ എവിടെ വിനിയോഗിക്കണം എന്ന തിനെക്കുറിച്ചുള്ള ഒരു ദിശാബോധം നൽകുന്നു. അറിവിലേക്കുള്ള നിക്ഷേപം, ഭാവിയിലേക്കുള്ള നിക്ഷേപമാണ്.

ഒരു ഭവനത്തിൽ പ്രാർത്ഥനാമന്ദിരം അനിവാര്യമായതുപോലെ, ഗ്രന്ഥാ ലയവും അനിവാര്യമാണ്. കാരണം, പ്രാർത്ഥന നമ്മെ ദൈവത്തോട് ബന്ധിപ്പിക്കുന്നു; പഠനം നമ്മെ ദൈവത്തിന്റെ ചിന്തയോട് ബന്ധിപ്പി ക്കുന്നു. ഗ്രന്ഥങ്ങൾ വാങ്ങാൻ നിശ്ചിത തുക ചെലവിടണം എന്ന് പറ യുന്നത് ഒരു സാമ്പത്തിക നിർദ്ദേശം മാത്രമല്ല; അത് ഒരു പ്രാധാന്യക്രമം നിശ്ചയിക്കുകയാണ്. നാം എന്തിന് ചെലവഴിക്കുന്നു എന്നതിലാണ് നമ്മുടെ മൂല്യങ്ങൾ പ്രതിഫലിക്കുന്നത്.

ഇന്ന് ഗ്രന്ഥാലയത്തിന്റെ രൂപം മാറിയിട്ടുണ്ടെങ്കിലും അതിന്റെ ദൗത്യം മാറിയിട്ടില്ല. ഒരുകാലത്ത് അലമാരകളിൽ സൂക്ഷിച്ചിരുന്ന പുസ്തക ങ്ങൾ ഇന്ന് ഡിജിറ്റൽ ശേഖരങ്ങളായും, ഇ-ബുക്കുകളായും, ഓൺ ലൈൻ ഡാറ്റാബേസുകളായും, ഗവേഷണ ജേർണലുകളായും ലഭ്യമാ ണ്. എന്നിരുന്നാലും ചോദ്യം അതേയാണ്: നാം അറിവിൽ നിക്ഷേപിക്കു ന്നുണ്ടോ? ഡിജിറ്റൽ കാലഘട്ടത്തിൽ ഗ്രന്ഥാലയം ഒരു മുറിയല്ല; അത്

ഒരു സംസ്കാരമാണ്. അപൂർവ്വഗ്രന്ഥങ്ങൾ ഡിജിറ്റൈസ് ചെയ്ത് സംരക്ഷിക്കുകയും, ഗവേഷണസാമഗ്രികൾ എല്ലാവർക്കും ലഭ്യമാക്കുകയും, വിജ്ഞാനം തലമുറകളിലേക്ക് കൈമാറുകയും ചെയ്യുന്നത് ഇന്നത്തെ കാലഘട്ടത്തിലെ D 52–54-ന്റെ ആത്മാവാണ്. അതിനാൽ ഗ്രന്ഥശേഖരണം എന്നത് പഴയ പുസ്തകങ്ങളെ സൂക്ഷിക്കൽ മാത്രമല്ല; പൈതൃകത്തെ ഭാവിയിലേക്ക് കൈമാറുന്ന ഒരു വിശുദ്ധ ഉത്തരവാദിത്വമാണ്.

ആധുനിക പ്രസിദ്ധീകരണങ്ങൾ ശേഖരിക്കണം എന്ന നിയമാവലിയുടെ നിർദ്ദേശം നമ്മെ കാലത്തിന്റെ ശബ്ദം കേൾക്കാൻ വിളിക്കുന്നു. നാം കാലത്തോട് ഏറ്റുമുട്ടുന്നവരല്ല; കാലത്തോട് സംവദിക്കുന്നവരാണ്. എന്നാൽ ആ സംവാദം ഫലപ്രദമാകണമെങ്കിൽ, കാലത്തിന്റെ ചോദ്യങ്ങളും വെല്ലുവിളികളും പ്രതീക്ഷകളും മനസ്സിലാക്കണം. അതിന് പഠനവും വായനയും അനിവാര്യമാണ്.

നമ്മുടെ നിയമാവലി നമ്മെ ഓർമ്മിപ്പിക്കുന്നത് ഇതാണ്: പ്രാർത്ഥിക്കുന്ന സന്യാസി വിശുദ്ധനാകുന്നു; പഠിക്കുന്ന സന്യാസി പ്രസക്തനാകുന്നു; അറിവ് സംരക്ഷിക്കുകയും പങ്കുവെക്കുകയും ചെയ്യുന്ന സന്യാസി സഭയുടെ ഭാവി രൂപപ്പെടുത്തുന്നു. നമ്മുടെ ഗ്രന്ഥാലയങ്ങൾ പൊടിപിടിച്ച അലമാരകളാകരുത്; അവ ചിന്തയുടെ തോട്ടങ്ങളാകണം. അവിടെ പൂർവ്വികരുടെ ജ്ഞാനം സംരക്ഷിക്കപ്പെടുകയും, സമകാലിക ചിന്തകൾ സംവദിക്കപ്പെടുകയും, ഭാവിയുടെ ദർശനങ്ങൾ രൂപപ്പെടുകയും വേണം. ദൈവവചനത്തെ സ്നേഹിക്കുന്നവർ പുസ്തകങ്ങളെയും സ്നേഹിക്കട്ടെ. സത്യത്തെ അന്വേഷിക്കുന്നവർ ഗ്രന്ഥാലയത്തെ അവരുടെ ആത്മീയ കൂട്ടാളിയാക്കട്ടെ. നമ്മുടെ ഭവനങ്ങളിൽ ഗ്രന്ഥാലയങ്ങൾ ഉണ്ടാകട്ടെ—എന്നാൽ അതിലും പ്രധാനമായി, പുസ്തകങ്ങളെ സ്നേഹിക്കുന്ന ഹൃദയങ്ങളും സത്യത്തെ അന്വേഷിക്കുന്ന മനസ്സുകളും വളരട്ടെ. അപ്പോൾ നമ്മുടെ ഓരോ ഭവനവും പ്രാർത്ഥനയുടെ ഭവനം മാത്രമല്ല, ജ്ഞാനത്തിന്റെ ഭവനവുമായിത്തീരും.

3.3.5. വിദ്യാഭവനത്തിന്റെ ലക്ഷ്യങ്ങൾ

C 114. “നവ സന്യാസ കാലഘട്ടത്തിൽ ആരംഭിച്ച സന്യാസജീവിത പരിശീലന പ്രക്രിയ തുടരുകയും വൈദിക പരിശീലന പദ്ധതി ക്രമാനുഗതമായി സംവിധാനം ചെയ്യുകയുമാണ് വിദ്യാഭവനത്തിന്റെ ലക്ഷ്യം. വിദ്യാർത്ഥികൾക്ക് തികച്ചും പ്രകൃത്യതീതമായ ഒരു മനോഭാവം വളർത്തിയെടുക്കുന്നതിനും പക്വതയാർന്ന വ്യക്തികളും ആദർശയുക്തരുമായ വൈദികരുമായി രൂപപ്പെടുന്നതിനും അത്യന്തം സഹായകമാണ്.

“വിശുദ്ധരെ ഭരമേൽപ്പിച്ച വിശ്വാസത്തോടു” (യൂദാ 3) വിശ്വസ്തത പാലിച്ചുകൊണ്ട് നമ്മുടെ വിദ്യാർഥികളുടെ അധ്യാത്മികവും ഭൗതികവും അജപാലനപരവുമായ ആഴമേറിയ പരിശീലനമാണ് നാം ലക്ഷ്യംവയ്ക്കുന്നത്. അതുമൂലം അവർ നമ്മുടെ സന്യാസ കുടുംബത്തോടും അതിന്റെ അപ്പസ്തോലികധർമ്മത്തോടും കൂടുതൽ സംയോജിച്ചു ജീവിക്കുവാൻ ഇടവരണം.”

C 115. “അമലോൽഭവ മറിയത്തിന്റെ കർമ്മലീത്തരുടെ സവിശേഷമായ ആദ്ധ്യാത്മികതയിൽ വേരുന്നിക്കൊണ്ട് കർമ്മ ജ്ഞാന ഭക്തിമാർഗ്ഗങ്ങൾ യഥാർത്ഥ തപസ്യയിലൂടെ നമ്മുടെ വിദ്യാർഥികൾ സമന്വയിപ്പിക്കണം. ഇതിനായി അവർ വിശ്വസ്തതപൂർവ്വം അഭ്യസിക്കേണ്ട ഉപാധികളാണ് സ്വാദ്ധ്യായം അഥവാ പഠനത്തിലുള്ള തൃഷ്ണ, ഈശ്വര പ്രണിധാനം അഥവാ പ്രാർത്ഥന വഴി നമ്മുടെ കർത്താവിശോമിശിഹായോടുള്ള വ്യക്തിപരമായ ഐക്യം എന്നിവ... ദൈവവചനത്തിന് ഫലപ്രദമായി സാക്ഷ്യം വഹിക്കണമെങ്കിൽ ദൈവത്തോടുള്ള അവഗാഢമായ ഐക്യവും, യാഥാർത്ഥ്യത്തെപറ്റിയുള്ള ആഴമേറിയ കാഴ്ചപ്പാടും, വ്യക്തിപരമായ പരിചിന്തനത്തിലൂടെ വിശ്വാസം വഴി കൈവരുന്ന മനുഷ്യജ്ഞാനവും, വിശുദ്ധിയിലുള്ള അനസ്യൂതമായ വളർച്ചയും, അപരിത്യാജ്യമാണെന്ന ബോദ്ധ്യം അവർക്കുണ്ടായിരിക്കണം.”

ഒരു വിത്ത് നല്ല മണ്ണിൽ വീഴുമ്പോൾ അത് മുളച്ചു വളർന്ന് സമൃദ്ധമായ ഫലം കായ്ക്കുന്നു. അതുപോലെ, ഓരോ ദൈവവിളിയും ശരിയായ പരിശീലനത്തിലും ആത്മീയ രൂപീകരണത്തിലും വേരൂന്നി വളരുമ്പോൾ അത് സഭയ്ക്കും സമൂഹത്തിനും ഫലദായകമായ ദൗത്യമായി വിരിയുന്നു. നമ്മുടെ നിയമാവലിയിലെ C 114, C 115 വകുപ്പുകൾ ഈ രൂപീകരണദർശനത്തെ വ്യക്തമായി അവതരിപ്പിക്കുന്നു. വിദ്യാഭവനം വെറും പഠനകേന്ദ്രമല്ല; ദൈവം തന്റെ ശുശ്രൂഷകരെ രൂപപ്പെടുത്തുന്ന ഒരു ആത്മീയ ശില്പശാലയാണ്.

നിയമാവലി C 114 അനുസരിച്ച്, വിദ്യാഭവനം നവസന്യാസ കാലഘട്ടത്തിൽ ആരംഭിച്ച രൂപീകരണത്തെ തുടരുകയും വൈദികപരിശീലനത്തെ ക്രമാനുഗതമായി വികസിപ്പിക്കുകയും ചെയ്യുന്നു. വിദ്യാർത്ഥികൾ പ്രകൃത്യതീതമായ മനോഭാവം വളർത്തി, മാനുഷിക പക്വതയും ആത്മീയ ആഴവും അജപാലന ദർശനവും നേടിയ ആദർശവൈദികരായി വളരേണ്ടതാണ്. ഇവിടെ ലക്ഷ്യമിടുന്നത് അറിവിന്റെ സമ്പാദനം മാത്രമല്ല; ക്രിസ്തുവിന്റെ മനോഭാവം സ്വന്തമാക്കിക്കൊണ്ട് സ്വന്തം വ്യക്തിത്വത്തെ സമഗ്രമായി രൂപപ്പെടുത്തുകയാണ്.

“വിശുദ്ധരെ ഭരമേൽപ്പിച്ച വിശ്വാസത്തോടു” (യൂദാ 3) വിശ്വസ്തത പുലർത്തണമെന്ന് നിയമാവലി ഓർമ്മിപ്പിക്കുന്നു. ഈ വിശ്വസ്തത സഭയുടെ പാരമ്പര്യത്തോടും സന്യാസകുടുംബത്തിന്റെ ആത്മാവിനോടും ഉള്ള പ്രതിബദ്ധതയാണ്. ആത്മീയ, മാനുഷിക, ബൗദ്ധിക, അജപാലന മേഖലകളെ സമന്വയിപ്പിക്കുന്ന രൂപീകരണമാണ് ഇവിടെ ലക്ഷ്യം. ആത്മീയ ആഴമില്ലാത്ത വൈദികൻ അപൂർണ്ണനാകുന്നതുപോലെ, മാനുഷിക പക്വതയോ അജപാലന ദർശനമോ ഇല്ലാത്ത ശുശ്രൂഷയും ദുർബലമാകും.

ഈ സമഗ്ര രൂപീകരണത്തിന്റെ ഹൃദയഭാഗത്തേക്കാണ് നിയമാവലി C 115 നമ്മെ നയിക്കുന്നത്. അമലോൽഭവ മറിയത്തിന്റെ കർമ്മലീത്തരുടെ ആത്മീയതയിൽ വേരൂന്നിയ ഈ നിയമം കർമ്മം, ജ്ഞാനം, ഭക്തി എന്നീ മൂന്ന് മാർഗങ്ങളുടെ സമന്വയത്തെ ഊന്നിപ്പറയുന്നു. ജീവിതത്തെ വിഭജിക്കാതെ ഏകീകരിക്കുന്ന ഒരു ആത്മീയ ദർശനമാണിത്.

കർമ്മം സേവനത്തിലൂടെയും പ്രവർത്തനത്തിലൂടെയും ദൈവത്തെ അനുഭവിക്കുന്ന വഴിയാണ്; ജ്ഞാനം സത്യാന്വേഷണത്തിലൂടെ ദൈവത്തെ ഗ്രഹിക്കുന്ന വഴിയാണ്; ഭക്തി ഹൃദയപൂർവം ദൈവത്തോടു ചേർന്നുനിൽക്കുന്ന ജീവിതമാണ്. യഥാർത്ഥ തപസ്യയിലൂടെ ഈ മൂന്ന് മാർഗങ്ങളും ഒന്നിച്ചു ചേരുമ്പോഴാണ് ഒരു വിദ്യാർത്ഥി സമ്പൂർണ ശിഷ്യനായി വളരുന്നത്. പ്രാർത്ഥനയില്ലാത്ത പ്രവർത്തനം ശൂന്യമാകുന്നു; പഠനമില്ലാത്ത ഭക്തി അപക്വമാകുന്നു; തപസ്യയില്ലാത്ത ജ്ഞാനം അഹങ്കാരത്തിലേക്ക് വഴിതെളിക്കുന്നു. അതുകൊണ്ട് കർമ്മവും ജ്ഞാനവും ഭക്തിയും പരസ്പരം പൂരകങ്ങളായി വളരേണ്ടവയാണ്.

ഇതിനുള്ള പ്രധാന ഉപാധികളായി സ്വാദ്ധ്യായവും ഈശ്വരപ്രണിധാനവും നിയമാവലി നിർദ്ദേശിക്കുന്നു. സ്വാദ്ധ്യായം അറിവിനോടുള്ള തീക്ഷ്ണമായ ആകാംക്ഷയാണ്. അത് പുസ്തകപഠനത്തിൽ മാത്രം ഒതുങ്ങുന്നില്ല; ജീവിതത്തെ തന്നെ ഒരു ഗ്രന്ഥമായി വായിക്കാനുള്ള മനോഭാവമാണ്. ഈശ്വരപ്രണിധാനം അഥവാ പ്രാർത്ഥന, നമ്മുടെ കർത്താവായ യേശുക്രിസ്തുവുമായുള്ള വ്യക്തിപരമായ ഐക്യത്തിലേക്കുള്ള ജീവനുള്ള ബന്ധമാണ്. ഈ ബന്ധമാണ് പഠനത്തിനും സേവനത്തിനും യഥാർത്ഥ ദിശയും അർത്ഥവും നൽകുന്നത്.

ദൈവവചനത്തിന് ഫലപ്രദമായി സാക്ഷ്യം വഹിക്കണമെങ്കിൽ ദൈവത്തോടുള്ള അവഗാഢമായ ഐക്യം, യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ആഴമേറിയ കാഴ്ചപ്പാട്, വ്യക്തിപരമായ പരിചിന്തനത്തിലൂടെ വളരുന്ന വിശ്വാസജ്ഞാനം, വിശുദ്ധിയിലുള്ള നിരന്തര വളർച്ച എന്നിവ അനിവാര്യ

മാണ്. ഇവ പരസ്പരം വേർതിരിക്കപ്പെട്ട ഘടകങ്ങളല്ല; ഒരേ ആത്മീയ യാത്രയുടെ വ്യത്യസ്ത മാനങ്ങളാണ്. അതുകൊണ്ട് വൈദിക രൂപീകരണം പഠനത്തിലോ പ്രാർത്ഥനയിലോ മാത്രം ഒതുങ്ങുന്നില്ല; ദൈവത്തോടും മനുഷ്യരോടും സത്യത്തോടുമുള്ള സമഗ്രബന്ധത്തിന്റെ വളർച്ചയാണ് അത്.

3.3.6. സന്യാസപാരമ്പര്യം

പശ്ചാത്യ സന്യാസജീവിതത്തിന് അടിത്തറ പാകിയ വി. ബെനഡിക്ട് പ്രാർത്ഥന, പഠനം, അധ്വാനം എന്നിവയെ സന്യാസജീവിതത്തിന്റെ അടിസ്ഥാനസ്തംഭങ്ങളായി രൂപപ്പെടുത്തി. Monte Cassino-യിലെ അദ്ദേഹത്തിന്റെ സന്യാസപരമ്പരയിൽ ആത്മീയതയും ബൗദ്ധികതയും കഠിനാധ്വാനവും പരസ്പരം പൂരകങ്ങളായിരുന്നു. അതുകൊണ്ടുതന്നെ ബെനഡിക്ടൈൻ ആശ്രമങ്ങൾ ഇന്നും പ്രാർത്ഥനയുടെ കേന്ദ്രങ്ങളായും വിജ്ഞാനത്തിന്റെ ഭണ്ഡാരങ്ങളായും അധ്വാനത്തിന്റെ സാക്ഷ്യങ്ങളായും നിലകൊള്ളുന്നു.

അതുപോലെ, കർമ്മല സഭയുടെ മഹത്വമായ വി. അമ്മത്രേസ്യ തന്റെ ജീവിതത്തിലൂടെ കർമ്മ–ജ്ഞാന–ഭക്തി സമന്വയത്തിന്റെ ഉജ്ജ്വല മാതൃകയായി മാറി. സഭാനവീകരണത്തിന്റെ തിരക്കുകൾക്കിടയിലും, ആഴമേറിയ ധ്യാനജീവിതത്തിനിടയിലും, ഗ്രന്ഥരചനകളിലും, ദൈനംദിന ഗാർഹിക ജോലികളിലും സേവനപ്രവർത്തനങ്ങളിലും അവർ സജീവമായി പങ്കുചേർന്നു. പാണ്ഡിത്യപൂർണമായ രചനയും, ഗഹനമായ പ്രാർത്ഥനയും, ലളിതമായ സേവനവും ഒരുപോലെ ദൈവാരാധനയുടെ മാർഗങ്ങളാണെന്ന് അവരുടെ ജീവിതം സാക്ഷ്യപ്പെടുത്തുന്നു.

ഇതേ സത്യം ജോനാസ് പിതാവ് ധർമ്മാരാമിലെ ബ്രദേഴ്സിനോട് പറഞ്ഞ ഒരു ഉപദേശത്തിലും പ്രതിഫലിക്കുന്നു: “ഒരു പുല്ല് പറിക്കുമ്പോൾ പോലും അത് വെറുതെ പറിക്കരുത്; അതിന് ഒരു ഫിലോസഫിയും തിയോളജിയും ഉണ്ടായിരിക്കണം.” ഫിലോസഫിയുടെയും തിയോളജിയുടെയും യഥാർത്ഥ ലക്ഷ്യം ഇതുതന്നെയാണ്—ജീവിതത്തിലെ ഓരോ പ്രവർത്തനത്തിനും വിശ്വാസത്തിന്റെയും ബോധ്യത്തിന്റെയും അടിത്തറ നൽകുക. അത്തരം ദർശനം കൈവരിക്കുന്നവർ നിർബന്ധം കൊണ്ടല്ല, ആന്തരിക ബോധ്യത്തിൽ നിന്നാണ് പ്രവർത്തിക്കുന്നത്. വിദ്യാഭവനം ഒരു താൽക്കാലിക ഘട്ടമല്ല; ജീവിതകാലം മുഴുവൻ നിലനിൽക്കുന്ന ഒരു അടിത്തറയാണ്. പരിശീലനം ഒരു നിശ്ചിത കാലയളവല്ല, മറിച്ച് ഒരു ജീവിതശൈലിയാണ്. വിശ്വാസം ഒരു പാഠവിഷയമല്ല; ദൈവത്തോടുള്ള ജീവനുള്ള അനുഭവമാണ്.

നമ്മുടെ ജീവിതം കർമ്മത്തിൽ സജീവവും, ജ്ഞാനത്തിൽ ആഴമുള്ളതും, ഭക്തിയിൽ ഉജ്ജ്വലവും ആയിരിക്കട്ടെ. പ്രാർത്ഥനയിൽ ദൈവത്തെ കണ്ടെത്തുകയും, പഠനത്തിലൂടെ സത്യത്തെ അന്വേഷിക്കുകയും, സേവനത്തിലൂടെ സ്നേഹത്തെ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന ശിഷ്യരായി നാം വളരട്ടെ. അപ്പോൾ മാത്രമേ നാം ദൈവവചനത്തിന് ഫലപ്രദമായ സാക്ഷികളാകുകയും നമ്മുടെ സന്യാസകുടുംബത്തിന്റെ ദൗത്യം ജീവിതത്തിൽ സഫലമാക്കുകയും ചെയ്യുകയുള്ളു.

3.3.7. തിരുവചനത്തിന്റെ കേന്ദ്രീയത

C 119. "വൈദികധർമ്മം പുലർത്തി ദൈവശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടിരിക്കുന്നവർ സർവ്വ ജ്ഞാനത്തിന്റെയും ഉറവിടമായ ആവിഷ്കൃത വചനത്തെപറ്റിയുള്ള അഗാധ ജ്ഞാനത്തിൽ വളരണം."

'തിരുവചനത്തിന്റെ കേന്ദ്രീയത'യെക്കുറിച്ചുള്ള ഈ നിയമം വൈദിക ജീവിതത്തിന്റെ ഹൃദയസ്പന്ദനത്തെ വളരെ വ്യക്തമായി അവതരിപ്പിക്കുന്നു. ദൈവശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ട ഒരാളുടെ ജീവിതത്തിൽ തിരുവചനം ഒരു ഘടകം മാത്രമല്ല; അത് കേന്ദ്രമാണ്, ആധാരമാണ്, ജീവന്റെ ഉറവിടമാണ്. "സർവ്വജ്ഞാനത്തിന്റെയും ഉറവിടമായ ആവിഷ്കൃത വചനം" എന്ന വിശേഷണം തിരുവചനത്തിന്റെ മഹത്വം നമ്മെ ബോധ്യപ്പെടുത്തുന്നു. മനുഷ്യബുദ്ധി അന്വേഷിക്കുന്ന എല്ലാ സത്യങ്ങൾക്കും അന്തിമപ്രകാശം നൽകുന്നത് ദൈവവചനമാണ്. അതിനാൽ അതിനെക്കുറിച്ചുള്ള അഗാധജ്ഞാനം നേടുക എന്നത് ഒരു പഠനപരമായ ആവശ്യകത മാത്രമല്ല; അത് ഒരു ആത്മീയ ഉത്തരവാദിത്വവു മാണ്.

ഒരു വൈദികൻ വചനത്തെ അറിയുന്നവനായി മാത്രം നിൽക്കരുത്; വചനത്തിൽ ജീവിക്കുന്നവനായി മാറണം. തിരുവചനത്തെ ആഴത്തിൽ പഠിക്കുകയും ധ്യാനിക്കുകയും ചെയ്യുമ്പോൾ അത് നമ്മുടെ ചിന്തകളെ രൂപപ്പെടുത്തുകയും ഹൃദയത്തെ പരിവർത്തനം ചെയ്യുകയും പ്രവർത്തനങ്ങളെ നയിക്കുകയും ചെയ്യുന്നു. അപ്പോൾ നമ്മുടെ വചനപ്രഘോഷണം പുസ്തകങ്ങളിൽ നിന്നുള്ള അറിവല്ല, ജീവിതാനുഭവത്തിൽ നിന്നുയരുന്ന സാക്ഷ്യമായി മാറുന്നു.

ഈ നിയമം നമ്മെ ഓർമ്മിപ്പിക്കുന്നത്, വചനജ്ഞാനം ഇല്ലാത്ത ശുശ്രൂഷ ദിശയറ്റതാകുമെന്നാണ്. തിരുവചനത്തിൽ വേരൂന്നിയ ജീവിതം മാത്രമേ കാലത്തിന്റെ ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരമാകാൻ കഴിയൂ. അതിനാൽ 'തിരുവചനത്തിന്റെ കേന്ദ്രീയത' ഒരു ആശയം മാത്രമല്ല; അത് ഒരു ജീവിതശൈലിയാണ്—വചനത്തെ കേൾക്കുക, അതിൽ ധ്യാനിക്കുക, അതനുസരിച്ച് ജീവിക്കുക, തുടർന്ന് അതിനെ ലോകത്തോട്

പങ്കുവെക്കുക. അങ്ങനെ ഒരു വൈദികന്റെ ജീവിതം തന്നെ ദൈവ വചനത്തിന്റെ ജീവനുള്ള പ്രതിധ്വനിയായി മാറുന്നു.

നമ്മുടെ നിയമാവലി C 119 വളരെ ലളിതമായെങ്കിലും അതീവ ആഴ മുള്ള ഒരു സത്യത്തിലേക്ക് നമ്മെ നയിക്കുന്നു—തിരുവചനം നമ്മുടെ വൈദികജീവിതത്തിന്റെ കേന്ദ്രമാണ്. നമ്മുടെ സന്യാസജീവിതത്തിന്റെ ഹൃദയത്തിൽ എന്താണ് കേന്ദ്രം? പദവിയോ? സേവനമോ? ആചാരങ്ങ ളോ? എന്റെ ജീവിതത്തിൽ തിരുവചനത്തിന് കേന്ദ്രസ്ഥാനം ഉണ്ടോ? ഞാൻ വചനത്തെ നിത്യം പഠിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നു ണ്ടോ? വചനമെന്ന ദീപം എന്റെ തീരുമാനങ്ങളെ പ്രകാശിപ്പിക്കുന്നു ണ്ടോ? എന്റെ ശുശ്രൂഷ വചനത്തിൽ വേരൂന്നിയതാണോ?

വൈദികൻ ആദ്യം വചനത്തിന്റെ ശിഷ്യനാകണം; അപ്പോൾ മാത്രമേ അവൻ വചനത്തിന്റെ ശുശ്രൂഷകനാകൂ. തിരുവചനം നമ്മുടെ അധ്യാപ കനാകട്ടെ, ആത്മാവിന്റെ ആഹാരമാകട്ടെ, ദൗത്യത്തിന്റെ ദിശാസൂചി യാകട്ടെ. വചനത്തിൽ ആഴമുറ്റിയ വൈദികരായാൽ മാത്രമേ നമ്മുടെ ജീവിതം ദൈവശുശ്രൂഷയുടെ യഥാർത്ഥ സാക്ഷ്യമാകൂ. തിരുവചനം നമ്മുടെ ഹൃദയത്തിൽ വേരൂന്നട്ടെ, ജീവിതത്തിൽ ഫലിക്കട്ടെ, ശുശ്രൂഷ യിൽ പ്രകാശിക്കട്ടെ. ദൈവവചനം പരികർമ്മം ചെയ്യേണ്ട വൈദികർ, മറ്റുള്ളവരെ പഠിപ്പിക്കുവാൻ കടപ്പെട്ടിരിക്കുന്ന അതേ ദൈവവചനം അനുദിനം വായിക്കുകയും ധ്യാനിക്കുകയും വേണം (1 തിമോ 4:15-16). വചനം പഠിപ്പിക്കുന്നവൻ ആദ്യം വചനത്താൽ പഠിപ്പിക്കപ്പെടണം. വച നം പ്രഘോഷിക്കുന്നവൻ ആദ്യം വചനത്താൽ പരിവർത്തിതനാകണം.

നിർഭാഗ്യവശാൽ, സഭാശുശ്രൂഷകരിൽ പലരുടെയും അധ്യാപനം ചില അടിസ്ഥാന വേദതത്വങ്ങളും ബൈബിൾ കഥകളും ആവർത്തിക്കുന്ന തിൽ ഒതുങ്ങിനിൽക്കുന്നതായി കാണാം. അവർ പഠിപ്പിക്കുന്നത് അനു ഭവിച്ചറിഞ്ഞ സത്യമാണോ എന്ന ചോദ്യം ചിലപ്പോൾ ഉയരാറുണ്ട്. ദൈ വവചനം വിശദീകരിക്കുകയും ആവർത്തിക്കുകയും ചെയ്യുന്നതു മാ ത്രം പോരാ; അതിന്റെ ആന്തരിക അനുഭവത്തിലേക്ക് ശിഷ്യരെ നയി ക്കാനും കഴിയണം. വചനം സ്വന്തം ഹൃദയത്തിൽ ഉണർത്തിയ ആത്മീ യാനുഭവത്തിലേക്കുതന്നെ മറ്റുള്ളവരെയും നയിക്കുമ്പോഴാണ് യഥാർ ത്ഥ വചനശുശ്രൂഷ നടക്കുന്നത്.

"കുഞ്ഞുങ്ങൾ അപ്പം ചോദിക്കുന്നു; എന്നാൽ അത് കൊടുക്കുവാൻ ആരുമില്ല" എന്ന വിലാപം നമ്മുടെ കാലത്തും കേൾക്കാതിരിക്കട്ടെ. വിശ്വാസികളുടെ ആത്മീയ വിശപ്പിന് ഉത്തരം നൽകേണ്ടത് ജീവിക്കുന്ന ദൈവവചനമാണ്. അതുകൊണ്ട് വചനവും ജീവിതസാക്ഷ്യവും അഭേ

ദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. രക്ഷകനായ യേശുക്രിസ്തുവിന്റെ സന്ദേശം പ്രഘോഷിക്കുന്നവർക്ക് ജീവിതസാക്ഷ്യത്തിലൂടെ മാത്രമേ വിശ്വാസ്യത കൈവരിക്കാനാകൂ. നാം ഏതാനും നിർവചനങ്ങളുടെ അന്ധരക്ഷകരല്ല; ഭൗതികതലത്തിൽ ചില ആദർശങ്ങളും ആശയങ്ങളും പ്രചരിപ്പിക്കുന്നവരുമല്ല. സുവിശേഷസത്യങ്ങളെ ജീവിതത്തിൽ സമന്വയിപ്പിക്കുകയും അവയെ ജീവിച്ചുകാണിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ ദൗത്യം. സുവിശേഷ ആദർശങ്ങൾ ആഴത്തിൽ പ്രതിഫലിപ്പിക്കുന്ന ജീവിതശൈലിയുള്ളവരെയാണ് സഭ ഇന്ന് അന്വേഷിക്കുന്നത്.

ഗുരുവിന്റെ ആത്മീയ പ്രഭാവലയത്തിനുള്ളിൽ ശിഷ്യർക്ക് ശരിയായ ജീവിതദർശനം ലഭിക്കുന്നു. അതുപോലെ, ദൈവവചനത്തിൽ ജീവിക്കുന്ന വൈദികന്റെ ജീവിതം വിശ്വാസികൾക്ക് വഴികാട്ടിയായി മാറുന്നു. വചനം അധരങ്ങളിൽ മാത്രം അല്ല, ജീവിതത്തിൽ മുഴങ്ങുമ്പോഴാണ് അത് ലോകത്തെ പരിവർത്തനം ചെയ്യാനുള്ള ശക്തിയായി മാറുന്നത്.

3.3.8. അധ്യാപകർ: അറിവിന്റെ ആചാര്യന്മാർ

C 130. "വിദ്യാഭവനത്തിലെ അധ്യാപകർ: സ്വഭാവശുദ്ധിയുള്ളവരും വിശുദ്ധ ഗ്രന്ഥത്തിൽ അവഗാഹമുള്ളവരും വ്യക്തിപരമായ ജീവിതത്തിൽ ഉത്തമദൃഷ്ടാന്തം നൽകുന്നവരുമായിരിക്കണം. നിരന്തരമായ പഠനത്തിനുവേണ്ട തപസ്യയും ശിക്ഷണവും ദിവ്യജ്ഞാനത്തോടുണ്ടാകേണ്ട ആരാധനാഭാവമായി അവർ കാണണം. അവരുടെ പ്രത്യേക വിജ്ഞാനമേഖലകളിൽ പാണ്ഡിത്യം പുലർത്തുവാനും ഗവേഷണങ്ങൾ കാര്യമായി തുടർന്നുകൊണ്ടിരിക്കുവാനും അവർ ഔത്സുക്യം പ്രദർശിപ്പിക്കേണ്ടതാണ്. എങ്കിൽ മാത്രമേ തങ്ങളുടെ അറിവ് ആഴപ്പെടുത്തുവാനും തിരുസഭാസേവനാർത്ഥം വിശുദ്ധ ശാസ്ത്രശാഖകൾക്ക് പുരോഗതി കൈവരുത്തുവാനും അവർക്ക് കഴിയൂ. നമ്മുടെ രാജ്യത്തിലെ സജീവ പ്രശ്നങ്ങളും ജീവിതയാഥാർത്ഥ്യങ്ങളുമായി ദൈവവചനം പ്രസക്തമാംവിധം അവതരിപ്പിക്കുവാനും അവർക്ക് കഴിയണം."

ഒരു വിദ്യാഭവനത്തിന്റെ മഹത്വം അതിന്റെ കെട്ടിടങ്ങളിലോ സൗകര്യങ്ങളിലോ അല്ല; അതിന്റെ അധ്യാപകരിലാണ്. ഒരു വിത്ത് നല്ല മണ്ണിൽ വീണാൽ മാത്രമേ മുളച്ചു വളരുകയുള്ളൂ. അതുപോലെ, ഒരു ദൈവവിളി നല്ല ഗുരുവിന്റെ മാർഗനിർദേശത്തിൽ മാത്രമേ ശരിയായ രൂപം പ്രാപിക്കുകയുള്ളൂ. അതുകൊണ്ടുതന്നെ നമ്മുടെ നിയമാവലി C 130 അധ്യാപകരുടെ മഹത്തായ ദൗത്യത്തെ വ്യക്തമായി അവതരിപ്പിക്കുന്നു.

നിയമാവലി ആദ്യം ചൂണ്ടിക്കാണിക്കുന്നത്, അധ്യാപകർ സ്വഭാവശുദ്ധിയുള്ളവരും വിശുദ്ധ ഗ്രന്ഥത്തിൽ അവഗാഹമുള്ളവരും വ്യക്തിപരമായ

ജീവിതത്തിൽ ഉത്തമദൃഷ്ടാന്തം നൽകുന്നവരുമായിരിക്കണമെന്നാണ്. ഇവിടെ ശ്രദ്ധേയമായ ഒരു ക്രമമുണ്ട്: ആദ്യം സ്വഭാവം, പിന്നെ വിജ്ഞാനം, തുടർന്ന് ജീവിതസാക്ഷ്യം. അറിവ് മാത്രം ഒരു നല്ല അധ്യാപകനെ സൃഷ്ടിക്കുകയില്ല. ജീവിതം പഠിപ്പിക്കുന്ന സത്യങ്ങൾക്ക് സാക്ഷ്യം വഹിക്കുമ്പോഴാണ് അധ്യാപനം വിശ്വസനീയമാകുന്നത്. വിദ്യാർത്ഥികൾ കേൾക്കുന്നതിനെക്കാൾ കൂടുതൽ കാണുന്നതിൽ നിന്നാണ് പഠിക്കുന്നത്. ഒരു അധ്യാപകന്റെ പ്രാർത്ഥനാശീലം, വിനയം, സത്യസന്ധത, സമർപ്പണം എന്നിവയാണ് അദ്ദേഹത്തിന്റെ ഏറ്റവും ശക്തമായ പാഠപുസ്തകം.

നിയമാവലി തുടർന്നു ഓർമ്മിപ്പിക്കുന്നത്, നിരന്തരമായ പഠനത്തിനു വേണ്ട തപസ്യയും ശിക്ഷണവും ദിവ്യജ്ഞാനത്തോടുള്ള ആരാധനാഭാവമായി കാണണമെന്നാണ്. പഠനം ഒരു തൊഴിൽപരമായ ആവശ്യകത മാത്രമല്ല; അത് ഒരു ആത്മീയ അനുഷ്ഠാനമാണ്. ദൈവത്തെ കൂടുതൽ അറിയാനുള്ള ദാഹത്തിൽ നിന്നുയരുന്ന പഠനം ഒരു പ്രാർത്ഥനയുടെ രൂപം കൈക്കൊള്ളുന്നു. അപ്പോൾ ഗവേഷണം വെറും ബൗദ്ധിക അഭ്യാസമല്ല; സത്യത്തോടുള്ള ഭക്തിപൂർവമായ അന്വേഷണം കൂടിയാണ്. അതിനാൽ അധ്യാപകർ അവരുടെ വിജ്ഞാനമേഖലകളിൽ പാണ്ഡിത്യം പുലർത്തുകയും ഗവേഷണം തുടർന്നുകൊണ്ടിരിക്കുകയും വേണം. അറിവ് നിശ്ചലമായാൽ അത് ക്ഷയിക്കുന്നു; എന്നാൽ നിരന്തര പഠനവും ഗവേഷണവും അതിനെ ആഴപ്പെടുത്തുകയും നവീകരിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ വളരുന്ന വിജ്ഞാനം വ്യക്തിപരമായ നേട്ടത്തിനുവേണ്ടി മാത്രമല്ല, തിരുസഭയുടെ ശുശ്രൂഷയ്ക്കും വിശുദ്ധ ശാസ്ത്രശാഖകളുടെ പുരോഗതിക്കുമാണ്. പഠനം തുടരുന്ന അധ്യാപകനാണ് വിദ്യാർത്ഥികളിൽ പഠനസ്നേഹവും അന്വേഷണത്വരയും ഉണർത്തുന്നത്.

നിയമാവലിയുടെ മറ്റൊരു പ്രധാന നിർദ്ദേശം, നമ്മുടെ രാജ്യത്തിലെ സജീവ പ്രശ്നങ്ങളോടും ജീവിതയാഥാർത്ഥ്യങ്ങളോടും ബന്ധപ്പെട്ട് ദൈവവചനം പ്രസക്തമായി അവതരിപ്പിക്കണമെന്നതാണ്. ദൈവവചനം ചരിത്രത്തിന്റെ താളുകളിൽ മാത്രം ഒതുങ്ങിനിൽക്കേണ്ടതല്ല; അത് ഇന്നത്തെ മനുഷ്യന്റെ ജീവിതത്തോടും വെല്ലുവിളികളോടും സംവദിക്കണം. ദാരിദ്ര്യം, സാമൂഹിക അനീതി, മതസൗഹാർദ്ദം, യുവജനങ്ങളുടെ പ്രതിസന്ധികൾ, കുടുംബജീവിതത്തിലെ വെല്ലുവിളികൾ എന്നിവയുടെ പശ്ചാത്തലത്തിൽ ദൈവവചനത്തിന്റെ പ്രകാശം എങ്ങനെ പ്രായോഗികമാകുന്നു എന്ന് പഠിപ്പിക്കുവാൻ അധ്യാപകർക്ക് കഴിയണം. അ

പ്പോഴാണ് വിദ്യാർത്ഥികൾ ഭാവിയിലെ ശുശ്രൂഷയിൽ പ്രസക്തരും ഫല ദായകരുമായ നേതാക്കളായി വളരുന്നത്.

ഈ നിയമം നമ്മെ പഠിപ്പിക്കുന്നത്, അധ്യാപകൻ അറിവിന്റെ വാഹകൻ മാത്രമല്ല, ജ്ഞാനത്തിന്റെ ദീപസ്തംഭമാണെന്നതാണ്. അദ്ദേഹം പാഠ ങ്ങൾ പകർന്നു നൽകുന്നവൻ മാത്രമല്ല; വ്യക്തിത്വങ്ങൾ രൂപപ്പെടുത്തു ന്നവനാണ്. വാക്കുകളിലൂടെ മാത്രമല്ല, ജീവിതത്തിലൂടെയാണ് അദ്ദേ ഹം പഠിപ്പിക്കുന്നത്. സ്വഭാവത്തിൽ വിശുദ്ധരും, പഠനത്തിൽ ആഴമുള്ള വരും, ഗവേഷണത്തിൽ ആത്മാർത്ഥരുമായ അധ്യാപകർ നമ്മുടെ വിദ്യാഭവനങ്ങളിൽ വളർന്നുവരട്ടെ. അവരുടെ ജീവിതവും വിജ്ഞാന വും ശിഷ്യന്മാരുടെ ഹൃദയങ്ങളിൽ പ്രകാശം പകരട്ടെ. അപ്പോൾ നമ്മുടെ വിദ്യാഭവനങ്ങൾ വെറും പഠനകേന്ദ്രങ്ങൾ മാത്രമല്ല, സഭയ്ക്കും സമൂഹ ത്തിനും ദിശയും ദർശനവും നൽകുന്ന പ്രകാശകേന്ദ്രങ്ങളായി മാറും.

3.3.9. ഉപരിപഠനം: ഒരു നിയോഗം

D 76 (b) "പഠനത്തിനായി വിദേശത്തേക്ക് അയക്കപ്പെടുന്ന നമ്മുടെ സഹോദരന്മാർക്ക് അവരുടെ പഠനവിഷയം, നാലുവർഷത്തിൽ കവിയാ തെയുള്ള പഠനകാലം മറ്റു വിശദാംശങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ട് വ്യക്തമായ നിർദ്ദേശങ്ങൾ നൽകണം.

(c) ഉപരിപഠനത്തിനു മറ്റു കാര്യങ്ങൾക്കോ വേണ്ടി വിദേശത്തേക്ക് നമ്മുടെ സഹോദരന്മാരെ അയക്കുന്നതിനു മുമ്പ് തന്റെ കൗൺസിലി ന്റെ സമ്മതത്തോടെ പ്രൊവിൻഷ്യൽ നൽകുന്ന ശുപാർശയോടെ പ്രി യോർ ജനറാൾ തന്റെ കൗൺസിലിന്റെ സമ്മതത്തോടുകൂടി അനുമതി നൽകിയിരിക്കണം.

(d) നമ്മുടെ സഹോദരന്മാർ താമസിക്കുവാനുള്ള സ്ഥലത്തെ രൂപതാ ദ്ധ്യക്ഷനെ വിവരം മുൻകൂട്ടി അറിയിക്കണം.

(e) പഠനത്തിനുവേണ്ടി ഒരാളെ വിദേശത്തേക്ക് അയക്കുവാൻ തീരു മാനിക്കുന്നതിനു മുമ്പ് താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് മേൽ ശ്രേഷ്ഠന് ബോദ്ധ്യം വന്നിരിക്കണം. ബന്ധപ്പെട്ട പഠനം നടത്തുവാൻ ആവശ്യമായ പ്രാപ്തിയുണ്ടായിരിക്കണം. കഴിഞ്ഞ കാലത്ത് നിർവഹി ച്ച കാര്യങ്ങളുടെ വെളിച്ചത്തിൽ ഈ കഴിവ് വസ്തുനിഷ്ഠമായി വിലയി രുത്തിയിരിക്കുകയും ചെയ്യണം. അതിനുവേണ്ടി ചുമതലപ്പെടുത്തിയ ഒരു പ്രത്യേക കമ്മറ്റിയോ, പ്രത്യേക കഴിവുള്ള ഏതാനും പേർ തനിച്ചോ ഇക്കാര്യത്തെപ്പറ്റിയുള്ള അഭിപ്രായം എഴുതി അറിയിക്കേണ്ടതാണ്. എ

ന്നാൽ, അവസാന തീരുമാനമെടുക്കേണ്ടത് തന്റെ കൗൺസിലിന്റെ സമ്മതത്തോടുകൂടി മേൽ ശ്രേഷ്ഠനാണ്.

(f) താമസസ്ഥലത്തിന്റെ മാറ്റം, ഒഴിവുകാല പരിപാടികൾ ഒരു ഭൂഖണ്ഡത്തിൽ നിന്നും മറ്റൊന്നിലേയ്ക്കുള്ള യാത്ര എന്നിവയ്ക്ക് മേൽശ്രേഷ്ഠന്റെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമാണ്. പഠന വിഷയത്തിൽ മാറ്റം വരുത്തണമെങ്കിൽ തന്റെ കൗൺസിലിന്റെ സമ്മതത്തോടുകൂടി മേൽശ്രേഷ്ഠൻ നൽകുന്ന മുൻകൂറായിട്ടുള്ള അനുമതി ആവശ്യമാണ്. താമസിക്കാനുള്ള നിശ്ചിത കാലാവധി നീട്ടികിട്ടണമെങ്കിൽ തന്റെ കൗൺസിലിന്റെ സമ്മതത്തോടുകൂടിയുള്ള പ്രൊവിൻഷ്യലിന്റെ ശുപാർശയിൻമേൽ തന്റെ കൗൺസിലിന്റെ സമ്മതത്തോടെ പ്രിയോർ ജനറാൾ നൽകുന്ന അനുമതി ആവശ്യമാണ്.

(g) പഠനത്തിനോ മറ്റു നിർദിഷ്ട ചുമതലകൾക്കോ ആയി വിദേശത്ത് താമസിക്കുന്ന നമ്മുടെ സഹോദരന്മാർ തങ്ങളുടെ ജീവിതം, ജോലി, പഠനം, ഓരോ സെമസ്റ്ററിനും കിട്ടിയ മാർക്കുകൾ, വരവുചെലവുകളുടെ മാസം തോറുമുള്ള കണക്കുകൾ, മറ്റിതുപോലുള്ള കാര്യങ്ങൾ എന്നിവയെപ്പറ്റി മൂന്നുമാസത്തിലൊരിക്കൽ ബന്ധപ്പെട്ട ശ്രേഷ്ഠനെ കൃത്യമായി അറിയിച്ചു കൊണ്ടിരിക്കണം. സ്ഥലത്തോ സമീപപ്രദേശങ്ങളിലോ താമസിക്കുന്ന നമ്മുടെ സഹോദരന്മാരുമായി അവർ അടുത്ത ബന്ധം പുലർത്തുകയും വേണം. സ്വന്തം പഠനത്തിനോ ഔദ്യോഗിക കൃത്യങ്ങൾക്കോ തടസ്സമാകുന്ന യാതൊരു ചുമതലകളോ ജോലികളോ ഏറ്റെടുത്തു നടത്താതിരിക്കാനും ശ്രദ്ധയുള്ളവരായിരിക്കണം."

വിദേശപഠനത്തെക്കുറിച്ചുള്ള നമ്മുടെ നിയമാവലിയിലെ നിർദ്ദേശങ്ങൾ വെറും ഭരണനടപടികൾ മാത്രമല്ല; സന്യാസജീവിതത്തിലെ ഉത്തരവാദിത്വം, അനുസരണം, സമൂഹബോധം, ദൗത്യനിഷ്ഠ എന്നിവയുടെ ആഴമേറിയ പ്രകടനമാണ്. അറിവ് സമ്പാദിക്കുന്നതിനുള്ള അവസരമായി മാത്രമല്ല, സഭയ്ക്കും സന്യാസകുടുംബത്തിനും വേണ്ടി സ്വയം ഒരുക്കുന്ന ഒരു ദൗത്യമായിട്ടാണ് ഈ നിയമം ഉപരിപഠനത്തെ കാണുന്നത്.

പഠനത്തിനായി വിദേശത്തേക്ക് അയക്കപ്പെടുന്ന സഹോദരന്മാർക്ക് അവരുടെ പഠനവിഷയം, പഠനകാലാവധി, മറ്റ് ആവശ്യമായ നിർദ്ദേശങ്ങൾ എന്നിവ മുൻകൂട്ടി വ്യക്തമായി നൽകണമെന്ന് നിയമം നിർദ്ദേശിക്കുന്നു. ഇത് വളരെ പ്രധാനപ്പെട്ട ഒരു തത്വത്തെ സൂചിപ്പിക്കുന്നു: സന്യാസിയുടെ ജീവിതത്തിൽ സ്വാതന്ത്ര്യം ലക്ഷ്യബോധത്തോടുകൂടിയതായിരിക്കണം. വിദേശപഠനം വ്യക്തിപരമായ താൽപര്യങ്ങളുടെ പൂർത്തീകരണമല്ല; സഭയുടെ ആവശ്യങ്ങൾക്കും സന്യാസസമൂഹത്തിന്റെ ഭാവി

ദൗത്യങ്ങൾക്കും വേണ്ടിയുള്ള ഒരു ഒരുക്കമാണ്. അതിനാൽ പഠനത്തിന്റെ ലക്ഷ്യവും കാലപരിധിയും ഉത്തരവാദിത്വങ്ങളും ആരംഭത്തിൽ തന്നെ വ്യക്തമായിരിക്കണം.

നിയമാവലി തുടർന്ന് വ്യക്തമാക്കുന്നത്, ഉപരിപഠനത്തിനോ മറ്റ് പ്രത്യേക ആവശ്യങ്ങൾക്കോ വേണ്ടി വിദേശത്തേക്ക് പോകുന്നതിനു മുമ്പ് ആവശ്യമായ അധികാരികളുടെ അനുമതി ലഭിച്ചിരിക്കണമെന്നാണ്. പ്രൊവിൻഷ്യലിന്റെ ശുപാർശയും പ്രയോർ ജനറാളിന്റെയും അവരുടെ കൗൺസിലുകളുടെയും അംഗീകാരവും ആവശ്യമാണ്. ഇതിലൂടെ സന്യാസജീവിതത്തിലെ അനുസരണത്തിന്റെ പ്രാധാന്യം വെളിപ്പെടുന്നു. ഒരു സന്യാസി ഒറ്റയ്ക്കല്ല ജീവിക്കുന്നത്; സമൂഹത്തിന്റെ ഭാഗമായി, സഭയുടെ ദൗത്യത്തിന്റെ ഭാഗമായി ജീവിക്കുന്നു. അതിനാൽ അദ്ദേഹത്തിന്റെ ഓരോ നിയോഗവും വ്യക്തിപരമായ ആഗ്രഹത്തേക്കാൾ വലിയ ഒരു സമൂഹ ഉത്തരവാദിത്വവുമായി ബന്ധപ്പെട്ടിരിക്കുന്നു.

വിദേശത്ത് താമസിക്കുന്ന സ്ഥലത്തെ രൂപതാദ്ധ്യക്ഷനെ മുൻകൂട്ടി അറിയിക്കണമെന്ന നിർദ്ദേശം സഭാസാഹോദര്യത്തിന്റെ മറ്റൊരു മനോഹരമായ പ്രകടനമാണ്. സന്യാസസമൂഹവും പ്രാദേശിക സഭയും തമ്മിലുള്ള പരസ്പര ബഹുമാനവും സഹകരണവും ഇതിലൂടെ ഉറപ്പാക്കപ്പെടുന്നു.

വിദേശപഠനത്തിനായി ഒരാളെ തിരഞ്ഞെടുക്കുന്നതിന് മുമ്പ് അദ്ദേഹത്തിന്റെ ബൗദ്ധിക കഴിവും പഠനയോഗ്യതയും വസ്തുനിഷ്ഠമായി വിലയിരുത്തണമെന്ന് നിയമം ആവശ്യപ്പെടുന്നു. ഇതിനായി പ്രത്യേക കമ്മിറ്റിയുടെയോ വിദഗ്ധരുടെയോ അഭിപ്രായം തേടണം. ഈ വ്യവസ്ഥ ഒരു സുപ്രധാന സത്യം ഓർമ്മിപ്പിക്കുന്നു: ഉപരിപഠനം ഒരു അവകാശമല്ല, മറിച്ച് കഴിവും യോഗ്യതയും ഉത്തരവാദിത്വബോധവും തെളിയിച്ചവർക്ക് നൽകപ്പെടുന്ന ഒരു ദൗത്യമാണ്. വ്യക്തിപരമായ താൽപര്യത്തേക്കാൾ സഭയുടെ നന്മയും ദൗത്യാവശ്യങ്ങളും ഇവിടെ മാനദണ്ഡമാകുന്നു.

വിദേശത്ത് താമസിക്കുന്ന കാലയളവിൽ ജീവിതശൈലി, പഠനം, ജോലികൾ, സാമ്പത്തിക കാര്യങ്ങൾ എന്നിവയിൽ ഉത്തരവാദിത്വം പുലർത്തണമെന്നും നിയമം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. താമസസ്ഥലം മാറ്റുക, പഠനവിഷയം മാറ്റുക, ദീർഘയാത്രകൾ നടത്തുക, പഠനകാലാവധി നീട്ടുക തുടങ്ങിയ കാര്യങ്ങൾക്ക് മുൻകൂർ അനുമതി ആവശ്യമാണ്. ഇത് നിയന്ത്രണത്തിന്റെ പേരിലുള്ള ഒരു വ്യവസ്ഥയല്ല; മറിച്ച് സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കാനുള്ള ഒരു സംവിധാനമാണ്.

ഓരോ മൂന്നുമാസത്തിലും ജീവിതം, പഠനം, പരീക്ഷാഫലങ്ങൾ, സാമ്പത്തിക സ്ഥിതി എന്നിവയെക്കുറിച്ച് ബന്ധപ്പെട്ട മേൽശ്രേഷ്ഠനെ കൃത്യമായി അറിയിക്കണമെന്നും നിയമം നിർദ്ദേശിക്കുന്നു. ഇതിലൂടെ വിദേശത്തായിരിക്കുമ്പോഴും സന്യാസി തന്റെ സമൂഹവുമായി സജീവബന്ധത്തിൽ തുടരണം എന്ന ആശയം ശക്തിപ്പെടുന്നു. ഭൗതിക അകലം സമൂഹബന്ധത്തെ ദുർബലമാക്കരുത്. അതുകൊണ്ടുതന്നെ സമീപപ്രദേശങ്ങളിൽ താമസിക്കുന്ന മറ്റു സഹോദരന്മാരുമായി ബന്ധം നിലനിർത്താനും നിയമം ആവശ്യപ്പെടുന്നു.

അതിനോടൊപ്പം, സ്വന്തം പഠനത്തിനോ ഔദ്യോഗിക ദൗത്യത്തിനോ തടസ്സമാകുന്ന അധിക ജോലികളോ ചുമതലകളോ ഏറ്റെടുക്കാതിരിക്കണമെന്നും നിയമം മുന്നറിയിപ്പ് നൽകുന്നു. പഠനത്തിനായി നിയോഗിക്കപ്പെട്ട ഒരാളുടെ പ്രധാന ഉത്തരവാദിത്വം പഠനവും സ്വയം രൂപീകരണവുമാണ്. ശ്രദ്ധ ചിതറിപ്പോകാതെ ലക്ഷ്യത്തിൽ ഉറച്ചുനിൽക്കാൻ ഈ നിർദ്ദേശം സഹായകമാകുന്നു.

ഈ നിയമം നമ്മെ പഠിപ്പിക്കുന്നത്, ഉപരിപഠനം ഒരു അക്കാദമിക നേട്ടം മാത്രമല്ല എന്നതാണ്. അത് വിശ്വാസത്തിന്റെ ഒരു നിയോഗമാണ്; സമൂഹം ഏൽപ്പിക്കുന്ന ഒരു ഉത്തരവാദിത്വമാണ്; സഭയുടെ ഭാവിക്കായി നടത്തുന്ന ഒരു നിക്ഷേപമാണ്. വിദേശത്തേക്ക് പോകുന്ന ഓരോ സഹോദരനും സ്വന്തം വ്യക്തിപരമായ വളർച്ചയ്ക്കുവേണ്ടി മാത്രമല്ല, സഭയ്ക്കും സന്യാസകുടുംബത്തിനും സമൂഹത്തിനും വേണ്ടി അറിവും അനുഭവവും സമ്പാദിക്കുവാനാണ് പോകുന്നത്.

അതുകൊണ്ട് വിദേശപഠനം അഭിമാനത്തിന്റെ അടയാളമല്ല, സേവനത്തിനുള്ള ഒരുക്കമാണ്. അത് പ്രത്യേക പദവിയല്ല, പ്രത്യേക ഉത്തരവാദിത്വമാണ്. അറിവിനായുള്ള ഈ യാത്ര അനുസരണത്തോടും വിനയത്തോടും ദൗത്യബോധത്തോടും കൂടെ പൂർത്തിയാകുമ്പോഴാണ് അതിന്റെ യഥാർത്ഥ ഫലം വെളിപ്പെടുന്നത്. അപ്പോൾ സമ്പാദിച്ച വിജ്ഞാനം വ്യക്തിയുടെ നേട്ടമായി മാത്രം നിലനിൽക്കാതെ സഭയുടെ വളർച്ചയ്ക്കും സമൂഹത്തിന്റെ നന്മയ്ക്കും ദൈവരാജ്യത്തിന്റെ വ്യാപനത്തിനും കാരണമാകുന്നു. ഉപരിപഠനത്തിനായി വിദേശത്തേക്ക് പോകുന്ന സന്യാസി അറിവ് തേടുന്ന ഒരു വിദ്യാർത്ഥി മാത്രമല്ല; സഭയുടെ ഭാവിക്കായി സ്വയം ഒരുക്കപ്പെടുന്ന ഒരു ദൗത്യശിഷ്യനാണ്.

(പ്രായോഗിക നിർദ്ദേശങ്ങൾ)

1) പഠനം തുടങ്ങുന്നതിനോ ജോലി ആരംഭിക്കുന്നതിനോ മുമ്പ് ഒരു മിനിറ്റ് നിശ്ശബ്ദമായി പ്രാർത്ഥിക്കുക.

2) പ്രതിദിനം കുറഞ്ഞത് പത്ത് മിനിറ്റെങ്കിലും ആത്മീയമോ പ്രചോദനാത്മകമോ ആയ ഒരു പുസ്തകം വായിക്കുക.

3) ദിവസത്തെ പ്രധാനപ്പെട്ട മൂന്ന് ലക്ഷ്യങ്ങൾ രാവിലെ തന്നെ എഴുതിവയ്ക്കുക. അവയ്ക്ക് മുൻഗണന നിശ്ചയിച്ച് ഏറ്റവും പ്രധാനപ്പെട്ടത് ആദ്യം പൂർത്തിയാക്കുക.

4) പഠനത്തിനോ ജോലിക്കോ തടസ്സമാകുന്ന മൊബൈൽ ഉപയോഗം പരമാവധി ഒഴിവാക്കുക.

5) ഓരോ ദിവസവും ലഭിക്കുന്ന പുതിയ അറിവുകൾ കുറിച്ചുവയ്ക്കുക.

(സമാപന പ്രാർത്ഥന)

സ്നേഹനിധിയായ ഈശോയേ, ഈ ധ്യാനത്തിലൂടെ ഞങ്ങളോടു സംസാരിച്ചതിന് നന്ദി. ഞങ്ങളുടെ സന്യാസജീവിതത്തിന്റെ മഹത്വവും ഉത്തരവാദിത്വവും ആഴത്തിൽ മനസ്സിലാക്കി, നിയമാവലിയെ വഴികാട്ടിയായി സ്വീകരിച്ച് പ്രാർത്ഥനയിലും പഠനത്തിലും ശുശ്രൂഷയിലും ആത്മാർത്ഥതയോടെ വളരുവാൻ ഞങ്ങളെ സഹായിക്കണമേ. ഞങ്ങൾ പഠിക്കുന്ന സത്യങ്ങൾ ജീവിതത്തിൽ പ്രവൃത്തിയായും സാക്ഷ്യമായും പ്രതിഫലിക്കട്ടെ. തിരുവചനത്തിൽ ആഴപ്പെടുവാനും, സന്യാസപാരമ്പര്യത്തിൽ വേരൂന്നുവാനും, ഏൽപ്പിക്കപ്പെട്ട ദൗത്യം വിശ്വസ്തതയോടെ നിറവേറ്റുവാനും ജ്ഞാനവും ശക്തിയും വിനയവും നൽകണമേ. ഞങ്ങളുടെ ജീവിതം അങ്ങയുടെ സ്നേഹത്തിന്റെയും സത്യത്തിന്റെയും ദയയുടെയും ജീവനുള്ള സാക്ഷ്യമാകട്ടെ. ഇവയെല്ലാം ഞങ്ങളുടെ കർത്താവായ ഈശോമിശിഹാവഴി അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

3.4
പഠനമുറി:
ജപമാല – മഹിമയുടെ രഹസ്യങ്ങൾ

(ആമുഖ പ്രാർത്ഥന)

ജ്ഞാനത്തിന്റെയും സത്യത്തിന്റെയും ഉറവിടമായ ദൈവമേ, അങ്ങയുടെ സന്നിധിയിലേക്ക് ഞങ്ങൾ വിനയപൂർവം വരുന്നു. ഞങ്ങളുടെ മനസ്സിനെയും ഹൃദയത്തെയും പരിശുദ്ധാത്മാവിന്റെ പ്രകാശത്താൽ നിറച്ച് സത്യത്തെയും നന്മയെയും സൗന്ദര്യത്തെയും അന്വേഷിക്കുവാൻ ഞങ്ങളെ നയിക്കണമേ.

ഞങ്ങൾ വായിക്കുന്ന പുസ്തകങ്ങളും പഠിക്കുന്ന വിഷയങ്ങളും നേടുന്ന അറിവുകളും ഞങ്ങളുടെ ബൗദ്ധികവളർച്ചയ്ക്കു മാത്രമല്ല, ആത്മീയപക്വതയ്ക്കും ഉപകരിക്കട്ടെ. സത്യത്തെ അസത്യത്തിൽനിന്നും, നന്മയെ തിന്മയിൽനിന്നും, ശാശ്വതമായ മൂല്യങ്ങളെ ക്ഷണിക ആകർഷണങ്ങളിൽനിന്നും വിവേചിച്ചറിയാനുള്ള ജ്ഞാനവും വിവേകവും ഞങ്ങൾക്ക് നൽകണമേ. ഈ ജപമാലയിലൂടെ അങ്ങയുടെ ജ്ഞാനത്തിൽ വളരുവാനും ഞങ്ങളുടെ പഠനത്തെ അങ്ങയുടെ മഹത്വത്തിനായി സമർപ്പിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ. ആമ്മേൻ.

1) ഒന്നാം രഹസ്യം: യേശുവിന്റെ ഉയിർപ്പ് (യോഹ 20:1–18)

ധ്യാനം: സത്യം എന്നും ജീവൻ നൽകുന്നു. യേശുവിന്റെ ഉയിർപ്പ് സത്യത്തിന്റെ അന്തിമവിജയമാണ്. മരണത്തിനോ അസത്യത്തിനോ ഒരിക്കലും അവസാനവാക്കില്ലെന്ന് ഉയിർപ്പ് പ്രഖ്യാപിക്കുന്നു. അതുപോലെ നമ്മുടെ മനസ്സിനെ സത്യത്തിൽനിന്ന് അകറ്റുന്ന തെറ്റായ ആശയങ്ങളും അധാർമ്മികമായ വായനകളും അനാരോഗ്യകരമായ ഡിജിറ്റൽ സ്വാധീനങ്ങളും ആത്മീയജീവിതത്തെ ക്രമേണ ക്ഷയിപ്പിക്കുന്നു. നാം വായിക്കുന്നതും കാണുന്നതും കേൾക്കുന്നതും നമ്മുടെ ചിന്തകളെയും സ്വഭാവത്തെയും ജീവിതദർശനത്തെയും രൂപപ്പെടുത്തുന്നു. അതിനാൽ സത്യത്തിലേക്കും നന്മയിലേക്കും ദൈവത്തിലേക്കും നമ്മെ നയിക്കുന്ന അറിവുകളെ തിരഞ്ഞെടുക്കാൻ നാം ജാഗ്രത പാലിക്കണം.

പ്രാർത്ഥന: ഉയിർത്തെഴുന്നേറ്റ കർത്താവേ, അസത്യത്തിന്റെയും പാപത്തിന്റെയും ആത്മീയ ഇരുട്ടിൽനിന്ന് ഞങ്ങളെ മോചിപ്പിക്കണമേ. ഞങ്ങളുടെ മനസ്സിനെ സത്യത്തിന്റെ പ്രകാശത്താൽ നിറയ്ക്കുകയും ആത്മീയവളർച്ചയെ തടസ്സപ്പെടുത്തുന്ന എല്ലാ സ്വാധീനങ്ങളിൽനിന്നും ഞങ്ങളെ കാത്തുസൂക്ഷിക്കുകയും ചെയ്യണമേ.

2) രണ്ടാം രഹസ്യം: യേശുവിന്റെ സ്വർഗ്ഗാരോഹണം (അപ്പ 1:6–11)

ധ്യാനം: പഠനം മനസ്സിനെ ഉയരങ്ങളിലേക്ക് നയിക്കുന്നു. സ്വർഗ്ഗാരോഹണത്തിലൂടെ ക്രിസ്തു മനുഷ്യജീവിതത്തിന്റെ അന്തിമലക്ഷ്യം ദൈവസാന്നിധ്യമാണെന്ന് വെളിപ്പെടുത്തുന്നു. അതുപോലെ, യഥാർത്ഥ പഠനം വെറും തൊഴിൽനേട്ടത്തിനോ പ്രശസ്തിക്കോ വേണ്ടിയല്ല; സത്യത്തിലേക്കും ജ്ഞാനത്തിലേക്കും ദൈവത്തിലേക്കും നമ്മെ ഉയർത്തുന്നതിനായിരിക്കണം. നല്ല പുസ്തകങ്ങൾ മനസ്സിനെ പ്രകാശിപ്പിക്കുകയും ഹൃദയത്തെ വിശാലമാക്കുകയും ജീവിതത്തിന് ശരിയായ ദിശ നൽകുകയും ചെയ്യുന്നു. അറിവ് നമ്മെ കൂടുതൽ ജ്ഞാനികളാക്കുന്നതോടൊപ്പം ദൈവത്തെയും അവിടുത്തെ സൃഷ്ടിയെയും ആഴത്തിൽ അറിയാനും സ്നേഹിക്കാനും സഹായിക്കട്ടെ.

പ്രാർത്ഥന: കർത്താവേ, ഞങ്ങളുടെ പഠനത്തിന് ശരിയായ ലക്ഷ്യവും ദിശയും നൽകണമേ. സത്യവും നന്മയും വിശുദ്ധിയും വളർത്തുന്ന അറിവുകൾ തിരഞ്ഞെടുക്കുവാനും സമ്പാദിക്കുന്ന ജ്ഞാനം അങ്ങയുടെ മഹത്വത്തിനും മനുഷ്യസേവനത്തിനും ഉപയോഗിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

3) മൂന്നാം രഹസ്യം: പരിശുദ്ധാത്മാവിന്റെ ആഗമനം (അപ്പ 2:1–11)

ധ്യാനം: പരിശുദ്ധാത്മാവ് അപ്പസ്തോലന്മാരുടെ ഭയത്തെ ധൈര്യമായും അജ്ഞതയെ ജ്ഞാനമായും മാറ്റി. എല്ലാ യഥാർത്ഥ ജ്ഞാനത്തിന്റെയും ഉറവിടം ദൈവമാണ്. പഠനമുറി അറിവ് ശേഖരിക്കുന്ന സ്ഥലം മാത്രമല്ല; സത്യാന്വേഷണവും വിവേകത്തിന്റെ വളർച്ചയും ദൈവവിളിയോടുള്ള ഒരുക്കവും നടക്കുന്ന വിശുദ്ധ ഇടമാണ്. പ്രാർത്ഥനയും പഠനവും പരസ്പരം പൂരകങ്ങളാണ്. പ്രാർത്ഥനയില്ലാത്ത പഠനം അഹങ്കാരത്തിലേക്കും പഠനമില്ലാത്ത ഭക്തി അന്ധവിശ്വാസത്തിലേക്കും നയിക്കാനുള്ള സാധ്യതയുണ്ട്.

പ്രാർത്ഥന: പരിശുദ്ധാത്മാവേ, ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കുകയും ഓർമ്മശക്തിയെ ശക്തിപ്പെടുത്തുകയും വിവേചനബുദ്ധി നൽകുകയും ചെയ്യണമേ. പഠനത്തിലൂടെ സത്യത്തെ അന്വേഷിക്കാനും കണ്ടെത്തിയ സത്യത്തെ വിനയത്തോടെ ജീവിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

4) നാലാം രഹസ്യം: മാതാവിന്റെ സ്വർഗ്ഗാരോപണം (വെളി 12:1; സങ്കീ 45)

ധ്യാനം: മാതാവ് ദൈവവചനം കേട്ട് വിശ്വസിക്കുകയും ജീവിതത്തിൽ അത് പൂർണമായി അനുഷ്ഠിക്കുകയും ചെയ്തു. അതുകൊണ്ടാണ് അവൾ മഹത്വത്തിൽ പങ്കുചേർന്നത്. നമ്മുടെ മനസ്സിൽ പ്രവേശിക്കുന്ന വായനകളും ചിന്തകളും ആശയങ്ങളും ക്രമേണ നമ്മുടെ ജീവിതത്തെ രൂപപ്പെടുത്തുന്നു. അതുകൊണ്ട് മനസ്സിന്റെ ശുദ്ധി സംരക്ഷിക്കുന്നതും സത്യവും നന്മയും വളർത്തുന്ന വായനകൾ തിരഞ്ഞെടുക്കുന്നതും ആത്മീയജീവിതത്തിന്റെ അവിഭാജ്യഘടകമാണ്. ശുദ്ധമായ മനസ്സിലാണ് ദൈവത്തിന്റെ ജ്ഞാനം ഫലപ്രദമാകുന്നത്.

പ്രാർത്ഥന: അമ്മേ മാതാവേ, ദൈവവചനത്തോട് തുറന്ന മനസ്സും ശുദ്ധഹൃദയവും ഞങ്ങൾക്കു ലഭിക്കുവാൻ മാധ്യസ്ഥം വഹിക്കണമേ. ഞങ്ങൾ വായിക്കുന്നതും പഠിക്കുന്നതും ചിന്തിക്കുന്നതും ദൈവഹിതത്തിനനുസരിച്ചാകുവാൻ ഞങ്ങളെ സഹായിക്കണമേ.

5) അഞ്ചാം രഹസ്യം: മാതാവിന്റെ സ്വർഗ്ഗരാജ്ഞിയായുള്ള കിരീടധാരണം (വെളി 12:1)

ധ്യാനം: മാതാവിന്റെ മഹത്വം അറിവിലല്ല, ദൈവഹിതത്തോടുള്ള പൂർണ അനുസരണത്തിലാണ്. ലോകജ്ഞാനം അറിവ് നൽകുമ്പോൾ, ദൈവജ്ഞാനം വിശുദ്ധിയിലേക്ക് നയിക്കുന്നു. യഥാർത്ഥ വിദ്യാഭ്യാസം സത്യത്തെ തിരിച്ചറിഞ്ഞ് അതനുസരിച്ച് ജീവിക്കാനും അറിവിനെ വിനയത്തിലും സ്നേഹത്തിലും സേവനത്തിലും മാറ്റാനും നമ്മെ പഠിപ്പിക്കുന്നു.

പ്രാർത്ഥന: കർത്താവേ, ഞങ്ങളുടെ പഠനം അഹങ്കാരത്തിനല്ല, വിനയത്തിനും സേവനത്തിനും വിശുദ്ധിക്കും വഴിയൊരുക്കട്ടെ. ലോകജ്ഞാനത്തിലും ദൈവജ്ഞാനത്തിലും ഒരുപോലെ വളർന്ന് അങ്ങയുടെ വിശ്വസ്ത ശിഷ്യരായി ജീവിക്കുവാനുള്ള കൃപ ഞങ്ങൾക്ക് നൽകണമേ.

(സമാപന പ്രാർത്ഥന)

കരുണാനിധിയായ ദൈവമേ, ഞങ്ങളുടെ പഠനത്തെ വെറും വിവരശേഖരണമല്ല, സത്യാന്വേഷണവും വിശുദ്ധിയിലേക്കുള്ള യാത്രയുമാക്കി മാറ്റണമേ. ഞങ്ങൾ വായിക്കുന്നതും പഠിക്കുന്നതും ചിന്തിക്കുന്നതും തീരുമാനിക്കുന്നതും അങ്ങയുടെ പ്രകാശത്താൽ നയിക്കപ്പെടട്ടെ. അസത്യത്തിന്റെയും തിന്മയുടെയും എല്ലാ സ്വാധീനങ്ങളിൽനിന്നും ഞങ്ങളെ സംരക്ഷിക്കുകയും, സത്യത്തിലും വിവേകത്തിലും സ്നേഹത്തിലും വളരുവാൻ അനുഗ്രഹിക്കുകയും ചെയ്യണമേ. ഞങ്ങൾ സമ്പാദിക്കുന്ന അറിവ് അങ്ങയുടെ മഹത്വത്തിനും സഭയുടെ ശുശ്രൂഷയ്ക്കും സമൂഹത്തിന്റെ നന്മയ്ക്കും ഞങ്ങളുടെ ആത്മീയ വളർച്ചയ്ക്കും കാരണമാകട്ടെ.

അമ്മേ മാതാവേ, ബോധജ്ഞാനത്തിന്റെ സിംഹാസനമേ, ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥം വഹിക്കണമേ. വിശുദ്ധ യൗസേപ്പിതാവേ, പഠനത്തിലും ജോലിയിലും വിശ്വസ്തരായിരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ഇവയെല്ലാം ഞങ്ങളുടെ കർത്താവായ ഈശോമിശിഹായിലൂടെ അങ്ങയോടു അപേക്ഷിക്കുന്നു. ആമ്മേൻ.

4
നാലാം ദിവസം: സ്വകാര്യമുറിയും ഉല്ലാസമുറിയും

4.0
വചനസന്ദേശം

(വിശുദ്ധ കുർബാനയ്ക്കുള്ള വചന വായനകൾ)
ലേഖനം: 1 കോറി 6:13-20
സുവിശേഷം: യോഹ 6:51-58

4.0.1. നിലനിൽപ്പിന്റെ അപ്പവും മധുരവും

പുരാതന ഗ്രീസിൽ പ്രസിദ്ധരായ കവികളെയും വാഗ്മികളെയും തത്വ ജ്ഞാനികളെയും പരിശീലിപ്പിച്ചിരുന്ന ആഥൻസിലെ ഒരു പ്രശസ്ത ക ലാലയത്തിൽ, പരിശീലനത്തിന്റെ അവസാന പരീക്ഷയിൽ പരീക്ഷകൻ തന്റെ കയ്യിൽ ഒരു പിടി ഗോതമ്പ് കതിരുകൾ പിടിച്ചുകൊണ്ട് ഡെമോ സ്തനീസിനോട് ചോദിച്ചു: "ഇത് എന്താണ്?" അദ്ദേഹം മറുപടി പറ ഞ്ഞു: "ഇത് തലമുറകളുടെ നിലനിൽപ്പിന്റെ അപ്പമാണ്." പിന്നീട് ഒരു മുന്തിരിക്കുല കാട്ടിക്കൊണ്ട് അതേ ചോദ്യം വീണ്ടും ചോദിച്ചു: "ഇത് എന്താണ്?" അദ്ദേഹം മറുപടി നൽകി: "ഇത് തലമുറകളുടെ നിലനിൽ പ്പിന്റെ മധുരമാണ്."

ഡെമോസ്തനീസ് ഗോതമ്പ് കതിരുകളെക്കുറിച്ചും മുന്തിരിക്കുലയെക്കു റിച്ചും പറഞ്ഞ ഈ വാക്കുകൾ വിശുദ്ധ കുർബാനയെക്കുറിച്ച് എത്ര യോ അർത്ഥവത്താണ്. വിശുദ്ധ കുർബാനയാകുന്ന സ്വർഗീയ മന്ന തല മുറകളുടെ നിലനിൽപ്പിന്റെ അപ്പവും മധുരവുമാണ്. സഭയുടെ ജീവശ ക്തിയും നിലനിൽപ്പിന്റെയും ഉറവിടം വിശുദ്ധ കുർബാനയാണ്. ഓരോ ക്രിസ്ത്യാനിയും കത്തോലിക്കാ വിശ്വാസത്തിൽ നിലനിൽക്കുന്നത് വി ശുദ്ധ കുർബാനയുടെ ശക്തിയാലാണ്. കത്തോലിക്കാ സഭ വിശുദ്ധ കുർബാനയുടെ സഭയാണ്. അതുകൊണ്ടുതന്നെയാണ് ഒരു കത്തോലി ക്കാ ദേവാലയത്തിന്റെ കേന്ദ്രഭാഗത്ത് വിശുദ്ധ കുർബാനയെ പ്രതിഷ്ഠി ച്ചിരിക്കുന്നത്. അതെ, വിശുദ്ധ കുർബാന നമ്മുടെ നിലനിൽപ്പിന്റെ അ പ്പവും മധുരവുമാണ്. ജീവിതത്തിൽ എന്തെല്ലാം പ്രതിസന്ധികളിലൂടെ നാം കടന്നുപോയാലും, അൾത്താരിയിലെ ഈ അപ്പത്തിന്റെ മാധുര്യം

നുകരാൻ കഴിഞ്ഞാൽ അവയെല്ലാം ധീരതയോടെ അഭിമുഖീകരിക്കാൻ നമുക്ക് കഴിയും.

ജീവിതത്തിൽ നാനാവിധത്തിലുള്ള വിശപ്പുകളെയും ദാഹങ്ങളെയും അഭിമുഖീകരിക്കുന്നവരാണ് നമ്മൾ. 1 രാജാ 19:1–8 വരെയുള്ള വാക്യങ്ങളിൽ ഏലിയാ പ്രവാചകന്റെ ജീവിതത്തിലുള്ള ദൈവത്തിന്റെ വലിയ കരുതലിനെ നാം കാണുന്നു. പ്രവാചകനായ ഏലിയാ ബാലിന്റെ പ്രവാചകരെ വധിച്ച് വലിയ വിജയം നേടി. ഈ വിവരം അറിഞ്ഞ ജെസെബെൽ രാജ്ഞി, "നാളെ ഈ നേരത്തിനു മുമ്പ് ഏലിയാവിനെ വധിക്കും" എന്ന് പ്രതിജ്ഞ ചെയ്തു. ഭയന്ന ഏലിയാ മരുഭൂമിയിലേക്ക് ഓടി. അവൻ വളരെ ക്ഷീണിതനായി ഒരു മരത്തിന്റെ കീഴിൽ ഇരുന്നു നിരാശനായി മരണത്തിനായി പ്രാർത്ഥിച്ചു: "കർത്താവേ, മതിയായി; എന്റെ ജീവൻ എടുത്തുകൊള്ളേണമേ." പിന്നെ അവിടെ തളർന്ന് ഉറങ്ങി. അപ്പോൾ ദൈവത്തിന്റെ ദൂതൻ അവനെ ഉണർത്തി പറഞ്ഞു: "എഴുന്നേറ്റ് ഭക്ഷിക്കൂ." അവന്റെ സമീപത്ത് ചുട്ട അപ്പവും വെള്ളവും ഉണ്ടായിരുന്നു. അവൻ ഭക്ഷിച്ച് വീണ്ടും ഉറങ്ങി. വീണ്ടും ദൂതൻ അവനെ ഉണർത്തി പറഞ്ഞു: "എഴുന്നേറ്റ് ഭക്ഷിക്കൂ; അല്ലെങ്കിൽ യാത്ര ദുഷ്കരമാകും." അവൻ ഭക്ഷിക്കുകയും കുടിക്കുകയും ചെയ്തു. ആ ഭക്ഷണത്തിന്റെ ശക്തിയിൽ അവൻ നാല്പത് ദിവസവും രാത്രികളും സഞ്ചരിച്ചു ദൈവത്തിന്റെ പർവതമായ ഹോറെബിലെത്തി.

ഈ സംഭവം നമ്മെ വിശുദ്ധ കുർബാനയിലേക്കാണ് നയിക്കുന്നത്. നമ്മളും പലപ്പോഴും ഏലിയായെപ്പോലെ ക്ഷീണിതരാകുന്നു—ഭയം, ആശങ്ക, നിരാശ, ആത്മീയ വരൾച്ച എന്നിവ നമ്മെ തളർത്തുന്നു. ജീവിതയാത്ര വളരെ ഭാരമുള്ളതായിത്തോന്നുന്ന നിമിഷങ്ങൾ ഉണ്ടാകുന്നു. അത്തരം സമയങ്ങളിൽ ദൈവം നമ്മെ ഉപേക്ഷിക്കുന്നില്ല. വിശുദ്ധ കുർബാനയിലൂടെ നമ്മെ പോഷിപ്പിക്കുന്നു. അത് നമ്മുടെ ജീവിതയാത്രയ്ക്കുള്ള ദൈവിക ശക്തിയാണ്. ഏലിയാക്ക് നൽകിയ അപ്പം പോലെ, വിശുദ്ധ കുർബാനയിൽ നമ്മൾ ക്രിസ്തുവിനെ തന്നെയാണ് സ്വീകരിക്കുന്നത്. അത് നമ്മുടെ ഉള്ളിലെ ക്ഷീണം മാറ്റി പുതുജീവൻ നൽകുന്നു; മുന്നോട്ട് പോകാനുള്ള ധൈര്യവും പ്രത്യാശയും നൽകുന്നു.

പലപ്പോഴും ദൈവം നമ്മുടെ പ്രശ്നങ്ങൾ ഉടനെ മാറ്റുമെന്ന് നാം പ്രതീക്ഷിക്കുന്നു. എന്നാൽ ഏലിയായുടെ അനുഭവത്തിൽ കാണുന്നതുപോലെ, ദൈവം ആദ്യം നമ്മെ ശക്തരാക്കുന്നു. വിശുദ്ധ കുർബാനയിലും അതുതന്നെയാണ് സംഭവിക്കുന്നത്. പുറം സാഹചര്യങ്ങൾ മാറാതിരുന്നാലും നമ്മുടെ ഉള്ളം മാറുന്നു. ഏലിയാ നാല്പത് ദിവസം സഞ്ചരിച്ചു

ദൈവസന്നിധിയിലെത്തി. അതുപോലെ, നമ്മുടെ ജീവിതവും ദൈവത്തിലേക്കുള്ള ഒരു യാത്രയാണ്. ആ യാത്രയിൽ വിശുദ്ധ കുർബാന നമ്മുടെ ആഹാരവും ശക്തിയും ജീവനും ആകുന്നു. അതുകൊണ്ട് നമ്മൾ ക്ഷീണിതരായാലും, വഴിമുട്ടിയാലും, നിരാശരായാലും ദൈവത്തിന്റെ ആഹ്വാനം നമ്മെ വീണ്ടും വിളിക്കുന്നു: "എഴുന്നേറ്റ് ഭക്ഷിക്കൂ; യാത്ര വളരെ ദൂരെയാണ്." വിശുദ്ധ കുർബാനയിൽ ദൈവം നമ്മെ ശക്തിപ്പെടുത്തുന്നു—മുന്നോട്ട് പോകാൻ വേണ്ടതെല്ലാം നൽകി, നിലനിൽപ്പിന്റെ അപ്പവും മധുരവുമായി മാറുന്നു.

എന്തിനായിരിക്കാം യേശു വിശുദ്ധ കുർബാനയിൽ അപ്പമായി മാറുന്നത്? മനുഷ്യരാശിയുടെ അന്തരാത്മാവിൽ എവിടെയോ വിശപ്പുമായി ബന്ധപ്പെട്ട ഒരു ഇടർച്ച ഒളിഞ്ഞുകിടപ്പുണ്ട്. ആദ്യമനുഷ്യനായ ആദം ഇടറിയത് വിലക്കപ്പെട്ട ഒരു കനിക്ക് വേണ്ടിയുള്ള വിശപ്പിലായിരുന്നു. ഏസാവ് ഇടറിയത് ഒരു കോപ്പ പായസത്തിനു വേണ്ടിയുള്ള വിശപ്പിലായിരുന്നു. ദാവീദ് ഇടറിയത് ശരീരത്തിന്റെ ആകർഷണത്തിനു വേണ്ടിയുള്ള വിശപ്പിലായിരുന്നു. ഈശോ പ്രലോഭിതനായത് അപ്പത്തിനുവേണ്ടിയുള്ള വിശപ്പിന് മുന്നിലായിരുന്നു.

വിശപ്പടക്കാൻവേണ്ടി വിലക്കപ്പെട്ട കനികൾക്കും, അർഹമല്ലാത്ത പായസക്കോപ്പകൾക്കും, വഴിതെറ്റിയ ശരീരാകർഷണങ്ങൾക്കും പിന്നാലെ പോയി ഇടറിവീഴുന്ന മനുഷ്യന്റെ വിശപ്പ് അകറ്റുന്ന സ്വർഗീയ അപ്പമാണ് ദിവ്യകാരുണ്യം. തന്നെത്തന്നെ നമുക്കു നൽകിക്കൊണ്ട് അനുദിനം നമ്മെ സ്നേഹിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്ന വിശുദ്ധ കുർബാനയാണ് നമ്മുടെ ക്രൈസ്തവജീവിതത്തിന്റെ കേന്ദ്രവും അടിസ്ഥാനവും. വിശുദ്ധ കുർബാനയുടെ മധുരം നുകരാൻ നാം പഠിച്ചില്ലെങ്കിൽ മറ്റു പല മധുരങ്ങളുടെയും പിന്നാലെ നാം പരക്കം പായും. യഥാർത്ഥ മധുരം പുറത്തുള്ള ആനന്ദങ്ങളിൽ അല്ല; വിശുദ്ധ കുർബാനയിലും അതുവഴി നമ്മുടെ ഉള്ളിൽ വളരുന്ന വിശുദ്ധിയിലുമാണ്.

വിശുദ്ധ കുർബാനയിൽ നാം സ്വീകരിക്കുന്നത് ജീവന്റെ അപ്പമാണ്; നാം പാനം ചെയ്യുന്നത് നിത്യജീവന്റെ പാനീയമാണ്. എന്നാൽ അതിന്റെ രുചി—അതിന്റെ യഥാർത്ഥ മധുരം—നമ്മുടെ ഹൃദയത്തെ ആശ്രയിച്ചിരിക്കുന്നു. ശുദ്ധമായ ഹൃദയത്തിനു മാത്രമേ ഈ ദൈവിക മധുരം അനുഭവിക്കാനാകൂ. ഈ ദൈവിക മധുരമാണ് ബ്രഹ്മചര്യജീവിതത്തിന്റെ മാധുര്യം. ബ്രഹ്മചര്യം ഒരു നിഷേധമല്ല; മറിച്ച് ഈ ദൈവിക മധുരത്തെ കാത്തുസൂക്ഷിക്കുന്ന സ്നേഹപൂർവമായ സമർപ്പണമാണ്.

ലോകം പലതരം മധുരങ്ങൾ നമുക്ക് വാഗ്ദാനം ചെയ്യുന്നു—താൽക്കാലികവും വേഗത്തിൽ അവസാനിക്കുന്നതുമായ ആനന്ദങ്ങൾ. എന്നാൽ ബ്രഹ്മചര്യം നമ്മെ പഠിപ്പിക്കുന്നത് നിത്യമായ മധുരം കാത്തുസൂക്ഷിക്കാൻ താൽക്കാലിക മധുരങ്ങളുടെ ആകർഷണങ്ങളെ ഉപേക്ഷിക്കാൻ പഠിക്കുക എന്നതാണ്. മുന്തിരി പാകമാകുമ്പോഴാണ് അതിന് യഥാർത്ഥ മധുരം ലഭിക്കുന്നത്. അതുപോലെ, ആത്മാവ് ശുദ്ധിയിലൂടെ വളരുമ്പോഴാണ് അതിൽ ദൈവിക മധുരം നിറയുന്നത്. അതുകൊണ്ടാണ് നാം ഇന്ന് പറയേണ്ടത്: "ഇത് തലമുറകളുടെ നിലനിൽപ്പിന്റെ മധുരമാണ്." ഈ മധുരം ശരീരത്തിന്റെ ആനന്ദമല്ല—ആത്മാവിന്റെ സമാധാനമാണ്. ഈ മധുരം ക്ഷണിക സന്തോഷമല്ല—നിത്യജീവന്റെ പ്രത്യാശയാണ്. യേശു പറയുന്നു: "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്." ഈ ദിവ്യഭോജനത്തിന്റെ മധുരം അനുഭവിക്കാൻ നമ്മുടെ ഹൃദയം ശുദ്ധമാകണം. ബ്രഹ്മചര്യം ഒരു കഠിനമായ നിയന്ത്രണമെന്നു തോന്നാം. എന്നാൽ യാഥാർത്ഥത്തിൽ അത് ദൈവത്തിന്റെ സ്നേഹത്തെ പൂർണമായി അനുഭവിക്കാൻ നമ്മെ തയ്യാറാക്കുന്ന ഒരു വഴിയാണ്. അത് നമ്മുടെ ഉള്ളിൽ ഒരു ശുദ്ധമായ സ്ഥലം സൃഷ്ടിക്കുന്നു—ദൈവം വസിക്കാൻ കഴിയുന്ന ഒരു വിശുദ്ധ ഇടം.

4.0.2. മാതാവ് അനുഭവിച്ച ക്രിസ്മസ്

നമുക്ക് ക്രിസ്തുമസ് ഒരു ആഘോഷമാണ്; മാതാവിന് അത് അവളുടെ ശരീരത്തിലും ആത്മാവിലും ആരംഭിച്ച ഒരു യാഥാർത്ഥ്യമായിരുന്നു. ദൈവവചനം അവളുടെ ഹൃദയത്തിൽ വിശ്വാസമായി സ്വീകരിക്കപ്പെട്ടപ്പോൾ, അത് അവളുടെ ഉദരത്തിൽ ജീവനായും രൂപം പ്രാപിച്ചു. അതുകൊണ്ടാണ് ഗബ്രിയേൽ ദൂതന്റെ സന്ദേശം കേട്ട നിമിഷം മുതൽ തന്നെ മാതാവിന്റെ ജീവിതത്തിൽ ക്രിസ്മസ് ആരംഭിച്ചത്.

നാം ഇന്ന് ഈശോയുടെ കന്യകാഗർഭധാരണം (Virgin Conception of Jesus), ദൈവപുത്രന്റെ അവതാരം, ഉത്ഥാനം എന്നിവയെ വിശ്വാസത്തിന്റെ കണ്ണുകളിലൂടെ കാണുന്നു. എന്നാൽ മാതാവിന് അവ വിശ്വാസസത്യങ്ങൾ മാത്രമായിരുന്നില്ല; അവ അവളുടെ ശരീരത്തിലും ആത്മാവിലും അനുഭവിക്കപ്പെട്ട ദൈവിക യാഥാർത്ഥ്യങ്ങളായിരുന്നു. അവൾ സ്പർശിക്കുകയും അനുഭവിക്കുകയും ഹൃദയത്തിൽ സൂക്ഷിക്കുകയും ചെയ്ത രക്ഷാരഹസ്യങ്ങളായിരുന്നു അവ. അതിനാൽ തന്നെ കാനായിലെ അത്ഭുതത്തിലും, കാൽവരിയിലെ ക്രൂശിലും, ശൂന്യമായ കല്ലറയിലും അവളുടെ വിശ്വാസം വെറും ബൗദ്ധിക സമ്മതമല്ലായിരുന്നു; അനുഭവത്തിന്റെ ഉറപ്പായിരുന്നു. അതുകൊണ്ടുതന്നെ അപ്പവും വീഞ്ഞും

ക്രിസ്തുവിന്റെ ശരീരവും രക്തവുമായി മാറുന്നു എന്ന വിശുദ്ധ കുർബാനയുടെ രഹസ്യം സ്വീകരിക്കാൻ മാതാവിന് ബുദ്ധിമുട്ടുണ്ടാകുമായിരുന്നില്ല. തന്റെ ഉദരത്തിൽ വചനം മാംസമായത് അനുഭവിച്ചവൾക്ക്, ഈ ദൈവിക പരിവർത്തനം അസാധ്യമല്ല. മരണത്തെ അതിജീവിച്ച് ജീവൻ ലോകത്തിലേക്ക് വന്നത് സ്വന്തം ശരീരത്തിൽ അറിഞ്ഞവൾക്ക്, മരിച്ചവൻ ഉയിർത്തെഴുന്നേറ്റു എന്ന സുവിശേഷവും അസംഭവ്യമല്ല.

ഓരോ വിശുദ്ധ കുർബാന സ്വീകരണവും ഒരു പുതിയ ആത്മീയ ഗർഭധാരണമാണ്. മാതാവ് തന്റെ 'അതെ' എന്ന വാക്കിലൂടെ വചനത്തെ ഉൾക്കൊണ്ടതുപോലെ, വിശ്വാസത്തോടെ കുർബാന സ്വീകരിക്കുന്ന ഓരോ ആത്മാവും ക്രിസ്തുവിനെ തന്റെ ഉള്ളിൽ ധരിക്കുന്നു. അപ്പോൾ ഹൃദയം ഒരു ബെത്‌ലഹേമാകുന്നു; ആത്മാവ് ഒരു പുതിയ നസ്രത്താകുന്നു; മനുഷ്യൻ ദൈവസാന്നിധ്യത്തിന്റെ വാസസ്ഥലമാകുന്നു. ഈ അനുഭവത്തിന്റെ ആഴം തിരിച്ചറിയുന്നവർക്ക് പരിശുദ്ധി ഒരു നിയമമല്ല; ഒരു സ്വാഭാവിക പ്രതികരണമാണ്. ദൈവത്തെ ഉള്ളിൽ ധരിക്കുന്നവൻ തന്റെ ശരീരത്തെയും മനസ്സിനെയും ഹൃദയത്തെയും വിശുദ്ധമായി കാത്തുസൂക്ഷിക്കാൻ ആഗ്രഹിക്കും. ബ്രഹ്മചര്യം അപ്പോൾ ഒരു ത്യാഗമല്ല; ഉള്ളിൽ വസിക്കുന്നവനോടുള്ള സ്നേഹത്തിന്റെ ഭാഷയാണ്. ക്രിസ്തുവിനെ സ്വീകരിച്ച ആത്മാവ് അവനു യോഗ്യമായ ഒരു ആലയമായി നിലകൊള്ളാൻ കൊതിക്കും.

മാതാവ് അനുഭവിച്ച കന്യകാഗർഭധാരണം ചരിത്രത്തിൽ ഒരിക്കൽ മാത്രം സംഭവിച്ച അതുല്യമായ രക്ഷാരഹസ്യമായിരുന്നു; എന്നാൽ ഓരോ വിശുദ്ധ കുർബാനയിലും ക്രിസ്തുവിനെ വിശ്വാസത്തോടെ സ്വീകരിക്കുന്ന ആത്മാവിൽ അതിന്റെ ആത്മീയ പ്രതിധ്വനി വീണ്ടും സംഭവിക്കുന്നു. മാതാവ് വചനത്തെ ഉദരത്തിൽ ധരിച്ചു; നാം അവനെ ഹൃദയത്തിൽ ധരിക്കുന്നു. അവൾ ക്രിസ്മസിനെ അനുഭവിച്ചു; നാം ഓരോ കുർബാനയിലും അതേ രഹസ്യത്തെ അനുഭവിക്കാൻ വിളിക്കപ്പെട്ടവരാണ്.

ദർശനവീട്ടിലെ അംഗങ്ങളായ നാം ജീവനുള്ള അരുളിക്കയും ജീവനുള്ള കുസ്തോതിയും ശ്വസിക്കുന്ന കാസയുമാകാൻ വിളിക്കപ്പെട്ടവരാണ്. നമ്മുടെ ജീവിതം ശുദ്ധിയിലൂടെ രൂപാന്തരപ്പെടുമ്പോൾ, വിശുദ്ധ കുർബാന വെറും ഒരു ആചാരമല്ല, ജീവന്റെ അപ്പവും ആത്മാവിന്റെ മധുരവുമായി മാറുന്നു. ബ്രഹ്മചര്യത്തിന്റെ ശുദ്ധിയിലും വിശുദ്ധ കുർബാനയുടെ അനുഗ്രഹത്തിലും നാം അനുഭവിക്കുന്നത് നിത്യജീവന്റെ യഥാർത്ഥ മാധുര്യമാണ്. ആ മാധുര്യം നുകരുന്നവർക്ക് ലോകത്തിലെ ക്ഷണിക മധുരങ്ങൾ ആകർഷണമല്ല; കാരണം അവർ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ രുചി അറിഞ്ഞവരാണ്. ആമ്മേൻ.

4.1
സ്വകാര്യമുറിയും ഉല്ലാസമുറിയും: വചന ധ്യാനം

(ആമുഖ പ്രാർത്ഥന)

ഞങ്ങളുടെ ഹൃദയങ്ങളിൽ വസിക്കുന്ന ദിവ്യകാരുണ്യനാഥാ, ഞങ്ങൾ അങ്ങയെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ സ്വകാര്യമുറിയിലും ഉല്ലാസമുറിയിലും സമൂഹജീവിതത്തിലും അങ്ങയുടെ സ്നേഹസാന്നിധ്യം അനുഭവിക്കാൻ കൃപ തരണമേ. അതുവഴി ഞങ്ങൾ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും അടയാളങ്ങളായിത്തീരട്ടെ.

ഞങ്ങളുടെ ഉല്ലാസമുറിയെ പരസ്പരം പങ്കുവെക്കാനും പ്രോത്സാഹിപ്പിക്കാനും ക്രിസ്തുവിന്റെ സ്നേഹം അനുഭവിക്കാനും കഴിയുന്ന ഒരു വിശുദ്ധ ഇടമാക്കണമേ. ഞങ്ങളുടെ ഇടയിലുള്ള എല്ലാ അഭിപ്രായ വ്യത്യാസങ്ങളെയും അംഗീകരിച്ചുകൊണ്ട്, സ്നേഹത്തിലും വിനയത്തിലും വളരുവാൻ ഞങ്ങളെ സഹായിക്കണമേ. അതുപോലെ, ഞങ്ങളുടെ സ്വകാര്യമുറികളെയും അങ്ങ് പവിത്രീകരിക്കണമേ. ഈ വിഷയങ്ങളെക്കുറിച്ചുള്ള ഞങ്ങളുടെ ധ്യാന-വിചിന്തനങ്ങൾ സമൂഹജീവിതത്തെയും വ്യക്തിജീവിതത്തെയും കൂടുതൽ വിശുദ്ധമാക്കാൻ സഹായകരമാകട്ടെ. ഇതെല്ലാം ഞങ്ങളുടെ കർത്താവായ ഈശോമിശിഹാ വഴി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

(വചന വായന: ജോഷ്വ 24:13-16)

"നിങ്ങൾ അദ്ധ്വാനിക്കാത്ത ഭൂമിയും നിങ്ങൾ പണിയാത്ത പട്ടണങ്ങളും നിങ്ങൾക്ക് ഞാൻ തന്നു; നിങ്ങൾ ഇന്നിവിടെ വസിക്കുന്നു. നിങ്ങൾ നട്ടുവളർത്താത്ത മുന്തിരിത്തോട്ടത്തിന്റെയും ഒലിവു തോട്ടത്തിന്റെയും ഫലം നിങ്ങൾ അനുഭവിക്കുന്നു. ആകയാൽ, കർത്താവിനെ ഭയപ്പെടുകയും ആത്മാർത്ഥതയോടും വിശ്വസ്തതയോടുംകൂടെ അവിടുത്തെ സേവിക്കുകയും ചെയ്യുവിൻ. ഈജിപ്തിലും നദിക്കക്കരെയും നിങ്ങളുടെ പിതാക്കന്മാർ സേവിച്ചിരുന്ന ദേവന്മാരെ ഉപേക്ഷിച്ചു കർത്താവിനെ സേവിക്കുവിൻ. കർത്താവിനെ സേവിക്കുന്നതിനു മനസ്സില്ലെങ്കിൽ നദിക്കക്കരെ നിങ്ങളുടെ പിതാക്കന്മാർ സേവിച്ച ദേവന്മാരെയോ നിങ്ങൾ വസിക്കുന്ന നാട്ടിലെ അമോര്യരുടെ ദേവന്മാരെയോ ആരെയാണ് സേവിക്കുക എന്ന് ഇന്നു തന്നെ തീരുമാനിക്കുവിൻ. ഞാനും എന്റെ കുടും

ബവും കർത്താവിനെ സേവിക്കും. അപ്പോൾ ജനം പ്രതിവചിച്ചു: ഞങ്ങൾ കർത്താവിനെ വിട്ട് അന്യദേവന്മാരെ സേവിക്കുവാൻ ഇടയാകാതിരിക്കട്ടെ."

(ധ്യാനവിചിന്തനം)

ജോഷ്വായുടെ ഈ പ്രഖ്യാപനം ഒരു വികാരനിർഭരമായ മുദ്രാവാക്യമല്ല; അത് ദീർഘകാല ആത്മീയ പരിശീലനത്തിന്റെയും തപസ്യയുടെയും ഫലമായ ഒരു തീരുമാനമാണ്. "ഇന്നു തന്നെ തീരുമാനിക്കുവിൻ" എന്ന് ജോഷ്വാ ജനത്തോട് പറയുമ്പോൾ, അദ്ദേഹം ആവശ്യപ്പെടുന്നത് ഒരു നിമിഷത്തെ വികാരപ്രകടനമല്ല; മറിച്ച്, ജീവിതത്തിന്റെ ദിശ എങ്ങോട്ടായിരിക്കണം എന്നതിനെക്കുറിച്ചുള്ള ഉറച്ച തീരുമാനമാണ്.

ഇവിടെ ഉയരുന്ന ചോദ്യം ഇതാണ്: "ഇന്ന് ഞാൻ എന്റെ മുറിയിൽ ആരെ സേവിക്കും?" ലോകത്തിന്റെ ശബ്ദങ്ങളെയോ, സ്വാർത്ഥ ആഗ്രഹങ്ങളെയോ, അതോ കർത്താവിനെയോ? ഈ ചോദ്യം ഓരോ ദിവസവും നമ്മുടെ ഹൃദയത്തിൽ പ്രതിധ്വനിക്കുന്നു. ആരെ സേവിക്കണം എന്നത് ഒരിക്കൽ മാത്രം എടുക്കുന്ന തീരുമാനമല്ല; ഓരോ ദിവസവും, ഓരോ നിമിഷവും പുതുക്കേണ്ട ഒരു പ്രതിജ്ഞയാണ്. "ഞാനും എന്റെ കുടുംബവും കർത്താവിനെ സേവിക്കും" എന്ന് ജോഷ്വാ പ്രഖ്യാപിച്ചപ്പോൾ, ആദ്യം അദ്ദേഹം തന്റെ ഹൃദയത്തിന്റെ ആന്തരിക മുറിയിൽ ആ തീരുമാനം എടുത്തിരുന്നു. ദൈവത്തെ സേവിക്കാനുള്ള തീരുമാനം പൊതുസഭയിൽ പ്രഖ്യാപിക്കപ്പെടുന്നതിന് മുമ്പ്, ഏകാന്തതയിൽ രൂപപ്പെടേണ്ടതാണ്. വലിയ പ്രഖ്യാപനങ്ങളെക്കാൾ പ്രധാനമാണ് അവയ്ക്കു പിന്നിലെ നിശ്ശബ്ദമായ ആത്മീയ രൂപീകരണം.

4.1.1. സ്വന്തമായൊരു മുറിയുടെ ആത്മീയത

സ്വന്തമായൊരു മുറി' എന്ന ആശയം ഒരു ഭൗതിക സൗകര്യം മാത്രമല്ല; അത് വ്യക്തിയുടെ മാനസികവും ആത്മീയവുമായ ഒരു അടിസ്ഥാന ആവശ്യമാണ്. ലോകത്തിന്റെ തിരക്കുകളിൽ നിന്നും ശബ്ദങ്ങളിൽ നിന്നും മാറി, സ്വന്തം ചിന്തകളോടും ദൈവത്തോടും കൂടെ ആയിരിക്കാനാകുന്ന ഇടമാണ് വ്യക്തിഗത മുറിയുടെ യഥാർത്ഥ അർത്ഥം. ഒരു വ്യക്തിയുടെ വ്യക്തിത്വം രൂപപ്പെടുന്നത് ഇത്തരം നിശ്ശബ്ദ നിമിഷങ്ങളിലാണ്. പുറത്തുള്ള ലോകം നമ്മെ പലപ്പോഴും സ്വാധീനിക്കുമ്പോൾ, സ്വന്തം മുറി നമ്മെ നമ്മുടെ യഥാർത്ഥ സ്വരൂപത്തിലേക്കും ദൈവവിളിയിലേക്കും തിരികെ നയിക്കുന്നു.

സൃഷ്ടിപരതയ്ക്കും വ്യക്തിഗത മുറിക്ക് വലിയ പ്രാധാന്യമുണ്ട്. എഴുത്തുകാരും കലാകാരന്മാരും ചിന്തകരും അവരുടെ മികച്ച ആശയങ്ങൾ കണ്ടെത്തുന്നത് പലപ്പോഴും ഇത്തരം ഏകാന്തതയിലാണ്. ഈ ഇടം ഒരു ആശ്രയം മാത്രമല്ല; സൃഷ്ടിയുടെ ജന്മഭൂമിയാണ്. അതുപോലെ, മാനസികാരോഗ്യത്തിനും ഈ സ്വകാര്യ ഇടം അനിവാര്യമാണ്. ജീവിതത്തിലെ സമ്മർദ്ദങ്ങൾക്കും ആശങ്കകൾക്കും ഇടയിൽ, സ്വന്തം മുറി ഒരു ആശ്വാസകേന്ദ്രമായി മാറുന്നു. ഇവിടെ ഒരാൾക്ക് സ്വയം പുനഃസംഘടിപ്പിക്കാനും, ചിന്തകൾ ക്രമപ്പെടുത്താനും, പുതുക്കപ്പെട്ട ശക്തിയോടെ ജീവിതത്തെ നേരിടാനും കഴിയും.

ആത്മീയ ജീവിതത്തിലും വ്യക്തിഗത മുറിക്ക് പ്രത്യേക പ്രാധാന്യമുണ്ട്. പ്രാർത്ഥനയ്ക്കും ധ്യാനത്തിനും ആത്മപരിശോധനയ്ക്കും ഏറ്റവും അനുയോജ്യമായ ഇടമാണത്. യേശു പലപ്പോഴും ജനക്കൂട്ടങ്ങളിൽ നിന്ന് മാറി ഏകാന്തസ്ഥലങ്ങളിൽ പ്രാർത്ഥിച്ചതുപോലെ, ഓരോ ശിഷ്യനും ദൈവസാന്നിധ്യം അനുഭവിക്കാൻ സ്വന്തം 'ആന്തരിക മുറി' കണ്ടെത്തേണ്ടതുണ്ട്.

ഇന്നത്തെ അതിവേഗ ജീവിതത്തിൽ, 'സ്വന്തമായൊരു മുറി' എന്നത് വെറും ഭിത്തികളും വാതിലുകളും കൊണ്ടുള്ള ഒരു ഇടമല്ല; അത് ഒരു മാനസികവും ആത്മീയവുമായ അവസ്ഥയാണ്. പുറത്തുള്ള ശബ്ദങ്ങളിൽ നിന്ന് അകന്ന്, ഉള്ളിലെ ശബ്ദവും ദൈവത്തിന്റെ സ്വരവും കേൾക്കാൻ കഴിയുന്ന അവസ്ഥ. അതിനാൽ, ഒരു വ്യക്തിക്ക് സ്വന്തമായൊരു മുറി ഉണ്ടായിരിക്കുക എന്നത് സ്വാതന്ത്ര്യത്തിന്റെയും സൃഷ്ടിപരതയുടെയും ആത്മശാന്തിയുടെയും അടയാളമാണ്. അത് നമ്മെ ലോകത്തിൽ നിന്ന് വേർപെടുത്തുന്നില്ല; മറിച്ച്, ലോകത്തെയും നമ്മുടെ ദൗത്യത്തെയും കൂടുതൽ വ്യക്തമായി മനസ്സിലാക്കാൻ സഹായിക്കുന്നു. അതുകൊണ്ടുതന്നെ, കർമ്മലീത്താ പാരമ്പര്യത്തിൽ നവസന്യാസകാലഘട്ടം മുതൽ ഓരോരുത്തർക്കും സ്വന്തമായൊരു മുറി ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. കാരണം, വ്യക്തിഗത മുറി വിശ്രമത്തിനുള്ള ഇടം മാത്രമല്ല; ദൈവത്തോടുള്ള ആഴത്തിലുള്ള ബന്ധം വളരുന്ന ഒരു വിശുദ്ധ ഇടം കൂടിയാണ്.

4.1.2. ബ്രഹ്മചര്യസംസ്കാരം

ഇന്നത്തെ ലോകം ഒരു മൈക്രോവേവ് സംസ്കാരമായി മാറിയിരിക്കുന്നു. എല്ലാം ഉടനെ വേണം—instant soup, instant rice, instant cash, instant information; അതുപോലെ തന്നെ instant relationships-ഉം ചിലപ്പോൾ instant divorce-ഉം. ഉടൻ ആരംഭിക്കുന്ന പലതും ഉടൻ അവ

സാനിക്കുകയും ചെയ്യുന്നു. ഇന്ന് മനുഷ്യൻ കാത്തിരിക്കാൻ ഇഷ്ടപ്പെടുന്നില്ല. എന്നാൽ ജീവിതം എല്ലായിടത്തും കാത്തിരിപ്പിന്റെ പാഠം നമ്മെ പഠിപ്പിക്കുന്നു—ട്രാഫിക്കിൽ കാത്തിരിപ്പ്, ആശുപത്രിയിൽ കാത്തിരിപ്പ്, ജീവിതത്തിന്റെ വഴിത്തിരിവുകളിൽ കാത്തിരിപ്പ്. എന്നാൽ ഏറ്റവും വലിയ കാത്തിരിപ്പ് നമ്മുടെ ഉള്ളിലാണ്.

സഖറിയാസിന്റെയും എലിസബത്തിന്റെയും ജീവിതം ഇതിന് ഒരു മികച്ച ഉദാഹരണമാണ്. അവർക്ക് ഒരു വലിയ വേദന ഉണ്ടായിരുന്നു—വന്ധ്യത. അന്നത്തെ സമൂഹത്തിൽ അത് ഒരു സാമൂഹിക അപമാനമായി കണക്കാക്കപ്പെട്ടിരുന്നു. മനുഷ്യയുക്തി പറഞ്ഞേനേ: "പിരിഞ്ഞു പോകുക, പുതിയ ജീവിതം തുടങ്ങുക." എന്നാൽ സഖറിയാസ് അങ്ങനെ ചെയ്തില്ല. അദ്ദേഹം തിരഞ്ഞെടുത്തത് പ്രാർത്ഥനയുടെ കാത്തിരിപ്പായിരുന്നു. സഖറിയാസിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് ദൈവത്തിന്റെ ദാനങ്ങൾ പലപ്പോഴും തിടുക്കത്തിലല്ല, മറിച്ച് നിശ്ശബ്ദതയിലും ക്ഷമയിലുമാണ് ലഭിക്കുന്നത് എന്നതാണ്.

വിരിഞ്ഞ പൂവേ കണ്ടിട്ടുള്ളൂ
പൂവിരിയുന്നതു കണ്ടിട്ടില്ലാ ഞാൻ
എന്നിട്ടും ഞാൻ ഞെളിയുന്നു
ഞാനൊരു കവിയെന്ന്. — കുഞ്ഞുണ്ണി മാഷ്

വിരിഞ്ഞ പൂവ് കാണാൻ ഒരു നിമിഷം മതി. എന്നാൽ പൂവിരിയുന്നത് കാണണമെങ്കിൽ ദിവസങ്ങളോളം അതിന്റെ സമീപത്തിരുന്നു സൂക്ഷ്മമായി നിരീക്ഷിക്കണം. ഓരോ ഇതളിന്റെയും വിരിയലിന്റെ നിശ്ശബ്ദ പ്രക്രിയ മനസ്സിലാക്കാൻ ആഴത്തിലുള്ള ശ്രദ്ധയും സമർപ്പണവും ആവശ്യമാണ്. അത് ഒരു വലിയ തപസ്യയാണ്. ആ തപസ്യ ഏറ്റെടുക്കുന്നവനാണ് യഥാർത്ഥ കവി.

ഈ വരികൾ ബ്രഹ്മചര്യജീവിതത്തിന്റെ രഹസ്യം തുറന്നുകാണിക്കുന്നു. നാം പൂക്കളെ കാണുന്നു; എന്നാൽ അവയ്ക്കു പിന്നിലെ നിശ്ശബ്ദമായ വളർച്ചയെ കാണുന്നില്ല. അതുപോലെ, വിശുദ്ധ കുർബാനയിലൂടെ ഒരുവൻ ബ്രഹ്മചാരിയായി രൂപപ്പെടുന്ന പ്രക്രിയയും പുറമേ കാണുന്നതല്ല; ഉള്ളിൽ വിരിയുന്നതാണ് അതിന്റെ സാരാംശം. ഒരു സന്ന്യാസിയുടെ മുറിവെറും താമസസ്ഥലം മാത്രമല്ല; അത് വിരിയുന്ന ഒരു പൂന്തോട്ടമാണ്—പുറത്ത് ആരും കാണാത്തതും ദൈവം മാത്രം സാക്ഷിയായിരിക്കുന്നതുമായ ഒരു വിശുദ്ധ ലോകം. അവിടെ വാക്കുകളല്ല സംസാരിക്കുന്നത്; സാന്നിധ്യമാണ്. അവിടെ വളരുന്നത് ബന്ധങ്ങളല്ല; അർപ്പണമാണ്.

മഹാനായ പക്ഷിശാസ്ത്രജ്ഞനായ സലീം അലിയുടെ ജീവിതം ഇതിന് ഒരു മനോഹരമായ ഉദാഹരണമാണ്. മണിക്കൂറുകളോളം പക്ഷികളെ നിരീക്ഷിച്ച അദ്ദേഹം ക്രമേണ അവരുടെ ലോകത്തോട് ആഴത്തിൽ ഐക്യപ്പെട്ടു. ഒരാൾ ദീർഘകാലം എന്തിനോടാണ് ചേർന്ന് ജീവിക്കുന്നത്, അതിന്റെ സ്വാധീനം അവന്റെ ജീവിതത്തിൽ പ്രകടമാകും. നാം സ്നേഹിക്കുന്നതും ധ്യാനിക്കുന്നതും നമ്മെ രൂപപ്പെടുത്തുന്നു.

ഇതു തന്നെയാണ് ബ്രഹ്മചര്യജീവിതത്തിന്റെ രഹസ്യം. ഈശോയുടെ സ്നേഹത്തിൽ ചേർന്നുനിന്ന വി. യോഹന്നാൻ ആ സ്നേഹത്താൽ ഒരു ബ്രഹ്മചാരിയായി രൂപാന്തരപ്പെട്ടു. ബ്രഹ്മചര്യം വെറും ശരീരനിയമമല്ല; അത് ഹൃദയത്തിന്റെ ദിശയാണ്. നാം ഏതിനോട് ചേർന്നുനിൽക്കുന്നു, അതിനോടാണ് നാം രൂപാന്തരപ്പെടുന്നത്. ഈ വഴിയിൽ ഒരു തിരഞ്ഞെടുക്കപ്പെട്ട ശുദ്ധി നമ്മുടെ ഉള്ളിൽ വളരുന്നു. എന്ത് സ്വീകരിക്കണം, എന്ത് ഉപേക്ഷിക്കണം എന്ന വിവേകം കൂടുതൽ വ്യക്തമാകുന്നു. ഓരോ ദിവസവും നാം ദൈവത്തോട് കൂടുതൽ അടുത്തുചേരുന്നു.

"ഏകാന്തതയോളം നല്ല കാന്തയില്ലൂലകത്തിൽ" എന്ന് കുഞ്ഞുണ്ണി മാഷ് പറയുന്നുണ്ട്. *Monachos* എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് 'സന്ന്യാസ' (Monk) എന്ന ആശയം വരുന്നത്. അതിന്റെ അർത്ഥം 'ഏകൻ', 'ഒറ്റയ്ക്കായിരിക്കുന്നവൻ' എന്നതാണ്. എന്നാൽ ഈ ഏകാന്തത ഒറ്റപ്പെടലല്ല; ദൈവത്തോടൊപ്പമുള്ള ഏകാന്തതയാണ്. ദൈവത്തിനായി, ദൈവത്തോടൊപ്പം, ദൈവസാന്നിധ്യത്തിൽ ജീവിക്കുന്നവനാണ് യഥാർത്ഥ സന്ന്യാസി. അവന്റെ ഓരോ നിശ്വാസവും ഓരോ ഹൃദയസ്പന്ദനവും ദൈവസ്തുതിക്കായി സമർപ്പിക്കപ്പെട്ടിരിക്കുന്നു. തന്റെ ഉള്ളിലെ ഉത്തമാംശത്തെ ശക്തിപ്പെടുത്തുന്നതിനായി അധമപ്രവണതകളെ നിരന്തരം കീഴടക്കിക്കൊണ്ടാണ് അവൻ ജീവിക്കുന്നത്. അതുകൊണ്ട് ഏകാന്തത ശൂന്യതയല്ല; അത് സാന്നിധ്യത്തിന്റെ ആഴമാണ്. "യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:20) എന്ന യേശുവിന്റെ വാഗ്ദാനം ഈ സത്യത്തെ വെളിപ്പെടുത്തുന്നു. സന്ന്യാസിയുടെ മുറി ഈ വാഗ്ദാനത്തിന്റെ അനുഭവസ്ഥലമാണ്.

അവിടെ ബ്രഹ്മചര്യം ഒരു നിയമമല്ല; ഒരു സ്നേഹരൂപമാണ്—എല്ലാവർക്കും വേണ്ടി തുറന്നിരിക്കുന്ന ഒരു ഹൃദയം. വിശുദ്ധ കുർബാനയാണ് ഈ ജീവിതത്തെ രൂപപ്പെടുത്തുന്നത്. ബലിപീഠത്തിൽ അപ്പം മുറിക്കപ്പെടുമ്പോൾ അത് ഒരു ആചാരമെന്നതിലുപരി ഒരു ജീവിതശൈലിയായി മാറുന്നു. ബ്രഹ്മചര്യം ശരീരനിയന്ത്രണം മാത്രമല്ല; അത് ഹൃദയത്തിന്റെ ഏകാഗ്രതയാണ്—ദൈവത്തിലേക്ക് പൂർണമായി തിരിയുക.

സന്ന്യാസിയുടെ മുറി ഈ സത്യത്തിന്റെ ജീവിക്കുന്ന അടയാളമാണ്. ലോകത്തിന്റെ കാഴ്ചയിൽ അവിടെ പരിമിതികൾ ഉണ്ടാകാം; എന്നാൽ ഉള്ളിൽ സമൃദ്ധിയുണ്ട്. അവിടെ നിശ്ശബ്ദതയുണ്ട്; എന്നാൽ ആഴമുള്ള സംഭാഷണവുമുണ്ട്. അവിടെ ഏകാന്തതയുണ്ട്; എന്നാൽ ദൈവസാന്നിധ്യത്തിന്റെ നിറവുമുണ്ട്.

കുർബാന ഒരു ബ്രഹ്മചര്യസംസ്കാരമായി വളരുക എന്നതിന്റെ അർത്ഥം ഇതാണ്: ഓരോ ബലിയർപ്പണവും നമ്മെ ഉള്ളിലേക്ക് വിളിക്കണം—പുറത്തെ ശബ്ദങ്ങളിൽ നിന്ന് ഉള്ളിലെ നിശ്ശബ്ദതയിലേക്ക്, ചിതറിക്കിടക്കുന്ന ആഗ്രഹങ്ങളിൽ നിന്ന് ഏകാഗ്ര സ്നേഹത്തിലേക്ക്. ദൈവവിചാരം ഏകവിചാരവും സർവവിചാരവുമായി മാറുമ്പോഴാണ് ഒരാൾ യഥാർത്ഥ ബ്രഹ്മചാരിയാകുന്നത്.

പൂവ് വിരിയുന്നതുപോലെ—ശബ്ദമില്ലാതെ, ആരും കാണാതെ—ഒരു ഹൃദയം ദൈവത്തിലേക്ക് പൂർണമായി തിരിയുമ്പോൾ, അതാണ് യഥാർത്ഥ ബ്രഹ്മചര്യം. കുർബാനയിൽ നാം സ്വീകരിക്കുന്ന അപ്പം ശരീരത്തെ മാത്രം പോഷിപ്പിക്കുന്നതല്ല; അത് ഒരു വിളിയാണ്: "നീയും അപ്പംപോലെ മുറിക്കപ്പെടുക; നീയും ഏകാന്തതയിൽ വിരിയുക; നീയും സ്നേഹമായി മാറുക." അതുകൊണ്ട് ഒരു സന്ന്യാസിയുടെ മുറി ശൂന്യസ്ഥലമല്ല; അത് കുർബാനയുടെ തുടർച്ചയാണ്. അവിടെ ഓരോ നിശ്ശബ്ദ നിമിഷവും ഒരു ബലിയർപ്പണമാണ്; ഓരോ ഏകാന്തതയും സ്നേഹത്തിന്റെ വിപുലീകരണമാണ്.

ചിലർക്കു വിശുദ്ധ കുർബാന 'വിരിഞ്ഞ പൂവ് കാണുന്നതുപോലെ' ആയിരിക്കും. എന്നാൽ ഒരു ബ്രഹ്മചാരിക്ക് അത് 'പൂവിരിയുന്നത് കാണുന്ന ദീർഘമായ തപസ്യ'യാണ്. അതാണ് കുർബാനയുടെ ബ്രഹ്മചര്യ സംസ്കാരം. അതാണ് ഏകാന്തതയുടെ മഹിമ. നമ്മുടെ സ്വകാര്യമുറി ഒരു ആത്മീയ പരീക്ഷണശാലയാണ്. അവിടെ ആരും കാണുന്നില്ല, ആരും അഭിനന്ദിക്കുന്നില്ല, ആരും കൈയടിക്കുന്നില്ല. എന്നാൽ ദൈവം എല്ലാം കാണുന്നു. ആ മുറിയിൽ നാം നിരന്തരം അഭ്യസിക്കേണ്ടത് തപസ്യയാണ്; കാരണം അവിടെയാണ് ഹൃദയം നിശ്ശബ്ദമായി ദൈവത്തിലേക്ക് വിരിയുന്നത്.

4.1.3. എന്റെ മുറി ഗലീലിയാകടലോ... ചാവുകടലോ?

ഗലീലിയാകടൽ ബൈബിളിൽ വലിയ അനുഗ്രഹത്തിന്റെ പ്രതീകമാണ്—ജീവൻ നിറഞ്ഞത്, അനേകരെ പോറ്റുന്നത്. യേശുവിന്റെ ശുശ്രൂഷയുടെ വലിയൊരു ഭാഗം അതിന്റെ തീരങ്ങളിലായിരുന്നു. ശിഷ്യന്മാർ അ

തിന്റെ ചുറ്റിലും ജീവിച്ചു; അതിൽ നിന്നാണ് അവർ ഉപജീവനം കണ്ടെത്തിയതും. പരമ്പരാഗത ക്രൈസ്തവ വ്യാഖ്യാനപ്രകാരം, യോഹ 21:11-ൽ പറയുന്ന 153 മത്സ്യങ്ങൾ വൈവിധ്യത്തെയും സമഗ്രതയെയും സൂചിപ്പിക്കുന്നതായി ചിലർ വ്യാഖ്യാനിക്കുന്നു. അതിനാൽ ഗലീലിയാകടൽ വൈവിധ്യത്തിന്റെയും സമൃദ്ധിയുടെയും ദൈവാനുഗ്രഹത്തിന്റെയും ഒരു പ്രതീകമായി മാറുന്നു.

അതേസമയം, ചാവുകടൽ മറ്റൊരു സന്ദേശമാണ് നൽകുന്നത്. ഗലീലിയാകടലിൽ നിന്ന് പുറപ്പെട്ട യോർദാൻ നദി തെക്കോട്ട് ഒഴുകി ചാവുകടലിൽ പതിക്കുന്നു. എന്നാൽ ചാവുകടലിൽ നിന്ന് ജലം പുറത്തേക്ക് ഒഴുകിപ്പോകാൻ വഴിയില്ല. അതിനാൽ ധാതുലവണങ്ങൾ അവിടെ അടിഞ്ഞുകൂടി ജലം അത്യന്തം ഉപ്പുരസമുള്ളതാകുന്നു. ഈ ഉയർന്ന ലവണാംശം കാരണം സാധാരണ ജലജീവികൾക്ക് അവിടെ ജീവിക്കാൻ കഴിയുന്നില്ല. കാണാൻ മനോഹരമാണെങ്കിലും അതിന്റെ ജലം കുടിക്കാനോ കൃഷിക്ക് ഉപയോഗിക്കാനോ സാധ്യമല്ല. ഭൂമിയിലെ ഏറ്റവും ഉപ്പുരസമുള്ള ജലാശയങ്ങളിൽ ഒന്നാണ് ചാവുകടൽ. ചാവുകടലിലേക്ക് യോർദാൻ നദിയിൽ നിന്ന് വെള്ളം ഒഴുകിയെത്തുന്നുണ്ടെങ്കിലും, അവിടെ നിന്ന് ഒരു തുള്ളി ജലം പോലും പുറത്തേക്ക് ഒഴുകിപ്പോകുന്നില്ല. സ്വീകരിക്കൽ മാത്രമുണ്ട്; നൽകൽ ഇല്ല. അതുകൊണ്ടാണ് അത് ജീവൻ പരിപോഷിപ്പിക്കാത്ത ജലാശയമായി മാറിയത്. ഇതിൽ വലിയൊരു ആത്മീയ പാഠം ഒളിഞ്ഞിരിക്കുന്നു.

നമ്മുടെ ഇടയിൽ ചില വ്യക്തികളും സമൂഹങ്ങളും ഉണ്ട്. പുറമേ കാണുമ്പോൾ ആകർഷകമാണ്; കഴിവുകളും അനുഗ്രഹങ്ങളും ധാരാളമുണ്ട്. പക്ഷേ മറ്റുള്ളവർക്കായി ജീവിക്കാതെ, സ്വന്തമായ വളർച്ചയ്ക്കും നേട്ടങ്ങൾക്കുമായി മാത്രം ജീവിക്കുന്നു. മറ്റുള്ളവർക്കായി നൽകാൻ നമ്മുടെ പക്കൽ എന്തെല്ലാമുണ്ടെന്ന് പലരും ചിന്തിക്കുന്നില്ല. നമ്മുടെ സമയം, നമ്മുടെ അറിവ്, നമ്മുടെ കഴിവ്, നമ്മുടെ സ്വാധീനം, നമ്മുടെ വിജയത്തിന്റെ അനുഭവങ്ങൾ, നമ്മുടെ സമ്പത്ത്, നമ്മുടെ കരുതൽ, നമ്മുടെ പ്രാർത്ഥന—ഇവയെല്ലാം മറ്റുള്ളവർക്കായി പങ്കുവെക്കാൻ കഴിയും. കണ്ണിൽ കാണുന്ന നന്മകളെല്ലാം ചെയ്യാനാണല്ലോ ആദ്യപിതാക്കന്മാർ ഈ ദർശനമഠം സ്ഥാപിച്ചത്.

ഗലീലിയാകടലിനെയും ചാവുകടലിനെയും നാം താരതമ്യം ചെയ്യുമ്പോൾ, ഒരേ ജലം... രണ്ട് വ്യത്യസ്ത ഫലങ്ങൾ. ഒരേ കൃപ... രണ്ട് വ്യത്യസ്ത ജീവിതങ്ങൾ. സന്ന്യാസിയുടെ മുറിയും അതിലെ സ്വകാര്യ ജീവിതവും ഇതുപോലെയാണ്. ബ്രഹ്മചര്യം ഒരു അടച്ചിടൽ അല്ല. അത് ഒരു തടസ്സ

വും അല്ല. അത് ഒരു പ്രവാഹമാണ്. ഹൃദയം ദൈവത്തിൽ നിറഞ്ഞാൽ, അത് പുറത്തേക്ക് ഒഴുകണം—സ്നേഹമായി, സേവനമായി, കാരുണ്യ മായി.

ഒരു സന്ന്യാസിയുടെ വ്യക്തിഗത മുറി ചാവുകടൽ ആകാൻ പാടില്ല. അതായത്: പ്രാർത്ഥനകൾ സ്വീകരിച്ചു, കൃപകൾ സ്വീകരിച്ചു, ആത്മീയ അനുഭവങ്ങൾ സ്വീകരിച്ചു... പക്ഷേ പുറത്തേക്ക് ഒന്നും കൊടുക്കാത്ത ഒരു അടച്ച ലോകം. അത് ഗലീലിയാകടൽ ആയിരിക്കണം. അവിടെ ദൈവത്തിൽ നിന്ന് സ്വീകരിക്കുന്നത് ബന്ധമായി മാറണം; ആ ബന്ധം സഹോദരങ്ങളിലേക്കുള്ള സ്നേഹമായി ഒഴുകണം; ആ സ്നേഹം സേ വനമായി പുറത്തേക്ക് പകരണം.

ബ്രഹ്മചര്യം എന്നത്, "ഞാൻ ഒന്നും കൈവശം വയ്ക്കില്ല" എന്ന വാക്ക ല്ല; "ഞാൻ എല്ലാം പങ്കുവെക്കും" എന്ന പ്രതിജ്ഞയാണ്. സന്ന്യാസവ സ്ത്രം—റിലീജിയസ് ഹാബിറ്റ്—ഒരു അടയാളം മാത്രമല്ല; അത് ഒരു സാ ക്ഷ്യമാണ്: "ഈ ഹൃദയം അടച്ചതല്ല; ഇത് ഒഴുകുന്നു." പക്ഷേ ഈ ഒഴു ക്ക് സ്വാഭാവികമായി ഉണ്ടാകില്ല. അതിന് വിശ്വസ്തമായ പതിവുകൾ വേണം. ദിവസേന ദൈവവുമായി കൂടിക്കാഴ്ച, ആത്മപരിശോധന, സഹോദരങ്ങളുമായുള്ള സത്യസന്ധ ബന്ധം—ഇവയാണ് ആ പ്രവാഹ ത്തെ ജീവനോടെ നിലനിർത്തുന്നത്. ലൂക്കാ സുവിശേഷം പറയുന്നു: യേശുവിന്റെ മാതാപിതാക്കൾ വർഷംതോറും പെസഹാ തിരുനാളിനാ യി യെരുശലേമിലേക്കു പോയിരുന്നു. അത് ഒരു പതിവായിരുന്നു. പന്ത്ര ണ്ടാം വയസ്സിലും യേശു അതേ പതിവ് പാലിച്ചു. ബ്രഹ്മചര്യ ജീവിതം വലിയ ആത്മീയ അനുഭവങ്ങളാൽ മാത്രം നിലനിൽക്കുന്നതല്ല; ചെറി യതും വിശ്വസ്തവുമായ പതിവുകളാലാണ് അത് ജീവിക്കുന്നത്. അതി നാൽ, ഒരു സന്ന്യാസിയുടെ മുറി ഒരു ദർശനവീടാണ്. അവിടെ ദൈവ ത്തെ കാണുന്നു. പക്ഷേ അതിൽ നിൽക്കരുത്. അവിടെ നിന്ന് പുറപ്പെ ടണം—ഗലീലിയാകടലിൽ നിന്ന് പുറപ്പെട്ട് ലോകത്തെ നനയ്ക്കുന്ന യോ ർദാൻ നദിയെപ്പോലെ. കാരണം, സ്വീകരിക്കുക മാത്രം ചെയ്യുന്നവൻ ക്രമേണ ശുഷ്കനാകുന്നു; കൊടുക്കുന്നവൻ ജീവിക്കുന്നു. നൽകുന്ന ജീവിതമാണ് ഫലപ്രദമായ ജീവിതം.

ബ്രഹ്മചര്യം, വിശുദ്ധ കുർബാന, സന്ന്യാസജീവിതം—ഇവയുടെ ആഴ ത്തിലുള്ള വിളി ഇതാണ്: സ്വീകരിക്കുക... പരിവർത്തനം ചെയ്യുക... പങ്കുവെക്കുക. അപ്പോൾ നമ്മുടെ ഏകാന്തമുറി ഒരു അടച്ച ഇടമാകില്ല; അത് ജീവന്റെ ഉറവിടമായി മാറും. ദൈവകൃപ സ്വീകരിച്ച് അതിനെ ലോകത്തിനായി ഒഴുക്കിവിടുന്ന ഒരു ഗലീലിയാകടലായി അത് രൂപാന്തര

പ്പെടും. അതാണ് സന്ന്യാസജീവിതത്തിന്റെ സൗന്ദര്യവും ബ്രഹ്മചര്യത്തിന്റെ ഫലവും.

4.1.4. നദിയുടെ പ്രവാഹവും ബ്രഹ്മചര്യത്തിന്റെ തപസ്യയും

മലമുകളിൽ ജനിക്കുന്ന ഒരു നദി... ആദ്യം ചെറിയൊരു തോട്. പിന്നെ അതിശക്തമായ ഒരു വെള്ളച്ചാട്ടം. തുടർന്ന് വളഞ്ഞൊഴുകുന്ന ഒരു നദി. ഒടുവിൽ സമുദ്രത്തോട് ചേരുന്ന വിശാലത. ഇത് നദിയുടെ വിധിയല്ല; ജലത്തിന്റെ സ്വഭാവമാണ്. ജലം നിശ്ചലമായി നിൽക്കാൻ ആഗ്രഹിക്കുന്നില്ല. അത് ഒഴുകുന്നു, നീങ്ങുന്നു, മാറുന്നു, വളരുന്നു.

മനുഷ്യഹൃദയത്തിന്റെയും അവസ്ഥ ഇതുപോലെയാണ്. നാം പലപ്പോഴും മാറ്റത്തെ ഭയക്കുന്നു. നിലവിലുള്ള അവസ്ഥയിൽ തന്നെ തുടരാൻ ആഗ്രഹിക്കുന്നു. കാരണം മാറ്റം എളുപ്പമല്ല. മാറ്റം ത്യാഗം ആവശ്യപ്പെടുന്നു. മാറ്റം തപസ്യ ആവശ്യപ്പെടുന്നു. എന്നാൽ ബ്രഹ്മചര്യം എന്നത് മാറ്റത്തിന്റെ ഒരു യാത്രയാണ്. ഒരു നദി ഒരേ രൂപത്തിൽ തുടരുന്നില്ല; അതുപോലെ ഒരു ബ്രഹ്മചാരിയും ഒരേ നിലയിൽ നിൽക്കരുത്.

ആദ്യം ഒരു ചെറിയ തോട് പോലെ—ആഗ്രഹങ്ങളാലും ചിതറലുകളാലും ആശയക്കുഴപ്പങ്ങളാലും നിറഞ്ഞ ജീവിതം. പിന്നീട് വെള്ളച്ചാട്ടം പോലെ—ശക്തമായ ഒരു തീരുമാനം, ഒരു സമർപ്പണം, ഒരു പുതിയ തുടക്കം. തുടർന്ന് ഒരു നദിപോലെ—ക്രമം, ശാസനം, വിശ്വസ്തത, സ്ഥിരമായ ഒരു പ്രവാഹം. അവസാനം സമുദ്രവുമായി ചേരുന്ന വിശാലത—ദൈവത്തിൽ കൂടുതൽ ആഴത്തിൽ ഒന്നിക്കുന്ന ജീവിതം.

പക്ഷേ ഈ വളർച്ച സ്വാഭാവികമായി സംഭവിക്കില്ല. ഒരു നദി സമുദ്രത്തിലെത്താൻ ദീർഘയാത്ര നടത്തുന്നതുപോലെ, ആത്മീയ ജീവിതത്തിനും ക്ഷമയും സ്ഥിരോത്സാഹവും ആവശ്യമാണ്. മനുഷ്യഹൃദയം പലപ്പോഴും എളുപ്പമുള്ള വഴികൾ തേടുന്നു: സുഖാന്വേഷണം, സ്വാർത്ഥത, ആത്മസംതൃപ്തി. ബ്രഹ്മചര്യം ഈ പ്രവണതകളെ നിഷേധിക്കുന്നില്ല; മറിച്ച് അവയെ സ്നേഹത്തിന്റെ ഉയർന്ന ലക്ഷ്യത്തിലേക്ക് നയിക്കുന്നു. അതുകൊണ്ട് ബ്രഹ്മചര്യം ഒരു അടിച്ചമർത്തൽ അല്ല; ഒരു പരിവർത്തനമാണ്. ഒരു നഷ്ടമല്ല; ഒരു സമർപ്പണമാണ്.

കഠിനാധ്വാനത്തിലൂടെയാണ് കാര്യങ്ങൾ സംഭവിക്കുന്നത്. ചിലർ കാര്യങ്ങൾ സംഭവിപ്പിക്കുന്നു. ചിലർ സംഭവിക്കുന്നതിനെ നോക്കി നിൽക്കുന്നു. ചിലർ എന്താണ് നടക്കുന്നതെന്ന് പോലും അറിയുന്നില്ല. ബ്രഹ്മചര്യം ആദ്യ വിഭാഗത്തിലേക്ക് വിളിക്കുന്നു—സ്വന്തം ജീവിതത്തിൽ ദൈവ

കൃപ പ്രവർത്തിക്കാൻ അനുവദിക്കുകയും അതിനോട് സഹകരിക്കുകയും ചെയ്യുന്നവരാകാൻ. ഇത് ഒരു സജീവമായ തീരുമാനമാണ്.

നാം എന്ത് വിതയ്ക്കുന്നുവോ അതുതന്നെയാണ് കൊയ്യുന്നത്. സ്നേഹം വിതച്ചാൽ സ്നേഹം വളരും. പ്രാർത്ഥന വിതച്ചാൽ ദൈവസാന്നിധ്യം ആഴപ്പെടും. ത്യാഗം വിതച്ചാൽ ആന്തരിക സ്വാതന്ത്ര്യം വളരും. ബ്രഹ്മചര്യം ഹൃദയത്തിൽ വിതയ്ക്കുന്ന വിത്തുകൾ ഇവയാണ്: പ്രാർത്ഥന, സ്നേഹം, സേവനം, ആത്മനിയന്ത്രണം, ത്യാഗം. ഈ വിത്തുകൾ വളരാൻ സമയം വേണം. തപസ്യ വേണം. ധൈര്യം വേണം.

നദി ഒരൊറ്റ നിമിഷത്തിൽ സമുദ്രമാകുന്നില്ല; അത് യാത്ര ചെയ്യുന്നു. അതുപോലെ ഒരു ബ്രഹ്മചാരിയുടെ ജീവിതവും ഒരു ദീർഘയാത്രയാണ്—ദൈവത്തിലേക്കുള്ള യാത്ര. ആ യാത്രയിൽ വീഴ്ചകൾ ഉണ്ടാകും, വഴിത്തിരിവുകൾ ഉണ്ടാകും, ചിലപ്പോൾ നിൽക്കുന്നപോലെ തോന്നും. എങ്കിലും മുന്നോട്ട് പോകണം. കാരണം നിശ്ചലമായ ജലം ക്രമേണ ജീവൻ നഷ്ടപ്പെടുത്തുന്നു; ഒഴുകുന്ന ജലം ജീവൻ നൽകുന്നു.

അവസാനം, നദി സമുദ്രവുമായി ചേരുമ്പോൾ അതിന്റെ വേറിട്ട പേരും രൂപവും പിന്നിലാകുന്നു; എന്നാൽ അതിലൂടെ അത് പൂർണ്ണത പ്രാപിക്കുന്നു. ബ്രഹ്മചര്യത്തിന്റെ അന്തിമ ലക്ഷ്യവും ഇതുതന്നെയാണ്—സ്വയം ദൈവസ്നേഹത്തിന് സമർപ്പിച്ച് കൂടുതൽ വിശാലമായ ഒരു ജീവിതത്തിലേക്ക് വളരുക. 'ഞാൻ' എന്ന ചെറിയ വലയത്തിൽ നിന്ന് മോചിതനായി ദൈവത്തിനും സഹോദരങ്ങൾക്കും വേണ്ടി ജീവിക്കാൻ പഠിക്കുക. ഒരു നദി തന്റെ സ്വഭാവമനുസരിച്ച് ഒഴുകുന്നു. എന്നാൽ ഒരു സന്ന്യാസി തന്റെ ജീവിതത്തെ ദൈവകൃപയ്ക്ക് സമർപ്പിച്ച് ഓരോ ദിവസവും പുതുക്കപ്പെടാൻ വിളിക്കപ്പെട്ടവനാണ്. അതാണ് തപസ്യ. അതാണ് ബ്രഹ്മചര്യം. അതാണ് ദൈവത്തിലേക്കുള്ള നിരന്തര യാത്ര.

4.1.5. വാൽമീകിയുടെ തപസ്യ: ബ്രഹ്മചര്യത്തിന്റെ നിശ്ശബ്ദ ജനനം

ഒരു കള്ളനും കൊള്ളക്കാരനുമായിരുന്ന രത്നാകരൻ പിന്നീട് മഹർഷിയായ വാൽമീകിയായിത്തീർന്നു. ഇത് ഒരു കഥ മാത്രമല്ല; ഒരു മുറിയുടെ നിശ്ശബ്ദ രഹസ്യം പോലെ വായിക്കേണ്ട ആത്മീയ സത്യമാണ്. ആദ്യം അവന്റെ ജീവിതം മുഴുവൻ പുറത്തേക്കായിരുന്നു—ഓട്ടം, അക്രമം, ആശ്രയങ്ങൾ, ബന്ധങ്ങൾ, സ്വന്തമാക്കലുകൾ. പക്ഷേ ഒരു ചോദ്യമാണ് അവനെ ഉള്ളിലേക്ക് നയിച്ചത്: "നീ ചെയ്യുന്ന പാപങ്ങളുടെ ഭാരത്തിൽ നിന്നോടൊപ്പം പങ്കുചേരാൻ ആരുണ്ട്?" ആ ചോദ്യത്തിന് ഉത്തരം കണ്ടെത്താനാകാതെ നിൽക്കേണ്ടി വന്നപ്പോൾ, അവൻ ഒരു പുതിയ

യാത്ര ആരംഭിച്ചു—പുറത്തേക്കല്ല, അകത്തേക്ക്. അവൻ ഇരുന്നു. ജപിച്ചു. സമയം കടന്നുപോയി. ചുറ്റും ചീറ്റക്കൂടുകൾ ഉയർന്നു. എന്നാൽ ആ നിശ്ശബ്ദതയിൽ ഒരു അത്ഭുതം സംഭവിച്ചു. ഒരു മനുഷ്യൻ തന്റെ പഴയ ജീവിതത്തെ പിന്നിലാക്കി; ഒരു പുതിയ മനുഷ്യൻ ജനിച്ചു. ലോകത്തിൽ നിന്ന് അകന്നതുപോലെ തോന്നിയ അവൻ, ദൈവിക സത്യത്തോട് കൂടുതൽ അടുത്തു. ഇതാണ് വാൽമീകിയുടെ തപസ്യ.

ഇതുതന്നെയാണ് ഒരു സന്ന്യാസിയുടെ വ്യക്തിഗത മുറിയുടെ അർത്ഥം. സന്ന്യാസിയുടെ മുറി വിശ്രമത്തിനുള്ള ഒരു സ്ഥലം മാത്രമല്ല; അത് ഒരു *വാൽമീകം* ആണ്—ഒരു ആന്തരിക രൂപാന്തരത്തിന്റെ ഇടം. പുറത്ത് നിന്ന് നോക്കുമ്പോൾ അത് ശാന്തമാണ്, ശൂന്യമാണ്, ഒറ്റപ്പെട്ടതാണ്. എന്നാൽ ഉള്ളിൽ ഒരു വലിയ മാറ്റം നടക്കുന്നു; ഒരു ആത്മീയ ജനനം രൂപംകൊള്ളുന്നു; ഒരു നിശ്ശബ്ദ വിപ്ലവം അരങ്ങേറുന്നു.

ബ്രഹ്മചര്യം ഈ മുറിയിലാണ് ആഴം പ്രാപിക്കുന്നത്. ബ്രഹ്മചര്യം പുറം നിയമങ്ങൾ പാലിക്കുന്നതിൽ മാത്രം ഒതുങ്ങുന്നില്ല; അത് ഹൃദയത്തിന്റെ പരിവർത്തനമാണ്. രത്നാകരന്റെ പഴയ ജീവിതം അവസാനിക്കാതെ വാൽമീകി ജനിക്കുമായിരുന്നില്ല. അതുപോലെ, സ്വാർത്ഥത, ആത്മകേന്ദ്രിതത്വം, അശുദ്ധമായ ആഗ്രഹങ്ങൾ, വ്യർത്ഥമായ ആശ്രയങ്ങൾ—ഇവ ക്രമേണ ദൈവകൃപയുടെ മുമ്പിൽ വഴിമാറണം. സന്ന്യാസിയുടെ മുറി ചിലപ്പോൾ ഒരു വാൽമീകം പോലെ തോന്നാം—ലോകത്തിന്റെ കാഴ്ചയിൽ നിശ്ചലവും പ്രാധാന്യമില്ലാത്തതും. എന്നാൽ അവിടെയാണ് ചിന്തകൾ ശുദ്ധീകരിക്കപ്പെടുന്നത്; ഹൃദയം ഏകാഗ്രമാകുന്നത്; സ്നേഹം വിശാലമാകുന്നത്; ആത്മാവ് ദൈവത്തിലേക്ക് തുറക്കപ്പെടുന്നത്.

നാരദൻ രത്നാകരനോട് ആദ്യം 'രാമ' എന്ന് ജപിക്കാൻ പറഞ്ഞില്ല; 'മര' എന്ന് പറയാനാണ് നിർദേശിച്ചത് എന്നാണ് പരമ്പരാഗത കഥ. അത് ഒരു തുടക്കം മാത്രമായിരുന്നു. ദീർഘകാല തപസ്യയും ഏകാഗ്രതയും ആ 'മര'യെ 'രാമ'യാക്കി മാറ്റി. അതുപോലെ, സന്ന്യാസിയുടെ മുറിയിൽ ആവർത്തിക്കപ്പെടുന്ന ചെറിയ പ്രാർത്ഥനകൾ, വിശ്വസ്തമായി പാലിക്കുന്ന ദിനചര്യകൾ, നിശ്ശബ്ദമായ ഏകാന്ത നിമിഷങ്ങൾ—ഇവയാണ് ബ്രഹ്മചര്യത്തെ ഒരു ആശയത്തിൽ നിന്ന് ജീവിതമാക്കി മാറ്റുന്നത്.

നമ്മുടെ മുറിയിൽ രണ്ട് കാര്യങ്ങൾ സംഭവിക്കണം: പഴയ മനുഷ്യൻ ക്രമേണ മരിക്കണം; പുതിയ മനുഷ്യൻ ജനിക്കണം. അഹങ്കാരം കുറഞ്ഞ് വിനയം വളരണം. സ്വാർത്ഥത കുറഞ്ഞ് സ്നേഹം വളരണം. ചിതറ

ലുകൾ കുറഞ്ഞ് ഏകാഗ്രത വളരണം. അതാണ് യഥാർത്ഥ തപസ്യ. വാൽമീകി തന്റെ തപസ്യയുടെ ഫലമായി രാമായണം രചിച്ചതു പോലെ, ഒരു സന്ന്യാസിയുടെ ജീവിതവും മുറിക്കുള്ളിൽ എഴുതപ്പെടുന്ന ഒരു അദൃശ്യകാവ്യമായിരിക്കണം. ആ കാവ്യം ലോകം വായിക്കുന്നത് അവൻ മുറിയിൽ നിന്ന് പുറത്തുവരുമ്പോഴാണ്—അവന്റെ വാക്കുകളിലൂടെ മാത്രമല്ല, അവന്റെ ജീവിതത്തിലൂടെ. അതുകൊണ്ട്, സന്ന്യാസിയുടെ മുറി ഒരു അടച്ച ഇടമല്ല; അത് ഒരു ജനനസ്ഥലമാണ്. അവിടെ നിശ്ശബ്ദത സംസാരിക്കുന്നു. അവിടെ തപസ്യ രൂപംകൊള്ളുന്നു. അവിടെ ബ്രഹ്മചര്യം പൂത്തുലയുന്നു. അവിടെ ദൈവം ഒരു മനുഷ്യനെ പുതുതായി സൃഷ്ടിക്കുന്നു.

ഒരിക്കൽ രത്നാകരൻ ലോകത്തിൽ നിന്ന് കവർന്നെടുക്കുന്നവനായിരുന്നു. എന്നാൽ വാൽമീകിയായപ്പോൾ, ലോകത്തിന് ആത്മീയ സമ്പത്ത് നൽകുന്നവനായി. അതിനാൽ നമുക്കും ചോദിക്കാം: എന്റെ മുറി ഒരു സാധാരണ താമസസ്ഥലമാണോ, അതോ ഒരു 'വാൽമീകം' ആണോ? അവിടെ ഞാൻ സമയം വെറുതെ ചെലവഴിക്കുന്നുവോ, അതോ ദൈവം എന്നെ രൂപപ്പെടുത്താൻ അനുവദിക്കുന്നുവോ? അവിടെ ഞാൻ വെറുമൊരു ഏകാന്തത അനുഭവിക്കുന്നുവോ, അതോ ആ ഏകാന്തതയെ തപസ്യയായി മാറ്റുന്നുവോ? കാരണം, സത്യമായ ബ്രഹ്മചര്യം പുറത്ത് പ്രഖ്യാപിക്കപ്പെടുന്നതല്ല; അത് മുറിക്കുള്ളിൽ നിശ്ശബ്ദമായി ജനിക്കുന്നതാണ്. അവിടെയാണ് ഒരു സന്ന്യാസിയുടെ യഥാർത്ഥ ജീവിതം രൂപംകൊള്ളുന്നത്.

4.1.6. ബ്രഹ്മചര്യത്തിന്റെ മഹിമ

ഒരു പക്ഷി തേനീച്ചയോട് ചോദിച്ചു: "നീ ഇത്രയും പരിശ്രമിച്ച് തേൻ ഉണ്ടാക്കുന്നു. പക്ഷേ മനുഷ്യൻ അത് വളരെ എളുപ്പത്തിൽ എടുത്തുകൊള്ളുന്നു. നിനക്ക് ദുഃഖമില്ലേ?" തേനീച്ചയുടെ മറുപടി ചിന്തനീയമായിരുന്നു: "അവൻ എന്റെ തേൻ കവർന്നേക്കാം. പക്ഷേ തേൻ ഉണ്ടാക്കുന്ന കല എന്നിൽ നിന്ന് ആർക്കും ഒരിക്കലും കവർന്നെടുക്കാൻ കഴിയില്ല."

ജീവിതത്തിൽ നാം സൃഷ്ടിക്കുന്ന പലതും നഷ്ടപ്പെടാം—സമ്പത്ത്, പ്രശസ്തി, ബന്ധങ്ങൾ, നേട്ടങ്ങൾ. എന്നാൽ നമ്മിൽ രൂപപ്പെടുന്ന സ്വഭാവം, തപസ്യയിലൂടെ സ്വന്തമാക്കുന്ന ആന്തരിക സമ്പത്ത്, ആത്മാവിൽ വളരുന്ന ജ്ഞാനം—ഇവ ആർക്കും നമ്മിൽ നിന്ന് അപഹരിക്കാനാവില്ല. ബ്രഹ്മചര്യം നമ്മെ പഠിപ്പിക്കുന്ന വലിയ രഹസ്യം ഇതാണ്. ബ്രഹ്മചര്യം ഒരു പുറംപ്രകടനം മാത്രമല്ല; അത് ഒരു ആന്തരകല ആണ്. ഹൃദയത്തെ ശുദ്ധീകരിക്കുകയും ആഗ്രഹങ്ങളെ രൂപാന്തരപ്പെടുത്തുകയും

സ്നേഹത്തെ വിശുദ്ധമാക്കുകയും ചെയ്യുന്ന ഒരു കല. ഈ കല പഠിക്കാൻ തപസ്യ വേണം. ക്ഷമ വേണം. വിശ്വസ്തത വേണം.

തേനീച്ച ഒരു ദിവസം കൊണ്ട് തേൻ ഉണ്ടാക്കുന്നില്ല. അത് ദിനംപ്രതി പറക്കുന്നു. പൂക്കളിൽ നിന്ന് മധുരരസം ശേഖരിക്കുന്നു. പിന്നെ അത് സ്വന്തം ഉള്ളിൽ പരിവർത്തനം ചെയ്യുന്നു. അങ്ങനെ ക്രമേണ തേൻ രൂപംകൊള്ളുന്നു. ഒരു ബ്രഹ്മചാരിയുടെ ജീവിതവും ഇതുപോലെയാണ്. അത് ഒരു ദൈനംദിന തപസ്യയാണ്. ചിന്തകളെ ക്രമപ്പെടുത്തൽ, ആഗ്രഹങ്ങളെ ശുദ്ധീകരിക്കൽ, മനസ്സിനെ ഏകാഗ്രമാക്കൽ, ദൈവസ്നേഹത്തിൽ വളരൽ—ഇവയൊന്നും ഒരു നിമിഷത്തിൽ സംഭവിക്കുന്നില്ല. അവ ദിവസേനയുള്ള ചെറിയ വിശ്വസ്തതകളിലൂടെ രൂപംകൊള്ളുന്നു. പലപ്പോഴും നമ്മുടെ പരിശ്രമങ്ങൾ മറ്റുള്ളവർ കാണില്ല. നമ്മുടെ ത്യാഗങ്ങൾ വിലമതിക്കപ്പെടാതെ പോകാം. ചിലപ്പോൾ സമർപ്പണത്തിന്റെ ഫലങ്ങൾ പോലും നഷ്ടപ്പെട്ടുപോയതുപോലെ തോന്നാം. എന്നാൽ അതൊന്നും നിർണായകമല്ല. കാരണം ബ്രഹ്മചര്യത്തിന്റെ യഥാർത്ഥ ഫലം പുറത്തല്ല; അത് ഉള്ളിലാണ്.

തേനീച്ചയുടെ തേൻ എടുക്കാൻ നമുക്കാകും. എന്നാൽ അതിന്റെ ഉള്ളിൽ തേൻ സൃഷ്ടിക്കുന്ന കഴിവ് അപഹരിക്കാൻ ആർക്കും കഴിയില്ല. അതുപോലെ, ഒരു ബ്രഹ്മചാരിയുടെ ജീവിതത്തിൽ വളരുന്ന പ്രാർത്ഥനയുടെ ആഴം, ആത്മനിയന്ത്രണത്തിന്റെ ശക്തി, വിശുദ്ധ സ്നേഹത്തിന്റെ പക്വത, ദൈവസാന്നിധ്യത്തിന്റെ അനുഭവം—ഇവ മറ്റാർക്കും കവർന്നെടുക്കാൻ കഴിയാത്ത നിധികളാണ്. ഇതാണ് തപസ്യയുടെ ഫലം. ഇത് നമ്മെ ഒരു വലിയ സത്യത്തിലേക്ക് നയിക്കുന്നു: ജീവിതത്തിൽ നാം എന്ത് നേടുന്നു എന്നതല്ല ഏറ്റവും പ്രധാനപ്പെട്ടത്; നാം എന്തായി മാറുന്നു എന്നതാണ് പ്രധാനപ്പെട്ടത്.

പലരും പുറത്തുള്ള നേട്ടങ്ങൾക്കുവേണ്ടി ജീവിക്കുന്നു. എന്നാൽ ബ്രഹ്മചര്യം നമ്മെ ഉള്ളിലേക്ക് വിളിക്കുന്നു—ഒരു രൂപാന്തരത്തിന്റെ യാത്രയിലേക്ക്. അവിടെ സ്വാർത്ഥത സ്നേഹമായി മാറുന്നു. ആസക്തി സമർപ്പണമായി മാറുന്നു. ഏകാന്തത ദൈവസാന്നിധ്യമായി മാറുന്നു. മനുഷ്യഹൃദയം കൂടുതൽ വിശാലമായി, കൂടുതൽ സ്വതന്ത്രമായി, കൂടുതൽ സ്നേഹിക്കാൻ കഴിവുള്ളതായിത്തീരുന്നു. ഈ യാത്രയ്ക്ക് സമയം വേണം. പരിശ്രമം വേണം. നിരന്തരമായ തപസ്യ വേണം. എന്നാൽ ഒരിക്കൽ ഈ കല നമ്മിൽ വളർന്നാൽ, ലോകം നമ്മിൽ നിന്ന് പലതും എടുത്തുകൊണ്ടുപോയാലും നമ്മൾ ശൂന്യരാകുകയില്ല. കാരണം, നമ്മൾ തേൻ മാത്രം കൈവശം വച്ചവരല്ല; തേൻ ഉണ്ടാക്കാൻ പഠിച്ചവരാണ്.

അതുകൊണ്ട് ഒരു ബ്രഹ്മചാരിയുടെ ഹൃദയത്തിൽ ഈ വിശ്വാസം എപ്പോഴും ജീവിക്കണം: "എനിക്ക് നഷ്ടപ്പെടാൻ ഭയമില്ല. കാരണം ഞാൻ നേടിയിരിക്കുന്നത് പുറത്ത് അല്ല; എന്റെ ഉള്ളിലാണ്."

തപസ്യയിലൂടെ വളരുന്ന ഈ അന്തർസമ്പത്താണ് യഥാർത്ഥ സ്വാതന്ത്ര്യം. അത് സാഹചര്യങ്ങളെ ആശ്രയിക്കുന്നതല്ല; അത് ഹൃദയത്തിന്റെ പവിത്രതയിൽ നിന്ന് ഉദിക്കുന്നതാണ്. അതുതന്നെയാണ് ബ്രഹ്മചര്യത്തിന്റെ മഹിമ. ബ്രഹ്മചര്യം എന്നത് ഒന്നിനെ ഉപേക്ഷിക്കുന്നതിന്റെ മഹത്വമല്ല; സ്നേഹിക്കാൻ കഴിയുന്ന ഒരു പുതിയ ഹൃദയം സ്വന്തമാക്കുന്നതിന്റെ മഹത്വമാണ്. ലോകം കാണാത്ത ഈ നിശ്ശബ്ദ രൂപാന്തരമാണ് ഒരു ബ്രഹ്മചാരിയുടെ ഏറ്റവും വലിയ സമ്പത്തും ഏറ്റവും മനോഹരമായ സാക്ഷ്യവും.

4.1.7. വിശ്രമത്തിന്റെ മുറി: ദൈവത്തിൽ വിശ്രമിക്കുന്ന കല

മനുഷ്യജീവിതം പലപ്പോഴും ക്ഷീണവും ഭാരവും നിറഞ്ഞ ഒരു യാത്രയാണ്. ഉത്തരവാദിത്വങ്ങൾ, ജോലികൾ, ബന്ധങ്ങൾ, ആശങ്കകൾ—ഇതെല്ലാം മനുഷ്യഹൃദയത്തെ തളർത്തുന്നു. അത്തരം നിമിഷങ്ങളിൽ മനുഷ്യൻ സ്വാഭാവികമായി വിശ്രമം തേടുന്നു. എന്നാൽ യഥാർത്ഥ വിശ്രമം എവിടെയാണ്?

യേശു തന്നെ നമ്മെ സ്നേഹപൂർവം വിളിക്കുന്നു: "അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയ എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ 11:28). ഇത് വെറും ആശ്വാസവാക്കല്ല; വിശ്രമത്തിലേക്കുള്ള ഒരു ദൈവിക ക്ഷണമാണ്. യേശു നമ്മെ പഠിപ്പിക്കുന്നത് ഇതാണ്: യഥാർത്ഥ വിശ്രമം ഒരു സ്ഥലത്തല്ല, ഒരു വ്യക്തിയിലാണ്—യേശുക്രിസ്തുവിലാണ്.

നാം പലപ്പോഴും വിശ്രമം അന്വേഷിക്കുന്നത് യാത്രകളിലും വിനോദങ്ങളിലും അവധിദിനങ്ങളിലും ജോലിയിൽ നിന്നുള്ള ഇടവേളകളിലുമാണ്. ഇവ ശരീരത്തിന് ആശ്വാസം നൽകാം. എന്നാൽ മനുഷ്യഹൃദയം തേടുന്നത് അതിലും ആഴമുള്ള ഒരു വിശ്രമമാണ്—ആത്മാവിന്റെ വിശ്രമം. ആ വിശ്രമം ലഭിക്കുന്നത് യേശുവിന്റെ സാന്നിധ്യത്തിലാണ്. നാം നിശ്ശബ്ദതയിൽ അവിടുത്തെ സന്നിധിയിൽ ഇരിക്കുമ്പോൾ, അവിടുത്തോട് സംസാരിക്കുമ്പോൾ, അവിടുത്തെ വചനം കേൾക്കുമ്പോൾ, നമ്മുടെ ഭാരങ്ങൾ അവിടുത്തെ കരുണയിൽ സമർപ്പിക്കുമ്പോൾ, ഹൃദയം പതുക്കെ ശാന്തമാകുന്നു. അതുകൊണ്ടാണ് യേശു പറയുന്നത്: "ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം ഏറ്റെടുത്ത് എന്നിൽ നിന്ന് പഠിക്കുവിൻ; അപ്പോൾ നിങ്ങളുടെ ആത്മാക്കൾക്ക്

ആശ്വാസം ലഭിക്കും" (മത്താ 11:29). യേശുവിനോടൊപ്പം വിശ്രമിക്കുക എന്നത് ഒന്നും ചെയ്യാതെ ഇരിക്കുക എന്നല്ല; ജീവിതത്തിന്റെ ഭാരം ഒറ്റയ്ക്ക് ചുമക്കാതെ അവിടുത്തോടൊപ്പം നടക്കുക എന്നതാണ്. ഒരു കുട്ടി പിതാവിന്റെ സാന്നിധ്യത്തിൽ സുരക്ഷിതത്വം അനുഭവിക്കുന്നതുപോലെ, ദൈവസാന്നിധ്യത്തിൽ മനുഷ്യഹൃദയം സമാധാനം കണ്ടെത്തുന്നു.

ഒരു വീട്ടിൽ ആളുകൾ ഏറ്റവും കൂടുതൽ സമയം ചെലവഴിക്കുന്ന മുറിയാണ് ലിവിംഗ് റൂം. പേരിൽ തന്നെയുണ്ട്—'ജീവിതത്തിന്റെ മുറി.' അവിടെയാണ് നാം ഇരിക്കുന്നത്, സംസാരിക്കുന്നത്, ഒരുമിച്ചു സമയം ചെലവഴിക്കുന്നത്, വിശ്രമിക്കുന്നത്. എന്നാൽ ജീവിതം സജീവമാകണമെങ്കിൽ വിശ്രമം അനിവാര്യമാണ്.

നമ്മുടെ പാരമ്പര്യത്തിൽ ഒരു ചൊല്ലുണ്ട്: "ശവമായിട്ടുറങ്ങുന്നോൻ ശിവനായിട്ടുണർന്നിടും." അതിൽ വലിയൊരു ജ്ഞാനമുണ്ട്. നല്ല ഉറക്കം ശരീരത്തെ മാത്രമല്ല, മനസ്സിനെയും പുതുക്കുന്നു. ദിവസം മുഴുവൻ ശേഖരിച്ച ആശങ്കകളും ക്ഷീണവും മാനസികഭാരവും ഉറക്കം പതുക്കെ കഴുകിക്കളയുന്നു. അതുകൊണ്ടുതന്നെ വിശ്രമം ഒരു ദൈവിക സമ്മാനമാണ്. യേശു തന്നെ ശിഷ്യന്മാരോട് പറഞ്ഞിരുന്നു: "നിങ്ങൾ ഒറ്റപ്പെട്ട സ്ഥലത്തേക്കു ചെന്നു കുറെ നേരം വിശ്രമിക്കുവിൻ" (മർക്കോ 6:31). ഈ വചനം ഇന്നും പ്രസക്തമാണ്. വിശ്രമം ശരീരത്തിനും മനസ്സിനും മാത്രമല്ല, ആത്മാവിനും പുതുജീവൻ നൽകുന്നു.

വിശുദ്ധ ഗ്രന്ഥങ്ങളിൽ നാം കാണുന്ന മറ്റൊരു മനോഹര സത്യം ഇതാണ്: പലപ്പോഴും ദൈവം മനുഷ്യനോട് സംസാരിച്ചത് അവന്റെ ഉറക്കത്തിലാണ്. മനുഷ്യൻ ശാന്തമായി കേൾക്കാൻ കഴിയുന്ന അപൂർവ നിമിഷങ്ങളിൽ ഒന്നാണ് ഉറക്കം. ഇതിന് ഏറ്റവും മനോഹരമായ ഉദാഹരണമാണ് വി. ഔസേപ്പിതാവ്. സുവിശേഷങ്ങളിൽ അവിടുന്ന് വലിയ പ്രസംഗങ്ങൾ നടത്തിയിട്ടില്ല. പക്ഷേ ദൈവത്തിന്റെ സ്വരം ശ്രദ്ധയോടെ കേട്ടു. ദൈവദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് മറിയത്തെ സ്വീകരിക്കാനും, ഈജിപ്തിലേക്ക് പോകാനും, പിന്നീട് ഇസ്രായേലിലേക്ക് മടങ്ങിവരാനും നിർദേശിച്ചു. ഔസേപ്പിതാവിന്റെ ജീവിതത്തിലെ നിർണായക തീരുമാനങ്ങൾ പലതും സ്വപ്നങ്ങളിലെ ദൈവിക വെളിപാടുകളിലൂടെ വന്നു. കാരണം ഔസേപ്പിതാവ് ദൈവത്തിൽ വിശ്രമിക്കാൻ പഠിച്ച മനുഷ്യനായിരുന്നു. ഇതേ സന്ദേശമാണ് 'ഉറങ്ങുന്ന വിശുദ്ധ ഔസേപ്പിതാവ്' എന്ന ഭക്തിരൂപവും നമ്മെ ഓർമ്മിപ്പിക്കുന്നത്. നമ്മുടെ ആശങ്കകൾ ദൈവത്തിന്റെ കയ്യിൽ ഏൽപ്പിക്കാൻ നാം പഠിക്കണം. എല്ലാം നമുക്ക്

തന്നെ നിയന്ത്രിക്കണമെന്ന ആവശ്യം വിട്ടു കൊടുക്കണം. ദൈവത്തിൽ വിശ്രമിക്കുന്നവരുടെ ജീവിതത്തിൽ ദൈവം പ്രവർത്തിക്കുന്നു.

എന്നാൽ ഇന്നത്തെ ലോകത്തിൽ വിശ്രമത്തിന്റെ മുറികൾ പോലും അശാന്തിയുടെ കേന്ദ്രങ്ങളായി മാറിയിരിക്കുന്നു. ടെലിവിഷന്റെ ശബ്ദം, ഫോണിന്റെ അറിയിപ്പുകൾ, സാമൂഹികമാധ്യമങ്ങളുടെ തിരക്ക്, അവസാനിക്കാത്ത ചിന്തകൾ—ശരീരം വീട്ടിൽ എത്തുമ്പോഴും മനസ്സ് വിശ്രമിക്കുന്നില്ല. അതുകൊണ്ട് ലിവിംഗ് റൂം നമ്മെ പഠിപ്പിക്കുന്ന ആത്മീയ പാഠം ഇതാണ്: ദൈവത്തിൽ വിശ്രമിക്കാൻ പഠിക്കുക. നമ്മുടെ ജീവിതത്തിൽ കുടുംബപ്രശ്നങ്ങളും ആരോഗ്യപ്രശ്നങ്ങളും സാമ്പത്തിക ആശങ്കകളും ഭാവിയെക്കുറിച്ചുള്ള ഭയങ്ങളും ഉണ്ടായിരിക്കും. എന്നാൽ എല്ലാം നമുക്ക് തന്നെ പരിഹരിക്കേണ്ടതില്ല. ചിലപ്പോൾ ദൈവത്തോട് പറയേണ്ടത് ഇത്രയേ ഉള്ളൂ: "കർത്താവേ, ഈ ഭാരം ഞാൻ അങ്ങയുടെ കൈകളിൽ ഏൽപ്പിക്കുന്നു." ഉറക്കം തന്നെ ഒരു ആത്മീയ പാഠമാണ്. നാം ഉറങ്ങുമ്പോൾ ലോകത്തിന്റെ നിയന്ത്രണം വിട്ടുകൊടുക്കുന്നു. അത് വിശ്വാസത്തിന്റെ ഒരു പ്രവൃത്തിയാണ്. അപ്പോൾ നാം പറയുന്നത്: "ദൈവമേ, ഞാൻ വിശ്രമിക്കുന്നു. ഇപ്പോൾ അങ്ങ് പ്രവർത്തിക്കൂ."

ദാവീദ് സങ്കീർത്തനത്തിൽ പറയുന്നു: "എന്റെ കിടക്കയിൽ ഞാൻ അങ്ങയെ ഓർക്കുന്നു; രാത്രിയാമങ്ങളിൽ അങ്ങയെ ധ്യാനിക്കുന്നു" (സങ്കീ 63:6). ഈ വചനം ഒരു വലിയ ആത്മീയ സത്യം വെളിപ്പെടുത്തുന്നു. പകൽ തിരക്കുകളിൽ ദൈവത്തെ മറക്കാൻ സാധ്യതയുണ്ട്. എന്നാൽ രാത്രിയുടെ നിശ്ശബ്ദതയിൽ മനുഷ്യൻ തന്റെ യഥാർത്ഥ സ്വരൂപത്തെ നേരിടുന്നു. അവിടെ അവൻ ദൈവത്തെ ഓർക്കുന്നു. ദൈവവുമായുള്ള വ്യക്തിപരമായ ബന്ധമാണ് സമൂഹജീവിതത്തിന്റെ അടിസ്ഥാനം. നമ്മുടെ 'ബെഡ് റൂം'—അതായത് ദൈവവുമായി നമ്മൾ ഒറ്റയ്ക്ക് ചെലവഴിക്കുന്ന നിമിഷങ്ങൾ—ശരിയായാൽ മാത്രമേ നമ്മുടെ പൊതുജീവിതവും ആരോഗ്യകരമാകൂ. ഒരു സമൂഹത്തിലെ സമാധാനം പലപ്പോഴും വ്യക്തികളുടെ പ്രാർത്ഥനാജീവിതത്തിന്റെ ഫലമാണ്.

രാത്രിയിൽ ദൈവത്തെ ഓർക്കുന്ന ഒരു മനുഷ്യന് മറ്റുള്ളവരെ വേദനിപ്പിക്കാൻ എളുപ്പമാവില്ല. ദൈവസാന്നിധ്യത്തിൽ വിശ്രമിക്കുന്ന ഒരു ഹൃദയം മറ്റുള്ളവർക്ക് വിശ്രമത്തിന്റെ ഇടമാകും. അതുകൊണ്ട് നമുക്ക് നമ്മോടുതന്നെ ചോദിക്കാം: എന്റെ ജീവിതത്തിൽ യഥാർത്ഥ വിശ്രമം ഉണ്ടോ? ഞാൻ ക്ഷീണിക്കുമ്പോൾ എവിടേക്കാണ് പോകുന്നത്? എന്റെ മുറി ഉറങ്ങാനുള്ള സ്ഥലം മാത്രമാണോ, അതോ ദൈവത്തിൽ വിശ്രമിക്കാൻ പഠിക്കുന്ന ഒരു വിശുദ്ധ ഇടമാണോ? കാരണം യഥാർത്ഥ വിശ്ര

മം ഒരു കിടക്കയിലല്ല, ഒരു മുറിയിലല്ല, ഒരു അവധിക്കാലത്തിലല്ല. അത് യേശുവിന്റെ സാന്നിധ്യത്തിലാണ്.

4.1.8. ഉല്ലാസമുറി: സാഹോദര്യത്തിന്റെ വിദ്യാലയം

"ദൈവം അയച്ച ദുരാത്മാവ് സാവൂളിൽ പ്രവേശിക്കുമ്പോഴൊക്കെ ദാവീദ് കിന്നരം വായിക്കും. അതുവഴി അവന് ആശ്വാസവും സുഖവും ലഭിക്കുകയും ദുരാത്മാവ് അവനെ വിട്ടുമാറുകയും ചെയ്തിരുന്നു" (1 സാമു 16:23).

ഈ തിരുവചനം മനുഷ്യജീവിതത്തിൽ വിശ്രമത്തിന്റെയും സംഗീതത്തിന്റെയും സന്തോഷത്തിന്റെയും ആത്മീയ പ്രാധാന്യം മനോഹരമായി വെളിപ്പെടുത്തുന്നു. ദാവീദിന്റെ കിന്നരനാദം സാവൂളിന്റെ അസ്വസ്ഥമായ മനസ്സിന് ആശ്വാസവും സമാധാനവും പകർന്നു. അതിലൂടെ ദൈവം നമ്മെ പഠിപ്പിക്കുന്നത്, മനുഷ്യഹൃദയത്തിന് പ്രാർത്ഥനയോളം തന്നെ ഉചിതമായ വിശ്രമവും ആരോഗ്യകരമായ വിനോദവും സൗഹൃദപരമായ സഹവർത്തിത്വവും ആവശ്യമാണ് എന്ന സത്യമാണ്. സംഗീതം ആസ്വദിക്കുന്നതും, നല്ല ദൃശ്യാനുഭവങ്ങൾ പങ്കുവെക്കുന്നതും, സഹോദരങ്ങളോടൊപ്പം സന്തോഷനിമിഷങ്ങൾ ചെലവഴിക്കുന്നതുമെല്ലാം മനസ്സിനെ നവീകരിക്കുകയും ആത്മാവിനെ ഉന്മേഷഭരിതമാക്കുകയും ചെയ്യുന്ന അനുഭവങ്ങളാകാം. അതുകൊണ്ടുതന്നെ വിശ്രമവേളകൾ വിവേകപൂർവം വിനിയോഗിക്കുന്നത് ശക്തവും സമതുലിതവുമായ ഒരു ആത്മീയ വ്യക്തിത്വം വളർത്തുന്നതിന് സഹായകമാണ്.

ആത്മീയ ജീവിതത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ പലരും സന്ന്യാസജീവിതത്തെ ഏകാന്തതയുടെയും മൗനത്തിന്റെയും തപസ്യയുടെയും ഒരു യാത്രയായി കാണാറുണ്ട്. തീർച്ചയായും, മൗനത്തിനും ഏകാന്തതയ്ക്കും സന്ന്യാസജീവിതത്തിൽ അതിന്റേതായ അനിവാര്യ സ്ഥാനമുണ്ട്. എന്നാൽ വിശുദ്ധ ഗ്രന്ഥത്തിന്റെ ദർശനത്തിൽ സന്ന്യാസജീവിതം ഏകാന്തതയിലേക്കുള്ള ഒരു പിന്മാറ്റമല്ല; മറിച്ച് ദൈവസന്നിധിയിൽ സഹോദരങ്ങളോടൊപ്പം ജീവിക്കുന്ന ഒരു സമൂഹാനുഭവമാണ്. ദൈവത്തെ അന്വേഷിക്കുന്നതുപോലെ തന്നെ സഹോദരനെ സ്വീകരിക്കാനും സ്നേഹിക്കാനും പഠിക്കുന്ന ജീവിതമാണത്.

ഈ പശ്ചാത്തലത്തിൽ, ഉല്ലാസമുറി വിശ്രമത്തിന്റെയും സൗഹൃദത്തിന്റെയും സന്തോഷത്തിന്റെയും പരസ്പരപങ്കുവെക്കലിന്റെയും വിശുദ്ധ ഇടമായി മാറുന്നു. പുറമേ നോക്കുമ്പോൾ അത് ഒരു സാധാരണ മുറിയായി തോന്നാം. എന്നാൽ ആത്മീയ വിവേകത്തോടെ ഉപയോഗിക്കപ്പെടു

മ്പോൾ, അത് സമൂഹത്തിന്റെ ഹൃദയമിടിപ്പ് അനുഭവിക്കുന്ന ഒരിടമായി രൂപാന്തരപ്പെടുന്നു.

തിരുവചനം പറയുന്നു: "എല്ലാറ്റിനും ഒരു സമയമുണ്ട്; ആകാശത്തിനു കീഴെയുള്ള എല്ലാ കാര്യങ്ങൾക്കും ഒരു വേളയുണ്ട്" (സഭാ 3:1). പ്രാർത്ഥനയ്ക്ക് ഒരു സമയം ഉണ്ട്. ജോലിക്ക് ഒരു സമയം ഉണ്ട്. മൗനത്തിനും ധ്യാനത്തിനും ഒരു സമയം ഉണ്ട്. അതുപോലെ വിശ്രമത്തിനും സന്തോഷത്തിനും ഒരുമിച്ചായിരിക്കാനും ഒരു സമയമുണ്ട്. ദൈവം മനുഷ്യനെ ജോലി ചെയ്യാൻ മാത്രമല്ല, സന്തോഷിക്കാനും സ്നേഹിക്കാനും ബന്ധങ്ങളിൽ വളരാനുമാണ് സൃഷ്ടിച്ചത്.

ഉല്ലാസമുറി വെറും വിശ്രമസ്ഥലമല്ല; ഹൃദയങ്ങൾ തുറക്കുന്ന ഒരു ഇടമാണ്. അവിടെ ഔപചാരികതകൾ അലിഞ്ഞുപോകുന്നു. അനുഭവങ്ങൾ പങ്കുവെക്കപ്പെടുന്നു. ചിരികൾ വിരിയുന്നു. മനസ്സിലെ ഭാരങ്ങൾ ലഘൂകരിക്കപ്പെടുന്നു. ചിലപ്പോൾ സഹോദരങ്ങളോടൊപ്പമുള്ള ഒരു മണിക്കൂർ ആത്മാർത്ഥമായ സംഭാഷണം, പല ദിവസങ്ങളായി മനസ്സിനെ അലട്ടിയിരുന്ന ഭാരങ്ങൾ നീക്കിക്കളയാൻ സഹായിക്കും. ദാവീദിന്റെ സംഗീതം സാവൂളിന് ആശ്വാസമായതുപോലെ, സഹോദരന്റെ സാന്നിധ്യവും ഒരു സ്നേഹപൂർവമായ സംഭാഷണവും മറ്റൊരാളുടെ മനസ്സിന് സൗഖ്യം പകരുന്ന ദൈവിക ഉപകരണങ്ങളാകാം.

ആദ്യകാല സഭയുടെ ജീവിതത്തിൽ ഈ സാഹോദര്യത്തിന്റെ ആത്മാവ് വ്യക്തമായി പ്രകടമായിരുന്നു. "വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചായിരുന്നു" (അപ്പ 2:44). ഈ വചനം പ്രാർത്ഥനയിലെ ഒരുമയെ മാത്രം സൂചിപ്പിക്കുന്നില്ല. അവർ ജീവിതം പങ്കുവെച്ചു; സന്തോഷങ്ങൾ പങ്കുവെച്ചു; ഭക്ഷണം പങ്കുവെച്ചു; പ്രത്യാശ പങ്കുവെച്ചു. അവരുടെ വിശ്വാസം വ്യക്തിപരമായ അനുഭവമല്ലായിരുന്നു; സമൂഹത്തിൽ ജീവിച്ച ഒരു വിശ്വാസാനുഭവമായിരുന്നു.

ഇന്നത്തെ സന്ന്യാസസമൂഹങ്ങളിലും ഈ ആത്മാവ് ജീവിച്ചിരിക്കണം. അതിന് ഉല്ലാസമുറി ഒരു പ്രധാന വേദിയാണ്. ഒരുമിച്ച് ഇരിക്കുമ്പോഴും സംസാരിക്കുമ്പോഴും കളിക്കുമ്പോഴും ചിരിക്കുമ്പോഴും പരസ്പരധാരണയും സഹാനുഭൂതിയും വളരുന്നു. തെറ്റിദ്ധാരണകൾ അകലുന്നു. അകലം കുറയുന്നു. ബന്ധങ്ങൾ ദൃഢമാകുന്നു. ചിരി പോലും ഒരു ആത്മീയ അനുഗ്രഹമാണ്. സന്തോഷത്തോടെ ജീവിക്കാൻ അറിയുന്ന സമൂഹങ്ങൾ ദീർഘകാലം ആരോഗ്യകരമായി നിലനിൽക്കും. ഒരുമിച്ച് ചിരിക്കുന്നവർക്ക് ഒരുമിച്ച് പ്രാർത്ഥിക്കാനും എളുപ്പമാണ്. സഹോദരനെ സുഹൃ

ത്തായി സ്വീകരിക്കുന്നവർക്ക് അവനെ ആത്മീയയാത്രയിലെ സഹയാത്രികനായും സ്വീകരിക്കാൻ കഴിയും.

യേശുവിന്റെ ജീവിതത്തിലും ഈ സന്തോഷത്തിന്റെ ഭാവം നാം വ്യക്തമായി കാണുന്നു. അവിടുന്ന് ജനങ്ങളിൽ നിന്ന് അകന്നുനിന്നില്ല. വിവാഹവിരുന്നുകളിൽ പങ്കെടുത്തു. സുഹൃത്തുക്കളുടെ വീടുകളിൽ സന്ദർശനം നടത്തി. ശിഷ്യന്മാരോടൊപ്പം ഭക്ഷണം കഴിച്ചു. അവരുടെ ജീവിതത്തിന്റെ ഭാഗമായിത്തീർന്നു. യേശുവിന്റെ സാന്നിധ്യം ഭയം സൃഷ്ടിക്കുന്നതല്ലായിരുന്നു; മറിച്ച് സമാധാനവും സന്തോഷവും പ്രത്യാശയും പകരുന്നതായിരുന്നു. അതുകൊണ്ട് ഒരു സന്ന്യാസസമൂഹത്തിന്റെ ഉല്ലാസമുറി വെറും വിനോദത്തിനുള്ള ഇടമല്ല. അത് സഹോദര്യം വളരുന്ന ഇടമാണ്. അവിടെ വ്യക്തികൾ സമൂഹമായി രൂപപ്പെടുന്നു. അവിടെ സഹവർത്തിത്വം അഭ്യസിക്കപ്പെടുന്നു. അവിടെ സ്നേഹം ദൈനംദിന ജീവിതത്തിന്റെ ഭാഷയായി മാറുന്നു.

സന്ന്യാസജീവിതം ഒരു ദൈവവിളിയാണെങ്കിൽ, അത് സന്തോഷത്തോടും സമാധാനത്തോടും സാഹോദര്യത്തോടും കൂടിയുള്ള ഒരു യാത്രയായിരിക്കണം. മുഖത്ത് പുഞ്ചിരിയില്ലാത്ത വിശുദ്ധി അപൂർണ്ണമാണ്. സഹോദരനെ സ്വീകരിക്കാത്ത ആത്മീയത അപൂർണ്ണമാണ്. മനുഷ്യബന്ധങ്ങളെ വിശുദ്ധമാക്കാത്ത പ്രാർത്ഥനയും അപൂർണ്ണമാണ്. അതുകൊണ്ട് ഉല്ലാസമുറി സമൂഹജീവിതത്തിന്റെ ഒരു വിദ്യാലയമാണ്. അവിടെ സാഹോദര്യം അഭ്യസിക്കപ്പെടുന്നു. അവിടെ സന്തോഷം പങ്കുവെക്കപ്പെടുന്നു. അവിടെ ഹൃദയങ്ങൾ പരസ്പരം തുറക്കപ്പെടുന്നു. അവിടെ ദൈവസ്നേഹം മനുഷ്യബന്ധങ്ങളിലൂടെ ദൃശ്യമാകുന്നു. പ്രാർത്ഥനാമുറിയിൽ ദൈവത്തെ കണ്ടുമുട്ടുന്നവർ ഉല്ലാസമുറിയിൽ സഹോദരനെ കണ്ടുമുട്ടുന്നു. ഈ രണ്ടും ഒരുമിക്കുമ്പോഴാണ് സന്ന്യാസ സമൂഹജീവിതം അതിന്റെ പൂർണതയിലേക്കും സൗന്ദര്യത്തിലേക്കും വളരുന്നത്.

(സമാപന പ്രാർത്ഥന)

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, ഈ ധ്യാനസമയത്തിനും പങ്കുവെച്ച ചിന്തകൾക്കും പരസ്പര സാന്നിധ്യത്തിനും ഞങ്ങൾ നന്ദി അർപ്പിക്കുന്നു. ഞങ്ങളുടെ ജീവിതത്തിലെ ഓരോ ഇടവും അങ്ങയുടെ സാന്നിധ്യം നിറഞ്ഞ വിശുദ്ധ ഇടങ്ങളാക്കണമേ. ഏകാന്ത രൂപാന്തരത്തിന്റെയും നിശ്ശബ്ദത അങ്ങയുടെ സ്വരം കേൾക്കുന്നതിന്റെയും അവസരമാകട്ടെ. വി. ഔസേപ്പിതാവിനെപ്പോലെ, ഞങ്ങളുടെ ഭാരങ്ങളും ആശങ്കകളും അങ്ങയുടെ കരങ്ങളിൽ സമർപ്പിച്ച് അങ്ങയിൽ വിശ്രമിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. ചാവുകടൽപോലെ സ്വീ

കരിക്കുന്നവരല്ല, ഗലീലിയാകടൽപോലെ അങ്ങയുടെ കൃപ മറ്റുള്ളവരിലേക്ക് ഒഴുക്കുന്നവരാകട്ടെ. പരസ്പരം സ്നേഹിക്കാനും ക്ഷമിക്കാനും പ്രോത്സാഹിപ്പിക്കാനും ഞങ്ങളെ സഹായിക്കണമേ. ഞങ്ങളുടെ സമൂഹജീവിതം സ്നേഹത്തിന്റെയും സമാധാനത്തിന്റെയും പ്രത്യാശയുടെയും സാക്ഷ്യമാകട്ടെ. ഞങ്ങളുടെ ജീവിതവും ബന്ധങ്ങളും ക്രിസ്തുവിന്റെ സാന്നിധ്യം പ്രതിഫലിപ്പിക്കുന്ന ജീവനുള്ള സുവിശേഷമാകട്ടെ. ഇതെല്ലാം ഞങ്ങളുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹാവഴി ഞങ്ങൾ അങ്ങയോടു അപേക്ഷിക്കുന്നു. ആമ്മേൻ.

4.2
സ്വകാര്യമുറിയും ഉല്ലാസമുറിയും: ചാവറ ധ്യാനം

(ആമുഖ പ്രാർത്ഥന)

സ്നേഹപിതാവായ ദൈവമേ, ഈ അനുഗ്രഹീത നിമിഷത്തിന് നന്ദി. ഏകാന്തതയുടെ മാധുര്യം തിരിച്ചറിയാനും, നിശ്ശബ്ദതയിലും ധ്യാനത്തിലും അങ്ങയുടെ സാന്നിധ്യം കണ്ടെത്താനും ഞങ്ങളെ സഹായിക്കണമേ. ഞങ്ങളുടെ മുറികൾ അങ്ങയെ കണ്ടുമുട്ടുന്ന ആത്മീയ വാസസ്ഥലങ്ങളാകട്ടെ; ഞങ്ങളുടെ ഏകാന്തത പ്രാർത്ഥനയുടെയും രൂപാന്തരത്തിന്റെയും ഇടമാകട്ടെ. ഞങ്ങളുടെ ഹൃദയങ്ങൾ അങ്ങയുടെ സ്വരം കേൾക്കാൻ സന്നദ്ധമാകട്ടെ. ഞങ്ങളുടെ കൂട്ടായ്മയിൽ സ്നേഹവും സന്തോഷവും പരസ്പരസ്വീകരണവും വളരട്ടെ. വിശ്രമത്തെ വിലമതിച്ച് ശരീരത്തിനും മനസ്സിനും ആത്മാവിനും പുതുമ നൽകുന്ന ക്രമമായ ജീവിതം നയിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ഈ ധ്യാനചിന്തകൾ ഞങ്ങളുടെ ആത്മീയ വളർച്ചയ്ക്കും സമൂഹജീവിതത്തിന്റെ നവീകരണത്തിനും വഴിയൊരുക്കട്ടെ. ഇതെല്ലാം ഞങ്ങളുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹാവഴി ഞങ്ങൾ അങ്ങയോടു അപേക്ഷിക്കുന്നു. ആമ്മേൻ.

(ധ്യാനവിചിന്തനം)

4.2.1. ഏകാന്തതയുടെ മധുര്യം

"ഏകാന്തത കൂടാതെ നമ്മുടെ സന്യാസ ജീവിതത്തിന്റെ മാധുര്യം ആസ്വദിക്കാനും അതിന്റെ കടമകൾ നിർവഹിക്കാനും സാധിക്കുകയില്ല. അതിനാൽ, എന്തെങ്കിലും അത്യാവശ്യങ്ങൾക്കല്ലാതെ സ്വന്തം മുറിയിൽ നിന്നും പുറത്തു പോകേണ്ട."[1]

വി. ചാവറ പിതാവിന്റെ ഈ ഉപദേശത്തിൽ സന്യാസജീവിതത്തിന്റെ ഒരു രഹസ്യം അടങ്ങിയിരിക്കുന്നു. മനുഷ്യൻ സ്വാഭാവികമായി പുറംലോകത്തിലേക്ക് ആകർഷിക്കപ്പെടുന്നു—ശബ്ദങ്ങളിലേക്ക്, തിരക്കുകളിലേക്ക്, സംഭാഷണങ്ങളിലേക്ക്, പ്രവർത്തനങ്ങളിലേക്ക്. എന്നാൽ സ

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VI/3:2, 136.

ന്യാസി ഒരു വ്യത്യസ്ത യാത്രയ്ക്കാണ് വിളിക്കപ്പെട്ടിരിക്കുന്നത്. അവൻ പുറത്തേക്ക് മാത്രമല്ല, അകത്തേക്കും യാത്ര ചെയ്യണം. കാരണം ദൈവത്തെ കണ്ടെത്തുന്ന ഏറ്റവും ആഴമുള്ള സ്ഥലം ലോകത്തിന്റെ തിരക്കിലല്ല; ഹൃദയത്തിന്റെ നിശ്ശബ്ദതയിലാണ്.

സന്യാസജീവിതം പ്രവർത്തനങ്ങളുടെ ആകെത്തുകയല്ല; അത് ദൈവസാന്നിധ്യവുമായി വളരുന്ന ഒരു സ്നേഹബന്ധമാണ്. ആ ബന്ധം വളരുന്നത് ഏകാന്തതയിലും നിശ്ശബ്ദതയിലും പ്രാർത്ഥനയിലുമാണ്. അതുകൊണ്ടാണ് ചാവറയച്ചൻ ഏകാന്തതയെ ഒരു ഭാരമായി കാണാതെ, ഒരു മാധുര്യമായി കാണുന്നത്. അത് ഒറ്റപ്പെടലിന്റെ അനുഭവമല്ല; ദൈവത്തോടൊപ്പമായിരിക്കുന്നതിന്റെ അനുഭവമാണ്.

സ്വന്തം മുറി ഒരു സന്യാസിയുടെ താമസസ്ഥലം മാത്രമല്ല; അത് അവന്റെ ആന്തരിക ഭവനത്തിന്റെ പ്രതീകമാണ്. അവിടെ ലോകത്തിന്റെ ശബ്ദങ്ങൾ ക്രമേണ നിശ്ശബ്ദമാകുന്നു. അവിടെ ആത്മാവിന്റെ സ്വരം കൂടുതൽ വ്യക്തമായി കേൾക്കപ്പെടുന്നു. അവിടെ ദൈവം സംസാരിക്കുന്നു—ചിലപ്പോൾ വചനങ്ങളിലൂടെ, ചിലപ്പോൾ പ്രാർത്ഥനയിലൂടെ, പലപ്പോഴും വാക്കുകളില്ലാത്ത നിശ്ശബ്ദ സാന്നിധ്യത്തിലൂടെ.

ഇന്നത്തെ ലോകം നമ്മെ നിരന്തരം പുറത്തേക്കാണ് വലിക്കുന്നത്. വാർത്തകൾ, സന്ദേശങ്ങൾ, ഫോൺവിളികൾ, സാമൂഹിക മാധ്യമങ്ങൾ, അവസാനിക്കാത്ത തിരക്കുകൾ—ഇവയൊക്കെ നമ്മുടെ ശ്രദ്ധയെ ചിതറിക്കുന്നു. എല്ലായ്പ്പോഴും പുറത്തേക്കുള്ള ഓട്ടത്തിൽ ജീവിക്കുമ്പോൾ, നമ്മുടെ ഉള്ളിലെ സമാധാനം ക്രമേണ നഷ്ടപ്പെടുന്നു. അതുകൊണ്ടാണ് ആവശ്യത്തിനല്ലാതെ സ്വന്തം മുറിയിൽ നിന്ന് പുറത്തു പോകാതിരിക്കാനുള്ള ഈ ആത്മീയ അച്ചടക്കം ഒരു വിലക്കല്ല; ഒരു സംരക്ഷണമാണ്. അത് ഹൃദയത്തെ ദൈവത്തിൽ കേന്ദ്രീകരിക്കാൻ സഹായിക്കുന്ന ഒരു പരിശീലനമാണ്.

യേശുവിന്റെ ജീവിതത്തിലും നാം ഇതേ മാതൃക കാണുന്നു. ജനക്കൂട്ടങ്ങൾ അവിടുത്തെ തേടിയെത്തിയപ്പോഴും, അവിടുന്ന് പലപ്പോഴും ഏകാന്തസ്ഥലങ്ങളിലേക്ക് പിൻവാങ്ങി പ്രാർത്ഥിച്ചിരുന്നു. അവിടുത്തെ പൊതുശുശ്രൂഷയ്ക്ക് ശക്തി ലഭിച്ചത് ഈ നിശ്ശബ്ദ നിമിഷങ്ങളിൽ നിന്നായിരുന്നു. ദൈവത്തോടൊപ്പം ചെലവഴിച്ച സമയമാണ് അവിടുത്തെ വാക്കുകൾക്ക് ആഴവും പ്രവർത്തനങ്ങൾക്ക് ശക്തിയും നൽകിയത്.

അതുപോലെ, ഏകാന്തതയിൽ വളർന്ന പ്രാർത്ഥനയാണ് യഥാർത്ഥ സ്നേഹമായി പുറത്തേക്ക് ഒഴുകുന്നത്. നിശ്ശബ്ദതയിൽ രൂപപ്പെട്ട ചിന്തകൾക്കാണ് മനുഷ്യഹൃദയങ്ങളെ സ്പർശിക്കാൻ കഴിയുന്നത്. ദൈവസാന്നിധ്യത്തിൽ ശുദ്ധീകരിക്കപ്പെട്ട ഹൃദയത്തിനാണ് മറ്റുള്ളവരെ യഥാർത്ഥത്തിൽ സ്നേഹിക്കാൻ കഴിയുക. അതിനാൽ ഏകാന്തത ഒഴിവാക്കേണ്ട ഒന്നല്ല; സംരക്ഷിക്കേണ്ട ഒരു നിധിയാണ്. അത് സമൂഹ ജീവിതത്തിന്റെ വിരുദ്ധമല്ല; മറിച്ച് സമൂഹജീവിതത്തിന്റെ ഉറവിടമാണ്. ഏകാന്തതയിൽ ദൈവത്തെ കണ്ടുമുട്ടുന്നവനാണ് സമൂഹത്തിൽ സഹോദരനെ യഥാർത്ഥമായി സ്വീകരിക്കാൻ കഴിയുന്നത്.

നമ്മുടെ സ്വന്തം മുറിയെ ഒരു പ്രാർത്ഥനാലയമാക്കണം. അവിടെ ദൈവത്തോടൊപ്പം സമയം ചെലവഴിക്കണം. അവിടെ നമ്മുടെ സന്തോഷങ്ങളും വേദനകളും പ്രതീക്ഷകളും ഭയങ്ങളും ദൈവസന്നിധിയിൽ സമർപ്പിക്കണം. അവിടെ ഹൃദയം ക്രമേണ ദൈവത്തിന്റെ സ്വരവുമായി പരിചയപ്പെടണം. അപ്പോൾ സന്യാസജീവിതം ഒരു കടമയായി തോന്നുകയില്ല; അത് ഒരു മധുരമായ അനുഭവമായി മാറും. ദൈവത്തോടൊപ്പം ജീവിക്കുന്നതിന്റെ സന്തോഷം അതിൽ നിന്ന് ജനിക്കും. ആ മാധുര്യമാണ് സന്യാസജീവിതത്തിന്റെ യഥാർത്ഥ സൗന്ദര്യം.

നമ്മുടെ മുറിയിലെ നിശ്ശബ്ദത നിഷ്ഫലമായ സമയം അല്ല; അത് ഒരു ഒരുക്കമാണ്. വിത്ത് മണ്ണിനടിയിൽ വളരുന്നതുപോലെ, ദൈവം പലപ്പോഴും നമ്മുടെ ഉള്ളിൽ പ്രവർത്തിക്കുന്നത് നിശ്ശബ്ദതയിലാണ്. പുറമേ ഒന്നും സംഭവിക്കുന്നില്ലെന്ന് തോന്നുന്ന നിമിഷങ്ങളിലാണ് ആത്മാവ് രൂപപ്പെടുന്നത്.

ഒരു ദിവസം ആ നിശ്ശബ്ദതയിൽ രൂപപ്പെട്ട ആന്തരിക സമ്പത്ത് പുറത്തേക്ക് ഒഴുകും—വാക്കുകളായി, സേവനമായി, കരുണയായി, സ്നേഹമായി. അപ്പോൾ ലോകം അതിന്റെ ഫലങ്ങൾ കാണും. ആളുകൾ അതിനെ പ്രശംസിക്കും. എന്നാൽ അതിന്റെ യഥാർത്ഥ രഹസ്യം മറ്റൊന്നായിരിക്കും: മുറിക്കുള്ളിൽ ദൈവത്തോടൊപ്പം ചെലവഴിച്ച നിശ്ശബ്ദ വർഷങ്ങൾ. ഏകാന്തതയെ സ്നേഹിക്കാൻ പഠിക്കുന്നവനാണ് ദൈവത്തെ ആഴത്തിൽ സ്നേഹിക്കാൻ പഠിക്കുന്നത്. ദൈവത്തെ ആഴത്തിൽ സ്നേഹിക്കുന്നവനാണ് ലോകത്തെ യഥാർത്ഥത്തിൽ അനുഗ്രഹിക്കാൻ കഴിയുന്നത്.

4.2.2. ഉള്ളിലെ 'കിഴക്ക്'

സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലോകം അദ്ദേഹത്തിന്റെ പാദങ്ങളിൽ സമർപ്പിച്ചപ്പോൾ, മഹാകവി രബീന്ദ്രനാഥ ടാഗോർ തന്റെ വിജ

യത്തിന്റെ യഥാർത്ഥ രഹസ്യം അന്വേഷിച്ചു. *ഗീതാഞ്ജലി* എങ്ങനെയാണ് ഭാഷകളുടെയും സംസ്കാരങ്ങളുടെയും ഭൂഖണ്ഡങ്ങളുടെയും അതിരുകൾ മറികടന്ന് മനുഷ്യഹൃദയങ്ങളെ സ്പർശിച്ചതെന്ന് അദ്ദേഹം സ്വയം ചോദിച്ചു. അതിന് അദ്ദേഹം നൽകിയ മറുപടി അതീവ ശ്രദ്ധേയമായിരുന്നു.

"ഗംഗയുടെ തീരത്തുള്ള ഒരു അകന്ന ഗ്രാമത്തിൽ ഞാൻ വർഷങ്ങളോളം ഏകാന്തജീവിതം നയിച്ചു. പ്രകൃതിയായിരുന്നു എന്റെ സഹചാരി. നദിയും സൂര്യപ്രകാശവും കാട്ടുപക്ഷികളും എന്നോട് സംസാരിച്ചിരുന്നു. ആ നിശ്ശബ്ദതയിൽ ഞാൻ ഒരു ആന്തരിക സമ്പത്ത് കണ്ടെത്തി. പിന്നീട് ലോകത്തിന് ഞാൻ നൽകിയത് ആ സമ്പത്തായിരുന്നു. എന്നിലുള്ള കിഴക്കിനെ തന്നെയാണ് ഞാൻ പാശ്ചാത്യലോകത്തിന് നൽകിയത്."

ടാഗോറിന്റെ ഈ വാക്കുകൾ ഒരു കവിയുടെ ഓർമ്മക്കുറിപ്പല്ല; അത് ഒരു ആത്മീയ സത്യത്തിന്റെ വെളിപ്പെടുത്തലാണ്. ഇവിടെ 'കിഴക്ക്' എന്നത് ഒരു ഭൂമിശാസ്ത്രപരമായ ദിശയെ മാത്രമല്ല സൂചിപ്പിക്കുന്നത്. അത് മനുഷ്യന്റെ ഉള്ളിലെ ധ്യാനാത്മക ആത്മാവിനെയാണ് സൂചിപ്പിക്കുന്നത്—നിശ്ശബ്ദതയെ സ്നേഹിക്കുന്ന, ജീവിതത്തിന്റെ ആഴം തേടുന്ന, ദൃശ്യമായ ലോകത്തിനപ്പുറം അർത്ഥം അന്വേഷിക്കുന്ന ആന്തരിക മനുഷ്യനെ. ധ്യാനം, ആത്മപരിശോധന, ഏകാന്തത, ദൈവാന്വേഷണം, ആന്തരിക സമാധാനം—ഇവയൊക്കെയാണ് ടാഗോർ 'കിഴക്ക്' എന്ന വാക്കിലൂടെ ഉദ്ദേശിച്ചത്.

ഗംഗാതീരത്തെ ഏകാന്തജീവിതം ടാഗോറിനെ ലോകത്തിൽ നിന്ന് അകറ്റിയില്ല; മറിച്ച് തന്റെ ഉള്ളിലേക്ക് നയിച്ചു. അവിടെ അദ്ദേഹം തന്റെ അന്തർലോകത്തെ കണ്ടെത്തി. ആ നിശ്ശബ്ദ വർഷങ്ങളിൽ അദ്ദേഹത്തിന്റെ ഹൃദയത്തിൽ സമാധാനവും സൗന്ദര്യബോധവും ആത്മീയതയും ജ്ഞാനവും ക്രമേണ സംഭരിക്കപ്പെട്ടു. പിന്നീട് *ഗീതാഞ്ജലി*-യായി ലോകം അനുഭവിച്ചത് ആ ആന്തരിക സമ്പത്തിന്റെ ഫലമായിരുന്നു.

ലോകം അദ്ദേഹത്തിന്റെ കവിതയെ ആദരിച്ചു; എന്നാൽ ടാഗോറിന് അറിയാമായിരുന്നു—ആ കവിതയുടെ യഥാർത്ഥ ജന്മസ്ഥലം സാഹിത്യ സദസ്സുകളോ സർവകലാശാലകളോ അല്ല, മറിച്ച് ഏകാന്തതയുടെ നിശ്ശബ്ദതയാണെന്ന്. ജനക്കൂട്ടങ്ങൾ അദ്ദേഹത്തിന് കൈയടിച്ചപ്പോൾ, അദ്ദേഹം തന്റെ വിരൽ ചൂണ്ടിയത് ആ നിശ്ശബ്ദ വർഷങ്ങളിലേക്കായിരുന്നു. കാരണം, ലോകത്തെ സ്പർശിക്കുന്ന വാക്കുകൾ ആദ്യം ആത്മാവിന്റെ ആഴങ്ങളിൽ ജനിക്കണം.

"എന്നിലുള്ള കിഴക്കിനെ തന്നെയാണ് ഞാൻ പാശ്ചാത്യലോകത്തിന് നൽകിയത്" എന്ന അദ്ദേഹത്തിന്റെ വാക്കുകൾ ഇന്നും നമ്മെ ഒരു വലിയ സത്യത്തിലേക്ക് ക്ഷണിക്കുന്നു. ലോകത്തിന് നാം നൽകാൻ കഴിയുന്ന ഏറ്റവും വിലയേറിയ സമ്മാനം പുറത്തുനിന്ന് ശേഖരിച്ചതല്ല; നമ്മുടെ ഉള്ളിൽ നിശ്ശബ്ദതയും ധ്യാനവും ദൈവാനുഭവവും ചേർന്ന് രൂപപ്പെടുത്തിയ സമ്പത്താണ്. മനുഷ്യന്റെ ഉള്ളിലെ ആ 'കിഴക്ക്'—ധ്യാനാത്മക ആത്മാവ്—ഉണരുമ്പോഴാണ് അവൻ ലോകത്തിന് യഥാർത്ഥത്തിൽ എന്തെങ്കിലും നൽകാൻ കഴിയുന്നത്.

ഇവിടെയാണ് ടാഗോറിന്റെ അനുഭവം കർമ്മലീത്താ ആത്മീയതയുമായി ആഴത്തിൽ സംഗമിക്കുന്നത്. കർമ്മലീത്താ പാരമ്പര്യത്തിന്റെ ആരംഭം തന്നെ ഏകാന്തതയിലും ധ്യാനത്തിലുമാണ്. കാർമ്മൽ മലയുടെ ചരിവുകളിൽ ചെറിയ കുടിലുകളിൽ താമസിച്ച ആദ്യ സന്യാസികൾ ലോകത്തിൽ നിന്ന് ഓടിയൊളിക്കുകയായിരുന്നില്ല; മറിച്ച് ദൈവത്തെ കൂടുതൽ ആഴത്തിൽ കണ്ടെത്താൻ അവർ നിശ്ശബ്ദതയെ തിരഞ്ഞെടുത്തു. ആ ഏകാന്തത ഒറ്റപ്പെടലായിരുന്നില്ല; അത് ദൈവത്തോടുള്ള ആന്തരിക സംഭാഷണത്തിന്റെ ഇടമായിരുന്നു. അവിടെയാണ് അവർ തങ്ങളുടെ 'ഉള്ളിലെ കിഴക്ക്' കണ്ടെത്തിയത്. കർമ്മലീത്താ ആത്മീയതയുടെ ഒരു അടിസ്ഥാന സത്യം ഇതാണ്: ദൈവത്തോടൊപ്പം ചെലവഴിക്കുന്ന സമയം ഒരിക്കലും നഷ്ടപ്പെടുന്നില്ല. നിശ്ശബ്ദതയിൽ ചെലവഴിക്കുന്ന സമയം നിഷ്ഫലമല്ല. അത് ഒരു ഒരുക്കമാണ്. വിത്ത് മണ്ണിനടിയിൽ വളരുന്നതുപോലെ, ആത്മാവ് നിശ്ശബ്ദതയിൽ രൂപപ്പെടുന്നു.

ടാഗോർ ആദ്യം സംസാരിച്ചില്ല; കേട്ടു. കർമ്മലൈറ്റുകളും ആദ്യം പ്രവർത്തിച്ചില്ല; ധ്യാനിച്ചു. കാരണം യഥാർത്ഥ ആശയവിനിമയം വാക്കുകളിൽ ആരംഭിക്കുന്നില്ല; അത് ഹൃദയത്തിന്റെ നിശ്ശബ്ദതയിലാണ് ആരംഭിക്കുന്നത്. ദൈവത്തെ കേൾക്കാൻ പഠിച്ചവർക്കാണ് ലോകത്തോട് അർത്ഥവത്തായി സംസാരിക്കാൻ കഴിയുക. അതിനാലാണ് പറയുന്നത്: "Contemplation is the womb of communication." ധ്യാനമാണ് യഥാർത്ഥ ആശയവിനിമയത്തിന്റെ ഗർഭപാത്രം.

ഇന്നത്തെ ലോകം ശബ്ദങ്ങളാൽ നിറഞ്ഞിരിക്കുന്നു. വിവരങ്ങളുടെ പ്രളയമുണ്ട്. ആശയവിനിമയത്തിനുള്ള മാർഗങ്ങൾ വർധിച്ചിട്ടുണ്ട്. എന്നാൽ മനുഷ്യഹൃദയത്തെ സ്പർശിക്കുന്ന വാക്കുകൾ അപൂർവമായിക്കൊണ്ടിരിക്കുന്നു. കാരണം പലപ്പോഴും നാം സംസാരിക്കുന്നു; പക്ഷേ കേൾക്കുന്നില്ല. പ്രതികരിക്കുന്നു; പക്ഷേ ധ്യാനിക്കുന്നില്ല. ധ്യാനം ഇല്ലാതെ ആശയവിനിമയം ശൂന്യമാകുന്നു; ദൈവസാന്നിധ്യം അനുഭവിക്കാ

തെ മനുഷ്യരോടുള്ള വചനപ്രഘോഷണം വെറും വാക്കുകളായി ചുരുങ്ങുന്നു.

ടാഗോറും കർമ്മലീത്താ പാരമ്പര്യവും നമ്മെ ഒരേ സത്യത്തിലേക്ക് ക്ഷണിക്കുന്നു: നിശ്ശബ്ദതയിൽ വളരാത്ത വാക്കുകൾക്ക് ആഴമില്ല. ധ്യാനത്തിൽ നനയാത്ത ആശയവിനിമയത്തിന് ആത്മാവില്ല. ദൈവസാന്നിധ്യത്തിൽ രൂപപ്പെടാത്ത സന്ദേശങ്ങൾക്ക് മനുഷ്യഹൃദയങ്ങളെ മാറ്റാൻ കഴിയില്ല. അതുകൊണ്ട് നമ്മുടെ ഉള്ളിലെ 'കിഴക്ക്' കണ്ടെത്തേണ്ടത് അത്യാവശ്യമാണ്. അത് നമ്മുടെ ആന്തരിക സമാധാനമാണ്. നമ്മുടെ ദൈവാനുഭവമാണ്. നമ്മുടെ ആത്മാവിന്റെ നിശ്ശബ്ദതയാണ്. നമ്മുടെ ഉള്ളിൽ ദൈവം വസിക്കുന്ന വിശുദ്ധ ഇടമാണ്.

ഒരു സന്ന്യാസിയുടെ മുറിയുടെ പ്രാധാന്യവും ഇവിടെയാണ്. അത് വെറും വിശ്രമസ്ഥലമല്ല; ഉള്ളിലെ കിഴക്ക് കണ്ടെത്തുന്ന ഇടമാണ്. അവിടെ നാം ലോകത്തിൽ നിന്ന് മാറിനിൽക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ നാം നമ്മുടെ യഥാർത്ഥ സ്വരൂപത്തിലേക്ക് കൂടുതൽ അടുക്കുന്നു. അവിടെ നാം ദൈവത്തെ കേൾക്കുന്നു. അവിടെ നമ്മുടെ ഹൃദയം ശുദ്ധീകരിക്കപ്പെടുന്നു. അവിടെ നമ്മുടെ ദൗത്യം രൂപംകൊള്ളുന്നു.

ഒരു ദിവസത്തിന്റെ അവസാനം നല്ല ഫലങ്ങൾ ലഭിക്കണമെങ്കിൽ, ദിവസത്തിന്റെ തുടക്കത്തിൽ നല്ല ചിന്തകൾ ജനിക്കണം. അതുപോലെ, ലോകത്തിന് എന്തെങ്കിലും നൽകണമെങ്കിൽ ആദ്യം നമ്മുടെ ഉള്ളിൽ എന്തെങ്കിലും വളരണം. നമ്മുടെ വിളി പുറത്തുനിന്ന് ശേഖരിക്കുന്നതിൽ മാത്രം ഒതുങ്ങുന്നില്ല; ഉള്ളിലെ സമ്പത്ത് വളർത്തുകയും അതിനെ ലോകവുമായി പങ്കുവെക്കുകയും ചെയ്യുക എന്നതാണ്. നമ്മുടെ ആത്മീയ പൈതൃകവും കർമ്മലീത്താ ദർശനവും ക്രിസ്തീയ വിശ്വാസവും ആദ്യം നമ്മുടെ ഉള്ളിൽ ജീവിക്കണം. അപ്പോഴേ അത് മറ്റുള്ളവർക്ക് നൽകാൻ കഴിയൂ. ടാഗോറിന്റെ വാക്കുകൾ ഇന്നും നമ്മെ വെല്ലുവിളിക്കുന്നു: "എന്നിലുള്ള കിഴക്കിനെ തന്നെയാണ് ഞാൻ ലോകത്തിന് നൽകിയത്."

ലോകത്തെ യഥാർത്ഥത്തിൽ സ്പർശിക്കുന്നത് നമ്മുടെ വാക്കുകളല്ല; ആ വാക്കുകൾ ജനിച്ച നിശ്ശബ്ദതയാണ്. നമ്മുടെ പ്രവർത്തികളല്ല; അവയുടെ പിന്നിലുള്ള ധ്യാനമാണ്. നമ്മുടെ അറിവല്ല; ദൈവസാന്നിധ്യത്തിൽ രൂപപ്പെട്ട ജ്ഞാനമാണ്. അതിനാൽ ആദ്യം നിശ്ശബ്ദതയെ സ്വീകരിക്കുക. ധ്യാനത്തിൽ ദൈവത്തെ തേടുക. ഉള്ളിലെ കിഴക്ക് കണ്ടെത്തുക. പിന്നെ ലോകത്തോട് സംസാരിക്കുക. അപ്പോൾ നമ്മുടെ വാക്കുകൾ ശൂന്യമായ ശബ്ദമല്ല, ജീവൻ പകരുന്ന സാക്ഷ്യമായിരി

ക്കും. അപ്പോൾ നാം നൽകുന്നത് വിവരമല്ല, അനുഭവമായിരിക്കും. ആശയമല്ല, ദൈവത്തിന്റെ സ്പർശമായിരിക്കും.

4.2.3. സ്വന്തം മുറി: ആത്മീയ വാസസ്ഥലം

"സന്യാസികൾ പതിവായി ചെലവഴിക്കേണ്ട സ്ഥലം സ്വന്തം മുറിയാണ് എന്നത് മറന്നു പോയിരിക്കുന്നു. പകരം ഉറങ്ങാനും മറ്റുമുള്ള ഒരിടമായി മാത്രം മുറിയെ കണ്ട് ബാക്കി നേരമെല്ലാം അങ്ങുമിങ്ങും ചുറ്റി നടക്കുന്നതിൽ വിഷമവും കുറ്റവും കാണുന്നുമില്ല."[1]

1869 ജൂലൈ 1-ന് വി. ചാവറ പിതാവും ഫാ. ലെയോപ്പോൾദ് ബെക്കാറോയും സഭാംഗങ്ങൾക്ക് അയച്ച സർക്കുലറിൽ ഉയർന്നുവരുന്ന ഈ വേദനാഭരിതമായ ശബ്ദം ഇന്നും നമ്മുടെ ഹൃദയത്തെ ചോദ്യം ചെയ്യുന്നു. ഈ വാക്കുകൾ ഒരു സ്നേഹശാസനം മാത്രമല്ല; സന്യാസജീവിതത്തിന്റെ ആത്മാവ് നഷ്ടപ്പെടാനുള്ള സാധ്യതയെക്കുറിച്ചുള്ള ഒരു ജാഗ്രതാ വിളിയാണ്.

ഒരു സന്യാസിയുടെ മുറി വെറും വിശ്രമത്തിനുള്ള സ്ഥലമല്ല. അത് ദൈവത്തെ കണ്ടുമുട്ടുന്ന ഒരു ചെറിയ മരുഭൂമിയാണ്. വിശുദ്ധ ഗ്രന്ഥത്തിൽ പ്രവാചകന്മാരും വിശുദ്ധരും ദൈവത്തെ ആഴത്തിൽ അനുഭവിച്ചത് പലപ്പോഴും ഏകാന്തതയുടെ ഇടങ്ങളിലായിരുന്നു. നമ്മുടെ മുറിയും അത്തരം ഒരു വിശുദ്ധ ഇടമാണ്. അത് ചെറിയതായിരിക്കാം, ലളിതമായിരിക്കാം; എന്നാൽ അതിന്റെ ഉള്ളിൽ ഒരു വലിയ ആത്മീയ ലോകം വളരേണ്ടതുണ്ട്. സന്യാസിയുടെ മുറി ഒരു ആത്മീയ വാസസ്ഥലമാണ്. അവിടെ ലോകത്തിന്റെ ശബ്ദങ്ങൾ ശമിക്കുന്നു. അവിടെ മനുഷ്യൻ തന്റെ ആത്മാവിനെ ദൈവത്തോടു ചേർക്കുന്നു. അവിടെ പ്രാർത്ഥന നിശ്ശബ്ദമായി വളരുന്നു. അവിടെ ദൈവം സംസാരിക്കുന്നു, ഹൃദയം കേൾക്കുന്നു.

എന്നാൽ ചാവറ പിതാവ് തന്റെ കാലത്ത് കണ്ടത് മറ്റൊരു യാഥാർഥ്യമായിരുന്നു. വിശുദ്ധമായ ഈ ഇടം ഒരു സാധാരണ താമസസ്ഥലമായി ചുരുങ്ങിപ്പോകുകയും, ബാക്കി സമയം അനാവശ്യമായ അലയടികളിൽ ചെലവഴിക്കപ്പെടുകയും ചെയ്യുന്നു. അതിലും വേദനാജനകമായത്, അതിൽ തെറ്റൊന്നും കാണാത്ത മനോഭാവമാണ്.

ഈ മുന്നറിയിപ്പ് ഇന്നും പ്രസക്തമാണ്. ഇന്ന് പുറത്തേക്കു വലിച്ചിഴക്കുന്ന ശക്തികൾ കൂടുതൽ ശക്തമാണ്. സംഭാഷണങ്ങൾ, സന്ദേശ

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VI/2:3, 130.

ങ്ങൾ, വാർത്തകൾ, സാമൂഹിക മാധ്യമങ്ങൾ, അവസാനിക്കാത്ത തിര ക്കുകൾ—ഇവയെല്ലാം നമ്മെ നമ്മുടെ ഉള്ളിൽ നിന്ന് അകറ്റാനുള്ള സാ ധ്യത വഹിക്കുന്നു. പുറംലോകവുമായി നിരന്തരം ബന്ധപ്പെടാൻ ശ്രമി ക്കുമ്പോൾ, സ്വന്തം ആത്മാവുമായുള്ള ബന്ധം നഷ്ടപ്പെടാം.

നമ്മുടെ മുറി നമ്മുടെ 'ആന്തരിക കാർമ്മൽ' ആണ്. അവിടെ നാം ദൈവത്തോടൊപ്പം ആയിരിക്കാൻ പഠിക്കുന്നു. ആ വിശുദ്ധ ഇടം ശൂന്യ മാകുമ്പോൾ, ക്രമേണ നമ്മുടെ ആത്മാവും ശൂന്യമാകാൻ തുടങ്ങും. അതിനാൽ ചാവറ പിതാവിന്റെ വാക്കുകൾ നമ്മെ ആത്മപരിശോധന യിലേക്ക് ക്ഷണിക്കുന്നു: എന്റെ മുറിയെ ഞാൻ എങ്ങനെ കാണുന്നു? അത് വെറും ഉറക്കത്തിനുള്ള സ്ഥലമാണോ, അതോ ദൈവത്തെ കണ്ടു മുട്ടുന്ന ഒരു വിശുദ്ധ ഇടമാണോ? ഞാൻ നിശ്ശബ്ദതയെ സംരക്ഷിക്കു ന്നുണ്ടോ, അതോ അതിൽ നിന്ന് ഓടിയകലുകയാണോ?

സത്യത്തിൽ, സ്വന്തം മുറിയിൽ ചെലവഴിക്കുന്ന സമയം ഒറ്റപ്പെടലല്ല; അ ത് ഒരു കൂടിക്കാഴ്ചയാണ്—ദൈവത്തോടും സ്വന്തം ആത്മാവിനോടും. അവിടെ രൂപപ്പെടുന്ന പ്രാർത്ഥനയാണ് പുറത്തേക്കുള്ള ജീവിതത്തിന് ദിശയും ശക്തിയും നൽകുന്നത്. അവിടെ ജനിക്കുന്ന നിശ്ശബ്ദതയാണ് നമ്മുടെ വാക്കുകൾക്ക് ആഴം നൽകുന്നത്. അവിടെ വളരുന്ന ദൈവ സ്നേഹമാണ് സേവനമായി പുറത്തേക്ക് ഒഴുകുന്നത്.

പലപ്പോഴും നാം മുറിയെ ഉറങ്ങാനുള്ള ഇടമായി മാത്രം കാണുന്നു. ദിവ സമൊക്കെയും തിരക്കുകളിൽ ചെലവഴിച്ച്, രാത്രി ക്ഷീണത്തോടെ മുറി യിലേക്ക് മടങ്ങിവരുന്നു. എന്നാൽ ഒരു സന്യാസിയുടെ മുറി അതിലും കൂടുതലാണ്. അത് ഒരു ആത്മീയ ശില്പശാലയാണ്. അവിടെ പ്രാർത്ഥന വളരുന്നു. വായനയും ധ്യാനവും നടക്കുന്നു. ആത്മപരിശോധന സംഭവി ക്കുന്നു. ദൈവവുമായി ഒരു ആഴത്തിലുള്ള സംഭാഷണം രൂപംകൊ ള്ളുന്നു.

മുറിയിൽ സമയം ചെലവഴിക്കുന്ന സന്യാസി ക്രമേണ ഉള്ളിലെ സമാധാ നം കണ്ടെത്തുന്നു. മറുവശത്ത്, മുറിയിൽ നിൽക്കാൻ കഴിയാത്ത മന സ്സ് പലപ്പോഴും അങ്ങുമിങ്ങും ചുറ്റാൻ ആഗ്രഹിക്കുന്നു. നിരന്തരമായ അലയടികൾ പലപ്പോഴും ഉള്ളിലെ അസ്വസ്ഥതയുടെ ലക്ഷണമാണ്. ഒരു സന്യാസിക്ക് തന്റെ മുറിയിൽ ശാന്തമായി ഇരിക്കാൻ കഴിയുന്നില്ലെ ങ്കിൽ, അവൻ സ്വയം ചോദിക്കണം: എന്റെ ഉള്ളിൽ സമാധാനമുണ്ടോ? കാരണം, മുറിയിലെ ഏകാന്തതയിൽ ദൈവത്തി ന്റെ ശബ്ദം കൂടുതൽ വ്യക്തമായി കേൾക്കാൻ കഴിയും.

മുറിയിൽ ചെലവഴിക്കുന്ന സമയം നമ്മെ മൂന്നു കാര്യങ്ങളിൽ വളർത്തുന്നു:

(a) നിശ്ശബ്ദത—ദൈവത്തിന്റെ സ്വരം കേൾക്കാൻ സഹായിക്കുന്നു.

(b) സ്വയംബോധം—നമ്മൾ ആരാണെന്ന് തിരിച്ചറിയാൻ സഹായിക്കുന്നു.

(c) ആത്മീയ ആഴം—പ്രാർത്ഥനാജീവിതത്തെ ശക്തിപ്പെടുത്തുന്നു.

അതിനാൽ, സ്വന്തം മുറിയിൽ സമയം ചെലവഴിക്കുന്നത് ഒരു കടമ മാത്രമല്ല; അത് ഒരു അനുഗ്രഹമാണ്. സന്യാസിയുടെ മുറി അവന്റെ ആത്മീയ വാസസ്ഥലമാണ്. അവിടെ നിന്നാണ് പ്രാർത്ഥന ശക്തി നേടുന്നത്. അവിടെ നിന്നാണ് ദൗത്യം പുതുക്കപ്പെടുന്നത്. അവിടെ നിന്നാണ് ദൈവവുമായി ഉള്ള സൗഹൃദം ആഴപ്പെടുന്നത്.

നമുക്ക് നമ്മുടെ മുറികളെ വീണ്ടും കണ്ടെത്താം—വെറും താമസസ്ഥലങ്ങളായി അല്ല, പ്രാർത്ഥനയുടെ വിശുദ്ധ ഇടങ്ങളായി. അനാവശ്യമായ അലയടികൾക്ക് പകരം നിശ്ശബ്ദതയുടെ വഴിയിലേക്ക് മടങ്ങാം. അപ്പോൾ മാത്രമേ നമ്മുടെ സന്യാസജീവിതം പുറംതിരക്കുകളുടെ ആകെത്തുകയല്ലാതെ, ഉള്ളിലെ സമാധാനത്തിന്റെ ഉറവയായി മാറുകയുള്ളു. ചാവറ പിതാവിന്റെ ഈ വാക്കുകൾ ഇന്നും നമ്മെ ഓർമ്മിപ്പിക്കുന്നു: ദൈവത്തെ കണ്ടെത്താനുള്ള വഴി പലപ്പോഴും പുറത്തല്ല; നമ്മുടെ സ്വന്തം മുറിയുടെ നിശ്ശബ്ദതയിലാണ്.

4.2.4. സ്വന്തം മുറി: ആത്മീയ മണിയറ

“ഈശോമിശിഹാ നിങ്ങളെ ആശീർവദിക്കട്ടെ. അവിടത്തെ മണിയറയായ നിങ്ങളുടെ മുറിയിൽ തന്നോട് കൂടെ നിങ്ങൾ ആനന്ദിപ്പിൻ.”[1]

തന്റെ ഈ കത്തിലൂടെ വി. ചാവറ പിതാവ് സന്യാസികളായ നമ്മെ ഓർമിപ്പിക്കുന്നത് ഇതാണ്: സ്വന്തം മുറി ആത്മീയ മണിയറയാണ്. ഇവിടെ ‘മണിയറ’ എന്ന പദം വെറും വിശ്രമത്തിനുള്ള മുറിയെ സൂചിപ്പിക്കുന്നതല്ല. വിവാഹശേഷം വരനും വധുവും പരസ്പരസ്നേഹവും ഐക്യവും അനുഭവിക്കുന്ന വിശുദ്ധ ഇടമാണ് മണിയറ. അതുപോലെ, ഓരോ വ്യക്തിയുടെയും സ്വകാര്യ മുറി ദൈവവും മനുഷ്യനും തമ്മിലുള്ള ആത്മീയ സംഗമത്തിന്റെ ഇടമാകണമെന്ന് ചാവറ പിതാവ് ആഗ്രഹിക്കുന്നു.

---

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VII/2:2, 152.

സ്വന്തം മുറി പലപ്പോഴും ഉറങ്ങാനും പഠിക്കാനും വിനോദത്തിനുമുള്ള സ്ഥലമായി മാത്രം മാറിയിരിക്കുന്നു. എന്നാൽ ചാവറ പിതാവിന്റെ കാഴ്ചപ്പാടിൽ വ്യക്തിയുടെ മുറി ഒരു ചെറിയ ദേവാലയമാണ്. അത് ദൈവസാന്നിധ്യം അനുഭവിക്കുന്ന വിശുദ്ധ വേദിയായിരിക്കണം. അവിടെ മനുഷ്യൻ ലോകത്തിന്റെ ശബ്ദങ്ങളിൽ നിന്ന് അകന്ന് തന്റെ ഹൃദയത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നു. ആ നിശ്ശബ്ദതയിൽ ദൈവത്തിന്റെ സ്വരം കേൾക്കാൻ സാധിക്കുന്നു.

ചാവറ പിതാവ് 'പ്രാർത്ഥിക്കുവിൻ' എന്നു മാത്രമല്ല പറയുന്നത്; "തന്നോ ട് കൂടെ നിങ്ങൾ ആനന്ദിപ്പിൻ" എന്നാണ് പറയുന്നത്. ക്രിസ്തീയ ആ ത്മീയതയുടെ ഹൃദയം ഇവിടെ വെളിപ്പെടുന്നു. ദൈവവുമായുള്ള ബ ന്ധം കടമയുടെയോ ഭയത്തിന്റെയോ ബന്ധമല്ല; അത് സ്നേഹത്തിന്റെ യും സൗഹൃദത്തിന്റെയും ആനന്ദത്തിന്റെയും ബന്ധമാണ്. സ്വകാര്യ മുറിയിൽ ഒരാൾ ദൈവത്തോട് സംസാരിക്കുന്നു; തന്റെ സന്തോഷങ്ങ ളും വേദനകളും പങ്കുവയ്ക്കുന്നു; നന്ദി പറയുന്നു; നിശ്ശബ്ദമായി അവി ടുത്തെ സാന്നിധ്യത്തിൽ വിശ്രമിക്കുന്നു. ഈ അനുഭവം ഹൃദയത്തിന് സമാധാനവും ജീവിതത്തിന് ദിശാബോധവും നൽകുന്നു. "നിങ്ങളുടെ സ്നേഹമണവാളന്റെ സ്വരം എത്ര മാധുര്യപൂർണം എന്നോർക്കുവിൻ" എന്ന പിതാവിന്റെ വാക്കുകൾ അതിന് അടിവരയിടുന്നു.

ഡിജിറ്റൽ യുഗത്തിൽ നമ്മുടെ മുറികൾ പലപ്പോഴും സ്ക്രീനുകളുടെ വെളിച്ചവും നിരന്തരമായ വിവരപ്രവാഹവും നിറഞ്ഞവയാണ്. എന്നാൽ ചാവറ പിതാവിന്റെ ഈ വാക്കുകൾ നമ്മെ ഒരു വെല്ലുവിളിയിലേക്ക് ക്ഷണിക്കുന്നു: ദിവസത്തിൽ ഏതാനും നിമിഷങ്ങളെങ്കിലും നമ്മുടെ മുറിയെ ദൈവസംഗമത്തിന്റെ ഇടമാക്കുക. മൊബൈൽ ഫോണും മറ്റ് വ്യതിചലനങ്ങളും മാറ്റിവെച്ച്, നിശ്ശബ്ദതയിൽ ദൈവസാന്നിധ്യത്തെ സ്വാഗതം ചെയ്യുക. അവിടെ ആത്മാവ് തന്റെ ദൈവത്തെ കണ്ടെത്തുന്നു, അവിടുത്തെ സ്നേഹത്തിൽ വിശ്രമിക്കുന്നു, അവിടുത്തോടൊപ്പം ആനന്ദിക്കുന്നു. അതുകൊണ്ട് ഓരോ സന്യാസിയുടെയും മുറി പ്രാർത്ഥനയുടെയും നിശ്ശബ്ദതയുടെയും ദൈവസൗഹൃദത്തിന്റെയും വിശുദ്ധ സ്ഥാനമായി മാറട്ടെ.

4.2.5. കർമ്മലീത്താ പാരമ്പര്യം: ചെറിയ കുടിൽ, വലിയ ധ്യാനം

"പ്രിയമുള്ള കുഞ്ഞുങ്ങളെ ദൈവമാതാവിന് എത്രയും ഇഷ്ടപ്പെട്ടവരായ കർമ്മലീത്താ സഭക്കാരായി നാം വിളിക്കപ്പെട്ടത് സർവ്വേശ്വരന്റെ വി

ശേഷ കൃപയാലാണ്”[1] എന്ന വി. ചാവറ പിതാവിന്റെ വാക്കുകൾ നമ്മെ ഓർമിപ്പിക്കുന്നത് നമ്മുടെ കർമ്മലീത്താ പാരമ്പര്യത്തിന്റെ സവിശേഷതയെക്കുറിച്ചാണ്.

കർമ്മലീത്താ ആത്മീയതയുടെ ആരംഭഘട്ടത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, കാർമ്മൽ മലയിൽ നിർമ്മിച്ചിരുന്ന ചെറിയ കുടിലുകൾ നമ്മെ ആഴത്തിൽ ചിന്തിപ്പിക്കുന്നു. അവ വലിയ ആശ്രമങ്ങളായിരുന്നില്ല; മറിച്ച്, ഒരു തേനീച്ചക്കൂടുപോലെ ലളിതവും ക്രമബദ്ധവുമായ ചെറിയ ഇടങ്ങളായിരുന്നു. ഓരോ കുടിലും ഏകാന്തതയ്ക്ക് അനുയോജ്യമായതും, അതേസമയം സമൂഹത്തിന്റെ സാന്നിധ്യം നഷ്ടപ്പെടാത്തതുമായ രീതിയിൽ ക്രമീകരിക്കപ്പെട്ടിരുന്നു. ഈ രൂപകല്പന ഒരു മഹത്തായ ആത്മീയ സത്യത്തെ നമ്മോട് വിളിച്ചുപറയുന്നു: ലാളിത്യം ധ്യാനത്തിന്റെ കവാടമാണ്. ഒരു തേനീച്ചക്കൂടിൽ ഓരോ കോശവും ചെറുതായിരിക്കും; എന്നാൽ അതിന്റെ ഉള്ളിൽ മധുരം സഞ്ചിതമാകുന്നു. അതുപോലെ, കർമ്മലീത്താ സന്യാസികളുടെ ചെറിയ കുടിലുകൾ പുറമേ ദരിദ്രമായിരുന്നെങ്കിലും, അവയുടെ ഉള്ളിൽ ദൈവസാന്നിധ്യത്തിന്റെ മാധുര്യം നിറഞ്ഞിരുന്നു. അവിടെ വാക്കുകളില്ലാത്ത സംഭാഷണം നടന്നു; ശബ്ദമില്ലാത്ത സാന്നിധ്യം അനുഭവപ്പെട്ടു. ആ നിശ്ശബ്ദതയിൽ ദൈവം സംസാരിക്കുകയും മനുഷ്യഹൃദയം കേൾക്കുകയും ചെയ്തു.

ഈ ചിന്ത നമ്മെ ഒരു സന്യാസിയുടെ വ്യക്തിപരമായ മുറിയിലേക്ക് നയിക്കുന്നു. ആ മുറി ഒരു സാധാരണ താമസസ്ഥലം മാത്രമല്ല; അത് ഒരു ‘ആന്തരിക കാർമ്മൽ’ ആണ്. ലോകത്തിന്റെ തിരക്കുകളിൽ നിന്ന് പിന്മാറി, സ്വയം കണ്ടെത്താനും ദൈവത്തെ കണ്ടെത്താനും കഴിയുന്ന ഒരു പരിശുദ്ധ ഇടം. അവിടെ പുറംലോകത്തിന്റെ ശബ്ദം മാഞ്ഞു പോകുന്നു; ഉള്ളിലെ ശബ്ദം വ്യക്തമായി കേൾക്കപ്പെടുന്നു.

ഒരു സന്യാസിയുടെ മുറി എത്ര ലളിതമാവുന്നുവോ, അത്രത്തോളം അതിന്റെ ആത്മീയ ആഴം വർധിക്കുന്നു. അവിടെ അനാവശ്യ വസ്തുക്കൾക്ക് സ്ഥാനമില്ല; കാരണം ഹൃദയം ദൈവത്താൽ നിറയുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ടത്. ഈ ലാളിത്യം തന്നെയാണ് ധ്യാനത്തിന്റെ അടിത്തറ. ആ മുറിയിൽ ചെലവഴിക്കുന്ന നിശ്ശബ്ദ നിമിഷങ്ങൾ പിന്നീട് ലോകത്തോട് പങ്കുവെക്കുന്ന വാക്കുകൾക്ക് ആഴവും സത്യസന്ധതയും നൽകുന്നു. നിശ്ശബ്ദതയിൽ വളരുന്ന ജീവിതം മാത്രമാണ് ഫലപ്രദമാ

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VI/5:2, 142.

കുന്നത്. പുറത്തേക്കുള്ള പ്രവർത്തനങ്ങൾ ഉള്ളിലെ ധ്യാനത്തിൽ നിന്നാണ് ജനിക്കേണ്ടത്. അല്ലെങ്കിൽ അവ ശൂന്യമായ ശബ്ദമായി മാറും.

നമ്മിൽ ഓരോരുത്തരും നമ്മുടെ ഹൃദയത്തിൽ ഒരു ചെറിയ 'കൂട്' പണിയേണ്ടതുണ്ട്—ദൈവം വസിക്കുന്ന, സമാധാനം നിറഞ്ഞ ഒരു ആന്തരിക ഭവനം. ആ നിശ്ശബ്ദ ധ്യാനത്തിൽ നിന്ന് ഉദിക്കുന്ന ചിന്തകളും വാക്കുകളും മാത്രമാണ് ലോകത്തിന് യഥാർത്ഥ മധുരവും ജീവനും പകരുന്നത്. അതുകൊണ്ട്, നമുക്ക് നമ്മുടെ ഉള്ളിൽ ആ നിശ്ശബ്ദതയുടെ ഇടം കണ്ടെത്താം. ഒരു ചെറിയ മുറി, ഒരു ചെറിയ കുടിൽ, ഒരു ചെറിയ ഹൃദയം—ഇവയൊക്കെ ദൈവത്തിന്റെ അനന്തസാന്നിധ്യം നിറയ്ക്കാൻ കഴിയുന്നവയാണ്. അപ്പോൾ നമ്മുടെ ജീവിതം ഒരു തേനീച്ചക്കൂടുപോലെ, മറഞ്ഞിരിക്കുന്നതായിരുന്നാലും, ലോകത്തിന് മധുരം പകരുന്ന അനുഗ്രഹമായി മാറും.

ഫ്രാൻസിസ് പാപ്പാ പറഞ്ഞ വാക്കുകൾ—"A Carmelite without the contemplative life is a dead body!" (ധ്യാനജീവിതമില്ലാത്ത ഒരു കാർമ്മലൈറ്റ് ഒരു ശവശരീരത്തിനെപ്പോലെയാണ്)—നമ്മെ ആഴത്തിൽ ചിന്തിപ്പിക്കട്ടെ. കർമ്മലൈറ്റ് ജീവിതത്തിന്റെ ഹൃദയമെന്നു പറയുന്നത് ധ്യാനമാണ്; അത് ഇല്ലാതെയാകുമ്പോൾ ആ ജീവിതത്തിന്റെ ആത്മാവിനെ നമുക്ക് നഷ്ടപ്പെടുന്നു. അതുകൊണ്ടാണ് വി. ചാവറ പിതാവ് ധ്യാനത്തിന്റെ ആവശ്യകതയെക്കുറിച്ച് നമ്മെ വീണ്ടും വീണ്ടും ഓർമിപ്പിച്ചിരുന്നത്: "ഹാ എന്റെ കുഞ്ഞുങ്ങളെ, ഈ ദിവസങ്ങളിൽ ഈശോമിശിഹായുടെ സ്നേഹം നിങ്ങൾ നല്ലവണ്ണം ധ്യാനിക്കണം."[1]

കർമ്മലൈറ്റ് പാരമ്പര്യം നമ്മെ പഠിപ്പിക്കുന്നത് ദൈവസന്നിധിയിൽ ശാന്തമായി നിൽക്കാനും, അവന്റെ സ്നേഹത്തിൽ ലയിക്കാനും, അവനോടുള്ള ആന്തരിക സംഭാഷണത്തിലൂടെ ആത്മാവിനെ നിരന്തരം പുതുക്കിക്കൊണ്ടിരിക്കാനുമാണ്. ധ്യാനം ഒരു പ്രവർത്തി മാത്രമല്ല; അത് ജീവിക്കുന്ന ഒരു ബന്ധമാണ്—ദൈവത്തോടുള്ള ആഴത്തിലുള്ള സൗഹൃദം. ഈ ബന്ധം നഷ്ടപ്പെടുമ്പോൾ സേവനങ്ങളും പ്രവർത്തികളും ശൂന്യമായ ഔപചാരികതയായി മാറുന്നു.

നിശ്ശബ്ദതയിൽ ദൈവത്തെ കേൾക്കാൻ പഠിക്കുമ്പോൾ നമ്മുടെ ജീവിതം പുതുജീവിതം പ്രാപിക്കുന്നു. അതാണ് ആത്മീയജീവിതത്തിന്റെ യഥാർത്ഥ സ്പന്ദനം. അതുകൊണ്ട്, പാപ്പായുടെ സന്ദേശം ഒരു മുന്നറിയിപ്പും ഒരേസമയം ഒരു ക്ഷണവുമാണ്: ദൈവത്തോടുള്ള ആന്തരിക ബ

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VII/6:1, 158.

സ്ഥം പുതുക്കുക, ധ്യാനത്തിന്റെ വഴിയിലേക്ക് മടങ്ങിവരുക, ജീവിക്കുന്ന ഒരു വിശ്വാസജീവിതത്തിലേക്ക് ഉയരുക. അപ്പോൾ മാത്രമേ നമ്മുടെ ആത്മാവ് ജീവനും അർത്ഥവുമുള്ളതാകൂ.

4.2.6. ഉല്ലാസ മുറി: സ്വർഗ്ഗീയാനുഭവം

സഭയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന *എക്ലേസിയ* (*Ekklesia*) എന്ന ഗ്രീക്ക് പദത്തിന് 'വിളിക്കപ്പെട്ടവർ ഒരുമിച്ചു കൂടുക' അല്ലെങ്കിൽ 'സംഗമി ക്കുക' എന്ന അർത്ഥമാണുള്ളത്. അതായത്, സഭ എന്നത് ഒരു കെട്ടിട മോ സ്ഥാപനമോ മാത്രമല്ല; ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നൽകി ഒരുമിച്ചു കൂടുന്ന ദൈവജനങ്ങളുടെ സമൂഹമാണ്. ഒരുമിച്ചു കൂടാതെ യും ഒരുമിച്ചു ജീവിക്കാതെയും നമുക്ക് യഥാർത്ഥത്തിൽ 'സഭ' ആയി ത്തീരാൻ കഴിയുകയില്ല.

യേശു ഓരോ ദിവസവും നമ്മെ വിളിക്കുന്നത് ഒറ്റയ്ക്കല്ല, ഒരുമിച്ചാണ്. അവിടുത്തെ വിളി വ്യക്തിപരമായ വിശ്വാസജീവിതത്തിലേക്ക് മാത്രമല്ല; അത് സമൂഹത്തിലേക്കുള്ള ക്ഷണവുമാണ്. 'വരുവിൻ' എന്ന അവിടു ത്തെ ആഹ്വാനം, 'ഒരുമിച്ച് വരുവിൻ' എന്ന ക്ഷണമായി മാറുന്നു. കാര ണം, ദൈവസാന്നിധ്യം ഒരുമിച്ചുള്ള ഹൃദയങ്ങളിൽ കൂടുതൽ വ്യക്തമാ യും ശക്തമായും പ്രകടമാകുന്നു: "അവർ ഗാനമാലപിച്ച് ഉല്ലസിക്കുന്നു" (ഏശ 14:7). സമൂഹജീവിതത്തിലും സഭാജീവിതത്തിലും കൂടിച്ചേരൽ ഒരു പതിവ് ചടങ്ങോ ഔപചാരികതയോ അല്ല; അത് ജീവിക്കുന്ന ഒരു അനുഭവമാണ്. നാം ഒരുമിച്ച് പ്രാർത്ഥിക്കുമ്പോൾ, ഒരുമിച്ച് ഭക്ഷണം കഴിക്കുമ്പോൾ, വിശ്രമവേളകളിൽ പരസ്പരം കേൾക്കുമ്പോൾ, സ ന്തോഷങ്ങളും ദുഃഖങ്ങളും പങ്കുവയ്ക്കുമ്പോൾ—അവിടെ ക്രിസ്തു ന മ്മുടെ ഇടയിൽ സന്നിഹിതനാകുന്നു. ഓരോ സംഗമവും ദൈവസാന്നി ധ്യം അനുഭവിക്കുന്ന ഒരു വിശുദ്ധ അവസരമായി മാറുന്നു.

പ്രത്യേകിച്ച് സമൂഹത്തിന്റെ ഉല്ലാസമുറി (Recreation Room) ഈ അനുഭ വത്തിന് മനോഹരമായ ഒരു പ്രതീകമാണ്. അത് വെറും വിനോദത്തി നുള്ള ഇടമല്ല; സഹോദരങ്ങൾ പരസ്പരം കണ്ടുമുട്ടുകയും ഹൃദയങ്ങൾ പങ്കുവയ്ക്കുകയും ബന്ധങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്ന ഒരു വിശുദ്ധ ഇടമാണ്. അവിടെ പങ്കിടുന്ന ഒരു പുഞ്ചിരി, ഒരു സൗഹൃദസം ഭാഷണം, ഒരു പ്രോത്സാഹനവാക്ക് പോലും സമൂഹജീവിതത്തെ കൂടു തൽ സജീവവും സന്തോഷപൂർണവുമാക്കുന്നു. അത്തരം നിമിഷങ്ങളി ൽ ദൈവത്തിന്റെ സ്നേഹം മനുഷ്യബന്ധങ്ങളിലൂടെ പ്രകടമാകുന്നു.

എന്നാൽ, ഒരുമിച്ചു കൂടുന്നത് ശാരീരികമായി മാത്രം മതിയാകുന്ന കാര്യമല്ല; ഹൃദയങ്ങളോടെ കൂടിച്ചേരുക എന്നതാണ് യഥാർത്ഥ വെല്ലുവിളി. ശരീരമായി അടുത്തിരുന്നാലും ഹൃദയങ്ങൾ അകന്നുനിൽക്കുകയാണെങ്കിൽ, ആ സംഗമം ശൂന്യമായിത്തീരും. അതുകൊണ്ട് എക്ലേസിയ എന്ന വാക്ക് നമ്മെ പഠിപ്പിക്കുന്നത്, പുറമേയുള്ള സംഗമത്തേക്കാൾ ഉള്ളിലെ ഐക്യമാണ് പ്രധാനമെന്ന്. പരസ്പര വിശ്വാസവും ബഹുമാനവും സ്നേഹവും ഇല്ലാതെ യാതൊരു സമൂഹജീവിതത്തിനും പൂർണത കൈവരിക്കാനാവില്ല.

ഇന്നത്തെ ലോകത്ത് ഒറ്റപ്പെടൽ വർധിച്ചുകൊണ്ടിരിക്കുകയാണ്. ആളുകൾ പരസ്പരം അടുത്ത് ജീവിച്ചാലും ഉള്ളിൽ അകന്നുപോകുന്നു. ആശയവിനിമയത്തിനുള്ള സാങ്കേതികവിദ്യകൾ വർധിച്ചിട്ടും ഹൃദയങ്ങൾ തമ്മിലുള്ള അകലം പലപ്പോഴും കൂടിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ സഭയുടെ ഈ അടിസ്ഥാനവിളി കൂടുതൽ പ്രസക്തമാകുന്നു. ദൈവം നമ്മെ വീണ്ടും വീണ്ടും വിളിക്കുന്നു—ഒരുമിച്ച് കൂടാൻ, ഒരുമിച്ച് ജീവിക്കാൻ, ഒരുമിച്ച് പ്രാർത്ഥിക്കാൻ, ഒരുമിച്ച് സ്നേഹിക്കാൻ.

വി. ചാവറ പിതാവും സമൂഹജീവിതത്തിന്റെ ഈ സൗന്ദര്യത്തിന് വലിയ പ്രാധാന്യം നൽകിയിരുന്നു. വ്യക്തിപരമായ പ്രാർത്ഥനയും ധ്യാനവും എത്ര പ്രധാനമാണോ, അതുപോലെതന്നെ സഹോദരങ്ങളോടൊപ്പമുള്ള സന്തോഷപൂർണമായ സഹവാസവും ആത്മീയ വളർച്ചയ്ക്ക് അനിവാര്യമാണ്. കാരണം, ദൈവസ്നേഹം അനുഭവിക്കുന്ന ഒരാൾ ആ സ്നേഹം മറ്റുള്ളവരുമായി പങ്കുവയ്ക്കുമ്പോഴാണ് അത് പൂർണത പ്രാപിക്കുന്നത്. അതുകൊണ്ട്, ഓരോ ദിവസവും നമുക്ക് ഈ ദൈവവിളി കേൾക്കാം: ഒരുമിച്ച് കൂടുക... ഒരുമിച്ച് പ്രാർത്ഥിക്കുക... ഒരുമിച്ച് ജീവിക്കുക... ഒരുമിച്ച് സ്നേഹിക്കുക. നമ്മുടെ ഉല്ലാസമുറികൾ വെറും വിശ്രമത്തിന്റെയോ വിനോദത്തിന്റെയോ ഇടങ്ങളാകാതെ, സഹോദര സ്നേഹത്തിന്റെ, ഐക്യത്തിന്റെ, സന്തോഷത്തിന്റെ, ദൈവസാന്നിധ്യത്തിന്റെ അനുഭവവേദികളായി മാറട്ടെ. അപ്പോൾ മാത്രമേ നാം യഥാർത്ഥത്തിൽ 'സഭ'—എക്ലേസിയ—ആയിത്തീരുകയുള്ളു. കാരണം, ദൈവജനം ഒരുമിച്ച് കൂടുന്നിടത്താണ് ദൈവരാജ്യത്തിന്റെ ആദ്യാനുഭവം വെളിപ്പെടുന്നത്; അവിടെയാണ് സ്വർഗ്ഗത്തിന്റെ സന്തോഷം ഭൂമിയിൽ പ്രതിഫലിക്കുന്നത്. അങ്ങനെ നമ്മുടെ ഓരോ സമൂഹസംഗമവും ഒരു ചെറിയ സ്വർഗ്ഗീയാനുഭവമായി മാറട്ടെ.

4.2.7. കൊവേന്ത: സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനമായ സഹോദര സംഗമം

'കൊവേന്ത' എന്ന പദത്തിന്റെ മൂലാർഥം തന്നെ നമ്മെ ഒരു ആഴമേറിയ സത്യത്തിലേക്ക് നയിക്കുന്നു. ലാറ്റിൻ പദമായ *conventus*—'ഒരുമിച്ച് കൂടുക,' 'സംഗമിക്കുക'—എന്നതിൽ നിന്നാണ് ഈ പദം ഉരുത്തിരിഞ്ഞത്. അതിനാൽ, കൊവേന്ത ഒരു കെട്ടിടമല്ല; അത് വിവിധ വഴികളിൽ നിന്നെത്തിയ ഹൃദയങ്ങളുടെ വിശുദ്ധ സംഗമമാണ്.

നാം ഓരോരുത്തരും വ്യത്യസ്ത കുടുംബങ്ങളിൽ നിന്നും സംസ്കാരങ്ങളിൽ നിന്നും ജീവിതപശ്ചാത്തലങ്ങളിൽ നിന്നുമാണ് വന്നിരിക്കുന്നത്. ഭാഷകളിലും രാജ്യങ്ങളിലും പ്രായത്തിലും ചിന്തകളിലും സ്വഭാവങ്ങളിലും ഇഷ്ടാനിഷ്ടങ്ങളിലും വ്യത്യാസങ്ങളുണ്ട്. എന്നാൽ ഈ എല്ലാ വ്യത്യാസങ്ങൾക്കും അതീതമായി നമ്മെ ഒരുമിച്ചു നിർത്തുന്ന ഒരു മഹത്തായ സത്യമുണ്ട്: പൊതുവായ വിളി. ആ വിളി നമ്മെ ഒരേ ലക്ഷ്യത്തിലേക്ക് നയിക്കുന്നു—ദൈവസ്നേഹത്തിലും സഹോദരത്വത്തിലും അധിഷ്ഠിതമായ ജീവിതത്തിലേക്ക്. അതുകൊണ്ട്, കൊവേന്ത ജീവിതം വ്യത്യാസങ്ങളെ ഇല്ലാതാക്കുന്നതല്ല; മറിച്ച് അവയെ സ്നേഹത്തിലൂടെ സമന്വയിപ്പിക്കുന്നതാണ്. പരസ്പര ബഹുമാനവും കരുതലും പങ്കുവെക്കലും ക്ഷമയുംകൊണ്ട് നാം ഒരു കുടുംബമായി മാറുന്നു. നമ്മുടെ ജീവിതം ഒരു അത്ഭുതകരമായ സംഗമമാണ്: വ്യത്യസ്ത ശബ്ദങ്ങൾ—ഒരേ ഗാനം; വ്യത്യസ്ത വഴികൾ—ഒരേ ലക്ഷ്യം; വ്യത്യസ്ത ഹൃദയങ്ങൾ—ഒരേ സ്നേഹം.

നമ്മിൽ ഓരോരുത്തർക്കും സ്വന്തം പേരുണ്ട്. എന്നാൽ ആ വ്യക്തിപരമായ പേരുകൾക്കൊപ്പം ചേർന്നു നിൽക്കുന്ന ഒരു പൊതുപേരുമുണ്ട്—സി.എം.ഐ. അത് ഒരു ലേബലല്ല; അത് ഒരു തിരിച്ചറിയലും പ്രതിജ്ഞയും പങ്കിട്ട സ്വപ്നവുമാണ്. ആ പേര് നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്നു: നാം ഒറ്റപ്പെട്ട വ്യക്തികളല്ല; ഒരു വലിയ ആത്മീയ കുടുംബത്തിന്റെ അംഗങ്ങളാണ്. ഈ പൊതുവായ വിളി നമ്മെ പൊതുവായ ഓർമ്മകളിലേക്ക് നയിക്കുന്നു—ഒരുമിച്ച് പ്രാർത്ഥിച്ച നിമിഷങ്ങൾ, പങ്കിട്ട സന്തോഷങ്ങളും വേദനകളും, ഒരുമിച്ച് നിർവഹിച്ച ദൗത്യങ്ങൾ. ഈ അനുഭവങ്ങളാണ് നമ്മുടെ ഐക്യത്തിന്റെ അടിത്തറ. ഒരുമിച്ച് ജീവിക്കുക എന്നത് ഒരു ദൗത്യമാണ്. വ്യത്യാസങ്ങൾക്കിടയിൽ ഐക്യം സൃഷ്ടിക്കുക, വ്യക്തിത്വങ്ങൾക്കിടയിൽ സഹോദര്യം വളർത്തുക—ഇതാണ് നമ്മുടെ വിളി. നമ്മെ ഒരുമിപ്പിക്കുന്നത് രക്തബന്ധമല്ല, ആത്മ ബന്ധമാണ്. നമ്മെ നിലനിർത്തുന്നത് നിയമങ്ങളല്ല, സ്നേഹമാണ്. അപ്പോൾ നമ്മുടെ കൊവേ

ന്ത യഥാർത്ഥത്തിൽ *conventus*—ദൈവ സാന്നിധ്യത്തിൽ ഒരുമിച്ചുകൂടി യ ജനങ്ങളുടെ ജീവിക്കുന്ന സാക്ഷ്യം—ആയിത്തീരുന്നു.

"സഹോദരങ്ങൾ ഏകമനസ്സായി ഒരുമിച്ചു വസിക്കുന്നത് എത്ര വിശി ഷ്ടവും സന്തോഷപ്രദവുമാണ്! അഹറോന്റെ തലയിൽനിന്ന് താടിയി ലേക്ക് ഇറങ്ങി അങ്കിയുടെ കഴുത്തുപട്ടയിലൂടെ ഒഴുകുന്ന അമൂല്യമായ അഭിഷേകതൈലം പോലെയാണ് അത്" (സങ്കീ 133:1-2). ഈ വചനം സമൂഹജീവിതത്തിന്റെ അതിമനോഹരമായ ഒരു ദർശനം നമുക്ക് നൽ കുന്നു. "സഹോദരങ്ങൾ ഏകമനസ്സായി ഒരുമിച്ചു വസിക്കുന്നത്" എന്ന ത് വെറും കൂടെയിരിപ്പല്ല; അത് ഹൃദയങ്ങളുടെ ഐക്യം, ആത്മാക്കളു ടെ സമന്വയം, ദൈവസന്നിധിയിൽ ഒരുമിച്ചുള്ള ജീവിതാനുഭവമാണ്. സന്യാസസമൂഹജീവിതത്തിൽ ഈ വചനത്തിന്റെ പ്രസക്തി അത്യന്തം ആഴമുള്ളതാണ്. അഹറോന്റെ തലയിൽ ഒഴുക്കിയ അഭിഷേകതൈലം താടിയിലൂടെ അങ്കിയുടെ കഴുത്തുപട്ടയിലേക്ക് ഒഴുകുന്നതായി സങ്കീർ ത്തകൻ ചിത്രീകരിക്കുന്നു. ഇത് ദൈവകൃപയുടെ സമൃദ്ധിയെയും സമ ഗ്രതയെയും സൂചിപ്പിക്കുന്നു. സമൂഹജീവിതത്തിൽ ഈ 'അഭിഷേക തൈലം' പരസ്പര സ്നേഹവും സഹോദരത്വവും പങ്കുവെക്കുന്ന നിമി ഷങ്ങളാണ്. ഒരാളിൽ ആരംഭിക്കുന്ന അനുഗ്രഹം മുഴുവൻ സമൂഹത്തെ യും സ്പർശിക്കുന്നു.

പ്രത്യേകിച്ച് പൊതുവായ ഉല്ലാസസമയങ്ങളും വിനോദവേളകളും ഈ ഐക്യത്തിന്റെ ജീവിക്കുന്ന സാക്ഷ്യങ്ങളാണ്. ഒരുമിച്ച് ചിരിക്കുകയും, സംസാരിക്കുകയും, അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്യുന്ന ഈ നിമിഷങ്ങൾ പുറമേ ലളിതമായി തോന്നാമെങ്കിലും, അവ ഹൃദയങ്ങളെ അടുത്തുകൊണ്ടുവരുന്ന ദൈവിക ഇടങ്ങളാണ്. ദിനചര്യയിലെ കൃത്യത കളും ഉത്തരവാദിത്വങ്ങളും നിറഞ്ഞ സന്യാസജീവിതത്തിൽ ഇത്തരം സമയം മനസ്സിനെ പുതുക്കുകയും സഹോദരബന്ധങ്ങളെ ദൃഢമാക്കു കയും ചെയ്യുന്നു.

ഈ ഉല്ലാസവേളകളിൽ വ്യക്തിപരമായ വ്യത്യാസങ്ങൾ പിന്നിലേക്ക് മാറുകയും 'ഞാൻ' എന്നതിനേക്കാൾ 'നാം' എന്ന ബോധം വളരുകയും ചെയ്യുന്നു. ഇതുതന്നെയാണ് സങ്കീർത്തനത്തിൽ പറയുന്ന 'വിശിഷ്ട വും സന്തോഷപ്രദവുമായ' അനുഭവം. പരസ്പരം സ്വീകരിക്കുകയും ഒരാളുടെ സന്തോഷവും വേദനയും മറ്റൊരാൾ പങ്കുവെക്കുകയും ചെ യ്യുന്നിടത്ത് ദൈവസാന്നിധ്യം കൂടുതൽ വ്യക്തമായി അനുഭവപ്പെടുന്നു. അതിനാൽ, സന്യാസികളുടെ സമൂഹജീവിതത്തിൽ ഉല്ലാസസമയം ഒരു വിനോദം മാത്രമല്ല; അത് ആത്മീയ ഐക്യത്തിന്റെ അഭിഷേകമാണ്.

അഹറോന്റെ തലയിൽ ഒഴുകിയ തൈലംപോലെ, അത് സമൂഹത്തിലെ ഓരോ അംഗത്തെയും സ്പർശിച്ച് ദൈവസ്നേഹത്തിൽ ഒരുമിപ്പിക്കുന്ന അനുഗ്രഹമാണ്. സങ്കീർത്തനം 133 നമ്മെ ഓർമ്മിപ്പിക്കുന്നത് ഇതാണ്: ഒരുമിച്ച് ജീവിക്കുക എന്നത് ദൈവത്തിന്റെ വരദാനമാണ്; ആ ഐക്യം സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുന്നത് നമ്മുടെ വിളിയുമാണ്.

"സ്വർഗ്ഗത്തിലും വിശുദ്ധർ സമൂഹത്തിൽ ആനന്ദിക്കുന്നു" എന്ന വി. അഗസ്റ്റിന്റെ വാക്കുകൾ ക്രൈസ്തവ ആത്മീയതയുടെ ഒരു സുപ്രധാന സത്യം വെളിപ്പെടുത്തുന്നു. മനുഷ്യജീവിതം സ്വഭാവത്തിൽ തന്നെ സമൂഹപരമാണ്. ഒറ്റയ്ക്കുള്ള പൂർണതയല്ല, മറിച്ച് ബന്ധങ്ങളിൽ പൂർത്തിയാകുന്ന ഒരു ദൈവിക രൂപകൽപ്പനയാണ് അത്. സ്വർഗ്ഗത്തെ പലപ്പോഴും നാം വ്യക്തിപരമായ ഒരു അനുഭവമായി ചിന്തിച്ചേക്കാം. എന്നാൽ വി. അഗസ്റ്റിൻ നമ്മെ ഓർമ്മിപ്പിക്കുന്നത്, സ്വർഗ്ഗം പോലും ഒരു സമൂഹാനുഭവമാണെന്നാണ്. അവിടെ വിശുദ്ധർ തമ്മിൽ പങ്കിടുന്ന സന്തോഷവും പരസ്പര സ്നേഹവും ഐക്യവും തന്നെയാണ് സ്വർഗ്ഗാനുഭവത്തിന്റെ പൂർണത.

ഇത് നമ്മുടെ ഭൂമിയിലെ ജീവിതത്തിനും ഒരു ദിശാസൂചികയാണ്. നാം ഒരുമിച്ച് ജീവിക്കുമ്പോൾ, ഒരുമിച്ച് പ്രാർത്ഥിക്കുമ്പോൾ, ഒരുമിച്ച് സന്തോഷിക്കുകയും ദുഃഖിക്കുകയും ചെയ്യുമ്പോൾ, സ്വർഗ്ഗജീവിതത്തിന്റെ ഒരു ചെറിയ മുന്നാസ്വാദനം ഇവിടെ തന്നെ അനുഭവിക്കുന്നു. സമൂഹം ദൈവം നമുക്ക് നൽകിയ അമൂല്യമായ ഒരു അനുഗ്രഹമാണ്. എന്നാൽ യഥാർത്ഥ സമൂഹജീവിതം എളുപ്പമല്ല. വ്യത്യാസങ്ങളും തെറ്റിദ്ധാരണകളും സ്വാർത്ഥതയും നമ്മെ വേർതിരിക്കാൻ ശ്രമിക്കുന്നു. എന്നാൽ ഈ വെല്ലുവിളികളിലൂടെയാണ് സ്നേഹം പക്വത പ്രാപിക്കുന്നത്. ക്ഷമയും സഹനവും ത്യാഗവും പങ്കുവെക്കലും പഠിക്കുന്ന ഇടമാണ് യഥാർത്ഥ സമൂഹം. അങ്ങനെ സമൂഹം നമ്മെ വിശുദ്ധരാക്കുന്ന ഒരു വിദ്യാലയമായി മാറുന്നു. സ്വർഗ്ഗത്തിലെ വിശുദ്ധർ സമൂഹത്തിൽ ആനന്ദിക്കുന്നുവെങ്കിൽ, ഭൂമിയിലെ നമ്മുടെ സമൂഹജീവിതവും ആ സ്വർഗ്ഗത്തിന്റെ പ്രതിഫലനമാകണം. നമ്മുടെ ആശ്രമങ്ങളും സമൂഹങ്ങളും സ്നേഹത്തിന്റെ ഭവനങ്ങളായി മാറണം—ഒരാൾ മറ്റൊരാളെ സ്വീകരിക്കുകയും പിന്തുണയ്ക്കുകയും ഉയർത്തുകയും ചെയ്യുന്ന ഇടങ്ങളായി. ഒരുമിച്ചുള്ള ജീവിതം ദൈവത്തിന്റെ സ്വപ്നമാണ്. ഒറ്റപ്പെട്ട മഹത്വമല്ല, പങ്കിട്ട സന്തോഷമാണ് ദൈവരാജ്യത്തിന്റെ മുഖമുദ്ര. അതുകൊണ്ട്, നമുക്ക് നമ്മുടെ സമൂഹങ്ങളെ സ്നേഹത്താലും സാഹോദര്യത്താലും പണിയാം. അപ്പോൾ നമ്മുടെ ജീവിതം തന്നെ സ്വർഗ്ഗത്തിന്റെ ഒരു മുന്നൊരുക്കമാ

യി മാറും—വിശുദ്ധരെപ്പോലെ ഒരുമിച്ച് ആനന്ദിക്കുന്ന ഒരു അനുഭവ മായി.

4.2.8. പുഞ്ചിരിയിൽ തുടങ്ങുന്ന സഹോദര്യം

"സന്യാസികൾ ഒരുമിച്ച് കൂടുന്നു—പക്ഷേ പരസ്പരം പുഞ്ചിരിക്കാതെ; ഒരുമിച്ച് ജീവിക്കുന്നു—പക്ഷേ പരസ്പരം അറിയാതെ; സമൂഹത്തിൽ ഒരാൾ മരിക്കുമ്പോൾ മരണാനന്തര ശുശ്രൂഷകൾക്കായി ഒരുമിച്ച് കൂടുന്നു—പക്ഷേ ഒരാൾക്കുവേണ്ടി മറ്റൊരാൾ കണ്ണീർ പൊഴിക്കാതെ." ഈ പഴമൊഴി കേൾക്കുമ്പോൾ ആദ്യം അത് അല്പം കടുപ്പമുള്ള വിമർശനമായി തോന്നാം. എന്നാൽ യഥാർത്ഥത്തിൽ ഇത് ഒരു ആത്മപരിശോധനയ്ക്കുള്ള ക്ഷണമാണ്. സന്യാസജീവിതത്തിന്റെ ഹൃദയത്തെ സ്പർശിക്കുന്ന ഒരു മുന്നറിയിപ്പും കൂടിയാണിത്. സന്യാസജീവിതം ഒരു കെട്ടിടത്തിൽ ഒരുമിച്ച് താമസിക്കുന്നതല്ല; ഹൃദയങ്ങളിൽ ഒരുമിച്ച് ജീവിക്കുന്നതാണ്. ഒരുമിച്ച് പ്രാർത്ഥിക്കുകയും ഒരേ ദൗത്യം പങ്കിടുകയും ചെയ്യുന്നവരായിട്ടും, പരസ്പരം സ്നേഹത്തോടെ സമീപിക്കുന്നില്ലെങ്കിൽ, ആ സമൂഹം പുറത്തുകാണുന്നതുപോലെ ജീവസുറ്റതായിരിക്കില്ല; അത് വെറും ശൂന്യഘടനയായി മാറും.

'പുഞ്ചിരിക്കാതെ കൂടുന്നു' എന്നത് ഒരു ചെറിയ കാര്യമായി തോന്നാം. എന്നാൽ ഒരു പുഞ്ചിരി സ്നേഹത്തിന്റെ ഏറ്റവും ലളിതവും ശക്തവുമായ ഭാഷയാണ്. അത് ഹൃദയങ്ങളിലേക്കുള്ള ഒരു തുറന്ന വാതിലാണ്. ആ പുഞ്ചിരി നഷ്ടപ്പെടുമ്പോൾ, ബന്ധങ്ങളുടെ ഊഷ്മളതയും ക്രമേണ നഷ്ടപ്പെടുന്നു. പരസ്പരം 'അറിയാതെ ജീവിക്കുന്നു' എന്നത് ബന്ധങ്ങളുടെ ദൗർബല്യത്തെയാണ് സൂചിപ്പിക്കുന്നത്. നമുക്ക് ഒരാളുടെ പേര് അറിയാം; എന്നാൽ അവരുടെ സന്തോഷങ്ങളും വേദനകളും സ്വപ്നങ്ങളും പോരാട്ടങ്ങളും അറിയുന്നില്ല. 'കണ്ണീർ പൊഴിക്കാതെ' എന്നത് അതിന്റെ ഏറ്റവും ദുഃഖകരമായ അവസ്ഥയാണ്—സ്നേഹമില്ലാത്ത ജീവിതത്തിന്റെ ഒരു നിശ്ശബ്ദ വിടപറച്ചിൽ.

സഹോദര്യം സ്വാഭാവികമായി ഉണ്ടാകുന്ന ഒന്നല്ല; അത് സംരക്ഷിക്കുകയും വളർത്തുകയും ചെയ്യേണ്ട ഒരു ദൈവദാനമാണ്. ഒരു പുഞ്ചിരി, ഒരു സ്നേഹവാക്ക്, ഒരു ശ്രദ്ധ, ഒരു കരുതൽ—ഇവയാണ് ഒരു സമൂഹത്തെ ജീവനുള്ളതാക്കുന്നത്. ഈ ചെറിയ ചുവടുകൾ ഇല്ലാതെ വലിയ ആത്മീയപ്രവർത്തനങ്ങൾ പോലും ഫലപ്രദമാകുകയില്ല. സന്യാസജീവിതം ദൈവസ്നേഹം അനുഭവിക്കുന്നതിൽ മാത്രം അവസാനിക്കുന്നില്ല; അത് സഹോദരസ്നേഹമായി പുറത്തേക്ക് ഒഴുകണം. ദൈവത്തെ സ്നേഹിക്കുന്ന ഹൃദയത്തിന് മനുഷ്യനെ അവഗണിക്കാൻ കഴിയില്ല.

അതുകൊണ്ട്, പരസ്പര സ്നേഹമില്ലാത്ത സമൂഹത്തിന് ദൈവസ്നേഹത്തിന്റെ വിശ്വസനീയമായ സാക്ഷ്യം നൽകാനും കഴിയുകയില്ല. അതിനാൽ, നമുക്ക് പുഞ്ചിരിക്കാം, കേൾക്കാം, പങ്കിടാം, ഒരുമിച്ച് കരയാം. അപ്പോൾ മാത്രമേ നമ്മുടെ സമൂഹജീവിതം യഥാർത്ഥത്തിൽ സജീവമാകൂ. കാരണം, സ്നേഹത്തോടെ ജീവിക്കുന്ന സമൂഹം മാത്രമാണ് ദൈവരാജ്യത്തിന്റെ സാക്ഷിയായി മാറുന്നത്.

സമൂഹത്തെ സന്തോഷത്തോടെ നിലനിർത്താൻ ₹1000 ചെലവഴിച്ചാൽ, ആശുപത്രിയിൽ ₹10000 ലാഭിക്കാം എന്ന ഈ ചിന്ത വെറും സാമ്പത്തിക കണക്കുകൂട്ടൽ മാത്രമല്ല; സമൂഹജീവിതത്തിന്റെ മാനവികവും ആത്മീയവുമായ സത്യത്തെ വെളിപ്പെടുത്തുന്നതാണ്. മനുഷ്യന്റെ ആരോഗ്യം ശരീരത്തെ മാത്രം ആശ്രയിച്ചുള്ളതല്ല; അത് മനസ്സിന്റെയും ഹൃദയത്തിന്റെയും സമാധാനത്തോടും സന്തോഷത്തോടും ചേർന്നുനിൽക്കുന്നു. സന്തോഷം നിറഞ്ഞ ഒരു സമൂഹത്തിൽ സമ്മർദം കുറയുന്നു, നിരാശ കുറയുന്നു, അതിനാൽ രോഗങ്ങളും കുറയുന്നു. എന്നാൽ അവഗണനയും അകൽച്ചയും സംഘർഷവും നിറഞ്ഞ ഒരു സമൂഹത്തിൽ ഹൃദയങ്ങൾ മുറിവേൽക്കുന്നു; ആ മുറിവുകൾ പിന്നീട് ശരീരത്തിലും ജീവിതത്തിലും പ്രതിഫലിക്കുന്നു.

സന്യാസസമൂഹത്തിൽ ഇത് കൂടുതൽ പ്രസക്തമാണ്. ഒരുമിച്ച് ജീവിക്കുന്നവർ പരസ്പരം പ്രോത്സാഹിപ്പിക്കുകയും ആശ്വസിപ്പിക്കുകയും സന്തോഷം പങ്കിടുകയും ചെയ്യുമ്പോൾ, അവരുടെ ജീവിതം ആരോഗ്യകരമായ ഒരു അന്തരീക്ഷമായി മാറുന്നു. ഒരു ചെറിയ വിനോദം, ഒരു പങ്കിട്ട ഭക്ഷണം, ഒരു സൗഹൃദസംഭാഷണം, ഒരു ഉല്ലാസ വേള—ഇവയെല്ലാം ചെറിയ നിക്ഷേപങ്ങളാണ്. എന്നാൽ അവയുടെ ഫലം വളരെ വലുതാണ്: മനസ്സിന്റെ സമാധാനം, ശരീരത്തിന്റെ ആരോഗ്യം, സമൂഹത്തിന്റെ ഐക്യം. നാം പലപ്പോഴും വലിയ കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നു; എന്നാൽ ചെറിയ കാര്യങ്ങളുടെ ശക്തിയെ മറന്നുപോകുന്നു. ഒരു പുഞ്ചിരി, ഒരു ശ്രദ്ധ, ഒരു സന്ദർശനം, ഒരുമിച്ച് ചിലവഴിക്കുന്ന ഒരു നിമിഷം—ഇവയാണ് സമൂഹത്തെ ജീവനുള്ള താക്കുന്നത്. ഈ ചെറിയ നിമിഷങ്ങളാണ് ഏകാന്തതയ്ക്കും നിരാശയ്ക്കും പല രോഗങ്ങൾക്കും എതിരായ ഏറ്റവും നല്ല പ്രതിരോധ മരുന്നുകൾ.

സന്തോഷം ഒരു ആഡംബരമല്ല; അത് ഒരു ആവശ്യമാണ്. പ്രത്യേകിച്ച് സമൂഹജീവിതത്തിൽ, സന്തോഷം പങ്കിടപ്പെടുമ്പോൾ അത് വർധിക്കുന്നു. ഒരാളുടെ സന്തോഷം മറ്റൊരാളുടെ പ്രത്യാശയായി മാറുന്നു; ഒരാളുടെ സമാധാനം മറ്റൊരാളുടെ ശക്തിയായി മാറുന്നു. അങ്ങനെ, സന്തോ

ഷകരമായ ഒരു സമൂഹം സ്വാഭാവികമായി ആരോഗ്യകരമായ ഒരു സമൂഹമായിത്തീരുന്നു. സന്യാസജീവിതത്തിൽ ലാളിത്യത്തിനും ത്യാഗത്തിനും വലിയ പ്രാധാന്യമുണ്ടെങ്കിലും, സന്തോഷത്തെ അവഗണിക്കാനാവില്ല. സന്തോഷം ദൈവത്തിന്റെ ദാനമാണ്. അത് പങ്കിടപ്പെടുമ്പോൾ വർധിക്കുകയും സമൂഹത്തെ കൂടുതൽ ശക്തമാക്കുകയും ചെയ്യുന്നു. ചിലപ്പോൾ ചെറിയ ചിലവുകൾ ഉപയോഗിച്ച് സമൂഹത്തിൽ സന്തോഷത്തിന്റെ നിമിഷങ്ങൾ സൃഷ്ടിക്കുന്നത് ഒരു ആഡംബരമല്ല; മറിച്ച് ഒരു ഉത്തരവാദിത്വമാണ്. ഒരുമിച്ച് ഒരു ഭക്ഷണം പങ്കിടുക, ഒരു ചെറിയ യാത്ര സംഘടിപ്പിക്കുക, ഉല്ലാസസമയങ്ങളിൽ സഹോദര സാന്നിധ്യം ആസ്വദിക്കുക—ഇവയെല്ലാം പുറമേ ലഘുവായി തോന്നാമെങ്കിലും ഹൃദയങ്ങളിൽ വലിയ സ്വാധീനം ചെലുത്തുന്നു.

അതുകൊണ്ട്, സമൂഹത്തിലെ സന്തോഷം സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുക എന്നത് ഓരോ അംഗത്തിന്റെയും ഉത്തരവാദിത്വമാണ്. ഒരുമിച്ച് ചിരിക്കാനും വിശ്രമിക്കാനും ജീവിതം ആഘോഷിക്കാനും അവസരങ്ങൾ സൃഷ്ടിക്കണം. അപ്പോൾ നമ്മുടെ സമൂഹം രോഗശയ്യകളിലേക്കല്ല, സന്തോഷത്തിന്റെ വഴികളിലേക്കായിരിക്കും മുന്നേറുക. സ്നേഹത്തിലും സന്തോഷത്തിലും നിക്ഷേപിക്കുന്ന സമൂഹം ആരോഗ്യത്തിലും ഐക്യത്തിലും ആത്മീയസമൃദ്ധിയിലും വളരും. ഒരു പുഞ്ചിരിയിൽ ആരംഭിക്കുന്ന സഹോദര്യം, ഒടുവിൽ ദൈവസ്നേഹത്തിന്റെ ജീവിക്കുന്ന സാക്ഷ്യമായി മാറും.

4.2.9. രോഗികളുടെ പുഞ്ചിരി: സമൂഹസ്നേഹത്തിന്റെ അളവു കോൽ

സമൂഹത്തിലെ സന്തോഷം സംരക്ഷിക്കണമെന്ന് പറയുമ്പോൾ, രോഗികളുടെയും ദുഃഖിതരുടെയും സന്തോഷവും അതിൽ ഉൾപ്പെടുന്നു. ഒരു സമൂഹത്തിന്റെ യഥാർത്ഥ മഹത്വം അതിലെ ശക്തരായവരെ എങ്ങനെ പരിഗണിക്കുന്നു എന്നതിലല്ല, മറിച്ച് ദുർബലരെയും രോഗികളെയും എങ്ങനെ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു എന്നതിലാണ്. രോഗികളെ പരിചരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചാവറ പിതാവ് പോരൂക്കരയച്ചന് എഴുതിയ ഒരു കത്തിൽ ഇപ്രകാരം പറയുന്നു: "രോഗികൾ ഇല്ലാത്ത കൊവേന്തയെക്കുറിച്ച് എനിക്ക് ഭയമാണ്. തുടർച്ചയായി രോഗികൾ ഉള്ള കൊവേന്തകളുടെ മേൽ ദൈവാനുഗ്രഹം കൂടുതൽ വർഷിക്കപ്പെടും എന്നാണ് വി. അമ്മ ത്രേസ്യാ വിശ്വസിച്ചിരുന്നത്. തൊമ്മൻ പറയുന്നു, നിങ്ങൾ വല്യച്ചന്റെ കാര്യത്തിൽ വലിയ താല്പര്യം കാണിക്കുന്നില്ല. അപ്പവും പാലും ആവശ്യത്തിനു കൊടുക്കു

ന്നില്ല എന്ന്. അതുകൊണ്ടല്ലേ അദ്ദേഹം ഇത്ര ക്ഷീണിച്ചിരിക്കുന്നത്? നിങ്ങൾക്കതിൽ ദുഃഖമുണ്ടോ?[1]…

ഈ വാക്കുകളിൽ ചാവറ പിതാവിന്റെ ഹൃദയസ്പർശിയായ കരുതലും ആത്മീയ ദർശനവും വ്യക്തമായി കാണാം. അദ്ദേഹം രോഗത്തെയും ദുഃഖത്തെയും ഒരു ഭാരമായി മാത്രമല്ല, ദൈവാനുഗ്രഹം വെളിപ്പെടുന്ന അവസരമായും കാണുന്നു. എന്തുകൊണ്ടെന്നാൽ, രോഗികൾ ഉള്ളിടത്ത് കരുണ വളരുന്നു; സേവനം സജീവമാകുന്നു; സ്നേഹം പ്രവൃത്തിയായി മാറുന്നു. ദുഃഖിതരുടെ ഇടയിൽ ജീവിക്കുന്ന ഒരു സമൂഹം ആത്മീയമായി ഒരിക്കലും വരണ്ടുപോകുകയില്ല. അവിടെ ദൈവ സ്നേഹം വാക്കുകളിൽ മാത്രമല്ല, പ്രവൃത്തികളിലും പ്രകടമാകുന്നു.

ഇവിടെ വി. അമ്മ ത്രേസ്യായുടെ വിശ്വാസവും നമ്മെ സ്പർശിക്കുന്നു. രോഗികൾ ഉള്ള സമൂഹങ്ങളിൽ ദൈവാനുഗ്രഹം കൂടുതൽ വർഷിക്കപ്പെടുന്നു എന്ന അവളുടെ ചിന്ത, മനുഷ്യവേദനയുടെ നടുവിലും ദൈവ സാന്നിധ്യം പ്രവർത്തിക്കുന്നുവെന്ന സത്യത്തിലേക്കാണ് നമ്മെ നയിക്കുന്നത്. രോഗിയുടെ മുഖത്ത് ക്രിസ്തുവിന്റെ മുഖം കാണാൻ കഴിയുന്നവർക്കാണ് യഥാർത്ഥ ആത്മീയദർശനം ലഭിക്കുന്നത്.

ചാവറ പിതാവിന്റെ വാക്കുകൾ ഒരു കരുണയുള്ള പിതാവിന്റെ സ്നേഹപൂർവമായ ശാസന കൂടിയാണ്. "അപ്പവും പാലും ആവശ്യത്തിന് കൊടുക്കുന്നില്ല" എന്ന അദ്ദേഹത്തിന്റെ പരാമർശം, വലിയ ത്യാഗങ്ങളേക്കാൾ ചെറിയ ശ്രദ്ധകൾക്കാണ് സ്നേഹത്തിന്റെ യഥാർത്ഥ മൂല്യമെന്ന് നമ്മെ ഓർമിപ്പിക്കുന്നു. ഒരു കപ്പ് പാൽ, ഒരു സ്നേഹവാക്ക്, ഒരു സന്ദർശനം, ഒരു കരുതലോടെയുള്ള ചോദ്യം—ഇവയൊക്കെയാണ് ദൈവസ്നേഹത്തിന്റെ ഏറ്റവും ലളിതവും ശക്തവുമായ ഭാഷകൾ.

ഈ സന്ദേശം നമ്മെ ആത്മപരിശോധനയിലേക്ക് ക്ഷണിക്കുന്നു: നമ്മുടെ സമൂഹങ്ങളിൽ രോഗികൾക്കും ദുഃഖിതർക്കും എന്ത് സ്ഥാനമാണ് നാം നൽകുന്നത്? അവരുടെ സാന്നിധ്യത്തെ ഒരു ഭാരമായി കാണുന്നുണ്ടോ, അതോ ഒരു അനുഗ്രഹമായി സ്വീകരിക്കുന്നുണ്ടോ? അവരെ ഒഴിവാക്കുകയാണോ, അതോ സ്നേഹത്തോടെ ചേർത്തുപിടിക്കുകയാണോ?

രോഗിയെ പരിചരിക്കുന്നത് ഒരു കടമ മാത്രമല്ല; അത് ഒരു വിശുദ്ധ അവസരമാണ്. ദൈവത്തെ സ്പർശിക്കാൻ ലഭിക്കുന്ന ഒരു കൃപയാണ് അത്. യേശു തന്നെയാണ് പറഞ്ഞത്: "ഞാൻ രോഗിയായിരുന്നു;

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, V/10:1.

നിങ്ങൾ എന്നെ സന്ദർശിച്ചു" (മത്താ 25:36). രോഗിയുടെ കിടക്കയ്ക്കരികിൽ നിൽക്കുമ്പോൾ നാം മനുഷ്യനെ മാത്രം സേവിക്കുന്നില്ല; ക്രിസ്തുവിനെ തന്നെയാണ് സേവിക്കുന്നത്. അതുകൊണ്ട്, ചാവറ പിതാവിന്റെ ഈ ഉപദേശം നമ്മെ ഒരു പുതിയ ആത്മീയ ദർശനത്തിലേക്ക് നയിക്കുന്നു. രോഗികളെ ഭയപ്പെടേണ്ടതില്ല; അവരെ പരിപാലിക്കണം. അവരുടെ സാന്നിധ്യം നമ്മുടെ ഹൃദയങ്ങളെ മൃദുവാക്കുന്നു, നമ്മുടെ സമൂഹങ്ങളെ വിശുദ്ധമാക്കുന്നു, നമ്മുടെ ജീവിതത്തെ ദൈവസാന്നിധ്യത്താൽ സമ്പന്നമാക്കുന്നു.

സ്നേഹം വാക്കുകളിൽ മാത്രം പ്രകടമാകരുത്; അത് പരിചരണത്തിലൂടെ ദൃശ്യമാകണം. രോഗിയുടെ അരികിൽ ചെലവഴിക്കുന്ന ഓരോ നിമിഷവും, കരുണയോടെ നൽകുന്ന ഓരോ സേവനവും, ദൈവസ്നേഹത്തിന്റെ ജീവിക്കുന്ന സാക്ഷ്യമാണ്. അപ്പോൾ നമ്മുടെ ജീവിതം കരുണയുടെ, സേവനത്തിന്റെ, ദൈവസ്നേഹത്തിന്റെ സുവിശേഷമായി മാറും.

4.2.10. ഉറക്കത്തിന്റെ സമയക്രമം

"ഉറങ്ങാൻ കൃത്യസമയത്ത് കിടക്കുന്നതിനും രാവിലെ കൃത്യസമയത്ത് ഉണരുവാനും ശ്രദ്ധിക്കുക. ഈ ക്രമം കൃത്യമായി കാക്കുക. ആറുമണിക്കെങ്കിലും എല്ലാവരും എഴുന്നേറ്റ് ഉടനെ എല്ലാവരും കൂടി ഉഷകാലഃ ജപം ചൊല്ലുക" (*ചാവരുൾ*, 24).

"ഭൂമി മുഴുവൻ ശാന്തമായി വിശ്രമിക്കുന്നു" (ഏശ 14:6). "ഉറങ്ങാൻ കൃത്യസമയത്ത് കിടക്കുകയും രാവിലെ കൃത്യസമയത്ത് ഉണരുകയും ചെയ്യുക" എന്ന വി. ചാവറ പിതാവിന്റെ ഉപദേശം വെറും ശാരീരിക ക്രമശീലത്തെക്കുറിച്ചുള്ളതല്ല; ആത്മാവിനെ ദൈവസന്നിധിയിൽ സജ്ജമാക്കുന്ന ഒരു ആത്മീയ പരിശീലനമാണ് അത്. കിടപ്പുമുറിയിലെ ജീവിതം വ്യക്തിപരമായ ശീലങ്ങൾ സമൂഹത്തിന്റെ നന്മയ്ക്കായി രൂപപ്പെടുത്തപ്പെടേണ്ട ഇടമാണ്. ഒരാൾ വൈകി ഉറങ്ങുകയും വൈകി എഴുന്നേൽക്കുകയും ചെയ്യുമ്പോൾ, അത് സ്വന്തം ജീവിതത്തെ മാത്രമല്ല, കൂട്ടായ ജീവിതത്തിന്റെ സമാധാനത്തെയും ബാധിക്കുന്നു. എന്നാൽ എല്ലാവരും ഒരേ സമയക്രമം പാലിക്കുമ്പോൾ, അവിടെ ഒരു ആത്മീയ ഐക്യം രൂപപ്പെടുന്നു. അത് സന്യാസജീവിതത്തിന്റെ ക്രമബദ്ധമായ സ്വഭാവത്തെ ശക്തിപ്പെടുത്തുകയും സമൂഹത്തിലെ അംഗങ്ങളെ പരസ്പരം കൂടുതൽ അടുപ്പിക്കുകയും ചെയ്യുന്നു. ഈ ക്രമശീലം സഹോദരസ്നേഹത്തിന്റെ വളർച്ചയ്ക്കും സഹായകമാണ്. ഓരോരുത്തരും സ്വന്തം സൗകര്യങ്ങൾക്കപ്പുറം സമൂഹത്തിന്റെ നന്മയെ മുൻനിർത്താൻ

പഠിക്കുന്നു. ഇതിലൂടെ അനുസരണം, ഉത്തരവാദിത്വബോധം, സമയ പാലനം എന്നീ മൂല്യങ്ങൾ ജീവിതത്തിൽ ആഴത്തിൽ വേരുറക്കുന്നു.

“ആറുമണിക്കെങ്കിലും എല്ലാവരും എഴുന്നേറ്റ് ഉടനെ എല്ലാവരും കൂടി ഉഷഃകാല ജപം ചൊല്ലുക” എന്ന ചാവറ പിതാവിന്റെ നിർദേശം ദിവസത്തിന്റെ ആദ്യ നിമിഷങ്ങളെ ദൈവത്തിനായി സമർപ്പിക്കാനുള്ള ആഹ്വാനമാണ്. നിദ്രയിൽ നിന്ന് ഉണരുന്ന ആദ്യ നിമിഷം തന്നെ ദൈവസ്മരണയോടെ ആരംഭിക്കുമ്പോൾ, ആ ദിവസം മുഴുവൻ ദൈവസാന്നിധ്യത്തിൽ നയിക്കപ്പെടുന്നു. ഇത് ആത്മീയശക്തിയും മാനസിക സമാധാനവും പ്രദാനം ചെയ്യുന്നു. രാവിലെ കൂട്ടായ പ്രാർത്ഥന വ്യക്തിപരമായ ഭക്തിയുടെ പ്രകടനം മാത്രമല്ല; അത് സമൂഹത്തിന്റെ ഐക്യത്തിന്റെ അടയാളവുമാണ്. എല്ലാവരും ഒരുമിച്ച് ദൈവസന്നിധിയിൽ നിൽക്കുമ്പോൾ, അവർ സഹോദരങ്ങളായി കൂടുതൽ അടുക്കുകയും ഒരേ ലക്ഷ്യത്തിലേക്കുള്ള യാത്രക്കാരായി മാറുകയും ചെയ്യുന്നു.

ഈ ഉപദേശം നമ്മെ ഓർമിപ്പിക്കുന്നത്, ജീവിതത്തിലെ ചെറിയ കാര്യങ്ങളിലെ ക്രമശീലവും വിശ്വസ്തതയും വലിയ ആത്മീയ വളർച്ചയ്ക്ക് വഴിയൊരുക്കുമെന്നതാണ്. ഉറക്കം, ഉണർവ്, പ്രാർത്ഥന—ഈ സാധാരണ കാര്യങ്ങൾ പോലും ദൈവസ്നേഹത്തോടെ ക്രമീകരിക്കുമ്പോൾ, അവ ആത്മീയജീവിതത്തിന്റെ ശക്തമായ അടിത്തറയായി മാറുന്നു. അതിനാൽ, ചാവറ പിതാവിന്റെ ഈ ഉപദേശം ഹൃദയത്തിൽ സ്വീകരിച്ച്, ഓരോ ദിവസവും കൃത്യമായ സമയക്രമത്തിലും രാവിലത്തെ കൂട്ടായ പ്രാർത്ഥനയിലും സ്ഥിരത പാലിക്കാൻ നമുക്ക് ശ്രമിക്കാം. അങ്ങനെ ജീവിക്കുമ്പോൾ, നമ്മുടെ ഡോർമിറ്ററിയും നമ്മുടെ ഹൃദയവും ദൈവസാന്നിധ്യം നിറഞ്ഞ വിശുദ്ധ സ്ഥലങ്ങളായി മാറും. ക്രമശീലത്തിൽ ആരംഭിക്കുന്ന ഓരോ ദിവസവും ദൈവകൃപയിൽ വളരുന്ന ഒരു പുതിയ ആത്മീയ യാത്രയായി മാറട്ടെ.

(സമാപന പ്രാർത്ഥന)

സ്നേഹമുള്ള ഈശോയേ, ഈ ധ്യാനസമയത്ത് ഞങ്ങളോടൊപ്പമിരുന്ന് നയിച്ചതിന് നന്ദി. ഏകാന്തതയുടെ മാധുര്യം തിരിച്ചറിയാനും, ഞങ്ങളുടെ ഉള്ളിലെ ‘കിഴക്ക്’ കണ്ടെത്താനും നൽകിയ പ്രകാശത്തിന് നന്ദി. ഞങ്ങളുടെ മുറികൾ അങ്ങയെ കണ്ടുമുട്ടുന്ന ആത്മീയ വാസസ്ഥലങ്ങളാകട്ടെ; കർമ്മലീത്താ ആത്മീയതയിൽ ആഴപ്പെടുവാനും അങ്ങയുമായുള്ള വ്യക്തിബന്ധത്തിൽ വളരുവാനും ഞങ്ങളെ സഹായിക്കണമേ. ഞങ്ങളുടെ കൂട്ടായ്മകൾ സ്നേഹത്തിന്റെയും സഹോദരത്വത്തിന്റെയും സന്തോഷത്തിന്റെയും ഇടങ്ങളാകട്ടെ. രോഗികളിലും ദുഃഖിതരിലും

അങ്ങയുടെ മുഖം തിരിച്ചറിഞ്ഞ് കരുണയോടെ ശുശ്രൂഷിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ക്രമമായ ജീവിതം നയിച്ച് ഓരോ ദിവസവും പ്രാർത്ഥനയോടെ ആരംഭിക്കാനും അങ്ങയുടെ സാന്നിധ്യത്തിൽ ജീവിക്കാനും ഞങ്ങളെ സഹായിക്കണമേ. ഇന്ന് ധ്യാനിച്ച സത്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കി, ഞങ്ങളുടെ സമൂഹങ്ങളെ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും സാക്ഷ്യങ്ങളാക്കണമേ. അങ്ങയുടെ സ്നേഹത്തിൽ നിലനിന്ന് അങ്ങയുടെ ഹിതം നിറവേറ്റുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ആമ്മേൻ.

4.3
സ്വകാര്യമുറിയും ഉല്ലാസമുറിയും: നിയമാവലി ധ്യാനം

(ആമുഖ പ്രാർത്ഥന)

കരുണാനിധിയായ ദൈവമേ, അങ്ങയുടെ പരിശുദ്ധാത്മാവിനെ ഞങ്ങളിലേക്ക് അയയ്ക്കണമേ. ഈ നിമിഷങ്ങൾ സാഹോദര്യത്തിന്റെ ഹൃദയസ്പന്ദനം കൂടുതൽ ആഴത്തിൽ ഗ്രഹിക്കാനും അനുഭവിക്കാനുമുള്ള വിശുദ്ധ സമയമാണെന്ന് ഞങ്ങളെ ബോധ്യപ്പെടുത്തണമേ. പരസ്പരം സ്നേഹിക്കാനും അംഗീകരിക്കാനും ഞങ്ങളെ പഠിപ്പിക്കണമേ. ഞങ്ങളുടെ വാക്കുകളും ഹൃദയങ്ങളും സ്നേഹത്താൽ നിറഞ്ഞതാകട്ടെ. മറ്റുള്ളവരിലെ നന്മ കാണുന്ന കണ്ണുകളും അവരെ ഉയർത്തിപ്പിടിക്കുന്ന മനസ്സും ഞങ്ങൾക്ക് നൽകണമേ.

ആവൃതിയുടെ ആത്മാവ് ഞങ്ങളുടെ ഉള്ളിൽ വാഴട്ടെ. ഞങ്ങൾ തിരഞ്ഞെടുത്ത സന്യാസജീവിതത്തിന്റെ ആഴം തിരിച്ചറിയാനും നിശ്ശബ്ദതയുടെ മൂല്യം ഉൾക്കൊള്ളാനും ഞങ്ങളെ സഹായിക്കണമേ. സ്വകാര്യമുറിയിലും ഉല്ലാസമുറിയിലും അങ്ങയുടെ സാന്നിധ്യം കൂടുതൽ അനുഭവിക്കുന്നവരാകാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ആമ്മേൻ.

(ധ്യാനവിചിന്തനം)

4.3.1. സ്നേഹിക്കാൻ എന്തിന് മരണംവരെ കാത്തിരിക്കണം?

മലയാളികളെക്കുറിച്ച് തോമസ് കളം അച്ചൻ പറഞ്ഞ ഒരു തമാശ ഓർക്കുന്നു. ലോകത്തിലെ ഏറ്റവും മനോഹരമായ സ്ഥലങ്ങൾ സന്ദർശിക്കാൻ ഒരു സായിപ്പ് യാത്ര തിരിച്ചു. ആ യാത്രയിൽ അദ്ദേഹം നമ്മുടെ കൊച്ചു കേരളത്തിലും എത്തി. ദൈവത്തിന്റെ സ്വന്തം നാട്ടിലെ സൗന്ദര്യം ആസ്വദിച്ച ശേഷം മറ്റു രാജ്യങ്ങളിലേക്കും സഞ്ചരിച്ചു. ഒടുവിൽ സ്വന്തം നാട്ടിലെത്തിയപ്പോൾ, യാത്രാനുഭവങ്ങളെക്കുറിച്ച് ഒരു ലേഖനം തയ്യാറാക്കി. അതിൽ മലയാളികളുടെ മൂന്ന് പ്രത്യേകതകളെ അദ്ദേഹം എടുത്തുപറയുന്നു.

ഒന്നാമതായി, മലയാളികൾ ജീവിച്ചിരിക്കുമ്പോൾ ഷൂസ് ധരിക്കാറില്ല. വർഷങ്ങൾക്കുമുമ്പ് നമ്മുടെ പല പൂർവികർക്കും ജീവിതത്തിൽ ആദ്യ

മായി ഷൂസ് ധരിക്കാൻ അവസരം ലഭിച്ചിരുന്നത് മരണശേഷമായിരുന്നു. ഇത് സായിപ്പിന് വളരെ വിചിത്രമായി തോന്നി.

രണ്ടാമതായി, മലയാളികൾ ജീവിച്ചിരിക്കുമ്പോൾ പരസ്പരം ചുംബിക്കാറില്ല; പക്ഷേ മരിച്ചുകഴിഞ്ഞാൽ അന്ത്യചുംബനം നൽകും. സ്വന്തം മാതാപിതാക്കൾക്കുപോലും മക്കളുടെ കൈയിൽ നിന്ന് ജീവിച്ചിരിക്കുമ്പോൾ ഒരു സ്നേഹചുംബനം ലഭിക്കുക അപൂർവമാണ്. എന്നാൽ മരിച്ചുകഴിഞ്ഞാൽ ആദരവോടെ അന്ത്യചുംബനം നൽകുന്നു.

മൂന്നാമതായി, ജീവിച്ചിരിക്കുമ്പോൾ ഒരാളുടെ നന്മകളെക്കുറിച്ച് പറയാൻ നമ്മൾ മടിക്കുന്നു. എന്നാൽ ഒരാൾ മരിച്ചാൽ, അവരുടെ മഹത്വവും നന്മകളും പുകഴ്ത്താൻ നമുക്ക് ആയിരം നാവുകളുണ്ട്.

ഈ തമാശ ഒരു ആത്മപരിശോധനയ്ക്കുള്ള ക്ഷണമാണ്. സായിപ്പിന്റെ നിരീക്ഷണം കേൾക്കുമ്പോൾ ആദ്യം ചിരി വരും. എന്നാൽ പിന്നീട് അത് നമ്മോട് ഒരു ചോദ്യം ചോദിക്കുന്നു: എന്തുകൊണ്ടാണ് നമ്മുടെ സ്നേഹവും ആദരവും നല്ല വാക്കുകളും നമ്മൾ വൈകിപ്പിക്കുന്നത്?

ഓരോ സംസ്കാരത്തിനും അതിന്റെതായ പ്രത്യേകതകളുണ്ട്. അവയെ മാറ്റിമറിക്കണമെന്നോ മറ്റുള്ളവയെ അന്ധമായി അനുകരിക്കണമെന്നോ ഇവിടെ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഒരു സത്യം നാം മറക്കരുത്: സ്നേഹം മരിച്ചശേഷം പ്രകടിപ്പിക്കുന്നതിനേക്കാൾ ജീവിച്ചിരിക്കുമ്പോൾ പ്രകടിപ്പിക്കുന്നതാണ് ഉത്തമം. ഇവിടെയാണ് നമ്മുടെ സന്യാസ ജീവിതത്തിലെ മൂന്ന് കൂട്ടായ്മ മേശകളുടെ പ്രാധാന്യം തെളിയുന്നത്—Eucharist Table, Fellowship Table, and Dialogue Table.

Eucharist Table നമ്മെ പഠിപ്പിക്കുന്നത്, സ്നേഹം മരണാനന്തര ആദരവല്ല, ജീവിച്ചിരിക്കുമ്പോൾ പങ്കുവെക്കുന്ന കരുണയും സ്വയംദാനവുമാണ് എന്നതാണ്. Fellowship Table നമ്മെ ഓർമ്മിപ്പിക്കുന്നത്, പിന്നീടു ള്ള അനുസ്മരണവിരുന്നുകളേക്കാൾ വിലപ്പെട്ടത് ഇന്നത്തെ പങ്കുവെച്ച അപ്പവും ഇന്നത്തെ സഹവാസവുമാണെന്നാണ്. Dialogue Table നമ്മെ പഠിപ്പിക്കുന്നത്, നല്ല വാക്കുകൾ നാളത്തേക്കു മാറ്റിവയ്ക്കരുത് എന്നതാണ്. ജീവിച്ചിരിക്കുന്ന ബന്ധങ്ങൾ സംസാരത്തിലൂടെയും പരസ്പര അഭിനന്ദനത്തിലൂടെയും വളരുന്നു.

സ്നേഹം മാറ്റിവെക്കാനുള്ള കാര്യമല്ല. അത് ഇന്നത്തെ നിമിഷത്തിൽ ജീവിക്കേണ്ടതാണ്. കാരണം നമ്മുടെ ദൈവം മരിച്ചവരുടെ ദൈവമല്ല; ജീവിക്കുന്നവരുടെ ദൈവമാണ് (മത്താ 22:32). അതുകൊണ്ട് നമ്മുടെ സഹോദരബന്ധങ്ങളും അന്ത്യകർമങ്ങളിൽ പൂക്കേണ്ടതല്ല; ദിവസേന

യുള്ള കൂടിച്ചേരലുകളിലും ഭക്ഷണമേശകളിലും സംഭാഷണങ്ങളിലും ജീവിക്കേണ്ടതാണ്. ഇന്ന് പറയാവുന്ന ഒരു നല്ല വാക്ക് നാളത്തേക്ക് മാറ്റിവയ്ക്കാതിരിക്കാം. ഇന്ന് നൽകാവുന്ന ഒരു സ്നേഹസ്പർശം നാളത്തേയ്ക്ക് മാറ്റിവെക്കാതെ, ഇന്നുതന്നെ നൽകാം.

4.3.2. വിശ്രമവേളയുടെ വിശുദ്ധി

C 51 (a) "ഒരുമിച്ചുള്ള ആരാധന, ഒരുമിച്ചുള്ള പ്രാർത്ഥന, ഒരുമിച്ചുള്ള ഭക്ഷണം, ഒരുമിച്ചുള്ള വിശ്രമം എന്നിവ വഴി നമ്മുടെ പൊതുജീവിതം നാം ഓരോ ദിവസവും പരിപരിപോഷിപ്പിക്കണം. ഈ സമൂഹകൃത്യങ്ങളിലുള്ള സജീവസാന്നിധ്യം വഴി എല്ലാവരും ഒരുമിച്ചുചേർന്ന് നമ്മുടെ സമൂഹത്തെ പടുത്തുയർത്തുന്നതിന് തങ്ങളുടെതായ സംഭാവന അർപ്പിക്കുവാൻ പരിശ്രമിക്കുകയും ചെയ്യണം."

സന്യാസജീവിതം വ്യക്തിപരമായ പരിശുദ്ധിയിലേക്കുള്ള യാത്ര മാത്രമല്ല; ഒരുമിച്ച് ദൈവത്തെ അന്വേഷിക്കുന്ന സഹയാത്രയാണ്. "ഒരുമിച്ചുള്ള ആരാധന, ഒരുമിച്ചുള്ള പ്രാർത്ഥന, ഒരുമിച്ചുള്ള ഭക്ഷണം, ഒരുമിച്ചുള്ള വിശ്രമം" എന്ന ഈ നിയമം, ആ സഹയാത്രയുടെ ഹൃദയമിടിപ്പാണ്. ഓരോ ദിവസവും ഈ സമൂഹകൃത്യങ്ങളിലൂടെ നമ്മുടെ ബന്ധങ്ങൾ പുതുക്കപ്പെടുകയും ആത്മീയ ഐക്യം ആഴപ്പെടുകയും ചെയ്യുന്നു.

ഒരുമിച്ചുള്ള ആരാധനയും പ്രാർത്ഥനയും നമ്മെ ദൈവസന്നിധിയിൽ ഒന്നിപ്പിക്കുന്നു. അവിടെ വ്യക്തികളുടെ ശബ്ദങ്ങൾ ഒരേ പ്രാർത്ഥനയായി ഉയരുന്നു. ഒരുമിച്ചുള്ള ഭക്ഷണം വെറും ഉദരപൂരണം മാത്രമല്ല; അത് പങ്കിടലിന്റെയും സഹവാസത്തിന്റെയും സഹോദരസ്നേഹത്തിന്റെയും മനോഹരമായ അടയാളമാണ്. അതുപോലെ, ഒരുമിച്ചുള്ള വിശ്രമം സമൂഹജീവിതത്തിന്റെ സന്തോഷഭാവത്തെയും മാനുഷികതയെയും വെളിപ്പെടുത്തുന്നു.

ഉല്ലാസമുറി വിനോദത്തിനുള്ള സ്ഥലം മാത്രമല്ല; ബന്ധങ്ങൾ വളരുകയും ഹൃദയങ്ങൾ തമ്മിൽ അടുക്കുകയും ചെയ്യുന്ന ഒരു വിശുദ്ധ ഇടമാണ് അത്. അനുദിന ഉത്തരവാദിത്തങ്ങളുടെയും ജോലിഭാരങ്ങളുടെയും ഇടയിൽ സഹോദരന്മാർ ഒരുമിച്ച് ചിരിക്കുകയും അനുഭവങ്ങൾ പങ്കുവയ്ക്കുകയും പരസ്പരം കേൾക്കുകയും ചെയ്യുന്ന ഇടം. ഇത്തരം നിമിഷങ്ങളാണ് സമൂഹത്തിന്റെ ആത്മാവിനെ പുതുക്കുന്നത്. റിക്രിയേഷൻ ഹാളിൽ മുഴങ്ങുന്ന ചിരികളും ലളിതമായ സംഭാഷണങ്ങളും പങ്കുവയ്ക്കുന്ന അനുഭവങ്ങളും വെറും സമയംപോക്കല്ല. അവ പരസ്പര വിശ്വാസത്തിന്റെയും മനസ്സിലാക്കലിന്റെയും വിത്തുകളാണ്. ഒരുമിച്ച് പ്രാർത്ഥിക്കുന്ന സമൂഹത്തിന് ഒരുമിച്ച് സന്തോഷിക്കാനും കഴിയണം. കാര

ണം സഹോദര്യം വളരുന്നത് പ്രാർത്ഥനാമുറിയിൽ മാത്രമല്ല, ഉല്ലാസമുറിയിലും കൂടിയാണ്. ഒരു സമൂഹം ശക്തമാകുന്നത് കർശനമായ നിയമങ്ങളാൽ മാത്രം അല്ല; സ്നേഹപൂർണ്ണമായ ഈ ചെറിയ കൂടിച്ചേരലുകളാലും കൂടിയാണ്. ഒരുമിച്ച് ചെലവഴിക്കുന്ന സമയം, പങ്കിടുന്ന സന്തോഷം, പരസ്പരം നൽകുന്ന ശ്രദ്ധ—ഇവയൊക്കെയാണ് ഒരു സമൂഹത്തെ കുടുംബമാക്കി മാറ്റുന്നത്.

ഈ നിയമം നമ്മെ ഓർമ്മിപ്പിക്കുന്നത് സമൂഹജീവിതം ഒരു ബാധ്യതയല്ല, മറിച്ച് ഒരു അനുഗ്രഹമാണെന്നാണ്. ഓരോരുത്തരും സജീവമായി പങ്കാളികളാകുമ്പോൾ സമൂഹം ജീവിക്കുന്ന ഒരു കുടുംബമായി മാറുന്നു. ആരാധനയിലെ ഗൗരവവും, ഭക്ഷണത്തിലെ പങ്കിടലും, വിശ്രമത്തിലെ സന്തോഷവും ചേർന്നാണ് സമ്പൂർണമായ സന്യാസജീവിതം രൂപം കൊള്ളുന്നത്. ഉല്ലാസമുറിയിൽ പങ്കുവയ്ക്കുന്ന ഓരോ ചിരിയും ദൈവസ്നേഹത്തിന്റെ ഒരു ചെറിയ പ്രതിഫലനമാണ്. അതുകൊണ്ട് ഒരുമിച്ചുള്ള വിശ്രമത്തിന്റെ ഈ വിശുദ്ധ നിമിഷങ്ങൾ നമ്മുടെ സമൂഹത്തെ കൂടുതൽ ഐക്യപൂർണവും സന്തോഷപൂർണവും ദൈവസാന്നിധ്യം നിറഞ്ഞതുമാക്കട്ടെ.

4.3.3. സാഹോദര്യത്തിന്റെ ഹൃദയസ്പന്ദനം

C 52. "വിശ്രമവേള: യഥാർത്ഥ കുടുംബചൈതന്യം പുലർത്തി നമ്മുടെ സുഖദുഃഖങ്ങളിൽ പരസ്പരം പങ്കുചേരുന്നതിനുള്ള ഒരവസരമായിരിക്കണം നമ്മുടെ വിശ്രമവേള. മിശിഹായോടുള്ള സ്നേഹത്താൽ പ്രേരിതരായി നാം പരസ്പരം ഭാരം വഹിക്കുകയും ആർദ്രമായ സാഹോദര്യത്തോടെ പരസ്പരം സ്നേഹിക്കുകയും ഓരോരുത്തരും ആയിരിക്കുന്നതുപോലെ അവരെ അംഗീകരിക്കുകയും വേണം. എല്ലാവരെയും ഒന്നിപ്പിക്കുന്ന ക്രിസ്തുശരീരത്തിന്റെ ഐക്യത്തിൽ നാം പങ്കുചേരുകയും അതിന്റെ അനുഭൂതിയിൽ വളരുകയും ചെയ്യണം."

സന്യാസജീവിതത്തിലെ വിശ്രമവേള ഒരു ഇടവേള മാത്രമല്ല; അത് സാഹോദര്യത്തിന്റെ ഹൃദയസ്പന്ദനം കേൾക്കുന്ന വിശുദ്ധ സമയമാണ്. 'യഥാർത്ഥ കുടുംബചൈതന്യം' എന്ന വാക്കുകൾ ഈ നിമിഷങ്ങളുടെ യഥാർത്ഥ അർത്ഥം വെളിപ്പെടുത്തുന്നു. ഒരു കുടുംബത്തിൽ സന്തോഷങ്ങളും ദുഃഖങ്ങളും പങ്കുവെക്കപ്പെടുന്നതുപോലെ, സമൂഹജീവിതത്തിലും ഓരോരുത്തരുടെയും അനുഭവങ്ങൾ എല്ലാവരുടെയും അനുഭവങ്ങളായി മാറണം. ഈ സാഹോദര്യത്തിന്റെ അടിസ്ഥാനം മിശിഹായോടുള്ള സ്നേഹമാണ്. അവന്റെ സ്നേഹത്താൽ പ്രേരിതരായി നാം പരസ്പരം ഭാരം വഹിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഒരാളുടെ വേദന

മറ്റൊരാളുടെ കരുതലിന് അർഹമാകുമ്പോഴും, ഒരാളുടെ സന്തോഷം എല്ലാവരുടെയും സന്തോഷമായി മാറുമ്പോഴും യഥാർത്ഥ സാഹോദര്യം രൂപംകൊള്ളുന്നു.

ഈ നിയമം നമ്മെ മറ്റൊരു വലിയ സത്യവും പഠിപ്പിക്കുന്നു: ഓരോരുത്തരെയും അവർ ആയിരിക്കുന്നതുപോലെ അംഗീകരിക്കുക. സമൂഹ ജീവിതത്തിലെ ഏറ്റവും വലിയ ദാനങ്ങളിൽ ഒന്നാണ് സ്വീകാര്യത. മറ്റൊരാളെ മാറ്റിമറിക്കാനുള്ള ശ്രമത്തിനുമുമ്പ്, അവരെ മനസ്സിലാക്കാനും സ്വീകരിക്കാനും നമുക്ക് കഴിയണം. ക്രിസ്തു നമ്മെ സ്വീകരിച്ചതുപോലെ, നമ്മുടെ സഹോദരന്മാരെയും സ്വീകരിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. വിശ്രമവേളകൾക്ക് ഈ സ്വീകാര്യത വളർത്തുന്നതിൽ വലിയ പങ്കുണ്ട്. ഒരുമിച്ചിരുന്ന് സംസാരിക്കുന്ന നിമിഷങ്ങളിൽ, പങ്കു വെക്കുന്ന അനുഭവങ്ങളിൽ, ലളിതമായ ചിരികളിൽ, പരസ്പരം കേൾക്കാനുള്ള മനസ്സിൽ—സാഹോദര്യത്തിന്റെ വേരുകൾ കൂടുതൽ ആഴത്തിലാകുന്നു. അവിടെയാണ് വിശ്വാസം വളരുന്നത്; അവിടെയാണ് ഹൃദയങ്ങൾ പരസ്പരം തുറക്കപ്പെടുന്നത്.

'ക്രിസ്തുശരീരത്തിന്റെ ഐക്യത്തിൽ പങ്കുചേരുക' എന്നത് ഒരു ആശയം മാത്രമല്ല; അത് ദിനംപ്രതി ജീവിക്കേണ്ട അനുഭവമാണ്. ഈ ഐക്യം പ്രാർത്ഥനയിലും ആരാധനയിലും ശക്തിപ്പെടുന്നു; എന്നാൽ സഹോദരന്മാർ ഒരുമിച്ച് ജീവിതം പങ്കുവെക്കുന്ന ഇത്തരം ലളിത നിമിഷങ്ങളിൽ അത് കൂടുതൽ സ്പർശനീയമാകുന്നു. വിശ്രമവേള ദൈവസ്നേഹം മനുഷ്യബന്ധങ്ങളായി രൂപാന്തരപ്പെടുന്ന സമയമാണ്. അവിടെ പങ്കിടുന്ന ഓരോ ചിരിയും, ഓരോ കരുതലും, ഓരോ സഹാനുഭൂതിയും ക്രിസ്തുവിന്റെ സ്നേഹത്തിന്റെ പ്രതിഫലനമാണ്. അതുകൊണ്ട് നമ്മുടെ വിശ്രമവേളകൾ യഥാർത്ഥ കുടുംബത്തിന്റെ ഹൃദയമായി മാറട്ടെ—അവിടെ സ്നേഹവും സ്വീകാര്യതയും ഐക്യവും സാഹോദര്യവും എന്നും പുതുക്കപ്പെടട്ടെ.

4.3.4. വിശ്രമത്തിന്റെ സാബത്ത്

D 37 (a) "...ഉച്ചഭക്ഷണവും അത്താഴവും കഴിഞ്ഞ് മുക്കാൽ മണിക്കൂറിൽ കൂടാത്ത സമയം ആശ്വാസം തുടരാവുന്നതാണ്.

(b) ഉച്ചഭക്ഷണം കഴിഞ്ഞുള്ള ഉല്ലാസസമയത്ത് വിശ്രമിക്കുവാനോ മറ്റു വല്ല ജോലിയും ചെയ്യുവാനോ താല്പര്യമുള്ളവർക്ക് പോകാവുന്നതാണ്."

ഉച്ചഭക്ഷണത്തിനും അത്താഴത്തിനും ശേഷം "മുക്കാൽ മണിക്കൂറിൽ കൂടാത്ത സമയം ആശ്വാസം തുടരാവുന്നതാണ്" എന്ന നിർദ്ദേശം മനു

ഷ്യന്റെ ശരീരത്തിന്റെയും മനസ്സിന്റെയും സ്വാഭാവിക ആവശ്യങ്ങളെ ആദരിക്കുന്ന സമീപനമാണ്. പ്രവർത്തനവും വിശ്രമവും തമ്മിലുള്ള സമതുലിതത്വം എത്രമാത്രം പ്രധാനമാണെന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു. സന്യാസജീവിതത്തിൽപ്പോലും ശാരീരികവും മാനസികവുമായ ആരോഗ്യം അവഗണിക്കപ്പെടുന്നില്ല; വിശ്രമം ഒരു ആഡംബരമല്ല, മറിച്ച് ഒരു ആവശ്യമാണ്.

അതോടൊപ്പം, ഈ നിയമം വ്യക്തിസ്വാതന്ത്ര്യത്തിനും പ്രാധാന്യം നൽകുന്നു. ഉച്ചഭക്ഷണത്തിന് ശേഷമുള്ള സമയം ഓരോരുത്തർക്കും അവരുടെ ആവശ്യങ്ങൾക്കും അഭിരുചികൾക്കും അനുസരിച്ച് വിനിയോഗിക്കാം. വിശ്രമിക്കുവാനോ മറ്റ് ജോലികളിൽ ഏർപ്പെടുവാനോ ആഗ്രഹിക്കുന്നവർക്ക് അതിനുള്ള അവസരം നൽകുന്നത് വ്യക്തികളുടെ വ്യത്യസ്ത സ്വഭാവങ്ങളെയും ജീവിതരീതികളെയും മാനിക്കുന്ന സമീപനമാണ്. ഒരാൾക്ക് വിശ്രമം ആത്മാവിനെ പുതുക്കുമ്പോൾ, മറ്റൊരാൾക്ക് സൃഷ്ടിപരമായ പ്രവർത്തനങ്ങളാണ് ഉല്ലാസം നൽകുന്നത്. ഈ രണ്ടുവഴികളെയും അംഗീകരിക്കുന്നതാണ് ഈ നിയമത്തിന്റെ സൗന്ദര്യം.

D 38. "ചില സന്ദർഭങ്ങളിൽ ഉച്ച കഴിഞ്ഞ് വിശ്രമത്തിനായി സമയം മാറ്റിവെക്കാം; അത് പരമാവധി രണ്ട് മണിക്കൂർ വരെ ദീർഘിപ്പിക്കാവുന്നതാണ്. പ്രധാന തിരുനാളുകളിൽ ശ്രേഷ്ഠന് ആശ്രമസംഘത്തിന്റെ സമ്മതത്തോടെ കൂടുതൽ സമയം ഉല്ലാസത്തിനും വിശ്രമത്തിനുമായി അനുവദിക്കാം."

D 39 (a) "എല്ലാവർക്കും സൗകര്യമായി സംബന്ധിക്കാവുന്ന ദിവസങ്ങളിൽ പ്രത്യേക ഉല്ലാസങ്ങളോ വിനോദയാത്രയോ ചിലപ്പോഴെല്ലാം നടത്താവുന്നതാണ്.

(b) നമ്മുടെ ഭവനങ്ങളിലോ ശ്രേഷ്ഠൻ അംഗീകരിക്കുന്ന മറ്റുചിതമായ സ്ഥലത്തോ വർഷത്തിൽ ഒന്നോ രണ്ടോ ആഴ്ച ചെലവഴിക്കുവാൻ നമ്മുടെ സഹോദരങ്ങളെ അനുവദിക്കാം."

ഈ ഉപവിഭാഗങ്ങൾ ഒരുമിച്ച് വായിക്കുമ്പോൾ, സന്യാസജീവിതം വെറും കഠിനാനുഷ്ഠാനങ്ങളുടെ കൂട്ടായ്മയല്ലെന്നും, മനുഷ്യന്റെ ആന്തരിക സമതുലിതത്വത്തെയും സാഹോദര്യത്തെയും സംരക്ഷിക്കുന്ന സമഗ്രമായ ജീവിതശൈലിയാണെന്നും വ്യക്തമായി മനസ്സിലാക്കാം. ആത്മീയ ആഴത്തിൽ നിലകൊള്ളാൻ ശരീരത്തിനും മനസ്സിനും യോജിച്ച വിശ്രമം ആവശ്യമാണ്. ഇവിടെ വിശ്രമം ധ്യാനത്തിനും പ്രാർത്ഥനയ്ക്കും വിരുദ്ധമല്ല; മറിച്ച് അവയെ കൂടുതൽ ഫലപ്രദമാക്കുന്ന ഒരു സഹായിയാണ്.

പ്രധാന തിരുനാളുകളിൽ കൂടുതൽ സമയം ഉല്ലാസത്തിനും വിശ്രമത്തിനുമായി അനുവദിക്കാമെന്ന നിർദ്ദേശം സമൂഹത്തിന്റെ ആനന്ദവും ആഘോഷവും ആത്മീയജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. സന്തോഷം ആത്മീയതയുടെ ശത്രുവല്ല; അത് അതിന്റെ ഫലങ്ങളിലൊന്നാണ്.

"പ്രത്യേക ഉല്ലാസങ്ങളോ വിനോദയാത്രയോ നടത്താവുന്നതാണ്" എന്ന നിർദ്ദേശം സഹോദരബന്ധങ്ങളെ കൂടുതൽ ശക്തിപ്പെടുത്താൻ സഹായിക്കുന്നു. ഒരുമിച്ച് യാത്ര ചെയ്യുകയും സമയം ചെലവഴിക്കുകയും ചെയ്യുന്ന നിമിഷങ്ങളിൽ പരസ്പര വിശ്വാസവും അടുപ്പവും വളരുന്നു. സന്തോഷം പങ്കുവെക്കാൻ അറിയാത്ത ഒരു സമൂഹത്തിന് ദുഃഖങ്ങൾ വഹിക്കാനും പ്രയാസമായിരിക്കും. അതുപോലെ, വർഷത്തിൽ ഒന്നോ രണ്ടോ ആഴ്ച വ്യക്തിപരമായ പുതുക്കലിനായി സമയം അനുവദിക്കുന്നത് വ്യക്തിത്വവികസനത്തിനും മാനസിക പുനരുജ്ജീവനത്തിനും വലിയ പ്രാധാന്യമർഹിക്കുന്നു. ഈ സമയം വെറും അവധിയല്ല; ആത്മപരിശോധനയ്ക്കും നവീകരണത്തിനും ദൈവത്തോടുള്ള ബന്ധം പുതുക്കുന്നതിനുമുള്ള അവസരമാണ്.

ഈ നിയമങ്ങൾ നമ്മെ പഠിപ്പിക്കുന്നത് വളരെ വ്യക്തമാണ്: സന്യാസജീവിതം ധ്യാനം, വിശ്രമം, ഉല്ലാസം, സഹോദര്യം എന്നിവയുടെ മനോഹരമായ സംഗമമാണ്. കർശനതയും കരുണയും, ആത്മീയതയും മാനുഷികതയും തമ്മിലുള്ള ഈ സമന്വയമാണ് ഒരു സമൂഹത്തെ ദൃഢവും സന്തുഷ്ടവുമാക്കുന്നത്. അതിനാൽ വിശ്രമത്തെ സമയം നഷ്ടപ്പെടുത്തലായി കാണാതെ, ദൈവം നമുക്ക് നൽകുന്ന ഒരു അനുഗ്രഹമായി കാണാൻ നമുക്ക് പഠിക്കാം. വിശ്രമത്തിലൂടെ പുതുക്കപ്പെടുന്ന മനസ്സും ഉല്ലാസത്തിലൂടെ വളരുന്ന സാഹോദര്യവും സന്തോഷത്തോടെ ജീവിക്കുന്ന സന്യാസജീവിതത്തിന്റെ അടയാളങ്ങളാകട്ടെ.

4.3.5. മഴപോലെയാകേണ്ട സന്ന്യാസിയുടെ വാക്കുകളും ഹൃദയവും

മേഘങ്ങൾ ഉപ്പുവെള്ളം കുടിച്ച്
മധുരമായ മഴയായി തിരിച്ചുനൽകുന്നു;
അതുപോലെ നല്ലവർ
ദുഷ്ടരുടെ നിന്ദകൾ കേട്ടിട്ടും
നല്ല വാക്കുകളാണ് സംസാരിക്കുന്നത്.

ഈ സുഭാഷിതം മഴയെക്കുറിച്ചുള്ള ഒരു മനോഹരമായ ആത്മീയ സന്ദേശം നമുക്ക് നൽകുന്നു. മഴയുടെ ശാസ്ത്രം വളരെ ലളിതമാണ്. സൂര്യ

ന്റെ ചൂടിൽ സമുദ്രജലം ആവിയായി ഉയരുന്നു, മേഘങ്ങളാകുന്നു, പിന്നീട് മഴയായി ഭൂമിയിലേക്ക് മടങ്ങിവരുന്നു. ഈ സാധാരണ പ്രക്രിയയിൽ ഒരു ആത്മീയ പാഠം ഒളിഞ്ഞിരിപ്പുണ്ട്. സമുദ്രജലം ഉപ്പുള്ളതാണ്; അത് നേരിട്ട് പാനയോഗ്യമല്ല. എന്നാൽ മേഘങ്ങൾ അതിനെ സ്വീകരിച്ച് പരിവർത്തനം ചെയ്യുന്നു. പിന്നീട് അതേ ജലം മധുരമായ മഴയായി ഭൂമിയിലേക്ക് പെയ്യുന്നു. ഇതാണ് യഥാർത്ഥ മഹത്വം—മോശമായതിനെ അതുപോലെ തിരിച്ചുകൊടുക്കുകയല്ല, മറിച്ച് അതിനെ രൂപാന്തരപ്പെടുത്തി നന്മയായി തിരിച്ചുനൽകുക.

നമ്മുടെ സന്ന്യാസഗൃഹത്തിലെ ഉല്ലാസമുറിയിൽ നടക്കുന്ന സംഭാഷണങ്ങൾ നമ്മുടെ ഹൃദയത്തിന്റെ യഥാർത്ഥ അവസ്ഥ വെളിപ്പെടുത്തുന്നു. അവിടെ നമ്മൾ 'ഉപ്പുവെള്ളം' ശേഖരിക്കുകയാണോ, അതോ 'മധുരമായ മഴ' പെയ്യിക്കുകയാണോ?

നമ്മുടെ ചുറ്റും സമുദ്രജലം ധാരാളമുണ്ട്—വിമർശനങ്ങൾ, കുറ്റപ്പെടുത്തലുകൾ, മറ്റുള്ളവരുടെ ദൗർബല്യങ്ങൾ, നെഗറ്റീവ് ചിന്തകൾ, തെറ്റിദ്ധാരണകൾ. ഇവയെല്ലാം നാം കേൾക്കുകയും അനുഭവിക്കുകയും ചെയ്യും. അതിൽ നിന്ന് പൂർണമായി ഒഴിഞ്ഞുനിൽക്കാൻ എല്ലായ്പ്പോഴും കഴിയണമെന്നില്ല. എന്നാൽ നമ്മുടെ മഹത്വം അവയെ എങ്ങനെ സ്വീകരിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു എന്നതിലാണ്.

ഒരു സന്ന്യാസി മേഘം പോലെയാകണം. മറ്റുള്ളവരുടെ ദോഷങ്ങൾ പ്രചരിപ്പിക്കുന്നതിനുപകരം അവരുടെ നന്മകളെ ആഘോഷിക്കണം. വിമർശനങ്ങൾ പങ്കുവെക്കുന്നതിനുപകരം പ്രോത്സാഹനവാക്കുകൾ പങ്കുവെക്കണം. നിരാശ വിതയ്ക്കുന്നതിനുപകരം പ്രത്യാശ വിതയ്ക്കണം. മുറിവേൽപ്പിക്കുന്ന വാക്കുകൾക്കു പകരം ആശ്വാസം നൽകുന്ന വാക്കുകൾ സംസാരിക്കണം. കാരണം, വാക്കുകൾക്ക് അസാധാരണമായ ശക്തിയുണ്ട്. ഒരു വാക്കിന് ഒരു ഹൃദയം തകർക്കാൻ കഴിയും; അതേ സമയം ഒരു ജീവിതത്തെ ഉയർത്താനും കഴിയും. അതിനാൽ റിക്രിയേഷൻ ഹാൾ നമ്മുടെ ബന്ധങ്ങളെ ദുർബലമാക്കുന്ന സ്ഥലമാകരുത്; അത് സ്നേഹവും വിശ്വാസവും വളരുന്ന സ്ഥലമാകണം.

ഉപ്പുവെള്ളം കുടിച്ച് മധുരമായ മഴയായി മാറുക എന്നത് എളുപ്പമുള്ള കാര്യമല്ല. അത് ഒരു തപസ്യയാണ്—ക്ഷമയുടെ തപസ്യ, നിശ്ശബ്ദതയുടെ തപസ്യ, വിവേകത്തിന്റെ തപസ്യ. എന്നാൽ ആ തപസ്യയിലാണ് സന്ന്യാസജീവിതത്തിന്റെ യഥാർത്ഥ സൗന്ദര്യം അടങ്ങിയിരിക്കുന്നത്. നമുക്ക് മഴപോലെ ജീവിക്കാം: നിശ്ശബ്ദമായി വരിക, സൗമ്യമായി സ്പ

ർശിക്കുക, ജീവൻ പകരുക. ഈ ചോദ്യം എപ്പോഴും നമ്മെ അനുഗമിക്കട്ടെ: "ഞാൻ ഒരു മേഘമാണോ, അതോ ഒരു സമുദ്രമോ?" സമുദ്രം ശേഖരിക്കുന്നു; മേഘം പങ്കുവെക്കുന്നു. സമുദ്രം ഉപ്പാണ്; മേഘം മധുരമാണ്. സമുദ്രം സ്വീകരിക്കുന്നു; മേഘം ജീവൻ നൽകുന്നു. സന്ന്യാസിയുടെ ജീവിതം സമുദ്രംപോലെ എല്ലാം ശേഖരിച്ചുവയ്ക്കാനു ള്ളതല്ല; മേഘംപോലെ നന്മയും പ്രത്യാശയും സ്നേഹവും പെയ്യിക്കാനുള്ളതാണ്.

4.3.6. ലാബ്രഡോറൈറ്റ്: മറ്റുള്ളവരിലെ സൗന്ദര്യം കാണുന്ന കണ്ണുകൾ

ഒരു പ്രത്യേക കല്ലുണ്ട്—ലാബ്രഡോറൈറ്റ്. ആദ്യനോട്ടത്തിൽ അതിൽ വലിയ പ്രത്യേകത ഒന്നും കാണില്ല. മങ്ങലുള്ളതും സാധാരണവുമായ ഒരു കല്ല്. എന്നാൽ അതിനെ ഒന്നു തിരിച്ചുനോക്കുമ്പോൾ, വെളിച്ചം ശരിയായ കോണിൽ അതിൽ പതിക്കുമ്പോൾ, അതിൽ നിന്ന് അത്ഭുതകരമായ നിറങ്ങളും പ്രകാശവും പൊട്ടിത്തെറിക്കും. അപ്പോൾ നമുക്ക് മനസ്സിലാകും: സൗന്ദര്യം അവിടെ ഉണ്ടായിരുന്നു; അത് കാണാതിരുന്നത് നമ്മുടെ കണ്ണുകളായിരുന്നു.

ഇത് മനുഷ്യബന്ധങ്ങളുടെയും കഥയാണ്. നമ്മുടെ ആശ്രമത്തിലെ സഹോദരന്മാർ—ഒരുപക്ഷേ നമുക്ക് വളരെ സാധാരണക്കാരായി തോന്നാം. ചിലപ്പോൾ അവരുടെ കുറവുകളാണ് ആദ്യം നമ്മുടെ ശ്രദ്ധയിൽപ്പെടുന്നത്. എന്നാൽ ഓരോ മനുഷ്യന്റെയും ഉള്ളിൽ ദൈവം നിക്ഷേപിച്ച ഒരു പ്രത്യേക സൗന്ദര്യമുണ്ട്. ഓരോരുത്തരിലും ഒരു പ്രകാശമുണ്ട്. അത് കാണാൻ നമുക്ക് ശരിയായ ഒരു ദർശനം വേണം—സ്നേഹത്തിന്റെ ദർശനം.

നമ്മുടെ റിക്രിയേഷൻ ഹാൾ, നമ്മുടെ മനസ്സിന്റെ യഥാർത്ഥ ദിശ വെളിപ്പെടുത്തുന്ന സ്ഥലമാണ്. മറ്റുള്ളവരുടെ കുറവുകൾ കണ്ടെത്താൻ പ്രത്യേക കഴിവൊന്നും വേണ്ട. അത് വളരെ എളുപ്പമാണ്. എന്നാൽ ലാബ്രഡോറൈറ്റ് നമ്മെ മറ്റൊന്നാണ് പഠിപ്പിക്കുന്നത്: കല്ലിനെ കുറ്റപ്പെടുത്താതെ, നമ്മുടെ കാഴ്ചയാണ് മാറ്റേണ്ടത്. മനുഷ്യരെ മാറ്റാൻ ശ്രമിക്കുന്നതിനുമുമ്പ്, അവരെ കാണുന്ന നമ്മുടെ സമീപനം മാറ്റണം.

മറ്റുള്ളവരുടെ ദോഷങ്ങൾ പറഞ്ഞുനടക്കുന്നതിനുപകരം അവരുടെ നന്മകളെ ആഘോഷിക്കുക. വിമർശനങ്ങൾ പങ്കുവെക്കുന്നതിനുപകരം അഭിനന്ദനങ്ങൾ പങ്കുവെക്കുക. നിരാശ വിതയ്ക്കുന്നതിനുപകരം പ്രോത്സാഹനത്തിന്റെ വിത്തുകൾ വിതയ്ക്കുക. നമ്മുടെ വാക്കുകൾ ഇരുട്ട് പരത്തുന്നവയല്ല, പ്രകാശം പരത്തുന്നവയായിരിക്കട്ടെ. ഇത് എളുപ്പ

മുള്ള കാര്യമല്ല. ഒരു മനുഷ്യന്റെ ദോഷങ്ങൾ കാണുന്നത് സ്വാഭാവിക മാണ്. എന്നാൽ അവന്റെ നന്മകൾ കണ്ടെത്തുന്നത് ഒരു ആത്മീയ അ ഭ്യാസമാണ്. അതിന് ക്ഷമയും വിനയവും സ്നേഹവും ആവശ്യമാണ്.

ഒരു സന്ന്യാസിയുടെ ദൗത്യം ദോഷങ്ങൾ ചൂണ്ടിക്കാണിക്കുക മാത്രമല്ല; ദൈവം നിക്ഷേപിച്ച നന്മയും സൗന്ദര്യവും കണ്ടെത്തി അതിനെ പ്രകാ ശിപ്പിക്കാൻ സഹായിക്കുകയാണ്. ലാബ്രഡോറൈറ്റ് കല്ലുപോലെ ഓ രോ മനുഷ്യനും കാത്തിരിക്കുന്നു—ഒരു ശരിയായ ദൃഷ്ടിക്കായി, ഒരു അംഗീകാരത്തിനായി, ഒരു സ്നേഹമുള്ള വാക്കിനായി. റിക്രിയേഷൻ ഹാൾ പ്രകാശം പരത്തുന്ന സ്ഥലമാകട്ടെ. അവിടെ നമ്മൾ പരസ്പരം കുറവുകളല്ല, ദൈവത്തിന്റെ സൃഷ്ടിയുടെ സൗന്ദര്യമാണ് കാണേണ്ടത്. കാരണം, മറ്റുള്ളവരുടെ സൗന്ദര്യം ആഘോഷിക്കാൻ പഠിക്കുമ്പോൾ, നമ്മുടെ സ്വന്തം ഹൃദയവും കൂടുതൽ മനോഹരമാകുന്നു.

4.3.7. ആവൃതിയുടെ ആത്മാവ്

D 31. "ആവൃതി: മേൽശ്രേഷ്ഠന്റെ അനുമതിയോടെ, സ്ഥല ശ്രേഷ്ഠൻ സമൂഹവുമായി ആലോചിച്ച് ആവൃതിക്കുള്ളിൽ നിശ്ശബ്ദത പാലിക്കേ ണ്ട സ്ഥലങ്ങൾ നിശ്ചയിക്കും. ആവൃതിയെ സംബന്ധിച്ച നിർദ്ദേശങ്ങൾ പ്രൊവിശ്യ നിയമങ്ങളിൽ ഉൾപ്പെടുത്താവുന്നതാണ്."

സന്യാസഭവനം ഒരു താമസസ്ഥലം മാത്രമല്ല; അത് ദൈവാന്വേഷണ ത്തിന്റെ വിശുദ്ധ ഇടമാണ്. ഈ ദൈവാന്വേഷണത്തെ സംരക്ഷിക്കുന്ന ആത്മീയ സംവിധാനമാണ് ആവൃതി. പുറമേ നോക്കുമ്പോൾ അത് ചില അതിർത്തികളും നിയന്ത്രണങ്ങളും പോലെ തോന്നാം. എന്നാൽ യഥാർ ത്ഥത്തിൽ, അത് മതിലുകൾകൊണ്ട് മനുഷ്യരെ വേർതിരിക്കുന്നതിനല്ല, മറിച്ച് ഹൃദയത്തെ ദൈവത്തിലേക്ക് കേന്ദ്രീകരിക്കുന്നതിനാണ്.

മേൽശ്രേഷ്ഠന്റെ അനുമതിയോടെയും സ്ഥലശ്രേഷ്ഠൻ സമൂഹവുമായി ആലോചിച്ചും നിശ്ശബ്ദത പാലിക്കേണ്ട സ്ഥലങ്ങൾ നിശ്ചയിക്കണമെ ന്ന നിർദ്ദേശത്തിൽ ഒരു പ്രധാന ആത്മീയ ദർശനം അടങ്ങിയിരിക്കുന്നു. സന്യാസജീവിതം വ്യക്തിപരമായ ഒരു യാത്ര മാത്രമല്ല; അത് സമൂഹമാ യി നടത്തുന്ന ദൈവാന്വേഷണമാണ്. അതുകൊണ്ട് നിശ്ശബ്ദതയും ആവൃതിയും വ്യക്തിയുടെ ഇഷ്ടാനുസരണം രൂപപ്പെടുന്നതല്ല; സമൂഹ ത്തിന്റെ വിവേകത്തിലും ഐക്യത്തിലും അധിഷ്ഠിതമായാണ് അവ ക്രമീകരിക്കപ്പെടുന്നത്.

ആവൃതിയിലുള്ള നിശ്ശബ്ദത പുറംശബ്ദങ്ങളുടെ അഭാവം മാത്രമല്ല; അത് ഉള്ളിലെ ശബ്ദങ്ങളെ ശാന്തമാക്കുന്ന ഒരു ആത്മീയ അഭ്യാസമാ

ണ്. ലോകത്തിന്റെ അനേകം ശബ്ദങ്ങൾക്കിടയിൽ ദൈവത്തിന്റെ സ്വരം പലപ്പോഴും നിശ്ശബ്ദതയിലാണ് കേൾക്കപ്പെടുന്നത്. വിശുദ്ധ ഗ്രന്ഥത്തിൽ ഏലിയാ പ്രവാചകൻ ദൈവത്തെ കൊടുങ്കാറ്റിലോ ഭൂകമ്പത്തിലോ തീയിലോ അല്ല, മൃദുവായ ഒരു നിശ്ശബ്ദ സ്വരത്തിലാണ് കണ്ടെത്തിയത്. സന്യാസജീവിതവും അതേ അനുഭവത്തിലേക്കാണ് നമ്മെ ക്ഷണിക്കുന്നത്.

ആവൃതി ലോകത്തിൽ നിന്ന് ഓടിയൊളിക്കുന്നതിനുള്ള മാർഗമല്ല; ലോകത്തെ കൂടുതൽ ദൈവികമായി സ്നേഹിക്കാൻ നമ്മെ ഒരുക്കുന്ന ഒരു ഇടമാണ്. നിശ്ശബ്ദതയിൽ ദൈവത്തെ കണ്ടുമുട്ടുന്ന ഹൃദയത്തിനാണ് മനുഷ്യരെ കൂടുതൽ ആത്മാർത്ഥമായി സ്നേഹിക്കാനും സേവിക്കാനും കഴിയുന്നത്.

പ്രൊവിശ്യ നിയമങ്ങളിൽ ആവൃതിയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുന്നത് ഈ ആത്മീയ മൂല്യത്തെ ഓരോ കാലഘട്ടത്തിന്റെയും സാഹചര്യങ്ങളുടെയും ആവശ്യങ്ങൾക്കനുസരിച്ച് സംരക്ഷിക്കാനാണ്. രൂപങ്ങൾ മാറാം; എന്നാൽ നിശ്ശബ്ദതയുടെ ആവശ്യകത ഒരിക്കലും നഷ്ടപ്പെടുന്നില്ല. ആവൃതി ഒരു നിയന്ത്രണമല്ല; അത് ഒരു സ്വാതന്ത്ര്യമാണ്—അനാവശ്യ ശബ്ദങ്ങളിൽ നിന്ന് സ്വതന്ത്രനായി ദൈവത്തിന്റെ സ്വരം കേൾക്കാനുള്ള സ്വാതന്ത്ര്യം. അത് ഒരു മതിലല്ല; ദൈവസാന്നിധ്യത്തിലേക്കുള്ള ഒരു കവാടമാണ്. അതുകൊണ്ട് ആവൃതിയുടെ നിയമം നമ്മെ ഓർമ്മിപ്പിക്കുന്നത് ഇതാണ്: നിശ്ശബ്ദതയിൽ ദൈവം സംസാരിക്കുന്നു; കേൾക്കാൻ പഠിക്കുന്ന ഹൃദയത്തിലാണ് അവിടുന്ന് വസിക്കുന്നത്.

4.3.7. എന്തുകൊണ്ട് സന്യാസ ആവൃതി?

മാൻ ശബ്ദത്തിൽ ആകർഷിക്കപ്പെടുന്നു;
ആന സ്പർശത്തിൽ കുടുങ്ങുന്നു;
ചിതൽ പ്രകാശത്തിൽ ചുട്ടുനശിക്കുന്നു;
മീൻ രുചിയുടെ വലയത്തിൽ വീഴുന്നു;
തേനീച്ച സുഗന്ധത്തിൽ മയങ്ങുന്നു.
ഓരോ ജീവിയും ഒരു ഇന്ദ്രിയത്തിന്റെ അടിമയായി
നശിക്കുന്നു.
എന്നാൽ അഞ്ചു ഇന്ദ്രിയങ്ങളുടെ
ആകർഷണങ്ങൾക്കിടയിൽ ജീവിക്കുന്ന
മനുഷ്യന്റെ അവസ്ഥ എന്തായിരിക്കും?”

ഈ സുഭാഷിതം മനുഷ്യജീവിതത്തെക്കുറിച്ചുള്ള ഒരു സത്യം നമ്മെ ഓർമ്മിപ്പിക്കുന്നു. മാൻ ശബ്ദത്തിൽ ആകർഷിക്കപ്പെടുന്നു; ആന സ്പർശത്തിന്റെ മോഹത്തിൽ കുടുങ്ങുന്നു; ചിതൽ വെളിച്ചത്തിലേക്ക് പറന്ന് തീയിലകപ്പെടുന്നു; മീൻ രുചിയുടെ വലയത്തിൽ വീഴുന്നു; തേനീച്ച സുഗന്ധത്തിൽ മയങ്ങുന്നു. ഓരോ ജീവിയും ഒരു ഇന്ദ്രിയത്തിന്റെ സ്വാധീനത്താൽ അപകടത്തിലാകുന്നു. എന്നാൽ മനുഷ്യൻ അഞ്ചു ഇന്ദ്രിയങ്ങളുടെയും ആകർഷണങ്ങൾക്കിടയിലാണ് ജീവിക്കുന്നത്. അതുകൊണ്ടുതന്നെ മനുഷ്യന് ഏറ്റവും ആവശ്യമായത് വിവേകമാണ്. എന്ത് സ്വീകരിക്കണം, എന്ത് ഒഴിവാക്കണം; എന്ത് പിന്തുടരണം, എന്ത് വിട്ടുകളയണം എന്നറിയാനുള്ള ആന്തരിക സ്വാതന്ത്ര്യമാണ് വിവേകം. സന്യാസജീവിതം ഈ വിവേകം വളർത്താനുള്ള ഒരു വിദ്യാലയമാണ്.

ഈ പശ്ചാത്തലത്തിലാണ് സന്യാസ ആവൃതിയുടെ അർത്ഥം മനസ്സിലാക്കേണ്ടത്. പലർക്കും ആവൃതി ഒരു നിയന്ത്രണമായി തോന്നാം. എന്നാൽ യഥാർത്ഥത്തിൽ അത് ഒരു സംരക്ഷണമാണ്. അത് ലോകത്തിൽ നിന്ന് ഒളിച്ചോടാനുള്ള മതിലല്ല; ഹൃദയത്തെ ദൈവത്തിലേക്ക് കേന്ദ്രീകരിക്കാനുള്ള ഒരു വിശുദ്ധ ഇടമാണ്.

സന്യാസഭവനത്തിലെ സമയക്രമങ്ങൾ, നിശ്ശബ്ദതയുടെ നിമിഷങ്ങൾ, ഉപവാസങ്ങൾ, ലളിതജീവിതം, മാധ്യമങ്ങളുടെ വിവേകപൂർവമായ ഉപയോഗം, ബന്ധങ്ങളിലെ ക്രമം—ഇവയെല്ലാം മനുഷ്യനെ അവന്റെ ഇന്ദ്രിയങ്ങളിൽ നിന്ന് വേർപെടുത്താനല്ല, മറിച്ച് അവയെ ക്രമപ്പെടുത്താനാണ്. കാരണം ഇന്ദ്രിയങ്ങൾ ദൈവത്തിന്റെ ദാനങ്ങളാണ്; എന്നാൽ അവയുടെ അടിമകളാകാതെ, അവയുടെ യജമാനന്മാരായി ജീവിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

ലോകം നിരന്തരം നമ്മെ ആകർഷണങ്ങളിലേക്ക് വലിക്കുന്നു—ശബ്ദങ്ങളിലൂടെ, ചിത്രങ്ങളിലൂടെ, ആസ്വാദനങ്ങളിലൂടെ, പരസ്യങ്ങളിലൂടെ, ആഗ്രഹങ്ങളിലൂടെ. എന്നാൽ സന്യാസ ആവൃതി നമ്മെ ഒരു മറുചോദ്യം ചോദിക്കാൻ പഠിപ്പിക്കുന്നു: ഞാൻ കാണുന്നത് എന്നെ ദൈവത്തിലേക്ക് നയിക്കുന്നുണ്ടോ? ഞാൻ കേൾക്കുന്നത് എന്റെ ഹൃദയത്തെ ശാന്തമാക്കുന്നുണ്ടോ? ഞാൻ ആഗ്രഹിക്കുന്നത് യഥാർത്ഥത്തിൽ ആവശ്യമായതാണോ? ഈ ചോദ്യങ്ങളാണ് വിവേകത്തിന്റെ ആരംഭം.

ഇന്നത്തെ ലോകം പലപ്പോഴും നിയന്ത്രണങ്ങളില്ലാത്ത ജീവിതത്തെ സ്വാതന്ത്ര്യം എന്നു വിളിക്കുന്നു. എന്നാൽ അനുഭവം നമ്മെ പഠിപ്പിക്കുന്നത് മറ്റൊന്നാണ്. എല്ലാം ചെയ്യാൻ കഴിയുന്നതല്ല യഥാർത്ഥ സ്വാത

ന്ത്ര്യം; ശരിയായത് തിരഞ്ഞെടുക്കാൻ കഴിയുന്നതാണ് യഥാർത്ഥ സ്വാതന്ത്ര്യം. അതുകൊണ്ട് സന്യാസ ആവൃതി ഒരു തടവറയല്ല; അത് സ്വാതന്ത്ര്യത്തിന്റെ പരിശീലനശാലയാണ്. അവിടെ മനുഷ്യൻ തന്റെ ഇന്ദ്രിയങ്ങളെ അടിച്ചമർത്താൻ പഠിക്കുന്നില്ല; അവയെ ക്രമപ്പെടുത്താനും ശുദ്ധീകരിക്കാനും പഠിക്കുന്നു. ദൈവത്തിന്റെ സ്വരം കൂടുതൽ വ്യക്തമായി കേൾക്കാൻ, ഹൃദയത്തെ അനാവശ്യ ശബ്ദങ്ങളിൽ നിന്ന് വിമുക്തമാക്കുന്നു.

മാൻ, ആന, ചിതൽ, മീൻ, തേനീച്ച—ഇവയെല്ലാം നമുക്ക് ഒരു മുന്നറിയിപ്പ് നൽകുന്നു. വിവേകത്തോടെ ജീവിക്കുന്ന മനുഷ്യന് തന്റെ ആഗ്രഹങ്ങളുടെ അടിമയാകാതെ, ദൈവസ്നേഹത്തിന്റെ സ്വാതന്ത്ര്യത്തിൽ ജീവിക്കാൻ കഴിയും. ആവൃതി മതിലുകൾ പണിയുന്നതിനല്ല; ഹൃദയത്തെ സ്വതന്ത്രമാക്കുന്നതിനാണ്. നിശ്ശബ്ദത ശബ്ദങ്ങളിൽ നിന്ന് ഓടിയൊളിക്കലല്ല; ദൈവത്തിന്റെ സ്വരം കേൾക്കാനുള്ള ഒരുക്കമാണ്. നിയന്ത്രണം സ്വാതന്ത്ര്യത്തിന്റെ ശത്രുവല്ല; യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കുള്ള വഴിയാണ്.

4.3.9. സ്വകാര്യമുറി: ഹൃദയത്തിന്റെ ദേവാലയം

D 32. "നമ്മുടെ സഹോദരന്മാർക്ക് കഴിയുന്നത്ര പ്രത്യേകം മുറികൾ ഉണ്ടാകാവുന്നതാണ്. അവ പൂട്ടി സൂക്ഷിക്കുകയും ചെയ്യാം. എന്നാൽ ആവശ്യമെങ്കിൽ ശ്രേഷ്ഠന് അവയിൽ പ്രവേശനം ഉണ്ടായിരിക്കണം. കൂടിയാലോചനയ്ക്കായി മറ്റൊരാളുടെ മുറിയിൽ കയറുമ്പോൾ മറ്റുള്ളവർക്ക് ശല്യമുണ്ടാകാതിരിക്കുവാൻ സൂക്ഷിക്കണം."

'പ്രത്യേകം മുറികൾ' എന്ന നിയമം ഓരോ സഹോദരനും തന്റെ ആന്തരിക ജീവിതം വളർത്തിയെടുക്കാനുള്ള വിശുദ്ധ ഇടം നൽകുന്നു. സമൂഹ ജീവിതത്തിന്റെ തിരക്കുകൾക്കിടയിലും, ദൈവത്തോടൊപ്പം തനിച്ചായിരിക്കാൻ ഓരോരുത്തർക്കും അവകാശവും അവസരവും ആവശ്യമാണെന്ന് ഈ നിയമം ഓർമ്മിപ്പിക്കുന്നു. യേശു പോലും ജനക്കൂട്ടങ്ങളിൽ നിന്ന് മാറി ഏകാന്തതയിൽ പ്രാർത്ഥിക്കുവാൻ പോയിരുന്നു. സന്യാസിയുടെ മുറി ആ ഏകാന്തതയുടെ വിശുദ്ധ സ്ഥലമാണ്.

മുറി പൂട്ടി സൂക്ഷിക്കാമെന്ന നിർദ്ദേശം വ്യക്തിയുടെ സ്വകാര്യതയെയും അന്തസ്സിനെയും മാനിക്കുന്നതാണ്. സന്യാസജീവിതം വ്യക്തിത്വത്തെ ഇല്ലാതാക്കുന്നതല്ല; മറിച്ച് അതിനെ ദൈവകൃപയാൽ പരിപോഷിപ്പിക്കുന്നതാണ്. അതേസമയം, "ആവശ്യമെങ്കിൽ ശ്രേഷ്ഠന് അവയിൽ പ്രവേശനം ഉണ്ടായിരിക്കണം" എന്ന നിർദ്ദേശം സന്യാസജീവിതത്തിന്റെ മ

റ്റൊരു സത്യത്തെ വെളിപ്പെടുത്തുന്നു—വിശ്വാസവും അനുസരണവും. ഇവിടെ അധികാരം മേൽനോട്ടത്തിനല്ല, കരുതലിനും ഉത്തരവാദിത്വത്തിനുമാണ്. ശ്രേഷ്ഠന്റെ പ്രവേശനാവകാശം നിയന്ത്രണത്തിന്റെ അടയാളമല്ല; മറിച്ച് ഒരു പിതൃസ്നേഹത്തിന്റെ പ്രകടനമാണ്.

മറ്റൊരാളുടെ മുറിയിൽ പ്രവേശിക്കുമ്പോൾ ശല്യമുണ്ടാകാതിരിക്കണമെന്ന് പറയുന്നത് പരസ്പര ആദരവിന്റെ മനോഹരമായ ഒരു പാഠമാണ്. ഓരോ മുറിക്കും ഒരു വിശുദ്ധതയുണ്ട്; കാരണം അവിടെ ഒരു മനുഷ്യൻ തന്റെ ദൈവാനുഭവം ജീവിക്കുന്നു. മറ്റൊരാളുടെ നിശ്ശബ്ദതയെയും പ്രാർത്ഥനയെയും സ്വകാര്യതയെയും ആദരിക്കുക എന്നത് സഹോദരസ്നേഹത്തിന്റെ ഒരു രൂപമാണ്.

ഈ നിയമം സന്യാസജീവിതത്തിന്റെ രണ്ട് പ്രധാന അച്ചുതണ്ടുകളെ നമ്മെ ഓർമ്മിപ്പിക്കുന്നു: ഏകാന്തതയും സാഹോദര്യവും. മുറി നമ്മെ ദൈവവുമായി ബന്ധിപ്പിക്കുന്നു; സമൂഹം നമ്മെ സഹോദരന്മാരുമായി ബന്ധിപ്പിക്കുന്നു. ഈ രണ്ടിന്റെയും സന്തുലിതത്വത്തിലാണ് ആരോഗ്യകരമായ സന്യാസജീവിതം വളരുന്നത്. അതിനാൽ നമ്മുടെ മുറി വിശ്രമിക്കാനുള്ള സ്ഥലം മാത്രമാകരുത്; അത് പ്രാർത്ഥിക്കുന്നതിന്റെയും വായിക്കുന്നതിന്റെയും ചിന്തിക്കുന്നതിന്റെയും ദൈവത്തെ കേൾക്കുന്നതിന്റെയും ഇടമായിരിക്കണം. മുറിയുടെ വാതിൽ അടയ്ക്കുമ്പോൾ ലോകത്തിന്റെ അനാവശ്യ ശബ്ദങ്ങൾ പുറത്തായിരിക്കട്ടെ; എന്നാൽ ഹൃദയത്തിന്റെ വാതിൽ ദൈവത്തിനും സഹോദരന്മാർക്കും തുറന്നിരിക്കട്ടെ. സ്വകാര്യമുറി ഒരു സ്വകാര്യ സ്വത്തല്ല; ദൈവം നമ്മെ കാത്തിരിക്കുന്ന ഒരു വിശുദ്ധ ഇടമാണ്.

4.3.10. രോഗികളോടും പ്രായമായവരോടുമുള്ള കരുതൽ

C 55. "നമ്മുടെ രോഗികളോ വൃദ്ധരോ ആയ സഹോദരന്മാരോടുള്ള നമ്മുടെ സ്നേഹം വിശേഷവിധം ആയിരിക്കണം. എന്നാൽ അവരാകട്ടെ നമ്മുടെ കർത്താവിന്റെ സഹനത്തിൽ പങ്കുപറ്റാനുള്ള അവസരങ്ങൾ ഉണ്ടാകുന്നതിൽ യഥാർത്ഥമായി സന്തോഷിക്കുകയും വേണം."

രോഗവും വാർദ്ധക്യവും മനുഷ്യജീവിതത്തിന്റെ അനിവാര്യഘട്ടങ്ങളാണ്. ഈ ഘട്ടങ്ങളിൽ ഒരാൾക്ക് ഏറ്റവും ആവശ്യമുള്ളത് ഔഷധമോ പരിചരണമോ മാത്രമല്ല; സ്നേഹനിറഞ്ഞ സാന്നിധ്യമാണ്. ഒരു ചെറു സന്ദർശനം, ഒരു കൈപിടിത്തം, ഒരു ആശ്വാസവാക്ക്—ഇവ പലപ്പോഴും മരുന്നുകളേക്കാൾ വലിയ ആശ്വാസം നൽകുന്നു. ഏകാന്തതയുടെ ഇരുളിൽ തെളിയുന്ന ചെറിയ ദീപങ്ങളാണ് അവ.

നമ്മുടെ രോഗികളോ പ്രായമായവരോ ആയ സഹോദരന്മാരോടുള്ള നമ്മുടെ സ്നേഹം പ്രത്യേകവിധമായിരിക്കണമെന്ന് നിയമം ഓർമ്മിപ്പിക്കുന്നു. അവർ നമ്മുടെ സമൂഹത്തിന്റെ ഭാരമല്ല; അനുഗ്രഹമാണ്. അവരുടെ ദൗർബല്യങ്ങളിൽ പോലും ദൈവകൃപയുടെ പ്രവർത്തനം തുടരുന്നുണ്ട്. അതുകൊണ്ട് അവരെ സന്ദർശിക്കുന്നത് ഒരു കടമ നിർവഹണമാകരുത്; അത് ഒരു ഹൃദയസാന്നിധ്യമാകണം. അവരുടെ വേദന കേൾക്കാൻ തയ്യാറായ മനസ്സ്, അവരുടെ അനുഭവങ്ങൾ പങ്കിടാൻ ക്ഷമ, അവരുടെ ദുഃഖത്തിൽ പങ്കാളികളാകാൻ കരുണ—ഇവയാണ് യഥാർത്ഥ സഹോദരസ്നേഹത്തിന്റെ അടയാളങ്ങൾ.

അതോടൊപ്പം, രോഗികളും വൃദ്ധരുമായ സഹോദരന്മാർ ഒരു വലിയ ആത്മീയ സത്യത്തിലേക്ക് ക്ഷണിക്കപ്പെടുന്നു. അവരുടെ രോഗവും വാർദ്ധക്യവും ദൗർബല്യത്തിന്റെ അടയാളങ്ങൾ മാത്രമല്ല; കർത്താവിന്റെ സഹനത്തിൽ പങ്കുചേരാനുള്ള അവസരവുമാണ്. ക്രിസ്തുവിന്റെ ക്രൂശിനോട് ചേർന്നുനിൽക്കുന്ന ഓരോ വേദനയും രക്ഷയുടെ രഹസ്യത്തിൽ പങ്കാളിത്തമാകുന്നു. അതിനാൽ അവർ തങ്ങളുടെ കഷ്ടപ്പാടുകളെ നിരാശയോടെ മാത്രമല്ല, വിശ്വാസത്തോടും പ്രത്യാശയോടുംകൂടി സ്വീകരിക്കാൻ വിളിക്കപ്പെടുന്നു.

D 55. "ശ്രേഷ്ഠനും പ്രോക്കുറേറ്ററും രോഗികളോ വൃദ്ധന്മാരോ ആയ സഹോദരങ്ങളുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിൽ പ്രത്യേകമായ ഔത്സുക്യം പ്രദർശിപ്പിക്കണം. രോഗികളെ നോക്കുന്നതിനും പരിചരിക്കുന്നതിനുമായി അനുകമ്പയും സഹാനുഭൂതിയുമുള്ള ഒരംഗത്തെ നിയോഗിക്കണം. നമ്മൾ രോഗികളിൽ നമ്മുടെ കർത്താവിനെ കാണുകയും അവർക്കാവശ്യമായ ആത്മീയവും ശാരീരികവുമായ എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുകയും അവരിൽ പ്രത്യേക താൽപര്യവും ശ്രദ്ധയും പ്രകടിപ്പിക്കുകയും ചെയ്യണം."

ഈ നിർദ്ദേശം രോഗികളോടുള്ള പരിചരണം വ്യക്തിപരമായ സൽപ്രവൃത്തിയല്ലെന്നും, സമൂഹത്തിന്റെ ഉത്തരവാദിത്വമാണെന്നും വ്യക്തമാക്കുന്നു. രോഗികളെ ശ്രദ്ധിക്കുന്നതിനായി പ്രത്യേക വ്യക്തിയെ നിയോഗിക്കുന്നത്, ഒരാളും അവഗണിക്കപ്പെടരുതെന്ന സഭയുടെ കരുതലിന്റെ പ്രകടനമാണ്. "രോഗികളിൽ നമ്മുടെ കർത്താവിനെ കാണണം" എന്ന വാക്യം ഈ നിയമത്തിന്റെ ഹൃദയമാണ്. യേശു പറഞ്ഞതുപോലെ: "നിങ്ങൾ എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുവനു ചെയ്തുകൊടുത്തത് എനിക്കുതന്നെയാണ് ചെയ്തുകൊടുത്തത്" (മത്താ 25:40). രോഗിയുടെ കിടക്കയ്ക്കരികിൽ നിൽക്കുമ്പോൾ നാം ക്രിസ്തു

വിനെ തന്നെയാണ് കണ്ടുമുട്ടുന്നത്. അവർക്കു നൽകുന്ന ഓരോ സഹായവും, ഓരോ കരുതലും, ഓരോ പ്രാർത്ഥനയും കർത്താവിനോടുള്ള സ്നേഹത്തിന്റെ പ്രകടനമാണ്.

D 59. "രോഗം മൂർച്ഛിക്കുമ്പോൾ രോഗിലേപനവും തൃപ്പാഥേയവും ശരിയായ ഒരുക്കത്തോടെ സ്വീകരിക്കുവാൻ രോഗിയെ സഹായിക്കുന്നു. സമൂഹം മുഴുവന്റെയും സാന്നിധ്യത്തിൽ ആഘോഷമായി ഈ കൂദാശകൾ പരികർമ്മം ചെയ്യേണ്ടതാണ്."

രോഗം ഗുരുതരമാകുന്ന ഘട്ടങ്ങളിൽ സഭ രോഗിയെ ഒരിക്കലും ഒറ്റയ്ക്കാക്കുന്നില്ല. രോഗിലേപനവും തൃപ്പാഥേയവും വെറും ആചാരങ്ങൾ മാത്രമല്ല; അവ ദൈവസാന്നിധ്യത്തിന്റെ ശക്തമായ അടയാളങ്ങളാണ്. ജീവിതത്തിന്റെ ദുർബല നിമിഷങ്ങളിൽ കർത്താവ് തന്റെ കൃപയാൽ രോഗിയെ സ്പർശിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ഈ കൂദാശകൾ സമൂഹത്തിന്റെ സാന്നിധ്യത്തിൽ ആഘോഷിക്കപ്പെടണമെന്ന നിർദ്ദേശം ഒരു മനോഹരമായ സത്യം വെളിപ്പെടുത്തുന്നു: ഒരാളുടെ വേദന മുഴുവൻ സമൂഹത്തിന്റെയും വേദനയാണ്. ഒരാളുടെ പ്രാർത്ഥന മുഴുവൻ സമൂഹത്തിന്റെയും പ്രാർത്ഥനയാണ്. രോഗിയുടെ കിടക്കയ്ക്കരികിൽ നിൽക്കുന്ന സമൂഹം അവനോട് പറയുന്നത് ഇതാണ്: "നീ ഒറ്റയ്ക്കല്ല; ഞങ്ങൾ നിന്നോടൊപ്പമുണ്ട്."

ഈ നിയമങ്ങൾ നമ്മെ പഠിപ്പിക്കുന്നത് വളരെ വ്യക്തമാണ്: രോഗികളെയും വൃദ്ധരെയും സ്നേഹത്തോടെ പരിചരിക്കുക എന്നത് ഒരു സേവനം മാത്രമല്ല; അത് ദൈവസാന്നിധ്യത്തിൽ ജീവിക്കുന്ന ഒരു സാക്ഷ്യമാണ്. അവരുടെ ദുർബലതയിൽ നമ്മുടെ കരുണയും അവരുടെ വേദനയിൽ നമ്മുടെ സഹാനുഭൂതിയും പ്രതിഫലിക്കുമ്പോൾ, നാം യഥാർത്ഥത്തിൽ കർത്താവിനെ തന്നെയാണ് സേവിക്കുന്നത്.

ഒരു സമൂഹത്തിന്റെ മഹത്വം അതിലെ ശക്തരായ അംഗങ്ങളെ എങ്ങനെ ആദരിക്കുന്നു എന്നതിലല്ല; മറിച്ച് അതിലെ ഏറ്റവും ദുർബലരായ അംഗങ്ങളെ എങ്ങനെ കരുതുന്നു എന്നതിലാണ്. രോഗികളും വൃദ്ധരുമായ സഹോദരന്മാർ നമ്മുടെ സ്നേഹത്തിന്റെ കേന്ദ്രബിന്ദുവായിരിക്കട്ടെ. അവരുടെ മൗനസഹനം നമ്മുടെ സമൂഹത്തിന് അനുഗ്രഹമായിത്തീരട്ടെ. അവരുടെ സാന്നിധ്യത്തിൽ ക്രിസ്തുവിന്റെ മുഖം തിരിച്ചറിയാൻ നമുക്ക് കൃപ ലഭിക്കട്ടെ.

D 60. "അടുത്ത ബന്ധുക്കളുടെ വിലാസം: ഓരോ ഭവനത്തിലെയും അംഗങ്ങളുടെ രണ്ടോ മൂന്നോ അടുത്ത ബന്ധുക്കളുടെ പേരും മേൽ വിലാ

സവും കുറിച്ചിട്ടുള്ള ഒരു പുസ്തകം ഉണ്ടായിരിക്കണം. അത്യാവശ്യ സന്ദർഭങ്ങളിൽ വിവരമറിയിക്കുവാൻ ഇത് സഹായിക്കുന്നു. എല്ലാ അംഗങ്ങളുടെയും ഫോട്ടോയും മുകളിൽ പറഞ്ഞതുപോലെയുള്ള മേൽവിലാസങ്ങളുമെല്ലാം ഉൾക്കൊള്ളുന്ന ഒരു ശേഖരം പ്രവിശ്യാ ഭവനത്തിലും സൂക്ഷിക്കേണ്ടതാണ്."

സന്യാസജീവിതം കുടുംബബന്ധങ്ങളെ ഉപേക്ഷിക്കുന്ന ജീവിതമല്ല; മറിച്ച് അവയെ കൂടുതൽ വിശാലമായ ദൈവസ്നേഹത്തിൽ ഉൾക്കൊള്ളുന്ന ജീവിതമാണ്. ഒരു സന്യാസി തന്റെ ജീവിതം ദൈവത്തിനും സഭയ്ക്കും സമർപ്പിക്കുമ്പോഴും, അവന്റെ ജീവിതചരിത്രത്തിന്റെ ഭാഗമായ കുടുംബബന്ധങ്ങൾ മായുന്നില്ല. മാതാപിതാക്കളും സഹോദരങ്ങളും ബന്ധുക്കളും സുഹൃത്തുക്കളും—ഇവരൊക്കെയും അവന്റെ വിളിയുടെ പിന്നിൽ നിൽക്കുന്ന നിശ്ശബ്ദ അനുഗ്രഹങ്ങളാണ്.

അതുകൊണ്ടാണ് അടുത്ത ബന്ധുക്കളുടെ പേരും മേൽവിലാസവും സൂക്ഷിച്ചുവയ്ക്കണമെന്ന് നിയമം നിർദ്ദേശിക്കുന്നത്. ഇത് വെറും ഭരണപരമായ ഒരു ക്രമീകരണമല്ല; കരുതലിന്റെയും ഉത്തരവാദിത്വത്തിന്റെയും പ്രകടനമാണ്. അത്യാവശ്യ ഘട്ടങ്ങളിൽ ശരിയായ വിവരങ്ങൾ സമയബന്ധിതമായി കൈമാറാൻ ഇത് സഹായിക്കുന്നു. പ്രതിസന്ധിയുടെ നിമിഷങ്ങളിൽ ഒരാളുടെ കുടുംബത്തെ അറിയിക്കുകയും അവരുമായി ബന്ധപ്പെടുകയും ചെയ്യുന്നത് മാനുഷികതയുടെയും സഹാനുഭൂതിയുടെയും അടയാളമാണ്.

ഓരോ സഹോദരന്റെയും പിന്നിൽ അവനുവേണ്ടി പ്രാർത്ഥിക്കുകയും ആശങ്കപ്പെടുകയും സന്തോഷിക്കുകയും ചെയ്യുന്ന ഒരു കുടുംബമുണ്ട്. പലപ്പോഴും അവരുടെ ത്യാഗങ്ങളും പ്രാർത്ഥനകളുമാണ് ഒരു സന്യാസ വിളിയുടെ അടിത്തറ. അതിനാൽ കുടുംബങ്ങളെ ഓർക്കുകയും ആദരിക്കുകയും ചെയ്യുന്നത് നന്ദിയുടെ ഒരു രൂപമാണ്. നമ്മെ ദൈവവിളിയിലേക്ക് നയിച്ച വഴികളിൽ അവരുടെ സ്നേഹത്തിനും പങ്കുണ്ട്.

എല്ലാ അംഗങ്ങളുടെയും ചിത്രങ്ങളും വിവരങ്ങളും ഉൾക്കൊള്ളുന്ന ശേഖരം പ്രവിശ്യാഭവനത്തിൽ സൂക്ഷിക്കണമെന്ന നിർദ്ദേശവും ഒരു ആഴമുള്ള സന്ദേശം നൽകുന്നു. ഒരു സമൂഹം നിയമങ്ങളാലും കെട്ടിടങ്ങളാലും മാത്രം നിലനിൽക്കുന്നില്ല; മനുഷ്യബന്ധങ്ങളാലാണ് അത് ജീവിക്കുന്നത്. ഓരോ അംഗവും സമൂഹത്തിന്റെ വിലപ്പെട്ട ഭാഗമാണ്. അവരുടെ വിവരങ്ങൾ കരുതലോടെ സംരക്ഷിക്കുന്നത്, ഓരോ വ്യക്തിയുടെയും മഹത്വവും സ്ഥാനവും അംഗീകരിക്കുന്ന ഒരു പ്രവർത്തിയാണ്.

ഈ നിയമം നമ്മെ ഓർമ്മിപ്പിക്കുന്നത്, സന്യാസജീവിതം ബന്ധങ്ങളിൽ നിന്ന് അകന്നുനിൽക്കുന്ന ജീവിതമല്ലെന്നതാണ്. മറിച്ച് ബന്ധങ്ങളെ കൂടുതൽ ഉത്തരവാദിത്വത്തോടെയും വിശുദ്ധിയോടെയും ജീവിക്കുന്ന ജീവിതമാണ് അത്. കുടുംബങ്ങളെ മറക്കുകയല്ല, അവരെ ദൈവസന്നിധിയിൽ കൂടുതൽ ആഴത്തിൽ സമർപ്പിക്കുകയാണ് സന്യാസിയുടെ വഴി.

നാം ഒരുമിച്ച് നിൽക്കുന്ന ഒരു കുടുംബമാണ്. ഭൗതികമായ ദൂരങ്ങൾ ഉണ്ടായാലും, പ്രാർത്ഥനയുടെയും സ്നേഹത്തിന്റെയും ബന്ധങ്ങൾ നമ്മെ ഒന്നിപ്പിക്കുന്നു. ഒരാളുടെ കുടുംബത്തെ ഓർക്കുമ്പോൾ, അവന്റെ ജീവിതചരിത്രത്തെയും അവന്റെ വിളിയുടെ വേരുകളെയും നാം ആദരിക്കുകയാണ്. അത് ദൈവം നമുക്കു നൽകിയ വിശുദ്ധബന്ധങ്ങളോടുള്ള നന്ദിയുടെ പ്രകടനമാണ്.

4.3.11. മാറുന്ന കാലവും മാറാത്ത മൂല്യങ്ങളും

തലമുറകളുടെ വ്യത്യാസങ്ങളെക്കുറിച്ച് വാട്സാപ്പിൽ ഈയിടെ ലഭിച്ച ഒരു സന്ദേശം ചിന്തനീയമായി തോന്നി. ഒന്ന് മറ്റൊന്നിനേക്കാൾ മെച്ചമാണെന്ന് സ്ഥാപിക്കുന്നതിനേക്കാൾ, ഓരോ തലമുറയിലെയും നന്മകളെ തിരിച്ചറിയാനും അവയെ കാത്തുസൂക്ഷിക്കാനും നമുക്കാവണം. ആ സന്ദേശം ചുവടെ ചേർക്കുന്നു:

ഒരു കുടുംബസംഗമത്തിൽ ഒരു യുവാവ് തന്റെ മുത്തച്ഛനോട് ചോദിച്ചു: "നിങ്ങൾ എങ്ങനെയാണ് പഴയകാലത്ത് ടിവിയില്ലാതെ, മൊബൈൽ ഫോണില്ലാതെ, ഇന്റർനെറ്റില്ലാതെ, സോഷ്യൽ മീഡിയ ഇല്ലാതെ ഫേസ്ബുക്ക് ഇല്ലാതെ, ട്വിറ്റർ ഇല്ലാതെ, യൂട്യൂബ് ഇല്ലാതെ, വാട്ട്സ്ആപ്പ് ഇല്ലാതെ, ഇൻസ്റ്റാഗ്രാം ഇല്ലാതെ ജീവിച്ചിരുന്നത്?"

മുത്തച്ഛന്റെ മറുപടി ലളിതമായിരുന്നു: "ഇന്ന് പലരും പ്രാർത്ഥനയില്ലാതെ, ബന്ധങ്ങളില്ലാതെ, മൂല്യബോധമില്ലാതെ ജീവിക്കുന്നതുപോലെ, ഞങ്ങളും അന്ന് നിങ്ങളുടെ ആധുനിക സൗകര്യങ്ങളില്ലാതെ ജീവിച്ചു."

1920 മുതൽ 1975 വരെ ജനിച്ച ഞങ്ങൾ ഭാഗ്യവാന്മാരാണ്—ഞങ്ങളുടെ ജീവിതം അതിന്റെ തെളിവാണ്. സ്കൂൾ കഴിഞ്ഞാൽ ആദ്യം വീട്ടുപാഠം ചെയ്തു; പിന്നെയാണ് പുറത്തുപോയി കളിച്ചത്. ഞങ്ങൾ കളിച്ചത് യഥാർത്ഥ സുഹൃത്തുക്കളോടൊപ്പമായിരുന്നു—ഇന്റർനെറ്റിലെ വെർച്വൽ സുഹൃത്തുക്കളോടല്ല. ഞങ്ങൾ സ്വന്തമായി കളിപ്പാട്ടങ്ങൾ ഉണ്ടാക്കി അവ ഉപയോഗിച്ച് കളിച്ചു.

ഞങ്ങളുടെ മാതാപിതാക്കൾ സമ്പന്നരായിരുന്നില്ല. പക്ഷേ അവർ ഞങ്ങൾക്ക് സ്നേഹം നൽകി; ഭൗതികസമ്പത്തുകളല്ല, ജീവിതമൂല്യങ്ങളാണ് പഠിപ്പിച്ചത്. മൊബൈൽ ഫോണുകളും ലാപ്ടോപ്പുകളും വീഡിയോ ഗെയിമുകളും ഇന്റർനെറ്റും ഒന്നും ഉണ്ടായിരുന്നില്ല… പക്ഷേ യഥാർത്ഥ സുഹൃത്തുക്കളും ബന്ധങ്ങളും ഉണ്ടായിരുന്നു. ബന്ധുക്കൾ അടുത്തുതന്നെ താമസിച്ചിരുന്നതിനാൽ കുടുംബസമയം ആസ്വദിക്കാനായി.

ഞങ്ങളുടെ പഴയ കറുപ്പും വെളുപ്പും ചിത്രങ്ങളിൽ നിറങ്ങൾ ഇല്ലായിരുന്നേക്കാം; പക്ഷേ ആ ഓർമ്മകൾ നിറങ്ങളാൽ സമ്പന്നമായിരുന്നു.

ഞങ്ങൾ ഒരു പ്രത്യേക തലമുറയാണ്—കാരണം മാതാപിതാക്കളുടെ വാക്കുകൾ കേട്ട അവസാന തലമുറയും സ്വന്തം മക്കളുടെ വാക്കുകൾ കേൾക്കേണ്ടി വന്ന ആദ്യ തലമുറയും ഞങ്ങളാണ്.

ഞങ്ങൾ ഒരു “Limited Edition” ആണ്!

ഇന്നലെയെ ആസ്വദിക്കൂ. അതിനെ സംരക്ഷിക്കൂ. അതിൽ നിന്ന് പഠിക്കൂ.

ഞങ്ങൾ 40-കളിലും 50-കളിലും 60-കളിലും ജനിച്ചു. 50–60–70 കാലഘട്ടങ്ങളിൽ വളർന്നു. 60–70–80 കാലഘട്ടങ്ങളിൽ പഠിച്ചു. 70–80–90 കാലഘട്ടങ്ങളിൽ പ്രണയിച്ചു. 70–80–90 കാലഘട്ടങ്ങളിൽ വിവാഹിതരായി ലോകത്തെ കണ്ടെത്തി. 1980–90 കാലഘട്ടങ്ങളിൽ മുന്നേറി. 2000-കളിൽ ജീവിതം സ്ഥിരത നേടി. 2010-കളിൽ കൂടുതൽ പക്വത കൈവരിച്ചു. ഇപ്പോൾ 2025-ലേക്കും യാത്ര തുടരുന്നു.

ഞങ്ങൾ ജീവിച്ചത്—എട്ട് വ്യത്യസ്ത ദശകങ്ങളിലൂടെ, രണ്ട് വ്യത്യസ്ത നൂറ്റാണ്ടുകളിലൂടെ, രണ്ട് സഹസ്രാബ്ദങ്ങളിലൂടെ, ഓപ്പറേറ്ററുടെ സഹായത്തോടെ ദൂരവിളി ചെയ്തിരുന്ന ടെലിഫോണിൽ നിന്ന് ലോകത്തിന്റെ ഏതു ഭാഗത്തേക്കും വീഡിയോ കോൾ ചെയ്യുന്ന കാലത്തേക്ക് ഞങ്ങൾ എത്തി.

വിനൈൽ റെക്കോർഡുകളിൽ നിന്ന് ഓൺലൈൻ സംഗീതത്തിലേക്കും കൈയെഴുത്ത് കത്തുകളിൽ നിന്ന് ഇമെയിലിലേക്കും വാട്ട്സ്ആപ്പിലേക്കും എത്തി. റേഡിയോയിൽ കളി കേട്ടിരുന്ന കാലത്ത് നിന്ന് കറുപ്പും വെളുപ്പും ടിവിയിലേക്കും അവിടെ നിന്ന് HD ടിവിയിലേക്കും മാറി. വീഡിയോ കടകളിൽ പോയിരുന്ന ഞങ്ങൾ ഇന്ന് നെറ്റ്ഫ്ലിക്സ് കാണുന്നു. ആദ്യ കമ്പ്യൂട്ടറുകളും പഞ്ച് കാർഡുകളും ഫ്ലോപ്പി ഡിസ്കുകളും കണ്ട

തലമുറ—ഇന്ന് മൊബൈലുകളിൽ ഗിഗാബൈറ്റുകളും മെഗാബൈറ്റുകളും കൈയിൽ വഹിക്കുന്നു.

ബാല്യത്തിൽ ലളിതമായ വസ്ത്രങ്ങളണിഞ്ഞ് വളർന്ന ഞങ്ങൾ പിന്നീട് പല ഫാഷനുകളുടെയും കാലഘട്ടങ്ങൾ കണ്ടു.

പോളിയോ, മെനിംജൈറ്റിസ്, H1N1, COVID-19—ഇതെല്ലാം കണ്ടു കടന്നുപോയി. അതെ, ഞങ്ങൾ ഒരുപാട് അനുഭവിച്ചു… പക്ഷേ എന്തൊരു മനോഹരമായ ജീവിതമായിരുന്നു അത്! ഞങ്ങളെ "അതിജീവിച്ചവർ" എന്ന് വിളിക്കാം. 1950-കളുടെ ലോകത്ത് ജനിച്ച് അനലോഗ് ബാല്യവും ഡിജിറ്റൽ പ്രായപൂർത്തിയും അനുഭവിച്ച തലമുറ. എല്ലാം കണ്ട തലമുറ. ജീവിതത്തിന്റെ എല്ലാ മേഖലകളിലും മാറ്റങ്ങൾ കണ്ടും അതിനോട് ഇണങ്ങിയും ജീവിച്ച തലമുറ.

ഈ മറുപടി ഒരു തലമുറയുടെ അഭിമാനപ്രകടനം മാത്രമല്ല; നമ്മുടെ കാലഘട്ടത്തോടുള്ള ഒരു ചോദ്യം കൂടിയാണ്. മനുഷ്യരാശി ഇന്ന് അസാധാരണമായ സാങ്കേതിക പുരോഗതി കൈവരിച്ചിട്ടുണ്ട്. ലോകത്തിന്റെ ഏത് കോണിലുള്ള ആളുമായും നിമിഷങ്ങൾക്കുള്ളിൽ സംസാരിക്കാം. അറിവിന്റെ വലിയ ശേഖരം നമ്മുടെ കൈയിലെ ഫോണിൽ ലഭ്യമാണ്. യാത്രകളും ആശയവിനിമയവും ജീവിതസൗകര്യങ്ങളും മുമ്പെങ്ങുമില്ലാത്തവിധം വികസിച്ചിട്ടുണ്ട്. എന്നാൽ പ്രധാന ചോദ്യം ഇതാണ്: സൗകര്യങ്ങൾ വർധിച്ചപ്പോൾ മൂല്യങ്ങളും അതേ അളവിൽ വളർന്നോ? നമ്മുടെ വീടുകൾ വലുതായി; എന്നാൽ കുടുംബസംഭാഷണങ്ങൾ ചെറുതായോ? നമ്മുടെ സുഹൃത്തുക്കളുടെ പട്ടിക നീണ്ടു; എന്നാൽ ഹൃദയം തുറന്ന് സംസാരിക്കാവുന്ന സുഹൃത്തുക്കൾ കുറഞ്ഞോ? വിവരങ്ങൾ വർധിച്ചു; എന്നാൽ ജ്ഞാനം വളർന്നോ? ബന്ധപ്പെടാനുള്ള മാർഗങ്ങൾ വർധിച്ചു; എന്നാൽ ബന്ധങ്ങൾ ആഴപ്പെട്ടോ?

സാങ്കേതികവിദ്യ ഒരു അനുഗ്രഹമാണ്. എന്നാൽ അത് മനുഷ്യബന്ധങ്ങളെ മാറ്റിസ്ഥാപിക്കാൻ കഴിയില്ല. ഒരു വീഡിയോ കോൾ ഒരു ആലിംഗനത്തിന് പകരമാകില്ല. ഒരു സന്ദേശം ഒരു ഹൃദയസ്പർശിയായ സാന്നിധ്യത്തിന് പകരമാകില്ല. ഒരു സോഷ്യൽ മീഡിയ 'ലൈക്ക്' ഒരു യഥാർത്ഥ പ്രോത്സാഹനവാക്കിന് തുല്യമാകില്ല.

സന്യാസജീവിതത്തിന്റെ പശ്ചാത്തലത്തിൽ ഈ ചോദ്യം കൂടുതൽ പ്രസക്തമാണ്. നമ്മുടെ ഭവനങ്ങളിൽ എല്ലാ സൗകര്യങ്ങളും ഉണ്ടായിരിക്കാം. പക്ഷേ സഹോദര്യം ഇല്ലെങ്കിൽ എന്ത് പ്രയോജനം? മികച്ച കെട്ടിടങ്ങൾ ഉണ്ടായിരിക്കാം. പക്ഷേ ഒരുമിച്ച് ഇരുന്ന് സംസാരിക്കാൻ സമയം

ഇല്ലെങ്കിൽ എന്ത് പ്രയോജനം? വിവരസമ്പത്ത് ഉണ്ടായിരിക്കാം. പക്ഷേ ആത്മീയ ആഴം ഇല്ലെങ്കിൽ എന്ത് പ്രയോജനം?

സന്യാസ ആവൃതിയും സ്വകാര്യമുറിയും ഉല്ലാസമുറിയും നമ്മെ പഠിപ്പിക്കുന്നത് ഇതാണ്: മനുഷ്യജീവിതത്തിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നത് സൗകര്യങ്ങളുടെ എണ്ണംകൊണ്ടല്ല, ബന്ധങ്ങളുടെ ആഴംകൊണ്ടാണ്. ജീവിതത്തിന്റെ സമ്പത്ത് നാം കൈവശം വയ്ക്കുന്ന വസ്തുക്കളിലല്ല; ഹൃദയത്തിൽ സംരക്ഷിക്കുന്ന മൂല്യങ്ങളിലാണ്.

ഓരോ തലമുറയും പുതിയ നേട്ടങ്ങൾ കൈവരിക്കണം. എന്നാൽ അതിനൊപ്പം പഴയ തലമുറകളിൽ നിന്ന് ചില അമൂല്യ പാഠങ്ങളും പഠിക്കണം—പ്രാർത്ഥനയുടെ മൂല്യം, കുടുംബത്തിന്റെ പ്രാധാന്യം, ബന്ധങ്ങളുടെ ഊഷ്മളത, ലാളിത്യത്തിന്റെ സൗന്ദര്യം, നന്ദിയുടെ മനോഭാവം. സൗകര്യങ്ങൾ ജീവിതത്തെ എളുപ്പമാക്കും. മൂല്യങ്ങളാണ് ജീവിതത്തെ അർത്ഥപൂർണ്ണമാക്കുന്നത്.

(പ്രായോഗിക നിർദ്ദേശങ്ങൾ)

1) ഉല്ലാസസമയത്ത് ഒരു സഹോദരനെക്കുറിച്ച് ഒരു നല്ല കാര്യം പറയുക. ഒരു വിമർശനം പറയാൻ തോന്നുമ്പോൾ, അതിനെ ഒരു പ്രോത്സാഹനവാക്കാക്കി മാറ്റാൻ ശ്രമിക്കുക. ഇന്ന് നിങ്ങൾ 'ഉപ്പുവെള്ളം' അല്ല, 'മധുരമഴ' പെയ്യിക്കട്ടെ.
2) ഇന്ന് ഒരു രോഗിയെയോ പ്രായമായ സഹോദരനെയോ സന്ദർശിക്കുക. അദ്ദേഹത്തോടൊപ്പം കുറച്ചുസമയം ചെലവഴിക്കുക. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധയോടെ കേൾക്കുക. ഇന്ന് ക്രിസ്തുവിനെ കണ്ടുമുട്ടേണ്ട സ്ഥലം ദേവാലയത്തിലെ ബലിപീഠം മാത്രമല്ല; ഒരു രോഗിയുടെ കിടക്കയ്ക്കരികിലും ആകാം.
3) സ്വന്തം മുറിയിൽ അഞ്ചു മിനിറ്റ് ചെലവഴിച്ച് അത് ശ്രദ്ധയോടെ ക്രമപ്പെടുത്തുക. അനാവശ്യ വസ്തുക്കൾ മാറ്റിവയ്ക്കുക. മാസത്തിൽ ഒരിക്കലെങ്കിലും ഉപയോഗിക്കാത്ത ഒരു വസ്തുവെങ്കിലും ആവശ്യമുള്ള ഒരാൾക്ക് നൽകുക.
4) കൈയും ശരീരവും കഴുകുമ്പോൾ, മനസ്സിലെ ഒരു നെഗറ്റീവ് ചിന്തയോ വിരോധമോ കൂടി കഴുകിക്കളയണമെന്ന് ഓർക്കുക.
5) ഓരോ ദിവസവും കുറച്ചുസമയം ജനാലയിലൂടെ പുറത്തേക്ക് നോക്കി ദൈവസൃഷ്ടിയുടെ സൗന്ദര്യം ആസ്വദിക്കുക. സ്വന്തം പ്രശ്നങ്ങൾക്കപ്പുറം ലോകത്തെ കാണാൻ പഠിക്കുക.

(സമാപന പ്രാർത്ഥന)

സ്നേഹനിധിയായ ദൈവമേ, ഈ നിമിഷങ്ങൾക്കായി ഞങ്ങൾ അങ്ങേക്ക് നന്ദി പറയുന്നു. ഇവിടെ പങ്കുവെച്ച ചിന്തകളും, നിശ്ശബ്ദതയിൽ അനുഭവിച്ച അങ്ങയുടെ സാന്നിധ്യവും ഞങ്ങളുടെ ജീവിതത്തെ പുതുക്കിയിരിക്കുന്നു. സ്വകാര്യമുറിയിലെ ഏകാന്തതയിൽ അങ്ങയോടടുത്തു വരാനും, ഞങ്ങളുടെ വിളിയോട് കൂടുതൽ വിശ്വസ്തരാകാനും കൃപ നല്കേണമേ. ആവൃതിയുടെ ആത്മാവ് ഞങ്ങളെ സംരക്ഷിക്കട്ടെ; അത് ഞങ്ങളെ വിശുദ്ധിയിലേക്ക് നയിക്കട്ടെ. രോഗികളോടും പ്രായമായവരോടും കരുണയോടെ സമീപിക്കുന്ന ഹൃദയം ഞങ്ങൾക്ക് നല്കേണമേ. അവരുടെ ദുർബലതയിൽ അങ്ങയുടെ മുഖം കാണാനും സ്നേഹത്തോടെ അവരെ സേവിക്കാനും ഞങ്ങളെ പ്രചോദിപ്പിക്കണമേ. സാഹോദര്യത്തിന്റെ ബന്ധങ്ങൾ കൂടുതൽ ഉറപ്പിക്കപ്പെടട്ടെ; ഞങ്ങൾ ഓരോരുത്തരും മറ്റുള്ളവർക്ക് അനുഗ്രഹമായി മാറട്ടെ. ഇവിടെ നിന്നു പോകുമ്പോൾ, ഞങ്ങളുടെ വാക്കുകളും പ്രവൃത്തികളും മഴപോലെ ജീവൻ പകരുന്നതായിരിക്കട്ടെ. ആമ്മേൻ.

4.4
സ്വകാര്യമുറിയും ഉല്ലാസമുറിയും: ജപമാല – ദുഃഖത്തിന്റെ രഹസ്യങ്ങൾ

(ആമുഖ പ്രാർത്ഥന)

കരുണാനിധിയായ ദൈവമേ, യഥാർത്ഥ ആത്മീയ പോരാട്ടം നടക്കുന്നത് ഞങ്ങളുടെ ഹൃദയത്തിന്റെ ഉള്ളറയിലാണെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. മനുഷ്യർ കാണാത്ത സമയങ്ങളിലും ഇടങ്ങളിലും പോലും അങ്ങയുടെ സന്നിധിയിൽ വിശുദ്ധിയോടെ ജീവിക്കുവാനുള്ള കൃപ ഞങ്ങൾക്ക് നൽകണമേ. പുറമേയുള്ള പ്രവൃത്തികളാൽ മാത്രമല്ല, അന്തരംഗത്തിന്റെ വിശുദ്ധിയാലും അങ്ങയെ പ്രസാദിപ്പിക്കുന്ന ജീവിതം നയിക്കാൻ ഞങ്ങളെ സഹായിക്കണമേ. ഞങ്ങളുടെ ചിന്തകളും വികാരങ്ങളും ആഗ്രഹങ്ങളും തീരുമാനങ്ങളും അങ്ങയുടെ പരിശുദ്ധാത്മാവിനാൽ രൂപപ്പെടുത്തേണമേ.

സ്നേഹനിധിയായ ദൈവമേ, എന്റെ സ്വകാര്യ ജീവിതത്തിന്റെ എല്ലാ ഇടങ്ങളിലും അങ്ങയുടെ സാന്നിധ്യം നിറയണമേ. എന്റെ മുറിയും വിശ്രമത്തിന്റെയും ഉല്ലാസത്തിന്റെയും ഇടങ്ങളും അങ്ങയുടെ കൃപ അനുഭവിക്കുന്ന വിശുദ്ധ സ്ഥലങ്ങളാകട്ടെ. എന്റെ ചിന്തകളും വികാരങ്ങളും വാക്കുകളും പ്രവൃത്തികളും അങ്ങയുടെ ഹിതപ്രകാരം രൂപപ്പെടട്ടെ. ഈ ജപമാലയിലൂടെ എന്റെ ജീവിതത്തിന്റെ അന്തരംഗ മേഖലകൾ മുഴുവൻ അങ്ങേക്കു സമർപ്പിക്കാൻ എന്നെ അനുഗ്രഹിക്കണമേ. ആമ്മേൻ.

1) ഒന്നാം രഹസ്യം: ഗത്സെമനിയിലെ പ്രാർത്ഥന (ലൂക്കാ 22: 39–46)

ധ്യാനം: ഗത്സെമനിയിൽ ഈശോ പിതാവിനോടു ഹൃദയം തുറന്നു പ്രാർത്ഥിച്ചതുപോലെ, എന്റെ സ്വകാര്യ മുറി ദൈവവുമായി ആത്മാർത്ഥമായി സംസാരിക്കുന്ന വിശുദ്ധ ഇടമാകണം. ഏകാന്തത ദൈവത്തിൽ നിന്ന് അകലാനുള്ള സമയമല്ല, അവിടുത്തോട് കൂടുതൽ അടുക്കാനുള്ള അവസരമാണ്.

പ്രാർത്ഥന: കർത്താവേ, എന്റെ മുറിയെ പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ആത്മപരിശോധനയുടെയും വിശുദ്ധ ഇടമാക്കണമേ. ഏകാന്തതയിൽ പോലും അങ്ങയുടെ സാന്നിധ്യം ഞാൻ അനുഭവിക്കുവാൻ എന്നെ സഹായിക്കണമേ.

2) രണ്ടാം രഹസ്യം: ഈശോയെ ചമ്മട്ടികൊണ്ട് അടിക്കുന്നു (യോഹ 19:1)

ധ്യാനം: ആത്മീയ ജീവിതത്തിന് സ്വാതന്ത്ര്യം നൽകുന്നത് നിയന്ത്രണമില്ലാത്ത ജീവിതമല്ല, ആത്മനിയന്ത്രണമുള്ള ജീവിതമാണ്. സ്വകാര്യജീവിതത്തിലെ ചെറിയ ശീലങ്ങളിലാണ് വിശുദ്ധിയുടെ അടിത്തറ പണിയപ്പെടുന്നത്. ഇന്ദ്രിയങ്ങളും വികാരങ്ങളും ശരീരവും ദൈവത്തിനുവേണ്ടി ക്രമപ്പെടുത്തുമ്പോൾ ജീവിതം കൂടുതൽ വിശുദ്ധമാകുന്നു.

പ്രാർത്ഥന: ദൈവമേ, എന്റെ ചിന്തകളിലും വികാരങ്ങളിലും വാക്കുകളിലും പ്രവൃത്തികളിലും ആത്മനിയന്ത്രണം വളർത്തണമേ. വിശുദ്ധിയിലേക്കു നയിക്കുന്ന നല്ല ശീലങ്ങളിൽ എന്നെ സ്ഥിരപ്പെടുത്തണമേ.

3) മൂന്നാം രഹസ്യം: ഈശോയെ മുൾമുടി ധരിപ്പിക്കുന്നു (മത്താ 27:27–31)

ധ്യാനം: ഗലീലാകടൽ സ്വീകരിക്കുകയും നൽകുകയും ചെയ്യുന്നു; അതുകൊണ്ട് അത് ജീവന്റെ ഉറവയാണ്. ചാവുകടൽ സ്വീകരിച്ചിട്ടും പങ്കുവയ്ക്കുന്നില്ല; അതിനാൽ അത് ജീവൻ നഷ്ടപ്പെട്ടിരിക്കുന്നു. എന്റെ സ്വകാര്യജീവിതം ദൈവാനുഗ്രഹം സ്വീകരിച്ച് മറ്റുള്ളവരുമായി പങ്കുവയ്ക്കുന്ന ജീവിതമാണോ, അതോ സ്വാർത്ഥതയിൽ അടഞ്ഞുപോയ ഒരു ലോകമാണോ?

പ്രാർത്ഥന: കർത്താവേ, എന്റെ മുറിയും ജീവിതവും ദാനത്തിന്റെയും സ്നേഹത്തിന്റെയും സഹോദരസേവനത്തിന്റെയും ഉറവയാക്കണമേ. സ്വാർത്ഥതയുടെ മുൾമുടി അഴിച്ചുമാറ്റി വിനയത്തിന്റെ കിരീടം അണിയുവാൻ എന്നെ സഹായിക്കണമേ.

4) നാലാം രഹസ്യം: ഈശോ കുരിശ് ചുമക്കുന്നു (ലൂക്കാ 23: 26–32)

ധ്യാനം: ദൈവം മനുഷ്യന് വിശ്രമം നൽകിയിരിക്കുന്നത് അലസതയ്ക്കല്ല, നവീകരണത്തിനാണ്. പ്രാർത്ഥനയും പരിശ്രമവും പോലെ വിശ്രമവും ദൈവത്തിന്റെ ദാനമാണ്. ശരീരത്തിനും മനസ്സിനും ആത്മാവിനും ആവശ്യമായ വിശ്രമം ലഭിക്കുമ്പോൾ ദൈവവിളിയോട് കൂടുതൽ വിശ്വസ്തതയോടെ പ്രതികരിക്കാൻ കഴിയും.

പ്രാർത്ഥന: കർത്താവേ, എന്റെ വിശ്രമസമയങ്ങൾ അർത്ഥശൂന്യമായ അലസതയാകാതെ, ശരീരത്തെയും മനസ്സിനെയും ആത്മാവിനെയും നവീകരിക്കുന്ന അനുഗ്രഹനിമിഷങ്ങളാകട്ടെ. ഓരോ ദിവസവും പുതുശക്തിയോടെ അങ്ങയെ അനുഗമിക്കാൻ എന്നെ ഒരുക്കണമേ.

5) അഞ്ചാം രഹസ്യം: ഈശോ കുരിശിൽ മരിക്കുന്നു (യോഹ 19:25–30)

ധ്യാനം: ഉല്ലാസം ക്രിസ്തീയജീവിതത്തിന്റെ ശത്രുവല്ല; അത് ദൈവത്തിന്റെ ദാനമാണ്. എന്നാൽ യഥാർത്ഥ ഉല്ലാസം സ്വാർത്ഥവിനോദത്തിലല്ല, സ്നേഹപൂർവമായ സഹവാസത്തിലും സഹോദരൈക്യത്തിലും ആരോഗ്യകരമായ വിനോദത്തിലുമാണ്. മറ്റുള്ളവരെ അപമാനിക്കുന്നതോ വിഭജിക്കുന്നതോ സമയം പാഴാക്കുന്നതോ ആയ വിനോദങ്ങൾ ജീവിതത്തെ ശൂന്യമാക്കുന്നു. എല്ലാവരെയും ഉൾക്കൊള്ളുന്ന സന്തോഷവും പരസ്പര ബഹുമാനവും സൗഹൃദവും വളർത്തുന്ന ഉല്ലാസമാണ് ക്രിസ്തീയമായ ഉല്ലാസം.

പ്രാർത്ഥന: കർത്താവേ, എന്റെ ഉല്ലാസസമയങ്ങൾ സഹോദരസ്നേഹവും പരസ്പര ബഹുമാനവും വളർത്തുന്നതാകട്ടെ. എന്റെ ചിരിയും സംഭാഷണവും വിനോദവും മറ്റുള്ളവർക്ക് ആശ്വാസവും സന്തോഷവും പകരുന്നതാകട്ടെ. ശുദ്ധവും വിശുദ്ധവുമായ സന്തോഷത്തിന്റെ സാക്ഷിയായി എന്നെ മാറ്റണമേ.

(സമാപന പ്രാർത്ഥന)

കരുണാനിധിയായ ദൈവമേ, എന്റെ സ്വകാര്യജീവിതത്തിലെ ഓരോ ഇടവും അങ്ങയുടെ കൃപയാൽ വിശുദ്ധമാകണമേ. എന്റെ മുറി പ്രാർത്ഥനയുടെ ആലയമാകട്ടെ; എന്റെ ഏകാന്തത അങ്ങയുമായുള്ള സ്നേഹസംഭാഷണമായി മാറട്ടെ; എന്റെ വിശ്രമം ശരീരത്തെയും മനസ്സിനെയും ആത്മാവിനെയും നവീകരിക്കുന്ന അനുഗ്രഹമാകട്ടെ; എന്റെ ഉല്ലാസം സഹോദരൈക്യവും വിശുദ്ധ സന്തോഷവും വളർത്തുന്ന ദൈവാനുഭവമാകട്ടെ. എന്റെ ജീവിതത്തിന്റെ മറഞ്ഞിരിക്കുന്ന മേഖലകളിലും ഞാൻ അങ്ങയുടെ സാക്ഷിയായി ജീവിക്കുവാൻ എന്നെ അനുഗ്രഹിക്കണമേ.

പരിശുദ്ധ കന്യകാമറിയമേ, ഹൃദയത്തിന്റെ ശുദ്ധിയും ജീവിതത്തിന്റെ വിശുദ്ധിയും ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. ഞങ്ങളുടെ സ്വകാര്യ ജീവിതം മുഴുവൻ ദൈവമഹത്വത്തിനായി സമർപ്പിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. അമ്മേ മാതാവേ, ഈശോയുടെ പക്കൽ ഞങ്ങൾക്കുവേണ്ടി എപ്പോഴും മാധ്യസ്ഥം വഹിക്കണമേ. ആമ്മേൻ.

5
അഞ്ചാം ദിനം:
ഊട്ടുമുറിയും, അടുക്കളയും, അടുക്കളത്തോട്ടവും

5.0
വചനസന്ദേശം

(വിശുദ്ധ കുർബാനയ്ക്കുള്ള വചന വായനകൾ)

ലേഖനം: 1 കോറി 11:23-26
സുവിശേഷം: ലൂക്കാ 22:14-20

5.0.1. വയലിൽനിന്ന് അൾത്താരയിലേക്ക്: ഗോതമ്പിന്റെ യാത്ര

കർത്താവിന്റെ തിരുശരീരവും തിരുരക്തവുമായി രൂപാന്തരപ്പെടുന്നതിനായി ബലിപീഠത്തിൽ നാം അർപ്പിക്കുന്ന ഗോതമ്പ് അപ്പവും മുന്തിരിച്ചാറും മനുഷ്യന്റെ വിയർപ്പിന്റെയും അധ്വാനത്തിന്റെയും പ്രത്യാശയുടെയും അർപ്പണത്തിന്റെയും ദീർഘമായ ഒരു കഥ നമ്മോട് പറയുന്നു. ആ അപ്പം എവിടെ നിന്നാണ് വന്നത്? ഒരു കർഷകൻ മണ്ണിൽ വിത്ത് വിതച്ചു. ചൂടും മഴയും കാറ്റും സഹിച്ച് അവൻ നിലം പരിപാലിച്ചു. ഗോതമ്പ് വളർന്നു, പാകമായി, കൊയ്തെടുത്തു. പിന്നീട് അത് അരച്ച് മാവാക്കി, ചുട്ട് അപ്പമാക്കി. ബലിപീഠത്തിൽ നാം കാണുന്ന ആ ചെറിയ അപ്പത്തിനുള്ളിൽ ഒരു കർഷകന്റെ അധ്വാനമുണ്ട്; അവന്റെ വിയർപ്പുണ്ട്; മണ്ണിന്റെ അനുഗ്രഹമുണ്ട്; അപ്പം ഒരുക്കിയ കൈകളുടെ സ്നേഹപൂർവമായ സേവനമുണ്ട്.

അതുപോലെ തന്നെ, പാനപാത്രത്തിലെ മുന്തിരിച്ചാറും ഒരു കഥ പറയുന്നു. ഒരു കർഷകൻ മുന്തിരിവള്ളി നട്ടു; വർഷങ്ങളോളം അതിനെ പരി

പാലിച്ചു; ചൂടും മഴയും കാറ്റും സഹിച്ചു. മുന്തിരിക്കുലകൾ പഴുത്തു വിളഞ്ഞപ്പോൾ അവ ശേഖരിക്കപ്പെട്ടു; ചതച്ചെടുത്ത് ചാറായി മാറി. ആ ചെറിയ പാനപാത്രത്തിനുള്ളിൽ കർഷകന്റെ അധ്വാനവും സഹനവും കാത്തിരിപ്പും ഒളിഞ്ഞിരിക്കുന്നു. അതോടൊപ്പം, ചതക്കപ്പെട്ട മുന്തിരിയുടെ നിശ്ശബ്ദ ത്യാഗവും അതിൽ സന്നിഹിതമാണ്.

അപ്പം മുറിക്കപ്പെടുകയും മുന്തിരി ചതക്കപ്പെടുകയും ചെയ്താലേ അവ ജീവൻ പകരുന്ന ഭക്ഷണവും പാനീയവുമായി മാറുകയുള്ളു. അതുകൊണ്ട് അവ നമ്മെ പഠിപ്പിക്കുന്നത് ഇതാണ്: ജീവിതം ഫലദായകമാകണമെങ്കിൽ അത് സ്വയം നൽകപ്പെടണം; സ്നേഹം പൂർണമാകണമെങ്കിൽ അത് ത്യാഗമായി മാറണം. അങ്ങനെ ബലിപീഠത്തിൽ നാം കാണുന്നത് മുറിക്കപ്പെട്ട അപ്പവും ചതക്കപ്പെട്ട മുന്തിരിയും മാത്രമല്ല; മറിച്ച് സ്വയം ദാനമാക്കിയ ജീവിതത്തിന്റെ പ്രതീകങ്ങളാണ്. അവസാന അത്താഴത്തിൽ യേശു അപ്പം എടുത്ത്, "ഇത് നിങ്ങൾക്കുവേണ്ടി നൽകപ്പെടുന്ന എന്റെ ശരീരമാണ്" എന്നു പറഞ്ഞപ്പോൾ, അവിടുന്ന് തന്റെ ശരീരം മാത്രമല്ല അർപ്പിച്ചത്; മനുഷ്യജീവിതത്തിന്റെ അധ്വാനവും വേദനയും പ്രത്യാശയും സ്നേഹവും ദൈവത്തിന് സമർപ്പിച്ച് കൃപയുടെ രഹസ്യത്തിലേക്ക് ഉയർത്തുകയായിരുന്നു.

ഇവിടെയാണ് ദിവ്യകാരുണ്യത്തിന്റെ ആഴമേറിയ രഹസ്യം വെളിപ്പെടുന്നത്. ദൈവം മനുഷ്യന്റെ അധ്വാനത്തെ സ്വീകരിച്ച് അതിനെ കൃപയുടെ ഉപാധിയാക്കി മാറ്റുന്നു. അതിനാൽ വിശുദ്ധ കുർബാന ദൈവത്തോടുള്ള ഐക്യം മാത്രമല്ല; മനുഷ്യരോടും സൃഷ്ടിയോടും ഉള്ള പുതിയ ബന്ധത്തിന്റെ ആഘോഷവുമാണ്.

ദിവ്യകാരുണ്യാരാധനയിൽ നാം മുട്ടുകുത്തുമ്പോൾ നമ്മുടെ കണ്ണുകൾ ദൈവത്തിലേക്ക് ഉയരുന്നു. എന്നാൽ അതേ സമയം നമ്മുടെ ഹൃദയം ഭൂമിയിലേക്കും മനുഷ്യരിലേക്കും തുറക്കണം. കാരണം, നാം ആരാധിക്കുന്ന ആ അപ്പം മനുഷ്യന്റെ അധ്വാനത്തിൽ നിന്നാണ് ഉണ്ടായത്. ഇന്നത്തെ ലോകത്തിൽ അപ്പം ഉത്പാദിപ്പിക്കുന്നവരുടെ വിയർപ്പും വിശക്കുന്നവരുടെ വേദനയും പലപ്പോഴും അവഗണിക്കപ്പെടുന്നു. എന്നാൽ ദിവ്യകാരുണ്യം നമ്മെ ഓർമ്മിപ്പിക്കുന്നു: "ഈ അപ്പവും ഈ പാനപാത്രവും ദൈവത്തിന്റെ സാന്നിധ്യമാണ്; അതോടൊപ്പം മനുഷ്യന്റെ അധ്വാനകഥയും കൂടിയാണ്."

എമ്മാവൂസിലേക്കുള്ള വഴിയിൽ അപ്പം മുറിക്കപ്പെട്ടപ്പോൾ ശിഷ്യന്മാരുടെ കണ്ണുകൾ തുറന്നു. അതുപോലെ, ദിവ്യകാരുണ്യം നമ്മുടെ കണ്ണുകളും തുറക്കണം—ദൈവത്തെ ദർശിക്കാൻ മാത്രമല്ല, മനുഷ്യനെ തിരിച്ച

റിയാനും. ഓരോ ബലിയർപ്പണവും നമ്മെ രണ്ട് ദിശകളിലേക്ക് നയിക്കണം: ദൈവത്തിലേക്ക്, കൃപ സ്വീകരിക്കാൻ; മനുഷ്യരിലേക്ക്, കൃപയുടെ ഉപകരണങ്ങളാകാൻ.

ഇവിടെയാണ് പൗരോഹിത്യത്തിന്റെ ദൗത്യവും ആരംഭിക്കുന്നത്. "ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്ന യേശുവിന്റെ കല്പനയിലൂടെ ദിവ്യകാരുണ്യവും പൗരോഹിത്യവും അഭേദ്യമായി ഒന്നിച്ചുനിൽക്കുന്നു. വിശുദ്ധ കുർബാന ഇല്ലാതെ പൗരോഹിത്യത്തിന് അർത്ഥമില്ല; പൗരോഹിത്യം ഇല്ലാതെ വിശുദ്ധ കുർബാനയുടെ ആഘോഷവും സഭയിൽ നിലനിൽക്കുകയില്ല. അതിനാൽ, ഓരോ പുരോഹിതനും ദിവ്യകാരുണ്യത്തിന്റെ ശുശ്രൂഷകൻ മാത്രമല്ല; ദൈവകൃപയും മനുഷ്യാധ്വാനവും സംഗമിക്കുന്ന ആ വിശുദ്ധ രഹസ്യത്തിന്റെ ജീവനുള്ള സാക്ഷിയുമാണ്.

5.0.2. പൗരോഹിത്യം: സഭയുടെ ജീവനാഡി

വി. മദർ തെരേസ ഒരിക്കൽ വടവാതൂർ സെമിനാരി സന്ദർശിച്ചപ്പോൾ ഹൃദയസ്പർശിയായ ഒരു അനുഭവം പങ്കുവച്ചു. മിഷണറീസ് ഓഫ് ചാരിറ്റീസ് സഭയുടെ ഒരു ഭവനം ആരംഭിക്കാൻ സൗദി അറേബ്യയിലെ ഭരണാധികാരികളിൽ നിന്ന് ക്ഷണം ലഭിച്ചു. എല്ലാ സൗകര്യങ്ങളും ഒരുക്കാമെന്ന് അവർ ഉറപ്പുനൽകി. എന്നാൽ മദർ രണ്ടു കാര്യങ്ങൾ മാത്രമാണ് ആവശ്യപ്പെട്ടത്: ദിവസവും വിശുദ്ധ കുർബാന അർപ്പിക്കാനുള്ള അനുവാദവും അതിനായി ഒരു പുരോഹിതന്റെ ശുശ്രൂഷയും. ഈ ആവശ്യം അംഗീകരിക്കാൻ കഴിയില്ലെന്ന് അറിയിച്ചപ്പോൾ മദർ വിനയപൂർവം മറുപടി പറഞ്ഞു: "അങ്ങനെയെങ്കിൽ ഞങ്ങൾക്ക് അവിടെ സേവനം ആരംഭിക്കാൻ സാധിക്കുകയില്ല."

പിന്നീട് അതിന്റെ കാരണം വിശദീകരിച്ചുകൊണ്ട് മദർ പറഞ്ഞു: "പുരോഹിതന്റെ ശുശ്രൂഷയിലൂടെയാണ് ക്രിസ്തു ദിവ്യകാരുണ്യത്തിൽ തന്റെ സാന്നിധ്യം നമ്മുടെ ഇടയിൽ നിലനിർത്തുന്നത്." ബേത്ലെഹെമിൽ ഒരിക്കൽ മനുഷ്യനായ് ജനിച്ച ക്രിസ്തു, ഇന്നും ഓരോ വിശുദ്ധ കുർബാനയിലും തന്റെ ശരീരവും രക്തവുമായി നമ്മുടെ ഇടയിൽ കൗദാശിക സാന്നിധ്യത്തിൽ സ്വയം നൽകിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് പൗരോഹിത്യം സഭയുടെ ജീവനാഡിയായി നിലകൊള്ളുന്നത്.

പറുദീസായിൽ ആദിമാതാപിതാക്കൾക്ക് നഷ്ടപ്പെട്ട ജീവവൃക്ഷത്തിന്റെ ഫലം, ദൈവം പുതിയ ഉടമ്പടിയിൽ ദിവ്യകാരുണ്യമായി നമുക്ക് തിരികെ നൽകുന്നു. യേശു പറയുന്നു: "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" (യോഹ 6:56). പഴയനിയമത്തിൽ മന്ന ദൈവത്തിന്റെ അത്ഭുതകരമായ ദാനമായിരുന്നു. എന്നാൽ അത് താൽക്കാലികമായ ആഹാരമായിരുന്നു. പുതിയ

നിയമത്തിലെ പുതിയ മന്നയായ ദിവ്യകാരുണ്യത്തെക്കുറിച്ച് യേശു പറയുന്നു: "ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും" (യോഹ 6:58). മന്ന ഭക്ഷിച്ചവർ മരണമടഞ്ഞു; എന്നാൽ ദിവ്യകാരുണ്യം നിത്യജീവിതത്തിന്റെ അപ്പമാണ്.

ദിവ്യകാരുണ്യത്തിൽ നാം ദർശിക്കുന്നത് ക്രിസ്തുവിന്റെ അനന്തമായ എളിമയാണ്. സകല മഹത്വങ്ങളും മറച്ചുവെച്ച് ഒരു ചെറിയ അപ്പത്തിന്റെ രൂപത്തിൽ അവിടുന്ന് നമ്മുടെ സമീപത്തേക്ക് വരുന്നു. ഈ എളിമ ഓരോ പുരോഹിതനും ഓരോ വിശ്വാസിക്കും ഒരു മാതൃകയാണ്. പ്രശസ്തി തേടാതെ, സേവനത്തിൽ ഒളിഞ്ഞ് ജീവിക്കുക; സ്വയം നൽകുക; അപ്പംപോലെ മറ്റുള്ളവർക്കായി മുറിക്കപ്പെടുക—ഇതാണ് ദിവ്യകാരുണ്യം പഠിപ്പിക്കുന്ന ജീവിതശൈലി. നാം ദിവ്യകാരുണ്യം സ്വീകരിക്കുന്നവർ മാത്രമാകരുത്; ദിവ്യകാരുണ്യത്തിന്റെ മനുഷ്യരായി മാറണം. വി. പത്രോസിന്റെ വിശ്വാസപ്രഖ്യാപനം നമ്മുടെ ഹൃദയത്തിന്റെയും പ്രാർത്ഥനയാകട്ടെ: "കർത്താവേ, ഞങ്ങൾ ആരുടെ അടുക്കലേക്കാണ് പോകേണ്ടത്? നിത്യജീവന്റെ വചനങ്ങൾ അങ്ങയുടെ പക്കലല്ലോ" (യോഹ 6:68).

ഒന്നാം ദിനവൃത്താന്തം 13:14-ൽ ദൈവത്തിന്റെ പേടകം ഒബേദ്-ഏദോമിന്റെ ഭവനത്തിൽ വസിച്ചപ്പോൾ അവന്റെ കുടുംബം അനുഗ്രഹിക്കപ്പെട്ടതായി വായിക്കുന്നു. അതുപോലെ, ദിവ്യകാരുണ്യസാന്നിധ്യം നമ്മുടെ ഹൃദയത്തിലും ഭവനങ്ങളിലും സമൂഹങ്ങളിലും വസിക്കുമ്പോൾ അവ അനുഗ്രഹത്തിന്റെ ഉറവിടങ്ങളായി മാറുന്നു. ദിവ്യകാരുണ്യം ഒരു ഓർമ്മയല്ല; അത് ജീവിക്കുന്ന സാന്നിധ്യമാണ്. അത് ഒരു പ്രതീകമല്ല; ജീവനുള്ള ക്രിസ്തുവിന്റെ സാന്നിധ്യമാണ്. അതിനാൽ ഇന്ന് നമുക്ക് പ്രാർത്ഥിക്കാം: ദിവ്യകാരുണ്യത്തെ കൂടുതൽ സ്നേഹിക്കുവാനും, കൂടുതൽ ആരാധിക്കുവാനും, അതിന്റെ ആത്മാവനുസരിച്ച് ജീവിക്കുവാനും.

വിശുദ്ധ കുർബാനയുടെ ശുശ്രൂഷകരായ എല്ലാ പുരോഹിതർക്കായും പ്രത്യേകം പ്രാർത്ഥിക്കാം. അവരുടെ വിശ്വസ്തമായ ശുശ്രൂഷയിലൂടെ ക്രിസ്തുവിന്റെ ദിവ്യകാരുണ്യസാന്നിധ്യം ലോകത്തിന്റെ എല്ലാ കോണുകളിലും എത്തിച്ചേരട്ടെ. ദിവ്യകാരുണ്യത്തിൽ ഒളിച്ചിരിക്കുന്ന യേശുവിനെപ്പോലെ, നമ്മുടെ മഹത്വങ്ങൾ മറച്ച്, സ്നേഹത്തിന്റെ അപ്പമായി ലോകത്തിനുവേണ്ടി മുറിക്കപ്പെടുന്ന ജീവിതം നയിക്കാൻ ദൈവം നമുക്ക് കൃപ നൽകട്ടെ.

5.0.3. ദിവ്യകാരുണ്യകേന്ദ്രീകൃതമായ ഒരു ആത്മീയയാത്ര

വീട് വെറും താമസസ്ഥലമല്ല; അത് ജീവിതത്തിന്റെ ആത്മീയ ഭൂപടമാണ്. ചുമരുകൾക്കുള്ളിൽ ഒതുങ്ങുന്ന ഒരു നിർമ്മിതി മാത്രമല്ല, ദൈവസാന്നിധ്യം അനുഭവിക്കപ്പെടുകയും ബന്ധങ്ങൾ വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്ന

കൃപയുടെ ഇടമാണ് വീട്. വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ആത്മീയതയുടെ ഹൃദയഭാഗത്ത് ദിവ്യകാരുണ്യനാഥനോടുള്ള സ്നേഹവും ആരാധനയും സ്ഥാനം പിടിക്കുന്നതിനാൽ, 'ദർശനവീട്' എന്ന ഈ ധ്യാനയാത്രയിലെ ഓരോ മുറിയും ദിവ്യകാരുണ്യത്തിന്റെ ഓരോ മാനങ്ങളെ വെളിപ്പെടുത്തുന്ന വിശുദ്ധ ഇടമായി മാറുന്നു.

1) സന്ദർശനമുറി: ദർശനത്തിന്റെ മുറി

'സന്ദർശനം' എന്ന വാക്കിൽത്തന്നെ 'ദർശനം' അടങ്ങിയിരിക്കുന്നു. വീട്ടിലേക്ക് കടന്നുവരുന്ന ഒരാൾ ആദ്യം എത്തിച്ചേരുന്നത് സന്ദർശനമുറിയിലാണ്. അവിടെയാണ് കണ്ടുമുട്ടലുകളും സംഭാഷണങ്ങളും സൗഹൃദങ്ങളും ബന്ധങ്ങളും രൂപപ്പെടുന്നത്.

ദിവ്യകാരുണ്യാത്മീയതയിൽ ഈ മുറി നമ്മെ ദിവ്യകാരുണ്യസന്ദർശനത്തിലേക്ക് ക്ഷണിക്കുന്നു. വിശുദ്ധ ചാവറയച്ചൻ മണിക്കൂറുകളോളം ദിവ്യകാരുണ്യനാഥന്റെ സന്നിധിയിൽ ചെലവഴിച്ചിരുന്നു. സ്നേഹിക്കുന്നവരെ കാണാൻ നാം സമയം കണ്ടെത്തുന്നതുപോലെ, ദിവ്യകാരുണ്യനാഥനെ സന്ദർശിക്കാനും ജീവിതത്തിൽ സമയം മാറ്റിവെക്കണം. ഈ മുറി നമ്മോട് ചോദിക്കുന്നു: "എന്റെ അനുദിനചര്യയിൽ ദിവ്യകാരുണ്യനാഥനെ സന്ദർശിക്കാൻ ഞാൻ സമയം കണ്ടെത്തുന്നുണ്ടോ?" ദിവ്യകാരുണ്യസന്നിധിയിൽ ദർശനം നേടുന്നവന് മാത്രമേ തന്റെ വീട്ടിലെത്തുന്ന ഓരോ സന്ദർശകനിലും ക്രിസ്തുവിന്റെ മുഖം ദർശിക്കാൻ കഴിയൂ.

2) പ്രാർത്ഥനാമുറി: ആരാധനയുടെ മുറി

വീട്ടിന്റെ ഹൃദയം പ്രാർത്ഥനാമുറിയാണെങ്കിൽ, പ്രാർത്ഥനാമുറിയുടെ ഹൃദയം ദിവ്യകാരുണ്യമാണ്. കുടുംബങ്ങളിൽ എഴുതിവയ്ക്കാറുള്ളതുപോലെ, "ദിവ്യകാരുണ്യനാഥനാണ് ഈ ഭവനത്തിന്റെ ഐശ്വര്യം." എല്ലാ പ്രാർത്ഥനകളുടെയും ആരാധനകളുടെയും കേന്ദ്രം ക്രിസ്തുവിന്റെ സജീവ സാന്നിധ്യമായ ദിവ്യകാരുണ്യമാണ്.

ദിവ്യകാരുണ്യസന്നിധിയിൽ മനുഷ്യൻ വാക്കുകൾക്കപ്പുറത്തേക്ക് പ്രവേശിക്കുന്നു. അവിടെ വിശദീകരണങ്ങളെക്കാൾ പ്രധാനമായത് സാന്നിധ്യവും സംസാരിക്കുന്നതിനേക്കാൾ പ്രധാനമായത് കേൾക്കലുമാണ്. ദിവ്യകാരുണ്യനാഥന്റെ മുമ്പിൽ നിൽക്കുകയും അവിടുത്തെ നിശ്ശബ്ദ സ്നേഹത്തിൽ വിശ്രമിക്കുകയും ഹൃദയം പൂർണമായി സമർപ്പിക്കുകയും ചെയ്യാൻ ചാവറയച്ചൻ നമ്മെ പഠിപ്പിക്കുന്നു.

3) പഠനമുറി: ജ്ഞാനത്തിന്റെ മുറി

പുസ്തകങ്ങൾ അറിവ് നൽകുന്നു; എന്നാൽ ദിവ്യകാരുണ്യം ജ്ഞാനം നൽകുന്നു. "അവർ എല്ലാവരും ദൈവത്താൽ പഠിപ്പിക്കപ്പെടും... പിതാവിൽ നിന്ന് കേട്ടും പഠിച്ചും വന്നവരെല്ലാം എന്റെ അടുക്കൽ വരുന്നു" (യോഹ 6:45). വിശുദ്ധ കുർബാനയെക്കുറിച്ചുള്ള യേശുവിന്റെ പ്രഭാഷണത്തിന്റെ ഭാഗമായ ഈ വചനം ദൈവം തന്നെയാണ് യഥാർത്ഥ ഗുരുവെന്നും അവിടുത്തെ പഠനത്തിലൂടെ മനുഷ്യൻ ക്രിസ്തുവിന്റെ സന്നിധിയിലേക്ക് ആകർഷിക്കപ്പെടുന്നുവെന്നും വ്യക്തമാക്കുന്നു. എമ്മാവൂസിലേക്കുള്ള വഴിയിൽ യേശു ആദ്യം വചനത്തിലൂടെയും പിന്നീട് അപ്പം മുറിക്കുന്നതിലൂടെയും ശിഷ്യന്മാരെ പഠിപ്പിച്ചു. അതിനാൽ യഥാർത്ഥ ക്രൈസ്തവ വിദ്യാഭ്യാസം വചനത്തിന്റെയും ദിവ്യകാരുണ്യത്തിന്റെയും ഐക്യത്തിലാണ് വളരുന്നത്. ഈ പഠനമുറിയിൽ നാം വിദ്യാർത്ഥികളാണ്; ഗുരു ദിവ്യകാരുണ്യനാഥനാണ്. ദിവ്യകാരുണ്യ സന്നിധിയിൽ ചെലവഴിക്കുന്ന ഓരോ നിമിഷവും ആത്മാവിന്റെ വിദ്യാലയമായി മാറുന്നു.

4) സ്വകാര്യമുറിയും ഉല്ലാസമുറിയും: സമർപ്പണത്തിന്റെയും വിശ്രമ ത്തിന്റെയും മുറി

ദിവസാവസാനം മനുഷ്യൻ വിശ്രമത്തിലേക്ക് പ്രവേശിക്കുന്നു. അന്നത്തെ അധ്വാനവും സന്തോഷവും ദുഃഖവും പ്രത്യാശകളും ദൈവസന്നിധിയിൽ സമർപ്പിക്കുന്നു. ദിവ്യകാരുണ്യത്തിൽ യേശു സ്വയം പൂർണമായി മനുഷ്യർക്കുവേണ്ടി സമർപ്പിച്ചതുപോലെ, ഈ മുറി ആത്മസമർപ്പണത്തിന്റെ പാഠം പഠിപ്പിക്കുന്നു. ഓരോ രാത്രിയും ഒരു ചെറിയ 'ഫിയറ്റ്' ആയിത്തീരട്ടെ: "പിതാവേ, എന്റെ ആത്മാവിനെ നിന്റെ കരങ്ങളിൽ ഞാൻ സമർപ്പിക്കുന്നു" (ലൂക്കാ 23:46).

ഉല്ലാസമുറി കുടുംബസംഗമത്തിന്റെയും സന്തോഷത്തിന്റെയും ഇടമാണ്. ദിവ്യകാരുണ്യം ക്രിസ്തുവുമായും പരസ്പരവുമായും ഐക്യത്തിലൂടെ യഥാർത്ഥ ആനന്ദം സമ്മാനിക്കുന്നതിനാൽ, ഈ മുറി സ്വർഗീയ കൂട്ടായ്മയുടെ മുന്നാസ്വാദനമായി മാറുന്നു.

5) ഊട്ടുമുറി, അടുക്കള, അടുക്കളത്തോട്ടം: അപ്പത്തിന്റെയും പങ്കുവെ ക്കലിന്റെയും മുറി

ദിവ്യകാരുണ്യത്തിന്റെ ചരിത്രം ആരംഭിച്ചത് ഒരു ഭക്ഷണമുറിയിലാണ്. അന്ത്യത്താഴശാലയിൽ യേശു അപ്പം എടുത്തു, ആശീർവദിച്ചു, മുറിച്ചു, നൽകി. ആ നിമിഷം മുതൽ എല്ലാ ഭക്ഷണമേശകൾക്കും വിശുദ്ധമായ ഒരു അർത്ഥം ലഭിച്ചു. കുടുംബം ഒരുമിച്ച് ഭക്ഷണം കഴിക്കുന്ന ഊട്ടുമുറി അന്ത്യത്താഴ ശാല

യുടെ പ്രതിധ്വനിയാണ്. ഇവിടെ നന്ദിയും പങ്കുവെക്കലും കൂട്ടായ്മയും സ്നേഹവും വളരുന്നു.

അടുക്കളയിൽ അന്നം ഒരുക്കപ്പെടുന്നു. മനുഷ്യജീവിതത്തെ നിലനിർത്തുന്ന ഭക്ഷണം ഇവിടെ ജനിക്കുന്നു. ഗോതമ്പുമണികൾ പൊടിക്കപ്പെടുകയും ചേർക്കപ്പെടുകയും അപ്പമാകുകയും ചെയ്യുന്നതുപോലെ, അനേകം വ്യക്തികൾ ക്രിസ്തുവിൽ ഒന്നായപ്പോൾ സഭ രൂപംകൊള്ളുന്നു.

അടുക്കളത്തോട്ടം വിത്തിന്റെയും വളർച്ചയുടെയും ഫലദായകതയുടെയും പ്രതീകമാണ്. പ്രകൃതി ദൈവത്തിന്റെ ദാനമാണെന്നും, അന്നം അവിടുത്തെ അനുഗ്രഹമാണെന്നും അത് നമ്മെ ഓർമ്മിപ്പിക്കുന്നു. വിശക്കുന്നവന് ദൈവം പലപ്പോഴും അപ്പത്തിന്റെ രൂപത്തിലാണ് പ്രത്യക്ഷപ്പെടുന്നത്. അതിനാൽ അടുക്കളയും അടുക്കളത്തോട്ടവും ഭക്ഷണം ഒരുക്കുന്ന സ്ഥലങ്ങൾ മാത്രമല്ല; ദൈവകരുണയുടെ ശുശ്രൂഷാലയങ്ങളാണ്.

6) ജാലകം, വരാന്ത, വാതിൽ: ദൗത്യത്തിന്റെ മുറി

ദിവ്യകാരുണ്യം ഒരിക്കലും മനുഷ്യനെ തന്നിലേക്കു മാത്രം ചുരുക്കുന്നില്ല; ലോകത്തിലേക്ക് അയക്കുന്നു. വിശുദ്ധ കുർബാനയുടെ അവസാനം സഭ പറയുന്നത്: "സമാധാനത്തോടെ പോകുവിൻ." ആരാധനയിൽ സ്വീകരിച്ച ക്രിസ്തുവിനെ ലോകത്തിൽ സാക്ഷീകരിക്കാനുള്ള ദൗത്യവിളിയാണത്.

ജാലകത്തിലൂടെ നാം ലോകത്തെ കാണുന്നു; വരാന്തയിലൂടെ ലോകത്തിലേക്ക് ഇറങ്ങിച്ചെല്ലുന്നു; വാതിലിലൂടെ സേവനത്തിനായി പുറപ്പെടുന്നു. ദിവ്യകാരുണ്യം സ്വീകരിച്ചവൻ ക്രിസ്തുവിന്റെ ജീവനുള്ള സാക്ഷിയായി ലോകത്തിലേക്ക് പ്രവേശിക്കുന്നു. ഓരോ ക്രൈസ്തവഭവനവും ഇങ്ങനെ ഒരു ചെറിയ ദൈവാലയമായും ഓരോ വിശ്വാസിയും ജീവിക്കുന്ന ദിവ്യകാരുണ്യവാഹകനായും മാറുന്നു.

5.0.4. ദിവ്യകാരുണ്യം: ദർശനവീടിന്റെ ഹൃദയം

ഈ വീട്ടിലെ ഓരോ മുറിക്കും വ്യത്യസ്ത ദൗത്യങ്ങളുണ്ടെങ്കിലും അവയെല്ലാം ഒരേ കേന്ദ്രത്തിലേക്കാണ് നയിക്കുന്നത്—ദിവ്യകാരുണ്യനാഥനിലേക്ക്. സന്ദർശനമുറി ദർശനത്തിലേക്ക് ക്ഷണിക്കുന്നു; പ്രാർത്ഥനാമുറി ആരാധനയിലേക്ക് നയിക്കുന്നു; പഠനമുറി ദൈവജ്ഞാനത്തിലേക്ക് പ്രവേശിപ്പിക്കുന്നു; സ്വകാര്യമുറി സമർപ്പണവും വിശ്രമവും പഠിപ്പിക്കുന്നു; ഉല്ലാസമുറി കൂട്ടായ്മയുടെ സന്തോഷം പങ്കുവയ്ക്കുന്നു; ഊട്ടുമുറിയും അടുക്കളയും അടുക്കളത്തോട്ടവും അന്ത്യത്താഴത്തിന്റെ രഹസ്യം അനുസ്മരിപ്പിക്കുന്നു; ജാലകവും വരാന്തയും വാതിലും ലോകത്തിലേക്കുള്ള ദൗത്യവിളി മുഴക്കുന്നു.

അങ്ങനെ 'ദർശനവീട്' ദിവ്യകാരുണ്യത്തിന്റെ ഒരു ആത്മീയ ഭൂപടമായി മാറുന്നു. ഓരോ മുറിയും ഒരു ധ്യാനമാണ്; ഓരോ ഇടവും ഒരു സുവിശേഷമാണ്; ഓരോ ചുവടും ദിവ്യകാരുണ്യനാഥന്റെ ഹൃദയത്തിലേക്കുള്ള തീർത്ഥയാത്രയാണ്. വീട്ടിന്റെ കേന്ദ്രത്തിൽ ദിവ്യകാരുണ്യം ഉണ്ടെങ്കിൽ ജീവിതത്തിന്റെ കേന്ദ്രത്തിൽ ക്രിസ്തുവുണ്ട്; ജീവിതത്തിന്റെ കേന്ദ്രത്തിൽ ക്രിസ്തുവുണ്ടെങ്കിൽ ആ വീട് ദൈവസാന്നിധ്യം അനുഭവിക്കപ്പെടുന്ന യഥാർത്ഥ 'ദർശനവീട്' ആയി മാറുന്നു.

5.1
ഊട്ടുമുറിയും, അടുക്കളയും, അടുക്കളതോട്ടവും: വിശുദ്ധ ഗ്രന്ഥ ധ്യാനം

(ആമുഖ പ്രാർത്ഥന)

സൃഷ്ടിയുടെ ആദിയിൽ ഏദെൻതോട്ടം നട്ടുപിടിപ്പിച്ച് മനുഷ്യനെ അതിൽ പാർപ്പിച്ച സ്നേഹപിതാവായ ദൈവമേ, അങ്ങേക്ക് നന്ദി. സൃഷ്ടിയെ കൃഷിചെയ്യാനും പരിപാലിക്കാനും ഞങ്ങളെ ഏൽപ്പിച്ച അങ്ങ്, ഞങ്ങളുടെ അധ്വാനവും സേവനവും അങ്ങേക്കുള്ള ആരാധനയാക്കുവാൻ അനുഗ്രഹിക്കണമേ. സൃഷ്ടിയെ സംരക്ഷിക്കാനും സഹജീവികളോട് ഉത്തരവാദിത്വത്തോടെ ജീവിക്കാനും ഞങ്ങളെ പഠിപ്പിക്കണമേ. ഞങ്ങളുടെ കൈകളിലൂടെയും ഹൃദയങ്ങളിലൂടെയും അങ്ങയുടെ സ്നേഹവും സമാധാനവും പരിപാലനവും ലോകത്തിൽ പ്രകടമാകട്ടെ.

ഞങ്ങളുടെ ഭോജനമേശകൾ സ്നേഹത്തിന്റെയും നന്ദിയുടെയും പങ്കുവെക്കലിന്റെയും വിശുദ്ധ ഇടങ്ങളാകട്ടെ. അടുക്കളയിലും തോട്ടത്തിലും അങ്ങയുടെ ദാനങ്ങൾ തിരിച്ചറിയാനും, ചെറിയ കാര്യങ്ങളിൽ വിശ്വസ്തരായിരിക്കാനും ഞങ്ങളെ സഹായിക്കണമേ. ഈ ധ്യാനം ഞങ്ങളുടെ ചിന്തകളെയും ജീവിതത്തെയും നവീകരിക്കട്ടെ. ഞങ്ങളുടെ ഓരോ പ്രവൃത്തിയും അങ്ങയോടുള്ള സ്നേഹത്തിന്റെയും സൃഷ്ടിയോടുള്ള ഉത്തരവാദിത്വത്തിന്റെയും സാക്ഷ്യമാകട്ടെ. ആമ്മേൻ.

(വചന വായന: ഉത്പ 2:8-15)

“അവിടന്നു കിഴക്ക് ഏദനിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ രൂപം കൊടുത്ത മനുഷ്യനെ അവിടെ താമസിപ്പിച്ചു. കാഴ്ചയ്ക്കു കൗതുകവും ഭക്ഷിക്കാൻ സ്വാദുമുള്ള പഴങ്ങൾ കായ്ക്കുന്ന എല്ലാത്തരം വൃക്ഷങ്ങളും അവിടുന്നു മണ്ണിൽ നിന്ന് പുറപ്പെടുവിച്ചു. ജീവന്റെ വൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും തോട്ടത്തിന്റെ നടുവിൽ അവിടുന്നു വളർത്തി. തോട്ടം നനയ്ക്കാൻ ഒരു നദി പുറപ്പെട്ടു. അവിടെവച്ച് അതു നാലു കൈവഴികളായിപ്പിരിഞ്ഞു. ഒന്നാമത്തതിന്റെ പേര് പിഷോൺ. അത് സ്വർഗ്ഗത്തിന്റെ നാടായ ഹവിലാ മുഴുവൻ ചുറ്റിയൊഴുകുന്നു. ആ നാട്ടിലെ സ്വർണം മേൽത്തരമാണ്. അവിടെ സുഗന്ധദ്രവ്യങ്ങളും പവിഴക്കല്ലുകളുമുണ്ട്. രണ്ടാമത്തെ നദിയുടെ പേര് ഗിഹോൺ. അത്

കുഷ് എന്ന നാടിനെ ചുറ്റി ഒഴുകുന്നു. മൂന്നാമത്തെ നദിയുടെ പേര് ടൈഗ്രീസ്. അത് അസീറിയയുടെ കിഴക്കുഭാഗത്തുകൂടി ഒഴുകുന്നു. നാലാമത്തെ നദി യൂഫ്രട്ടീസ്. ഏദൻ തോട്ടം കൃഷി ചെയ്യാനും സംരക്ഷിക്കാനും ദൈവമായ കർത്താവ് മനുഷ്യനെ അവിടെയാക്കി."

(ധ്യാനവിചിന്തനം)

5.1.1. വിശ്വകർമ്മനും സഹസൃഷ്ടാക്കളും

"ഏദൻ തോട്ടം കൃഷി ചെയ്യാനും സംരക്ഷിക്കാനും ദൈവമായ കർത്താവ് മനുഷ്യനെ അവിടെയാക്കി" (ഉത്പ 2:15). വിശുദ്ധ ഗ്രന്ഥത്തിന്റെ ആദ്യ അധ്യായങ്ങൾ മനുഷ്യനെക്കുറിച്ചുള്ള ഒരു അത്ഭുതകരമായ സത്യം വെളിപ്പെടുത്തുന്നു. ദൈവം ലോകത്തെ സൃഷ്ടിച്ചു; എന്നാൽ അതിനെ പൂർത്തിയായ ഒരു ഘടനയായി അവിടുന്ന് ഉപേക്ഷിച്ചില്ല. തന്റെ സൃഷ്ടിയെ വളർത്താനും പരിപോഷിപ്പിക്കാനും സംരക്ഷിക്കാനും അവിടുന്ന് മനുഷ്യനെ പങ്കാളിയാക്കി. സൃഷ്ടി ദൈവത്തിന്റെ ദാനമാണ്; അതിന്റെ പരിപാലനം മനുഷ്യന്റെ ഉത്തരവാദിത്വമാണ്.

ഭാരതീയ ചിന്തയിൽ ലോകത്തിന്റെ മഹാശില്പിയെ 'വിശ്വകർമ്മൻ' എന്ന സാംസ്കാരിക പ്രതീകത്തിലൂടെ വിശേഷിപ്പിക്കാറുണ്ട്. ആ അർത്ഥത്തിൽ നോക്കുമ്പോൾ, സ്രഷ്ടാവായ ദൈവം യഥാർത്ഥ വിശ്വകർമ്മനാണ്. ഈ പശ്ചാത്തലത്തിൽ രവീന്ദ്രനാഥ ടാഗോറിന്റെ പ്രസിദ്ധമായ ചിന്ത ഏറെ പ്രസക്തമാണ്: "ദൈവം വിശ്വകർമ്മനാണ്; മനുഷ്യൻ സഹ സൃഷ്ടാവാണ്." ദൈവം മനുഷ്യനോട് 'കൃഷി ചെയ്യുക' എന്ന് കല്പിച്ചത്, അവൻ തന്റെ അധ്വാനത്തിലൂടെയും സർഗാത്മകതയിലൂടെയും ദൈവത്തിന്റെ സൃഷ്ടികർമത്തിൽ പങ്കുചേരണമെന്നതിന്റെ അടയാളമാണ്. അതിനാൽ മനുഷ്യന്റെ ജോലി ഉപജീവനത്തിനുള്ള മാർഗം മാത്രമല്ല; ദൈവത്തോടുള്ള സഹകരണവും വിശുദ്ധമായ ഒരു വിളിയുമാണ്.

ദൈവം സൃഷ്ടിക്ക് തുടക്കം കുറിച്ചു; അതിന്റെ വികസനത്തിന്റെ ഉത്തരവാദിത്വം മനുഷ്യനെ ഏൽപ്പിച്ചു. ഒരു കർഷകൻ വയലിൽ വിത്ത് വിതച്ച് വിളവെടുക്കുമ്പോൾ, ഒരു ശില്പി കല്ലിൽ സൗന്ദര്യം വിരിയിക്കുമ്പോൾ, ഒരു കലാകാരൻ തന്റെ സൃഷ്ടിയിലൂടെ ജീവിതത്തിന് പുതിയ അർത്ഥം നൽകുമ്പോൾ, ഒരു ശാസ്ത്രജ്ഞൻ മനുഷ്യനന്മയ്ക്കായി പുതിയ കണ്ടെത്തലുകൾ നടത്തുമ്പോൾ—അവർ ഓരോരുത്തരും ദൈവത്തിന്റെ സൃഷ്ടികർമത്തിൽ പങ്കാളികളാകുകയാണ്. മനുഷ്യന്റെ യഥാർത്ഥ മഹത്വം അവന്റെ സൃഷ്ടിപരമായ സഹകരണത്തിലാണ്.

എന്നാൽ ദൈവം മനുഷ്യനോട് 'കൃഷി ചെയ്യുക' എന്നു മാത്രമല്ല, 'സംര ക്ഷിക്കുക' എന്നും കല്പിച്ചു. വികസനവും സംരക്ഷണവും പരസ്പര വി രുദ്ധമല്ല; അവ പരസ്പരപൂരകങ്ങളാണ്. പ്രകൃതിയെ ഉപയോഗിക്കുന്ന തിനൊപ്പം അതിനെ സംരക്ഷിക്കുകയും അടുത്ത തലമുറകൾക്കായി പ രിപാലിക്കുകയും ചെയ്യുക എന്നത് മനുഷ്യന്റെ വിശുദ്ധ ഉത്തരവാദിത്വ മാണ്.

ഇന്നത്തെ പരിസ്ഥിതി പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ ഈ ദൈ വവചനം കൂടുതൽ പ്രസക്തമാകുന്നു. സങ്കീർത്തകൻ പ്രഖ്യാപിക്കുന്നു: "ഭൂമിയും അതിലെ അതിലെ സമസ്ത വസ്തുക്കളും ഭൂതലവും അതി ലെ നിവാസികളും കർത്താവിന്റെതാണ്" (സങ്കീ 24:1). അതുകൊണ്ട് മനുഷ്യൻ ഭൂമിയുടെ ഉടമയല്ല; അവൻ അതിന്റെ കാര്യസ്ഥനാണ്. സൃ ഷ്ടിയെ ചൂഷണം ചെയ്യാനല്ല, പരിപാലിക്കാനാണ് അവൻ വിളിക്കപ്പെ ട്ടിരിക്കുന്നത്. ദൈവത്തിന്റെ ദാനങ്ങളെ ഉത്തരവാദിത്വത്തോടെ ഉപ യോഗിക്കുകയും സംരക്ഷിക്കുകയും ചെയ്യുമ്പോഴാണ് മനുഷ്യൻ തന്റെ സഹസൃഷ്ടാവെന്ന ദൗത്യം നിറവേറ്റുന്നത്.

സൃഷ്ടി പൂർത്തിയായ ഒരു കഥയല്ല; ഇന്നും എഴുതപ്പെട്ടുകൊണ്ടിരിക്കു ന്ന ഒരു ദൈവിക കവിതയാണ്. ദൈവം അതിന്റെ ആദ്യവരികൾ എഴു തി; അവയുടെ തുടർച്ച സ്നേഹത്തോടും ഉത്തരവാദിത്വത്തോടും കൂടി എഴുതാൻ മനുഷ്യനെ വിളിച്ചിരിക്കുന്നു. അതുകൊണ്ട് നമ്മുടെ ഓരോ അധ്വാനവും, ഓരോ സൃഷ്ടിയും, ഓരോ സേവനവും ദൈവത്തോടൊപ്പ മുള്ള സഹകരണത്തിന്റെ അടയാളമാണ്. നാം വെറും തൊഴിലാളിക ളല്ല; സ്രഷ്ടാവായ ദൈവത്തിന്റെ സഹപ്രവർത്തകരും സഹസൃഷ്ടാക്ക ളുമാണ്.

5.1.2. അദ്ധ്വാനിക്കുന്ന ദൈവം

"യേശു അവരോട് പറഞ്ഞു: എന്റെ പിതാവ് ഇപ്പോഴും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു" (യോഹ 5:17). വിശുദ്ധ ഗ്രന്ഥം നമ്മെ പരിചയപ്പെടുത്തുന്ന ദൈവം നിഷ്ക്രിയനായ ഒരു ദൈ വമല്ല; പ്രവർത്തിക്കുന്ന ദൈവമാണ്. ആറു ദിവസങ്ങൾകൊണ്ട് സൃ ഷ്ടികർമ്മം പൂർത്തിയാക്കിയ ദൈവം ഏഴാം ദിവസം വിശ്രമിച്ചു (ഉത്പ 2:2-3). എന്നാൽ ആ വിശ്രമം പ്രവർത്തനത്തിന്റെ അവസാനമായിരു ന്നില്ല. സൃഷ്ടിയെ പരിപാലിച്ചും ജീവൻ നിലനിർത്തിയും ചരിത്രത്തെ ന യിച്ചും അവിടുന്ന് ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതുകൊ ണ്ടാണ് യേശു പറയുന്നത്: "എന്റെ പിതാവ് ഇപ്പോഴും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു."

ലോകത്തിന്റെ രക്ഷകനായ യേശു ഒരു രാജകൊട്ടാരത്തിൽ ജനിച്ചില്ല; ഒരു സാധാരണ കുടുംബത്തിലും ഒരു സാധാരണ ഗ്രാമത്തിലുമാണ് അവിടുന്ന് വളർന്നത്. തന്റെ പരസ്യജീവിതം ആരംഭിക്കുന്നതിന് മുമ്പ് മുപ്പത് വർഷത്തോളം അവിടുന്ന് നസറത്തിൽ ഒരു മരപ്പണിക്കാരനായി അധ്വാനിച്ചു. അതുകൊണ്ടുതന്നെയാണ് നസറത്തിലെ ജനങ്ങൾ അത്ഭുതത്തോടെ ചോദിച്ചത്: "ഇവൻ മരപ്പണിക്കാരനല്ലേ?" (മർക്കോ 6:3). ഈ ചോദ്യം യേശുവിന്റെ തൊഴിൽ മാത്രമല്ല, ദൈവത്തിന്റെ മനോഭാവവും വെളിപ്പെടുത്തുന്നു. മനുഷ്യന്റെ അധ്വാനത്തെ വിശുദ്ധമാക്കാൻ ദൈവപുത്രൻ തന്നെ അധ്വാനത്തിന്റെ ലോകത്തിലേക്ക് ഇറങ്ങി വന്നു. തന്റെ കൈകൾകൊണ്ട് മരം മുറിച്ചും രൂപപ്പെടുത്തിയുമാണ് അവിടുന്ന് ജീവിച്ചത്. അതിലൂടെ അവിടുന്ന് മനുഷ്യന്റെ ജോലിക്ക് പുതിയ മഹത്വം നൽകി. അതിനാൽ ജോലി ഉപജീവനത്തിനുള്ള മാർഗം മാത്രമല്ല; ദൈവത്തോടുള്ള സഹകരണവും ആത്മീയജീവിതത്തിന്റെ ഭാഗവുമാണ്.

സൃഷ്ടിയിലുടനീളം ദൈവത്തിന്റെ പ്രവർത്തനം ഇന്നും തുടരുന്നു. വിത്ത് മുളയ്ക്കുമ്പോൾ, ചെടി വളരുമ്പോൾ, പൂവ് വിരിയുമ്പോൾ, മഴ പെയ്യുമ്പോൾ, സൂര്യൻ പ്രകാശിക്കുമ്പോൾ—അവിടെയെല്ലാം ദൈവത്തിന്റെ പരിപാലനത്തിന്റെ കരങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യൻ വിത്ത് വിതയ്ക്കുന്നു; എന്നാൽ അതിന് വളർച്ച നൽകുന്നത് ദൈവമാണ്. മനുഷ്യൻ നിലം ഒരുക്കുന്നു; എന്നാൽ ജീവൻ നൽകുന്നത് ദൈവമാണ്. മനുഷ്യൻ അധ്വാനിക്കുന്നു; ദൈവം അതിന് ഫലം നൽകുന്നു. അതിനാൽ ഓരോ സത്യസന്ധമായ ജോലിയും ഒരു ആത്മീയാനുഭവമാണ്. കർഷകന്റെ വയലിലും, അധ്യാപകന്റെ ക്ലാസ് മുറിയിലും, ശാസ്ത്രജ്ഞന്റെ പരീക്ഷണശാലയിലും, കലാകാരന്റെ ശിൽപ്പശാലയിലും, അമ്മയുടെ അടുക്കളയിലും, പുരോഹിതന്റെ ബലിപീഠത്തിലും—എല്ലായിടത്തും മനുഷ്യൻ തന്റെ അധ്വാനത്തെ ദൈവത്തിന്റെ പ്രവർത്തനവുമായി ചേർക്കുമ്പോൾ, അവന്റെ ജോലി ഒരു പ്രാർത്ഥനയായും ഒരു ആരാധനയായും മാറുന്നു.

ദൈവം ഇന്നും പ്രവർത്തിക്കുന്നു. അവിടുന്ന് നമ്മുടെ കൈകളിലൂടെയും ഹൃദയങ്ങളിലൂടെയും ലോകത്തെ നവീകരിക്കുന്നു. അതുകൊണ്ട് ഓരോ ദിവസവും ജോലിക്കായി പുറപ്പെടുമ്പോൾ നമുക്ക് ഇങ്ങനെ പ്രാർത്ഥിക്കാം: "കർത്താവേ, എന്റെ അധ്വാനത്തെ അങ്ങയുടെ സൃഷ്ടി കർമ്മത്തിൽ പങ്കുചേരാനുള്ള വിശുദ്ധ അവസരമാക്കി മാറ്റണമേ."

5.1.3. മനുഷ്യന്റെ സഹകരണം തേടുന്ന ദൈവം

വിശുദ്ധ ഗ്രന്ഥം വെളിപ്പെടുത്തുന്ന ദൈവം സർവ്വശക്തനാണ്. അവിടുത്തേക്ക് അസാധ്യമായി ഒന്നുമില്ല. 'ഉണ്ടാകട്ടെ' എന്ന ഒരേയൊരു വചനത്താൽ അവിടുന്ന് ആകാശവും ഭൂമിയും വെളിച്ചവും ജീവനും സൃഷ്ടിച്ചു (ഉത്പ 1:3, 6, 9, 11, 14, 20, 24). അതാണ് സ്രഷ്ടാവിന്റെ അനന്ത ശക്തി.

എന്നാൽ സുവിശേഷങ്ങളിലൂടെ നാം മറ്റൊരു അത്ഭുതകരമായ സത്യം തിരിച്ചറിയുന്നു. സർവ്വശക്തനായ ദൈവം തന്റെ രക്ഷാകർമ്മത്തിൽ മനുഷ്യനെ സഹകാരിയാക്കാൻ ആഗ്രഹിക്കുന്നു. മനുഷ്യന്റെ സഹായം അവിടുത്തേക്ക് ആവശ്യമായതുകൊണ്ടല്ല, മനുഷ്യനെ തന്റെ ദൗത്യത്തിൽ പങ്കാളിയാക്കാൻ അവിടുന്ന് ആഗ്രഹിക്കുന്നതുകൊണ്ടാണ്. കാനായിലെ കല്യാണവിരുന്നിൽ ഇത് വ്യക്തമായി കാണാം. വെള്ളം വീഞ്ഞാക്കി മാറ്റുന്നതിനുമുമ്പ് യേശു പരിചാരകരോട് പറഞ്ഞു: "ഭരണികളിൽ വെള്ളം നിറയ്ക്കുവിൻ" (യോഹ 2:7). വെള്ളം നിറയ്ക്കുക മനുഷ്യന് ചെയ്യാൻ കഴിയുന്ന കാര്യമാണ്; എന്നാൽ ആ വെള്ളത്തെ വീഞ്ഞാക്കുക ദൈവത്തിനു മാത്രമേ കഴിയൂ. യേശു മനുഷ്യനോട് അസാധ്യമായ കാര്യം ആവശ്യപ്പെടുന്നില്ല. അവനു ചെയ്യാൻ കഴിയുന്നത് വിശ്വസ്തതയോടെ ചെയ്യാൻ മാത്രമാണ് ആവശ്യപ്പെടുന്നത്. ബാക്കി ദൈവം പൂർത്തിയാക്കുന്നു.

ലാസറിനെ ഉയിർപ്പിച്ച സംഭവത്തിലും ഇതേ പ്രവർത്തനശൈലി കാണാം. യേശു ആദ്യം പറഞ്ഞു: "ആ കല്ല് നീക്കുവിൻ" (യോഹ 11:39). മരണത്തെ ജയിക്കാൻ മനുഷ്യനു കഴിയില്ല; എന്നാൽ കല്ല് നീക്കാൻ കഴിയും. ലാസറിനെ ഉയിർപ്പിച്ചതിനുശേഷം യേശു വീണ്ടും പറഞ്ഞു: "അവന്റെ കെട്ടുകൾ അഴിക്കുവിൻ; അവനെ പോകാൻ അനുവദിക്കുവിൻ" (യോഹ 11:44). ജീവൻ നൽകുന്നത് ദൈവത്തിന്റെ പ്രവർത്തനമാണ്; എന്നാൽ വിമോചനത്തിന്റെ ശുശ്രൂഷയിൽ മനുഷ്യനെയും അവിടുന്ന് പങ്കാളിയാക്കുന്നു.

അഞ്ചപ്പവും രണ്ട് മീനും വർദ്ധിപ്പിച്ച അത്ഭുതത്തിലും ഇതേ രഹസ്യം കാണാം. ഒരു ചെറിയ ബാലന്റെ കൈയിലുണ്ടായിരുന്ന അപ്പവും മീനും യേശുവിന്റെ കൈകളിലെത്തി ലോകത്തെ പോഷിപ്പിക്കുന്ന അനുഗ്രഹമായി മാറി (യോഹ 6:9). ഉത്ഥിതനായ യേശു ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടപ്പോഴും പറഞ്ഞു: "നിങ്ങൾ ഇപ്പോൾ പിടിച്ച മത്സ്യത്തിൽ കുറേ കൊണ്ടുവരുവിൻ" (യോഹ 21:10). അവിടുത്തേക്ക് എല്ലാം സ്വയം ചെ

യ്യാൻ കഴിയുമായിരുന്നിട്ടും, മനുഷ്യന്റെ ചെറിയ സഹകരണത്തെ തന്റെ രക്ഷാകർമ്മത്തിന്റെ ഭാഗമാക്കാൻ അവിടുന്ന് തിരഞ്ഞെടുത്തു.

ദൈവത്തിന്റെ പ്രവർത്തനരീതി ഇതാണ്: മനുഷ്യന് ചെയ്യാൻ കഴിയുന്നത് മനുഷ്യൻ ചെയ്യണം; ദൈവത്തിനു മാത്രം ചെയ്യാൻ കഴിയുന്നത് ദൈവം ചെയ്തുകൊള്ളും. മനുഷ്യൻ കല്ല് നീക്കുന്നു; ദൈവം ജീവൻ നൽകുന്നു. മനുഷ്യൻ വെള്ളം നിറയ്ക്കുന്നു; ദൈവം അതിനെ വീഞ്ഞാക്കുന്നു. മനുഷ്യൻ അപ്പം സമർപ്പിക്കുന്നു; ദൈവം അതിനെ തന്റെ ശരീരമാക്കുന്നു. മനുഷ്യൻ മുന്തിരിച്ചാറ് അർപ്പിക്കുന്നു; ദൈവം അതിനെ തന്റെ തിരുരക്തമാക്കുന്നു.

വിശുദ്ധ കുർബാന ഈ ദൈവിക സഹകരണത്തിന്റെ ഏറ്റവും മനോഹരമായ അടയാളമാണ്. വൈദികൻ വീഞ്ഞിൽ ഒരു തുള്ളി വെള്ളം ചേർക്കുമ്പോൾ, ആ ചെറിയ ജലത്തുള്ളി മനുഷ്യപ്രകൃതിയുടെ പ്രതീകമായി ദൈവജീവിതത്തിൽ ലയിക്കുന്നു. ബലിപീഠത്തിൽ അർപ്പിക്കപ്പെടുന്ന അപ്പവും വീഞ്ഞും മനുഷ്യന്റെ അധ്വാനത്തിന്റെയും വിയർപ്പിന്റെയും ഭൂമിയുടെ ദാനത്തിന്റെയും ഫലങ്ങളാണ്. ദൈവം അവയെ സ്വീകരിച്ച് തന്റെ ശരീരവും തിരുരക്തവുമായി രൂപാന്തരപ്പെടുത്തുന്നു.

ഇതാണ് നമ്മുടെ ജീവിതത്തിന്റെയും ആത്മീയത. ദൈവം നമ്മോട് വലിയ കാര്യങ്ങളല്ല ആവശ്യപ്പെടുന്നത്; നമ്മുടെ വിശ്വസ്തതയാണ് ആവശ്യപ്പെടുന്നത്. നമ്മുടെ ചെറിയ അധ്വാനങ്ങളും വിയർപ്പും കണ്ണീരും സമയവും സ്നേഹവും അവിടുത്തെ കൈകളിൽ സമർപ്പിക്കുമ്പോൾ, അവയെ കൃപയുടെ ഉപാധികളാക്കി മാറ്റുന്നത് ദൈവമാണ്.

5.1.4. ചെറിയ കാര്യങ്ങളുടെ ആത്മീയത

“ആകാശം ദൈവത്തിന്റെ മഹത്വം പ്രഘോഷിക്കുന്നു; വാനവിതാനം അവിടുത്തെ കരവേലയെ വിളംബരം ചെയ്യുന്നു” (സങ്കീ 19:1). സൃഷ്ടി ദൈവം മനുഷ്യനുവേണ്ടി എഴുതിയ ഒരു മഹാഗ്രന്ഥമാണ്. ആകാശവും നക്ഷത്രങ്ങളും സമുദ്രങ്ങളും മലനിരകളും മാത്രമല്ല, ഒരു ചെറിയ ഇലയും ഒരു പൂവും ഒരു വിത്തും പോലും ദൈവത്തിന്റെ മഹത്വം വിളിച്ചു പറയുന്നു. നമ്മുടെ വീട്ടിലെ ഒരു ചെറിയ അടുക്കളത്തോട്ടം പോലും സ്രഷ്ടാവിന്റെ കരവേലയുടെ നിശ്ശബ്ദ സാക്ഷ്യമാണ്.

ഒരു വിത്ത് മണ്ണിൽ വീഴുന്നു. നിശ്ശബ്ദമായി മുളയ്ക്കുന്നു. പതിയെ വളരുന്നു. പിന്നീട് പൂവായും കായായും ഫലമായും മാറുന്നു. ഈ അത്ഭുതം ദിവസേന നമ്മുടെ കണ്ണുകൾക്കുമുന്നിൽ സംഭവിച്ചിട്ടും, നാം പലപ്പോഴും അതിന്റെ മഹത്വം തിരിച്ചറിയുന്നില്ല. മുളകും തക്കാളിയും വഴുതന

യും കറിവേപ്പിലയും വളരുന്നത് വെറും കൃഷിയല്ല; ദൈവത്തിന്റെ സൃഷ്ടിശക്തി ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നതിന്റെ ദൃശ്യ സാക്ഷ്യമാണ്.

അടുക്കളത്തോട്ടം നമ്മെ ലാളിത്യത്തിന്റെ ആത്മീയത പഠിപ്പിക്കുന്നു. ദൈവം പലപ്പോഴും മഹത്തായ കാര്യങ്ങളിലൂടെ അല്ല, ചെറിയ തുടക്കങ്ങളിലൂടെയാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ടാണ് യേശു പറഞ്ഞത്: "സ്വർഗരാജ്യം കടുകുമണിപോലെയാണ്" (മത്താ 13:31). ചെറിയ ഒരു വിത്ത് വലിയ വൃക്ഷമായി വളരുന്നതുപോലെ, സ്നേഹത്തോടെ ചെയ്യുന്ന ചെറിയ പ്രവൃത്തികളിലൂടെയാണ് ദൈവരാജ്യം വളരുന്നത്. ഒരു പുഞ്ചിരി, ഒരു സ്നേഹവാക്ക്, ഒരു ചെടി നട്ടുപിടിപ്പിക്കൽ, ഒരു വിശക്കുന്നവന് ഒരു നേരത്തെ ഭക്ഷണം നൽകൽ—ഇവയെല്ലാം ദൈവരാജ്യത്തിന്റെ വിത്തുകളാണ്. കാരണം, "എല്ലാ നല്ല ദാനവും പൂർണമായ എല്ലാ വരവും മുകളിൽനിന്ന് ഇറങ്ങിവരുന്നതാണ്" (യാക്കോ 1:17).

അടുക്കളത്തോട്ടം പങ്കുവെക്കലിന്റെയും വിദ്യാലയമാണ്. അവിടെ വിളയുന്ന ചെറിയ വിളവുകൾ പോലും അയൽക്കാരുമായും ദരിദ്രരുമായും സമൂഹവുമായും പങ്കിടുമ്പോൾ അത് ദൈവസ്നേഹത്തിന്റെ ജീവിക്കുന്ന സാക്ഷ്യമായി മാറുന്നു. പ്രകൃതി ഒരിക്കലും തനിക്കുവേണ്ടി മാത്രം ഫലം പുറപ്പെടുവിക്കുന്നില്ല; മനുഷ്യനും അങ്ങനെ ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.

ഒരു ആശ്രമമോ ഭവനമോ വെറും കെട്ടിടം മാത്രമാകരുത്. അവിടെ മരങ്ങളും പൂച്ചെടികളും ഔഷധസസ്യങ്ങളും ഒരു ചെറിയ അടുക്കളത്തോട്ടവും ഉണ്ടായിരിക്കണം. അവിടെ പ്രവേശിക്കുന്നവർക്ക് ദൈവത്തിന്റെ സൃഷ്ടിസൗന്ദര്യം അനുഭവിക്കാൻ കഴിയണം. ഒരു പൂവ് പോലും ദൈവത്തിന്റെ മഹത്വം വിളിച്ചുപറയുമ്പോൾ സങ്കീർത്തകന്റെ വാക്കുകൾ ജീവിതത്തിൽ യാഥാർഥ്യമാകുന്നു: "ആകാശം ദൈവത്തിന്റെ മഹത്വം പ്രഘോഷിക്കുന്നു."

'ആശ്രമം' എന്ന വാക്ക് തന്നെ നമ്മെ ഒരു വലിയ സത്യം ഓർമ്മിപ്പിക്കുന്നു. അത് ശ്രമത്തിന്റെ സ്ഥലമാണ്. അവിടെ പ്രാർത്ഥനയും അധ്വാനവും പരസ്പരം വേർതിരിക്കപ്പെട്ടവയല്ല. ഒരു ചെടിക്ക് വെള്ളം നൽകുന്നതും ഒരു പൂന്തോട്ടം പരിപാലിക്കുന്നതും ഒരു തോട്ടം കൃഷിചെയ്യുന്നതും നിശ്ശബ്ദമായ പ്രാർത്ഥനകളാകാം. സൃഷ്ടിയെ സ്നേഹത്തോടെ പരിപാലിക്കുമ്പോൾ നാം സ്രഷ്ടാവിനെ ആരാധിക്കുകയാണ്.

മരപ്പണിക്കാരനായ യേശു കൈകളുടെ അധ്വാനത്തിന് പുതിയ മഹത്വം നൽകി. പല സന്യാസപാരമ്പര്യങ്ങളും ഈ സത്യം ജീവിതമാക്കി. മഹാത്മാ ഗാന്ധിയും തന്റെ ചർക്കയെ വെറും ഉപകരണമല്ല, ആത്മീയ ഉപകരണമായി കണ്ടു. ഓരോ നൂൽ നെയ്യലും ദൈവസ്മരണയോടെ ആയിരുന്നു.

ഇന്നും സഭയ്ക്കും സമൂഹത്തിനും ആവശ്യമുള്ളത് അധ്വാനത്തിൽ ആനന്ദം കണ്ടെത്തുന്ന മനുഷ്യരാണ്. എന്തെങ്കിലും സൃഷ്ടിക്കുന്നതിലും വളർത്തുന്നതിലും മറ്റുള്ളവർക്ക് ഉപകാരപ്പെടുന്നതിലും സന്തോഷം കണ്ടെത്തുന്നവരാണ് ലോകത്തെ കൂടുതൽ മനോഹരമാക്കുന്നത്. അതുകൊണ്ട് നമ്മുടെ കൈകളുടെ അധ്വാനം നമ്മുടെ ഹൃദയത്തിന്റെ പ്രാർത്ഥനയാകട്ടെ; നമ്മുടെ തോട്ടങ്ങൾ ദൈവത്തിന്റെ സൃഷ്ടിയെ സ്തുതിക്കുന്ന വിശുദ്ധ ഇടങ്ങളാകട്ടെ; നമ്മുടെ ജീവിതം ചെറിയ കാര്യങ്ങളിൽ വിശ്വസ്തരായ ഒരു ശിഷ്യന്റെ ജീവിതമാകട്ടെ. കാരണം, ചെറിയ കാര്യങ്ങൾ സ്നേഹത്തോടെ ചെയ്യുന്നവരുടെ കൈകളിലാണ് ദൈവം വലിയ കാര്യങ്ങൾ ഏൽപ്പിക്കുന്നത്.

5.1.5. ഭോജനമേശ: ദൈവസാന്നിധ്യത്തിന്റെ കുടുംബാലയം

മനുഷ്യചരിത്രത്തിൽ ഏറ്റവും വിശുദ്ധമായ പല നിമിഷങ്ങളും ഒരു ഭോജനമേശയുടെ ചുറ്റുപാടിലാണ് സംഭവിച്ചിട്ടുള്ളത്. വിശുദ്ധ ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നത്, ഭക്ഷണം ശരീരത്തിന്റെ വിശപ്പ് അകറ്റാനുള്ള മാർഗം മാത്രമല്ല; അത് ദൈവവും മനുഷ്യനും തമ്മിലുള്ള കൂട്ടായ്മയുടെ അടയാളം കൂടിയാണെന്നാണ്.

യഹൂദപാരമ്പര്യത്തിൽ ദേവാലയം ദൈവസാന്നിധ്യത്തിന്റെ കേന്ദ്രമായിരുന്നു. എന്നാൽ എ.ഡി. 70-ൽ ജറുസലേം ദേവാലയം നശിച്ചതിനുശേഷം, റബ്ബിമാർ വിശ്വാസജീവിതത്തെ കുടുംബങ്ങളിലേക്കും സിനഗോഗുകളിലേക്കും കൂടുതൽ ആഴത്തിൽ നയിച്ചു. അങ്ങനെ കുടുംബ ഭോജനമേശ ദൈവസാന്നിധ്യം അനുഭവിക്കുന്ന ഒരു വിശുദ്ധ ഇടമായി മാറി. ദൈവം ദേവാലയത്തിൽ മാത്രം വസിക്കുന്നവനല്ല; വിശ്വാസത്തോടെ ഒരുമിച്ചുകൂടുന്ന ഓരോ കുടുംബത്തിലും അവിടുന്ന് സന്നിഹിതനാണെന്ന തിരിച്ചറിവ് യഹൂദകുടുംബജീവിതത്തെ രൂപപ്പെടുത്തി.

വിശുദ്ധ ഗ്രന്ഥത്തിന്റെ ആദ്യപേജുകൾ മുതൽ ഈ സത്യം പ്രകടമാണ്. അബ്രാഹാം മംറെയിലെ കരുവേലകങ്ങളുടെ സമീപത്ത് അതിഥികളെ സ്വീകരിച്ച് ഭക്ഷണം ഒരുക്കിയപ്പോൾ (ഉത്പ 18:1-8), ആ ആതിഥ്യത്തിന്റെ നടുവിലാണ് ദൈവത്തിന്റെ വാഗ്ദാനം വെളിപ്പെട്ടത്. പിന്നീട് മെൽക്കിസെദെക്ക് അബ്രാഹാമിന് അപ്പവും വീഞ്ഞും അർപ്പിച്ചു (ഉത്പ

14:18). ഈ സംഭവം പിന്നീട് ദിവ്യകാരുണ്യത്തിന്റെ ഒരു മനോഹരമായ മുന്നോടിയായി സഭ മനസ്സിലാക്കി.

എന്നാൽ യഹൂദപാരമ്പര്യത്തിന്റെ ഹൃദയത്തിൽ സ്ഥാനം പിടിച്ചത് പെസഹാ വിരുന്നാണ്. അടിമത്തത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള യാത്രയുടെ സ്മരണയായി ഓരോ കുടുംബവും ഭവനത്തിൽ ഒരുമിച്ചു കൂടി ഈ വിരുന്ന് ആഘോഷിച്ചു. അതിൽ രണ്ട് പ്രതീകാത്മക ഭക്ഷണങ്ങൾ പ്രത്യേക പ്രാധാന്യമർഹിക്കുന്നു.

1) മത്സാ (Matzah) പുളിപ്പില്ലാത്ത അപ്പമാണ്. ഈജിപ്തിൽനിന്ന് തിടുക്കത്തിൽ പുറപ്പെട്ടതിനാൽ അപ്പം പുളിക്കാൻ സമയം ലഭിച്ചില്ലെന്ന സ്മരണയാണിത്. അതിനാൽ അത് വിമോചനത്തിന്റെ അടിയന്തരതയെയും ദൈവത്തിന്റെ രക്ഷാകർമ്മത്തെയും അനുസ്മരിപ്പിക്കുന്നു.
2) മറോർ (Maror) കയ്പുള്ള സസ്യങ്ങളാണ്. അവ അടിമത്തത്തിന്റെ കയ്പും മനുഷ്യന്റെ വേദനയും ഓർമ്മിപ്പിക്കുന്നു.

ഇങ്ങനെ ഒരേ ഭോജനമേശയിൽ വേദനയും മോചനവും ഒരുമിച്ച് സ്മരിക്കപ്പെടുന്നു. ഭക്ഷണം ശരീരത്തെ മാത്രം പോഷിപ്പിക്കുന്നില്ല; ഒരു ജനതയുടെ ചരിത്രത്തെയും വിശ്വാസത്തെയും തലമുറകളിലേക്ക് കൈമാറുകയും ചെയ്യുന്നു.

ഈ പശ്ചാത്തലത്തിലാണ് യേശു അവസാന അത്താഴത്തിൽ ദിവ്യകാരുണ്യം സ്ഥാപിച്ചത്. ഒരു ഭോജനമേശയെ അവിടുന്ന് പുതിയ ഉടമ്പടിയുടെ ബലിപീഠമാക്കി മാറ്റി. അപ്പം എടുത്ത് ആശീർവദിച്ച്, "ഇത് നിങ്ങൾക്കുവേണ്ടി നൽകപ്പെടുന്ന എന്റെ ശരീരമാണ്" എന്നും പാന പാത്രം നൽകി, "ഇത് എന്റെ രക്തത്തിലെ പുതിയ ഉടമ്പടിയാണ്" എന്നും പ്രഖ്യാപിച്ചു (ലൂക്കാ 22:19-20). അങ്ങനെ കുടുംബഭോജനത്തിന്റെ ആത്മീയത ദിവ്യകാരുണ്യത്തിൽ അതിന്റെ പൂർണ്ണത പ്രാപിച്ചു.

ഇതെല്ലാം നമ്മെ ഒരു വലിയ സത്യം പഠിപ്പിക്കുന്നു. ഭോജനമേശ ഭക്ഷണം കഴിക്കുന്ന ഇടം മാത്രമല്ല; സ്നേഹം പങ്കിടുന്ന ഇടമാണ്. അവിടെ സംഭാഷണങ്ങൾ ഹൃദയങ്ങളെ കൂട്ടിയിണക്കുന്നു; ക്ഷമ ബന്ധങ്ങളെ സുഖപ്പെടുത്തുന്നു; നന്ദി വിശ്വാസത്തെ ആഴപ്പെടുത്തുന്നു; ദൈവസാന്നിധ്യം കുടുംബജീവിതത്തെ വിശുദ്ധമാക്കുന്നു.

ഇന്നത്തെ തിരക്കേറിയ ജീവിതത്തിൽ കുടുംബാംഗങ്ങൾ ഒരുമിച്ച് ഭക്ഷണം കഴിക്കുന്ന നിമിഷങ്ങൾ കുറയുകയാണ്. എന്നാൽ ക്രൈസ്തവ ഭവനത്തിലെ ഭോജനമേശ ഒരു സാധാരണ മേശയല്ല; അത് ഒരു ചെറിയ

കുടുംബാലയമാണ്. അവിടെ അപ്പം പങ്കിടുമ്പോൾ ജീവിതവും പങ്കിടപ്പെടണം; ഭക്ഷണം നൽകുമ്പോൾ സ്നേഹവും നൽകപ്പെടണം; പ്രാർത്ഥന ഉയരുമ്പോൾ ദൈവസാന്നിധ്യം അനുഭവിക്കപ്പെടണം. അങ്ങനെ ഓരോ കുടുംബഭോജനവും ദിവ്യകാരുണ്യത്തിന്റെ ഒരു പ്രതിധ്വനിയാകട്ടെ. കുടുംബം ഒരുമിച്ച് അപ്പം മുറിക്കുമ്പോൾ, അവരുടെ ഇടയിൽ സ്നേഹത്തിന്റെ ഉറവിടമായ ക്രിസ്തു സന്നിഹിതനാകുന്നു. അപ്പോൾ ഭോജനമേശ വെറും ഭക്ഷണമേശയല്ല; ദൈവസാന്നിധ്യത്തിന്റെ കുടുംബാലയം തന്നെയാകുന്നു.

5.1.6. സഹവാസത്തിന്റെ മുറി

ഊട്ടുമുറി വെറും ഭക്ഷണം കഴിക്കുന്ന സ്ഥലമല്ല; വിശപ്പും സ്നേഹവും സംഗമിക്കുന്ന വിശുദ്ധ ഇടമാണ്. ഒരു സാധാരണ ഭോജനമേശയിലൂടെയാണ് ദിവ്യകാരുണ്യത്തിന്റെ അഗാധമായ രഹസ്യത്തെ നാം സ്പർശിക്കുന്നത്. അതുകൊണ്ടാണ് യേശു തന്റെ ശിഷ്യന്മാരോട് വാഗ്ദാനം ചെയ്തത്: "നിങ്ങൾ എന്റെ രാജ്യത്തിൽ എന്റെ മേശയിൽനിന്ന് ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യും" (ലൂക്കാ 22:30). ഭക്ഷണമേശയെ യേശു ഒരു ദൈവാനുഭവത്തിന്റെ വേദിയായി ഉയർത്തി. യേശു മനുഷ്യന്റെ വിശപ്പിൽനിന്ന് അകന്നുനിൽക്കുന്ന ദൈവമല്ല. നാല്പത് ദിവസത്തെ ഉപവാസത്തിനുശേഷം അവിടുന്ന് വിശപ്പ് അനുഭവിച്ചു (മത്താ 4:2). കുരിശിൽ ദാഹിച്ചുകൊണ്ട് "എനിക്ക് ദാഹിക്കുന്നു" (യോഹ 19:28) എന്നു വിളിച്ചുപറഞ്ഞു. മനുഷ്യന്റെ വിശപ്പും ദാഹവും ശരീരത്തിന്റെ ആവശ്യങ്ങൾ മാത്രമല്ലെന്നും, സ്നേഹത്തിന്റെയും നീതിയുടെയും ദാഹമാണെന്നും അവിടുന്ന് തന്റെ ജീവിതത്തിലൂടെ വെളിപ്പെടുത്തി.

സ്വന്തം വിശപ്പ് തീർക്കാൻ കല്ലുകളെ അപ്പമാക്കാനുള്ള പ്രലോഭനം യേശു നിരസിച്ചു. എന്നാൽ മറ്റുള്ളവരുടെ വിശപ്പ് ഒരിക്കലും അവഗണിച്ചില്ല. അഞ്ചപ്പവും രണ്ടു മീനും വർദ്ധിപ്പിച്ച് ആയിരങ്ങളെ പോഷിപ്പിച്ചവൻ (മത്താ 14:13-21), വിശപ്പുള്ള മനുഷ്യനെ വെറും കയ്യോടെ മടക്കിവിടാത്ത ദൈവത്തിന്റെ മുഖമാണ്. ഈ സത്യം ദിവ്യകാരുണ്യത്തിൽ അതിന്റെ പൂർണ്ണത പ്രാപിക്കുന്നു. ബലിപീഠത്തിൽ നമുക്ക് ലഭിക്കുന്ന അപ്പം ഒരു പ്രതീകം മാത്രമല്ല; ലോകത്തിന്റെ വിശപ്പിന് ദൈവം നൽകിയ ഉത്തരമാണ്. ഓരോ ദിവ്യകാരുണ്യസ്വീകരണവും ഒരു ക്ഷണമാണ്—അപ്പം സ്വീകരിക്കാൻ മാത്രമല്ല, മറ്റുള്ളവർക്കായി അപ്പമായി മാറാൻ. "ഇത് എന്റെ സ്മരണയ്ക്കായി ചെയ്യുവിൻ" (ലൂക്കാ 22:19) എന്ന കല്പന വിശുദ്ധ കുർബാന അർപ്പിക്കുന്നതിനുള്ള ആഹ്വാനം മാത്രമല്ല; സ്വജീവിതം മറ്റുള്ളവർക്കായി മുറിച്ചുനൽകാനുള്ള വിളിയുമാണ്. അതുകൊണ്ട്

ദിവ്യകാരുണ്യ അപ്പം പല തലങ്ങളിൽ നമ്മെ സ്പർശിക്കുന്നു. അത് ബലിയാണ്, കാരണം അത് സ്നേഹത്തിന്റെ സമർപ്പണമാണ്. അത് ആഹാരമാണ്, കാരണം അത് ജീവൻ നൽകുന്നു. അത് സഹവാസമാണ്, കാരണം അത് നമ്മെ ഒരേ കുടുംബമാക്കുന്നു. അത് ദൗത്യമാണ്, കാരണം അത് ലോകത്തിലേക്ക് നമ്മെ അയക്കുന്നു.

ആദ്യകാല ക്രൈസ്തവ സമൂഹം ഈ സത്യം ജീവിതമാക്കി. "ആഴ്ചയിലെ ആദ്യദിവസം അപ്പം മുറിക്കുന്നതിനായി അവർ ഒരുമിച്ചുകൂടി" (അപ്പ 20:7). അവരുടെ വിശ്വാസം ആരാധനാലയത്തിൽ മാത്രം ഒതുങ്ങിയിരുന്നില്ല; വീടുകളിലെ ഭോജനമേശകളിലും അത് ജീവിച്ചിരുന്നു. അപ്പം മുറിക്കൽ അവരുടെ ആരാധനയും സഹവാസവും സാക്ഷ്യജീവിതവുമായിരുന്നു.

ഒരു കുടുംബത്തിന്റെ ഏറ്റവും ആത്മാർത്ഥമായ സംഭാഷണങ്ങൾ പലപ്പോഴും ഭോജനമേശയുടെ ചുറ്റുമാണ് നടക്കുന്നത്. അവിടെ സന്തോഷങ്ങൾ പങ്കിടപ്പെടുന്നു; ദുഃഖങ്ങൾ തുറന്നുപറയപ്പെടുന്നു; അന്യോന്യം ക്ഷമ ചോദിക്കപ്പെടുന്നു; ബന്ധങ്ങൾ സുഖപ്പെടുന്നു; ജീവിതം പരസ്പരം കൈമാറപ്പെടുന്നു. ഭക്ഷണം പങ്കിടുമ്പോൾ യഥാർത്ഥത്തിൽ പങ്കിടപ്പെടുന്നത് ജീവിതമാണ്.

യേശുവിന്റെ ജീവിതത്തിലും മേശയ്ക്ക് പ്രത്യേക സ്ഥാനമുണ്ടായിരുന്നു. നികുതിപിരിവുകാരോടും പാപികളോടും സുഹൃത്തുക്കളോടും കൂടെ അവിടുന്ന് ഭക്ഷണം കഴിച്ചു. അവസാന അത്താഴത്തിൽ ഒരു ഭോജനമേശയെ പുതിയ ഉടമ്പടിയുടെ ബലിപീഠമാക്കി. യേശുവിന് മേശ എന്നത് ഭക്ഷണത്തിന്റെ സ്ഥലം മാത്രമായിരുന്നില്ല; അന്യർ സഹോദരങ്ങളാകുന്ന സ്ഥലമായിരുന്നു. അകന്നുനിന്നവർ ഒരേ കുടുംബമാകുന്ന വിശുദ്ധ ഇടമായിരുന്നു.

ഇന്ന് നമ്മുടെ വീടുകളിലും ഒരു ഭോജനമേശയുണ്ട്. എന്നാൽ പലപ്പോഴും സഹവാസമില്ലാത്ത ഒരു മേശയായി അത് മാറുന്നു. ഒരാൾ ടെലിവിഷന്റെ മുന്നിൽ ഭക്ഷണം കഴിക്കുന്നു; മറ്റൊരാൾ മൊബൈൽ ഫോണിൽ മുഴുകിയിരിക്കുന്നു; മറ്റൊരാൾ വേറൊരു സമയത്താണ് ഭക്ഷണം കഴിക്കുന്നത്. അങ്ങനെ അപ്പം പങ്കിടപ്പെടുന്നുണ്ടെങ്കിലും ജീവിതം പങ്കിടപ്പെടുന്നില്ല.

ക്രിസ്തീയ കുടുംബങ്ങളിൽ ഭോജനമേശ വീണ്ടും ഒരു കുടുംബാലയമായി മാറണം. ഭക്ഷണത്തിനുമുമ്പുള്ള പ്രാർത്ഥന, പരസ്പരസംഭാഷണം, ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്ന ശീലം, വിശക്കുന്നവരെ ഓർക്കുന്ന

ഹൃദയം—ഇവയെല്ലാം ഭോജനമേശയെ ദിവ്യകാരുണ്യത്തിന്റെ പ്രതിധ്വനിയാക്കുന്നു. യേശു നമ്മെ ഓർമ്മിപ്പിക്കുന്നു: "എനിക്ക് വിശന്നു; നിങ്ങൾ എനിക്ക് ഭക്ഷിക്കാൻ തന്നു" (മത്താ 25:35). വിശക്കുന്ന മനുഷ്യനിൽ ക്രിസ്തുവിനെ കാണുകയും, നമ്മുടെ അപ്പം പങ്കിടുകയും ചെയ്യുന്നിടത്താണ് ദിവ്യകാരുണ്യം ജീവിതമായി മാറുന്നത്. അതുകൊണ്ട് ഓരോ കുടുംബഭോജനവും ഒരു ചെറിയ ദിവ്യകാരുണ്യാനുഭവമാകട്ടെ. ഓരോ ഊട്ടുമുറിയും സഹവാസത്തിന്റെ മുറിയാകട്ടെ. ഓരോ അപ്പവും സ്നേഹത്തിന്റെ അപ്പമാകട്ടെ. അപ്പോൾ നമ്മുടെ വീടുകളിലെ ഭോജനമേശകൾ ദൈവസാന്നിധ്യത്തിന്റെ കുടുംബാലയങ്ങളായിത്തീരും.

5.1.7. ധൂർത്ത പുത്രനും പ്രകൃതിയുടെ വിലാപവും

ധൂർത്തപുത്രന്റെ ഉപമ (ലൂക്കാ 15:11–32) വ്യക്തിപരമായ മാനസാന്തരത്തിന്റെ കഥ മാത്രമല്ല; മനുഷ്യനും ദൈവവും സൃഷ്ടിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ആഴത്തിൽ ചിന്തിക്കാൻ നമ്മെ ക്ഷണിക്കുന്നു.

പിതാവിന്റെ ഭവനം വിട്ടുപോയ ധൂർത്തപുത്രൻ തന്റെ സ്വത്തും സ്വാതന്ത്ര്യവും സ്വാർത്ഥമായി ദുരുപയോഗം ചെയ്തു. പിന്നീട് വിശുദ്ധ ഗ്രന്ഥം പറയുന്നു: "അവൻ എല്ലാം ചെലവഴിച്ചുകഴിഞ്ഞപ്പോൾ ആ ദേശത്ത് കഠിനമായ ഒരു ക്ഷാമം ഉണ്ടായി; അവൻ ഞെരുക്കത്തിലായി" (ലൂക്കാ 15:14). ഈ ക്ഷാമം അവന്റെ പാപത്തിന്റെ നേരിട്ടുള്ള ശിക്ഷയാണെന്ന് ഉപമ പറയുന്നില്ല. എന്നാൽ അതിൽ ഒരു ആത്മീയ സത്യം ഒളിഞ്ഞിരിക്കുന്നു. ദൈവത്തിൽനിന്ന് അകന്നുപോകുന്ന ജീവിതം ഒടുവിൽ ശൂന്യതയിലേക്കും ദാരിദ്ര്യത്തിലേക്കും വിശപ്പിലേക്കും നയിക്കുന്നു. മനുഷ്യൻ തന്റെ സ്രഷ്ടാവിൽനിന്ന് അകന്നുപോകുമ്പോൾ, അവന്റെ ജീവിതബന്ധങ്ങളും സാമൂഹികബന്ധങ്ങളും സൃഷ്ടിയുമായുള്ള ബന്ധവും മുറിവേൽക്കുന്നു.

ഈ വെളിച്ചത്തിൽ ഈ ഉപമയെ ഇന്നത്തെ പരിസ്ഥിതി പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ വായിക്കാം. ഭൂമിയുടെ സമ്പത്തുകളെ ഉത്തരവാദിത്വമില്ലാതെ ചൂഷണം ചെയ്യുമ്പോൾ, വനങ്ങൾ നശിപ്പിക്കുമ്പോൾ, ജലസ്രോതസ്സുകൾ മലിനമാക്കുമ്പോൾ, പ്രകൃതിയെ വെറും ഉപഭോഗ വസ്തുവായി കാണുമ്പോൾ, അതിന്റെ പ്രത്യാഘാതങ്ങൾ ഭൂമിയാകെ അനുഭവിക്കുന്നു. കാലാവസ്ഥാ വ്യതിയാനം, വരൾച്ച, വെള്ളപ്പൊക്കം, ജൈവവൈവിധ്യത്തിന്റെ നഷ്ടം എന്നിവ മനുഷ്യന്റെ അനിയന്ത്രിതമായ ആഗ്രഹങ്ങളുടെ ഫലമാണെന്ന് ഇന്ന് ലോകം തിരിച്ചറിയുന്നു.

ജെറമിയാ പ്രവാചകൻ നമ്മെ ഓർമ്മിപ്പിക്കുന്നു: "നമുക്ക് നമ്മുടെ ദൈവമായ കർത്താവിനെ ഭയപ്പെടാം; അവൻ യഥാസമയം ശരത്കാല മഴയും വസന്തകാലമഴയും നൽകുന്നു; വിളവെടുപ്പിന്റെ ആഴ്ചകൾ ഉറപ്പിക്കുന്നു" (ജെറെ 5:24). ദൈവത്തിന്റെ സൃഷ്ടി ഒരു ദാനമാണ്. അതിനെ സ്വീകരിക്കേണ്ടത് നന്ദിയോടെയും പരിപാലിക്കേണ്ടത് ഉത്തരവാദിത്വത്തോടെയുമാണ്. സങ്കീർത്തകൻ പറയുന്നതുപോലെ: "ഭൂമിയും അതിന്റെ പൂർണതയും കർത്താവിന്റേതാണ്" (സങ്കീ 24:1). അതുകൊണ്ട് മനുഷ്യൻ ഭൂമിയുടെ ഉടമയല്ല; കാര്യസ്ഥനാണ്.

ധൂർത്തപുത്രന്റെ കഥ പ്രത്യാശയിൽ അവസാനിക്കുന്നു. അവൻ പിതാവിന്റെ ഭവനത്തിലേക്ക് മടങ്ങിയെത്തിയപ്പോൾ, പിതാവ് ശിക്ഷയോടെയല്ല, കരുണയോടെയാണ് അവനെ സ്വീകരിച്ചത്. ക്രൈസ്തവ ആത്മീയതയുടെ ഹൃദയവും ഇതുതന്നെയാണ്. മനുഷ്യൻ ദൈവത്തിലേക്ക് മടങ്ങുമ്പോൾ ബന്ധങ്ങൾ സുഖപ്പെടുന്നു; ഹൃദയം പുതുക്കപ്പെടുന്നു; ജീവിതത്തിന് പുതിയ അർത്ഥം ലഭിക്കുന്നു. അതുപോലെതന്നെ, മനുഷ്യൻ സൃഷ്ടിയോടുള്ള തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രകൃതിയുമായി അനുരഞ്ജനപ്പെടുമ്പോൾ ഭൂമിക്കും പുതിയ പ്രത്യാശ ഉദിക്കുന്നു.

ധൂർത്തപുത്രന്റെ ഉപമ നമ്മെ വിളിക്കുന്നത് പാപത്തിൽനിന്ന് പാശ്ചാത്താപത്തിലേക്കും, സ്വാർത്ഥതയിൽനിന്ന് പങ്കുവെക്കലിലേക്കും, ചൂഷണത്തിൽനിന്ന് സംരക്ഷണത്തിലേക്കും, ദൈവത്തിൽനിന്നുള്ള അകലത്തിൽനിന്ന് സൃഷ്ടിയോടും സ്രഷ്ടാവിനോടും വീണ്ടും ഐക്യപ്പെടുന്ന ജീവിതത്തിലേക്കുമാണ്. വ്യക്തിയുടെ മാനസാന്തരവും ഭൂമിയുടെ സൗഖ്യവും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. ദൈവത്തിന്റെ ഭവനത്തിലേക്കുള്ള മടക്കം, സൃഷ്ടിയോടുള്ള പുതിയ ഉത്തരവാദിത്വത്തിന്റെ തുടക്കവുമാണ്.

5.1.8. ഓട്ടോഫാഗിയും ഉപവാസവും

ഉപവാസം ക്രൈസ്തവ ആത്മീയതയിലെ ഒരു പ്രധാന ആത്മീയസാധനമാണ്. എന്നാൽ സമീപകാല ശാസ്ത്രീയ പഠനങ്ങളും ഉപവാസത്തിന്റെ ചില ശാരീരിക ഗുണങ്ങളിലേക്ക് ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്.

2016-ലെ ഫിസിയോളജി അല്ലെങ്കിൽ മെഡിസിൻ വിഭാഗത്തിലെ നോബൽ സമ്മാനം ജപ്പാൻകാരനായ ശാസ്ത്രജ്ഞൻ യോഷിനോരി ഒഹ്സുമി-ക്കാണ് ലഭിച്ചത്. കോശങ്ങളിലെ ഓട്ടോഫാഗി (Autophagy) എന്ന പ്രക്രിയയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഗവേഷണത്തിനാണ് ഈ അംഗീകാരം. 'ഓട്ടോ' എന്നാൽ സ്വയം, 'ഫാഗി' എന്നാൽ ഭക്ഷിക്കുക എന്നാണ് അർത്ഥം. അതായത്, കോശങ്ങൾ തകരാറിലായതോ അ

നാവശ്യമായതോ ആയ ചില ഘടകങ്ങളെ സ്വയം വിഘടിപ്പിച്ച് പുനരുപ യോഗിക്കുന്ന സ്വാഭാവിക പ്രക്രിയയാണ് ഓട്ടോഫാഗി. ഇത് ശരീരത്തി ലെ കോശങ്ങളുടെ ആരോഗ്യവും സന്തുലിതാവസ്ഥയും നിലനിർത്തുന്ന തിൽ പ്രധാന പങ്ക് വഹിക്കുന്നു.

പോഷകങ്ങളുടെ ലഭ്യത കുറയുന്ന ചില സാഹചര്യങ്ങളിൽ, പ്രത്യേകിച്ച് ഉപവാസകാലത്ത്, ഈ പ്രക്രിയ കൂടുതൽ സജീവമാകാമെന്ന് ശാ സ്ത്രീയ പഠനങ്ങൾ സൂചിപ്പിക്കുന്നു. എന്നാൽ ഓട്ടോഫാഗി മനുഷ്യ ശരീ രത്തിലെ വളരെ സങ്കീർണ്ണമായ ഒരു ജൈവപ്രക്രിയയാണ്. ഇത് കാൻ സർ ഉൾപ്പെടെയുള്ള വിവിധ രോഗങ്ങളുമായി ബന്ധപ്പെട്ട് ഇപ്പോഴും വ്യാപകമായി പഠിക്കപ്പെടുന്ന ഒരു വിഷയമാണ്. അതിനാൽ ഉപവാസം എല്ലാ രോഗങ്ങളെയും തടയുമെന്നോ ചികിത്സിക്കുമെന്നോ പറയാൻ ശാസ്ത്രീയ അടിസ്ഥാനമില്ല.

എങ്കിലും, ആരോഗ്യവാനായ വ്യക്തികളിൽ, ശരിയായ രീതിയിലും വൈ ദ്യോപദേശത്തിന് വിധേയമായും അനുഷ്ഠിക്കുന്ന ഉപവാസം ശരീരത്തി ന്റെ ഉപാപചയപ്രവർത്തനങ്ങൾ (metabolism), ഇൻസുലിൻ സംവേദന ക്ഷമത, കോശങ്ങളുടെ നവീകരണപ്രക്രിയകൾ എന്നിവയിൽ ചില ഗുണകരമായ മാറ്റങ്ങൾ ഉണ്ടാക്കാമെന്ന് നിരവധി പഠനങ്ങൾ സൂചി പ്പിക്കുന്നു.

ക്രൈസ്തവ ആത്മീയതയിൽ ഉപവാസത്തിന്റെ ലക്ഷ്യം ശരീരത്തിന്റെ ആരോഗ്യം മാത്രമല്ല; ഹൃദയത്തിന്റെ നവീകരണമാണ്. ശരീരത്തിന് വി ശ്രമം നൽകുന്നതുപോലെ ആത്മാവിനും ദൈവത്തിലേക്ക് തിരിയാനു ള്ള അവസരമാണ് ഉപവാസം നൽകുന്നത്. ഭക്ഷണത്തിൽനിന്ന് സ്വമേ ധയാ വിട്ടുനിൽക്കുമ്പോൾ, നാം നമ്മുടെ ആഗ്രഹങ്ങളെ നിയന്ത്രിക്കാ നും വിശക്കുന്നവരെ ഓർക്കാനും ദൈവത്തെ കൂടുതൽ ആശ്രയിക്കാ നും പഠിക്കുന്നു. അതുകൊണ്ട് ഉപവാസം ശരീരത്തിന്റെയും ആത്മാവി ന്റെയും ഒരു ശുദ്ധീകരണയാത്രയാണ്. ശരീരം അനാവശ്യമായവയെ ഒഴിവാക്കാൻ പഠിക്കുന്നതുപോലെ, ആത്മാവും അഹങ്കാരം, സ്വാർത്ഥ ത, അമിതാസക്തി എന്നിവ ഉപേക്ഷിച്ച് ദൈവസ്നേഹത്തിലേക്ക് വളരാ ൻ പഠിക്കുന്നു. അങ്ങനെ ഉപവാസം ആരോഗ്യപരമായ ഒരു ശീലമെന്ന തിലുപരി, മനുഷ്യനെ ഉള്ളിൽനിന്ന് നവീകരിക്കുന്ന ഒരു ആത്മീയാനു ഷ്ഠാനമായി മാറുന്നു.

5.1.9. വിശക്കുന്ന ലോകം

വിശപ്പ് ഒരു മനുഷ്യന്റെ വയറിന്റെ മാത്രം പ്രശ്നമല്ല; അത് മനുഷ്യത്വ ത്തിന്റെ മനസ്സാക്ഷിയെ ചോദ്യം ചെയ്യുന്ന ഒരു യാഥാർഥ്യമാണ്. ലോക

ത്ത് ഇന്നും കോടിക്കണക്കിന് ആളുകൾക്ക് ഒരു നേരത്തെ ഭക്ഷണം പോലും ഉറപ്പില്ല. ഐക്യരാഷ്ട്രസഭയുടെ സമീപകാല റിപ്പോർട്ടുകൾ പ്രകാരം, ലോകത്ത് ഏകദേശം 673 ദശലക്ഷം ആളുകൾ ദീർഘകാല വിശപ്പനുഭവിച്ചുകൊണ്ടിരിക്കുന്നു. അതിൽ ഭൂരിഭാഗവും വികസ്വര രാജ്യങ്ങളിലാണ്. ദാരിദ്ര്യം, യുദ്ധങ്ങൾ, കാലാവസ്ഥാ വ്യതിയാനം, സാമൂഹിക അനീതി, സാമ്പത്തിക അസമത്വം എന്നിവ അവരുടെ ജീവിതത്തെ ദിവസവും വിശപ്പിന്റെ അരികിലേക്ക് തള്ളിവിടുന്നു.

വിശപ്പിന്റെ ഏറ്റവും വലിയ ഇരകൾ കുട്ടികളാണ്. പോഷകാഹാരക്കുറവ് അവരുടെ ശരീരവളർച്ചയെയും ബുദ്ധിവികാസത്തെയും ഭാവിയെയും പ്രതികൂലമായി ബാധിക്കുന്നു. വിശന്ന വയറുമായി സ്കൂളിൽ പോകുന്ന കുട്ടികൾക്ക് പഠനം പോലും ഒരു പോരാട്ടമാണ്. അമ്മമാർക്ക് മതിയായ പോഷകാഹാരം ലഭിക്കാത്തതിനാൽ ജനിക്കുന്ന അനേകം കുഞ്ഞുങ്ങൾ ജീവിതത്തിന്റെ തുടക്കം മുതൽ തന്നെ ആരോഗ്യപ്രതിസന്ധികൾ നേരിടുന്നു.

ഇവിടെ ഏറ്റവും വലിയ വിരോധാഭാസം ഇതാണ്: ലോകത്ത് എല്ലാവർക്കും മതിയാകുന്നത്ര ഭക്ഷണം ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. എന്നിട്ടും ലക്ഷക്കണക്കിന് ആളുകൾ വിശന്നുറങ്ങുന്നു. അതിന്റെ കാരണം ഭക്ഷണക്കുറവല്ല; മറിച്ച് ദാരിദ്ര്യവും അസമത്വപൂർണ്ണമായ വിഭവവിതരണവും യുദ്ധങ്ങളും ഭക്ഷണപാഴാക്കലും സാമൂഹിക അനീതിയുമാണ്. ഒരിടത്ത് ഭക്ഷണം വലിച്ചെറിയപ്പെടുമ്പോൾ മറ്റൊരിടത്ത് ഒരു കുഞ്ഞ് ഒരു കഷണം അപ്പത്തിനായി കരയുന്നു.

യേശുവിന്റെ ജീവിതത്തിൽ വിശപ്പിന് പ്രത്യേക സ്ഥാനമുണ്ട്. അവിടുന്ന് വിശപ്പ് അനുഭവിച്ചു (മത്താ 4:2), വിശക്കുന്ന ജനക്കൂട്ടത്തെ അപ്പം വർധിപ്പിച്ച് പോഷിപ്പിച്ചു (മത്താ 14:13–21), ഒടുവിൽ സ്വയം 'ജീവന്റെ അപ്പം' (യോഹ 6:35) ആയി ലോകത്തിന് നൽകി. അതുകൊണ്ട് ദിവ്യകാരുണ്യം സ്വീകരിക്കുന്ന ഓരോ ക്രൈസ്തവനും വിശക്കുന്ന മനുഷ്യനെ മറക്കാൻ കഴിയില്ല. ബലിപീഠത്തിൽ സ്വീകരിക്കുന്ന അപ്പം, വിശക്കുന്നവന്റെ മേശയിലേക്ക് എത്തേണ്ട സ്നേഹത്തിന്റെ അപ്പമാണ്.

ഇന്ന് നമുക്ക് ആത്മശോധന ചെയ്യാം. നമ്മുടെ വീട്ടിൽ ഭക്ഷണം പാഴാകുന്നുണ്ടോ? ആവശ്യത്തിലധികം വാങ്ങി കളയുന്നുണ്ടോ? വിശക്കുന്നവരെ ഓർക്കാൻ നമുക്ക് സമയം കണ്ടെത്തുന്നുണ്ടോ? നമ്മുടെ മേശയിലെ അപ്പത്തിൽ മറ്റൊരാളുടെ അവകാശവും ഉണ്ടെന്ന ബോധ്യം നമുക്കുണ്ടോ?

വിശപ്പിനെ നേരിടാൻ എല്ലാവർക്കും വലിയ പദ്ധതികൾ ആവശ്യമില്ല. ഭക്ഷണം പാഴാക്കാതിരിക്കുക, ആവശ്യമുള്ളവരുമായി പങ്കിടുക, വിശക്കുന്ന കുട്ടികളെ സഹായിക്കുക, കർഷകരെ ആദരിക്കുക, നീതിയുള്ള ഉപഭോഗശീലങ്ങൾ വളർത്തുക—ഇങ്ങനെയുള്ള ചെറിയ പ്രവൃത്തികൾ പോലും വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കും.

ലോകത്തിലെ വിശപ്പ് ഒരു സ്ഥിതിവിവരക്കണക്കല്ല; അത് ഓരോ മനുഷ്യന്റെയും മുഖമാണ്. അത് ഒരു അമ്മയുടെ കണ്ണീരാണ്, ഒരു കുട്ടിയുടെ ശൂന്യമായ വയറാണ്, ഒരു കുടുംബത്തിന്റെ നിശ്ശബ്ദ നിലവിളിയാണ്. ദിവ്യകാരുണ്യത്തിന്റെ മുമ്പിൽ മുട്ടുകുത്തുന്ന ഓരോ വിശ്വാസിയും ഈ നിലവിളി കേൾക്കാൻ പഠിക്കണം.

യേശു പറയുന്നു: "എനിക്ക് വിശന്നു; നിങ്ങൾ എനിക്ക് ഭക്ഷിക്കാൻ തന്നു" (മത്താ 25:35). ഈ വചനം നമ്മുടെ പ്രാർത്ഥനകളെ പ്രവൃത്തികളാക്കി മാറ്റുന്നു. ഒരാൾ പോലും വിശന്നുറങ്ങാത്ത ലോകം സൃഷ്ടിക്കാൻ നമുക്ക് കഴിയുന്ന ചെറിയ സംഭാവനകൾ ചെയ്യാം. നമ്മുടെ മേശയിലെ അപ്പം മറ്റൊരാളുടെ ജീവിതത്തിന്റെ പ്രത്യാശയാകട്ടെ; നമ്മുടെ ജീവിതം തന്നെ ലോകത്തിനായി മുറിച്ചുനൽകുന്ന ദിവ്യകാരുണ്യ അപ്പമായി മാറട്ടെ.

(സമാപന പ്രാർത്ഥന)

കരുണാനിധിയായ ദൈവമേ, ഈ ധ്യാനത്തിലൂടെ ഞങ്ങളുടെ ഹൃദയങ്ങളിൽ പകർന്ന പ്രകാശത്തിനും കൃപകൾക്കും നന്ദി. വിശക്കുന്ന ലോകത്തിന്റെ നിലവിളി കേൾക്കാനും, സ്വന്തം വിശപ്പിലൂടെ അപരന്റെ വിശപ്പ് തിരിച്ചറിയാനും, ദിവ്യകാരുണ്യത്തിന്റെ സ്നേഹത്തിൽ ജീവിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമേ. ഞങ്ങൾ സ്വീകരിക്കുന്ന ഓരോ ദിവ്യകാരുണ്യവും ഞങ്ങളെ കൂടുതൽ കാരുണ്യമുള്ളവരും പങ്കുവെക്കുന്നവരുമാക്കട്ടെ. ഞങ്ങളുടെ ഭോജനമേശകൾ സ്നേഹത്തിന്റെയും നന്ദിയുടെയും പങ്കുവെക്കലിന്റെയും ഇടങ്ങളാകട്ടെ. ഞങ്ങളുടെ അടുക്കളകളും തോട്ടങ്ങളും സ്നേഹത്തിന്റെയും ഉത്തരവാദിത്വത്തിന്റെയും ശുശ്രൂഷാലയങ്ങളാകട്ടെ.

അദ്ധ്വാനിക്കുന്നവരെയും അന്നം ഒരുക്കുന്നവരെയും അനുഗ്രഹിക്കണമേ. ഞങ്ങളുടെ അപ്പം, അധ്വാനം, സമയം, സ്നേഹം എന്നിവ അനേകർക്ക് അനുഗ്രഹമാകട്ടെ. ലോകത്ത് വിശപ്പ് കുറയാനും നീതിയും സമാധാനവും സ്നേഹവും വളരാനും ഞങ്ങളെ അങ്ങയുടെ ഉപകരണങ്ങളാക്കണമേ. ഇതെല്ലാം ജീവന്റെ അപ്പമായ ഞങ്ങളുടെ കർത്താവായ ഈശോമിശിഹാവഴി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

5.2
ഊട്ടുമുറിയും, അടുക്കളയും, അടുക്കളത്തോട്ടവും: ചാവറ ധ്യാനം

(ആമുഖ പ്രാർത്ഥന)

സ്നേഹത്തിന്റെയും കരുണയുടെയും ഉറവിടമായ ദൈവമേ, അങ്ങയുടെ ദാനമായ ഭൂമിയും സകല ജീവജാലങ്ങളും ഞങ്ങളുടെ വിശുദ്ധ ഉത്തരവാദിത്വമാണെന്ന് തിരിച്ചറിയുവാൻ ഞങ്ങളെ സഹായിക്കണമേ. ഓരോ ധാന്യമണിയിലും ജലത്തുള്ളിയിലും ഫലത്തിലും പച്ചക്കറിയിലും അങ്ങയുടെ സ്നേഹം തിരിച്ചറിയാനും, ആഹാരത്തെ നന്ദിയോടും ആദരവോടും പങ്കുവെക്കലോടും കൂടി സ്വീകരിക്കാനും ഞങ്ങളെ പഠിപ്പിക്കണമേ. ലാളിത്യവും മിതത്വവും നന്ദിയും ഞങ്ങളുടെ ജീവിതശൈലിയാകട്ടെ. പാഴാക്കലിൽനിന്ന് ഞങ്ങളെ കാത്ത്, ലഭിക്കുന്ന അനുഗ്രഹങ്ങളെ വിവേകത്തോടും ഉത്തരവാദിത്തത്തോടും ഉപയോഗിക്കുവാൻ അനുഗ്രഹിക്കണമേ. പ്രകൃതിയോടും മനുഷ്യരോടും അങ്ങയോടും ഐക്യത്തിൽ ജീവിക്കുന്ന സാക്ഷിസമൂഹമായി ഞങ്ങളെ വളർത്തണമേ. ഞങ്ങളുടെ ചിന്തകളിലും പ്രവൃത്തികളിലും സേവനങ്ങളിലും അങ്ങയുടെ സ്നേഹം പ്രതിഫലിക്കട്ടെ. ഇതെല്ലാം അങ്ങയുടെ മഹത്വത്തിനും സകല സൃഷ്ടികളുടെയും നന്മയ്ക്കുമായി സമർപ്പിക്കുന്നു. ആമ്മേൻ.

(ധ്യാനവിചിന്തനം)

5.2.1. ഭക്ഷണം: ആത്മാവിന്റെ ഉത്തരവാദിത്തം

"മനുഷ്യർ പരസ്പരം ഉപകാരം ചെയ്യുന്നത് സൃഷ്ടാവിനാൽ കല്പിക്കപ്പെട്ട ഒരു പ്രമാണമാകുന്നു എന്ന് ബോധിച്ച് ഒരു മനുഷ്യൻ ദിവസന്തോറും ഒരുത്തനെങ്കിലും ഉപകാരം ചെയ്തു കൊണ്ടുവന്നു. ഒരു ദിവസം അവൻ അത്താഴത്തിനിരുന്നപ്പോൾ അന്നു ഒരുത്തർക്കും ഉപകാരം ചെയ്തില്ലെന്ന് ഓർത്തു എഴുന്നേറ്റു ആയത് കഴിച്ചതിൽപ്പിന്നെ മാത്രമേ അത്താഴം കഴിച്ചോളൂ" (*ചാവരുൾ*, 14).

ഭക്ഷണം മനുഷ്യജീവിതത്തിന്റെ അനിവാര്യഘടകമാണ്. എന്നാൽ ക്രൈസ്തവ വിശ്വാസത്തിൽ ഭക്ഷണം ദൈവത്തിന്റെ ദാനമാണ്. ഓരോ ഭക്ഷണവും സൃഷ്ടാവിന്റെ സ്നേഹത്തെയും മനുഷ്യരുടെ അധ്വാനത്തെയും സമൂഹത്തിന്റെ പങ്കുവെപ്പിനെയും ഒരുപോലെ ഓർമ്മിപ്പി

ക്കുന്ന വിശുദ്ധ അനുഭവമാണ്. അതിനാൽ ഭക്ഷണം സ്വീകരിക്കുന്നതിന് മുമ്പ് നമ്മുടെ ജീവിതം സ്നേഹത്തിന്റെ ഫലം കായ്ക്കുന്നുണ്ടോ എന്ന ആത്മപരിശോധന നടത്താൻ ചാവറയച്ചൻ നമ്മെ ക്ഷണിക്കുന്നു.

ചാവരുളിലെ ഈ സംഭവം ഒരു വലിയ ആത്മീയപാഠമാണ് നൽകുന്നത്. ഓരോ ദിവസവും ഒരാൾക്കെങ്കിലും ഉപകാരം ചെയ്ത ശേഷമേ ഭക്ഷണം കഴിക്കൂ എന്ന് തീരുമാനിച്ച ആ മനുഷ്യൻ, ഭക്ഷണത്തെ ഒരു അവകാശമായി കണ്ടില്ല. മറ്റുള്ളവരോടുള്ള തന്റെ കടമ നിറവേറ്റിയ ശേഷമുള്ള ദൈവത്തിന്റെ അനുഗ്രഹമായിട്ടാണ് അദ്ദേഹം അതിനെ കണ്ടത്. ദൈവം നമ്മെ സൃഷ്ടിച്ചത് ഒറ്റയ്ക്ക് ജീവിക്കാനല്ല; പരസ്പരം സ്നേഹിക്കാനും സഹായിക്കാനും സേവിക്കാനുമാണ്. അതുകൊണ്ട് മറ്റുള്ളവരോടുള്ള ഉത്തരവാദിത്തം മറന്നുകൊണ്ട് ജീവിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല.

യേശു പറയുന്നു: "ഈ ഏറ്റവും ചെറിയവരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തതെല്ലാം എനിക്കുതന്നെയാണ് ചെയ്തത്" (മത്താ 25:40). അതിനർഥം, മറ്റുള്ളവരെ സേവിക്കുന്നത് ദൈവത്തെ സേവിക്കുന്നതുപോലെയാണ്. വിശക്കുന്നവന് ഭക്ഷണം കൊടുക്കുന്നതും, ദുഃഖിക്കുന്നവനെ ആശ്വസിപ്പിക്കുന്നതും, ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുന്നതും ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെ പ്രകടനമാണ്. അതുകൊണ്ടാണ് ആ മനുഷ്യൻ, ആദ്യം ഒരു ഉപകാരം ചെയ്തശേഷം മാത്രമേ ഭക്ഷണം കഴിക്കൂ എന്ന് തീരുമാനിച്ചത്.

"സ്വീകരിക്കുന്നതിനേക്കാൾ കൊടുക്കുന്നതാണ് കൂടുതൽ ഭാഗ്യം" (അപ്പ 20:35). മറ്റുള്ളവരെ സഹായിക്കുന്നത് അവർക്കു മാത്രമല്ല, നമ്മെയും വളർത്തുന്നു. കൊടുക്കാനും പങ്കുവെക്കാനും പഠിക്കുന്ന ഹൃദയമാണ് യഥാർത്ഥ സന്തോഷം അനുഭവിക്കുന്നത്. അതുകൊണ്ട് ദിവസവും ഒരു നന്മ എങ്കിലും ചെയ്യാതെ കടന്നുപോകാതിരിക്കാൻ നാം ശ്രദ്ധിക്കണം.

യേശുവിന്റെ ജീവിതം മുഴുവൻ സേവനത്തിന്റെ ജീവിതമായിരുന്നു. "മനുഷ്യപുത്രൻ ശുശ്രൂഷിക്കപ്പെടുവാനല്ല, ശുശ്രൂഷിക്കുവാനാണ് വന്നത്" (മർക്കോ 10:45). അതുകൊണ്ട് ഓരോ ദിവസവും ഒരാൾക്കെങ്കിലും ഒരു നന്മ ചെയ്യുക എന്നത് യേശുവിന്റെ വഴിയിൽ നടക്കുന്നതാണ്. അത് വലിയ കാര്യമായിരിക്കണമെന്നില്ല. ഒരു നല്ല വാക്ക്, ഒരു പുഞ്ചിരി, ഒരു സഹായം, വിശക്കുന്നവന് ഒരു നേരത്തെ ഭക്ഷണം—ഇവയെല്ലാം ദൈവത്തിന് പ്രിയപ്പെട്ട സേവനങ്ങളാണ്. ഭക്ഷണം ശരീരത്തെ മാത്രമല്ല, നമ്മുടെ ആത്മാവിനെയും പോഷിപ്പിക്കട്ടെ. ഓരോ ദിവസവും

സ്നേഹത്തിലും സേവനത്തിലും വളരുന്ന ജീവിതമാണ് ദൈവത്തിന് ഏറ്റവും പ്രിയപ്പെട്ട സമർപ്പണം. അപ്പോൾ നമ്മുടെ ഭക്ഷണവും ജീവിതവും ദൈവത്തിന് മഹത്വം നൽകുന്ന അനുഗ്രഹമായി മാറും.

5.2.2. "രുചിയറിഞ്ഞ് കിളിപ്പിക്കാൻ"

"പരിശുദ്ധ ദൈവമാതാവിന്റെ സ്തുതിക്കായി ഈ സമ്മാനം നിങ്ങൾക്ക് ഞാൻ കൊടുത്തയക്കുന്നു. എന്റെ മുറിയുടെ വാതിൽക്കൽ പെട്ടിയിൽ വളർത്തിയതാണ് ഈ മുളക്. ഇതിന്റെ ഫലം തീർന്നുവെന്നാണ് ഞാൻ കരുതിയിരുന്നത്. അതിനാൽ അവസാനത്തേതാണിത്; ചെറുതുമാണ്. ആരും ശ്രദ്ധിക്കാതെ നിന്ന് ഒന്നിച്ചു പഴുത്തു. ഇത് വെറുതെ നഷ്ടമാക്കി കളയാതിരിക്കാനും ഏതെങ്കിലും വിധത്തിൽ ഉപയോഗിക്കുന്നതിനുമായിട്ട് കൊടുത്തുവിടുന്നു.

ഈ മാങ്ങ പാറായി എനിക്കു കൊടുത്തയച്ചതാണ്. ഇതിൽ ചുമന്ന രണ്ടു മാങ്ങകൾ വളരെ വിശേഷപ്പെട്ടതാണ്. ഇന്ത്യയിൽ ഉള്ളതിൽ ഒന്നാംതരം. പക്ഷേ നന്നായി മൂത്തിട്ടില്ലാത്തതിനാൽ ഒന്നിന്റെ മുഖം പഴുത്തുപോയി. എങ്കിലും നിങ്ങൾ ഇതിന്റെ രുചിയറിഞ്ഞ് കിളിപ്പിച്ച് ഉണ്ടാക്കുവാനായിട്ട് കൊടുത്തയക്കുന്നു. തൊലി ചെത്തിക്കളഞ്ഞ് പൂളി എല്ലാവരെയും ഇതിന്റെ രുചി അറിയിക്കണം."[1]

ചാവറയച്ചന്റെ ഈ വാക്കുകൾ ഒരു മുളകിനെയും ഒരു മാങ്ങയെയും കുറിച്ചുള്ള ലളിതമായ വിവരണം മാത്രമല്ല. ദൈവം നൽകുന്ന അനുഗ്രഹങ്ങളെ എങ്ങനെ സ്വീകരിക്കണം, സംരക്ഷിക്കണം, പങ്കുവെക്കണം എന്ന ജീവിതദർശനമാണ് ഇതിൽ അടങ്ങിയിരിക്കുന്നത്.

ആദ്യം ശ്രദ്ധിക്കേണ്ടത്, "പരിശുദ്ധ ദൈവമാതാവിന്റെ സ്തുതിക്കായി" എന്ന വാക്കുകളാണ്. ചാവറയച്ചന് എല്ലാ നല്ല കാര്യങ്ങളും ദൈവത്തിന് സമർപ്പിക്കാനുള്ള അവസരമായിരുന്നു. ചെറിയ ഒരു സമ്മാനം പോലും ദൈവമഹത്വത്തിനുവേണ്ടി നൽകുമ്പോൾ അത് വിശുദ്ധമാകുന്നു. "നിങ്ങൾ എന്തു ചെയ്താലും ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുവിൻ" (1 കൊറി 10:31) എന്ന വി. പൗലോസിന്റെ ആഹ്വാനം ഇവിടെ ജീവസുറ്റതാകുന്നു.

"ആരും ശ്രദ്ധിക്കാതെ നിന്ന് ഒന്നിച്ചു പഴുത്തു" എന്ന വാക്കുകൾ ദൈവത്തിന്റെ പ്രവർത്തനരീതിയെ ഓർമ്മിപ്പിക്കുന്നു. വിത്ത് എങ്ങനെ വളരുന്നുവെന്ന് മനുഷ്യന് അറിയില്ലെങ്കിലും അത് വളർന്ന് ഫലം തരുന്നു (മർ

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VII/8:1, 161.

ക്കോ 4:27). അതുപോലെ, നമ്മുടെ ജീവിതത്തിലും ദൈവം നിശ്ശബ്ദമായി പ്രവർത്തിക്കുന്നു. ചെറുതും ശ്രദ്ധിക്കപ്പെടാത്തതുമായ കാര്യങ്ങളിലൂടെ അവിടുന്ന് വലിയ നന്മകൾ ചെയ്യുന്നു. അതുകൊണ്ട് ജീവിതത്തിലെ ചെറിയ അവസരങ്ങളെയും ചെറിയ ദാനങ്ങളെയും നാം വിലമതിക്കണം.

ചാവറയച്ചൻ പറയുന്ന മറ്റൊരു പ്രധാന കാര്യം, "വെറുതെ നഷ്ടമാക്കാതെ ഉപയോഗിക്കണം" എന്നതാണ്. ദൈവം നൽകുന്ന ഒന്നും പാഴാക്കരുത്. സമയം, കഴിവ്, പ്രകൃതിയുടെ സമ്പത്ത്, ഭക്ഷണം, സ്നേഹം—ഇവയെല്ലാം ദൈവത്തിന്റെ ദാനങ്ങളാണ്. അവയെ ഉത്തരവാദിത്തത്തോടെ ഉപയോഗിക്കുകയും ഫലപ്രദമാക്കുകയും ചെയ്യുക എന്നത് ഓരോ വിശ്വാസിയുടെയും കടമയാണ്. താലന്തുകളുടെ ഉപമ (മത്താ 25:14–30) ഇതേ സന്ദേശമാണ് നൽകുന്നത്.

മാങ്ങയെക്കുറിച്ച് ചാവറയച്ചൻ പറയുന്ന വാക്കുകളും ശ്രദ്ധേയമാണ്. പുറമേ ചെറിയ അപാകത ഉണ്ടായിരുന്നെങ്കിലും അതിന്റെ ഗുണമേന്മ നഷ്ടപ്പെട്ടിരുന്നില്ല. മനുഷ്യജീവിതവും അങ്ങനെ തന്നെയാണ്. നമ്മിൽ കുറവുകൾ ഉണ്ടായിരിക്കാം; എന്നാൽ ദൈവം നമ്മുടെ കുറവുകളല്ല, അവിടുന്ന് നമ്മിൽ നിക്ഷേപിച്ച നന്മയാണ് കാണുന്നത്. അവിടുത്തെ കൃപ നമ്മുടെ അപൂർണതകളെയും അനുഗ്രഹമാക്കി മാറ്റുന്നു.

ഈ ഭാഗത്തിന്റെ ഹൃദയം "രുചിയറിഞ്ഞ്... എല്ലാവരെയും ഇതിന്റെ രുചി അറിയിക്കണം" എന്ന വാക്യത്തിലാണ്. നല്ലത് സ്വയം അനുഭവിച്ചാൽ മാത്രം മതിയല്ല; അത് മറ്റുള്ളവർക്കും അനുഭവിക്കാനുള്ള അവസരം ഒരുക്കണം. "കർത്താവ് എത്രയോ നല്ലവനാണെന്ന് രുചിച്ചറിയുവിൻ" (സങ്കീ 34:8) എന്ന തിരുവചനം വ്യക്തിപരമായ അനുഭവത്തിലേക്ക് വിളിക്കുമ്പോൾ, യേശുവിന്റെ ജീവിതം ആ അനുഭവം മറ്റുള്ളവരുമായി പങ്കുവെക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

ക്രിസ്തുവിന്റെ ജീവിതം ഇതിന്റെ ഏറ്റവും വലിയ മാതൃകയാണ്. ദൈവത്തിന്റെ സ്നേഹം ലോകത്തിന് പങ്കുവെക്കാനാണ് അവിടുന്ന് മനുഷ്യനായത്. സ്വന്തമായി ഒന്നും സൂക്ഷിക്കാതെ തന്റെ ജീവിതവും സ്നേഹവും അവസാനം സ്വന്തം ശരീരവും ലോകത്തിനുവേണ്ടി നൽകി. ക്രിസ്തുവിന്റെ ഈ മനോഭാവം തന്നെയാണ് ചാവറയച്ചന്റെ ജീവിതത്തിലും നാം കാണുന്നത്. ലഭിച്ച ദൈവദാനങ്ങൾ സ്വന്തം ആവശ്യത്തിനല്ല, മറ്റുള്ളവരുടെ നന്മയ്ക്കായി ഉപയോഗിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ജീവിതസന്ദേശം. ദൈവാനുഗ്രഹം സൂക്ഷിച്ചുവയ്ക്കാനുള്ള വസ്തുവല്ല; പങ്കുവെക്കാനുള്ള ദാനമാണ്. അത് പങ്കിടുമ്പോഴാണ് അതി

ന്റെ യഥാർത്ഥ സൗന്ദര്യവും ഫലവും വെളിപ്പെടുന്നത്. അതാണ് ചാവറ യച്ചൻ തന്റെ ലളിതമായ ജീവിതത്തിലൂടെ നമ്മെ പഠിപ്പിക്കുന്നത്.

5.2.3. പ്രിയോർ മാവ്: ആത്മീയ സ്മാരകം

വി. ചാവറയച്ചൻ സി.എം.ഐ. സഭയുടെ പ്രിയോർ ജനറലായിരുന്നപ്പോൾ നട്ടുവെച്ച മാവുകൾ, പ്രിയോർ ജനറൽ നട്ടവയായതിനാൽ പിന്നീട് 'പ്രിയോർ മാവ്' എന്ന പേരിൽ അറിയപ്പെടുകയും കാലത്തെ അതിജീവിച്ച് ഇന്നും നമ്മോട് സംസാരിക്കുകയും ചെയ്യുന്നു. അവയുടെ നിഴലിലും മധുരഫലങ്ങളിലും ഒരു മഹത്തായ ആത്മീയ സന്ദേശം നിശ്ശബ്ദമായി വിരിയുന്നു. പോരൂക്കര ഏലിശാച്ചന് എഴുതിയ ഒരു കത്തിൽ ചാവറ പിതാവ് പറയുന്നു:

"എന്നെക്കാൾ കൂടുതൽ കാലം നിലനിൽക്കുന്നതും മധുരമുള്ള ഫലങ്ങൾ നൽകുന്നതുമായ ഒരു ഓർമ്മ: അതായത് മനുഷ്യൻ എത്ര ബലഹീനനും ക്ഷണികനുമാണ് എന്ന് നമ്മുടെ കൊവേന്തയിലുള്ള എല്ലാവരും ഓർക്കുന്നതിനു വേണ്ടി ഓരോ കൊവേന്തയിലും ദുക്റാനൻ (ഓർമ്മയ്ക്ക്) എന്ന് പേരിട്ട് ഓരോ മധുരമാവുകൾ നട്ടുപിടിപ്പിക്കുന്നതിന് ഈ മാവിൻ തൈകൾ ചില കൊവേന്തകളിലേക്ക് കൊടുത്തു വിട്ടിട്ടുണ്ട്. ഒന്നു മുത്തോലിയിലേക്ക്, വേണമെങ്കിൽ ഒന്ന് അവിടെയും എടുക്കാം."[1]

"എന്നെക്കാൾ കൂടുതൽ കാലം നിലനിൽക്കുന്നതും മധുരമുള്ള ഫലങ്ങൾ നൽകുന്നതുമായ ഒരു ഓർമ്മ..."—ചാവറയച്ചന്റെ ഈ ദർശനം മനുഷ്യജീവിതത്തിന്റെ ക്ഷണികതയും ദൈവകൃപയുടെ നിത്യഫലപ്രാപ്തിയും തമ്മിലുള്ള അത്ഭുതകരമായ ബന്ധത്തെ വെളിപ്പെടുത്തുന്നു. മനുഷ്യൻ എത്ര ശക്തനായാലും അവന്റെ ജീവിതം ക്ഷണികമാണ്; എന്നാൽ ദൈവത്തിൽ നട്ടുപിടിപ്പിച്ച ജീവിതം നിത്യവും ഫലപ്രദവുമാണ്. അതുകൊണ്ടുതന്നെ ചാവറയച്ചൻ കല്ലുകൊണ്ടുള്ള സ്മാരകങ്ങൾ പണിയാൻ ആഗ്രഹിച്ചില്ല; ജീവിക്കുന്നതും വളരുന്നതും ഫലം തരുന്നതുമായ ഒരു സ്മാരകമാണ് അദ്ദേഹം തെരഞ്ഞെടുത്തത്. ഇവിടെ ഒരു മാവിൻതൈ നട്ടുപിടിപ്പിക്കൽ വെറും കൃഷിപ്രവൃത്തി മാത്രമല്ല; അത് ഒരു ആത്മീയ സ്മാരകമാണ്—മനുഷ്യൻ മാഞ്ഞുപോകുമ്പോഴും അവൻ വിതച്ച നന്മ നിലനിൽക്കുമെന്ന സാക്ഷ്യം.

മനുഷ്യൻ ബലഹീനനും ക്ഷണികനുമാണ്. "മനുഷ്യന്റെ ദിവസങ്ങൾ പുല്ലുപോലെ... കാറ്റ് വീശുമ്പോൾ അവൻ ഇല്ലാതാകുന്നു" (സങ്കീ 103:

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, V/11, 111.

15–16). എന്നാൽ ഈ ക്ഷണികത നിരാശയിലേക്ക് നയിക്കുന്നില്ല; മറിച്ച് നിത്യഫലമുള്ള ജീവിതത്തിലേക്ക് വിളിക്കുന്നു. അതുകൊണ്ടാണ് ചാവറയച്ചൻ 'മധുരമുള്ള ഫലങ്ങൾ നൽകുന്ന ഓർമ്മ'യെക്കുറിച്ച് സംസാരിക്കുന്നത്. നാം നശ്വരരാണ്; പക്ഷേ ദൈവത്തിൽ നട്ടുപിടിപ്പിക്കപ്പെട്ടാൽ നിത്യഫലം നൽകാൻ കഴിയും.

യേശു പറയുന്നു: "ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും" (യോഹ 12:24). ഇവിടെ മരണവും ഫലപ്രാപ്തിയും തമ്മിലുള്ള ദൈവിക രഹസ്യം വെളിപ്പെടുന്നു. ചാവറയച്ചൻ തന്റെ ജീവിതത്തെ ഒരു 'വിത്ത്' പോലെ കണ്ടു—താൻ കടന്നുപോകുമ്പോഴും താൻ നട്ട നന്മകൾ മധുരഫലം നൽകണമെന്ന ആഗ്രഹത്തോടെ.

മാവിൻതൈകൾ വളർന്ന് യഥാകാലം ഫലം തരുന്നത് വിശ്വാസജീവിതത്തിന്റെ ശക്തമായ ഒരു രൂപകമാണ്. ഉടൻ ഫലം കാണാനാവില്ല; എന്നാൽ വിശ്വാസത്തോടെ നട്ടുപിടിപ്പിച്ച നന്മ സ്വീകാര്യമായ സമയത്ത് സമൃദ്ധിയായി വിളവാകും. "നമുക്കു മടുപ്പുതോന്നാതിരുന്നാൽ യഥാകാലം വിളവെടുക്കാം" (ഗലാ 6:9) എന്ന വചനത്തിന്റെ ദൃശ്യരൂപമാണ് ഇത്.

നമ്മുടെ ജീവിതം നമ്മെക്കാൾ ദൈർഘ്യമുള്ള ഒരു സ്വാധീനം സൃഷ്ടിക്കണം. ചാവറയച്ചൻ സ്മാരകമായി കെട്ടിടങ്ങളെയല്ല, ജീവിക്കുന്ന വൃക്ഷങ്ങളെയാണ് തെരഞ്ഞെടുത്തത്; കാരണം അവ വളരുന്നു, ഫലം തരുന്നു, മറ്റുള്ളവരെ പോഷിപ്പിക്കുന്നു. കൂടാതെ, 'മധുരഫലം' എന്നത് ക്രിസ്തീയ ജീവിതത്തിലെ ഫലങ്ങളെ ഓർമ്മിപ്പിക്കുന്നു: "ആത്മാവിന്റെ ഫലം സ്നേഹം, സന്തോഷം, സമാധാനം..." (ഗലാ 5:22). ഈ മാവുകൾ വെറും ഭൗതിക ഫലം മാത്രമല്ല; അവ ആത്മീയ ഫലപ്രാപ്തിയുടെ പ്രതീകങ്ങളുമാണ്. ജീവിതം ക്ഷണികമാണ്; പക്ഷേ ദൈവത്തിൽ നട്ടുപിടിപ്പിച്ച നന്മ നിത്യമാണ്. അതിനാൽ, നാം ജീവിക്കുന്നത് മാത്രം പോരാ; നാം നന്മ നട്ടുപിടിപ്പിക്കണം. അങ്ങനെ, നമ്മെക്കാൾ ദൈർഘ്യമുള്ള ഒരു 'മധുരമായ ഓർമ്മ' ലോകത്ത് നിലനിൽക്കട്ടെ.

ഇന്ന് പ്രിയോർ മാവിന്റെ മുന്നിൽ നിൽക്കുമ്പോൾ അത് നമ്മെ ഒരു ആത്മപരിശോധനയിലേക്ക് നയിക്കുന്നു: നമ്മുടെ ജീവിതം നമ്മെക്കാൾ ദൈർഘ്യമുള്ള ഒരു 'മധുര ഓർമ്മ' സൃഷ്ടിക്കുന്നുണ്ടോ? ജീവിതം ക്ഷണികമാണ്; പക്ഷേ ദൈവത്തിൽ നട്ടുപിടിപ്പിച്ച നന്മ നിത്യമാണ്. അതുകൊണ്ട് നമ്മുടെ കൊച്ചു ജീവിതത്തിൽ നാം നന്മ വിതയ്ക്കുകയും നട്ടുപിടിപ്പിക്കുകയും വളർത്തുകയും വേണം. അങ്ങനെ, ഒരു ദിവസം

നമ്മുടെ ജീവിതവും നമ്മെക്കാൾ കൂടുതൽ കാലം നിലനിൽക്കുന്ന ഒരു 'മധുരമായ ഓർമ്മ'യായി ലോകത്ത് തുടരട്ടെ.

5.2.4. ആശ്രമജീവിതവും പ്രകൃതിയും

ചങ്ങനാശ്ശേരിയിൽ ഒരു കൊവേന്ത സ്ഥാപിക്കുന്നതിനായി സ്ഥലത്തിന്റെ സവിശേഷതകളെക്കുറിച്ച് അക്കമിട്ട് വിവരിച്ചുകൊണ്ട് ചെറിയാൻ കത്തനാർക്ക് എഴുതിയ കത്തിൽ ചാവറ പിതാവ് പറയുന്നു: "വലിയ ചൂട് അനുഭവപ്പെടാതിരിക്കാൻ ആശ്രമത്തിനു അടുത്ത് തന്നെ വലിയ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കാനും, പണി ചെയ്യാനും, തോട്ടം ഉണ്ടാക്കാനും, ചുറ്റി നടക്കാനും മറ്റും സൗകര്യം ലഭിക്കത്തക്ക വിധം സ്ഥലം വിശാലമായിരിക്കണം"[1]

ദൈവസാന്നിധ്യത്തിൽ മനുഷ്യൻ സമഗ്രമായി വളരേണ്ട ആത്മീയ പരിസരത്തെക്കുറിച്ചുള്ള ചാവറയച്ചന്റെ വ്യക്തമായ ദർശനമാണ് ഈ നിർദ്ദേശത്തിൽ പ്രതിഫലിക്കുന്നത്. സന്യാസജീവിതം പ്രാർത്ഥനയിലും ആചാരങ്ങളിലും ഒതുങ്ങുന്നതല്ല; അത് ദൈവത്തോടും മനുഷ്യനോടും സൃഷ്ടിയോടും ഉള്ള സമഗ്രബന്ധം വളർത്തുന്ന ജീവിതമാണ്.

ചാവറയച്ചന്റെ കാഴ്ചപ്പാടിൽ ആത്മീയജീവിതം പ്രകൃതിയിൽ നിന്ന് വേർപെട്ട ഒന്നല്ല. മറിച്ച്, ദൈവം സൃഷ്ടിച്ച ലോകത്തിന്റെ സൗന്ദര്യത്തോടും സന്തുലിതാവസ്ഥയോടും ചേർന്നാണ് മനുഷ്യൻ ദൈവാനുഭവത്തിലേക്ക് വളരുന്നത്. വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക, തോട്ടം പരിപാലിക്കുക, വിശാലമായ സ്ഥലം ഒരുക്കുക എന്നിവ ശരീരത്തിനും മനസ്സിനും ആത്മാവിനും വിശ്രമവും നവീകരണവും നൽകുന്ന ദൈവിക ക്രമത്തിന്റെ ഭാഗമാണ്.

ഈ ദർശനം വിശുദ്ധ ഗ്രന്ഥത്തിന്റെ ആദ്യ അധ്യായങ്ങളുമായി ചേർന്നു നിൽക്കുന്നു. ദൈവം മനുഷ്യനെ ഏദൻതോട്ടത്തിൽ സ്ഥാപിച്ചത് "അതിനെ കൃഷിചെയ്യാനും സംരക്ഷിക്കാനും" വേണ്ടിയായിരുന്നു (ഉത്പ 2:8–15). അതിനാൽ സൃഷ്ടിയെ പരിപാലിക്കുക എന്നത് വെറും പരിസ്ഥിതി ഉത്തരവാദിത്വമല്ല; അത് ദൈവം മനുഷ്യനെ ഏൽപ്പിച്ച ആത്മീയ ദൗത്യമാണ്. ആശ്രമത്തിനായി ചാവറയച്ചൻ നിർദ്ദേശിച്ച തണലുള്ള വൃക്ഷങ്ങളും വിശാലമായ പരിസരവും സഞ്ചാരസൗകര്യവും ഈ ദൈവിക നിയോഗത്തിന്റെ സാക്ഷാത്കാരമാണ്.

യേശുവിന്റെ ജീവിതവും ഇതേ സത്യത്തിന് സാക്ഷ്യം വഹിക്കുന്നു. അവിടുന്ന് പലപ്പോഴും മലകളിലും തോട്ടങ്ങളിലും ഏകാന്തസ്ഥലങ്ങളിലും

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VIII/4:2,182.

പോയി പ്രാർത്ഥിച്ചിരുന്നു (ലൂക്കാ 5:16; മത്താ 26:36). പ്രകൃതിയോടു ചേർന്ന ഈ പ്രാർത്ഥനാജീവിതം മനുഷ്യനും സൃഷ്ടിയും തമ്മിലുള്ള ദൈവിക ഐക്യം വെളിപ്പെടുത്തുന്നു. ആത്മീയ വളർച്ചയും സൃഷ്ടിയുടെ സംരക്ഷണവും പരസ്പരം വേർതിരിക്കാനാവാത്തവയാണ്.

ഇന്ന് പരിസ്ഥിതി പ്രതിസന്ധികൾ ലോകത്തെ ആശങ്കപ്പെടുത്തുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. എന്നാൽ ചാവറ പിതാവ് നൂറ്റാണ്ടുകൾക്കുമുമ്പേ പ്രകൃതിയോട് ചേർന്ന ആശ്രമജീവിതത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞിരുന്നു. അദ്ദേഹത്തിന് മരങ്ങൾ നട്ടുപിടിപ്പിക്കൽ ഒരു സൗകര്യം മാത്രമായിരുന്നില്ല; സൃഷ്ടിയെ സംരക്ഷിക്കുന്ന ആത്മീയ ഉത്തരവാദിത്വമായിരുന്നു. സങ്കീർത്തകൻ പാടുന്നതുപോലെ: "വയലുകൾ സന്തോഷിക്കും; കാടിലെ എല്ലാ വൃക്ഷങ്ങളും ആനന്ദത്തോടെ കൈയടിക്കും" (സങ്കീ 96:12).

ചാവറയച്ചൻ വിഭാവനം ചെയ്ത ആശ്രമം കെട്ടിടങ്ങളുടെ ഒരു സമുച്ചയം മാത്രമല്ല; ദൈവത്തോടും പ്രകൃതിയോടും മനുഷ്യനോടും ഐക്യത്തിൽ ജീവിക്കുന്ന ഒരു ആത്മീയ ആവാസകേന്ദ്രമാണ്. അവിടെ തണലുണ്ട്, വിശാലതയുണ്ട്, പ്രാർത്ഥനയുണ്ട്, അധ്വാനമുണ്ട്, സൃഷ്ടിയോടുള്ള ആദരവുണ്ട്. അത്തരം അന്തരീക്ഷത്തിലാണ് ആത്മാവ് വിശ്രമിക്കുകയും ദൈവരാജ്യം നിശ്ശബ്ദമായി വളരുകയും ചെയ്യുന്നത്.

5.2.5. പ്രകൃതിയെ സംരക്ഷിക്കുക

ചാവറയച്ചൻ സഹോദരിമാർക്ക് എഴുതുന്നു: "വേലിക്കകത്തും പുറത്തുമുള്ള തൈത്തെങ്ങുകളുടെ ചുവട്ടിൽ കിളപ്പിച്ച് ചിപ്പിവേരു കളഞ്ഞ് തടം എടുത്ത് കരിയില കട്ടയിടണം. തൈത്തെങ്ങുകളിൽ വേലന്മാരെ കയറ്റി കുറ്റിമടലും പൊതുമ്പും കോഞ്ഞാട്ടയുമെല്ലാം പറപ്പിച്ച് തെങ്ങിന്റെ തല തെളിക്കണം. ഇങ്ങനെ ചുവടും തലയും തെളിയിക്കുമ്പോൾ മാത്രമേ കായുണ്ടാകൂ. ഇതുവഴി തെങ്ങിനും ഉപകാരം, വിറകിനും ലാഭം. ഈ വേലകളെല്ലാം നടത്തുവാൻ പ്രൊക്കുദോരിനോട് പറയണം. കൂലി കൊടുക്കാൻ പണം ഇല്ലല്ലോ എന്ന് അയാൾ കരുതേണ്ട. നാം വേലയെടുപ്പിക്കുക. പണം തമ്പുരാൻ തരും. ഇതു നമ്മുടെ വകയല്ല. പിന്നെയോ ഈശോമിശിഹായുടെ പത്രമോനിയത്രെ. നാം വേല ചെയ്താൽ മതി."[1]

തെങ്ങുകളെ പരിപാലിക്കുന്നതിനെക്കുറിച്ചുള്ള ഈ നിർദ്ദേശം വെറും കാർഷിക ഉപദേശമല്ല; ദൈവസൃഷ്ടിയോടുള്ള ഉത്തരവാദിത്തത്തെയും വിശ്വാസജീവിതത്തിന്റെ ഫലപ്രാപ്തിയെയും കുറിച്ചുള്ള ആഴമുള്ള

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VII/5:1, 156.

ആത്മീയ സന്ദേശമാണ്. ദൈവം മനുഷ്യനെ സൃഷ്ടിയുടെ ഉടമയായല്ല, പരിപാലകനായാണ് നിയോഗിച്ചിരിക്കുന്നത്. അതിനാൽ സൃഷ്ടിയെ ഉപയോഗിക്കുക മാത്രമല്ല, അതിനെ കരുതലോടെ സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുക എന്നതും മനുഷ്യന്റെ ദൈവിക ദൗത്യമാണ്.

ചാവറയച്ചൻ തെങ്ങിന്റെ "ചുവടും തലയും തെളിയിക്കണം" എന്നു പറയുമ്പോൾ, ഫലം ലഭിക്കണമെങ്കിൽ നിരന്തരമായ പരിചരണം അനിവാര്യമാണെന്ന സത്യം ഓർമ്മപ്പെടുത്തുന്നു. അതുപോലെ ആത്മീയ ജീവിതവും ഒരു വളർച്ചയുടെ പ്രക്രിയയാണ്. പ്രാർത്ഥനയിലും സ്നേഹത്തിലും ആത്മപരിശോധനയിലും വിശ്വസ്തതയിലും നിരന്തരം വളരുമ്പോഴാണ് ആത്മാവ് സമൃദ്ധമായ ഫലം പുറപ്പെടുവിക്കുന്നത്. "ഭൂമി സ്വയം ഫലം ഉത്പാദിപ്പിക്കുന്നു" (മർക്കോ 4:26–29); എന്നാൽ വിതയ്ക്കുകയും പരിപാലിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം മനുഷ്യനുള്ളതാണ്.

ഈ കത്തിലെ ഏറ്റവും ഹൃദയസ്പർശിയായ വാക്കുകൾ ഇവയാണ്: "ഇതു നമ്മുടെ വകയല്ല. പിന്നെയോ ഈശോമിശിഹായുടെ പത്രമോനിയത്രെ. നാം വേല ചെയ്താൽ മതി." ഇവിടെ ചാവറയച്ചൻ ഒരു വലിയ ആത്മീയ സത്യം പഠിപ്പിക്കുന്നു. സൃഷ്ടിയും സമ്പത്തും സ്ഥാപനങ്ങളും എല്ലാം ക്രിസ്തുവിന്റേതാണ്; നാം അവയുടെ ഉടമകളല്ല, വിശ്വസ്തരായ കാര്യസ്ഥന്മാരാണ്. നമ്മുടെ കടമ ആത്മാർത്ഥമായി പ്രവർത്തിക്കുകയാണ്; അതിന് ആവശ്യമായതെല്ലാം ദൈവം തന്റെ സമയത്ത് നൽകുമെന്ന വിശ്വാസമാണ് ക്രിസ്തീയ പരിപാലനത്തിന്റെ അടിസ്ഥാനം.

കരുതലോടെ പരിപാലിക്കുന്ന ഒരു തെങ്ങ് വർഷങ്ങളോളം ഫലം തരുന്നതുപോലെ, സ്നേഹത്തിലും ഉത്തരവാദിത്തത്തിലും വിശ്വാസത്തിലും വളരുന്ന ജീവിതവും ദൈവരാജ്യത്തിന്റെ സമൃദ്ധിയെ ലോകത്തിൽ പ്രകടമാക്കും. സൃഷ്ടിയെ സംരക്ഷിക്കുന്ന കൈകളും ദൈവത്തിൽ വിശ്വസിക്കുന്ന ഹൃദയവും ഒന്നിച്ചുചേരുമ്പോഴാണ് മനുഷ്യജീവിതം യഥാർത്ഥത്തിൽ ഫലപ്രദമാകുന്നത്.

5.2.6. "അന്തസ്സിനു തക്കവണ്ണം വേലയെടുക്കുക"

ചാവറയച്ചൻ എഴുതുന്നു: "നിന്റെ അവസ്ഥയ്ക്കു തക്കവണ്ണം വേലയെടുക്കുക. വേലയെടുക്കാതിരിക്കുന്നത് മാന്യതയുള്ള ആളുകളുടെ രീതിയല്ല; പിന്നെയോ വീടും, കുടിയും, സന്തതിയും ഇല്ലാത്തവരുടെ നടപ്പാക്കുന്നു. മടി സർവ്വദുർഗുണങ്ങളുടെയും മാതാവാകുന്നു; പ്രത്യേകം മദ്യപാനത്തിന്റെ കാരണവുമാകുന്നു. മദ്യപാനം ലോകത്തിന്റെ മുമ്പാകെ

എത്രയും അപമാനമുള്ളതും തമ്പുരാന്റെ തിരുമുമ്പിൽ എത്രയും പാപകരവുമാകുന്നു. കാത്തോൻ എന്ന റോമാനഗരിയുടെ അധികാരി റോമായിൽ താമസിക്കാൻ ഇഷ്ടപ്പെടുന്നവർ എല്ലാം വേലയെടുക്കുന്നവരെന്നു കാണിപ്പാൻ വേണ്ടി കൈത്തഴമ്പു കാണിച്ചിരിക്കണമെന്ന കൽപ്പന പുറപ്പെടുവിച്ചതു കൂടാതെ ധനികരും, പ്രഭുക്കളും അവരവരുടെ അന്തസ്സിനു തക്കവണ്ണം വേലയെടുക്കാനുപയോഗിക്കുന്ന ആയുധങ്ങൾ പിടിച്ചല്ലാതെ പുറത്തു നടന്നുകൂടാ എന്നു ശക്തിയായി കൽപ്പിക്കുകയും ചെയ്തു" (*ചാവരുൾ*, 12).

"നിന്റെ അവസ്ഥയ്ക്കു തക്കവണ്ണം വേലയെടുക്കുക... മടി സർവ്വദുർഗുണങ്ങളുടെയും മാതാവാകുന്നു" എന്ന ചാവറയച്ചന്റെ ഉപദേശം മനുഷ്യന്റെ അന്തസ്സിനെയും ആത്മീയതയെയും സംരക്ഷിക്കുന്ന ഒരു ജീവിതദർശനമാണ്. ഇവിടെ 'വേല' വെറും ഉപജീവനമാർഗമല്ല; ദൈവം ഏൽപ്പിച്ചിരിക്കുന്ന ദൗത്യത്തിൽ വിശ്വസ്തതയോടെ പങ്കുചേരാനുള്ള വിളിയാണ്. അതേസമയം, മടി ഒരു സ്വഭാവദോഷം മാത്രമല്ല; മനുഷ്യനെ നിഷ്ക്രിയതയിലേക്കും ഉത്തരവാദിത്വമില്ലായ്മയിലേക്കും ഒടുവിൽ വിവിധ ദുർഗുണങ്ങളിലേക്കും നയിക്കുന്ന ആത്മീയ അപകടമാണെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകുന്നു.

വിശുദ്ധ ഗ്രന്ഥം മനുഷ്യന്റെ തൊഴിൽ ദൈവിക പദ്ധതിയുടെ ഭാഗമാണെന്ന് പഠിപ്പിക്കുന്നു. ദൈവം മനുഷ്യനെ ഏദൻതോട്ടത്തിൽ സ്ഥാപിച്ചത് "അതിനെ കൃഷിചെയ്യാനും സംരക്ഷിക്കാനും" വേണ്ടിയാണ് (ഉത്പ 2:15). അതിനാൽ ജോലി ശാപമല്ല; മനുഷ്യന്റെ വിളിയുടെ ഭാഗമാണ്. യേശുക്രിസ്തു തന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നതിനുമുമ്പ് നസറത്തിൽ ഒരു തച്ചനായി ജീവിച്ചു. ദൈവപുത്രൻ തന്നെയാണ് അധ്വാനത്തെ തന്റെ ജീവിതത്തിന്റെ ഭാഗമാക്കിയതെന്നത് ജോലിയുടെ മഹത്വത്തെ വെളിപ്പെടുത്തുന്നു.

ചാവറയച്ചൻ ഉദ്ധരിക്കുന്ന റോമൻ നിയമവും ഇതേ സത്യം ഊന്നിപ്പറയുന്നു. സമൂഹത്തിലെ ഉയർന്ന സ്ഥാനത്തുള്ളവർക്കുപോലും അവർ ചെയ്യുന്ന ജോലിയുടെ അടയാളം പ്രകടമായിരിക്കണമെന്ന നിർദേശം യഥാർത്ഥ അന്തസ്സ് അധികാരത്തിലോ സമ്പത്തിലോ അല്ല, അധ്വാനത്തിലാണെന്ന് വ്യക്തമാക്കുന്നു. അതുകൊണ്ടാണ് അദ്ദേഹം "അന്തസ്സിനു തക്കവണ്ണം വേലയെടുക്കുക" എന്ന് പറയുന്നത്. ഓരോരുത്തരും തങ്ങളുടെ വിളിക്കും ഉത്തരവാദിത്വത്തിനും കഴിവിനും അനുസരിച്ച് വിശ്വസ്തതയോടെ പ്രവർത്തിക്കണം.

ഈ ഉപദേശം ഇന്നും അത്രത്തോളം പ്രസക്തമാണ്. ഇന്ന് മടി ശാരീരിക നിഷ്ക്രിയതയിൽ മാത്രമല്ല, ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുന്നതിലും, സമയം പാഴാക്കുന്നതിലും, ആത്മീയ അലസതയിലും പ്രകടമാകുന്നു. എന്നാൽ അധ്വാനവും വിശ്വസ്തതയും മനുഷ്യനെ രൂപപ്പെടുത്തുകയും ദൈവത്തിന്റെ സൃഷ്ടിപ്രവർത്തനത്തിൽ പങ്കാളിയാക്കുകയും ചെയ്യുന്നു. അതിനാൽ ജോലി ഒരു ഭാരമല്ല; ദൈവത്തോടൊപ്പം പ്രവർത്തിക്കാനുള്ള കൃപയാണ്. അങ്ങനെ, വിശ്വാസത്തോടും ഉത്തരവാദിത്വത്തോടും കൂടിയ അധ്വാനം മനുഷ്യന്റെ അന്തസ്സിനെ സംരക്ഷിക്കുകയും അവന്റെ ജീവിതത്തെ ദൈവരാജ്യത്തിന്റെ സജീവ സാക്ഷ്യമാക്കുകയും ചെയ്യുന്നു.

5.2.7. ഉത്തരവാദിത്തത്തോടെയുള്ള സംരക്ഷണം

ചാവറയച്ചൻ എഴുതുന്നു: "മാന്നാനം മുതലായ കൊവേന്തകളുടെ നടത്തിപ്പിനും ഗുണത്തിനുമായി നിശ്ചയിച്ചിരിക്കുന്ന കരി എന്ന നിലം ഈ അവസ്ഥയിൽ കിടന്നാൽ അതുകൊണ്ട് യാതൊരു ഉപകാരവും ഉണ്ടാകുകയില്ല. എന്ന് മാത്രമല്ല, ക്രമേണ മറ്റു വസ്തുക്കൾക്കും നാശം വന്നു ഭവിക്കും. അതിന്റെ അന്വേഷണവും നടത്തിപ്പും സ്ഥിരമായ ഒരു തടസ്സവും കുടുക്കും കെണിയും പോലെ ആയിത്തീരും. ആകയാൽ, ഈ ആലോചന സംഘം ഇപ്രകാരം നിശ്ചയിച്ചിരിക്കുന്നു: പൊതുവായിട്ടുള്ള ഈ കായൽ നിലത്തിൽ നിന്ന് കൊവേന്തയ്ക്കുള്ള നിലവും, ചിറകൾ മുതലായതും വേർതിരിച്ച് അത് പണി ചെയ്യാൻ മനസ്സുള്ള ഒരാളെ അന്വേഷിച്ചു കണ്ടുപിടിച്ച് പാട്ടത്തിന് കൊടുക്കുക. ഒരു നിശ്ചിത കാലാവധി—എട്ടു വർഷത്തിൽ കുറയാതെയും 16 വർഷത്തിൽ കൂടാതെയും—നിശ്ചയിച്ച്, പകുതി പകുതി എന്ന തോതിൽ പാട്ടവും നിശ്ചയിച്ച് ഏൽപ്പിച്ചു കൊടുത്തു നിങ്ങളുടെ തോളിൽ നിന്നും ഈ ഭാരം ഇറക്കണമെന്ന് തീർച്ചയായും കൽപ്പിക്കുന്നു."[1]

"ഈ നിലം ഇങ്ങനെ കിടന്നാൽ യാതൊരു ഉപകാരവും ഉണ്ടാകുകയില്ല... പണി ചെയ്യാൻ മനസ്സുള്ള ഒരാളെ കണ്ടെത്തി പാട്ടത്തിന് കൊടുക്കുക..." എന്ന ചാവറയച്ചന്റെ നിർദ്ദേശം ദൈവം ഏൽപ്പിച്ച വിഭവങ്ങളെ ഉത്തരവാദിത്തത്തോടെ പരിപാലിക്കുകയും ഫലവത്താക്കുകയും ചെയ്യേണ്ട ക്രിസ്തീയ കാര്യസ്ഥതയുടെ വ്യക്തമായ പ്രകടനമാണിത്. ഉപേക്ഷിക്കപ്പെട്ട നന്മ ക്രമേണ നശിക്കുന്നു; എന്നാൽ കരുതലോടെ പരിപാലിക്കപ്പെടുന്ന നന്മ വളർന്ന് അനേകർക്ക് അനുഗ്രഹമാകുന്നു.

---

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, V/1:1, 90-91.

ഈ ദർശനം യേശുവിന്റെ താലന്തുകളുടെ ഉപമ (മത്താ 25:14–30) ഓർമ്മിപ്പിക്കുന്നു. ദൈവം നല്കിയ ദാനങ്ങൾ സംരക്ഷിച്ചുവെക്കാൻ മാത്രമല്ല, അവ വർധിപ്പിക്കാനുമാണ്. അതുപോലെ, ചാവറയച്ചന് ആ ശ്രമസ്വത്തുക്കൾ വെറും ഭൗതിക സമ്പത്തായിരുന്നില്ല; ദൈവരാജ്യത്തിന്റെ ശുശ്രൂഷയ്ക്കായി ഏൽപ്പിക്കപ്പെട്ട വിശുദ്ധ നിക്ഷേപങ്ങളായിരുന്നു. അവയെ ഫലപ്രദമായി നടത്തിപ്പിക്കുക എന്നത് വിശ്വസ്തനായ കാര്യസ്ഥന്റെ ഉത്തരവാദിത്തമാണ് (ലൂക്കാ 12:42).

ഈ നിർദ്ദേശത്തിൽ മറ്റൊരു പ്രധാന സുവിശേഷമൂല്യവും പ്രകടമാണ്. ഉപയോഗിക്കാൻ കഴിയാത്ത നിലം ഉപേക്ഷിച്ചിടാൻ അദ്ദേഹം അനുവദിക്കുന്നില്ല; മറിച്ച്, അതിനെ പരിപാലിക്കാൻ കഴിവും മനസ്സുമുള്ളവനെ ഏൽപ്പിക്കാനാണ് നിർദ്ദേശിക്കുന്നത്. ഇത് ഉടമസ്ഥാവകാശത്തിന്റെ മനോഭാവമല്ല, കാര്യസ്ഥതയുടെ മനോഭാവമാണ്. മനുഷ്യൻ ഉടമയല്ല; ദൈവം ഏൽപ്പിച്ചിരിക്കുന്നതിന്റെ വിശ്വസ്തനായ പരിപാലകനാണ്.

‘പകുതി പകുതി’ എന്ന ക്രമീകരണവും ശ്രദ്ധേയമാണ്. ഇത് സാമ്പത്തിക വിവേകം മാത്രമല്ല; നീതിയുടെയും പങ്കാളിത്തത്തിന്റെയും പരസ്പര ഉത്തരവാദിത്തത്തിന്റെയും പ്രകടനമാണ്. ദൈവം നല്കിയ വിഭവങ്ങൾ സമൂഹത്തിന്റെ നന്മയ്ക്കായി ഉപയോഗിക്കപ്പെടണമെന്ന ചാവറയച്ചന്റെ വിശാലദർശനമാണ് ഇവിടെ പ്രതിഫലിക്കുന്നത്.

ഇന്നും ഈ സന്ദേശം പ്രസക്തമാണ്. ദൈവം നമുക്ക് ഏൽപ്പിച്ചിരിക്കുന്ന സമയം, കഴിവുകൾ, സമ്പത്ത്, പ്രകൃതി, സ്ഥാപനങ്ങൾ—ഇവയെല്ലാം വിശ്വസ്തതയോടെ പരിപാലിക്കുകയും ഫലപ്രദമായി വിനിയോഗിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്തം നമുക്കുണ്ട്. അങ്ങനെ ചെയ്യുമ്പോൾ നാം നല്ല കാര്യസ്ഥന്മാരാകുകയും ദൈവരാജ്യത്തിന്റെ വളർച്ചയിൽ പങ്കാളികളാകുകയും ചെയ്യുന്നു. ദൈവം ഏൽപ്പിച്ച ദാനങ്ങൾ ജീവിക്കാനും വളരാനും ഫലം തരാനുമാണ്; അവയെ ഉത്തരവാദിത്തത്തോടെയും വിവേകത്തോടെയും സ്നേഹത്തോടെയും കൈകാര്യം ചെയ്യുമ്പോഴാണ് അവ ദൈവമഹത്വത്തിന്റെ ഉപാധികളായി മാറുന്നത്.

5.2.8. കണക്കിലെ വിശ്വാസ്യത

ചാവറയച്ചൻ എഴുതുന്നു:

“കണക്കെഴുതുമ്പോൾ തുക കൃത്യമായി കാണിച്ച് എഴുതണം.

വക—2—ൽ ചെലവുള്ള 5 പറയും നീക്കി

പത്താഴത്തിൽ കിടപ്പ് 3 പറ

പള്ളിനെൽപ്പുരയിൽ 15 പറ

ഇങ്ങനെ തുക കൃത്യമായി എഴുതി വെയ്ക്കണം. ചെലവു രൂപ 672.75 ഇതിൽ ഉൾപ്പെട്ടോ ദലഗാത്തച്ചന് 38 രൂപ എന്നുള്ളത്? നീക്കി—23. ഇ തും ഞാൻ കൂട്ടി. ഒരു പ്രകാരത്തിലും തുക ഒക്കുന്നില്ല."[1]

"കണക്കെഴുതുമ്പോൾ തുക കൃത്യമായി കാണിച്ച് എഴുതണം... ഒരു പ്ര കാരത്തിലും തുക ഒക്കുന്നില്ല" എന്ന ചാവറയച്ചന്റെ നിർദ്ദേശം വെറും അക്കൗണ്ടിങ്ങിന്റെ സാങ്കേതിക കൃത്യതയെക്കുറിച്ചല്ല. സത്യസന്ധത യും ഉത്തരവാദിത്തവും വിശ്വസ്തതയും ഉൾക്കൊള്ളുന്ന ക്രിസ്തീയ ജീ വിതശൈലിയാണ് ഇതിലൂടെ അദ്ദേഹം പഠിപ്പിക്കുന്നത്. ചെറിയ കണ ക്കുപിശകുപോലും അദ്ദേഹം അവഗണിക്കുന്നില്ല; കാരണം, കണക്കി ലെ അശ്രദ്ധ പലപ്പോഴും മനോഭാവത്തിലെ അശ്രദ്ധയുടെ പ്രതിഫലന മാണ്.

യേശു പറയുന്നു: "ചെറിയ കാര്യത്തിൽ വിശ്വസ്തനായവൻ വലിയ കാ ര്യത്തിലും വിശ്വസ്തനായിരിക്കും" (ലൂക്കാ 16:10). ഈ സുവിശേഷസ ത്യം സാമ്പത്തിക കാര്യസ്ഥതയ്ക്കും ഒരുപോലെ ബാധകമാണ്. ദൈവം നമുക്ക് ഏൽപ്പിച്ചിരിക്കുന്ന സമ്പത്തും സമയവും കഴിവുകളും വിശ്വ സ്തതയോടെ കൈകാര്യം ചെയ്യേണ്ട ഉത്തരവാദിത്തം നമുക്കുണ്ട്. അ തിനാൽ കണക്കിലെ കൃത്യത ഒരു ഭരണപരമായ കഴിവ് മാത്രമല്ല; അത് ദൈവസന്നിധിയിലെ വിശ്വാസ്യതയുടെ അടയാളമാണ്. "എല്ലാം മാന്യ മായും ക്രമമായും നടത്തപ്പെടട്ടെ" (1 കൊറി 14:40) എന്ന പൗലോസ് അ പ്പസ്തോലന്റെ ആഹ്വാനവും ഇതേ സത്യത്തിലേക്കാണ് വിരൽചൂണ്ടു ന്നത്. ക്രമവും വ്യക്തതയും സുതാര്യതയും ദൈവത്തിന്റെ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നു. തന്റെ ദൗത്യം പൂർത്തിയാക്കിയ യേശു, "ഞാൻ ചെ യ്യേണ്ട പ്രവൃത്തി പൂർത്തിയാക്കി" (യോഹ 17:4) എന്ന് പിതാവിനോട് പ റയാൻ കഴിഞ്ഞത്, അവിടുത്തെ പൂർണമായ വിശ്വസ്തതയുടെ തെളി വാണ്.

ചാവറയച്ചന്റെ ഈ നിർദ്ദേശം ഇന്നും എല്ലാ ഉത്തരവാദിത്തമുള്ള ജീവി തങ്ങൾക്കും പ്രസക്തമാണ്. കണക്കുകളിലായാലും, ഭരണത്തിലായാ ലും, ശുശ്രൂഷയിലായാലും, കുടുംബജീവിതത്തിലായാലും സത്യസന്ധത യും കൃത്യതയും വിശ്വാസത്തിന്റെ അനിവാര്യ പ്രകടനങ്ങളാണ്. വിശു ദ്ധി വലിയ കാര്യങ്ങളിൽ മാത്രമല്ല; ചെറിയ കാര്യങ്ങളിലെ വിശ്വസ്തത യിലാണ് അത് ആരംഭിക്കുന്നത്. കണക്കിലെ ഓരോ സംഖ്യയും ശരി യായ സ്ഥാനത്ത് വരുമ്പോഴാണ് ആകെ കണക്ക് ശരിയാകുന്നത്. അ

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VII/7, 160.

തുപോലെ, ജീവിതത്തിലെ ഓരോ ചെറിയ വിശ്വസ്തതയും ചേർന്നാണ് വിശുദ്ധവും സുതാര്യവുമായ ഒരു ക്രിസ്തീയ ജീവിതം രൂപപ്പെടുന്നത്.

5.2.9. തൊഴിലാളിയുടെ വേതനം: ദൈവസന്നിധിയിൽ നിലവിളി ക്കുന്ന പാപം

ചാവരുളിൽ ചാവറയച്ചൻ എഴുതുന്നു: "വേലക്കാർക്ക് ന്യായമുള്ള കൂലി കൊടുക്കാതിരിക്കുകയോ താമസിപ്പിക്കുകയോ ചെയ്യരുത്. എന്തെന്നാൽ ഇത് ദൈവത്തിന്റെ നിലവിളിക്കുന്ന പാപം ആകുന്നു. പാവപ്പെട്ടവരെ നിന്ദിക്കേണ്ടാ; അവരെ ബുദ്ധിമുട്ടിക്കുകയും വേണ്ട; എന്തെന്നാൽ ദൈവം അവരുടെ കണ്ണുനീർ കണ്ടാൽ, നിശ്ചയമായി നിന്നോട് പകരം ചോദിക്കും.

ലുവൻ എന്ന നഗരത്തിൽ സംഭവിച്ച ഒരു വർത്തമാനമായത് ഈ നഗരിയിൽ ഒരു ഗൃഹനാഥൻ ഉണ്ടായിരുന്നു. ഈ ആളുടെ വകയായ ഒരു പുരയിൽ ദരിദ്രയായ ഒരു വിധവയും അവളുടെ മൂന്നുനാലു കുഞ്ഞുങ്ങളും താമസിച്ചിരുന്നു. ഇയാൾ പല പ്രകാരത്തിൽ അവരെ നിന്ദിക്കുകയും സങ്കടപ്പെടുത്തുകയും ചെയ്തുവരികയിൽ, ഒരു ദിവസം ഈ സ്ത്രീ സങ്കടത്തെപ്രതി മുട്ടുകുത്തി, കർത്താവേ ഈ സങ്കടത്തിൽ നിന്നും അന്യായത്തിൽ നിന്നും എന്നെ രക്ഷിക്കേണമേ എന്ന് അപേക്ഷിച്ചു. തൽക്ഷണം ആ ധനവാൻ നിന്ന നിലയിൽ സ്തംഭിച്ചുവീണു മരിക്കുകയും ചെയ്തു" (*ചാവരുൾ,* 18).

"വേലക്കാർക്ക് ന്യായമുള്ള കൂലി കൊടുക്കാതിരിക്കുകയോ താമസിപ്പിക്കുകയോ ചെയ്യരുത്... പാവപ്പെട്ടവരെ നിന്ദിക്കേണ്ടാ..." എന്ന ചാവറയച്ചന്റെ ഉപദേശം മനുഷ്യബന്ധങ്ങളുടെ അടിത്തറ നീതിയും കരുണയുമാകണമെന്ന് ഓർമ്മിപ്പിക്കുന്നു. അദ്ദേഹം ഉപയോഗിക്കുന്ന "ദൈവത്തിന്റെ നിലവിളിക്കുന്ന പാപം" എന്ന പ്രയോഗം അതീവ അർത്ഥഗർഭമാണ്. ഇത് ഒരു സാധാരണ തെറ്റല്ല; മനുഷ്യനോടുള്ള അന്യായം ദൈവത്തിന്റെ മുമ്പിൽ നിലവിളിക്കുന്ന പാപമാണെന്നാണ് അദ്ദേഹം പഠിപ്പിക്കുന്നത്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ (ഉത്പ 1:27) അന്തസ്സിനെ മുറിപ്പെടുത്തുന്നത് ദൈവത്തെ തന്നെയാണ് അവഹേളിക്കുന്നത്.

ഈ സത്യം വിശുദ്ധ ഗ്രന്ഥത്തിലും വ്യക്തമായി പ്രതിധ്വനിക്കുന്നു. "വേലക്കാരന്റെ കൂലി രാത്രിവരെ നിന്റെ കൈയിൽ പാർക്കരുത്" (ലേവ്യ 19:13) എന്നും, "വേലക്കാരുടെ കൂലി തടഞ്ഞുവെച്ചവരുടെ നിലവിളി സൈന്യങ്ങളുടെ കർത്താവിന്റെ ചെവികളിൽ എത്തിയിരിക്കുന്നു" (യാക്കോ 5:4) എന്നും തിരുവചനം പഠിപ്പിക്കുന്നു. ദരിദ്രരുടെ കണ്ണുനീരും തൊഴി

ലാളിയുടെ അവകാശവും ദൈവത്തിന് നിസ്സാരമായ വിഷയങ്ങളല്ല; അവ അവിടുത്തെ നീതിയുടെ വിഷയങ്ങളാണ്.

ലുവൻ നഗരത്തിലെ വിധവയുടെ കഥയിലൂടെ ചാവറയച്ചൻ ഒരു ആത്മീയ സത്യം ഊന്നിപ്പറയുന്നു: മനുഷ്യരുടെ കണ്ണിൽപ്പെടാതെ പോകുന്ന അന്യായങ്ങൾ പോലും ദൈവം കാണുന്നു. ദരിദ്രരുടെ നിലവിളി അവിടുത്തെ സന്നിധിയിൽ നിശ്ശബ്ദമാകുന്നില്ല. അതുകൊണ്ട് നീതിയെ അവഗണിക്കുന്ന ജീവിതം ഒടുവിൽ ദൈവനീതിയുടെ മുമ്പിൽ നിലനിൽക്കുകയില്ല.

ഈ ദർശനം യേശുക്രിസ്തുവിന്റെ ദൗത്യത്തോടും പൂർണമായി യോജിക്കുന്നു. "കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്... ദരിദ്രർക്കു സുവിശേഷം അറിയിപ്പാൻ" (ലൂക്കാ 4:18) എന്ന് പ്രഖ്യാപിച്ച യേശു, സമൂഹത്തിന്റെ താഴെത്തട്ടിലേക്ക് തള്ളപ്പെട്ടവരുടെ അന്തസ്സ് പുനഃസ്ഥാപിക്കാനാണ് വന്നത്. അതിനാൽ ദരിദ്രനെ അവഗണിക്കുന്നവൻ ക്രിസ്തുവിന്റെ ഹൃദയത്തെ മുറിവേൽപ്പിക്കുന്നു; അവനെ ആദരിക്കുകയും നീതി ചെയ്യുകയും ചെയ്യുന്നവൻ ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ ജീവിച്ചുകാണിക്കുന്നു.

ഈ സന്ദേശം ഇന്നും പ്രസക്തമാണ്. തൊഴിലാളിയുടെ ന്യായമായ പ്രതിഫലം, ദുർബലരുടെ അവകാശങ്ങൾ, സാമൂഹിക നീതി, മനുഷ്യന്റെ അന്തസ്സ്—ഇവയെല്ലാം ക്രിസ്തീയ വിശ്വാസത്തിന്റെ അവിഭാജ്യഘടകങ്ങളാണ്. യഥാർത്ഥ ദൈവഭക്തി ആരാധനയിൽ മാത്രം പ്രകടമാകുന്നില്ല; നീതിയോടും കരുണയോടും കൂടിയ ജീവിതത്തിലാണ് അത് പൂർണമാകുന്നത്. ദൈവം ദരിദ്രരുടെ കണ്ണുനീർ കാണുകയും അവരുടെ നിലവിളി കേൾക്കുകയും ചെയ്യുന്നു; അതിനാൽ അവിടുത്തെ ശിഷ്യന്മാർ നീതിയുടെയും കരുണയുടെയും വഴിയിലൂടെ നടക്കാൻ വിളിക്കപ്പെട്ടവരാണ്.

(സമാപന പ്രാർത്ഥന)

സ്നേഹനിധിയായ ഈശോയേ, ഇന്ന് ധ്യാനിച്ച വചനങ്ങളും ചിന്തകളും ഞങ്ങളുടെ ഹൃദയങ്ങളിൽ ആഴമായി പതിയുവാൻ കൃപ നൽകണമേ. ഞങ്ങളുടെ ഓരോ ജോലിയും വിശ്വസ്തതയോടും വിനയത്തോടും ഉത്തരവാദിത്തത്തോടും നിർവഹിക്കുവാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ. അങ്ങേൽപ്പിച്ച സമയം, കഴിവുകൾ, സമ്പത്ത് എന്നിവ നല്ല കാര്യസ്ഥരായി പരിപാലിക്കുവാനും, എല്ലാ ഇടപാടുകളിലും സത്യസന്ധതയും സുതാര്യതയും പുലർത്തുവാനും ഞങ്ങളെ നയിക്കണമേ. തൊഴിലാളികളുടെ അവകാശങ്ങൾ മാനിക്കാനും, ദരിദ്രരോടും ദുർബലരോടും നീതിയോടും കരുണയോടും പെരുമാറാനും കൃപ നൽകണമേ. ഞങ്ങളു

ടെ ചിന്തകളും വാക്കുകളും പ്രവൃത്തികളും അങ്ങയുടെ സ്നേഹത്തിന്റെയും നീതിയുടെയും ജീവനുള്ള സാക്ഷ്യമാകട്ടെ. ഇന്ന് പഠിച്ചതെല്ലാം ഞങ്ങളുടെ ജീവിതത്തിൽ ഫലമണിയട്ടെ. ഇതെല്ലാം ഞങ്ങളുടെ കർത്താവായ ഈശോമിശിഹാവഴി അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

5.3
ഊട്ടുമുറിയും, അടുക്കളയും, അടുക്കളത്തോട്ടവും: നിയമാവലി ധ്യാനം

(ആമുഖ പ്രാർത്ഥന)

സകല സൃഷ്ടികളുടെയും പരിപാലകനായ ദൈവമേ, ഞങ്ങളുടെ ജീവിതത്തിലെ ഓരോ നിമിഷത്തിലും അങ്ങയുടെ സാന്നിധ്യം തിരിച്ചറിയുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. ഭക്ഷണശാലയിലും അടുക്കളത്തോട്ടത്തിലും ദൈനംദിന ജോലികളിലും അങ്ങയുടെ കരുതൽ തിരിച്ചറിയാനുള്ള ആത്മീയദർശനം നൽകണമേ. സി.എം.ഐ. സന്യാസജീവിതത്തിന്റെ ലാളിത്യവും ക്രമവും ആത്മനിയന്ത്രണവും പ്രായശ്ചിത്തചൈതന്യവും ഞങ്ങളിൽ വളരട്ടെ. ഓരോ ആഹാരത്തിനും നന്ദിയുള്ളവരാകാനും, ഉപവാസത്തെ പങ്കുവെക്കലിന്റെയും ഐക്യദാർഢ്യത്തിന്റെയും അനുഭവമാക്കാനും, എല്ലാ ജോലികളും സന്തോഷത്തോടും സമർപ്പണത്തോടും നിർവഹിക്കാനും ഞങ്ങളെ സഹായിക്കണമേ. ഭൂമിയെയും സൃഷ്ടിയെയും ഉത്തരവാദിത്തത്തോടെ പരിപാലിക്കാനും, സകല ജീവജാലങ്ങളോടും കരുണയും ആദരവും പുലർത്താനും ഞങ്ങളെ അനുഗ്രഹിക്കണമേ. ഈ ധ്യാനം ഞങ്ങളുടെ ജീവിതത്തെ അങ്ങയുടെ സ്നേഹത്തിന്റെയും സേവനത്തിന്റെയും സാക്ഷ്യമാക്കട്ടെ. ഇതെല്ലാം ഞങ്ങളുടെ കർത്താവായ ഈശോമിശിഹാവഴി അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

(ധ്യാനവിചിന്തനം)

5.3.1. സി.എം.ഐ. ഭക്ഷണസംസ്കാരം

D 244. "ശ്രേഷ്ഠനോട് ആലോചിച്ചും പ്രൊവിശ്യയിലും സഭ മുഴുവനും നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ചും നമ്മുടെ സഹോദരന്മാർക്ക് നൽകേണ്ട ഭക്ഷണത്തിന്റെ നിലവാരം നിശ്ചയിക്കേണ്ടതാണ്."

സി.എം.ഐ. നിയമാവലിയിലെ D 244 അനുച്ഛേദം, നമ്മുടെ ദൈനംദിന ജീവിതത്തിലെ ഏറ്റവും സാധാരണമായ കാര്യമായ ഭക്ഷണത്തെപ്പോലും ആത്മീയതയുടെയും സമൂഹജീവിതത്തിന്റെയും വെളിച്ചത്തിൽ കാണാൻ നമ്മെ ക്ഷണിക്കുന്നു. "ശ്രേഷ്ഠനോട് ആലോചിച്ചും പ്രൊവിൻസിന്റെയും സഭയുടെയും നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ചും" ഭക്ഷ

ണക്രമം നിശ്ചയിക്കണമെന്ന നിർദ്ദേശം, വെറും ഭരണപരമായ ഒരു ക്രമീകരണമല്ല; അനുസരണത്തിന്റെയും ഐക്യത്തിന്റെയും സംയമനത്തിന്റെയും ആത്മാവിനെ വളർത്തുന്ന ഒരു ജീവിതദർശനമാണ്.

ക്രിസ്തീയ പാരമ്പര്യത്തിൽ ഭക്ഷണം ശരീരത്തിന്റെ വിശപ്പടക്കാനുള്ള മാർഗം മാത്രമല്ല; അത് കൂട്ടായ്മയുടെ അടയാളമാണ്. ഒരേ മേശയ്ക്കു ചുറ്റും ഇരുന്ന് ആഹാരം പങ്കിടുമ്പോൾ സഹോദരബന്ധം ദൃഢമാകുകയും സമത്വബോധം വളരുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ, ഭക്ഷണവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളെ അടിസ്ഥാനമാക്കിയല്ല, സമൂഹത്തിന്റെ നന്മയും സഭയുടെ പാരമ്പര്യവും മുൻനിർത്തിയാണ് എടുക്കേണ്ടത്.

ശ്രേഷ്ഠനോടുള്ള ആലോചനയും സഭയുടെ മാനദണ്ഡങ്ങളോടുള്ള അനുസരണവും വിനയത്തിന്റെയും കൂട്ടായ വിവേകത്തിന്റെയും പ്രകടനമാണ്. വ്യക്തിപരമായ ആഗ്രഹങ്ങളെക്കാൾ സമൂഹത്തിന്റെ നന്മയ്ക്ക് മുൻഗണന നൽകാൻ ഈ സമീപനം നമ്മെ പഠിപ്പിക്കുന്നു. ഇവിടെ അനുസരണം സ്വാതന്ത്ര്യത്തിന്റെ നഷ്ടമല്ല; സഹോദരൈക്യം സംരക്ഷിക്കുന്ന ആത്മീയ മാർഗമാണ്.

ഈ നിയമം നമ്മെ ലാളിത്യത്തിലേക്കും സംയമനത്തിലേക്കും വിളിക്കുന്നു. ഭക്ഷണം ആവശ്യത്തിനനുസരിച്ചും സഭയുടെ ജീവിതശൈലിക്ക് യോജിച്ചും ആയിരിക്കണം; ആഡംബരത്തിന്റെയോ അമിത ഉപഭോഗത്തിന്റെയോ പ്രകടനമാകരുത്. ലഭിക്കുന്ന ഓരോ ഭക്ഷണവും ദൈവത്തിന്റെ ദാനമാണെന്ന നന്ദിയോടെയാണ് സ്വീകരിക്കേണ്ടത്. അപ്പോൾ ഭക്ഷണം ഉപഭോഗത്തിന്റെ വസ്തുവല്ല, കൃതജ്ഞതയുടെ അനുഭവമായി മാറുന്നു.

യേശു തന്റെ ശിഷ്യന്മാരോടൊപ്പം ഭക്ഷണമേശയിൽ സമയം ചെലവഴിച്ചു; അപ്പമുറിക്കൽ കൂട്ടായ്മയുടെയും സ്നേഹത്തിന്റെയും അടയാളമാക്കി (ലൂക്കാ 22:19). പ്രാരംഭ ക്രൈസ്തവ സമൂഹവും 'അപ്പം മുറിക്കുന്നതിൽ' ഐക്യം അനുഭവിച്ചു (അപ്പ 2:46). ഈ പാരമ്പര്യത്തിന്റെ തുടർച്ചയാണ് സി.എം.ഐ. ഭക്ഷണസംസ്കാരവും. അതിനാൽ, ഭക്ഷണശാല നമ്മുടെ വിശപ്പ് മാറ്റുന്ന ഇടം മാത്രമല്ല; വിനയവും സഹോദരൈക്യവും നന്ദിയും ആത്മനിയന്ത്രണവും അഭ്യസിക്കുന്ന ആത്മീയവിദ്യാലയമാണ്. അവിടെ സ്വീകരിക്കുന്ന ഓരോ ഭക്ഷണവും ദൈവത്തിന്റെ കരുതലിന്റെ അടയാളമായും സമൂഹജീവിതത്തിന്റെ അനുഗ്രഹമായും തിരിച്ചറിയുമ്പോൾ, നമ്മുടെ ദൈനംദിന ജീവിതം തന്നെ ഒരു പ്രാർത്ഥനയായി മാറുന്നു.

5.3.2. സന്യാസ ഭക്ഷണസംസ്കാരം

D 36. പൊതു ഭക്ഷണം: "നമ്മുടെ പൊതു ഭക്ഷണം മിതവും ലളിതവും മതിയായ പോഷഗുണങ്ങൾ ഉള്ളതുമായിരിക്കണം. നമ്മുടെ എല്ലാ ഭവനങ്ങളിലും ഒരേ തരത്തിലുള്ള ഭക്ഷണനിലവാരം പാലിക്കുവാൻ മേൽ ശ്രേഷ്ഠന്മാർ ശ്രദ്ധ പതിക്കണം."

ഈ നിയമത്തിലെ "മിതവും ലളിതവും മതിയായ പോഷകഗുണങ്ങൾ ഉള്ളതുമായിരിക്കണം" എന്ന വാക്കുകൾ, ഭക്ഷണത്തിന്റെ ഭൗതികതയെ മറികടന്ന് സന്യാസജീവിതത്തിന്റെ ആന്തരിക ആത്മാവിനെ വെളിപ്പെടുത്തുന്നു. മിതത്വം ആത്മനിയന്ത്രണത്തിലേക്കും, ലാളിത്യം വിനയത്തിലേക്കും ദാരിദ്ര്യവ്രതത്തിന്റെ യാഥാർഥ്യത്തിലേക്കും നമ്മെ നയിക്കുന്നു. മതിയായ പോഷണം എന്നത് ശരീരത്തെ അവഗണിക്കുന്നതല്ല; മറിച്ച്, ദൈവസേവനത്തിനും മനുഷ്യസേവനത്തിനും ആവശ്യമായ ആരോഗ്യം പരിപാലിക്കാനുള്ള ഉത്തരവാദിത്തത്തെ അംഗീകരിക്കുകയാണ്. അങ്ങനെ ഭക്ഷണം ശരീരത്തിന്റെ ആവശ്യത്തെ നിറവേറ്റുക മാത്രമല്ല, ദൗത്യത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

'എല്ലാ ഭവനങ്ങളിലും ഒരേ തരത്തിലുള്ള ഭക്ഷണനിലവാരം' എന്ന നിർദ്ദേശം സമത്വത്തിന്റെയും സഹോദരത്വത്തിന്റെയും സുവിശേഷദർശനത്തെ പ്രകടമാക്കുന്നു. സന്യാസസമൂഹത്തിൽ വ്യക്തിപരമായ ഇഷ്ടങ്ങളോ സ്ഥാനവ്യത്യാസങ്ങളോ അല്ല, സഹോദരസ്നേഹവും സമത്വവുമാണ് പ്രധാനം. ഒരേ മേശയിൽ ഒരേ ഭക്ഷണം പങ്കിടുമ്പോൾ, അത് വെറും ആഹാരപങ്കിടലല്ല; ജീവിതവും വിളിയും ദൗത്യവും പങ്കിടുന്ന സഹോദരൈക്യത്തിന്റെ അടയാളമാണ്.

മേൽശ്രേഷ്ഠന്മാർക്കു നൽകപ്പെട്ടിരിക്കുന്ന ഈ ഉത്തരവാദിത്തം ഭരണപരമായ ഒരു കടമ മാത്രമല്ല; സഹോദരന്മാരുടെ ശാരീരികവും ആത്മീയവുമായ ക്ഷേമം സംരക്ഷിക്കുന്ന സ്നേഹപൂർവമായ ശുശ്രൂഷയാണ്. ഭക്ഷണത്തിന്റെ നിലവാരം എല്ലാവർക്കും ഒരുപോലെ ഉറപ്പാക്കുന്നത് ഓരോ അംഗത്തിന്റെയും അന്തസ്സിനെയും സമത്വത്തെയും മാനിക്കുന്നതിന്റെ പ്രകടനമാണ്.

ഈ നിയമം വിശുദ്ധ ഗ്രന്ഥത്തിന്റെ ആത്മാവിനോടും യോജിച്ചുനിൽക്കുന്നു. യേശു അപ്പം എടുത്ത് നന്ദി പറഞ്ഞു ശിഷ്യന്മാർക്കു നൽകി (മത്താ 26:26). പ്രാരംഭ ക്രൈസ്തവ സമൂഹം 'അപ്പം മുറിക്കുന്നതിലും കൂട്ടായ്മയിലും' സ്ഥിരത പുലർത്തി (അപ്പ 2:42, 46). അതിനാൽ ക്രിസ്തീയ പാരമ്പര്യത്തിൽ ഭക്ഷണമേശ ശരീരത്തെ പോഷിപ്പിക്കുന്ന സ്ഥലം മാത്രമല്ല; കൃതജ്ഞതയും പങ്കുവയ്ക്കലും സഹോദരസ്നേഹവും

വളരുന്ന ആത്മീയ ഇടമാണ്. അതിനാൽ, സന്യാസിയുടെ ഭക്ഷണ സംസ്കാരം ഒരു ഭക്ഷണക്രമം മാത്രമല്ല; അത് ആത്മനിയന്ത്രണത്തിന്റെയും ദാരിദ്ര്യത്തിന്റെയും സമത്വത്തിന്റെയും കൃതജ്ഞതയുടെയും വിദ്യാലയമാണ്. ഓരോ ഭക്ഷണവും ദൈവത്തിന്റെ ദാനമാണെന്ന് തിരിച്ചറിയുകയും, അത് മിതത്വത്തോടും ലാളിത്യത്തോടും സഹോദര സ്നേഹത്തോടും കൂടി സ്വീകരിക്കുകയും ചെയ്യുമ്പോൾ, ഭക്ഷണമേശ യൂക്കരിസ്റ്റിക് ജീവിതത്തിന്റെ ഒരു തുടർച്ചയായി മാറുന്നു. അപ്പോൾ D 36 ഒരു നിയമമെന്നതിലുപരി, ക്രിസ്തുവിന്റെ മനോഭാവത്തിൽ ജീവിക്കാൻ സന്യാസിയെ രൂപപ്പെടുത്തുന്ന ഒരു ആത്മീയ ജീവിതദർശനമായി മാറുന്നു.

5.3.3. ഭക്ഷണവും ധ്യാനചൈതന്യവും

D 37 (a) "നമ്മുടെ സഹോദരന്മാർ ഭക്ഷണത്തിന് ഒരുമിച്ചു കൂടുമ്പോൾ, സാമാന്യമായി മൗനം പാലിക്കുവാൻ കടപ്പെടുന്നില്ല. ഉച്ചഭക്ഷണ സമയത്ത് വിശുദ്ധ ഗ്രന്ഥത്തിൽ നിന്ന് ഒരു ഭാഗം വായിച്ചതിനുശേഷം സംസാരിക്കാവുന്നതാണ്. അത്താഴസമയത്തും പൊതുവായ വിജ്ഞാപനങ്ങളും നമ്മുടെ മരിച്ച സഹോദരന്മാരുടെ ഓർമ്മയും ശ്രേഷ്ഠൻ നിർദ്ദേശിച്ചിട്ടുള്ള മറ്റു ഭാഗങ്ങളും വായിച്ചശേഷം ഉല്ലാസം അനുവദിക്കാവുന്നതാണ്."

D 37 (c) "മാസധ്യാനം, വാർഷികധ്യാനം, വലിയാഴ്ചയിലെ ബുധൻ, വ്യാഴം, വെള്ളി എന്നീ ദിവസങ്ങളിൽ ഭക്ഷണശാലയിൽ ഉല്ലാസം ഉണ്ടായിരിക്കുന്നതല്ല."

ജീവിതത്തിൽ ചില നിമിഷങ്ങൾ നമ്മെ പൂർണമായി ദൈവസന്നിധിയിലേക്ക് നയിക്കുന്ന വിശുദ്ധ ഇടവേളകളാണ്. "മാസധ്യാനം, വാർഷികധ്യാനം, വലിയാഴ്ചയിലെ ബുധൻ, വ്യാഴം, വെള്ളി എന്നീ ദിവസങ്ങളിൽ ഭക്ഷണശാലയിൽ ഉല്ലാസം ഉണ്ടായിരിക്കുന്നതല്ല" എന്ന നിർദ്ദേശം ആത്മീയ ഏകാഗ്രതയിലേക്കുള്ള ഒരു ക്ഷണമാണ്. സാധാരണ ദിവസങ്ങളിൽ ഭക്ഷണശേഷമുള്ള ഉല്ലാസം സഹോദരസ്നേഹവും വിശ്രമവും വളർത്തുമ്പോൾ, ഈ പ്രത്യേക ദിവസങ്ങളിൽ അത് ഒഴിവാക്കുന്നതിലൂടെ നമ്മുടെ മനസ്സ് ദൈവികാനുഭവത്തിലേക്ക് കൂടുതൽ കേന്ദ്രീകരിക്കപ്പെടുന്നു.

മാസധ്യാനവും വാർഷികധ്യാനവും ഓരോ സന്യാസിയുടെയും ഉള്ളിനെ ശുദ്ധീകരിക്കുകയും നവീകരിക്കുകയും ചെയ്യുന്ന വിശുദ്ധ അവസരങ്ങളാണ്. അത്തരം ദിവസങ്ങളിൽ സംഭാഷണങ്ങളും ഉല്ലാസവും നിയന്ത്രിക്കുമ്പോൾ, ദൈവത്തിന്റെ മൃദുസ്വരം ഉള്ളിൽ കൂടുതൽ വ്യക്തമായി

കേൾക്കാൻ സാധിക്കുന്നു. അതുപോലെ, വലിയാഴ്ചയിലെ ബുധൻ, വ്യാഴം, വെള്ളി എന്നീ ദിവസങ്ങൾ ക്രിസ്തുവിന്റെ പീഡാനുഭവത്തിന്റെയും പരമസ്നേഹത്തിന്റെയും സ്മരണകളാൽ നിറഞ്ഞവയാണ്. ഈ ദിവസങ്ങളിൽ ഉല്ലാസം ഒഴിവാക്കുന്നത്, ആ ത്യാഗത്തിന്റെ ഗൗരവം ഹൃദയത്തിൽ കൂടുതൽ ആഴത്തിൽ അനുഭവിക്കാൻ സഹായിക്കുന്നു.

ഈ നിയമം നമ്മെ പഠിപ്പിക്കുന്നത്, ചെറിയ സുഖസൗകര്യങ്ങൾ പോലും ത്യജിക്കുമ്പോൾ നമ്മുടെ മനസ്സ് കൂടുതൽ ദൈവസന്നിധിയിലേക്ക് ഉയരുന്നു എന്നതാണ്. ഇവിടെ ഉല്ലാസത്തിന്റെ അഭാവം ഒരു നഷ്ടമല്ല; മറിച്ച് ആഴമേറിയ ആത്മീയ സാന്നിധ്യത്തിനുള്ള ഒരവസരമാണ്. അതിനാൽ D 37 (c) നമ്മെ ഓർമ്മിപ്പിക്കുന്നത്, ജീവിതത്തിൽ ചില നിമിഷങ്ങൾ നിശ്ശബ്ദതയ്ക്കും പ്രാർത്ഥനയ്ക്കും ത്യാഗത്തിനും സമർപ്പിക്കപ്പെടേണ്ടതുണ്ടെന്നാണ്. അത്തരം നിമിഷങ്ങളിൽ പുറമേയുള്ള സംഭാഷണം കുറയുമ്പോൾ, ഉള്ളിലെ ദൈവാനുഭവം കൂടുതൽ സമ്പന്നമാകുന്നു.

സി.എം.ഐ. നിയമാവലിയിലെ ഈ നിർദ്ദേശം നമ്മുടെ ദിനചര്യയിലെ ഒരു സാധാരണ സംഭവമായ ഭക്ഷണസമയത്തെപ്പോലും ആത്മീയതയുടെയും സഹോദരത്വത്തിന്റെയും അർത്ഥവത്തായ അനുഭവമാക്കി മാറ്റുന്നു. "ഭക്ഷണത്തിന് ഒരുമിച്ചു കൂടുമ്പോൾ സാമാന്യമായി മൗനം പാലിക്കുവാൻ കടപ്പെടുന്നില്ല" എന്ന നിർദ്ദേശം സമൂഹജീവിതത്തിന്റെ ഹൃദയസ്പന്ദനമാണ്. ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നത് വെറും ശരീരത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി മാത്രമല്ല; ബന്ധങ്ങൾ വളരുകയും ഹൃദയങ്ങൾ തുറക്കപ്പെടുകയും സന്തോഷവും പങ്കുവെക്കലും സജീവമാവുകയും ചെയ്യുന്ന ഒരു പുണ്യനിമിഷം കൂടിയാണ്. അത് സഹോദരന്മാർ തമ്മിലുള്ള സ്നേഹബന്ധങ്ങളെ കൂടുതൽ ദൃഢമാക്കുന്നു.

ഉച്ചഭക്ഷണ സമയത്ത് വിശുദ്ധ ഗ്രന്ഥത്തിൽ നിന്ന് ഒരു ഭാഗം വായിച്ചതിനുശേഷം സംസാരിക്കാവുന്നതാണ് എന്ന നിർദ്ദേശം, ദൈവവചനത്തിന് നൽകുന്ന പ്രഥമസ്ഥാനത്തെ മനോഹരമായി പ്രകടമാക്കുന്നു. ആദ്യം ദൈവവചനം ശ്രവിക്കുക, പിന്നെ മനുഷ്യവചനങ്ങളിലേക്ക് കടക്കുക—ഈ ക്രമം നമ്മുടെ എല്ലാ സംഭാഷണങ്ങളും ദൈവവചനത്തിന്റെ വെളിച്ചത്തിൽ രൂപപ്പെടേണ്ടതാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

അത്താഴസമയത്ത് പൊതുവായ വിജ്ഞാപനങ്ങളും മരിച്ച സഹോദരന്മാരുടെ ഓർമ്മയും ശ്രേഷ്ഠൻ നിർദ്ദേശിച്ചിട്ടുള്ള മറ്റു ഭാഗങ്ങളും വായിച്ചശേഷം ഉല്ലാസം അനുവദിക്കപ്പെടുന്നു. ഇത് സമൂഹത്തിന്റെ ഐക്യവും ഉത്തരവാദിത്വബോധവും പ്രകടമാക്കുന്നു. മരിച്ച സഹോദരന്മാരെ

അനുസ്മരിക്കുന്നത് നന്ദിയുടെയും പ്രാർത്ഥനയുടെയും മനോഭാവത്തിലേക്ക് നമ്മെ നയിക്കുകയും അവർ കൈമാറിയ ആത്മീയ പാരമ്പര്യത്തെ ആദരിക്കാൻ പ്രചോദിപ്പിക്കുകയും ചെയ്യുന്നു.

ഈ നിയമം നമ്മെ പഠിപ്പിക്കുന്നത്, ഭക്ഷണസമയം ഒരു വിശ്രമവേള മാത്രമല്ല, മറിച്ച് ദൈവവചനവും സഹോദരസൗഹൃദവും പരസ്പര സ്നേഹവും ഒരുമിച്ചു അനുഭവിക്കുന്ന ആത്മീയസംഗമമാണെന്നാണ്. അതിനാൽ ഈ നിർദ്ദേശം നമ്മെ ക്ഷണിക്കുന്നത് സംഭാഷണത്തിൽ സ്നേഹവും, മൗനത്തിൽ ആഴവും, ദൈവവചനത്തോട് വിധേയത്വവും വളർത്താനാണ്. ഈ മനോഭാവത്തോടെ ജീവിക്കുമ്പോൾ, ഓരോ ഭക്ഷണവും ശരീരത്തെ പോഷിപ്പിക്കുന്ന ഒരു സമയമെന്നതിലുപരി ആത്മാവിനെ നവീകരിക്കുന്ന ഒരു വിശുദ്ധാനുഭവമായി മാറുന്നു.

5.3.4. ഭക്ഷണവും താപസചൈതന്യവും

D 40 (a) "നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും താപസ ചൈതന്യം പ്രകടമായി കാണപ്പെടണം.

(b) കാലത്തിന് അനുഗുണവും സ്ഥലസമൂഹം നിശ്ചയിക്കുന്നതുമായ തപശ്ചര്യകൾ നമ്മൾ അനുഷ്ഠിക്കണം."

തപസ്സ് എന്നത് ചില പ്രത്യേക ദിവസങ്ങളിലോ സാഹചര്യങ്ങളിലോ മാത്രം പാലിക്കേണ്ട ഒരു ആചാരമല്ല; മറിച്ച്, അത് നമ്മുടെ ജീവിതം മുഴുവനിലും ലയിച്ചുചേരേണ്ട ഒരു ആത്മസങ്കൽപമാണ്. അതുകൊണ്ടാണ് D 40 (a) നമ്മെ ഓർമ്മിപ്പിക്കുന്നത്: "നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും താപസചൈതന്യം പ്രകടമായി കാണപ്പെടണം."

ഇവിടെ ഒരു പ്രധാന തിരിച്ചറിവ് ആവശ്യമാണ്. ഉപവാസം എന്നത് 'ഉപ + വാസം'—'കൂടെ വസിക്കൽ' എന്ന അർത്ഥമാണ്. അതിനാൽ, ഉപവാസം വെറും ഭക്ഷണം ഒഴിവാക്കൽ മാത്രമല്ല; അത് ദൈവസാന്നിധ്യത്തിൽ കൂടുതൽ അടുപ്പത്തോടെ ജീവിക്കാനുള്ള ഒരു ക്ഷണമാണ്. നമ്മുടെ ഉപവാസം ആത്യന്തികമായി നമ്മെ ദൈവത്തോട് കൂടുതൽ അടുപ്പിക്കുന്നതായിരിക്കണം.

നമ്മുടെ ചിന്തകളിലും വാക്കുകളിലും പ്രവൃത്തികളിലും ഉപഭോഗരീതികളിലും ബന്ധങ്ങളിലും—എല്ലായിടത്തും ലാളിത്യം, ആത്മനിയന്ത്രണം, സ്വയംത്യാഗം എന്നിവ പ്രതിഫലിക്കണം. താപസചൈതന്യം വെറും ഉപവാസമോ ത്യാഗമോ മാത്രമല്ല; അത് അധികതയെ ഒഴിവാക്കുകയും ആവശ്യത്തിനുള്ളതിൽ തൃപ്തിപ്പെടുകയും ചെയ്യുന്ന ഒരു ജീവിതമനോഭാ

വമാണ്. അത്തരം ജീവിതം ശബ്ദരഹിതമായ ഒരു സാക്ഷ്യമായി മറ്റുള്ള വരെ സ്വാധീനിക്കുന്നു.

D 40 (b) നമ്മെ കൂടുതൽ ഉത്തരവാദിത്വബോധത്തിലേക്ക് നയിക്കുന്നു: "കാലത്തിനനുഗുണവും സ്ഥല-സമൂഹം നിശ്ചയിക്കുന്നതുമായ തപശ്ചര്യകൾ" അനുഷ്ഠിക്കണമെന്നാണ് അത് പഠിപ്പിക്കുന്നത്. ഇന്നത്തെ സാഹചര്യത്തിൽ അത് അനാവശ്യ ഉപഭോഗത്തിൽ നിന്നുള്ള പിന്മാറ്റമായിരിക്കാം; ഡിജിറ്റൽ ലോകത്തിലെ അതിരുവിട്ട ഉപയോഗത്തിൽ ആത്മനിയന്ത്രണമാകാം; ഭൂമിയോടുള്ള ഉത്തരവാദിത്വബോധത്തിന്റെ ഭാഗമായി പരിസ്ഥിതി സംരക്ഷണമാകാം; അല്ലെങ്കിൽ മറ്റുള്ളവരുടെ വേദനയിൽ പങ്കുചേരുന്ന കരുണയുടെ പ്രവൃത്തികളാകാം.

തപശ്ചര്യകൾ സമൂഹം നിർദ്ദേശിക്കുന്നതുപോലെ അനുഷ്ഠിക്കണം എന്നത് വ്യക്തിപരമായ ഇഷ്ടങ്ങളെ മറികടന്ന് സഭയുടെ പൊതുവായ ആത്മീയദിശയോട് ഐക്യപ്പെടേണ്ടതുണ്ടെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. അതിലൂടെ വ്യക്തിയും സമൂഹവും ഒരേ ലക്ഷ്യത്തിലേക്ക് വളരുകയും പരസ്പരം ശക്തിപ്പെടുകയും ചെയ്യുന്നു.

ഈ രണ്ട് നിയമങ്ങളും നമ്മെ പഠിപ്പിക്കുന്നത് ഇതാണ്: തപസ്സ് ഒരു പ്രവർത്തി മാത്രമല്ല; അത് ഒരു ജീവിതരീതിയാണ്. അതിലൂടെ നമ്മൾ വസ്തുക്കളിൽ നിന്നല്ല, സ്വാർത്ഥതയിൽ നിന്നാണ് യഥാർത്ഥ മോചനം പ്രാപിക്കുന്നത്. നമ്മുടെ ജീവിതം കൂടുതൽ ലളിതമാകുമ്പോൾ ദൈവസാന്നിധ്യം കൂടുതൽ വ്യക്തമായി അനുഭവിക്കാനാകും. അങ്ങനെ, നമ്മുടെ താപസചൈതന്യം ഒരു വ്യക്തിപരമായ ആത്മാനുഭവം മാത്രമല്ല, ലോകത്തിനുമുന്നിൽ ക്രിസ്തുവിനെ സാക്ഷ്യപ്പെടുത്തുന്ന ഒരു ജീവിത സാക്ഷ്യവുമാകുന്നു.

5.3.5. ഉപവാസത്തിലൂടെയുള്ള തിരുന്നാൾ ഒരുക്കങ്ങൾ

D 41 (a) "തിരുസഭാ നിയമം അനുശാസിക്കുന്ന ഉപവാസ ദിവസങ്ങൾക്കു പുറമേ, അമലോത്ഭവമാതാവിന്റെയും കർമ്മല മാതാവിന്റെയും തിരുനാളുകളുടെ തലേ ദിവസങ്ങളിലും, വലിയ നോമ്പിലെ ആദ്യ വെള്ളിയാഴ്ചകളിലും, ഒഴിച്ചുള്ള മറ്റെല്ലാ വെള്ളിയാഴ്ചകളിലും നമ്മുടെ സഹോദരന്മാർ ഉപവാസം അനുഷ്ഠിക്കേണ്ടതാണ്.

(b) ബുധൻ, വെള്ളി, ശനി ഒഴികെ മറ്റെല്ലാ ദിവസങ്ങളിലും നമ്മുടെ സഹോദരന്മാർക്ക് മാംസം ഭക്ഷിക്കാവുന്നതാണ്. ആഗമനകാലത്തും വലിയ നോമ്പിലും എല്ലാ ദിവസവും മാസവർജ്ജനം പാലിക്കണം. ആഗമന

കാലത്തും വലിയ നോമ്പിലും സസ്യ ഭക്ഷണം, സസ്യഭോജനം മാത്രം കഴിക്കുന്നത് അഭിലക്ഷണീയമത്രേ."

ഉപവാസത്തെയും ഭക്ഷണക്രമത്തെയും സംബന്ധിക്കുന്ന D 41 (a), (b) നിയമങ്ങൾ സന്യാസജീവിതത്തെ ആത്മീയ പക്വതയിലേക്ക് നയിക്കുന്ന ശിക്ഷണങ്ങളാണ്. തിരുനാൾ വെറും ആഘോഷത്തിന്റെ ദിവസമല്ല; ദൈവസാന്നിധ്യത്തിലേക്ക് കൂടുതൽ ഉയരാനുള്ള അവസരമാണ്. എന്നാൽ ആ ഉയർച്ചയ്ക്ക് ഒരുക്കം ആവശ്യമാണ്. അതുകൊണ്ടാണ് സഭ ഓരോ പ്രധാന തിരുനാളിനും മുമ്പ് ഉപവാസത്തിന്റെയും ആത്മീയ ഒരുക്കത്തിന്റെയും വഴിയിലേക്ക് നമ്മെ നയിക്കുന്നത്. ഒരുങ്ങുന്ന രീതിയാണ് നമ്മുടെ ആഘോഷത്തിന്റെയും ആത്മീയാനുഭവത്തിന്റെയും ആഴം നിർണയിക്കുന്നത്.

D 41 (a) പ്രകാരം, തിരുസഭ നിർദ്ദേശിക്കുന്ന ഉപവാസദിവസങ്ങൾക്കു പുറമേ പ്രത്യേക തിരുനാളുകളുടെ തലേദിവസങ്ങളിലും വെള്ളിയാഴ്ചകളിലും ഉപവാസം പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു. ഈ ക്രമം നമ്മുടെ ജീവിതത്തിൽ ആത്മീയ അച്ചടക്കം വളർത്തുന്നു. ഉപവാസം ഭക്ഷണം ഒഴിവാക്കുന്നതിൽ മാത്രം ഒതുങ്ങുന്നില്ല; അനാവശ്യമായതെല്ലാം ഉപേക്ഷിച്ച് ദൈവത്തിന് കൂടുതൽ ഇടം നൽകുന്ന ജീവിതശൈലിയാണ് അത്. ഓരോ ഉപവാസദിവസവും നമ്മോട് ചോദിക്കുന്നു: "ദൈവത്തോട് കൂടുതൽ അടുക്കാൻ ഞാൻ എന്താണ് വിട്ടുകൊടുക്കേണ്ടത്?"

D 41 (b) ഭക്ഷണത്തിൽ വിവേകവും ആത്മനിയന്ത്രണവും വളർത്തുന്ന ഒരു ക്രമം നിർദ്ദേശിക്കുന്നു. ചില ദിവസങ്ങളിൽ മാംസഭക്ഷണം ഒഴിവാക്കുകയും, മറ്റു ദിവസങ്ങളിൽ അനുവദിക്കുകയും ചെയ്യുന്നതിലൂടെ നിയന്ത്രണവും സ്വാതന്ത്ര്യവും തമ്മിലുള്ള സന്തുലനം സഭ നമ്മെ പഠിപ്പിക്കുന്നു. പ്രത്യേകിച്ച് ആഗമനകാലവും വലിയ നോമ്പും, മാനസാന്തരത്തിന്റെയും ആത്മീയ നവീകരണത്തിന്റെയും കാലങ്ങളായതിനാൽ, കൂടുതൽ ലാളിത്യവും തപശ്ചര്യയും സഭ നിർദ്ദേശിക്കുന്നു.

സസ്യഭക്ഷണം മാത്രം കഴിക്കുന്നത് 'അഭിലഷണീയമാണ്' എന്ന് നിയമാവലി പറയുമ്പോൾ, അത് നിർബന്ധത്തേക്കാൾ ആത്മീയമായ ഒരു ക്ഷണമാണ്. ത്യാഗം പുറംകാഴ്ചയാകരുത്; ഹൃദയത്തിന്റെ പരിവർത്തനമായിരിക്കണം. ഭക്ഷണത്തിലെ ലാളിത്യം, മറ്റുള്ളവരുടെ വിശപ്പിനെ ഓർക്കാനും ദൈവത്തിന്റെ ദാനങ്ങളോടുള്ള നന്ദി വളർത്താനും നമ്മെ സഹായിക്കണം.

യേശു തന്നെ തന്റെ പരസ്യജീവിതം ആരംഭിക്കുന്നതിന് മുമ്പ് നാല്പതു ദിവസം ഉപവസിച്ചു (മത്താ 4:1–2). അതിലൂടെ വലിയ ദൗത്യങ്ങൾക്ക് മുമ്പ് ആത്മീയ ഒരുക്കം അനിവാര്യമാണെന്ന് അവിടുന്ന് കാണിച്ചുതന്നു. അതുപോലെ തന്നെ, നമ്മുടെ ഓരോ ഉപവാസവും വരാനിരിക്കുന്ന തിരുനാളിനെ പുറംഘോഷമല്ല, ആന്തരിക നവീകരണത്തിന്റെ അനുഭവമാക്കി മാറ്റണം. അതിനാൽ, ഈ നിയമങ്ങൾ ഭക്ഷണ ക്രമത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ മാത്രമല്ല; ആത്മീയ രൂപീകരണത്തിനുള്ള മാർഗനിർദേശങ്ങളാണ്. നാം എന്ത് കഴിക്കുന്നു, എപ്പോൾ കഴിക്കുന്നു, എങ്ങനെ കഴിക്കുന്നു എന്നതുപോലെ, എന്ത് ത്യജിക്കുന്നു, എന്തിനുവേണ്ടി ത്യജിക്കുന്നു എന്നതും നമ്മുടെ ആത്മീയ ജീവിതത്തെ രൂപപ്പെടുത്തുന്നു. ഒരേ ശിക്ഷണം ഒരുമിച്ച് അനുഷ്ഠിക്കുന്ന സഹോദര സമൂഹം, ഐക്യത്തിന്റെയും അനുസരണത്തിന്റെയും മനോഹരമായ സാക്ഷ്യമായി മാറുന്നു. അങ്ങനെ ഓരോ ഉപവാസവും, ഓരോ നോമ്പും, ഓരോ തിരുനാളിനെയും ദൈവസാന്നിധ്യത്തിലേക്കുള്ള ഒരു പുതിയ ഉയർച്ചയായി മാറ്റുന്ന വിശുദ്ധ ഒരുക്കമായി മാറട്ടെ.

5.3.6. ശുദ്ധമായ ജീവിതത്തിലേക്കുള്ള ആഹ്വാനം

D 41 (c) "നമ്മുടെ സഭാംഗങ്ങൾ പുകയിലയുടെയും മദ്യപാനത്തിന്റെയും ഉപയോഗം പരിവർജിക്കണം."

സി.എം.ഐ. നിയമാവലിയിൽ പറയുന്ന ഈ നിർദ്ദേശം ഒരു സാധാരണ ആരോഗ്യനിയമം മാത്രമല്ല; അത് ശുദ്ധിയിലേക്കും ആത്മനിയന്ത്രണത്തിലേക്കും ദൈവസന്നിധിയിൽ സമർപ്പിതമായ ജീവിതത്തിലേക്കും നമ്മെ നയിക്കുന്ന ആത്മീയ ആഹ്വാനമാണ്. പുകയിലയും മദ്യപാനവും മനുഷ്യന്റെ ശരീരത്തെയും മനസ്സിനെയും മാത്രമല്ല, ആത്മീയജീവിതത്തെയും ദുർബലപ്പെടുത്തുന്നു. ദൈവത്തിന്റെ ആലയമായ നമ്മുടെ ശരീരത്തെ ഇത്തരം വസ്തുക്കളാൽ മലിനമാക്കുമ്പോൾ, ദൈവവുമായുള്ള ബന്ധവും ക്രമേണ ക്ഷയിക്കുന്നു. അതിനാൽ, ഇവയുടെ പരിവർജനം ഒരു ബാഹ്യനിയന്ത്രണമല്ല; മറിച്ച് ദൈവസന്നിധിയിൽ വിശുദ്ധിയോടെ ജീവിക്കാനുള്ള ബോധപൂർവമായ ആത്മീയ തീരുമാനമാണ്.

മദ്യപാനത്തിൽനിന്ന് വിട്ടുനിൽക്കുന്നത് ആത്മനിയന്ത്രണത്തിന്റെ വ്യക്തമായ പ്രകടനമാണ്. അത് ആസക്തികളുടെയും ആശ്രിതത്വത്തിന്റെയും ബന്ധനങ്ങളിൽ നിന്ന് നമ്മെ മോചിപ്പിക്കുകയും യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. യഥാർത്ഥ സ്വാതന്ത്ര്യം ദൈവത്തിൽ മാത്രമേ കണ്ടെത്താനാകൂ എന്ന സത്യം ഈ നിയമം നമ്മെ ഓർമ്മിപ്പിക്കുന്നു.

ഇന്നത്തെ ലോകത്ത് വിവിധ തരത്തിലുള്ള പ്രലോഭനങ്ങളും സമ്മർദ ങ്ങളും മനുഷ്യനെ മദ്യപാനത്തിലേക്ക് ആകർഷിക്കുന്നു. അത്തരം സാ ഹചര്യങ്ങളിൽ ഈ നിയമം ജാഗ്രതയോടെയും വിവേകത്തോടെയും ജീവിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. നമ്മുടെ ജീവിതം മറ്റുള്ളവർക്ക് ഒരു സാക്ഷ്യമാകുമ്പോൾ, വിവിധ ആസക്തികളിൽനിന്ന് വിട്ടുനിൽക്കുന്നത് ശക്തമായ ഒരു സുവിശേഷസാക്ഷ്യമായി മാറുന്നു. അതുകൊണ്ട് ഈ നിർദ്ദേശം ഒരു വിലക്കായി കാണേണ്ടതല്ല; മറിച്ച് നമ്മുടെ ആത്മീയ മഹ ത്വവും വ്യക്തിത്വവും സംരക്ഷിക്കുന്ന കൃപയുടെ മാർഗ്ഗമായി കാണണം. ശുദ്ധിയുടെയും സമർപ്പണത്തിന്റെയും ജീവിതം നയിക്കാനുള്ള അവസ രമായി ഈ നിയമത്തെ സ്വീകരിക്കുമ്പോൾ, നാം ദൈവത്തോട് കൂടു തൽ അടുക്കുകയും സമൂഹത്തിൽ പ്രത്യാശയുടെയും വിശുദ്ധിയുടെയും പ്രകാശമായി മാറുകയും ചെയ്യുന്നു.

5.3.7. പങ്കിടലായി മാറുന്ന ഉപവാസം

D 41 (e) "ഭക്ഷണ ത്യാഗം, ഉപവാസം പൊതു പ്രായശ്ചിത്തങ്ങൾ വഴി ല ഭിക്കുന്നവ സാധുക്കൾക്ക് വേണ്ടി ഉപയോഗിക്കുന്നത് അഭികാമ്യമായി രിക്കും."

സി.എം.ഐ. നിയമാവലിയിലെ ഈ അനുച്ഛേദം, പ്രായശ്ചിത്തത്തിന്റെ ആത്മാവിനെ ഏറ്റവും മനോഹരമായി വ്യക്തമാക്കുന്ന ഒരു ആഹ്വാന മാണ്. ഈ നിർദ്ദേശം, ത്യാഗം ഒരു വ്യക്തിപരമായ ആത്മീയാഭ്യാസം മാ ത്രമല്ല, മറിച്ച് സഹോദരസ്നേഹത്തിലേക്കും പങ്കിടലിലേക്കും നയിക്കു ന്ന സജീവമായ ക്രൈസ്തവ ജീവിതശൈലിയാണെന്ന് നമ്മെ പഠിപ്പി ക്കുന്നു.

ഉപവാസവും ത്യാഗവും പലപ്പോഴും ആത്മനിയന്ത്രണത്തിന്റെ അഭ്യാസ മായി മാത്രമാണ് നാം കാണുന്നത്. എന്നാൽ ഈ നിയമം അതിനുമ പ്പുറത്തേക്ക് നമ്മെ നയിക്കുന്നു. നാം സ്വമേധയാ ഉപേക്ഷിക്കുന്ന ഓരോ ചെറിയ സുഖവും, നാം സ്വീകരിക്കുന്ന ഓരോ സംയമനവും, മറ്റൊരാ ളുടെ ജീവിതത്തിൽ ആശ്വാസവും പ്രത്യാശയും ആയി മാറുമ്പോഴാണ് അതിന്റെ യഥാർത്ഥ ആത്മീയ മൂല്യം വെളിപ്പെടുന്നത്. അങ്ങനെ, പ്രായ ശ്ചിത്തം ആത്മകേന്ദ്രിതമായ ഒരു പ്രവർത്തിയിൽ നിന്ന് പരോപകാര പരമായ ദൈവസ്നേഹത്തിന്റെ പ്രകടനമായി രൂപാന്തരപ്പെടുന്നു.

ദരിദ്രരോടും ബലഹീനരോടും ഉള്ള കരുതൽ ക്രൈസ്തവ ജീവിതത്തി ന്റെ ഹൃദയമാണ്. നാം ഉപവാസം അനുഷ്ഠിക്കുമ്പോൾ ലഭിക്കുന്ന ലാ ഭം—ഭക്ഷണച്ചെലവിലെ കുറവായിരിക്കട്ടെ, അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിലുള്ള സമ്പാദ്യമാകട്ടെ—അത് ആവശ്യക്കാരുമായി പങ്കുവ

യ്ക്കുമ്പോൾ, നാം ക്രിസ്തുവിന്റെ കരുണയുടെ ജീവിക്കുന്ന സാക്ഷികളാകുന്നു. 'നൽകുന്നതിലാണ് ലഭിക്കുന്നത്' എന്ന സുവിശേഷസത്യം അപ്പോൾ ജീവിതാനുഭവമായി മാറുന്നു.

യഥാർത്ഥ പ്രായശ്ചിത്തം നമ്മുടെ ഹൃദയം ദൈവത്തിനും സഹോദരങ്ങൾക്കും ഒരുപോലെ തുറക്കുമ്പോഴാണ് പൂർണമാകുന്നത്. അതിനാൽ, D 41 (e) ഒരു നിർദ്ദേശം മാത്രമല്ല; അത് ഒരു ജീവിതദർശനമാണ്—ത്യാഗം പങ്കിടലായി മാറുന്ന, ഉപവാസം കരുണയായി വിരിയുന്ന, ആത്മീയാനുഷ്ഠാനം സ്നേഹസേവനമായി പൂർത്തിയാകുന്ന ഒരു വിശുദ്ധ വഴിയാത്ര. ഈ ആത്മാവോടെ ജീവിക്കുമ്പോൾ, നമ്മുടെ ഓരോ പ്രായശ്ചിത്തവും ദൈവസന്നിധിയിൽ സുഗന്ധമുള്ള സമർപ്പണമായി മാറുകയും, നമ്മുടെ ജീവിതം മറ്റുള്ളവർക്ക് അനുഗ്രഹത്തിന്റെ ഉറവിടമാവുകയും ചെയ്യുന്നു.

5.3.8. ആശ്രമവേലകളിലെ നിർവൃതി

C 108. "പരിശീലനത്തിന്റെ പ്രാരംഭ ഘട്ടങ്ങൾ മുതൽക്ക് തന്നെ നമ്മുടെ സഹോദരന്മാർക്ക് കായിക ജോലിയുടെ വില മനസ്സിലാക്കുവാനുള്ള ശിക്ഷണം നൽകേണ്ടതാണ്."

D 43 (d) "ഭവനത്തിലെ സാമാന്യമായ കായിക ജോലികൾ സാധിക്കുന്നിടത്തോളം അംഗങ്ങൾ തന്നെ ചെയ്യേണ്ടതാണ്."

സന്യാസപരിശീലനം വെറും പഠനമോ പ്രാർത്ഥനയോ മാത്രമല്ല; അത് മനസ്സിനെയും ഹൃദയത്തെയും കൈകളെയും ഒരുപോലെ രൂപപ്പെടുത്തുന്ന സമഗ്രമായ ഒരു പ്രക്രിയയാണ്. പരിശീലനത്തിന്റെ ആദ്യഘട്ടങ്ങളിൽ തന്നെ ഒരു സഹോദരൻ പഠിക്കേണ്ട വിനയം, സേവനമനോഭാവം, ഉത്തരവാദിത്തബോധം, അധ്വാനത്തിന്റെ മഹത്വം എന്നിവയെല്ലാം നമ്മെ പഠിപ്പിക്കുന്ന ഒരു വലിയ ഗുരുവാണ് കായിക ജോലി. ചെറിയ ജോലികളിൽ വിശ്വസ്തത പുലർത്തുന്നവരാണ് വലിയ ദൗത്യങ്ങളിലും സ്ഥിരതയോടെ നിലകൊള്ളുന്നത്. അതിനാൽ, കായിക ജോലികൾ വെറും ശാരീരിക പ്രവർത്തനമല്ല; വ്യക്തിത്വത്തെ രൂപപ്പെടുത്തുന്ന ഒരു ആത്മീയ ശിക്ഷണമാണ്.

സ്വന്തം ഭവനത്തിലെ സാധാരണ ജോലികൾ സ്വയം നിർവഹിക്കുക എന്നത് മനുഷ്യന്റെ അഹങ്കാരത്തെ താഴ്ത്തി വിനയത്തിലേക്ക് നയിക്കുന്ന ഒരു ആത്മീയ അഭ്യാസമാണ്. മറ്റുള്ളവരുടെ സേവനം മാത്രം പ്രതീക്ഷിക്കുന്നതിനുപകരം, സേവിക്കാൻ തയ്യാറാകുന്ന മനസ്സ് വളർത്തുകയാണ് ഇതിന്റെ ലക്ഷ്യം. ഈ മനോഭാവം സന്യാസജീവിതത്തെ കൂടുത

ൽ യഥാർത്ഥവും ക്രിസ്തുവിന്റെ മാതൃകയോട് കൂടുതൽ ചേർന്നതുമാക്കുന്നു.

കൂടാതെ, ഈ നിയമം സാഹോദര്യത്തിന്റെ മനോഹരമായ ഒരു മുഖവും അവതരിപ്പിക്കുന്നു. ഒരുമിച്ച് ജോലി ചെയ്യുമ്പോൾ ബന്ധങ്ങൾ ശക്തമാവുകയും പരസ്പര ബഹുമാനവും സ്നേഹവും വളരുകയും ചെയ്യുന്നു. ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ ഓരോരുത്തരും തങ്ങളുടെ ഉത്തരവാദിത്തം ഏറ്റെടുക്കുമ്പോൾ ഭവനം സ്നേഹസമ്പന്നമായ ഒരു സമൂഹമായി മാറുന്നു.

ഒരു ചെറിയ അനുഭവം ഞാൻ പങ്കുവെക്കട്ടെ. പ്രീ-ഓർഡിനേഷൻ കോഴ്സിന്റെ ഭാഗമായി ശ്രീശ്രീ രവിശങ്കറിന്റെ ബംഗളൂരുവിനടുത്തുള്ള കനകപുരയിലെ ആശ്രമത്തിൽ ഒരാഴ്ച *ആർട്ട് ഓഫ് ലിവിങ്ങിന്റെ* ബേസിക് കോഴ്സിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു. എല്ലാ ദിവസവും രാവിലെ ഒരു വ്യത്യസ്തമായ വ്യായാമം ഉണ്ടായിരുന്നു. നമ്മുടെ വീടുകളിൽ അമ്മമാർ ദിവസേന ചെയ്യുന്ന ജോലികൾ അഭിനയിച്ചു കാണിക്കുകയായിരുന്നു അതിന്റെ പ്രത്യേകത. ഉറക്കമുണർന്ന ഉടൻ പായ മടക്കുക, വീട് മുഴുവൻ ചൂലുകൊണ്ട് അടിക്കുക, വെള്ളം ഉപയോഗിച്ച് തറ തുടയ്ക്കുക, മുറ്റം വൃത്തിയാക്കുക, അമ്മിക്കല്ലിൽ ചമ്മന്തി അരയ്ക്കുക തുടങ്ങിയകാര്യങ്ങൾ അമ്മമാർ ചെയ്യുന്നതുപോലെ അഭിനയിക്കണം.

ഈ ലളിതമായ വ്യായാമം വലിയൊരു ഉൾക്കാഴ്ച നൽകി. നമ്മുടെ അമ്മമാർ ദിവസേന ചെയ്യുന്ന ഈ സാധാരണ ജോലികളാണ് അവരുടെ ശരീരത്തിന് ആവശ്യമായ മികച്ച വ്യായാമം. പ്രത്യേകമായി ജിമ്മിൽ പോകാതെ തന്നെ, സ്വന്തം വീട്ടിലെ കടമകൾ ആത്മാർത്ഥമായി നിർവഹിക്കുന്നതിലൂടെ അവർ ആരോഗ്യവും കരുത്തും നിലനിർത്തുന്നു.

ഈ അനുഭവത്തിൽ ഒരു ആത്മീയ സന്ദേശവുമുണ്ട്. നമ്മുടെ സ്വന്തം വീട്ടിലോ ആശ്രമത്തിലോ ചെയ്യേണ്ട ചെറിയ ജോലികൾ പോലും ശരീരത്തിനും ആത്മാവിനും അനുഗ്രഹപ്രദമാണ്. സ്വന്തം മുറി വൃത്തിയാക്കുക, വീട് അടിക്കുക, മുറ്റം ശുചിയാക്കുക തുടങ്ങിയവ വെറും ജോലികളല്ല; അവയിൽ വിനയവും സേവനത്തിന്റെ സൗന്ദര്യവും ആത്മീയതയും ഒളിഞ്ഞിരിക്കുന്നു. ഇന്ന് ഇത്തരത്തിലുള്ള ജോലികൾ ഒഴിവാക്കി വ്യായാമത്തിനായി പണം ചെലവഴിച്ച് ജിമ്മിൽ പോകുന്നത് ഒരു ജീവിതശൈലിയായി മാറിയിരിക്കുന്നു. എന്നാൽ അധ്വാനത്തിലൂടെ ലഭിക്കുന്ന വ്യായാമത്തിന്റെയും സംതൃപ്തിയുടെയും പകരം മറ്റൊന്നുമില്ല.

നമ്മുടെ ഭവനത്തിലെ ചെറിയ ജോലികൾ—വൃത്തിയാക്കൽ, തോട്ടപ്പണി, അടുക്കളസഹായം, വീട്ടുപണികൾ—ഇവയൊക്കെയാണ് നമ്മെ വിനയത്തിലും സഹോദരസ്നേഹത്തിലും വളർത്തുന്നത്. യേശു നമ്മെ പഠിപ്പിച്ചത് അധികാരത്തിന്റെ വഴിയല്ല, സേവനത്തിന്റെ വഴിയാണ്. "മനുഷ്യപുത്രൻ ശുശ്രൂഷ സ്വീകരിക്കാനല്ല, ശുശ്രൂഷ ചെയ്യാനാണ് വന്നത്" (മർക്കോ 10:45). ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിക്കൊടുത്തുകൊണ്ട് അവിടുന്ന് പറഞ്ഞു: "ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്കൊരു മാതൃക തന്നിരിക്കുന്നു" (യോഹ 13:15). അതിനാൽ, നമ്മുടെ കൈകൾ ജോലി ചെയ്യുമ്പോൾ അത് ക്രിസ്തുവിന്റെ സേവനത്തിന്റെ തുടർച്ചയായി മാറുന്നു.

നമ്മൾ ഒരു മുറി വൃത്തിയാക്കുമ്പോഴും, ഒരു തോട്ടം പരിപാലിക്കുമ്പോഴും, അടുക്കളയിൽ സഹായിക്കുമ്പോഴും, അത് വെറും ജോലി മാത്രമല്ല; ദൈവസന്നിധിയിൽ അർപ്പിക്കുന്ന ഒരു സേവനമാണ്. കൈകൾ പ്രവർത്തിക്കുമ്പോൾ ഹൃദയം ദൈവത്തോട് കൂടുതൽ അടുക്കുന്നു. അധ്വാനം നമ്മെ വിനയം പഠിപ്പിക്കുന്നു. വിദ്യാഭ്യാസത്തിലും കഴിവിലും വളർന്നാലും, കൈകൊണ്ട് ജോലി ചെയ്യാൻ തയ്യാറാകുന്ന മനോഭാവമാണ് ഒരു സന്യാസിയുടെ യഥാർത്ഥ മഹത്വം.

ഈ നിയമം നമ്മെ മറ്റൊരു സത്യം കൂടി ഓർമ്മിപ്പിക്കുന്നു: നാം എല്ലാവരും സഹോദരങ്ങളാണ്. ഇവിടെ ആരും വലിയവനോ ചെറിയവനോ അല്ല; എല്ലാവരും ഒരേ കുടുംബത്തിലെ അംഗങ്ങളാണ്. ഭവനത്തിലെ ജോലികൾ ഒരുമിച്ച് ചെയ്യുമ്പോൾ പരസ്പരം മനസ്സിലാക്കാനും സഹകരിക്കാനും പഠിക്കുന്നു. അതുവഴി സമൂഹജീവിതം കൂടുതൽ ശക്തമാവുകയും, നമ്മുടെ ഭവനം സ്നേഹവും ഐക്യവും നിറഞ്ഞ യഥാർത്ഥ സന്യാസകുടുംബമായി വളരുകയും ചെയ്യുന്നു.

5.3.9. അധ്വാനം: ദൈവത്തെ അനുഭവിക്കുന്ന വഴി

അധ്വാനം വെറും ഉപജീവനമാർഗ്ഗമല്ല; അത് ആത്മാവിനെ ദൈവത്തോട് ബന്ധിപ്പിക്കുന്ന ഒരു ദൈവിക പാതയാണ്. മഹാത്മാ ഗാന്ധിയുടെ ദർശനത്തിൽ, "ജോലിയിലൂടെയാണ് നമുക്ക് ദൈവത്തെ കാണാൻ സാധിക്കുന്നത്" എന്ന ചിന്ത ഒരു തത്ത്വചിന്ത മാത്രമല്ല, ജീവിതാനുഭവത്തിന്റെ സാക്ഷ്യമാണ്. ചർക്ക കറക്കുമ്പോൾ ഓരോ നൂലിഴയും രാമനാമമായി ഉയരുന്നതുപോലെ, നമ്മുടെ കൈകൾ ചെയ്യുന്ന ഓരോ സത്യസന്ധമായ അധ്വാനവും ദൈവസാന്നിധ്യത്തിന്റെ സ്പർശമായി മാറുന്നു. അപ്പോൾ ജോലി ഒരു ബാധ്യതയല്ല; അത് ഒരു പ്രാർത്ഥനയാണ്.

പാശ്ചാത്യ സന്യാസജീവിതത്തിന് ശക്തമായ അടിത്തറ പാകിയവരിൽ പ്രധാനിയാണ് വി. ബെനഡിക്ട്. ഇറ്റലിയിലെ മോണ്ടെ കാസിനോയിൽ അദ്ദേഹം സ്ഥാപിച്ച സന്യാസസമൂഹം ഇന്നും ലോകമെമ്പാടും മാതൃകയായി നിലകൊള്ളുന്നു. പ്രാർത്ഥന, പഠനം, അധ്വാനം എന്നീ മൂന്നു ഘടകങ്ങൾ സമന്വയിപ്പിച്ച ജീവിതക്രമമാണ് അദ്ദേഹം രൂപപ്പെടുത്തിയത്. ഒരു ദിവസത്തെ പ്രാർത്ഥനയ്ക്കും പഠനത്തിനും അധ്വാനത്തിനും വിശ്രമത്തിനുമായി ക്രമീകരിച്ച്, "Ora et Labora" (പ്രാർത്ഥിക്കുകയും അധ്വാനിക്കുകയും ചെയ്യുക) എന്ന മഹത്തായ മുദ്രാവാക്യം സന്യാസ ലോകത്തിന് അദ്ദേഹം സമ്മാനിച്ചു. പ്രാർത്ഥനയും അധ്വാനവും പരസ്പരം പൂരകങ്ങളാണെന്നും ഒന്നില്ലാതെ മറ്റൊന്ന് അപൂർണ്ണമാണെന്നും ഈ ദർശനം നമ്മെ പഠിപ്പിക്കുന്നു.

വിശുദ്ധ ഗ്രന്ഥത്തിൽ, അധ്വാനിച്ച് ഭക്ഷണം കഴിക്കാൻ മനുഷ്യനോട് കൽപ്പിക്കുന്ന ദൈവത്തെ നാം പറുദീസയിൽ കാണുന്നു. നസ്രത്തിലെ സാധാരണ തൊഴിലാളിയായി, സ്വന്തം കൈകളാൽ അന്നത്തിനായി അധ്വാനിച്ച ദൈവപുത്രനെയും നാം ദർശിക്കുന്നു. അധ്വാനത്തിന്റെ മഹത്വം വാക്കുകളിലൂടെ മാത്രമല്ല, ജീവിതത്തിലൂടെയാണ് യേശു വെളിപ്പെടുത്തിയത്.

വി. ഫ്രാൻസിസ് അസ്സീസി ഒരിക്കൽ പറഞ്ഞു: "എന്റെ കൈകൊണ്ട് ഞാൻ മടുപ്പ് കൂടാതെ ജോലി ചെയ്യുന്നു; എന്റെ എല്ലാ സഹസന്യാസികളും അങ്ങനെ ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുന്നു." അദ്ദേഹം തുടർന്നു പറയുന്നു: "ജോലി ചെയ്യുന്നത് പ്രതിഫലത്തിനുവേണ്ടിയല്ല; നല്ല മാതൃക നൽകാനും അലസത ഒഴിവാക്കാനുമാണ്." വി. പൗലോസ് പഠിപ്പിക്കുന്നു: "ജോലി ചെയ്യാൻ മനസ്സില്ലാത്തവൻ ഭക്ഷിക്കരുത്" (2 തെസ 3:10). ഈ വചനങ്ങൾ അധ്വാനത്തെ ഒരു സാമ്പത്തിക ആവശ്യമായി മാത്രമല്ല, ആത്മീയ ഉത്തരവാദിത്തമായും അവതരിപ്പിക്കുന്നു.

കർമ്മലസഭയുടെ മഹത്തായ നവീകരണത്തിന് തുടക്കം കുറിച്ച ആവിലായിലെ വി. അമ്മത്രേസ്യ ഇതിന് ഉത്തമ ഉദാഹരണമാണ്. ആത്മീയ ഗ്രന്ഥങ്ങൾ രചിക്കുന്നതിനും സഭാനവീകരണത്തിനും നേതൃത്വം നൽകിയിരുന്ന അവർ, അതോടൊപ്പം അടുക്കളപ്പണിയിലും ശുചീകരണത്തിലും മറ്റ് ദൈനംദിന സേവനങ്ങളിലും സന്തോഷത്തോടെ പങ്കുചേർന്നു. അവരുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്, മഹത്തായ ആത്മീയ ദൗത്യങ്ങളും ലളിതമായ ദൈനംദിന ജോലികളും ഒരുപോലെ ദൈവാരാധനയുടെ മാർഗ്ഗങ്ങളാണെന്നാണ്.

"തുരുമ്പെടുത്ത് നശിക്കുന്നതിനേക്കാൾ, തേഞ്ഞു തേഞ്ഞുതീരുന്നതാണ് ധന്യം" എന്ന ചിന്ത അധ്വാനത്തിന്റെ മഹത്വത്തെ മനോഹരമായി വിളിച്ചോതുന്നു. അധ്വാനത്തിൽ ആനന്ദം കണ്ടെത്തുന്നവരാണ് സമൂഹത്തിന്റെ യഥാർത്ഥ ശക്തി. അവർ ചെയ്യുന്ന ഓരോ പ്രവൃത്തിയിലും സൃഷ്ടികർത്താവിന്റെ പ്രവർത്തനത്തിൽ പങ്കാളികളാകുന്ന സന്തോഷം അനുഭവിക്കുന്നു.

ഈ പ്രപഞ്ചത്തിന്റെ പിന്നിൽ ദൈവത്തിന്റെ കരവേലയുണ്ട്. എന്നാൽ ആ ദൈവികസൃഷ്ടിയുടെ തുടർച്ച മനുഷ്യന്റെ അധ്വാനത്തിലൂടെയാണ് പൂർത്തിയാകുന്നത്. മരുഭൂമിയെ കൃഷിയിടമാക്കുന്നതും, പാറക്കെട്ടുകളിൽ നിന്ന് സമ്പത്ത് കണ്ടെത്തുന്നതും, സൂര്യപ്രകാശത്തിലും കാറ്റിലും ഊർജം കണ്ടെത്തുന്നതും മനുഷ്യന്റെ കഠിനാധ്വാനത്തിന്റെ ഫലമാണ്. അങ്ങനെ മനുഷ്യൻ ദൈവത്തിന്റെ സഹസ്രഷ്ടാവായി മാറുന്നു.

സൃഷ്ടിയുടെ ഓരോ ഘട്ടത്തിനുശേഷവും ദൈവം "ഇത് നന്നായിരിക്കുന്നു" എന്ന് പ്രഖ്യാപിച്ചു. അതുപോലെ, നാം ചെയ്യുന്ന ജോലിയെ ആത്മാർത്ഥതയോടെ പൂർത്തിയാക്കി അതിനെ നോക്കി "ഇത് നന്നായിരിക്കുന്നു" എന്ന് പറയാൻ കഴിയുമ്പോൾ, അത് ദൈവത്തോടുള്ള ഏറ്റവും ആത്മാർത്ഥമായ പ്രാർത്ഥനയായി മാറുന്നു. നന്മ തിരിച്ചറിയാനുള്ള കാഴ്ചയും, നന്മ ആസ്വദിക്കാനുള്ള ഹൃദയവും, നന്മ ആഘോഷിക്കാനുള്ള ആത്മാവും അധ്വാനത്തിന്റെ യഥാർത്ഥ ഫലങ്ങളാണ്. അതിനാൽ, അധ്വാനം ഒരു ബാധ്യതയല്ല; അത് ദൈവത്തെ അനുഭവിക്കുന്ന ഒരു മാർഗ്ഗമാണ്. നമ്മുടെ കൈകൾ പ്രവർത്തിക്കുമ്പോൾ ഹൃദയം പ്രാർത്ഥിക്കട്ടെ. അപ്പോൾ ഓരോ ദിവസവും, ഓരോ ജോലിയും, ഓരോ വിയർപ്പുതുള്ളിയും ദൈവസാന്നിധ്യത്തിന്റെ മഹത്തായ സാക്ഷ്യമായി മാറും.

5.3.10. കഠിനാധ്വാനം: ഉയരങ്ങളിലേക്കുള്ള പറക്കലിന്റെ തപസ്യ

കഴുകൻ—പക്ഷികളുടെ രാജാവ്—തന്റെ കുഞ്ഞുങ്ങളെ വളർത്തുന്നതിനെക്കുറിച്ച് പറയപ്പെടുന്ന ഒരു ദൃഷ്ടാന്തത്തിൽ കഠിനാധ്വാനത്തിന്റെയും തപസ്യയുടെയും ആഴമേറിയ ഒരു സന്ദേശം ഒളിഞ്ഞിരിക്കുന്നു. പർവതശൃംഗങ്ങളിലെ പാറക്കെട്ടുകൾക്കിടയിൽ ഉറച്ച ഒരു കൂട് ഒരുക്കുന്ന കഴുകൻ, ആദ്യം മുള്ളുള്ള കമ്പുകൾകൊണ്ട് അടിത്തറ പണിയുകയും, അതിനു മുകളിൽ ഉണങ്ങിയ പുല്ലുകളും ഒടുവിൽ മൃദുവായ തൂവലുകളും വിരിക്കുകയും ചെയ്യുന്നു. കൂട് പൂർണമായി ഒരുക്കിയ ശേഷം അമ്മ കഴുകൻ മുട്ടയിടുന്നു. സമയത്തിന്റെ പൂർണ്ണതയിൽ അവയിൽ നിന്ന് കുഞ്ഞുങ്ങൾ വിരിയുന്നു. അമ്മയുടെ സ്നേഹപൂർവമായ സംരക്ഷണത്തി

ലും അവൾ കൊണ്ടുവരുന്ന ആഹാരത്തിലും വളർന്നുവരുന്ന അവ, ജീവിതത്തിന്റെ അടുത്ത ഘട്ടത്തിലേക്ക് പതുക്കെ ഒരുക്കപ്പെടുന്നു.

എന്നാൽ വളർച്ചയുടെ യഥാർത്ഥ ഘട്ടം സുഖസൗകര്യങ്ങളിൽ അല്ല; വെല്ലുവിളികളിലാണ് ആരംഭിക്കുന്നത്. കുഞ്ഞുങ്ങൾ വളരാൻ തുടങ്ങുമ്പോൾ, അമ്മ കഴുകൻ കൂടിലെ മൃദുവായ തൂവലുകൾ ഒന്നൊന്നായി നീക്കം ചെയ്യുന്നു. തുടർന്ന് ഉണങ്ങിയ പുല്ലുകളും മാറ്റുന്നു. ഓരോ മാറ്റവും കുഞ്ഞുങ്ങൾക്ക് അസ്വസ്ഥതയും വേദനയും ഉണ്ടാക്കുന്നു. എന്നാൽ ആ അസ്വസ്ഥത തന്നെയാണ് അവയെ സുരക്ഷിതത്വത്തിന്റെ ചട്ടക്കൂടിൽ നിന്ന് പുറത്തേക്കിറങ്ങാൻ പ്രേരിപ്പിക്കുന്നത്. സുഖം കുറയുമ്പോഴാണ് വളർച്ചയുടെ ആവശ്യകത അവ തിരിച്ചറിയുന്നത്.

അതിനുശേഷം, അവയെ പറക്കാൻ പരിശീലിപ്പിക്കുന്ന നിർണായകമായ ഘട്ടം ആരംഭിക്കുന്നു. കുഞ്ഞുങ്ങൾക്ക് സ്വന്തം ചിറകുകളുടെ ശക്തി ഉപയോഗിക്കാൻ അമ്മ കഴുകൻ അവയെ കൂടിന് പുറത്തേക്ക് പ്രേരിപ്പിക്കുന്നു. ആദ്യശ്രമങ്ങളിൽ അവ പതറുകയും താഴേക്ക് വീഴാൻ തുടങ്ങുകയും ചെയ്യുമ്പോൾ, അമ്മ അവയെ സ്വന്തം ചിറകുകളിൽ സംരക്ഷിച്ച് വീണ്ടും ശ്രമിക്കാൻ അവസരം നൽകുന്നു (നിയമാ 32:11). ഈ പരിശീലനം പലവട്ടം ആവർത്തിക്കപ്പെടുന്നു. അങ്ങനെ, ക്രമേണ അവയുടെ ചിറകുകൾ ശക്തിപ്രാപിക്കുകയും ആത്മവിശ്വാസം വളരുകയും ചെയ്യുന്നു. ഒടുവിൽ, അവ സ്വയം ആകാശത്തിന്റെ വിശാലതയിലേക്ക് ചിറകടിച്ച് ഉയരാൻ പഠിക്കുന്നു.

അതുപോലെ തന്നെ, ജീവിതത്തിലും ഉയരങ്ങളിലേക്ക് പറക്കാൻ ധൈര്യം ആവശ്യമാണ്. നിരന്തരമായ പരിശീലനവും ആവർത്തിച്ചുള്ള ശ്രമങ്ങളും വെല്ലുവിളികളെ നേരിടാനുള്ള മനസ്സുമാണ് ചിറകുകൾക്ക് ശക്തി നൽകുന്നത്. വീഴുമോ എന്ന ഭയം മറികടക്കുമ്പോഴാണ് പറക്കാൻ പഠിക്കുന്നത്. ജീവിതത്തിലെ ഓരോ വെല്ലുവിളിയും നമ്മുടെ കഴിവുകളെ ഉണർത്താനും നമ്മെ കൂടുതൽ ശക്തരാക്കാനുമുള്ള അവസരമാണ്. സുഖാന്വേഷണം വളർച്ചയെ മന്ദഗതിയിലാക്കും; കഠിനാധ്വാനവും തപസ്യയും മാത്രമാണ് യഥാർത്ഥ ഉയർച്ചയിലേക്ക് നയിക്കുന്നത്. നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പോലും മറ്റുള്ളവരെ ആശ്രയിച്ച് ജീവിക്കുകയാണെങ്കിൽ നമ്മുടെ കഴിവുകൾ ഒരിക്കലും പൂർണമായി വികസിക്കുകയില്ല. സൗകര്യങ്ങളിൽ മാത്രം ആശ്രയിക്കുന്ന ജീവിതം ചിറകുകളുടെ ശക്തി ക്ഷയിപ്പിക്കും.

തപസ്യ എന്നത് വെറും നിരാകരണമല്ല; അത് സ്വയം രൂപപ്പെടുത്താനുള്ള ഒരു ആത്മീയ ശിക്ഷണമാണ്. കഠിനാധ്വാനം വെറും ശാരീരിക

പരിശ്രമമല്ല; ആന്തരിക ശക്തിയെയും സഹനശേഷിയെയും ആത്മവിശ്വാസത്തെയും വളർത്തുന്ന ഒരു യാത്രയാണ്. ജീവിതത്തിൽ നേരിടുന്ന പരാജയങ്ങളും ബുദ്ധിമുട്ടുകളും അസൗകര്യങ്ങളും നമ്മെ തകർക്കാനല്ല, മറിച്ച് നമ്മെ കൂടുതൽ കരുത്തരാക്കാനാണ്.

നമ്മുടെ യഥാർത്ഥ മഹത്വം സേവനത്തിലാണ്. കൈകൾകൊണ്ട് ചെയ്യുന്ന ചെറിയ ജോലികളിലൂടെ ഹൃദയം വിനയത്തിലും സ്നേഹത്തിലും വളരുന്നു. അതുകൊണ്ട് തന്നെ, നിയമാവലിയിലെ ഈ നിർദ്ദേശങ്ങൾ വെറും കടമകളല്ല; സന്യാസജീവിതത്തെ സമ്പൂർണമാക്കുകയും, വ്യക്തിത്വത്തെ രൂപപ്പെടുത്തുകയും, ദൈവത്തോട് കൂടുതൽ അടുപ്പിക്കുകയും ചെയ്യുന്ന ആത്മീയ മാർഗ്ഗങ്ങളാണ്.

5.3.11. ഭൂമിയുടെ ഉത്തരവാദിത്വപരമായ വിനിയോഗം

D 20. "നമ്മുടെ ഭവനങ്ങളുടെയും, സ്കൂളുകൾ, കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെയും ആവശ്യങ്ങൾക്ക് മതിയാകുന്നത്രയും അനുയോജ്യമായ സ്ഥലം വേർതിരിച്ചിടണം. ആവശ്യത്തിൽ കൂടുതലുള്ള ഭൂമി സാധുക്കളുടെ പ്രയോജനത്തിനു വേണ്ടി ചെലവഴിക്കുകയോ അവവിറ്റ് ആദായം അവർക്ക് ഉപകാരപ്രദമായ പദ്ധതികളിൽ നിക്ഷേപിക്കുകയും ചെയ്യണം. നമ്മുടെ ഭൂമിയിൽ നിന്ന് ഏറ്റവും അധികം ആദായമുണ്ടാക്കുവാൻ സാമൂഹ്യനീതി നമ്മെ കടപ്പെടുത്തുന്നു."

സി.എം.ഐ. നിയമാവലിയിലെ ഈ നിർദ്ദേശം, ഭൂമിയുടെ ഉത്തരവാദിത്വപരമായ വിനിയോഗത്തെയും സന്യാസജീവിതത്തിന്റെ സാമൂഹിക ബോധത്തെയും ആത്മീയ ദർശനത്തെയും വെളിപ്പെടുത്തുന്ന ഒരു സുവിശേഷ ആഹ്വാനമാണ്. ഭൂമി ദൈവം മനുഷ്യന് ഏൽപ്പിച്ച ഒരു വിശുദ്ധ ദാനമാണ്. അതിനാൽ അതിന്റെ പരിപാലനവും ഉപയോഗവും അവകാശത്തിന്റെ വിഷയമല്ല; ഉത്തരവാദിത്വത്തിന്റെ വിഷയമാണ്.

"ആവശ്യങ്ങൾക്ക് മതിയാകുന്നത്രയും അനുയോജ്യമായ സ്ഥലം വേർതിരിച്ചിടണം" എന്ന നിർദ്ദേശം വിവേകപൂർവമായ ഉപയോഗത്തെയും മിതത്വത്തെയും പഠിപ്പിക്കുന്നു. സന്യാസജീവിതം അമിതമായ സ്വത്തു സമ്പാദ്യത്തിന്റെ വഴിയല്ല; ആവശ്യത്തിനനുസരിച്ച് ജീവിക്കുകയും ബാക്കിയുള്ളത് പങ്കുവെക്കുകയും ചെയ്യുന്ന ജീവിതശൈലിയാണ്. ആവശ്യത്തിലധികം കൈവശം വയ്ക്കുന്നതിനേക്കാൾ, മറ്റുള്ളവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ അതിനെ ഉപയോഗിക്കുന്നതാണ് സുവിശേഷത്തിന്റെ ആത്മാവ്.

“ആവശ്യത്തിൽ കൂടുതലുള്ള ഭൂമി സാധുക്കളുടെ പ്രയോജനത്തിനായി ഉപയോഗിക്കണം” എന്ന നിർദ്ദേശം, ദരിദ്രരോടുള്ള സഭയുടെ മുൻഗണനാപൂർവമായ സ്നേഹത്തിന്റെ പ്രകടനമാണ്. ഭൂമി സ്വകാര്യസ്വത്തായി മാത്രം കാണേണ്ട ഒന്നല്ല; സമൂഹത്തിന്റെ പൊതുനന്മയ്ക്കായി ദൈവം നൽകിയ അനുഗ്രഹമാണ്. അതുകൊണ്ട് അധികമുള്ളത് പങ്കുവെക്കുന്നത് കാരുണ്യത്തിന്റെ പ്രവൃത്തിയെന്നതിനേക്കാൾ, സാമൂഹ്യനീതിയുടെ ആവശ്യമാണ്.

അതുപോലെ, “അവ വിറ്റ് ലഭിക്കുന്ന ആദായം അവർക്ക് ഉപകാരപ്രദമായ പദ്ധതികളിൽ നിക്ഷേപിക്കണം” എന്ന നിർദ്ദേശം ദീർഘദർശനമുള്ള ഭരണനിർവഹണത്തിന്റെ ആവശ്യകത എടുത്തുകാണിക്കുന്നു. വിഭവങ്ങൾ വെറുതെ സൂക്ഷിക്കുന്നതിലല്ല അവയുടെ മൂല്യം; മനുഷ്യന്റെ ഉന്നമനത്തിനും സമൂഹത്തിന്റെ വികസനത്തിനുമായി അവയെ വിവേകത്തോടെ വിനിയോഗിക്കുന്നതിലാണ് യഥാർത്ഥമൂല്യം. വിദ്യാഭ്യാസം, ആരോഗ്യം, ഉപജീവനസഹായം, സാമൂഹിക വികസനം തുടങ്ങിയ മേഖലകളിൽ ഈ വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കപ്പെടുമ്പോൾ സഭയുടെ സാമൂഹികദൗത്യം കൂടുതൽ സാർഥകമാകുന്നു.

“സാമൂഹ്യനീതി നമ്മെ കടപ്പെടുത്തുന്നു” എന്ന വാക്യമാണ് ഈ നിയമത്തിന്റെ ഹൃദയം. നമ്മുടെ കൈവശമുള്ള എല്ലാ വിഭവങ്ങളും ദൈവത്തിന്റെ ദാനമാണെന്നും അവ മനുഷ്യകുലത്തിന്റെ നന്മയ്ക്കുവേണ്ടി ഉപയോഗിക്കപ്പെടണമെന്നും അത് നമ്മെ ഓർമ്മിപ്പിക്കുന്നു. ഭൂമിയിൽ നിന്ന് ഏറ്റവും കൂടുതൽ പ്രയോജനം കണ്ടെത്തുക എന്നത് സ്വാർത്ഥലാഭത്തിനല്ല; ദരിദ്രരുടെ ഉന്നമനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനും സമൂഹത്തിന്റെ സമഗ്ര വികസനത്തിനുമാണ്.

ഇന്നത്തെ ലോകത്തിൽ ഭൂമി വെറും സാമ്പത്തിക സമ്പത്തല്ല; പരിസ്ഥിതിയെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം കൂടിയാണ്. അതിനാൽ ഭൂമിയുടെ ഉപയോഗം പ്രകൃതിയെ ചൂഷണം ചെയ്യുന്നതല്ല, മറിച്ച് അതിനെ സംരക്ഷിക്കുകയും ഭാവിതലമുറകൾക്കായി പരിപാലിക്കുകയും ചെയ്യുന്നതായിരിക്കണം. പരിസ്ഥിതി സംരക്ഷണവും സാമൂഹ്യനീതിയും കൈകോർക്കുമ്പോഴാണ് ഭൂമിയുടെ യഥാർത്ഥ മൂല്യം വെളിപ്പെടുന്നത്. അതുകൊണ്ട്, ഭൂമി ഒരു സമ്പത്ത് മാത്രമല്ല; ഒരു ദൗത്യമാണ്. ദൈവം നമുക്ക് ഏൽപ്പിച്ച വിശുദ്ധമായ ഉത്തരവാദിത്വമാണ് അത്. അതിനെ നീതിയോടെയും വിവേകത്തോടെയും സ്നേഹത്തോടെയും വിനിയോഗിക്കുമ്പോൾ, നമ്മുടെ ജീവിതം സൃഷ്ടിയുടെ പരിപാലകരെന്ന ദൈവവിളിയോട്

വിശ്വസ്തത പുലർത്തുകയും സുവിശേഷത്തിന്റെ ജീവനുള്ള സാക്ഷ്യമായി മാറുകയും ചെയ്യുന്നു.

5.3.12. ന്യായവും കരുണയും കൈകോർക്കുന്ന സേവനദർശനം

D 241. "പറമ്പുകൃഷി, വളർത്തുമൃഗങ്ങൾ, അടുക്കള, കലവറ മുതലായ വയുടെ മേൽനോട്ടം അവയ്ക്ക് സ്വതന്ത്ര വിഭാഗങ്ങൾ ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ, വഹിക്കേണ്ടത് പ്രൊക്കുറേറ്ററാണ്."

D 242. "ഭവനത്തിലെ ജോലിക്കാർ: ആശ്രമ ജോലികൾക്കും കൃഷിപ്പണികൾക്കുമായി ജോലിക്കാരെ നിയമിക്കുക, അവർക്കു വേതനം നിശ്ചയിക്കുക, ആവശ്യമില്ലാതെ വരുമ്പോൾ അവരെ പിരിച്ചുവിടുക എന്നിവ ശ്രേഷ്ഠന്റെ ആലോചനയോടും അനുവാദത്തോടും കൂടിചെയ്യേണ്ടതാണ്. അവരുടെ സേവന വ്യവസ്ഥകൾ ഉത്തമമായിരിക്കണം. ഈ വിഷയത്തിൽ ഹയരാർക്കിയുടെയും സർക്കാരിന്റെയും നിർദ്ദേശങ്ങൾ പാലിക്കുകയും വേണം."

സി.എം.ഐ. നിയമാവലിയിലെ D 241–242 അനുച്ഛേദങ്ങൾ ഭവനത്തിലെ സ്വത്തുക്കളുടെയും ജോലിക്കാരുടെയും നടത്തിപ്പിനെക്കുറിച്ചുള്ള ഭരണനിർദ്ദേശങ്ങൾ മാത്രമല്ല; ന്യായം, ഉത്തരവാദിത്തം, കരുണ, മാനവികത എന്നിവയെ സമന്വയിപ്പിക്കുന്ന ഒരു ആത്മീയ ദർശനമാണ് അവ അവതരിപ്പിക്കുന്നത്. ആശ്രമജീവിതം പ്രാർത്ഥനയുടെയും തപസിന്റെയും ഇടം മാത്രമല്ല; അവിടെ സേവനം ചെയ്യുന്ന ഓരോ വ്യക്തിയുടെയും മാന്യത സംരക്ഷിക്കപ്പെടുന്ന വിശുദ്ധമായ ഒരു സമൂഹവുമാണ്.

പറമ്പുകൃഷി, വളർത്തുമൃഗങ്ങൾ, അടുക്കള, കലവറ തുടങ്ങിയവയുടെ മേൽനോട്ടം പ്രൊക്കുറേറ്ററെ ഏൽപ്പിക്കുന്നത് ഉത്തരവാദിത്തപൂർവമായ ഭരണത്തിന്റെ ആവശ്യകതയെ എടുത്തുകാണിക്കുന്നു. ദൈവം നമുക്ക് ഏൽപ്പിച്ച വിഭവങ്ങൾ നല്ല കാര്യസ്ഥനെപ്പോലെ വിവേകത്തോടെയും സുതാര്യതയോടെയും പരിപാലിക്കേണ്ടത് സന്യാസജീവിതത്തിന്റെ ഭാഗമാണ്. നല്ല ഭരണനിർവഹണം ഒരു ഭരണകഴിവ് മാത്രമല്ല; അത് വിശ്വസ്തതയുടെ ആത്മീയ പ്രകടനവുമാണ്.

അതുപോലെ, ജോലിക്കാരെ നിയമിക്കുന്നതും, വേതനം നിശ്ചയിക്കുന്നതും, ആവശ്യമില്ലാത്തപ്പോൾ സേവനം അവസാനിപ്പിക്കുന്നതും ശ്രേഷ്ഠന്റെ ആലോചനയോടും അനുവാദത്തോടും കൂടി ചെയ്യണമെന്ന് നിയമം നിർദ്ദേശിക്കുന്നു. ഇതിലൂടെ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾക്കോ വികാരങ്ങൾക്കോ പകരം വിവേകത്തിനും കൂട്ടായ ഉത്തരവാദിത്വ

ത്തിനും മുൻതൂക്കം നൽകണമെന്ന് സഭ പഠിപ്പിക്കുന്നു. കാരണം ഓരോ ഭരണതീരുമാനവും ഒരു മനുഷ്യജീവിതത്തെയും കുടുംബത്തെയും സ്പർശിക്കുന്നതാണ്.

“അവരുടെ സേവന വ്യവസ്ഥകൾ ഉത്തമമായിരിക്കണം” എന്ന നിർദ്ദേശമാണ് ഈ നിയമത്തിന്റെ ഹൃദയം. ജോലിക്കാരെ വെറും തൊഴിലാളികളായി കാണാതെ, ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട സഹോദരീസഹോദരന്മാരായി കാണാനുള്ള ക്രൈസ്തവ കാഴ്ചപ്പാടാണ് ഇത്. ന്യായമായ വേതനം, സുരക്ഷിതമായ തൊഴിൽസാഹചര്യങ്ങൾ, വിശ്രമം, ബഹുമാനം, മാനുഷിക പരിഗണന എന്നിവ ഉറപ്പുവരുത്തുമ്പോഴാണ് നമ്മുടെ ആത്മീയജീവിതം വിശ്വസനീയമായ സാക്ഷ്യമായി മാറുന്നത്. പ്രാർത്ഥനയും ആരാധനയും മനുഷ്യനോടുള്ള നീതിപൂർവമായ പെരുമാറ്റത്തിലൂടെ പൂർത്തിയാകുന്നു.

ഹയരാർക്കിയുടെയും സർക്കാരിന്റെയും നിർദ്ദേശങ്ങൾ പാലിക്കണമെന്ന് നിയമം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. സഭാനിയമങ്ങളും പൗരനിയമങ്ങളും പരസ്പരം വിരുദ്ധങ്ങളല്ല; മറിച്ച് മനുഷ്യന്റെ നന്മയ്ക്കായി ഒരുമിച്ച് പ്രവർത്തിക്കുന്നവയാണ്. തൊഴിൽനിയമങ്ങൾ, സാമൂഹിക സുരക്ഷ, തൊഴിലാളികളുടെ അവകാശങ്ങൾ എന്നിവ ആദരിക്കുന്നത് ക്രൈസ്തവനീതിയുടെ ഭാഗമാണ്.

ഇന്നത്തെ ലോകത്തിൽ തൊഴിലാളികളുടെ ചൂഷണവും അന്യായമായ വേതനവും തൊഴിൽസുരക്ഷയുടെ അഭാവവും വലിയ വെല്ലുവിളികളാണ്. അത്തരം സാഹചര്യങ്ങളിൽ ഈ നിയമം കൂടുതൽ പ്രസക്തമാകുന്നു. നമ്മുടെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഓരോ വ്യക്തിക്കും മാന്യതയും നീതിയും കരുണയും ഉറപ്പാക്കുമ്പോൾ, നമ്മുടെ സ്ഥാപനങ്ങൾ വെറും സേവനകേന്ദ്രങ്ങളല്ല; സുവിശേഷമൂല്യങ്ങൾ ജീവിക്കുന്ന സമൂഹങ്ങളായി മാറുന്നു. ഭരണത്തിൽ നീതിയും ബന്ധങ്ങളിൽ കരുണയും സമന്വയിക്കുമ്പോഴാണ് ക്രിസ്തുവിന്റെ നേതൃത്വശൈലി നമ്മുടെ ജീവിതത്തിൽ പ്രതിഫലിക്കുന്നത്.

അതുകൊണ്ട്, D 241–242 ഭരണത്തെക്കുറിച്ചുള്ള ഒരു നിയമം മാത്രമല്ല; മനുഷ്യന്റെ മാന്യതയെ ആദരിക്കാനും, തൊഴിൽക്ക് യഥാർത്ഥ മൂല്യം നൽകാനും, ന്യായവും കരുണയും കൈകോർക്കുന്ന സേവനസംസ്കാരം വളർത്താനുമുള്ള ഒരു സുവിശേഷവിളിയാണ്. ഈ ആത്മാവോടെ പ്രവർത്തിക്കുമ്പോൾ, നമ്മുടെ ഓരോ ഭരണതീരുമാനവും ദൈവസ്നേഹത്തിന്റെയും സാമൂഹ്യനീതിയുടെയും ജീവനുള്ള സാക്ഷ്യമായി മാറും.

(പ്രായോഗിക നിർദ്ദേശങ്ങൾ)

1) സൗകര്യങ്ങളെയും മറ്റുള്ളവരുടെ സേവനത്തെയും അമിതമായി ആശ്രയിക്കാതെ, സ്വയം ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ സ്വയം ചെയ്യാൻ ശീലിക്കുക.
2) ആഴ്ചയിൽ ഒരിക്കലെങ്കിലും സ്വന്തം ഭക്ഷണത്തിന്റെ ഒരു ഭാഗം ആവശ്യക്കാരനായ ഒരാളുമായി പങ്കുവയ്ക്കുക.
3) ഒരു ചെടിയെങ്കിലും നട്ടുപിടിപ്പിച്ച് ദിവസവും അതിനെ പരിചരിക്കുക. ഒരു ചെടി വളരാൻ സമയവും വെള്ളവും പരിചരണവും ആവശ്യമായതുപോലെ, ആത്മീയജീവിതവും ചെറിയ നല്ല ശീലങ്ങളിലൂടെ ക്രമേണ വളരുന്നതാണെന്ന് ഓർക്കുക.
4) ഓരോ ദിവസവും ചെയ്യുന്ന അധ്വാനത്തെ ദൈവത്തിന് സമർപ്പിച്ച്, "ഇന്നത്തെ എന്റെ ജോലി ആരുടെയെങ്കിലും ജീവിതത്തിന് അനുഗ്രഹമായോ?" എന്ന് ആത്മപരിശോധന നടത്തുക.
5) എല്ലാ തരത്തിലുള്ള ആസക്തികളിൽ നിന്നും പൂർണമായും വിട്ടു നിൽക്കാൻ വ്യക്തിപരമായ പ്രതിജ്ഞ എടുക്കുക. സുഹൃത്തുക്കളുടെയോ സമൂഹത്തിന്റെയോ തെറ്റായ സമ്മർദങ്ങൾക്ക് വഴങ്ങാതെ, സ്വന്തം മൂല്യങ്ങളിൽ ഉറച്ചുനിൽക്കുക.

(സമാപന പ്രാർത്ഥന)

സ്നേഹനിധിയായ കർത്താവേ, ഞങ്ങളുടെ നിയമാവലിയെക്കുറിച്ച് പങ്കുവെച്ച ചിന്തകളും അനുഭവങ്ങളും ഞങ്ങളുടെ ഹൃദയങ്ങളിൽ ഫലവത്താകുവാൻ അനുഗ്രഹിക്കണമേ. ഭക്ഷണത്തിന്റെ മൂല്യം തിരിച്ചറിയുന്ന വിനയം, അത് തയ്യാറാക്കുന്നവരുടെ പരിശ്രമത്തെ ആദരിക്കുന്ന മനസ്സ്, ലഭിക്കുന്നതിൽ തൃപ്തി കണ്ടെത്തുന്ന ലാളിത്യം—ഇവയെല്ലാം ഞങ്ങളിലുറപ്പിക്കണമേ. ഉപവാസവും പങ്കിടലും ഒന്നായി മാറുന്ന ജീവിതരീതി, ശുദ്ധിയിലേക്കും ആത്മപരിവർത്തനത്തിലേക്കും നയിക്കുന്ന പാതയായി മാറട്ടെ.

ഞങ്ങളുടെ കൈകൾ പ്രവർത്തിക്കുമ്പോൾ സേവനത്തിന്റെ സൗന്ദര്യം വിരിയട്ടെ; ഞങ്ങളുടെ തീരുമാനങ്ങളിൽ നീതിയും കരുണയും കൈകോർക്കട്ടെ. ഭൂമിയോടുള്ള കടമകൾ ജാഗ്രതയോടെ നിറവേറ്റുവാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ. ഈ ചൈതന്യത്തോടെ മുന്നോട്ടു പോകുന്ന ഞങ്ങളുടെ ജീവിതം അങ്ങേ മഹത്വത്തിനും സഹോദര സ്നേഹത്തിനും സാക്ഷിയാകട്ടെ. ആമ്മേൻ.

5.4
ഊട്ടുമുറിയും, അടുക്കളയും, അടുക്കളത്തോട്ടവും: സമന്വയ ജപമാല[1]

(ആമുഖ പ്രാർത്ഥന)

സമന്വയത്തിന്റെ ഉറവിടമായ ദൈവമേ, ഞങ്ങൾ അങ്ങയുടെ സന്നിധിയിലേക്ക് വിനയപൂർവം കടന്നുവരുന്നു. ജപമാലയിലെ സന്തോഷത്തിന്റെയും ദുഃഖത്തിന്റെയും മഹിമയുടെയും പ്രകാശത്തിന്റെയും രഹസ്യങ്ങൾ ഒരേ രക്ഷാരഹസ്യത്തിന്റെ പരസ്പരം പൂരകമായ നാല് മുഖങ്ങളാണെന്ന് തിരിച്ചറിയാനുള്ള കൃപ ഞങ്ങൾക്ക് നൽകണമേ. സന്തോഷമില്ലാത്ത കുരിശ് നിരാശയായി മാറുമെന്നും, കുരിശില്ലാത്ത സന്തോഷം ഉപരിപ്ലവമാകുമെന്നും, പ്രകാശമില്ലാത്ത മഹിമ വെറും സ്വപ്നമായിരിക്കുമെന്നും, മഹിമയിലേക്ക് നയിക്കാത്ത പ്രകാശം അപൂർണ്ണമാണെന്നും ഞങ്ങൾ മനസ്സിലാക്കട്ടെ.

പരിശുദ്ധ കന്യകാമറിയത്തെപ്പോലെ ദൈവത്തിന്റെ മംഗളവാർത്ത സ്വീകരിക്കുവാനും, ക്രിസ്തുവിനോടൊപ്പം ജീവിതകുരിശുകൾ വിശ്വസ്തതയോടെ വഹിക്കുവാനും, പരിശുദ്ധാത്മാവിന്റെ പ്രകാശത്തിൽ സത്യത്തിന്റെ സാക്ഷികളായി ജീവിക്കുവാനും, ഒടുവിൽ ഉയിർപ്പിന്റെ മഹിമയിൽ പങ്കാളികളാകുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

ജീവന്റെ അപ്പമായ ഈശോയെപ്പോലെ, ഞങ്ങളുടെ ഭക്ഷണമേശയും അടുക്കളയും അടുക്കളത്തോട്ടവും അദ്ധ്വാനത്തിന്റെയും പങ്കുവയ്ക്കലിന്റെയും കൃതജ്ഞതയുടെയും സൃഷ്ടിസംരക്ഷണത്തിന്റെയും വിശുദ്ധ ഇടങ്ങളായി മാറട്ടെ. ഈ ജപമാലയിലൂടെ ഞങ്ങളുടെ പ്രാർത്ഥനയും പ്രവർത്തനവും, അദ്ധ്വാനവും ആരാധനയും, ഭക്ഷണവും ദാനവും, ഭൂമിയും സ്വർഗ്ഗവും സമന്വയിപ്പിക്കുന്ന ജീവിതം നയിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. ആമ്മേൻ.

---

[1] ദൈവദാസൻ ബഹുമാനപ്പെട്ട കനീസിയൂസ് അച്ചന്റെ ധ്യാനത്തിലാണ് കൊന്തയിലെ സന്തോഷത്തിന്റെയും ദുഃഖത്തിന്റെയും മഹിമയുടെയും രഹസ്യങ്ങളെ സമന്വയിപ്പിച്ചു കൊണ്ടുള്ള കൊന്തയെ പരിചയപ്പെട്ടത്. അതിന്റെ ചുവടുപിടിച്ച്, പിന്നീട് പ്രകാശത്തിന്റെ രഹസ്യങ്ങൾ കൂടി നിലവിൽ വന്നപ്പോൾ, അവയും ഇതിൽ ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ രഹസ്യങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.

1) ഒന്നാം രഹസ്യം: രക്ഷാകരചരിത്രത്തിലെ നാല് മംഗള സന്ദേശങ്ങൾ

ധ്യാനം: സന്തോഷത്തിന്റെ ആദ്യ രഹസ്യത്തിൽ ഗബ്രിയേൽ ദൈവദൂതൻ മറിയത്തിന് മംഗളവാർത്ത അറിയിക്കുന്നു. ദുഃഖത്തിന്റെ ആദ്യ രഹസ്യത്തിൽ ഗത്സെമനിയിൽ വേദനിക്കുന്ന ഈശോയെ സ്വർഗ്ഗദൂതൻ ശക്തിപ്പെടുത്തുന്നു. മഹിമയുടെ ആദ്യ രഹസ്യത്തിൽ കല്ലറയ്ക്കരികിൽ ദൈവദൂതന്മാർ ഉയിർപ്പിന്റെ സന്തോഷവാർത്ത പ്രഖ്യാപിക്കുന്നു. പ്രകാശത്തിന്റെ ആദ്യ രഹസ്യത്തിൽ യോർദ്ദാനിൽ പിതാവിന്റെ സ്വരം ഈശോയെ ലോകത്തിന്റെ പ്രിയപുത്രനായി വെളിപ്പെടുത്തുന്നു.

ദൈവം മനുഷ്യനോട് എന്നും സംസാരിക്കുന്നവനാണ്. അവിടുത്തെ സന്ദേശം ചിലപ്പോൾ സന്തോഷത്തിന്റെ ക്ഷണമായും ചിലപ്പോൾ സഹനത്തിന്റെ വിളിയായും ചിലപ്പോൾ പ്രത്യാശയുടെ ഉറപ്പായും ചിലപ്പോൾ സത്യത്തിന്റെ പ്രകാശമായും നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരുന്നു. തുറന്ന ഹൃദയമാണ് ദൈവവചനത്തിന്റെ ഏറ്റവും നല്ല സ്വീകരണസ്ഥലം.

പ്രാർത്ഥന: കർത്താവേ, അങ്ങയുടെ വചനം കേൾക്കുവാനും വിശ്വസ്തതയോടെ അതിന് മറുപടി നൽകുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

2) രണ്ടാം രഹസ്യം: രക്ഷകന്റെ നാല് എഴുന്നള്ളിപ്പുകൾ

ധ്യാനം: മറിയം എലിസബത്തിന്റെ ഭവനത്തിലേക്ക് സ്നേഹസന്ദർശനത്തിന് പോകുന്നു. ഈശോ കുരിശിന്റെ വഴിയിലൂടെ കാൽവരിയിലേക്ക് യാത്ര ചെയ്യുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവ് സ്വർഗ്ഗാരോഹണത്തിലൂടെ പിതാവിന്റെ മഹിമയിലേക്ക് പ്രവേശിക്കുന്നു. പ്രകാശത്തിന്റെ രഹസ്യങ്ങളിൽ ദൈവരാജ്യത്തിന്റെ സുവിശേഷവുമായി ഈശോ ഗ്രാമങ്ങളിൽ സഞ്ചരിക്കുന്നു.

ക്രിസ്തീയജീവിതം നിശ്ചലമല്ല; അത് സ്നേഹത്തിലേക്കും സേവനത്തിലേക്കും ദൗത്യത്തിലേക്കും മുന്നേറുന്ന ഒരു തീർത്ഥയാത്രയാണ്. നമ്മുടെ ഓരോ ചുവടുകളും ദൈവത്തെ മറ്റുള്ളവരിലേക്ക് കൊണ്ടുപോകുന്നവയാകണം.

പ്രാർത്ഥന: ദൈവമേ, ഞങ്ങളുടെ ജീവിതയാത്ര അങ്ങയുടെ രാജ്യത്തിന്റെ സുവിശേഷം ലോകത്തിലേക്ക് എത്തിക്കുന്ന അനുഗ്രഹയാത്രയാകട്ടെ. ക്ഷീണങ്ങളും പരീക്ഷണങ്ങളും ഞങ്ങളെ ദൗത്യത്തിൽ നിന്ന് പിന്തിരിപ്പിക്കാതിരിക്കട്ടെ.

3) മൂന്നാം രഹസ്യം: മിശിഹാരാജാവിന് ലഭിച്ച നാല് സ്വീകരണങ്ങൾ

ധ്യാനം: ബേത്‌ലഹേമിൽ ജ്ഞാനികൾ ശിശുവിനെ ആരാധിക്കുന്നു. പീഡാനുഭവത്തിൽ ഈശോ മുൾമുടി ധരിച്ച പരിഹാസരാജാവാകുന്നു. മഹിമയിൽ സ്വർഗ്ഗം അവിടുത്തെ രാജത്വം വെളിപ്പെടുത്തുന്നു. പ്രകാശത്തിന്റെ രഹസ്യങ്ങളിൽ താബോർ മലയിൽ പിതാവ് അവിടുത്തെ മഹത്വം ശിഷ്യന്മാർക്ക് വെളിപ്പെടുത്തുന്നു.

ലോകത്തിന്റെ അംഗീകാരവും ദൈവത്തിന്റെ അംഗീകാരവും ഒരുപോലെയല്ല. വിനയത്തിലൂടെയും ത്യാഗത്തിലൂടെയും സേവനത്തിലൂടെയുമാണ് ക്രിസ്തുവിന്റെ രാജത്വത്തിൽ പങ്കുചേരാൻ കഴിയുന്നത്.

പ്രാർത്ഥന: കർത്താവേ, ബഹുമതികൾ അന്വേഷിക്കുന്ന മനസ്സിന് പകരം വിനയത്തോടെ സേവിക്കുന്ന ഹൃദയം ഞങ്ങൾക്ക് നൽകണമേ.

4) നാലാം രഹസ്യം: നാല് സമർപ്പണങ്ങൾ

ധ്യാനം: മറിയം ദൈവാലയത്തിൽ ശിശു ഈശോയെ സമർപ്പിക്കുന്നു. ഈശോ കുരിശിൽ സ്വയം പിതാവിന് സമർപ്പിക്കുന്നു. മഹിമയുടെ രഹസ്യങ്ങളിൽ പരിശുദ്ധാത്മാവ് സഭയെ ലോകദൗത്യത്തിനായി സമർപ്പിക്കുന്നു. പ്രകാശത്തിന്റെ അവസാന രഹസ്യത്തിൽ അന്ത്യഅത്താഴത്തിൽ ഈശോ തന്റെ ശരീരവും രക്തവും ലോകത്തിന്റെ ജീവനായ് സമർപ്പിക്കുന്നു.

ക്രിസ്തീയജീവിതത്തിന്റെ സൗന്ദര്യം സ്വന്തമാക്കുന്നതിലല്ല, സമർപ്പിക്കുന്നതിലാണ്. അടുക്കളയിൽ തയ്യാറാക്കുന്ന ഓരോ ഭക്ഷണവും മറ്റുള്ളവർക്കുവേണ്ടിയുള്ള ഒരു നിശ്ശബ്ദ സമർപ്പണമാണ്. സ്നേഹത്തോടെ ചെയ്യുന്ന ചെറിയ സേവനങ്ങൾ പോലും ദൈവസന്നിധിയിൽ അമൂല്യ ബലിയാകുന്നു.

പ്രാർത്ഥന: കർത്താവേ, ഞങ്ങളുടെ ജോലിയും അദ്ധ്വാനവും സമയവും കഴിവുകളും അങ്ങയ്ക്കും സഹോദരങ്ങൾക്കും വേണ്ടി സന്തോഷത്തോടെ സമർപ്പിക്കാൻ ഞങ്ങളെ പഠിപ്പിക്കണമേ.

5) അഞ്ചാം രഹസ്യം: നാല് പരിസമാപ്തികൾ

ധ്യാനം: ദൈവാലയത്തിൽ കാണാതായ ഈശോ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനാകുന്നു. കുരിശിൽ ഈശോ, "എല്ലാം പൂർത്തിയായിരിക്കുന്നു" എന്നു പ്രഖ്യാപിക്കുന്നു. മഹിമയുടെ അവസാന രഹസ്യത്തിൽ പരിശുദ്ധ കന്യകാമറിയം സ്വർഗ്ഗത്തിൽ കിരീടധാരിണിയാകുന്നു. പ്രകാ

ശത്തിന്റെ രഹസ്യങ്ങളിൽ വിശുദ്ധ കുർബാന സഭയുടെ ജീവിതത്തിന്റെ കേന്ദ്രമായി സ്ഥാപിക്കപ്പെടുന്നു.

ദൈവം ആരംഭിക്കുന്നതെല്ലാം അവിടുന്ന് പൂർത്തിയാക്കുന്നു. നമ്മുടെ ജീവിതവും ദൈവഹിതം നിറവേറ്റുമ്പോഴാണ് യഥാർത്ഥ അർത്ഥം കണ്ടെത്തുന്നത്. അടുക്കളത്തോട്ടത്തിൽ വിതച്ച ചെറിയ വിത്ത് സമൃദ്ധമായ വിളവായി വളരുന്നതുപോലെ, സ്നേഹത്തോടെ ചെയ്യുന്ന ചെറിയ പ്രവൃത്തികൾ നിത്യഫലങ്ങൾ പുറപ്പെടുവിക്കുന്നു.

പ്രാർത്ഥന: കർത്താവേ, അങ്ങ് ഏൽപ്പിച്ച ദൗത്യം വിശ്വസ്തതയോടെ പൂർത്തിയാക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ഞങ്ങളുടെ ജീവിതം അനേകർക്ക് ജീവനും പ്രത്യാശയും പകരുന്ന ഫലപുഷ്ടമായ വൃക്ഷമായി വളരട്ടെ.

(സമാപന പ്രാർത്ഥന)

സമന്വയത്തിന്റെ പരിപൂർണ്ണ മാതൃകയായ പരിശുദ്ധ കന്യകാമറിയമേ, സന്തോഷത്തെയും ദുഃഖത്തെയും, പ്രകാശത്തെയും മഹിമയെയും, പ്രാർത്ഥനയെയും പ്രവർത്തനത്തെയും, ധ്യാനത്തെയും സേവനത്തെയും ഒരൊറ്റ ദൈവാനുഭവമായി ജീവിക്കാൻ ഞങ്ങളെ പഠിപ്പിക്കണമേ.

കരുണാനിധിയായ ദൈവമേ, ഞങ്ങളുടെ ഭക്ഷണമേശയെ പങ്കുവയ്ക്കലിന്റെ വേദിയാക്കണമേ; അടുക്കളയെ സ്നേഹപൂർവമായ സേവനത്തിന്റെ ശാലയാക്കണമേ; അടുക്കളത്തോട്ടത്തെ സൃഷ്ടിയോടുള്ള ഉത്തരവാദിത്വത്തിന്റെ പാഠശാലയാക്കണമേ. ഞങ്ങളുടെ അദ്ധ്വാനം വിശുദ്ധ കുർബാനയിൽ സമർപ്പിക്കപ്പെടട്ടെ. ഞങ്ങൾ കഴിക്കുന്ന ഓരോ അപ്പവും അങ്ങയുടെ ദാനമാണെന്നും, ഞങ്ങൾ പങ്കുവയ്ക്കുന്ന ഓരോ അപ്പവും അങ്ങയുടെ സ്നേഹത്തിന്റെ സാക്ഷ്യമാണെന്നും എന്നും ഓർമ്മിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

ജപമാലയിലെ സന്തോഷത്തിന്റെയും ദുഃഖത്തിന്റെയും പ്രകാശത്തിന്റെയും മഹിമയുടെയും രഹസ്യങ്ങൾ ഞങ്ങളുടെ ദൈനംദിന ജീവിതത്തിൽ ജീവിക്കുന്ന സുവിശേഷമായി മാറട്ടെ. പ്രാർത്ഥിക്കുന്ന കൈകളും അധ്വാനിക്കുന്ന കൈകളും പങ്കുവയ്ക്കുന്ന കൈകളും ഒടുവിൽ അങ്ങയുടെ മഹിമയിൽ ഉയർത്തപ്പെടുന്ന കൈകളായിത്തീരട്ടെ. ഇതെല്ലാം ഞങ്ങളുടെ കർത്താവായ ഈശോമിശിഹാ വഴി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

6
ദർശനവീട്: ചില സമാപന ചിന്തകൾ

(ആമുഖ പ്രാർത്ഥന)

സ്നേഹപിതാവായ ദൈവമേ, കഴിഞ്ഞ ഒരാഴ്ചയായി ഞങ്ങളുടെ സ്വന്തം ഭവനങ്ങളെ ദർശനവീടുകളാക്കി മാറ്റുന്നതിനെക്കുറിച്ച് ധ്യാനിക്കുവാൻ അങ്ങ് നൽകിയ കൃപയ്ക്ക് ഞങ്ങൾ നന്ദി പറയുന്നു. ഈ ദിവസങ്ങളിലെ നിശ്ശബ്ദതയിൽ ഞങ്ങൾ അങ്ങയുടെ സാന്നിധ്യം തേടി; അങ്ങയുടെ വചനം കേട്ടു; പ്രാർത്ഥനയിൽ അങ്ങയോട് കൂടുതൽ അടുത്തു. അങ്ങ് ഞങ്ങളെ സന്ദർശിക്കുകയും അനുഗ്രഹിക്കുകയും ചെയ്തു. ഞങ്ങളുടെ ഭവനങ്ങളുടെ ലളിതമായ അന്തരീക്ഷം അങ്ങയുടെ സ്നേഹസാന്നിധ്യത്തിന്റെ വിശുദ്ധസ്ഥലമാണെന്ന തിരിച്ചറിവ് അങ്ങ് ഞങ്ങൾക്ക് നൽകി.

കർത്താവേ, ഈ ധ്യാനദിനങ്ങളിൽ ഞങ്ങൾ നേടിയ അനുഭവം ഒരു താൽക്കാലിക ആത്മീയ വികാരമായി അവസാനിക്കാതിരിക്കട്ടെ. ഈ ദിവസങ്ങളിൽ അങ്ങ് ഞങ്ങളുടെ ഹൃദയങ്ങളിൽ വിതച്ച കൃപയുടെ വിത്തുകൾ ഞങ്ങളുടെ ജീവിതത്തിൽ സമൃദ്ധമായി വളരാൻ സഹായിക്കണമേ. ഞങ്ങൾ വസിക്കുന്ന ഞങ്ങളുടെ ഭവനങ്ങൾ പ്രാർത്ഥനയുടെ വീടുകളായും, സ്നേഹത്തിന്റെ വീടുകളായും, ക്ഷമയുടെ വീടുകളായും, അങ്ങയുടെ സാന്നിധ്യം അനുഭവിക്കുന്ന ദർശനവീടുകളായും മാറ്റണമേ. ഈ സമാപന നിമിഷത്തിൽ ഞങ്ങളെ അങ്ങയുടെ കൃപയിൽ ഉറപ്പിച്ചുനിർത്തുകയും, ഈ അനുഭവം ഞങ്ങളുടെ ദൈനംദിന ജീവിതത്തിൽ വിശ്വസ്തതയോടെ ജീവിക്കാൻ ഞങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യണമേ. ആമ്മേൻ.

(വചന വായന: യോഹ 7:53)

“ഓരോരുത്തരും സ്വന്തം വീടുകളിലേക്കു പോയി.”

(ധ്യാനവിചിന്തനം)

6.1. ദർശനവീട്ടിലേക്ക് മടങ്ങാം

കഴിഞ്ഞ ഒരാഴ്ചയായി നാം നമ്മുടെ ഭവനത്തിന്റെ വിവിധ മുറികളിലൂടെ സഞ്ചരിച്ചു. എന്നാൽ യഥാർത്ഥത്തിൽ നാം സഞ്ചരിച്ചത് ഒരു കെട്ടിടത്തിന്റെ മുറികളിലൂടെയല്ല; നമ്മുടെ സ്വന്തം ഹൃദയത്തിന്റെ മുറികളിലൂടെയാണ്. സ്വീകരണമുറിയിൽ നാം ചോദിച്ചു: "എന്റെ ഹൃദയം ആരെ സ്വീകരിക്കുന്നു?" പ്രാർത്ഥനാമുറിയിൽ ചോദിച്ചു: "എന്റെ ജീവിതത്തിന്റെ കേന്ദ്രത്തിൽ ദൈവമാണോ?" പഠനമുറിയിൽ ചോദിച്ചു: "എന്റെ അറിവ് എന്നെ സത്യത്തിലേക്കും ജ്ഞാനത്തിലേക്കും നയിക്കുന്നുണ്ടോ?" സ്വകാര്യ മുറിയിൽ ചോദിച്ചു: "മറ്റുള്ളവർ കാണാത്ത എന്റെ ജീവിതത്തിൽ ഞാൻ ആരാണ്?" ഭക്ഷണമുറിയിലും അടുക്കളയിലും അടുക്കളത്തോട്ടത്തിലും നാം ചോദിച്ചു: "എന്റെ ജീവിതവും ശുശ്രൂഷയും മറ്റുള്ളവർക്ക് അപ്പം പോലെയും വെള്ളം പോലെയും ജീവൻ പകരുന്നുണ്ടോ?"

ഇപ്പോൾ ഈ ധ്യാനത്തിന്റെ അവസാനത്തിൽ യേശു നമ്മോട് ചോദിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ചോദ്യം മറ്റൊന്നാണ്: "ഇനി നീ എവിടേക്കാണ് പോകുന്നത്?" ഉത്തരം വളരെ ലളിതമാണ്: "സ്വന്തം വീട്ടിലേക്ക്."

മനുഷ്യന്റെ ഹൃദയം എവിടെയാണോ, അവിടെയാണ് അവൻ യഥാർത്ഥ സന്തോഷവും വിശ്രമവും കണ്ടെത്തുന്നത്. ജീവിതത്തിൽ ഒരുനിമിഷം പോലും വിശ്രമിക്കാതെ അധ്വാനിച്ചിരുന്ന ശാസ്ത്രജ്ഞനായ എഡിസനോട് ഒരിക്കൽ അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു: "അങ്ങ് എവിടെയെങ്കിലും പോയി കുറച്ച് ദിവസമെങ്കിലും വിശ്രമിക്കണം." എഡിസൻ ചോദിച്ചു: "ഞാൻ എങ്ങോട്ടാണ് പോകേണ്ടത്? നീ തന്നെ പറയൂ." ഭാര്യ മറുപടി പറഞ്ഞു: "അങ്ങേയ്ക്ക് ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലത്തേക്ക്പോകൂ."

അപ്പോൾ എഡിസൻ പതിവുപോലെ തന്റെ ജോലി സ്ഥലമായ പരീക്ഷണശാലയിലേക്കാണ് പോയത്. കാരണം, അവിടെയായിരുന്നു അദ്ദേഹത്തിന് ഏറ്റവും കൂടുതൽ സന്തോഷവും സമാധാനവും കണ്ടെത്താൻ കഴിഞ്ഞിരുന്നത്. മറ്റുള്ളവർക്ക് അത് ഒരു സാധാരണ പരീക്ഷണശാല മാത്രമായിരുന്നു; എന്നാൽ എഡിസന് അത് സൃഷ്ടിയുടെ ആനന്ദം അനുഭവിക്കുന്ന ഒരു സ്വർഗ്ഗമായിരുന്നു. അദ്ദേഹത്തിന്റെ മനസ്സിന് യഥാർത്ഥ വിശ്രമം ലഭിച്ച ഇടം അതായിരുന്നു. അതുകൊണ്ടാണ് വിശ്രമം തേടി അദ്ദേഹം അവിടേക്കുതന്നെ പോയത്.

ദർശനവീടിനെക്കുറിച്ചുള്ള ഈ ധ്യാനത്തിന്റെ സമാപനത്തിലേക്ക് കടക്കുമ്പോൾ, എഡിസന് സ്വന്തം പരീക്ഷണശാലയോട് ഉണ്ടായിരുന്ന സ്നേഹവും താല്പര്യവും നമുക്ക് മാതൃകയും പ്രചോദനവും ആകട്ടെ. മനുഷ്യൻ സമാധാനവും സംതൃപ്തിയും കണ്ടെത്തുന്ന ഇടമാണ് അവ

ന്റെ യഥാർത്ഥ ഭവനം. ഹൃദയം സന്തോഷത്തോടെ തിരികെ പോകാൻ ആഗ്രഹിക്കുന്ന സ്ഥലമാണ് അവന്റെ വീട്. നമുക്ക് നമ്മോടുതന്നെ ചോദിക്കാം: നാം വസിക്കുന്ന നമ്മുടെ ആശ്രമം നമ്മെ സംബന്ധിച്ചിടത്തോളം അത്തരമൊരു സന്തോഷത്തിന്റെ ഭവനമാണോ?

പ്രിയ സഹോദരങ്ങളേ, ഈ ധ്യാനദിനങ്ങൾ അവസാനിക്കുന്ന ഈ നിമിഷത്തിൽ ദൈവവചനം നമ്മെ വളരെ ലളിതമായ ഒരു വാക്യത്തിലേക്ക് കൊണ്ടുപോകുന്നു: "അപ്പോൾ ഓരോരുത്തരും സ്വന്തം വീട്ടിലേക്കു പോയി" (യോഹ 7:53). സുവിശേഷത്തിലെ ഈ വാക്യം വളരെ ലളിതമാണ്. ഇവിടെ ഒരു അത്ഭുതമില്ല, ഒരു ഉപമയില്ല, ഒരു വലിയ സംഭവവുമില്ല. സങ്കീർണ്ണവും സംഘർഷഭരിതവുമായ ഒരു അധ്യായത്തിന്റെ അവസാനം സുവിശേഷകൻ വളരെ ലളിതമായി പറയുന്നു: "ഓരോരുത്തരും സ്വന്തം വീട്ടിലേക്കു പോയി." എന്നാൽ ഈ ചെറിയ വാക്യത്തിലൂടെ ആഴമുള്ള ഒരു ആത്മീയ സന്ദേശമാണ് ദൈവം ഈ ധ്യാനസമാപനത്തിൽ നമുക്കു കൈമാറുന്നത്.

ഈ ദിവസങ്ങളിൽ നാം ഇവിടെ ഒരുമിച്ചിരുന്ന് ദൈവവചനം കേട്ടു. പ്രാർത്ഥിച്ചു. നിശ്ശബ്ദതയിൽ ദൈവത്തെ അന്വേഷിച്ചു. നമ്മുടെ ഹൃദയങ്ങളെ പരിശോധിച്ചു. ഒരുപക്ഷേ, ചില മുറിവുകൾ ദൈവസന്നിധിയിൽ തുറന്നുവെച്ചിരിക്കാം. ചില തീരുമാനങ്ങൾ എടുത്തിരിക്കാം. എന്നാൽ ഇപ്പോൾ ഈ ധ്യാനം അവസാനിക്കുകയാണ്. നമ്മളും നമ്മുടെ ആശ്രമങ്ങളിലേക്കു മടങ്ങുകയാണ്. അപ്പോൾ ഈ വചനം നമ്മുടെ ജീവിതത്തോടും സംസാരിക്കുന്നു: "ഓരോരുത്തരും സ്വന്തം വീട്ടിലേക്കു പോയി." എന്നാൽ എങ്ങനെയുള്ള ഹൃദയത്തോടെയാണ് നാം നമ്മുടെ ആശ്രമത്തിലേക്കു മടങ്ങുന്നത്?

ധ്യാനത്തിന്റെ ആത്മീയ അന്തരീക്ഷത്തിൽ ദൈവത്തെ അനുഭവിക്കുകതാരതമ്യേന എളുപ്പമാണ്. എന്നാൽ ഒരു ധ്യാനത്തിന്റെ യഥാർത്ഥ ഫലം വെളിവാകുന്നത് നാം നമ്മുടെ ആശ്രമത്തിലേക്ക് മടങ്ങിയ ശേഷമാണ്. കാരണം, അവിടെയാണ് നമ്മുടെ യഥാർത്ഥ ജീവിതം. അവിടെ ഉത്തരവാദിത്വങ്ങളുണ്ട്, സഹോദരങ്ങളോടൊപ്പമുള്ള ജീവിതമുണ്ട്, ശുശ്രൂഷകളുണ്ട്, ചിലപ്പോൾ അഭിപ്രായവ്യത്യാസങ്ങളും സംഘർഷങ്ങളും ഉണ്ടാകാം.

അതുകൊണ്ട് നമ്മുടെ ആശ്രമത്തിലേക്ക് മടങ്ങുമ്പോൾ ചില പുതിയ തീരുമാനങ്ങൾ എടുക്കാം. പ്രാർത്ഥനയ്ക്ക് നമ്മുടെ ജീവിതത്തിൽ അർഹമായ സ്ഥാനം നൽകാം. നിശ്ശബ്ദതയ്ക്ക് സമയം കണ്ടെത്താം. നമ്മു

ടെ എല്ലാ പ്രവർത്തനങ്ങളും ദൈവത്തിനുവേണ്ടി ചെയ്യാം. പരസ്പരം കൂടുതൽ സ്നേഹിക്കാം. ക്ഷമിക്കാൻ പഠിക്കാം. അപ്പോൾ നമ്മുടെ ആശ്രമങ്ങൾ യഥാർത്ഥ ദർശനവീടുകളായി മാറും. അവിടെ പ്രാർത്ഥന ഉണ്ടാകട്ടെ. അവിടെ നിശ്ശബ്ദത ഉണ്ടാകട്ടെ. അവിടെ ദൈവസാന്നിധ്യം അനുഭവിക്കപ്പെടട്ടെ. അപ്പോൾ ഈ ദൈവവചനം നമ്മുടെ ജീവിതത്തിലും യാഥാർത്ഥ്യമാകും: "ഓരോരുത്തരും സ്വന്തം വീട്ടിലേക്കു പോയി."

സങ്കീർത്തകൻ ഇപ്രകാരം പറയുന്നു: "അന്യസ്ഥലത്ത് ആയിരം ദിവസത്തേക്കാൾ അങ്ങയുടെ അങ്കണത്തിൽ ഒരു ദിവസം ആയിരിക്കുന്നത് കൂടുതൽ അഭികാമ്യമാണ്" (സങ്കീ 84:10). ദൈവസാന്നിധ്യം നിറഞ്ഞ ഒരു ഭവനം മനുഷ്യന് അധ്വാനിക്കാനുള്ള ശക്തിയും, വിശ്രമിക്കാനുള്ള സമാധാനവും, ജീവിക്കാനുള്ള സന്തോഷവും നൽകുന്ന ഇടമാണ്. ദർശനവീട് എന്നത് ദൈവത്തെ കാണാനും അനുഭവിക്കാനും കഴിയുന്ന അത്തരം ഒരു ആത്മീയ ഭവനമാണ്. അവിടെ അധ്വാനമുണ്ട്; വിശ്രമമുണ്ട്; പ്രാർത്ഥനയുണ്ട്; പരസ്പരസ്നേഹമുണ്ട്; ക്ഷമയുണ്ട്; സഹവാസത്തിന്റെ സന്തോഷമുണ്ട്. അത്തരമൊരു വീട്ടിൽ പ്രവേശിക്കുമ്പോൾ മനുഷ്യന്റെ മനസ്സ് ശാന്തമാകുന്നു. പുറത്തുള്ള ലോകത്തിന്റെ തിരക്കും സംഘർഷവും അവിടെ അവസാനിക്കുന്നു. ആ വീട് നമ്മെ പുതിയ മനുഷ്യരാക്കുന്നു.

ഈ ധ്യാനദിനങ്ങൾ അവസാനിക്കുമ്പോൾ നമുക്ക് ഓരോരുത്തർക്കും ഒരു തീരുമാനം എടുക്കാം: നമ്മുടെ ആശ്രമത്തിലേക്ക് മാത്രമല്ല, ദർശനവീട്ടിലേക്കാണ് നാം മടങ്ങുന്നത്. ദൈവസാന്നിധ്യം നിറഞ്ഞ ആ ഭവനത്തെ നമ്മുടെ പ്രാർത്ഥനകൊണ്ടും സ്നേഹകൊണ്ടും വിശുദ്ധജീവിതംകൊണ്ടും കൂടുതൽ മനോഹരമാക്കാം. അപ്പോൾ നമ്മുടെ ആശ്രമം ദൈവത്തെ കാണുകയും അനുഭവിക്കുകയും ചെയ്യുന്ന ദർശനവീടായി മാറും. അവിടെ ജീവിക്കുന്ന ഓരോരുത്തരും ദൈവസാന്നിധ്യത്തിന്റെ സന്തോഷം അനുഭവിക്കും.

6.2. ദർശനവീട്ടിൽ തെളിയേണ്ട സുവിശേഷദീപം

"നിന്റെ വീട്ടിലേക്കു മടങ്ങിപ്പോയി, ദൈവം നിനക്കു ചെയ്തതെല്ലാം പ്രസ്താവിക്കുക" (ലൂക്കാ 8:39).

ലൂക്കായുടെ സുവിശേഷത്തിൽ, യേശു ഒരു മനുഷ്യനെ സൗഖ്യമാക്കുന്നു. അവന്റെ ജീവിതം മുഴുവൻ മാറിമറിഞ്ഞു. യേശുവിനോടൊപ്പം പോകാൻ അയാൾ ആഗ്രഹിച്ചു. എന്നാൽ യേശു അവനോട് പറയുന്നു: "നിന്റെ വീട്ടിലേക്കു മടങ്ങിപ്പോയി, ദൈവം നിനക്കു ചെയ്തതെല്ലാം പ്രസ്താവിക്കുക." എത്ര മനോഹരമായ നിർദ്ദേശം!

യേശു അവനോട് "എന്നോടൊപ്പം വരിക" എന്ന് പറഞ്ഞില്ല. പകരം, "നിന്റെ വീട്ടിലേക്കു മടങ്ങിപ്പോവുക" എന്നു പറഞ്ഞു. കാരണം, ചില പ്പോൾ നമ്മുടെ ഏറ്റവും വലിയ മിഷൻ ദൂരെയുള്ള സ്ഥലത്തല്ല; നമ്മുടെ സ്വന്തം വീട്ടിലാണ്. നമ്മുടെ ഏറ്റവും വലിയ പ്രസംഗപീഠം ഒരു വലിയ വേദിയല്ല; നമ്മുടെ സന്യാസ സമൂഹമാണ്. നമ്മുടെ ഏറ്റവും വലിയ ശ്രോതാക്കൾ അപരിചിതരല്ല; ദിവസവും നമ്മോടൊപ്പം ജീവിക്കുന്ന സഹോദരന്മാരാണ്. നമ്മുടെ ഏറ്റവും വലിയ സാക്ഷ്യം വാക്കുകളല്ല; ന മ്മുടെ ജീവിതമാണ്. ദർശനവീട് നമ്മെ പഠിപ്പിക്കുന്നത് ഇതാണ്: ആദ്യം നമ്മെത്തന്നെ ദൈവവചനത്തിന്റെ ഭവനമാക്കുക; പിന്നെ നമ്മുടെ ഭവനത്തെ സുവിശേഷത്തിന്റെ ഭവനമാക്കുക.

"നിന്റെ വീട്ടിലേക്കു മടങ്ങിപ്പോവുക." യേശു അയാളെ വീട്ടിലേക്ക് അയ ക്കുന്നു. എന്നാൽ പഴയ മനുഷ്യനായി മടങ്ങാൻ അല്ല. യേശുവിനെ ക ണ്ടുമുട്ടിയ മനുഷ്യൻ അതേ വീട്ടിലേക്കാണ് മടങ്ങുന്നത്; പക്ഷേ പുതിയ ഹൃദയവുമായി. ഇതാണ് ഒരു ധ്യാനത്തിന്റെ യഥാർത്ഥ ഫലം. ദർശന വീടിനെക്കുറിച്ച് ധ്യാനിച്ചിട്ട് നാം പഴയപോലെ തന്നെ മടങ്ങുകയാണെ ങ്കിൽ, നാം മുറികൾ കണ്ടു; മുറികളുടെ സന്ദേശം കണ്ടില്ല. വചനങ്ങൾ ധ്യാനിച്ചു; വചനം നമ്മെ മാറ്റാൻ അനുവദിച്ചില്ല. ആത്മ പരിശോധന നടത്തി; പരിവർത്തനം നടന്നില്ല. ഒരു retreat-ന്റെ വിജയം നാം ഇവിടെ അനുഭവിച്ച ആത്മീയ വികാരത്തിന്റെ തീവ്രതയിൽ അല്ല. നമ്മുടെ വീട്ടി ലേക്ക് മടങ്ങിയശേഷം നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന ചെറിയ മാറ്റ ങ്ങളിലാണ്. കൂടുതൽ ക്ഷമിക്കുന്നവനായോ? കൂടുതൽ കേൾക്കുന്നവ നായോ? കൂടുതൽ നന്ദിയുള്ളവനായോ? കൂടുതൽ ലളിതനായോ? കൂടു തൽ സഹോദരസ്നേഹമുള്ളവനായോ? കുറച്ച് പരാതിയും കൂടുതൽ കരുതലും ഉള്ളവനായോ?

അഞ്ചുദിവസത്തെ ധ്യാനത്തിൽ നിന്ന് നാം എന്താണ് വീട്ടിലേക്ക് കൊ ണ്ടുപോകുന്നത്? ചില കുറിപ്പുകളോ? ചില നല്ല ചിന്തകളോ? അല്ലെങ്കി ൽ യേശുവിനെ തന്നെയോ? ഒരു retreat അവസാനിക്കുമ്പോൾ ഏറ്റവും വലിയ അപകടം ഇതാണ്: ദൈവസാന്നിധ്യം ഇവിടെ ഉപേക്ഷി ച്ച് നാം വീട്ടിലേക്ക് മടങ്ങുക. ഇവിടെ നാം പ്രാർത്ഥിച്ചു, ആത്മപരിശോ ധന നടത്തി, ദൈവത്തെ അനുഭവിച്ചു. പക്ഷേ നമ്മുടെ യഥാർത്ഥ പരീ ക്ഷണം ഇവിടെ അല്ല. നമ്മുടെ യഥാർത്ഥ retreat നാളെ രാവിലെ തുട ങ്ങും. നാം ആയിരിക്കുന്ന നമ്മുടെ ഭവനത്തിൽ: സ്വീകരണമുറിയിൽ, പ്രാർത്ഥനാമുറിയിൽ, പഠനമുറിയിൽ, ഉല്ലാസമുറിയിൽ, നമ്മുടെ സ്വകാ ര്യമുറിയിൽ, ഭക്ഷണമേശയിൽ, അടുക്കളയിൽ, അടുക്കള തോട്ടത്തിൽ.

നമ്മോടൊപ്പം വർഷങ്ങളായി ജീവിക്കുന്ന സഹോദരനെ സ്നേഹിക്കു ക, ഒരു അപരിചിതനെ സ്നേഹിക്കുന്നതിനെക്കാൾ ചിലപ്പോൾ ബുദ്ധി

മുട്ടാണ്. അപരിചിതന്റെ കുറവുകൾ നമുക്കറിയില്ല. സഹോദരന്റെ കുറവുകൾ നമുക്ക് നന്നായി അറിയാം. അപരിചിതനെ നാം സൗമ്യമായി സ്വീകരിക്കും. സഹോദരനോട് ചിലപ്പോൾ അസഹിഷ്ണുത കാണിക്കും. പുറത്തുള്ളവരോട് നാം സുവിശേഷം പ്രസംഗിക്കും. പക്ഷേ വീട്ടിലെ സഹോദരനോട് നമ്മുടെ ജീവിതം തന്നെ സുവിശേഷമാകേണ്ടതുണ്ട്.

നമുക്ക് എല്ലാവർക്കും പ്രസംഗിക്കാൻ കഴിയും. നമുക്ക് നല്ല ആത്മീയ വാക്കുകൾ പറയാൻ കഴിയും. നല്ല ലേഖനങ്ങൾ എഴുതാൻ കഴിയും. ധ്യാനങ്ങൾ നടത്താൻ കഴിയും. സുവിശേഷത്തെക്കുറിച്ച് സംസാരിക്കാൻ കഴിയും. പക്ഷേ നമ്മുടെ സഹോദരൻ നമ്മെ നോക്കുമ്പോൾ എന്താണ് കാണുന്നത്? സുവിശേഷമോ? അതോ സുവിശേഷത്തെക്കുറിച്ച് സംസാരിക്കുന്ന ഒരാളെയോ? ഇതാണ് വ്യത്യാസം. വി. ഫ്രാൻസിസ് അസീസിയോട് ബന്ധപ്പെടുത്തി പറയപ്പെടുന്ന ഒരു പ്രസിദ്ധമായ ആശയമുണ്ട്: "എപ്പോഴും സുവിശേഷം പ്രസംഗിക്കുക; ആവശ്യമെങ്കിൽ വാക്കുകളും ഉപയോഗിക്കുക." നമ്മുടെ സമൂഹജീവിതത്തിൽ ഇത് വളരെ പ്രസക്തമാണ്.

നമ്മുടെ സഹോദരൻ വിഷമത്തിലായിരിക്കുമ്പോൾ നാം അവന്റെ അടുത്തിരിക്കുന്നു—അതാണ് സുവിശേഷം. നമുക്ക് അവകാശപ്പെട്ടത് മറ്റൊരാൾക്ക് വിട്ടുകൊടുക്കുന്നു—അതാണ് സുവിശേഷം. ആരും കാണാതെ ഒരു ചെറിയ സേവനം ചെയ്യുന്നു—അതാണ് സുവിശേഷം. മറ്റൊരാളുടെ കുറവ് പരിഹസിക്കാതെ മറയ്ക്കുന്നു—അതാണ് സുവിശേഷം. ഒറ്റപ്പെട്ടിരിക്കുന്ന സഹോദരന്റെ അടുത്തേക്ക് നാം സ്വയം പോകുന്നു—അതാണ് സുവിശേഷം.

"ദൈവം നിനക്കു ചെയ്തതെല്ലാം പ്രസ്താവിക്കുക." അവനോട് "ദൈവത്തെക്കുറിച്ച് നീ പഠിച്ചതെല്ലാം പറയുക" എന്നല്ല യേശു പറഞ്ഞത്. "ദൈവം നിനക്കു ചെയ്തതെല്ലാം പ്രസ്താവിക്കുക." ഇതാണ് യഥാർത്ഥ സാക്ഷ്യം. നമ്മുടെ ജീവിതത്തിലും പറയാൻ കഴിയണം: "ദൈവം എന്നിൽ ഇതു ചെയ്തു." ഞാൻ കോപമുള്ളവനായിരുന്നു; ദൈവം എന്നെ ക്ഷമ പഠിപ്പിച്ചു. ഞാൻ സ്വാർത്ഥനായിരുന്നു; ദൈവം എന്നെ പങ്കുവെക്കാൻ പഠിപ്പിച്ചു. ഞാൻ മുറിവുകളുമായി ജീവിച്ചു; ദൈവം എന്നെ ക്ഷമിക്കാൻ പഠിപ്പിച്ചു. ഞാൻ മറ്റുള്ളവരെ വിധിച്ചിരുന്നു; ദൈവം കരുണ പഠിപ്പിച്ചു. ഞാൻ എന്നെത്തന്നെ കേന്ദ്രമാക്കിയിരുന്നു; ദൈവം എന്നെ ക്രിസ്തുവിനെ കേന്ദ്രമാക്കാൻ പഠിപ്പിച്ചു. ഇതാണ് നമ്മുടെ വീട്ടിൽ പ്രസംഗിക്കേണ്ട സുവിശേഷം: "ദൈവം എന്റെ ജീവിതത്തിൽ ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു."

ദർശനവീട് എന്നത് ഓരോ CMI അംഗത്തിന്റെയും ഹൃദയത്തിൽ അനുദിനം പണിയപ്പെടേണ്ട ഒരു ആത്മീയഭവനമാണ്. ഈ ദിവസങ്ങളിൽ നാം ആ വീട്ടിലെ ഓരോ മുറിയിലേക്കും നോക്കി. ഇനി നാം മറ്റൊരുകാര്യം ചെയ്യണം: ഓരോ മുറിയിലും ഒരു സുവിശേഷം എഴുതുക. സ്വീകരണമുറിയിൽ, "വരുന്നവനെ ക്രിസ്തുവായി സ്വീകരിക്കുക." പ്രാർത്ഥനാമുറിയിൽ, "എല്ലാത്തിനുമുപരി ദൈവത്തെ അന്വേഷിക്കുക." പഠനമുറിയിൽ, "സത്യത്തെ സ്നേഹിക്കുക." സ്വകാര്യ മുറിയിൽ, "ആരും കാണാത്തിടത്തും വിശ്വസ്തനായിരിക്കുക." ഭക്ഷണമുറിയിൽ, "അപ്പം പങ്കിടുക; ജീവിതവും പങ്കിടുക." അടുക്കളയിൽ, "സ്നേഹം സേവനമായി മാറട്ടെ." തോട്ടത്തിൽ, "നിന്റെ ജീവിതം മറ്റുള്ളവർക്ക് ഫലം തരട്ടെ." അപ്പോൾ നമ്മുടെ വീട് ഒരു താമസസ്ഥലം മാത്രമല്ല. അത് ഒരു സുവിശേഷഭവനമാകും.

ഇന്ന് ഈ ദർശന വീട് എന്ന ഈ ധ്യാനത്തിന്റെ വാതിൽ അടയ്ക്കുമ്പോൾ, നമ്മുടെ ഹൃദയത്തിന്റെ വാതിൽ അടയ്ക്കരുത്. ഈ retreat ഇവിടെ അവസാനിക്കട്ടെ. പക്ഷേ പരിവർത്തനം ഇവിടെ അവസാനിക്കരുത്. നമുക്ക് ഇന്ന് ഒരു തീരുമാനം എടുക്കാം: "ഞാൻ എന്റെ വീട്ടിലേക്ക് സുവിശേഷവുമായി മടങ്ങും." എന്നോടൊപ്പം താമസിക്കുന്ന സഹോദരന് എന്റെ സാന്നിധ്യം ഒരു ഭാരമല്ല, അനുഗ്രഹമാകട്ടെ. എന്നെ കാണുന്നവന് ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ഒരു ചെറിയ അടയാളമെങ്കിലും ലഭിക്കട്ടെ. എന്റെ വാക്കുകൾ മുറിവേൽപ്പിക്കുന്ന വാളാകാതെ സൗഖ്യമാക്കുന്ന ഔഷധമാകട്ടെ. എന്റെ മൗനം അകലം സൃഷ്ടിക്കുന്നതല്ല, സമാധാനം പകരുന്നതാകട്ടെ. എന്റെ മുറി സ്വാർത്ഥതയുടെ ഇടമല്ല, ദൈവസാന്നിധ്യത്തിന്റെ ഇടമാകട്ടെ. എന്റെ സമൂഹം ഒരുമിച്ച് താമസിക്കുന്നവരുടെ കൂട്ടമല്ല, ഒരുമിച്ച് ക്രിസ്തുവിനെ അന്വേഷിക്കുന്ന സഹോദരങ്ങളുടെ കുടുംബമാകട്ടെ.

നാം വന്നിടത്തേക്ക് തന്നെ മടങ്ങുകയാണ്: അതേ മുറികൾ, അതേ കിടക്ക, അതേ ഭക്ഷണമേശ, അതേ പ്രാർത്ഥനാമുറി, അതേ സമൂഹം, അതേ സഹോദരന്മാർ. പക്ഷേ നാം അതേ മനുഷ്യരായി മടങ്ങരുത്. ദർശനവീട് നമ്മെ പഠിപ്പിച്ചത് ഇതാണ്: വീട് മാറണമെങ്കിൽ ആദ്യം വീട്ടിലെ മനുഷ്യൻ മാറണം. സമൂഹം മാറണമെങ്കിൽ ആദ്യം സമൂഹത്തിലെ ഓരോ ഹൃദയവും മാറണം. സുവിശേഷഭവനം പണിയണമെങ്കിൽ ആദ്യം നമ്മുടെ ഹൃദയം സുവിശേഷത്തിന്റെ ഭവനമാകണം.

അതുകൊണ്ട് ഇന്ന് നമുക്ക് ദർശനവീട്ടിലേക്ക് മടങ്ങാം: കൂടുതൽ വിനയത്തോടെ, കൂടുതൽ ക്ഷമയോടെ, കൂടുതൽ സ്നേഹത്തോടെ, കൂടുതൽ സേവനമനസ്സോടെ, കൂടുതൽ ദൈവസാന്നിധ്യബോധത്തോടെ. അപ്പോൾ നമ്മുടെ വീട്ടിലെ ഓരോ മുറിയും ഒരു സുവിശേഷപുസ്തകമാ

കും. നമ്മുടെ ഓരോ സഹോദരനും ഒരു സുവിശേഷവായനക്കാരനാ കും. നമ്മുടെ സമൂഹജീവിതം തന്നെ ഒരു സുവിശേഷപ്രഘോഷണമാ കും.

6.3. ദർശനവീട്: ഒരു സന്യാസ ഭവനം

1871 ജനുവരി 3-ന് ചാവറ പിതാവ് ഇഹലോകവാസം വെടിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മൃതശരീരം ആദ്യം കൂനമ്മാവ് കൊവേന്തയിൽ പൊതു ദർശനത്തിനായി വികാരി ജനറാളിന്റെ ഔദ്യോഗിക വസ്ത്രം അണിയി ച്ചാണ് കിടത്തിയത്. എന്നാൽ, പിന്നീട് പിതാവിനെ അടുത്തറിഞ്ഞിരുന്ന ഒരു സഭാംഗം അവിടെയെത്തി അത് കണ്ടപ്പോൾ ഇപ്രകാരം അഭിപ്രായ പ്പെട്ടു: "ചാവറ പിതാവ് ജീവിച്ച സന്യാസശൈലിക്ക് ഇത് യോജിച്ചതല്ല. ജീവിച്ചിരുന്നപ്പോൾ അദ്ദേഹം മറ്റെല്ലാറ്റിനേക്കാളും തന്റെ സന്യാസ വ സ്ത്രത്തെ വിലമതിച്ചിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ സന്യാസ വ സ്ത്രം അണിയിച്ചാണ് കിടത്തേണ്ടത്." ഈ നിർദേശം സ്വീകരിച്ച സഭാ ധികാരികൾ അന്നുരാത്രി എട്ടുമണിയോടെ മൃതശരീരം വീണ്ടും കൊവേ ന്തയുടെ അകത്തേക്ക് കൊണ്ടുപോയി സന്യാസവസ്ത്രം അണിയിച്ചു. കൂനമ്മാവ് കൊവേന്തയുടെ നാളാഗമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഈ സംഭവം[1] ചാവറ പിതാവിന്റെ ആത്മീയ വ്യക്തിത്വത്തെക്കുറിച്ച് ആ ഴത്തിൽ ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

വി. ചാവറ പിതാവ് മറ്റെല്ലാറ്റിനും ഉപരിയായി ഒരു സന്യാസിയായിരുന്നു. വൈദികനായിരുന്ന അദ്ദേഹം സഭയിൽ ചേർന്നത് ഒരു സന്യാസിയാകാ നാണ്. "ഇവിടെ ഒരു സന്യാസസഭ ഉണ്ടായിരിക്കണം" എന്ന ദൈവനി യോഗം നിറവേറ്റുന്നതിനായാണ് അദ്ദേഹം തന്റെ പുത്തൻകുർബാന അർപ്പിച്ചത്.

ഒരു പുരുഷായുസ്സുകൊണ്ട് ചെയ്യാവുന്നതിലും അധികം നന്മകൾ ചെ യ്ത അദ്ദേഹം വിദ്യാഭ്യാസം, സാമൂഹിക നവോത്ഥാനം, അജപാലന ശുശ്രൂഷ, സന്യാസജീവിതം എന്നിങ്ങനെ നിരവധി മേഖലകളിൽ പുതി യ തുടക്കങ്ങൾ കുറിച്ചു. എന്നാൽ ജീവിതത്തിന്റെ അവസാനഘട്ടത്തി ൽ, 1870 ആഗസ്റ്റിൽ തയ്യാറാക്കിയ തന്റെ മരണപത്രികയിൽ അദ്ദേഹം ഏറ്റവും കൂടുതൽ ഉത്കണ്ഠപ്പെടുന്നത് താൻ വഹിച്ചിരുന്ന വികാരി ജന റാൾ സ്ഥാനത്തിന്റെ പിൻഗാമിയെക്കുറിച്ചല്ല; താൻ ആരംഭിച്ച സംസ്കൃ തപാഠശാലകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും ഭാവിയെക്കുറിച്ചുമല്ല. അദ്ദേഹത്തിന്റെ ഏറ്റവും വലിയ വ്യാകുലത തന്റെ സന്യാസ ജീവിത

[1] Mathias Mundadan, *Blessed Kuriakose Elias Chavara* (Dharmaram Publications, 2008), 394-395.

ത്തെയും താൻ സ്ഥാപിച്ച രണ്ട് സന്യാസസഭകളുടെ ഭാവിയെയും അവയിലെ ക്രമക്കേടുകളെക്കുറിച്ചുമായിരുന്നു. അതിൽനിന്ന് വ്യക്തമാണ്: ചാവറ പിതാവിന്റെ ഹൃദയത്തിന്റെ കേന്ദ്രത്തിൽ സന്യാസ ജീവിതമായിരുന്നു.

ദർശനവീട് സ്ഥാപിക്കപ്പെട്ടതും പ്രധാനമായും സന്യാസജീവിതത്തിനു വേണ്ടിയാണ്. സി.എം.ഐ. ഒരു വൈദികസമൂഹം മാത്രമല്ല; അത് ഒരു സന്യാസസഭയാണ്. ഇടവക വൈദികരായിരുന്ന പോരുക്കരയച്ചൻ, പാലക്കലച്ചൻ, ചാവറ പിതാവ് എന്നിവർ ദൈവത്തെയും ദൈവജനത്തെയും കൂടുതൽ സ്നേഹിക്കാനും കൂടുതൽ ഫലപ്രദമായി സേവിക്കാനുമുള്ള ആഗ്രഹത്തിൽ നിന്നാണ് ഈ സന്യാസസഭയ്ക്ക് രൂപം നൽകിയത്.

അന്നത്തെ കേരളസഭയിൽ വിശുദ്ധിയും വിജ്ഞാനവും അജപാലന ശുശ്രൂഷയുംകൊണ്ട് അവർ ജനഹൃദയങ്ങളിൽ വലിയ സ്ഥാനമാർജിച്ചിരുന്നു. ജനങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട വൈദികരായിരുന്നു അവർ. എന്നാൽ ആ അംഗീകാരത്തിൽ അവർ സംതൃപ്തരായില്ല. ഒരു നല്ല ഇടവകവൈദികനായി തുടരുക എന്നതിലുപരി, പൂർണമായി ദൈവത്തിനു സമർപ്പിക്കപ്പെട്ട ഒരു സന്യാസജീവിതം നയിക്കണമെന്ന ആഗ്രഹമാണ് അവരെ മുന്നോട്ടു നയിച്ചത്. അവർ ആ ജനപ്രീതിയിൽ തൃപ്തിപ്പെട്ടിരുന്നുവെങ്കിൽ, ഒരുപക്ഷേ സി.എം.ഐ. സഭയുടെ ജനനം തന്നെ സംഭവിക്കുമായിരുന്നില്ല.

ദൈവത്തെയും ദൈവജനത്തെയും കൂടുതൽ സ്നേഹിക്കാനുള്ള ആ തീക്ഷ്ണമായ ആഗ്രഹത്തിൽ നിന്നാണ് നമ്മുടെ സഭ ജനിച്ചത്. ആ ആഗ്രഹം നഷ്ടപ്പെടുന്ന ദിവസം നമ്മുടെ സഭയുടെ ആത്മാവും ക്ഷയിച്ചു തുടങ്ങും. അതുകൊണ്ടുതന്നെ സന്യാസക്രമങ്ങളും സന്യാസചൈതന്യവും ഈ സഭയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.

ഇന്ന് നാം ആത്മശോധന ചെയ്യേണ്ട ഒരു ചോദ്യമുണ്ട്. നമ്മുടെ സഭ ആരംഭിച്ചത് പ്രധാനമായും സന്യാസത്തിനുവേണ്ടിയായിരുന്നു. വൈദികനായിരുന്ന ചാവറ പിതാവ് ഈ സമൂഹത്തിൽ ചേർന്നത് സന്യാസിയാകാനാണ്. സഭയുടെ ആദ്യകാലങ്ങളിൽ നിരവധി ഇടവക വൈദികർ സന്യാസജീവിതം ആഗ്രഹിച്ച് നമ്മുടെ സഭയിൽ ചേർന്നിട്ടുണ്ട്. എന്നാൽ കാലം കടന്നുപോയപ്പോൾ സന്യാസത്തിന്റെ ഈ പ്രഥമത നമുക്ക് എവിടെയെങ്കിലും നഷ്ടപ്പെട്ടിട്ടുണ്ടോ?

ഇന്ന് ഒരു യുവാവ് നമ്മുടെ സഭയിൽ ചേരുമ്പോൾ, അവന്റെ മാതാപിതാക്കൾ പോലും സാധാരണയായി പറയുന്നത്: "അവൻ അച്ചനാ

കാൻ പോയി" എന്നാണ്. "അവൻ സന്യാസിയാകാൻ പോയി" എന്ന് അവർ പറയാറില്ല. ഈ ഭാഷാമാറ്റം നമ്മുടെ ചിന്താമാറ്റത്തിന്റെ പ്രതിഫലനമാണോ? സന്യാസവൈദികനും ഇടവകവൈദികനും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം നമ്മുടെ ജീവിതത്തിൽ മങ്ങിപ്പോയിട്ടുണ്ടോ?

ഈ ചോദ്യങ്ങൾ മറ്റാരെയും വിധിക്കാനുള്ളതല്ല; നമ്മെത്തന്നെ പരിശോധിക്കാനുള്ളതാണ്. ദർശനവീട് ഒരു സന്യാസഭവനമാണ്. അതിന്റെ ഹൃദയത്തിൽ സന്യാസചൈതന്യം ജ്വലിച്ചുകൊണ്ടിരുന്നാൽ മാത്രമേ നമ്മുടെ ജീവിതവും ശുശ്രൂഷയും ചാവറ പിതാവിന്റെ സ്വപ്നത്തോട് വിശ്വസ്തമായി തുടരുകയുള്ളൂ.

6.4. ദർശനവീട്: പുണ്യത്തിന്റെ കണ്ണാടി

നമ്മുടെ സഭയുടെ ശൈശവദശയിൽത്തന്നെ അതിന്റെ സന്യാസഭാവിയെക്കുറിച്ച് വി. ചാവറ പിതാവിന് വലിയ ആകുലതകളുണ്ടായിരുന്നു. സഭാംഗങ്ങൾക്ക് അദ്ദേഹം എഴുതിയ കത്തുകളിൽ അത് വ്യക്തമായി കാണാം. "ഒരേയൊരു കാര്യം മതി ഇതിനെ നശിപ്പിക്കാൻ. അതായത്, നാം നമ്മുടെ ദൈവവിളിയെ മറന്ന്, സന്യാസാന്തസ്സിന്റെ കടമകൾ ഉപേക്ഷിച്ച്, ഈ ജീവിതാവസ്ഥയുടെ സുകൃതങ്ങളായ എളിമ, അനുസരണം, ഉപവാസം, സന്യാസ അടക്കം, യഥാർത്ഥ ഭക്തി എന്നീ പുണ്യങ്ങൾ പ്രവൃത്തിയാലെ നിറവേറ്റാതെ വിചാരത്തിൽ മാത്രം മതിയെന്നു വയ്ക്കുന്നുവെങ്കിൽ, ഈ കൊവേന്തകൾ ചുരുങ്ങിയ കാലത്തിനുള്ളിൽ നശിക്കാൻ ഇടവരികയും ചെയ്യും."[1]

മറ്റൊരിടത്ത് അദ്ദേഹം ഇപ്രകാരം വിലപിക്കുന്നു: "പുണ്യത്തിന്റെ കണ്ണാടികളാകുന്നതിനുവേണ്ടി ദൈവത്താൽ സ്ഥാപിക്കപ്പെട്ടതും വിശുദ്ധരുടെ സങ്കേതങ്ങളുമായിരിക്കേണ്ട ഈ കൊവേന്തകൾ ഇപ്പോൾ കാര്യസ്ഥന്മാരുടെ കൂട്ടവും, സ്വന്തം ഇഷ്ടം ചെയ്യുന്നവരുടെ വീടുകളും, കഷ്ടിച്ചു മാത്രം കാര്യങ്ങൾ ചെയ്തു തീർക്കുന്നവരുടെ ഭവനങ്ങളുമായിരിക്കുന്നു."[2]

വീണ്ടും അദ്ദേഹം മുന്നറിയിപ്പ് നൽകുന്നു: "ഹാ! പ്രിയമുള്ള കൂട്ടപ്പിറപ്പുകളേ, ഈ വിധത്തിൽ തുടരുകയാണെങ്കിൽ ഇരുപതു വർഷത്തിനുള്ളിൽ ഈ കൊവേന്തകൾ ഇല്ലാതായിത്തീരുമെന്ന് ഉറപ്പായിട്ട് വിശ്വസിക്കുവിൻ. കൊവേന്തകളുടെ ഉറപ്പ് അതിന്റെ ചുവരുകളുടെ കനമല്ല;

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VI/2:2, 129.
[2] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VI/2:2, 129.

പിന്നയോ, അതിൽ ജീവിക്കുന്നവരുടെ തീക്ഷ്ണതയുള്ള സുകൃതജീവിതമാകുന്നു."[1]

ഈ വാക്കുകൾ വായിക്കുമ്പോൾ പിന്നീട് സഭയുടെ പ്രിയോർ ജനറാളായിരുന്ന ദൈവദാസൻ കനീസിയൂസ് അച്ചന്റെ പേരിൽ പ്രചരിക്കുന്ന ഒരു നിരീക്ഷണം ഓർമ്മയിൽ വരുന്നു: "സന്യാസം പണ്ടേ മരിച്ചു കഴിഞ്ഞു; നാം അതിന്റെ ശവസംസ്കാരം നീട്ടിക്കൊണ്ടുപോകുന്നു എന്നു മാത്രം."

ഈ രണ്ട് വാക്യങ്ങളും ഒരുമിച്ചു കേൾക്കുമ്പോൾ ഒരു വലിയ ആത്മീയ സത്യം നമ്മുടെ മുമ്പിൽ തെളിയുന്നു. സന്യാസത്തിന്റെ നിലനിൽപ്പ് പുറം ഘടനകളിലോ സ്ഥാപനങ്ങളിലോ അല്ല; അതിന്റെ ആത്മാവിലാണ്. ദൈവവിളിയെ മറക്കുമ്പോഴും, എളിമയും അനുസരണവും ഭക്തിയും സന്യാസചൈതന്യവും ജീവിതത്തിൽ നിന്ന് നഷ്ടപ്പെടുമ്പോഴും, കൊവേന്തകൾ നിലനിന്നാലും സന്യാസം നഷ്ടപ്പെടാം. ചുവരുകൾ ശേഷിച്ചേക്കാം; എന്നാൽ ആത്മാവ് നഷ്ടപ്പെട്ടേക്കാം.

ചാവറ പിതാവ് ചൂണ്ടിക്കാണിക്കുന്നത് ഒരു ആത്മീയ നിയമമാണ്: കൊവേന്തകളുടെ ഉറപ്പ് അതിന്റെ ചുവരുകളുടെ കനത്തിലല്ല; അതിൽ ജീവിക്കുന്നവരുടെ തീക്ഷ്ണമായ സുകൃതജീവിതത്തിലാണ്. ആത്മീയ തീക്ഷ്ണത നഷ്ടപ്പെട്ടാൽ ഏറ്റവും ശക്തമായ സ്ഥാപനങ്ങൾപോലും ചരിത്രത്തിന്റെ ഭാഗമായിത്തീരാം. ഒരുകാലത്ത് വിശുദ്ധിയുടെ കേന്ദ്രങ്ങളായിരുന്ന നിരവധി സന്യാസഭവനങ്ങൾ ശൂന്യമായി കാടുകളായി മാറിയതിന്റെ ചരിത്രം അതിന് സാക്ഷിയാണ്.

ഈ പശ്ചാത്തലത്തിൽ ഇന്ന് നാം ആത്മപരിശോധന നടത്തണം. നാം ഒരു സന്യാസ-സന്ധ്യയിലാണോ, അതോ ഒരു പുതിയ സന്യാസ-പുലരിയുടെ കവാടത്തിലാണോ? ആ പുലരി കടന്നുവരണമെങ്കിൽ പുതിയ പദ്ധതികളോ പുതിയ കെട്ടിടങ്ങളോ മാത്രം മതിയാകില്ല. ആവശ്യമായത് ഒരു യഥാർത്ഥ മടങ്ങിവരവാണ്—ദൈവവിളിയിലേക്ക്, ആത്മീയ ശുദ്ധിയിലേക്ക്, സന്യാസചൈതന്യത്തിലേക്ക്, സേവനത്തിന്റെ സത്യത്തിലേക്ക്.

സഭയുടെ നവീകരണം ആഘോഷങ്ങളിലൂടെ സംഭവിക്കുകയില്ല; അത് ഹൃദയപരിവർത്തനത്തിലൂടെയാണ് ആരംഭിക്കുന്നത്. സന്യാസത്തിന്റെ മൂന്നാം നൂറ്റാണ്ടിന്റെ പ്രഭാതം ഉദിക്കണമെങ്കിൽ അത് പുതിയ പദ്ധതിക

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VI/2:6, 133.

ളിൽ അല്ല, പുതുക്കപ്പെട്ട മനുഷ്യരിലാണ് ആരംഭിക്കേണ്ടത്—ദൈവത്തിനുവേണ്ടി ജ്വലിക്കുന്ന ഹൃദയങ്ങളുള്ള സന്യാസികളിൽ.

6.5. ദർശനവീട്ടിലെ സന്യാസശീലങ്ങൾ

“Home is built on habits, not just walls.” ഒരു വീട് വെറും ചുവരുകളാൽ മാത്രം പണിയപ്പെടുന്നതല്ല; അത് ശീലങ്ങളാലാണ് പണിയപ്പെടുന്നത്.

ഒരു വീട് പണിയുമ്പോൾ നാം ഏറെ ശ്രദ്ധ ചെലവഴിക്കുന്നത് അതിന്റെ ഭൗതികഘടനകളിലാണ്. നല്ല കല്ലും സിമന്റും ഉപയോഗിച്ച് ഉറപ്പുള്ള ചുവരുകൾ ഉയർത്തുന്നു. മനോഹരമായ മുറികളും ആവശ്യമായ സൗകര്യങ്ങളും ഒരുക്കുന്നു. എന്നാൽ ഒരു സത്യം പലപ്പോഴും നാം മറന്നുപോകുന്നു: ചുവരുകൾ ഒരു വീടിനെ നിർമ്മിക്കും; എന്നാൽ ശീലങ്ങളാണ് അതിനെ ഒരു ഭവനമാക്കുന്നത്.

ധ്യാനത്തിന്റെ ആരംഭത്തിൽ നാം വിചിന്തനം ചെയ്തതുപോലെ, “ജ്ഞാനത്താൽ വീട് പണിയപ്പെടുന്നു; വിവേകത്താൽ അത് ഉറപ്പിക്കപ്പെടുന്നു; അറിവാൽ അതിന്റെ മുറികൾ അമൂല്യവും മനോഹരവുമായ വസ്തുക്കളാൽ നിറയുന്നു” (സുഭാ 24:3–4). ഒരു ഭവനത്തിന്റെ യഥാർത്ഥ രഹസ്യം അതിന്റെ പുറംഘടനകളിലല്ല; അവിടെ ജീവിക്കുന്നവർ ദിനം പ്രതി വളർത്തിയെടുക്കുന്ന ജീവിതശൈലിയിലാണ്. ഒരു കുടുംബത്തിൽ രൂപപ്പെടുന്ന ചെറിയ ചെറിയ ശീലങ്ങളാണ് ആ വീട്ടിന്റെ ആത്മാവിനെ രൂപപ്പെടുത്തുന്നത്.

ഒരു വീട്ടിൽ ദിവസേന പ്രാർത്ഥന ഒരു ശീലമാകുമ്പോൾ, ആ വീട് ദൈവസാന്നിധ്യം അനുഭവിക്കുന്ന വിശുദ്ധ ഇടമായി മാറുന്നു. പരസ്പരം സ്നേഹത്തോടെ സംസാരിക്കുക ഒരു ശീലമാകുമ്പോൾ അവിടെ സമാധാനത്തിന്റെ അന്തരീക്ഷം വളരുന്നു. മറ്റൊരാളെ ശ്രദ്ധയോടെ കേൾക്കുക, ക്ഷമിക്കുക, നന്ദി പറയുക, പരസ്പരം സഹായിക്കുക—ഇത്തരം ചെറിയ ശീലങ്ങളാണ് ഒരു കുടുംബത്തിന്റെ യഥാർത്ഥ ശക്തി.

അതുപോലെതന്നെ, അസഹിഷ്ണുത, അഹങ്കാരം, പരസ്പര അവഗണന, സ്വാർത്ഥത എന്നിവ ശീലങ്ങളാകുമ്പോൾ, ഭംഗിയുള്ള ചുവരുകൾക്കുള്ളിലായാലും ആ വീട് ശൂന്യമാകുന്നു. പുറമേ അതൊരു മനോഹര ഭവനമായിരിക്കാം; എന്നാൽ ഉള്ളിൽ സന്തോഷവും സമാധാനവും ഇല്ലെങ്കിൽ അത് യഥാർത്ഥ ഭവനമല്ല. അതുകൊണ്ടുതന്നെ ഒരു കുടുംബത്തിന്റെ മഹത്വം അതിന്റെ ആഡംബരത്തിലല്ല; അവിടെ വളരുന്ന ശീലങ്ങളിലാണ്.

നമ്മുടെ സന്യാസവസ്ത്രത്തെ ഇംഗ്ലീഷിൽ 'Religious Habit' എന്നാണ് വിളിക്കുന്നത്. ശ്രദ്ധിച്ചിട്ടുണ്ടോ? Habit എന്ന വാക്കിന് വസ്ത്രം എന്ന അർത്ഥം മാത്രമല്ല, ശീലം എന്ന അർത്ഥവുമുണ്ട്. നാം ധരിക്കുന്ന സന്യാസ വസ്ത്രം വെറും ഒരു ബാഹ്യ അടയാളമല്ല; അത് നാം ജീവിക്കേണ്ട സന്യാസശീലങ്ങളുടെ നിരന്തരമായ ഓർമ്മപ്പെടുത്തലാണ്.

പ്രാർത്ഥനയുടെ ശീലം, നിശ്ശബ്ദതയുടെ ശീലം, എളിമയുടെ ശീലം, അനുസരണത്തിന്റെ ശീലം, പങ്കുവയ്ക്കലിന്റെ ശീലം, ക്ഷമയുടെ ശീലം, സേവനത്തിന്റെ ശീലം—ഈ ശീലങ്ങൾ നമ്മുടെ ആശ്രമത്തിൽ വളരുമ്പോൾ അത് ക്രമേണ ഒരു യഥാർത്ഥ സന്യാസഭവനമായും ദർശനവീടായും മാറുന്നു. അപ്പോൾ അത് താമസിക്കാനുള്ള ഒരു സ്ഥലമല്ല; ദൈവത്തെ കാണുകയും അനുഭവിക്കുകയും ചെയ്യുന്ന ഒരു വിശുദ്ധ ഇടമായിത്തീരുന്നു.

ഇന്ന് നാം വളർത്തുന്ന ശീലങ്ങളാണ് നാളത്തെ നമ്മുടെ വ്യക്തിത്വത്തെയും സഭയുടെ സ്വഭാവത്തെയും നിർണയിക്കുന്നത്. നല്ല ശീലങ്ങൾ വളർത്തുമ്പോൾ നമ്മുടെ ആശ്രമങ്ങൾ വെറും താമസസ്ഥലങ്ങളായി തുടരുകയില്ല; അവ സ്നേഹവും സമാധാനവും പ്രാർത്ഥനയും നിറഞ്ഞ വിശുദ്ധ ഭവനങ്ങളായി മാറും. അതിനാൽ നമുക്ക് ഈ സത്യം എന്നും ഓർക്കാം: ആശ്രമം ചുവരുകളാൽ പണിയപ്പെടാം; എന്നാൽ ദർശനവീട് ശീലങ്ങളാലാണ് പണിയപ്പെടുന്നത്. നമ്മുടെ സന്യാസശീലങ്ങൾ തന്നെയാണ് നമ്മുടെ ആശ്രമത്തെ ദൈവസാന്നിധ്യം നിറഞ്ഞ ദർശനവീടാക്കി മാറ്റുന്നത്.

6.6. ദർശനവീട്ടിലെ കൂടപ്പിറപ്പുകൾ

'നമ്മൾ' എന്ന പദം മലയാളഭാഷയിൽ ഒരിക്കലും പിരിച്ചെഴുതാൻ കഴിയില്ല. എന്നാൽ 'ബഹുജനം' എന്ന പദത്തെ ബഹു + ജനം എന്ന് രണ്ടായി പിരിക്കാം. ഇത് ഭാഷയുടെ ഒരു പ്രത്യേകത മാത്രമല്ല; നമ്മുടെ സന്യാസജീവിതത്തിനും ഒരു ആത്മീയ സന്ദേശമാണ്. നമ്മിലെ 'നമ്മളെ' പിരിക്കാൻ ഒരിക്കലും യാതൊരു ശക്തിക്കും കഴിയരുത്. സി.എം.ഐ. എന്ന നമ്മുടെ ചേതോവികാരത്തെ വിഭജിക്കാൻ നാം ഒരിക്കലും ഇടവരുത്തരുത്.

ഒരേ അമ്മയുടെ ഉദരത്തിൽനിന്ന് പിറന്ന കൂടപ്പിറപ്പുകളെപ്പോലെ ദർശനവീട്ടിൽ ജീവിക്കണമെന്നാണ് ചാവറ പിതാവ് ആഗ്രഹിച്ചത്. എത്ര കൊവേന്തകളായും പ്രൊവിൻസുകളായും നാം വളർന്നാലും, അത്യന്തികമായി നാമെല്ലാവരും ഒരേ അമ്മയുടെ മക്കളും ഒരേ വീട്ടിലെ അംഗങ്ങളുമാണ്. അതുകൊണ്ടാണ് അദ്ദേഹം ഇപ്രകാരം ഉപദേശിക്കുന്നത്:

“എത്ര കൊവേന്തകളുണ്ടായാലും ഒരു വീട്, ഒരമ്മയുടെ ഉദരത്തിൽ നിന്നും പിറന്ന, ഒരമ്മയുടെ തന്നെ പാൽ കുടിച്ചു വളർന്നവർ എന്നതുപോലെ പരസ്പരം ആത്മാർത്ഥ സ്നേഹവും ഉള്ളവരായിരിക്കണം നിങ്ങൾ. ഈ സ്നേഹത്തിന് ഒരിക്കലും കുറവുണ്ടാകരുത്. പോരാ, അതിനെ അനുദിനം വർധിപ്പിക്കുകയും വേണം.”[1]

ഈ കൂടപ്പിറപ്പുസ്നേഹമാണ് സി.എം.ഐ. സന്യാസജീവിതത്തിന്റെ ആത്മാവും ജീവശക്തിയും. ഒരു ചോദ്യരൂപത്തിലൂടെ ചാവറ പിതാവ് അതിന്റെ ആഴം വെളിപ്പെടുത്തുന്നു: “ഹാ! ഒന്ന് ഓർത്തു നോക്കുക! നമ്മൾ തമ്മിൽ എന്തു ബന്ധം? നിങ്ങൾ എവിടെയാണ്? ഞാൻ എവിടെയാണ്? നിങ്ങളെ ഞാൻ അറിയുമോ? എന്നെ നിങ്ങൾ അറിയുമോ? ഇപ്പോൾ, നിങ്ങളുടെ രക്തസംബന്ധക്കാരേക്കാൾ നിങ്ങളെന്നെയും, അപ്രകാരം ഞാൻ നിങ്ങളെയും സ്നേഹിക്കാൻ എന്താണ് കാരണം?”[2]

ഈ ചോദ്യത്തിന് ഒരേയൊരു ഉത്തരമേയുള്ളൂ: വ്രതബദ്ധജീവിതത്തിലൂടെ ജനിക്കുന്ന, കുടുംബബന്ധങ്ങളെപ്പോലും അതിലംഘിക്കുന്ന സന്യാസകൂടപ്പിറപ്പ് സ്നേഹം. അതുകൊണ്ടുതന്നെ വി. പത്രോസ് നമ്മെ ഓർമ്മിപ്പിക്കുന്നു: “സർവോപരി നിങ്ങൾക്ക് ഗാഢമായ പരസ്പരസ്നേഹം ഉണ്ടായിരിക്കട്ടെ” (1 പത്രോ 4:8).

മാമ്മോദീസായിൽ ലഭിക്കുന്ന ‘അനശ്വരജീവന്റെ ശക്തിയാൽ’ (1 പത്രോ 1:23) ഭൂമിയുടെ പുത്രന്മാരായ നാം ദൈവത്തിന്റെ മക്കളാകുന്നു. സന്യാസവ്രതങ്ങളിലൂടെ ആ ദൈവപുത്രത്വം കൂടുതൽ ആഴപ്പെടുകയും, ലോകത്തിന് മുമ്പിൽ ആ ദൈവിക സാഹോദര്യത്തിന്റെ ദൃശ്യ സാക്ഷികളാകുകയും ചെയ്യുന്നു. അതുകൊണ്ടാണ് ചാവറ പിതാവ് വിനയപൂർവം നമ്മെ ഓർമ്മിപ്പിക്കുന്നത്: “പ്രിയമുള്ള കുഞ്ഞുങ്ങളേ, ഞാനും നിങ്ങളും ഇതുവരെ യഥാർത്ഥ സന്യാസികളായിട്ടില്ല; യഥാർത്ഥ കൂടപ്പിറപ്പുകൾ ആയിട്ടില്ല.”[3]

ഫ്രഞ്ച് വിപ്ലവം ലോകത്തിന് മൂന്ന് മഹത്തായ ആദർശങ്ങൾ സമ്മാനിച്ചു: സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം. പിന്നീട് ഈ ആദർശങ്ങളുടെ ചരിത്രയാത്രയെക്കുറിച്ച് ജർമ്മൻ ചിന്തകനായ മാർട്ടിൻ ഹൈഡഗർ നടത്തിയ വിലയിരുത്തലുകൾ ശ്രദ്ധേയമാണ്. ഒന്നാമത്തേതായ സ്വാതന്ത്ര്യം എന്ന വിപ്ലവാശയത്തിന്റെ അലയടികൾ ആദ്യം പടിഞ്ഞാറൻ യൂറോപ്പിലേക്കും അവിടെ നിന്ന് പടിപടിയായി ലാറ്റിൻ അമേരിക്കയിലേ

[1] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VI/5:3, 143.
[2] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VII/6:2, 159.
[3] ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ*, VI/5:3, 143.

ക്കും വ്യാപിച്ചു. പിന്നീട് അത് എന്തും ചെയ്യാനുള്ള ഒരു ലൈസൻസായി അധഃപതിച്ചു. രണ്ടാമത്തേതായ സമത്വത്തിന്റെ കൊടുങ്കാറ്റ് യൂറോപ്പിന്റെ കിഴക്കൻ ഭാഗത്തേക്ക് ആഞ്ഞടിച്ച്, വ്യക്തിത്വം നഷ്ടപ്പെട്ട ഒരു സമൂഹത്തെ സൃഷ്ടിച്ചു. എന്നാൽ സാഹോദര്യം—ഈ മൂന്നിൽ ഏറ്റവും അനിവാര്യമായ മൂല്യം—പലപ്പോഴും അവഗണിക്കപ്പെട്ടു. യഥാർത്ഥത്തിൽ സാഹോദര്യത്തിന്റെ മണ്ണിലാണ് സ്വാതന്ത്ര്യത്തിനും സമത്വത്തിനും ആരോഗ്യകരമായി വളരാൻ കഴിയുക.

ഇതുതന്നെയാണ് ചാവറ പിതാവിന്റെ ദർശനവും. പിതാവ് പറയുന്നത് ഒരു ഉപദേശമല്ല; നമ്മുടെ സന്യാസജീവിതത്തിന്റെ അടിസ്ഥാനനിയമമാണ്: "ഈ സ്നേഹത്തിന് ഒരിക്കലും കുറവുണ്ടാകരുത്; പോരാ, അതിനെ അനുദിനം വർധിപ്പിക്കുകയും വേണം." അതുകൊണ്ടാണ് നമ്മുടെ സി.എം.ഐ. നിയമാവലി ഈ കൂടപ്പിറപ്പുസ്നേഹത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് ആരംഭിക്കുന്നത്. ഈ ധ്യാനത്തിന്റെ പരമമായ ലക്ഷ്യവും അതുതന്നെയാണ്. നമ്മുടെ ആശ്രമങ്ങൾ വെറും ഒരുമിച്ചു താമസിക്കുന്ന ഇടങ്ങളാകാതെ, ഒരേ ദൈവപിതാവിന്റെ മക്കളും ഒരേ അമ്മയുടെ കൂടപ്പിറപ്പുകളും എന്ന ബോധത്തോടെ ജീവിക്കുന്ന യഥാർത്ഥ ദർശന വീടുകളായി മാറട്ടെ.

6.7. ദർശനവീട് പ്രദർശനവീടല്ല

"ഇന്ത്യയെ കണ്ടെത്തൽ" എന്ന തന്റെ ഗ്രന്ഥത്തിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു രണ്ട് തരത്തിലുള്ള ഇന്ത്യകളെക്കുറിച്ച് പ്രതിപാദിക്കുന്നതിനെക്കുറിച്ചുള്ള സുകുമാർ അഴീക്കോടിന്റെ പരാമർശം ഓർക്കുന്നു.

പ്രകാശത്തിന്റെയും ചൈതന്യത്തിന്റെയും പുരോഗതിയുടെയും സംസ്കാരത്തിന്റെയും ഇന്ത്യയാണ് ഒന്നാമത്തേത്. ആ ഇന്ത്യയാണ് വേദങ്ങളിലെ പ്രാർത്ഥനയും ഉപനിഷത്തുകളിലെ തത്ത്വചിന്തയും ഇതിഹാസങ്ങളിലെ മനുഷ്യസ്നേഹവും സൃഷ്ടിച്ചത്. ഗീതയുടെ മാതാവാണ് ആ ഇന്ത്യ. ബുദ്ധനെയും ശങ്കരനെയും അവൾ സൃഷ്ടിച്ചു. അശോകന്റെ ധർമ്മസാമ്രാജ്യം ആ ഇന്ത്യയുടെ അടിത്തറയിലാണ് പണിതുയർത്തപ്പെട്ടത്. സ്വാതന്ത്ര്യബോധത്തിന്റെയും ദേശാഭിമാനത്തിന്റെയും സന്ദേശങ്ങൾ ആ ഇന്ത്യയുടെ അന്തരീക്ഷത്തിലാണ് മുഴങ്ങിയിരുന്നത്. കാളിദാസനെപ്പോലുള്ള മഹാകവികൾ അവളുടെ സന്താനങ്ങളാണ്.

എന്നാൽ മറ്റൊരു ഇന്ത്യയുമുണ്ട്; നാം പലപ്പോഴും അവളുടെ പിറവികളാണ്. ഭാഷയുടെയും വർഗത്തിന്റെയും ജാതിയുടെയും മറ്റനേകം സങ്കുചിത ചിന്തകളുടെയും പേരിൽ വഴക്കിട്ടും വക്കാണം നടത്തിയും സമരം ചെയ്തും കഴിയുന്ന നമ്മെ പ്രസവിച്ച മാതാവ് ഈ രണ്ടാമത്തെ ഇന്ത്യ

യാണ്. വിദേശികളെ ക്ഷണിച്ചുവരുത്തി സ്വന്തം സഹോദരനെ എതിർത്തൊടുക്കിയ പാരമ്പര്യം ആ ഇന്ത്യയുടേതാണ്. ഭീരുത്വവും ദേശദ്രോഹവും അതിന്റെ അന്തരീക്ഷത്തിൽ അലയടിക്കുന്നു. ഓരോ ചരിത്രഘട്ടത്തിലും നമ്മെ നരകത്തിലേക്ക് തള്ളിവിട്ടത് ആ ഇന്ത്യയുടെ ദുഷ്പ്രലോഭനമാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

മഹാത്മാ ഗാന്ധി ആദ്യത്തെ പാവനമായ ഭാരതത്തിന്റെ സൃഷ്ടിയായിരുന്നു. അദ്ദേഹത്തെ വധിച്ച വ്യക്തി മറ്റേ പാപിഷ്ഠ ഭാരതത്തിന്റെ പ്രതിനിധിയുമായിരുന്നു. ആദ്യത്തെ ഇന്ത്യ ജയിക്കുന്നതനുസരിച്ച് നമുക്കും ലോകത്തിനും ഉന്നതിയുണ്ടാകുന്നു; രണ്ടാമത്തെ ഇന്ത്യ മേൽക്കൈ നേടുന്നത്രയും അധോഗതിയും വർധിക്കുന്നു. ഈ സമരം എല്ലായ്പ്പോഴും പ്രത്യക്ഷമല്ല.

ഈ ചിന്തയെ ദർശനവീടിനെക്കുറിച്ചുള്ള നമ്മുടെ ധ്യാനത്തിലേക്ക് കൊണ്ടുവന്നാൽ, രണ്ടുതരം വീടുകളെ നമുക്ക് കാണാം—ദർശന വീടിനെയും പ്രദർശനവീടിനെയും.

ദർശനവീട് ദൈവാനുഭവത്തിന്റെ ഭവനമാണ്. അവിടെ ജീവിതം ലളിതമാണ്; എന്നാൽ ആത്മീയമായി അതിന് ആഴമുണ്ട്. അവിടെ പ്രാർത്ഥനയുണ്ട്, പരസ്പരസ്നേഹമുണ്ട്, സത്യസന്ധതയുണ്ട്, ആത്മപരിശോധനയുണ്ട്. അവിടെ മനുഷ്യൻ ദൈവത്തെ അന്വേഷിക്കുന്നു; ജീവിതത്തിന്റെ ഓരോ നിമിഷത്തിലും ദൈവസാന്നിധ്യം തിരിച്ചറിയാൻ ശ്രമിക്കുന്നു. അത്തരം ഒരു വീട് പുറത്തേക്ക് തിളങ്ങേണ്ടതില്ല; എന്നാൽ അതിന്റെ ഉള്ളിൽ ദൈവത്തിന്റെ പ്രകാശം നിറഞ്ഞിരിക്കും.

പ്രദർശനവീട് അതിൽനിന്ന് തികച്ചും വ്യത്യസ്തമാണ്. അത് പുറത്തേക്കുള്ള കാഴ്ചയ്ക്കായി അലങ്കരിക്കപ്പെട്ട വീടാണ്. അവിടെ യാഥാർഥ്യത്തേക്കാൾ പ്രാധാന്യം ലഭിക്കുന്നത് പ്രഭാവത്തിനും പ്രകടനങ്ങൾക്കുമാണ്. ആത്മീയതയെക്കാൾ വിലമതിക്കപ്പെടുന്നത് പ്രശസ്തിയും അംഗീകാരവുമാണ്. അവിടെ പ്രാർത്ഥനപോലും ചിലപ്പോൾ ഒരു പ്രകടനമായി മാറുന്നു; സ്നേഹം ഒരു ആചാരമായി ചുരുങ്ങുന്നു; സത്യസന്ധത ഒരു മുഖമൂടിയായി മാറുന്നു.

നെഹ്റു പറഞ്ഞ രണ്ട് ഇന്ത്യകളെപ്പോലെ തന്നെ നമ്മുടെ ജീവിതത്തിലും സമൂഹങ്ങളിലും ഈ രണ്ട് വീടുകൾ തമ്മിൽ ഒരു നിശ്ശബ്ദ സമരം നടക്കുന്നു. ഒരു വശത്ത് ദൈവത്തെ അന്വേഷിക്കുന്ന ദർശനവീട്; മറുവശത്ത് മനുഷ്യരുടെ അംഗീകാരം തേടുന്ന പ്രദർശനവീട്. ഈ സമരം പുറത്തു കാണാൻ കഴിയില്ല; അത് നമ്മുടെ ഹൃദയത്തിനുള്ളിൽ നടക്കുന്ന

ആത്മീയ പോരാട്ടമാണ്. നാം ഏത് വീട്ടിലെ അംഗങ്ങളായാണ് ജീവിക്കുന്നത്—ദർശനവീടിന്റെയോ, പ്രദർശനവീടിന്റെയോ?

ലൂക്കായുടെ സുവിശേഷത്തിൽ (5:12–16) ശ്രദ്ധേയമായ ഒരു സംഭവം കാണാം. യേശുവിന്റെ പേര് എല്ലായിടത്തും പരക്കുന്നു. വലിയ ജനക്കൂട്ടങ്ങൾ അവനെ കേൾക്കാനും രോഗശാന്തി നേടാനും എത്തുന്നു. മനുഷ്യദൃഷ്ടിയിൽ അത് വിജയത്തിന്റെ നിമിഷമാണ്. എന്നാൽ സുവിശേഷം പറയുന്നു: "അവൻ ഏകാന്തസ്ഥലങ്ങളിലേക്ക് പിന്മാറി പ്രാർത്ഥിച്ചുകൊണ്ടിരുന്നു."

ജനപ്രീതി വർധിച്ചപ്പോഴും യേശു ജനക്കൂട്ടത്തിനിടയിൽ കൂടുതൽ സമയം ചെലവഴിച്ചില്ല. പകരം അവൻ ഏകാന്തതയിലേക്കും പ്രാർത്ഥനയിലേക്കും പിന്മാറി. എന്തുകൊണ്ട്? പ്രശസ്തി ശക്തമായ ഒരു പ്രലോഭനമാണെന്ന് അവൻ അറിഞ്ഞിരുന്നു. ജനങ്ങളുടെ കൈയടി ദൈവ കേന്ദ്രീകൃതമായ ജീവിതത്തെ മനുഷ്യരുടെ അംഗീകാരം തേടുന്ന ജീവിതമാക്കി മാറ്റാൻ കഴിയും. അതുകൊണ്ടാണ് യേശു തന്റെ സ്വത്വം പിതാവുമായുള്ള ബന്ധത്തിൽ ഉറപ്പിച്ചത്. അവിടെ അവൻ വീണ്ടും തിരിച്ചറിയുന്നു: "എന്റെ സ്വത്വം ജനക്കൂട്ടത്തിന്റെ കൈയടിയിൽ നിന്നല്ല; അത് പിതാവുമായുള്ള ബന്ധത്തിൽ നിന്നാണ്."

യേശുവിനെപ്പോലെ നാമും ഇടയ്ക്കിടെ ജനക്കൂട്ടത്തിൽ നിന്ന് പിന്മാറണം. പ്രാർത്ഥനയുടെ നിശ്ശബ്ദതയായ നമ്മുടെ 'മരുഭൂമി' കണ്ടെത്തണം. അവിടെയാണ് ദൈവത്തെ വീണ്ടും ദർശിക്കുന്നത്; അവിടെയാണ് ഹൃദയം ശുദ്ധീകരിക്കപ്പെടുന്നത്; അവിടെയാണ് ദൗത്യം പുതുക്കപ്പെടുന്നത്.

അതുകൊണ്ടുതന്നെയാണ് നമ്മുടെ സഭയിൽ സ്ഥാപകപിതാക്കന്മാർ വർഷത്തെ ആറുമാസം വനവാസത്തിനും ആറുമാസം ജനവാസത്തിനുമായി ക്രമീകരിച്ചത്. അത് ഒരു ജീവിതക്രമം മാത്രമല്ല, ഒരു ആത്മീയ ദർശനവുമാണ്. സന്യാസജീവിതം പ്രദർശനത്തിനല്ല, ദർശനത്തിനാണ്. ദൈവത്തെ ദർശിക്കുന്നവർക്ക് മാത്രമേ ലോകത്തിന് ദൈവത്തെ കാണിച്ചുകൊടുക്കാൻ കഴിയൂ. അപ്പോൾ മാത്രമേ നമ്മുടെ ജീവിതവും നമ്മുടെ ആശ്രമങ്ങളും ദൈവസാന്നിധ്യം അനുഭവപ്പെടുന്ന യഥാർത്ഥ ദർശനവീടുകളായി മാറുകയുള്ളൂ.

6.8. ആത്മീയതയ്ക്കിടയിലെ രാഷ്ട്രീയം

"എല്ലാം മിസ്റ്റിസിസത്തിൽനിന്ന് ആരംഭിച്ച് രാഷ്ട്രീയത്തിൽ വന്ന് അവസാനിക്കുന്നു" എന്ന നിരീക്ഷണം പല സന്യാസസമൂഹങ്ങളുടെയും ചരി

ത്രത്തിൽ ചിലപ്പോഴൊക്കെ യാഥാർഥ്യമായി കാണാം. ആഴമായ ഒരു ദൈവാനുഭവത്തിൽനിന്ന് മഹത്തായ ലക്ഷ്യത്തിനായി ആരംഭിച്ച സന്യാസസഭകൾ, കാലക്രമേണ സ്വാർത്ഥത, അധികാരമോഹം, കൂട്ടുകക്ഷി മനോഭാവം എന്നിവയുടെ സ്വാധീനത്തിൽ ആത്മീയതയുടെ തീഷ്ണത നഷ്ടപ്പെടുത്തി രാഷ്ട്രീയത്തിന്റെ സ്വഭാവം സ്വീകരിക്കുന്നതായി നാം കാണാറുണ്ട്.

നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനം ദൈവാനുഭവവും സമർപ്പണവുമാണ്. എന്നാൽ ചിലപ്പോൾ ചെറിയ അഭിപ്രായവ്യത്യാസങ്ങളും വ്യക്തിപരമായ ഇഷ്ടങ്ങളും പ്രദേശിക ചിന്തകളും പതിയെ രാഷ്ട്രീയ താൽപര്യങ്ങളായി മാറി സഭയുടെ ഐക്യത്തെ ദുർബലപ്പെടുത്താൻ ഇടയാക്കും. അതുകൊണ്ടുതന്നെ, നാം വ്യക്തിപരമായ ലക്ഷ്യങ്ങൾക്കായി ഒന്നിച്ചുകൂടിയവരല്ല; ദൈവത്തിന്റെ ദൗത്യത്തിനായി വിളിക്കപ്പെട്ട സഹോദരങ്ങളാണ് എന്ന സത്യം എന്നും ഓർമയിൽ സൂക്ഷിക്കണം.

ഇന്ത്യ സ്വാതന്ത്ര്യത്തിലേക്ക് കടന്നുവന്നപ്പോൾ മഹാത്മാഗാന്ധി കോൺഗ്രസ് പാർട്ടിക്ക് നൽകിയ ഉപദേശം ഇന്നും മാതൃകാപരമാണ്: "ഇന്ന് സ്വാതന്ത്ര്യം ലഭിക്കുന്നത് കോൺഗ്രസ് പാർട്ടിക്കല്ല; ഇന്ത്യയ്ക്കാണ്. അതുകൊണ്ട് ആദ്യ മന്ത്രിസഭ രൂപീകരിക്കുമ്പോൾ കക്ഷിരാഷ്ട്രീയങ്ങൾക്ക് അതീതമായി രാജ്യത്തെ ഏറ്റവും മികച്ച നേതാക്കളെ ഉൾപ്പെടുത്തണം."

ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തന്റെ ആദ്യ മന്ത്രിസഭ രൂപീകരിച്ചത്. കോൺഗ്രസ്സിനുള്ളിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നെങ്കിലും സർദാർ വല്ലഭായ് പട്ടേലിനെ ആഭ്യന്തരമന്ത്രിയാക്കി. അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് ചിന്നിച്ചിതറിക്കിടന്നിരുന്ന നാട്ടുരാജ്യങ്ങൾ ഒരൊറ്റ രാഷ്ട്രമായി ഏകീകരിക്കപ്പെട്ടത്. കോൺഗ്രസ് പാർട്ടി വിട്ടിരുന്ന ഡോ. ബി. ആർ. അംബേദ്കറെ നിയമമന്ത്രിയാക്കിയതിലൂടെ ഇന്ത്യയ്ക്ക് ലോകത്തിലെ ഏറ്റവും ശ്രേഷ്ഠമായ ഭരണഘടനകളിലൊന്ന് ലഭിച്ചു. കോൺഗ്രസിന് പുറത്തു നിന്നിരുന്ന ആർ. കെ. ശൺമുഖം ചെറ്റിയെ ആദ്യ ധനമന്ത്രിയാക്കിയതും അതേ വിശാലദർശനത്തിന്റെ ഭാഗമായിരുന്നു. ഇതിലൂടെ നെഹ്റു തെളിയിച്ചത്, വ്യക്തിപരമായോ കക്ഷിപരമായോ താൽപര്യങ്ങളെക്കാൾ രാജ്യത്തിന്റെ നന്മയാണ് പ്രധാനം എന്ന സത്യമാണ്.

ഇതുതന്നെയാണ് നമ്മുടെ സഭയും ചെയ്യേണ്ടത്. നമ്മുടെ സമൂഹം ഒരു വ്യക്തിയുടെയോ ഒരു കൂട്ടം വ്യക്തികളുടെയോ സ്വന്തമല്ല; അത് ദൈവത്തിന്റെ ദൗത്യത്തിനായി നിലകൊള്ളുന്ന ഒരു ആത്മീയസമൂഹമാണ്.

അതിനാൽ ചെറിയ രാഷ്ട്രീയ ചിന്തകളെയും വ്യക്തിപരമായ അഭിമാനങ്ങളെയും അതിജീവിച്ച് ഒരേ ആദർശത്തോടും ഒരേ ആത്മാവോടും കൂടെ നാം മുന്നേറണം. ഒരു സമൂഹത്തിന്റെ ശക്തി എല്ലാവരുടെയും കഴിവുകളെ ഒരേ ലക്ഷ്യത്തിലേക്ക് ഏകോപിപ്പിക്കാനുള്ള ശേഷിയിലാണ്. ഓരോരുത്തരുടെയും കഴിവുകളും അനുഭവങ്ങളും വ്യത്യസ്തമായിരിക്കാം. എന്നാൽ അവയെല്ലാം ദൈവരാജ്യത്തിന്റെ ദൗത്യത്തിനായി സമർപ്പിക്കപ്പെടുമ്പോഴാണ് സമൂഹം യഥാർത്ഥ അർത്ഥത്തിൽ ശക്തമാകുന്നത്.

നമുക്ക് ഓർക്കാം: ചെറിയ രാഷ്ട്രീയ താൽപര്യങ്ങൾ സമൂഹത്തെ വിഭജിക്കുന്നു; വിനയവും പരസ്പര ബഹുമാനവും അതിനെ വളർത്തുന്നു; ഐക്യവും കൂട്ടായ്മയും ദൗത്യത്തെ ശക്തിപ്പെടുത്തുന്നു. ഒരു സഭയുടെ വിജയം ഓരോ അംഗവും സ്വന്തം അഭിമാനത്തെക്കാൾ പൊതു നന്മയ്ക്ക് മുൻഗണന നൽകുമ്പോഴാണ് സാധ്യമാകുന്നത്. നമ്മുടെ വിളിയുടെ അർത്ഥം മറ്റുള്ളവർക്കുവേണ്ടി ജീവിക്കുന്നതിലാണ്.

ആത്മീയതയിൽ ആരംഭിച്ച നമ്മുടെ യാത്ര ചെറിയ രാഷ്ട്രീയങ്ങളിൽ അവസാനിക്കരുത്. അത് ആത്മീയതയിൽ ആരംഭിച്ച് സേവനത്തിലും ഐക്യത്തിലും സഹോദരസ്നേഹത്തിലും പൂർത്തിയാകണം. അപ്പോഴാണ് നമ്മുടെ സഭ അധികാരത്തിന്റെ വേദിയാകാതെ ദൈവരാജ്യത്തിന്റെ അടയാളമായി മാറുന്നത്.

6.9. ഗംഗ പവിത്രമാണെങ്കിലും ശുദ്ധമല്ല

ഇന്ത്യയിലെ ഏറ്റവും പരിശുദ്ധ നദികളിലൊന്നാണ് ഗംഗാ. കോടിക്കണക്കിന് ആളുകൾ അതിനെ വിശുദ്ധമായി കരുതുന്നു; അതിൽ സ്നാനം ചെയ്യുന്നു, പ്രാർത്ഥിക്കുന്നു, ആത്മീയ ആശ്വാസം കണ്ടെത്തുന്നു. എന്നാൽ അതേ സമയം വ്യവസായ മാലിന്യങ്ങളും നഗരമാലിന്യങ്ങളും മനുഷ്യരുടെ അനാസ്ഥയും കാരണം ഗംഗ ഇന്ന് ഗുരുതരമായ മലിനീകരണം നേരിടുകയാണ്. അതിനാൽ ഒരു യാഥാർഥ്യം നാം സമ്മതിക്കേണ്ടിവരുന്നു: ഗംഗ പാവനമാണ്; എന്നാൽ അതിലെ ജലം എല്ലായ്പ്പോഴും ശുദ്ധമല്ല.

ഈ രൂപകം നമ്മുടെ സന്യാസജീവിതത്തിനും പ്രസക്തമാണ്. ദൈവത്തിന് സമർപ്പിക്കപ്പെട്ട സന്യാസസമൂഹങ്ങൾ പരിശുദ്ധമായ ഒരു വിളിയുടെ ഫലമാണ്. എന്നാൽ ആ പരിശുദ്ധി വഹിക്കുന്നവർ മനുഷ്യരാണ്. അതിനാൽ മാനുഷിക ദൗർബല്യങ്ങളും അപൂർണതകളും അശ്രദ്ധകളും ചിലപ്പോൾ ആ വിളിയുടെ സൗന്ദര്യത്തെ മങ്ങലേൽപ്പിച്ചേക്കാം. അ

തുകൊണ്ടാണ് സഭയ്ക്ക് നിരന്തരമായ ആത്മപരിശോധനയും നവീകരണവും ആവശ്യമായിരിക്കുന്നത്.

സന്യാസജീവിതത്തിന്റെ ഹൃദയം ദൈവസാന്നിധ്യത്തോടുള്ള ജീവനുള്ള ബന്ധമാണ്. എന്നാൽ പ്രവർത്തനങ്ങളുടെ തിരക്കിലും ഭരണകാര്യങ്ങളുടെ സമ്മർദത്തിലും പ്രാർത്ഥനയ്ക്കും ധ്യാനത്തിനും മൗനത്തിനും അർഹിക്കുന്ന സ്ഥാനം നഷ്ടപ്പെടുമ്പോൾ ആത്മീയ ക്ഷീണം ആരംഭിക്കുന്നു. അതിനാൽ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും ദൈവാനുഭവത്തിൽ നിന്ന് ഉത്ഭവിക്കുന്നവയാകണം; അല്ലാത്തപക്ഷം അവ വെറും പ്രവർത്തനങ്ങളായി ചുരുങ്ങും.

അതുപോലെ, കൂട്ടുകക്ഷി മനോഭാവം, വ്യക്തിപരമായ സ്വാധീനമോഹം, സ്ഥാനലബ്ധിക്കായുള്ള ആഗ്രഹം എന്നിവ സമൂഹത്തിന്റെ ഐക്യത്തെ ദുർബലപ്പെടുത്തും. സന്യാസജീവിതം മത്സരത്തിന്റേതല്ല, സാഹോദര്യത്തിന്റേതാണ്. പരസ്പര ബഹുമാനവും വിശ്വാസവും വളർത്തി ഒരേ ദൗത്യത്തിനായി ഒന്നിച്ച് പ്രവർത്തിക്കുന്ന മനോഭാവമാണ് നാം വളർത്തേണ്ടത്.

സന്യാസവ്രതം ലാളിത്യത്തിന്റെയും ദാരിദ്ര്യത്തിന്റെയും സാക്ഷ്യമാണ്. എന്നാൽ ഭൗതികസൗകര്യങ്ങളുടെയും സുഖാന്വേഷണത്തിന്റെയും ആകർഷണം അറിയാതെ നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരാം. അപ്പോൾ വ്രതങ്ങളുടെ ആത്മാവ് മങ്ങിപ്പോകും. അതിനാൽ ലാളിത്യവും സ്വാതന്ത്ര്യവും വീണ്ടും തിരഞ്ഞെടുക്കേണ്ടത് അനിവാര്യമാണ്.

സമൂഹജീവിതത്തിന്റെ അടിത്തറ സഹോദരസ്നേഹവും പങ്കുവയ്ക്കലുമാണ്. എന്നാൽ ആശയവിനിമയത്തിന്റെ കുറവ്, വ്യക്തിപരമായ അകലം, പരസ്പര മനസ്സിലാക്കലിന്റെ അഭാവം എന്നിവ ആ ബന്ധങ്ങളെ ദുർബലപ്പെടുത്തും. തുറന്ന സംഭാഷണവും പരസ്പര കരുതലും ക്ഷമയും സമൂഹജീവിതത്തെ വീണ്ടും സജീവമാക്കും.

അതുപോലെ, ഒരു സന്യാസസമൂഹത്തിന്റെ ലക്ഷ്യം സ്ഥാപനങ്ങളുടെ വളർച്ചയല്ല, ദൈവസ്നേഹത്തിന്റെ സാക്ഷ്യമാകുകയാണ്. പ്രവർത്തന വിജയങ്ങൾ പ്രധാനമാണെങ്കിലും അവ സുവിശേഷത്തിന്റെ ആത്മാവിനെ മറച്ചുവയ്ക്കാൻ പാടില്ല. ഓരോ പ്രവർത്തനവും ജനസേവനത്തിലേക്കും ദൈവമഹത്വത്തിലേക്കും നയിക്കുമ്പോഴാണ് അത് യഥാർത്ഥ ദൗത്യമായി മാറുന്നത്.

ഒരു നദിയെ ശുദ്ധീകരിക്കാൻ പുറമേയുള്ള മലിനീകരണം നീക്കേണ്ടതുപോലെ, സന്യാസസമൂഹത്തിന്റെ നവീകരണത്തിനും ഉള്ളിലെ ദൗർബ

ല്യങ്ങളെ തിരിച്ചറിഞ്ഞ് സത്യസന്ധമായി പരിഹരിക്കണം. നവീകരണം നിയമങ്ങളിലൂടെ മാത്രമല്ല; ആത്മപരിശോധനയിലൂടെയും മാനസാന്തരത്തിലൂടെയും ദൈവകൃപയിലേക്കുള്ള പുതിയ തിരിച്ചുപോക്കിലൂടെയുമാണ് സാധ്യമാകുന്നത്.

അവസാനമായി, ഗംഗ ഇന്നും അനേകർക്ക് ഒരു പുണ്യതീർത്ഥമാണ്. അതുപോലെ, നമ്മുടെ സന്യാസജീവിതവും ദൈവത്തിൽനിന്ന് ലഭിച്ച പരിശുദ്ധമായ ഒരു വിളിയാണ്. പരിശുദ്ധമായ വിളി ലഭിച്ചുവെന്നത് മാത്രം പോരാ; ആ വിളിയുടെ ശുദ്ധി കാത്തുസൂക്ഷിക്കാനുള്ള ഉത്തരവാദിത്വവും നമുക്കുണ്ട്. നമ്മൾ നവീകരിക്കപ്പെടുമ്പോൾ സമൂഹവും നവീകരിക്കപ്പെടും; സമൂഹം നവീകരിക്കപ്പെടുമ്പോൾ അത് ലോകത്തിലേക്ക് ഒഴുകുന്ന ദൈവസ്നേഹത്തിന്റെ നിർമലമായ ഒരു പ്രവാഹമായി മാറും.

6.10. ദർശനവീടിനെക്കുറിച്ചുള്ള തീക്ഷ്ണത

സഭയുടെ മുദ്രാവാക്യം സൂചിപ്പിക്കുന്നതുപോലെ, ദർശനവീട്ടിലെ ജീവിതത്തിലൂടെ ഓരോ നിമിഷവും നമുക്ക് ഇപ്രകാരം ഏറ്റുപറയാൻ കഴിയണം: "സൈന്യങ്ങളുടെ ദൈവമായ കർത്താവിനെ പ്രതിയുള്ള തീക്ഷ്ണതയാൽ ഞാൻ ജ്വലിക്കുകയാണ്" (1 രാജാ 19:10). ഈ വാക്കുകൾ എലിയാ പ്രവാചകന്റെ ദൈവസ്നേഹത്തിന്റെയും അചഞ്ചലമായ സമർപ്പണത്തിന്റെയും സാക്ഷ്യമാണ്. അതേ തീക്ഷ്ണതയാണ് നമ്മുടെ സി.എം.ഐ. ചിഹ്നത്തിലും ആത്മീയ പാരമ്പര്യത്തിലും പ്രതിഫലിക്കുന്നത്.

ചിഹ്നത്തിലെ 'കവചം' സി.എം.ഐ. സഭയും കത്തോലിക്കാ വിശ്വാസവും നമുക്ക് നൽകുന്ന സംരക്ഷണത്തെ സൂചിപ്പിക്കുന്നു. കവചത്തിനുള്ളിലെ 'കാർമ്മൽമല' ദൈവാനുഭവത്തിന്റെയും പ്രാർത്ഥനയുടെയും പ്രതീകമാണ് (ഏശ 35:2). 'വെള്ളിനക്ഷത്രം' പരിശുദ്ധ കന്യകാമറിയത്തെ സൂചിപ്പിക്കുന്നു. 'സമുദ്രതാരം' എന്നറിയപ്പെടുന്ന മറിയത്തിന്റെ ധ്യാനാത്മക ചൈതന്യം സി.എം.ഐ. സഭയുടെ മരിയൻ സ്വഭാവത്തെ വെളിപ്പെടുത്തുന്നു. കർമ്മലീത്താ ആത്മീയതയിൽ എലിയായുടെ തീക്ഷ്ണതയും മറിയത്തിന്റെ ധ്യാനാത്മകതയും പരസ്പരം പൂരകങ്ങളാണ്.

നക്ഷത്രത്തിന് മുകളിലുള്ള 'കുരിശ്' ക്രിസ്തുവിന്റെ രക്ഷാകരസ്നേഹത്തെ ഓർമിപ്പിക്കുന്നു. ആ സ്നേഹം ലോകത്തിലേക്ക് വഹിച്ചുകൊണ്ടുപോകാനുള്ള ദൗത്യമാണ് ഓരോ സി.എം.ഐ. അംഗത്തിനും ഏൽപ്പിക്കപ്പെട്ടിരിക്കുന്നത്. 'കിരീടവും ജ്വലിക്കുന്ന ദീപശിഖയും' എലിയാ പ്ര

വാചകന്റെ ദൈവതീക്ഷ്ണതയെയും ദൈവസാന്നിധ്യത്തിൽ ജ്വലിക്കുന്ന പ്രാർത്ഥനാജീവിതത്തെയും പ്രതിനിധീകരിക്കുന്നു (പ്രഭാ 48:1).

ദീപശിഖയെ ചുറ്റിയിരിക്കുന്ന പതാകയിൽ സുറിയാനിയിൽ ആലേഖനം ചെയ്തിരിക്കുന്ന "മെതൻ തെൻനെസ് ലൂ, മാര്യാ അലാഹാ ഹയിൽസാനാ" എന്ന തിരുവചനം ദൈവത്തിനുവേണ്ടി ജ്വലിക്കുന്ന തീക്ഷ്ണതയുടെ നിരന്തരമായ ഓർമപ്പെടുത്തലാണ്. ഈ ചൈതന്യമാണ് ഓരോ അംഗത്തെയും യഥാർത്ഥ കർമ്മയോഗിയാക്കുന്നത്. ദൈവത്തോടുള്ള തീക്ഷ്ണസ്നേഹവും ആത്മീയ നവീകരണത്തോടുള്ള സമർപ്പണവുമാണ് കർമ്മലീത്താ ആത്മീയതയുടെ ഹൃദയം.

അതുകൊണ്ട്, നമ്മുടെ ദർശനവീട് വെറും ഒരു ഭൗതികഭവനമല്ല, ദൈവതീക്ഷ്ണത ജ്വലിക്കുന്ന ഒരു ആത്മീയഗൃഹമായിരിക്കട്ടെ. എലിയായെപ്പോലെ ദൈവത്തിനുവേണ്ടി ജ്വലിക്കാനും, മറിയത്തെപ്പോലെ ദൈവസന്നിധിയിൽ ധ്യാനിക്കാനും, ക്രിസ്തുവിനെപ്പോലെ ലോകത്തെ സേവിക്കാനും നമുക്ക് കൃപ യാചിക്കാം. അപ്പോൾ നമ്മുടെ ജീവിതംകൊണ്ട് സഭ നവീകരിക്കപ്പെടും; ദൈവത്തെ അന്വേഷിക്കുന്ന എല്ലാവർക്കും പ്രത്യാശയും പ്രകാശവും പകരുന്ന ഒരു യഥാർത്ഥ ദർശനവീടായി അത് മാറുകയും ചെയ്യും.

6.11. "കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നു"

വെളിപ്പാടിന്റെ പുസ്തകത്തിന്റെ അവസാന അധ്യായത്തിൽ നാം അത്യന്തം പ്രത്യാശ നിറഞ്ഞ ഒരു വചനം കേൾക്കുന്നു: "ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നു; അവർ എന്നേക്കും വാഴും" (വെളി 22:5). ഇത് സ്വർഗീയ മഹത്വത്തെക്കുറിച്ചുള്ള ഒരു വാഗ്ദാനം മാത്രമല്ല; ദൈവത്തിന്റെ പ്രകാശത്തിൽ ജീവിക്കുകയും സാക്ഷ്യം വഹിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിന്റെ ഭാവിയെക്കുറിച്ചുള്ള പ്രത്യാശയുമാണ്. സി.എം.ഐ. സഭ ദ്വിശതാബ്ദി പൂർത്തിയാക്കി മൂന്നാം നൂറ്റാണ്ടിലേക്കു പ്രവേശിക്കുന്ന ഈ വേളയിൽ ഈ വചനം നമ്മെ പുതിയ അർത്ഥത്തിൽ അഭിസംബോധന ചെയ്യുന്നു.

"ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നു" എന്ന പ്രഖ്യാപനമാണ് ഈ വചനത്തിന്റെ ഹൃദയം. സി.എം.ഐ. സഭയുടെ ആരംഭം മനുഷ്യബുദ്ധിയുടെ പദ്ധതിയായിരുന്നില്ല; അത് ദൈവത്തിന്റെ പ്രകാശത്തിൽ ജനിച്ച ഒരു ദൈവിക ദൗത്യമായിരുന്നു. മന്നാനത്തെ ചെറിയ ആശ്രമത്തിൽ വിതച്ച ആ വിത്തിന്മേൽ ദൈവത്തിന്റെ പ്രകാശം പതിഞ്ഞു. അതുകൊണ്ടാണ് ആ എളിയ തുടക്കം ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സുവിശേഷത്തിന് സാക്ഷ്യം വഹിക്കുന്ന ആഗോള സഭ

യായി വളർന്നത്. സ്ഥാപകപിതാക്കന്മാർ നമ്മെ പഠിപ്പിച്ചത് വ്യക്തമാണ്: ദൈവത്തിന്റെ പ്രകാശത്തിൽ ആരംഭിക്കുന്ന ദൗത്യം കാലത്തിന്റെ ഇരുളിൽ ഒരിക്കലും അണഞ്ഞുപോകുകയില്ല.

രണ്ടു നൂറ്റാണ്ടുകളുടെ ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ ദൈവകൃപയുടെ അനേകം അടയാളങ്ങൾ നമുക്ക് കാണാം. വിദ്യാഭ്യാസരംഗത്തും സാമൂഹികസേവനത്തിലും സുവിശേഷപ്രഘോഷണത്തിലും മിഷൻ പ്രവർത്തനങ്ങളിലും സഭ ശ്രദ്ധേയമായ സംഭാവനകൾ നൽകി. ദീർഘവീക്ഷണമുള്ള നേതൃത്വവും ആത്മീയതയിൽ വേരൂന്നിയ സമർപ്പണവും ഈ യാത്രയെ ശക്തിപ്പെടുത്തി. ഇതെല്ലാം മനുഷ്യരുടെ കഴിവിന്റെ മാത്രം ഫലമല്ല; ദൈവത്തിന്റെ പ്രകാശം നമ്മുടെ വഴികളെ നയിച്ചതിന്റെ സാക്ഷ്യമാണ്.

എന്നാൽ ദ്വിശതാബ്ദി ഒരു ചരിത്രസ്മരണമാത്രമല്ല; അത് ഒരു ആത്മപരിശോധനയുടെ നിമിഷവുമാണ്. മൂന്നാം നൂറ്റാണ്ടിലേക്കുള്ള പ്രവേശനം പുതിയ വെല്ലുവിളികളും പുതിയ ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കാനുള്ള ക്ഷണമാണ്. വെളിപ്പാടിന്റെ പുസ്തകം പറയുന്നു: "അവർ എന്നേക്കും വാഴും." ഇവിടെ പറയുന്ന വാഴ്ച അധികാരത്തിന്റെ ഭാഷയല്ല; ദൈവത്തിന്റെ പ്രകാശത്തിൽ ജീവിക്കുന്നവരുടെ ആത്മീയ മഹത്വത്തിന്റെ ഭാഷയാണ്. പ്രകാശം സ്വീകരിക്കുന്നവർ മാത്രമല്ല, അത് ലോകത്തിലേക്ക് പകരുന്നവരുമാകുക എന്നതാണ് നമ്മുടെ വിളി.

ഇരുനൂറ് വർഷങ്ങൾക്കുമുമ്പ് സ്ഥാപകപിതാക്കന്മാർ ഒരു ദീപം തെളിച്ചു. അവർ ആ ദീപം അടുത്ത തലമുറയ്ക്ക് കൈമാറി; ഇന്ന് അത് നമ്മുടെ കൈകളിലാണ്. ഈ ദീപം അണയാതെ, കൂടുതൽ ജ്വലിപ്പിച്ചുകൊണ്ട് വരുംതലമുറയ്ക്ക് കൈമാറേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്. അതിനായി നമ്മുടെ ജീവിതം കൂടുതൽ പ്രാർത്ഥനാപൂർണവും സുവിശേഷകേന്ദ്രീകൃതവും സേവനനിരതവും മിഷൻ ചൈതന്യമുള്ളതുമായിരിക്കണം.

അതുകൊണ്ട്, മൂന്നാം നൂറ്റാണ്ടിലെ സി.എം.ഐ. സഭയുടെ ഏറ്റവും വലിയ സമ്പത്ത് അതിന്റെ സ്ഥാപനങ്ങളോ ചരിത്രമോ അല്ല; ദൈവത്തിന്റെ പ്രകാശത്തിൽ നടക്കാനുള്ള വിശ്വസ്തതയാണ്. ആ പ്രകാശം നമ്മുടെ സ്ഥാപകരെ നയിച്ചു; രണ്ടു നൂറ്റാണ്ടുകളുടെ യാത്രയെ അനുഗ്രഹിച്ചു; ഇനി മൂന്നാം നൂറ്റാണ്ടിലെ നമ്മുടെ പാതകളെയും പ്രകാശിപ്പിക്കട്ടെ.

അപ്പോൾ സി.എം.ഐ. സഭയുടെ ഭാവി വെറും ചരിത്രത്തിന്റെ തുടർച്ച യാകുകയില്ല; ദൈവം ഇന്നും പ്രവർത്തിക്കുന്നുവെന്ന സുവിശേഷ സാ ക്ഷ്യമായി അത് മാറും. അപ്പോൾ നമുക്കും ആത്മവിശ്വാസത്തോടെ ഈ വചനം ഏറ്റുപറയാൻ കഴിയും: "ദൈവമായ കർത്താവ് അവരുടെ മേൽ പ്രകാശിക്കുന്നു; അവർ എന്നേക്കും വാഴും."

(സമാപന പ്രാർത്ഥന)

ഞങ്ങളുടെ കർത്താവും വഴികാട്ടിയുമായ ദൈവമേ, ഈ ധ്യാനദിനങ്ങ ളിൽ അങ്ങയുടെ സന്നിധിയിൽ ആയിരിക്കാനും, അങ്ങയുടെ വചന ത്താൽ ഞങ്ങളുടെ ജീവിതം നവീകരിക്കാനും നൽകിയ കൃപയ്ക്ക് ന ന്ദി. "ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നു" എന്ന വാ ഗ്ദാനം ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രത്യാശയുടെ ദീപമായി ജ്വലിക്കട്ടെ; അങ്ങയുടെ പ്രകാശം ഞങ്ങളുടെ എല്ലാ ഇരുളുകളും അകറ്റട്ടെ. ഞങ്ങ ളുടെ സഭയുടെ സ്ഥാപകരായ വി. ചാവറ പിതാവ്, പാലയ്ക്കൽ തോമാ മല്പാൻ, പോരൂക്കര തോമാ മല്പാൻ, കണിയാന്തറ യാക്കോബ് സഹോദ രൻ എന്നിവരുടെ വിശ്വാസത്തിനും സമർപ്പണത്തിനും നന്ദി. അവരുടെ ആത്മീയതയുടെ അഗ്നി ഞങ്ങളുടെ ഹൃദയങ്ങളിലും ജ്വലിപ്പിച്ച്, അവർ ആരംഭിച്ച ദൗത്യം വിശ്വസ്തതയോടെ തുടരുവാൻ കൃപ നൽകണമേ. മൂന്നാം നൂറ്റാണ്ടിലേക്കു പ്രവേശിക്കുന്ന സി.എം.ഐ. സഭയെ പരിശു ദ്ധാത്മാവിനാൽ നയിക്കണമേ. ഞങ്ങളുടെ ജീവിതവും ശുശ്രൂഷയും സുവിശേഷത്തിന്റെ ആനന്ദത്തിന്റെയും പ്രത്യാശയുടെയും സാക്ഷ്യമാ കട്ടെ. ഞങ്ങളുടെ ആശ്രമങ്ങളും ഭവനങ്ങളും യഥാർത്ഥ ദർശനവീടുക ളാകട്ടെ; അവിടെയുള്ള ഓരോ ഇടവും അങ്ങയുടെ സാന്നിധ്യത്തിന്റെ യും സ്നേഹത്തിന്റെയും സേവനത്തിന്റെയും ഇടമാകട്ടെ. ഏറ്റവും പ്ര ധാനമായി, ഞങ്ങളുടെ ഹൃദയം അങ്ങയുടെ വാസസ്ഥലമാക്കണമേ. സ്ഥാപകർ തെളിച്ച വിശ്വാസത്തിന്റെ ദീപം അണയാതെ കാത്തുസൂ ക്ഷിച്ച് വരുംതലമുറയ്ക്ക് കൈമാറുവാനും, സ്നേഹത്തോടും വിനയ ത്തോടും സമർപ്പണത്തോടും കൂടി അങ്ങയുടെ ദൗത്യത്തിൽ മുന്നേറു വാനും ഞങ്ങളെ അനുഗ്രഹിക്കണമേ. നിത്യം പിതാവും പുത്രനും പരി ശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും. ആമ്മേൻ.

സഹായക ഗ്രന്ഥങ്ങൾ

Cardinal, Parecattil. *Joseph Cardinal Parecattil: His Vision on Church, Inculturation and Inter-Religious Dialogue*. Antony Narikulam, ed. STAR Publications, 2016.

Constitutions and Directory 2021: *Carmelites of Mary Immaculate*. Prior General's House, 2021.

Mundadan, Mathias. *Blessed Kuriakose Elias Chavara*. Dharmaram Publications, 2008.

ചാവറ, കുര്യാക്കോസ് ഏലിയാസ്. *ഇടയനാടകങ്ങൾ*. എഡി. ജോൺ പോൾ. കേരള സാഹിത്യ അക്കാദമി, 2014.

ചാവറയച്ചൻ. *ചാവറയച്ചന്റെ കത്തുകൾ*. എഡി. തോമസ് പന്തപ്ലാക്കൽ & ജോസി. ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ്, 2011.

ചാവറയച്ചൻ. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം 1, *നാളാഗമങ്ങൾ*. എഡി. ഇസഡ്. എം. മൂഴൂർ. സി.എം.ഐ. പ്രസാധക കമ്മിറ്റി, 2000.

ചാവറയച്ചൻ. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം 3, *ആദ്ധ്യാത്മിക കൃതികൾ*. എഡി. ഇസഡ്. എം. മൂഴൂർ. സി.എം.ഐ. പ്രസാധക കമ്മിറ്റി, 2014.

ചാവറയച്ചൻ. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം 4, *കത്തുകൾ*. എഡി. ലൂക്കാസ് വിത്തുവട്ടിക്കൽ. സി.എം.ഐ. പ്രസാധക കമ്മിറ്റി, 2011.

ചാവറയച്ചൻ. *നല്ല അപ്പന്റെ ചാവരുൾ*. എഡി. തോമസ് പന്തപ്ലാക്കൽ. ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ്, 2014.

തയ്യിൽ, ജെ. ജോസഫ്. *തയ്യിൽ കുടുംബവും കേരളീയ കർമ്മലിത്താ സഭാ സ്ഥാപനവും*. കെ. പി. പ്രസ്സ്, 1971.

നിയമാവലി & ഡിറക്ടറി: സി.എം.ഐ. 1984. പ്രിയോർ ജനറാൾസ് ഹൗസ്, 1984.

വലേരിയൻ, സി. ഡി. *മലങ്കര സഭാ മാതാവിന്റെ ഒരു വീര സന്താനം*. സി.എം.ഐ., 1939.

Recent Published Volumes in
the 'Theological Studies on Saint Chavara'

20. Pellissery Varghese Shaju. *The Whisper of a Saint: St Chavara's Timeless Message (Theological Studies on Saint Chavara 20)*. Kochi: Chavara Central Secretariat, 2026. Pages: 448; ISBN: 978-81-686523-4-7; Rs.400.00.
19. Kalambukattu Jose Naiju. *Spritual Legacy of Kuriakose Elias Chavara (Theological Studies on Saint Chavara 19)*. Kochi: Chavara Central Secretariat, 2025. Pages: 416; ISBN: 978-81-982119-9-6; Rs.400.00.
18. Kalambukattu Jose Naiju. *Kuriakose Elias Chavara: Pastoral Perceptions and Catechetical Initiatives (Theological Studies on Saint Chavara 18)*. Kochi: Chavara Central Secretariat, 2025. Pages: 360; ISBN: 978-93-92996-51-1; Rs. 350.00.
17. Thomas Deepa. *Revitalizing Kuriakose Elias Chavara's Educational Vision: Empowering Higher Education & Human Capital Formation (Theological Studies on Saint Chavara 17)*. Kochi: Chavara Central Secretariat, 2025. Pages: 444; ISBN: 978-93-92996-81-8; Rs. 450.00.
16. Kuriedath Jose. *Social Transformation through Spiritual empowerment: The Social Vision and Mission of Saint Chavara (Theological Studies on Saint Chavara 16)*. Kochi: Chavara Central Secretariat, 2025. Pages: 140; ISBN: 978-93-92996-88-7; Rs. 230.00.
15. Thomas Grace. *Kenotic Spirituality of Saint Kuriakose Elias Chavara (Theological Studies on Saint Chavara 15)*. Kochi: Chavara Central Secretariat, 2024. Pages: 295; ISBN: 978-93-92996-54-2; Rs. 320.00.
14. Thettayil Benny, Kalambukattu Naiju Jose. *Father and Doctor of the Church: A Theological Reading of the Life and Writings of Saint Kuriakose Elias Chavara (Theological Studies on Saint Chavara 14)*. Kochi: Chavara Central Secretariat, 2024. Pages: 376; ISBN: 978-93-92996-90-0; Rs. 300.00.
13. Jossy Maria. *Kuriakose Elias Chavara: The Pioneer of Social and Ecclesial Reform (Theological Studies on Saint Chavara 13).* Kochi: Chavara Central Secretariat, 2024. Pages: 172; ISBN: 978-93-92996-48-1; Rs. 250.00.
12. Soja Maria. *Kuriakose Elias Chavara and the Educational Renaissance (Theological Studies on Saint Chavara 12)*. Kochi: Chavara Central Secretariat, 2023. Pages: 272; ISBN: 978-93-92996-47-4; Rs. 240.00.
11. Madhavathu, Maryann. *Humble Minister of the Living Ministry: Kuriakose Elias Chavara's Liturgical Vision (Theological Studies on Saint Chavara 11).* Kochi: Chavara Central Secretariat, 2020. Pages: xxvi+214; ISBN: 978-93-92996-33-7; Rs. 240.00.
10. Madavanakkad, Ann Mary. *A Good Christian family is the Image of Heaven: Family Ethics in the Chavarul of Saint Kuriakose Elias Chavara (Theological Studies on Saint Chavara 10)*. Kochi: Chavara Central Secretariat, 2023. Pages: 498. Rs.450.00.